# കേരള സാഹിത്യ ചരിത്രം



ഉള്ളൂർ

തിരുവിതാംകൂർ സർവ്വകലാശാലാ പ്രസിദ്ധീകരണം

# കേരളസാഹിത്യചരിത്രം

## മഹാകവി ഉള്ളൂർ

ചിരകാലമായി ഭാഷാപ്രണയികൾ പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഉള്ളൂരിന്റെ കേരളസാഹിത്യചരിത്രം—ഒന്നാം വാല്യം—ഇതാ കേരളീയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു. പണ്ഡിതവരേണ്യനും മഹാകവിയുമായ ഒരു സാഹിത്യോപാസകന്റെ കരുത്തേറിയ തൂലികയിൽനിന്നു പ്രവഹിച്ചിട്ടുള്ള ഈ സാഹിത്യചരിത്രത്തിന്റെ സത്യവും സൗന്ദര്യവും അനുവാചകന്മാർ യഥേഷ്ടം, യഥാശക്തി നുകർന്നുകൊള്ളുക.

ഭാഷ, ദ്രാവിഡം, ചെന്തമിഴ്, സംസ്കൃതസാഹിത്യം തുടങ്ങിയ അധ്യായങ്ങൾ കേരളഭാഷയുടെ ഉൽപത്തിയെ സമീചീനമായി വിവരിക്കുന്നു. വടക്കൻപാട്ടുകൾ, തെക്കൻപാട്ടുകൾ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന മനോഹരമായ നാടൻപാട്ടുകളുടെ മാതൃകകളും ചരിത്രവുമാണ് നാടോടിപ്പാട്ടുകൾ എന്ന അധ്യായത്തിൽ പ്രകാശിപ്പിച്ചിരിക്കുന്നത്. പിന്നീടുള്ള ഭാഷാകൃതികൾ, മണിപ്രവാളകൃതികൾ, ലീലാതിലകം എന്നു തുടങ്ങിയ അധ്യായങ്ങളും കേരളത്തിലെ അക്ഷരമാലകൾ, വട്ടെഴുത്ത്, കോലെഴുത്ത്, പഴഞ്ചൊല്ലുകൾ, കടംകഥകൾ എന്നീ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഒരു അധ്യായവുംകൊണ്ട് ഒന്നാം വാല്യം അവസാനിക്കുന്നു.

Digitized By Kerala Sahitya Akademi

# കേരളസാഹിത്യചരിത്രം

## ഒന്നാം വാല്യം

Digitized By Kerala Sahitya Akademi



ഗ്രന്ഥകർത്താവു്. (1948)

Digitized By Kerala Sahitya Akademi

Travancore University Series No. 30.

# കേരളസാഹിത്യചരിത്രം


ഗ്രന്ഥകർത്താ:

റാവുസാഹിബ്, മഹാകവി

ഉള്ളൂർ എസ്. പരമേശ്വരയ്യർ,

എം. ഏ. ബി. എൽ; എം. ആർ. ഏ. എസ്.



തിരുവിതാംകൂർ

സർവ്വകലാശാലാ പ്രസിദ്ധീകരണവകുപ്പ്



Digitized By Kerala Sahitya Akademi

First Impression Copies 1000.

Published by:—

The Superintendent, Department of Publications,
For the University of Travancore.

*Rights Reserved.*

1953 June. വില രൂ: 7—8—0

Printed at the Mathrubhumi Press, Kozhikode.

Digitized By Kerala Sahitya Akademi

# പ്രസ്താവന

അധികൃതമായ ഒരു ശബ്ദകോശവും സാഹിത്യചരിത്രവും മലയാള ഭാഷയുടെ സമ്പൽപോഷണത്തിനു് അത്യന്താപേക്ഷിതമാണു്. ഈ സർവ്വകലാശാലയുടെ ആരംഭകാലം മുതല്ക്കുതന്നെ ഇതിൻെറ ശ്രദ്ധ ഭാഷാപോഷണവിഷയത്തിൽ ഗാഢമായി പതിഞ്ഞുകൊണ്ടാണിരുന്നതു്. ഭാഷയുടേയും സാഹിത്യത്തിൻേറയും ബഹുവിധമായ വികാസത്തിനു് ഉപയുക്തങ്ങളായ ഗ്രന്ഥങ്ങൾ യഥാകാലം പ്രസിദ്ധീകരിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഒരു പ്രത്യേകശാഖതന്നെ പ്രവർത്തനം നടത്തിപ്പോരുന്നുണ്ടു്. ചിരകാലമായി ഭാഷാഭിമാനികൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന രീതിയിൽ ഉൽകൃഷ്ടമായ ഒരു മലയാളനിഘണ്ടു നിർമ്മിക്കുന്നതിനുള്ള പ്രാരംഭശ്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നു. മഹാകവിയും പണ്ഡിതനുമായിരുന്ന ശ്രീ. ഉള്ളൂർ എസ്സ്. പരമേശ്വരയ്യരുടെ ദീർഘകാലത്തെ പഠനങ്ങളുടേയും ഗവേഷണങ്ങളുടേയും ഫലമായി രചിച്ചിട്ടുള്ളതാണു് ഈ സാഹിത്യചരിത്രം. സർവ്വകലാശാലയുടെ ആരംഭംമുതൽ പൌരസ്ത്യഭാഷാവകുപ്പുകളുടെ അദ്ധ്യക്ഷസ്ഥാനം ദീർഘകാലം അലങ്കരിച്ചിരുന്ന ശ്രീ. ഉള്ളൂർ ഏഴു വാല്യങ്ങളിലായിട്ടാണു് പ്രസ്തുത ഗ്രന്ഥം ചമച്ചിരിക്കുന്നതു്. ഭാഷയ്ക്കും സാഹിത്യത്തിനും അത്യന്തം ഉപകാരപ്രദമായിത്തീരുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണു് സർവ്വകലാശാല ഈ കൃതി മുദ്രണം ചെയ്യിച്ചിട്ടുള്ളതു്.

സാഹിത്യചരിത്രഗ്രന്ഥപരമ്പരയിലെ ഒന്നാം വാല്യമായ ഈ പുസ്തകത്തിൽ ഭാഷയുടെ ഉത്പത്തി, ആദിമകാലം, ദ്രാവിഡഗോത്രം, പ്രാചീനകൃതികൾ മുതലായവ അടങ്ങിയിരിക്കുന്നു.

രണ്ടാംവാല്യം ആരംഭിക്കുന്നതു് 15-ാംനൂററാണ്ടിലെ സംസ്കൃത സാഹിത്യചരിത്രത്തോടുകൂടിയാണു്. കോലത്തിരി രാജാവു്, ശങ്കരവാരിയർ, ശ്രീകണ്ഠവാരിയർ, ചെറുശ്ശേരി, കോഴിക്കോട്ടു മാനവേദൻ, പതിനെട്ടരക്കവികൾ മുതലായ സാഹിത്യകാരന്മാരും, ശൗരിചരിതം, ഹംസസന്ദേശം, കൃഷ്ണഗാഥ, ഭാരതം ഗാഥ ആദിയായ കൃതികളും, ചമ്പൂസാഹിത്യവും ഈ വാല്യത്തിലെ പ്രതിപാദ്യമാണു്.

തുഞ്ചത്തെഴുത്തച്ഛൻെറ കാലവും, കൃതികളും മൂന്നാം വാല്യത്തിൽ ഉൾപ്പെടുന്നു. എഴുത്തച്ഛനെപ്പററി നൂതനങ്ങളായ പല ഗവേഷണങ്ങളും ഇതിൽ ചർച്ചചെയ്തു ചേർത്തിട്ടുള്ളതാണു് ഇതിൻെറ പ്രാധാന്യം.

നാലാം വാല്യത്തിൽ 15-ാംനൂററാണ്ടിലെ സംസ്കൃതസാഹിത്യത്തിൻെറ ബാക്കി ഭാഗങ്ങളും, കൃഷ്ണനാട്ടം, പൂർവ്വഭാരതചമ്പു തുടങ്ങിയ

Digitized By Kerala Sahitya Akademi

കൃതികളും ചർച്ചാവിഷയമായിരിക്കുന്നു. മാനവേദചരിതകർത്താവായ ദേശമംഗലത്തു് ഉഴുത്തിരവാരിയർ, രാമായണസംഗ്രഹകർത്താവായ തിരുവിതാംകൂർ രവിവർമ്മരാജാവു്, ശൃംഗാരസുധാകരഭാണത്തിന്റെ കർത്താവായ കൂടല്ലൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടു് തുടങ്ങിയവരെക്കുറിച്ചുള്ള വിവരണങ്ങളും കഥകളിപ്രസ്ഥാനത്തെക്കുറിച്ചുള്ള ഒരു അധ്യായവും ഈ വാല്യത്തിൽ ഉണ്ടു്. കൂടാതെ അക്കാലത്തുള്ള പലതരം പാട്ടുകളും ഇതിനോടു് ചേർത്തിരിക്കുന്നു. കേരളീയ ജ്യോതിഷഗ്രന്ഥങ്ങളെക്കുറിച്ചുള്ള പരാമർശവും തുടർന്നു കാണാവുന്നതാണു്.

18-ാം ശതകത്തിലെ സാഹിത്യകാരന്മാരും സാഹിത്യകൃതികളുമായിട്ടാണു് അഞ്ചാംവാല്യത്തിന്റെ ആരംഭം. ഉണ്ണായിവാരിയർ, രാമപുരത്തു വാരിയർ, കിളിമാനൂർ രവിവർമ്മ കോയിത്തമ്പുരാൻ, ചേലപ്പറത്തു നമ്പൂരി മുതലായവർ ആണു് ഈ വാല്യത്തിലെ മുഖ്യപ്രമേയം. കുഞ്ചൻനമ്പ്യാരെപ്പററിയുള്ള പ്രത്യേകാധ്യായത്തിൽ രാമപാണിവാദനെക്കുറിച്ചുള്ള ചർച്ചയും ഉൾപ്പെടുന്നു. അനേകം ആട്ടക്കഥകളും സ്തോത്രങ്ങളും എഴുതിയ കൊച്ചി വീരകേരളവർമ്മ മഹാരാജാവു്, സുബ്രഹ്മണ്യകവി, മനോരമത്തമ്പുരാട്ടി, ചാതകസന്ദേശകർത്താവു്, അത്രൂർ അടിതിരി തുടങ്ങിയവരും, അനേകം അപൂർവ്വഗ്രന്ഥങ്ങളും അഞ്ചാംവാല്യത്തിന്റെ ഉള്ളടക്കത്തിൽപ്പെടുന്നു. പഞ്ചതന്ത്രം, സേതുമാഹാത്മ്യം, വേതാളചരിതം എന്നീ കിളിപ്പാട്ടുകളും, പാർവ്വതീസ്വയംവരം പന്ത്രണ്ടുവൃത്തം, ശാകുന്തളം എട്ടുവൃത്തം, ഗജേന്ദ്രമോക്ഷം നാലുവൃത്തം തുടങ്ങിയ പാട്ടുകളും, അതാതിന്റെ പ്രണേതാക്കളും തുടർന്നു ചർച്ചാവിഷയമായിരിക്കുന്നു.

ആറാംവാല്യത്തിൽ 42 മുതൽ 49 വരെ അധ്യായങ്ങളും സ്വാതിതിരുനാൾ തുടങ്ങി കുഞ്ഞിക്കുട്ടൻതമ്പുരാൻ വരെയുള്ള സാഹിത്യകേസരികളുടെ ചരിതങ്ങളും അടങ്ങിയിരിക്കുന്നു. അതിൽ 48-ാം അധ്യായം വെൺമണിപ്രസ്ഥാനത്തെക്കുറിച്ചുള്ളതാണു്. തുടർന്നു നമ്പൂരിക്കവികളേയും, മററു സാഹിത്യകാരന്മാരേയും യഥാക്രമം വിവരിച്ചിരിക്കുന്നു. കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ 49-ാം അധ്യായത്തിന്റെ വിഷയമാണു്.

ഏഴാംവാല്യം 50 മുതൽ 64 വരെ അധ്യായങ്ങളാണു്. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ സാഹിത്യപരിശ്രമങ്ങളും അക്കാലം തുടങ്ങിയുള്ള മാസികാപത്രപ്രസിദ്ധീകരണങ്ങളുമാണു് ഏഴാംവാല്യത്തിൽ പ്രാധാന്യമർഹിക്കുന്നവ. ആധുനികസാഹിത്യത്തെ സംബന്ധിച്ചിടത്തോളം യശശ്ശരീരന്മാരായ എഴുത്തുകാരേയും അവരുടെ കൃതികളേയും പററി മാത്രമേ മുഖ്യമായി പ്രതിപാദിച്ചിട്ടുള്ളു.

തിരുവനന്തപുരം,
1—6—1953.

സൂപ്രണ്ടു്
സർവ്വകലാശാലാ പ്രസിദ്ധീകരണവകുപ്പു്.

Digitized By Kerala Sahitya Akademi

# വിഷയവിവരം


| | പുറം |
|---|---|
| **ഒന്നാമധ്യായം: ഭാഷ** | |
| ഭാഷ—അക്ഷരമാല—ഗ്രാമ്യഭാഷ—സാഹിത്യം—കേരളസാഹിത്യചരിത്രം | 1— 4 |
| **രണ്ടാമധ്യായം: ദ്രാവിഡം** | |
| ദ്രാവിഡഭാഷകൾ—ദക്ഷിണഭാരതത്തിലെ ആദിമഭാഷ—ആര്യന്മാരും ദ്രാവിഡഭാഷകളും—പഴന്തമിഴ്—ദ്രാവിഡം സംസ്കൃതഭവമോ—പൂർവ്വപക്ഷം ചർച്ച—സിദ്ധാന്തപക്ഷം | 5—13 |
| **മൂന്നാമധ്യായം: ഭാഷയുടെ ഉൽപത്തി** | |
| കർണ്ണാടകവും തെലുങ്കും—തമിഴകം—മൂവരശർ—ചെന്തമിഴ്—കൊടുന്തമിഴ്—മലയാളത്തിന്റെ പഴമ; ചില പ്രാചീനപ്രയോഗങ്ങൾ—ചില പ്രാചീനപദങ്ങൾ—ചില അഭ്യൂഹങ്ങൾ—ലീലാതിലകവും കേരളഭാഷയും—മലയാളം—ഉപസംഹാരം | 14—33 |
| **നാലാമധ്യായം: കേരളവും ആര്യസംസ്കാരവും** | |
| ആദികേരളം—നായന്മാർ—കേരളത്തിലെ ചില ദ്രാവിഡാചാരങ്ങൾ—ശ്രീപരശുരാമനും നമ്പൂരിമാരും—നമ്പൂരിമാരുടെ പ്രാബല്യം—നമ്പൂരിമാരും സംസ്കൃതവിദ്യാഭ്യാസവും— സഭാമഠങ്ങൾ—മത്സരപരീക്ഷകൾ—ക്ഷേത്രങ്ങളും സംസ്കൃതാഭ്യസനവും—ആര്യസംസ്കാരത്തിന്റെ അഭിവ്യാപ്തി | 34—44 |
| **അഞ്ചാമധ്യായം: കേരളവും ചെന്തമിഴ്സാഹിത്യവും** | |
| ഐന്തിണൈ—ചെന്തമിഴ്വ്യാകരണം—മൂന്നു സംഘങ്ങൾ—സംഘകൃതികൾ—പതിററുപ്പത്ത് — ചിലപ്പതികാരം—ഇതിവൃത്തം—വഞ്ചി, കുണവായിൽ—ചിലപ്പതികാരത്തിന്റെ കാലം—സംഘകൃതികളും ആര്യസംസ്കാരവും—അയ്യനാരിതനാർ—ശൈവസമയത്തിന്റെ അഭ്യുത്ഥാനം—ചേരമാൻപെരുമാൾ നായനാർ—വേണാട്ടടികൾ—ശ്രീവൈഷ്ണവമതത്തിന്റെ അഭ്യുത്ഥാനം—കുലശേഖര ആഴ്വാർ—പാടൽപെററ കേരളക്ഷേത്രങ്ങൾ—പശ്ചാൽകാലത്തെ ചരിത്രം | 45—65 |


Digitized By Kerala Sahitya Akademi

**ആറാമധ്യായം: പാട്ടും മണിപ്രവാളവും**

പാട്ടിന്റെ ഉത്ഭവം—മണിപ്രവാളത്തിന്റെ ഉത്ഭവം—പാട്ടിന്റെ ലക്ഷണം—തമിഴിലെ ചില ഛന്ദോനിയമങ്ങൾ—മണിപ്രവാളത്തിന്റെ ലക്ഷണം—ചെന്തമിഴും മണിപ്രവാളവും—ചെന്തമിഴും ജൈനരും വൈഷ്ണവരും—ചെന്തമിഴിലും മലയാളത്തിലും മണിപ്രവാളത്തിനുള്ള വ്യത്യാസം—ഭാഷാസാഹിത്യത്തിന്റെ കാലഘട്ടങ്ങൾ 66—76

**ഏഴാമധ്യായം: സംസ്കൃതസാഹിത്യം**

ഒടുവിലത്തെ പെരുമാൾ—വരരുചി—ആശൗചാഷ്ടകം—പറയി പെററ പന്തിരുകുലം—മേഴത്തോൾ അഗ്നിഹോത്രി—പ്രഭാകരമിശ്രൻ, ദേശം, കാലം—ഭവദാസനും പ്രഭാകരനും—പ്രഭാകരന്റെ കൃതികൾ—പ്രഭാകരന്റേയും ഭട്ടന്റേയും ശിഷ്യന്മാർ—പ്രാഭാകരമതവും ഭാട്ടമതവും—പ്രഭാകരന്റെ യശസ്സ്—ഭവത്രാതൻ; മാതൃദത്തൻ; രാമശർമ്മാ—കുലശേഖരആഴ്‌വാരും മുകുന്ദമാലയും—മുകുന്ദമാലയുടെ പ്രചാരം 77—90

**എട്ടാമധ്യായം: സംസ്കൃതസാഹിത്യം (തുടച്ച്)**

ശങ്കരഭഗവൽപാദർ—ശങ്കരാചാര്യരെപ്പററിയുള്ള ഗ്രന്ഥങ്ങൾ—ശങ്കരവിജയത്തിന്റേയും മററും അപ്രാമാണികത—ദേശം—വയസ്സും മഹാസമാധിയും—കാലം—മററൊരു മതം—ജീവിതം—കൃതികൾ—ഭാഷ്യങ്ങൾ—മൂലഗ്രന്ഥങ്ങൾ — സ്തോത്രങ്ങൾ — മന്ത്രശാസ്ത്രം—ശാങ്കരസ്മൃതി—ഭഗവൽപാദരുടെ മഹിമ— ശിഷ്യപരമ്പരയും മററും—പത്മപാദാചാര്യർ 91—109

**ഒൻപതാമധ്യായം: സംസ്കൃതസാഹിത്യം (തുടച്ച്)**

ശക്തിഭദ്രൻ, ഒരൈതിഹ്യം—പ്രാചീനത—ചില ചരിത്രശകലങ്ങൾ — ആശ്ചര്യചൂഡാമണി — ഇതരഗ്രന്ഥങ്ങൾ—വാസുദേവഭട്ടതിരി, ദേശം—ഐതിഹ്യം—ആത്മകഥാകഥനം, യുധിഷ്ഠിരവിജയം—ത്രിപുരദഹനം — ശൗരികഥ — കാലം — വാസുദേവവിജയം — ഗജേന്ദ്രമോക്ഷം — നളോദയം — അജ്ഞാനരാവണീയവ്യാഖ്യയും മററും-വ്യാഖ്യാനങ്ങൾ-ഐതിഹ്യത്തിലേ അത്യുക്തി-സാഹിത്യത്തിൽ ഭട്ടതിരിയുടെ സ്ഥാനം-ഐതിഹ്യത്തിലെ വാരസ്യാർ—നാരായണൻ നമ്പൂരി, സീതാഹരണം—നീലകണ്ഠൻ, കല്യാണസൗഗന്ധികം വ്യായോഗം—ത്രൈവിക്രമം—കുലശേഖരവ

Digitized By Kerala Sahitya Akademi

മ്മാ, കുലശേഖരന്റെ ആത്മകഥാകഥനം—വ്യംഗ്യവ്യാഖ്യയിലെ തൂലികാചിത്രം—കാലം—സംവരണവും ധനഞ്ജയവും—ആശ്ചര്യമഞ്ജരി— തോലൻ — വികടകവിത—മഹോദയപുരേശചരിതം—കൂടിയാട്ടം—തോലനും കൂടിയാട്ടവും—കൂത്ത്—സുകുമാരൻ, ശ്രീകൃഷ്ണവിലാസം—അപൂർണ്ണത—സുകുമാരനും കേരളവും—വ്യാഖ്യാനങ്ങൾ—ലക്ഷ്മീദാസൻ, ദേശം, കാലം, ചരിത്രം—ശുകസന്ദേശം—ശുകസന്ദേശവും ദേശചരിത്രവും—ശുകസന്ദേശത്തിലെ സാഹിത്യം—വ്യാഖ്യാനങ്ങൾ—വരവർണ്ണിനി—ചിന്താതിലകം— വ്യാകൃതി — മുക്തകങ്ങൾ—മൂഷികവംശം, അതുലൻ—വിഷയം—വില്വമംഗലത്തു സ്വാമിയാർ, ഉപക്രമം—ദേശം, ചരിത്രം—വില്വമംഗലവും ചിന്താമണിയും—ഗുരുക്കന്മാർ—കാലം—ശ്രീചിഹ്നം— ശ്രീകൃഷ്ണകർണ്ണാമൃതം — ഇതരകൃതികൾ—ഉപസംഹാരം — ദിവാകരൻ— ശിവരാമൻ—രാമായണവ്യാഖ്യ, സ്വാർത്ഥസാരം—കേരളത്തിലെ ജ്യോതിഷം, ചില പ്രാചീനഗ്രന്ഥങ്ങൾ—പരഹിതം—പ്രഥമഭാസ്കരാചാര്യൻ—ശങ്കരനാരായണൻ — തലക്കുളത്തു ഭട്ടതിരി, ചരിത്രം—ഭട്ടതിരിയുടെ കൃതികൾ—കൃഷ്ണാചാര്യൻ—ചില തന്ത്രഗ്രന്ഥങ്ങൾ, പ്രയോഗമഞ്ജരി—പ്രണേതാവ്— പ്രദ്യോതം — ഈശാനശിവഗുരുദേവപദ്ധതി—ക്രിയാസാരം—ക്രിയാസാരവ്യാഖ്യ 110—174

പത്താമധ്യായം: നാടോടിപ്പാട്ടുകൾ (1) പലവക

നാടോടിപ്പാട്ടുകൾ—വിഷയം—സംഘക്കളി, ആഗമം—സംഘങ്ങൾ—ചടങ്ങുകൾ, (1) പൂവാങ്ങം, കൊട്ടിച്ചകം പൂകൽ—(2) നാലുപാദം—(3) പാന—(4) കയ്മളുടെ വരവും മററും—(5) കളി—(6) ആയുധമെടുപ്പ് — തീയാട്ട്—കളമ്പാട്ട്—ഓലപ്പാവക്കൂത്ത് — ഏഴാമത്തു കളി—കാണിപ്പാട്ട്—പുലയർപാട്ട്, ഞാററുപാട്ട്—വട്ടിപ്പാട്ട്—വിനോദസംവാദം — വീരചരിതം—ഇടനാടൻപാട്ട്—പുലയികളുടെ ഒരു പാട്ട്—പുലയരുടെ മറെറാരു പാട്ട്—പൂരക്കളിപ്പാട്ട്—ക്രിസ്ത്യാനികളുടെ പാട്ടുകൾ — തെക്കുംഭാഗക്കാരുടെ പെൺപാട്ട്, മാർത്തോമ്മാൻ—അടച്ചുതുറപ്പാട്ട്—കടുത്തുരുത്തി വലിയ പള്ളിയുടെ പാട്ട്—പുള്ളുവർപാട്ട്—പാണർ പാട്ട്—കുറവപ്പാട്ട്, നിഴല്ക്കൂത്ത്—വേലർപാട്ടുകൾ—മലയർപാട്ട്, കോതാമ്മൂരി—ഭദ്രകാളിപ്പാട്ട്, കളമെഴുത്തും പാട്ടും—തിറയാട്ടം—മണ്ണാർപാട്ട് — കണ്ണകിത്തോററം—മണിമങ്കത്തോററം—മററു

Digitized By Kerala Sahitya Akademi

ചില ഭദ്രകാളിപ്പാട്ടുകൾ—മലമതെയ്യാട്ട്—മലമക്കളിയും ദേവേന്ദ്രപ്പള്ളം—പാനത്തോറ്റങ്ങൾ—ശാസ്താമ്പാട്ട്, ശാസ്താവ് — പുലിശ്ശേവം — ഈഴശ്ശേവം—മറെറാരു ശാസ്താമ്പാട്ട്—വാവർസ്വാമിപ്പാട്ട്—വള്ളപ്പാട്ട്—ഉപസംഹാരം 175—210

## പതിനൊന്നാമധ്യായം: നാടോടിപ്പാട്ടുകൾ (II)

വടക്കൻപാട്ടുകൾ, ഉപക്രമം—ദേശം—കാലം—പുത്തൂരം വീട്—പുത്തരിയങ്കം—ആറ്റുമ്മണമ്മേൽ ഉണ്ണിയാർച്ച—ആരോമുണ്ണി—തച്ചോളി ഒതേനൻ—ഒതേനനെപ്പററിയുള്ള പാട്ടുകൾ—ഒതേനൻെറ വിവാഹം—ഒതേനനും കറുത്തനിടം (കടത്തനാട്ട്) കുഞ്ഞിക്കന്നിയും—ഒതേനനും ചിറക്കൽ മാപ്പിളമാരും—ഒതേനൻെറ നിര്യാണം—തച്ചോളിച്ചന്തു—പാലാട്ട് കോമപ്പൻ—മററു ചില വീരന്മാർ, ബമ്പായി ആലിക്കുട്ടി—പുതുനാടൻ കേളു—കരുമ്പറമ്പിൽ കണ്ണൻ—ഉപസംഹാരം—മാപ്പിളപ്പാട്ടുകൾ 211—229

## പന്ത്രണ്ടാമധ്യായം: നാടോടിപ്പാട്ടുകൾ (III)

തെക്കൻപാട്ടുകൾ—ബാധാപ്രീതികരങ്ങളായ പാട്ടുകൾ, ഉപക്രമവും ഉപസംഹാരവും—കാലവും കവികളും—കന്നടിയൻ പോര്—ആ പാട്ടിലെ ചില ഭാഗങ്ങൾ—ഉലകുട പെരുമാൾപാട്ട്—ഇതിവൃത്തം—പുരുഷാദേവിയമ്മപ്പാട്ട്—ആ പാട്ടിലെ ചില ഭാഗങ്ങൾ—അഞ്ചുതമ്പുരാൻ പാട്ട്—ഇരവിക്കുട്ടിപ്പിള്ളപ്പോര്—പഞ്ചവൻകാട്ടുനീലിയുടെ പാട്ട്—മററു ചില പാട്ടുകൾ ചരിത്രമാത്രപരങ്ങളായ ഗാനങ്ങൾ—ദേവാരാധനത്തിന് ഉപയുക്തങ്ങളായ ഗാനങ്ങൾ—ചില മലയാളം വില്പാട്ടുകൾ—രാമകഥപ്പാട്ട്—അയ്യപ്പിള്ള ആശാൻെറ കാലം—അയ്യപ്പിള്ള ആശാൻെറ കവിതാരീതി 230—252

## പതിമ്മൂന്നാമധ്യായം: ഭാഷാകൃതികൾ—പദ്യം

പാട്ടും പാണ്ഡ്യഭാഷാസാരൂപ്യവും—രാമചരിതം, ഗ്രന്ഥത്തിൻെറ സ്വരൂപം—വിഷയം—കവിയും കാലവും—രാമചരിതം ഒരു തമിഴ്കൃതിയോ മിശ്രഭാഷാകൃതിയോ—കവിത—ആട്ടപ്രകാരത്തിലെ ഒരു പഴയ പാട്ട്—പഴയ ഭാഷാഗദ്യം—കൗടലീയം ഭാഷാഗദ്യം—ഗ്രന്ഥത്തിൻെറ സ്വരൂപം—ആട്ടപ്രകാരവും ക്രമദീപികയും, മന്ത്രാങ്കം—മത്തവിലാസം—ശൂർപ്പണഖാങ്കം ആട്ടപ്രകാരം—പിൽകാലത്തെ ആട്ടപ്രകാരങ്ങൾ 253—276

Digitized By Kerala Sahitya Akademi

**പതിന്നാലാമധ്യായം: മണിപ്രവാളകൃതികൾ**

വൈശികതന്ത്രം — ആട്ടപ്രകാരശ്ലോകങ്ങൾ — ഭാഷാശ്ലോകങ്ങൾ 277—289

**പതിനഞ്ചാമധ്യായം: സംസ്കൃതകൃതികൾ**

കേരളത്തിന്റെ വിഭാഗങ്ങൾ—രവിവർമ്മകുലശേഖരൻ, ജീവചരിത്രം—കവിത— സുബ്രഹ്മണ്യൻ— സിംഹരാജൻ—കവിഭൂഷണൻ—അരുണഗിരിനാഥൻ, കാലം—ടീകകളുടെ വൈശിഷ്ട്യം—രാഘവാനന്ദൻ, കൃതികൾ—ചരിത്രം—കാലവും ദേശവും—രാഘവാനന്ദന്റെ കവിത—ലഘുസ്തുതിവൃത്തിയും മററും—പരമാർത്ഥസാരം—വിഷ്ണുഭുജംഗപ്രയാതവ്യാഖ്യ — സർവ്വമതസംഗ്രഹം—രാഘവാനന്ദന്റെ ശിഷ്യന്മാർ, സിദ്ധാന്തപഞ്ജരം—ത്രിപുരോപനിഷദ്ഭാഷ്യം—ദാമോദരച്ചാക്കിയാർ— ശിവവിലാസം—വിടനിദ്രാഭാണം 290—315

**പതിനാറാമധ്യായം: ഭാഷാകൃതികൾ—പദ്യം**

നിരണം കവികൾ, കണ്ണശ്ശൻ പറമ്പ്—ചരിത്രം—മൂന്നു കവികൾക്കും തമ്മിലുള്ളസംബന്ധം—കാലം—ഭഗവദ്ഗീത—ഭാരതമാല—രാമപ്പണിക്കരുടെ കൃതികൾ—രാമായണം—ഭാഗവതം—ശിവരാത്രിമാഹാത്മ്യം—ഭാരതം—ഗുരുഗീത—സീതാസ്വയംവരം അമ്മാനപ്പാട്ട്—തൃക്കപാലീശ്വരസ്തോത്രം — ശ്രീവല്ലഭകീർത്തനം—നിരണവൃത്തങ്ങൾ—രാമായണസംക്ഷേപം — ശ്രീരാമസ്തോത്രം — തിരുക്കണ്ണിയാലപ്പൻസ്തുതി— പാശുപതാസ്ത്രലാഭം പാട്ട്—നളചരിതം പാട്ട്—മറെറാരു രാമായണം പാട്ട്—പയ്യന്നൂർ പാട്ട്—പയ്യന്നൂർ പാട്ടിന്റെ പ്രാധാന്യം—ഗദ്യം, ദൂതവാക്യം—ബ്രഹ്മാണ്ഡപുരാണം—ഹോരാഫലരത്നാവലി—മററു ചില ഗദ്യകൃതികൾ, അംബരീഷചരിതം—രാമായണം തമിഴ്—ദശരഥന്റെ മരണം—ഉത്തരരാമായണസംഗ്രഹം ഗദ്യം—പുരാണസംഹിത—വ്യാഖ്യാനങ്ങൾ 316—355

**പതിനേഴാമധ്യായം: മണിപ്രവാളകൃതികൾ**

ഉണ്ണുനീലിസന്ദേശം — കോകസന്ദേശം — അനന്തപുരവർണ്ണനം—ചെറിയച്ചീവർണ്ണനം—മൂന്നു പഴയ ഭാഷാചമ്പുക്കൾ, (1) ഉണ്ണിയച്ചീചരിതം—(2) ഉണ്ണിച്ചിരുതേവീചരിതം—(3) ഉണ്ണിയാടിചരിതം—ശ്രീകൃഷ്ണസ്തവം— മതിച്ചുതപഞ്ചകം — ആദിത്യവർമ്മമഹാരാജാവിന്റെ രണ്ടു സ്തോത്രങ്ങൾ—ചില നഷ്ടപ്രായങ്ങ

Digitized By Kerala Sahitya Akademi

ളായ കൃതികൾ — രാജചരിതകാവ്യങ്ങൾ — ശൃംഗാര ശ്ലോകങ്ങളും ദേവതാസ്തോത്രങ്ങളും—ചില ശാസ്ത്രഗ്ര ന്ഥങ്ങൾ—താമരനല്ലൂർ ഭാഷ—ആലത്തൂർ മണിപ്ര വാളം—ഒരു പഴയ ചികിത്സാഗ്രന്ഥം 356—402

പതിനെട്ടാമധ്യായം: ലീലാതിലകം

ആദ്യത്തെ മൂന്നു ശില്പങ്ങൾ, അക്ഷരമാല—വിഭക്തി പ്രത്യയാദി നിരൂപണം—സന്ധിവിവരണം—നാലാം ശില്പം—സ്ത്രീകൾക്കു പേരിടലും രസഭങ്ഗവും—അ ഞ്ചാംശില്പം—ആറുമേഴുംശില്പങ്ങൾ—എട്ടാം ശില്പം— ഉപസംഹാരം—അലങ്കാരസംക്ഷേപം, പേർ 403—426

പത്തൊൻപതാമധ്യായം: ചില ആനുഷങ്ഗിക വിഷയങ്ങൾ

കേരളത്തിലെ അക്ഷരമാലകൾ, ബ്രാഹ്മി—വട്ടെഴുത്ത് —കോലെഴുത്തും മലയാഴ്മയും—മലയാളലിപി—ആ ചാരഭാഷ—മൂലഭദ്രീഭാഷ — പഴഞ്ചൊല്ലുകൾ — കടം കഥകൾ. 427—435

സൂചിക 437—450

Digitized By Kerala Sahitya Akademi

ഒന്നാമദ്ധ്യായം

# ഭാഷ

**ഭാഷ:—** ഒരുവൻ തന്റെ അന്തൎഗ്ഗതം അന്യനെ ഗ്രഹിപ്പിക്കുന്നതിനുവേണ്ടി ഉച്ചരിക്കുന്നതും ആ അന്തൎഗ്ഗതം ഏതെങ്കിലും ഒരു ജനസമുദായത്തിലെ സങ്കേതമനുസരിച്ച് അന്യനു ഗ്രഹിക്കുവാൻ പര്യാപ്തവുമായ വൎണ്ണാത്മകശബ്ദങ്ങളുടെ സമൂഹമാകുന്നു ഭാഷ. ഒരു മനുഷ്യന്റെ വായിൽനിന്നു പുറത്തുപോകുന്ന ശ്വാസം ഏതെങ്കിലും ഒച്ച പുറപ്പെടുവിക്കുന്നു എങ്കിൽ അതിനെ ധ്വനിയെന്നും ഒററതിരിഞ്ഞു നില്ക്കുന്ന ധ്വനിയെ വൎണ്ണമെന്നും പറയുന്നു. ഇടിമുഴക്കം, വീണാക്വാണം, മുതലായവ വായിൽനിന്നു പുറപ്പെടാത്തതിനാൽ അവൎണ്ണാത്മകശബ്ദങ്ങളാകുന്നു. മനുഷ്യർ ഏതുപ്രകാരത്തിൽ ചെയ്യുന്ന അന്തൎഗ്ഗതനിവേദനവും 'ഭാഷ' എന്ന പദത്തിന്റെ വ്യാപകാൎത്ഥത്തിൽ ഉൾപ്പെടുമെങ്കിലും, മുഖം, കൈ, മുതലായ അവയവങ്ങൾകൊണ്ടു കാണിക്കുന്ന ആംഗ്യങ്ങളേയും, പക്ഷിമൃഗാദികളുടെ ചിത്രങ്ങൾകൊണ്ടു കുറിക്കുന്ന ലിഖിതങ്ങളേയും മററും ഭാഷാശാസ്ത്രജ്ഞന്മാർ അതിന്റെ സാമാന്യനിൎവ്വചനത്തിൽ പരിഗണിക്കാറില്ല. 'ഭാഷ' എന്ന ശബ്ദത്തിന്റെ ധാത്വൎത്ഥംതന്നെ വ്യക്തമായ വാക്ക്* എന്നാണല്ലോ. ആംഗ്യത്തേയും മററും നയനഭാഷയെന്നും ഉച്ചരിതത്തെ ശ്രവണഭാഷയെന്നും പറയാവുന്നതാണ്. നയനഭാഷ മനസ്സിലാക്കണമെങ്കിൽ കണ്ണിന്റേയും വെളിച്ചത്തിന്റേയും അപേക്ഷയുണ്ട്; ശ്രവണഭാഷ മനസ്സിലാക്കുവാൻ ചെവിമാത്രം മതിയാകും. ശബ്ദങ്ങൾ ഉച്ചരിക്കുമ്പോൾ ആംഗ്യം കാണിക്കുന്നതു പ്രായേണ അൎത്ഥപരിപൂരണത്തിനുവേണ്ടിയാകുന്നു. ചെറുനാവ്, ശ്വാസനാളത്തിന്റെ അകത്തുള്ള ധ്വനിതന്ത്രികൾ, മേലണ്ണാക്ക് (മൃദുതാലു), കീഴണ്ണാക്ക് (പ്രജിഹ്വ), നാസികാമാൎഗ്ഗം, തൊണ്ട, നാവ്, പല്ലുകൾ, ചുണ്ടുകൾ ഇവയുടെ സമാഹാരമാണു വാഗിന്ദ്രിയം. ഇവയിൽ ഓരോ അവയവത്തിന്റെ അവലംബത്തെ ആസ്പദമാക്കിയാണ് വൎണ്ണങ്ങളെ കണ്ഠ്യങ്ങൾ, താലവ്യങ്ങൾ, മൂൎദ്ധന്യങ്ങൾ, ദന്ത്യങ്ങൾ, ഓഷ്ഠ്യങ്ങൾ എന്നും മററും വൈയാകരണന്മാർ തരംതിരിക്കുന്നത്.

**അക്ഷരമാല:—** ഉച്ചാരണസൗകൎയ്യത്തെ പ്രമാണീകരിച്ചു സ്വരമാണെങ്കിൽ തനിച്ചോ, വ്യഞ്ജനമാണെങ്കിൽ സ്വരസഹിതമായോ വേർതിരിച്ച്, അവയ്ക്ക് അക്ഷരങ്ങൾ എന്നു പേർ കല്പിച്ച് ഓരോ അക്ഷരവും കണ്ണിൽ പതിയുന്നതിന് അതിന്റെ അടയാളമായി ഓരോ ലിപിയും ജന

* 'ഭാഷ—വ്യക്തായാം വാചി' എന്നും 'ഘോഷ അവ്യക്തേ ശബ്ദേ' എന്നും പാണിനി. അവ്യക്തശബ്ദമെന്നാൽ വാദ്യാദിഘോഷമെന്നു വൈയാകരണന്മാർ.

Digitized By Kerala Sahitya Akademi

സമുദായം സൃഷ്ടിച്ചു. * ആ ലിപിസമൂഹത്തെത്തന്നെയാണു് അക്ഷരമാലയെന്നു സാധാരണമായി വ്യവഹരിക്കാറുള്ളതു്. ലിപികളുടെ സഹായംകൊണ്ടു വാചികഭാഷ ലിഖിതമായിത്തീരുന്നു. ഇന്ന ശബ്ദത്തിനു് ഇന്നതാണു് അർത്ഥം എന്നു് ഓരോ ഭാഷ സംസാരിക്കുന്ന ജനങ്ങളുടെ ഇടയിലും സങ്കേതം, അതായതു് അഭേദ്യമായ വ്യവസ്ഥ ഉണ്ടു്. ഈ വ്യവസ്ഥ ഒരു ദിവസംകൊണ്ടോ ഒരു രാജശാസനംകൊണ്ടോ ഉണ്ടായിട്ടുള്ളതല്ല. വളരെക്കാലത്തെ പരീക്ഷണത്തിന്റെയും പരിചയത്തിന്റെയും ഫലമായാണു് ഇത്തരത്തിൽ ഒരു നിയമം നടപ്പായതു്. ഒരു ജനസമുദായത്തിന്റെ കലാപരമായ സംസ്കാരം മുഴുവൻ പ്രതിഫലിപ്പിക്കുവാൻ ആ സമുദായം സംവ്യവഹാരം ചെയ്യുന്ന ഭാഷയ്ക്കു ശക്തിയുണ്ടായിരിക്കും. സംസ്കാരം വൎദ്ധിക്കുംതോറും സ്വഭാഷയിൽ ശബ്ദങ്ങളില്ലെങ്കിൽ ഇതരഭാഷകളിൽനിന്നു സമുചിതങ്ങളായ ശബ്ദങ്ങൾ കടം വാങ്ങി അവയെ സ്വായത്തീകരിച്ചു തദ്വിഷയകമായ ന്യൂനതയെ പരിഹരിക്കുന്നതും സർവസാധാരണമാണു്. എന്നാൽ എത്ര ശബ്ദസമ്പന്നമായ ഭാഷയിലും ഒരുവൻ തുടരുന്ന ഉച്ചാരണം ശ്രോതാവിനെ ആശയം ഗ്രഹിപ്പിച്ചുകഴിഞ്ഞാൽ ഉടനടി വായുമണ്ഡലത്തിൽ ലയിച്ചുപോകുന്നതാണല്ലോ. അവശ്യം നിലനിറുത്തേണ്ട മതപരവും മററുമായുള്ള വാങ്മയങ്ങളെമാത്രം പുരാതനകാലങ്ങളിലെ ജനങ്ങൾ ശിഷ്യന്മാരെ അധ്യാപനംചെയ്തു പ്രചരിപ്പിച്ചുപോന്നു. അതു് ഏററവും ക്ലേശകരമായ ഒരു പാഠപദ്ധതിയായിരുന്നു. അവയൊഴിച്ചു് അന്യസ്മൃതികൾക്കു് ഒന്നിനുംതന്നെ ക്ഷണഭംഗുരതയിൽനിന്നു രക്ഷനേടുവാൻ മാൎഗ്ഗമുണ്ടായിരുന്നില്ല. ഈ ദുരവസ്ഥയിൽനിന്നു ലോകത്തെ ഉദ്ധരിച്ചതു ലിപിവിന്യാസമാകുന്നു. ഒരു ജനസമുദായം തന്മധ്യത്തിൽ പ്രചരിക്കുന്ന ഭാഷയ്ക്കു ലിപികൾ വ്യവസ്ഥ ചെയ്തപ്പോൾ അതു് ആ സമുദായത്തിനു് ഒരു പരമാനുഗ്രഹമായി പരിണമിച്ചു. അതേവരെയ്ക്കും തങ്ങളുടെ ഉപയോഗത്തിനും ആനന്ദത്തിനുമായി അവരുടെ ഇടയിൽ വിദ്യാസമ്പന്നന്മാരും ഭാവനാകുശലന്മാരുമായ വ്യക്തികൾ നിൎമ്മിച്ച ആഭാണകങ്ങൾ, ഗാനങ്ങൾ മുതലായവ താലപത്രങ്ങളിലും മററും ലിഖിതങ്ങളായപ്പോൾ അവയ്ക്കു ശാശ്വതമായ പ്രതിഷ്ഠ ലഭിച്ചു. അന്ധകാരം ജ്യോതിസ്സായി മാറി; വിദ്യയ്ക്കു് അഭൂതപൂർവമായ വിജയം സഞ്ജാതമായി; ഭൂതകാലത്തെ സ്മൃതിവിഭവം ഏതു ഭാവികാലത്തേക്കും പ്രയോജനപ്പെടുമെന്നുള്ള നില വന്നു; ജരാമരണഭയമില്ലാത്ത യശഃകായത്തെ സൃഷ്ടിക്കുന്നതിൽ സരസ്വതീദാസന്മാർ കുതുകികളായി; തങ്ങളുടെ വിജ്ഞാനത്തിന്റെയും പ്രതിഭയുടേയും ഫലങ്ങളെ ബഹുജനോപയുക്തമാക്കി തദ്വാരാ ലോകസേവ ചെയ്യുന്നതിനു പലരും അഹമഹമികയാ ഒരുങ്ങിയിറങ്ങി. ചുരുക്കത്തിൽ സംസ്കാരോൽഗതിക്കും സാഹിത്യോദയത്തിനും ലിപിനിൎമ്മിതി അത്യന്തം പ്രേരകമായി. ആ വഴിക്കു ലോകത്തിനു സിദ്ധിച്ച അപരി

* ഭാരതീയർ എഴുതുന്നതു് അക്ഷരമാലയും യൂറോപ്യന്മാർ എഴുതുന്നതു വൎണ്ണമാലയുമാണു്.

Digitized By Kerala Sahitya Akademi

മേയവും ആശ്ചര്യജനകവുമായ ലോകത്തെ അച്ചടിയന്ത്രത്തിന്റെ ആവിർഭാവം ശതഗുണീഭവിപ്പിച്ചു. അനാവധി വൎഷസഹസ്രങ്ങൾ കഴിഞ്ഞതാണു് ഓരോ ജനസമുദായത്തിലും ലിപികൾ ഉണ്ടായതു്. മുദ്രണയന്ത്രത്തിന്റെ നിൎമ്മാണത്തിനു പിന്നെയും വളരെക്കാലത്തെ താമസം വേണ്ടിവന്നു. ക്രി. പി. 868-ൽ ചീനരാജ്യത്തു് ഒരു മുദ്രണയന്ത്രം ഇദംപ്രഥമമായി കണ്ടുപിടിക്കുകയുണ്ടായി. യൂറോപ്പിൽ അച്ചടി ആരംഭിച്ചതു് 1440-ൽ മാത്രമാകുന്നു. ലിപികളുടെ ആവിർഭാവത്തോടുകൂടി അന്നുവരെ വാചികംമാത്രമായിരുന്ന ഭാഷ വാമൊഴി അല്ലെങ്കിൽ സംഭാഷണഭാഷയെന്നും വരമൊഴി അല്ലെങ്കിൽ ലിഖിതഭാഷയെന്നും രണ്ടുവകുപ്പായി പിരിഞ്ഞു.

**ഗ്രന്ഥഭാഷ:**—വാമൊഴിക്കു ഭാഷാചരിത്രത്തിലല്ലാതെ സാഹിത്യചരിത്രത്തിൽ പ്രവേശമില്ല. സാഹിത്യചരിത്രകാരന്റെ പ്രതിപാദ്യവിഷയം ഗ്രന്ഥസമൂഹമാകുന്നു. വാമൊഴി വൎണ്ണവികാരങ്ങൾക്കു വിധേയവും ഗ്രാമ്യപദസമ്മിളിതവും ദേശംതോറും വിഭിന്നവും ആയിരിക്കുവാൻ ഇടയുണ്ടു്. ഗ്രന്ഥഭാഷയിലും കാദാചിൽകമായി ആ മാതിരി വൈകല്യങ്ങൾ കടന്നുകൂടാവുന്നതാണെങ്കിലും അതു താരതമ്യേന വ്യാകരണനിയമങ്ങളെ അനുസരിക്കുന്നതും ഏകരൂപവുമായിരിക്കും. വാമൊഴിയുടെ സാജാത്യമുള്ള ആധാരങ്ങൾ മുതലായവ കാര്യഗ്രഹണത്തിനുമാത്രം ഉതകുന്നവയാകയാൽ ബോധനപ്രധാനങ്ങളെന്നും; ശ്രുതി, സ്മൃതി, പുരാണം, ശാസ്ത്രം, മുതലായവ മുഖ്യമായി വിവേകദ്വാരാ മനസ്സംസ്കാരം ഉണ്ടാക്കുന്നവയാകയാൽ, വിജ്ഞാനപ്രധാനങ്ങളെന്നും; കാവ്യം, നാടകം, ചമ്പു, ആഖ്യായിക, മുതലായവ സർവോപരി ലോകോത്തരാഹ്ലാദജനകങ്ങളാകയാൽ ചമൽകാരപ്രധാനങ്ങളെന്നും പറയത്തക്കതാണു്. ഗ്രന്ഥഭാഷയ്ക്കു് ഇത്തരത്തിൽ മൂന്നു പ്രഭേദങ്ങൾ ഉണ്ടു്. ചമൽകാരമെന്നാൽ ചിത്തവിസ്താരമെന്നൎത്ഥം. പുരാണങ്ങളിൽ ചില ഭാഗങ്ങൾ ചമൽകാരകാരികളാണെങ്കിലും വിജ്ഞാനദാനമാണു് അവയുടെ മുഖ്യോദ്ദേശ്യം; അതുപോലെ കാവ്യാദികളിൽ ചില ഭാഗങ്ങൾ വിജ്ഞാനമാത്രപ്രദങ്ങളാണെങ്കിലും ചമൽകാരജനകത്വമാണു് അവയുടെ പ്രധാനപ്രയോജനം.

**സാഹിത്യം:**—സാഹിത്യം എന്ന പദത്തിനു സഹിതഭാവം, അതായതു യോഗം അല്ലെങ്കിൽ ചേൎച്ച, എന്നാണൎത്ഥം. ശബ്ദാൎത്ഥങ്ങളുടെ യോഗമാണു് ഇവിടെ വിവക്ഷിതമായിട്ടുള്ളതു്. രാമണീയകവിശിഷ്ടങ്ങളായിരിക്കണം ആ ശബ്ദാൎത്ഥങ്ങൾ എന്നും നിയമമുണ്ടു്. അല്ലെങ്കിൽ അവയ്ക്കു ചമൽകാരജനകങ്ങളാകുവാൻ സാധിക്കുന്നതല്ലല്ലോ. അതുകൊണ്ടാണു് മലയാളഭാഷയുടെ പ്രാചീനാലങ്കാരഗ്രന്ഥമായ ലീലാതിലകത്തിൽ യോഗമെന്നാൽ സഹൃദയന്മാൎക്കു രുചിക്കത്തക്കവിധത്തിലുള്ള ചേൎച്ചയാണെന്നും അത്തരത്തിലുള്ള ചേൎച്ചയുണ്ടാകുന്നതു നിയമേന ദോഷമില്ലാതേയും ഗുണമുണ്ടായും പ്രായേണ അലങ്കാരത്തോടുകൂടിയും ഇരുന്നാലാണെന്നും പ്രസ്താവിച്ചിട്ടുള്ളതു്. കാവ്യപരിശീലനത്തിന്റെ നിരന്തരമായ ആവൎത്തനം നിമിത്തം നിൎമ്മലമായിത്തീൎന്ന യാവചിലവരുടെ ഹൃദയ

Digitized By Kerala Sahitya Akademi

ത്തിൽ വർണ്ണ്യവസ്തുവിന്നു തന്മയീഭവിക്കുവാൻ യോഗ്യതയുണ്ടോ അവരാണു് സഹൃദയന്മാർ. സാഹിത്യത്തിന്നു പല പ്രയോജനങ്ങളും ആലങ്കാരികന്മാർ കല്പിക്കാറുണ്ടെങ്കിലും ആനന്ദംതന്നെയാകുന്നു അവയിൽ അഗ്രഗണ്യമായിട്ടുള്ളതു്. ഛന്ദോനിബദ്ധമായ വാങ്മയത്തിന്നു പദ്യമെന്നും അല്ലാത്തതിന്നു ഗദ്യമെന്നും പേർ പറയുന്നു.

**കേരളസാഹിത്യചരിത്രം:**—കേരളസാഹിത്യചരിത്രം എന്നാണു് ഈ പുസ്തകത്തിന്റെ പേരെങ്കിലും ഇതിൽ ചമൽക്കാരകാരികളായ ഗ്രന്ഥങ്ങൾക്കുപുറമെ വിജ്ഞാനപ്രദങ്ങളായ ഗ്രന്ഥങ്ങളെപ്പററിയും ദിങ്മാത്രമായി പരാമർശിക്കുന്നതാണു്. അല്ലെങ്കിൽ പുസ്തകത്തിന്നു സമഗ്രത സിദ്ധിക്കുന്നതല്ലെന്നുമാത്രമല്ല വിജ്ഞേയങ്ങളായ അനവധി വിഷയങ്ങൾ വക്തവ്യങ്ങളല്ലാതെ തീരുകയും ചെയ്യും. അതുപോലെതന്നെ കേരളീയർ മലയാളഭാഷയിൽ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾക്കുപുറമേ സംസ്കൃതഭാഷയിൽ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളെപ്പററിയും ഇതിൽ പ്രതിപാദിക്കുന്നതാണു്. കേരളത്തിലെ പ്രഥമഗണനീയന്മാരായ മഹാകവിമൂർദ്ധന്യന്മാരിൽ ഒട്ടുവളരെപ്പേരും—ശങ്കരാചാര്യർ, വില്വമംഗലത്തു സ്വാമിയാർ, മേൽപ്പുത്തൂർ നാരായണഭട്ടതിരി, മുതൽപേർ—സംസ്കൃതത്തിൽമാത്രമേ ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ളൂ. അവരെ അകററിനിറുത്തിയാൽ സാഹിത്യസാമ്രാജ്യത്തിൽ കേരളത്തിനുള്ള യഥാർത്ഥസ്ഥാനമെന്തെന്നു് അന്യവാചകന്മാർ എങ്ങനെ ഗ്രഹിക്കും? അതുകൊണ്ടു കേരളീയർ ഈ രണ്ടുഭാഷകളിലും നിർമ്മിച്ചിട്ടുള്ള പ്രധാനഗ്രന്ഥങ്ങളെപ്പററി ഈ പുസ്തകത്തിൽ പ്രസ്താവിക്കുവാൻ യഥാമതി ശ്രമിക്കുന്നതാണു്. വിസ്തീർണ്ണമായ ഈ പന്ഥാവിലൂടെതന്നെയാണല്ലോ പൂർവ്വസൂരികളായ ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാർ മുതൽപേരും സഞ്ചരിച്ചിട്ടുള്ളതു്.

Digitized By Kerala Sahitya Akademi

രണ്ടാമദ്ധ്യായം

# ദ്രാവിഡം

**ദ്രാവിഡഭാഷകൾ:**—1931-ലെ കാനേഷുമാരിക്കണക്കനുസരിച്ച് ഇൻഡ്യാമഹാരാജ്യത്തിൽ വസിക്കുന്ന 352,837,778 ജനങ്ങൾ ആകെക്കൂടി 225 ഭാഷകൾ സംസാരിക്കുന്നു. അവയെ ആസ്ട്രിക്, റ്റിബെറ്റോ, ചൈനീസ്, ദ്രാവിഡം, ഇൻഡോ-യൂറോപ്യൻ എന്നിങ്ങനെ നാലു ഗോത്രങ്ങളിൽ അടങ്ങുന്നതായി പണ്ഡിതന്മാർ തരംതിരിച്ചിരിക്കുന്നു. ഇൻഡോ-യൂറോപ്യന്മാർക്കുമുമ്പു ദ്രാവിഡന്മാരും ദ്രാവിഡന്മാർക്കും മുൻപു മറ്റൊരു ജനസമുദായവും ഇൻഡ്യയിൽ താമസിക്കുവാൻ ആരംഭിച്ചു. ഒടുവിൽ പറഞ്ഞ ജനസമുദായത്തിന്റെ 'മുണ്ഡാ' മുതലായ ഭാഷാസമൂഹം ആസ്ട്രിക്ഗോത്രത്തിൽ ഉൾപ്പെടുന്നു. സംസ്കൃതവും സംസ്കൃതഭവങ്ങളായ ഹിന്ദി, ബംഗാളി, ഗുജറാത്തി, മഹാരാഷ്ട്രി മുതലായ ഭാഷകളും ഇൻഡോ-യൂറോപ്യൻഗോത്രത്തിൽ അടങ്ങുന്നു. ദക്ഷിണാപഥത്തിലെ പ്രധാനഭാഷകളായ തെലുങ്ക്, തമിഴ്, കർണ്ണാടകം, മലയാളം ഇവ ദ്രാവിഡഗോത്രത്തിൽ ചേർന്നവയാണ്. ഈ ഗോത്രത്തെ നാലായി പിരിച്ചു തമിഴ്, കർണ്ണാടകം, മലയാളം എന്നീ മൂന്നു ഭാഷകളെ ദ്രാവിഡമെന്നു പ്രത്യേകം ഒരു ശാഖ കല്പിച്ച് അതിൽ അന്തർഭവിപ്പിച്ചും, ആന്ധ്രഭാഷ, മധ്യമശാഖ, പശ്ചിമോത്തരഭാഷ എന്നു മൂന്ന് ഇതരവിഭാഗങ്ങളെക്കൂടി സൃഷ്ടിച്ചുമാണ് ലിങ്ഗ്വിസ്റ്റിക് സർവേ ഓഫ് ഇൻഡ്യാ (ഇൻഡ്യയിലെ ഭാഷാസമൂഹപര്യവേക്ഷണം) എന്ന വിപുലഗ്രന്ഥത്തിൽ വിചാരണചെയ്തുകാണുന്നത്. ഇവയിൽ 10,37,142 പേർ സംസാരിക്കുന്ന ഒറായോൺ അല്ലെങ്കിൽ കുറുക്കം, 926,099 പേർ സംസാരിക്കുന്ന ഗോണ്ഡിയും, 5,85,109 പേർ സംസാരിക്കുന്ന കുയി അല്ലെങ്കിൽ കാണ്ഡിയും, മധ്യമശാഖയിൽപെട്ട ഇതരഭാഷകളും ഉത്തരഭാരതത്തിലെ ചില അരണ്യനിവാസികളുടെ ഇടയിലാണ് പ്രായേണ പ്രചരിക്കുന്നത്. പശ്ചിമോത്തരഭാഷ എന്നു പറയുന്നത് 2,07,049 പേർ സംസാരിക്കുന്ന ബ്രഹൂയിയും അതിന്റെ കേന്ദ്രം ബലൂചിസ്ഥാനവും ആകുന്നു. മധ്യമശാഖയേയും പശ്ചിമോത്തരഭാഷയേയും ഇത്തരത്തിൽ വേർതിരിക്കേണ്ടതു് ആവശ്യകംതന്നെയെങ്കിലും തെലുങ്കിനെ ദാക്ഷിണാത്യങ്ങളായ ഇതരദ്രാവിഡഭാഷകളിൽനിന്ന് അകറ്റിനിറുത്തിയിരിക്കുന്നതു യുക്തമല്ലെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ദക്ഷിണഭാരതമാകുന്നു ദ്രാവിഡഭാഷകൾക്ക് ഇക്കാലത്ത് അപ്രതിഹതമായുള്ള സംവ്യവഹാരസ്ഥാനം. ഗോവായ്ക്കു നൂറുമൈൽ തെക്ക് അറബിക്കടലിന്റെ തീരത്തുനിന്ന് ഒരു സീമാരേഖ ആരംഭിച്ചു പശ്ചിമപർവ്വതമാർഗ്ഗമായി കൊല്ഹാപുരംവരെ എത്തി അവിടെനിന്നു വളഞ്ഞു കിഴക്കോട്ടു നീങ്ങി ഹൈദരബാദ്‌രാജ്യത്തിൽ പ്രവേശിച്ചു ബീറാറിന്റെ ദക്ഷിണഭാഗത്തിനു

Digitized By Kerala Sahitya Akademi

വടക്കുകൂടി നേരേ ബങ്ഗാാം ഉാംക്കടലിൻെറ കരയിൽ അവസാനി ച്ചാൽ അതിനുതെക്കുള്ള പ്രദേശങ്ങളിൽ മുഴുവൻ ദ്രാവിഡഭാഷകളാണു് പ്രചരിക്കുന്നതെന്നു പറയാം. ഇൻഡ്യയിൽ ദ്രാവിഡഗോത്രത്തിൽപെട്ട ഏതെങ്കിലും ഒരു ഭാഷ 71,644,787 പേർ സംസാരിക്കുന്നുണ്ടു്. അവ രിൽ തെലുങ്കു് 263,73,727 പേക്കും തമിഴ് 204,11,652 പേക്കും കന്നാടകം 112,06,380 പേക്കും മലയാളം 91,37,615 പേക്കും മാതൃഭാഷയാകുന്നു. അഥവാ പതിനായിരം ഭാരതീയരിൽ 752 പേർ തെലുങ്കും 582 പേർ തമിഴും 320 പേർ കന്നാടകവും 261 പേർ മലയാള വും സംസാരിക്കുന്നു എന്നും പരിഗണിക്കാവുന്നതാണു്. സിംഹളദ്വീപി ൻെറ ഉത്തരാദ്ധത്തിലും തമിഴിനു് ഒരു മാതൃഭാഷയുടെ സ്ഥാനമുണ്ടു്. മഹാരാഷ്ട്രിയുടെ ഒരു ഉാംപ്പിരിവായ കൊങ്കണിയും ഗുജറാത്തിയുടെ ഒരു വകഭേദമായ പട്ടുനൂലിയും കേരളത്തിൽ ചില സ്ഥലങ്ങളിൽ പ്രചരിക്കു ന്നുണ്ടെങ്കിലും അവ ഇൻഡോ—യൂറോപ്യൻഗോത്രത്തിൽപെട്ട ഭാഷകളാകു ന്നു. മലയാളം സംസാരിക്കുന്ന 91,37,615 ജനങ്ങളിൽ 42,60,860 പേർ തിരുവിതാംകൂറിലും 10,88,081 പേർ കൊച്ചിയിലും 37,26,726 പേർ മദിരാശിപ്രവിശ്യയിലും 1931—ലെ കാനേഷുമാരിക്കാലത്തു താമ സിച്ചിരുന്നതായി കാണുന്നു. തെക്കു കന്യാകുമാരിമുതൽ വടക്കു ഗോകണ്ണം വരെ കിഴക്കു പശ്ചിമപൎവ്വതപങ്ക്തിക്കും പടിഞ്ഞാറു് അറബിക്കടലി നും ഇടയ്ക്കു കിടക്കുന്ന ഭൂമിക്കു മുഴുവൻ കേരളമെന്നു പേരുണ്ടെങ്കിലും, അതിൽ തിരുവിതാംകൂർ, കൊച്ചി, എന്നു രണ്ടു നാട്ടുരാജ്യങ്ങളിലും മദിരാ ശിപ്രവിശ്യയിൽ മലബാർജില്ലയിലും ദക്ഷിണകന്നാടകജില്ലയിൽ ചന്ദ്ര ഗിരിപ്പുഴ(പെരുമ്പുഴ)യ്ക്കു തെക്കുള്ള സ്ഥലത്തും മാത്രമാണു് മലയാള ത്തിനു മാതൃഭാഷ എന്ന നിലയിൽ പ്രചാരമുള്ളതു്. ദക്ഷിണകന്നാടക ത്തിൽപെട്ട കാസർകോട്ടതാലൂക്കിലെ ഒരു ജന്മിയായ കാവുഭട്ടതിരിയുടെ ഇല്ലത്തിലെ വടക്കിനി തൊട്ടു തുളുനാടു തുടങ്ങുന്നു എന്നാണു് വയ്പു്. മലനാടെന്ന പേരിൽ അറിയപ്പെടുന്നതും ആ വടക്കിനിക്കു തെക്കുള്ളതു മായ ഭൂവിഭാഗത്തെമാത്രമാണു് കേരളം എന്ന സംജ്ഞകൊണ്ടു് ഈ പുസ്തക ത്തിൽ വ്യവഹരിക്കുന്നതും. തിരുവിതാംകൂറിൽതന്നെ നാഞ്ചിനാടു്, ചെ ങ്കോട്ട, ദേവികുളം എന്നീ പ്രദേശങ്ങളിലെ മാതൃഭാഷ തമിഴാകുന്നു. ജന സംഖ്യയെ അടിസ്ഥാനമാക്കി നോക്കുന്നതായാൽ (1) പശ്ചിമഹിന്ദി, (2) ബങ്ഗാളി, (3) ബിഹാറി, (4) തെലുങ്കു്, (5) മഹാരാഷ്ട്രി, (6) തമിഴ്, (7) പഞ്ചാബി, (8) രാജസ്ഥാനി, (9) കന്നാടകം, (10) ഒറിയാ, (11) ഗുജറാത്തി, (12) മലയാളം ഈ ക്രമമാണു് ഭാരതീയഭാഷകാംക്കു കല്പിക്കേ ണ്ടിയിരിക്കുന്നതു്. ഇതിൽനിന്നു മലയാളം ഭാരതത്തിലെ അതിപ്രധാന മല്ലെങ്കിലും ഒട്ടും അപ്രധാനമല്ലാത്ത ഒരു ഭാഷയാണെന്നു വെളിപ്പെടുന്നു ണ്ടല്ലോ.

**ദക്ഷിണഭാരതത്തിലെ ആദിമഭാഷ:—** ആദികാലത്തു ദ ക്ഷിണഭാരതവും ഉത്തരഭാരതവും തമ്മിൽ ഒരു സമുദ്രത്താൽ വേർതിരിക്ക പ്പെട്ടിരുന്നു എന്നും ദക്ഷിണഭാരതം സുമാത്രാദ്വീപുമുതൽ ആഫ്രിക്കവരെ

Digitized By Kerala Sahitya Akademi

വ്യാപിച്ചിരുന്ന ഒരു വലിയ ഭൂഖണ്ഡത്തിൽ അന്തർഭവിച്ചിരുന്നു എന്നും ഭൂഗർഭശാസ്ത്രജ്ഞന്മാർ അനുമാനിക്കുന്നു. സത്യവ്രതമനുവിന്റെ കാലത്തു് ഏറിയ ഭാഗവും കടൽകേറിപ്പോയ ഈ ഭൂഖണ്ഡത്തിനു ലെമൂറിയാ എന്നാണു് അവർ പേർ കല്പിച്ചിരിക്കുന്നതു്. കൊച്ചിയിലെ കാടന്മാർ, തിരുവിതാംകൂറിലെ ഊരാളികൾ, തുടങ്ങിയ ഏതാനും ജാതിക്കാർ അടങ്ങിയ നീഗ്രിറോയിഡ് എന്ന മനുഷ്യവർഗ്ഗമാണു് ദക്ഷിണഭാരതത്തിൽ ആദ്യമായി നിവസിച്ചിരുന്നതെന്നും, ആ വർഗ്ഗത്തെ തോടർ, ബഡഗർ, കാണിക്കാർ മുതലായ ജാതിക്കാർ ഉൾപ്പെട്ട പ്രോട്ടോ-ആസ്ട്രലോയിഡ് വർഗ്ഗം കീഴടക്കി എന്നും, ഈ വർഗ്ഗം മുണ്ഡാഗോത്രത്തിൽപ്പെട്ട ഏതെങ്കിലും ഭാഷകൾ സംസാരിച്ചിരുന്നിരിക്കാമെന്നും ആണു് ചില പണ്ഡിതന്മാരുടെ അഭ്യൂഹം. എന്നാൽ ഇക്കാലത്തു മുണ്ഡാഭാഷകൾ ഉത്തരഭാരതത്തിൽ ചില വനേചരന്മാരുടെ ഇടയിൽ മാത്രമേ പ്രചരിയ്ക്കുന്നുള്ളു. ഗോദാവരീനദിക്കു തെക്കു് അവയിൽ യാതൊന്നിനും പ്രവേശമില്ല. ആ സ്ഥിതിയ്ക്കു പണ്ടു് അവയ്ക്കു ദക്ഷിണഭാരതത്തിൽ വ്യാപ്തിയുണ്ടായിരുന്നാലും ഇല്ലെങ്കിലും ദ്രാവിഡത്തെത്തന്നെ ഇവിടത്തെ ആദിമഭാഷയായി പരിഗണിക്കുന്നതു പ്രായോഗികദൃഷ്ട്യാ പ്രമാദമാകുന്നതല്ല.

**ആര്യന്മാരും ദ്രാവിഡഭാഷകളും:**—ദ്രാവിഡഭാഷകൾ മറ്റൊരു ഗോത്രത്തോടും ചേരുന്നില്ലെന്നും അതുകൊണ്ടു് അവയ്ക്കു് ഒരു പ്രത്യേകഗോത്രംതന്നെ കല്പിക്കേണ്ടതാണെന്നുമാകുന്നു അഭിയുക്തമതം. പ്രസ്തുതഭാഷകൾ സിതിയൻഗോത്രത്തിൽ അന്തർഭവിക്കുന്നു എന്നു ഡാക്ടർ കാൾഡ്വെൽ തുടങ്ങിയ ഭാഷാശാസ്ത്രജ്ഞന്മാർ ഒരുകാലത്തു് ഊഹിച്ചിരുന്നു. എന്നാൽ ആ ഊഹം അനാസ്പദമാണെന്നു പിന്നീടുള്ള ഗവേഷണംകൊണ്ടു തെളിഞ്ഞിട്ടുണ്ടു്. ദ്രാവിഡന്മാർ പശ്ചിമോത്തരമാർഗ്ഗത്തിലൂടെ ഉത്തരഭാരതത്തിൽ കടന്നുവോ അതോ ആദ്യമായി ദക്ഷിണഭാരതത്തിൽ താമസിച്ചു് അവിടെനിന്നു കാലാന്തരത്തിൽ ഉത്തരഭാരതത്തിലും കുടിയേറിപ്പാർത്തുവോ എന്നുള്ള പ്രശ്നം ഇന്നും വാദഗ്രസ്തമായിരിക്കുന്നതേയുള്ളു. അതു് എങ്ങിനെയായാലും മോഹേൻജദാരോ, ഹാരപ്പാ എന്നീ സ്ഥലങ്ങളിൽ പുരാണവസ്തുഗവേഷകന്മാർ ഭൂഖനനത്തിന്റെയും മറ്റും ഫലമായി ഇക്കാലത്തു കണ്ടുപിടിച്ചിട്ടുള്ള അത്യത്ഭുതമായ സിന്ധുനദീപ്രാന്തസംസ്കാരം ദ്രാവിഡരുടേതായിരുന്നു എന്നു മിക്കവാറും തീർച്ചപ്പെട്ടതാവുന്നതാണു്. ആ സംസ്കാരത്തിനു് ഏകദേശം ആറായിരം വർഷങ്ങളുടെ പഴക്കമുണ്ടു്. അതിനു പടിഞ്ഞാറുഭാഗത്തുള്ള ബലൂചിസ്ഥാനത്തിലെ കാലറവുനഗരത്തിനുചുറ്റുമാണു് ദ്രാവിഡഗോത്രത്തിൽപെട്ട ബ്രഹൂയിഭാഷ സംസാരിക്കുന്ന ജനങ്ങൾ താമസിക്കുന്നതു്. ഒരു കാലത്തു ദ്രാവിഡഭാഷകൾ ഭാരതം മുഴുവൻ വ്യാപിച്ചിരുന്നു എന്നുള്ളതിനു് ഇവയെല്ലാം പ്രത്യക്ഷലക്ഷ്യങ്ങളാണു്. കുറുക്കു്, കുയി, ഗോണ്ഡി തുടങ്ങിയ ദ്രാവിഡഭാഷകൾ ഇന്നും സമുദ്രമധ്യത്തിൽ ദ്വീപുകൾ എന്നപോലെ ഉത്തരഭാരതത്തിൽ സംസ്കൃതജന്യങ്ങളായ ഭാഷകൾക്കിടയിൽ കാണപ്പെടുന്നുണ്ടെന്നുള്ളതും വിസ്മർത്തവ്യമല്ല. ആര്യന്മാർ അയ്യായിരം വർഷ

Digitized By Kerala Sahitya Akademi

ണ്ടൾക്കുമുൻപു പശ്ചിമോത്തരമാൎഗ്ഗമായി ഉത്തരഭാരതത്തിൽ പ്രവേശിച്ചപ്പോൾ അവൎക്കും ദ്രാവിഡന്മാൎക്കുംതമ്മിൽ സംഘട്ടനം നേരിടുകയും അത്യന്തം പരിപുഷ്ടമായിരുന്ന അവരുടെ സംസ്കാരം അത്രതന്നെ അഭിവൃദ്ധമല്ലാതിരുന്ന ദ്രാവിഡന്മാരുടെ സംസ്കാരത്തെ അവരുടെ ഭാഷയോടുകൂടി വിന്ധ്യപൎവ്വതത്തിനു വടക്കുള്ള പ്രദേശങ്ങളിൽ അസ്തമിതപ്രായമാക്കുകയും ചെയ്തു. സംസ്കാരത്തിനും സംവ്യവഹാരത്തിനും അധികമായി പ്രയോജകീഭവിക്കുന്ന ഒരു ഭാഷ വിശേഷിച്ചു ജേതാക്കളുടേതാണെങ്കിൽ, ആ വിഷയങ്ങളിൽ അത്രമാത്രം ഉപയോഗമില്ലാത്ത പരാജിതന്മാരുടെ ഭാഷയെ കീഴടക്കുക എന്നുള്ളതു സൎവസാധാരണമാകുന്നു. എന്നാൽ അത്തരത്തിലുള്ള സന്ദൎഭത്തിൽ വിജയികളുടെ ഭാഷ വിജിതന്മാരുടെ ഭാഷയിൽനിന്നു സ്വീകാൎയ്യമായിത്തോന്നുന്ന പലതും സ്വായത്തമാക്കുന്നതാണെന്നുള്ളതിനും സംശയമില്ല. അങ്ങനെ ദ്രാവിഡത്തിനു് ഉത്തരഭാരതത്തിൽനിന്നു പിൻവാങ്ങേണ്ടിവന്നു എങ്കിലും ദക്ഷിണഭാരതത്തിൽ അതിന്റെ ആധിപത്യത്തിനു പറയത്തക്ക ഹാനിയൊന്നും സംഭവിച്ചില്ല. ആന്ധ്രം, കൎണ്ണാടം, ദ്രാവിഡം, ഗുൎജ്ജരം, മഹാരാഷ്ട്രം ഈ ദേശങ്ങളിലെ ജനങ്ങളെ പഞ്ചദ്രാവിഡരെന്നു പറയാറുണ്ടെങ്കിലും ഗുൎജ്ജരത്തിലും മഹാരാഷ്ട്രത്തിലും സംസ്കൃതഭവങ്ങളായ ഭാഷകൾ കാലാന്തരത്തിൽ പ്രചരിച്ചുതുടങ്ങി; പ്രത്യുത മററു മൂന്നു പ്രദേശങ്ങളിലും ദ്രാവിഡം അവ്യാഹതമായി നിലനില്ക്കുകയും ചെയ്തു. ഈ പ്രദേശങ്ങളിൽ ആൎയ്യന്മാർ വിജിഗീഷുക്കളായല്ല പ്രവേശിച്ചതു്. അവരെ ശമപ്രധാനന്മാരും അദ്ധ്യാത്മവിദ്യോപദേശകന്മാരുമായി ദ്രാവിഡന്മാർ സമീക്ഷിക്കുകയും സ്നേഹബഹുമാനപൂൎവ്വം സൽക്കരിക്കുകയും ചെയ്തു. ദ്രാവിഡത്തിന്റെ അഭ്യുന്നതിക്കു് അവർതന്നെ ഐദമ്പൎയ്യേണ പരിശ്രമിച്ചുതുടങ്ങുകയും ആ പരിശ്രമത്തിൽ പ്രശംസനീയമായ വിജയം സമാൎജ്ജിക്കുകയും ചെയ്തു എന്നും പറയേണ്ടതുണ്ടു്. അങ്ങനെ ആന്ധ്രകൎണ്ണാടദ്രാവിഡദേശങ്ങളിൽ ദ്രാവിഡവും, ഭാരതത്തിന്റെ ഇതരദേശങ്ങളിൽ സംസ്കൃതവും അവയുടെ അധികാരമണ്ഡലങ്ങൾക്കു സീമാവിഭാഗംചെയ്തുകൊണ്ടു പരസ്പരം സൌഹാൎദ്ദബന്ധം പുലൎത്തി ഉത്തരോത്തരം ഉൽക്കൎഷത്തെ പ്രാപിച്ചു.

**പഴന്തമിഴ്:**—'തമിഴ്' എന്നായിരുന്നു ദ്രാവിഡർ സംസാരിച്ചുവന്ന ഭാഷയുടെ പൊതുവായുള്ള നാമധേയം. തമിഴ് എന്ന പദത്തിനു (ഇനിമൈ) മാധുൎയ്യമെന്നും (നേൎമൈ) വൈശിഷ്ട്യം അഥവാ പരിഷ്കാരമെന്നും അൎത്ഥമുള്ളതായി പിങ്ഗളനിഘണ്ടുവിൽ കാണുന്നു. ഇവയിൽ ഏതെങ്കിലും ഒരൎത്ഥത്തിൽ ആയിരിക്കണം തമിഴെന്നു് ഈ ഭാഷകൾക്കു പേർ സിദ്ധിച്ചതു്. തമിഴ്, തമിൾ, ദമിള, ദ്രമിള, ദ്രമിഡ, ദ്രവിഡ എന്നിങ്ങനെ പല ഭിന്നരൂപസോപാനങ്ങൾ കടന്നു് ഒടുവിൽ ദ്രാവിഡമായി പരിണമിച്ചു. സംസ്കൃതത്തിലും പ്രാകൃതത്തിലും ഴകാരമില്ലാത്തതിനാൽ ചോഴം ചോളമായതുപോലെ തമിഴ് തമിളായി; ഉച്ചാരണസൗകൎയ്യത്തിനുവേണ്ടി പദാദിയിലെ ഖരം മൃദുവാക്കുകയും പദാന്തത്തിലെ ചില്ലു സ്വരീകരിക്കുകയും ചെയ്തപ്പോൾ തമിൾ ദമിളവുമായി. ക്രിസ്ത്വബ്ദ

Digitized By Kerala Sahitya Akademi

ത്തിന്റെ ആരംഭത്തിൽ കൃഷ്ണാജില്ലയിൽ സ്ഥാപിതമായ ഒരു സ്തൂപത്തിൽ കൻഹൻ (കണ്ണൻ) എന്ന ഒരു ബുദ്ധഭക്തൻ താൻ ദമിളനാണെന്നു രേഖപ്പെടുത്തിയിരിക്കുന്നു. പദത്തിന്റെ ആദ്യക്ഷരം സംയുക്തമാണെങ്കിൽ അതിലെ രേഫം പ്രാകൃതത്തിൽ ലോപിക്കും. ഗ്രാമത്തിനു ഗാമമെന്നും ഭ്രാതാവിനു ഭാതാവെന്നുമാണല്ലോ ആ ഭാഷയിൽ രൂപങ്ങൾ കാണുന്നതു്. ദമിളശബ്ദം പ്രാകൃതത്തിൽനിന്നു സംസ്കൃതത്തിലേക്കു സംക്രമിച്ചപ്പോൾ കുമുക ക്രമുകമായതുപോലെ ദ്രമിളമായി; വൈദികസംസ്കൃതത്തിലെ ളകാരം ലൗകികസംസ്കൃതത്തിൽ ഡകാരമാകുമെന്ന വിധി അനുസരിച്ചു ദ്രമിളം ദ്രമിഡവുമായി. ഓഷ്ഠ്യമായ മകാരം ദന്ത്യോഷ്ഠ്യമായ വകാരമായി മാറിയതു പിന്നീടാണു്. എങ്കിലും ആ മാററം അടുത്ത കാലത്തൊന്നുമല്ല വന്നുചേർന്നിട്ടുള്ളതു്. ‘ദ്രമിഡ’ എന്ന രൂപം തന്നെയാണു് മഹാഭാരതത്തിൽ കാണ്മാനുള്ളതു്. ‘ദ്രമിഡാഃ പുരുഷാ രാജൻ’ ‘‘ദ്രമിഡീ യോഷിതാം വരാ’’ ‘‘ദ്രമിഡൈരാവൃതോ യയൌ’’ എന്നീ പദ്യഖണ്ഡങ്ങൾ നോക്കുക. ദശകുമാരചരിതം, കാദംബരി മുതലായ ഗ്രന്ഥങ്ങളിൽ ദ്രവിഡപദമാണു് സ്വീകരിച്ചിട്ടുള്ളതു്. ‘‘ആന്ധ്രദ്രാവിഡഭാഷാ’’ എന്നു ക്രി: പി: ഏഴാം ശതകത്തിൽ കുമാരിലഭട്ടനും ‘‘ദ്രവിഡശിശുഃ’’ എന്നു് എട്ടാം ശതകത്തിൽ ശങ്കരാചാര്യരും പ്രയോഗിക്കുന്നു. എന്നാൽ മേൽപ്പുത്തൂർ നാരായണഭട്ടതിരിയുടെ ദൂതവാക്യത്തിൽ ‘ദ്രമിഡ’ എന്ന പ്രയോഗവും കാണുന്നുണ്ടു്. ദ്രവിഡശബ്ദത്തോടു് ‘അൺ’ എന്ന തദ്ധിതപ്രത്യയം ചേർന്നു ദ്രാവിഡദേശഭവം എന്ന അർത്ഥത്തിലാണു് ദ്രാവിഡപദം പ്രചരിക്കുന്നതു്. പ്രസ്തുതഗോത്രത്തിൽപ്പെട്ട സകല ഭാഷകൾക്കുംകൂടി ദ്രാവിഡം എന്ന പൊതുപ്പേർ നൽകിയതു ഡാക്ടർ കാൾഡ്വെൽ ആണു്. ആ സംജ്ഞയെ അനന്തരകാലികന്മാരായ എല്ലാ ഭാഷാശാസ്ത്രജ്ഞന്മാരും അംഗീകരിച്ചിട്ടുമുണ്ടു്. തമിഴ്, തെലുങ്കു്, കണ്ണാടകം, മലയാളം മുതലായവയുടെ ജനയിത്രിയായ ആ മൂലദ്രാവിഡഭാഷയ്ക്കു് അതിനെ ഇന്നത്തെ തമിഴിൽനിന്നു വേർതിരിക്കുന്നതിനുവേണ്ടി പഴന്തമിഴ് എന്നു സംജ്ഞ കല്പിക്കാവുന്നതാണു്; മുതുതമിഴ് എന്നു പറയുന്നതിനും വിരോധമില്ല. മുത്തമിഴ് എന്ന പേരിൽ അതിനെ ആരും വ്യവഹരിച്ചു കേട്ടിട്ടില്ല. മുൻ, തമിഴ് എന്നീ രണ്ടു പദങ്ങൾ സമാസിച്ചാൽ നിഷ്പന്നമാകുന്ന രൂപം മുററമിഴ് എന്നല്ലാതെ മുത്തമിഴ് എന്നു വരുന്നതുമല്ല. മുത്തമിഴ് എന്ന പദത്തിനു ദ്രാവിഡസാഹിത്യത്തിൽ മൂന്നു വിധത്തിലുള്ള—അതായതു് ഇയൽ (കാവ്യം), ഇചൈ (പാട്ടു്), നാടകം ഈ വിഭാഗങ്ങളോടുകൂടിയ—പദ്യസാഹിത്യമെന്നേ അർത്ഥമുള്ളു.

## ദ്രാവിഡം സംസ്കൃതഭവമോ?

**പൂർവ്വപക്ഷം ചർച്ച**:—ദ്രാവിഡം എന്നൊരു ഭിന്നഗോത്രത്തിന്റെ സൃഷ്ടി അബദ്ധമാണെന്നും ദ്രാവിഡഭാഷകളും പ്രാകൃതഭാഷകളെപ്പോലെതന്നെ സംസ്കൃതഭവങ്ങളാണെന്നും ഒരു വിശ്വാസം ഇന്നും ചില പണ്ഡിതന്മാർ പുലർത്തിപ്പോരുന്നുണ്ടു്. ഇതിന്റെ സാധുതയെപ്പററി

Digitized By Kerala Sahitya Akademi

അല്പം വിചിന്തനം ചെയ്യാം. ഭാരതത്തിൽ ഇന്നു പ്രചരിക്കുന്ന എല്ലാ ഏതദ്ദേശീയഭാഷകളും സംസ്കൃതത്തിൽനിന്നു ജനിച്ചവയെന്നാകുന്നു പൂർവ്വാചാര്യന്മാരുടെ മതം. ദേശാഭിമാനത്താൽ പ്രേരിതരായി ഭാരതത്തിന്റെ ഏകീകരണത്തിൽ ജാഗരൂകത പ്രദർശിപ്പിച്ച അവർ എങ്ങനെ സകലഭാരതീയരേയും അനുലോമപ്രതിലോമവിവാഹങ്ങൾ നിമിത്തം വിഭിന്നജാതീയരായിത്തീർന്ന ആര്യവംശസമുത്ഭവന്മാരെന്നു് ഉൽഘോഷിച്ചുവോ, അതുപോലെ സകല ഭാരതീയഭാഷകളേയും സംസ്കൃതജന്യങ്ങളെന്നു പ്രഖ്യാപനംചെയ്തു. "പ്രകൃതിഃ സംസ്കൃതം; തത്ര ഭവം തത ആഗതം വാ പ്രാകൃതം" അതായതു പ്രകൃതി അല്ലെങ്കിൽ മൂലഭാഷ സംസ്കൃതവും അതിൽനിന്നു ജനിച്ചതു പ്രാകൃതവുമാണെന്നത്രേ അവരുടെ പക്ഷം. പ്രകൃതിതുല്യം നിമിത്തമാണു് പ്രാകൃതത്തിനു് ആ പേർ വന്നതു് എന്നും പ്രാകൃതത്തെ പരിഷ്കരിച്ചതാണു് സംസ്കൃതമെന്നുമാകുന്നു വസ്തുസ്ഥിതി. മഹാരാഷ്ട്രി, ശൌരസേനി, മാഗധി, പൈശാചി, അപഭ്രംശം ഇത്യാദി വിവിധപ്രാകൃതഭാഷകളുള്ളതിൽ ദ്രാവിഡഭാഷകളേയും മററും അവർ അപഭ്രംശത്തിൽ അന്തർഭവിപ്പിക്കുന്നു. അപഭ്രംശമെന്നാൽ സംസ്കൃതാപേക്ഷയാ ഗ്രാമ്യം അല്ലെങ്കിൽ അപരിഷ്കൃതമായ ഭാഷയെന്നർത്ഥം. അവയെത്തന്നെ ദേശ്യഭാഷകളെന്നും മ്ലേച്ഛഭാഷകളെന്നും കൂടി പറയാറുണ്ടു്. "അപഭ്രംശസ്തു യച്ഛുദ്ധം തത്തദ്ദേശേഷു ഭാഷിതം" എന്നു വൃദ്ധവാഗ്ഭടൻ ലക്ഷണനിർദ്ദേശം ചെയ്യുന്നു. മ്ലേച്ഛപദത്തിനു് അവ്യക്തമായ വാക്കു് എന്നാണർത്ഥം. ആര്യന്മാൎക്കു ദ്രാവിഡാദിഭാഷകൾ ഗ്രഹിക്കുവാൻ കഴിയാതിരുന്നതിനാലാണു് അവർ അവയ്ക്കു് ആ പേർ നല്കിയതു്. കുമാരിലഭട്ടൻ തന്ത്രവാർത്തികത്തിൽ ആന്ധ്രദ്രാവിഡഭാഷ മ്ലേച്ഛഭാഷയാണെന്നു പ്രസ്താവിക്കുന്നു. ഭാവപ്രകാശനം എന്ന നാട്യശാസ്ത്രഗ്രന്ഥത്തിന്റെ പ്രണേതാവായ ശാരദാതനയൻ, ക്രി: പി: പതിമ്മൂന്നാം ശതകത്തിൽ,

> "ദ്രമിഡാഃ കന്നഡാആന്ധ്രാശ്ച
> ഹൂണഹമ്മീരസിംഹളാഃ
>
> *  *  *  *
>
> ഏതാ ഭാഷാശ്ച സർവ്വത്ര
> മ്ലേച്ഛഭാഷേത്യുദാഹൃതാഃ"

അതായതു ദ്രമിഡം, കന്നടം, ആന്ധ്രം തുടങ്ങിയ പതിനെട്ടു ഭാഷകൾ മ്ലേച്ഛഭാഷകളെന്നു പ്രസ്താവിക്കുന്നു. ആന്ധ്രവൈയാകരണനായ കേതനൻ (ക്രി. പി. പതിമ്മൂന്നാംശതകം) എല്ലാ ഭാഷകളും സംസ്കൃതത്തിൽനിന്നു ജനിച്ചു എന്നു പറയുന്നു. കേരളീയനായ ലീലാതിലകകാരനും "ഊഹനീയസംസ്കൃതപ്രകൃതിസ്സംസ്കൃതഭവാ" എന്ന സൂത്രത്തിന്റെ വൃത്തിയിൽ "ഇഹ താവൽ സംസ്കൃതമനാദി; അന്യദാദിമത്; തസ്യ സംസ്കൃതാൽ പ്രഭവസ്സ്യാൽ, തത്ര പ്രകൃതിതേന സ്ഥിതം കചചിദൂഹവിഷയോ ഭവതി; കചചിൽ പുനരത്യന്തതിരോഭാവാദൂഹോ ന ശക്യതേ, തത്രദ്ധതഛുച്യതേ," അതായതു് "യാതൊരു പദത്തിനു സംസ്കൃതപ്രകൃതി

Digitized By Kerala Sahitya Akademi

ഊഹിക്കുവാൻ കഴിയുമോ അതു സംസ്കൃതഭവമാണു്; അനാദിയാണല്ലോ സംസ്കൃതഭാഷ; മററു ഭാഷകൾ പിന്നീടുണ്ടായവയാണു്; അതുകൊണ്ടു് അവ സംസ്കൃതത്തിൽനിന്നു ജനിച്ചിരിക്കണം. അവയിൽ ചിലതിൻെറ പ്രകൃതി ഊഹിക്കാവുന്നതാണു്; മററുചിലതിൻെറ പ്രകൃതി അത്യന്തം തിരോഹിതമായിത്തീർന്നിരിക്കുന്നതിനാൽ ഊഹിക്കുവാൻ സാധിക്കുന്നതല്ല; ഒടുവിൽ പറഞ്ഞ മാതിരിയിലുള്ള പദങ്ങൾ ശുദ്ധങ്ങളാണു്.'' എന്നു് അഭിപ്രായപ്പെടുന്നു. വാസ്തവത്തിൽ ഈ ശുദ്ധപദസമൂഹം അതാതു ഭാഷയുടെ തറവാട്ടുമുതലാണു്; അല്ലാതെ സംസ്കൃതത്തിൽനിന്നു നേരിട്ടു തത്സമമായോ, പ്രാകൃതംവഴിക്കോ മറേറാ തദ്ഭവമായോ, ഇരവൽ വാങ്ങിയതല്ല; അതിനെയാണു് ദേശ്യമെന്നു പറയുന്നതു്. ലീലാതിലകത്തിൽ തേവർ, വക്കം, ചങ്ങാത, പലക, പിച്ച, ചുരിക, എന്നീ പദങ്ങളുടെ പ്രകൃതി ദേവ, വല്ഗ, സംഹിതാ, ഫലക, ഭിക്ഷാ, ച്ഛുരികകളാണെന്നു പറയുന്നതു ശരിയാണെങ്കിലും കമുകു്, കാടു്, കതിര, ഇവയുടെ പ്രകൃതികൾ ക്രമുക, കാടികാ, കദരങ്ങളാണെന്നു പറയുന്നതു സ്വീകാരയോഗ്യമാണെന്നു തോന്നുന്നില്ല. അവയേയും വയറു്, പാമ്പു്, ചോറു് എന്നീ പദങ്ങളെപ്പോലെതന്നെ ശുദ്ധങ്ങളായി ഗണിക്കേണ്ടതാണു്. കമ്മാരൻ (കമ്മാളൻ) കാലം, രാത്രി, ഫലം (പഴം) രൂപം (ഉരുവം) എന്നിത്യാദി പദങ്ങൾ ഋഗ്വേദത്തിൽതന്നെ കാണുന്നുണ്ടെങ്കിലും അവ ദ്രവിഡഭവങ്ങളാണെന്നു ചില പണ്ഡിതന്മാർ വാദിക്കുന്നു. പൂർവ്വാചാര്യന്മാരുടെ ആശയത്തെത്തന്നെയാണു് കേരളകൌമുദിയിൽ കോവുണ്ണിനെടുങ്ങാടിയും അനുസരിക്കുന്നതു് എന്നുള്ളതു് അതിലെ

''സംസ്കൃതഹിമഗിരിഗളിതാ
ദ്രാവിഡവാണീകളിന്ദജാമിളിതാ
കേരളഭാഷാഗംഗാ
വിഹരതു മമ ഹൃൽസരസ്വദാസംഗാ''

എന്ന പദ്യത്തിൽനിന്നു് അനുമാനിക്കാവുന്നതാകുന്നു.

**സിദ്ധാന്തപക്ഷം:**—രണ്ടു ഭാഷകൾക്കുതമ്മിൽ ജന്യജനകസംബന്ധം ഉണ്ടോ എന്നു നിർണ്ണയിക്കുന്നതിനു ചില അവ്യഭിചാരികളായ ഉപാധികൾ ഉണ്ടു്. ഒരു ഭാഷ മറെറാരു ഭാഷയിൽനിന്നു് എത്ര പദങ്ങൾ കടം വാങ്ങിയാലും അതുകൊണ്ടുമാത്രം അതിൻെറ വ്യക്തിത്വം നശിക്കുന്നതല്ല. ദ്രാവിഡഭാഷകളെപ്പററി പറയുകയാണെങ്കിൽ തെലുങ്കും കർണ്ണാടകവും മലയാളവും അനവധി പദങ്ങൾ സംസ്കൃതത്തിൽനിന്നു സ്വീകരിച്ചിട്ടുണ്ടെങ്കിലും തമിഴു് ഇന്നും അതിൻെറ അഭിക്രമണത്തെ യഥാശക്തി തടുത്തുനിറുത്തിക്കൊണ്ടുതന്നെയാണു് ജീവിക്കുന്നതു്. തെലുങ്കുമുതലായ ഭാഷകളിലും ഗൃഹ്യോപയോഗത്തിനുള്ള പദങ്ങൾ പ്രായേണ ദ്രാവിഡങ്ങളാണെന്നും സാംസ്കാരികവും മതപരവും ശാസ്ത്രവിഷയകവുമായ കാര്യങ്ങളിൽമാത്രമാണു് സംസ്കൃതത്തിൻെറ ഉത്തമർണ്ണത പ്രകടീഭവിക്കുന്നതെന്നുമുള്ള വസ്തുത നാം മറക്കരുതു്. ഗ്രാമങ്ങളുടെ പഴയ നാമധേയങ്ങൾ മിക്കവാറും ദ്രാവിഡംതന്നെ. പ്രകാരാന്തരേണ പ്രസ്താവി

Digitized By Kerala Sahitya Akademi

ക്കകയാണെങ്കിൽ ആവശ്യത്തിനു ദ്രാവിഡപദങ്ങളും അലങ്കാരത്തിനും ആഡംബരത്തിനും സംസ്കൃതപദങ്ങളുമാണു് ഈ ഭാഷകളിൽ പ്രചരിക്കുന്നതു്. ഇതിനുംപുറമേ സംസ്കൃതത്തിന്റെ വർദ്ധമാനമായ സമ്മർദ്ദംനിമിത്തം പണ്ടു നിത്യോപയോഗത്തിലിരുന്ന പല ദ്രാവിഡപദങ്ങളേയും പുറംതള്ളി അവയുടെ സ്ഥാനങ്ങളിൽ സംസ്കൃതപദങ്ങൾ അനന്തരകാലങ്ങളിൽ വലിഞ്ഞുകേറി സ്വൈരവാസം ചെയ്യുന്നു എന്നും പറയേണ്ടതുണ്ടു്. എന്നാൽ സർവ്വനാമങ്ങൾക്കു് ഒരിക്കലും ആത്തരത്തിൽ ഒരു ദുർദ്ദശ സംഭവിക്കുവാൻ ഇടയില്ലാത്തതും പ്രകൃതത്തിലും അതു സംഭവിച്ചിട്ടില്ലാത്തതുമാകുന്നു. ഞാൻ, നീ, അവൻ, ഇവൻ, ആർ, എന്തു്, ഒന്നു്, രണ്ടു് മുതലായ പദങ്ങൾ അവയുടെ അർത്ഥങ്ങളെ കുറിക്കുന്ന സംസ്കൃതപദങ്ങളിൽനിന്നു ഭിന്നങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. പദങ്ങളുടെ കഥ അങ്ങനെയിരിക്കട്ടെ. സാധാരണമായി പ്രകൃതി, പ്രത്യയം എന്നീ രണ്ടംശങ്ങൾ ചേർന്നതാണല്ലോ പദം. പ്രകൃത്യംശത്തിനു് എത്രയെല്ലാം സാജാത്യം സംഭവിച്ചാലും പ്രത്യയാംശത്തിനു് ഐകരൂപ്യമില്ലെങ്കിൽ രണ്ടു ഭാഷകൾ സഗോത്രങ്ങളാണെന്നു പറയാൻ പാടുള്ളതല്ല. സംസ്കൃതത്തിനും ദ്രാവിഡത്തിനും തമ്മിൽ ഈ വിഷയത്തിലുള്ള വിഭിന്നത പ്രത്യക്ഷമാണു്. ഒന്നാമതു ദ്രാവിഡം സംശ്ലിഷ്ടകക്ഷ്യയിലും സംസ്കൃതം വൈകൃതകക്ഷ്യയിലുമാണു് സ്ഥിതിചെയ്യുന്നതു്. സംശ്ലിഷ്ടകക്ഷ്യയിൽ (തൊടർനില) സംബന്ധത്തെ കുറിക്കുന്ന ചില പദങ്ങൾക്കു സ്വതന്ത്രമായി നില്ക്കുന്നതിനും ശക്തിയുണ്ടു്. 'കൊണ്ടു്' തുടങ്ങിയ ഗതികൾ ഇത്തരത്തിലുള്ള പദങ്ങളാകുന്നു. വൈകൃതകക്ഷ്യയിൽ (ഉരുവുനില) പ്രകൃതിയിൽനിന്നു വേർപെട്ടാൽ പ്രത്യയങ്ങൾക്കു് അർത്ഥമില്ല. സംസ്കൃതത്തിലെ സുബന്താദിപ്രത്യയങ്ങളുടെ അവസ്ഥ അങ്ങനെയുള്ളതാണല്ലോ. രണ്ടാമതു വിഭക്തിപ്രത്യയങ്ങൾ, വചനപ്രത്യയങ്ങൾ, ക്രിയാപദപ്രത്യയങ്ങൾ ഇവ രണ്ടു ഭാഷകളിലും ഏറ്റവും വ്യത്യസ്തങ്ങളാണെന്നുള്ളതിനുപുറമേ അവ ചേർക്കുന്ന രീതിക്കും പ്രകടമായ ഭേദമുണ്ടു്. 'മരങ്ങളുടെ' എന്ന പദത്തിൽ 'മ്' എന്ന ലിംഗപ്രത്യയവും 'കൾ' എന്ന വചനപ്രത്യയവും 'ഉണ്ടു്' എന്ന വിഭക്തിപ്രത്യയവും ഒന്നിനുമീതെ ഒന്നായി മേൽക്കുമേൽ ചേർത്തിരിക്കുന്നു. സംസ്കൃതത്തിൽ ഇങ്ങനെയല്ലല്ലോ ചെയ്യാറുള്ളതു്. മൂന്നാമതു ദ്രാവിഡത്തിൽ കർമ്മണിപ്രയോഗമില്ല; വല്ല പ്രാചീനകൃതികളിലും നാം അതു് അപൂർവ്വമായി കാണുന്നുണ്ടെങ്കിൽ അതു സംസ്കൃതത്തിന്റെ അനുകരണമായിട്ടുമാത്രമായിരിക്കും. ഇതിനുംപുറമെ ഭാവേപ്രയോഗം എന്നൊന്നു ഭാഷയിൽ ഒരിടത്തും തന്നെയില്ല. നാലാമതു ദ്രാവിഡത്തിലും സംസ്കൃതത്തിലും നിപാതരൂപങ്ങൾക്കു തമ്മിൽ വളരെ അന്തരമുണ്ടു്. അഞ്ചാമതു ദ്രാവിഡത്തിൽ അചേതനനാമങ്ങൾക്കും അവയെ കുറിക്കുന്ന സർവ്വനാമങ്ങൾക്കും ലിംഗഭേദമില്ല. ആറാമതു നപുംസകനാമങ്ങൾക്കു ബഹുവചനമില്ല. ഏഴാമതു ഭേദകങ്ങൾക്കു നാമങ്ങളുമായി ലിംഗവചനവിഭക്തിപ്പൊരുത്തമില്ല. എട്ടാമതു രണ്ടു ഭാഷകളിലെ അക്ഷരമാലകൾക്കും തമ്മിൽ സ്പഷ്ടമായ വ്യത്യാസമുണ്ടു്.• ഒൻപതാമതു സന്ധിനിയമങ്ങളിലും ആ വ്യത്യാസം ധാരാളമായി കാണാം.

Digitized By Kerala Sahitya Akademi

ഇങ്ങനെ വ്യാകരണസംബന്ധമായ പല വൈജാത്യങ്ങളുടേയും ഗണന ഇനിയും തുടൎന്നുകൊണ്ടുപോകാവുന്നതാണ്. അതുകൊണ്ടു ദ്രാവിഡവും സംസ്കൃതവും ഏകഗോത്രത്തിൽപെട്ട ഭാഷകളല്ലെന്നുതന്നെ നിസ്സന്ദേഹമായി നിൎണ്ണയിക്കേണ്ടിയിരിക്കുന്നു. ഇന്നുള്ള കുറെ ദ്രാവിഡപദങ്ങളെ സംസ്കൃതധാതുക്കളുമായി യേനകേനപ്രകാരേണ ഘടിപ്പിക്കുവാൻ കഴിയുന്നതാണെന്നുള്ളതുകൊണ്ടുമാത്രം ഇവയ്ക്കു ജന്യജനകഭാവം കല്പിക്കുവാൻ പാടുള്ളതല്ല. വടമൊഴി അഥവാ ഉത്തരദേശഭാഷയെന്നു സംസ്കൃതത്തിനും തെൻമൊഴി അഥവാ ദക്ഷിണദേശഭാഷയെന്നു ദ്രാവിഡത്തിനും ദ്രാവിഡസാഹിത്യത്തിന്റെ ആരംഭകാലംമുതൽക്കുതന്നെ പേരുണ്ടായിരുന്നു എന്നുള്ള വസ്തുതയും ഇവിടെ സ്മരണീയമാണ്. ലോകത്തിന്റെ ശൈശവാവസ്ഥയിൽ ഒരു മൂലഭാഷയേ ഉണ്ടായിരുന്നുള്ളുവോ എന്നും ദ്രാവിഡവും സംസ്കൃതവും ആ ഭാഷയുടെ രണ്ടുംപ്പിരിവുകളാണോ എന്നും ,മററുമുള്ള പ്രശ്നങ്ങൾക്കു് ഉത്തരം പറയാൻ വേണ്ട തെളിവുകൾ ഇനിയും നമുക്കു പരിപൂൎണ്ണമായി ലഭിച്ചിട്ടില്ലാത്തതും അവയെപ്പററി അടിസ്ഥാനമില്ലാതെയുള്ള അനുമാനങ്ങൾ ചെയ്യുന്നതുകൊണ്ടു പ്രായോഗികമായ പ്രയോജനമൊന്നും സിദ്ധിക്കുവാൻ നിൎവ്വാഹമില്ലാത്തതുമാകുന്നു. മാനവസമുദായം ഏകമാകയാൽ ചില ശബ്ദങ്ങൾ ആദിമകാലത്തു സൎവ്വസാധാരണമായിരുന്നിരിക്കാവുന്നതും തന്നിമിത്തം ഇന്നു കാണുന്ന ഭിന്നഭാഷാകുടുംബങ്ങളിൽ അവ സമാനരൂപങ്ങളായി നിലകൊള്ളാവുന്നതുമാണെന്നുള്ളതിനെപ്പററി ആൎക്കും വിവദിക്കുവാൻ ന്യായമില്ലെന്നുകൂടി ഇവിടെ പ്രസ്താവിക്കേണ്ടതുണ്ടു്.

Digitized By Kerala Sahitya Akademi

## മൂന്നാമധ്യായം

# മലയാളഭാഷയുടെ ഉൽപത്തി

**കർണ്ണാടകവും തെലുങ്കും:**—പഴന്തമിഴ് എന്നു നാം രണ്ടാമധ്യായത്തിൽ നാമകരണംചെയ്ത മൂലദ്രാവിഡഭാഷ കാലാന്തരത്തിൽ ഉത്തരദ്രാവിഡമെന്നും ദക്ഷിണദ്രാവിഡമെന്നും രണ്ടു ശാഖകളായി പിരിഞ്ഞു. ഉത്തരദ്രാവിഡശാഖയിൽപ്പെട്ട ഭാഷകളാകുന്നു കർണ്ണാടകവും തെലുങ്കും. ഇവയിൽ ആദ്യമായി വേർപിരിഞ്ഞ ഉപശാഖ ഏതെന്നുള്ളതിനെപ്പററിയുള്ള വാദം ഇന്നും അവസാനിച്ചിട്ടില്ല. എന്നാൽ കർണ്ണാടകത്തിനുള്ളതിനെക്കാരം പഴക്കം കല്പിക്കാവുന്ന ചില പ്രയോഗങ്ങരം തെലുങ്കിൽ കാണാമെങ്കിലും കർണ്ണാടകത്തിൽനിന്നാണ് തെലുങ്കു വേർതിരിഞ്ഞതെന്ന് ഊഹിക്കുവാൻ ഒന്നിലധികം ന്യായങ്ങരം ഉണ്ട്. ദക്ഷിണഭാരതത്തിൻെറ പൂർവ്വോത്തരഭാഗങ്ങളിൽ പ്രചരിച്ചിരുന്ന കർണ്ണാടകം കാലക്രമത്തിൽ തെലുങ്കായിത്തീർന്നു. കരുനാട്ട് (കറുത്ത മണ്ണുള്ള നാട്ട്) എന്ന പദം കരുനാടം അഥവാ കരുനാടകമായി വിപരിണമിച്ച്, കർണ്ണാടം അഥവാ കർണ്ണാടകം എന്നു സംസ്കൃതത്തിലും കന്നടം എന്നു ദ്രാവിഡത്തിലും രൂപം നേടി. കരുനാടകം എന്നു ക്രി. പി. എട്ടാംശതകത്തിലെ വേരാംവിക്കുടിശാസനത്തിലും കന്നടം എന്നു ചിലപ്പതികാരത്തിലും പ്രയോഗം കാണുന്നു. ഈ കർണ്ണാടകം 'ഹളകന്നടം' അല്ലെങ്കിൽ പഴകന്നടമെന്നും 'പൊസകന്നടം' അഥവാ പുതിയകന്നടം എന്നും രണ്ടു മാതിരിയുള്ളതിൽ ആദ്യത്തേതു തമിഴിൽനിന്നു പിരിഞ്ഞതാണെന്നു തദ്ദേശവൈയാകരണന്മാർ പരക്കെ സമ്മതിക്കുന്നു. പത്താംശതകത്തിൽ ജീവിച്ചിരുന്ന ഛന്ദോംബുധികർത്താവായ നാഗവർമ്മൻ പ്രാചീനകർണ്ണാടകാക്ഷരമാലയിൽ മഹാപ്രാണങ്ങളും ഊഷ്മാക്കളും ഇല്ലായിരുന്നു എന്നു പ്രസ്താവിക്കുന്നു. പഴകന്നടത്തിനും തമിഴിനും മലയാളത്തിനുംതമ്മിൽ അനേകം അംശങ്ങളിൽ സാജാത്യമുണ്ട്. ഈജിപ്തിൽ ഓക്സിറിങ്കസ് (Oxyroe-hynchus)എന്ന സ്ഥലത്തുനിന്നു കിട്ടിയ ക്രി. പി. രണ്ടാംശതകത്തിലെ ഒരു പാപ്പിറസ്ഗ്രന്ഥത്തിൽ ചാരിററിയോൺ എന്ന ഒരു ഗ്രീക്കുയുവതി യാത്രചെയ്തിരുന്ന കപ്പൽ ഛിന്നഭിന്നമായി ഇൻഡ്യൻസമുദ്രതീരത്തു് അടിഞ്ഞതായും അവിടത്തെ രാജാവു് ('ബേറേകൊന്തു മധുപാത്രക്കേകാകി') വേറേ കുറേ മദ്യം ഒരു പാത്രത്തിലൊഴിച്ച് ('പാനംബേർ എത്തിക്കട്ടി മധുപം ബേർ') 'ഈ പാത്രം എടുത്തു് അടച്ചുകെട്ടീട്ടു ഞാൻ പ്രത്യേകമായി ഇതിലെ മദ്യം പാനംചെയ്യാം,' എന്നു പറഞ്ഞതായും മററും രേഖപ്പെടുത്തീട്ടുണ്ട്. ഉദ്ധൃതങ്ങളായ വാക്യങ്ങരം പഴകന്നടമാണ്. വളരെക്കാലത്തേക്കു തെലുങ്കരേയും കന്നടരേയും കർണ്ണാടകന്മാരെന്നും അവരുടെ സാഹിത്യങ്ങളെ കർണ്ണാടകസാഹിത്യമെന്നും പൊതുവായി പറഞ്ഞുവന്നു. ക്രി. പി. ഒൻപതാംശതകത്തിൽ ജീവിച്ചിരുന്ന

Digitized By Kerala Sahitya Akademi

കവിരാജമാൎഗ്ഗപ്രണേതാവായ നൃപതുങ്ഗനാണു് കൎണ്ണാടകഭാഷയിലെ ആദ്യത്തെ ഗ്രന്ഥകാരൻ.* എന്നാൽ ആറാംശതകത്തിനുമുമ്പുതന്നെ ആ ഭാഷയിൽ ശിലാരേഖകൾ കാണുന്നുണ്ടു്. തെലുങ്കുഭാഷയിലെ ശിലാരേഖകൾ എട്ടാംശതകത്തിൽ ആരംഭിക്കുന്നു. തെലുങ്കു് എന്ന പദം 'ത്രിലിങ്ഗം' എന്നതിന്റെ തത്ഭവമാണെന്നും അതു കാലേശ്വരം, ശ്രീശൈലം, ദ്രാക്ഷാരാമം എന്നീ മൂന്നു ശിവലിങ്ഗങ്ങൾ പ്രതിഷ്ഠിച്ചിട്ടുള്ള ക്ഷേത്രങ്ങളുടെ സാന്നിദ്ധ്യംകൊണ്ടു് ആദ്യമായി തെലുങ്കുദേശത്തിനു ലഭിച്ച പേരാണെന്നും ആ പേർ ഭാഷയ്ക്കു പകൎന്നതു പിന്നീടാണെന്നും ചില പണ്ഡിതന്മാർ പ്രസ്താവിക്കുന്നു. 'തെലുങ്കു്' എന്ന പദം തത്ഭവമേ അല്ലെന്നും തെളിവുള്ള ഒരു ഭാഷയായതിനാൽ അതിനു് ആ പേർ വന്നതാണെന്നും മററുചിലർ വാദിക്കുന്നു. 'തെനുക' എന്നതാണു് ശരിയായ രൂപമെന്നും അതിന്റെ അൎത്ഥം തേനാകുന്നതു് അഥവാ മധുതുല്യം എന്നാണെന്നും അഭ്യൂഹിക്കുന്നവരും ഇല്ലെന്നില്ല. സംസ്കൃതത്തിൽ തെലുങ്കിനെ ആന്ധ്രഭാഷയെന്നു പറയുന്നു. തമിഴരുടെ സംഘകാലത്തു് ആന്ധ്രദേശത്തെ തമിഴ്പ്പെയർദേശം അതായതു തമിഴുമായുള്ള ബന്ധം വിട്ട ദേശം എന്നു പറഞ്ഞുവന്നതായി കാണുന്നു. 'വടുകു്' അതായതു് ഉത്തരദേശഭാഷ എന്ന നാമമാണു് അന്നത്തെ ഗ്രന്ഥകാരന്മാർ തെലുങ്കിനു നല്കിവന്നതു്. തെലുങ്കുഭാഷയിലെ ഒന്നാമത്തെ ഗ്രന്ഥകാരൻ മഹാഭാരതത്തിന്റെ ആദ്യഭാഗം തൎജ്ജമചെയ്ത നന്നയ്യഭട്ടനാകുന്നു. അതുവരെ തെലുങ്കർ കൎണ്ണാടകഭാഷയിലാണു് പ്രബന്ധങ്ങൾ രചിച്ചുവന്നതു്. പതിനഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന ശ്രീനാഥൻപോലും താൻ തെലുങ്കിലാണു് കവനം ചെയ്യുന്നതെങ്കിലും മാമൂലനുസരിച്ചു് അതു കൎണ്ണാടകമാണെന്നു പ്രസ്താവിച്ചിരിക്കുന്നു. ഴ, ള, റ എന്നീ മൂന്നക്ഷരങ്ങൾ മൂലദ്രാവിഡത്തിന്റെ പ്രത്യേകസ്വത്താണല്ലോ. കന്നടത്തിൽ ഴ പന്ത്രണ്ടാംശതകത്തിലും റ പതിനേഴാം ശതകത്തിലും നശിച്ചുപോയി; എന്നാൽ അതിന്റെ ഒരു അപരിഷ്കൃതോപഭാഷയായ നീലഗിരിയിലെ 'ബഡഗ' ഭാഷയിൽ ആ അക്ഷരം ഇന്നുമുണ്ടു്. തെലുങ്കു് ഒരു സാഹിത്യഭാഷയായി വികസിക്കുന്നതിനു മുമ്പുതന്നെ അതിലെ ഴകാരം അസ്തമിച്ചു. ഇങ്ങനെ പല മാററങ്ങളും കൎണ്ണാടകത്തിലും തെലുങ്കിലും വരുന്നതിനുള്ള കാരണം സംസ്കൃതമറാഠിഭാഷകളുടെ മൎദ്ദമാകുന്നു. തെലുങ്കിനു, കൎണ്ണാടകത്തെക്കാൾ, വിദൎഭത്തിനും കലിങ്ഗത്തിനും ഇടയ്ക്കു പ്രചരിക്കുകകൊണ്ടു് ആ ഭാഷകളോടു കൂടുതലായി ബന്ധമുണ്ടാകുകയും, തെലുങ്കുദേശം ക്രി: പി: രണ്ടാംശതകം മുതൽ കുറെക്കാലത്തേയ്ക്കു ബുദ്ധമതാനുയായികളും പാലിഭാഷ സംസാരിക്കുന്നവരുമായ ആന്ധ്രരാജാക്കന്മാരുടെ ശാസനത്തിനു് അധീനമായിത്തീരുകയാൽ ആ ബന്ധം ദൃഢീഭവിക്കുകയും ചെയ്തു. തെലുങ്കുമായുള്ള സമ്പൎക്കംകൊണ്ടു കൎണ്ണാടകത്തിനു പ്രത്യയവിഷയത്തിലും മററും അനന്തരകാലങ്ങളിൽ പലവിധത്തിലുള്ള മാററങ്ങൾ സംഭവിച്ചി

* കവിരാജമാൎഗ്ഗം നൃപതുങ്ഗന്റെ സദസ്യനായ ശ്രീവിജയന്റെ കൃതിയെന്നും പക്ഷമുണ്ടു്.

Digitized By Kerala Sahitya Akademi

ട്ടുണ്ട്. ബഡഗഭാഷ കൂടാതെ കുറുംവാരി (കുറുമ്പരുടേതു്) എന്നൊരു ഉപഭാഷയും കന്നാടകത്തിലുണ്ട്. അതു് നീലഗിരി, കുടകു മുതലായ ദേശങ്ങളിൽ പ്രചരിക്കുന്നു. കാമാട്ടി, വഡരി എന്നിങ്ങനെ ചില ഉപഭാഷകൾ തെലുങ്കിനും കാണുന്നു; അവയുടെ പ്രചാരം അധികവും ബോംബേ പ്രവിശ്യയിലാണ്.

**തമിഴകം:—** ഈവിധം ദക്ഷിണഭാരതത്തിൽ കന്നാടകവും തെലുങ്കും പ്രചരിച്ചുവന്ന ഉത്തരഭാഗം ഒഴിച്ചു് അതിനു തെക്കുള്ള ഭാഗം മാത്രമാണ് തമിഴകം എന്നു പുറനാനൂറു തുടങ്ങിയ സംഘസാഹിത്യഗ്രന്ഥങ്ങളിൽ പേർ പറയുന്ന ദേശം. അകം എന്നാൽ നാടെന്നർത്ഥം. ''വടവെങ്കടം തെൻകുമരിയായിടൈത്തമിഴ്കൂറുനല്ലുലകം'' എന്നു ക്രി: മു: ഒന്നാം ശതകത്തിൽ വിരചിതമായ തൊല്കാപ്പിയമെന്ന ദ്രാവിഡവ്യാകരണഗ്രന്ഥത്തിനു പനമ്പാരനാർ പാടിയ പായിര (പ്രശസ്തി)ത്തിൽനിന്നു് ഈ തമിഴകത്തിന്റെ വടക്കേ എല്ലുക വെങ്കടമെന്നു പറയുന്ന തിരുപ്പതിമലയും തെക്കേ എല്ലുക കന്യാകുമാരിയുമാണെന്നു വെളിവാകുന്നു. ''നാർപ്പെയരെല്ലൈയെൻപതു തെൻകുമരി വടവെങ്കടം കുണകടൽ കുടകടൽ'' ഇവയാണെന്നു് ഒൻപതാം ശതകത്തിൽ ജീവിച്ചിരുന്ന 'പേരാചാരിയർ' എന്ന തോല്കാപ്പിയവ്യാഖ്യാതാവും

''വടാ അതു പനി പടുനെടുവരൈ വടക്കും
തെനാ അതുരുകെഴുകുമരിയിൻെറക്കും
കുണാ അതുകരൈ പൊരുതൊടു കടക്കുണക്കും
കുടാ അതുതൊൻറു മുതിർ പൌവത്തിൻ കുടക്കും''

എന്നു കാരികിഴാരും ''തെൻകുമരി വടപെരുങ്കർ കുണകുട കടലാവെല്ലൈ'' എന്നു കുറുങ്കോഴിയൂർ കിഴാരും അതിനു മുൻപുതന്നെ പുറനാനൂറിലും പാടിയിരിക്കുന്നതിൽനിന്നു തമിഴകത്തിൻെറ കിഴക്കും മേക്കുമുള്ള അതിരു സമുദ്രമായിരുന്നു എന്നും ഗ്രഹിക്കാവുന്നതാണ്. ഒരു കാലത്തു കന്യാകുമാരി ഒരു നദിയായിരുന്നു എന്നും അതിനു് ഇരുനൂറു നാഴിക തെക്കോളം പാണ്ഡ്യരാജ്യം വ്യാപിച്ചിരുന്നു (കുമരിയാർ കെടുവതക്കു മുന്നൈയതു) എന്നും പനമ്പാരനാരുടെ പായിരത്തിനു് ഉരൈ (വ്യാഖ്യാനം) എഴുതിയ ഇളമ്പൂരണരും മററും പ്രസ്താവിച്ചിരിക്കുന്നു. ''നെടിയോൻ കുൻറും തൊടിയോൾപൌവവും തമിഴ് വരമ്പറുത്ത തൺപുനനാടു'' എന്നു ചിലപ്പതികാരത്തിൽ വേനിക്കാതയിലും വിവരിച്ചിട്ടുണ്ട്. നെടിയോൻ കുൻറമെന്നാൽ ത്രിവിക്രമരൂപനായ മഹാവിഷ്ണുവിൻെറ കുന്നു്, അതായതു തിരുപ്പതി, എന്നും തൊടിയോൾ പൌവം എന്നാൽ കൈവളയണിഞ്ഞ ദേവിയുടെ അതായതു കുമാരീഭഗവതിയുടെ സമുദ്രമെന്നുമാണർത്ഥം.

**മൂവരശർ:—** തമിഴകം ചേരർ, ചോളർ, പാണ്ഡ്യർ എന്നീ (മൂവരശർ) മൂന്നു രാജവംശങ്ങളുടെ ശാസനത്തിൽ വളരെക്കാലം ഇരുന്നിരുന്നു. ഇവർ (പടൈപ്പുകാലം തൊട്ടേ) ആദികാലം മുതല്ക്കേയുള്ള

Digitized By Kerala Sahitya Akademi

രാജാക്കന്മാരാണെന്നു തിരുക്കുറളിന്റെ വ്യാഖ്യാനത്തിൽ പരിമേലഴകർ പറയുന്നു. ആകെക്കൂടി നൂറെറൺപതു കാതം വിസ്താരമുണ്ടായിരുന്ന തമിഴകത്തിൽ എൺപതു കാതം ചേരരും അൻപത്താറു കാതം പാണ്ഡ്യരും നാല്പത്തിനാലു കാതം ചോളരും ഭരിച്ചിരുന്നു. വളരെക്കാലം കഴിഞ്ഞു തെക്കൻ പെണ്ണാററിനു വടക്കു കാഞ്ചീപുരമുൾപ്പെട്ട ഇരുപതു കാതം പ്രദേശം തൊണ്ടൈമണ്ഡലം (തുണ്ഡീരം) ആയും, കോയമ്പത്തൂർ, സേലം, നീലഗിരി, മുതലായവ ഉൾപ്പെട്ട പ്രദേശം കൊങ്കമണ്ഡലമായും വേർപിരിഞ്ഞു. ഇവയും മൈസൂറിന്റെ തെക്കെ അററത്തു്, ഏതാനും ഭാഗവും, ഇന്നത്തെ കേരളത്തിനു പുറമെ, പഴയ ചേരരാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. തമിഴകം ഇങ്ങനെ മൂന്നിൽനിന്നു് അഞ്ചു രാജ്യങ്ങളായപ്പോൾ ചേരമണ്ഡലത്തിനു മലൈമണ്ഡലം അഥവാ മലൈനാടു് എന്നൊരു പേരും സിദ്ധിച്ചു.* തമിഴകത്തിന്റെ പശ്ചിമഭാഗം ചേരക്കും പൂർവോത്തരഭാഗം ചോളക്കും പൂർവദക്ഷിണഭാഗം പാണ്ഡ്യക്കും അധീനമായിരുന്നതിനാൽ അവയ്ക്കു യഥാക്രമം കുടപുലം (പശ്ചിമദേശം), കുണപുലം (പൂർവദേശം), തെൻപുലം (ദക്ഷിണദേശം), എന്നീ നാമധേയങ്ങൾ ലഭിച്ചു. പുലമെന്നാൽ ദേശമെന്നർത്ഥം. ചേരല് (ചേച്ചു) എന്ന പദത്തോടു സ്ഥലവാചിയായ 'അകം' ചേർന്നപ്പോൾ ഉണ്ടായ സമസ്തപദമാണു് ചേരലം; ചേരലത്തിന്റെ സങ്കുചിതരൂപമാകുന്നു ചേരം. ഒരുകാലത്തു കടൽ പിൻവാങ്ങുകയാൽ കരയോടു ചേർന്ന പ്രദേശമാണല്ലോ ചേരം. ചേരലം സംസ്കൃതീഭവിച്ചതാണു് കേരളം§. ചേരലൻ എന്നതു്

---

* ലീലാതിലകത്തിൽ ഉദ്ധൃതമായിക്കാണുന്ന 'തമിഴ്നാട്ടുമൈവേന്തരും വന്താർ' എന്ന പദ്യശകലത്തിൽനിന്നു ചേര ചോള പാണ്ഡ്യന്മാർക്കു പുറമേ കർണ്ണാടകം ആന്ധ്രം ഈ രാജ്യങ്ങളിലെ രാജാക്കന്മാരേയും തമിഴ്നാട്ടു രാജാക്കന്മാരായി സൂചിപ്പിച്ചിരിക്കുന്നു എന്നു് ഊഹിക്കാമെന്നു ചിലർ പറയുന്നു. ഇതു എങ്ങനെയെന്നു മനസ്സിലാകുന്നില്ല. 'ഐവേന്തർ' എന്നു് അവിടെ പദച്ഛേദം ചെയ്യുവാൻതന്നെ മാർഗ്ഗമില്ലല്ലോ. അതു വാസ്തവത്തിൽ അപപാഠമാണെന്നും സുബദ്ധമായ പാഠം 'തമിഴ്നാട്ടു മൂവേന്തരും വന്താർ' എന്നാണെന്നും ചില ആദർശഗ്രന്ഥങ്ങളിൽനിന്നു് ഇപ്പോൾ തെളിഞ്ഞിട്ടുണ്ടു്.

§ (കേരാൻ ലാതി) കേരവൃക്ഷങ്ങളെ സ്വീകരിക്കുന്നു എന്നു് അർത്ഥകല്പനചെയ്തു് കേരവൃക്ഷങ്ങൾ ധാരാളമുള്ളതിനാലാണു് കേരളമെന്നു് ഈ നാട്ടിനു പേർ വന്നതെന്നു ചിലർ വാദിക്കുന്നു. ഈ വാദം വിചാരസഹമല്ല. കേരം ഈ നാട്ടിൽ ആദികാലംമുതൽക്കു ഉണ്ടായിരുന്ന ഒരു വൃക്ഷമാണെന്നു തോന്നുന്നില്ല; എന്നു മാത്രമല്ല അതിനു മലയാളത്തിൽ 'തെങ്ങ്' എന്നാണു് പറയുന്നതും; കേരം സംസ്കൃതപദമാണു്. ആര്യന്മാർ ഇവിടെ വരുന്നതിനുമുമ്പും അതിനു് ഇതുതന്നെയായിരുന്നിരിക്കണം പേർ. ദ്രാവിഡത്തിലുള്ള പദാദിയിലെ ചകാരത്തിനു സംസ്കൃതത്തിൽ കകാരാദേശം ഒരിക്കലും വരുന്നതല്ലെന്നു വാദിക്കുന്നതും അനുഭവത്തിനു വിരുദ്ധമാണു്. ചേരലം കർണ്ണാടകത്തിൽ കേരളമായി; ആ വഴി ആര്യന്മാർക്കു ലഭിച്ച ഒരു പദമാവാനും വിരോധമില്ല. അളത്തിനു സമുദ്രതീരസ്ഥലം എന്നർത്ഥമുണ്ടു്. ചേരു് (ചേർന്ന) അളം (സമുദ്രതീരസ്ഥലം) എന്നു ചേരളത്തിനു് അർത്ഥം കല്പിക്കാമെങ്കിലും ചേരലമെന്നല്ലാതെ ചേരളമെന്നൊരു പദം ദ്രാവിഡ സാഹിത്യത്തിൽ കാണാത്തതുകൊണ്ടു് ആ നിരുക്തിക്കു ഉപപത്തിയില്ല. കേരളം എന്ന ദേശസംജ്ഞ കാത്യായനനും (ക്രി: മു: നാലാം ശത

Digitized By Kerala Sahitya Akademi

ചേരരാജാക്കന്മാരുടെ പൊതുപ്പേരാണ്. മൂവരശരിൽ എല്ലാംകൊണ്ടും ശ്രേഷ്ഠത ചേരന്മാൎക്കായിരുന്നു. അവരെപ്പററി ദ്രാവിഡ സാഹിത്യത്തിൽ പ്രസ്താവിക്കുന്നതുതന്നെ ചേര ചോള പാണ്ഡ്യരെന്ന ക്രമമനുസരിച്ചാണ്. 'ചിറു പാണാററുപ്പടൈ' എന്ന സംഘഗ്രന്ഥത്തിൽ കുട്ടുവൻ (ചേരൻ) ചെഴിയൻ (പാണ്ഡ്യൻ) ചെമ്പിയൻ (ചോളൻ) എന്നു് ഇവരുടെ പൗർവ്വാപര്യം നിർദ്ദേശിച്ചിരിക്കുന്നു. തൊല്കാപ്പിയത്തിൽ ''പോന്തൈ വേമ്പൈ യാരെന വരുഉം'' അതായതു ചേരർ പനമ്പൂവും പാണ്ഡ്യർ വേപ്പിൻപൂവും ചോളർ കൊന്നപ്പൂവുമാണ് വെററി(ജയ)മാലയ്ക്കുപയോഗിക്കുന്നതെന്നു വിവരിച്ചുകാണുന്നു. ചേരൎക്ക് (പൊരുൾ) അൎത്ഥവും പാണ്ഡ്യൎക്കു (ഇമ്പം) കാമവും ചോളൎക്കു (അറം) ധൎമ്മവുമായിരുന്നു മുഖ്യപുരുഷാൎത്ഥങ്ങൾ. വില്ലു ചേരരുടേയും മീൻ പാണ്ഡ്യരുടേയും പുലി ചോളരുടേയും കൊടിയടയാളമായിരുന്നു. പ്രജാപാലനത്തിൽ വീരഗുണം ചേരൎക്കും ന്യായഗുണം പാണ്ഡ്യൎക്കും ത്യാഗഗുണം ചോളൎക്കും വാദ്യമായിരുന്നു എന്നും മുത്തമിഴിൽ ചേരൎക്കു നാടകത്തമിഴും പാണ്ഡ്യൎക്ക് ഇചൈത്തമിഴും ചോളൎക്ക് ഇയററമിഴുമായിരുന്നു പ്രധാനമെന്നും പ്രാചീന ദ്രാവിഡ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. 'വേഴമുടൈത്തു മലൈനാട്ട്'', അതായതു് ആനകൾക്കു മലനാട്ടും മുത്തിനു പാണ്ടിനാട്ടും ചോററിനു ചോളനാട്ടും കേൾവിപ്പെട്ടതാണെന്നു് ഔവയാരും പാടിയിരിക്കുന്നു. ഇതിൽനിന്നെല്ലാം ചേരരുടെ സ്ഥാനൗന്നത്യവും ഐശ്വൎയ്യമഹിമയും യുദ്ധവീരതയും ഏറെക്കുറെ വിശദമാകുന്നതാണ്.

**ചെന്തമിഴ്:**—ഉദ്ദേശം ക്രി: മു: മൂന്നാം ശതകത്തോടുകൂടി തമിഴ് ഒരു സാഹിത്യഭാഷയായി വികസിച്ചപ്പോൾ അതിനെ വ്യാകരണനിയമങ്ങൾക്കു വിധേയമാക്കിയും മററും പരിഷ്കരിക്കേണ്ട ആവശ്യം നേരിട്ടു. ''പാണ്ടിയനിൻ നാട്ടുടൈത്തു നല്ല തമിഴ്'' എന്നു് ഔവയാർ ഗാനം ചെയ്യുന്നു. അങ്ങനെ (ചെവ്വിയ) ചൊവ്വാക്കിയ ഭാഷയ്ക്കു ചെന്തമിഴ് എന്നു പേർ വന്നു. വ്യവഹാരഭാഷ അതിൽനിന്നു ഭിന്നമായിരുന്നു എന്നു മാത്രമല്ല അതിനു ദേശംതോറും വ്യത്യാസവുമു

കം; 'കംബോജാൽ ലുക' എന്ന സൂത്രത്തിന്റെ വാൎത്തികം നോക്കുക) പതഞ്ജലിക്കും (ക്രി: മു: രണ്ടാംശതകം) അറിവുണ്ടായിരുന്നു. അശോക മൌൎയ്യൻ (ക്രി: മു: മൂന്നാംശതകം) ചോളപാണ്ഡ്യന്മാർ, കേരളപുത്രൻ, സതീയപുത്രൻ ഇവരെ പ്രത്യന്തവാസികളായ സ്വതന്ത്രരാജാക്കന്മാർ എന്ന നിലയിൽ പരിഗണിച്ചാണ് പെരുമാറിവന്നതെന്നു് അദ്ദേഹത്തിന്റെ ഒരു ശിലാശാസനത്തിൽനിന്നു വെളിവാകുന്നുണ്ട്. ചേരമാൻ എന്ന ചേരരാജാക്കന്മാൎക്കുള്ള പൊതുപ്പേർ ചേരമകൻ എന്നതിന്റെ സങ്കുചിതരൂപമാണ്, മകൻ എന്നാൽ തമിഴിൽ മഹാനെന്നും വീരനെന്നും അൎത്ഥമുണ്ട്. അതിനെ പുത്രാൎത്ഥത്തിൽ ധരിച്ചു അശോകന്റെ ശാസനലേഖകൻ ചേരമാനെ കേരളപുത്രനാക്കി. സതീയപുത്രനിലെ പുത്രപദത്തിനും ഇതുതന്നെയാകുന്നു ആഗമം. സത്യദേശം തുളു പ്രചാരമുള്ള ദക്ഷിണകന്നടവും ഉത്തരകന്നടവുമാകുന്നു. പ്ലിനി (ക്രി: പി: ഒന്നാം ശതകം) എന്ന റോമൻ ഗ്രന്ഥകാരനും കേരളപുത്രനെപ്പററി പറയുന്നുണ്ട്. 'യൽ കേ ജലേ, രലതീ രാജതി, കേരളാഖ്യാം ലേഭേ തതഃ' എന്നു പറയുന്നതു കേവലം പ്രമാദം തന്നെ.

Digitized By Kerala Sahitya Akademi

ണ്ടായിരുന്നു. അതിനെ പണ്ഡിതന്മാർ കൊടുന്തമിഴ് (മസൃണമല്ലാത്ത തമിഴ്) എന്നു പറഞ്ഞുവന്നു. ലക്ഷ്യഗ്രന്ഥങ്ങൾ ഉണ്ടായതിനു മേലാണല്ലോ ലക്ഷണഗ്രന്ഥങ്ങളുടെ ആവിർഭാവം. ''എള്ളിൽ നിന്റെണ്ണ യെടുപ്പതുപോല ഇലക്കിയത്തി നിന്റെടുപെടു മിലക്കണം'' എന്നു് അഗസ്ത്യമുനിരചിതമായ പേരകത്തിയം (വലിയ അഗസ്ത്യം) എന്ന തമിഴ് വ്യാകരണ ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു. അതിൽനിന്നു ചില സൂത്രങ്ങൾ തൊല്‌കാപ്പിയത്തിന്റെ വ്യാഖ്യാതാക്കൾ ഉദ്ധരിക്കുന്നു എന്നല്ലാതെ ആ ഗ്രന്ഥം ഇന്നുവരെയും കണ്ടുകിട്ടിയിട്ടില്ല. 'പഴിത്തനർ പുലവർ' എന്നു് ഒരു അഗസ്ത്യസൂത്രത്തിൽ കാണുന്നതിൽനിന്നു് അദ്ദേഹത്തിനു മുമ്പും ചില തമിഴ് വൈയാകരണന്മാരുണ്ടായിരുന്നതായി ഊഹിക്കേണ്ടിയിരിക്കുന്നു. എന്തായാലും അഗസ്ത്യനെത്തന്നെയാണു് തമിഴ് വ്യാകരണത്തിന്റെ പിതാവായി ഐതിഹ്യം പരിഗണിച്ചിരിക്കുന്നതു്. 'തമിഴെന്നുമളപ്പരുഞ്ചലതിതന്തവൻ' അതായതു് 'തമിഴെന്ന അളവില്ലാത്ത ജലധി തന്നവൻ' എന്നു കമ്പർ അദ്ദേഹത്തെ സമുചിതമായി പുകഴ്ത്തുന്നു.

''ഏവമേവ വിജാനീഹി
ദ്രാവിഡഞ്ചാപി ഭാഷിതം
വ്യാകർത്താ സഹി സർവജ്ഞോ
യസ്യാഗസ്ത്യോ മഹാമുനിഃ''

എന്നു ശംഭുരഹസ്യത്തിലും പ്രതിപാദിച്ചിരിക്കുന്നു. അഗസ്ത്യൻ ഉദ്ദേശം ക്രി. മു. രണ്ടാംശതകത്തിൽ ജീവിച്ചിരുന്നതായി സങ്കല്പിക്കാം; അതു രാമായണകാലത്തിലെ അഗസ്ത്യനല്ല; അദ്ദേഹത്തിന്റെ വംശത്തിൽ ജനിച്ച ഒരു പണ്ഡിതനായിരിക്കണം എന്നു തോന്നുന്നു. അഗസ്ത്യന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളാണു് സുപ്രസിദ്ധനായ തൊല്‌കാപ്പിയർ. അദ്ദേഹം 1612 സൂത്രങ്ങളിൽ തൊല്‌കാപ്പിയം (തൊല്: പഴയ; കാപ്പിയം: കാവ്യം) എന്ന വ്യാകരണഗ്രന്ഥം നിർമ്മിച്ചു. തൊല്‌കാപ്പിയർ ജമദഗ്നി മഹർഷിയുടെ പുത്രനും ശ്രീ പരശുരാമന്റെ കനിഷ്ഠസഹോദരനും ആയിരുന്നു എന്നും തൃണധൂമാഗ്നി എന്നായിരുന്നു അദ്ദേഹത്തിന്റെ നാമധേയമെന്നുമുള്ള ഐതിഹ്യത്തിൽ വാസ്തവാംശം അധികമുണ്ടെന്നു തോന്നുന്നില്ല. പക്ഷേ അദ്ദേഹവും ഭാർഗ്ഗവഗോത്രജനായിരുന്നിരിക്കാം. എഴുത്തു്, ചൊല് (പദം), പൊരുൾ (അർത്ഥം), ഈ മൂന്നു് അധികാര (അധ്യായ)ങ്ങളായി വേർതിരിച്ചിരിക്കുന്ന തൊല്‌കാപ്പിയം തന്നെയാണു് ചെന്തമിഴിനു പ്രമാണഭൂതമായ ലക്ഷണഗ്രന്ഥം. 'എനപ്പടുപ' (എന്നു ചൊല്ലപ്പെടുന്നു) 'എൻപ' (എന്നു പറയുന്നു), 'എൻറി ചിനോർ പുലവർ' (എന്നു പറഞ്ഞു വിദ്വാന്മാർ), 'മൊഴിപ' (പറയുന്നു), 'എന്മനാർ പുലമൈയോരേ' (പണ്ഡിതന്മാർ പറയുന്നു) എന്നും മറ്റും അതിൽ പല അവസരങ്ങളിലും 'ആദാചാര്യാണാം' എന്നും മറ്റും പാണിനി മഹർഷിയുടെ അഷ്ടാധ്യായിയിലെന്നപോലെ പൂർവസൂരികളെ സ്മരിച്ചുകാണുന്നു. അഗസ്ത്യനും തൊല്‌കാപ്പി

Digitized By Kerala Sahitya Akademi

യരും സംസ്കൃതവ്യാകരണത്തിൽനിന്നു പല സംജ്ഞകളും പല നിയമങ്ങളും തമിഴിൽ സംക്രമിപ്പിച്ചിട്ടുണ്ടു്. ''ഐന്തിര (ഐന്ദ്രവ്യാകരണം) നിറൈന്ത തൊല്കാപ്പിയർ'' എന്നു തൊല്കാപ്പിയരുടെ സഹപാഠിയായ പനമ്പാരനാർതന്നെ അദ്ദേഹത്തെ പ്രശംസിച്ചിരിക്കുന്നു. ഇന്ദ്രൻ എന്നതു് ക്രി. മു. നാലാം ശതകത്തിൽ ജീവിച്ചിരുന്ന ഇന്ദ്രദത്തന്റെ നാമാന്തരമാകുന്നു. * സംസ്കൃതത്തിലേപ്പോലെ ഏഴു വിഭക്തികൾ തമിഴിലും വേണമെന്നു് അഗസ്ത്യൻ നിശ്ചയിച്ചു് അവയ്ക്കു് ഒന്നാം വേററുമൈ (പ്രഥമ), രണ്ടാം വേററുമൈ (ദ്വിതീയ) എന്നിങ്ങനെ പേരുകളും നല്കി. തൊല്കാപ്പിയർ സംസ്കൃതത്തെ അനുകരിച്ചു തമിഴിൽ കർമ്മണിപ്രയോഗം വിധിച്ചു; ആറു സമാസങ്ങൾ സ്വീകരിച്ചു; യാസ്കൻ പദങ്ങളെ നാമം, ആഖ്യാതം, ഉപസർഗ്ഗം, നിപാതം എന്നു നാലായി പിരിച്ചതുപോലെ പെയർ, വിനൈ, ഇടൈച്ചൊല്, ഉരിച്ചൊല് എന്നു് അവയെ നാലു വിഭാഗങ്ങൾ തമിഴിലും കല്പിച്ചു; പാണിനീയശിക്ഷയിലെ

''അഷ്ടൌ സ്ഥാനാനി വർണ്ണാനാ-
മുരഃ കണ്ഠശ്ശിരസ്തഥാ
ജിഹ്വാമൂലഞ്ച ദന്താശ്ച
നാസികോഷ്ഠൌ ച താലു ച.''

എന്ന കാരികയിൽ കാണുന്ന വിധത്തിൽ തമിഴിലെ വർണ്ണസ്ഥാനനിയാമകമായ 83-ാം സൂത്രം രചിച്ചു. ഇങ്ങനെ തമിഴ് വ്യാകരണത്തിന്റെ നിർമ്മിതിയിൽ പല നിർദ്ദേശങ്ങളും സംസ്കൃതവ്യാകരണങ്ങളിൽനിന്നു കൈക്കൊണ്ടു എങ്കിലും താൻ തമിഴിനാണു് വ്യാകരണം രചിക്കുന്നതെന്നുള്ള പൂർണ്ണബോധം അദ്ദേഹത്തിനു് ആദ്യന്തം ഉണ്ടായിരുന്നു.

**കൊടുന്തമിഴ്:**—ഇങ്ങനെ വ്യാകരണനിയമങ്ങൾക്കും മററും വിധേയമായി ഒരു പരിഷ്കൃതഭാഷയുണ്ടായപ്പോൾ ചേരം, പാണ്ഡ്യം, ചോളം ഈ മൂന്നു ദേശങ്ങളിലെ പണ്ഡിതന്മാരും ആ ഭാഷയിൽ തന്നെ കവനം ചെയ്തുതുടങ്ങി. ക്രി: മു. രണ്ടാം ശതകം മുതൽ ക്രി. പി. നാലാം ശതകത്തിന്റെ അവസാനംവരെ അത്തരത്തിൽ നിബന്ധങ്ങളായ കൃതികളെ സംഘ(ചങ്ക)കൃതികളെന്നു പറയുന്നു. അവയെപ്പററി ഉപരി പ്രസ്താവിക്കാം. സംഘം സ്ഥാപിച്ചതു പാണ്ഡ്യദേശത്തിന്റെ തല

* പാണിനി മഹർഷിക്കു പിന്നീടാണു് അദ്ദേഹം (ഇന്ദ്രൻ) ജീവിച്ചിരുന്നതെങ്കിലും അഷ്ടാധ്യായിക്കു മുമ്പുള്ള പ്രാതിശാഖ്യങ്ങൾ, നിരുക്തം ഇവയെയാണു് അദ്ദേഹത്തിന്റെ വ്യാകരണത്തിൽ പ്രായേണ ഉപജീവിച്ചിരിക്കുന്നതു്.

''ഇന്ദ്രശ്ചന്ദ്രഃ കാശകൃത്സ്നാ-
പിശലീ ശാകടായനഃ
പാണിന്യമരജൈനേന്ദ്രാ
ജയന്ത്യഷ്ടാദിശാബ്ദികാഃ''

എന്ന ശ്ലോകത്തിൽ ഇന്ദ്രൻ, ചന്ദ്രൻ, കാശകൃത്സ്നൻ, ആപിശലി, ശാകടായനൻ, പാണിനി, അമരൻ, ജിനേന്ദ്രൻ ഇവരെ ആദിശാബ്ദികന്മാരായി ഗണിച്ചിരിക്കുന്നു. ഇന്ദ്രനെ ശാകടായന വ്യാകരണത്തിലും സ്മരിച്ചു കാണുന്നുണ്ടു്.

Digitized By Kerala Sahitya Akademi

സ്ഥാനമായ മധുരയിലാകയാൽ പാണ്ഡ്യദേശത്തിലെ തമിഴിനു ചെന്തമിഴെന്നും തമിഴകത്തിന്റെ ഇതരഭാഗങ്ങളിലെ തമിഴിനു കൊടുന്തമിഴെന്നും പേർ വന്നു. പല അംശങ്ങളിലും ഇവയ്ക്കു തമ്മിൽ പ്രകടമായ വ്യത്യാസമുണ്ടായിരുന്നു. സ്വാതന്ത്ര്യവും സംവ്യവഹാരത്തിനുമാത്രം ഉപയുക്തവുമായ ഒരു ശാഖ, നിയമബന്ധവും വിദ്വജ്ജനങ്ങൾക്കുമാത്രം കൈകാര്യം ചെയ്യത്തക്കതുമായ ഇതരശാഖയിൽനിന്നു ഭേദിക്കുക എന്നുള്ളതു ഭാഷാശാസ്ത്രത്തിലെ ഒരു സാധാരണനിയമമാണല്ലോ. തമിഴ് ഭാഷയിൽ ഇയർചൊല്, തിരിചൊല്, തിചൈച്ചൊല്, വടചൊല് എന്നിങ്ങനെ നാലുവിധത്തിലുള്ള പദങ്ങളുണ്ടെന്നും, അവയിൽ ഇയർചൊല് എല്ലാവർക്കും അർത്ഥം മനസ്സിലാകുന്ന സാധാരണ തമിഴ്പ്പദങ്ങളും, തിരിചൊല് കവിതയിൽമാത്രം പ്രയോഗാർഹങ്ങളായ തമിഴ്പ്പദങ്ങളും, തിചൈച്ചൊല് ഓരോ ദേശങ്ങളിൽ പ്രത്യേകമായി പ്രചരിക്കുന്ന ദ്രാവിഡപദങ്ങളും, വടചൊല് സംസ്കൃതത്തിൽനിന്നു പ്രാകൃതം വഴിയായി സംക്രമിച്ചതും നേരിട്ടു സംക്രമിച്ചതാണെങ്കിൽ തമിഴിനെപ്പോലെ ഉച്ചരിക്കത്തക്കതുമായ സംസ്കൃതപദങ്ങളുമാണെന്നും തൊല്കാപ്പിയത്തിന്റെ വ്യാഖ്യാനത്തിൽ സേനാവരൈയർ (13-ാം ശതകം) പ്രസ്താവിക്കുന്നു.

"അവറ്റുൾ
ഇയർ ചൊറ്റാമേ
ചെന്തമിഴ് നിലത്തു വഴക്കൊടു ചിവണി-
ത്തമ്പൊരുൾ വഴാമൈയിചൈക്കും ചൊല്ലേ."*

എന്ന ചൊല്ലതികാരം 398-ാം സൂത്രം വ്യാഖ്യാനിക്കുമ്പോൾ, ചെന്തമിഴ് നാട്ടിന്റെ എല്ലുക തെക്കു വൈകയാറും വടക്കു മരുതയാറും കിഴക്കു മരുവൂരും മേക്കു കരുവൂരുമാണെന്ന് അദ്ദേഹം പറയുന്നു. മരുതയാറ് പുതുക്കോട്ട സംസ്ഥാനത്തിൽക്കൂടി ഒഴുകുന്ന ഒരു നദിയാണ്; മധുരയിൽക്കൂടി പ്രവഹിക്കുന്ന വൈകയെപ്പറ്റി എല്ലാവരും കേട്ടിരിക്കുമല്ലോ. മരുവൂർ (കാവിരിപ്പൂമ്പട്ടിനം) സമുദ്രതീരത്തിലുള്ള കാവേരിപ്പട്ടണവും കരുവൂർ തൃശ്ശിനാപ്പള്ളി ജില്ലയിൽ പെട്ടതും ആധുനികപണ്ഡിതന്മാരിൽ ചിലർ പ്രാചീനചേരരുടെ രാജധാനി എന്നു വാദിക്കുന്നതുമായ ഒരു സ്ഥലവുമാണ്.

"ചെന്തമിഴ് ചേർന്ത പന്നിരു നിലത്തും-
തങ്കുറിപ്പിനവേ തിചൈച്ചൊർ കിളവി."

എന്ന ചൊല്ലതികാരം 400-ാം സൂത്രത്തിനു ചെന്തമിഴ്നാട്ടിനെ തൊട്ടുള്ള പന്ത്രണ്ടു നാട്ടുകളിൽ അതാതു നാട്ടുകാർ വിവക്ഷിക്കുന്ന അർത്ഥത്തെ മാത്രം ഗ്രഹിപ്പിക്കുന്നതിനു ശക്തിയുള്ളതും ഇയർചൊല്പോലെ എല്ലാ നാട്ടുകളിലുമുള്ള ജനങ്ങൾക്കും മനസ്സിലാകാത്തതുമായ പദസമൂഹമാണ്

* "അവയിൽ ഇയൽ ചൊല് എന്നതു ചെന്തമിഴ് നാട്ടിലെ വ്യവഹാരഭാഷയോടു ചേർന്ന് കൊടുന്തമിഴ്നാട്ടിലും പ്രചരിച്ച് വ്യത്യാസംകൂടാതെ ഒരേ അർത്ഥത്തെത്തന്നെ കുറിക്കുന്ന പദസമൂഹമാണ്."

Digitized By Kerala Sahitya Akademi

തിരൈച്ചൊൽ (ദേശ്യപദം) എന്നു വിവരണമെഴുതി, ആ പന്ത്രണ്ടു നാട്ടുകൾ പൊങ്കർ, ഒളി, തെൻപാണ്ടി, കുട്ടം, കുടം, പൻറി (പന്നി), കക്കാ, ചീതം (ശീതം), പൂഴി, മലൈ, അരുവാ, അരുവാവടതലൈ ഇവയാണെന്നും അവയെ യഥാക്രമം തെക്കുകിഴക്കുമുതൽ വടക്കുകിഴക്കുവരെ കിടക്കുന്ന ദേശങ്ങളാണെന്നു ധരിക്കണമെന്നും ആ വ്യാഖ്യാതാവു തുടന്നു പറയുന്നു. 'ചെന്തമിഴ് നിലഞ്ചേർ പന്നിരുനിലത്തിനും' എന്ന വാചകംകൊണ്ടു ഭവണന്ദിയുടെ (12-ാം ശതകം) നന്നൂലിലെ 273-ാം സൂത്രവും ആരംഭിക്കുന്നു.

''തെൻ പാണ്ടി കുട്ടങ്കുടങ്കക്കാ വെൺപൂഴി–
യൻറിയരുവാവതൻ വടക്കു—നൻറായ
ചീതമലാട്ടു പുന്നാട്ടു ചെന്തമിഴ് ചേ–
രേതമില് പന്നിരുനാട്ടെൺ''

എന്നൊരു പഴയ തമിഴ് വെൺപാവിലും ഈ പന്ത്രണ്ടു നാട്ടുകളെപ്പറ്റി പ്രസ്താവിച്ചുകാണുന്നു. ഈ പാട്ടിലേ ഗണനത്തിനാണ് പണ്ഡിതന്മാർ സേനാവരൈയത്തിലേതിനെക്കാൾ പ്രാധാന്യം കല്പിച്ചുകാണുന്നതു്. മേൽപ്രസ്താവിച്ച പന്ത്രണ്ടു നാട്ടുകളിൽ തെൻപാണ്ടി തിരുനൽവേലിജില്ലയും നാഞ്ചിനാട്ടുമാണ്. കൊല്ലംമുതൽ പൊന്നാനിവരെയുള്ള നാടിനു കുട്ടനാടെന്നുപേർ. ചേക്കിഴാർ പെരിയ പുരാണത്തിൽ ചെങ്ങന്നൂർക്കാരനായ വിറന്മിണ്ടനായനാരുടെ ദേശം കുട്ടനാടാണെന്നു പറയുന്നു. അതിനു വടക്കു കോഴിക്കോട്ടുവരെ കുടനാട്ടും അതിനും വടക്കു (അകര) കോരപ്പുഴവരെ പൂഴിനാട്ടും വ്യാപിക്കുന്നു. പൂഴിയൻ എന്നതു ചേരരാജാക്കന്മാരുടെ പൊതുപ്പേരാണ്. കക്കാനാട്ടു കോയമ്പത്തൂർ ജില്ലയുടെ പടിഞ്ഞാറുഭാഗവും, ശീതനാട്ട് അതിന്റെ ശേഷം ഭാഗവും നീലഗിരി ജില്ലയും, പന്നിനാട്ടു ശീതനാട്ടിനു കിഴക്കു പഴനിയടക്കമുള്ള പ്രദേശവുമാകുന്നു. വേണാട്ടു കൊല്ലത്തിനും നാഞ്ചിനാട്ടിനും ഇടയ്ക്കു കിടക്കുന്ന തിരുവിതാംകൂറിന്റെ ഒരംശമാണ്; പുന്നാട്ട് ചോളദേശത്തിന്റെ ദക്ഷിണഭാഗവും തന്നെ. മലാട്ട് അല്ലെങ്കിൽ മലയമാൻനാട്ട് തെക്കേ ആർക്കാട്ടിൽ തിരുക്കോയിലൂരിന്റെ ചുറ്റുമുള്ള ഭൂമിയാകുന്നു. അരുവാനാട്ട് തെക്കേ ആർക്കാട്ടിന്റെ ഉത്തരഭാഗവും അരുവാ വടതല ചെങ്കൽപ്പേട്ട തുടങ്ങി തിരുപ്പതിവരെ അതിനു വടക്കും വടക്കുപടിഞ്ഞാറുമുള്ള പ്രദേശവുമാകുന്നു. ഈ വിവരണമനുസരിച്ചുനോക്കുമ്പോൾ വേണാട്ട്, കുട്ടനാട്ട്, കുടനാട്ട്, പൂഴിനാട്ട് എന്നീ നാലു നാട്ടുകൾ ഇക്കാലത്തു മലയാളഭാഷ പ്രചരിക്കുന്ന കേരളത്തിൽ അന്തർഭവിക്കുന്നു. സേനാവരൈയരുടെ 'തെക്കുകിഴക്കുമുതൽ' ഇത്യാദി നിർദ്ദേശം കുറെയൊക്കെ ശരിയാണെന്നു മാത്രമേ പറവാൻ നിവൃത്തി കാണുന്നുള്ളൂ; അങ്ങനെതന്നെയാണ് ഇന്നത്തെ ദ്രാവിഡപണ്ഡിതന്മാർ അതിനെ പരിഗണിക്കുന്നതും. ഇതുകൂടാതെ നന്നൂലിൽ 'ഒൻപതിററിരണ്ടിനിററമിഴൊഴി നിലത്തിനും' അതായതു തമിഴ്ഭാഷയ്ക്കു പ്രവേശമില്ലാത്ത പതിനെട്ടു ദേശങ്ങളുണ്ടെന്നു പറയുന്നു. അവയിൽ പതിനേഴെണ്ണം 'കുട്ടലൈ–

Digitized By Kerala Sahitya Akademi

കലിത്തുറൈ' എന്ന വൃത്തത്തിൽ രചിച്ചിട്ടുള്ള ഒരു പാട്ടിൻപ്രകാരം

"ചിങ്കളഞ്ചോനകഞ്ചാവകഞ്ചീനന്തുളുക്കുടകം
കൊങ്കണങ്കന്നടങ്കൊല്ലന്തെലുങ്കങ്കലിങ്കം
വങ്കമകതങ്കടാരങ്കട്ടകചാല-
ത്തകം പുകഴ്ത്തമിഴ് ചൂഴ്പതിനേഴ് പുവിതാമിവൈയേ"

അതായതു് (ചിങ്കളം) സിംഹളം (ചോനകം) യവനദേശം (ചാവകം) ജാവാ, ചീനം, തുളു, കുടകു്, കൊങ്കണം, കർണ്ണാടകം, കൊല്ലം, ആന്ധ്രം, കലിങ്ഗം, ഗങ്ഗം (ഗാങ്ഗന്മാർ ഭരിച്ച മൈസൂറിൻെറ ദക്ഷിണഭാഗം) മഗധം, വങ്ഗം (ബെംഗാൾ) കടാരം (ബർമ്മാ) കട്ടകചാലം (കോസലം?) ഇവയാണെന്നു കാണുന്നു. പതിനെട്ടാമത്തെ നാടു് ഏതാണെന്നു വെളിവാകുന്നില്ല. നച്ചിനാർക്കിനിയർ പതിനെട്ടിനു പകരം പന്ത്രണ്ടെന്നു ഗണിച്ചു് ആ നാടുകൾ ചിങ്കളം (സിലോൺ) പഴന്തീവു് (പഴയ ദ്വീപു്) കൊല്ലം, കൂപം, കൊങ്കണം, തുളുവം, കുടകം, കരുനടം (കർണ്ണാടകം), കുടം, വടുകം, തെലുങ്കു്, കലിങ്കം എന്നീ ദേശങ്ങളാണെന്നു ചൂണ്ടിക്കാണിക്കുന്നു. ഇവയിൽ പഴന്തീവത്തിൻെറയും കൂടത്തിൻെറയും കിടപ്പു് എവിടെയെന്നറിഞ്ഞുകൂടാ. എന്നുമാത്രമല്ല, കൊല്ലത്തേയും കൂപത്തേയും, അതുപോലെ വടുകത്തേയും തെലുങ്കിനേയും വേർതിരിക്കുന്നതിനുള്ള കാരണവും അജ്ഞാതമായിരിക്കുന്നു. ചേന്തനാരുടെ ദിവാകരത്തിൽ പതിനെട്ടു ഭാഷകളുടെ പേരുകൾ പറഞ്ഞു കാണുന്നുണ്ടെങ്കിലും അവയുടെ കൂട്ടത്തിൽ ദാക്ഷിണാത്യഭാഷകളായി ദ്രാവിഡം, തുളുവം ഇവ രണ്ടിനും മാത്രമേ പ്രവേശം നല്കിക്കാണുന്നുള്ളു. അനതിപ്രാചീനരായ ഇവർക്കുംതന്നെ കൊടുന്തമിഴ് നാടുകൾക്കു വെളിയിലുള്ള പ്രദേശങ്ങളെപ്പററി വിശദമായ ജ്ഞാനമുണ്ടായിരുന്നതായി തോന്നുന്നില്ല.

## മലയാളത്തിൻെറ പഴമ; ചില പ്രാചീനപ്രയോഗങ്ങൾ

**ഗങ്ങൾ:**—തൊല്കാപ്പിയത്തിലെ ചൊല്ലതികാരത്തിൽ പദങ്ങളെപ്പററി മാത്രമാണല്ലോ പ്രസ്താവിക്കുന്നതു്. അതിൻെറ നിർമ്മാണകാലത്തു് കേരളത്തിലെ സംവ്യവഹാരഭാഷ ഏതു നിലയിലിരുന്നു എന്നറിവാൻ വേണ്ട തെളിവില്ലെങ്കിലും ചില ലക്ഷ്യങ്ങൾ ലഭിച്ചിട്ടുണ്ടു്. 'ആതി നിൻറ അകരം ഐകാരമായ് തിരിന്തതു്' എന്നു തൊല്കാപ്പിയം എഴുത്തതികാരം 399-ാം സൂത്രത്തിൽ കാണുന്നു. ആദ്യകാലത്തു ശബ്ദങ്ങളുടെ ഒടുവിൽ നിന്നിരുന്ന അകാരം പിന്നീടു് തമിഴിൽ ഐകാരമായി മാറി എന്നാണു് ആ സൂത്രത്തിൻെറ അർത്ഥം. മലയാളത്തിൽ തല, മല, എന്നൊക്കെയല്ലാതെ തമിഴിലേപ്പോലെ തലൈ, മലൈ, എന്നൊന്നുമുച്ചാരണമില്ലാത്തതുകൊണ്ടു് ഈ വിഷയത്തിൽ മലയാളം പൂർവ്വരൂപങ്ങൾ നിലനിറുത്തിപ്പോരുന്നു എന്നു തീർച്ചപ്പെടുത്തുന്നതിൽ പക്ഷാന്തരത്തിനു് അവകാശമുണ്ടെന്നു തോന്നുന്നില്ല. തെലുങ്കിൽ മലയാളത്തെപ്പോലെ അകാരമേയുള്ളു. കർണ്ണാടകത്തിൽ അതു എകാരമായി മാറുന്നു. രണ്ടാമതു് ആ, ഈ, ഊ ചുട്ടെഴുത്തുകൾ തമിഴിൽ (ചെയ്യുളിൽ) കവിതയിൽ മാത്രമേ വരൂ എന്നാണു് തൊല്കാപ്പിയരുടെ മതം; മലയാളത്തിൽ

Digitized By Kerala Sahitya Akademi

അവാസ്തു വ്യവഹാരഭാഷയിലും പ്രവേശമുണ്ടല്ലോ. ഇതും മലയാളത്തിന്റെ പ്രാചീനതയ്ക്കു് ഒരു തെളിവാണു്. മൂന്നാമതു പൂർവ്വകാലത്തു തമിഴിൽ ക്രിയാപദങ്ങളോടു ലിംഗവചനപ്രത്യയങ്ങൾ ചേർക്കുക പതിവില്ലായിരുന്നു എന്നും ചെന്തമിഴിൽ അങ്ങനെയൊരു പരിഷ്കാരം ഇച്ഛാപ്രകാരമായി ഏർപ്പെടുത്തുകയാണുണ്ടായതെന്നും അത്രേ ചില പണ്ഡിതന്മാരുടെ മതം. മലയാളത്തിൽ 'അവൻ വന്നു' 'അവർ പോയി' എന്നും മറ്റുമല്ലാതെ 'അവൻ വന്നാൻ' 'അവർ പോയാർ' എന്നും മറ്റും വ്യവഹാരഭാഷയിൽ പ്രയോഗിക്കാറില്ലല്ലോ. ലീലാതിലകത്തിൽ 'ക്രിയായാം കാലത്രയേ പ്രായോ ഗദിതം' എന്ന സൂത്രത്തിൽ ഈ പ്രയോഗം വൈകല്പികമായി വിധിക്കുന്നുണ്ടെങ്കിലും ആ ഗ്രന്ഥകാരന്റെ വ്യവസായം മണിപ്രവാളകൃതികൾക്കു ലക്ഷണശാസ്ത്രം നിർമ്മിക്കുക എന്നുള്ളതായിരുന്നു എന്നും ആ കൃതികൾ ചെന്തമിഴ് വ്യാകരണ നിയമങ്ങൾക്കു് ഏറെക്കുറെ വിധേയങ്ങളായിരുന്നു എന്നും നാം വിസ്മരിക്കരുതു്. ഇതു നോക്കുമ്പോൾ പുരുഷഭേദനിരാസം എന്നൊരു വിപരിണാമം മലയാളത്തിൽ സംഭവിച്ചിട്ടില്ലെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. നാലാമതു സംഘകാലത്തു് 'ഉന്തു' എന്നൊരു വർത്തമാനകാലപ്രത്യയം ഉണ്ടായിരുന്നു എന്നും, ആ പ്രത്യയം പരണർ, കോവൂർകിഴാർ, നക്കീരർ മുതലായ പഴയ കവികൾ പ്രയോഗിച്ചിട്ടുണ്ടെന്നും അതു മലയാളത്തിൽ 'ഉന്നു' എന്ന രൂപത്തിൽ ഇന്നും നിലനിന്നുപോരുന്നുണ്ടെന്നും 'പുറനാനൂററിൻ പഴമൈ' എന്ന ഗ്രന്ഥത്തിൽ ഒരു അഭ്യൂഹം ഉന്നയിച്ചു കാണുന്നു. അതിന്റെ ഉപജ്ഞാതാവു ചില വ്യാഖ്യാതാക്കന്മാർ പറയുന്നതുപോലെ ആ പ്രത്യയം പേരെച്ചത്തിന്റേതല്ലെന്നും പൂർണ്ണക്രിയയുടേതാണെന്നും സമർത്ഥിക്കുവാൻ ശ്രമിക്കുന്നു. അതു സഫലമായിട്ടുണ്ടെന്നു തോന്നുന്നില്ല. 'ഉന്തു' കന്നടത്തിൽ 'ഉത്തു'വായും തെലുങ്കിൽ 'ഉതു' 'ഉത്ചു' എന്നീ രൂപങ്ങൾ സ്വീകരിച്ചും മാറുന്നു. ഇൻറു എന്നും ഒരു രൂപമുണ്ടായിരുന്നു; 'ഇറു' അതിൽനിന്നു പിന്നീടു വന്നതാണു്. ഈ 'ഇൻറു' മലയാളത്തിൽ 'ഇന്നു' എന്ന രൂപത്തിൽ നിലനിന്നിരുന്നു എന്നും അതാണു് പിന്നീടു് 'ഉന്നു' ആയിത്തീർന്നതും എന്നാണു് ഞാൻ പൂർവ്വകാലത്തെ താളിയോലഗ്രന്ഥങ്ങളുടെ നിഷ്കൃഷ്ടമായ പരിശോധനത്തിൽനിന്നു ഗ്രഹിക്കുന്നതു്. ഈ വിഷയം ഉപരിഗവേഷണത്തെ അപേക്ഷിക്കുന്നു. അഞ്ചാമതു് ആയ്ത എഴുത്തു ചെന്തമിഴിൽ പ്രത്യേകമായി സംസ്കൃതത്തിലെ വിസർഗ്ഗത്തെ അനുകരിച്ചു കൂട്ടിച്ചേർത്തതും പഴന്തമിഴിൽ ഇല്ലാതിരുന്നതും ആണു്. മലയാളത്തിൽ ആയ്ത എഴുത്തു് പദ്യത്തിൽ പോലും പണ്ടും ഇന്നും ഇല്ല. ആറാമതു മററു ചില പ്രയോഗങ്ങളെപ്പററി പറയാം. ഇ എന്ന ഭൂതകാലപ്രത്യയത്തിനു യകാരാഗമം വന്നു് 'ഇയ' എന്ന ഒരു പേരെച്ചമല്ലാതെ നകാരാഗമം വന്നു് ഇന എന്നു് മറെറാരു രൂപം പണ്ടു തമിഴിൽ ഇല്ലായിരുന്നു. പഴകിയ, അടക്കിയ, എന്നല്ലാതെ മലയാളത്തിൽ പറയാറില്ലെങ്കിലും പഴകിന, അടക്കിന എന്നിങ്ങനെയാണു് ഇന്നത്തെ തമിഴിൽ പ്രായേണ പ്രയോഗിച്ചു കാണുന്നതു്. വരുവാൻ പോകുവാൻ മുതലായ

Digitized By Kerala Sahitya Akademi

പദങ്ങളിലുള്ള ആൻ എന്ന പഴന്തമിഴിലെ പിൻവിനയെച്ചപ്രത്യയം ഇന്നത്തെത്തമിഴിൽ ഗ്രാമ്യഭാഷയിൽമാത്രം അപൂൎവ്വമായും മലയാളത്തിൽ സൎവ്വസാധാരണമായും പ്രയോഗിക്കുന്നു. 'പോതും' എന്ന അൎത്ഥത്തിൽ മലയാളത്തിൽ പ്രയോഗിക്കുന്ന മതി എന്ന പദം പുരാണങ്ങളിലും മററു സംഘകൃതികളിൽ കാണുന്നുണ്ടെങ്കിലും പിൻകാലത്തു് ആ ഭാഷയിൽ ലുപ്തമായിപ്പോയി. എന്നാൽ അതു മലയാളത്തിൽ ഇന്നും നിലനിന്നിരിക്കുന്നു. തെല്ലു് (തമിഴിൽ 'തില'') മുതലായ പദങ്ങളും ഇക്കൂട്ടത്തിൽ ഉൾപ്പെട്ടതാണു്. 'മതി,' 'തെല്ലു്'' ഇവയുടെ അൎത്ഥംതന്നെ തമിഴൎക്കു് ഇക്കാലത്തു് അറിവില്ല. അങ്ങനെ എന്ന പദം തമിഴിൽ കവികളും പണ്ഡിതന്മാരും മാത്രം ഉപയോഗിക്കുന്നു; പ്രത്യുത മലയാളത്തിൽ അതു് ഇന്നും എല്ലാവരുടേയും കൈകാൎയ്യത്തിലിരിക്കുന്നു. 'നിൻെറ' എന്ന അൎത്ഥത്തിൽ 'നിൻ' എന്നുമാത്രമേ മുൻകാലത്തു തമിഴിൽ പ്രയോഗമുണ്ടായിരുന്നുള്ളൂ; 'ഉൻ' എന്ന രൂപം പിന്നീടു വന്നതാണു്. മലയാളത്തിൽ 'നിൻ' എന്ന പദം മാത്രമാണല്ലോ ഇന്നും പ്രയോഗിക്കുന്നതു്. അതുപോലെ മലയാളത്തിലെ 'ആയി' 'ആവും' ഇവയാണു് തമിഴിലെ 'ആകി' 'ആകും' ഇവയുടെ പ്രാഗ്രൂപങ്ങൾ. ഏഴാമതു് കേരളപാണിനീയത്തിൽ മലയാളത്തെ തമിഴിൽനിന്നു വേൎതിരിക്കുന്ന രണ്ടുപാധികളായി നിൎദ്ദേശിച്ചിട്ടുള്ള അനുനാസികാതിപ്രസരവും തൽഗ്ഗ്ലാപമൎദ്ദവും ആ നിലയിൽ അംഗീകരിക്കാവുന്നതാണോ എന്നുള്ളതിനെപ്പററി പ്രബലമായ അഭിപ്രായവ്യത്യാസമുണ്ടു്. ചെന്തമിഴിൻെറ ആവിർഭാവത്തിനു മുൻപുതന്നെ ഔദാസീന്യന്യായമനുസരിച്ചു് ഈ ഭേദങ്ങൾ ദക്ഷിണ ദ്രാവിഡ ഭാഷയിൽ വന്നുചേൎന്നിരുന്നു എന്നും അനുനാസികപ്രധാനമായിരുന്ന ആ ഭാഷയിലെ പൂൎവ്വരൂപങ്ങളെയാണു് മലയാളം പ്രദൎശിപ്പിക്കുന്നതെന്നുമാകുന്നു മി. കനകസഭൈപ്പിള്ളയുടെ അഭിപ്രായം. ഞണ്ടു, ഞാൻ, ഞായിറു മുതലായ പദങ്ങൾ ഇന്നും തമിഴിൽ നടപ്പുണ്ടു്. അതുകൊണ്ടു് ഐന്തു, അഞ്ചു; കൻറു, കന്നു; നരമ്പു, ഞരമ്പു; ഈ പദദ്വയങ്ങളിൽ ഐന്തു, കൻറു, നരമ്പു ഇവയാണു് പ്രാചീനങ്ങളെന്നു ഖണ്ഡിച്ചു പറയാവുന്നതല്ല. എട്ടാമതു് 'ററ' എന്ന വൎണ്ണത്തിൻെറ പഴയ ഉച്ചാരണം ഇന്നും ശരിയായി നിലനിറുത്തിപ്പോരുന്നതു മലയാളമാകുന്നു. തമിഴിൽ അതു് 'റ്റ' എന്നു മാറിപ്പോയിരിക്കുന്നു. നിലാ, മഴൈ, വെയിൽ, ഇരുൾ, എന്നീ പദങ്ങളോടു് 'അത്തു' എന്ന 'ചാരിയൈ' (ഇടനില) ചേരുമെന്നു തൊല്കാപ്പിയത്തിൽ വിധിയുണ്ടെങ്കിലും ആ വിധി അനുസരിച്ചുള്ള പ്രയോഗങ്ങൾ ഇന്നും പ്രത്യക്ഷീഭവിക്കുന്നതു മലയാളത്തിൽമാത്രമാണു്. 'നിലാവത്തു്'' 'മഴയത്തു്'' എന്നും മററും തമിഴർ പറയാറില്ലല്ലോ. പരപ്പുള്ള ഈ പ്രമേയത്തെപ്പററി ഇങ്ങനെ ഇനിയും പലതും പറയാനുണ്ടെങ്കിലും വിസ്തരഭയത്താൽ വിരമിക്കുന്നു.

**ചില പ്രാചീനപദങ്ങൾ:**—തമിഴൎക്കു് ഇന്നും കേട്ടാൽ പലപ്പോഴും നിഘണ്ടുവിൻെറ സഹായം കൂടാതെ മനസ്സിലാകാത്തവയും എന്നാൽ കേരളീയൎക്കു നിത്യോപയോഗത്തിലിരിക്കുന്നവയും തന്നിമിത്തം

Digitized By Kerala Sahitya Akademi

അനായാസേന ഗ്രഹിക്കാവുന്നവയുമായ അനേകം പ്രാചീന പദങ്ങൾ
പഴയ ചെന്തമിഴ്ക്കൃതികളിൽ കാണ്മാനുണ്ട്. ഉദാഹരണത്തിന് പട്ട
കാലൈ (പട്ടകാലം), തുന്നക്കാരൻ (തുന്നൽക്കാരൻ), പീടികൈ (പീടി
ക), അങ്കാടി (അങ്ങാടി), പിഴൈ (തെറ്റ്), മാണി (ബ്രഹ്മചാരി),
പൊതി (ഭാണ്ഡം), എക്കൽ, കുറുനരി, അടയ്ക്കാ, നാലാമൈ (നാലായ്മ),
പട്ടാങ്ക് (പട്ടാങ്ങ്), അളിയൻ, ആചാ(ശാ)ൻ, ചാ(ശാ)ന്തി
(അമ്പലങ്ങളിലെ പൂജ), പററായം (പത്തായം), ഈട്ട (പണയം),
പിണക്കം, കരയാമൽ (കരയാതെ), പടുഞായിറു (പടിഞ്ഞാറ്), ഇവ
ചിലപ്പതികാരത്തിൽനിന്നും, ആൾ (ശക്തൻ), ഊഴം, കണി (ജ്യോ
ത്സ്യൻ), കളരി, കുറ (പങ്ക്), തോണി, പാണി (ഒരുവക താളം), കളരി,
ഇവ പുറപ്പൊരുൾവെൺപാമാലയിൽനിന്നും, കാ (കാവ്), തൊഴുതു,
ഊൺ, ഇവ മണിമേഖലയിൽനിന്നും, കടവു, കുപ്പായം, ചിതൽ, ചോ
രൈ, തീററി, പണിക്കൻ, പായൽ, പൂച്ചൈ (പൂച്ച), മിടുക്ക്, വഴിപാ
ട്ട്, ഇവ വേറെ ചില സംഘകൃതികളിൽനിന്നും, അത്താണി, അററകുററം,
ആലി (മഴത്തുള്ളി—'ആലിപ്പഴം' നോക്കുക), ഒരുപാട്ട് (വളരെ അധികം)
കിളിപ്പൈതൽ, ഉഴല്വാൻ, കുട്ടൻ, അടിയുറൈ (അടിയറ), മൂരി, മടി
(ആലസ്യം), പാവ, കവളം, കരവൈ, ചിക്കെനെ (ചിക്കെന്ന്) ചിറു
ക്കൻ (ചെറുക്കൻ), നിച്ചലും (നിത്യം), പണ്ടി (വയറു), പയലുതൽ
(പായററ്) പള്ളി (നിദ്ര—'പള്ളികൊള്ളുക' നോക്കുക), പറൈതൽ
(പറയുക), പുലരി, പൈയ (പയ്യെ), വാരം ഓതുതൽ (വാരം ഇരിക്ക),
ഇവ നാലായിരപ്രബന്ധത്തിൽനിന്നും ഉദ്ധരിക്കാം. 'കൊള്ളാമൊ
എനിൽ (എന്നാൽ) കൊള്ളാം' എന്ന് ഇറൈയനാരകപ്പൊരുൾ എന്ന
വ്യാഖ്യാനഗ്രന്ഥത്തിൽ കാണുന്നു. ഇവയിൽ പലതും ചെന്തമിഴിൽ
തിരിചൊല്ലുകളായിരുന്നേക്കാനിടയുണ്ടെങ്കിലും മലയാളത്തെ സംബ
ച്ചിടത്തോളം ഇയൽച്ചൊല്ലുകളാണ്. തലേനാൾ എന്നർത്ഥത്തിൽ ചെന്ത
മിഴിൽ 'നെരുതലൈ' എന്നൊരു പദം പണ്ടു പ്രയോഗത്തിലിരുന്നിരുന്നു;
മലയാളത്തിലെ 'ഇന്നലെ' അതിൻെറ ഒരു സങ്കുചിതരൂപമാണ്. തമി
ഴിൽ ഇന്ന് 'നെരുതലൈ' സംഭാഷണ പദകോടിയിൽ ഉൾപ്പെടുന്നില്ല.
ചെന്തമിഴിൽ കേരളീയർ സാഹിത്യം നിർമ്മിച്ചപ്പോൾ അവരുടെ കൃതി
കളിൽ ഒരു മലയാളച്ചുവ പദങ്ങളുടേയും ശൈലികളുടേയും വിഷയ
ത്തിൽ സ്വാഭാവികമായി സംക്രമിക്കുകയുണ്ടായി.* അത്തരത്തിലുള്ള
പദങ്ങളേയും ശൈലികളേയും ആ ഗ്രന്ഥങ്ങൾ വ്യാഖ്യാനിച്ച ചെന്ത
മിഴ്പ്പണ്ഡിതന്മാർ 'മലൈനാട്ടു വഴക്ക (മലനാട്ടു ശൈലി)' എന്നു
വ്യവഹരിച്ചുവന്നു. കേരളീയനായ ഇളങ്കോവടികൾ രചിച്ച ചിലപ്പ
തികാരത്തിന് അടിയാർക്കു നല്ലാർ വ്യാഖ്യാനം രചിക്കുമ്പോൾ പുതൈ

*"ചെങ്കുട്ടുവഞ്ചേരൻറമ്പിയാകിയ ഇളങ്കോവടികൾ കണ്ണകിയിൻ ചരി
തമടങ്കിയ ചിലപ്പതികാരമെന്നുമ്പിറന്ത ഇലക്കിയ നൂലൈത്തമിഴിലേ
പാടി വൈത്തമൈ കാൺക. ഇന്നൂലിലേ അന്നാട്ടിൽ വഴങ്കിയ നൂതനതിചൈ
ച്ചൊർക്കൾ ചില പല ചെറിന്തിരുക്കിൻറന" എന്നു മി. ശ്രുപാലപിള്ള
തമിഴ്വരലാറ് എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു.

Digitized By Kerala Sahitya Akademi

ത്തൽ (പുതുസ്സൽ) എന്നതിന്നു പോത്തൽ എന്നർത്ഥമെഴുതി അതു മലനാട്ടു വഴക്കാണെന്നു പറയുന്നു. 'പനി' എന്ന പദത്തിന്നു തമിഴിൽ മഞ്ഞു എന്ന അർത്ഥമുള്ളു. അതു് ഇളങ്കോവടികൾ ജ്വരം എന്ന അർത്ഥത്തിൽ പ്രയോഗിച്ചപ്പോൾ വ്യാഖ്യാതാവു് "പനിയെൻപതോർ നോയുമുണ്ടു. അതു മലൈനാട്ടു വഴക്കു" എന്നു പ്രസ്താവിക്കുന്നു. ഇതുപോലെ ചിറുമിയർകൾ (പെൺകുട്ടികൾ) എന്ന പദത്തിനും ഒരു കുറിപ്പു കാണുന്നുണ്ടു്.

**ചില അഭ്യൂഹങ്ങൾ:**—ഇതിൽനിന്നെല്ലാം നാം ഗ്രഹിക്കേണ്ടതു് (1) പഴന്തമിഴ് ആദ്യം ഉത്തരദ്രാവിഡമെന്നും ദക്ഷിണദ്രാവിഡമെന്നും രണ്ടു ശാഖകളായി വളരെ മുമ്പു—പക്ഷേ ദ്രാവിഡന്മാരും ആര്യന്മാരുമായുള്ള സമ്പർക്കത്തിന്നു മുമ്പുതന്നെ—വേർപിരിഞ്ഞു കഴിഞ്ഞിരുന്നു എന്നും (2) ദക്ഷിണ ദ്രാവിഡശാഖ വ്യവഹാരഭാഷയായി ഏതാനും ചില പ്രത്യേകതകളോടുകൂടി ക്രമേണ വികസിച്ചുവന്നുവെന്നും (3) ക്രി. മു. മൂന്നാംശതകത്തോടടുപ്പിച്ചു് ആ ശാഖയിൽ സാഹിത്യം ആവിർഭവിച്ചു എന്നും (4) അപ്പോൾ അതിനുവേണ്ടി വ്യാകരണ ശാസ്ത്ര നിബദ്ധമായ ചെന്തമിഴ് എന്ന ഒരു കൃത്രിമഗ്രന്ഥഭാഷ പണ്ഡിതന്മാർക്കു വ്യവസ്ഥാപനം ചെയ്യേണ്ടിവന്നു എന്നും (5) അതിന്നു മുൻപു പശ്ചിമ പർവ്വതപങ്ക്തിക്കു കിഴക്കും പടിഞ്ഞാറുമുള്ള പ്രദേശങ്ങളിൽ ഒരേ ഭാഷ—ദക്ഷിണദ്രാവിഡം—തന്നെയായിരുന്നു സംഭാഷണത്തിനു് ഉപയോഗിച്ചു വന്നതെങ്കിലും അതിനു് രണ്ടുസ്ഥലങ്ങളിലും സ്വല്പവ്യത്യാസങ്ങളുണ്ടായിരുന്നു എന്നും (6) കേരളത്തിലെ കൊടുന്തമിഴ് ചോളാദി ദേശങ്ങളിലെ കൊടുന്തമിഴിൽനിന്നു ഭിന്നമായിരുന്നു എന്നും (7) ആ ദേശങ്ങളിലേ കൊടുന്തമിഴ് ക്രമേണ ചെന്തമിഴ് നാട്ടിൽ ചെന്തമിഴിന്റെ അധിപ്രസരം ബാധിച്ചു വ്യവഹാര ഭാഷയിൽ ലയിച്ചുപോയി എന്നും (8) എന്നാൽ കേരളം വളരെക്കാലത്തേക്കു പഴയ ദക്ഷിണ ദ്രാവിഡത്തെ ചില വ്യക്തിത്വങ്ങളോടുകൂടി പുലർത്തിക്കൊണ്ടുപോന്നു എന്നും (9) ആ ഭാഷ അനന്തരകാലങ്ങളിൽ ചെന്തമിഴ്നാട്ടിലെ വ്യവഹാര ഭാഷയിൽനിന്നു് അധികമധികം അകന്നു് ഒരു സ്വതന്ത്രഭാഷയായി പരിണമിച്ചു എന്നുമാണു്. ദക്ഷിണദ്രാവിഡത്തിന്റെ പൂർവ്വരൂപത്തെയാണു് നാമിന്നു മലയാളമെന്നു പറയുന്നതെന്നും ചെന്തമിഴിന്റേയും അതിന്നു വിധേയമായ ചോള പാണ്ഡ്യ ദേശങ്ങളിലെ ഇന്നത്തെ വ്യവഹാര ഭാഷയുടേയും ആവിർഭാവം അതിന്നു പിന്നീടാണെന്നും ഉള്ള വസ്തുത പണ്ഡിതന്മാർ പരക്കേ സമ്മതിക്കുന്നു. ചെന്തമിഴിന്റെ ഉദയത്തിന്നു മുമ്പു തന്നെ തമിഴും മലയാളവും തമ്മിൽ വേർപിരിഞ്ഞു എന്നാണു് ഡാക്ടർ കാൾഡ്വെല്ലിന്റെ മതമെന്നു് ഏകദേശം ഊഹിക്കാം. പരേതനായ ശ്രീമാൻ റ്റി. എ. ഗോപീനാഥരായർ "മലൈയാളമെൻറാൽ തനിപ്പാഷൈയില്ലൈയെൻറും അതു പഴന്തമിഴെൻറും മുന്നരേ വിളക്കിയുള്ളേൻ" എന്നു പറയുന്നു. "ഇപ്പോതു വേറു പാഷൈ വഴങ്കുതേയമാകിയ മലൈനാടു തമിഴ്ത്തേയമാകവേ ഇരുന്തതു" എന്നു മഹാമഹോപാധ്യായൻ വി. സ്വാമിനാഥയ്യരും "മലൈനാട്ടു വഴക്കെൻറു

Digitized By Kerala Sahitya Akademi

അവർ കാട്ടുവനവയെല്ലാം പൊതുവാക പഴയ തമിഴ് വാക്കുകളേയൻറി വേറില്ലൈ'' എന്നു റാവുസാഹിബ് എം. രാഘവയ്യങ്കാരും ''ചെന്തമിഴ് കാലത്തിക്കും മുന്നേ നാട്ടൈ പൊററിരുന്ത ഇയർകൈത്തമിഴിൽ ചിർച്ചില ഉരുവങ്കളൈ മലൈയാള മൊഴിയിൽ ഇൻറും നിലൈത്തു നിർക്കിൻറനവെൻറു കൂറലേ പൊരുത്തമാവതു'' എന്നു ശ്രീമാൻ കെ. എൻ. ശിവരാജപിള്ളയും അഭിപ്രായപ്പെടുന്നു. കഠിനമായ ചെന്തമിഴിൽ വിരചിതങ്ങളായ സംഘകൃതികൾ സാമാന്യ ജനങ്ങൾക്കു ദുർഗ്രഹമായിരുന്നതിനാൽ ആ രീതി പരിത്യജിച്ച് എല്ലാവർക്കും മനസ്സിലാകത്തക്കതും വ്യവഹാരഭാഷയോടു കഴിവുള്ളിടത്തോളം അടുക്കുന്നതുമായ ഒരു ലളിതശൈലിയിൽ വൈഷ്ണവരായ ആഴ്വാരന്മാരും ശൈവരായ നായനാരന്മാരും തങ്ങളുടെ ഭക്തിപ്രസ്ഥാനത്തിലുള്ള ഗാനങ്ങൾ രചിക്കുവാൻ ഇടവന്നു. അവരുടെ കാലം ക്രി: പി. ആറും ഒൻപതും ശതാബ്ദങ്ങൾക്കിടയിലാണ്. അവരുടെ കൃതികളിലേ ഭാഷയേയും ചെന്തമിഴെന്നാണ് പറയാറുള്ളതെങ്കിലും ആ ചെന്തമിഴിനും പുറനാനൂറു മുതലായ സംഘകൃതികളിലെ ചെന്തമിഴിനും തമ്മിലുള്ള വ്യത്യാസം അല്പമൊന്നുമല്ല. ആഴ്വാരന്മാരുടേയും നായനാരന്മാരുടേയും ഗാനങ്ങളോടും ഒൻപതാം ശതകത്തിൽ ജീവിച്ചിരുന്ന പെരുന്തേവനാരുടെ ഭാരതത്തിലെ ഗാനങ്ങളോടുമാണ് പഴയ മലയാളത്തിനു പ്രകടമായ സാദൃശ്യം കാണുന്നതു്. ഐ, ഒടു, കു, ഇൻ, അതു, കൺ, ഇവ തൊല്കാപ്പിയത്തിൽ ദ്വിതീയ മുതൽ സപ്തമി വരെയുള്ള വിഭക്തികൾക്കു പ്രത്യയങ്ങളായി കാണിച്ചിരിക്കുന്നു. ലീലാതിലകത്തിൽ എ, ഒടു, കു, നിൻറു, ഉടെ, ഇല്, ഇവയാണ് അവയ്ക്കു പകരമുള്ള പ്രത്യയങ്ങൾ. ഇവയിൽ എ, എന്ന ദ്വിതീയാപ്രത്യയം മലയാളത്തിലല്ലാതെ തമിഴിലില്ല. എന്നാൽ തൃതീയയ്ക്കു് ആൻ, എന്നും ആൽ, എന്നും രണ്ടു പ്രത്യയങ്ങൾ അനന്തരകാലികന്മാരായ തമിഴ് വൈയാകരണന്മാർ സ്വീകരിച്ചിരിക്കുന്നു. അവയിൽ 'ആൽ' മലയാളത്തിലുമുണ്ടു്. ചതുർത്ഥീപ്രത്യയമായ 'കു' ചില അവസരങ്ങളിൽ ഉച്ചാരണസൌകര്യാർത്ഥം മലയാളത്തിൽ 'നു'വായി മാറുന്നു. പഞ്ചമീപ്രത്യയമായ 'ഇൻ', ഇല് ആയി മാറാമെന്നു തമിഴിൽ പിൻകാലത്തു്, ഒരു വിധിയുണ്ടായി. 'ഇൽനിന്നു' എന്ന പഞ്ചമീപ്രത്യയം സ്പഷ്ടപ്രത്യായനന്യായമനുസരിച്ചു മലയാളത്തിൽ വന്നുചേർന്നു. വാസ്തവത്തിൽ 'നിന്നു' എന്നു മാത്രമല്ല ആ പ്രത്യയത്തിന്റെ രൂപം. 'ഉടൈ' എന്നൊരു ഷഷ്ഠീപ്രത്യയം 'അതു്' എന്നതിനു പുറമേ മുൻപു പറഞ്ഞ ഭക്തിമാർഗ്ഗപ്രതിപാദകങ്ങളായ കൃതികളിൽ കാണുന്നു. 'ഇല്' എന്ന സപ്തമീപ്രത്യയം വീരചോഴിയമെന്ന വ്യാകരണത്തിൽ (പതിനൊന്നാം ശതകം) സ്വീകരിക്കപ്പെട്ടിട്ടുണ്ടു്. ഇങ്ങനെ പ്രത്യയസംബന്ധമായി പല രൂപാന്തരങ്ങളും വീരചോഴിയത്തിന്റേയും നന്നൂലിന്റേയും പ്രണേതാക്കൾ സ്വീകരിച്ചതു് അന്നു ചെന്തമിഴ്സാഹിത്യത്തിലല്ലെങ്കിലും വ്യവഹാര ഭാഷയിലും അങ്ങിങ്ങു ഭക്തിമാർഗ്ഗ ഗാനങ്ങളിലും പ്രചരിച്ചിരുന്ന പ്രത്യയങ്ങളെക്കൂടി

Digitized By Kerala Sahitya Akademi

ങ്ങളുടെ ലക്ഷണഗ്രന്ഥങ്ങളിൽ ഉറപ്പെടുത്തുന്നതിനാണെന്നു് ഊഹി ക്കേണ്ടിയിരിക്കുന്നു. പഴന്തമിഴിൽ ഉണ്ടായിരുന്ന പദസമൂഹം എല്ലാ ശാഖകൾക്കും പൊതുവായിരുന്നു എങ്കിലും അവയിൽ ചിലതു കാലാന്ത രത്തിൽ ഓരോ ശാഖയിൽ പല കാരണങ്ങളാൽ നശിച്ചുപോയി. അതുകൊണ്ടു ദക്ഷിണദ്രാവിഡത്തിൽ പ്രചരിക്കുന്ന പദങ്ങൾ മുഴുവൻ ഉത്ത രദ്രാവിഡത്തിൽ ഇപ്പോൾ ഇല്ലെന്നു മാത്രമല്ല കന്നടത്തിനും തെലു ങ്കിനും തന്നെ ഈ വിഷയത്തിൽ ഗണനീയമായ വൈജാത്യവുമുണ്ടു്. എന്നാൽ മലയാളത്തിനും തമിഴിനും തമ്മിൽ കാണുന്ന ബന്ധം ഇത്തര ത്തിലുള്ളതല്ല. മലയാളത്തിലേ ദ്രാവിഡപദങ്ങൾ ആസകലം തമിഴിലു മുണ്ടു്. ചില പദങ്ങൾക്കു രൂപഭേദവും മററു ചിലവയ്ക്കു അർത്ഥവ്യത്യാ സവും ഇല്ലെന്നില്ല. എന്നാൽ മലയാളത്തിനു പ്രത്യേകമെന്നു പറ യാവുന്ന പദങ്ങൾ അധികമൊന്നുമില്ലെന്നാണു് തമിഴിലെ ദിവാകരം പിങ്ഗളന്തൈ, ചൂഡാമണി, ഈ പ്രാചീന നിഘണ്ടുക്കളിൽനിന്നു് അനുമാനിക്കേണ്ടിയിരിക്കുന്നതു്. ലീലാതിലകകാരൻ ഭാഷാപദങ്ങ ളിൽ ദേശികശുദ്ധമെന്നൊരു വിഭാഗമുള്ളതായി പ്രതിപാദിച്ചിട്ടു് കൊച്ചു്, മുഴം, ഞൊടി എന്നീ പദങ്ങൾ ശുദ്ധഭാഷയ്ക്കു് ഉദാഹര ണങ്ങളാണെന്നു പറഞ്ഞിരിക്കുന്നു. ഈ പ്രസ്താവന ശരിയാണെന്നു തോന്നുന്നില്ല. കൊച്ചു് എന്ന പദം തമിഴിൽ കൊച്ചൈ എന്ന രൂപ ത്തിൽ കാണുന്നുണ്ടു്. കൊച്ചൈയർ (യുവാക്കൾ) എന്നു തിരുമൂലർ തിരുമന്തിരത്തിൽ പ്രയോഗിക്കുന്നു. 'മുഴം' തമിഴിൽ മലയാളത്തിലേ പ്പോലെതന്നെ പ്രചുരപ്രചാരമാണു്. 'ഒരു മുഴമുയർന്തു' എന്നു കമ്പ രാമായണത്തിൽ കാണാം. മലയാളത്തിലേ 'ഞൊടി' തമിഴിലേ നൊടി തന്നെ. 'കണ്ണിമൈ നൊടിയെന' എന്നു തൊല്കാപ്പിയത്തിൽത്തന്നെ പ്രയോഗമുണ്ടു്. ഈ ഗ്രന്ഥങ്ങളെല്ലാം ലീലാതിലകത്തിനു മുമ്പുള്ളവയാ ണുതാനും. ഇനി കേരളപാണിനീയത്തിൽ പ്രസ്താവിക്കുന്ന ഒല്ലാർ, പോത്തു്, പട്ടി, കൈനില, ഈ പദങ്ങളെപ്പററി ചിന്തിക്കാം. തമിഴിൽ ഒല്ലാർ എന്നാൽ നിരക്കാത്തവർ, ശത്രുക്കൾ എന്നർത്ഥം. 'ഒല്ലാർ നാണ' എന്നു തൊല്കാപ്പിയം. 'പോകൊല്ലാ' എന്ന പദത്തിനു മലയാളത്തിൽ (പോകുക ഒല്ലാ—നിരക്കുന്നതല്ല') പോകരുതു് എന്നാണല്ലോ അർത്ഥം. പോത്തു് എന്ന പദം മലയാളത്തിൽ പുല്ലിങ്ഗവാചിയാണു്. തമിഴിൽ അതു് ആണെരുമയെ മാത്രമല്ല, ആൺപുലി, ആൺമാൻ മുതലായി പല തിനേയും സൂചിപ്പിക്കും. നായെന്ന അർത്ഥത്തിൽ പട്ടി എന്ന പദം തമി ഴിൽ പ്രയോഗിച്ചുകണ്ടിട്ടില്ലെങ്കിലും 'ഇടമുനായുനൊഴവും പട്ടി' എന്നു പിങ്ഗള നിഘണ്ടുവിൽ പ്രസ്തുത പദത്തിനു് ആ അർത്ഥംകൂടി കല്പിച്ചി ട്ടുണ്ടു്. കൈനില എന്ന പദം പടകുടീരം എന്ന അർത്ഥത്തിൽ തമിഴി ലും പുറപ്പൊരുൾവെൺപാമാലയിൽ പ്രയോഗിച്ചു കാണുന്നു. 'ഉവവ്' എന്ന മലയാളപദം തമിഴിലേ ഒവ്വു (ശരി എന്നർത്ഥം) തന്നെയാണു്. മലയാളത്തിൽ പ്രചരിച്ചിരുന്ന പല ദേശ്യപദങ്ങളും തമിഴ് നിഘണ്ടു കാരന്മാർ അവരുടെ കൃതികളിൽ ചേർത്തിരിക്കാം എന്നു ഞാൻ സമ്മ

Digitized By Kerala Sahitya Akademi

തിക്കുന്നു. എന്തായാലും മലയാളത്തിനു തമിഴിൽനിന്നു വിഭിന്നമായ ഒരു ദ്രാവിഡപദസമൂഹമില്ലെന്നുള്ളതിനെപ്പററി പക്ഷാന്തരമുണ്ടാകുവാൻ മാർഗ്ഗമില്ല. തമിഴിൽ കാണാത്ത അയയ്ക്കു (ദൂതനെ അയയ്ക്കുക), കുടൈ (കൈ കുടയുക), തികക്കു (പാൽ തികക്കുന്നു), തികൈ (എണ്ണം തികയുന്നു), തിരൈ (കളഞ്ഞതു തിരയുക), തേകു (വെള്ളം തേകുക) തെളിക്കു (കാലിയെ തെളിക്കുക) പൊലിക്കു (പന്തം പൊലിക്കുക) തുടങ്ങിയ ചില ധാതുക്കൾ മലയാളത്തിലുണ്ടു്; എന്നാൽ അവ വളരെ വളരെ ചുരുക്കമായേ കാണുമാനുള്ളൂ. ഇങ്ങനെയുള്ള ഒരു ഭാഷയെ വളരെക്കാലം വിദേശീയരായ ഗ്രന്ഥകാരന്മാർ ഒരു പ്രത്യേക ഭാഷയായി പരിഗണിക്കാത്തതു് അത്ഭുതമല്ലല്ലോ. കണ്ണാടകനായ നാഗവർമ്മൻ കണ്ണാടകം, ദ്രാവിഡം, ആന്ധ്രം ഈ മൂന്നു ഭാഷകളെപ്പററിയേ പറയുന്നുള്ളൂ. ശാരദാതനയനും മലയാളത്തെ ദ്രാവിഡത്തിൽത്തന്നെ ഉൾപ്പെടുത്തുന്നു. ഒരു ഭാഷ എത്രമേൽ സ്വതന്ത്രമായാലും അതിനു പിന്നേയും വളരെക്കാലത്തേക്കു പഴയ പേരുതന്നെ നിലനില്ക്കുമെന്നുള്ളതിനു മലയാളത്തിന്റെ ചരിത്രം മകുടോദാഹരണമാകുന്നു. ലീലാതിലകം നിർമ്മിച്ച ക്രി. പി. പതിനാലാം ശതകത്തിന്റെ അവസാനത്തിലും മലനാട്ടിലെ മൊഴിക്കു തമിഴെന്നു തന്നെയായിരുന്നു നാമധേയം. ഭാഷയെന്ന നാമാന്തരം അതിനു സംസ്കൃതത്തിൽനിന്നു സിദ്ധിച്ചതും സന്ദർഭംകൊണ്ടു് അതിനു കേരളഭാഷയെന്നു് അർത്ഥഗ്രഹണം ചെയ്യേണ്ടതുമായിരുന്നു.

**ലീലാതിലകവും കേരളഭാഷയും:—** ലീലാതിലകം ആവിർഭവിച്ച കാലത്തും കേരളഭാഷ ചോളഭാഷയിൽ അതായതു തമിഴിൽനിന്നു ജനിച്ചതോ അല്ലയോ എന്നൊരു വാദം നടന്നുകൊണ്ടിരുന്നതായി വെളിവാകുന്നുണ്ടു്. അല്ലെന്നുള്ള അഭിപ്രായമാണു് ആചാര്യനു് ഉണ്ടായിരുന്നതു്. അതു് അദ്ദേഹം പ്രതിവാദികളെ പല യുക്തികൾമൂലം ഗ്രഹിപ്പിക്കുവാൻ പ്രഥമ ശില്പത്തിൽ ഉദ്യമിക്കുന്നു. സംസ്കൃതവിഭക്ത്യന്തങ്ങളായ പദങ്ങൾ ചേരാത്ത കൃതികൾക്കു തമിഴെന്നാണു് പേർ പറഞ്ഞുവന്നതെന്നും, ‘‘തമിഴ് സംസ്കൃതമെൻവുള്ള സുമനസ്സുകൾകൊണ്ടൊരു’’ ‘‘തമിഴ് മണി സംസ്കൃതം പവിഴം............’’ ‘‘സംസ്കൃതമായിന ചെങ്ങഴിനീരും നാററമിഴായിന പിച്ചകമലരും............’’ ഇത്യാദി ശ്ലോകങ്ങളിൽ കാണുന്ന ‘തമിഴ്’ എന്ന പദത്തിനു കേരളഭാഷ എന്നാണു് അർത്ഥമെന്നും, ചോളന്മാർ, പാണ്ഡ്യന്മാർ, കേരളന്മാർ ഇവരെല്ലാം ദ്രമിഡരായതുകൊണ്ടു് അവരുടെ ഭാഷയ്ക്കു തമിഴെന്നു പേർ വന്നു എന്നും, സാമാന്യവാചകമായ ‘തമിഴ്’പ്പദത്തിനു പ്രകൃതത്തിൽ ലക്ഷണയാ കേരളഭാഷയെന്നു വിശേഷാർത്ഥം സിദ്ധിച്ചു എന്നും അദ്ദേഹം സ്ഥാപിക്കുന്നു. ഈ അനുമാനം സമീചീനം തന്നെ. ‘നമ്പ്യാരുടെ തമിഴ്’ എന്നും മററും പറയുമ്പോൾ തമിഴിനു കേരളഭാഷയെന്നുതന്നെയാണു് അർത്ഥം. കണ്ണാടകന്മാരേയും ആന്ധ്രന്മാരേയും കൂടി ചിലർ ദ്രമിഡരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നതു സയുക്തികമല്ലെന്നും അവരുടെ ഇടയിൽ ദ്രമിഡ

Digitized By Kerala Sahitya Akademi

വേദമെന്നു പറയുന്ന നമ്മാഴ്‌വാരുടെ തിരുവായ്മൊഴിയിൽനിന്നു ഭിന്നമായ ഒരു ഭാഷയാണ് പ്രചരിക്കുന്നതെന്നും ദ്രമിഡസംഘാതാക്ഷരപാഠം അവരുടെ ഇടയിലില്ലെന്നും അദ്ദേഹം പിന്നീടു പ്രസ്താവിക്കുന്നു. ഇതിൽനിന്നു് അദ്ദേഹത്തിന്റെ കാലത്തു കർണ്ണാടകത്തേയും തെലുങ്കിനേയും തമിഴിന്റെ പിരിവുകളായി അഭിജ്ഞന്മാർ ഗണിച്ചിരുന്നില്ലെന്നു തീർച്ചപ്പെടുത്താവുന്നതാണ്. കേരളഭാഷയിൽ ഉള്ള പദങ്ങൾ ഇതരഭാഷകളിൽ കാണുന്നുണ്ടെങ്കിൽ അവ ആ ഭാഷകളിലെ പദങ്ങളാണെന്നു വിചാരിക്കരുതെന്നും തത്തുല്യങ്ങളെന്നു മാത്രമേ കരുതാവൂ എന്നും ആചാര്യൻ പറയുന്നതു ക്ഷോദക്ഷമമല്ല. അങ്ങനെ അനവധി പദങ്ങൾ രണ്ടു ഭാഷകളിൽ ഒന്നുപോലെ കണ്ടാൽ ഒന്നു മറ്റൊന്നിൽനിന്നു കടം വാങ്ങിയിരിക്കുമെന്നോ അല്ലെങ്കിൽ രണ്ടിന്റേയും ഉൽപത്തി ഒരിടത്തുനിന്നായിരിക്കുമെന്നോ അനുമാനിക്കുന്നതാണ് യുക്തിയുക്തമായിട്ടുള്ളത്. പ്രകൃതത്തിൽ കേരളഭാഷ ചെന്തമിഴ് വ്യവസ്ഥാപനത്തിനു മുമ്പുള്ള ദ്രമിഡഭാഷയാകയാലാണ് അതിൽ അത്ര വളരെ ദ്രമിഡപദങ്ങൾ കാണുവാൻ അദ്ദേഹത്തിനു് ഇടവന്നതു്. തുടർന്നു് ആചാര്യൻ സാഹചര്യംകൊണ്ടു് 'കുന്തൽ' എന്നും 'അങ്ങിറായെങ്ങൾ ചോതഃ' എന്നും ഒരു ശ്ലോകത്തിൽ കണ്ടാൽ ആ കുന്തൽ കേരളഭാഷാപദമാണെന്നും, 'അങ്കിറായെങ്കൾ ചോതഃ' എന്നാണ് കണ്ടതെങ്കിൽ അവിടെ കുന്തൽ ദ്രമിഡഭാഷാപദമാണെന്നും, കേരളർ 'വന്താൻ' 'ഇരുന്താൻ' എന്നല്ല 'വന്നാൻ' 'ഇരുന്നാൻ' എന്നും, 'തേങ്കാ' 'മാങ്കാ' 'കഞ്ചി' 'പഞ്ചി' എന്നല്ല 'തേങ്ങാ' 'മാങ്ങാ' 'കഞ്ഞി' 'പഞ്ഞി' എന്നും, 'യാൻ' 'യാനൈ' എന്നല്ല 'ഞാൻ' 'ആന' എന്നും, 'അതനൈ' 'ഇതനൈ' 'അവറ്റൈ' 'ഇവറ്റൈ' എന്നല്ല 'അതിനെ' 'ഇതിനെ' 'അവറ്റെ' 'ഇവറ്റെ' എന്നും, 'കഴുതൈ' 'കുതിരൈ' എന്നല്ല 'കഴുത, കുതിര' എന്നും, 'ഉടൈവാൾ, ഇടൈയൻ' എന്നല്ല 'ഉടവാൾ, ഇടയൻ' എന്നും, 'നിന്നൈ, എന്നൈ' എന്നല്ല 'നിന്നെ, എന്നെ' എന്നും, 'പെയർ, ഇതഴ്' എന്നല്ല 'പേർ, ഇതൾ' എന്നും, 'ഉണ്ടനർ, തിൻറനർ, ഉണ്ണാനിൻറനർ, ഉൺപർ' എന്നല്ല 'ഉണ്ടാർ, തിന്നാർ, ഉണ്ണിന്നാർ, ഉൺമർ' എന്നും, 'വരുവാർ, കൊൺമർ' എന്നല്ല 'വരുവർ, കൊൾവർ' എന്നും, 'കുറവിറവു, താറവിറവു' എന്നല്ല 'കുറവീ, താറവീ' എന്നും, 'അഃതു, 'ഇഃതു' എന്നു് ആയ്താക്ഷരസഹിതമല്ല, അതു്, ഇതു്, എന്നും, 'കനം കുഴായ്' എന്നല്ല 'കനം കുഴയ' എന്നും 'അനങ്കൻ, കുതുമം, മുകം, ചന്തിരൻ' എന്നിങ്ങനെ ആര്യച്ചുതാരുതട്ടിച്ചല്ല, 'അനങ്ങൻ, കുസുമം, മുഖം, ചന്ദ്രൻ' എന്നും, 'മാടത്തിൻ കൺ, കൂടത്തിൻ കൺ, ആലിനതു, മാവിനതു' എന്നല്ല, 'മാടത്തിന്മേൽ, കൂടത്തിന്മേൽ, ആലിന്റെ, മാവിന്റെ' എന്നുമാണ് ഉച്ചരിക്കുന്നതെന്നും രണ്ടു ഭാഷകൾക്കും തമ്മിലുള്ള ചില വ്യത്യാസങ്ങളെ മുൻനിറുത്തി ചൂണ്ടിക്കാണിച്ചിരിക്കുന്നു. ക്രി: പി: പതിനൊന്നാംശതകത്തിൽ തോലൻ രചിച്ചതായി വിശ്വസിക്കാവുന്ന മന്ത്രാങ്കം ആട്ടപ്രകാരത്തിൽ അക്കാലത്തെ മലയാളത്തിലും തമിഴിലുമുള്ള പദ്യഗദ്യങ്ങൾ കാണാവുന്ന

Digitized By Kerala Sahitya Akademi

താണ്. അതിനുമുൻപുതന്നെ രണ്ടു ഭാഷകൾക്കും തമ്മിലുള്ള വ്യത്യാസം പ്രകടമായി കഴിഞ്ഞിരുന്നു.

**മലയാളം:**— തമിഴെന്നപേരിൽ മലയാളത്തെ വ്യപദേശിക്കുന്നതു് അയുക്തമാണെന്നു ജനങ്ങൾ മനസ്സിലാക്കിയപ്പോൾ മലയാണ്മ, അല്ലെങ്കിൽ മലയാഴ്മ (മലയായ്മ എന്നു രൂപഭേദം), എന്ന പേർ അതിനു നല്കി. 'മ' എന്നതു ഭാവനാമങ്ങളെ നിഷ്പാദിപ്പിക്കുന്നതിനുള്ള ഒരു പ്രത്യയമാണ്. മലയാണ്മ എന്നാൽ മലയാളികളുടെ (മലനാട്ടിലെ ജനങ്ങളുടെ) രീതിയെന്നർത്ഥം. ആ സംജ്ഞകൊണ്ടു ഭാഷയേയും വട്ടെഴുത്തിൽ നിന്നു വികസിച്ച കേരളത്തിലെ ഒരുതരം ലിപിയേയും വിദ്വാന്മാരായ കേരളീയർ വ്യവഹരിച്ചുതുടങ്ങി. കേരളത്തിനു മല എന്ന പേർ ക്രി: പി: 545 മുതൽ വിദേശീയർ പ്രയോഗിച്ചുകാണുന്നു. ക്രി: പി: 1150-ൽ ഇഡ്രിസി മണിബാർ എന്നും 1270-ൽ കാസ്വിനി മലബാർ എന്നും അതിനു പേർ നല്കുന്നു. പോർത്തുഗീസുകാർ മലബാർ എന്ന പേരിൽ തന്നെ നാട്ടിനേയും ഭാഷയേയും വ്യവഹരിച്ചു. മലയാളം എന്ന പദം ആദ്യം ദേശവാചിയായിരുന്നു. ചേരളകം ചേരളമായതുപോലെ മലയാളകം മലയാളമായി എന്നു വരാൻ പാടില്ലായ്കയില്ല. കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടുകൂടിയാണ് അതു ഭാഷാവാചിയായും പരിണമിച്ചതു്. ബെയിലിയും, ഗുണ്ടർട്ടും അവരുടെ നിഘണ്ടുക്കൾക്കു മലയാളം–ഇംഗ്ലീഷ് നിഘണ്ടുവെന്നും മലയാള നിഘണ്ടുവെന്നും പേർ കൊടുക്കുന്നുണ്ടെങ്കിലും പദങ്ങളുടെ കൂട്ടത്തിൽ ഭാഷയെ കുറിക്കുന്നതിനു മലയാണ്മ എന്ന പദമാകുന്നു ഉപയോഗിക്കുന്നതു്. തിരുവിതാംകൂറിൽ മലയാളം പഠിപ്പിക്കുന്നതിനു സർക്കാർ പള്ളിക്കൂടങ്ങൾ സ്ഥാപിക്കുവാൻ കൊല്ലം 990 ഇടവം 19-ാംനു- റാണി ഗൗരി പാർവതീബായി തുല്യംചാർത്തിയ കല്പനയിൽ "മലയാണ്മയക്ഷരവും, കണക്കും ജോതിഷവും" എന്നു പ്രസ്താവിച്ചുകാണുന്നു. 1027 തുലാം 13-ാംനു-യിലെ ഒരു തിരുവിതാംകൂർ റിക്കാർഡിൽ ബെയിലിയുടെ നിഘണ്ടുവിനെപ്പററി "കോട്ടയത്തു പാക്കുന്ന പേൽസായ്പിന്റെ മുഖാന്തിരത്തിൽ പണ്ടാരവകയ്ക്കു അച്ചടിപ്പിച്ചു വരുത്തിയിരിക്കുന്ന ഇംഗ്ലീഷും മലയാണ്മയും കൂടിയുള്ള ഡിക്ഷ്ണേറിയിൽ" എന്നൊരു കുറിപ്പും 1030 തുലാം 1-ാംനു-യിലെ തിരുവിതാംകൂർ ഗസററിൽ "മലയാഴ്മയുടെ ഒരു വ്യവച്ഛേദകം വ്യാകരണം റവറന്റു മാത്തൻ ഗീവറുഗീസു നാട്ടുപാദ്രിയാൽ ചമയ്ക്കപ്പെട്ടതു്" എന്നൊരു പരസ്യവുമുണ്ടു്.

**ഉപസംഹാരം:**— ഇത്രമാത്രമുള്ള പ്രപഞ്ചനംകൊണ്ടു മലയാളത്തിനു തമിഴിനോടുള്ള ബന്ധം അത്യന്തം ഗാഢവും സന്നികൃഷ്ടവുമാണെന്നും അതു് തെലുങ്കിനോടോ കർണ്ണാടകത്തിനോടോ ഉള്ളതുപോലെ ശ്ലഥവും വിദൂരവുമല്ലെന്നും തെളിയുന്നതാണ്. അതുകൊണ്ടത്രേ മലയാളം കേട്ടാൽ തമിഴർക്കും തമിഴു കേട്ടാൽ മലയാളികൾക്കും തെലുങ്കിനേയും കർണ്ണാടകത്തിനേയുംകാൾ എത്രയോ അധികമായി മനസ്സിലാകുന്നതു്. ചെന്തമിഴിന്റെ ആവിർഭാവകാലത്തിനു മുമ്പുതന്നെ ഭൂസ്ഥിതിയും കാലാ

Digitized By Kerala Sahitya Akademi

വസ്ഥയും നിമിത്തം ചില വ്യത്യാസങ്ങളെല്ലാം സ്വാഭാവികമായുണ്ടായിരുന്നു എങ്കിലും പശ്ചിമ പൎവ്വതങ്ങൾക്കു കിഴക്കും പടിഞ്ഞാറുമുള്ള തമിഴകത്തിൽ സംസാരിച്ചു വന്ന ഭാഷ പ്രായേണ ഒന്നുതന്നെയായിരുന്നു എന്നു ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. ചെന്തമിഴിന്റെ അധിപ്രസരം നിമിത്തം കാലാന്തരത്തിൽ മലമണ്ഡലമൊഴിച്ചുള്ള കൊടുന്തമിഴ്നാട്ടുകളിലേ നാട്ടോടിഭാഷ അതുമായി അധികമധികം അടുത്തു. എന്നാൽ മലമണ്ഡലത്തിലാകട്ടെ മുമ്പുതന്നെയുണ്ടായിരുന്ന വ്യത്യാസങ്ങൾ ക്രമേണ വൎദ്ധിച്ചു് വ്യവഹാരഭാഷ സംസ്കൃതത്തിന്റെ ആധിപത്യത്തിനു വഴങ്ങി പാണ്ഡ്യചോളദേശങ്ങളിലേ വ്യവഹാരഭാഷയിൽനിന്നു് അകന്നകന്നു് ഒരു വ്യക്തിത്വവിശിഷ്ടമായ സ്വതന്ത്രഭാഷയായി പരിണമിച്ചു. മലയാളത്തിനും തമിഴിനും തമ്മിലുള്ള ചാൎച്ച സൂക്ഷ്മമായി പരിശോധിച്ചാൽ മലയാളത്തെ ഇന്നത്തെ തമിഴിന്റെ പുത്രിയെന്നോ കനിഷ്ഠസഹോദരിയെന്നോ അല്ല പറയേണ്ടതെന്നും, അങ്ങനെ ഒരു സംബന്ധം കല്പിക്കുകയാണെങ്കിൽ മാതാവെന്നോ ജ്യേഷ്ഠത്തിയെന്നോ ആണു് വേണ്ടതെന്നും ഈ ചൎച്ചയിൽനിന്നു വിശദമാകുന്നതാണു്.

Digitized By Kerala Sahitya Akademi

നാലാമദ്ധ്യായം

# കേരളവും ആര്യസംസ്കാരവും

**ആദികേരളം:—** ദക്ഷിണാപഥത്തിൽ ആര്യന്മാരുടെ ആഗമനത്തിനു മുമ്പുതന്നെ ദ്രാവിഡന്മാർ സംസ്കാരവിഷയത്തിൽ ഉൽകൃഷ്ടമായ ഒരു സ്ഥാനത്തെ പ്രാപിച്ചിരുന്നു എന്നു പ്രസ്താവിച്ചു കഴിഞ്ഞുവല്ലോ. ഏഷ്യാമൈനർ, ഈജിപ്റ്റ് എന്നീ രാജ്യങ്ങളുമായി ദ്രാവിഡന്മാർ ക്രി. മു. നാലായിരം വർഷങ്ങൾക്കു മുമ്പുപോലും വമ്പിച്ച തോതിൽ വാണിജ്യം നടത്തിവന്നിരുന്നു. ആ വാണിജ്യത്തിന്റെ കേന്ദ്രം കേരളമായിരുന്നു എന്നും അവിടത്തെ മുചിരി (കൊടുങ്ങല്ലൂർ) തൊണ്ടി (കടലുണ്ടി) മുതലായ തുറമുഖങ്ങൾ അനന്തരകാലങ്ങളിൽ തദ്വിഷയകമായ പാരമ്പര്യം പ്രശംസാർഹമായ രീതിയിൽ പരിപാലിച്ചു പോന്നു എന്നും ഉള്ളതിനു സംഘഗ്രന്ഥങ്ങളിലും മററും ധാരാളം തെളിവുണ്ട്. ഇൻഡ്യയിൽ അറബിക്കടൽക്കരയിലുള്ള നൌകാശയങ്ങളിൽ ക്രയവിക്രയങ്ങൾ നടത്തുന്നതിനാണല്ലോ പാശ്ചാത്യരായ വിദേശികൾക്കു കൂടുതൽ സൌകര്യമുള്ളതു്. ശ്രീപരശുരാമൻ സമുദ്രത്തിൽനിന്നു് ഉദ്ധരിക്കുന്നതിനു മുമ്പു കേരളമെന്നൊരു ഭൂവിഭാഗമേ ഇല്ലായിരുന്നു എന്നുള്ള ഐതിഹ്യം വിശ്വസനീയമായി തോന്നുന്നില്ല. കേരളം പരശുരാമന്റെ ആവിർഭാവത്തിനു വളരെക്കാലം മുമ്പു പ്രകൃതിക്ഷോഭം നിമിത്തം കടൽ നീങ്ങി കരയായ ഒരു ദേശമാണെന്നുള്ള ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ മതം സർവ്വഥാ അങ്ഗീകാര്യമാകുന്നു. പുരാണങ്ങളിൽ പ്രതിപാദിക്കുന്നതും പരശുരാമൻ കേരളത്തെ മാത്രമല്ല, സപ്തകൊങ്കണങ്ങളേയും ഉദ്ധരിച്ചു എന്നാണു്. കൂപകം (കന്യാകുമാരി മുതൽ കന്നേററി വരെ), കേരളം (കന്നേററി മുതൽ പുതുപ്പട്ടണംവരെ), മൂഷികം (പുതുപ്പട്ടണം മുതൽ പെരുമ്പുഴവരെ), അലൂവം (ദക്ഷിണ കണ്ണാടകം), പശു (ഉത്തര കണ്ണാടകം), കൊങ്കണം (രത്നഗിരിവരെ), പരകൊങ്കണം (നാസിക് വരെ,) ഇവയെ സപ്തകൊങ്കണങ്ങൾ എന്നു പ്രപഞ്ചഹൃദയത്തിൽ പറയുന്നു. പരശുരാമഭൂമിക്കു് ആകെ നൂറു യോജനയായിരുന്നു അത്രേ ദൈർഘ്യം. കേരളം കരവച്ചു ക്രമേണ വാസയോഗ്യമായപ്പോൾ സഹ്യപർവതത്തിനു കിഴക്കു താമസിച്ചിരുന്ന ദ്രാവിഡർ അവിടെയും കുടിയേറിപ്പാർത്തുതുടങ്ങി. പർവ്വതീയന്മാരായ അപരിഷ്കൃത വർഗ്ഗക്കാർ അതിനും കുറേക്കാലം മുമ്പു് അവിടെ അവരുടെ താമസം ആരംഭിച്ചിരുന്നിരിക്കണം. 'താഴോട്ടു്' എന്നു് അർത്ഥമുള്ള 'കിഴക്കു്' എന്ന പദം പൂർവ്വദിക്കിനേയും 'മുകളിലോട്ടു്' എന്നർത്ഥമുള്ള 'മേക്കു്' എന്നതു പശ്ചിമദിക്കിനേയും ആണല്ലോ തമിഴിലും മലയാളത്തിലും ഒന്നുപോലെ കുറിക്കുന്നതു്. ഇത്തരത്തിലുള്ള പദപ്രയോഗം പാണ്ഡ്യരാജ്യത്തിലേ ഭൂസ്ഥിതിക്കു് അനുരൂപമാണെങ്കിലും കേരളത്തിലേതിനു വിപരീതമാണു്. പടിഞ്ഞാറു് (പടു ഞായിർ: സൂര്യൻ അസ്തമിക്കുന്ന ദിക്കു്) എന്നുകൂടി മേക്കു് എന്ന പദത്തിനു മലയാളത്തിൽ ഒരു പര്യായമുണ്ടെങ്കിലും അതു് പിന്നീടു

Digitized By Kerala Sahitya Akademi

വന്നതാണ്. 'ഉണരൽ' എന്നു് അൎത്ഥം കല്പിക്കാവുന്ന (ഉഞെറ) 'ഉഞ്ഞാറ' എന്നല്ലാതെ കിഴക്കെന്നല്ലായിരുന്നു പണ്ടു മലയാളത്തിൽ പൂൎവ്വദിഗ്വാചിയായ പദം എന്നു പറയുന്നതു് അപ്രമാണമാകുന്നു.

**നായന്മാർ:**—കേരളത്തിൽ കുടിയേറിപ്പാൎത്ത നായന്മാർ തമിഴകത്തിലെ ഇതര ദ്രാവിഡന്മാരിൽനിന്നു വൎഗ്ഗീയദൃഷ്ട്യാ ഭിന്നന്മാരായിരുന്നുവോ എന്നു നിൎണ്ണയിക്കുവാൻ അസന്ദിഗ്ദ്ധമായ ആധാരമൊന്നും ഇല്ല. അവർ ഒരു കാലത്തു ഭാരതത്തിൽ പല പ്രദേശങ്ങളിലും താമസിച്ചിരുന്ന നാഗവംശത്തിൽ പെട്ടവരാണെന്നു ചിലർ അഭ്യൂഹിക്കുന്നു; ആ അഭ്യൂഹം ശരിയാണെന്നുള്ളതിനു തെളിവില്ല. 'നായർ' എന്ന പദത്തിനു നായുഡു, നായക്കർ മുതലായ ജാതിവാചികളായ പദങ്ങളെപ്പോലെ (നായകൻ) നേതാവു് എന്നു ദ്രാവിഡത്തിൽ അൎത്ഥമുള്ള സ്ഥിതിക്കു് ആ അൎത്ഥത്തിൽ അതു പ്രയുക്തമായി എന്നുവരാൻ പാടില്ലായ്കയില്ല; നാഗങ്ങൾ അവൎക്കു് ഇഷ്ടദേവതകളായിത്തീൎന്നതു് നാഗസങ്കീൎണ്ണമായ കേരളത്തിൽ വന്നതിനുമേലായിരിക്കണമെന്നും ഊഹിക്കാം; തദനുരോധേന അവരെ നാകന്മാരെന്നും ചില പഴയ പാട്ടുകളിൽ വ്യപദേശിച്ചിരിക്കാം. മരുമക്കത്തായം മുതലായി അതിപ്രാചീനകാലത്തു ദ്രാവിഡദേശത്തിൽ പ്രചരിച്ചിരുന്ന പല സമുദായാചാരങ്ങളേയും അവർ പുലൎത്തിപ്പോരുക നിമിത്തം അവൎക്കും അന്യദ്രാവിഡൎക്കും തമ്മിൽ കാലാന്തരത്തിൽ കൊള്ളക്കൊടുക്കയില്ലാതെയായി. ഒടുവിലത്തേ തമിഴ്സംഘത്തിലേ കവികളിൽ 17 പേർ നാകന്മാരായിരുന്നതായി പ്രാചീന ദ്രാവിഡ ഗ്രന്ഥങ്ങളിൽ കാണുന്നു. അവർ നായന്മാരായിരുന്നിരിക്കാം. ഏതായാലും സാഹിത്യചരിത്രത്തിൻെറ ആവശ്യത്തിനു് അവരെ ദ്രാവിഡരായി പരിഗണിച്ചാൽ മതിയാകുന്നതാണു്. വളരെ പുരാതനമായ ഒരു കാലത്താണു് അവർ കേരളത്തിൽ കുടിയേറിപ്പാൎത്തു തുടങ്ങിയതെന്നു സംശയം കൂടാതെ സ്ഥാപിക്കാവുന്നതാകുന്നു.

**കേരളത്തിലെ ചില ദ്രാവിഡാചാരങ്ങൾ:**—ദ്രാവിഡദേശത്തിൽ അഭിമതമായ വിവാഹം ഗാന്ധൎവ്വമാണെന്നു തൊല്കാപ്പിയർ പറയുന്നുണ്ടെങ്കിലും അതു് അനുസ്യൂതമായി നിലനിന്നുപോരുന്നതു് കേരളത്തിൽ മാത്രമാകുന്നു. അതുപോലെതന്നെ (വേലൻ വെറിയാട്ടു്) വേലൻ പ്രവൃത്തി, കുരവയിടൽ, രാജാക്കന്മാർ എഴുന്നള്ളുമ്പോൾ പുത്തുമണൽ വിരിക്കൽ, തുടങ്ങിയ അനേകം ആചാരങ്ങൾ ദ്രാവിഡരെ പൊതുവേ സംബന്ധിക്കുന്നതാണെന്നു പഴയ ദ്രാവിഡഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചുകാണുന്നുണ്ടെങ്കിലും അവയെ ഇന്നും അഭംഗുരമായി പരിപാലിച്ചുപോരുന്നതു കേരളമാകുന്നു. മരുമക്കത്തായമായിരുന്നു ദ്രാവിഡരുടെ പുരാതനമായ ദായക്രമമെന്നും ആ ആചാരം ഒരു കാലത്തു് ഈജിപ്റ്റ്, ഏഷ്യാമൈനർ മുതലായ രാജ്യങ്ങളിലെ ജനതയുടെ ഇടയിലും പ്രചരിച്ചിരുന്നു എന്നും നരശാസ്ത്രഗവേഷകന്മാർ പ്രതിപാദിക്കുന്നു. ക്രി.പി. രണ്ടാംശതകത്തോടടുത്തു ജീവിച്ചിരുന്ന മാങ്കുടി മരുതനാർ രചിച്ച മധുരൈക്കാഞ്ചി എന്ന കൃതിയിൽ വാമനമൂൎത്തി അവതരിച്ച

Digitized By Kerala Sahitya Akademi

ചിങ്ങമാസത്തേ തിരുവോണത്തിൽ അക്കാലത്തു ദ്രാവിഡദേശത്തിൽ നടന്നുവന്ന ആഘോഷങ്ങളേയും അതിൻെറ ഒരു പ്രധാനാങ്ഗമായ (ഓണത്തല്ലു്) ചേരിപ്പോരിനേയും പററി വിശദമായി പ്രസ്താവിക്കുന്നുണ്ടു്. ഇവയെല്ലാം തമിഴകത്തിൻെറ ഇതരഭാഗങ്ങളിൽ കാലപ്രവാഹത്തിനടിപ്പെട്ടു മൺമറഞ്ഞുപോയെങ്കിലും കേരളത്തിൽ ഇനിയും വേരററു പോയിട്ടില്ല. അന്യവൎഗ്ഗക്കാരുടെ സമ്മൎദ്ദത്തിനു വിധേയമാകാതെ മിക്കവാറും ഒരു ദ്വീപത്തിൻെറ നിലയിൽ പുലരുവാൻ സാധിച്ച കേരളത്തിനു് ഇത്തരത്തിലുള്ള പ്രാചീനാചാരപരിപാലനം സാധ്യമായതിൽ അത്ഭുതത്തിനു് അവകാശമില്ലതാനും.

**ശ്രീപരശുരാമനും നമ്പൂരിമാരും:**—ആൎയ്യാവൎത്തത്തിൽനിന്നു ദക്ഷിണാപഥത്തിൽ ആദ്യമായി വന്നുചേൎന്ന ബ്രഹ്മൎഷിമാരിൽ എല്ലാംകൊണ്ടും പ്രഥമഗണനീയനാണു് ശ്രീപരശുരാമൻ. അദ്ദേഹത്തിൻെറ അനുചരന്മാരായിരുന്നു നമ്പൂരിമാരുടെ പൂൎവ്വന്മാർ. അവർ ഏതു കാലത്തു് ഇവിടെ എത്തി എന്നു ക്ലപ്തമായി പറവാൻ നിവൃത്തിയില്ലെങ്കിലും അതു നായന്മാരുടെ അധിനിവേശത്തിനു മേലാണെന്നുള്ളതിനു സംശയമില്ല. എന്നാൽ നമ്പൂരിമാരുടെ ആഗമനത്തിനും വളരെ പഴക്കമുണ്ടെന്നുള്ള വസ്തുത നാം മറക്കരുതു്. പരശുരാമാബ്ദം എന്ന പേരിൽ ഒരബ്ദം പണ്ടു കേരളത്തിൽ പ്രചരിച്ചിരുന്നതായി ചിലർ പറയുന്നു. മലബാറിൽ പരശുരാമാബ്ദം അനുസരിച്ചാണു് വൎഷഗണനമെന്നു ഡോക്ടർ ബുക്കാനനും ഈ അബ്ദത്തിനു 1000 വൎഷങ്ങൾ കഴിയുമ്പോൾ ഒരു പരിവൎത്തനമുണ്ടായിരുന്നു എന്നു കാലസങ്കലിതത്തിൽ വാറനും, ഇതു ക്രി: മു: 1176–ൽ ആരംഭിച്ചു് ക്രി: മു: 176–ലും ക്രി: പി: 824–ലും ഓരോ പരിവൎത്തനഘട്ടത്തെ തരണംചെയ്തു എന്നു കണ്ണിങ്ങ്ഹാമും രേഖപ്പെടുത്തീട്ടുണ്ടു്. വാൾട്ടർ ഹാമിൽട്ടൺ, ഡേ മുതലായ മററു ചില ഗ്രന്ഥകാരന്മാരും ഈ അബ്ദത്തെ അനുസ്മരിക്കുന്നുണ്ടു്. ഇതനുസരിച്ചു ഗണനക്രിയകൾ ചെയ്യുന്നതിനുള്ള പ്രയാസംനിമിത്തമാണു് ക്രി: പി: 825–ൽ കൊല്ലവൎഷം ഏൎപ്പെടുത്തപ്പെട്ടതു് എന്നുള്ള അനുമാനത്തിനു പ്രമാണമില്ല; പ്രത്യുത കലിവൎഷത്തിനു പകരമാണു് കൊല്ലവൎഷം ഏൎപ്പെടുത്തിയതു് എന്നാണു് എൻെറ പക്ഷം. ശങ്കരനാരായണീയം എന്ന ജ്യൗതിഷഗ്രന്ഥത്തിലെ ചില പ്രസ്താവനകൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. ‘കൊല്ലം തോൻറി’ എന്നു ചില ശാസനങ്ങളിൽ കാണുന്നതിനു ‘കൊല്ലമെന്ന പട്ടണമുണ്ടായി’ എന്നല്ല ‘കൊല്ലമെന്ന അബ്ദമുണ്ടായി’ എന്നാണു് അൎത്ഥം കല്പിക്കേണ്ടതു്. ഏതായാലും പരശുരാമൻ ആൎയ്യാവൎത്തം വിട്ടു തൻെറ അനുയായികളോടുകൂടി ഉദ്ദേശം ക്രി: മു: 12–ാം ശതകത്തിൽ വിന്ധ്യപാദത്തിനു തെക്കു കടന്നതായി വിചാരിക്കാവുന്നതാണു്. പ്രാചീനഭാരതചരിത്രത്തിൽ പല രാജ്യങ്ങളിലും ബ്രാഹ്മണരെ ആദ്യമായി അധിനിവേശം ചെയ്യിച്ചതു പരശുരാമനാണെന്നു കാണുന്നു. അതിൻെറയെല്ലാം വാസ്തവസ്ഥിതി എങ്ങനെയിരുന്നാലും കേരളത്തിൽ അവരെ കൊണ്ടുവന്നതു് ഒരു പരശുരാമനാണെന്നുള്ളതിനെപ്പററി സംശ

Digitized By Kerala Sahitya Akademi

ശങ്കിക്കേണ്ടതില്ല. അദ്ദേഹം പുരാണപുരുഷനായ ശ്രീപരശുരാമനാകണമെന്നുമില്ല. നമ്പൂരിമാരിൽ ധാരാളം ഋഗ്വേദികളുണ്ട്. അവർ കൗഷീതകസൂത്രത്തിലും ആശ്വലായനസൂത്രത്തിലും ഉൾപ്പെടുന്നു. യജുർവേദികളെല്ലാം തൈത്തിരീയശാഖക്കാരാണ്. അവരിൽ അധികം പേർ ബോധായനസൂത്രത്തേയും ബാക്കിയുള്ളവർ വാധൂലകസൂത്രത്തേയും അനുസരിക്കുന്നു. ആപസ്തംബശാഖ ഇപ്പോളില്ല. സാമവേദികൾ ചുരുക്കമാണ്. അവരുടെ പല ആചാരവിശേഷങ്ങളും അവർ പണ്ടേക്കു പണ്ടേ സ്വജനങ്ങളിൽനിന്നു വേർപിരിഞ്ഞു ദൂരസ്ഥിതമായ കേരളത്തിൽ വന്നവരാണെന്നു തെളിയിക്കുന്നുണ്ട്. പൂർവ്വശിഖ, ഏകയജ്ഞോപവീതം, സ്ത്രീകളുടെ ശ്വേതവസ്ത്രധാരണം, ഋതുമതീവിവാഹം, വേളിയുടെ നാലാം ദിവസം നിഷേകം, സർവ്വസ്വദാനവിധിയനുസരിച്ചുള്ള ദാരപരിഗ്രഹം, ദ്വാമുഷ്യായണരൂപമായ ദത്ത്, നക്ഷത്രം പ്രമാണമാക്കിയുള്ള ശ്രാദ്ധം, ഇവയിൽ പലതും ആ കൂട്ടത്തിൽ ചേരും. ഋതുമതീവിവാഹത്തിന്റെ ഉപജ്ഞാതാവു മേഴത്തോൾ അഗ്നിഹോത്രിയാണെന്നു ചിലർ പറയുന്നതു സമീചീനമാണെന്നു തോന്നുന്നില്ല. സ്മാർത്തവിചാരം, അന്തർജ്ജനങ്ങളുടെ ഇടയിൽ 'ഘോഷാ'നിയമം മുതലായവ സ്ത്രീകളുടെ ചാരിത്രശുദ്ധിയെ ലക്ഷീകരിച്ചു കാലാന്തരത്തിൽ കടന്നുകൂടിയ ആചാരവിശേഷങ്ങളായിരിക്കണം. കൂട്ടുകുടുംബവ്യവസ്ഥയും മററും നായന്മാരിൽനിന്നു സ്വീകരിച്ചതാണ്. ഈ അനാചാരങ്ങൾ ക്രി: പി: എട്ടാം ശതകത്തിൽ ജീവിച്ചിരുന്ന ശങ്കരാചാര്യരാണ് ഏർപ്പെടുത്തിയതെന്ന് അനുമാനിക്കുന്നതു് അസംഗതമാകുന്നു. ആദ്യകാലത്തു താമസത്തിനായി വന്ന നമ്പൂരിമാരുടെ ഇടയിൽ സ്ത്രീകൾ വളരെ കുറവായിരുന്നതിനാൽ കുടുംബത്തിലെ മൂപ്പൻ മാത്രം സ്വജാതിയിൽനിന്നു സഹധർമ്മിണിയെ സ്വീകരിച്ചാൽ മതിയെന്നു ബുദ്ധിമാന്മാരായ അവർ വിധിച്ചു. തദ്വാരാ കുടുംബസ്വത്തു ഛിന്നഭിന്നമാകാതെ സംരക്ഷിക്കുകയും, ഇതരപുരുഷന്മാർ രാജാക്കന്മാർ, നായന്മാർ, മുതലായവരുടെ കുടുംബങ്ങളിൽനിന്നു സ്ത്രീകളെ ഭാര്യമാരായി സ്വീകരിക്കാമെന്നു വ്യവസ്ഥാപനം ചെയ്യുകയും ചെയ്തു. ബ്രാഹ്മണർക്കു നാലു വർണ്ണങ്ങളിൽനിന്നും വിവാഹം ചെയ്യാമെന്നു് ആര്യാവർത്തത്തിൽ പണ്ടുണ്ടായിരുന്നതും യാജ്ഞവൽക്യന്റെ കാലംവരെ നിർബാധമായി നിലനിന്നുപോന്നതുമായ സ്മൃതിനിയമവും അവരെ ഈ വിഷയത്തിൽ സഹായിച്ചിരിക്കണം. തന്നിമിത്തം പരദേശങ്ങളെ അപേക്ഷിച്ച് ആര്യസംസ്കാരം ദ്രാവിഡരുടെ ഇടയിൽ രൂഢമൂലമാകുന്നതിന് ഇടവന്നു. കർമ്മനിഷ്ഠ, തപശ്ശക്തി, ആചാരശുദ്ധി മുതലായ പല സൽഗുണങ്ങളും നിമിത്തം അവർക്കു രാജകുലങ്ങളിലും സമുദായമദ്ധ്യത്തിലും മററും അത്യുൽകൃഷ്ടമായ ഒരു സ്ഥാനം സ്വാധീനമാക്കുവാൻ സാധിച്ചു, എങ്കിലും ഇതരസമുദായങ്ങളിലെ സ്ത്രീകളുമായുണ്ടായ വിവാഹബന്ധംതന്നെയാണ് ആ പ്രാഭവത്തിന്റെ പ്രധാനകാരണം എന്ന് അനുമാനിക്കുന്നതിൽ തെററില്ല. കാലാന്തരത്തിൽ ദക്ഷിണാപഥത്തിലെ വിവിധ

Digitized By Kerala Sahitya Akademi

ഭാഗങ്ങളിൽനിന്നു ബ്രാഹ്മണർ കേരളത്തിൽ വന്നുചേരുകയും അവരെ നമ്പൂരിമാർ തങ്ങളുടെ വിശേഷാചാരങ്ങൾക്കു വിധേയരാക്കി സ്വജനങ്ങളായി അങ്ഗീകരിക്കുകയും ചെയ്തു. തങ്ങളുടെ സംഖ്യ സാമാന്യം പര്യാപ്തമായെന്നു തോന്നിയപ്പോൾ മാത്രമേ അവർ ആ ഏർപ്പാടു നിറുത്തിയുള്ളു.

**നമ്പൂരിമാരുടെ പ്രാബല്യം:**—ഗോകർണ്ണംമുതൽ കന്യാകുമാരിവരെയുള്ള കേരളബ്രാഹ്മണർ ആദ്യം തങ്ങളെ അറുപത്തിനാലു ഗ്രാമക്കാരായി വിഭജിച്ച് ആ ഗ്രാമങ്ങളിൽ ഒന്നു പകുതി പെരുമ്പുഴയ്ക്കു വടക്കും ബാക്കി തെക്കുമായി വേർതിരിച്ചു എങ്കിലും ഒരു സ്ഥലത്തു തുളുഭാഷയും മററൊരിടത്തു കൊടുന്തമിഴും പ്രചരിച്ചുവന്നതിനാൽ ആ ഭാഷകൾ ഗൃഹ്യോപയോഗത്തിനു സ്വീകരിച്ചപ്പോൾ ആ പുഴയ്ക്ക് അങ്ങുമിങ്ങുമായി താമസിച്ചവർ ചാർച്ചവേഴ്ചകൾ വിട്ടു രണ്ടു ഭിന്നവർഗ്ഗക്കാരായി പരിണമിച്ചു. ഔത്തരാഹന്മാരായ എമ്പ്രാന്തിരിമാർ മററു ദ്രാവിഡബ്രാഹ്മണരുടെ ആചാരങ്ങളും വേഷഭൂഷാദികളും സ്വീകരിച്ചു; പ്രത്യുത ദാക്ഷിണാത്യന്മാരായ നമ്പൂരിമാർ പൂർവ്വാചാരങ്ങളെ കഴിയുന്നതും പരിപാലിച്ചുപോന്നു. ഒരു കാലത്തു ക്ഷത്രിയരെ കൂടാതെ അവർതന്നെ സ്വതന്ത്രമായി രാജ്യരക്ഷ ചെയ്തു എന്നും, അതിലേക്കായി ഉത്തരകേരളത്തിൽ പയ്യന്നൂർ മുതൽ തിരുവിതാംകൂറിൽ നീർമൺവരെയുള്ള തങ്ങളുടെ മുപ്പത്തിരണ്ടു ഗ്രാമങ്ങളെ പെരുഞ്ചെല്ലൂർ, പയ്യന്നൂർ, പറപ്പൂർ, ചെങ്ങന്നൂർ, ഇങ്ങനെ നാലു കഴകങ്ങളായി വിഭജിച്ചു എന്നും, ആ കഴകങ്ങളിൽനിന്നു രക്ഷാപുരുഷന്മാരേയും, മേൽത്തളി, കീഴ്ത്തളി, നെടുന്തളി, ചിങ്ങപുരത്തുതളി ഈ നാലു തളികൾ സ്ഥാപിച്ച് അവയിൽനിന്നു തളിയാതിരിമാരേയും നിയമിച്ചു എന്നും, ആ വ്യവസ്ഥകൾ അപര്യാപ്തങ്ങളെന്ന് അനുഭവപ്പെട്ടപ്പോൾ പരദേശങ്ങളിൽനിന്നു രാജാക്കന്മാരെ വരുത്തി പന്ത്രണ്ടീതു വർഷങ്ങൾക്കു പെരുമാക്കന്മാരായി അവരോധം ചെയ്ത് അവരെക്കൊണ്ടു രാജ്യം ഭരിപ്പിച്ചു എന്നും, ആ ഏർപ്പാടനുസരിച്ചു മുപ്പത്താറു പെരുമാക്കന്മാർ ('ദൃഢധരാം' കലി 2988) ക്രി: മു: 113 മുതൽ ('ഭൂവിഭാഗം' കലി 3444) ക്രി: പി: 343 വരെ നാനൂററൻപത്താറുവർഷം കേരളം പരിപാലിച്ചു എന്നും കേരളോൽപത്തിയിൽ രേഖപ്പെടുത്തീട്ടുള്ള ഐതിഹ്യം മുഴുവൻ വിശ്വസിക്കാവുന്നതാണെന്നു തോന്നുന്നില്ല. കേരളോൽപത്തിതന്നെ ക്രി: പി: 16-ാം ശതകത്തിൽ വിജയനഗരസാമ്രാജ്യം ഭരിച്ച കൃഷ്ണദേവരായരുടെ കാലത്തിനു പിന്നീട്—പതിനേഴാം ശതകത്തിൽ—വിരചിതമായ ഒരു ഗ്രന്ഥമാണ്. അതിലെ കേയപ്പെരുമാൾ, കോട്ടിപ്പെരുമാൾ, കൊമ്പൻപെരുമാൾ തുടങ്ങിയ പല പെരുമാക്കന്മാരുടേയും പേരുകൾപോലും വിചിത്രമായിരിക്കുന്നു. ഇത്തരത്തിൽ ക്രി: മു: 113 മുതൽ ക്രി: പി: 343വരെയെന്നല്ല, ഏതെങ്കിലും ഒരു കാലത്ത് നമ്പൂരിമാർ പരദേശങ്ങളിൽനിന്നു തിരഞ്ഞെടുത്ത് അവരോധിച്ച രാജാക്കന്മാർ കേരളം വാണു എന്നുള്ളതിനു തമിഴ്

Digitized By Kerala Sahitya Akademi

സാഹിത്യത്തിൽനിന്നു യാതൊരു തെളിവും കിട്ടുന്നില്ലെന്നു മാത്രമല്ല, കിട്ടുന്ന തെളിവു വച്ചുനോക്കുകയാണെങ്കിൽ മൂവരശരിൽ ഒരു വംശക്കാരായ ചേരരാജാക്കന്മാർ അവരുടെ സ്വന്തം നിലയിൽ പരമ്പരാവകാശക്രമത്തിന്നു് ഈ രാജ്യം പരിപാലിച്ചു എന്നു തീർച്ചപ്പെടുത്തേണ്ടതായുമിരിക്കുന്നു. പെരുമാരം വാഴ്ചയെപ്പററി ചെയ്തുകാണുന്ന കാലഗണന ശരിയല്ലെന്നു ഖണ്ഡിച്ചു പറയാവുന്നതാണു്. എന്നാൽ അതേ സമയത്തുതന്നെ ഓരോ കാലത്തു രക്ഷാപുരുഷന്മാരും തളിയാതിരിമാരുമുണ്ടായിരുന്നു എന്നും അവർ രാജാക്കന്മാരെ കിരീടധാരണം ചെയ്യിക്കുക മുതലായ പല അധികാരങ്ങളും നടത്തിയിരുന്നതിനു പുറമേ ദേവസ്വങ്ങളുടേയും ഗ്രാമസങ്കേതങ്ങളുടേയും മററും ഭരണം നായന്മാരോടും മററും യോജിച്ചു നിർവഹിച്ചുവന്നിരുന്നു എന്നും ഊഹിക്കുവാൻ ന്യായങ്ങളുണ്ടു്. 'തളിയും തളിയാധികാരിമാരും' എന്നു തിരുവഞ്ചിക്കുളത്തുള്ള ക്രി: പി: പതിനൊന്നാം ശതകത്തിലെ ഒരു ശിലാരേഖയിലും ''നാലു തളിയും'' എന്നു മറെറാരു ശിലാരേഖയിലും കാണുന്നു. ഈ നാ ഗ്രാമങ്ങളിൽനിന്നു വേണം തളിയാതിരിമാരെ തിരഞ്ഞെടുത്തു് അവരോധിക്കുവാൻ എന്നു നിയമമുണ്ടായിരുന്നു. പറവൂർ ഗ്രാമത്തിൽനിന്നു നെടിയതളിയിലേക്കും ഐരാണിക്കുളം ഗ്രാമത്തിൽനിന്നു കീഴ്ത്തളിയിലേക്കും, ഇരിങ്ങാലക്കുട ഗ്രാമത്തിൽനിന്നു മേൽത്തളിയിലേക്കും മൂഴിക്കുളം ഗ്രാമത്തിൽനിന്നു ചിങ്ങപുരത്തുതളിയിലേക്കും ആയിരുന്നു അവരോധം. തളിയാതിരിമാരുടേയും മററും അധികാരം വർദ്ധിച്ചതു് ക്രിസ്തുവർഷാരംഭത്തോടുകൂടിയല്ല കൊല്ലവർഷാരംഭത്തോടുകൂടിയാണെന്നത്രേ എനിക്കു തോന്നുന്നതു്.

**നമ്പൂരിമാരും സംസ്കൃതവിദ്യാഭ്യാസവും:**—കൂട്ടുകുടുംബവ്യവസ്ഥയനുസരിച്ചു നമ്പൂരിമാരുടെ ഇടയിൽ മൂപ്പനു മാത്രമേ ഗൃഹകാര്യകർത്തൃത്വമുണ്ടായിരുന്നുള്ളു; മററുള്ളവർക്കു തന്നിമിത്തം വിദ്യാപോഷണത്തിനു ധാരാളം സൗകര്യം ലഭിച്ചു. ഉണ്ണിമാരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു നമ്പൂരിമാർ പല സ്ഥാപനങ്ങളും ഏർപ്പെടുത്തി. അക്ഷരാഭ്യാസം കഴിഞ്ഞാൽ ഉടനെ അവർ 'ഗീന്നശ്‌ശ്രേയഃ' മുതലായി കറാടി ക്രിയയ്ക്കാവശ്യമുള്ള വാക്യങ്ങൾ ഹൃദിസ്ഥങ്ങളാക്കും. അതിനുശേഷം അടിവാക്യം, നക്ഷത്രവാക്യം മുതലായ വാക്യങ്ങളും ഉരുവിടും. അതോടുകൂടി അവർക്കു ചില സംസ്കൃതശ്ലോകങ്ങൾ പാഠിച്ചു കഷ്ടിച്ചു് അന്വയിക്കുവാൻ വേണ്ട അറിവും ലഭിക്കും. ഏഴു വയസ്സാകുമ്പോൾ ഉപനയനമായി; അതിൽപിന്നെ സ്വഗൃഹത്തിലല്ല ഗുരുകുലത്തിലാണു് താമസം. അവിടെ സ്വരങ്ങൾക്കു് ഉദാത്താനുദാത്ത സ്വരിതങ്ങൾ തുടങ്ങിയ ഉച്ചാരണഭേദങ്ങൾ തെററാതെ വളരെ നിഷ്കൃഷ്ടമായി, കുലക്രമമനുസരിച്ചു്, ഏതെങ്കിലും ഒരു വേദം ഗുരുമുഖത്തിൽനിന്നു് അദ്ധ്യയനം ചെയ്യും. വേദാഭ്യാസം പൂർണ്ണമാകുന്നതിനു് ആറേഴുകൊല്ലം വേണ്ടിവരും. അപ്പോഴേക്കു ധാരണാശക്തി നല്ലപോലെ ഉറയ്ക്കും. അങ്ങനെ ബ്രഹ്മചര്യം അവസാനിപ്പിച്ചു സമാവർത്തനം കഴിഞ്ഞാൽ രണ്ടോ മൂന്നോ സംവത്സരം

Digitized By Kerala Sahitya Akademi

കുലദൈവതക്ഷേത്രത്തിലും ഗ്രാമക്ഷേത്രത്തിലുമായി ഭജനമിരിക്കും. അതിനിടയ്ക്കു തങ്ങൾ പഠിച്ച വേദത്തിന്റെ പദംചൊല്ലി അതോടുകൂടി ക്രമം, ജട, രഥ മുതലായി പദപ്രയോഗങ്ങളെക്കൊണ്ടുള്ള പല വിദ്യകളും ശീലിച്ചു ശിക്ഷ, നിരുക്തം, എന്നീ വേദാംഗങ്ങളുടെ തത്വങ്ങളും ഗ്രഹിക്കും. പിന്നെ പന്ത്രണ്ടുകൊല്ലം ശാസ്ത്രപാഠം ചെയ്യണം. ഇത്രയും കഴിഞ്ഞാലേ ഒരു നമ്പൂരി ഭട്ടതിരിയായി എന്നു മററുള്ളവർ സമ്മതിച്ചിരുന്നുള്ളു.

**സഭാമഠങ്ങൾ:**—കേരളത്തിൽ പണ്ടു പതിനെട്ടു സഭാമഠങ്ങൾ ഉണ്ടായിരുന്നു. ഇവയെ സാമാന്യേന കർമ്മിസഭാമഠങ്ങൾ, ശാസ്ത്രസഭാമഠങ്ങൾ, സന്യാസിസഭാമഠങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. കർമ്മിസഭാമഠങ്ങളിൽ വേദങ്ങളാണു് മുഖ്യമായി അഭ്യസിപ്പിച്ചു വന്നതു്. ആധാനം, ജ്യോതിഷ്ടോമം, അഗ്നിചയനം മുതലായ വൈദികകർമ്മങ്ങൾ വിധിവത്തായി അനുഷ്ഠിച്ചിട്ടുള്ളവരെ കർമ്മികളെന്നു പറയുന്നു. തൃശ്ശിവപേരൂർ, തിരുനാവാ ഈ രണ്ടു സ്ഥലങ്ങളിലും വേദാഭ്യസനത്തിനുള്ള യോഗങ്ങൾ ഇന്നുമുണ്ടു്. ഇവിടങ്ങളിൽ അനേകം വിദ്യാർത്ഥികൾ ഒന്നിച്ചിരുന്നു കർമ്മന്മാരും പണ്ഡിതന്മാരുമായ ഗുരുക്കന്മാരിൽനിന്നു വേദം അഭ്യസിക്കുന്നതുകൊണ്ടു പാഠത്തിനു ശുദ്ധിയും ഐകരൂപ്യവും സിദ്ധിക്കുന്നു. ചൊവ്വന്നൂർ, ഇടക്കുളത്തൂർ, കുമ്പളം, ഉദയതുംഗേശ്വരം ഇവ കേൾവിപ്പെട്ട ശാസ്ത്രസഭാമഠങ്ങളായിരുന്നു. ഇന്നും ചൊവ്വന്നൂരിൽ ശാസ്ത്രപാഠത്തിനു പര്യാപ്തമായ വ്യവസ്ഥയുണ്ടു്. ഒരു കാലത്തു തൃക്കണാമതിലകത്തെ ശിവൻ മുപ്പത്തിരണ്ടു ഗ്രാമക്കാരുടേയും പരദേവതയാകയാൽ ആ ക്ഷേത്രം അത്യന്തം പ്രധാനവും, പന്നിയൂർ, ചൊവ്വരം (ശുകപുരം) മുതലായ ഗ്രാമക്ഷേത്രങ്ങൾ ആ ദേവാലയത്തിന്റെ കീഴീടുകളുമായിരുന്നതായി കാണുന്നു. അവിടെ വേദശാസ്ത്രപാഠങ്ങളുടെ പരിപൂർത്തിക്കു സമഗ്രങ്ങളായ സംവിധാനങ്ങൾ ഉണ്ടായിരുന്നു. ക്രി: പി: പതിന്നാലാം ശതകത്തിന്റെ ആരംഭത്തോടുകൂടി ആ ക്ഷേത്രത്തിലെ യോഗക്കാരും ഇരിങ്ങാലക്കുട ഗ്രാമക്കാരും തമ്മിൽ മത്സരിക്കുകയും അതിന്റെ ഫലമായി തൃക്കണാമതിലകം അധഃപതിക്കുകയും അവിടത്തെ യോഗം തൃശ്ശിവപേരൂർ ഭക്തപ്രിയക്ഷേത്രത്തിലേക്കു നീങ്ങുകയും ചെയ്തു. അതാകുന്നു തൃശ്ശൂർ യോഗം. ക്രി: പി: എട്ടാം ശതകത്തോടുകൂടി ശങ്കരാചാര്യരുടെ നാലു പ്രധാന ശിഷ്യന്മാർ തൃശ്ശിവപേരൂരിൽ തെക്കേ മഠം, ഇടയിലേ മഠം, നടുവിലേ മഠം, വടക്കേ മഠം എന്നിങ്ങനെ നാലു മഠങ്ങൾ സ്ഥാപിക്കുകയുണ്ടായി. ജനനാൽ ഒരു എമ്പ്രാന്തിരിയായിരുന്ന ഒട്ടവിലത്തെ വടക്കേ മഠം സ്വാമിയാർ തന്നിൽനിന്നു സന്യാസം വാങ്ങുവാൻ നമ്പൂരിമാരിൽ ആരേയും കാണാത്തതുകൊണ്ടു മഠവും സ്വത്തുക്കളും കൂടി ഭക്തപ്രിയത്തു യോഗത്തേക്കു് ഒഴിഞ്ഞുകൊടുക്കുകയും അപ്പോൾ ആ യോഗം വടക്കേ മഠത്തിലേക്കു മാറുകയും ചെയ്തു. അതിൽനിന്നു പിണങ്ങിപ്പിരിഞ്ഞ ചിലർ പിന്നീടു മുളങ്കുന്നത്തുകാവിൽ ഒരു യോഗം നടത്തുകയും അനന്തരം അവിടെനിന്നു നീങ്ങി സാമൂതിരിപ്പാട്ടിലെ പുരസ്കരണ

Digitized By Kerala Sahitya Akademi

ത്തിൽ തിരുനാവാക്ഷേത്രത്തിനു തെക്കു ഭാരതപ്പുഴയുടെ തെക്കേക്കരയിലായി തൃശ്ശൂരെപ്പോലെ മറെറാരു യോഗം ആരംഭിക്കുകയും ചെയ്തു. അതാണു് തിരുനാവാ യോഗം. സാമൂതിരിപ്പാട്ട പന്നിയൂർക്കൂറിലും തൃശ്ശൂർ യോഗത്തിന്റെ സംരക്ഷകനായ കൊച്ചിമഹാരാജാവു ചൊവ്വരക്കൂറിലും പെട്ട ആളാകയാൽ ഈ രണ്ടു യോഗങ്ങളും തമ്മിൽ മററു വിഷയങ്ങളിലെന്നപോലെ വിദ്യാവിഷയത്തിലും മത്സരിക്കുകയും, ഇതരകാര്യങ്ങളിൽ ആ മത്സരം ഇരുപാട്ടുകാർക്കും ദോഷകരമായി പരിണമിച്ചു എങ്കിലും വിദ്യാഭ്യാസത്തിനും ശാസ്ത്രപാഠത്തിനും തന്നിമിത്തം ഉത്തേജനം സിദ്ധിക്കുകയും ചെയ്തു. ഈ രണ്ടു യോഗങ്ങളും യോജിച്ചാണു് തിരുവിതാംകൂർ മഹാരാജാവു് തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ആറു കൊല്ലത്തിലൊരിക്കൽ നടത്താറുള്ള മുറജപമെന്ന മഹാമഹം വിജയപ്രദമാക്കുന്നതു്. കുന്നംകുളത്തിനു സമീപമുള്ള ചൊവ്വന്നൂർ സഭാമഠത്തിൽ വ്യാകരണം, ന്യായം മുതലായ ശാസ്ത്രങ്ങൾ പഠിപ്പിക്കുന്നു. ഇടക്കുളത്തൂർ, കുമ്പളം ഈ രണ്ടു സഭാമഠങ്ങളിൽ ഇപ്പോൾ യാതൊരു തരത്തിലുള്ള വിദ്യാഭ്യാസത്തിനും വ്യവസ്ഥകൾ ഇല്ല. ഉദയതുങ്ഗേശ്വരത്തു പണ്ഡിതസഭാമഠത്തിലാണു് പ്രഭാകരഗുരു മീമാംസാശാസ്ത്രം പഠിപ്പിച്ചിരുന്നതു്. അവിടെ ഭാട്ടമീമാംസ, പ്രാഭാകരമീമാംസ, വ്യാകരണം ഈ ശാസ്ത്രങ്ങളിൽമാത്രമല്ല കളരിപ്പയററിൽ ജയിക്കുന്ന നമ്പൂരിമാർക്കും കിഴികൾ നല്കിയിരുന്നു. ശങ്കരാചാര്യരുടെ കാലശേഷത്തോടുകൂടിയാണു് കേരളത്തിൽ സന്ന്യാസിമഠങ്ങളുടെ ആവിർഭാവം. അവയിൽ അദ്വൈതവേദാന്തം മാത്രമേ പഠിപ്പിച്ചുവന്നുള്ളു. വിദ്യാഭ്യാസകാലത്തു് അധ്യേതാക്കൾക്കു വേണ്ടിവരുന്ന എല്ലാ ചെലവുകളും അതാതു മഠങ്ങളിൽനിന്നുതന്നെയാണു് നിർവ്വഹിച്ചുപോന്നതു്.

**മത്സരപരീക്ഷകൾ:**—തൃശ്ശിവപേരൂരിൽനിന്നു് ഏകദേശം ഇരുപതുനാഴിക വടക്കുപടിഞ്ഞാറായി കടവല്ലൂർ എന്നൊരു ദേശവും അവിടെ സുപ്രസിദ്ധമായി ഒരു ശ്രീരാമക്ഷേത്രവുമുണ്ടു്. തൃശ്ശിവപേരൂർ യോഗക്കാരും തിരുനാവാ യോഗക്കാരും തമ്മിൽ ഈ ക്ഷേത്രത്തിൽവച്ചു കൊല്ലംതോറും നടത്തുന്ന ഋഗ്വേദപരീക്ഷയെയാണു് 'കടവല്ലൂരന്യോന്യം' എന്നു പറയുന്നതു്. വാരമിരിക്കുക, ജട ചൊല്ലുക, രഥ ചൊല്ലുക ഇവയാണു് പരീക്ഷയ്ക്കുള്ള വിഷയങ്ങൾ. അതാതു പരീക്ഷയ്ക്കു ചേരുവാൻ ഉദ്ദേശിക്കുന്നവർ പല പ്രാവശ്യവും 'സമക്ഷത്തു' പോയി, അതായതു് ഓരോരോ അമ്പലങ്ങളിൽ നടക്കുന്ന വാരങ്ങളിൽ പോയി, ജയിച്ചവരായിരിക്കണം. ഈ പരീക്ഷകൾ എല്ലാം രാത്രിസമയത്താണു് നടത്താറുള്ളതു്. തുലാം 30-ാംനു- വൈകുന്നേരം രണ്ടു യോഗക്കാരും കടവല്ലൂർ എത്തിയിരിക്കണം. ആദ്യത്തെ ദിവസത്തെ പരീക്ഷയുടെ പേർ 'ഒന്നാംതി മുൻപിലിരിക്കലും' 'ഒന്നാംതി രണ്ടാംവാര'വുമാകുന്നു. 'മുൻപിലിരിക്കുക' എന്നുവച്ചാൽ ഒന്നാമതായി വാരമിരിക്കുക എന്നർത്ഥം. പിന്നത്തെ പരീക്ഷ 'ഒന്നാംതി ജട'യും 'മൂന്നാംതി രഥ'യുമാണു്. ശേഷമുള്ള ദിവസങ്ങളിൽ

Digitized By Kerala Sahitya Akademi

ചൊല്ലുന്ന ജടസ്ഥും രഥസ്ഥും 'മുക്കിലേ ജട' 'മുക്കിലേ രഥ' എന്നിങ്ങനെ പേർ പറയുന്നു. അതിനു് ഒന്നിനൊന്നു മേലേക്കിടയിലുള്ള പരീക്ഷകളാണു് 'കടന്നിരിക്കലും' 'വലിയ കടന്നിരിക്കലും': ഇവ രണ്ടും രഥയിലുള്ള പ്രയോഗവിശേഷങ്ങൾ തന്നെ. 'വലിയ കടന്നിരിക്ക'ലിൽ വിജയിയായ വൈദികനു സമുദായത്തിൽ ലഭിക്കുന്ന സ്ഥാനം അത്യന്തം മഹനീയമാകുന്നു. ശാസ്ത്രാഭ്യാസത്തിൽ നിഷ്ണാതന്മാരായ ഭട്ടതിരിമാൎക്കു സകല രാജസദസ്സുകളിലും വളരെക്കാലം മുമ്പുതന്നെ 'പട്ടത്താനം' എന്നൊരു സമ്മാനപരിപാടി ഏൎപ്പെടുത്തപ്പെട്ടിട്ടുണ്ടു്. കോഴിക്കോട്ടു് തളിയിൽവച്ചു നടത്തിവന്ന പട്ടത്താനമാണു് അവയിൽ ഏററവും പ്രധാനമായിട്ടുള്ളതു്. തുലാമാസത്തെ രേവതിയിൽ തുടങ്ങി തിരുവാതിരയിൽ ആ സദസ്സു് അവസാനിച്ചിരുന്നു. കേരളത്തിലേ പണ്ഡിതപ്രവേകന്മാരായ നമ്പൂരിമാരെല്ലാം അവിടെ ആ അവസരത്തിൽ സന്നിഹിതരാകാറുണ്ടായിരുന്നു. വാദത്തിൽ ജയിക്കുന്നവൎക്കു നൂറു പണത്തിന്റെ ഓരോ കിഴി സമ്മാനമായി നല്കിയിരുന്നു. പ്രാഭാകരമീമാംസക്കും ഭാട്ടമീമാംസക്കും പന്ത്രണ്ടുവീതവും വ്യാകരണത്തിനു് ഒൻപതും വേദാന്തത്തിനു പതിമ്മൂന്നും അങ്ങനെ ആകെക്കൂടി നാല്പത്താറു കിഴികൾ വിതരണം ചെയ്തുവന്നു. ഈ നാലു ശാസ്ത്രങ്ങളിലാണു് നമ്പൂരിമാർ പ്രായേണ വൈദുഷ്യം സമ്പാദിച്ചിരുന്നതു്. കുറേക്കാലത്തിനു മുമ്പുവരെയും ന്യായശാസ്ത്രത്തിനു കേരളത്തിൽ പറയത്തക്ക പ്രചാരം സിദ്ധിച്ചിരുന്നില്ല. ചില ഇല്ലങ്ങളെത്തന്നെ മുൻചൊന്ന നാലു ശാസ്ത്രങ്ങളുടേയും ക്രമത്തിനു് ഇനം തിരിച്ചിരുന്നതായി കേരളോല്പത്തിയിൽനിന്നു വെളിവാകുന്നു.

**ക്ഷേത്രങ്ങളും സംസ്കൃതാഭ്യസനവും:**—കേരളത്തിൽ പ്രായേണ സകല പ്രധാന ക്ഷേത്രങ്ങളിലും കാലക്രമേണ നമ്പൂരിമാർ ഊരാളന്മാരായിത്തീൎന്നു. ക്ഷേത്രങ്ങൾ ഗൃഹക്ഷേത്രം, ദേശക്ഷേത്രം, ഗ്രാമക്ഷേത്രം എന്നിങ്ങനെ മൂന്നു തരത്തിലുണ്ടു്. അതാതു ഗൃഹത്തിലുള്ളവരുടെ ഉപയോഗത്തിനു മാത്രമുള്ളതു ഗൃഹക്ഷേത്രവും അതാതു ദേശത്തിലുള്ളവൎക്കു പൊതുവേ ഉപയോഗിക്കാവുന്നതു ദേശക്ഷേത്രവും ഒരു ഗ്രാമത്തിൽ പെട്ട എല്ലാപേൎക്കുംകൂടിയുള്ളതു ഗ്രാമക്ഷേത്രവുമാണു്. മിക്ക ഗ്രാമക്ഷേത്രങ്ങൾക്കും സങ്കേതങ്ങളുണ്ടായിരുന്നു. സങ്കേതമെന്നുവച്ചാൽ ബ്രാഹ്മണയോഗത്തിലേയോ ദേവസ്വത്തിലേയോ അങ്ഗങ്ങൾ തിരഞ്ഞെടുത്ത അധികാരികൾ സ്വാതന്ത്ര്യത്തോടുകൂടി ഓരോ രാജാക്കന്മാരുടെ സാഹായ്യത്തിൽ, ഭരിക്കുന്ന സ്ഥലമെന്നൎത്ഥം. സങ്കേതത്തിലെ ആചാരങ്ങളെ എല്ലാ നാടുവാഴികളും ആദരിച്ചുപോന്നു. സങ്കേതവിരോധം ചെയ്യുവർ എത്ര വലിയ സ്ഥാനങ്ങൾ വഹിക്കുന്നവരായാലും ദണ്ഡത്തിനു വഴിപ്പെടണമെന്നായിരുന്നു നിയമം. ആ നിയമത്തെ അനുസ്യൂതമായും അഭംഗുരമായും പരിപാലിക്കുന്നതിൽ രാജാക്കന്മാരും പ്രജകളും ഒന്നുപോലെ ജാഗരൂകന്മാരായിരുന്നു. പല ഗ്രാമക്ഷേത്രങ്ങളിലും വേദപാഠത്തിനും, ശാസ്ത്രപാഠത്തിനും വേണ്ട ഏൎപ്പാടുകൾ ഉണ്ടാ

Digitized By Kerala Sahitya Akademi

യിരുന്നു. ക്രി: പി. ഒൻപതാംശതകത്തിൽ തെക്കൻതിരുവിതാംകൂറിൽ കരുനന്തടക്കൻ എന്ന രാജാവു പാർത്ഥിവശേഖരപുരം (ഇപ്പോഴ് പാർത്ഥിവപുരം) എന്ന സ്ഥലത്തു് ഒരു വിഷ്ണുക്ഷേത്രം പ്രതിഷ്ഠിച്ചപ്പോൾ അവിടെ പവിഴിയ (ഭവിഷ്യ) ചരണക്കാർക്കു വാല്പത്തഞ്ചും തൈത്തിരീയ ചരണക്കാർക്കു മുപ്പത്താറും തലവകാര ചരണക്കാർക്കു പതിനാലും അങ്ങനെ തൊണ്ണൂറാഞ്ചു ചട്ട (ഛാത്ര)ന്മാർക്കു വേദാധ്യായനത്തിനു വേണ്ട വസ്തുവകകൾ വിട്ടുകൊടുത്തതായി കാണുന്നു. ചട്ടന്മാർ വ്യാകരണം, മീമാംസ, പൗരോഹിത്യം ഇവ പഠിച്ചിരിക്കണമെന്നായിരുന്നു നിയമം. തിരുവനന്തപുരത്തു കാന്തളൂർ ചാല (വലിയ ചാല)യിലെ മര്യാദയനുസരിച്ചാണു് ആ വിദ്യാശാല താൻ സ്ഥാപിച്ചതെന്നും ആ രാജാവു തന്റെ ശാസനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ക്ഷേത്രങ്ങളിൽ ഉത്സവം മുതലായ ആഘോഷാവസരങ്ങളിൽ കൂത്തു്, കൂടിയാട്ടം എന്നീ കലാവിദ്യകൾക്കു പ്രശംസനീയമായ പ്രോത്സാഹനം നല്കിയിരുന്നു. ഈ വിദ്യകൾ ക്ഷേത്രാരാധകന്മാർക്കു് ആനന്ദത്തിനു പുറമേ പുരാണാദിജ്ഞാനത്തിനും, ലോകവ്യുൽപത്തിക്കും, ധർമ്മബോധത്തിനും, സർവ്വോപരി ആയാസഹരമായ വിനോദത്തിനും പ്രയോജകീഭവിച്ചു. പ്രധാന ക്ഷേത്രങ്ങളിൽ മഹാഭാരതം വായിക്കുവാൻ ഭട്ടതിരിമാരെ നിയമിച്ചിരുന്നു. രാമായണം, ശ്രീമദ്ഭാഗവതം, എന്നീ ഗ്രന്ഥങ്ങൾ വായിക്കുവാനും ഏർപ്പാടുണ്ടായിരുന്നു. എന്തിനു വളരെ? ക്ഷേത്രങ്ങൾ ശാസ്ത്രങ്ങൾക്കു സങ്കേതങ്ങളായും കലകൾക്കു കേദാരങ്ങളായും പരിലസിക്കുകയും ആ വഴിക്കു സവർണ്ണഹിന്ദുക്കളുടെ ഹൃദയങ്ങളിൽ ആര്യസംസ്കാരം അന്യാദൃശമായ പ്രഭാവത്തോടുകൂടി വേരൂന്നിത്തഴച്ചു വളരുകയും ചെയ്തു.

**ആര്യസംസ്കാരത്തിന്റെ അഭിവ്യാപ്തി:**—ബ്രഹ്മാണരിൽതന്നെ ചെറുമുക്കു, കൈമുക്കു, കപ്ലിങ്ങാട്ടു്, പന്തൽ, പെരുമ്പടപ്പു്, തൈക്കാട്ടു് ഇങ്ങനെ ആറു ഗൃഹക്കാരെ ശ്രൌതസ്മാർത്തവിധികൾക്കും, പുലാമന്തോൾ, കുട്ടഞ്ചേരി, ആലത്തൂർ, തൃശ്ശൂർ തൈക്കാട്ട, എളേടത്തു തൈക്കാട്ടു്, വെള്ളൂർ, ചീരട്ടമൺ (ചീരിട്ടമൺ), പിലാന്തോൾ ഈ എട്ടു ഗൃഹക്കാരെ വൈദ്യത്തിനും, തരണനല്ലൂർ, കുഴിക്കാട്ടു്, താഴമൺ മുതലായ ഇല്ലക്കാരെ തന്ത്രത്തിനും, കല്ലൂർ, കുന്നമ്പാറമ്പു്, കാട്ടുമാടപ്പു്, കാലടി തുടങ്ങിയ ഇല്ലക്കാരെ മന്ത്രവാദത്തിനും മററും ആദികാലം മുതല്ക്കുതന്നെ പ്രത്യേകമായി തിരിച്ചുവിടുകയാൽ ആ ഇല്ലക്കാർക്കു് അവ കലാവിദ്യകളായിത്തീരുകയും തന്നിമിത്തം അവർക്കു് അവയെ സാങ്ഗോപാങ്ഗമായും സരഹസ്യമായും അഭ്യസിച്ചു് ഉത്തരോത്തരം ലോകോപകാരം ചെയ്യുവാൻ സാധിക്കുകയും ചെയ്തു. സകല രാജാക്കന്മാരും സംസ്കൃതഭാഷയെ ബഹുമുഖമായി പോഷിപ്പിച്ചു. ക്ഷേത്രങ്ങളോടുള്ള ഗാഢമായ ബന്ധം നിമിത്തം അമ്പലവാസികളുടെ ഇടയിൽ സംസ്കൃതജ്ഞാനം സർവ്വസാധാരണമായിത്തീർന്നു. ആയുധവിദ്യകൊണ്ടു കാലയാപനം ചെയ്യേണ്ടിയിരുന്ന നായന്മാർക്കു ഭാഷാഭ്യസനത്തിനു സമയം ദുർല്ലഭമായിരുന്നു എങ്കിലും അവരുടെ ഇടയിലും സംസ്കൃതഭാഷ സാമാന്യേന പ്രചരിക്കാതെയിരുന്നില്ല.

Digitized By Kerala Sahitya Akademi

ശ്രൌതസ്മാൎത്തക്രിയകളിൽ ചില ഘട്ടങ്ങളിൽ നമ്പൂരിമാൎക്കു നായന്മാരോടു് ആ ഭാഷയിൽത്തന്നെ സംസാരിക്കണമെന്നു നിയമമുണ്ടായിരുന്നു. ഈഴവരിൽ അനേകം കുടുംബക്കാർ അഷ്ടാംഗഹൃദയം പഠിച്ചു വൈദ്യന്മാരായിത്തീൎന്നു. ആശാരിമാർ ശില്പശാസ്ത്രഗ്രന്ഥങ്ങളും കണിയാന്മാർ ജ്യോതിശ്ശാസ്ത്രഗ്രന്ഥങ്ങളും നിഷ്കൎഷിച്ചു് അഭ്യസിച്ചു. ക്രി: പി: പതിമൂന്നാം ശതകത്തിന്റെ ചതുൎത്ഥപാദത്തിൽ കൊല്ലം സന്ദൎശിച്ച മാൎക്കോപോളോ എന്ന വെനിഷ്യൻ ദേശസഞ്ചാരി അവിടെ നല്ല വൈദ്യന്മാരും ജ്യോത്സ്യന്മാരുമുണ്ടായിരുന്നതായി രേഖപ്പെടുത്തീട്ടുണ്ടു്. ചുരുക്കത്തിൽ തമിഴ്നാടിനെ അപേക്ഷിച്ചു കേരളത്തിൽ സംസ്കൃതഭാഷയ്ക്കും ആൎയ്യസംസ്കാരത്തിനും വളരെ അധികം വ്യാപ്തിയുണ്ടായി എന്നുള്ളതു് അനപലപനീയമായ പരമാൎത്ഥമാകുന്നു. കേരളവും കാഞ്ചീപുരവുമായിരുന്നു ദക്ഷിണാപഥത്തിലെ പ്രാചീനങ്ങളായ ആൎയ്യസംസ്കാരകേന്ദ്രങ്ങൾ എന്നുള്ളതിനെപ്പററി ഗവേഷകന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമില്ല. പാണ്ഡ്യന്മാരുടെ തമിഴ്സംഘത്തെ അനുകരിച്ചു ചേരന്മാർ ഒരു (വടമൊഴിച്ചങ്കം) സംസ്കൃതസംഘം മധുരയിൽ സ്ഥാപിച്ചു എന്നു മധുരൈക്കാഞ്ചിയിൽ നിന്നറിയുന്നുണ്ടെങ്കിലും ആ സംഘത്തിന്റെ പ്രവൃത്തിപരിപാടിയെന്തായിരുന്നു എന്നുള്ളതിനെപ്പററി യാതൊരു വിവരവും ലഭിക്കുന്നില്ല.

Digitized By Kerala Sahitya Akademi

## അഞ്ചാമദ്ധ്യായം

# കേരളവും ചെന്തമിഴ്സാഹിത്യവും

**ഐന്തിണൈ:**— ദ്രാവിഡരും ആര്യന്മാരും ഭിന്നവർഗ്ഗക്കാരായിരുന്നതുകൊണ്ടു പുരാതനകാലത്ത് അവരുടെ ആചാരങ്ങളും സംസ്കാരങ്ങളും ഭേദിച്ചിരുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. ദ്രാവിഡർ ഭൂസ്ഥിതിയെ ആസ്പദമാക്കി അവരുടെ (തിണൈ) നാട്ടിനെ കുറിഞ്ചി, മുല്ലൈ, മരുതം, നെയ്തൽ എന്നിങ്ങനെ നാലിനമായി വിഭജിക്കുകയും പിന്നീട് അതിൽ പാലൈ എന്നൊരു വകുപ്പുകൂടി ചേർക്കുകയും ചെയ്തു. അങ്ങനെയുള്ള പഞ്ചഖണ്ഡങ്ങളിൽ കുറിഞ്ചി മലംപ്രദേശവും, പാല ജലദുർഭിക്ഷമുള്ള മണൽക്കാടും, മുല്ല കുന്നിനും താഴ്വരയ്ക്കും ഇടയ്ക്കുള്ള വൃക്ഷനിബിഡമായ സ്ഥലവും, മരുതം നദികൾ പരന്നു പ്രവഹിക്കുന്ന സമതലവും, നെയ്തൽ സമുദ്രതീരവും ആയിരുന്നു. ഈ ഭൂമികളിൽ താമസിച്ചിരുന്നവർ യഥാക്രമം കുറവരെന്നും, മറവരെന്നും, ഇടയരെന്നും, (വെള്ളാളർ) ഉഴവരെന്നും, (പരവർ) പരതവരെന്നും ഉള്ള പേരുകളാൽ അറിയപ്പെട്ടു വന്നു. ആദ്യം കുറിഞ്ചിയിലും ഒടുവിൽ മരുതത്തിലുമാണ് ജനങ്ങൾ വസിച്ചു തുടങ്ങിയതു്. കുറവരുടെ ദൈവം (സുബ്രഹ്മണ്യൻ) മുരുകനും, പാലയിലേതു (കാളി) കൊററവൈയും, മുല്ലയിലേതു (ശ്രീകൃഷ്ണൻ) മായോനും, മരുതത്തിലേതു് ഇന്ദ്രനും, നെയ്തലിലേതു വരുണനുമായിരുന്നു എന്നാണ് സംഘഗ്രന്ഥങ്ങളിൽനിന്നു് അറിയുന്നതു്. ദ്രാവിഡക്ക് ആര്യന്മാരുമായുള്ള സമ്പർക്കത്തിനു മുൻപുള്ള ദേവതകൾ ഏതായിരുന്നു എന്നു കണ്ടുപിടിക്കുവാനോ ആ ദേവതകളിൽ ഏതെല്ലാം ആര്യന്മാർ നവീകരിച്ചു എന്നു പരിച്ഛേദിക്കുവാനോ സാധിക്കുന്നതല്ല. എന്നാൽ പൗരാണികകാലത്തിലെ ഹിന്ദുമതത്തിൽ ദ്രാവിഡമതത്തിൻെറ ചില അംശങ്ങൾ സംക്രമിച്ചിട്ടുണ്ടെന്നുള്ളതു നിസ്സംശയമാണ്. മുരുകൻ, കൊററവൈ, അയ്യനാർ (ശാസ്താവ്) മുതലായ ദേവതകൾ ആ കൂട്ടത്തിൽ ഉൾപ്പെടുന്നു. ദ്രാവിഡക്ക് അകം അഥവാ ശാരീരികം, പുറം അഥവാ സാമുദായികം എന്നിങ്ങനെ രണ്ടിനത്തിൽപെട്ട സാഹിത്യമേ ആദ്യകാലത്ത് ഉണ്ടായിരുന്നുള്ളൂ. ശൃംഗാരവും വീരവുമാണ് യഥാക്രമം ആ സാഹിത്യത്തിലെ അംഗികളായ രസങ്ങൾ. അയോഗവിരഹത്തെ കുറിഞ്ചിപ്പാട്ടിലും, ഗാർഹസ്ഥ്യത്തെ മരുതപ്പാട്ടിലും, വിവാഹാനന്തരമുള്ള സ്വല്പകാലവിരഹത്തെ മുല്ലപ്പാട്ടിലും, കതിപയകാലവിരഹത്തെ നെയ്തൽപ്പാട്ടിലും, ദീർഘകാലവിരഹത്തെ പാലപ്പാട്ടിലും വർണ്ണിച്ചുവന്നു. അവയെ മൊത്തത്തിൽ അകത്തിണൈ (തിണ എന്നാൽ ദേശത്തിനു പുറമേ കവന സമ്പ്രദായമെന്നുമർത്ഥം) എന്നു പറയും. പുറത്തിണയിൽ രാജാക്കന്മാരുടെ പരാക്രമത്തേയും യുദ്ധങ്ങളേയും പററിയാണ് പ്രധാനമായി പ്രതിപാദിച്ചിരുന്നതു്: പശ്ചാൽകാലത്തിൽ അകമെന്നതിനു കാമമെന്നും

Digitized By Kerala Sahitya Akademi

പുരമെന്നതിനു ധർമ്മാർത്ഥങ്ങളെന്നും അർത്ഥം കല്പിച്ച് അവയിൽ ആര്യന്മാരുടെ ത്രിവർഗ്ഗത്തെ മുപ്പാൽ എന്ന പേരിൽ ദ്രാവിഡവൈയാകരണന്മാർ സംക്രമിപ്പിച്ചു. തുരീയപുരുഷാർത്ഥമായ മോക്ഷത്തെ പുരാതന ദ്രാവിഡർ അത്ര കാര്യമായി കരുതിയിരുന്നില്ല; എന്നാൽ പിന്നീടു ത്രിവർഗ്ഗത്തിനു പൊരുളെന്നും മോക്ഷത്തിനു വീടെന്നും പേർ നല്കി വീടിനു് അതിറിക്കുന്ന പ്രാധാന്യം അവർ അനുവദിച്ചു.

**ചെന്തമിഴ്‌വ്യാകരണം:—** ചെന്തമിഴ്‌സാഹിത്യത്തെ മൊത്തത്തിൽ മുത്തമിഴെന്നു പറഞ്ഞുവന്നു എന്നും ഇയൽ (കവിത) ഇചൈ (ഗാനം) നാടകം ഈ മൂന്നുമായിരുന്നു അതിൻെറ ഉൾപ്പിരിവുകളെന്നും മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അഗസ്ത്യം, തൊല്‌കാപ്പിയം മുതലായ ഗ്രന്ഥങ്ങൾ ഇയററമിഴിനുള്ള വ്യാകരണങ്ങളാകുന്നു. അത്തരത്തിലുള്ള കൃതികളിൽ പിൻകാലത്തു് ആചാര്യന്മാർ എഴുത്തു്, ചൊല്ലു്, പൊരുൾ, യാപ്പു്, അണി ഈ അഞ്ചു വിഷയങ്ങളെപ്പററി പ്രതിപാദിച്ചു തുടങ്ങി. എഴുത്തു് എന്ന ഇനത്തിൽ പദങ്ങളുടെ നിരുക്തമൊഴികെ സാധാരണമായി വ്യാകരണശാസ്ത്രത്തിനു വിഷയീഭവിക്കുന്ന എല്ലാ അംശങ്ങളും ഉൾപ്പെട്ടും. ചൊല്ലിൽ നിരുക്തവും, പൊരുളിൽ കാവ്യാത്ഥവും യാപ്പിൽ വൃത്തവും അണിയിൽ അലങ്കാരവുമാണു് പ്രമേയം. ഇവയിൽ ആദ്യത്തെ മൂന്നിലക്കണങ്ങളെ മാത്രമാണു് തൊല്‌കാപ്പിയം സ്പർശിക്കുന്നതു്. പൊരുളെന്നൊരു വിഷയം ഐന്ദ്രവ്യാകരണത്തിലും മററുമില്ലാത്തതിനാൽ അതിനെപ്പററി തൊല്‌കാപ്പിയർക്കു് പ്രത്യേകമായി പരാമർശിക്കേണ്ടിവന്നു. പിന്നീടാണു് യാപ്പുകൂടി വ്യാകരണങ്ങളിൽ പ്രതിപാദ്യമായിത്തീർന്നതു് എന്നു നാം ഇറൈയനാരകപ്പൊരുൾ (കളവിയൽ) എന്ന ഗ്രന്ഥത്തിൽനിന്നു് അറിയുന്നു. അലങ്കാരശാസ്ത്രത്തെപ്പററി ദ്രാവിഡർക്കു് പറയത്തക്ക ജ്ഞാനമൊന്നുമില്ലായിരുന്നു. അതു മുഴുവൻ ആര്യന്മാരിൽനിന്നുതന്നെയാണു് അവർക്കു ലഭിച്ചതു്. തൊല്‌കാപ്പിയർ പൊരുളധികാരത്തിൽ ഉപമയെ മാത്രമേ അർത്ഥാലങ്കാരമായി ഗ്രഹിക്കുന്നുള്ളു. കാവ്യാദർശത്തിൻെറ ദ്രാവിഡാനുവാദമായ ദണ്ഡിയലങ്കാരം വളരെക്കാലം കഴിഞ്ഞതിനുമേൽ ക്രി: പി: പന്ത്രണ്ടാം ശതകത്തിൽ തമിഴർക്കു ലഭിച്ച ആദ്യത്തെ അലങ്കാരഗ്രന്ഥമാകുന്നു.

**മൂന്നു സംഘങ്ങൾ:—** ക്രി: മു: നാലാം ശതകത്തോടുകൂടി ദക്ഷിണദ്രാവിഡത്തിൽ ചെന്തമിഴ്‌സാഹിത്യം ആവിർഭവിച്ചു എന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. പാണ്ഡ്യന്മാർ ഈ സാഹിത്യത്തിൻെറ അഭിവൃദ്ധിയെ ഉദ്ദേശിച്ചു ദക്ഷിണമധുരയിലും അതു കടൽ കേറി നശിച്ചതിൽ പിന്നെ കപാടപുരത്തും ഓരോ സംഘം സ്ഥാപിച്ചു (മുതച്ചങ്കവും ഇടൈച്ചങ്കവും) എന്നും, കപാടപുരത്തേയും സമുദ്രം ഗ്രസിച്ചപ്പോൾ ഉത്തരമധുര എന്നു പറയുന്ന ഇന്നത്തെ ദ്രാവിഡമധുരയിൽ മൂന്നാമതും ഒരു സംഘം പ്രതിഷ്ഠിച്ചു എന്നും, അഗസ്ത്യം പ്രഥമസംഘത്തിലേയും തൊല്‌കാപ്പിയം ദ്വിതീയസംഘത്തിലേയും വ്യാകരണമാണെന്നും ഐതിഹ്യം ഘോഷിക്കുന്നു. ആദ്യത്തെ രണ്ടു സംഘങ്ങൾ വാസ്തവത്തിൽ

Digitized By Kerala Sahitya Akademi

ഉണ്ടായിരുന്നതായി തോന്നുന്നില്ല. എന്നാൽ കടൈച്ചങ്കം (കടശ്ശി സ്സംഘം) എന്നു തമിഴർ പറയുന്ന ഒരു സംഘം ക്രി: മു: രണ്ടാം ശതക ത്തിലോ മറേറാ അങ്കരിക്കുകയും ക്രി: പി: നാലാം ശതകത്തിൻെറ അവ സാനംവരെ ഉദ്ദേശം അറന്നൂറ വഷത്തോളം കാലം അഭിവൃദ്ധമായി സമുല്ലസിക്കുകയും ചെയ്തു എന്നു് ഊഹിക്കുവാൻ ന്യായങ്ങളുണ്ടു്. പണ്ഡിതന്മാരും കവികളും മധുരയിൽ കൂടിയിരുന്നു യഥേച്ഛം ഗ്രന്ഥ നിൎമ്മാണം ചെയ്യുവാൻ പാണ്ഡ്യരാജാവു് ഒരു മണ്ഡപം പണിയിക്കുക യുണ്ടായി. ആ നഗരത്തിൽ ഇന്നും സുന്ദരേശ്വരക്ഷേത്രത്തിൻെറ ബാഹ്യ പ്രാകാരത്തിനുള്ളിൽ തെക്കുപടിഞ്ഞാറേ മൂലയിലായി സംഘത്താർ കോവിൽ എന്നൊരു കീഴ്ത്തീടമ്പലമുണ്ടു്. അവിടെ സരസ്വതീദേവിയു ടേയും നാല്പത്തൊൻപതു സംഘകവികളുടേയും വിഗ്രഹങ്ങൾവച്ചു പൂജി ച്ചുവരുന്നു. ചില ആഴ്വാരന്മാരും നായനാരന്മാരും സംഘകാലത്തെ പ്പററി വ്യക്തമായി പ്രസ്താവിക്കുന്നുണ്ടു്. ബുദ്ധമതത്തിൻേറയും ജൈന മതത്തിൻേറയും ആക്രമണത്തോടും കാഞ്ചിയിലെ പല്ലവരാജവംശത്തി ൻെറ അഭ്യുന്നതിയോടുംകൂടി പ്രസ്തുതസംഘം നാമാവശേഷമായി. ക്രി. പി. 470-ൽ വജ്രനന്ദി എന്ന പണ്ഡിതൻ മധുരയിൽ ഒരു ജൈന സംഘം സ്ഥാപിച്ചു. അതുകൂടാതെ കാവേരിപട്ടണത്തിൽ സംഘകാ ലത്തുതന്നെ ഒരു ബുദ്ധസംഘമുണ്ടായിരുന്നതായി മണിമേഖല ഘോഷി ക്കുന്നു. വജ്രനന്ദി സ്ഥാപിച്ച സംഘം തിരുജ്ഞാനസംബന്ധർ, തിരുനാവുക്കരശർ (അപ്പർ) ഈ ശൈവസമയാചാര്യന്മാരുടെ തീവ്ര യത്നംനിമിത്തം ക്രി. പി. 760-ൽ നശിച്ചു. ആ ഭക്തന്മാർ സംഘകാ ലത്തെ കവികളെപ്പോലെ പ്രകൃഷ്ടപണ്ഡിതന്മാരല്ലായിരുന്നു എങ്കിലും അവരുടെ ഭക്തിരസനിഷ്യന്ദികളായ പാട്ടുകൾ സംഘനായകന്മാരുടെ പരിശോധനയും പ്രശംസയും കൂടാതെതന്നെ സഹൃദയാവൎജ്ജനത്തിനു പര്യാപ്തങ്ങളായി. തന്നിമിത്തവും മററും തമിഴ്നാട്ടിൽ പിൻകാലത്തു പുതിയ ഒരു സംഘത്തിൻെറ പ്രതിഷ്ഠ അനാവശ്യകവും അപ്രായോഗി കവും ആയിത്തീൎന്നു.

**സംഘകൃതികൾ:**—സങ്ഗീതവിഷയകങ്ങളായ ലക്ഷണഗ്രന്ഥ ങ്ങളും ലക്ഷ്യഗ്രന്ഥങ്ങളുമാണു് ഇശൈത്തമിഴിൽ അന്തർഭവിക്കുന്നതു്. പെരുനാരൈ, പെരുങ്കുരുകു, പഞ്ചഭാരതീയം, ഇശൈനുണക്കം, പഞ്ചമ രപു, താളസമുദ്രം, ഷഡ്ജപുടവെൺപാ, ഇന്ദ്രകാളിയം, പതിനാറുപടലം, താളവകൈയോത്തു, ഇശൈത്തമിഴ്ച്ചെയ്യാട്ടറൈക്കോവൈ, ഇത്യാദി ഗ്രന്ഥങ്ങൾ ഈ വകുപ്പിൽപ്പെട്ടതായി അറിയുന്നുണ്ടെങ്കിലും അവയൊന്നും കണ്ടുകിട്ടീട്ടില്ല. ഇതുപോലെ നാടകത്തമിഴിലും അഗസ്ത്യം, മുറവൽ, ജയന്തം, ഗുണനൂല്, ചെയിററിയം തുടങ്ങി പല നിബന്ധങ്ങളുമുണ്ടാ യിരുന്നതായി ഇതരഗ്രന്ഥങ്ങളിൽ അവയെപ്പററിയുള്ള സൂചനകൾ കൊണ്ടുമാത്രമേ നാം ഗ്രഹിക്കുന്നുള്ളു. എന്നാൽ ഇയററമിഴിൻെറ നില അങ്ങനെയല്ല. തൊല്കാപ്പിയത്തെപ്പററി പറഞ്ഞുകഴിഞ്ഞുവല്ലോ. അതിനുതന്നെ ഇളമ്പൂരണർ, സേനാവരൈയർ, പേരാചിരിയർ, നച്ചി

Digitized By Kerala Sahitya Akademi

നാക്കിനിയർ, കല്ലാടർ, ദൈവച്ചിലൈയാർ ഇങ്ങനെ ആറു പണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങൾ പശ്ചാൽകാലത്തിൽ ഉണ്ടായിട്ടുണ്ട്. ഇവയെല്ലാം ലക്ഷണഗ്രന്ഥങ്ങൾ ആണല്ലോ. ലക്ഷ്യഗ്രന്ഥങ്ങളിൽ പൂർവ്വകാലത്തിലെ ഖണ്ഡകൃതികളെ എട്ടുത്തൊകൈ, പത്തുപ്പാട്ടു, പതിനെൺകീഴ്ക്കണക്കു എന്നു മൂന്നുവകുപ്പുകളിൽ അടക്കിയിരിക്കുന്നു. അവയ്ക്കു പുറമേ ഐമ്പെരുങ്കാപ്പിയങ്ങൾ (പഞ്ചമഹാകാവ്യങ്ങൾ) ഐഞ്ചിറുക്കാപ്പിയങ്ങൾ (അഞ്ചു ചെറുകാവ്യങ്ങൾ) മുതലായി വേറേയും പല ഗ്രന്ഥങ്ങൾ ഉണ്ട്. എട്ടുത്തൊകയിൽ (1) പുറനാനൂറു (2) അകനാനൂറു (3) പതിററുപ്പത്തു (4) ഐങ്കുറുനൂറു (5) കലിത്തൊകൈ (6) കുറുന്തൊകൈ (7) പരിപാടൽ (8) നററിണൈ ഈ കൃതികൾ ഉൾപ്പെടുന്നു. ഇവയിൽ പലതും അനേകം കൃതികളുടെ സമാഹാരങ്ങളാകുന്നു. പുറനാനൂററിലെ നാനൂറു പാട്ടുകൾ നൂററമ്പതോളം കവികൾ പാടീട്ടുള്ളവയാണ്. ഐങ്കുറുനൂറിൽ അഞ്ചുകവികളുടെ അഞ്ഞൂറു പാട്ടുകളുണ്ട്. ഈ അഞ്ഞൂറുപാട്ടുകളും മാന്തരംചേരലിരുമ്പൊറൈ എന്ന ചേരരാജാവിൻെറ ആജ്ഞയനുസരിച്ചു കൂടലൂർകിഴാർ എന്ന പണ്ഡിതൻ സഞ്ചയിച്ചതായിട്ടാണു കാണുന്നതു്. 'പതിററുപ്പത്തു' എന്ന കൃതി ചേരരാജാക്കന്മാരെ പ്രശംസിച്ചുള്ള പത്തു കവികളുടെ പാട്ടുകൾ ഒന്നിച്ചു ചേർത്തതാകുന്നു. അവയിൽ രണ്ടുമുതൽ ഒൻപതുവരെ എട്ടു 'പത്തു'കൾ മാത്രമേ കണ്ടുകിട്ടീട്ടുള്ളു. ഒന്നാമത്തേയും പത്താമത്തേയും പത്തുകൾ ഇനിയും അന്ധകാരഗർത്തത്തിൽ ആണ്ടുകിടക്കുന്നതേയുള്ളു. പത്തുപ്പാട്ടിൽ തിരുമുരുകാററുപ്പടൈ, പൊരുനരാററുപ്പടൈ, ചിറുപാണാററുപ്പടൈ, പെരുമ്പാണാററുപ്പടൈ, മുല്ലൈപ്പാട്ടു, മധുരൈക്കാഞ്ചി, നെടുനല്‌വാടൈ, കുറിഞ്ചിപ്പാട്ടു, പട്ടിനപ്പാലൈ, മലൈപടുകടാം ഈ കൃതികൾ ഉൾപ്പെടുന്നു. തിരുക്കുറൾ, നാലടിയാർ ഇവ പതിനെൺകീഴ്ക്കണക്കിൽ പെടുന്ന പതിനെട്ടു കൃതികളിൽ ചേരുന്നു. ചിലപ്പതികാരം, മണിമേഖലൈ, ജീവകചിന്താമണി, കുണ്ഡലകേശി, വളൈയാപതി ഇവ പഞ്ചമഹാകാവ്യങ്ങളും, നീലകേശി, ചൂഡാമണി, യശോധരകാവ്യം, നാഗകുമാരകാവ്യം, ഉദയകുമാരകാവ്യം (ഉദയണൻകഥൈ)ഇവ പഞ്ചലഘുകാവ്യങ്ങളുമാകുന്നു. ഇവയിൽ മണിമേഖലൈ, കുണ്ഡലകേശി, ഇവ ബൌദ്ധഗ്രന്ഥങ്ങളും ചിന്താമണിയും പഞ്ചലഘുകാവ്യങ്ങളും ജൈനഗ്രന്ഥങ്ങളുമാണ്. ഒടുവിൽ പറഞ്ഞ ഏഴു ഗ്രന്ഥങ്ങളും സംഘകാലത്തിനിപ്പുറമുണ്ടായ കൃതികളാണെന്നു പറയേണ്ടിയിരിക്കുന്നു. ചിന്താമണി രചിച്ച തിരുത്തക്കതേവർ ജീവിച്ചിരുന്നതു ക്രി: പി: എട്ടാംശതകത്തിലാണ്. പുറനാനൂററിലെ ചില പാട്ടുകൾക്കാണു സംഘഗ്രന്ഥങ്ങളിൽവച്ചു കൂടുതൽ പഴക്കമുള്ളതു്. സംഘഗ്രന്ഥങ്ങളിൽ പലതിലും ചേരരാജാക്കന്മാരെപ്പററി പ്രസ്താവനയുള്ളതിനാൽ അവയുമായി കേരളീയർ സാമാന്യമായി പരിചയിച്ചിരിക്കേണ്ടതു് അഭിലഷണീയമാണ്; പതിററുപ്പത്തിനേയും ചിലപ്പതികാരത്തേയുംപററി അവർ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതുമുണ്ട്.

Digitized By Kerala Sahitya Akademi

**പതിററുപ്പത്ത്:**— പതിററുപ്പത്തിൽ ഓരോ പത്തും ഓരോ ചേരരാജാവിന്റെ അപദാനങ്ങളെപ്പററി അതാതു കാലത്തു ജീവിച്ചിരുന്ന കവികൾ പാടീട്ടുള്ളതാണ്. രണ്ടാമത്തെ പത്തിൽ കുമട്ടൂർ കണ്ണനാർ ഇമയവരമ്പൻ നെടുഞ്ചേരലാതനേയും, മൂന്നാമത്തേതിൽ പാലൈ ഗൗതമനാർ പല്യാനൈ ചെല്കെഴുകുട്ടുവനേയും, നാലാമത്തേതിൽ കാപ്പിയാററു കാപ്പിയനാർ, കളങ്കായ്ക്കണ്ണിനാർ മുടിച്ചേരലിനേയും, അഞ്ചാമത്തേതിൽ പരണർ കടൽ പിറകോട്ടിയ ചെങ്കുട്ടുവനേയും, ആറാമത്തേതിൽ കാക്കൈ പാടിനിയാർ നച്ചെള്ളൈയാർ എന്ന കവയിത്രി ആടുകോട്പ്പാട്ടു ചേരലാതനേയും, ഏഴാമത്തേതിൽ കപിലർ ചെല്വക്കടുങ്കോ വാഴിയാതനേയും, എട്ടാമത്തേതിൽ അരിശിൽകിഴാർ തകടൂരെറിന്ത പെരുഞ്ചേരൽ ഇരുമ്പൊറൈയേയും, ഒൻപതാമത്തേതിൽ പെരുങ്കുൻറൂർകിഴാർ കുടക്കോ ഇളഞ്ചേരൻ ഇരുമ്പൊറൈയേയും വാഴ്ത്തുന്നു. നാലാമത്തേ പത്തിൽ അന്താദിപ്രാസമുണ്ട്. ഇവരെക്കൂടാതെ ഓരോ പത്തിന്റേയും (പതികം) അവതരണഗാനത്തിൽ നിന്നു വേറെ ചില ചേരരാജാക്കന്മാരെപ്പററിയും നാം അറിയുന്നുണ്ട്. ഇവർ സുമാർ ക്രി: പി: ഒന്നാം ശതകത്തിന്റെ ആരംഭം മുതൽ മൂന്നാംശതകത്തിന്റെ അവസാനംവരെ രാജ്യഭാരം ചെയ്തതായി ചില ഗവേഷകശ്രേഷ്ഠന്മാർ അനുമാനിക്കുന്നു. ചേരന്മാർ വഞ്ചിയിലും ഇരുമ്പൊറൈകൾ അവരുടെ പ്രതിപുരുഷന്മാരായി തൊണ്ടിയിലും രാജ്യഭാരം ചെയ്തു. എല്ലാവരും ഒന്നുപോലെ കവികളെ ദാനങ്ങളും സ്ഥാനമാനങ്ങളുംകൊണ്ടു പ്രോത്സാഹിപ്പിച്ചുപോന്നു. പരണരും കപിലരും മഹാകവികളായിരുന്നു. കോട്ടമ്പലത്തു തുഞ്ചിയ (മരിച്ച) മാക്കോതൈ എന്ന ചേരരാജാവു് ഒരു പണ്ഡിതനായിരുന്നു എന്നു പുറനാനൂറിൽനിന്നു നാം അറിയുന്നു. പാലൈ പാടിയ പെരുങ്കടുങ്കോ ,എന്ന ചേരരാജാവിന്റെ കവനാകലാപാടവം 'പാലൈ പാടിയ' എന്ന ബിരുദത്തിൽനിന്നുതന്നെ ഗ്രഹിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ പാലൈക്കലി എന്ന പ്രസിദ്ധമായ കൃതിക്കു പുറമേ ചില പാട്ടുകൾ നററിണൈ, അകനാനൂറു്, കുറുന്തൊകൈ ഈ ഗ്രന്ഥങ്ങളിലും എടുത്തുചേർത്തിട്ടുണ്ട്. മാന്തരം ചേരലിരുമ്പൊറയെപ്പററി മുൻപുതന്നെ പ്രസ്താവിച്ചുകഴിഞ്ഞു.

**ചിലപ്പതികാരം:**—അത്യന്തം മനോഹരമായ ഈ മഹാകാവ്യത്തിന്റെ പ്രണേതാവു കടൽപിറകോട്ടിയ ചെങ്കുട്ടുവന്റെ അനുജനായ ഇളങ്കോവടികളാണ്. ആ മഹാകവിമൂർദ്ധന്യനെ ചിലപ്പതികാരത്തിന്റെ പതികത്തിൽ

"കുണവായിർക്കോട്ടത്തരചു തുറന്തിരുന്ത
കുടക്കോച്ചേരലിളങ്കോവടി"

എന്നു പ്രശംസിച്ചുകാണുന്നു. ഇളങ്കോ ബാല്യത്തിൽതന്നെ പിതാവായ നെടുഞ്ചേരലാതനോടു് ഒരു ജ്യോത്സ്യൻ തന്റെ ജ്യേഷ്ഠനല്ല താനാണ് രാജ്യം ഭരിക്കുവാൻ പോകുന്നതെന്നു പ്രവചിക്കുകനിമിത്തം അദ്ദേഹത്തിനുണ്ടായ മനസ്താപം നീങ്ങുവാൻ ജൈനവിധിയനുസരിച്ചുള്ള സന്യാസം

Digitized By Kerala Sahitya Akademi

സ്വീകരിച്ചു തൃക്കണാമതിലകത്തെ ആഹ്റതക്ഷേത്രത്തിൽ സർവസംഗപരിത്യാഗിയായി കാലയാപനംചെയ്തു എന്നാണ് ഐതിഹ്യം. അദ്ദേഹം ശൈവനായിരുന്നു എന്നു വാദിക്കുന്നവരും ഇല്ലെന്നില്ല. ചിലപ്പതികാരം പുകാർ (കാവേരിപ്പട്ടണം) കാണ്ഡം, മധുരൈക്കാണ്ഡം, വഞ്ചികാണ്ഡം എന്നിങ്ങനെ മൂന്നു കാണ്ഡങ്ങളിൽ മുപ്പതു കാതൈ (ഗാഥ)കളായി രചിക്കപ്പെട്ടിരിക്കുന്നു. മൂവരശരുടെ മൂന്നു രാജ്യങ്ങളെയും കവി ഓരോ കാണ്ഡംകൊണ്ടു വർണ്ണിച്ചിരിക്കുന്നു. ഇയൽ, ഇചൈ, നാടകം ഇവ മൂന്നിന്റേയും ലക്ഷ്യങ്ങൾ ഈ കാവ്യത്തിൽ അടങ്ങിയിട്ടുള്ളതുകൊണ്ട് ഇതിനെ മുത്തമിഴ്ക്കാവ്യമെന്നു സഹൃദയന്മാർ ഐകകണ്ഠ്യേന വാഴ്ത്തിവരുന്നു. ഇതല്ലാതെ മറ്റൊരു മുത്തമിഴ്ക്കാവ്യം തമിഴ്സാഹിത്യത്തിൽ ഇല്ലെന്നുള്ളതും നാം അറിഞ്ഞിരിക്കേണ്ടതാണ്. മണിമേഖല മുപ്പതു ഗാഥകളിൽ അദ്ദേഹത്തിന്റെ സ്നേഹിതനും ബൗദ്ധകവിശ്രേഷ്ഠനുമായ മധുരയിലെ കുലവാണികൻ (നെൽക്കച്ചവടക്കാരൻ) ചാത്തനാർ നിർമ്മിച്ച ഒരു കൃതിയാണ്. ആ മഹാകാവ്യം തൃക്കണാമതിലകത്തു് ഇളങ്കോവടികളുടെ സന്നിധാനത്തിൽ അരങ്ങേറപ്പെട്ടു. അപവർഗ്ഗസാധകമായ ആ വാങ്മയരത്നം കണ്ടപ്പോൾ അതിന്റെ പ്രാക്കഥാംശത്തെ ഉപജീവിച്ചു ത്രിവർഗ്ഗസാധകമായ ഒരു കാവ്യം രചിക്കുവാൻ ഇളങ്കോവടികൾക്കും ആഗ്രഹമുണ്ടായി. അതിന്റെ ഫലമാണു പ്രസ്തുത ഗ്രന്ഥം.

**ഇതിവൃത്തം:**—കോവലനും അദ്ദേഹത്തിന്റെ ധർമ്മപത്നി കണ്ണകിയും പുകാറിൽ (കാവിരിപ്പൂമ്പട്ടിനം, കാവേരിപ്പട്ടണം) ധനസമൃദ്ധിയുള്ള രണ്ടു വണിക്കുടുംബങ്ങളിലേ അങ്ഗങ്ങളായിരുന്നു. അവരുടെ ദാമ്പത്യജീവിതം കോവലൻ മാധവി എന്ന വേശ്യയെക്കണ്ടുമുട്ടുന്നതുവരെ പ്രശാന്തസുഭഗമായി കഴിഞ്ഞുകൂടി. മാധവിയാൽ വശീകൃതനായപ്പോൾ ആ യുവാവു കണ്ണകിയെ തീരെ വിസ്മരിച്ചു സർവസ്വവും തന്റെ പുതിയ പ്രേമഭാജനത്തിനായി സമർപ്പിച്ച് അവൾക്കടിമയായി ജീവിച്ചു. അവിടെ ഇന്ദ്രോത്സവകാലത്തു കോവലനും മാധവിയും കടൽക്കരയിൽ വിനോദിക്കവേ മാധവി പാടിയ ഒരു പാട്ടിൽനിന്നു കോവലന് അവളുടെ അനുരാഗത്തിൽ ശങ്ക തോന്നി. തൽക്ഷണം അവളെ ഉപേക്ഷിച്ചു പശ്ചാത്താപത്തോടുകൂടി അദ്ദേഹം കണ്ണകിയുടെ സന്നിധാനത്തിലേക്കുതന്നെ മടങ്ങുകയും ആ പതിദേവത ഭർത്താവിന്റെ സമസ്താപരാധങ്ങളും ക്ഷമിച്ച് അദ്ദേഹത്തിൽ പൂർവാധികം പ്രേമവതിയാകുകയും ചെയ്തു. രണ്ടുപേരും പുകാർ വിട്ടു മധുരയിൽ ചെന്ന് ആയുശ്ശേഷം നയിക്കാമെന്നു തീർച്ചപ്പെടുത്തി. വല്ല തൊഴിലിലും ഏർപ്പെടുന്നതിനു കോവലനു, തന്റെ പ്രേയസി കാലിൽ അണിഞ്ഞിരുന്ന രണ്ടു പൊൻചിലമ്പുകൾമാത്രമേ മൂലധനമായുണ്ടായിരുന്നുള്ളൂ. അതു മധുരയിലെ രാജാവായ നെടുഞ്ചേഴിയനു വിററുകിട്ടുന്ന പണംകൊണ്ടു കാലക്ഷേപം ചെയ്യാമെന്നായിരുന്നു അദ്ദേഹത്തിന്റെ ആശ. മധുരയിൽ ചെന്ന് അതിൽ ഒരു ചിലമ്പു രാജാവിന്റെ തട്ടാനെക്കാണിച്ച് അതു

Digitized By Kerala Sahitya Akademi

റിറവുതരണമെന്നു കോവലൻ അപേക്ഷിച്ചു. പാണ്ഡ്യരാജ്ഞിയുടെ ഒരു ചിലമ്പ് അതിന് അല്പംമുമ്പു കട്ടെടുത്തിരുന്ന ദുഷ്ടനായ തട്ടാൻ അതൊരു തക്കമാണെന്നു കരുതി കോവലനെ കൊട്ടാരത്തിൽ പിടിച്ചു കൊണ്ടു ചെന്നു രാജാവിനെ ചിലമ്പു കാണിച്ച് അത് ആ വിദേശീയൻ രാജഗൃഹത്തിൽനിന്നു മോഷ്ടിച്ചതാണെന്നു നിവേദനം ചെയ്തു. ഉടൻതന്നെ അവിമൃശ്യകാരിയായ ആ ദുഷ്പ്രഭു ചിലമ്പു കരസ്ഥമാക്കിക്കൊണ്ടു കോവലനെ കൊലചെയ്യിച്ചു. ആ അത്യാഹിതം കേട്ട് അടക്കവാൻ പാടില്ലാത്ത അന്തസ്താപത്തോടുകൂടി കണ്ണകി വധ്യഭൂമിയിൽ ഓടിയെത്തി ഭർത്താവിന്റെ മൃതശരീരത്തെക്കാണുകയും അവിടെനിന്നു ക്രോധാവിഷ്ടയായി പാഞ്ഞ് അരമനനാടയിൽ ചെന്നു രാജാവിനെ മാണിക്യംകൊണ്ടു നിറച്ചിരുന്ന തന്റെ മറെറച്ചിലമ്പ് ഉടച്ചു കാണിക്കുകയും മുത്തുകൾ ഉള്ളടക്കിയിരുന്ന പട്ടമഹിഷിയുടെ ചിലമ്പല്ല തന്റേത് എന്നു ബോധ്യപ്പെടുത്തുകയും ചെയ്തു. പാപഭീരുവായ രാജാവു നഷ്ടസംജ്ഞനായി നിലത്തു വീണു പ്രാണത്യാഗം ചെയ്തു. കണ്ണകി തന്റെ ഇടത്തേ മുലക്കണ്ണു പറിച്ചെറിഞ്ഞു മധുര അഗ്നിക്കിരയാകട്ടെ എന്നു ശപിച്ചു. സർവൈശ്വര്യസമൃദ്ധമായ ആ രാജധാനി തൽക്ഷണം വെന്തു വെണ്ണീറായി. കണ്ണകി മധുര വിട്ടു വൈകയാറിന്റെ തീരത്തുകൂടി പടിഞ്ഞാറോട്ടു നടന്നു മല കേറി മുരുകവേൾ (സുബ്രഹ്മണ്യൻ)കുന്നിൽച്ചെന്നു് അവിടെ ഒരു വേങ്ങമരത്തിന്റെ ചുവട്ടിൽ അനേകം കുറവർ നോക്കിനില്ക്കവേ ദിവ്യരൂപനായ കോവലനോടുകൂടി ഇന്ദ്രരഥത്തിൽ കയറി സ്വർഗ്ഗത്തിലേക്കു പോയി. ഇതിനു മേലാണ് വഞ്ചികാണ്ഡം ആരംഭിക്കുന്നത്. ഒടുവിലത്തേ ഏഴു ഗാഥകൾ ആ കാണ്ഡത്തിൽ പെടുന്നു. ആ അത്ഭുതമായ വൃത്താന്തം കുറവർ ചെങ്കുട്ടവനെ അറിയിച്ചു. അപ്പോൾ ആ രാജാവ് പെരിയാറിന്റെ കരയിൽ തന്റെ പട്ടമഹിഷി വേണ്മാളോടും അനുജൻ ഇളങ്കോവടികളോടും സദസ്യൻ ചാത്തനാരോടും മററുംകൂടി വിശ്രമസുഖം അനുഭവിക്കുകയായിരുന്നു. അതു കേട്ടപ്പോൾ ചെങ്കുട്ടവൻ ആ 'പത്തിനിക്കടവു'ളിന്റെ (ദേവതാരൂപം കൈക്കൊണ്ട സതീരത്നത്തിന്റെ) ആരാധനത്തിനു സമുചിതമായ ഒരു ശില ഹിമവൽപർവ്വതത്തിൽനിന്നു കൊണ്ടുവന്ന് ആ ശില ഒരു വിഗ്രഹമാക്കി പുതിയ ഒരു ക്ഷേത്രം പണിയിച്ച് അത് അവിടെ പ്രതിഷ്ഠിക്കണമെന്നു നിശ്ചയിച്ചു. അതനുസരിച്ചു സ്ഥിരപ്രതിജ്ഞനായ അദ്ദേഹം ദിഗ്വിജയം ചെയ്തു തന്റെ അഭീഷ്ടം സാധിച്ചു കൃതകൃത്യനായി. കോവലന്റേയും കണ്ണകിയുടേയും വൃത്താന്തം അറിഞ്ഞു ദുഃഖിതയായ മാധവിയും അവളുടെ പുത്രി മണിമേഖലയും ഐഹികങ്ങളായ വസ്തുക്കളിൽ ആശ വിട്ടു ബൗദ്ധഭിക്ഷുണികളായിത്തീർന്നു. മണിമേഖലയുടെ ചരിത്രമാണ് ചാത്തനാരുടെ മഹാകാവ്യത്തിൽ പ്രതിപാദിക്കപ്പെടുന്നതു്. നാം ഇന്നു കൊടുങ്ങല്ലൂർ ഭഗവതിയെന്നു സങ്കല്പിച്ച് ആരാധിക്കുന്നതു ചെങ്കുട്ടവൻ പ്രതിഷ്ഠിച്ച കണ്ണകിയുടെ പ്രതിമയാണ്. ആ ദേവിക്ക് ഒററമുലച്ചി എന്നൊരു

Digitized By Kerala Sahitya Akademi

പേരുണ്ട്. പല ദേവീക്ഷേത്രങ്ങളിലും മററും പാടിവരുന്ന തോററംപാട്ടുകളിലെ കഥയും ചിലപ്പതികാരത്തിലേതുതന്നെയാണ്. കോവലനെ അവയിൽ ചില പാട്ടുകളിൽ പാലകൻ എന്നു വ്യവഹരിച്ചുവരുന്നു. കോവലൻ എന്ന പദം ഗോപാലന്റെ തത്ഭവമാണ്. 'ഗോപാലൻ' സങ്കോചിച്ചതാണ് പാലകൻ. ചെങ്കുട്ടുവനേയും ആനുഷങ്ഗികമായി ചേരരാജവംശത്തേയും സംബന്ധിച്ചുള്ള പല വിഷയങ്ങൾ കവി വഞ്ചികാണ്ഡത്തിൽ പ്രകീർത്തനം ചെയ്തിട്ടുണ്ട്. കൊടുങ്ങല്ലൂരിലെ പ്രതിഷ്ഠയെ അനുകരിച്ചു ചോളരാജധാനിയായ ഉറയൂരിലും സിംഹളദ്വീപിലും അതേതരത്തിലുള്ള പ്രതിഷ്ഠകൾ നടന്നതായും ഇളങ്കോവടികൾ പ്രസ്താവിക്കുന്നു.

**വഞ്ചി—കണവായിൽ:**—ചെങ്കുട്ടുവന്റെ രാജധാനി കേരളത്തിലെ തിരുവഞ്ചിക്കുളമല്ലെന്നും തൃശ്ശിനാപ്പള്ളിയിലെ കരുവൂരാണെന്നും വാദിക്കുന്ന ചില ദ്രാവിഡപണ്ഡിതന്മാർ ഇന്നും ഉണ്ട്. അവരുടെ വാദത്തെ ഖണ്ഡിക്കുവാൻ അനേകം തെളിവുകൾ ചിലപ്പതികാരത്തിലും മററു സംഘഗ്രന്ഥങ്ങളിലുംനിന്നു് എടുത്തുകാണിക്കാവുന്നതാണ്. ഒന്നാമതു പുറനാനൂറിൽ ഒരു രാജാവിനെ കരുവൂരേറിയ ഒളിവാൾകോപ്പെരുഞ്ചേരലിരുമ്പൊറൈ എന്നും പതിററുപ്പത്തു മൂന്നാം പത്തിൽ പല്യാനൈ ചെല്കെഴുകുട്ടുവനെ കൊങ്കു (കൊങ്ങ്=കോയമ്പത്തൂർ) പിടിച്ചടക്കിയ രാജാവെന്നും വർണ്ണിച്ചിട്ടുണ്ട്. ഈ രാജാക്കന്മാരുടെ കാലത്തായിരിക്കണം കരുവൂരും കൊങ്കും സാമ്രാജ്യം ചേരന്മാർക്കു അധീനമായതു്. രണ്ടാമതു ചിലപ്പതികാരത്തിന്റെ വ്യാഖ്യാതാവായ അടിയാർക്കുനല്ലാർ "കുൻറക്കുറവരൊരുങ്കുടൻകൂടി" എന്ന ഭാഗത്തിനു് അർത്ഥമെഴുതുമ്പോൾ "കുൻറമെൻറാൽ കൊടുങ്കോളൂരുക്കു അയലതാകിയ ചെങ്കുൻറമെനമലൈ" എന്നു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. മൂന്നാമതു് "പെരുമലൈവിലങ്കിയപെരിയാററടൈ കരൈ" എന്ന വരിയിൽ മലകാണുവാൻചെന്ന ചെങ്കുട്ടുവൻ വിവരിക്കുന്നതായി ഇളങ്കോവടികൾ വർണ്ണിക്കുന്ന സ്ഥലം നമ്മുടെ പെരിയാററിന്റെ കരതന്നെയാണ്. തൃശ്ശിനാപ്പള്ളിയിൽ കരുവൂരിൽനിന്നു മലകാണുവാൻ പെരിയാററിൻ കരവരെ വരണമെന്നില്ലല്ലോ. നാലാമതു കുറവർ അവിടെ തിരുമുൽക്കാഴ്ച വയ്ക്കുന്ന സാധനങ്ങളിൽ പലതും കേരളത്തിലെ മലകളിലല്ലാതെ മറെറാരിടത്തും ഉണ്ടാകുന്നവയല്ല. ഏലവല്ലി, കൂവനീറ്, (തെങ്ങിൻപഴൻ) തേങ്ങാ, (പലവിൻപഴങ്കൾ) പഴുത്തചക്ക, കമുകിൻകുല മുതലായവയാണ് അവരുടെ ഉപഹാരദ്രവ്യങ്ങൾ. അഞ്ചാമതു ചെങ്കുട്ടുവൻ ദിഗ്വിജയം കഴിഞ്ഞു തിരിയെ വരുമ്പോൾ (പറൈയൂർ കൂത്തച്ചാക്കൈയൻ) പാറവൂർ ചാക്യാരുടെ കൂത്തു കാണുകയുണ്ടായി. പറയൂർ എന്നതു പാറവൂർ എന്നതിന്റെ പൂർവ്വരൂപമാണെന്നു ശിലാശാസനദ്വാരാ നാം അറിയുന്നു. ചാക്യാർ അതഭിനയിച്ചതു തൃശ്ശിനാപ്പള്ളിയിലെ കരുവൂരിൽവച്ചായിരിക്കുവാൻ തരമില്ലല്ലോ. ആറാമതു കണ്ണകി മധുര വിട്ടു ചേരരാജ്യത്തിലേക്കു പോയതു വൈകയുടെ കരവഴിക്കു പശ്ചിമാഭിമുഖ

Digitized By Kerala Sahitya Akademi

മായാണ്; തൃശ്ശിനാപ്പള്ളിക്കരൂരിലേക്കാണെങ്കിൽ ആ യാത്ര ഉത്തരാഭിമുഖമായി വേണ്ടതായിരുന്നു. ഏഴാമത് അടിയാക്കുനല്ലാരെക്കാൾ പ്രാചീനനായ അരുമ്പത ഉരയാചിരിയർ എന്ന ചിലപ്പതികാര വ്യാഖ്യാതാവു വഞ്ചി കടൽക്കരയിലുള്ള തുറമുഖമാണെന്നു രേഖപ്പെടുത്തീട്ടുണ്ട്; ഇന്നു് അവിടത്തെ അഴിക്കു തിരുവഞ്ചാഴിമുഖമെന്നു പേരുമുണ്ട്. എട്ടാമത്തു മണിമേഖല ഇരുപത്തെട്ടാമത്തേ ഗാഥയിൽ ചോളരുടെ രാജധാനി കാഞ്ചീപുരത്തേക്കു മാററിയപ്പോൾ അവിടെ ഈതിബാധനിമിത്തം വലുതായ ക്ഷാമമുണ്ടായെന്നും അതിൽനിന്നു രക്ഷനേടുവാൻ ജനങ്ങൾ വഞ്ചിയെ അഭയം പ്രാപിച്ചു എന്നും കവി വർണ്ണിച്ചിരിക്കുന്നു. കാഞ്ചീപുരത്തു മഴയില്ലെങ്കിൽ തൃശ്ശിനാപ്പള്ളിക്കരൂരിലും അതുണ്ടായിരിക്കുമായിരിക്കുമെന്നുള്ളതിനാൽ അവർ തിരുവഞ്ചിക്കുളത്തേക്കു പോന്നു എന്നൂഹിക്കുന്നതായിരിക്കും സമീചീനമായിട്ടുള്ളത്. ഒൻപതാമത്തു ചേക്കിഴാർ ക്രി: പി: 1100_ാമാണ്ടിടയ്ക്കു രചിച്ച പെരിയ പുരാണത്തിൽ ചേരമാൻപെരുമാൾ നായനാരുടെ രാജധാനിയെ വഞ്ചിയെന്നും, തിരുവഞ്ചൈക്കളമെന്നും, മകോതയെന്നും, കൊടുങ്കോളൂരെന്നും പല പേരുകളിൽ വ്യവഹരിക്കുന്നു. അഞ്ചൈക്കളം എന്നാൽ അഞ്ചയുടെ (അഞ്ചൈ=അഞ്ചൈത്ത=അമ്മ) സ്ഥലം എന്നർത്ഥം. 'അഞ്ചൈക്കളത്തപ്പനെ'പ്പററി സുന്ദരമൂർത്തിനായനാർ പാടീട്ടുണ്ട്. 'അഞ്ജനഖളം' എന്നു കോകിലസന്ദേശത്തിൽ ഉദ്ദണ്ഡശാസ്ത്രികളും 'പഞ്ചരങ്ഗാധിനാഥം നതഃ' എന്നു ഭ്രമരസന്ദേശത്തിൽ വാസുദേവകവിയും അതിനെ സ്മരിക്കുന്നതു് അർത്ഥാവബോധം ഇല്ലാതെയാണ്. ചേക്കിഴാരുടെ ''ചേരർ കുലക്കോവീററിരുന്തു മുറൈപുരിയും കുലക്കോമൂതൂർ കൊടുങ്കോളൂർ'' അതായതു് ''ചേരരാജാവു് എഴുന്നരുളിയിരുന്നു രാജ്യഭാരം ചെയ്യുന്ന അവരുടെ വംശത്തിൻെറ പുരാണനഗരമായ കൊടുങ്ങല്ലൂർ'' എന്നു പ്രസ്താവിച്ചിട്ടുള്ളതിനു ചിലർ പറയുന്ന സമാധാനം ചോളരാജാക്കന്മാരെ ഭയപ്പെട്ടു ചേരരാജാക്കന്മാർ തൃശ്ശിനാപ്പള്ളിക്കരൂർ ഉപേക്ഷിച്ചുപോയി ചേരമാൻപെരുമാൾ നായനാരുടെ കാലത്തിനുമുമ്പു കൊടുങ്ങല്ലൂർ തങ്ങളുടെ രാജധാനിയാക്കിയെന്നാണ്. ഈ സമാധാനം തീരെ ഉപപന്നമല്ല. ക്രി: പി: 150_ാമാണ്ടിടയ്ക്കു ടോളമി എന്ന റോമൻഗ്രന്ഥകാരൻ കേരോബോത്രാസിൻെറ (കേരളപുത്രൻെറ) രാജധാനി 'കരൂര'യാണെന്നു പറഞ്ഞിട്ടുണ്ട്. ആ കരൂരും തിരുവഞ്ചിക്കളംതന്നെയാണെന്നു കൊടുങ്ങല്ലൂരിനു് അടുത്തു വടക്കുള്ള കരുപ്പടന്ന എന്ന സ്ഥലത്തിൻെറ പേരിൽനിന്നു നമുക്കു ഗ്രഹിക്കാവുന്നതാണ്. ഇതുപോലെ കുണവായിൽ കേരളത്തിലെ സംസ്കൃതസാഹിത്യത്തിൽ 'ഗുണകാ' എന്ന രൂപം സ്വീകരിച്ചു. ''ഗുണകാനാഥ ഇത്യൂഢകീർത്തിഃ'' എന്നു ശുകസന്ദേശത്തിലും 'ഗുണകാം മാടധാത്രീന്ദ്രഗുപ്താം'' എന്നു ഭ്രമരസന്ദേശത്തിലും പ്രയുക്തമായിക്കാണുന്നു. കുണവായിലിലേ 'ഇൽ' എന്നതു സപ്തമീവിഭക്തിപ്രത്യയമാണെന്നു പശ്ചാൽകാലികന്മാർ തെററിദ്ധരിച്ചുപോയതുപോലെ തോന്നുന്നു. അപ്രകാശിതവും ക്രി: പി: പ

Digitized By Kerala Sahitya Akademi

ന്റുണ്ടാംശതകത്തിലോ മറ്റോ രചിച്ചതെന്നു അനുമാനിക്കാവുന്നതുമായ ഉണ്ണിയച്ചീചരിതം എന്ന മണിപ്രവാളചമ്പുവിൽ "കുണവായ്ക്കണ്മപി കുണപം ദധതീ" എന്നൊരു പ്രയോഗമുണ്ട്. കുണവായിൽ എന്നാൽ കിഴക്കേ വാതിലെന്നും കോട്ടമെന്നാൽ ക്ഷേത്രമെന്നുമാണ് അർത്ഥം. ഇന്നും ക്ഷുദ്രദേവതാലയങ്ങളെ കോട്ടമെന്നു പറയാറുണ്ട്. അടിയാക്കുനല്ലാരുടെ 'തിരുക്കുണവായിൽ' ചമ്പുവിലേ കുണവായിൽ നിന്നു 'തൃക്കണാ'വായി മതിലകവുമായിച്ചേർന്ന് തൃക്കണാമതിലകമായി തീർന്നിരിക്കുന്നു. ആ സ്ഥലം കൊടുങ്ങല്ലൂരിനു കിഴക്കല്ല, ഏഴു മൈൽ വടക്കായിരിക്കേ അതിന് എങ്ങനെ കുണവായിൽ എന്നു പേർ വന്നു എന്നു ചിലർ ചോദിക്കാറുണ്ട്. വഞ്ചി പണ്ടു തൃക്കണാമതിലകംവരെ വ്യാപിച്ചിരുന്നു എന്ന് ഐതിഹ്യം ഘോഷിക്കുന്നു. സംഘകാലത്തിനുമുമ്പ് ഭൂസ്ഥിതി സംബന്ധിച്ചോ മറ്റോ സംഭവിച്ച വല്ല വ്യത്യാസവും കിഴക്കേ വാതലിനെ വടക്കേ വാതലാക്കിയിരിക്കാം; പേരിനുള്ള കാരണം മാറിയാലും പേർ മാറുന്നതല്ലല്ലോ. കുണവായിൽ എന്നാൽ വളഞ്ഞ വാതിലെന്നും അർത്ഥം വരാവുന്നതാണ്.

**ചിലപ്പതികാരത്തിൻെറ കാലം:—** ചിലപ്പതികാരത്തെ ക്രി: പി: ഒന്നാം ശതകം മുതൽ ക്രി: പി: പതിമ്മൂന്നാം ശതകംവരെ പല കാലങ്ങളുമായി പണ്ഡിതന്മാർ ഘടിപ്പിയ്ക്കുവാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ആ മതങ്ങളിൽ യുക്തിയുക്തവും ഭൂരിപക്ഷത്തിൻെറ അങ്ഗീകാരം സിദ്ധിച്ചിട്ടുള്ളതുമായ കാലം ക്രി: പി: രണ്ടാം ശതകമാണ്. തിരുജ്ഞാനസംബന്ധരുടേയും അപ്പരുടേയും കൃതികൾക്കും സംഘകൃതികൾക്കും തമ്മിൽ ഭാഷാവിഷയകമായുള്ള പ്രകടമായ ഭേദം മുമ്പുതന്നെ ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. ഈ ശൈവഭക്തന്മാരുടെ കാലം ക്രി: പി: ഏഴാം ശതകമാണ്. അതുകൊണ്ട് അതിനു മുമ്പായിരിക്കണം സംഘകാലമെന്നുള്ളതിനു സംശയമില്ല. പല്ലവരാജാക്കന്മാരെപ്പററി ചിലപ്പതികാരത്തിലാകട്ടെ മണിമേഖലയിലാകട്ടെ യാതൊരു സൂചനയുമില്ല. അതിനാൽ കാഞ്ചീപുരത്തെ സ്മരിക്കുന്ന മണിമേഖലയും തദനന്തരോദ്ധേന ചിലപ്പതികാരവും പല്ലവവംശം അവിടെ സ്ഥാപിതമായ ക്രി: പി: മൂന്നാം ശതകത്തിനുമുമ്പാണ് നിർമ്മിക്കപ്പെട്ടതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. മധുരയിലെ അഗ്നിബാധ ക്രി: പി: 171 കർക്കടകം 26-ാംനു-യാണെന്നു ചില പണ്ഡിതന്മാർ ചിലപ്പതികാരത്തിലുള്ള ജ്യോതിഗ്ഗണിതസൂചനകളെ ആസ്പദമാക്കി തീർച്ചപ്പെടുത്തിയിരിക്കുന്നു. സിംഹളരാജാവായ ഗജബാഹു കണ്ണകിദേവിയുടെ പ്രതിഷ്ഠയ്ക്കു വഞ്ചിയിൽ സന്നിഹിതനായിരുന്നതായി കാണുന്നു. ഗജബാഹുവിൻെറ വാഴ്ച ക്രി: പി: 173 മുതൽ 195 വരെയാണ്. പല കാരണങ്ങളെക്കൊണ്ടും പ്രസ്തുത പ്രതിഷ്ഠ ക്രി: പി: 176-ൽ നടന്നതായി തീരുമാനിക്കുന്നതിൽ വിരോധമില്ല.

**സംഘകൃതികളും ആര്യസംസ്കാരവും:—** ചെന്തമിഴ് സാഹിത്യത്തിൻെറ ആവിർഭാവത്തിനു മുമ്പുതന്നെ ആര്യസംസ്കാരവും സംസ്കൃ

Digitized By Kerala Sahitya Akademi

തഭാഷയും ദ്രാവിഡരുടെ ഇടയിൽ പ്രചരിക്കുക കഴിഞ്ഞിരുന്നു. അഗസ്ത്യരും തൊല്കാപ്പിയരും സംസ്കൃതവൈയാകരണന്മാരോട് എത്രമാത്രം കടപ്പെട്ടിരുന്നു എന്നു മുമ്പു പറഞ്ഞുവല്ലോ. സംഘഗ്രന്ഥങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ അക്കാലത്തു സംസ്കൃതവും തമിഴും എത്രമേൽ കൈകോർത്തും തമ്മിൽ കെട്ടുപെട്ടും ഇതരേതരാശ്രയങ്ങളായി കഴിഞ്ഞുകൂടിയിരുന്നു എന്നു കാണാവുന്നതാണ്. രണ്ടായിരം കൊല്ലത്തിനുമുമ്പുതന്നെ ദേവൻ, ദേവി, കാലം, ലോകം, ഭൂതം, യമൻ, വരുണൻ, യാമം, മണ്ഡലം, ദേശം, നിമിത്തം, ഉപമ, മന്ത്രം, സൂത്രം, ആനന്ദം ഇത്യാദിപദങ്ങൾ സംസ്കൃതത്തിൽനിന്നു ചെന്തമിഴിൽ എങ്ങനെയോ, അതുപോലെതന്നെ അടവി, കട്ട, കുടി, കുണ്ഡം, കലം, ശവം, മരായ, പട്ടണം, മീനം, വലയം, കടാക്ഷം മുതലായ പദങ്ങൾ ചെന്തമിഴിൽനിന്നു ഭാഷാരീതിക്ക് ആവശ്യകമായ രൂപഭേദത്തോടുകൂടി സംസ്കൃതത്തിലും സംക്രമിച്ചിരുന്നു. തമിഴർ മുതർപ്പാവലർ (ആദികവി) എന്നു പുകഴ്ത്താറുള്ള തിരുവള്ളുവരുടെ തിരുക്കുറളിലെ "അകരമുതലെഴുത്തെല്ലാമാതിപകവൻ മുതറ്റേയുലക" എന്ന ഒന്നാമത്തെ പാട്ടിൽത്തന്നെ അകാരം (അകരം) ആദി (ആതി) ഭഗവാൻ (പകവൻ) ലോകം (ഉലകം) ഇങ്ങനെ നാലു പദങ്ങൾ സംസ്കൃതത്തിൽനിന്നു സംക്രമിപ്പിച്ചിരിക്കുന്ന വസ്തുത നാം ഗ്രഹിച്ചിരിക്കേണ്ടതാണ്. അതുപോലെതന്നെ ഗൗതമശാപത്താൽ ഗ്രസ്തനായ ദേവേന്ദ്രൻ, അഗസ്ത്യശാപത്താൽ ആർത്തനായ നഹുഷൻ, ചിരഞ്ജീവിയായ മാർക്കണ്ഡേയൻ, ദാനശൗണ്ഡന്മാരായ ദധീചിമഹർഷിയും ശിബിചക്രവർത്തിയും, മായാവടുവായ വാമനൻ ഇത്യാദി പുരാണപുരുഷന്മാരുടെ ഉപാഖ്യാനങ്ങളെ വള്ളുവരും, ശ്രീകൃഷ്ണന്റെ ലീലകൾ, ശിവന്റെ ത്രിപുരസംഹാരം, സുബ്രഹ്മണ്യന്റെ ശൂരപത്മാസുരവധം, ഇത്യാദികഥകളെ മററു ചില സംഘകവികളും സന്ദർഭാനുഗുണമായി സ്മരിക്കുന്നു. വൈദികകാലത്തെ ദേവതകളായ ഇന്ദ്രനും വരുണനും, തമിഴരുടെ ഐന്തിണയിലെ ആരാധനമൂർത്തികളുടെ കൂട്ടത്തിൽ പെട്ടിരുന്നു എന്നു പറഞ്ഞുവല്ലോ. കാവേരിപ്പട്ടണത്തിൽ ദേവേന്ദ്രപ്രീതിക്കായി ഇരുപത്തെട്ടു ദിവസത്തെ ഉത്സവം ആഘോഷിച്ചിരുന്നു. അവരെക്കൂടാതെ ശ്രീപരമേശ്വരൻ, ബലരാമൻ, കാമദേവൻ, ആദിത്യൻ, ചന്ദ്രൻ, എന്നീ ദേവന്മാർക്കും ക്ഷേത്രങ്ങളും പൂജകളും ഉണ്ടായിരുന്നു. ബ്രഹ്മാവ്, ഗണപതി, ശ്രീരാമൻ മുതലായ ദേവതകളെപ്പററിയും സംഘകൃതികളിൽ പ്രസ്താവനകളുണ്ട്. , കല്പവൃക്ഷം, ഐരാവതം, വജ്രായുധം, മുതലായ ദിവ്യവസ്തുക്കളേയും ജനങ്ങൾ വന്ദിച്ചുവന്നു. ബ്രാഹ്മണരുടെ ആചാരങ്ങൾ പാണ്ഡ്യരാജ്യത്തിലെന്നപോലെ ചേരരാജ്യത്തിലും വേരുറച്ചുകഴിഞ്ഞിരുന്നു. നെടുഞ്ചേരലാതൻ ക്ഷേത്രങ്ങൾക്കും ബ്രാഹ്മണർക്കും ധാരാളമായി ദാനങ്ങൾ ചെയ്തിരുന്നു. പല്യാനൈ ചെല്ചെഴുകുട്ടുവൻ തന്റെ ആസ്ഥാനപണ്ഡിതനായ ഗൗതമനു പത്തു യാഗങ്ങൾ അനുഷ്ഠിക്കുവാൻ വേണ്ട സഹായം ചെയ്യുകയും ധർമ്മപുത്രൻ എന്ന ബിരുദം നേടുകയും ചെയ്തു. നാർമുടിച്ചേരലാതന്റെ പ്രധാ

Digitized By Kerala Sahitya Akademi

നദേവത ശ്രീപത്മനാഭനായിരുന്നു. ശിവഭക്തനും ആചാരശ്ലക്ഷ്ണനുമായ ചെങ്കുട്ടുവൻ യാഗം ചെയ്തു. അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ ഒരഗ്നിഹോത്രശാലയുണ്ടായിരുന്നതായി ചിലപ്പതികാരത്തിൽനിന്നു വെളിവാകുന്നു. പല യാഗകർമ്മങ്ങളും അനുഷ്ഠിച്ച ഒരു രാജാവായിരുന്നു പെരുഞ്ചേരൽ ഇരുമ്പൊറൈ. ചുരുക്കത്തിൽ ക്രി: പി: മൂന്നാം ശതകത്തിനു മുമ്പുതന്നെ ആര്യസംസ്കാരം ദക്ഷിണാപഥം മുഴുവൻ വ്യാപിച്ചതായി കരുതാവുന്നതാണ്. ഇങ്ങനെ അക്കാലത്തു ചേരന്മാർ ആര്യമതാനുയായികളായ ക്ഷത്രിയരായിരുന്നു എങ്കിലും അവർക്കു ബുദ്ധമതത്തോടും ജൈനമതത്തോടും യാതൊരു വിപ്രതിപത്തിയുമുണ്ടായിരുന്നില്ല. കോവലന്റെ പൂർവ്വന്മാരിൽ ഒരാൾ തിരുവഞ്ചിക്കുളത്ത് ഒരു ബൗദ്ധസ്തൂപം സ്ഥാപിച്ചിരുന്നു. അതു വന്ദിക്കുവാൻ മണിമേഖല അവിടെപ്പോയതായി ചാത്തനാർ പാടിയിരിക്കുന്നു. ജൈനക്ഷേത്രമായ കുണവായിൽ കോട്ടത്തെപ്പററി പ്രസ്താവിച്ചുകഴിഞ്ഞു. ചെങ്കുട്ടുവൻ ചന്ദ്രചൂഡാരാധകനായിരുന്നു എങ്കിലും അന്യമതങ്ങളേയും ബഹുമാനിച്ചിരുന്നു. ബൗദ്ധമതാനുയായി ആയിരുന്ന കോവലന്റെ പത്നിയായ കണ്ണകി ആജീവകമതാനുഗയായിരുന്നു എങ്കിലും ആ പതിദേവതയുടെ സ്മരണയ്ക്കു് ഒരു ക്ഷേത്രം സ്ഥാപിക്കുവാനുള്ള മഹാമനസ്കത ആ ചക്രവർത്തിക്കുണ്ടായി.

**അയ്യനരിതനാർ:—** ഇനി സംഘകാലത്തിനു പിന്നീട്ടു ജീവിച്ചിരുന്ന ചെന്തമിഴ്സാഹിത്യകാരന്മാരായ ചേരരാജാക്കന്മാരെപ്പററിക്കൂടി പ്രസ്താവിക്കാം. അവരിൽ അയ്യനരിതനാർ ഉദ്ദേശം ക്രി: പി: 7-ാം ശതകത്തിൽ ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ കൃതിയാണു് പൊരുളിനു് ഒരു പ്രധാനലക്ഷണഗ്രന്ഥമായ പുറപ്പൊരുൾവെൺപാമാലൈ. അതിന്റെ 'പായിര'ത്തിൽ തൊല്കാപ്പിയർ മുതലായ പന്ത്രണ്ടു പണ്ഡിതന്മാരാൽ വിരചിതമായ പന്നിരുപ്പടലം എന്ന ഗ്രന്ഥം നിഷ്കർഷിച്ചു പഠിച്ച അദ്ദേഹം "ഓങ്കിയ ചിറപ്പിനുലകമുഴുതാണ്ടവാങ്കു വിററടക്കൈ വാനവർ മരുമാൻ'' അതായതു വളഞ്ഞ വില്ലു കൈയിൽ ധരിച്ച ചേരരാജാക്കന്മാരുടെ വംശപരമ്പരയിൽ ജനിച്ച കവിയാണെന്നു പ്രസ്താവിച്ചിട്ടുണ്ടു്. പന്നിരുപ്പടലം കണ്ടുകിട്ടീട്ടില്ല. വെൺപാമാലയിലും പന്ത്രണ്ടു പടലങ്ങളുണ്ടു്. അവയിൽ ആദ്യത്തെ ഒൻപതു 'പുറ'ത്തേയും ബാക്കി മൂന്നു് 'അക'ത്തേയും പരാമർശിക്കുന്നു. ശത്രുക്കളുടെ പശുക്കളെ അപഹരിക്കുക (വെട്ചി), അവയെ വീണ്ടുകൊണ്ടുവരിക (കരന്തൈ), ശത്രുക്കളെ ആക്രമിക്കുക (വഞ്ചി), അക്രമികളുടെ നേക്കു് എതിർത്തു ചെല്ലുക (കാഞ്ചി), കോട്ട കാക്കുക (നൊച്ചി), ശത്രുക്കളുടെ കോട്ട വളയുക (ഉഴിഞൈ) മുതലായവയാണു് ഗ്രന്ഥത്തിലെ വിഷയങ്ങൾ.

**ശൈവസമയത്തിന്റെ അഭ്യുത്ഥാനം:—** മൂവരശർ ബൗദ്ധരോടും ജൈനരോടും മതവിഷയത്തിൽ പ്രദർശിപ്പിച്ച മഹാമനസ്കത സനാതനധർമ്മത്തിനു ദോഷകരമായി പരിണമിച്ചു. ആ രണ്ടു മതാനുയായികളും—അവരിൽ പ്രധാനമായി ജൈനർ—ഹിന്ദുമതത്തെ പ്രത്യക്ഷമായി അവഹേളനംചെയ്യുകയും അവരുടെ വിവിധങ്ങളായ വാങ്മയങ്ങ

Digitized By Kerala Sahitya Akademi

ട്ടുകൊണ്ടു പൊതുജനങ്ങളെമാത്രമല്ല രാജാക്കന്മാരെപ്പോലും തങ്ങളുടെ പാൎശ്വത്തിലേയ്ക്കു് ആകൎഷിക്കുകയും ചെയ്തു. ഹിന്ദുക്കളും ഉണൎന്നു; ഇതരമതക്കാരുമായി വാദപ്രതിവാദങ്ങളും നടത്തി അവരെ ജയിച്ചു; വഴിതെറ്റിപ്പോയ രാജാക്കന്മാരെ സ്വമതത്തിലേക്കു വീണ്ടെടുത്തു. ഈ അത്ഭുതകൎമ്മം നിൎവ്വഹിച്ച ജ്ഞാനസംബന്ധർ, അപ്പർ, സുന്ദരമൂൎത്തി, മാണിക്കവാചകർ ഈ നാലു ശിവഭക്തന്മാരേയും ശൈവസമയാചാൎയ്യന്മാർ എന്നു പറഞ്ഞുവരുന്നു. ജൈനമതത്തിൽ ചേൎന്നുപോയ അപ്പർ തന്റെ സഹോദരിയായ തിലകവതിയുടെ ഉപദേശമനുസരിച്ചു വീണ്ടും ഹിന്ദുവായി. അന്നത്തെ പല്ലവരാജാവും ജൈനനുമായിരുന്ന പ്രഥമ മഹേന്ദ്രവിക്രമനേയും ആ മതത്തിലേക്കു പരിവൎത്തനം ചെയ്യിച്ചു. ക്രി: പി: 600 മുതൽ 638 വരെ രാജ്യഭാരംചെയ്ത ഈ മഹേന്ദ്രവിക്രമനാണു് മത്തവിലാസപ്രഹസനത്തിന്റെ പ്രണേതാവു്. അപ്പർ ജാതിയിൽ വെള്ളാളനും ജ്ഞാനസംബന്ധരും മാണിക്കവാചകരും ബ്രാഹ്മണരും സുന്ദരമൂൎത്തി ഓതുവാരും (ഒരമ്പലവാസിവൎഗ്ഗം) ആയിരുന്നു. ജ്ഞാനസംബന്ധർ പാണ്ഡ്യരാജാവായ ക്രി: പി: 645 മുതൽ 675 വരെ പാണ്ഡ്യരാജ്യം ഭരിച്ച നൻറചീർനെടുമാറൻ എന്നുകൂടി പേരുള്ള കൂൻപാണ്ഡ്യനെ അദ്ദേഹത്തിന്റെ പട്ടമഹിഷി മംഗയക്കരശിയുടെ സാഹായ്യത്തോടുകൂടി ജൈനമതത്തിൽനിന്നു ഹിന്ദുമതത്തിലേക്കു വീണ്ടെടുത്തു. സംബന്ധർ പ്രഥമനരസിംഹവൎമ്മൻ (ക്രി: പി: 630 മുതൽ 668 വരെ രാജ്യഭാരകാലം) എന്ന പല്ലവരാജാവിന്റെ സേനാനിയായി അദ്ദേഹത്തിനുവേണ്ടി പശ്ചിമചാലൂക്യന്മാരുമായി ക്രി: പി: 642-ൽ വാതാപിയിൽവച്ചു നടന്ന യുദ്ധത്തിൽ പങ്കുകൊണ്ട മറ്റൊരു ശിവഭക്തനായ ചിറുത്തൊണ്ടരുടെ സുഹൃത്തായിരുന്നു. ഈ രണ്ടു് ആചാൎയ്യന്മാരും സമകാലികന്മാരായിരുന്നു എന്നും ഇവർ ജീവിച്ചിരുന്നതു ക്രി: പി: ഏഴാം ശതകത്തിലായിരുന്നു എന്നും ഇത്രയുമുള്ള പ്രസ്താവംകൊണ്ടു വ്യക്തമാകുന്നുണ്ടല്ലോ. സുന്ദരമൂൎത്തിയെപ്പററി മേൽ പ്രസ്താവിക്കും. മാണിക്കവാചകർ സുന്ദരമൂൎത്തിയെ അപേക്ഷിച്ചു് അൎവാചീനനായിരുന്നു. അന്തരത്തിൽ ശൈവമതോദ്ധാരണത്തിനായി ക്രി: പി: ഏഴാം ശതകംമുതൽ ഒൻപതാം ശതകംവരെ തീവ്രമായി പ്രയത്നിച്ച അറുപത്തിമൂന്നു ഭക്തന്മാരെ നായനാരന്മാർ (ദിവ്യന്മാർ) എന്ന പേരിൽ ചെന്തമിഴ്സാഹിത്യം പുകഴ്ത്തുന്നു. ജൈനമതത്തിലെ തീൎത്ഥങ്കരന്മാരും അറുപത്തിമൂന്നാണല്ലോ. നായനാരന്മാരുടെ ചരിത്രം മുഴുവൻ പ്രഥമകുലോത്തുംഗൻ എന്ന ചോളചക്രവൎത്തി (ക്രി: പി: 1070 മുതൽ 1115 വരെ രാജ്യഭാരകാലം)യുടെ മന്ത്രിയായ ചേക്കിഴാർ തന്റെ പെരിയപുരാണം എന്ന മനോഹരമായ ചെന്തമിഴ്ക്കാവ്യത്തിൽ വൎണ്ണിക്കുന്നു. മാണിക്കവാചകർ അറുപത്തിമൂവരിൽ പെടുന്നില്ല. അതിനുമുൻപുതന്നെ ചോളദേശത്തു തിരുനാരയൂരിലെ നമ്പിയാണ്ടാർ നമ്പി (ക്രി: പി: 975—1035) എന്ന ബ്രാഹ്മണപുരോഹിതൻ, സംബന്ധർ, അപ്പർ തുടങ്ങിയ നായനാരന്മാരുടെ ഗാനങ്ങളെ പതിനൊന്നു തിരുമുറകളായി സമാഹരിച്ചുകഴി

Digitized By Kerala Sahitya Akademi

ഗാനിരുന്നു. അവയിൽ ആദ്യത്തെ എട്ടു തിരുമുറകൾ നാലു സമയാചാര്യന്മാരുടേയും കൃതികളാണു്. അവയെ പൊതുവിൽ തേവാരം (ദേവാരം) എന്നു പറയുന്നു. ഒൻപതാം തിരുമുറയിൽ അത്രതന്നെ പ്രശസ്തന്മാരല്ലാത്ത ഒൻപതു കവികളുടെ ഗാനങ്ങൾ അടങ്ങിയിരിക്കുന്നു. അതിനു 'തിരുവിശൈപ്പാ' എന്നാണു നാമധേയം. പന്ത്രണ്ടാം തിരുമുറയായി പെരിയ പുരാണത്തെക്കൂടി പശ്ചാൽകാലികന്മാർ ചേർത്തിട്ടുണ്ടു്. അറുപത്തിമൂവരിൽ വിറന്മിണ്ടനായനാർ, ചേരമാൻപെരുമാൾനായനാർ, ഇങ്ങനെ രണ്ടു കേരളീയരേ ഉൾപ്പെടുന്നുള്ളു. വിറന്മിണ്ടർ ചെങ്ങന്നൂർക്കാരനായിരുന്നു. ശൈവമതത്തിന്റെ പുനഃസ്ഥാപനത്തിനു ശേഷം ബൗദ്ധരും ജൈനരും ലോകോപകാരകങ്ങളും പരിശ്രമൈകസാധ്യങ്ങളുമായ നിഘണ്ടു, വ്യാകരണം തുടങ്ങിയ ഗ്രന്ഥങ്ങൾ ചെന്തമിഴിൽ രചിച്ചുകൊണ്ടിരുന്നതല്ലാതെ മതപ്രചാരണത്തിനു് ഉദ്യമിക്കുകയോ ഹിന്ദുക്കളുമായി രാഷ്ട്രകാര്യങ്ങളിൽ ഇടയുകയോ ചെയ്തില്ല.

**ചേരമാൻപെരുമാൾ നായനാർ:**— മകോതൈ എന്നുകൂടി പ്പേരുള്ള കൊടുങ്ങല്ലൂരിൽ പെരുമാക്കോതൈയാർ എന്ന ഒരു ചേരരാജാവു ജനിച്ചു. അദ്ദേഹം ബാല്യത്തിൽതന്നെ രാജധാനിക്കു സമീപമുള്ള തിരുവഞ്ചിക്കുളത്തു ശിവക്ഷേത്രത്തിൽ പോയി ഭഗവൽകൈങ്കര്യത്തിൽ വ്യാപൃതനായി താമസിക്കവേ ചെങ്കോൽപൊറൈയൻ എന്ന തന്റെ പിതാവു വാനപ്രസ്ഥാശ്രമത്തിൽ പ്രവേശിക്കുകയാൽ രാജ്യഭാരം കൈയേറ്റു. അദ്ദേഹത്തിന്റെ പല അപദാനങ്ങളേയും പെരിയ പുരാണത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. അവയൊന്നും ഇവിടെ പ്രപഞ്ചനം ചെയ്യുന്നില്ല. അദ്ദേഹത്തിനു സകല ജീവരാശികളുടേയും ശബ്ദങ്ങൾക്കു് അർത്ഥമറിയാമായിരുന്നതുകൊണ്ടു 'കഴറിററിവാർ' എന്നൊരു ബിരുദംകൂടിയുണ്ടായിരുന്നതായിക്കാണുന്നു. ചേരമാൻ അന്നത്തെ ശിവഭക്തന്മാരിൽ അഗ്രഗണ്യനായിരുന്ന സുന്ദരമൂർത്തിയെ കാണുന്നതിനായി തഞ്ചാവൂരിനടുത്തുള്ള തിരുവാരൂരിൽ ചെന്നു് ആ മഹാനെ സന്ദർശിച്ചു് അവിടത്തെ മൂർത്തിയായ വല്മീകനാഥസ്വാമിയെപ്പററി മുമ്മണിക്കോവൈ എന്നൊരു സ്തോത്രം ഗാനം ചെയ്തു. തദനന്തരം സുന്ദരമൂർത്തിയോടുകൂടി വേദാരണ്യത്തേക്കു പോയി അവിടത്തെ പരമശിവനെക്കുറിച്ചു പൊൻവണ്ണത്തന്താദി എന്ന മറെറാരു സ്തോത്രം പാടി. പിന്നീടു പാണ്ഡ്യരാജ്യത്തിൽ ചെന്നു് അവിടെയുള്ള പല ശിവാലയങ്ങളും സന്ദർശിച്ചു് അവർ രണ്ടുപേരും കൊടുങ്ങല്ലൂരിലേക്കു പോന്നു. ആ കാലത്താണു് സുന്ദരമൂർത്തി അഞ്ചൈക്കളത്തപ്പനെപ്പററി "തലൈക്കുത്തലൈമാലൈ" എന്നാരംഭിക്കുന്ന പുളകപ്രദമായ ഗാനം നിർമ്മിച്ചതു്. കുറേ ദിവസം കഴിഞ്ഞു സുന്ദരർ തിരുവാരൂരിലേക്കു പോയി വീണ്ടും കൊടുങ്ങല്ലൂരിൽ ചെന്നുചേർന്നു. അങ്ങനെയിരിക്കെ തിരുവഞ്ചിക്കുളത്തുവച്ചു് അദ്ദേഹം പരഗതിയെ പ്രാപിക്കുകയും ആ വാർത്തകേട്ടു പെരുമാളും അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തു. പെരുമാൾ ഒടുവിൽ രചിച്ചതാണു് ആദിയുലാ എന്ന സുപ്രസിദ്ധമായ പാട്ടു്. അതിനു തിരുക്കൈലാസജ്ഞാന

Digitized By Kerala Sahitya Akademi

വുലാ എന്നും പേരുണ്ടു്. അദ്ദേഹത്തിൻെറ മൂന്നു ഗാനങ്ങളും നമ്പി അദ്ദേഹത്തിൻെറ പതിനൊന്നാംതിരുമുറയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടുപേരുടേയും സ്വർഗ്ഗാരോഹണം ഒരു മേടമാസത്തിലെ സ്വാതിനാക്ഷത്രത്തിലായിരുന്നു എന്നാണു് ഐതിഹ്യം. പെരുമാൾ കൈലാസത്തു പോയി ദേഹവിയോഗം ചെയ്തതായാണു് പെരിയപുരാണത്തിൽ പ്രതിപാദിക്കുന്നതെങ്കിലും അദ്ദേഹത്തിൻെറ സമാധി തിരുവഞ്ചിക്കുളത്തുവച്ചു തന്നെയായിരുന്നിരിക്കണമെന്നു ഞാൻ ഊഹിക്കുന്നു. പ്രജകളിൽ പലരും അദ്ദേഹത്തിൻെറ മരണവൃത്താന്തം കേട്ടു ചാവേറായതായി പെരിയപുരാണത്തിൽ വർണ്ണിച്ചിട്ടുണ്ടു്. സുന്ദരമൂർത്തി തമ്പി(മ്പു)രാൻതോഴൻ എന്നപേരിലും അറിയപ്പെടുന്നു. ഇന്നും തമിഴരിൽ ചിലക്കു് ആ പേരിടാറുണ്ടു്. പ്രസ്തുത സംജ്ഞയിലെ 'തമ്പുരാൻ' എന്ന ശബ്ദത്തിനു ശിവനെന്നാണു് അർത്ഥമെന്നു ചിലർ പറയാറുണ്ടെങ്കിലും കേരളം രക്ഷിച്ച തമ്പുരാനെത്തന്നെയാണു് അതു കുറിക്കുന്നതു് എന്നു ഞാൻ അനുമാനിക്കുന്നു. ചേരമാൻപെരുമാളുടേയും സുന്ദരമൂർത്തിയുടേയും വിഗ്രഹങ്ങൾ ഇന്നും തിരുവഞ്ചിക്കുളത്തുക്ഷേത്രത്തിൽവച്ചു പൂജിക്കുന്നുണ്ടു്. അതിനു കാൽനാഴിക തെക്കുപടിഞ്ഞാറു ചേരമാൻകോവിലകം എന്നു പറയുന്ന ഒരുപറമ്പും കാണുന്നു. സുന്ദരമൂർത്തിയുടെ ജീവിതം ക്രി: പി: 850-ാമാണ്ടിടയ്ക്കാണെന്നു പറയുന്നതിനു് ആധാരമില്ല. അതു ക്രി: പി: എട്ടാം ശതകത്തിൻെറ മധ്യത്തിലെന്നാണു് എനിക്കു തോന്നുന്നതു്. ചേരമാൻപെരുമാൾ പാണ്ഡ്യരാജാവായ രണധീരൻെറ പുത്രനായ പ്രഥമരാജസിംഹൻെറ സമകാലികനായിരുന്നു. ആ രാജസിംഹൻ ക്രി: പി: 731-നു് ഇടയ്ക്കാണു് പാണ്ഡ്യരാജ്യം ഭരിച്ചിരുന്നതു്.

**വേണാട്ടടികൾ:—** ഒൻപതാം തിരുമുറയിൽ ഒൻപതുകവികളുടെ 'തിരുവിശൈപ്പാ'കൾ അടങ്ങീട്ടുണ്ടെന്നു പറഞ്ഞുവല്ലോ. അവയിൽ ഒരു തിരുവിശൈപ്പാവിൻെറ കർത്താവു ക്രി: പി: സുമാർ 949 മുതൽ 965വരെ ചോളരാജ്യം ഭരിച്ച കണ്ടരാദിത്യനും മറെറാന്നിൻെറ പ്രണേതാവു വേണാട്ടടികളുമാകുന്നു. വേണാട്ടടികൾ ഒരു തിരുവിതാംകൂർ രാജാവാണെന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹം കണ്ടരാദിത്യൻെറ സമകാലികനാണെന്നുള്ള ഐതിഹ്യം ശരിയാണെങ്കിൽ പത്താംശതകത്തിൻെറ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്നിരിക്കണം. ഏതായാലും നമ്പിയാണ്ടാർനമ്പിയുടെ കാലത്തിനു മുൻപാണെന്നുള്ളതിനു സംശയമില്ലല്ലോ. വേണാട്ടടികളുടെ തിരുവിശൈപ്പാവു് "തിരുത്തില്ലൈനടം പയിലും നമ്പാൻ" അതായതു ചിദംബരക്ഷേത്രത്തിലെ നടരാജസ്വാമിയെപ്പററിയുള്ള പത്തുപാട്ടുകൾ അടങ്ങിയതാണു്.

**ശ്രീവൈഷ്ണവമതത്തിൻെറ അഭ്യുത്ഥാനം:—** ശൈവന്മാർക്കു് അറുപത്തിമൂന്നു നായനാരന്മാരുള്ളതുപോലെ വൈഷ്ണവന്മാർക്കു പന്ത്രണ്ടു് ആഴ്‌വാരന്മാരുണ്ടു്. ക്രിസ്ത്വബ്ദത്തിൻെറ ആരംഭത്തിനു മുൻപു തന്നെ ദക്ഷിണാപഥത്തിൽ വിഷ്ണുഭക്ത്യുപദേശകമായ പാഞ്ചരാത്രമതത്തിൽ ജനങ്ങൾക്കു പ്രതിപത്തിയുണ്ടായിരുന്നു. ദ്രമിഡൻ എന്നൊരു പൂർവാ

Digitized By Kerala Sahitya Akademi

ചാര്യനെ രാമാനുജനും മററും സബഹുമാനം സ്മരിക്കുന്നുണ്ട്. എന്നാൽ ആ മതത്തിനു പ്രാബല്യം ലഭിച്ചതു് ആഴ്വാരന്മാരുടെ ആവിർഭാവത്തോടു കൂടിയാകുന്നു. ചില ആഴ്വാരന്മാർ ബൗദ്ധജൈനന്മാരെ എന്നപോലെ ശൈവന്മാരെയും എതിർത്തു. പൊയ്കെയാഴ്വാർ, പൂതത്താഴ്വാർ, പേയാഴ്വാർ, തിരുമഴിശൈയാഴ്വാർ, മതുരകവി, നമ്മാഴ്വാർ, കുലശേഖരആഴ്വാർ, പെരിയാഴ്വാർ, ആണ്ടാൾ, തൊണ്ടരടിപ്പൊടിയാഴ്വാർ, തിരുപ്പാണാഴ്വാർ, തിരുമങ്കൈയാഴ്വാർ ഇങ്ങനെയാണ് അവരുടെ പേരുകൾ. അവരിൽ ആണ്ടാൾ ഒരു സ്ത്രീരത്നമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ആഴ്വാർ എന്ന പദത്തിനു ഭഗവൽഭക്തിയിൽ മഗ്നനൊന്നാണ് അർത്ഥം. പന്ത്രണ്ട് ആഴ്വാരന്മാരിൽ കുലശേഖരൻമാത്രമാണ് കേരളീയൻ. ആദ്യത്തേ ആഴ്വാരായ പൊയ്കയാർ കാഞ്ചീപുരത്താണ് ജനിച്ചതെങ്കിലും കേരളത്തിലെ ഒരു തുറമുഖമായ തൊണ്ടിയിൽ വന്നു് അവിടെ രാജ്യഭാരം ചെയ്തുകൊണ്ടിരുന്ന കോക്കോതൈമാർവൻ, കണൈക്കാലിരുമ്പൊറൈ എന്നീ ചേരരാജാക്കന്മാരുടെ ആസ്ഥാനപണ്ഡിതനായി താമസിച്ചു എന്നും കണൈക്കാലിരുമ്പൊറയെ ചോളരാജാവായ കോച്ചെങ്കണ്ണൻ ബന്ധനസ്ഥനാക്കിയപ്പോൾ ജേതാവിൻെറ ഗുണഗണങ്ങളെ പ്രശംസിച്ചു 'കളവഴി നാപ്പതു' എന്നൊരു കാവ്യം രചിച്ചു തൻെറ പുരസ്കർത്താവിനെ വിമുക്തനാക്കി എന്നും നാം സംഘഗ്രന്ഥങ്ങളിൽനിന്നു് അറിയുന്നു. അദ്ദേഹം ജീവിച്ചിരുന്നതു ക്രി: പി: മൂന്നാംശതകത്തിൻെറ ഒടുവിലാണ്. ഒടുവിലത്തെ ആഴ്വാരായ തിരുമങ്കയുടെ ജീവിതകാലം ക്രി: പി: എട്ടാം ശതകത്തിൻെറ അന്ത്യപാദത്തിലും ഒൻപതാംശതകത്തിൻെറ പ്രഥമപാദത്തിലുമാണെന്നു് തീർച്ചപ്പെട്ടിട്ടുണ്ട്. ആഴ്വാരന്മാരുടെ ഇടയിൽ അനേകവിധത്തിലുള്ള അപദാനങ്ങൾകൊണ്ടു പ്രഥമഗണനീയനായി കരുതേണ്ടതു ശഠകോപനെന്നും പരാങ്കുശനെന്നും വകുളാഭരണനെന്നും ഉള്ള അഭിധാനാന്തരങ്ങളാൽ സുവിദിതനായ നമ്മാഴ്വാരെത്തന്നെയാണ്. അദ്ദേഹം എട്ടാം ശതകത്തിൻെറ ആരംഭത്തിൽ ജീവിച്ചിരുന്നതായി ഊഹിക്കാം. ആഴ്വാരന്മാരുടെ പാട്ടുകൾ എല്ലാംകൂടി സമാഹരിച്ചു നാഥമുനി ക്രി: പി: പത്താംശതകത്തിൽ 'നാലായിരപ്രബന്ധം' എന്ന പേരിൽ ഒരു ഗ്രന്ഥം സംവിധാനം ചെയ്തു. അദ്ദേഹത്തെ ആദ്യത്തെ വൈഷ്ണവാചാര്യനെന്നു പറയുന്നു. അദ്ദേഹത്തിൻെറ പൗത്രനായ ആളവന്താരാണ് രാമാനുജാചാര്യർക്കു മുൻപു ശ്രീരങ്ഗത്തിൽ ആചാര്യപീഠം അലങ്കരിച്ചിരുന്നതു്. രാമാനുജാചാര്യരുടെ കാലത്തിൽ ആ മതത്തിനു തമിഴ്നാട്ടിലും കർണ്ണാടകത്തിലും അത്യധികമായ പ്രചാരവും പ്രഭാവവും സിദ്ധിച്ചു.

**കുലശേഖരആഴ്വാർ:—** കുലശേഖരൻ ദൃഢവ്രതൻ എന്ന ചേരരാജാവിൻെറ പുത്രനായി തിരുവഞ്ചിക്കുളത്തു ജനിച്ചു. മാഘമാസത്തിൽ പുണർതം നക്ഷത്രത്തിലാണ് അദ്ദേഹത്തിൻെറ അവതാരം. രാജ്യഭാരം ലഭിച്ചു സ്വല്പകാലം കഴിഞ്ഞപ്പോൾത്തന്നെ ചോള

Digitized By Kerala Sahitya Akademi

രേയും പാണ്ഡ്യരേയും ജയിച്ചതിനാൽ അദ്ദേഹത്തിനു കൊല്ലിക്കാവലൻ എന്ന ചേരരാജാക്കന്മാരുടെ ബിരുദത്തിനു പുറമേ കോഴിക്കോൻ (കോഴി=ചോളരാജധാനിയായ ഉറയൂർ) കൂടൽ നായകൻ (കൂടൽ=മധുര) എന്ന ബിരുദങ്ങൾകൂടി നേടുവാൻ സാധിച്ചു. പക്ഷേ അദ്ദേഹത്തിന്റെ ഹൃദയം ക്രമേണ വിഷ്ണുഭക്തിയിൽ അധികമധികമായി ലയിച്ചു. ശ്രീരാമനായിരുന്നു കുലശേഖരന്റെ ഇഷ്ടദേവത. ഏറെത്താമസിയാതെ തന്റെ പുത്രനിൽ രാജ്യഭാരം അവരോപണം ചെയ്തു ശ്രീരംഗത്തുപോയി വളരെക്കാലം ഭഗവൽസേവയിൽ ഏർപ്പെട്ടു. അവിടെ തന്റെ പുത്രി നീലാദേവിയെ രംഗനാഥസ്വാമിയുടെ കൈങ്കര്യത്തിനായി സമർപ്പിച്ചു സകല സ്വത്തുകളും ക്ഷേത്രത്തിനായി വിട്ടുകൊടുത്തതിനുശേഷം നമ്മാഴ്വാരുടെ യശസ്സിനാൽ പവിത്രമായ തിരുനൽവേലി ജില്ലയിലെ ആഴ്വാർ തിരുനഗരിയിലും കുറേ ദിവസം താമസിച്ച് ഒടുവിൽ ആ ജില്ലയിൽ താമ്രവർണ്ണീതീരത്തിൽ ബ്രഹ്മദേശത്തിനു സമീപമുള്ള മന്നാർ കോവിലിൽ രാജഗോപാലസ്വാമിയെ ഭജിച്ചുകൊണ്ടിരിക്കവേ അറുപത്തേഴാമത്തെ വയസ്സിൽ ദേഹവിയോഗം ചെയ്തു. മന്നാർകോവിലിനടുത്തായി ആഴ്വാർ പരഗതിയെ പ്രാപിച്ച സ്ഥലത്തു കുലശേഖര ആഴ്വാർകോവിൽ എന്നൊരു ക്ഷേത്രമുണ്ട്. അതു പണിയിച്ചതു ''ശ്രീകുലചേകരപ്പെരുമാളൈയുകന്തരുളുവിത്തമലൈ മണ്ടലത്തു മുല്ലൈപ്പള്ളി വാചുദേവൻ കേചവൻ'' ആണെന്നു് ഒരു ശിലാരേഖയിൽ നിന്നറിയുന്നു. ആഴ്വാരുടെ പ്രീതിക്കു പാത്രീഭവിച്ച ഈ വാസുദേവൻ കേശവൻ മുല്ലപ്പള്ളി ഇല്ലത്തെ ഒരു നമ്പൂരിയായിരുന്നിരിക്കണം. കുലശേഖരൻ രചിച്ച നൂററഞ്ചു പാട്ടുകൾ പെരുമാൾതിരുമൊഴി എന്ന പേരിൽ നാഥമുനി നാലായിരപ്രബന്ധത്തിൽ ഉൾപ്പെടുത്തീട്ടുണ്ട്. അതിനു് ഒരു പ്രശസ്തിഗാനം നാഥമുനിയുടെ പ്രശിഷ്യനും ആളവന്താരുടെ ഗുരുവുമായ മണക്കാല് നമ്പി രചിച്ചു. ആഴ്വാരുടെ സംസ്കൃതകൃതിയായ മുകുന്ദമാലയെപ്പററി അന്യത്ര പ്രസ്താവിക്കും. അദ്ദേഹം ഒരു കേരളീയനല്ലായിരുന്നു എന്നും തൃശ്ശിനാപ്പള്ളി ജില്ലയിൽ പെട്ട കരൂരായിരുന്നു അദ്ദേഹത്തിന്റെ രാജധാനിയെന്നും പറയുന്ന ചില തമിഴ്പ്പണ്ഡിതന്മാരുണ്ട്. അവരുടെ മുഖ്യപ്രമാണത്തിനു പെരുമാൾതിരുമൊഴിയിലെ 'പെരുമാൾ' എന്ന പദംതന്നെ പര്യാപ്തമാണു്. കരൂരിൽ രാജ്യഭാരം ചെയ്തിരുന്നു എന്നു് അവർ വാദിക്കുന്ന രാജാക്കന്മാരിൽ ആരേയും 'പെരുമാൾ' എന്നു പറയാറില്ലെന്നു് അവർ തന്നെ സമ്മതിക്കുന്നതാണല്ലോ. പോരെങ്കിൽ മലമണ്ഡലത്തെ വാസുദേവൻ കേശവൻ തിരുനെല്വേലി ജില്ലയിൽ കുലശേഖര ആഴ്വാർ കോവിൽ പണിയിക്കുന്നതിനുള്ള കാരണവും അവർ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. കുലശേഖരൻ തിരുമങ്കയാഴ്വാരുടെ സമകാലികനാണെന്നു ചിലർ പറയാറുണ്ട്. സ്വാമിക്കണ്ണുപിള്ളയുടെ പക്ഷം അദ്ദേഹത്തിന്റെ ജീവിതകാലം ക്രി: പി: 767മുതൽ 834വരെയെന്നാണു്. ആ ഗണനം നമുക്കു സമ്മതിക്കാം. 817മുതൽ 17 വർഷമാണു് അദ്ദേ

Digitized By Kerala Sahitya Akademi

റത്തിൻെറ രാജ്യഭാരകാലം. കുലശേഖരൻെറ പിതാവായിരുന്നു ചേരമാൻപെരുമാൾനായനാർ എന്ന മതം ഞാൻ അങ്ഗീകരിക്കുന്നില്ല.

**പാടൽപെററ കേരളക്ഷേത്രങ്ങൾ:**—ശൈവർക്കു 274 തിരുപ്പതികൾ (പുണ്യക്ഷേത്രങ്ങൾ) ഉണ്ടു്. അവയെപ്പററി അറുപത്തിമൂവരിൽ ഒരാളെങ്കിലും പാടീട്ടുള്ളതുകൊണ്ടാണു് അവയ്ക്കു് ആ പേർ വന്നതു്. അവയിൽ ചോളദേശത്തിൽ കാവേരിക്കു തെക്കു് അറുപത്തിമൂന്നും വടക്കു നൂററിരുപത്തേഴും സിംഹളദ്വീപിൽ രണ്ടും പാണ്ഡ്യദേശത്തിൽ പതിന്നാലും കൊങ്ങനാട്ടിൽ ഏഴും നടുനാട്ടിൽ ഇരുപത്തിരണ്ടും തൊണ്ടനാട്ടിൽ മുപ്പത്തിരണ്ടും തുളുനാട്ടിൽ ഒന്നും വടനാട്ടിൽ (ആര്യാവൎത്തത്തിൽ) അഞ്ചും മലനാട്ടിൽ ഒന്നും സ്ഥിതിചെയ്യുന്നു. മലനാട്ടിലെ ക്ഷേത്രം സുന്ദരമൂൎത്തി പുകഴ്ത്തിയ തിരുവഞ്ചിക്കുളംമാത്രമാണു്. വൈഷ്ണവൎക്കു നൂററെട്ടു തിരുപ്പതികങ്ങളാണുള്ളതു്. അവയിൽ ചോളദേശത്തു നാല്പതും പാണ്ഡ്യദേശത്തു പതിനെട്ടും നടുനാട്ടിൽ രണ്ടും തൊണ്ടനാട്ടിൽ ഇരുപത്തിരണ്ടും വടനാട്ടിൽ പന്ത്രണ്ടും മലനാട്ടിൽ പതിമ്മൂന്നും ഉൾപ്പെടുന്നു. മലനാട്ടിലേ പതിമ്മൂന്നു പതികങ്ങൾ തിരുവനന്തപുരം, തിരുവെൺപരിചാരം (തിരുപ്പതിസാരം), തിരുക്കാട്കരൈ (തൃക്കാക്കര), തിരുമൂഴിക്കളം, തിരുപ്പുലിയൂർ, (പുലിയൂർ, ചെങ്ങന്നൂരിന്നുസമീപം), തിരുച്ചെങ്കുൻറൂർ (ചെങ്ങന്നൂർ), തിരുവല്ലവാഴ്, (തിരുവല്ലാ), തിരുവൺവണ്ടൂർ, തിരുവാട്ടാറു് (തിരുവട്ടാറു്) തിരുവാറൻവിളൈ (തിരുവാറന്മുള), തിരുക്കടിത്താനം (തൃക്കൊടിത്താനം), തിരുവിത്തുവക്കോട്ടു് (തിരുമിററക്കോട്ടു്), തിരുനാവാ എന്നിവയാകുന്നു. ഈ ക്ഷേത്രങ്ങളിൽ തിരുമിററക്കോട്ടും തിരുനാവായും മലബാറിലും ബാക്കിയുള്ളവ തിരുവിതാംകൂറിലുമാണു് സ്ഥിതിചെയ്യുന്നതു്. തിരുമിററക്കോടിനെപ്പററി കുലശേഖരനും മറെറല്ലാ ക്ഷേത്രങ്ങളേയുംപററി നമ്മാഴ്വാരും, തിരുപ്പുലിയൂർ, തിരുവല്ലാ, തിരുനാവാ ഈ മൂന്നു ക്ഷേത്രങ്ങളെപ്പററി അദ്ദേഹത്തിനുപുറമേ തിരുമങ്കയാഴ്വാരും പാടീട്ടുണ്ടു്. ഈ ആഴ്വാരന്മാർ പ്രസ്തുതക്ഷേത്രങ്ങളെപ്പററി ചെയ്തിട്ടുള്ള വൎണ്ണനങ്ങൾ അത്യന്തം ഉജ്ജ്വലങ്ങളാണു്. പാടൽപെറാ ക്ഷേത്രങ്ങളല്ലെങ്കിലും ജനാൎദ്ദന(വൎക്കല)ത്തിനും തിരുവഞ്ചിക്കുളത്തിനും (കുലശേഖരപുരം) ദിവ്യക്ഷേത്രങ്ങൾ എന്ന നിലയിൽ ശ്രീവൈഷ്ണവന്മാരുടെയിടയിൽ അഭ്യൎഹിതത്വമുണ്ടു്. ഈ ക്ഷേത്രങ്ങളിലെല്ലാം ഇന്നും അനേകം ശ്രീവൈഷ്ണവന്മാർ വന്നു സ്വാമിദൎശനം ചെയ്തുപോകാറുമുണ്ടു്.

**പശ്ചാൽകാലത്തെ ചരിത്രം:**—ഇത്തരത്തിൽ കേരളവും പാണ്ഡ്യചോളരാജ്യങ്ങളും തമ്മിൽ അവയുടെ പൂൎവ്വബന്ധം ക്രി: പി: പതിനൊന്നാംശതകത്തിൻെറ ആരംഭംവരെ അനുസ്യൂതമായി പുലർത്തിപ്പോന്നിരുന്നു. ചേരരാജാക്കന്മാൎക്കു തമിഴു് വ്യവഹാരഭാഷയായിരുന്ന കോയമ്പത്തൂർ, സേലം ഈ പ്രദേശങ്ങളുടേയും ആധിപത്യമുണ്ടായിരുന്നതുകൊണ്ടും മൂവരശരിൽ ഒരു വംശക്കാർ എന്ന നിലയിൽ തങ്ങളുടെ പാരമ്പര്യം പരിപാലിക്കേണ്ടിയിരുന്നതുകൊണ്ടും പാണ്ഡ്യചോളരാജാ

Digitized By Kerala Sahitya Akademi

ക്കന്മാരുമായി വൈവാഹികബന്ധം തുടരേണ്ടിവന്നതുകൊണ്ടും അവൎക്കു ചെന്തമിഴിലെ ലക്ഷ്യലക്ഷണഗ്രന്ഥങ്ങളിൽ വൈദുഷ്യം സമ്പാദിക്കേണ്ടതു് അത്യാവശ്യകമായിരുന്നു. ആ പരിപാടിക്കു വലിയ ഒരുടവു തട്ടിയതു പ്രഥമരാജേന്ദ്രചോളൻ എന്ന മഹാനായ ചോളചക്രവൎത്തി ക്രി: പി: 1018-ാമാണ്ടിടയ്ക്കു് അന്നത്തെ കേരളരാജാവായ ഭാസ്കരരവിവൎമ്മനെ ജയിച്ചു കേരളത്തെ പല നാടുവാഴികൾക്കുമായി വിഭജിച്ചു നല്കിയതോടുകൂടിയാണു്. കേരളീയൎക്കു മാതൃഭാഷാവിദ്യാഭ്യാസം ചെന്തമിഴ്‌വഴിക്കുതന്നെയായിരുന്നു എങ്കിലും സംവ്യവഹാരഭാഷ അതിൽനിന്നു വളരെ അകന്നിരുന്നതിനാൽ അതിനോടു വലിയ ആഭിമുഖ്യം തോന്നിയിരിക്കുവാൻ ഇടയില്ല. അതുകൊണ്ടാണു് സംഘകാലത്തെ ചേരരാജാക്കന്മാരുടെ ആസ്ഥാനകവികളായി നാം പരണർ, കപിലർ, മുതലായ വിദേശീയരെ കാണുന്നതു്. നായനാരന്മാരുടേയും ആഴ്‌വാരന്മാരുടേയും കൂട്ടത്തിൽ ഓരോ ചേരരാജാവിനുകൂടി സ്ഥാനം ലഭിച്ചു എങ്കിലും തേവാരത്തെ അനുസരിച്ചുള്ള ശൈവമതത്തിനോ നാലായിരപ്രബന്ധത്തെ അനുസരിച്ചുള്ള ശ്രീവൈഷ്ണവമതത്തിനോ ഒരു കാലത്തും കേരളത്തിൽ കടന്നുകൂടുവാൻ സാധിച്ചില്ല. കേരളീയരായ നമ്പൂരിമാർ സ്മാൎത്തമതാനുയായികളായി ശിവനേയും വിഷ്ണുവിനേയും ഒന്നുപോലെ ആരാധിച്ചുവന്നു. അവരുടെ വശവൎത്തികളായ മററു ഹിന്ദുക്കളും ആ ആരാധനക്രമംതന്നെ സ്വീകരിച്ചു. ജൈനമതത്തിനും ബുദ്ധമതത്തിനും കേരളത്തിൽ തമിഴ്‌നാട്ടിലോ കൎണ്ണാടകത്തിലോ ഉണ്ടായിരുന്നതുപോലെയുള്ള പ്രാബല്യം ഒരിക്കലും സിദ്ധിച്ചില്ല. മുൻപു പ്രസ്താവിച്ച ചില കാവ്യകാരന്മാൎക്കു പുറമേ വൃത്തശാസ്ത്രഗ്രന്ഥമായ യാപ്പരുങ്കലമെഴുതിയ അമൃതസാഗരൻ, അതിനു വ്യാഖ്യാനമെഴുതിയ ഗുണസാഗരൻ, നേമിനാഥം, വജ്ജനന്ദിമാലൈ അഥവാ വെൺപാപ്പാട്ടിയൽ എന്നീ വ്യാകരണഗ്രന്ഥങ്ങളുടെ കൎത്താവായ ഗുണവീരൻ, നന്നൂലിന്റെ നിൎമ്മാതാവായ ഭവണന്ദി, ഇവരും ദിവാകരം, പിങ്ഗളന്തൈ, ചൂഡാമണി ഈ നിഘണ്ടുക്കൾ യഥാക്രമം നിൎമ്മിച്ച ദിവാകരമുനി, പിങ്ഗളമുനി, മണ്ഡലപുരുഷൻ ഇവരും ജൈനരും, വീരചോഴിയം എന്ന വ്യാകരണം രചിച്ച ബുദ്ധമിത്രൻ ബൗദ്ധനുമായിരുന്നു. കൎണ്ണാടകത്തിലെ കവിസാൎവ്വഭൗമനായ രാമായണകാരൻ പമ്പന്റെ മതം ജൈനമാണു്. എന്നാൽ തെലുങ്കിനും മലയാളത്തിനും ആ രണ്ടു മതക്കാരിൽനിന്നു യാതൊരു പോഷണവും ലഭിച്ചില്ല. സംഘകാലത്തിനിപ്പുറം ബുദ്ധമതം കേരളത്തിൽ നിലനിന്നിരുന്നു എന്നു കാണിക്കുന്നതിനു തലശ്ശേരിക്കും കോഴിക്കോടിനും ഇടയ്ക്കു സമുദ്രതീരത്തിൽ സ്ഥിതിചെയ്തിരുന്നതും ഇപ്പോൾ കടലെടുത്തു പോയതുമായ ശ്രീമൂലവാസം എന്ന ബൗദ്ധക്ഷേത്രത്തെപ്പററിയുള്ള ചില പ്രസ്താവനകളും അങ്ങുമിങ്ങുംനിന്നു് അപൂൎവ്വമായി ലഭിക്കുന്ന ചില ബുദ്ധവിഗ്രഹങ്ങളും മാത്രമേ തെളിവുകളായുള്ളു. അതുപോലെ ജൈനമതത്തിന്റെ സ്മാരകങ്ങളായി തെക്കൻതിരുവിതാംകൂറിൽ തിരുച്ചാണത്തുപുരം അഥവാ ചിതറാൽ, നാഗരുകോവിൽ ഈ ക്ഷേത്രങ്ങളും,

Digitized By Kerala Sahitya Akademi

വടക്കൻ തിരുവിതാംകൂറിൽ പെരുമ്പാവൂരിൽനിന്നു് എട്ടു മൈൽ അകലെയുള്ള കല്ലിൽക്ഷേത്രവുമാണുള്ളതു്. അവിടങ്ങളിൽപോലും വളരെ ക്കാലമായി ജൈനദേവതകളെ ആരാധിക്കുന്നില്ല. പൂരുക്കത്തിൽ ബൗദ്ധ ന്മാരെക്കൊണ്ടോ ജൈനന്മാരെക്കൊണ്ടോ കേരളഭാഷാസാഹിത്യത്തിനു് ഒരഭിവൃദ്ധിയും ഉൽക്കർഷവുമുണ്ടായിട്ടില്ലെന്നു് ഉറപ്പിച്ചുതന്നെ പറയാവു ന്നതാണു്. ബൗദ്ധനോ ജൈനനോ ആയ ഒരൊററ ഗ്രന്ഥകാരൻ കേരളത്തിൽ ജീവിച്ചിരുന്നിട്ടില്ല. കൗതുകചിന്താമണി എന്ന ഗ്രന്ഥ ത്തിൻെറ പ്രണേതാവായ നാഗാർജ്ജുനൻ ഒരു കേരളീയബൗദ്ധനായിരുന്നു എന്നു സങ്കല്പിക്കുന്നതിനു യാതൊരടിസ്ഥാനവുമില്ല. അത്രമാത്രം ദുർബ്ബ ലങ്ങളായ ഈ രണ്ടു മതങ്ങളേയും നിഷ്കാസനംചെയ്യുവാൻ തമിഴ്നാട്ടിൽ എന്നപോലെ ശൈവമതമോ ശ്രീവൈഷ്ണവമതമോ കേരളത്തിൽ വിജൃംഭി ക്കാത്തതിൽ ആശ്ചര്യമില്ലല്ലോ. ചേരവംശത്തിൻെറ അധഃപതനത്തിനു മേൽ ചെന്തമിഴ് പാഠക്രമം ഉടനടി ഇവിടെനിന്നു തിരോഭവിച്ചു എന്നു വിചാരിക്കുവാൻ ന്യായമില്ല. ക്രി: പി: പന്ത്രണ്ടാം ശതകത്തിൽ ജീവി ച്ചിരുന്ന ചെന്തമിഴ്ക്കവിചക്രവർത്തിയായ കമ്പർ കേരളത്തിൽ സഞ്ചരി ക്കുകയും തൻെറ രാമായണം പല വിദ്വൽസദസ്സുകളിൽ പാടിക്കേൾപ്പി ക്കുകയും ചെയ്തതായി ഐതിഹ്യമുണ്ടു്. കമ്പരുടെ പുരസ്കർത്താവായ ചടയപ്പൻെറ പുത്രൻ പിള്ളൈപ്പെരുമാളെ പ്രശംസിക്കുന്ന രണ്ടു ചെന്ത മിഴ്പ്പാട്ടുകൾ തഞ്ചാവൂർ ജില്ലയിൽപ്പെട്ട മൂവലൂർ എന്ന ക്ഷേത്രത്തിൽ ശിലയിൽ കൊത്തിവച്ചിരിക്കുന്നു. ആ രേഖയിൽ 'അഖിലകലാവല്ലഭൻ ചേരമാൻപെരുമാൾ വഞ്ചിമാർത്താണ്ഡൻ' എന്നിങ്ങനെ പ്രണേതാവിൻെറ പേരും കാണുന്നുണ്ടു്. പ്രസ്തുതകവി ക്രി: പി: 1157മുതൽ 1195വരെ വേണാടു വാണിരുന്ന വീരഉദയമാർത്താണ്ഡവർമ്മനാണെന്നു ഞാൻ ഊഹി ക്കുന്നു. ക്രി: പി: പതിന്നാലാംശതകത്തിൻെറ അവസാനത്തിൽ ലീലാ തിലകം നിർമ്മിച്ച ആചാര്യനു ചെന്തമിഴിലെ ലക്ഷണഗ്രന്ഥങ്ങളിൽ ആശ്ചര്യജനകമായ അവഗാഹമുണ്ടായിരുന്നു. കുറേക്കാലംകൂടി കഴി ഞ്ഞപ്പോൾ ആ ഭാഷയിൽ യാതൊരു കേരളീയനും ഉപരിപഠനം ചെയ്യാതെയായി. ക്രി: പി: പതിനാറാംശതകത്തിൻെറ ആരംഭത്തിൽ അമ്പലപ്പുഴയിൽ താമസിച്ചിരുന്ന മേല്പുത്തൂർ നാരായണഭട്ടതിരി വിപ്ര കൃഷ്ണനായ തഞ്ചാവൂരിലെ യജ്ഞനാരായണദീക്ഷിതരുമായി വ്യാകരണ ശാസ്ത്രം സംബന്ധിച്ചു് എഴുത്തുകുത്തുകൾ നടത്തിയിരുന്നു. എന്നാൽ അമ്പലപ്പുഴയിൽനിന്നു് അധികം ദൂരമില്ലാത്ത തെങ്കാശിയിൽ രാജ്യഭാരം ചെയ്തിരുന്ന തൻെറ സമകാലികന്മാരായ വരതുങ്ഗരാമപാണ്ഡ്യനേയോ അതിവീരരാമപാണ്ഡ്യനേയോ പററി അദ്ദേഹത്തിനു യാതൊരറിവും ഉണ്ടായിരുന്നതായിതോന്നുന്നില്ല. വരതുങ്ഗരാമൻ ചെന്തമിഴിൽ ബ്രഹ്മോത്ത രഖണ്ഡം, കൊക്കോകം എന്നീ ഗ്രന്ഥങ്ങളുടേയും, അതിവീരരാമൻ നൈഷധം, കാശിഖണ്ഡം, ലിങ്ഗപുരാണം, കൂർമ്മപുരാണം എന്നീ ഗ്രന്ഥങ്ങളു ടേയും പ്രണേതാക്കന്മാരായിരുന്നു. ക്രി: പി: 1758മുതൽ 1798വരെ തിരു വിതാംകൂർ ഭരിച്ചിരുന്ന കാർത്തികതിരുനാൾധർമ്മരാജാവിൻെറ കാലത്തു

Digitized By Kerala Sahitya Akademi

തിരുവാവടുതുറമഠത്തിലെ പണ്ടാരസന്നിധി ആ തിരുമേനിയെ മുഖം കാണിച്ചു്—

''മാറിടത്തുലവുപോർ പടൈ വഞ്ചി–
മന്നവ! ചെന്തമിഴ് മയില് യാം;
കൂറു മൂവേന്തർ തിരുമുടി തുളക്ക–
ക്കുലവീരനാം നിൻ കുലത്തൊരുവൻ
ആറു ചേർ ചടൈയാനവൈമുന്നനമ്മൈ–
യണിചെയ്താൻ; ആരിയപ്പൊതുപ്പെൺ
ചീറുമെൻറണത്തായ് നീയിവൺമതിയായ്
തിരുമുനി മലയമെത്തുകമേ''

എന്നൊരു പാട്ടു സമർപ്പിച്ചതായും അതുകേട്ടു സന്തോഷിച്ചു് അവിടുന്നു് ആ ശൈവസന്ന്യാസിയെ വേണ്ടവിധത്തിൽ മാനിച്ചതായും ഐതിഹ്യം ഉൽഘോഷിക്കുന്നു. ''ശത്രുക്കളുടെ ഇടയിൽ സഞ്ചരിക്കുന്ന വലിയ സൈന്യത്തോടുകൂടിയ വഞ്ചിമഹാരാജാവേ, ഞാൻ ചെന്തമിഴാണു്. മൂവരശരിൽ അഗ്രഗണ്യനായിരുന്ന അവിടുത്തെ ഒരു പൂർവ്വപുരുഷൻ ശ്രീപരമേശ്വരന്റെ സദസ്സിൽവച്ചു് എന്നെ അലങ്കരിച്ചു (ചേരമാൻപെരുമാൾനായനാർ ആദിയുലാ പാടിയതു കൈലാസത്തിൽ വച്ചാണെന്ന ഐതിഹ്യം ഇവിടെ സൂചിപ്പിക്കുന്നു.) ആര്യം (സംസ്കൃതം) ആകുന്ന പൊതുഭാഷ (വേശ്യയെന്നും) കയക്കുമെന്നു കരുതീട്ടാണു് അവിടുന്നു് ഇപ്പോഴും ഇവളെ മാനിക്കാത്തതു്. ആയിക്കൊള്ളട്ടെ; എങ്കിലും എന്റെ മഹർഷി (പിതാവായ അഗസ്ത്യൻ) അങ്ങയുടെ മലയപർവ്വതത്തിലാണല്ലോ വാസംചെയ്യുന്നതു്''' എന്നാണു് ഈ പാട്ടിന്റെ അർത്ഥം. അതേ, മലയാളഭാഷയ്ക്കു സംസ്കൃതത്തോടുള്ള ബന്ധം ദൃഢീഭവിക്കുംതോറും ചെന്തമിഴുമായുള്ള ബന്ധം ശിഥിലമായി. മലയപർവ്വതത്തിന്റെ വ്യവധാനം, കേരളത്തിലെ ആചാരവ്യത്യാസം, ശീതോഷ്ണസ്ഥിതിഭേദം, ഇവയെല്ലാം മലയാളത്തെ കൊടുന്തമിഴിന്റെ നിലയിൽനിന്നുയർത്തി ഒരു പ്രത്യേകഭാഷയാക്കുന്നതിനു സഹായിച്ചിട്ടുണ്ടെങ്കിലും സംസ്കൃതത്തിന്റെ ഹസ്താവലംബമാണു് അതിനു സർവ്വോപരി ആ സമുൽകർഷം സമ്പാദിച്ചുകൊടുത്തതു് എന്നു ഞാൻ ഇതിനു മുൻപിലത്തെ അധ്യായത്തിൽ ഉപപാദിച്ചിട്ടുള്ള വസ്തുതത്തെ ഈ ഘട്ടത്തിൽ ആവർത്തിച്ചുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

### ആറാമധ്യായം

# പാട്ടും മണിപ്രവാളവും

**പാട്ടിന്റെ ഉത്ഭവം:**—ഉത്തമമായ ഭാവന ഉത്തമമായ ഭാഷയിൽ പ്രകാശിതമാകുമ്പോൾ അതു സഹൃദയസമ്മതമായ സാഹിത്യമായി പരിണമിക്കുന്നു. കേരളത്തിൽ ആദ്യകാലത്തു പ്രചരിച്ചിരുന്ന കൊടുന്തമിഴ് സംവ്യവഹാരഭാഷമാത്രമായിരുന്നതിനാൽ അതിൽ അന്നു സാഹിത്യോൽപത്തിക്കു മാർഗ്ഗമുണ്ടായിരുന്നില്ല. എങ്കിലും സാഹിത്യത്തിന്റെ ചില അതിലഘുക്കളായ അങ്കുരങ്ങൾ അക്കാലത്തും ഉത്ഭിന്നങ്ങളായിരുന്നിരിക്കുവാൻ ഇടയുണ്ടു്. മനുഷ്യക്കു വിചാരത്തിനുമുമ്പാണല്ലോ വികാരം ഉണ്ടാകുന്നതു്. തന്നിമിത്തം ഏതു ഭാഷയിലും ഗദ്യത്തിനു മുമ്പു പദ്യം ഉത്ഭവിക്കുക എന്നുള്ളതു് ഒരു സാധാരണനിയമമാണു്. വിനോദപരങ്ങളും വീരാപദാനപ്രതിപാദകങ്ങളും ദേവാരാധനോപയുക്തങ്ങളും ആയ ചില പാട്ടുകൾ അവിടവിടെ അവ്യക്തകോമളമായ രീതിയിൽ ഉദയംചെയ്തിരിക്കാം; അവയ്ക്കു് അല്പാല്പം സംഗീതാത്മകതയുമുണ്ടായിരുന്നിരിക്കാം. അവയുടെ പ്രണേതാക്കൾ പ്രായേണ അശിക്ഷിതന്മാരും അവ്യുൽപന്നന്മാരുമായിരുന്നതിനാൽ അവർക്കു തങ്ങളുടെ അന്തർഗ്ഗതങ്ങളെ കലാകുശലതയോടുകൂടി ധ്വനിപ്രധാനവും അലങ്കാരസുഭഗവും ഛന്ദോനിബദ്ധവും ആയ ഭാഷയിൽ ആവിഷ്കരിക്കുന്നതിനു സാധിച്ചിരുന്നിരിക്കുകയില്ല. സംഘകാലം കഴിഞ്ഞു ശൈവസമയാചാര്യന്മാരുടെ പ്രാദുർഭാവത്തോടുകൂടി ചെന്തമിഴ് അതിന്റെ അധൃഷ്യമായ സൌധശൃംഗത്തിൽനിന്നിറങ്ങി സാമാന്യജനങ്ങൾക്കു് അഭിഗമ്യമായ ഒരു നിമ്നതലത്തെ പ്രാപിച്ചു എന്നു മുൻപു പറഞ്ഞുവല്ലോ. അപ്പോൾ കേരളീയർക്കും തങ്ങൾ സംസാരിക്കുന്നതിനു് ഉപയോഗിച്ചുവന്ന ഭാഷയിൽ സാഹിത്യം നിർമ്മിക്കുന്നതിനുള്ള സാധ്യത ബോധ്യമായി. ആ ബോധത്തിന്റെ ഫലമായി അഭ്യസ്തവിദ്യരായ ചിലരും പാട്ടുകൾ രചിച്ചുതുടങ്ങി. ആ പാട്ടുകൾ മിക്കവാറും ഇന്നു നഷ്ടങ്ങളായിരിക്കുന്നു. ശേഷിച്ചവ പശ്ചാൽകാലികന്മാരുടെ നവീകരണത്തിനു വശംവദങ്ങളായിത്തീരുകയാൽ അവയുടെ പൂർവ്വരൂപമെന്തെന്നു നിർണ്ണയിക്കുവാൻ വിഷമമായുമിരിക്കുന്നു.

**മണിപ്രവാളത്തിന്റെ ഉത്ഭവം:**—നമ്പൂരിമാർക്കു ചെന്തമിഴിനോടു തീരെ ആഭിമുഖ്യമില്ലായിരുന്നു എന്നു പൂർവ്വാധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവർ സംസ്കൃതഭാഷ പഠിക്കുകയും അതിൽ ചില ഗ്രന്ഥങ്ങൾ നിർമ്മിക്കുകയും ചെയ്തു. പക്ഷേ കാലക്രമത്തിൽ പൊതുജനങ്ങളെ സ്പർശിക്കാത്ത അത്തരത്തിലുള്ള സാഹിത്യവ്യവസായംകൊണ്ടു മാത്രം തങ്ങൾക്കു ചരിതാർത്ഥരാകുവാൻ അവകാശമില്ലെന്നു് അവർക്കു തോന്നിത്തുടങ്ങി. തൽഫലമായി അവർ കൊടുന്തമിഴും സംസ്കൃതവും

Digitized By Kerala Sahitya Akademi

കൂട്ടിച്ചേർത്ത് ഒരു പുതിയ ഭാഷയുണ്ടാക്കി അതിൽ ഗ്രന്ഥനിർമ്മാണം ചെയ്തു. തദ്വാരാ ത്രൈവർണ്ണികന്മാരെന്നു ലീലാതിലകകാരൻ നിർദ്ദേശിക്കുന്ന അന്തരാളന്മാരേയും നായന്മാരേയും തങ്ങളുടെ സ്ത്രീകളേയും ബാലന്മാരേയും സാഹിത്യരസം ആസ്വാദിപ്പിക്കുവാൻ സന്നദ്ധരായി. അങ്ങനെയാണു കേരളത്തിൽ മണിപ്രവാളമെന്ന കാവ്യപ്രസ്ഥാനം ആവിർഭവിച്ചതു്. ഉദ്ദേശം ക്രി: പി: അഞ്ചാം ശതകം മുതൽ പാട്ടും എട്ടാം ശതകം മുതൽ മണിപ്രവാളവും ഉണ്ടായതായി സങ്കല്പിക്കാം.

**പാട്ടിൻെറ ലക്ഷണം:**—പാട്ടിനും മണിപ്രവാളത്തിനും ലക്ഷണങ്ങൾ എന്തെന്നു ലീലാതിലകത്തിൽ നിഷ്കൃഷ്ടിച്ചു പ്രതിപാദിച്ചിട്ടുണ്ടു്. ''ദ്രമിഡസംഘാതാക്ഷരനിബദ്ധമെതുകാമോനവൃത്തവിശേഷയുക്തം പാട്ടു്'' എന്നാണു് പാട്ടിനെപ്പററിയുള്ള നിർവ്വചനം. അതായതു്, ഒരു പാട്ടായാൽ അതു് (1) തമിഴക്ഷരമാലയിലെ അക്ഷരങ്ങൾ കൊണ്ടുമാത്രം നിബദ്ധവും, (2) എല്ലാ പാദങ്ങളിലും ദ്വിതീയാക്ഷരങ്ങൾക്കു സാമ്യമുള്ളതും (ഇതിനെ എതുകയെന്നും പാദാനുപ്രാസമെന്നും പറയുന്നു), (3) ഓരോ പാദത്തിൻേറയും പ്രഥമഭാഗത്തിലും ദ്വിതീയ ഭാഗത്തിലുമുള്ള ആദ്യാക്ഷരങ്ങൾക്കു് സാജാത്യമുള്ളതും (ഇതിനെ മോന എന്നു പറയുന്നു), (4) വസന്തതിലകം മുതലായ സംസ്കൃതവൃത്തങ്ങളിൽ നിന്നു ഭിന്നമായ ഏതെങ്കിലും വൃത്തത്തിൽ (ഇതിനെ വൃത്തവിശേഷമെന്നു പറയുന്നു) ഗ്രഥിതവുമായിരിക്കണം. ഈ നാലുപാധികളും ചെന്തമിഴിലെ പദ്യസാഹിത്യത്തിനുമുണ്ടു്. ഇത്തരം കൃതികൾക്കു് ഉദാഹരണമായി ആചാര്യൻ താഴെച്ചേർക്കുന്ന പാട്ടു് ഉദ്ധരിക്കുന്നു.

* ''തരതലന്താനളന്താ, പിളന്താ പൊന്നൻ–
    തനകചെന്താർ, വരുന്താമൽ വാണൻ തന്നെ–
ക്കരമരിന്താ, പൊരുന്താനവന്മാരുടേ
    കരളെരിന്താ, പുരാനേ! മുരാരീ! കണ്ണാ!
ഒരു വരന്താ പരന്താമമേ നീ കനി–
    ന്തുരകശായീ പിണിപ്പൗവം നീന്താവണ്ണം;
ചിരതരം താൾ പണിന്തേനയ്യോ! താങ്കെന്നെ–
    ത്തിരുവനന്താപുരം തങ്കമാനന്തനേ!''

ചെന്തമിഴക്ഷരമാലയിൽ അ, ആ, ഇ, ഈ, ഉ, ഊ, എ, ഏ, ഐ, ഒ, ഓ, ഔ എന്നിങ്ങനെ പന്ത്രണ്ടു സ്വരങ്ങളും ക, ച, ട,

* ''അല്ലയോ പുരാനേ! മുരാരേ! കണ്ണാ! അവിടുന്നു തര (ധരാ) തലം അളന്നു. (പൊന്നൻ) ഹിരണ്യകശിപുവിൻെറ (അകതാർ) ഹൃദയം പിളന്നു; അനായാസേന ബാണൻെറ കൈകൾ അരിഞ്ഞു; (പൊരും) യുദ്ധം ചെയ്യുന്ന ദാനവന്മാരുടെ കരൾ എരിയുമാറാക്കി; പരമായ ധാമമേ! ഉരഗശായിൻ! അവിടുന്നു കനിഞ്ഞു ഞാൻ ദുഃഖമാകുന്ന (പൗവം) സമുദ്രത്തിൽ നീന്താതെയിരിക്കത്തക്കവണ്ണം എനിക്കു വരം തരുമാറാകണേ! തിരുവനന്തപുരത്തു് ഇരുന്നരുളുന്ന ആനന്ദസ്വരൂപാ! ഞാൻ വളരെക്കാലമായി അങ്ങയുടെ (താൾ) പാദം കുമ്പിട്ടു വരികയാണേ!'' എന്നർത്ഥം.

Digitized By Kerala Sahitya Akademi

ത, പ, ങ, ഞ, ണ, ന, മ, യ, ര, ല, വ, ള, ഴ, റ, ന എന്നിങ്ങനെ പതിനെട്ടു വ്യഞ്ജനങ്ങളുമേ ഉള്ളവല്ലോ. അതുകൊണ്ടു പാട്ടിലും ആ അക്ഷരങ്ങളെമാത്രമേ ഘടിപ്പിക്കാവൂ. സംസ്കൃതപദങ്ങൾ ഈ അക്ഷരങ്ങൾകൊണ്ടുതന്നെ ഉച്ചരിക്കാവുന്നവയാണെങ്കിൽ അവ തത്സമങ്ങളായി ചേൎക്കുവാൻ വിരോധമില്ല. ഉദ്ധൃതമായ പാട്ടിൽ മുരാരി, ചിരതരം എന്നീ പദങ്ങൾ നോക്കുക. അങ്ങനെ ഉച്ചരിക്കാവുന്നവയല്ലെങ്കിൽ അവയെ തത്ഭവങ്ങളാക്കിയേ പ്രയോഗിക്കാവൂ. പാട്ടല്ല. വാണൻ, താനവൻ, താമം, ആനന്തൻ മുതലായ പദങ്ങൾ പരിശോധിക്കുക. ഈ നിയമമനുസരിച്ചു പാട്ടിൽ സൂര്യൻ ചൂരിയനും ചന്ദ്രൻ ചന്തിരനുമായിപ്പോകും. ഇവയെ ആര്യച്ചുതവു (കേട്) തട്ടിയ പദങ്ങളെന്നു ചെന്തമിഴ്‌വ്യാകരണങ്ങളിൽ പറയുന്നു. നാലു പാദങ്ങളിലും ഈ പാട്ടിൽ രണ്ടാമത്തെ അക്ഷരം രേഫമാണ്. സ്വരവ്യഞ്ജനങ്ങൾക്ക് ഐകരൂപ്യം പുരാതനകാലത്തു ദീക്ഷിച്ചിരുന്നില്ല. മോനയുടെ വിഷയത്തിൽ ഓഷ്ഠ്യങ്ങളായ ഒകാരം ഉകാരം ഇവകൊണ്ടും ഭിന്നരൂപങ്ങളെങ്കിലും അനുഭവസാക്ഷികമായി സാമ്യംതോന്നിക്കുന്ന 'തി' 'ചി' ഈ അക്ഷരങ്ങൾകൊണ്ടും കവി ചരിതാൎത്ഥനാകുന്നു എന്നു കാണാവുന്നതാണ്. 'തരാ' എന്നതിൽ തര എന്നും 'തിരുവനന്ത' എന്നതിൽ 'തിരുവനന്താ' എന്നും ദീൎഘഹ്രസ്വങ്ങൾ മാറിമറിഞ്ഞിരിക്കുന്നതു ചെന്തമിഴിലെ ചെയ്യുൾ(പദ്യം)വികാരങ്ങൾക്കു പാട്ടു വിധേയമാകുന്നതുകൊണ്ടാണ്. ഈ വികാരങ്ങൾ വലിത്തൽ, മെലിത്തൽ, നീട്ടൽ, കുറുക്കൽ, വിരിത്തൽ, തൊകുത്തൽ, മുതൽക്കുറൈ, ഇടൈക്കുറൈ, കടൈക്കുറൈ എന്നിങ്ങനെ ഒൻപതു വിധത്തിൽ വരാമെന്നു തമിഴ്‌വൈയാകരണന്മാർ വിധിക്കുന്നു. 'തര' എന്നതു കുറുക്കലിനും 'തിരുവനന്താ' എന്നതു നീട്ടലിനും ഉദാഹരണമാണ്. ചെന്തമിഴിൽ സംസ്കൃതത്തോടു യാതൊരു സംബന്ധവുമില്ലാത്തതായ അനവധി വൃത്തങ്ങളുണ്ട്; അവയെയാണ് വൃത്തവിശേഷങ്ങൾ എന്ന് ആചാര്യൻ നിൎദ്ദേശിച്ചിട്ടുള്ളതു്. "നല്ല ചിലേടവും പദ്യം ചിലചില വൃത്തവിശേഷം കുറഹന ഭാഗേ" എന്നു ബാണയുദ്ധം ചമ്പുവിൽ കാണുന്നു. ഇവയിൽ ചില വൃത്തങ്ങൾ സംസ്കൃതത്തിൽ പശ്ചാൽകാലികന്മാർ സ്വീകരിച്ചിട്ടുണ്ട്. ഇന്ദുവദനാ, പഞ്ചചാമര, കുസുമമഞ്ജരി, തുടങ്ങിയവ അത്തരത്തിലുള്ള വൃത്തങ്ങളാകുന്നു. അവയ്ക്കു 'വൃത്തഭേദം' എന്നൊരു പേർ കൊല്ലം എട്ടാംശതകത്തിൽ പോലും ഉണ്ടായിരുന്നു. പാട്ട് ഇത്തരത്തിൽ അതിനെ ബന്ധിച്ചിരുന്ന പല നിയമശൃംഖലകളേയും ഭേദിച്ചു കാലാന്തരത്തിൽ മണിപ്രവാളത്തെ അധികമധികമായി സമീപിച്ചുതുടങ്ങി എന്നു വഴിയേ വെളിപ്പെടുന്നതാണ്.

**തമിഴിലെ ചില ഛന്ദോനിയമങ്ങൾ:**—തമിഴിലെ ചില ഛന്ദോനിയമങ്ങളെപ്പററി ഇവിടെ പ്രസ്താവിക്കുന്നതു സങ്ഗതമായിരിക്കും. തമിഴിൽ വെൺപാ, വഞ്ചിപ്പാ, കലിപ്പാ, ആചിരിയപ്പാ

Digitized By Kerala Sahitya Akademi

എന്നിങ്ങനെ നാലു വക പാക്കളും, തുറൈ, താഴിശൈ, വിരുത്തം എന്നിങ്ങനെ മൂന്നു വക പാവിനങ്ങളും കാണുമാറുണ്ട്. പാവെന്നാൽ പാട്ടെന്നും പാവിനമെന്നാൽ പാട്ടിന്റെ പ്രഭേദമെന്നുമാണ് അർത്ഥം. അവയ്ക്കു പൊതുവേ എഴുത്ത്, അശൈ, ശീർ, തളൈ, അടി, തൊടൈ എന്നിങ്ങനെ ആറംശങ്ങളുണ്ട്. എഴുത്ത് അശയുടേയും അശ ശീരിന്റേയും ശീർ അടിയുടേയും വിഭാഗമാണ്. എഴുത്ത് എന്നാൽ അക്ഷരംതന്നെ. അശ നേരശയെന്നും നിരൈയശ എന്നും രണ്ടു മാതിരിയുണ്ട്. ഒരു ഹ്രസ്വമോ ദീർഘമോ ആയ അക്ഷരം തനിച്ചോ അതിനു പിമ്പ് ഒരു വ്യഞ്ജനത്തോടുകൂടിയോ നിന്നാൽ നേരശയും രണ്ടു ഹ്രസ്വാക്ഷരങ്ങളോ ഒന്നു ഹ്രസ്വവും ഒന്നു ദീർഘവുമായുള്ള രണ്ടക്ഷരങ്ങളോ തനിച്ചോ അവയ്ക്കു പിന്നീട് ഒരു വ്യഞ്ജനത്തോടുകൂടിയോ നിന്നാൽ നിരൈയശയുമാകുന്നു. 'ആഴിവെല്വോൻ' എന്ന ഉദാഹരണത്തിൽ ആ, ഴി, വെല്, വോൻ എന്ന നാലു നേരശകളും 'അണിവിരാവലങ്കലാൻ' എന്ന ഉദാഹരണത്തിൽ അണി, വിരാ, വലങ്, കലാൻ എന്ന നാലു നിരൈയശകളും കാണാവുന്നതാണ്. ശീർ അശൈച്ചീർ, ഇയർച്ചീർ, ഉരിച്ചീർ, പൊതുച്ചീർ ഇങ്ങനെ നാലു പ്രകാരത്തിലുണ്ട്. ഇവയെ യഥാക്രമം ഓരശൈച്ചീർ, ഈരശൈച്ചീർ മൂവശൈച്ചീർ, നാലശൈച്ചീർ എന്നും പറയാറുണ്ട്. ഒരു നേരശയോ ഒരു നിരൈയശയോ മാത്രമേ ഉള്ളു എങ്കിൽ അശൈച്ചീർ. രണ്ടു നേരശയോ, രണ്ടു നിരൈയശയോ, ഒരു നേരശയും അതിനെത്തുടർന്ന് ഒരു നിരൈയശയുമോ, ഒരു നിരൈയശയും അതിനെത്തുടർന്ന് ഒരു നേരശയുമോ, ചേർന്നു വന്നാൽ ഇയർച്ചീർ, ഇതിന് ആചിരിയ ഉരിച്ചീർ എന്നും പേരുണ്ട്. തേമാ, കരുവിളം, കൂവിളം, പുളിമാ എന്നിവ ഈ നാലു മാതിരിയിലുള്ള ഇയർച്ചീരുകൾക്കു യഥാക്രമം ഉദാഹരണങ്ങളാകുന്നു. ഉരിച്ചീരിൽ മൂന്ന് അശകൾ അടങ്ങിയിരിക്കണമെന്നു സൂചിപ്പിച്ചുവല്ലോ. അതിനു വെൺപാ ഉരിച്ചീരെന്നും വഞ്ചി ഉരിച്ചീരെന്നും രണ്ടു വകഭേദമുണ്ട്. നാലു വക ഇയർചീരുകളുടേയും ഒടുവിൽ ഒരു നേരശ ചേർന്നാൽ വെൺപാ ഉരിച്ചീരും ഒരു നിരൈയശ ചേർന്നാൽ വഞ്ചിഉരിച്ചീരുമാകുന്നു. തേമാങ്കായ്, കരുവിളങ്കായ്, കൂവിളങ്കായ്, പുളിമാങ്കായ് ഇവ ആദ്യത്തേതിനും, തേമാങ്കനി, കരുവിളങ്കനി, കൂവിളങ്കനി, പുളിമാങ്കനി ഇവ രണ്ടാമത്തേതിനും ഉദാഹരണങ്ങളാണ്. ഈ ഉദാഹരണങ്ങളെ ആസ്പദമാക്കി വെൺപാ ഉരിച്ചീരിനെ കായ്ച്ചീരെന്നും വഞ്ചിഉരിച്ചീരിനെ കനിച്ചീരെന്നും പറയുന്നു. നാല് അശകളുള്ള പൊതുച്ചീരിൽ ഉരിച്ചീരിനു നേരശയോ നിരൈയശയോ പരമാകുന്നു. തേമാന്തൺപൂ, പുളിമാന്തൺപൂ, തേമാനറുംപൂ, പുളിമാനറുംപൂ, തേമാന്തണ്ണിഴൽ, പുളിമാന്തണ്ണിഴൽ, തേമാനറുനിഴൽ, പുളിമാനറുനിഴൽ മുതലായി ഈ ശീർ പതിനാറു മാതിരി വരാവുന്നതാണ്. ശീരുകളുടെ (പൊരുത്തം) യോഗത്തെയാണു തളൈ എന്നു പറയുന്നത്. ആംഗലേയഭാഷയിലെ സിലബിൾ (Syllable) അശയും ഫുട്ട് (Foot) ശീരുമാണെന്നു പറഞ്ഞാൽ ചില വായനക്കാർക്കു മനസ്സിലാകുവാൻ

Digitized By Kerala Sahitya Akademi

കൂടുതൽ സൗകര്യമുണ്ടാകാം. ഒരു ശീരിലെ ഒടുവിലത്തെ അശയ്യും അടുത്ത ശീരിലെ ആദ്യത്തെ അശയ്യും തമ്മിലുള്ള ബന്ധമാണു് തള. അതു് ആചിരിയത്തളൈ, വെണ്ടളൈ, കലിത്തളൈ, വഞ്ചിത്തളൈ എന്നു നാലു പ്രകാരത്തിലുണ്ടു്. വിസ്തരഭയത്താൽ അവയെ വിവരിക്കുന്നില്ല. കുറൾ, ചിന്തു, അളവു, നെടിൽ, കഴിനെടിൽ എന്നിങ്ങനെ അടി അഞ്ചു വിധത്തിലുണ്ടു്. രണ്ടു ശീരുള്ള പാദം കുറളടി; 'കണ്ണൻ/കഴലിണൈ' എന്നുദാഹരണം. മൂന്നു ശീരുള്ളതു ചിന്തടി; 'പകവൻ/മുതറേ/യുലകു' എന്നുദാഹരണം. നാലു ശീരുള്ളതു് അളവടി; 'ഉലകെ/ലാമുണർന്/തോതർ/കരിയവൻ' എന്നുദാഹരണം. അഞ്ചു ശീരുള്ളതു നെടിലടി; 'തന്നൂർച്/ചനകൈയിർ/ചൻമതി/മാമുനി/തന്തമൈന്തൻ' എന്നുദാഹരണം. ആറോ അതിൽ കൂടുതലോ ശീരുള്ളതു കഴിനെടിലടി; 'വണ്ടു/പാടന്/തണ്ടു/ഴായാൻ/വതരി/വണങ്കുതുമേ' എന്നുദാഹരണം. എട്ടു വരെ ശീരുകളുള്ളതിനു ചിറപ്പുക്കഴിനെടിലടിയെന്നും, ഒൻപതോ പത്തോ ഉള്ളതിനു ഇടൈക്കഴിനെടിലടിയെന്നും പത്തിനുമേലുള്ളതിനു കടൈക്കഴിനെടിലടിയെന്നും പറയുന്നു. എത്ര ചുരുങ്ങിയാലും വെൺപാവിനു രണ്ടടിയും വഞ്ചിപ്പാവിനും ആചിരിയപ്പാവിനും മൂന്നടിയും കലിപ്പാവിനു നാലടിയും ഉണ്ടായിരിക്കേണ്ടതാണു്. ഓരോ പാവിനും തുറൈ, താഴിശൈ, വിരുത്തം എന്നിങ്ങനെ മൂന്നു തരം പാവിനങ്ങളുണ്ടു്. എന്നാൽ കലിത്തുറൈ, വഞ്ചിത്തുറൈ ഇവയും, ആചിരിയവിരുത്തം കലിവിരുത്തം, വഞ്ചിവിരുത്തം ഇവയും മാത്രമേ ഇക്കാലത്തു പ്രചാരമുള്ളു. അഞ്ചു ശീർ വീതമുള്ള നാലടികളോടുകൂടിയതാണു് കലിത്തുറൈ; രണ്ടുശീർ വീതമുള്ള നാലടികളോടുകൂടിയതാണു് വഞ്ചിത്തുറൈ; നാലു കഴിനെടിലടികൾ ചേരുന്നതാണു് ആചിരിയവിരുത്തം. നാലു് അളവടികൾ ചേരുന്നതാണു് കലിവിരുത്തം; നാലു ചിന്തടികൾ ചേരുന്നതു വഞ്ചിവിരുത്തവും. പാക്കളുടെ ലക്ഷണങ്ങളും മററും പ്രപഞ്ചനം ചെയ്യുവാൻ സ്ഥലമനുവദിക്കുന്നില്ല. തൊടൈ എന്നതിൽ മോനൈ, എതുകൈ, മുരൺ, ഇയൈപു, അളപെടൈ ഈ അഞ്ചു വിഭാഗങ്ങൾ ഉൾപ്പെടുന്നു. മോനയേയും എതുകയേയും പററി അന്യത്ര പ്രസ്താവിച്ചിട്ടുണ്ടു്. വിരുദ്ധപ്രതീതിയുണ്ടാക്കുന്ന ശബ്ദങ്ങളുടെ പ്രയോഗമാണു മുരൺ. ഇയൈപു അന്ത്യാനുപ്രാസമാകുന്നു. അളപെടൈക്കു പ്ലുതോച്ചാരണം ഉദാഹരണമായി സ്വീകരിക്കാം. 'എ' എന്നതിനു് 'എഎ' എന്നും 'മാ' എന്നതിനു 'മാഅ' എന്നും പ്രയോഗിക്കുന്ന ഘട്ടങ്ങളിൽ അതിന്റെ പ്രവേശമുണ്ടു്. ഇത്രയുമുള്ള പ്രസ്താവനയിൽനിന്നു സംസ്കൃതവും തമിഴും ഛന്ദോനിയമങ്ങൾ സംബന്ധിച്ചു് എത്ര ദൂരം ഭിന്നങ്ങളായ പദ്ധതികളെയാണു് അനുസരിക്കുന്നതെന്നു വ്യക്തമാകുന്നതാണല്ലോ.

**മണിപ്രവാളത്തിന്റെ ലക്ഷണം:—** മണിപ്രവാളത്തിനു ലീലാതിലകകാരൻ നല്കുന്ന നിർവ്വചനം 'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' എന്നാണു്. ഇവിടെ ഭാഷയെന്നാൽ കേരളഭാഷയെന്നും യോഗമെന്നാൽ സഹൃദയന്മാക്കു രുചിക്കത്തക്കവിധത്തിലുള്ള ചേർച്ച

Digitized By Kerala Sahitya Akademi

യെന്നുമൎത്ഥം. നിയമേന ദോഷമില്ലാതേയും ഗുണമുണ്ടായും അനിയതമായി അലങ്കാരത്തോടുകൂടിയുമിരുന്നാലാണു് അത്തരത്തിലുള്ള ചേൎച്ചയുണ്ടാകുന്നതു്. പദ്യത്തിൽ പാദങ്ങൾ തമ്മിൽ ബന്ധമുണ്ടായിരിക്കുകയും വേണം. നമ്പ്യാന്മാർ കൂത്തിനും മററും ഉപയോഗിക്കുന്നതും തമിഴെന്നു പറയുന്നതുമായ കഥാപ്രബന്ധങ്ങളിൽ ഭാഷാസംസ്കൃതയോഗവും ദോഷരാഹിത്യവും ഗുണാലങ്കാരങ്ങളുടെ സമ്മേളനവുമുണ്ടെങ്കിലും അവയിൽ പ്രാതിപദികംമാത്രം സംസ്കൃതമായിട്ടുള്ള സംസ്കൃതപദങ്ങളല്ലാതെ സംസ്കൃതവിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളില്ലാത്തതിനാൽ അവയ്ക്കു മണിപ്രവാളമെന്ന പേരിനു് അൎഹതയില്ല. വിഭക്തി ഭാഷയായിട്ടുള്ള സംസ്കൃതപദങ്ങളെ ഭാഷയായിട്ടല്ലാതെ ഗണിക്കുവാൻ പാടില്ല. അതുകൊണ്ടുതന്നെയാണു് അഭിമന്യുവധം മുതലായ നമ്പ്യാർത്തമിഴ്ക്കൃതികളെ ഭാഷാപ്രബന്ധങ്ങളെന്നു വ്യവഹരിക്കുന്നതു്. നേരേമറിച്ചു് ഒരു കൃതിയിൽ സംസ്കൃതവിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളുണ്ടെങ്കിൽ രസാലങ്കാരസ്പൎശമില്ലെങ്കിലും അതു മണിപ്രവാളംതന്നെ. എന്തുകൊണ്ടെന്നാൽ രസാലങ്കാരങ്ങൾ നിയമേന വേണമെന്നില്ല. തന്നിമിത്തം വൈദ്യഗ്രന്ഥമായ ആലത്തൂർമണിപ്രവാളം മണിപ്രവാളകൃതിതന്നെയാണു്. മണിപ്രവാളപദത്തിൽ മണി അല്ലെങ്കിൽ മാണിക്യമെന്നു ഭാഷയേയും പ്രവാളമല്ലെങ്കിൽ പവിഴമെന്നു സംസ്കൃതത്തേയും അധ്യവസാനം ചെയ്തിരിക്കുന്നു. മണിപ്രവാളത്തിലെ ഓരോ സംസ്കൃതപദവും ഭാഷപോലെതന്നെ അതിപ്രസിദ്ധവും സുകുമാരാക്ഷരവുമായിരിക്കണം; ഭാഷാപദവും പ്രായേണ പാമരന്മാരുടെ ഇടയിൽപോലും സാധാരണമായിരിക്കണം. മാണിക്യവും പവിഴവും ഒരു ചരടിൽ ഇടകലൎത്തിക്കോൎത്താൽ രണ്ടിനും ഒരേ നിറമാകകൊണ്ടു് എങ്ങനെ അവയെ വേൎതിരിച്ചറിവാൻ സാധിക്കുകയില്ലയോ അതുപോലെയായിരിക്കണം മണിപ്രവാളകൃതിയിൽ ഭാഷാസംസ്കൃതപദങ്ങളുടെ സമാവേശനം. അങ്ങനെയുള്ള പദങ്ങൾ ചേൎത്തു നിൎമ്മിക്കുന്ന കൃതി സംസ്കൃതഗ്രന്ഥമായിട്ടല്ല, ഭാഷാഗ്രന്ഥമായിട്ടാണു് സഹൃദയന്മാൎക്കു് അനുഭവപ്പെടുന്നതും യുക്തിക്കു ചേരുന്നതും. മാണിക്യവും മുത്തുമോ, പവിഴവും നീലവുമോ അത്തരത്തിൽ ഇടകലൎത്തിയാൽ അങ്ങനെയൊരനുഭവം ഉണ്ടാകുന്നതല്ലല്ലോ. ഭാഷയ്ക്കും രസത്തിനും പ്രാധാന്യമുള്ള മണിപ്രവാളമാണു് ഉത്തമം. ഭാഷയ്ക്കുള്ള പ്രാധാന്യം സംസ്കൃതാപേക്ഷവും അതു പദങ്ങളുടെ സംഖ്യകൊണ്ടു് ഉണ്ടാകേണ്ടതുമാണു്. രസത്തിനുള്ള പ്രാധാന്യം വാച്യാൎത്ഥാപേക്ഷമാകുന്നു. ഭാഷയ്ക്കു പ്രാധാന്യമുണ്ടെങ്കിലും രസത്തിനും വാച്യാൎത്ഥത്തിനും പ്രാധാന്യം സമമായാലും, രസത്തിനു പ്രാധാന്യമുണ്ടെങ്കിലും സംസ്കൃതവും ഭാഷയും സമമായാലും ആ മണിപ്രവാളം ഉത്തമകല്പമായിത്തീരുന്നു. ഉത്തമകല്പമെന്നാൽ ഏകദേശമുത്തമമെന്നൎത്ഥം. രസവും വാച്യാൎത്ഥവും അതുപോലെ സംസ്കൃതവും ഭാഷയും സമമായുള്ള മണിപ്രവാളം മധ്യമമാണു്. ഭാഷ സമവും രസം വാച്യാൎത്ഥത്തെക്കാൾ ന്യൂനവുമായാലും, രസം സമവും ഭാഷ സംസ്കൃതത്തെക്കാൾ ന്യൂനവുമായാലും, ഭാഷ പ്രധാനവും രസം ന്യൂനവുമായാലും,

Digitized By Kerala Sahitya Akademi

രസം പ്രധാനവും ഭാഷ ന്യൂനവുമായാലും മധ്യമകല്പമണിപ്രവാളമാകുന്നു. ഭാഷ സംസ്കൃതത്തെ അപേക്ഷിച്ചും രസം വാച്യാൎത്ഥത്തെ അപേക്ഷിച്ചും ന്യൂനമായുള്ള മണിപ്രവാളം അധമംതന്നെ. ഇങ്ങനെ ലീലാതിലകകാരൻ മണിപ്രവാളത്തെ ഒൻപതു വിധമായി തരംതിരിക്കുന്നു. ഈ വിവരണത്തിൽനിന്നു നാം പ്രത്യേകിച്ചു മനസ്സിലാക്കേണ്ടതു സംസ്കൃതവിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളില്ലാത്ത ഒരു വാക്യം മണിപ്രവാളമാകുകയില്ലെന്നും, മണിപ്രവാളം എന്ന സംജ്ഞയ്ക്കു പദ്യം മാത്രമേ അൎഹമാകൂ എന്നു നിൎബ്ബന്ധമില്ലെന്നും, സംസ്കൃതപദങ്ങളേക്കാൾ ഭാഷാപദങ്ങൾ സംഖ്യയിൽ കൂടിയിരുന്നാലേ രസപ്രധാനമായ വാക്യവും ഉത്തമമണിപ്രവാളമായിത്തീരൂ എന്നും, ഏതു മാതിരി സംസ്കൃതപദങ്ങൾ ചേൎന്നാലും കേൾക്കുമ്പോൾ ഭാഷപോലെ തോന്നത്തക്കവണ്ണം അവ അത്രമാത്രം പ്രസിദ്ധങ്ങളും സുകുമാരങ്ങളുമായിരിക്കണമെന്നുമാകുന്നു. ആചാൎയ്യൻതന്നെ മറെറാരു ഘട്ടത്തിൽ ഭാഷയിൽ ചേരുന്ന സംസ്കൃതം അനിഷ്ഠുരവും ലളിതവും അഗംഭീരവും പ്രസന്നവുമായിരിക്കണമെന്നു് ഉപദേശിക്കുന്നു. ഭാഷാപദങ്ങളിൽ സംസ്കൃതപദങ്ങൾ ചേൎത്തു കൊണ്ടയാ, കേഴന്തീ, ഊണാക്കൈ, പോക്കാഞ്ചക്രേ, ഈ മാതിരിയിലും മണിപ്രവാളത്തിൽ പ്രയോഗിക്കാം.* മണിപ്രവാളപദ്യങ്ങൾക്കു ദ്വിതീയാക്ഷരപ്രാസം ആദികാലങ്ങളിൽ അപരിത്യാജ്യമായിരുന്നില്ലെന്നുള്ളതു് ആ ഉപാധിയെ ആചാൎയ്യൻ ലക്ഷണകോടിയിൽ ഉൾപ്പെടുത്താത്തതിൽനിന്നു വെളിവാകുന്നുണ്ടു്. ലീലാതിലകത്തിൽ ഉദ്ധൃതങ്ങളായ പല പദ്യങ്ങളിലും ആ ശബ്ദാലങ്കാരം കാണുന്നില്ല.

**ചെന്തമിഴും മണിപ്രവാളവും:**—ലീലാതിലകകാരൻ മണിപ്രവാളം എന്ന സംജ്ഞയ്ക്കു കേരളഭാഷാസംസ്കൃതയോഗത്തിൽ നിരൂഢലക്ഷണയാണുള്ളതെന്നും ചോളകൎണ്ണാടപ്രബന്ധങ്ങൾക്കു് ആ സംജ്ഞ വരുന്നതല്ലെന്നും പ്രസ്താവിച്ചിട്ടുള്ളതു മുഴുവൻ ശരിയല്ല. ചെന്തമിഴിലെ സംഘഗ്രന്ഥങ്ങളിൽ ഒന്നായ അകനാനൂറിലെ മധ്യഭാഗത്തിനു പേർ 'മണിമിടൈ പവളം' എന്നാണു്. ആ പദത്തിൻെറ അൎത്ഥം § മണിയോടു്, അതായതു് ഇന്ദ്രനീലത്തോടു ചേൎത്തു (മിടയപ്പെട്ടിട്ടുള്ള) കോൎക്കപ്പെട്ടിട്ടുള്ള പവിഴമെന്നാണെന്നും ആ പേർ അതിനു സിദ്ധിച്ചതു് "ചെയ്യുളും പൊരുളും ഒവ്വാ മൈയാൽ" അതായതു പ്രതിപാദനരീതിക്കും പ്രതിപാദ്യവസ്തുവിനും തമ്മിൽ യോജിപ്പില്ലായ്കയാലാണെന്നും വ്യാഖ്യാതാക്കന്മാർ പറയുന്നു. ക്രി: പി: പതിനൊന്നാംശതകത്തിൽ പ്രണീതമായ വീരചോഴിയം എന്ന ചെന്തമിഴ് വ്യാകരണത്തിലെ—

"ഇടൈയേ വടവെഴുത്തെയ്തില് വിരവിയലീണ്ടെതുകൈ
നടൈയേതുമില്ലാ മണിപ്പിരവാള നറൈറച്ചൊല്ലിൻ

* 'സന്ദൎഭേ സംസ്കൃതീകൃതാ ച.' ലീലാതിലകം രണ്ടാംശില്പം.

§ 'മണി' എന്ന പദത്തിനു ചെന്തമിഴിൽ മാണിക്യമെന്നും ഇന്ദ്രനീലമെന്നും അൎത്ഥമുണ്ടു്; സംസ്കൃതത്തിൽ അതു രത്നപൎയ്യായംമാത്രമാണു്.

Digitized By Kerala Sahitya Akademi

ഇടൈയേ മുടിയും പതുമൈത്താ, കിളറിക്കറിയി_
ന്റുടൈയേത്തുറൈനർ പിറളിയൈയതിതുണിന്താരേ''

എന്ന പാട്ടിൽനിന്നു് അക്കാലത്തു ചെന്തമിഴ്സംസ്കൃതസമ്മേളനത്തിനു മണിപ്രവാളമെന്ന സംജ്ഞതയുണ്ടായിരുന്നെന്നും അത്തരത്തിലുള്ള പദ്യങ്ങൾക്കു ദ്വിതീയാക്ഷരപ്രാസം ഇല്ലായിരുന്നു എന്നും വ്യക്തമാകുന്നു.

**ചെന്തമിഴും ജൈനരും വൈഷ്ണവരും:**—ചെന്തമിഴിൽ തത്സമരൂപത്തിൽ വളരെ സംസ്കൃതപദങ്ങൾ ഇദംപ്രഥമമായി വ്യാപരിപ്പിച്ചതു ജൈനരാകുന്നു. സംസ്കൃതഭാഷയിലുള്ള ശാസ്ത്രങ്ങളും പുരാണങ്ങളും ചെന്തമിഴിൽ തർജ്ജമ ചെയ്യുമ്പോൾ അവയ്ക്കു മൂലഗ്രന്ഥങ്ങളിലെ പ്രൗഢിയും ഗാംഭീര്യവും ചോർന്നുപോകാതെയിരിക്കുന്നതിനു് അത്തരത്തിലുള്ള ഒരു ശൈലിയുടെ സ്വീകരണം അത്യന്താപേക്ഷിതമായി തോന്നി. തന്നിമിത്തം അവർ ദ്രാവിഡമര്യാദയെ ഉല്ലംഘിച്ചും ചെന്തമിഴ്‌വ്യാകരണനിയമങ്ങളെപ്പോലും ധിക്കരിച്ചും സംസ്കൃതത്തെ ആശ്രയിക്കുവാൻ ആരംഭിച്ചു. താഴെ ഉദ്ധരിക്കുന്നതു ക്രി: പി: എട്ടാംശതകത്തിൽ നിർമ്മിച്ചതായി പറയുന്ന ശ്രീപുരാണം എന്ന ജൈനഗദ്യഗ്രന്ഥത്തിലെ ഒരു ഭാഗമാണു്.

"തൽക്ഷണത്തിലേ ജിനപദനാകിയതൊരു ചമ്പകവിരുക്ഷം പുഷ്പിത്തതു. ഉദ്യാനത്തിൽ സകല കോകിലങ്കളും കൂവിന, നകരസമീപമാകിയ മനോകരമെന്നും ഉദ്യാനത്തു സഹസ്രക്കൂടമെന്നും തടാകമും സലിലപരിപൂർണ്ണമായിററു. തൽഗത സകല കുവലയാതി പുഷ്പങ്കളും മലർന്തന. ഭ്രമരനിരകളും പരിഭ്രമിത്തന. ജിനഭവന കോപുരകവാടങ്കൾ താമേ നീങ്കിന. അവ്വതിശയങ്കളൈക്കണ്ടു വിസ്മിതനാകിത്തവിചയത്തൈയടൈന്തു സ്നാനപുരസ്സരമാക പുഷ്പങ്കളൈക്കൈക്കൊണ്ടു ജിനപതി സമീപമണൈന്തു അർച്ചനാപുരസ്സരമാക സ്തുതിത്തിരുന്താൻ.''

ഈ രീതിയിൽ ജൈനർ നീലകേശി, സമയദിവാകരം, ഗദ്യചിന്താമണി, ജയകുമാരൻകഥൈ, പാരിഷേണകുമാരൻകഥൈ, സത്യഘോഷൻകഥൈ മുതലായി പല ഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുണ്ടു്. ക്രി: പി: ഒൻപതാംശതകത്തിൽ പ്രണീതമായ പെരുന്തേവനാരുടെ ഭാരതവെൺപാവിലും ഈ ശൈലിതന്നെ പടർന്നു കാണുന്നു. താഴെച്ചേർക്കുന്ന ഖണ്ഡിക നോക്കുക:—

"ആതിവേതമും മകാലോകമും അണ്ടരണ്ടമും അവനിതലമും വേതവിയാകരണമുള്ളിട്ട നാലു കലൈകളും നാന്മുകനോടും തൻതിരുനാപികമലത്തേ പിറപ്പിത്ത പതുമനാപൻ, പവിത്തിരമൂർത്തി, പക്തവൽച്ചലൻ, ആതിമൂർത്തി, അനന്തചയനൻ, വിക്കിരമമായൻ, ചക്കിരപാണി, തേവതേവൻ, നാരായണച്ചുവാമി ശ്രീപാതങ്കളൈ നമസ്കരിത്താമെൻവുവാവു''

ക്രി: പി: പതിമ്മൂന്നാംശതകത്തിൽ പെരിയതിരുവാച്ചാൻപിള്ള നിർമ്മിച്ച തിരുവായ്മൊഴിയുരയിലും ഈ രീതിതന്നെ അംഗീകരിച്ചിരിക്കുന്നു. അടിയിൽ കാണുന്ന വിധത്തിലാണു് അതിന്റെ ഉപക്രമം.

Digitized By Kerala Sahitya Akademi

"ശ്രിയഃപതിയാനാരായൺപെരുമാൻ പരമകാരുണികതയാലേ ആഴ്വാർകളെ അവതരിപ്പിത്തു അമ്മുഖത്താലേ ദ്രാവിഡസംസ്കൃത പ്രാകൃതരൂപഗ്രന്ഥങ്കളൈച്ചെയ്ത സകലവേദാന്തസാരഭൂതമാന രഹസ്യത്രയ സമ്പ്രദായത്തെ അനവരതം ഞാലത്തിലാഴങ്കാൻ പട്ടിരുക്കിറ ചേതനർകൾ സുലഭമാകപ്പേറ്റു ഉജ്ജീവിക്കുംപടിക്കു അന്ത സമ്പ്രദായം കാലതത്വമുള്ളതനൈയും അവ്യാഹതമായിരിക്കുംപടിക്കു പണ്ണിയരുളി ചേതനർകൾക്കു മഹോപകാരകനാനാൻ."

എന്നാൽ സംസ്കൃതാസഹിഷ്ണുക്കളായ തമിഴർ ഈ മണിപ്രവാള ശൈലിയെ തെല്ലും ആദരിച്ചില്ല. കോയമ്പത്തൂർക്കാരനായ കള്ളമൂർ വിശനാഥകവിയുടെ കീചകവധം മണിപ്രവാളം ഒരവാചീനകൃതിയാകുന്നു.

> "മുത്തുകളാലുമിഹ നൽപ്പവഴങ്കളാലു-
> മൊത്തുക്കലർന്തു തമിഴാലപി സംസ്കൃതേന
> എത്തിക്കിലും ഭവതു ഹാരലതേവ ബാലാ
> പുത്തിക്കു മൽക്കൃതിരിയം സുദൃശാം വിഭൂഷാ."

എന്നു വർണ്ണിക്കുന്നതിൽനിന്നു മണിപ്രവാളത്തിൽ തമിഴിനെ മുത്തും സംസ്കൃതത്തെ പവിഴവുമായി അദ്ദേഹം സങ്കല്പിക്കുന്നതായി കാണാവുന്നതാണ്.

**ചെന്തമിഴിലും മലയാളത്തിലും മണിപ്രവാളത്തിനുള്ള വ്യത്യാസം:**—ചെന്തമിഴിലും മലയാളത്തിലും മണിപ്രവാളത്തെ സംബന്ധിച്ചുള്ള നിർവചനത്തിൽ പ്രകടമായ ഒരു വ്യത്യാസമുണ്ടായിരുന്നു എന്നുള്ള വസ്തുത നാം മറക്കരുത്. തത്ഭവരൂപത്തിൽ പോലും സംസ്കൃതപദങ്ങൾ സ്വീകരിക്കുവാൻ വൈമനസ്യം പ്രദർശിപ്പിച്ച തമിഴർക്ക് ആ ഭാഷയിലെ പദങ്ങൾ കലന്ന ഗ്രന്ഥങ്ങൾ മണിപ്രവാളമായി; തത്സമരൂപത്തിൽപോലും സംസ്കൃതപദങ്ങൾ ധാരാളമായി സ്വീകരിക്കുന്നതിൽ ഔത്സുക്യം പ്രകാശിപ്പിച്ച മലയാളികൾക്കു സംസ്കൃതവിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളുടെ സമ്മേളനമാണു് മണിപ്രവാളത്തിനു വ്യവച്ഛേദകോപാധിയായിത്തീർന്നതു്. ലീലാതിലകത്തിനുമുമ്പു കേരളീയകവികളും മണിക്കു മുത്തെന്നു് അർത്ഥം കല്പിച്ചിരുന്നു എന്നു് ആ ഗ്രന്ഥത്തിൽ ഉദ്ധൃതമായിട്ടുള്ള

> "സംസ്കൃതമായിന ചെങ്ങഴിനീരും
> നാറമിഴായിന പിച്ചകമലരും
> ഹ്ലകകലന്ന കലമ്പകമാലാം
> വൃത്തമനോജ്ഞാം ഗ്രഥയിഷ്യേതഃ"

എന്ന പദ്യത്തിൽനിന്നു് ഊഹിക്കാവുന്നതാണു്. ചെങ്ങഴിനീർപൂവിനു ചുവപ്പും പിച്ചകപ്പൂവിനു വെള്ളയുമാണല്ലോ നിറം. കല്ഹാരവും പിച്ചകവുമോ, മുത്തും പവിഴവുമോ ഇടകലർത്തി കോർത്ത ഒരു മാല അതിന്റെ വർണ്ണശബളതനിമിത്തം നയനോത്സവം ജനിപ്പിക്കുന്നതിനാണു് കാരണമായിത്തീരുന്നതു്. അതുപോലെ സഹൃദയഹൃദയോ

Digitized By Kerala Sahitya Akademi

ഭോഗം ജനിപ്പിക്കുക എന്നുള്ളതല്ലല്ലോ കാവ്യത്തിന്റെ പ്രയോജനം. അതിനാൽ ഈ വിഷയത്തിൽ പൂർവ്വമതങ്ങളെ ഖണ്ഡിച്ചു മണിയെന്നാൽ പത്മരാഗമെന്നു് അർത്ഥകല്പനചെയ്തു സംസ്കൃതവിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങൾ ഭാഷാപദങ്ങളാണെന്നു തോന്നത്തക്ക രീതിയിൽ അവയെ സാക്ഷാൽ ഭാഷാപദങ്ങളുമായി സംഘടിപ്പിച്ചു രചിക്കുന്ന വാങ്മയമാണു് മണിപ്രവാളസാഹിത്യം എന്നും ഉപപാദിച്ചിരിക്കുന്നതു് ഏറ്റവും സമീചീനമാകുന്നു. ഈ വിശിഷ്ടരീതിയിലുള്ള മണിപ്രവാളം കൈരളിയുടെ പ്രത്യേകസ്വത്താണെന്നുള്ളതിനു സംശയവുമില്ല. കാലാന്തരത്തിൽ മണിപ്രവാളരചനാസംബന്ധിച്ചുള്ള ഈവക നിയമങ്ങൾ കവികൾ മറന്നു. മൊത്തത്തിൽ സംസ്കൃതവൃത്തത്തിൽ നിബന്ധിക്കുന്ന ഏതു പദ്യവും ആ സംജ്ഞയ്ക്കു് അർഹമാകുമെന്നു് അവർ വിചാരിച്ചു. അവയെ സാദൃശ്യമൂലകലക്ഷണകൊണ്ടേ മണിപ്രവാളമെന്നു വ്യവഹരിക്കാവൂ എന്നാണു് ലീലാതിലകകാരന്റെ അഭിപ്രായം. ചുരുക്കത്തിൽ കേരളീയരുടെ മണിപ്രവാളം അതിനു് അഭിമതമെന്നു തോന്നിയ പന്ഥാവിലൂടെ സ്വതന്ത്രമായി മുന്നോട്ടു പോയി. പണ്ഡിതശ്രേഷ്ഠന്മാർ സംസ്കൃതമായും സാമാന്യപണ്ഡിതന്മാർ മണിപ്രവാളമായും തദിതരന്മാർ പാട്ടായും ഗ്രന്ഥങ്ങൾ നിർമ്മിച്ചു. അപൂർവ്വം ചില മഹാന്മാർ കുഞ്ചൻനമ്പ്യാർ പഞ്ചതന്ത്രോപാഖ്യാനത്തിൽ പറയുന്നതുപോലെ

> ''സജ്ജനത്തിനു സംസ്കൃതക്കവി കേൾക്ക കൗതുകമെങ്കിലും
> ദുർജ്ജനത്തിനതിങ്കലൊരു രസമേതുമില്ലതു കാരണം,
> ഭടജനങ്ങടെ സഭയിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
> വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതം വരൂ.
> കടുപടെപ്പടു കഠിനസംസ്കൃത വികട കടു കവിതകേറിയാൽ
> ഭടജനങ്ങൾ ധരിക്കയില്ല; തിരിക്കുമൊക്കെയുമേറവുടൻ.
> ഭാഷയേറിവരുന്ന നല്ല മണിപ്രവാളമതെങ്കിലോ
> ദൂഷണം വരുവാനുമില്ല; വിശേഷഭൂഷണമായ്‌വരും''*

എന്ന തത്വം മനസ്സിലാക്കി അവർ എത്ര മേൽ സംസ്കൃതജ്ഞന്മാരായിരുന്നാലും ലളിതങ്ങളായ ഭാഷാഗാനങ്ങൾ രചിച്ചു കൈരളിയെ ആരാധിച്ചില്ലെന്നുമില്ല.

**ഭാഷാസാഹിത്യത്തിന്റെ കാലഘട്ടങ്ങൾ:**—ഭാഷാസാഹിത്യത്തിന്റെ കാലഘട്ടങ്ങൾ ക്ലിപ്തപ്പെടുത്തുവാൻ വളരെ പ്രയാസമുണ്ടു്. കൊല്ലവർഷാരംഭംവരെ പ്രാചീനകാലം, കൊല്ലം 600-ാമാണ്ടുവരെ മധ്യകാലം, അതിനുമേൽ നവീനകാലം, ഇങ്ങനെയാണു് പി. ഗോവിന്ദപ്പിള്ളയുടെ വിഭജനം. കൊല്ലം അഞ്ചാംശതകംവരെ പ്രാചീനകാലവും അതിനുമേൽ തുഞ്ചത്തെഴുത്തച്ഛന്റെ കാലംവരെ

* 'ഭാഷയേറിവരുന്ന നല്ല മണിപ്രവാളം' എന്ന പ്രസ്താവന 'ഉത്തമം ഭാഷാരസപ്രാധാന്യേ' എന്നതിന്റെ നേർ തർജ്ജമപോലെ അത്ര ഹൃദയങ്ഗമമായി തോന്നുന്നു.

Digitized By Kerala Sahitya Akademi

മദ്ധ്യകാലവും അതിനുമേൽ വലിയകോയിത്തമ്പുരാന്റെ കാലംവരെ ആധുനികകാലവുമാണെന്നത്രേ പി. ശങ്കരൻനമ്പ്യാരുടെ പക്ഷം. ആറ്റൂർ കൃഷ്ണപ്പിഷാരടി ഭാഷാസ്വരൂപപദ്ധതി അനുസരിച്ചുനോക്കുന്നേടത്തു ഭാഷാസാഹിത്യത്തെ പ്രാചീനമലയാളമെന്നും നവീനമലയാളമെന്നും രണ്ടായി തരംതിരിച്ചാൽ മതിയാകുന്നതാണെന്നും കൊല്ലവർഷം ആറാംശതകംവരെയുള്ളതു പ്രാചീനമലയാളകാലമായി ഗണിക്കാവുന്നതാണെന്നും ഗ്രന്ഥങ്ങളുടെ രൂപഭേദം അടിസ്ഥാനപ്പെടുത്തിനോക്കുന്നേടത്തു ആദിസാഹിത്യകാലം, മണിപ്രവാളകാലം, ശുദ്ധഭാഷാകാലം എന്നിങ്ങനെ മൂന്നായി വിഭജിച്ചു കൊല്ലവർഷാരംഭത്തിനു അല്പം മുമ്പുവരെ ആദിസാഹിത്യകാലമായും അതിനുശേഷം കൊല്ലവർഷം 600 വരെ മണിപ്രവാളകാലമായും അതിനുമേൽ ശുദ്ധഭാഷാകാലമായും കണക്കാക്കാവുന്നതാണെന്നും പ്രസ്താവിക്കുന്നു. എല്ലാ സംഗതികളെയും പര്യാലോചിച്ചു ഞാൻ കൊല്ലവർഷം 700 വരെ പ്രാചീനസാഹിത്യകാലമെന്നും അതിനുമേൽ നവീനസാഹിത്യകാലമെന്നും അതിൽത്തന്നെ 1030 മുതൽ അദ്യതനസാഹിത്യകാലമെന്നും അഭിപ്രായപ്പെടുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ തുഞ്ചത്തെഴുത്തച്ഛന്റെ ജീവിതകാലഘട്ടത്തിനുമുമ്പുവരെ പ്രാചീനസാഹിത്യകാലവും അതുമുതൽ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ മദ്ധ്യവയസ്സുതൊട്ടുമുമ്പുവരെ നവീനസാഹിത്യകാലവും അതിനുമേൽ അദ്യതനസാഹിത്യകാലവുമാണ് എന്നത്രേ എന്റെ വിവക്ഷ. ഇത്തരത്തിൽ ഒരു കാലവിഭാഗത്തെ മുൻനിറുത്തിക്കൊണ്ടാണ് ഞാൻ ഈ പുസ്തകം രചിക്കുവാൻ ഉദ്ദേശിക്കുന്നതു്. ഏതു വിഭജനോദ്യമവും സൂക്ഷ്മദൃഷ്ട്യാ പരിശോധിച്ചാൽ വൈകല്യരഹിതമായി പരിണമിക്കുവാൻ വൈഷമ്യമുണ്ടെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നുമില്ല.

Digitized By Kerala Sahitya Akademi

ഏഴാമധ്യായം

# സംസ്കൃതസാഹിത്യം

## ക്രി. പി. 1300–ാമാണ്ടുവരെ

**ഒടുവിലത്തെ പെരുമാൾ:**—ആദികാലത്തു ജീവിച്ചിരുന്ന കേരളീയസംസ്കൃതകവികളെപ്പററി ഈ അധ്യായംമുതൽ പ്രസ്താവിക്കാം. ഒടുവിലത്തെപ്പെരുമാളായ ഭാസ്കരരവിവർമ്മൻ ഉദ്ദേശം ക്രി. പി. 955 മുതൽ 978വരെ രാജ്യഭാരം ചെയ്ത ഇന്ദുഗോദവർമ്മനുശേഷം ചേരമാൻ പെരുമാളായി അഭിഷിക്തനാകകയും 1036വരെ, ഉദ്ദേശം അൻപത്താറു വർഷം, നാടുവാഴുകയും ചെയ്തു. അദ്ദേഹത്തിൻെറ ശാസനങ്ങൾ മലബാർ ജില്ലയിൽ തിരുനെല്ലിയിലും, വടക്കൻ തിരുവിതാംകൂറിൽ തൃക്കൊടിത്താനം, പെരുന്ന (പെരുനെയ്തൽ), തിരുമൂഴിക്കുളം ഈ സ്ഥലങ്ങളിലും, കാണുന്നുണ്ട്. അദ്ദേഹം പരാക്രമശാലിയായ ഒരു രാജാവായിരുന്നു എങ്കിലും അദ്ദേഹത്തെ ചോളചക്രവർത്തികളായ രാജരാജചോളനും (985—1014) രാജേന്ദ്രചോളനും (1014—1044) ജയിക്കുകയും രാജേന്ദ്രചോളൻ അദ്ദേഹത്തിൻെറ കിരീടംതന്നെ 1018–ാമാണ്ടിടയ്ക്കു് അപഹരിക്കുകയും ചെയ്തു. അതോടുകൂടി കേരളത്തിലെ പെരുമാൾവാഴ്ച അവസാനിച്ചു. അതിനുമുമ്പുതന്നെ മൂഷികഖണ്ഡത്തിലും (കോലത്തുനാട്) കൂപകഖണ്ഡത്തിലും (വേണാട്) ഉള്ള രാജാക്കന്മാർ സ്വതന്ത്രകല്പന്മാരായിരുന്നു. ചേരവംശത്തിൻെറ അധഃപതനത്തോടുകൂടി അവരുടെ സ്വാതന്ത്ര്യം അഖണ്ഡമായി. ഒടുവിലത്തെപ്പെരുമാൾ കേരളം പലക്കുമായി പങ്കുവച്ചുകൊടുത്തു എന്നുള്ള കേരളോൽപത്തിയിലെ പ്രസ്താവന അവിശ്വസനീയമാണ്. കൊച്ചിരാജാക്കന്മാർ പെരുമാക്കന്മാരുടെ പിൻവാഴ്ചക്കാരെന്ന നിലയിൽ തിരുവഞ്ചിക്കുളത്തു താമസിച്ചു. ഈ മൂന്നു വംശങ്ങളിലേയും, കോഴിക്കോട്, വടക്കൻ കോട്ടയം, വെട്ടത്തുനാട്, വടക്കുംകൂർ, ചെമ്പകശ്ശേരി മുതലായ ഇതരവംശങ്ങളിലേയും രാജാക്കന്മാർ പല കാലഘട്ടങ്ങളിലും കേരളസാഹിത്യത്തെ വിശദമായും ബഹുമുഖമായും പോഷിപ്പിച്ചിട്ടുണ്ട്.

**വരരുചി:**—ഗണിതശാസ്ത്രത്തിനു് ആവശ്യമുള്ള വാക്യവും പരല്പേരും രചിച്ചതു വരരുചി എന്ന ഒരു പണ്ഡിതനായിരുന്നു എന്നാണ് കേരളത്തിൽ പ്രചരിക്കുന്ന ഐതിഹ്യം. വരരുചികേരളം എന്നൊരു പഴയ ജ്യോതിഷഗ്രന്ഥവും അദ്ദേഹത്തിൻെറ കൃതിയായുണ്ട്. അദ്ദേഹം ഗോകർണ്ണത്തുകാരനും ശങ്കരാചാര്യരുടെ ഗുരുവായ ഗോവിന്ദസ്വാമികളുടെ പുത്രനുമായിരുന്നു എന്നും ആകസ്മികമായി കേരളത്തിൽ വന്നതാണെന്നും പഴമക്കാർ പറയുന്നു. ഗോവിന്ദസ്വാമികളുടെ പുത്രനല്ലെന്നുള്ളതു തീർച്ചയാണ്. വരരുചി മേഴത്തോളഗ്നിഹോത്രിയുടേ ആ

Digitized By Kerala Sahitya Akademi

ട്ടനാണെന്നുള്ള ഐതിഹ്യം അവിശ്വസനീയമാണെങ്കിലും, അഗ്നിഹോത്രിയെക്കാൾ പ്രാക്തനനാണെന്നു തദനുരോധേന അനുമാനിക്കാമെങ്കിൽ അദ്ദേഹം ക്രി. പി. നാലാംശതകത്തിൽ ജീവിച്ചിരുന്നതായി സങ്കല്പിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ അഗ്നിഹോത്രി ജനിച്ചതു 'പരമധീസമാശ്രയഃ' എന്ന കലിവാക്യത്തിൽനിന്നു കിട്ടുന്ന ക്രി. പി. 343-ലും യാഗക്രിയകൾ സമാപിപ്പിച്ചതു 'യജ്ഞസ്ഥാനം സുരക്ഷ്യം' എന്ന കലിവാക്യംകൊണ്ടു കിട്ടുന്ന 378-ലും, ആണെന്നു കേട്ടുകേഴ്വിയുണ്ട്. ഇതുപോലെയുള്ള കലിവാക്യങ്ങൾ പിൻകാലത്ത് ഓരോരുത്തർ ഉണ്ടാക്കിയതാണ്. വരരുചി എന്ന പേരിൽ പല പണ്ഡിതന്മാരേയും നാം ഭാരതസാഹിത്യചരിത്രത്തിൽ കണ്ടെത്തുന്നു. കാത്യായനൻ എന്ന നാമാന്തരത്താൽ സുവിദിതനും പാണിനിമഹർഷിയുടെ വ്യാകരണസൂത്രങ്ങൾക്കു വാർത്തികങ്ങൾ നിർമ്മിച്ച പണ്ഡിതമൂർദ്ധന്യനുമായ വരരുചി ക്രി. മു. നാലാം ശതകത്തിൽ ഗോദാവരീതീരത്തിൽ ജീവിച്ചിരുന്നു. 'ഉഭയാഭിസാരിക' എന്ന ഭാണത്തിന്റെ പ്രണേതാവായ മററൊരു വരരുചി ക്രി: മു: ഒന്നാം ശതകത്തിൽ ശകജേതാവായ വിക്രമാദിത്യന്റെ സദസ്യനായി പരിലസിച്ചു. അദ്ധ്യാത്മരാമായണത്തിന്റെ രചയിതാവും ഒരു വരരുചിയാണെന്നു പറയാറുണ്ടെങ്കിലും അതിനു ലക്ഷ്യമൊന്നുമില്ല. അതു താരതമ്യേന അർവ്വാചീനമായ ഒരു കൃതിയാണ്. ഇരുപത്തഞ്ചു ശ്ലോകങ്ങളിൽ കാരകം, സമാസം, തദ്ധിതം മുതലായ വിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന വാരരുചസങ്ഗ്രഹത്തിന്റെ നിർമ്മാതാവു സൂത്രകാരകല്പനായതുകൊണ്ടു ഭാഷ്യവിരുദ്ധമായി ഛാന്ദസപ്രയോഗം ചെയ്യുന്നു എന്ന് അതിന്റെ ദീപപ്രഭ എന്ന വ്യാഖ്യയിൽ നാരായണൻനമ്പൂരി പറഞ്ഞിരിക്കുന്നു. അതിന്റെ കാരണം എന്തായാലും അദ്ദേഹം ഒരു പ്രാചീനഗ്രന്ഥകാരനാണെന്നുള്ളതിനു സംശയമില്ല. ഈ സങ്ഗ്രഹകാരനും വാക്യകാരനും ഒരാളായിരിക്കാം. ഇവകൂടാതെ പ്രാകൃതപ്രകാശം വാരരുചകോശം ആശൌചാഷ്ടകം എന്നിങ്ങനെ ചില വാങ്മയങ്ങളും വരരുചികൃതങ്ങളായി കാണുന്നുണ്ട്. അവയിൽ ആശൌചാഷ്ടകം കേരളീയവരരുചിയുടെ കൃതിയാണ്. വരരുചിവാക്യവും പരല്പേരും നിർമ്മിച്ചു എങ്കിലും കടപയാദിസംഖ്യാക്രമത്തിലുള്ള കലിവാക്യഗണനം കൊല്ലവർഷത്തിനു മുൻപ് അത്യന്തം വിരളമായിരുന്നു.

**ആശൌചാഷ്ടകം:—** ഈ ഗ്രന്ഥത്തിൽ എട്ടു ശ്ലോകങ്ങളേ, അടങ്ങിട്ടുള്ളു എന്നു പേരിൽനിന്നുതന്നെ വ്യക്തമാകുന്നുണ്ടല്ലോ. എങ്കിലും ആ സങ്കുചിതമായ പരിധിക്കുള്ളിൽ ആചാര്യൻ അത്യന്തം വിസ്തൃതമായ ആശൌചവിഷയത്തിന്റെ സകല മർമ്മങ്ങളെയും സ്പർശിച്ചിട്ടുണ്ട്. താഴെ ഉദ്ധരിക്കുന്നത് ആദ്യത്തെ ശ്ലോകമാണ്.

നാസ്ത്യഘംപ്രാഗ് ദന്തജാതേരുപനയനവിധേ-
രാപ്പവോഹസ്ത്രിരാത്രം

ജ്ഞാതേത്ഥർധം ദശൈതൽ സഹസ്രാദി തു കൃതേ
നാസ്തി പിത്രോസ്സദൈവ
സ്ത്രീഷു ക്ഷൌരാഷ്ടമാബ്ദാദുപയമനവിധേഃ
പൂർവ്വൽ സന്നിധൌ സ്യാ-
ന്മാതുസ്തന്മാസസംഖ്യാസമദിനമുഭയോ-
രുദ്ഭവേ ഗർഭനാശേ.''

വ്യാഖ്യ. പ്രസ്തുതഗ്രന്ഥത്തിന് അജ്ഞാതനാമാവായ ഒരു കേരളീയൻ മനോഹരമായ ഒരു വ്യാഖ്യാനം സംസ്കൃതത്തിൽ രചിച്ചിട്ടുണ്ട്. ആരംഭത്തിൽ സ്മൃതികാരനായ യാജ്ഞവല്ക്യനെ വന്ദിച്ചതിനുമേൽ വ്യാഖ്യാതാവ്

''അഷ്ടമശ്ലോകസൂച്യഗ്രവേധനം കൃതവാൻ ഹി യഃ
തസ്മൈ നമോ വരരുചിം തദർത്ഥം വിവൃണോമ്യഹം.
ആശൌചാഷ്ടകഗീതാദിതത്തത്സമ്പ്രതിപത്തയേ
പരസ്പരഭിദാശ്ലിഷ്ടവ്യാഖ്യാർത്ഥവ്യക്തിഹേതവേ''

എന്നിങ്ങനെ മൂലകാരനെ നമസ്കരിക്കുകയും വ്യാഖ്യാനോദ്ദേശം വിശദീകരിക്കുകയും ചെയ്യുന്നു. 'സഹസ്രസ്വാമി' എന്ന അശ്രുതപൂർവനായ ഒരു ആചാര്യന്റെ വാക്യങ്ങൾ അദ്ദേഹം അങ്ങിങ്ങ് ഉദ്ധരിക്കുന്നുണ്ട്. അദ്ദേഹവും കേരളീയനായിരിക്കാം. ക്ഷത്രിയക്കും വൈശ്യക്കും മരുമക്കൾ വഴിക്കാണ് ദായക്രമമെന്നു വ്യാഖ്യാകരൻ വ്യക്തമായി പറയുന്നു; അതുകൊണ്ട് അദ്ദേഹത്തിന്റെ കേരളീയതയെപ്പററി സംശയിക്കേണ്ടതില്ല. വ്യാഖ്യാനത്തിനു ഉദ്ദേശം നാലഞ്ചു ശതകത്തെ പഴക്കം കാണണം.

**പറയി പെററ പന്തിരുകുലം:**— വരരുചിയുടെ ദാമ്പത്യജീവിതത്തെപ്പററി കേരളീയർ ഒരു കഥ പറഞ്ഞുവരുന്നുണ്ട്. ഒരിക്കൽ വരരുചി ഒരാൽത്തറയിൽ ഇരിക്കുമ്പോൾ അദ്ദേഹം ഒരു പറച്ചിയെ വിവാഹം ചെയ്യേണ്ടിവരുമെന്നു ചില വ്യോമചാരികൾ സംഭാഷണം ചെയ്തുപോകുകയും അതു കേട്ടു വിഷണ്ണനായി അദ്ദേഹം ആ പറയപ്പെൺപൈതലേതെന്നു തിരക്കി, അവളെപ്പിടിച്ചു തലയ്ക്കോരാണി തറച്ച് ഒരു പെട്ടിയിലാക്കി രാജഭടന്മാരെക്കൊണ്ട് ആ പെട്ടി പുഴയിൽ ഒഴുക്കിക്കുകയും ചെയ്തു. അത് ഒരു ബ്രാഹ്മണൻ കണ്ടെടുത്തു.

കുട്ടിയെ തന്റെ മകളെപ്പോലെ വളർത്തി. ആ ബ്രാഹ്മണന്റെ ഗൃഹത്തിൽ വരരുചി ഒരു ദിവസം അതിഥിയായി ചെല്ലുകയും കന്യകയുടെ രൂപഗുണങ്ങളാൽ ആകൃഷ്ടനായി അവളെ വിവാഹം ചെയ്യുകയും ചെയ്തു. ആ യുവതിയുടെ പൂർവചരിത്രം തലയിലെ ആണി കണ്ടു മനസ്സിലായപ്പോൾ ലജ്ജിച്ചു സ്വദേശത്തു താമസിക്കുന്നതു വിഹിതമല്ലെന്നു കരുതി അദ്ദേഹം സപത്നീകനായി ദേശസഞ്ചാരമാരംഭിക്കുകയും ആ വഴിക്കു കേരളത്തിൽ വന്നുചേരുകയും ചെയ്തു. പതിനൊന്നു ശിശുക്കളെ പത്നി കേരളത്തിൽ ഓരോ സ്ഥലത്തായി പ്രസവിച്ചു. ഓരോ കുഞ്ഞിനെപ്പററിയും 'വായുണ്ടോ' എന്നു വരരുചി ആ സാ

Digitized By Kerala Sahitya Akademi

ച്ചിയോടു ചോദിക്കുകയും ഉണ്ടെന്നു പറഞ്ഞാൽ അതിനെ പ്രസവിച്ച സ്ഥലത്തുതന്നെ ഇട്ടുംവച്ചു പോകുകയും പതിവായിരുന്നു. പന്ത്രണ്ടാമത്തെ കുഞ്ഞിനു വായില്ലെന്നു് അവൾ പൊളി പറഞ്ഞപ്പോൾ അതു വാസ്തവത്തിൽ വായില്ലാത്തതായിത്തന്നെ തീർന്നു. അതിനെ ഒരു കുന്നിൽ കൊണ്ടുചെന്നു 'വായില്ലാക്കുന്നിലപ്പൻ' എന്നു പേരും കൊടുത്തു പ്രതിഷ്ഠിച്ചതിന്മേൽ അവർ വീണ്ടും യാത്ര തുടർന്നു കേരളം വിട്ടുപോയി. ഇതാണു് ഐതിഹ്യം.

''മേഴത്തോളഗ്നിഹോത്രീ, രജക,നുളിയന്നൂർ–
ത്തച്ചനും, പിന്നെ വള്ളോൻ,
വായില്ലാക്കുന്നിലപ്പൻ, വടുതല മരുവും
നായർ, കാരയ്ക്കൽ മാതാ,
ചെമ്മേ കേളുപ്പുകൂററൻ, പെരിയ തിരുവരങ്ക–
ത്തെഴും പാണനാരും,
നേരേ നാരായണഭ്രാന്തനു, മുടനാകവൂർ–
ച്ചാത്തനും, പാക്കനാരും.''

എന്ന ശ്ലോകത്തിൽനിന്നു മററു മക്കൾ ആരെന്നു ഗ്രഹിക്കാവുന്നതാണു്. മേഴത്തോൾ ജാതിയിൽ നമ്പൂരിയും, പെരുന്തച്ചൻ കമ്മാളനും ഉപ്പുകൂററൻ മാപ്പിളയും (മുഹമ്മദീയനല്ല) ചാത്തൻ വൈശ്യനും പാക്കനാർ പറയനുമായിരുന്നു എന്നു പറയുന്നു. ഇളയതായ നാറാണത്തു ഭ്രാന്തനാണത്രേ കേരളത്തിൽ താന്ത്രികമതം അഭിവൃദ്ധിപ്പെടുത്തിയതു്. ഓരോരുത്തരെ ഓരോ ജാതിക്കാർ എടുത്തു വളർത്തിയതിനാൽ അവർക്കു ഭിന്നജാതിത്വം വന്നുചേർന്നപോലും. പതിനൊന്നു പേരും ഓരോ തരത്തിൽ ദിവ്യന്മാരായിരുന്നു. അവരിൽ ചിലരെപ്പററി ആശ്ചര്യജനകങ്ങളായ പല ഐതിഹ്യങ്ങൾ കേട്ടുകേൾവിയുണ്ടു്. ഏകദേശം ഇത്തരത്തിൽ ഒരൈതിഹ്യം തമിഴ്നാട്ടിലും പ്രചരിക്കുന്നു. ഭഗവാൻ എന്ന ബ്രാഹ്മണൻേറയും ആതി എന്ന പറച്ചിയുടേയും സന്താനങ്ങളായി ഉപ്പൈ, ഉരുവൈ, വള്ളി, ഔവൈയാർ, അതികമാൻ, കപിലർ, തിരുവള്ളുവർ ഇങ്ങനെ ഏഴു പേർ ജനിച്ചു എന്നും, അവരെയെല്ലാം മാതാപിതാക്കൾ വഴിയിൽ തള്ളിയിട്ടുപോയി എന്നും, ഓരോ ജാതിക്കാർ എടുത്തു വളർത്തി എന്നുമാണു് ആ ഐതിഹ്യത്തിൻെറ ചുരുക്കം. തിരുവള്ളുവർ തിരുക്കുറളിൻെറ പ്രണേതാവും, കപിലർ പ്രസിദ്ധനായ സംഘകവിയും, ഔവൈ ചെന്തമിഴ്ക്കവയിത്രിയുമാണു്. അതികമാനും ചേരമാൻപെരുമാൾനായനാരും ഒന്നാണെന്നു പഴമക്കാർ പറയുന്നു. കാരയ്ക്കലമ്മ ചോളദേശത്തിൽ ജീവിച്ചിരുന്ന ഒരു കവയിത്രിയാണു്. തിരുവാലങ്കാട്ടു മൂത്ത തിരുപ്പതികം, ഇരട്ടൈമണിമാലൈ, അർപ്പുതത്തിരുവന്താതി, ഈ ശിവസ്തുതിപരങ്ങളായ പ്രബന്ധങ്ങൾ ചെന്തമിഴിൽ രചിച്ചതു് ആ ഭക്തയാകുന്നു. ചോളരാജ്യത്തിലെ ഒരു ദേവതയായ കാരയ്ക്കലമ്മയെയും മൈലാപ്പൂരിൽ ജനിച്ചതായി തമിഴർ ഘോഷിക്കുന്ന തിരുവള്ളുവരെയും കേരളസന്താനങ്ങളായി

Digitized By Kerala Sahitya Akademi

ഗണിക്കുന്നതു സാഹസംതന്നെ. തിരുവരങ്കത്തു പാണനാരുടെ ജന്മഭൂമി ശ്രീരങ്ഗമാണെന്നു് അദ്ദേഹത്തിന്റെ പേരിനോടു ചേർത്തുകാണുന്ന വിശേഷണംതന്നെ പ്രഖ്യാപനംചെയ്യുന്നു. ആകെക്കൂടിനോക്കുമ്പോൾ അഗ്നിഹോത്രി, പെരുന്തച്ചൻ, വടുതലനായർ, നാറാണത്തുഭ്രാന്തൻ, ചാത്തൻ, പാക്കനാർ എന്നീ ആറു പേരും, പക്ഷേ ഉപ്പുകുറ്റനും, കേരളത്തിൽ ഓരോ കാലത്തു ജീവിച്ചിരുന്നിരിക്കാമെന്നും അവരെയെല്ലാം ഒരു ചരടിലിണക്കിക്കോർത്തു് ഏകോദരസഹോദരന്മാരാക്കി ഒരു കഥ കേരളീയർ നിർമ്മിച്ചതു ജാതിബ്ഭേദത്തിന്റെ പൊള്ള വെളിപ്പെടുത്താനും സരസ്വതീഗോത്രം ഒന്നേ ഉള്ളൂ എന്നു കാണിക്കുവാനുമായിരിക്കുമെന്നും ഞാൻ ഊഹിക്കുന്നു. വൈയാകരണനായ വരരുചിക്കു് അഗമ്യാഗമനം കല്പിച്ചു് അദ്ദേഹത്തെ പതിതപ്രായനായി ജനങ്ങൾ കരുതിയിരുന്നു എന്നുള്ളതു ഭോജരാജാവിന്റെ ശൃങ്ഗാരപ്രകാശത്തിൽനിന്നു താഴെ ഉദ്ധരിക്കുന്ന ശ്ലോകത്തിൽനിന്നു വിശദമാകുന്നതാണു്.

> "ധൂർത്തൈരുൽ ശപചീകൃതോ വരരുചി–
> സ്സർവ്വജ്ഞകല്പോപി സൻ;
> ജീവന്നേവ പിശാചതാഞ്ച ഗമിതോ–
> ഭർച്ചര്യദഭ്യർചുധീഃ;
> ഛന്ദോഗോയമിതി പ്രഭാകരഗുരു–
> ർദ്ദേശാച്ച നിർവ്വാസിതോ–
> യദ്വൃത്താന്തവിജൃംഭിതേന മഹതാ
> തത്സർവ്വമല്പീകൃതം"

പല ദേശങ്ങളിലെ പുരാവൃത്തങ്ങൾ കൂട്ടിക്കുഴച്ചുമറിച്ചു് ഒന്നിച്ചുചേർത്തു തട്ടിപ്പടച്ചിരിക്കുന്നതാണു് കേരളത്തിലെ ഈ ഐതിഹ്യം എന്നു സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ആർക്കും ബോധപ്പെടാതെയിരിക്കുകയില്ല.

**മേഴത്തോൾ അഗ്നിഹോത്രി:**—മേഴത്തോൾ അഗ്നിഹോത്രിയുടെ ഇല്ലം മലബാർ ജില്ലയിൽ പൊന്നാനിത്താലൂക്കിൽ മേഴത്തോളംശത്തിലാകുന്നു. ആ കുടുംബക്കാർ ഇന്നും വന്നേരിയിൽ ഉണ്ടത്രേ. അദ്ദേഹമാണു് നമ്പൂരിമാരുടെ ഇടയിൽ ആദ്യമായി ശ്രൗതമതീവിവാഹം ചെയ്തതു് എന്നു പറയാവുള്ളതു സത്യമല്ലെന്നു ഞാൻ മുൻപു സൂചിപ്പിച്ചിട്ടുണ്ടു്. അദ്ദേഹമത്രേ കേരളത്തിൽ ആദ്യമായി യാഗം ചെയ്തതു് എന്നും കേൾവിയുണ്ടു്. അഗ്നിഹോത്രി വളരെ യാഗങ്ങൾ അനുഷ്ഠിച്ചു എന്നുള്ളതു വാസ്തവമാണു്. അദ്ദേഹം തൊണ്ണൂറ്റൊൻപതു യാഗങ്ങൾ നിർവഹിച്ചു എന്നും ക്രി. പി. 378–ൽ മുപ്പത്താറാമത്തെ വയസ്സിൽ ആണു് ഒടുവിലത്തെ യാഗം അവസാനിപ്പിച്ചതെന്നും പറഞ്ഞുവരാറുണ്ടു്. അദ്ദേഹം 'അധ്വരസമ്പ്രദായം' കൊടുന്തമിഴിൽ ഭാഷപ്പെടുത്തീട്ടുണ്ടെന്നു ചിലർ പ്രസ്താവിക്കുന്നതിൽ വല്ല വാസ്തവാംശവുമുണ്ടോ എന്നറിഞ്ഞുകൂടാ. ആ ഗ്രന്ഥം ഇതുവരെ കണ്ടുകിട്ടീട്ടില്ല. ഏതായാലും കേരളത്തിൽ പൂർവ്വമീമാംസാമതത്തിന്റെ പ്രചാരത്തിനുവേണ്ടി ഇദ്ദേം

Digitized By Kerala Sahitya Akademi

പ്രഥമമായി പ്രയത്നിച്ചവരിൽ അദ്ദേഹം ഒരു പ്രാമാണികനായിരുന്നു എന്നു നിർണ്ണയിക്കാം.

> ''മുൻപത്നി പൃഷ്ണിണിയൊടൊക്കമൊരമ്മിയാരീ-
> ത്തൻപത്തനാടികളുമൊത്തെഴമഗ്നിഹോത്രീ
> വൻപത്തമോടൊരു കുറെശ്ശതമധ്വരം സൽ-
> സന്താനത്തിയന്ന വിദ്ദ ചെയ്തു നിരത്തി നാട്ടിൽ.''

എന്ന പദ്യത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ ഏതദ്വിഷയകമായ ഒരു ഐതിഹ്യം തന്റെ കേരളം എന്ന വിശിഷ്ടമായ കാവ്യത്തിൽ സങ്ഗ്രഹിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രഥമപത്നിയായ 'പത്തനാടി' (ആധാനം ചെയ്ത നമ്പൂരിയുടെ അന്തർജ്ജനം)യിൽ വെള്ളത്ത പട്ടേരിയുടേയും മൂന്നാമത്തെ പത്നിയായ അമ്യാരിൽ (തമിഴ്ബ്രാഹ്മണി) വേമഞ്ചേരി, കൂടല്ലൂർ, കൂടലാററുപുറം ഈ മനകളിലെ നമ്പൂരിമാരുടേയും കുടുംബങ്ങൾ ഉത്ഭവിച്ചു എന്നും രണ്ടാമത്തെ ഭാര്യയായ ഋതുമതിയിൽ ഉണ്ടായ സന്തതിപരമ്പര അന്യംനിന്നുപോയി എന്നും ആ മഹാകവി തന്നെ രേഖപ്പെടുത്തിട്ടുണ്ടു്.

**പ്രഭാകരമിശ്രൻ—ദേശം:**—പൂർവ്വമീമാംസ കേരളത്തിൽ പോഷിക്കുവാൻ പ്രധാനകാരണം കേരളീയനായ പ്രഭാകരമിശ്രന്റെ ആവിർഭാവമാണു്. പ്രഭാകരൻ ശുകപുരംഗ്രാമത്തിൽപെട്ട പടിഞ്ഞാറേ കുത്തുള്ളിമനയ്ക്കലേ ഒരു നമ്പൂരിയായിരുന്നു എന്നാണു് ഐതിഹ്യം. കേരളോൽപത്തിയിൽ പള്ളിവാണപ്പെരുമാൾ നമ്പൂരിമാരെ ശാസ്ത്രാഭ്യാസം ചെയ്യിക്കുന്നതിനുവേണ്ടി ഭട്ടാചാര്യരെ (കുമാരിലഭട്ടൻ) വരുത്തി ചിലവിനുകൊടുത്തു പാർപ്പിച്ചു എന്നും അദ്ദേഹത്തിന്റെ ശിഷ്യനായി വെളിയിൽനിന്നു പ്രഭാകരഗുരുക്കളും വന്നുചേർന്നു എന്നും പ്രഭാകരൻ കേരളത്തിൽതന്നെ സ്ഥിരമായി താമസിച്ചു നമ്പൂരിമാരെ പൂർവ്വമീമാംസ അധ്യയനം ചെയ്യിച്ചു എന്നും അദ്ദേഹത്തിനു പെരുമാൾ ഏഴായിരം കലവും ഉദയത്തുങ്ങൻചെട്ടി അയ്യായിരം കലവും വസ്തുദാനം ചെയ്തു എന്നും പ്രസ്താവിച്ചുകാണുന്നു. എങ്കിലും ആ പ്രസ്താവന ആദ്യന്തം വിശ്വസനീയമല്ലെന്നും അദ്ദേഹം ഒരു കേരളീയൻതന്നെയായിരുന്നു എന്നുമാണു് എനിക്കു തോന്നുന്നതു്. ഛന്ദോഗൻ (സാമവേദാധ്യായി) എന്ന കാരണത്താൽ അദ്ദേഹത്തെ ദേശത്തിൽനിന്നു നിഷ്കാസനംചെയ്തു എന്നു ശൃങ്ഗാരപ്രകാശത്തിൽ പ്രസ്താവിച്ചിട്ടുള്ളതു താൻ ഉത്തരഭാരതത്തിൽ പൂർവ്വമീമാംസ അഭ്യസിച്ച ദേശമായിരിക്കാം. അദ്ദേഹത്തെ അകേരളീയനാണെന്നു് ആരും പറഞ്ഞിട്ടില്ല. ഏതായാലും ആ മഹാത്മാവു കേരളത്തിൽ പൂർവ്വമീമാംസാചാര്യനായി പരിലസിച്ചിരുന്നു എന്നുള്ളതു നിർവിവാദമാണു്. ഉദയത്തുങ്ഗേശ്വരത്തു സഭാമഠത്തിൽ അദ്ദേഹത്തിന്റെ മെതിയടി വച്ചു പൂജിച്ചുവന്നതായി കേരളോൽപത്തിയിൽ പ്രസ്താവനയുണ്ടു്. ഒരു ഘട്ടത്തിൽ അദ്ദേഹം 'തദിദമന്യദീയമനുസ്യോച്യമാനം മാതുലധനകഥനന്യായമാവഹതി' എന്ന പങ്‌ക്തിയിൽ മരുമക്കത്തായത്തെ കടാക്ഷിക്കുന്നതായി അഭ്യൂഹിക്കാവുന്നതാണു്.

Digitized By Kerala Sahitya Akademi

**കാലം:—** കുമാരിലഭട്ടന്റെ ശിഷ്യനായിരുന്ന പ്രഭാകരൻ എന്നാണ് ഭാരതമെങ്ങും പണ്ടേക്കുപണ്ടേയുള്ള പ്രസിദ്ധി. ക്രി: പി: 650–ൽ ചരമം പ്രാപിച്ച ഭർത്തൃഹരിയുടെ വാക്യപദീയത്തെ ഭട്ടൻ തന്ത്രവാർത്തികത്തിൽ സ്മരിക്കുന്നതുകൊണ്ടും ഉംവേകൻ എന്ന നാമാന്തരത്തോടുകൂടിയ ഭവഭൂതി (655–725) അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നതുകൊണ്ടും അദ്ദേഹം ക്രി: പി: 620മുതൽ 680വരെ ജീവിച്ചിരുന്നിരിക്കണമെന്നാണ് പല പണ്ഡിതന്മാരുടേയും മതം. കുമാരിലൻ ശിഷ്യന്മാരെ പഠിപ്പിക്കുമ്പോൾ "അത്രാപി നോക്തം; തത്ര തു നോക്തം; ഇതി ദ്വിരുക്തം" എന്ന പങ്ക്തിക്ക് അർത്ഥംതോന്നാതെ സ്വല്പം കുഴങ്ങി എന്നും അതു കണ്ടു കുശാഗ്രബുദ്ധിയായ പ്രഭാകരൻ "അത്ര അപി നാ ഉക്തം; തത്ര തു നാ ഉക്തം; ഇതി ദ്വിഃ ഉക്തം" അതായതു് ഇവിടെ 'അപി'കൊണ്ടും അവിടെ 'തു'കൊണ്ടും ഇങ്ങനെ രണ്ടുതവണ പറഞ്ഞിട്ടുണ്ടു്." എന്നാണ് ആ പങ്ക്തിയുടെ അർത്ഥമെന്നു് ആചാര്യനെ അറിയിച്ചു എന്നും, അപ്പോൾ വിസ്മിതനായ അദ്ദേഹം ആ ശിഷ്യനു 'ഗുരു' എന്ന ബിരുദം നല്കി എന്നും പഴമക്കാർ പ്രസ്താവിക്കുന്നു. തന്നിമിത്തം അദ്ദേഹത്തിന്റെ മതത്തെ ഗുരുമതമെന്നു പറയുന്നു. ശിഷ്യനായിരിക്കുമ്പോൾ ഒരു രാത്രിയിൽ പ്രഭാകരൻ കുമാരിലന്റെ ജീവഹാനി വരുത്തുവാൻ തട്ടിൻപുറത്തു കേറി ഒളിഞ്ഞിരിക്കുകയും, കുമാരിലൻ തന്റെ പത്നിയോടു പൂർണ്ണചന്ദ്രനെച്ചൂണ്ടിക്കാണിച്ചു് ആ ചന്ദ്രനു തന്റെ പ്രഭാകരന്റെ കാന്തിയില്ലെന്നു പറയുകയും, അതു കേട്ടു ശിഷ്യൻ താഴെയിറങ്ങി ഗുരുദ്രോഹത്തിനു പ്രായശ്ചിത്തമായി ഉമിത്തീയിൽ ഇറങ്ങിനിന്നു മരിക്കുവാൻ നിശ്ചയിക്കുകയും, അതു് ആചാര്യൻ പണിപ്പെട്ടു തടയുകയും ചെയ്തതായി ഒരു കഥയുണ്ടു്. വിദ്യാരണ്യന്റേതാണെന്നു് അബദ്ധമായി പറയുന്ന ശങ്കരവിജയത്തിൽ കാണുന്നതു കുമാരിലൻ ഒരു ബൗദ്ധനോടു ബുദ്ധദർശനം അഭ്യസിച്ചു എന്നും ആ അഭ്യാസം ബൗദ്ധമതഖണ്ഡനത്തിനുവേണ്ടിയായിരുന്നതിനാൽ ബൗദ്ധന്മാരെ വാദത്തിൽ മടക്കിയതിനുശേഷം ഗുരുദ്രോഹഭീതിയാൽ ഉമിത്തീയിൽ ചാടി മരിച്ചു എന്നുമാകുന്നു. സുകുമാരകവിയെപ്പററിയും ഈ ഐതിഹ്യംതന്നെ പ്രകാരാന്തരേണ പ്രചരിക്കുന്നു. പ്രസ്തുത സംഭവം ആരെസ്സംബന്ധിച്ചാണ് വാസ്തവത്തിൽ ഉണ്ടായതെന്നു് അറിവാൻ നിവൃത്തിയില്ല. ഏതായാലും ചില വിദ്വാന്മാർ വിപരീതാഭിപ്രായക്കാരാണെങ്കിലും പ്രഭാകരൻ കേരളത്തിൽനിന്നു് ഉത്തരഭാരതത്തിൽ പോയി ഭട്ടന്റെ അന്തേവാസിത്വം സ്വീകരിക്കുകയും ഭട്ടനോടുകൂടി തിരിയെ സ്വദേശത്തു വന്നു ബൗദ്ധമതത്തെ അസ്തമിതപ്രായമാക്കുകയും ചെയ്തതായി നമുക്കു് അനുമാനിക്കാം. ആ അനുമാനം അസങ്ഗതമല്ലെങ്കിൽ അദ്ദേഹത്തിന്റെ ജീവിതകാലം ക്രി: പി: 650–നും 720–നും ഇടയ്ക്കാണെന്നു വന്നുകൂടുന്നു.

**ഭവദാസനും പ്രഭാകരനും:—** ആദികാലത്തു മീമാംസാദർശനം ഒന്നേയുണ്ടായിരുന്നുള്ളു. അതു പിന്നീടു കർമ്മകാണ്ഡപ്രതിപാദകമായ പൂർവ്വമീമാംസയെന്നും ജ്ഞാനകാണ്ഡപ്രതിപാദകമായ ഉത്തര

Digitized By Kerala Sahitya Akademi

മീമാംസയെന്നും രണ്ടായി പിരിഞ്ഞു. പൂർവമീമാംസയ്ക്കു മീമാംസയെന്നും ഉത്തരമീമാംസയ്ക്കു വേദാന്തമെന്നും പശ്ചാൽകാലികന്മാർ പേർ നല്കി. പൂർവമീമാംസാസൂത്രങ്ങൾ നിർമ്മിച്ചതു ജൈമിനിമഹർഷിയാണു്. ആ ഗ്രന്ഥത്തിൽ പതിനാറു് അധികരണങ്ങളുണ്ടു്. 'ദ്വാദശലക്ഷണി' എന്നു പറയുന്ന ആദ്യത്തെ പന്ത്രണ്ടു് അധ്യായങ്ങൾ മാത്രമേ സാധാരണമായി പഠിക്കാറുള്ളു. സങ്കർഷകാണ്ഡമെന്നും ദേവതാധ്യായമെന്നും പറയുന്ന ഒടുവിലത്തെ നാലധ്യായങ്ങൾ താരതമ്യേന അപ്രസിദ്ധങ്ങളാണു്. ജൈമിനീയസൂത്രങ്ങളുടെ ആദ്യത്തെ വൃത്തികാരൻ ഉപവർഷനും രണ്ടാമൻ ഭവദാസനുമാണു്. ഭവദാസൻ ക്രി: പി: രണ്ടാം ശതകത്തിൽ ജീവിച്ചിരുന്നു. ഈ പേർ നമ്പൂരിമാർക്കല്ലാതെ മററാർക്കുമില്ലാത്തതുകൊണ്ടു പ്രസ്തുതവൃത്തികാരനെ ഞാൻ ഒരു കേരളീയനായി പരിഗണിക്കുന്നു, അദ്ദേഹത്തെ ഭട്ടൻ ശ്ലോകവാർത്തികത്തിൽ

> ''പ്രദർശനാർത്ഥമിത്യേകേ കേചിന്നാനാർത്ഥവാചിനഃ
> സമുദായാദവച്ഛിദ്യ ഭവദാസേന കല്പിതാൽ.''

എന്ന പദ്യത്തിൽ അസന്ദിഗ്ദ്ധമായി സ്മരിക്കുന്നു. ദേവസ്വാമി (ക്രി. പി. 1000) ഈ വൃത്തിയെ 'ഭാവദാസഭാഷ്യം' എന്നു പ്രശംസിച്ചിട്ടുണ്ടു്. ഭവദാസന്റെ വൃത്തി ഇനിയും കണ്ടുകിട്ടീട്ടില്ല. ശബരസ്വാമിയാണു് (ക്രി. പി. 200) ജൈമിനീയസൂത്രങ്ങളുടെ ഒന്നാമത്തെ ഭാഷ്യകാരൻ. ശബരഭാഷ്യത്തിനു ടീകകളാണു ഭട്ടനും പ്രഭാകരനും നിർമ്മിച്ചിട്ടുള്ളതു്. ഭട്ടന്റെ ശ്ലോകവാർത്തികം ശബരഭാഷ്യം പ്രഥമാധ്യായത്തിലെ പ്രഥമപാദത്തിന്റേയും തന്ത്രവാർത്തികം ഒന്നാമധ്യായം രണ്ടാംപാദംമുതൽ മൂന്നാമധ്യായത്തിന്റെ അവസാനംവരെയുള്ള ഭാഗത്തിന്റേയും ടുപ്ടീക നാലാമധ്യായംമുതൽ പന്ത്രണ്ടാമധ്യായംവരെ ഒൻപതു് അധ്യായങ്ങളുടേയും വ്യാഖ്യാനമാകുന്നു. ഇവ കൂടാതെ ബൃഹട്ടീകയെന്നും മധ്യമടീകയെന്നുംകൂടി രണ്ടു വ്യാഖ്യകൾ അദ്ദേഹം രചിച്ചിട്ടുണ്ടു്. വാർത്തികനിർമ്മാണംനിമിത്തം കുമാരിലനെ വാർത്തികകാരനെന്നും പറയുന്നു. ഭവദാസമതത്തിന്റെ ഖണ്ഡനത്തിനു ഭട്ടനും മണ്ഡനത്തിനു പ്രഭാകരനും ഉദ്യമിച്ചു. ഒരു കേരളീയന്റെ മതത്തെ പുനഃസ്ഥാപനം ചെയ്യുവാൻ മറെറാരു കേരളീയൻ ശ്രമിക്കുന്നതു സ്വാഭാവികമാണല്ലോ.

**പ്രഭാകരന്റെ കൃതികൾ:**—പ്രഭാകരൻ ശബരഭാഷ്യത്തിനു വിവരണമെന്നും നിബന്ധനമെന്നും രണ്ടു വ്യാഖ്യാനങ്ങൾ രചിച്ചിട്ടുണ്ടു്. വിവരണമാണു് ആദ്യത്തെ വ്യാഖ്യാനം. അതിനു ലഘ്വീ എന്നും പേരുണ്ടു്. ആദ്യം വിവരണം രചിക്കുകയും അതിനെ ഭട്ടൻ വാർത്തികത്തിൽ വിമർശിച്ചപ്പോൾ വാർത്തികത്തെ ചർച്ച ചെയ്തു ബൃഹതീ എന്നുകൂടിപ്പേരുള്ള നിബന്ധനം നിർമ്മിക്കുകയും ചെയ്തതായി ഊഹിക്കാം. ബൃഹതിയുടെ ആറധ്യായങ്ങൾമാത്രമേ കണ്ടുകിട്ടീട്ടുള്ളു. ലഘ്വിക്കു ആറായിരം ശ്ലോകത്തോളവും ബൃഹതിക്കു പന്തീരായിരം ശ്ലോകത്തോളവും വലിപ്പമുണ്ടെന്നാണു് സർവദർശനകൗമുദീകാരനായ

Digitized By Kerala Sahitya Akademi

മാധവസരസ്വതി പാടുന്നതു്. രണ്ടും ഗദ്യമാണു്. പ്രഭാകരൻെറ ഗദ്യശൈലി ഗഹനമാണെങ്കിലും അതേസമയത്തിൽതന്നെ മനോഹരവും ഫലിതസമ്മിശ്രവുമാകുന്നു.

**പ്രഭാകരൻേറയും ഭട്ടൻേറയും ശിഷ്യന്മാർ:**—പ്രഭാകരൻ ജീവിച്ചിരിക്കുമ്പോൾത്തന്നെ അദ്ദേഹത്തിൻെറ പ്രശസ്തി ഭാരതമെങ്ങും പ്രസരിച്ചു. ആ ആചാര്യൻെറ പ്രധാനശിഷ്യൻ ക്രി: പി: 690 മുതൽ 760 വരെ ജീവിച്ചിരുന്നതായി വിചാരിക്കാവുന്ന ശാലികാനാഥനാകുന്നു. ശാലികാനാഥൻ വങ്ഗദേശീയനെന്നാണു് എൻെറ അഭ്യൂഹം. അദ്ദേഹം ലഘ്വിക ദീപശിഖാപഞ്ചികയെന്നും ബൃഹതിക്കു് ഋജുവിമലാപഞ്ചികയെന്നും വേറുള്ള രണ്ടു വ്യാഖ്യകൾ കൂടാതെ പ്രഭാകരസിദ്ധാന്തങ്ങളെ പ്രസ്പഷ്ടമാക്കുന്നതിനു പ്രകരണപഞ്ചിക എന്ന പ്രസിദ്ധമായ ഗ്രന്ഥവും ഭാഷ്യപരിശിഷ്ടവും നിർമ്മിച്ചിട്ടുണ്ടു്. മഹാപണ്ഡിതനായിരുന്ന പള്ളിപ്പുറത്തു നമ്പൂരി അദ്ദേഹത്തെപ്പററി

> ''ശാലികാനാഥവന്മൂഢോ ന ജാതോ ന ജനിഷ്യതേ
> പ്രഭാകരപ്രകാശായ യേന ദീപശിഖാ കൃതാ''

എന്നു പറഞ്ഞിട്ടുള്ളതു പ്രഭാകരൻെറ നേക്കുള്ള ഭക്തിപാരവശ്യം നിമിത്തം മാത്രമാണു്. മണ്ഡനമിശ്രൻ (ക്രി: പി: 670—740) ഭട്ടൻെറ ശിഷ്യനായിരുന്നു. വിധിവിവേകം, ഭാവനാവിവേകം, വിഭ്രമവിവേകം, മീമാംസാസൂത്രാനുക്രമണി, സ്ഫോടസിദ്ധി, ബ്രഹ്മസിദ്ധി, എന്നീ ഗ്രന്ഥങ്ങളുടെ പ്രണേതാവാണു് അദ്ദേഹം. ബ്രഹ്മസിദ്ധി ഒരു വേദാന്തഗ്രന്ഥമാകുന്നു. ഉംവേകഭട്ടനെപ്പററി മുൻപു പറഞ്ഞുവല്ലോ. അദ്ദേഹം ശ്ലോകവാർത്തികത്തിനും ഭാവനാവിവേകത്തിനും വ്യാഖ്യകൾ രചിച്ചിട്ടുണ്ടു്. ഭട്ടൻെറ ഈ മൂന്നു ശിഷ്യന്മാരേയുംപററി

> ''ഉംവേകഃ കാരികാം വേത്തി; തന്ത്രം വേത്തി പ്രഭാകരഃ;
> മണ്ഡനസ്തൂഭയം വേത്തി; നോഭയം വേത്തി രേവണഃ:'

എന്നൊരു പഴയ ശ്ലോകമുണ്ടു്. കാരികയെന്നാൽ ഇവിടെ ശ്ലോകവാർത്തികമെന്നും തന്ത്രമെന്നാൽ തന്ത്രവാർത്തികമെന്നും അർത്ഥം. മണ്ഡനൻ വിധിവിവേകത്തിലും ബ്രഹ്മസിദ്ധിയിലും പ്രഭാകരനെ സ്മരിക്കുന്നു. ''അലം ഗുരുഭിർവിവാദേന'' എന്നു് അദ്ദേഹം ഒരു ഘട്ടത്തിൽ പറയുന്നു. പ്രഭാകരൻെറ സിദ്ധാന്തങ്ങളോടുകൂടി പശ്ചാൽകാലികന്മാർ ചില ഭിന്നാഭിപ്രായങ്ങൾ ഘടിപ്പിച്ചു. വാചസ്പതിമിശ്രൻ (ക്രി: പി: 800–900) ന്യായകണികയിൽ ''ജരൽപ്രാഭാകരോന്നീതാർത്ഥം ഗുരോർവ്വചഃ'' എന്നും ''നവീനാസ്തുന്നയന്തി'' എന്നും പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു് അന്നുതന്നെ പ്രാഭാകരശാഖ രണ്ടായി പിരിഞ്ഞുകഴിഞ്ഞിരുന്നു എന്നൂഹിക്കാവുന്നതാണു്.

**പ്രാഭാകരമതവും ഭാട്ടമതവും:**—പ്രഭാകരൻേറയും ഭട്ടൻേറയും മതങ്ങൾക്കുതമ്മിലുള്ള വ്യത്യാസങ്ങൾ ഇവിടെ പ്രപഞ്ചനം ചെയ്യണമെന്നു് ഉദ്ദേശിക്കുന്നില്ല. വൈദികങ്ങളായ ശബ്ദങ്ങളെമാത്രമേ

Digitized By Kerala Sahitya Akademi

പ്രഭാകരൻ പ്രമാണത്തേയോ അംഗീകരിക്കുന്നുള്ളൂ. പദങ്ങളെക്കൊണ്ടു് അഭിഹിതങ്ങളായ പദാർത്ഥങ്ങൾതന്നെയാണു് വാക്യാർത്ഥത്തെ ബോധിപ്പിക്കുന്നതു് എന്നുള്ള ഭട്ടന്റെ പക്ഷം പ്രഭാകരനു സമ്മതമല്ല. അദ്ദേഹത്തിനു വാക്യമാണു ഘടകം; തന്നിമിത്തം ഭട്ടനെ അഭിഹിതാന്വയവാദിയെന്നും പ്രഭാകരനെ അന്വിതാഭിധാനവാദിയെന്നും പറയുന്നു. ഭട്ടനു് അഭാവം ഒരു പദാർത്ഥമാണു്. പ്രഭാകരൻ അതു കേവലം അധികരണസ്വരൂപമാണെന്നു കരുതുന്നു; അതുകൊണ്ടു് അനുപലബ്ധി അദ്ദേഹത്തിനു പ്രമാണമല്ല. വിപരീതഖ്യാതിവാദിയാണു ഭട്ടൻ; അഖ്യാതിവാദിയാണു പ്രഭാകരൻ; ഇതു ഭ്രമജ്ഞാനവിഷയകമായുള്ള മതഭേദമാകുന്നു. ഖ്യാതിയെന്നാൽ ജ്ഞാനമെന്നർത്ഥം. ഇങ്ങനെ പൂർവ്വമീമാംസ ഭാട്ടമെന്നും പ്രാഭാകരമെന്നും രണ്ടു വലിയ ശാഖകളായി പ്രവഹിച്ചുതുടങ്ങി. കാലാന്തരത്തിൽ ഭാട്ടമതത്തിനാണു് പ്രാബല്യം സിദ്ധിച്ചതു്. എങ്കിലും രണ്ടു മതങ്ങളേയും ഒന്നുപോലെ കേരളീയർ ബഹുമാനിച്ചു രണ്ടിനും സമാനകക്ഷ്യയിൽ പട്ടത്താനങ്ങളിലും മററും സ്ഥാനം നല്കി. നമ്പൂരിമാരുടെ ഗ്രാമങ്ങളെക്കൂടി ഭാട്ടം, പ്രാഭാകരം വ്യാകരണം എന്നിങ്ങനെ വിഭജിച്ചിരുന്നതായി കേരളോൽപത്തിയിൽനിന്നു വെളിപ്പെടുന്നു എന്നു ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഭട്ടനു കേരളത്തിൽ ലഭിച്ച ഒരു ശിഷ്യനായിരുന്നു വടക്കൻ കോട്ടയം രാജവംശത്തിന്റെ കൂടസ്ഥനെന്നു പറയുന്ന ഹരിശ്ചന്ദ്രമഹാരാജാവു്. അദ്ദേഹമാണു് ഇവിടെ ഭാട്ടമതത്തിനു പ്രചാരം വരുത്തിയതു്.

“യേഷാം വംശേ സമജനി ഹരി–
ശ്ചന്ദ്രനാമാ നരേന്ദ്രഃ
പ്രത്യാപത്തിഃ പതഗ, യദുപ–
ജ്ഞഞ്ച കൗമാരിലാനാം”

എന്നു കോകിലസന്ദേശത്തിൽ ഉദ്ദണ്ഡശാസ്ത്രികൾ ആ മഹാരാജാവിനെ വാഴ്ത്തുന്നു.

**പ്രഭാകരന്റെ യശസ്സു്:**—പ്രഭാകരനെപ്പററി പിൽക്കാലക്കാർക്കു് എത്രമാത്രം മതിപ്പുണ്ടായിരുന്നു എന്നു താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ തെളിയിക്കുന്നതാണു്. ശാലികാനാഥൻ ഋജുവിമല ഇങ്ങനെ ആരംഭിക്കുന്നു:—

“സ്പഷ്ടാവിദ്യാനിശാധ്വംസിനിബന്ധനിബന്ധനോജ്ജ്വലം
ഉദ്ഭാസിതജഗജ്ജാഡ്യം നമസ്യാമഃ പ്രഭാകരം.
പ്രഭാകരഗുരോരർത്ഥാൻ മിതഗംഭീരഭാഷിണഃ
അഞ്ജസാ വ്യഞ്ജയിഷ്യന്തീ പഞ്ചികാ ക്രിയതേ മയാ.”

മഹാത്മാവായ രാമാനുജാചാര്യർ തന്ത്രരഹസ്യത്തിൽ

“ആലോച്യ ശബ്ദബലമർത്ഥബലം ശ്രുതീനാം
ടീകാദ്വയം വ്യരചയദ് ബൃഹതീം ച ലഘ്വീം”

Digitized By Kerala Sahitya Akademi

ഭാഷ്യം ശബരമധികൃത്യ മിതാക്ഷരം യ-
സ്സോയം പ്രഭാകരഗുരുർജ്ജയതി ത്രിലോക്യാം.''

എന്ന ഗുരുവിനോടും

''ബൃഹതീം തഥൈവ ലഘ്വീം
ടീകാമധികൃത്യ ശാലികാനാഥഃ
ഋജുവിമലാം ദീപശിഖാം
വിശദാർത്ഥാമകൃത പഞ്ചികാം ക്രമശഃ''

എന്ന ശിഷ്യനോടും പ്രശംസിക്കുന്നു. എല്ലാംകൊണ്ടും പ്രഭാകരമിശ്രൻ കേരളഭൂമിയുടെ മഹനീയന്മാരായ പുത്രന്മാരിൽ ശങ്കരഭഗവൽപാദരെ കഴിച്ചാൽ അടുത്ത സ്ഥാനത്തിനവകാശിയാണെന്നു സ്ഥാപിക്കാവുന്നതാണു്.

**ഭവരാതൻ; മാതൃദത്തൻ; രാമശർമ്മാ:—** ക്രി: പി: 635 മുതൽ 700വരെ ജീവിച്ചിരുന്നു എന്നു സങ്കല്പിക്കാവുന്ന ആചാര്യദണ്ഡിയെപ്പററി കേട്ടിട്ടില്ലാത്ത സംസ്കൃതസാഹിത്യപ്രണയികൾ ഉണ്ടായിരിക്കുകയില്ലല്ലോ. പല്ലവരാജാവായ സിംഹവിഷ്ണുവിൻേറയും (വാഴ്ചക്കാലം ക്രി: പി: 575_600) അദ്ദേഹത്തിൻെറ പുത്രനായ മഹേന്ദ്രവിക്രമൻേറയും (വാഴ്ചക്കാലം ക്രി: പി: 600_630) സദസ്യപ്രവേകനും കിരാതാർജ്ജുനീയത്തിൻെറ പ്രണേതാവും ദാമോദരനാമാന്തരനുമായ ഭാരവിമഹാകവിയുടെ പുത്രനായ മനോരഥനു വീരദത്തൻ എന്നൊരു പുത്രനുണ്ടായിരുന്നു. വീരദത്തനു ഗൗരി എന്ന പത്നിയിൽ ദണ്ഡി ജനിച്ചു. ദണ്ഡി കാഞ്ചീപുരത്തു താമസിക്കവേ പുലകേശിയുടെ പുത്രനായ പ്രഥമചാലൂക്യവിക്രമാദിത്യൻ ക്രി: പി: 655_ാമാണ്ടിടയ്ക്കു് ആ നഗരം സ്വാധീനമാക്കുകയും അതോടുകൂടി അദ്ദേഹം ദേശാന്തരഗമനം ചെയ്യുകയും ചെയ്തു. ദ്വിതീയനരസിംഹവർമ്മനെന്ന പല്ലവരാജാവു് (വാഴ്ചക്കാലം ക്രി: പി: 660_685) കാഞ്ചി വീണ്ടെടുത്തപ്പോൾ ദണ്ഡി തിരിയെ വന്നു് അദ്ദേഹത്തിൻെറ ആസ്ഥാനപണ്ഡിതനായിത്തീൻു. അവിടെവച്ചു കാവ്യാദർശം, അവന്തിസുന്ദരി, ദ്വിസന്ധാനകാവ്യം എന്നിങ്ങനെ മൂന്നു ഗ്രന്ഥങ്ങൾ അദ്ദേഹം നിർമ്മിച്ചു. ദശകുമാരചരിതത്തിൽ പൂർവ്വപീഠികയൊഴികെയുള്ള ഭാഗങ്ങൾ അദ്ദേഹത്തിൻെറ കൃതിയാണോ എന്നു സംശയമുണ്ടു്. ദണ്ഡിക്കു വേദശാസ്ത്രങ്ങളിലുള്ള പാണ്ഡിത്യത്തിനു പുറമേ ശില്പവിദ്യയിലും നൈപുണ്യമുണ്ടായിരുന്നു. ഇക്കാലത്തു ചെങ്കൽപ്പേട്ടജില്ലയിൽ ഉൾപ്പെടുന്ന മഹാമല്ലപുരത്തുനിന്നു ലളിതാലയൻ എന്ന ഒരു ശില്പി കാഞ്ചീപുരത്തു ചെന്നു മഹാമല്ലപുരത്തെ വിഷ്ണുവിഗ്രഹത്തിൻെറ വലത്തുകൈ ഒടിഞ്ഞുപോയി എന്നും താൻ അതു വീണ്ടും ഘടിപ്പിച്ചു എന്നും അതു ശരിയായോ എന്നു പരിശോധിക്കുവാൻ ദണ്ഡികൂടി പോരണമെന്നും അപേക്ഷിച്ചു. അപ്പോൾ രണമല്ലനെന്ന സേനാപതിയുടെ പുത്രൻ ദണ്ഡിയോടു് ആ അപേക്ഷ സാധിച്ചുകൊടുക്കേണ്ടതാണെന്നു ശുപാൎശ ചെയ്തുകൊണ്ടു് അതിനു പ്രരോചകമായി ദണ്ഡിയുടെ സ്നേഹിതന്മാരായ മാതൃദത്താദിപണ്ഡിതന്മാർ

Digitized By Kerala Sahitya Akademi

കേരളത്തിൽനിന്നു് അവിടെ സന്നിഹിതന്മാരായിരിക്കുമെന്നു പറയുന്നു. അവന്തിസുന്ദരീകഥയിലെ ആ ഭാഗം പ്രകൃതോപയോഗിയാകയാൽ ചുവടെ ഉദ്ധരിക്കുന്നു:—

"മിത്രം ച തസൈ്യവ വിശ്വബ്രഹ്മരാശേഃ, കല്പസൂത്രടീകാകാരസ്യ, സകലവിദ്യാനദീപൂരവാരിധേഃ, ത്രയസ്ത്രിംശൽക്രതുവിഭൂതിഭാവിതക്രിയ ത്രിദശസ്യ, ശാപാനുഗ്രഹസമർത്ഥസ്യ, ബ്രഹ്മർഷേർഭവരാതനാമ്നഃ പുത്രഃ, തൽപുത്രാണാം ത്രയസ്യാനന്തമേധാദിസദ്ഗുണസമ്പദാം ദ്വിതീയഃ, ത്രയ്യാ മങ്ഗൈശ്ചൈതിഹ്യകലായാം കവിതായാമദ്വിതീയഃ, സുഹൃന്നന്തനിർഗ്ഗുണദത്തഹൃദയോ, ഗുരുപരിചര്യാപരഃ, പരമമാഹേശ്വരോ ലബ്ധവർണ്ണ കർണ്ണധാരഃ, കർണ്ണമപി നാപരയാ ത്യാഗശക്ത്യാതിക്രാന്തോ, തന്ത്രാർത്ഥ തത്വവ്യാഖ്യാനചതുരശ്ചതുരോദാരിതു്, സർവ്വജനമാതൃഭൂതകരുണാവൃത്തി ർമ്മാതൃദത്തഃ". ഇതിൽനിന്നു് അക്കാലത്തു കേരളത്തിൽ ഭവരാതൻ എന്നു പേരോടുകൂടി ഒരു ബ്രഹ്മർഷിയുണ്ടായിരുന്നു എന്നും അദ്ദേഹം മുപ്പത്തിമൂന്നു യാഗം ചെയ്തു കർമ്മാനം കല്പസൂത്രത്തിനു ടീക നിർമ്മിച്ച പണ്ഡിതപ്രവേകനമായിരുന്നു എന്നും വ്യക്തമാകുന്നു. അദ്ദേഹത്തിന്റെ ദ്വിതീയപുത്രനായ മാതൃദത്തൻ മൂന്നു വേദങ്ങളിലും ആറു വേദാങ്ഗങ്ങളിലും അത്യന്തം നിഷ്ണാതനും കഥാപ്രവചനത്തിലും കവിതാനിർമ്മാണത്തിലും അദ്വിതീയനുമായിരുന്നു. മാതൃദത്തൻ ദണ്ഡിയുടെ ഉത്തമസൌഹൃദം സമ്പാദിച്ചിരുന്നു എന്നും ഇതിൽനിന്നു നാം അറിയുന്നു. അജ്ഞാതനാമാവായ ഒരു കവിയുടെ അവന്തിസുന്ദരീകഥാസാരം എന്ന കൃതിയിൽ

"അപിച സ്പൃഹണീയം തേ സുഹൃദാമപി ദർശനം
മിത്രാണി മാതൃദത്താദ്യാഃ കേരളേഷു ദ്വിജോത്തമാഃ
തദ്ദർശനാർത്ഥമായാതാസ്ത്വസ്മിൻ സന്നിദധതുമീ."

എന്നു് ഈ ഭാഗം ചുരുക്കി എഴുതിയിരിക്കുന്നു. മാതൃദത്തൻ ഹിരണ്യകേശിയുടെ ശ്രൗതസൂത്രങ്ങളും ഗൃഹ്യസൂത്രങ്ങളും വ്യാഖ്യാനിച്ചിട്ടുണ്ടു്. മാതൃദത്തനെക്കൂടാതെ ദണ്ഡി രാമശർമ്മാവെന്ന മറെറാരു പണ്ഡിതനെക്കൂടി അവന്തിസുന്ദരിയിൽ സ്മരിക്കുന്നുണ്ടു്. അദ്ദേഹം വിശ്വാമിത്രഗോത്രജനും വിദ്വാനും ('വിശ്വാമിത്രഗോത്രഃ കൃതീ') ആയിരുന്നു. രാമശർമ്മാവു പ്രഹേളികാരൂപത്തിൽ അച്യുതോത്തരം എന്നൊരു കാവ്യം രചിച്ചിട്ടുണ്ടെന്നു ഭാമഹൻ കാവ്യാലങ്കാരത്തിൽ പ്രസ്താവിക്കുന്നു.

"സ പീതവാസാഃ പ്രഗൃഹീതശാർങ്ഗോ
മനോജ്ഞഭീമം വപുരാപ കൃഷ്ണഃ
ശതഹ്രദേന്ദ്രായുധവാന്നിശായാം
സംസൃജ്യമാനശ്ശശിനേവ മേഘഃ"

എന്ന ശ്ലോകം 'ഉപമാനത്തിൽ അധികപദത്വം' എന്ന കാവ്യദോഷത്തിനു് ഉദാഹരണമായി ഉദ്ധരിക്കുകയും ചെയ്യുന്നു. ഈ രാമശർമ്മാവിനെ

Digitized By Kerala Sahitya Akademi

യായിരിക്കാം അവന്തിസുന്ദരിയിൽ നാമനിർദ്ദേശം ചെയ്തിരിക്കുന്നത്. ഭാമഹനും ദണ്ഡിയും ഏകദേശം സമകാലികന്മാരായിരുന്നു.

**കുലശേഖരആഴ്വാരും മുകുന്ദമാലയും:—** ക്രി: പി: 767 മുതൽ 834 വരെ ജീവിച്ചിരുന്നിരിക്കാമെന്നു ഞാൻ ഊഹിക്കുന്ന കുലശേഖര ആഴ്വാരുടെ ചെന്തമിഴ്കൃതികളെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അത്യുത്തമമായ ഒരു വിഷ്ണുസ്തോത്രമാണ് മുകുന്ദമാല. അതിന്റെ കാശ്മീരപാഠത്തിൽ 34-ം കേരളീയപാഠത്തിൽ 31-ം ശ്ലോകങ്ങളാം കാണുന്നു. ഒടുവിലത്തെ ശ്ലോകം സാഹിത്യചരിത്രകാരന്മാർക്കു വളരെ പ്രയോജനമുള്ളതാണ്. അതു താഴെ ഉദ്ധരിക്കാം.

"യസ്യ പ്രിയൗ ശ്രുതിധരൗ രവിലോകവീരൗ
മിത്രേ ദ്വിജന്മവരപാരശവാവഭൂതാം
തേനാംബുജാക്ഷചരണാംബുജഷട്പദേന
രാജ്ഞാ കൃതാ കൃതിരിയം കുലശേഖരേണ"

'ശ്രുതധരൗ' എന്നു പാഠാന്തരം. ഇതിൽനിന്നു കുലശേഖരൻ ഒരു രാജാവായിരുന്നു എന്നും അദ്ദേഹത്തിനു മഹാവിദ്വാന്മാരായ രവി എന്ന ബ്രാഹ്മണനും ലോകവീരനെന്ന വാരിയരും മിത്രങ്ങളായിരുന്നു എന്നും വെളിവാകുന്നു. ഈ പാഠം ശരിയല്ലെന്നും തമിഴ്നാട്ടിൽ ഇതു "യസ്യ പ്രിയൗ ശ്രുതിധരൗ കവിലോകവീരൗ മിത്രേ ദ്വിജന്മവരപത്മശരാവഭൂതാം" എന്നാണ് പരായണം ചെയ്യാറുള്ളതെന്നും ഒരു വാദം ചിലർ പുറപ്പെടുവിക്കാറുണ്ട്. കാശ്മീരപാഠം "യസ്യ പ്രിയൗ ശ്രുതധരൗ കവിലോകഗീതൗ മിത്രേ ദ്വിജന്മപരിവാരശിവാവഭൂതാം" എന്നാണ്. ഈ പാഠങ്ങളനുസരിച്ചു പ്രസ്തുതശ്ലോകാർത്ഥത്തിന്റെ അർത്ഥമെന്തെന്ന് അവക്കറിഞ്ഞുകൂടാ. കേരളപാഠം ഇന്നോ ഇന്നലെയോ ഉണ്ടായിട്ടുള്ളതല്ല. ഒരു പ്രാചീനമായ ഭാഷാവ്യാഖ്യാനത്തിൽ "ശ്രുതധരൗ, എല്ലാ വിദ്യകളിലും പരിപൂർണ്ണന്മാരായി, പ്രിയൗ, പ്രിയന്മാരായി, വീരൗ, രവി എൻറും ലോകവീരനെൻറും പേരായിരിക്കിൻറ ദ്വിജന്മാര പാരശവൗ, ദ്വിജന്മവരനും പാരശവനും, മിത്രേ, മിത്രമായി, ബന്ധുക്കളായി, അഭൂതാം, ഭവിച്ചു" എന്നു കാണുന്നു. മുകുന്ദമാലയ്ക്കു കേരളീയനായ രാഘവാനന്ദൻ ക്രി: പി: പതിമ്മൂന്നാം ശതകത്തിന്റെ അവസാനത്തിൽ രചിച്ച താൽപര്യദീപിക എന്ന വ്യാഖ്യാനത്തിലും "ശ്രുതിധരൗ, സർവ്വശാസ്ത്രജ്ഞൗ, പ്രിയൗ ഇഷ്ടൗ, രവിലോകവീരൗ, രവിശ്ച ലോകവീരശ്ച തൗ, തന്നാമാനൗ, ദ്വിജന്മവരപാരശവൗ യസ്യ മിത്രേ അഭൂതാം" എന്നിങ്ങനെയാണ് പ്രസ്താവിക്കുന്നത്. പാരശവപദത്തിന്റെ അർത്ഥം ശരിക്കു മനസ്സിലാകായ്കയാലാണ് പരദേശികന്മാർ പാഠവ്യത്യാസം വരുത്തിയതെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ശ്രീവൈഷ്ണവസമ്പ്രദായത്തിൽ മുകുന്ദമാല ആഴ്വാരുടെ ഗ്രന്ഥമായി ഗണിച്ചിട്ടില്ലെന്നും അതുകൊണ്ട് അത് അദ്ദേഹത്തിന്റെ കൃതിയല്ലെന്നും ഒരു എതിർവാദമുള്ളതും സാധുവല്ല. മററുള്ള ആഴ്വാരന്മാർ തമിഴിലല്ലാതെ കവനം ചെയ്തിട്ടില്ലാത്തതിനാൽ ഒരാഴ്വാരുടെ സംസ്കൃത

Digitized By Kerala Sahitya Akademi

ഗ്രന്ഥത്തെമാത്രം അവർ രാമാനുജാദ്യാചാര്യന്മാരുടെ സമ്പ്രദായഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയില്ലെന്നേ ഞാൻ കരുതുന്നുള്ളു. സമ്പ്രദായഗ്രന്ഥമല്ലെങ്കിലും ശ്രീവൈഷ്ണവന്മാർ നിത്യപാരായണത്തിനു് ഉപയോഗിക്കുന്നതാണെന്നുള്ള പരമാർത്ഥം മറയ്ക്കുവാൻ പാടുള്ളതുമല്ല.

**മുകുന്ദമാലയുടെ പ്രചാരം:**—മുകുന്ദമാലയ്ക്കു വളരെ വേഗത്തിൽ ഭാരതമെങ്ങും പ്രശസ്തി സിദ്ധിച്ചു. വംഗരാജാവായ ലക്ഷ്മണസേനന്റെ സമകാലികനും സുഹൃത്തുമായ ശ്രീധരദാസൻ ക്രി: പി: 1205-ൽ രചിച്ച സദുക്തികർണ്ണാമൃതം എന്ന സുഭാഷിതഭണ്ഡാഗാരത്തിൽ അതിൽനിന്നു ഹരിഭക്തിക്കു് ഉദാഹരണമായി 'ബദ്ധേനാഞ്ജലിനാ' 'നാസ്ഥാ ധർമ്മേ' 'മജ്ജന്മനഃ ഫലമിദം' എന്നീ മൂന്നു പദ്യങ്ങളും 'ശ്രീകുലശേഖരസ്യ' എന്നു നാമഗ്രഹണംചെയ്തും, 'നാഹം വന്ദേ തവ ചരണയോഃ' എന്നും 'മുകുന്ദ മൂർദ്ധ്നാ പ്രണിപത്യ യാചേ' എന്നീ രണ്ടു പദ്യങ്ങളും 'കസ്യചിൽ' എന്നുമാത്രം സൂചിപ്പിച്ചും ഉദ്ധരിക്കുന്നു. ക്രി: പി: പതിമ്മൂന്നാംശതകത്തിൽ ബർമ്മായിൽ പാഗാൻ എന്ന നഗരത്തിനു് ഒരു മൈൽ അകലെയുള്ള മൈൻപാഗാൻ എന്ന സ്ഥലത്തു കണ്ടെത്തിട്ടുള്ള ഒരു തമിഴ്‌ശിലാരേഖയിൽ മലമണ്ഡലത്തിൽ മകോതയർ പട്ടണത്തിൽ രായിരന്റെ മകൻ കുലശേഖരനമ്പിപൂക്കം എന്നും അരിവട്ടണപുരം (അരിമർദ്ദന എന്നു സംസ്കൃതം) എന്നുംകൂടി പേരുള്ള ആ സ്ഥലത്തെ നാനാദേശി വിണ്ണഗരാഴ്‌വാർകോവിലിൽ ഒരു മണ്ഡപം പണിയിച്ചു് അതിനൊരു കതകിട്ടറിച്ചു് അവിടെ ഒരു നിലവിളക്കും വയ്പിച്ചതായി കാണുന്നു. കൊടുങ്ങല്ലൂർകാരനായ ഒരു മലയാളി കൊത്തിച്ച ആ ലിഖിതത്തിന്റെ ശീർഷകമായി

> ''നാസ്ഥാ ധർമ്മേ ന വസുനിചയേ നൈവ കാമോപഭോഗേ
> യദ്ഭാവ്യം തദ്ഭവതു ഭഗവൻ! പൂർവ്വകർമ്മാനുരൂപം;
> ഏതൽ പ്രാർത്ഥ്യം മമ ബഹുമതം ജന്മജന്മാന്തരേപി
> ത്വൽപാദാംഭോരുഹയുഗഗതാ നിശ്ചലാ ഭക്തിരസ്തു''

എന്ന പദ്യവും കുറിച്ചിരിക്കുന്നു. മുകുന്ദമാലയിലെ

> ''വാത്സല്യാദഭയപ്രദാനസമയാദാർത്താർത്തിനിർവ്വാപണാ-
> ദൗദാര്യാദഘശോഷണാദഭിമതശ്രേയഃപദപ്രാപണാൽ
> സേവ്യശ്ശ്രീപതിരേവ സർവ്വജഗതാമേകാന്തതഃ സാക്ഷിണഃ
> പ്രഹ്ലാദശ്ച വിഭീഷണശ്ച കരിരാട് പാഞ്ചാല്യഹല്യാ ധ്രുവഃ''

എന്ന പദ്യം സർവ്വതന്ത്രസ്വതന്ത്രനായ വേദാന്തദേശികരുടെ (ക്രി: പി: 1260-1361) ഉപബൃംഹണത്തിനു പാത്രീഭവിച്ചിട്ടുണ്ടു്. അതേ കൃതിയിലേ

> ''ദിവി വാ ഭുവി വാ മമാസ്തു വാസോ നരകേ വാ നരകാന്തക, പ്രകാമം
> അവധീരിതശാരദാരവിന്ദേ ചരണേ തേ മരണേപി സംശ്രയാമി.''

എന്ന പദ്യം വിശ്വനാഥകവിരാജൻ (ക്രി: പി: പതിന്നാലാംശതകം) സാഹിത്യദർപ്പണത്തിൽ ദേവവിഷയകമായ രതിക്കു മൂർദ്ധാഭിഷിക്തോദാഹരണമായി സ്വീകരിച്ചുമിരിക്കുന്നു.

Digitized By Kerala Sahitya Akademi

എട്ടാമദ്ധ്യായം

# സംസ്കൃതസാഹിത്യം

(തുടൎച്ച)

## ക്രി: പി: 1300-ാമാണ്ടുവരെ

ശ്രീഗൗഡപാദാഹ്വയയോഗിവര്യാൻ
ഗോവിന്ദപൂജ്യാനഥ ശങ്കരാര്യാൻ
സുരേശ്വരാംസ്തോടകപദ്മപാദാൻ
നമാമി ഹസ്താമലകാൻ ഗുരൂനേ!! (ഭഗവദ്ഗീതാപദയോജന)

**ശങ്കരഭഗവൽപാദർ:**—ഈ ലോകത്തിൽ പൎവ്വതങ്ങളുടെ ചക്രവൎത്തി ഹിമവാനാണെങ്കിൽ പണ്ഡിതന്മാരുടെ ചക്രവൎത്തി ശങ്കരഭഗവൽപാദരാകുന്നു. തങ്ങളുടെ ആവിൎഭാവത്താൽ ഉത്തരസീമയെ അലങ്കരിക്കുന്ന ആ മഹാചലവും ദക്ഷിണസീമയെ അലങ്കരിച്ച ഈ മഹാപുരുഷനും ഭാരതഭൂമിയുടെ രണ്ടു് അഭിമാനസ്തംഭങ്ങളാണു്. ശങ്കരാചാൎയ്യരെപ്പോലെയുള്ള ഒരു സൎവ്വതന്ത്രസ്വതന്ത്രന്റെ—പദവാക്യപ്രമാണപാരീണന്റെ—പരമതത്വപ്രവക്താവിന്റെ—ജനനിയായിത്തീരുവാനുള്ള യോഗം നമ്മുടെ ജന്മഭൂമിയായ കേരളത്തിനാണല്ലോ സിദ്ധിച്ചതു്! ആ സ്മരണ നമ്മുടെ ഹൃദയത്തെ വികസിപ്പിക്കും; ശിരസ്സിനെ ഉന്നമിപ്പിക്കും; ശരീരത്തെ രോമാഞ്ചമണിയിർക്കൊള്ളിക്കും; കണ്ണുകളിൽ ആനന്ദബാഷ്പം നിറയ്ക്കും; നമ്മെ അഭിജാതന്മാരും ആത്മവീൎയ്യവാന്മാരുമാക്കും. ആ മഹാത്മാവിന്റെ കനിഷ്ഠസഹോദരത്വം ഒന്നുകൊണ്ടുതന്നെ നാം എന്നും, എവിടെയും, ഏതു പരിതഃസ്ഥിതിയിലും ധന്യന്മാരാണു്. വെറുതേയല്ല അദ്ദേഹത്തെ സൎവ്വജ്ഞനായ ശങ്കരഭഗവാന്റെ അവതാരമെന്നു ലോകം ഐകകണ്ഠ്യേന പുകഴ്ത്തുന്നതു്, ശങ്കരൻ ധൎമ്മസംസ്ഥാപനത്തിനുവേണ്ടി അവതരിക്കുകയാണെങ്കിൽ അതു് ഈ ആകൃതിയിൽ, ഈ പ്രകൃതിയിൽത്തന്നെ ആയിരിക്കുമെന്നുള്ളതിനു സംശയമില്ല.

**ശങ്കരാചാൎയ്യരെപ്പററിയുള്ള ഗ്രന്ഥങ്ങൾ:**—ഭഗവൽപാദരുടെ ജീവിതചരിത്രത്തെക്കുറിച്ചു സ്പഷ്ടമായി അധികമൊന്നും അറിയുവാൻ തരമില്ലാത്ത നിലയിലാണു് അദ്ദേഹത്തെപ്പററി പ്രസ്താവിക്കുന്ന ഗ്രന്ഥങ്ങളുടെ സ്ഥിതി. അവയിൽ (1) (വിദ്യാരണ്യൻ) മാധവാചാൎയ്യരുടേതെന്നു പറയുന്ന ശങ്കരവിജയം, (2) ചിദ്വിലാസയതിയുടെ ശങ്കരവിജയവിലാസം, (3) ആനന്ദഗിരിയുടെ ഗുരുദിഗ്വിജയം, (4) രാജചൂഡാമണിദീക്ഷിതരുടെ ശങ്കരാഭ്യുദയമഹാകാവ്യം ഈ നാലു കൃതികൾക്കാണു് സാമാന്യം പ്രാധാന്യമുള്ളതു്. കേരളീയനായ ഗോവിന്ദനാഥന്റെ ശങ്കരാചാൎയ്യചരിതവും അപ്രധാനമല്ല. ഗോവിന്ദനാഥൻ

Digitized By Kerala Sahitya Akademi

കൊല്ലം എട്ടാം ശതകത്തിന്റെ ഒടുവിൽ കൊച്ചിരാജ്യത്തു ജീവിച്ചിരുന്നു എന്നും അദ്ദേഹമാണ് ഗൌരീകല്യാണമെന്ന യമകകാവ്യം നിർമ്മിച്ചതെന്നും 28-ാമദ്ധ്യായത്തിൽ ഉപപാദിക്കും. പൂർവ്വകാലങ്ങളിൽ ഹിന്ദുക്കൾക്കു ചരിത്രവിഷയകമായി ഉണ്ടായിരുന്ന അജ്ഞതയ്ക്കും അനാസ്ഥയ്ക്കും ഈ ഗ്രന്ഥങ്ങളെല്ലാം മകുടോദാഹരണങ്ങളാകുന്നു.

## ശങ്കരവിജയത്തിന്റേയും മററും അപ്രാമാണികത:—

ശങ്കരവിജയത്തെ മഹാത്മാവായ വിദ്യാരണ്യന്റെ കൃതിയായി സങ്കല്പിക്കുന്നതു പ്രമാദമാകുന്നു. അതിൽ രാജചൂഡാമണിദീക്ഷിതരുടെ ശങ്കരാഭ്യുദയത്തിൽനിന്നു പല ശ്ലോകങ്ങൾ അവിടവിടെ പകർത്തീട്ടുണ്ട്. വിദ്യാരണ്യൻ ക്രി: പി: പതിന്നാലാം ശതകത്തിലും രാജചൂഡാമണി പതിനേഴാം ശതകത്തിലുമാണല്ലോ ജീവിച്ചിരുന്നതു്. "വാഗേഷാ നവകാളിദാസവിദുഷഃ" എന്നേ ശങ്കരവിജയകർത്താവു തന്നെപ്പററി പ്രസ്തുതഗ്രന്ഥത്തിൽ പറയുന്നതുമുള്ളു. അസംഭാവ്യങ്ങളായ പല സങ്ഗതികൾ അതിൽ വർണ്ണിച്ചിട്ടുണ്ട്. അമരുകശതകം കാമകല അഭ്യസിക്കുന്നതിനുവേണ്ടി, പരേതനായ അമരുകനെന്ന കാശ്മീരരാജാവിന്റെ പട്ടമഹിഷിയുമായി പരകായപ്രവേശനസിദ്ധി പ്രയോഗിച്ചു രമിച്ച ആചാര്യപാദരുടെ കൃതിയാണെന്നു പറയുന്നതു് അസത്യവും ആ പരമഗുരുവിനു് അവമാനഹേതുകവുമാകുന്നു. വാസ്തവത്തിൽ ആ ശൃങ്ഗാരകൃതി നിർമ്മിച്ചതു് അമരുകൻതന്നെയാണെന്നു കാശ്മീരകനായ ആനന്ദവർദ്ധനൻ ധ്വന്യാലോകത്തിൽ "യഥാ അമരുകസ്യ കവേർമ്മുക്തകാഃ ശൃങ്ഗാരരസസ്യന്ദിനഃ പ്രബന്ധായമാനാഃ പ്രസിദ്ധാ ഏവ" എന്ന പങ്ക്തിയിൽ വ്യക്തമായി പറയുന്നുണ്ട്. ആ ആലങ്കാരികൻ ക്രി: പി: ഒൻപതാംശതകത്തിലാണ് ജീവിച്ചിരുന്നതു്. കാവ്യാലങ്കാരസൂത്രകർത്താവായ വാമനനും (ക്രി: പി: 800-മാണ്ടു്) അമരുകശതകത്തിൽനിന്നു "സാബാലാ വയമപ്രഗല്ഭവചസഃ" ഇത്യാദി മൂന്നു ശ്ലോകങ്ങൾ ഉദ്ധരിക്കുന്നു. കുമാരിലൻ, പ്രഭാകരൻ, മണ്ഡനൻ, ഇവൎക്കു പുറമെ അഭിനവഗുപ്തൻ (ക്രി: പി: പത്താംശതകത്തിന്റെ പൂർവ്വഭാഗം) മയൂരൻ, ബാണൻ (രണ്ടുപേരും ഏഴാംശതകത്തിന്റെ പൂർവ്വാർദ്ധം) ദണ്ഡി (ഏഴാംശതകത്തിന്റെ മദ്ധ്യഘട്ടം) മുരാരി (ഒൻപതാംശതകത്തിന്റെ പൂർവ്വാർദ്ധം) മുതലായി പല പണ്ഡിതന്മാരേയും ശങ്കരൻ വാദത്തിൽ ജയിച്ചതായി ശങ്കരവിജയകാരൻ വിവരിച്ചിട്ടുണ്ട്. ഈ വിവരണം അസംബന്ധമാണെന്നുള്ളതിനു തൎക്കമില്ലല്ലോ. മററുള്ള ഗ്രന്ഥങ്ങളുടെ സ്ഥിതിയും ഇതിൽനിന്നു ഭിന്നമല്ല. അതുകൊണ്ടു നിപുണമായി ത്യാജ്യഗ്രാഹ്യവിവേചനം ചെയ്തു് ഈ ഗ്രന്ഥങ്ങളിൽനിന്നു യുക്തിസഹങ്ങളായ അംശങ്ങൾമാത്രം സ്വീകരിക്കുന്നതായിരിക്കും ആശാസ്യമായിട്ടുള്ളതു്.

**ദേശം:**—ശങ്കരന്റെ ജന്മഭൂമിയെപ്പററി അഭിപ്രായവ്യത്യാസമില്ല.

"തതോ മഹേശഃ കില കേരളേഷു
ശ്രീമദ്വൃഷാദ്രൗ കരുണാസമുദ്രഃ

Digitized By Kerala Sahitya Akademi

പൂർണ്ണാനദീപുണ്യതടേ സ്വയംഭൂർ-
ലിങ്ഗാത്മനാനങ്ഗധഗാവിരാസീൽ''

എന്നു നവകാളിദാസനും

''അളകൈവ പുരീ യത്ര കാലടീതി പ്രതിശ്രുതാ
നാഗരീ ധനസംവീതാ രാജതേ ജഗതീതലേ''

എന്നു ചിദ്വിലാസനും

''കേരളേഷു നഭോലംഘികേരഭൂരുഹശാലിഷു
അസ്തി കശ്ചിന്മഹാനഗ്രഹാരഃ കാലടിനാമകഃ''

എന്നു രാജചൂഡാമണിയും പ്രസ്താവിച്ചിട്ടുണ്ട്. ഗോവിന്ദനാഥൻ

''ദേശേ കാലടിനാമ്നി കേരളധരാ-
ശോഭങ്കരേ സദ്ദ്വിജോ
ജാതശ്ശ്രീപതിമന്ദിരസ്യ സവിധേ
സർവജ്ഞതാം പ്രാപ്തവാൻ
ഭൂത്വാ ഷോഡശവത്സരേ യതിവരോ
ഗത്വാ ബദര്യാശ്രമം
കർത്താ ഭാഷ്യനിബന്ധനസ്യ സുകവി-
ശ്ശ്രീശങ്കരഃ പാതു വഃ''

എന്ന പദ്യംകൊണ്ടു തന്റെ ഗ്രന്ഥം സമാപിപ്പിക്കുന്നു. ആനന്ദഗിരി മാത്രം യാതൊരടിസ്ഥാനവുമില്ലാതെ അദ്ദേഹം ചിദംബരത്തിൽ ജനിച്ചതായി പറയുന്നു. തിരുവിതാംകൂറിൽ കുന്നത്തുനാട്ടു താലൂക്കിൽ മഞ്ഞപ്രപ്പകുതിയിൽ പെട്ട കാലടി എന്ന സ്ഥലത്തു കൈപ്പള്ളി ഇല്ലത്തിലാണ് ഭഗവൽപാദരുടെ ജനനം എന്നുള്ള വസ്തുത ഇക്കാലത്തു സകലരും സമ്മതിക്കുന്നുണ്ട്.

**വയസ്സും മഹാസമാധിയും:**—ശങ്കരൻ മുപ്പത്തിരണ്ടു വയസ്സുമാത്രമേ ജീവിച്ചിരുന്നുള്ളു എന്നുള്ള വസ്തുതയെപ്പററിയും ആർക്കും വിപ്രതിപത്തിയില്ല. വിദ്യാരണ്യൻ ദേവ്യപരാധസ്തോത്രത്തിൽ ''മയാ പഞ്ചാശീതേരധികമപനീതേ തു വയസി'' എന്നു തന്നെപ്പററി പ്രസ്താവിച്ചിട്ടുണ്ട്. ആ സ്തോത്രം ആചാര്യരുടേതെന്നു തെററിദ്ധരിച്ചു ചിലർ അദ്ദേഹം എൺപത്തഞ്ചു വയസ്സിനുമേൽ ജീവിച്ചിരുന്നതായി ഭ്രമിക്കുന്നു. ഭഗവൽപാദരുടെ സമാധിസ്ഥലത്തെപ്പററി പ്രബലമായ അഭിപ്രായവ്യത്യാസമുണ്ട്. കേദാരനാഥക്ഷേത്രത്തിൽവച്ചാണ് അദ്ദേഹം ഭൗതികശരീരം പരിത്യജിച്ചതെന്നു നവകാളിദാസനും കാഞ്ചീപുരത്തുവച്ചാണെന്നു ചിദ്വിലാസനും തൃശ്ശൂർവച്ചാണെന്നു ഗോവിന്ദനാഥനും പറയുന്നു.

''ദേവത്രയമിതി സ്തുത്വാ ഭാസമാനം വൃഷാചലേ
ശിഷ്യൈസ്സഹ മഹായോഗീ പ്രദേശേ കുത്രചിദ് ഗുരുഃ
നിവിഷ്ടസ്സുപ്രസന്നാത്മാ സമാപാദ്മമുദ്‌ജം
യഥാവച്ചിന്തയാമാസ വൈഷ്ണവം രൂപമാദരാൽ.

*　　*　　*

Digitized By Kerala Sahitya Akademi

ഇത്ഥം ചിന്തയതോ രൂപം വൈഷ്ണവം സകലം ഗുരോഃ
വക്ത്രാൽ പ്രാദുരഭൂൽ സ്തോത്രം സ്രഗ്ദ്ധരാവൃത്തമാശ്രിതം.

* * *

ദേശികേന്ദ്രോ മഹായോഗീ സ്തോത്രം കുർവ്വൻ സ വൈഷ്ണവം
വിവേശ പരമാനന്ദം ഭാനുബിംബാന്തരസ്ഥിതം.''

എന്നാണ് അദ്ദേഹത്തിന്റെ പ്രസ്താവന. ഇതിന് ഉപോൽബലകമായി മേൽപ്പത്തൂർ നാരായണഭട്ടതിരിതന്നെ നാരായണീയത്തിൽ

''ശ്രീശങ്കരോപി ഭഗവാൻ സകലേഷു താവ-
ത്ത്വാമേവ മാനയതി; യോ ഹി ന പക്ഷപാതീ;
ത്വന്നിഷ്ഠമേവ സ ഹി നാമസഹസ്രകാദി
വ്യാഖ്യൽ; ഭവൽസ്തുതിപരശ്ച ഗതിം പ്രപേദേ.''

എന്നു ഗാനം ചെയ്തിട്ടുമുണ്ട്. തൃശ്ശൂർ മതിലകത്തു വിഷ്ണുക്ഷേത്രത്തിന്റെ പുരോഭാഗത്തുവച്ചാണ് ആചാര്യർ സുപ്രസിദ്ധമായ വിഷ്ണുപാദാദികേശസ്തവം രചിക്കുവാൻ ആരംഭിച്ചതെന്നും അതിൽ 43-ാമത്തേതും പുണ്ഡ്രസ്തുതിപരവുമായ ''രൂക്ഷ സ്മാരേക്ഷുചാപ ച്യുതശരനികര ക്ഷീണലക്ഷ്മീകടാക്ഷപ്രോൽഫുല്ലൽ പത്മമാലാവിലസിത മഹിത സ്ഫാടികേശാനലിംഗം'' എന്ന പദ്യത്തിൽ പദ്മ എന്ന പദം വരെ ഉച്ചരിച്ചപ്പോൾ അദ്ദേഹം പരഗതിയെ പ്രാപിച്ചു എന്നും തദനന്തരം ആ പദ്യത്തിന്റെ ശേഷം ഭാഗവും ബാക്കി ശ്ലോകങ്ങളും അദ്ദേഹത്തോടുകൂടിയുണ്ടായിരുന്ന പത്മപാദാചാര്യൻ നിർമ്മിച്ചു ഗ്രന്ഥം പൂരിപ്പിച്ചു എന്നുമാണ് കേരളീയമായ ഐതിഹ്യം. അതു് അവിശ്വസിക്കുന്നതിനു യാതൊരു കാരണവും കാണുന്നില്ല. തൃശ്ശൂർക്ഷേത്രത്തിനു ദക്ഷിണകൈലാസം എന്നു പേരുണ്ടല്ലോ; ശങ്കരവിജയകാരൻ അതിനെ സാക്ഷാൽ കൈലാസമായി ധരിച്ചു എന്നു വരാൻ പാടില്ലായ്കയില്ല. തൃശ്ശൂർ മതിലകത്തിനുള്ളിൽ ആചാര്യർ മഹാസമാധിയെ പ്രാപിച്ച സ്ഥാനത്തു വിഷ്ണുവിന്റെ ശംഖചക്രബിംബങ്ങൾ പ്രതിഷ്ഠിച്ചിട്ടുള്ളതു് ഇന്നും കാണാവുന്നതാണ്.

**കാലം:**—ശങ്കരന്റെ ജീവിതകാലത്തെപ്പററി കഴിഞ്ഞ അറുപതു വർഷങ്ങളായി പല വാദകോലാഹലങ്ങളും നടക്കുന്നുണ്ടു്. അവ ഇക്കാലത്തും പ്രശാന്തിയെ പ്രാപിച്ചിട്ടില്ല. ക്രി: മു: ആറാംശതകം മുതല്ക്കു് ഓരോ പണ്ഡിതന്മാർ ഓരോ കാലവുമായി അദ്ദേഹത്തിന്റെ ജീവിതത്തെ സംഘടിപ്പിക്കുന്നു. കാഞ്ചീപുരം കാമകോടിപീഠത്തിലെ ആചാര്യപരമ്പരയുടെ പട്ടിക നോക്കിയാൽ ബ്രഹ്മസൂത്രഭാഷ്യകാരനായ ആദിശങ്കരൻ ക്രി: മു: 508 മുതൽ 476 വരെ ജീവിച്ചിരുന്നതായി കാണും. എന്നാൽ ക്രി: പി: പതിനാറാംശതകത്തിൽ സംവിധാനം ചെയ്ത ആ വംശാവലി ശരിയല്ലെന്നു തെളിയിക്കുവാൻ തീരെ പ്രയാസമില്ല. ഗൗതമബുദ്ധന്റെ ജീവിതം ക്രി: മു: 473-ലാണ് അവസാനിച്ചതു്. ബ്രഹ്മസൂത്രഭാഷ്യത്തിൽ ശങ്കരൻ ''വൈനാശികൈസ്സർവ്വോ ലോക ആകുലീക്രിയതേ'' എന്നു പറയുന്നു. ക്രി: മു: 264 മുതൽ 226 വരെ രാജ്യഭാരം ചെയ്ത അശോകവർദ്ധനമൗര്യന്റെ കാലത്തുമാത്രമേ ആ

Digitized By Kerala Sahitya Akademi

മതത്തിനു ഭാരതത്തിൽ ഗണനീയമായ പ്രചാരം സിദ്ധിച്ചുള്ളൂ, എന്നു മാത്രമല്ല ശങ്കരൻ ഖണ്ഡിക്കുന്നത് ആ മതത്തിന്റെ ആദ്യത്തെ പ്രഭേദമായ ഹീനയാനത്തെയല്ല ക്രിസ്ത്വബ്ദം ആരംഭിച്ചതിനുമേലുണ്ടായ മഹായാനത്തെയാണെന്നു പത്മപാദന്റെ പഞ്ചപാദികയിൽനിന്നു വെളിവാകുന്നുമുണ്ട്. പിന്നെയെങ്ങനെയാണ് ശങ്കരൻ ക്രി: മു: 5–ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്നതായി ഘടിക്കുന്നത്? കൂടാതെ ശങ്കരനെ അപേക്ഷിച്ച് അല്പമെങ്കിലും പ്രാചീനനെന്നു സമ്മതിക്കേണ്ട കുമാരിലഭട്ടൻ കാളിദാസന്റെ ശാകുന്തളത്തിൽനിന്നു ''സതാം ഹി സന്ദേഹപദേഷു വസ്തുഷു പ്രമാണമന്തഃകരണപ്രവൃത്തയഃ'' എന്ന ശ്ലോകാർദ്ധം ഉദ്ധരിക്കുന്നു. ബുദ്ധമതാന്തകനായ കുമാരിലൻ ക്രി: മു: ആറാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിലാണോ ജീവിച്ചിരുന്നത്? കാളിദാസന്റെ കാലം അതിനും മുൻപാണോ? ശങ്കരന്റെ ശിഷ്യനായ സുരേശ്വരൻ ഉപദേശസാഹസ്രിക്കു താനെഴുതിയ വാർത്തികത്തിൽ ഭഗവൽപാദർ കീർത്തി(ധർമ്മകീർത്തി)യുടെ ഒരു ശ്ലോകം ഉദ്ധരിച്ചിരിക്കുന്നതായി പ്രസ്താവിക്കുന്നു. കുമാരിലനും ശ്ലോകവാർത്തികത്തിൽ ധർമ്മകീർത്തിയെ സ്മരിക്കുന്നു. ധർമ്മകീർത്തി ക്രി: പി: 639–ൽ ജീവിച്ചിരുന്നതിനു തെളിവുണ്ട്. ക്രി: പി: 841–ൽ ജീവിച്ചിരുന്നതായി ന്യായസൂചീനിബന്ധത്തിൽ തന്നെപ്പററി പ്രസ്താവിക്കുന്ന വാചസ്പതിമിശ്രൻ പത്മപാദനെ സ്മരിക്കുന്നു. ഇതുകൊണ്ടെല്ലാം ക്രി: പി: 650–നു മേലാണ് ഭഗവൽപാദരുടെ ജീവിതകാലമെന്നു വന്നുകൂടുന്നു. ക്രി: പി: 788 മുതൽ 820 വരെയാണ് അതു് എന്നു പറയുന്നവർക്ക് അവലംബമായിട്ടുള്ളതു്

> ''നിധിനാഗേഭവഹ്ന്യബ്ദേ വിഭവേ ശങ്കരോദയഃ
> കല്യബ്ദേ ചന്ദ്രനേത്രാങ്കവഹ്ന്യബ്ദേ പ്രാവിശദ് ഗുഹാം;
> വൈശാഖേ പൂർണ്ണിമായാന്തു ശങ്കരശ്ശിവതാമഗാൽ.''

എന്നൊരു അജ്ഞാതകർത്തൃകമായ ശ്ലോകവും ശ്ലോകാർദ്ധവുമാണ് നവകാളിദാസന്റെ ശങ്കരവിജയത്തിലേ

> ''ലഗ്നേ ശുഭേ ശുഭയുതേ സുഷുവേ കുമാരം
> ശ്രീപാർവ്വതീ ച സുഖിനീ ശുഭവീക്ഷിതേ ച
> ജായാ സതീ ശിവഗുരോർന്നിജതുംഗസംസ്ഥേ
> സൂര്യേ സുതേ രവിസുതേ ച ഗുരൗ ച കേന്ദ്രേ.''

എന്ന പദ്യവും 'ആചാര്യവാഗഭേദ്യാ' എന്ന കലിവാക്യവും വച്ചുകൊണ്ടു കൊച്ചിയിൽ ഗവർൺമെൻറു ജ്യോതിഷരായിരുന്ന പിച്ചുഅയ്യർ ക്രി: പി: 805 മേടമാസം 18–ാംനു- തിരുവാതിരനക്ഷത്രത്തിൽ സ്വാമികളുടെ തിരുവവതാരം ചെയ്തിരിക്കാമെന്നു് അഭ്യൂഹിക്കുന്നു. ആ കണക്കിനു് അദ്ദേഹത്തിന്റെ മഹാസമാധി 837–ൽ ആണെന്നു വരണം. പക്ഷേ ശങ്കരവിജയത്തിലേ പ്രസ്തുത ശ്ലോകത്തിനു് എത്രമാത്രം വിശ്വാസയോഗ്യതയുണ്ടെന്നു നിർണ്ണയിക്കുവാൻ മാർഗ്ഗമില്ലെന്നുമാത്രമല്ല 'ആചാര്യവാഗഭേദ്യാ' എന്ന കലിവാക്യം എന്നുണ്ടായി എന്നറിവാൻ നിവൃത്തിയുമില്ല. കൊല്ലവർഷത്തിന്റെ ഉത്ഭവകാലം ഓർമ്മിക്കുവാൻ അങ്ങ

Digitized By Kerala Sahitya Akademi

നെയൊരു വാക്യം ആരോ പിന്നീടു നിർമ്മിച്ചു എന്നുവച്ചുമാത്രം ശങ്കരൻ അക്കാലത്തു ജീവിച്ചിരുന്നിരിക്കണമെന്നില്ലല്ലോ.

**മറെറാരു മതം:—** ടി. ആർ. ചിന്താമണി ആചാര്യന്റെ കാലം ക്രി: പി: 655 മുതൽ 687 വരെയാണെന്നു ചില രേഖകൾ ഉദ്ധരിച്ചു നിർദ്ദേശിക്കുന്നു. സുരേശ്വരന്റെ ബൃഹദാരണ്യകവാർത്തികത്തിൽനിന്നു്

''ആത്മാപി സദിദം ബ്രഹ്മ മോഹാൽ പാരോക്ഷ്യദൂഷിതം;
ബ്രഹ്മാപി സ തഥൈവാത്മാ സദ്വിതീയതയേക്ഷതേ''

എന്ന ശ്ലോകം ജൈനഹരിവംശം രചിച്ച ജിനസേനന്റെ ഗുരുവായ വിദ്യാനന്ദൻ അദ്ദേഹത്തിന്റെ അഷ്ടസാഹസ്രിയിൽ ഉദ്ധരിക്കുന്നു എന്നും ജിനസേനൻ ക്രി: പി: 783-ൽ ജീവിച്ചിരുന്നു എന്നു് അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുണ്ടെന്നുമുള്ളതാണു് ആ കാലഗണനയ്ക്കു് ഒരാധാരം. വിശ്വരൂപൻ എന്നതു നാമകരണമുഹൂർത്തത്തിൽ ലബ്ധമായ പേരും മണ്ഡനമിശ്രനെന്നതു ഗൃഹസ്ഥാശ്രമത്തിൽ സിദ്ധിച്ച ബിരുദവും സുരേശ്വരനെന്നതു സന്യാസാശ്രമസ്വീകാരത്തിൽ അംഗീകരിച്ച നാമധേയവുമാണെന്നു ചിലർ പറയുന്നു. ഉംവേകനും ഭവഭൂതിയും ഒന്നാണെങ്കിലും വിശ്വരൂപൻ വിഭിന്നനാകുന്നതിനാണു് ഉപപത്തി അധികമുള്ളതു്. മണ്ഡനൻ കുമാരിലന്റെ ശിഷ്യനായിരുന്നു എന്നുള്ളതു് എങ്ങനെ നോക്കിയാലും നിർവിവാദമാണു്. മണ്ഡനൻ ശങ്കരന്റെ ഒരു വാക്യത്തെ ഖണ്ഡിക്കുന്നതായി കല്പതരുകാരനായ അമലാനന്ദൻ (ക്രി: പി: പതിമ്മൂന്നാംശതകം) പറയുന്നു; എന്നുമാത്രമല്ല ബ്രഹ്മസിദ്ധിയിൽ മണ്ഡനൻ ശങ്കരന്റെ പ്രാചാര്യനായ ഗൗഡപാദന്റെ മാണ്ഡൂക്യകാരികയിൽനിന്നു് ഒരു ശ്ലോകം ഉദ്ധരിക്കുകയും ചെയ്യുന്നു. ശങ്കരന്റെ ചില വാക്യങ്ങളെ ഭട്ടഭാസ്കരൻ വിമർശിക്കുകയും ഭാസ്കരന്റെ വിമർശനങ്ങൾക്കു വാചസ്പതിമിശ്രൻ സമാധാനം പറയുകയും ചെയ്യുന്നുണ്ടു്. ക്രി: പി: ഒൻപതാംശതകത്തിന്റെ ആരംഭത്തിലാണു് ശങ്കരൻ ജീവിച്ചിരുന്നതെങ്കിൽ ഇതെല്ലാം സംഭാവ്യമാകുന്നതെങ്ങനെ? ഇത്തരത്തിലാണു് ആ പണ്ഡിതന്റെ വാദഗതി. പ്രൊഫെസർ, എസ്സ്. കുപ്പുസ്വാമിശാസ്ത്രി ഈ മതത്തെ പൂർണ്ണമായി അംഗീകരിക്കുന്നില്ല. സംക്ഷേപശാരീരകകർത്താവായ പ്രകാശാത്മയതി സുരേശ്വരന്റെ ശിഷ്യനാണെന്നു മധുസൂദനസരസ്വതി പ്രസ്താവിച്ചിട്ടുണ്ടു്. പ്രകാശാത്മാവു താമ്രവർണ്ണീതീരത്തിലുള്ള ബ്രഹ്മദേശത്തിൽ ജനിച്ച ഒരു പണ്ഡിതനാണു്. അദ്ദേഹം

''ശ്രീദേവേശ്വരപാദപങ്കജരജ-
സ്സമ്പർക്കപൂതാശയ-
സ്സർവജ്ഞാത്മഗിരാങ്കിതോ മുനിവര-
സ്സംക്ഷേപശാരീരകം
ചക്രേ സജ്ജനബുദ്ധിവർദ്ധനമിദം
രാജന്യവംശ്യേ നൃപേ
ശ്രീമത്യക്ഷയശാസനേ മനുകുലാ-
ദിത്യേ ഭുവം ശാസതി''

Digitized By Kerala Sahitya Akademi

എന്ന പദ്യത്തിൽ താൻ മനുകുലാദിത്യൻ എന്ന രാജാവിൻെറ കാലത്താണ് സംക്ഷേപശാരീരകം രചിച്ചതെന്നു പ്രസ്താവിച്ചിട്ടുണ്ടു്. മനുകുലാദിത്യൻെറ തിരുമൂഴിക്കുളം ശാസനത്തിൽനിന്നു് ആ രാജാവു ഭാസ്കരരവിവർമ്മൻെറ (വാഴ്ച, ക്രി: പി: 978—1027) കാലത്താണു് ജീവിച്ചിരുന്നതെന്നു വെളിവാകുന്നു. ഇതിൽനിന്നു് ഒന്നുകിൽ പ്രകാശാത്മാവു സുരേശ്വരൻെറ ശിഷ്യനല്ലെന്നും അല്ലെങ്കിൽ അദ്ദേഹം സ്മരിക്കുന്ന മനുകുലാദിത്യൻ മറെറാരു രാജാവായിരുന്നിരിക്കണമെന്നുമാണ് അനുമാനിക്കേണ്ടതു്. ദേവേശ്വരനും സുരേശ്വരനും ഒന്നാകണമെന്നില്ല. ആയാലത്തെ ഫലം സുരേശ്വരനെ പത്താംശതകത്തിൻെറ പൂർവാർദ്ധത്തിലേക്കെങ്കിലും നയിക്കുക എന്നുള്ളതാണു്. അപ്പോഠം ഭഗവൽപാദർ ഒൻപതാംശതകത്തിൻെറ ഒടുവിൽ ജീവിച്ചിരുന്നതായി സങ്കല്പിക്കണം; അതു് ഏതുനിലയ്ക്കും അനുപപന്നമാണെന്നുള്ളതിനും പക്ഷാന്തരത്തിനു മാർഗ്ഗമില്ല. ഭഗവൽപാദരാണു് കൊല്ലവർഷം നടപ്പാക്കിയതെന്നു മി: ഹിരിയണ്ണാ പറയുന്നു; അതു് 'ആചാര്യവാഗഭേദ്യാ' എന്ന കലിവാക്യത്തെ ആസ്പദമാക്കി മാത്രമാകയാൽ സ്വീകാര്യമല്ലെന്നു മുൻപു തന്നെ പ്രസ്താവിച്ചുകഴിഞ്ഞു. ആകെക്കൂടി നോക്കുമ്പോഠം ശങ്കരൻെറ ജീവിതകാലം ക്രി: പി: 788 മുതൽ 820 വരെയെന്നോ 805 മുതൽ 837 വരെയെന്നോ അല്ല 655 മുതൽ 687 വരെയെന്നു പറയുന്നതാണു് താരതമ്യേന സംഭാവ്യമായിട്ടുള്ളതു്. 'ന ശക്നോമി കർത്തും പരദ്രോഹലേശം' ഇത്യാദിപദ്യത്തിൽ 'സൂതദ്രോഹിണം' എന്ന പദംകൊണ്ടു ഭഗവൽപാദർ സ്മരിക്കുന്നതു ചിറുത്തൊണ്ടനായനാരെയാണെന്നു സമ്മതിച്ചാലും അദ്ദേഹം ക്രി: പി: 642–ൽ ജീവിച്ചിരുന്നതായി കാണുന്നതുകൊണ്ടു് അതു പ്രസ്തുതകാലഗണനയ്ക്കു ബാധകമല്ല. ഇത്രയും കൊണ്ടു് ഈ പക്ഷം സിദ്ധാന്തദശയിൽ എത്തിയതായി എനിക്കു് അഭിപ്രായമില്ലെന്നും ഉപരിഗവേഷണം ഇനിയും ആവശ്യകമാണെന്നും പ്രസ്താവിച്ചുകൊണ്ടു് തൽകാലം വിരമിക്കാം. ചുരുക്കത്തിൽ ഭഗവൽപാദർ ക്രി: പി: ഏഴാംശതകത്തിൻെറ ഉത്തരാർദ്ധത്തിനു മുൻപോ ഒൻപതാംശതകത്തിൻെറ പൂർവാർദ്ധത്തിനു പിൻപോ അല്ല ജീവിച്ചിരുന്നതു് എന്നുമാത്രമേ നിഷ്കൃഷ്ടമായി സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ.

**ജീവിതം:**—കാലടിയിൽ കൈപ്പള്ളി ഇല്ലത്തു വിദ്യാധിരാജൻെറ പുത്രനായി ശിവഗുരു എന്നൊരു ബ്രാഹ്മണശ്രേഷ്ഠനുണ്ടായിരുന്നു. അദ്ദേഹം ഇന്നത്തെ മൂവാററുപുഴത്താലൂക്കിൽ പെട്ട മേൽപാഴൂരില്ലത്തെ 'ആര്യ' എന്ന അന്തർജ്ജനത്തെ പാണിഗ്രഹണം ചെയ്തു. ആര്യാംബയെ സതി എന്നും വിളിച്ചുവന്നു. ആ ദമ്പതിമാർ അനപത്യതാദുഃഖത്താൽ പീഡിതരായി വളരെക്കാലം സമീപത്തുള്ള വൃഷഗിരി എന്ന ക്ഷേത്രത്തിൽ ശിവനെ തപസ്സുചെയ്തു. അതിൻെറ ഫലമായി ഭഗവൽപ്രസാദം ലഭിച്ചു് അതിവിശിഷ്ടനെങ്കിലും അല്പായുര്യോഗമുള്ള ഒരു കുമാരനെ ആര്യ പ്രസവിച്ചു. ആ കുമാരനാണു് പിന്നീടു ജഗൽഗുരുവായിത്തീന്ന ശങ്കരൻ. ഉണ്ണിയെ മൂന്നാമത്തേ

Digitized By Kerala Sahitya Akademi

വയസ്സിൽ പിതാവു് എഴുത്തിനിരുത്തുകയും ആ കൊല്ലത്തിൽതന്നെ കാലധർമ്മം പ്രാപിക്കുകയും ചെയ്തു. അഞ്ചാമത്തെ വയസ്സിൽ ശങ്കരൻ ഉപനീതനായി അതിവേഗത്തിൽ സകല ശാസ്ത്രങ്ങളിലും പ്രശസ്തമായ പാണ്ഡിത്യം സമ്പാദിച്ചു. ബ്രഹ്മചര്യകാലത്തു് ഒരിക്കൽ അമ്മാത്തു ഭിക്ഷ യാചിക്കുവാൻ പോകുകയും ദരിദ്രയായ വിപ്രപത്നിയുടെ സങ്കടം കണ്ടു ശ്രീസ്തുതി എന്നുകൂടി പേരുള്ള കനകധാരാസ്തോത്രം നിർമ്മിച്ചു് ആകാശത്തിൽനിന്നു കനകവർഷം ചെയ്യിക്കുകയും ചെയ്തതായി ഐതിഹ്യം പുകഴ്ത്തുന്നു. ഈ സംഭവം നടന്നതു സ്വാമികൾ സന്യാസിയായി കേരളത്തിലേക്കു തിരിയെ വന്നപ്പോളാണെന്നും ഒരു പക്ഷമുണ്ടു്. വയോധികയായ മാതാവിനു നടന്നുപോയി കുളിച്ചുവരാനുള്ള പ്രയാസം കണ്ടു പെരിയാററിന്റെ ഒരു ശാഖ ഇല്ലത്തിന്റെ നടവഴിക്കു് ഒഴുക്കി. എട്ടാമത്തെ വയസ്സിൽ മുതല കാലിൽ കടിക്കവേ അമ്മയുടെ സമ്മതത്തോടുകൂടി ആപൽസന്യാസം സ്വീകരിച്ചു. പെരിയാററിന്റെ പുതിയ കൈവഴി കുലപരദേവതയായ ശ്രീകൃഷ്ണസ്വാമിയുടെ ക്ഷേത്രം കുത്തിയെടുക്കാതിരിക്കത്തക്കവണ്ണം അതു നവീകരിച്ചു ബിംബം പുനഃപ്രതിഷ്ഠാപനം ചെയ്കയും ചെയ്തു.

അനന്തരം കർമ്മകാണ്ഡനിഷ്ഠമായ കേരളത്തിൽ തനിക്കു സന്യാസഭിക്ഷ നൽകുന്നതിനുതക്ക ഗുരുവില്ലാതിരുന്നതിനാൽ അമ്മയുടെ അനുമതി വാങ്ങി നർമ്മദാതീരത്തിൽച്ചെന്നു് അവിടെ ഗൗഡപാദന്റെ ശിഷ്യനായ ഗോവിന്ദഭഗവൽപാദന്റെ അന്തേവാസിത്വം സ്വീകരിച്ചു. 'കസ്ത്വം' എന്നുള്ള ഗോവിന്ദാചാര്യന്റെ ചോദ്യത്തിനു് ഉത്തരമാണു് "ന ഭൂമിർന്ന വായുർന്ന ഖം നേന്ദ്രിയം വാ" എന്നാരംഭിക്കുന്ന സുപ്രസിദ്ധമായ ദശശ്ലോകി. ഗോവിന്ദൻ സന്തോഷിച്ചു് അദ്ദേഹത്തെ സന്യാസാശ്രമത്തിൽ പ്രവേശിപ്പിച്ചു. അവിടെ കുറേക്കാലം അദ്വൈതവേദാന്തം അഭ്യസിച്ചതിനുമേൽ കാശിയിൽ ചെന്നു് അവിടെ ബ്രഹ്മനിഷ്ഠനായി കാലയാപനം ചെയ്തു. കാശിയിൽവച്ചാണു് നരസിംഹോപാസകനായ സനന്ദനൻ അദ്ദേഹത്തിന്റെ പ്രഥമശിഷ്യനായിത്തീർന്നതു്. അവിടെ സ്വാമികളുടെ അദ്വൈതവിചാരത്തിന്റെ പരിശുദ്ധത പരീക്ഷിക്കുവാൻ സാക്ഷാൽ ശ്രീപരമേശ്വരൻതന്നെ ചണ്ഡാലവേഷത്തിൽ പ്രത്യക്ഷീഭവിച്ചു. അവർതമ്മിൽ നടന്ന വാഗ്വാദത്തിന്റെ ഫലമായി സ്വാമികൾ ജീവാത്മപരമാത്മാക്കളുടെ ഐക്യം ശരിക്കു മനസ്സിലാക്കി 'മനീഷാപഞ്ചകം' എന്ന മനോഹരമായ കൃതി നിർമ്മിച്ചു. പിന്നീടു് അവിടെയും ബദര്യാശ്രമത്തിലുമായി താമസിച്ചു പല സിദ്ധന്മാരുമായി കൂടിയാലോചിച്ചു നിഷ്കൃഷ്ടമായി അർത്ഥനിർണ്ണയം വരുത്തി ബാദരായണന്റെ (വ്യാസന്റെ) വേദാന്തസൂത്രങ്ങൾക്കും മററും ഭാഷ്യം രചിച്ചു. പാശുപതന്മാർ, നൈയായികന്മാർ ഇവരെ വാദത്തിൽ തോല്പിച്ചു സൂത്രകാരനായ വ്യാസഭഗവാനെ പ്രത്യക്ഷപ്പെടുത്തി അദ്ദേഹത്തിന്റെ അനുഗ്രഹവും സമ്പാദിച്ചു. അന്നു പതിനാറു വയസ്സേ ആചാര്യനു തികഞ്ഞിരുന്നുള്ളു എന്നും അതിനുമേൽ ആയുസ്സില്ലായിരുന്നതിനാൽ സമാധിക്കു സന്നദ്ധനായി എന്നും വ്യാസന്റെ കാരുണ്യത്താൽ ദിഗ്വിജയത്തിനുവേണ്ടി പ

Digitized By Kerala Sahitya Akademi

തിനാറുവർഷംകൂടി ജീവിതകാലം നീട്ടിക്കിട്ടി എന്നും ആസ്തികന്മാരായ പുരാവിത്തുകൾ പറയുന്നു. ഭഗവൽപാദർ പതിനാറാമത്തെ വയസ്സിൽമാത്രമേ കേരളം വിട്ടുപോയി ഗോവിന്ദസ്വാമികളുടെ ശിഷ്യനായുള്ളു എന്നാകുന്നു കേരളത്തിലെ ഐതിഹ്യം. "ഷോഡശാബ്ദേ സമാഗതേ സർവ്വജ്ഞത്വമഗാദേവ ശങ്കരശ്ശങ്കരാംശജഃ" എന്നു ഗോവിന്ദനാഥൻ ശങ്കരൻ കേരളം വിടുന്നതിനുമുൻപുള്ള കഥ വർണ്ണിക്കുന്നതു നോക്കുക.

പിന്നീടു സ്വാമികൾ ദിഗ്വിജയത്തിനായി പുറപ്പെട്ടു. പ്രയാഗത്തിൽവച്ച് ഉമിത്തീയിൽ ചാടി പ്രാണത്യാഗം ചെയ്യുന്ന കുമാരിലഭട്ടനെ കാണുകയും അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചു മാഹിഷ്മതീനഗരത്തിൽചെന്നു വിശ്വരൂപൻ എന്നുകൂടിപ്പേരുള്ള മണ്ഡനമിശ്രനെ വാദത്തിൽ പരാജയപ്പെടുത്തി മീമാംസകമൂർദ്ധന്യനായിരുന്ന അദ്ദേഹത്തെക്കൊണ്ട് അദ്വൈതമതം സ്വീകരിപ്പിച്ചു സുരേശ്വരൻ എന്ന പേരിൽ സന്യസ്തനാക്കി തന്റെ രണ്ടാമത്തെ ശിഷ്യനായി അംഗീകരിക്കുകയും ചെയ്തു. വിശ്വരൂപൻ എന്നതു ഗൃഹസ്ഥാശ്രമത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പേരും മണ്ഡനൻ എന്നതു ബിരുദനാമവുമാകുന്നു എന്നു ചിലർ അഭിപ്രായപ്പെടുന്നു. യാജ്ഞവല്ക്യസ്മൃതിക്കു ബാലക്രീഡ എന്ന വ്യാഖ്യാനം അദ്ദേഹം നിർമ്മിച്ചതു വിശ്വരൂപൻ എന്ന പേരിലാകുന്നു. മണ്ഡനനും സുരേശ്വരനും ഒന്നല്ലെന്നാണ് എന്റെ പക്ഷം. സ്വാമികളുടേയും മണ്ഡനന്റേയും വാദം നടന്നതു് "ഉഭയഭാരതി" എന്ന മഹാവിദുഷിയായ മണ്ഡനന്റെ ധർമ്മപത്നിയുടെ മാധ്യസ്ഥ്യത്തിലായിരുന്നു. മണ്ഡനൻ തോററപ്പോൾ ഭാരതി തന്നെക്കൂടി തോല്പിച്ചാലല്ലാതെ ശങ്കരന്റെ വിജയം പൂർണ്ണമാകുകയില്ലെന്നു തർക്കിക്കുകയും ആ തർക്കം സമ്മതിച്ചു ശങ്കരൻ ആ പണ്ഡിതയോടും വാദം നടത്തുകയും ചെയ്തു. ഒടുവിൽ പരാജിതയാകുമെന്നു കണ്ടപ്പോൾ ഭാരതി കാമശാസ്ത്രത്തിൽ ചോദ്യങ്ങൾ ചോദിച്ചുതുടങ്ങുകയും നൈഷ്ഠികബ്രഹ്മചാരിയായ ശങ്കരനു് ആ ചോദ്യങ്ങൾക്കു് ഉത്തരം പറവാൻ നിവൃത്തിയില്ലാതെ തീർന്നതിനാൽ ഒരു മാസത്തെ അവധി വാങ്ങി അതിനല്പംമുമ്പു സ്വര്യാതനായ അമരുകരാജാവിന്റെ ശവശരീരത്തിൽ യോഗശക്തികൊണ്ടു പ്രവേശിച്ചു് അദ്ദേഹത്തിന്റെ പട്ടമഹിഷിയായ കാഞ്ചനമഞ്ജരിയും മററുമായി രമിച്ചു തിരിയെ വന്നു ഭാരതിയെ ആ ശാസ്ത്രത്തിലും തോല്പിക്കുകയും ചെയ്തു. അത്രമാത്രം ശ്രമം ചെയ്തിട്ടാണ് സ്വാമികൾ മണ്ഡനനെ സ്വമതത്തിലേക്കു പരിവർത്തനം ചെയ്യിച്ചതെന്നു ശങ്കരചരിതങ്ങളിൽ വർണ്ണിക്കുന്നു.

അതു കഴിഞ്ഞു ഭഗവൽപാദർ ദക്ഷിണദേശത്തേക്കു യാത്ര പുറപ്പെട്ടു. വഴിക്കുവച്ചു് ഒരു കാപാലികൻ സ്വാമികളോടു് അദ്ദേഹത്തിന്റെ തല തനിക്കു മഹേശ്വരപൂജയ്ക്കായി തരണമെന്നു പ്രാർത്ഥിക്കുകയും സ്വാമികൾ അതു സസന്തോഷം സമ്മതിക്കുകയും ചെയ്തു എങ്കിലും സനന്ദനനിൽ ആവേശിച്ച നരസിംഹമൂർത്തി ആ പാപിയെ വധിച്ചു ഗുരുവിന്റെ ജീവനെ രക്ഷിച്ചു. അതിനുമുൻപു കാശിയിൽവച്ചു തന്നെ അദ്ദേഹത്തിനു (സനന്ദനനു്) പത്മപാദൻ എന്നൊരു ബിരുദ

Digitized By Kerala Sahitya Akademi

പ്പേർ സിദ്ധിച്ചിരുന്നു. ഗങ്ഗയുടെ മറുകരയിൽനിന്നു ഗുരു വിളിക്കുന്നതു കേട്ടു ഗുരുഭക്തി തന്നെ രക്ഷിക്കുമെന്നുള്ള അചഞ്ചലമായ വിശ്വാസത്തോടുകൂടി അദ്ദേഹം നദിയിൽ നടന്നുതുടങ്ങി എന്നും അപ്പോൾ താൻ പാദന്യാസംചെയ്ത സ്ഥലത്തെല്ലാം ഓരോ താമരപ്പൂവുണ്ടായി അദ്ദേഹത്തിന്റെ കാലടികളെത്താങ്ങി എന്നുമാണ് ഈ ബിരുദത്തിനു പഴമക്കാർ പറയാറുള്ള ആഗമം. മൂകാംബിയിൽനിന്നു് ആചാര്യൻ തൌളവബ്രാഹ്മണർ വസിക്കുന്ന ശ്രീവലിഗ്രാമത്തിൽ ചെന്നു. അവിടെ പതിമ്മൂന്നു വയസ്സായ ഒരു ബാലൻ ജഡനെപ്പോലെയിരിക്കുന്നതു കണ്ടു. പിതാവായ പ്രഭാകരൻ വളരെ വ്യസനിച്ചു് ആ ഉണ്ണിയെ ആചാര്യന്റെ സന്നിധിയിൽ കൊണ്ടുപോയി. ആചാര്യൻ ചോദിച്ച ചോദ്യങ്ങൾക്കു് ഉണ്ണി വേദാന്തതത്വങ്ങൾ ഉള്ളങ്കൈയിലെ നെല്ലിക്കപോലെ കണ്ട മാതിരിയിൽ വിശദമായി ഉത്തരം പറയുകയാൽ അദ്ദേഹത്തിന്റെ ജാഡ്യം കേവലം ഭൗതികവിഷയങ്ങളിലാണെന്നു ഗ്രഹിച്ചു് അദ്ദേഹത്തെ തന്റെ മൂന്നാമത്തെ ശിഷ്യനായി സ്വീകരിച്ചു. ആ ശിഷ്യനെ ഹസ്താമലകനെന്നു പറയുന്നു.

തദനന്തരം ഋശ്യശൃങ്ഗമഹർഷിയുടെ തപോവൃത്തിയാൽ പണ്ടുതന്നെ പവിത്രമായ ശൃങ്ഗഗിരിയിൽ (ശൃങ്ഗേരി) എത്തി അവിടെ ഒരു ക്ഷേത്രം പണിയിച്ചു് അതിൽ ശാരദാദേവിയെ പ്രതിഷ്ഠിച്ചു് ഒരു മഠവും സ്ഥാപിച്ചു സുരേശ്വരനെ ആ മഠത്തിന്റെ അധ്യക്ഷനായി നിയമിച്ചു. ശൃങ്ഗേരിയിൽവച്ചു് ആനന്ദഗിരി എന്ന നാലാമത്തെ ശിഷ്യനെ കിട്ടി. തോടകവൃത്തത്തിൽ വേദാന്തവിഷയകമായി കവനംചെയ്യുന്നതിനു് അദ്ദേഹത്തിനുണ്ടായിരുന്ന വിശേഷനൈപുണ്യംകൊണ്ടു് അദ്ദേഹം തോടകൻ എന്ന പേരിലും അറിയപ്പെടുന്നു. ഈ ആനന്ദഗിരിയല്ല ഗുരുദിഗ്വിജയകാരൻ. സ്വാമികൾ ശൃങ്ഗേരിയിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ അമ്മയ്ക്കു് അന്ത്യകാലം ആസന്നമായി എന്നറിഞ്ഞു് അവിടെനിന്നു പുറപ്പെട്ടു കാലടിയിൽ എത്തി. അമ്മ സഗുണബ്രഹ്മോപദേശം ലഭിക്കണമെന്നു പ്രാർത്ഥിക്കുകയാൽ ആദ്യം ശിവഭുജങ്ഗമുണ്ടാക്കിച്ചൊല്ലുകയും അതു പോരെന്നു പറകയാൽ വിഷ്ണുഭുജങ്ഗമുണ്ടാക്കി ആ വയോധികയുടെ അന്തിമാശ സാധിക്കുകയും ചെയ്തു. മാതാവിന്റെ മരണാനന്തരം സന്യാസി അപരക്രിയയ്ക്കു് അധികാരിയല്ലെന്നു കർമ്മാരായ അവിടത്തെ നമ്പൂരിമാർ വിധിക്കുകയാൽ അവർ ആ കാര്യത്തിൽ അദ്ദേഹത്തിനു യാതൊരു സാഹായ്യവും ചെയ്യുകയുണ്ടായില്ല. തന്നിമിത്തം സ്വാമികൾ അവരെ ശപിച്ചു. ആചാര്യൻ അതിനുശേഷം ശിഷ്യന്മാരോടുകൂടി കേരളമെങ്ങും സഞ്ചരിക്കുകയും പുണ്യക്ഷേത്രങ്ങൾ സന്ദർശിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ മാതുലഗൃഹത്തിലും പോയി.

പിന്നീടു പല ദേശങ്ങളിലും പര്യടനം ചെയ്തു ശാക്തന്മാർ, കാപാലികന്മാർ, പാഞ്ചരാത്രന്മാർ, ശൈവന്മാർ, ആർഹതന്മാർ മുതലായ പല കൂട്ടരേയും സ്വാമികൾ വാദത്തിൽ മടക്കി. ഗങ്ഗാനദീതീരത്തുവച്ചു ഗൗഡപാദാചാര്യരെക്കണ്ടു് അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങി.

Digitized By Kerala Sahitya Akademi

ഒടുവിൽ കാശ്മീരത്തിൽ എത്തി സകലശാസ്ത്രവാദികളേയും ജയിച്ച് അന്നുവരെ ആർക്കുംതന്നെ തുറന്നുകൊടുക്കാതിരുന്ന അവിടത്തെ ശാരദാക്ഷേത്രത്തിന്റെ തെക്കേ വാതൽ തുറപ്പിച്ച് ദേവിയുടെ പുരോഭാഗത്തുള്ള സർവ്വജ്ഞപീഠത്തെ ആരോഹണംചെയ്തു. അതിനെ തുടന്നു ശൃങ്ഗേരിയിലെ മഠത്തിനു പുറമേ ഭാരതഭൂമിയുടെ കിഴക്കു, പടിഞ്ഞാറു, വടക്ക് എന്നീ മൂന്നു കോണുകളിൽ ജഗന്നാഥം, ദ്വാരക, ബദരി ഈ സ്ഥലങ്ങളിലായി മൂന്നു മഠങ്ങൾകൂടി സ്ഥാപിച്ച് അവിടങ്ങളിലും ശാരദാപ്രതിഷ്ഠ നിർവ്വഹിച്ച് അവയ്ക്കു യഥാക്രമം തോടകൻ, ഹസ്താമലകൻ, പത്മപാദൻ ഇവരെ അധിപതികളാക്കി. അപ്പോഴെക്കും മുപ്പത്തിരണ്ടു വയസ്സു തികഞ്ഞു. അതോടുകൂടി തന്റെ ജന്മോദ്ദേശങ്ങളെല്ലാം സാധിച്ചു കഴിഞ്ഞതിനാൽ കൃതകൃത്യനായി അഭൗമപ്രഭാവനായ ആ യതീശ്വരൻ നിർവ്വികല്പസമാധിയിൽ നിലീനനായി പാഞ്ചഭൗതികമായ ശരീരത്തെ പരിത്യജിച്ചു പരമപദത്തെ പ്രാപിച്ചു.

ഇതാണ് ഭഗവൽപാദരുടെ ജീവിതചരിത്രത്തിന്റെ സംക്ഷേപം. അതിമാനുഷങ്ങളായ അപദാനങ്ങളെ കഴിയുന്നതും ഒഴിക്കണമെന്നായിരുന്നു എന്റെ ആഗ്രഹമെങ്കിലും ഗത്യന്തരമില്ലായ്കയാൽ അവയിൽ ചിലതെല്ലാം ഈ സംക്ഷേപത്തിൽ സ്പർശിക്കേണ്ടതായി വന്നിട്ടുണ്ട്. സ്വാമികൾ തൃശ്ശൂരിൽവച്ചാണ് ദേഹവിയോഗം ചെയ്തതു് എന്നുള്ളതിനു വടക്കുന്നാഥക്ഷേത്രത്തിലെ മതില്ക്കകത്തുള്ള ശംഖചക്രകുടീരത്തിനു പുറമേ, അദ്ദേഹത്തിന്റെ ശിഷ്യന്മാർ അവിടെ സ്ഥാപിച്ച നാലു സന്യാസിമഠങ്ങളും ജ്ഞാപകങ്ങളാണ്. അവയിൽ തെക്കേമഠം പത്മപാദന്റേയും ഇടയിൽമഠം ഹസ്താമലകന്റേയും നടുവിൽമഠം സുരേശ്വരന്റേയും വടക്കേമഠം തോടകന്റേയുമാണ്. ആ ആചാര്യന്മാർ പ്രസ്തുതമഠങ്ങൾ സ്ഥാപിച്ചതു തങ്ങളുടെ ഗുരുവിന്റെ സമാധിസ്ഥലം കൂടക്കൂടെ സന്ദർശിച്ചു വന്ദിക്കുന്നതിനായിരുന്നു എന്നു പറഞ്ഞുവരുന്നു. ഇടയിൽമഠം തെക്കേമഠത്തിൽ പിൻകാലത്തിൽ ലയിച്ചുപോയി. വടക്കേമഠം ബ്രഹ്മസ്വംമഠമായി മാറുന്നതിനുള്ള ഹേതു ഞാൻ അന്യത്ര പ്രസ്താവിച്ചിട്ടുണ്ട്. തെക്കേമഠവും നടുവിലേമഠവും മാത്രമേ ഇപ്പോൾ സ്വാമിയാർമഠങ്ങളായി അവശേഷിക്കുന്നുള്ളു. അവയ്ക്കു രണ്ടിനും അളവറ്റ സ്വത്തുണ്ട്. കാലടിക്കടുത്തു കൈപ്പള്ളി എന്ന് ഇപ്പോൾ ഒരില്ലമുണ്ട്. എന്നാൽ അതു സ്വാമികളുടെ പൂർവ്വാശ്രമത്തിലെ ഗൃഹമല്ല. ആ ഗൃഹത്തിലെ സ്വത്തുകൾ തെക്കേമഠത്തിൽ ഒതുങ്ങിയിരിക്കുകയാണ്. സ്വാമികളുടെ ഇല്ലപ്പറമ്പു തെക്കേമഠത്തിൽ നിന്നു വിലകൂടാതെ ശൃങ്ഗേരിമഠത്തിലേക്കു വിട്ടുകൊടുക്കുകയും അവിടെ ആ മഠത്തിലെ ഉപോത്തമാചാര്യനായിരുന്ന നരസിംഹഭാരതീസ്വാമികൾ കൊല്ലം 1085-ാമാണ്ടു കുംഭമാസം 10-ാംനു- ജഗദംബാക്ഷേത്രവും ശങ്കരാചാര്യക്ഷേത്രവും പ്രതിഷ്ഠിച്ചു കാലടിയെ ശാശ്വതവിഖ്യാതമാക്കുകയും ചെയ്തതു് എല്ലാവർക്കും അറിവുള്ളതാണല്ലോ.

**കൃതികൾ:**— ഭഗവൽപാദരുടെ കൃതികൾ സമാഹരിച്ച് ഇരു

Digitized By Kerala Sahitya Akademi

പത്തു പുസ്തകങ്ങളായി ശ്രീരങ്ഗം വാണീവിലാസ മുദ്രാലയത്തിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അവയെ (1) ഭാഷ്യങ്ങൾ (2) മൂലഗ്രന്ഥങ്ങൾ (3) സ്തോത്രങ്ങൾ (4) മന്ത്രശാസ്ത്രം എന്നിങ്ങനെ നാലിനമായി വിഭജിക്കാവുന്നതാണു്.

**ഭാഷ്യങ്ങൾ:**—ഒന്നാമത്തെ ഇനത്തിൽ സർവ്വോൽകൃഷ്ടമായിട്ടുള്ളതു ബാദരായണന്റെ വേദാന്ത(ഉത്തരമീമാംസാ)സൂത്രങ്ങൾക്കു് ആചാര്യൻ രചിച്ചിട്ടുള്ള ഭാഷ്യംതന്നെയാണു്. ആ സൂത്രങ്ങൾക്കു് ശാരീരകമീമാംസാസൂത്രങ്ങളെന്നും, ബ്രഹ്മസൂത്രങ്ങളെന്നും കൂടി പേരുള്ളതിനാൽ പ്രസ്തുതഭാഷ്യത്തെ ബ്രഹ്മസൂത്രഭാഷ്യമെന്നും ശാരീരകമീമാംസാഭാഷ്യമെന്നുംകൂടി പറയാറുണ്ടു്. അതുകഴിഞ്ഞാൽ പിന്നീടു് ഉപനിഷദ്ഭാഷ്യങ്ങൾക്കാകുന്നു പ്രാധാന്യം. ഭഗവൽപാദർ ഈശാവാസ്യോപനിഷത്തു്, കേനോപനിഷത്തു്, കഠോപനിഷത്തു്, പ്രശ്നോപനിഷത്തു്, മുണ്ഡകോപനിഷത്തു്, മാണ്ഡൂക്യോപനിഷത്തു്, ഐതരേയോപനിഷത്തു്, തൈത്തിരീയോപനിഷത്തു്, ഛാന്ദോഗ്യോപനിഷത്തു്, ബൃഹദാരണ്യകോപനിഷത്തു് ഈ പത്തു പ്രാചീനോപനിഷത്തുകൾക്കും ഗൗഡപാദന്റെ മാണ്ഡൂക്യകാരികക്കും പുറമേ നൃസിംഹപൂർവ്വതാപന്യുപനിഷത്തിനും ഭാഷ്യം നിർമ്മിച്ചിട്ടുണ്ടു്. ഒടുവിലത്തെ ഭാഷ്യം പത്മപാദന്റെ പ്രാർത്ഥന അനുസരിച്ചായിരിക്കണമെന്നു ഞാൻ ഊഹിക്കുന്നു. ഇവ കൂടാതെ അഥർവ്വശിഖ, അഥർവ്വശിരസ്സ് ഈ രണ്ടുപനിഷത്തുകൾക്കു കൂടി അദ്ദേഹത്തിന്റെ ഭാഷ്യങ്ങളുണ്ടെന്നു ചിലർ പറയുന്നു, എങ്കിലും അവ കണ്ടുകിട്ടീട്ടില്ല. അടുത്ത പടിയിൽ നില്ക്കുന്നതു ഭഗവദ്ഗീതാഭാഷ്യമാകുന്നു. ബ്രഹ്മസൂത്രങ്ങൾ, ദശോപനിഷത്തുകൾ, ഭഗവദ്ഗീത ഇവയെ പ്രസ്ഥാനത്രയമെന്നു പറയുന്നു. പ്രസ്ഥാനത്രയത്തിനു ഭാഷ്യങ്ങൾ രചിക്കുന്ന പണ്ഡിതശ്രേഷ്ഠന്മാരെയാകുന്നു പരിപൂർണ്ണന്മാരായ മതാചാര്യന്മാരായി ഭാരതീയർ അങ്ഗീകരിക്കുന്നതു്. ആദ്യത്തെ പ്രസ്ഥാനത്രയഭാഷ്യകാരനാണു് ശങ്കരഭഗവൽപാദർ. ഭഗവദ്ഗീതയ്ക്കു പുറമേ മഹാഭാരതാന്തർഗതങ്ങളായ വിഷ്ണുസഹസ്രനാമത്തിനും സനൽസുജാതീയത്തിനും ആചാര്യൻ ഭാഷ്യകാരനാണു്. അവ കൂടാതെ ലളിതാത്രിശതിക്കും ഹസ്താമലകന്റെ ''നിമിത്തം മനശ്ചക്ഷുരാദിപ്രവൃത്തൗ'' എന്നു തുടങ്ങുന്ന ഒരു ചെറിയ വേദാന്തകൃതിക്കുംകൂടി അദ്ദേഹം ഭാഷ്യം രചിച്ചിട്ടുള്ളതായി ഐതിഹ്യമുണ്ടെങ്കിലും ത്രിശതീഭാഷ്യം അദ്ദേഹത്തിന്റെ കൃതിയല്ലെന്നുള്ളതിനു് അതിൽത്തന്നെ തെളിവുണ്ടു്. 'ചില്ലീസലാസ്യ സന്തുഷ്ടാ' എന്ന പദം വ്യാഖ്യാനിക്കുമ്പോൾ പ്രസ്തുതഭാഷ്യകാരൻ ഹാരാവലീകോശത്തിൽനിന്നു് ഒരു ശ്ലോകാർദ്ധം ഉദ്ധരിക്കുന്നു. ഹാരാവലി, ത്രികാണ്ഡശേഷം തുടങ്ങിയ കോശഗ്രന്ഥങ്ങളുടെ പ്രണേതാവായ പുരുഷോത്തമദേവൻ എന്ന ബൗദ്ധാചാര്യൻ ജീവിച്ചിരുന്നതു ക്രി: പി: പന്ത്രണ്ടാംശതകത്തിന്റെ മദ്ധ്യത്തിലാണു്. അതിനാൽ ത്രിശതീഭാഷ്യത്തിന്റെ നിർമ്മാതാവു ശൃങ്ഗേരിപീഠത്തെ അനന്തരകാലത്തിൽ അലങ്കരിച്ചിരുന്ന മറ്റൊരു യതിവര്യനാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

വിഷ്ണുസഹസ്രനാമഭാഷ്യം ഗോവിന്ദസ്വാമികളുടെ ആജ്ഞ അനുസരിച്ചു രചിച്ചതാണു്.

**മൂലഗ്രന്ഥങ്ങൾ:**— സ്വാമികൾ അദ്വൈതവേദാന്തതത്വങ്ങളെ പ്രസ്പഷ്ടമാക്കുന്നതിനുവേണ്ടി വലുതും ചെറുതുമായി മുപ്പത്തിമൂന്നോളം ഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടുണ്ടു്. അവ (1) വിവേകചൂഡാമണി; (2) ഉപദേശസാഹസ്രി; (3) അപരോക്ഷാനുഭൂതി; (4) വാക്യവൃത്തി; (5) സ്വാത്മനിരൂപണം; (6) ആത്മബോധം; (7) ശതശ്ലോകി; (8) ദശശ്ലോകി; (9) സൎവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹം; (10) പ്രബോധസുധാകരം; (11) സ്വാത്മപ്രകാശിക; (12) മനീഷാപഞ്ചകം; (13) അദ്വൈതപഞ്ചരത്നം; (14) നിൎവ്വാണഷട്കം; (15) അദ്വൈതാനുഭൂതി; (16) ബ്രഹ്മാനുചിന്തനം; (17) പ്രശ്നോത്തരരത്നമാലിക; (18) സദാചാരാനുസന്ധാനം; (19) യോഗതാരാവലി; (20) ഉപദേശപഞ്ചകം; (21) ധന്യാഷ്ടകം; (22) ജീവന്മുക്താനന്ദലഹരി; (23) അനാത്മശ്രീവിഗൎഹണപ്രകരണം; (24) സ്വരൂപാനുസന്ധാനം; (25) യതിപഞ്ചകം; (26) പഞ്ചീകരണം; (27) തത്വോപദേശം; (28) ഏകശ്ലോകി; (29) മായാപഞ്ചകം; (30) പ്രൗഢാനുഭൂതി; (31) ബ്രഹ്മജ്ഞാനാവലീമാല; (32) ലഘുവാക്യവൃത്തി; (33) നിൎവ്വാണമഞ്ജരി ഈ ഗ്രന്ഥങ്ങളാകുന്നു.

**സ്തോത്രങ്ങൾ:**— ഭഗവൽപാദർ (1) ഗണപതിസ്തോത്രങ്ങൾ; (2) സുബ്രഹ്മണ്യസ്തോത്രം; (3) ശിവസ്തോത്രങ്ങൾ; (4) ദേവീസ്തോത്രങ്ങൾ; (5) വിഷ്ണുസ്തോത്രങ്ങൾ; (6) സങ്കീൎണ്ണസ്തോത്രങ്ങൾ ഇങ്ങനെ പല ദേവതകളേയും അധികരിച്ചു സ്തോത്രരത്നങ്ങൾ നിൎമ്മിച്ചിട്ടുണ്ടു്. (1) ഗണേശപഞ്ചരത്നം, (2) ഗണേശഭുജംഗം ഇവ ഒന്നാമത്തെ വകുപ്പിലും; (3) സുബ്രഹ്മണ്യഭുജംഗം രണ്ടാമത്തെ വകുപ്പിലും; (4) ശിവഭുജംഗം, (5) ശിവാനന്ദലഹരി, (6) ശിവപാദാദികേശാന്തവൎണ്ണനസ്തോത്രം, (7) ശിവകേശാദിപാദാന്തവൎണ്ണനസ്തോത്രം, (8) വേദസാരശിവസ്തോത്രം, (9) ശിവാപരാധക്ഷമാപണസ്തോത്രം, (10) സുവൎണ്ണമാലാസ്തുതി, (11) ദശശ്ലോകീസ്തുതി, (12) ദക്ഷിണാമൂൎത്തിവൎണ്ണമാലാസ്തോത്രം, (13) ശ്രീദക്ഷിണാമൂൎത്ത്യഷ്ടകം, (14) ശ്രീമൃത്യുഞ്ജയമാനസികപൂജാസ്തോത്രം, (15) ശിവനാമാവല്യഷ്ടകം, (16) ശിവപഞ്ചാക്ഷരസ്തോത്രം, (17) ഉമാമഹേശ്വരസ്തോത്രം ഇവ മൂന്നാമത്തെ വകുപ്പിലും ഉൾപ്പെടും. (18) സൗന്ദൎയ്യലഹരി, (19) ദേവീഭുജംഗസ്തോത്രം, (20) ആനന്ദലഹരി, (21) ത്രിപുരസുന്ദരീവേദപാദസ്തോത്രം, (22) ത്രിപുരസുന്ദരീമാനസപൂജാസ്തോത്രം, (23) ദേവീഷഷ്ട്യുപചാരപൂജാസ്തോത്രം, (24) ത്രിപുരസുന്ദൎയ്യഷ്ടകം, (25) ലളിതാപഞ്ചരത്നം, (26) കല്യാണവൃഷ്ടിസ്തവം, (27) നവരത്നമാലിക, (28) മന്ത്രമാതൃകാപുഷ്പമാലാസ്തവം, (29) ഗൗരീദശകം, (30) ദേവീഭുജംഗം ഇവയാണു് നാലാമത്തെ വകുപ്പിൽ ചേരുന്നതു്. അഞ്ചാമത്തെ വകുപ്പിൽ (31) ഹനുമൽപഞ്ചകം, (32) ശ്രീരാമഭുജംഗം, (33) ലക്ഷ്മീനൃസിംഹപഞ്ചരത്നം, (34) ലക്ഷ്മീനൃസിംഹകരുണാരസസ്തോത്രം, (35) ശ്രീവിഷ്ണുഭുജംഗം, (36) വിഷ്ണുപാദാദികേശാന്തസ്തോത്രം, (37) പാ

Digitized By Kerala Sahitya Akademi

ണ്ഡരങ്ഗാഷ്ടകം, (38) അച്യുതാഷ്ടകം, (39) കൃഷ്ണാഷ്ടകം, (40) ഹരിസ്തുതി, (41) ഗോവിന്ദാഷ്ടകം, (42) ഭഗവന്മാനസപൂജ, (43) മോഹമുദ്ഗരം ഇവയാണ് അന്തർഭവിക്കുന്നത്. ആറാമത്തെ വകുപ്പിൽ (44) കനകധാരാസ്തോത്രം, (45) അന്നപൂർണ്ണാഷ്ടകം, (46) മീനാക്ഷീപഞ്ചരത്നം, (47) മീനാക്ഷീസ്തോത്രം, (48) ദക്ഷിണാമൂർത്തിസ്തോത്രം, (49) കാലഭൈരവാഷ്ടകം, (50) നർമ്മദാഷ്ടകം, (51) യമുനാഷ്ടകം, (52) നർമ്മദാഷ്ടകം, (53) മണികർണ്ണികാഷ്ടകം, (54) നിർഗ്ഗുണമാനസപൂജ, (55) പ്രാതഃസ്മരണസ്തോത്രം, (56) ജഗന്നാഥാഷ്ടകം, (57) ഷട്പദീസ്തോത്രം, (58) ഭ്രമരാംബാഷ്ടകം, (59) ശിവപഞ്ചാക്ഷരനക്ഷത്രമാലാസ്തോത്രം, (60) ദ്വാദശലിങ്ഗസ്തോത്രം, (61) അർദ്ധനാരീശ്വരസ്തോത്രം, (62) ശാരദാഭുജങ്ഗപ്രയാതാഷ്ടകം, (63) ഗുർവഷ്ടകം, (64) കാശീപഞ്ചകം ഈ സ്തോത്രങ്ങൾ അടങ്ങുന്നു.

**മന്ത്രശാസ്ത്രം:**—മന്ത്രശാസ്ത്രത്തിൽ ഭഗവൽപാദരുടെ കൃതി 32 പടലങ്ങളായി വിഭജിച്ചിട്ടുള്ള സുപ്രസിദ്ധമായ പ്രപഞ്ചസാരമാകുന്നു. ഇതുകൂടാതെ സപര്യാഹൃദയം എന്നൊരു ഗ്രന്ഥംകൂടി അദ്ദേഹത്തിന്റേതാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. അതു വാണീവിലാസക്കാർ ആചാര്യകൃതിസമുച്ചയത്തിൽ ഉൾപ്പെടുത്തീട്ടില്ല. അതുപോലെ സൗഭാഗ്യവിദ്യ, സുഭഗോദയപദ്ധതി ഇങ്ങനെ വേറേയും മന്ത്രശാസ്ത്രരഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ചില കൃതികൾ അദ്ദേഹത്തിന്റേതാണെന്നു ചില പഴമക്കാർ പറഞ്ഞുവരുന്നു. സുഭഗോദയം ഭഗവൽപാദരുടെ കൃതിയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതും പ്രഭയെന്ന വ്യാഖ്യാനവും ത്രിപുരാപൂജയ്ക്കു ളളുറവിമർശിനി എന്ന വ്യാഖ്യയും ശാംഭവോദയം എന്നൊരു തന്ത്രനിബന്ധവും ശിവാനന്ദയോഗി എന്നൊരു സിദ്ധന്റെ കൃതികളാകുന്നു. ശിവാനന്ദന്റെ കാലദേശങ്ങൾ അവിജ്ഞാതങ്ങളായിരിക്കുന്നു.

**ശാങ്കരസ്മൃതി:**—കേരളത്തിലെ ആചാരങ്ങളെ വിവരിക്കുന്ന ശാങ്കരസ്മൃതി ഏതോ ഒരു ശങ്കരൻനമ്പൂരിയുടെ കൃതിയെന്നല്ലാതെ അതു ഭഗവൽപാദരുടെ നിബന്ധമാണെന്നു പറവാൻ യാതൊരു നിർവ്വാഹവും കാണുന്നില്ല. ഒന്നാമതു് അതിന്റെ അടിസ്ഥാനമെന്നു പറയുന്ന ഭാർഗ്ഗവസ്മൃതി ഇനിയും കണ്ടുകിട്ടീട്ടില്ല. രണ്ടാമതു ഭാർഗ്ഗവസ്മൃതിയേയോ ശാങ്കരസ്മൃതിയേയോ ഇതരസ്മൃതികാരന്മാർ സ്മരിച്ചിട്ടില്ലെന്നുമാത്രമല്ല, ശാങ്കരസ്മൃതി തന്റെ കാലത്തുണ്ടായിരുന്നു എങ്കിൽ അതു നിശ്ചയമായി അറിഞ്ഞിരിക്കേണ്ട മാധവാചാര്യർപോലും സർവ്വസ്മൃതിപ്രദീപമായ 'പരാശരമാധവീയ'ത്തിൽ അങ്ങനെയൊരു ഗ്രന്ഥമുള്ളതായി പറയുന്നില്ല. ആചാര്യപാദരുടെ ശിഷ്യനായ വിശ്വരൂപന്റെ ബാലക്രീഡയിലും ശാങ്കരസ്മൃതിയെ സ്മരിച്ചുകാണുന്നില്ലെന്നു് ഇവിടെ പ്രത്യേകം പ്രസ്താവിക്കേണ്ടതുണ്ടു്. മൂന്നാമതു ഭഗവൽപാദരുടെ കവിതാശൈലി ശാങ്കരസ്മൃതിയിൽ ഒരിടത്തും തൊട്ടുതെറിച്ചിട്ടുപോലുമില്ല. നാലാമതു സന്യാസിവര്യനായ ആ മഹാത്മാവു കേരളാചാരങ്ങളെ ക്രോഡീകരിച്ചു് ഒരു ഗ്രന്ഥം നിർമ്മിച്ചിരിക്കുകയില്ലെന്നുമാത്രമല്ല, നിർമ്മിച്ചാൽതന്നെ കർമ്മകാണ്ഡോപാ

Digitized By Kerala Sahitya Akademi

സകന്മാരായ അന്നത്തെ നമ്പൂരിമാർ അതു പ്രമാണത്വേന അംഗീകരിച്ചിരിക്കുകയുമില്ല. അഞ്ചാമതു വസ്തുവ്യവസ്ഥാൻ എന്ന അദ്ധ്യായത്തിൽ 'ജന്മി' എന്ന പദം ശാങ്കരസ്മൃതിയിൽ ധാരാളമായി പ്രയോഗിച്ചിട്ടുണ്ട്.

''ജന്മിനോ യദി ഭൂദേവാ ജന്മോപഗ്രഹണാൽ ക്വചിൽ
ആഗതോ ച ജീവോയുജ്ജന്മഭോഗേന കർഷകാൽ.
സർവ്വേ ജന്മിന ഏതേവൈ വ്യാഖ്യാതാ ഇതി ഭാർഗ്ഗവഃ
സ്വക്ഷേത്രേ സങ്ഗ്രഹം ചക്രേ വിപ്രൈർന്നിയതിർഭൃഗുഃ
ലജ്ജതേ ഭർത്സ്യതേ യേന വിപ്രഃ കാമീ ശമോചിതഃ
ജല്മേതി വർണ്ണവ്യത്യാസാൽ തൽസംബോധനാ സാ ച ഭൂഃ
ജന്മേത്യാഖ്യായതേ തസ്യ സ്വാമിത്വജ്ഞാനതദാശ്രയം''

എന്ന ശ്ലോകങ്ങൾ നോക്കുക. 'ലജ്' ധാതുവിനു പൃഷോദരാദിരീത്യാ വർണ്ണവ്യത്യാസം വന്നിട്ടു ജല്മി എന്ന പദവും 'ജല്മി' രൂപാന്തരപ്പെട്ടു ജന്മി എന്ന പദവും ഉണ്ടായി എന്നത്രേ ഗ്രന്ഥകാരൻ പറയുന്നതു്. ഇത്രമാത്രം അസംബന്ധമായ ഒരു നിരുക്തത്തിനു സർവ്വശാസ്ത്രജ്ഞനായ ഭഗവൽപാദരെ ഉത്തരവാദി ആക്കുന്നതു് അന്യായമാണു്. ജന്മിക്കും ജമിന്ദാർക്കും ആഗമം ഒന്നുതന്നെയാണു്. ജന്മി ഏതു ധാതുവിൽനിന്നു വന്നാലും പ്രകൃതാർത്ഥത്തിൽ അതു സംസ്കൃതഭാഷയിൽ പ്രയോക്തവ്യമല്ലെന്നുള്ളതിൽ പക്ഷാന്തരത്തിനു് അവകാശമേയില്ലല്ലോ. ഇനിയും പലതും പ്രസ്തുതഗ്രന്ഥത്തെപ്പററി പറവാനുണ്ടു്. എത്രയോ ശങ്കരാചാര്യന്മാർ കേരളത്തിൽ ഓരോ കാലത്തു ജീവിച്ചിരുന്നിട്ടുണ്ടു്. പയ്യൂർ ശങ്കരഭട്ടതിരി എന്നൊരു പണ്ഡിതൻ ക്രി: പി: പതിന്നാലാം ശതകത്തിൽ ജീവിച്ചിരുന്നു. അദ്ദേഹത്തിൻെറ ഗുരു ഒരു ഗോവിന്ദഭഗവൽപാദനായിരുന്നു എന്നു വേദാരണ്യവാസുദേവൻെറ ശിവോദയത്തിൽ നിന്നു് അറിയുന്നു. ശാങ്കരസ്മൃതി അദ്ദേഹത്തിൻെറ കൃതിയായിരിക്കുമോ എന്നറിവില്ല. പരപ്രതാരണംചെയ്തു സ്വകീയമായ ഗ്രന്ഥത്തിനു മേന്മ നേടുവാൻവേണ്ടി ആരെങ്കിലും ശങ്കരപദം അതോടു ഘടിപ്പിച്ചുമിരിക്കാവുന്നതാണു്.

**ഭഗവൽപാദരുടെ മഹിമ:**—സ്വാമികളുടെ കൃതികളിൽ ഒന്നിനെപ്പററിയും എന്തെങ്കിലും പ്രതിപാദിക്കുവാൻ ഈ പുസ്തകത്തിൽ സ്ഥലസൗകര്യമില്ല; അതിനു വലിയതോതിൽ മററൊരു പുസ്തകംതന്നെ എഴുതേണ്ടിവരുന്നതാണു്. അതുകൊണ്ടു് അതിനായി ഇവിടെ ഉദ്യമിക്കുന്നില്ല. ഒരു കവിയുടേയോ, ഗദ്യകാരൻേറയോ, തത്വചിന്തകൻേറയോ, സന്മാർഗ്ഗദർശിയുടേയോ, പ്രതിവാദിഭയങ്കരനായ ശാസ്ത്രവാദിയുടേയോ, സാക്ഷാൽകൃതബ്രഹ്മാവായ യോഗിയുടേയോ, സനാതനധർമ്മപ്രതിഷ്ഠാപകനായ ആചാര്യൻേറയോ, സർവ്വവിദ്യാവിചക്ഷണനായ ജീവന്മുക്തൻേറയോ,—ഏതുനിലയിൽനിന്നു നോക്കിയാലും അദ്ദേഹം അതിമാനുഷനായി, അപ്രതിരഥനായി, അഖണ്ഡതേജസ്വിയായി, അത്ഭുതപ്രഭാവനായി പരിലസിക്കുന്നു. അദ്ദേഹം പുനഃസ്ഥാപനം ചെയ്ത അദ്വൈതമതം അതിൻെറ സ്വതന്ത്രതകൊണ്ടും മാർമ്മികതകൊണ്ടും സർവ്വങ്ക

Digitized By Kerala Sahitya Akademi

ഷ്ടതകൊണ്ടും ആരേയും ആശ്ചര്യപരതന്ത്രരാക്കുന്നു. അന്ധവിശ്വാസത്തിൻ്റെ ത്രസരേണുവിനുപോലും അവിടെയെങ്ങും സ്ഥാനമില്ല; സർവ്വവും ബുദ്ധിഗ്രാഹ്യം, ഉപപത്തിയുക്തം, ക്ഷോദക്ഷമം. ആ സിദ്ധാന്തം ആദിത്യബിംബത്തെപ്പോലെ പരിപൂർണ്ണമാകുന്നു; അധ്യാഹാരാപേക്ഷ അവിടെയെങ്ങുംതന്നെയില്ല. ഭഗവൽപാദർ ജനിച്ച കാലത്തു കർമ്മമാർഗ്ഗവും ഭക്തിമാർഗ്ഗവും തമ്മിൽ ഭാരതത്തിൽ ഒരു വലിയ മത്സരം നടന്നുകൊണ്ടിരുന്നു. ആദ്യത്തെക്കൂട്ടർ യാഗാദികർമ്മങ്ങൾക്കായും രണ്ടാമത്തേവർ ക്ഷുദ്രദേവതാപ്രീതിക്കായും ജന്തുക്കളെ ഹിംസിച്ചുവന്നു. ശാക്തന്മാർ, കാപാലികന്മാർ തുടങ്ങിയവരുടെ ഇടയിൽ മതം അസന്മാർഗ്ഗചര്യക്കു് ഒരു തിരസ്കരണിയായിപ്പോലും തീർന്നിരുന്നു. ഭഗവൽപാദർ സമകാലികന്മാരുടെ ദൃഷ്ടി ഭാരതത്തിൻ്റെ ശാശ്വതനിധികളായ ഉപനിഷത്തുകളിലേക്കു തിരിച്ചുവിട്ടു; ജ്ഞാനമാർഗ്ഗത്തിൻ്റെ മാഹാത്മ്യം അവർക്കു കരതലാമലകംപോലെ കാണിച്ചുകൊടുത്തു; മനുഷ്യൻ്റെ സർവ്വതോമുഖമായ ഉൽഗതിക്കു് അവ എത്രമാത്രം ഉപകരിക്കുന്നു എന്നും ബാദരായണസൂത്രങ്ങളിൽ അവയുടെ അനപലപനീയമായ സമന്വയം എങ്ങനെ സാധിച്ചിരിക്കുന്നു എന്നും വിശദീകരിച്ചു. ആത്മാവും ബ്രഹ്മവും ഒന്നാണെന്നും വേദങ്ങളിൽ കാണുന്ന തത്ത്വമസ്യാദിമഹാവാക്യങ്ങളുടെ അർത്ഥം മറ്റൊന്നല്ലെന്നും ആ ഐക്യജ്ഞാനംതന്നെയാണു് മോക്ഷമെന്നും പ്രമാണംകൊണ്ടും യുക്തികൊണ്ടും സ്ഥാപിച്ചു. 'സംസാരഹേതുനിവൃത്തിസാധനബ്രഹ്മാത്മൈകത്വവിദ്യ'യാണു് അദ്ദേഹം പ്രചരിപ്പിച്ചതു്. ഇതത്രേ അദ്ദേഹത്തിൻ്റെ മഹോപദേശരഹസ്യമെങ്കിലും 'ന ബുദ്ധിഭേദം ജനയേദജ്ഞാനാം കർമ്മസംഗിനാം' എന്ന ന്യായമനുസരിച്ചു സാധാരണന്മാർക്കു ഭക്തിമാർഗ്ഗസഞ്ചാരം ആവശ്യകമാണെന്നു് അദ്ദേഹം നിർണ്ണയിക്കുകയും തന്നിമിത്തം ആ മാർഗ്ഗത്തിൽ ജനങ്ങൾക്കു് അഭിരുചി ജനിപ്പിക്കുന്ന അനവധി സ്തോത്രങ്ങൾ രചിക്കുകയും ചെയ്തു. അവയിൽ സൗന്ദര്യലഹരി, *ശിവാനന്ദലഹരി, വിഷ്ണുപാദാദികേശം തുടങ്ങിയ ചില സ്തോത്രങ്ങളുടെ മാഹാത്മ്യം അന്യാദൃശമാകുന്നു. അദ്ദേഹം മേല്പുത്തൂർ ഭട്ടതിരി പറഞ്ഞിട്ടുള്ളതുപോലെ ഒരു ദേവനിലും പക്ഷപാതിയായിരുന്നില്ല; എല്ലാ ദേവനേയും ദേവിയേയും ഉള്ളഴിച്ചു സ്തുതിച്ചു. നാസ്തികമതമായ ബുദ്ധദർശനത്തെ ഖണ്ഡിക്കുക എന്നുള്ളതായിരുന്നു തൻ്റെ ലക്ഷ്യങ്ങളിൽ ഒന്നു് എങ്കിലും ബൗദ്ധന്മാരിൽനിന്നുപോലും സ്വീകാര്യങ്ങളായ പല തത്ത്വങ്ങളും സ്വീകരിച്ചു. ഭാരതത്തിൻ്റെ വിവിധപ്രാന്തങ്ങളിൽ ബുദ്ധമതാചാര്യന്മാരെപ്പോലെ അദ്ദേഹവും സന്യാസിമഠങ്ങൾ സ്ഥാപിച്ചു. കാഞ്ചീപുരത്തെ കാമകോടിപീഠവും അദ്ദേഹം പ്രതിഷ്ഠിച്ചതായിത്തന്നെ വിചാരിക്കണം. അഗാധമായ തത്ത്വചിന്തകൊണ്ടും അസന്ദിഗ്ദ്ധമായ പ്രതിപാദനരീതികൊണ്ടും അദ്ദേഹത്തിൻ്റെ ശാസ്ത്രഗ്രന്ഥങ്ങൾ ആരുടെ ഹൃദയത്തേയും ഹഠാദാകർഷിക്കുന്നു. 'പ്രസാദഗാംഭീര്യഗുണാഭിരാമം' എന്നു ശങ്കരവിജയകാരൻ ബ്രഹ്മസൂത്രഭാഷ്യത്തിനു നല്കീട്ടുള്ള വിശേഷണം അത്യന്തം സമുചിതമാണു്. 'ഏകശ്ലോകോപി യേഷു പ്രഥിതകവിജനാനന്ദസന്ദോഹകന്ദഃ' എന്നു നവകാളിദാസ

Digitized By Kerala Sahitya Akademi

റൊട്ടോലെ നമുക്കും അതിശയോക്തിഭയം കൂടാതെ അദ്ദേഹത്തിന്റെ സ്തോത്രങ്ങളെ സ്മരിക്കാം;

> ''ഗിരാം ധാരാ കല്പദ്രുമകുസുമധാരാ പരഗുരോ-
> സ്തദർത്ഥാളീ ചിന്താമണികിരണവേണ്യാഗുണനികാ
> അഭങ്ഗവ്യുൽപത്ത്യുല്ലസദ്രസഭരദ്ദശ്ശോഭാത്മിസഹൃ-
> ദ്ദിവം ഭവ്യൈഃ കാവ്യൈഃ സൃജതി വിദുഷാം ശങ്കരഗുരുഃ.''

എന്നും,

> ''സോൽകണ്ഠാകുണ്ഠകണ്ഠീരവനഖരവര-
> ക്ഷുണ്ണമത്തേഭകുംഭ-
> പ്രത്യഗ്രോന്മുക്തമുക്താമണിഗണസുഷമാ-
> ബാധധൗര്യ്യഭലീലാ
> മന്ഥാദ്രിക്ഷുബ്ധദുഗ്ദ്ധാർണ്ണവനികടസമു-
> ല്ലോലകല്ലോലമൈത്രീ-
> പാത്രീഭൂതാ പ്രഭൂതാ ജയതി യതിപതേഃ
> കീർത്തിമാലാ വിശാലാ.''

എന്നും അദ്ദേഹം സ്വാമികളെപ്പററി ചെയ്യുന്ന പ്രശസ്തിഗാനം ഏററു പാടാൻ കേരളീയരായ നമുക്കാണ് സർവ്വോപരി അവകാശമുള്ളതും ഔത്സുക്യമുണ്ടാകേണ്ടതും. ശങ്കരൻ ജനിച്ച കേരളം സാമാന്യമായ ഒരു ഭൂവിഭാഗമല്ല. അദ്ദേഹത്തിന്റെ ഓരോ അപദാനങ്ങളിൽക്കൂടിയും നാം ധീരധീരനായ ഒരു ദേശാഭിമാനിയെ—സാർവ്വലൗകികനായ ഒരു സമന്വയീകരണനിപുണനെ—വിസ്മയനീയചരിതനായ ഒരു വിശ്വാനുജിഘൃക്ഷുവിനെ ആണ് നിരീക്ഷിക്കുന്നതു്. ആ മഹാനുഭാവന്റെ സ്മരണ നമുക്കു പര്യാപ്തമായ ഐകമത്യബോധം പ്രദാനം ചെയ്യുമാറാകട്ടെ.

**ശിഷ്യപരമ്പരയും മററും:—** ഉത്തരമീമാംസാദർശനചരിത്രത്തിൽ ബാദരായണനനന്തരം അടുത്തതായി നാം കാണുന്നതു ഗൗഡപാദനെയാകുന്നു. ഗൗഡപാദൻ ഗോവിന്ദസ്വാമിയുടെ ആചാര്യനും ഭഗവൽപാദരുടെ പ്രാചാര്യനുമാകുന്നു. അദ്ദേഹം ശുകബ്രഹ്മർഷിയുടെ ശിഷ്യനാണെന്നു പറയുന്നതു ശരിയല്ല. ഗൗഡപാദൻ മാണ്ഡൂക്യോപനിഷത്തിനു് 215 ശ്ലോകങ്ങളിൽ കാരിക നിർമ്മിച്ചിട്ടുണ്ടു്. ആ കാരികയ്ക്കു ഭഗവൽപാദർ ഭാഷ്യം രചിച്ചുവെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. മാണ്ഡൂക്യകാരികയിൽനിന്നാണു് മായാവാദം സ്വാമികൾ സ്വീകരിച്ചതു്. സ്വാമികളുടെ ശിഷ്യന്മാരിൽ പത്മപാദൻ ബ്രഹ്മസൂത്രഭാഷ്യത്തിലെ ആദ്യത്തെ അഞ്ചു പാദങ്ങൾക്കു പഞ്ചപാദിക എന്നും ശേഷം പാദങ്ങൾക്കു വൃത്തിയെന്നും പേരുള്ള ടീക നിർമ്മിച്ചു. സുരേശ്വരന്റെ പ്രധാനകൃതികൾ സൂത്രഭാഷ്യവാർത്തികവും, നൈഷ്കർമ്മ്യസിദ്ധിയുമാണു്. അവയ്ക്കു പുറമെ തൈത്തിരീയോപനിഷദ്ഭാഷ്യത്തിനും ബൃഹദാരണ്യകോപനിഷദ്ഭാഷ്യത്തിനും ദക്ഷിണാമൂർത്തിസ്തോത്രത്തിനുംകൂടി അദ്ദേഹം ടീകകൾ രചിച്ചിട്ടുണ്ടു്. ആനന്ദഗിരിയുടെ അദ്വൈതഗ്രന്ഥത്തിനു പേർ ന്യായനിർണ്ണയമെന്നാണു്. വാചസ്പതിമിശ്രൻ ഷഡ്ദർശനങ്ങ

Digitized By Kerala Sahitya Akademi

ളിലും ഒന്നുപോലെ നിഷ്ണാതനായിരുന്നു. പൂർവ്വമീമാംസയിൽ ന്യായകണികയും തത്വബിന്ദുവും സാംഖ്യത്തിൽ സാംഖ്യതത്വകൗമുദിയും യോഗത്തിൽ യോഗഭാഷ്യവിശാരദിയും അദ്ദേഹത്തിന്റെ കൃതികളാണു്. ഉത്തരമീമാംസയിൽ ആ മഹാശയൻ മണ്ഡനമിശ്രന്റെ ബ്രഹ്മസിദ്ധിക്കു ബ്രഹ്മതത്വസമീക്ഷയെന്നും ഭഗവൽപാദരുടെ ബ്രഹ്മസൂത്രഭാഷ്യത്തിനു ഭാമതിയെന്നും രണ്ടു മഹനീയങ്ങളായ വ്യാഖ്യാനങ്ങൾ രചിച്ചു. രണ്ടു പേരുടെ സിദ്ധാന്തങ്ങളേയും കഴിവുള്ളിടത്തോളം സംയോജിപ്പിച്ചു. ഭാമതിക്കു് അമലാനന്ദൻ (പതിമ്മൂന്നാം ശതകം) കല്പതരുവും, കല്പതരുവിനു് അപ്പയ്യദീക്ഷിതർ (ക്രി: പി: പതിനാറാം ശതകം) പരിമളവും രചിച്ചു. പ്രകാശാത്മയതി (ക്രി: പി: 1200) പഞ്ചപാദികയ്ക്കു വിവരണമെഴുതി. അങ്ങനെ ഭാമതീപ്രസ്ഥാനമെന്നും വിവരണപ്രസ്ഥാനമെന്നും അദ്വൈതവേദാന്തത്തിൽ രണ്ടു ശാഖകൾ ഉത്ഭവിച്ചു. വിദ്യാരണ്യൻ വിവരണത്തിനു വിവരണപ്രമേയസംഗ്രഹം നിർമ്മിച്ചു. വിഷ്ണുഭട്ടൻ അതിനു് ഋജുവിവരണമെന്ന ഒരു ടീകയും, ഭാരതീതീർത്ഥനെന്നു കൂടി പേരുള്ള രാമാനന്ദൻ ഋജുവിവരണത്തിനു തുയ്യന്തഭാവദീപിക എന്നു മറെറാരു ടീകയും രചിച്ചു. മഹാകവി ശ്രീഹർഷന്റെ (ക്രി: പി: പന്ത്രണ്ടാം ശതകം) ഖണ്ഡനഖണ്ഡഖാദ്യവും, മധുസൂദനസരസ്വതിയുടെ (ക്രി: പി: പതിനാറാം ശതകം) അദ്വൈതസിദ്ധിയും അദ്വൈതവേദാന്തത്തിലെ മററു രണ്ടു പ്രമാണഗ്രന്ഥങ്ങളാകുന്നു. ഈ വിഷയത്തെപ്പററി ഇതിലധികം വിസ്തരിക്കുന്നില്ല. തൃശ്ശൂർ മഠങ്ങളിലെ സ്വാമിയാരന്മാരും അദ്വൈതവിഷയകമായി പല ഗ്രന്ഥങ്ങളുണ്ടാക്കീട്ടുണ്ടു്. അവരുടെ കാലവും മററും കണ്ടുപിടിക്കുന്നതു വളരെ വിഷമമാണു്.

**പത്മപാദാചാര്യർ:**—ഭഗവൽപാദരുടെ നാലു ശിഷ്യന്മാരിൽ പത്മപാദൻ ഒരു നമ്പൂരിയാണെന്നു കേരളത്തിൽ ഐതിഹ്യമുണ്ടു്. ‘ഗുരോ മമ ഗൃഹം ബത! ചോളദേശേ’ എന്നു് അദ്ദേഹം ശങ്കരനോടു വിജ്ഞാപനം ചെയ്യുന്നതായി നവകാളിദാസൻ പറയുന്നുണ്ടെങ്കിലും അതു കേരളീയർക്കു വിശ്വസിക്കേണ്ട നിർബ്ബന്ധമില്ല. ഗോവിന്ദനാഥന്റെ ശങ്കരാചാര്യചരിതം നാലാമദ്ധ്യായത്തിലും പത്മപാദാചാര്യചരിതത്തിലും കാണുന്ന കഥ താഴെ ചേർക്കുന്നു. വെട്ടത്തുനാട്ടു തൃക്കണ്ടിയൂർ ക്ഷേത്രത്തിനു സമീപം ആലത്തൂർഗ്രാമത്തിൽ പെട്ട വേമണ്ണില്ലത്തിൽ സോമശർമ്മാവിന്റെ പുത്രനായി വിഷ്ണുശർമ്മാവു ജനിച്ചു. സോമശർമ്മാവിനു നരസിംഹോപാസ്തിയുടെ ഫലമായിട്ടായിരുന്നു ആ സന്താനം ലഭിച്ചതു്. ബാല്യത്തിൽതന്നെ അതിബുദ്ധിമാനായ വിഷ്ണുശർമ്മാവു വേദശാസ്ത്രപാരഗനായും നരസിംഹോപാസകനായും തീർന്നു. തന്റെ കുടുംബത്തെ ദാരിദ്ര്യത്തിൽനിന്നു സമുദ്ധരിക്കുന്നതിനായി വൈശ്യവൃത്തി സ്വീകരിച്ചു ധാരാളം ധനം സമ്പാദിച്ചു. ഒരിക്കൽ യാത്രാമദ്ധ്യത്തിൽ അദ്ദേഹത്തിന്റെ വാണിജ്യദ്രവ്യങ്ങളെല്ലാം കള്ളന്മാർ തട്ടിക്കൊണ്ടു പോയി. അതു കണ്ടു വൈരാഗ്യം വന്നു ജന്മനാശത്തിനുള്ള മാർഗ്ഗമന്വേഷിച്ചു കാശിയിൽ ചെന്നു ഭഗവൽപാദരുടെ അന്തേവാസിത്വം സ്വീക

Digitized By Kerala Sahitya Akademi

രിച്ചു. ഒടുവിൽ ബദര്യാശ്രമത്തിൽ പണ്ടു നരനാരായണന്മാർ തപസ്സു ചെയ്തിരുന്ന നാരായണഗിരിയിൽ വിഷ്ണുപ്രതിമ സ്ഥാപിച്ച് അതിന്റെ പൂജയ്ക്കു നമ്പൂരിമാരെത്തന്നെ നിയമിച്ചു. ഇന്നും ആ ക്ഷേത്രത്തിൽ പൂജയ്ക്കു നമ്പൂരിമാൎക്കുമാത്രമേ അവകാശമുള്ളു. പത്മപാദൻ പാറപ്പുറത്തു ദണ്ഡുകൊണ്ടടിച്ചുണ്ടാക്കിയ ദണ്ഡാഘാതതീൎത്ഥം ഇക്കാലത്തും കുണ്ഡമായിത്തന്നെ കാണപ്പെടുന്നു. അവിടെത്തന്നെ ആ മഹാത്മാവു മൂന്നു കൊല്ലം തപസ്സു ചെയ്തതിനുശേഷം സമാധിയെ പ്രാപിച്ചു. ഈ കഥയിൽ അവിശ്വസനീയമായി യാതൊന്നും കാണുന്നില്ല.

Digitized By Kerala Sahitya Akademi

ഒൻപതാമധ്യായം

# സംസ്കൃതസാഹിത്യം

(തുടച്ച്)

## ക്രി: പി: 1300-ാമാണ്ടുവരെ

**ശക്തിഭദ്രൻ—ഒരൈതിഹ്യം:**—ഭഗവൽപാദരുടെ കാലം സുമാർ ക്രി: പി: ഏഴാംശതകത്തിന്റെ ഉത്തരാർദ്ധത്തിലായിരിക്കണമെന്നു സൂചിപ്പിച്ചുവല്ലോ. ശക്തിഭദ്രകവിയെ അദ്ദേഹവുമായി ഘടിപ്പിക്കുന്ന ഒരൈതിഹ്യം കേരളത്തിൽ പ്രചരിക്കുന്നുണ്ട്. ഭഗവൽപാദർ തിരുവിതാംകൂറിൽ ദിഗ്വിജയം ചെയ്ത അവസരത്തിൽ ചെങ്ങന്നൂരിൽവെച്ചു ശക്തിഭദ്രൻ അദ്ദേഹത്തെ സന്ദർശിക്കുകയും തന്റെ ആശ്ചര്യചൂഡാമണി എന്ന നാടകം വായിച്ചുകേൾപ്പിക്കുകയും ചെയ്തു. അന്നു മൗനവ്രതത്തിലിരുന്ന ആചാര്യൻ ആ ഗ്രന്ഥത്തെപ്പറ്റി ഒരഭിപ്രായവും പറയാത്തതിനാൽ കവി ഭഗ്നോത്സാഹനായി അതു തീയിലിട്ടു ചുട്ടുകളഞ്ഞു. സ്വാമികൾ ദേശാടനം കഴിഞ്ഞു തിരിയെ ചെങ്ങന്നൂരിലെത്തി ശക്തിഭദ്രനെ വരുത്തി "നിന്റെ 'ഭൂഷണഭൃതി' എവിടെ" എന്നു ചോദിച്ചു. ചൂഡാമണി രണ്ടാമങ്കത്തിൽ

> "ത്രിഭുവനരിപുരസ്യാ രാവണഃ പൂർവജശ്ചോ-
> ദസുലഭ ഇതി നൂനം വിശ്രമഃ കാർമ്മുകസ്യ;
> രജനിചരനിബദ്ധം പ്രായശോ വൈരമേതദ്
> ഭവതു ഭുവനഭൂത്യൈ ഭൂരിരക്ഷോവധേന."

എന്നൊരു പദ്യമുണ്ട്. അതിന്റെ സ്മരണത്തിൽനിന്നു ജനിച്ച ആനന്ദാതിശയംനിമിത്തമാണ് അവിടുന്ന് ആ ചോദ്യം ചോദിക്കുവാനിടയായതു്. കവി കാര്യം മനസ്സിലായപ്പോൾ താൻ അതു നശിപ്പിച്ചു എന്നു പറയുകയും ആചാര്യന്റെ മുഖത്തുനിന്ന് ആ നാടകം മുഴുവൻ വീണ്ടും കേട്ടു് എഴുതിയെടുത്തു ചരിതാർത്ഥനാകുകയും ചെയ്തു. ഇതാണ് ആ ഐതിഹ്യം. ഇതു് എത്രമാത്രം വിശ്വസനീയമാണെന്നു പറവാൻ നിവൃത്തിയില്ല. രാജശേഖരൻ എന്ന കേരളരാജാവിന്റെ മൂന്നു നാടകങ്ങളെപ്പറ്റിയും ഇത്തരത്തിൽ ഒരു കഥ ശങ്കരവിജയത്തിൽ കാണുന്നുണ്ട്. അതുപോലെതന്നെ മേൽപ്പാഴൂരില്ലത്തിൽ ഭഗവൽപാദർ പൂജിക്കുവാൻ കൊടുത്തിരുന്ന ബ്രഹ്മസൂത്രഭാഷ്യം മീമാംസകനായ അദ്ദേഹത്തിന്റെ മാതുലൻ ദഹിപ്പിച്ചു എന്നും പത്മപാദൻ "പുസ്തകം ഗതം ബുദ്ധിരവസ്ഥിതാ മേ" എന്നു പറഞ്ഞുകൊണ്ടു് അതു വീണ്ടുമെഴുതിയെന്നും അതേ ഗ്രന്ഥത്തിൽതന്നെ പറയുന്നു.

**പ്രാചീനത:**—ശക്തിഭദ്രൻ ഭഗവൽപാദരുമായി സന്ധിച്ചാലുമില്ലെങ്കിലും അക്കാലത്തു ജീവിച്ചിരുന്നിരിക്കാവുന്ന ഒരു കവിതന്നെയാ

Digitized By Kerala Sahitya Akademi

ണെന്നുള്ളതിനു സംശയമില്ല. ചൂഡാമണിയുടെ സ്ഥാപനായിൽ സൂത്രധാരനും നടിയുമായി ഇങ്ങനെ ഒരു സംഭാഷണമുണ്ട്.

''സൂത്ര:—ആര്യേ, ദക്ഷിണാപഥാദാഗതമാശ്ചര്യചൂഡാമണിം നാമ നാടകമഭിനയാദ്രേഡിതസൗഭാഗ്യമഭിലഷാമ ഇത്യാര്യമിശ്രാണാം ശാസനം.

നടീ:—(ശരായ)—അത്യാഹിതം ഖലേ തൽ, ആകാശഃ പ്രസൂതേ പുഷ്പം, സികതാസ്തൈലമുൽപാദയന്തി, യദി ദക്ഷിണസ്യാ ദിശ ആഗതം നാടകനിബന്ധനം.

സൂത്ര:—ആര്യേ മാമൈവം, ഉപചിനു ഗുണം. അപഹസ്തയ ജന്മാഭിനിവേശം. പശ്യ.

ഗുണാഃ പ്രമാണം ന ദിശാം വിഭാഗോ
നിദർശനം നനചിദമേവ തത്ര;
സ്തനദ്വയേ തേ ഹരിചന്ദനാങ്കോ
ഹാരശ്ച നീഹാരമരീചിഗൗരഃ.

നടീ:—(ആത്മാനം വിലോക്യ) യുജ്യതേ. രത്നാകരഃ ഖലു സ ദേശഃ. ആര്യ, കതമഃ പുനസ്സ കവിഃ, യ ആത്മനഃ പ്രജ്ഞാരൂപം നിബന്ധനവ്യാജേന ദേശാന്തരം പ്രേഷിതുകാമഃ?

സൂത്ര:—ആര്യേ, ശ്രൂയതാം ഉന്മാദവാസവദത്താപ്രഭൃതീനാം കാവ്യാനാം കർത്തുഃ കവേശ്ശക്തിഭദ്രസ്യേദം പ്രജ്ഞാവിലസിതം.''

ഇതിൽനിന്നു ദക്ഷിണാപഥവാസികളായ പണ്ഡിതന്മാരാരും അദ്ദേഹത്തിൻെറ കാലംവരെ നാടകം നിർമ്മിച്ചിരുന്നില്ലെന്നും അങ്ങനെ ഒരു സംഭവത്തെ ആകാശത്തിൽ കുസുമോൽപത്തിപോലെയും മണൽത്തരികളിൽ തൈലപ്രവാഹംപോലെയും ആണ് ഉത്തരാഹന്മാർ കരുതിയിരുന്നതെന്നും ശക്തിഭദ്രൻ ചൂഡാമണി രചിച്ചതിൻെറ ഉദ്ദേശങ്ങളിൽ ഒന്ന് ആ അപവാദത്തിൻെറ നിർമ്മാർജ്ജനമായിരുന്നു എന്നും സ്പഷ്ടമായി കാണാവുന്നതാണ്. ചൂഡാമണി ആറാമങ്കത്തിലെ 'വേണീം കരേണ തവ മോക്ഷ്യതി ദേവി, ദേവഃ' എന്നു അവസാനിക്കുന്ന പദ്യത്തിൽ ഭട്ടനാരായണൻെറ വേണീസംഹാരത്തിലെ 'ഉത്തംസയിഷ്യതി കചാംസ്തവ ദേവി, ഭീമഃ' എന്നു അവസാനിക്കുന്ന പദ്യത്തിൻെറ അനുരണനം കേൾക്കാവുന്നതുകൊണ്ടു ഭട്ടനാരായണനെ അപേക്ഷിച്ചു ശക്തിഭദ്രൻ അർവാചീനനാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. ഭട്ടനാരായണൻെറ കാലം ക്രി: പി: ഏഴാം ശതകത്തിൻെറ പൂർവാർദ്ധമാണ്. ക്രി: പി: പതിനാലാം ശതകത്തിൽ ഉത്ഭവിച്ചതായി വിചാരിക്കാവുന്ന 'നടാങ്കുശം' എന്ന ഗ്രന്ഥത്തിൽ ''അസ്മാകം പ്രബന്ധകൃദപി മഹാനേവ,

യൽകൃതന്നാടകം ചൂഡാമണിശ്ചൂഡാമണിസ്സതാം
സ കസ്യൈവ ന മാന്യോയം ശക്തിഭദ്രോ മഹാകവിഃ?''

എന്നും ''ചൂഡാമണിപ്രഭൃതിനാടകാനാം വീരരസപ്രധാനത്വാൽ'' എന്നും പ്രസ്താവിച്ചിട്ടുണ്ട്. ശക്തിഭദ്രൻെറ കാലത്തിനുമുമ്പു ദാക്ഷിണാത്യന്മാര

Digitized By Kerala Sahitya Akademi

ടെ കൃതികളായി രണ്ടു പ്രഹസനങ്ങൾ മാത്രമേ കാണാനുള്ളൂ. അവയിൽ ഒന്നു ബോധായനന്റെ ഭഗവദജ്ജുകീയവും (ഭഗവദജ്ജുകം എന്നും പറയും) മറേറതു മഹേന്ദ്രവിക്രമപല്ലവന്റെ മത്തവിലാസപ്രഹസനവുമാണു്. മഹേന്ദ്രവിക്രമനു മത്തവിലാസനെന്നും ബിരുദമുണ്ടായിരുന്നു. അദ്ദേഹം ക്രി: പി: 610-ൽ തന്റെ മാമണ്ടൂർശാസനത്തിൽ ഭഗവദജ്ജുകീയത്തെ സ്മരിക്കുന്നു. ഭഗവദജ്ജുകീയത്തിനു ദിങ്മാത്രദർശിനി എന്ന പേരിൽ വെള്ളാങ്ങല്ലൂർ നാരായണഭട്ടതിരി എഴുതിയ ഒരു വ്യാഖ്യാനമുണ്ടു്.

**ചില ചരിത്രശകലങ്ങൾ:**—ശക്തിഭദ്രൻ കുന്നത്തൂർ താലൂക്കിൽപ്പെട്ട കൊടുമൺപകുതിയിൽ ചെന്നീർക്കരസ്വരൂപം എന്ന ഒരു ബ്രാഹ്മണപ്രഭുകുടുംബത്തിൽ ജനിച്ചു. ആ കുടുംബം ചെങ്ങന്നൂർഗ്രാമത്തിൽപ്പെട്ടതായിരുന്നു. ശക്തിഭദ്രൻ എന്നതു സ്ഥാനപ്പേരാണു്. സാക്ഷാൽ നാമധേയം ശങ്കരനാണെന്നു ചിലർ പറയുന്നു. എങ്കിലും അതിനു് അടിസ്ഥാനം ഒന്നും കണ്ടുകിട്ടീട്ടില്ല. പ്രസ്തുതകുടുംബത്തിലേക്കു തിരുവാപ്പുക്ഷേത്രത്തിൽ സമുദായസ്ഥാനമുണ്ടായിരുന്നു. കൊല്ലം 956-ാമാണ്ടിടയ്ക്കു് ആ കുടുംബത്തിൽ ശക്തിഭദ്രരുസാവിത്രി, ശക്തിഭദ്രരുശ്രീദേവി എന്നീ രണ്ടു് അന്തർജ്ജനങ്ങൾമാത്രം ശേഷിക്കുകയും അവർ 966-ൽ വാക്കവഞ്ഞിപ്പുഴമഠത്തിൽനിന്നു ദത്തെടുക്കുകയുംചെയ്തു. അങ്ങനെ ആ കുടുംബംവക വസ്തുക്കളും മുൻപു പറഞ്ഞ സമുദായസ്ഥാനവും വാക്കവഞ്ഞിപ്പുഴമഠത്തിലേയ്ക്കു് അടങ്ങി.

**ആശ്ചര്യചൂഡാമണി:**—ചൂഡാമണി ഏഴങ്കത്തിലുള്ള ഏററവും വിശിഷ്ടമായ ഒരു നാടകമാകുന്നു. അതിലെ (1) “കരപല്ലവമാത്രമുജ്ജിഹീതേ” (2) “അഭിസരണമയൂഖതമങ്ഗനാനാം” ഈ രണ്ടു ശ്ലോകാംശങ്ങളും ക്രി: പി: പന്ത്രണ്ടാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന കാശ്മീരകനായ വല്ലഭദേവന്റെ സുഭാഷിതാവലിയുടെ ഒരു മാതൃകയിൽ ഉദ്ധരിച്ചുകാണുന്നു. അഭിനയത്തിനു് ഇത്ര പററിയതായി സംസ്കൃതത്തിൽ അധികം നാടകങ്ങളില്ല. രാമായണത്തിലെ ഇതിവൃത്തത്തെ ഉപജീവിച്ചു പല മഹാകവികളും നാടകങ്ങൾ നിബന്ധിച്ചിട്ടുണ്ടെങ്കിലും അവയിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു്—ചില അംശങ്ങളിൽ ഉത്തരരാമചരിതത്തെ കഴിച്ചാൽ—ഈ നാടകംതന്നെയാണു്. ചൂഡാമണിയിൽ ഒന്നാമത്തെ അങ്കത്തിനു പർണ്ണശാലാങ്കമെന്നും രണ്ടാമത്തേതിനു ശൂർപ്പണഖാങ്കമെന്നും മൂന്നാമത്തേതിനു മായാസീതാങ്കമെന്നും നാലാമത്തേതിനു ജടായുവധാങ്കമെന്നും അഞ്ചാമത്തേതിനു അശോകവനികാങ്കമെന്നും ആറാമത്തേതിനു് അങ്ഗുലീയാങ്കമെന്നും പേർ പറയുന്നു. ഇവയിൽ അശോകവനികാങ്കവും അങ്ഗുലീയാങ്കവും അതിപ്രധാനമാണു്. നാലാമങ്കത്തിൽ നാട്യശാസ്ത്രനിബന്ധനകൾക്കു വിപരീതമായി രാവണനും ജടായുവുംതമ്മിലുള്ള യുദ്ധം അഭിനയിക്കേണ്ടതുണ്ടു്. ഖരദൂഷണാദിരാക്ഷസന്മാരുടെ നിഗ്രഹം കഴിഞ്ഞിട്ടു ശൂർപ്പണഖ ശ്രീരാമന്റെ സന്നിധിയെ പ്രാപിക്കുന്ന ഘട്ടത്തിൽ ഇതിവൃത്തമാരംഭിക്കുകയും അഗ്നി

Digitized By Kerala Sahitya Akademi

പ്രവേശാനന്തരം സീതാദേവിയുടെ പാതിവ്രത്യമഹിമ കണ്ട സന്തുഷ്ടരായ ദേവന്മാരാൽ പ്രേഷിതനായ നാരദമഹർഷി ആ പുണ്യശ്ലോകനെ അനുഗ്രഹിക്കുന്ന ഘട്ടത്തിൽ അവസാനിക്കുകയും ചെയ്യുന്നു. കവി മൂലകഥയിൽനിന്നു് അവസരോചിതമായി പല വ്യതിയാനങ്ങളും സ്വീകരിച്ചിട്ടുണ്ടു്. ശ്രീരാമൻ, സീതാദേവി, ലക്ഷ്മണൻ, രാവണൻ ഈ നാലു പാത്രങ്ങൾക്കും അദ്ദേഹം വരുത്തീട്ടുള്ള തന്മയത്വം അത്യത്ഭുതമായിരിക്കുന്നു. ഗദ്യവും പദ്യവും രചിക്കുന്നതിനു് അദ്ദേഹത്തിനുള്ള പാടവവും അസാധാരണംതന്നെ. നാടകനിർമ്മാണവിഷയത്തിൽ ദക്ഷിണാപഥത്തിൻെറ അഭിമാനത്തെ ആദ്യമായി വിജൃംഭണം ചെയ്യിച്ച ഈ കേരളീയൻ ആക്കും ആരാധ്യനാകുന്നു. ആശ്ചര്യചൂഡാമണിക്കു 'ഭാരദ്വാജഗ്രാമവാസി'യും 'കൗമാരിളമതാനുഗ'നുമായ ഒരു പണ്ഡിതൻ വിവൃതി എന്ന പേരിൽ സർവ്വങ്കഷമായ ഒരു വ്യാഖ്യാനം രചിച്ചിട്ടുണ്ടു്. അദ്ദേഹം ഒരു ശ്രീരാമഭക്തനാണെന്നു വ്യാഖ്യാനത്തിൻെറ ഒടുവിൽ കാണുന്ന ഒരു ശ്ലോകത്തിൽനിന്നു് അനുമാനിക്കാം. ഒന്നോ അധികമോ പൂർവ്വവ്യാഖ്യാതാക്കന്മാരെ വിവൃതിയിൽ 'കേചിൽ' എന്നു നിർദ്ദേശിച്ചു സ്മരിച്ചു കാണുന്നു.

**ഇതരഗ്രന്ഥങ്ങൾ:**—ശക്തിഭദ്രൻ ചൂഡാമണിയുടെ സ്ഥാപനയിൽ താൻ ഉന്മാദവാസവദത്താപ്രഭൃതികളായ കാവ്യങ്ങളുടെ കർത്താവാണെന്നു നിവേദനം ചെയ്തിട്ടുള്ളതു് ഓർമ്മിക്കുമല്ലോ. ചൂഡാമണി കൂടാതെ ഉന്മാദവാസവദത്ത മുതലായി മൂന്നു കാവ്യങ്ങളെങ്കിലും അദ്ദേഹം നിർമ്മിച്ചിരിക്കണമെന്നു് ഇതിൽനിന്നു് ഊഹിക്കാം. അവ ഏതെല്ലാമെന്നറിയുന്നില്ല; ഉന്മാദവാസവദത്തപോലും കണ്ടുകിട്ടീട്ടില്ല. ചിലർ അതു വീണാവാസവദത്തമെന്ന നാടകമാണെന്നു വിചാരിക്കുന്നു. എന്നാൽ വീണാവാസവദത്തം ശൂദ്രകകൃതമെന്നാണു് അഭിയുക്തമതം. ചൂഡാമണിയും, മഹാമഹോപാധ്യായൻ ഡോക്ടർ ഗണപതിശാസ്ത്രി ഭാസൻേറതെന്നു പറഞ്ഞു പ്രസിദ്ധപ്പെടുത്തിയ അഭിഷേകനാടകവും പ്രതിമാനാടകവും ഒരു കവിയുടെ കൃതികളാണെന്നു സങ്കല്പിക്കുന്നവരുമുണ്ടു്. ഇതിനൊന്നും തെളിവു പര്യാപ്തമല്ല. കാവ്യങ്ങൾ എന്നു പ്രസ്താവിച്ചിട്ടുള്ള സ്ഥിതിക്കു് ഉന്മാദവാസവദത്താദികൃതികൾ നാടകങ്ങളായിരിക്കണമെന്നു നിർബ്ബന്ധവുമില്ല.

**വാസുദേവഭട്ടതിരി—ദേശം:**—കൊച്ചിയിൽ തൃശ്ശൂരിനു സുമാർ എട്ടു നാഴിക തെക്കായി സുപ്രസിദ്ധമായ പെരുവനമെന്ന മഹാക്ഷേത്രവും, അതിനു് അരനാഴിക വടക്കു മാറി തിരുവളക്കാവു് (തിരുവള്ളക്കാവെന്നും പറയും; സംസ്കൃതത്തിൽ വലപുരം) എന്ന ശാസ്താവിൻെറ അമ്പലവും സ്ഥിതിചെയ്യുന്നു. അതിനു് ഒരു നാഴിക വടക്കായി പട്ടത്തു് എന്നൊരില്ലമുണ്ടു്. ആ ഇല്ലക്കാർക്കാണു് തിരുവളക്കാവമ്പലത്തിൽ ഇന്നും ശാന്തി. വാസുഭട്ടതിരി ജനിച്ചതു പ്രസ്തുതകുടുംബത്തിലാകുന്നു.

**ഐതിഹ്യം:**—ഭട്ടതിരിയെപ്പററി അസത്യമെങ്കിലും ശ്രവണപ്രിയമായ ഒരൈതിഹ്യമുണ്ടു്. ബാല്യകാലത്തിൽ തീരെ അവ്യുൽപന്ന

Digitized By Kerala Sahitya Akademi

നാകയാൽ ജനങ്ങൾ അദ്ദേഹത്തെ പരിഹാസമായി വാതു എന്നു വിളിച്ചുവന്നു. ശാസ്താവിനെപ്പററി അദ്ദേഹത്തിനുള്ള ഭക്തി അളവററതായിരുന്നു. ഒരു ദിവസം അത്താഴപ്പൂജ കഴിഞ്ഞു മഴയുടെ ആധിക്യം നിമിത്തം ഇല്ലത്തേക്കു തിരിച്ചുപോകുവാൻ തരമില്ലാതെ തീൎന്ന അവസരത്തിൽ അനന്യശരണനായി അദ്ദേഹം ശാസ്താവിനോടു തന്റെ സങ്കടം നിവേദനംചെയ്തു. അപ്പോൾ തിടപ്പള്ളിയിലുള്ള വിറകെട്ടുത്തു തീകായുന്നതിനും അതിന്റെ ഒരു മൂലയിൽ ഒരു കദളിപ്പഴക്കുല വച്ചിരുന്നതെടുത്തു തിന്നുകൊള്ളുന്നതിനും നിയോഗിച്ചുകൊണ്ടു് ഒരശരീരിവാക്കുണ്ടായി. അതനുസരിച്ചു പ്രവൎത്തിച്ച നിമിഷത്തിൽ പ്രതിഭാശാലിയായ ഒരു യമകമഹാകവിയായി അദ്ദേഹം രൂപാന്തരപ്പെട്ടു. പിറേറ ദിവസം കാലത്തു കഴകക്കാരൻ 'എന്തിനു വിറകെട്ടുത്തു?' എന്നു ചോദിച്ചതിനു 'ധാൎഷ്ട്യക്കാരാ, പോടാ' എന്നു കലിദിനസംഖ്യ യോജിപ്പിച്ചു് (ഇതെങ്ങനെ കലിദിനസംഖ്യയായി എന്നറിയുന്നില്ല) മറുപടി പറയുകയും വാരസ്യാരുടെ അതേ ചോദ്യത്തിനു ''വിറ കെട്ടപ്പാൻ വിറകെട്ടുത്തു; വിറ കെട്ടുത്തു വിറ കെട്ടുത്തു'' എന്നു യമകാലങ്കൃതമായ വാക്യത്തിൽ പ്രത്യുത്തരം നല്കി ആ സ്ത്രീയെ അത്ഭുതപരവശയാക്കുകയും ചെയ്തു. തദവധരിച്ചപ്പോൾ വാരസ്യാർ അവിടെക്കിടന്ന പഴത്തൊലി എട്ടുത്തുതിന്നുകയും തന്നിമിത്തം അവൾക്കും കുറേ താണ രീതിയിൽ കവനം ചെയ്യുന്നതിനു പാടവം സിദ്ധിക്കുകയും ചെയ്തു. അനന്തരമാണു് ഭട്ടതിരി യുധിഷ്ഠിരവിജയാദികാവ്യങ്ങൾ രചിക്കുവാൻ ആരംഭിച്ചതു്. ഇപ്രകാരമാകുന്നു ആ ഐതിഹ്യത്തിന്റെ ഗതി.

**ആത്മകഥാകഥനം: യുധിഷ്ഠിരവിജയം:**— ഭട്ടതിരി സ്വകൃതികളിൽ തന്നെപ്പററി ചിലതെല്ലാം പ്രസ്താവിച്ചിട്ടുണ്ടു്. ആ പ്രസ്താവനകളെ ആദ്യമായി ഉദ്ധരിച്ചുകൊള്ളട്ടെ. യുധിഷ്ഠിരവിജയത്തിൽ കവി ഇങ്ങനെ പറയുന്നു:

''അസ്തി സ ഗജരാജഗതീ രാജവരോ, യേന ഗതശ്ശുഗജരാ ജഗതീ;
ഭീഷണമധികം കവയഃ സ്തുവന്തി ജന്യം യദീയമധികങ്കവയഃ.
തരവോ ഭൂരിച്ഛായാസ്സമാനഫലദായിനീ ച ഭൂരിച്ഛായാഃ;
സവിനയശോഭാ ജനതാ യദ്രാജ്യേ; യസ്യ ഭുവി യശോഭാജനതാ.
തസ്യ ച വസുധാമവതഃ കാലേ കുലശേഖരസ്യ വസുധാമവതഃ
വേദാനാമധ്യായീ ഭാരതഗുരുരഭവദാദ്യനാമധ്യായീ.

യം പ്രാപ രമാചാര്യം ദേവീ ച ഗിരാം പുരാണപരമാചാര്യം;
യമശ്രുഭസന്തോദാന്തം പരമേശ്വരമുപദിശന്തി സന്തോ ദാന്തം.
ജ്ഞാനസമഗ്രാമേയം നിവസന്തം വിപ്രസത്തമഗ്രാമേ യം,
തിലകം ഭൂമാവാഹുര്യസ്യാൎത്ഥിഷു ദത്തഭൂതിഭൂമാ വാഹുഃ
സമജനി കശ്ചിത്തസ്യ പ്രവണഃ ശിഷ്യോഽനുവൎത്തകശ്ചിത്തസ്യ
കാവ്യാനാമാലോകേ പടുമനസോ വാസുദേവനാമാ ലോകേ.
കീൎത്തിമദഭ്രാന്തേന സ്മരതാ ഭാരതസുധാമദഭ്രാന്തേന
ജഗദപഹാസായ മിതാ പാൎത്ഥകഥാ, കല്മഷാപഹാസായ, മിതാ.''

Digitized By Kerala Sahitya Akademi

''ഗജരാജഗതിയും രണശൂരനും പ്രജാക്ഷേമൈകദീക്ഷിതനുമായ 'കുലശേഖരൻ' എന്ന മഹാരാജാവു രാജ്യപരിപാലനം ചെയ്യുന്ന കാലത്തു്, വേദാധ്യായിയും ഭഗവദ്ഭക്തനുമായി 'ഭാരതഗുരു' എന്നൊരു പണ്ഡിതൻ ജീവിച്ചിരുന്നു. പുരാണപരമാചാര്യനായ അദ്ദേഹത്തെ ലക്ഷ്മിയും സരസ്വതിയും ഒന്നുപോലെ അനുഗ്രഹിച്ചു. അശ്രുഭവ്യഥയെ ഭഞ്ജിക്കുന്ന ആ ദാന്തനെ സത്തുക്കൾ 'പരമേശ്വരൻ' എന്നു വിളിച്ചുവന്നു. വിപ്രസത്തമന്മാരുടെ ഗ്രാമത്തിൽ നിവസിക്കുന്ന ജ്ഞാനസമഗ്രനും അമേയനുമായ അദ്ദേഹത്തെ ജനങ്ങൾ ഭൂമിയുടെ തിലകമെന്നും പറഞ്ഞുവന്നു. അദ്ദേഹത്തിന്റെ വാഹ (ബാഹു) അൎത്ഥികൾക്കു ധാരാളം ധനം വിതരണം ചെയ്തുവന്നു. കാവ്യാവഗാഹത്തിൽ പ്രഗല്ഭമാനസനായ ആ ഗുരുവിന്റെ ഹിതാനുവൎത്തിയും പ്രവണനുമായ ശിഷ്യനായി വാസുദേവനെന്നു പേരോടു കൂടിയ ഒരാളും അക്കാലത്തു ജീവിച്ചിരുന്നു. ഭാരതസുധ ആസ്വദിച്ചു മദഭ്രാന്തനായിത്തീൎന്ന ആ വാസുദേവൻ വലുതായ കീൎത്തിയിൽ ആഗ്രഹത്തോടുകൂടി പാവനമായ പാൎത്ഥകഥ സംക്ഷിപ്തമായി, ലോകാപഹാസത്തിനു പാത്രമാകത്തക്കവിധത്തിൽ, യമകകാവ്യമായി നിബന്ധിച്ചു.'' ഇതിൽനിന്നു യുധിഷ്ഠിരവിജയകൎത്താവായ വാസുദേവകവി കുലശേഖരന്റെ രാജ്യഭാരകാലത്തു ഭാരതഗുരുവിന്റെ ശിഷ്യനായി ജീവിച്ചിരുന്നു എന്നു വെളിവാകുന്നു. പ്രസ്തുതകാവ്യത്തിന്റെ അപ്രകാശിതമായ ഒരു പഴയ ഭാഷാവ്യാഖ്യാനത്തിൽ ''കുലശേഖരൻ, കുലശേഖരചക്രവൎത്തി; ഭാരതഗുരു, ഭാരതഭട്ടൻ'' എന്നും, ഒരു സംസ്കൃതവ്യാഖ്യയിൽ ''ഭാരതഗുരുഃ ഭാരതാൎത്ഥോപദേഷ്ടാ'' എന്നും കാണുന്നതുകൊണ്ടു ഭാരതഗുരു എന്ന പേർ മഹാഭാരതത്തിന്റെ അൎത്ഥപ്രവചനത്തിലുള്ള പ്രാവീണ്യംനിമിത്തം അദ്ദേഹത്തിനു ലഭിച്ച ബിരുദപ്പേരാണെന്നും യഥാൎത്ഥനാമധേയം പരമേശ്വരനെന്നായിരിക്കണമെന്നും ഊഹിക്കാം. കേരളോൽപത്തിയിൽ കുലശേഖരൻ എന്ന പതിനേഴാമത്തെ പെരുമാൾ കേരളം രക്ഷിച്ചപ്പോൾ ''മഹാഭാരതഭട്ടതിരിയും വാസുദേവഭട്ടതിരിയും പെരുമാളെക്കണ്ടു വന്ദിച്ചു പെരുമാൾക്കു് അനുഗ്രഹവും കൊടുത്തു'' എന്നു പറഞ്ഞിരിക്കുന്നു.

**ത്രിപുരദഹനം:**—വാസുദേവഭട്ടതിരിയുടെ ത്രിപുരദഹനം എന്ന യമകകാവ്യത്തിൽ താഴെ കൊടുക്കുന്ന ശ്ലോകങ്ങൾ കാണുന്നുണ്ടു്.

അസ്തി സ കവിലോകനതഃ ക്ഷിതിഭൃദരിര്യസ്യ സൈനികവിലോക–
ബാഹുവിപദി ക്ഷുദ്രവതി ക്ഷ്മാഭൃതി കുവിൻ പദാനി ദിക്ഷു ദ്രവതി. [നതഃ
സാധൂനാം പാതാ യഃ സ്ഥിരവ്രതോ യശ്ച പാപിനാം പാതായ;
യസ്മാദ്ദവ്യാപാരം പ്രീതിം യസ്യാമലം വിദുർവ്യാപാരം.
സ്വപദപ്രയോജനതേയം സദൈവ സമ്പാദകം ശ്രിയോ ജനതേയം
ഭൂതികരം വ്യാലപതിസ്സുരൽകരം രാജശേഖരം വ്യാലപതി
രാമസമത്വാദേവ ശ്രുത്വാ രാമാഖ്യമകൃത മത്വാ ദേവഃ
യം സ ച രക്ഷോപായം ചക്രേ / സ്യ ച കൎമ്മ ജനിതരക്ഷോപായം.

Digitized By Kerala Sahitya Akademi

നിജയാ തനയാ നേത്രപ്രമോദനം പ്രാണിനാം വിതന്വാനേന്ത്ര
മതിബലമാസാദ്യ മിതം പുരദഹനാം രവിഭുവാ സമാസാദ്യമിതം''

ഈ പദ്യങ്ങളിൽനിന്നു 'രവിഭൂ' അതായതു രവിയുടെ പുത്രനായ ഒരു കവി, കവികൾക്കു് ആരാധ്യനും രാജശേഖരനെന്ന ബിരുദത്താൽ അലംകൃതനുമായ രാമനെന്നു തിരുനാമമുള്ള ഒരു മഹാരാജാവിന്റെ കാലത്താണു് ത്രിപുരദഹനം രചിച്ചതെന്നു വിശദമാകുന്നു. ഈ ''രവിഭൂ'' വാസുഭട്ടതിരിതന്നെയാണെന്നു ത്രിപുരദഹനത്തിനു് 'അർത്ഥപ്രകാശിക' എന്ന വൃത്തി നിർമ്മിച്ച മൂക്കോലക്കാരനായ നീലകണ്ഠൻനമ്പൂരി

''ത്രിപുരദഹനസംജ്ഞം കാവ്യമേതദ്വിധാതും
കവിരഥ രവിസൂനുർവ്വാസുദേവാഭിധാനഃ
നിരുപമചരിതേന സ്വച്ഛമീശാനസംജ്ഞം
നതജനഹിതദം തം സ്തൗതി വിഘ്നാതിഭീതഃ''

എന്നു പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു മനസ്സിലാക്കാം.

**ശൌരികഥ:**—ഭട്ടതിരിയുടെ മറ്റൊരു യമകകാവ്യമായ ശൌരികഥോദയത്തിൽ (ശൌരികഥയെന്നും പറയും)

''ജയതി സുധാമാരാമഃ ക്ഷിതിപാലഃ കാവ്യവീരുധാമാരാമഃ
ദധദിഭമസ്തകലീലാമംസേന ബിഭർത്തി യോ യമസ്തകലീലാം.''

എന്നു കാണുന്നതിൽനിന്നു് ആ കാവ്യവും രാമവർമ്മമഹാരാജാവു രാജ്യഭാരംചെയ്ത കാലത്തു രചിച്ചതാണെന്നു സിദ്ധിക്കുന്നു. ശൌരികഥയിൽ കവി ഹരിവംശത്തെയാണു് ഉപജീവിക്കുന്നതു്.

**കാലം:**—യുധിഷ്ഠിരവിജയത്തിനു രാഘവവാരിയരുടെ 'പദാർത്ഥചിന്തനം' എന്ന വിശേഷാത്തരമായ ഒരു വ്യാഖ്യാനം ഉണ്ടു്. അതിൽ 'കുലശേഖരസ്യ=കുലശേഖരനാമ്നഃ; കുലാലങ്കാരോയം ഭാവീതി വിചാര്യ ഗുരുഭിസ്തഥാ കൃതനാമധേയസ്യ പട്ടബന്ധ ഇത്യർത്ഥാദ് ഭവതി, പ്രാഗ് രാമവർമ്മനാമത്വാൽ' എന്നു 'കാലേ കുലശേഖരസ്യ' എന്ന ഭാഗത്തിനു് അർത്ഥവിവരണംചെയ്യുമ്പോൾ പ്രസ്താവിച്ചുകാണുന്നു. മറ്റൊരു വ്യാഖ്യാതാവായ അച്യുതന്റെ വിജയദർശികയിലും 'കുലശേഖര ഇത്യഭിഷേകകൃതം നാമ; പിത്രാദികൃതം തു രാമവർമ്മേതി'' എന്നു പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടു കുലശേഖരനും രാമനും രണ്ടു ഭിന്നന്മാരായ രാജാക്കന്മാരെന്നു സങ്കല്പിക്കേണ്ട ആവശ്യമില്ല. എല്ലാ കേരളചക്രവർത്തിമാർക്കും സുമാർ ക്രി: പി: എട്ടാംശതകംമുതൽക്കു തളിയാതിരിമാർ കുലശേഖരനെന്ന നാമം അഭിഷേകാവസരത്തിൽ നല്കിയിരുന്നതായി അറിയുന്നു. കുലശേഖര ആഴ്‌വാരുടെ സുഹൃത്തും മഹാവിദ്വാനുമായി രവി എന്നൊരു നമ്പൂരിയുണ്ടായിരുന്നതായി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ രവിയുടെ പുത്രനാണു് വാസുഭട്ടതിരി എന്നൂഹിക്കുന്നതിൽ അസാങ്ഗത്യമില്ല. അപ്പോൾ ആഴ്‌വാർതന്നെയാണു് ഭട്ടതിരിയുടേയും പുരസ്കർത്താവു് എന്നു വന്നുകൂടുന്നു. ആഴ്‌വാർക്കു രാജശേഖരനെന്നും ഒരു ബിരുദുണ്ടായിരുന്നതായി ഊഹിക്കുവാൻ ത്രിപുരദഹനം വഴികാണിക്കുന്നു.

Digitized By Kerala Sahitya Akademi

**വാസുദേവവിജയം:—** യുധിഷ്ഠിരവിജയത്തിൽ എട്ടും ത്രിപുരദഹനത്തിൽ മൂന്നും ശൌരികഥയിൽ മൂന്നും ആശ്വാസങ്ങാം അടങ്ങിയിരിക്കുന്നു. മൂന്നും അതിവിശിഷ്ടങ്ങളായ കാവ്യങ്ങളാണെങ്കിലും അവയിൽ അഭ്യർഹിതത്വം യുധിഷ്ഠിരവിജയത്തിനുതന്നെയാണ്. ഇവ കൂടാതെ പാണിനിസൂത്രങ്ങാംക്ക് ഉദാഹരണങ്ങാം കാണിച്ചുകൊണ്ടു വാസുദേവവിജയം എന്നൊരു ശാസ്ത്രകാവ്യവും ഭട്ടതിരി നിർമ്മിച്ചിട്ടുണ്ട്. വാസുദേവവിജയം അഞ്ചു സർഗ്ഗമുള്ളതിൽ മൂന്നു സർഗ്ഗമേ കാവ്യമാലയിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളൂ. അഞ്ചാം സർഗ്ഗത്തിൻെറ ഒടുവിലത്തെ ശ്ലോകമാകുന്നു താഴെ ഉദ്ധരിക്കുന്നതു്.

"സന്ധ്യാപയോദരുചിലോഹിതകേ പ്രതീച്യാഃ
പ്രാച്യാ മുഖേവതമസോദയകാളകേ ച
കല്യാണവേണുദലശൃംഗഗളന്നിനാദൈ—
ർഗ്ഗോഷ്ഠം വിഭുർവ്വിവിശിവാൻ സഗണഃ പുരാവൽ"

"ഏതദ്ഗ്രന്ഥരചനേനാസ്യ മഹാവൈയാകരണത്വം പ്രതീയതേ" എന്നു കാവ്യമാലാപ്രസാധകനായ പണ്ഡിതശിവദത്തൻ പ്രസ്തുതകാവ്യത്തിൻെറ മഹിമയെ പ്രശംസിച്ചിരിക്കുന്നു. ദുരവഗാഹമായ ആ കൃതിക്കു ഗ്രന്ഥകാരൻതന്നെ

"കാവ്യം മയാ വാസുദേവവിജയാഖ്യമകാരി യൽ
വ്യാഖ്യാപി തസ്യ തനിയം ക്രിയതേ പദചന്ദ്രികാ."

എന്ന പദ്യത്തിൽ പ്രതിജ്ഞ ചെയ്യുന്നതുപോലെ 'പദചന്ദ്രികാ' എന്നൊരു വ്യാഖ്യാനം രചിച്ചിട്ടുണ്ട്. അക്രൂരാഗമനത്തിനു മുമ്പുള്ള ദശമസ്കന്ധകഥയാണ് അതിലെ പ്രതിപാദ്യവിഷയം. ധാതുപ്രകരണം അദ്ദേഹം സ്പർശിക്കാത്തതിനാൽ പിൻകാലത്തു മേല്പുത്തൂർ നാരായണഭട്ടതിരി അക്രൂരാഗമനംമുതൽ കംസവധംവരെയുള്ള ഇതിവൃത്തത്തെ വിഷയീകരിച്ചു ധാതുകാവ്യം എന്നൊരു ഗ്രന്ഥം നിർമ്മിക്കുകയുണ്ടായി. അതിൽ

"ഉദാഹൃതം പാണിനിസൂത്രമണ്ഡലം
പ്രാഗ്വാസുദേവേന; തദൂർധ്വതോ ƒ പരഃ
ഉദാഹരത്യദ്യ വൃകോദരോദിതാൻ
ധാതൂൻ ക്രമേണൈവ ഹി മാധവാശ്രയാൽ."

എന്നു പറഞ്ഞിരിക്കുന്നു. പ്രസ്തുതകാവ്യത്തിനു് ആ കവിചക്രവർത്തിയുടെ ശിഷ്യന്മാർ രചിച്ചിട്ടുള്ള വ്യാഖ്യാനത്തിൽ "വാസുദേവോ നാമ കേരളേഷു പുരുവനജന്മാ കശ്ചിദ്ദ്വിജന്മാ" എന്നു സ്പഷ്ടമായി വാസുദേവവിജയകാരൻെറ ജനനസ്ഥലത്തെപ്പററി പറഞ്ഞിട്ടുണ്ട്.

**ഗജേന്ദ്രമോക്ഷം:—** ഗജേന്ദ്രമോക്ഷം എന്ന കാവ്യത്തിൽനിന്നുദ്ധരിക്കുന്നവയാണ് താഴെ കാണുന്ന ശ്ലോകങ്ങാം:

"കല്യാണം കുരുതാദ്ദേവാ ഭൂതാനാമധിപതിസ്സ കരുണാബ്ധിഃ
രക്ഷാർത്ഥം സുജനാനാം സന്നിദധത് പുരുവനേ രമ്യേ.

Digitized By Kerala Sahitya Akademi

ശക്ത്യോദയത്രുപസ്സൻ യം കില നാഥസ്സ ഭുവനചക്രസ്യ
ചക്രിണി മാതരി ജനായാംബഭൂവ ജഗദേവനാജനിതരസം
യസ്യ ച ഭാജകത്രുപപ്രസാദതോ വിശ്വവിതതവിമലയശാഃ
രചയാമാസ സുമേധാഃ കഥാസുധാം വാസുദേവകവിഃ.

* * * *

ഭക്ത്യാ പ്രണമ്യ ദേവം ഹരിം ഗുരും ശ്രീഗുരുപ്രസാദേന
വൃത്തൈർഗ്ഗജേന്ദ്രമോക്ഷം ബ്രൂമസ്തം ശൃണുത വൃത്തജ്ഞാഃ''

ഒടുവിൽ

''വൃത്തരത്നാകരപ്രോക്തവൃത്തലക്ഷ്യതയാ ക്രമാൽ
ഗജേന്ദ്രമോക്ഷസ്സന്ദൃബ്ധോ വാസുദേവേന സാദരം.''

എന്നും ഒരു ശ്ലോകമുണ്ട്. ഈ ശ്ലോകങ്ങൾ വൃത്തരത്നാകരത്തെ അനുസരിച്ചിട്ടുള്ള ഒരു വൃത്തശാസ്ത്രഗ്രന്ഥമാണ് ഗജേന്ദ്രമോക്ഷമെന്നും അതിന്റെ പ്രണേതാവ് ഒരു വാസുദേവകവിയാണെന്നും നമ്മെ ധരിപ്പിക്കുന്നു. തിരുവളക്കാവിലെ ശാസ്താവിനെ ആരംഭത്തിൽ സ്തുതിക്കുന്നു എന്നുമാത്രമല്ല ആ ദേവന്റെ പ്രസാദംകൊണ്ടാണ് വാസുദേവഭട്ടതിരി യമകകാവ്യം രചിച്ചതെന്നും പറയുന്നു. എന്നാൽ അദ്ദേഹം 'വിതതവിമലയശാഃ' എന്നും 'സുമേധാഃ' എന്നും ആത്മപ്രശംസ ചെയ്യുമെന്നു കരുതാവുന്നതല്ല; എന്നുമാത്രമല്ല വൃത്തരത്നാകരത്തിന്റെ ആവിർഭാവം ഭട്ടതിരിയുടെ കാലത്തിനു പിന്നീടാണെന്നുള്ളതും നിർവിവാദമാണ്. അതുകൊണ്ടു പെരുവനത്തെ പശ്ചാൽകാലികനായ ഒരു വാസുദേവനാണ് ഗജേന്ദ്രമോക്ഷകാരൻ എന്നാണ് എനിക്കു തോന്നുന്നതു്. കവിത യമകാലങ്കൃതമല്ല.

**നളോദയം:—** യുധിഷ്ഠിരവിജയം മുതലായ മൂന്നു യമകകാവ്യങ്ങളിലും കവി ഈരണ്ടു പാദങ്ങളിൽമാത്രമേ യമകം ദീക്ഷിച്ചിട്ടുള്ളൂ. നളോദയം നാലാശ്വാസത്തിലുള്ള ഒരു കാവ്യമാണ്. അതിൽ നാലു പാദങ്ങളിലും യമകദീക്ഷയുണ്ടു്. അതിന്റെ കർത്തൃത്വം വളരെക്കാലം പണ്ഡിതന്മാർ കാളിദാസനിൽ ആരോപിച്ചിരുന്നു. 'രഘുവംശം' ഒൻപതാം സർഗ്ഗം 'ദ്രുതവിളംബിത'വൃത്തത്തിൽ രചിതമായിട്ടുകൂടിയും അതിൽ മനസ്സില്ലാമനസ്സോടുകൂടിമാത്രം യമകനിബന്ധനം ചെയ്ത ആ മഹാകവിമൂർദ്ധന്യനായിരിക്കുകയില്ല യമകജടിലതമ്മൂ പരമോദാഹരണമായ നളോദയത്തിന്റെ പ്രണേതാവെന്ന് ഊഹിക്കുവാൻ വൈഷമ്യമില്ലല്ലോ. പ്രസ്തുതകാവ്യത്തെ വാസുദേവഭട്ടതിരിയുമായി ഘടിപ്പിക്കത്തക്ക നിലയിൽ ഈയിടയ്ക്കു ചില രേഖകൾ കിട്ടീട്ടുണ്ടു്. തഞ്ചാവൂർ സരസ്വതീമഹലിലുള്ള നളോദയത്തിന്റെ ഒരു കൈയെഴുത്തുപ്രതിയിൽ ''ഇതി ശ്രീകവിചക്രചൂഡാമണിഭട്ടനാരായണസുതരവിദേവവിരചിതേ നളോദയനാമനി മഹാകാവ്യേ'' എന്നു കാണുന്നു. രാമഋഷി എന്ന പണ്ഡിതൻ ക്രി: പി: 1600–ൽ രചിച്ചിട്ടുള്ള യമകബോധിനി എന്ന വ്യാഖ്യാനത്തിലും രവിദേവകൃതി എന്നുതന്നെയാണു പറയുന്നതു്. പോരാത്തതിനു ശങ്കരവാരിയരുടെ അനന്തരവനും പദാർത്ഥചിന്തനകാരന്റെ ഗുരുവുമായ ശ്രീകണ്ഠവാരിയരുടെ രഘൂദയമെന്ന യമകകാവ്യത്തിൽ

Digitized By Kerala Sahitya Akademi

''വ്യവഹാരവിദേവായന്ന്യഞ്ചോത്ര പദേ സദബ്ജരവിദേവായ
തത്സാരവിദേവായന്ന്യായേ യമകേ നമോസ്തു രവിദേവായ''

എന്നു താൻ മാതൃകയായി സ്വീകരിക്കുന്ന നളോദയത്തിന്റെ കർത്താവിനെ രവിദേവനെന്ന പേരിൽ വന്ദിച്ചിരിക്കുന്നതുകൊണ്ടു ക്രി: പി: പതിനഞ്ചാം ശതകത്തിൽ കേരളീയർ രവിദേവനാണു് ആ കാവ്യത്തിന്റെ പ്രണേതാവെന്നു ഗണിച്ചിരുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. രവിദേവൻ എന്നാൽ രവിയുടെ പുത്രനായ വാസുദേവൻ എന്നു് അർത്ഥം കല്പിക്കണം. അദ്ദേഹത്തിന്റെ പിതാവു ഭട്ടനാരായണനായിരുന്നു എന്നു തഞ്ചാവൂരിലെ ആദർശഗ്രന്ഥത്തിൽ കാണുന്നതു നിർമ്മൂലമാണു്. അഥവാ ഭട്ടനാരായണൻ രവിയുടെ പിതാവാണെന്നു വരാൻ പാടില്ലായ്കയില്ല. നളോദയത്തിനു കേരളീയനായ വിഷ്ണു എന്നൊരു പണ്ഡിതന്റെ ഒരു വ്യാഖ്യാനമുണ്ടു്. അതിൽ 'ഇതി നളോദയേ വാസുദേവകൃതേ ചതുർത്ഥഃ പരിച്ഛേദഃ' എന്ന കുറിപ്പിനു പുറമേ മൂലത്തിന്റെ രീതി പിടിച്ചു വ്യാഖ്യാതാവു്.

''രവിതനുഭൂയമിതായാഃ കൃതേശ്ശ്രിശ്ശുബ്ധചിത്രഭൂയമിതായാഃ
ജനഹാസായ മിതായാ ധിയശ്ച വിവൃതാ മയാധുനാ യമിതായാഃ''

എന്നൊരു ശ്ലോകം കാണുന്നു. ഇനിയും തിരുവനന്തപുരം വലിയ കൊട്ടാരം ഗ്രന്ഥപ്പുരയിൽ സൂക്ഷിച്ചിട്ടുള്ള നളോദയത്തിന്റെ ഒരു താളിയോല പ്രതിയിൽ

''അസ്തി സ രാജാ നീതേ രാമാഖ്യോ യോ ഗതിഃ പരാജാ നീതേ
യസ്യ രരാജാനീതേ രത്നാനി ജനഃ കുലേധരാജാനീതേ.

*  *  *

അവിദൂരാജാദിത്യാ കൃതാല്പദേദൈവ ഭൂസ്സുരാജാദിത്യാ
യേന സ രാജാദിത്യാ ത്രിദിവാൽ സംയുക്തശത്രുരാജാദിത്യാ''

എന്നും മററും ചില ശ്ലോകങ്ങളും ഉണ്ടു്. അവ വിശ്വസിക്കാമെങ്കിൽ നളോദയത്തിന്റെ കർത്താവും വാസുഭട്ടതിരിതന്നെയാണെന്നും അദ്ദേഹം രാമനെന്നും രാജാദിത്യനെന്നും പേരുള്ള ഒരു മഹാരാജാവിന്റെ ആശ്രിതനായിരുന്നു എന്നും സിദ്ധിക്കുന്നു. 'രാജാദിത്യ ഇത്യുഭയൈര്യവാഭിഷേകപ്രയുക്തം നാമ' എന്നു വിഷ്ണു പറയുന്നു. വിഷ്ണുവിന്റെ കാലമേതെന്നറിയുന്നില്ല. അദ്ദേഹം പ്രാചീനനായ ഒരു വ്യാഖ്യാതാവാണെന്നു മാത്രം ഊഹിക്കുവാൻ മാർഗ്ഗമുണ്ടു്. കൊല്ലം ഒൻപതാംശതകത്തിൽ ശ്രീകണ്ഠൻ എന്ന പേരിൽ ദേശമംഗലത്തു വാരിയത്തു പിതാവും പുത്രനുമായി രണ്ടു പണ്ഡിതവരേണ്യന്മാർ ജീവിച്ചിരുന്നു. അവരിൽ രണ്ടാമത്തെ ശ്രീകണ്ഠൻ നളോദയത്തിനു കവിഹൃദയദർപ്പണം എന്നൊരു വ്യാഖ്യാനം രചിച്ചിട്ടുണ്ടു്. അതിന്റെ ആരംഭത്തിൽ അദ്ദേഹം

''അഭിവന്ദ്യ പരാം വാണീമമലേ ചരണേ ഗുരോഃ
കാവ്യം നളോദയം നാമ വ്യാകരോമി യഥാശ്രുതം''

എന്നു പ്രതിജ്ഞചെയ്തു തദനന്തരം ''ശ്രീമാൻ മഹാകവിമഹേശ്വരോ വാസുദേവനാമാ വാസുദേവാനുസ്മരണപൂർവ്വകം പ്രണിനീഷിതപ്രബന്ധ

Digitized By Kerala Sahitya Akademi

പ്രതിബന്ധകൃന്തനായ....'' എന്നിങ്ങനെ മംഗലാചരണോദ്ദേശം വിവരിക്കുന്നു. ഒടുവിൽ ''ഇതി ശ്രീകണ്ഠാചാര്യപുത്രേണ ശ്രീകണ്ഠേന കൃതേ നളോദയവ്യാഖ്യാനേ കവിഹൃദയദർപ്പണാഖ്യേ ചതുർത്ഥ ആശ്വാസഃ*** വാസുദേവായ മഹാകവയേ കാവ്യനിർമ്മാത്രേ നമോ നമഃ'' എന്ന കുറിപ്പിനുപുറമേ

നളോദയാഹ്വയസ്യാസ്യ വ്യാഖ്യാ കാവ്യസ്യ നിർമ്മിതാ
ശ്രീകണ്ഠാചാര്യപുത്രേണ ശ്രീകണ്ഠേന മനീഷിണാ''

എന്നൊരു കുറിപ്പും ചേർത്തിട്ടുണ്ട്. ഇതിൽനിന്നെല്ലാം കേരളീയരുടെ ഇടയിലുള്ള അനുസ്യൂതമായ ഐതിഹ്യം നളോദയം വാസുദേവകൃതമെന്നാണെന്നു സിദ്ധിക്കുന്നു. അതിനെ പശ്ചാൽകരിക്കത്തക്ക യാതൊരു തെളിവും ഇതേവരെ കണ്ടുകിട്ടിട്ടില്ല.

**അർജ്ജുനരാവണീയവ്യാഖ്യയും മററും:—** ഭട്ടികാവ്യത്തെ അനുകരിച്ചു വാസുദേവവിജയത്തെപ്പോലെ രചിച്ചിട്ടുള്ള പ്രസിദ്ധമായ ഭട്ടഭൗമന്റെ 17 സർഗ്ഗത്തിലുള്ള അർജ്ജുനരാവണീയമഹാകാവ്യം ഒരു വാസുദേവൻ വ്യാഖ്യാനിച്ചിട്ടുണ്ടെന്നുള്ളതിനു

''വാസുദേവൈകമനസാ വാസുദേവേന നിർമ്മിതാം
വാസുദേവീയടീകാം താം വാസുദേവോനുമോദതാം.''

എന്നു് ആ വ്യാഖ്യാനത്തിൽ കാണുന്ന ശ്ലോകം ജ്ഞാപകമാണു്. എന്നാൽ വാസുദേവഭട്ടതിരിയാണു് ആ വാസുദേവൻ എന്നു പറയുന്നതു നിർമ്മൂലമാകുന്നു. കൃഷ്ണൻ എന്നൊരു പണ്ഡിതനാണു് വ്യാഖ്യാതാവിന്റെ ഗുരു. ഭട്ടഭൗമൻ വളഭീ(ഗുജ്ജര)വാസ്തവ്യനുമാണു്. ഈ വളഭി ചിലർ ഭ്രമിക്കുന്നതുപോലെ വളർപട്ടണമല്ല. പുരുവനവാസുദേവനും വേദാരണ്യവാസുദേവനും ഒന്നാണെന്നു ചിലർ വിചാരിക്കുന്നതും പ്രമാദംതന്നെ. വേദാരണ്യവാസുദേവനെപ്പററി യഥാവസരം പ്രസ്താവിക്കും.

**വ്യാഖ്യാനങ്ങൾ:—** യമകപ്രപഞ്ചത്തിന്റെ പിതാമഹൻ വാസുഭട്ടതിരിതന്നെയാണെന്നുള്ളതു കേരളീയൎക്കു തുലോം അഭിമാനഹേതുകമാകുന്നു. 'വ്യാഖ്യാഗമ്യമിദം കാവ്യമുത്സവസ്സുധിയാമലം' എന്നു ഭട്ടികാവ്യത്തിൽ പറഞ്ഞിട്ടുള്ളതുപോലെ വ്യാഖ്യാനംകൂടാതെ ഇത്തരത്തിലുള്ള കാവ്യങ്ങൾ വായിച്ചു മനസ്സിലാക്കുന്നതു വിഷമംതന്നെ. യുധിഷ്ഠിരവിജയത്തിനു് അനേകം വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ടു്. (1) ക്രി: പി: പതിനഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന കോലത്തുനാട്ടിലെ 'ശ്രീകണ്ഠദാസ'നെന്ന നാമാന്തരത്താൽ വിദിതനായ രാഘവവാരിയരുടെ പദാർത്ഥചിന്തനംതന്നെയാണു് അവയിൽ പ്രഥമഗണനീയമായിട്ടുള്ളതു്. അതിൽ യുധിഷ്ഠിരവിജയത്തെ വ്യാഖ്യാതാവു്,

''വാസുദേവകവേഃ കാവ്യേ ഭവ്യേ കവിഭിരീഡിതേ
വ്യാഖ്യാപി സാ തു ശിക്ഷായൈ മഹത്യൈ ഭവിതാ മമ.
സ്മരത യുധിഷ്ഠിരവിജയം കാവ്യം കണ്ഠൈകഭൂഷണം വിദുഷാം
ഹാരവദത്യുത്തഗുണം ഗുരുതരകൃഷ്ണാച്ഛിതേജസോല്ലസിതം.''

Digitized By Kerala Sahitya Akademi

എന്നു വാഴ്ത്തുന്നു. കവിയെപ്പററി ''കവികുലശേഖരഃ കുലശേഖരസഭാന്തരസഭാജിതകവിതാകൗശലഃ സകലവിദ്യാസാഗരപാരീണാശേമുഷീകോ, ഗുരുകരുണാകടാക്ഷസംവർദ്ധിതകവിതാകല്പലതോപാഘ്നതരുഃ മഹാഭാരതഭട്ടാരകപരമാചാര്യാന്തേവാസീ, വാസുദേവനാമാ വാസുദേവഭക്താഗ്രണീർദ്വിജന്മകുലതിലകഃ'' എന്നും പ്രശംസിക്കുന്നുണ്ട്.

(2) ഇതുകൂടാതെ 'ശ്രീകണ്ഠപ്രിയശിഷ്യ'നായ ഒരു പണ്ഡിതൻെറ 'പദാർത്ഥദീപിക' എന്ന പേരിൽ ഒരു വ്യാഖ്യാനവും കണ്ടുകിട്ടീട്ടുണ്ട്.

''വാസുദേവസ്യ കാവ്യം യദ് ഗംഭീരഗഹനാർത്ഥകം;
തന്മന്ദോപി ന ജിഹ്രേമി വ്യാചികീർഷുര്യഥാശ്രുതം.''

എന്നു് ഉപക്രമത്തിൽ ആ പണ്ഡിതൻ കവിയെ പുകഴ്ത്തുന്നു. ശ്രീകണ്ഠദാസനും ശ്രീകണ്ഠപ്രിയശിഷ്യനും ഒരേ ശ്രീകണ്ഠൻെറ ശിഷ്യന്മാരാണോ എന്നു നിശ്ചയമില്ല.

(3) ''വാസുദേവകവിനാ കൃതസ്യ യഃ
കാവ്യബന്ധ ഇയമസ്യ സൽപ്രിയാ
കാമിനീവ രസഭാവദർശികാ
വ്യാക്രിയാച്യുതകൃതാ വിരാജതേ.

വാസുദേവകവേഃ കാവ്യം; കഥാ പാർത്ഥസ്യ കഥ്യതേ;
വ്യാഖ്യാതാരോ വയം; കിന്തൽ സതാം യേന മനോ ഹരേൽ?''

അച്യുതൻെറ വിജയദർശികയെന്നും ദർശികയെന്നും പറയുന്ന വ്യാഖ്യാനത്തെപ്പററി മുൻപു പ്രസ്താവിച്ചുവല്ലോ. ഈ ശ്ലോകങ്ങൾ ആ വ്യാഖ്യാനത്തിനുള്ളതാണ്. അച്യുതൻ കേരളീയനായിരിക്കാമെന്നു തോന്നുന്നു. (4) ശിഷ്യഹിത എന്ന വ്യാഖ്യാനം കാശ്മീരകനായ രാജാനകരത്നകണ്ഠൻ ക്രി: പി: 1661-ൽ അറംഗസീബ് ചക്രവർത്തിയുടെ രാജ്യഭാരകാലത്തിൽ നിർമ്മിച്ചതായി കാണുന്നു. വൈദേശികങ്ങളായ വ്യാഖ്യാനങ്ങളിൽ അതാണ് പ്രധാനം; കാവ്യമാലയിൽ ആ വ്യാഖ്യാനം പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. (5) കാവ്യപ്രകാശിക എന്നൊരു വ്യാഖ്യാനം ധർമ്മരാജാധ്വരി രചിച്ചിട്ടുണ്ട്. അദ്ദേഹം ചോളദേശീയനും ശിവക്ഷേത്രാച്ഛ കശിവദ്വിജവർഗ്ഗത്തിൽപെട്ട ഒരു പണ്ഡിതനുമായിരുന്നു. ''സർവ്വജ്ഞാനശിരോമണിഃ പരമശിവയോഗീ ശ്രീവാസുദേവകവിഃ'' എന്നു് ആ വ്യാഖ്യാനവും ഭട്ടതിരിയെ പ്രശംസിക്കുന്നു. (6) ശിവദാസൻെറ രത്നപ്രദീപിക മറെറാരു വ്യാഖ്യാനമാണ്. (7) ശ്രീരംഗത്തിനുസമീപം ചാത്തന്നൂർ എന്ന ഗ്രാമത്തിൽ ഭാരദ്വാജഗോത്രജനായി ആച്ചി അമ്മാളുടേയും സുദർശനഭട്ടൻേറയും പുത്രനായി, രാമചന്ദ്രഭട്ടൻേറയും ഹസ്തിഗിരിഭട്ടൻേറയും ശിഷ്യനായി, ചൊക്കനാഥൻ എന്നൊരു പണ്ഡിതനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ വ്യാഖ്യാനമാണ് ബാലവ്യുൽപത്തികാരിണി.

''ഭാവാദ്യലങ്കൃതരസധ്വനിഭാസമാനം
ധർമ്മാർത്ഥമോക്ഷഫലഭാരതബദ്ധസഖ്യം
ദ്രാക്ഷാതിശായിരസവദ്യമകപ്രഭേദം
ശ്രീവാസുദേവകലിതം ഭുവി കാവ്യമിന്ധേ.

Digitized By Kerala Sahitya Akademi

ഗാംഭീര്യാസ്പദവാച്യവാചകതയാ
വ്യാഖ്യാപഥാഗോചരം
കാവ്യം; മദ്ധിഷണാ തു മാന്ദ്യവിഭവ–
പ്രാചുര്യപാഥോനിധിഃ;
വ്യാഖ്യാതും പ്രയതേ തഥാപി തദിദം
ഹാ ഹന്ത ഹന്താധുനാ;
സാധ്വാസാധുവിവേകശൂന്യഹൃദയ–
സ്സർവത്ര സന്നഹ്യതി.''

എന്നു് അദ്ദേഹവും മൂലകൃതിയെ വാഴ്ത്തുന്നു. ഇവകൂടാതെ ഒന്നിലധികം ഭാഷാവ്യാഖ്യാനങ്ങളും കാണ്മാനുണ്ടു്. ത്രിപുരദഹനത്തിനു നീലകണ്ഠന്റെ അർത്ഥപ്രകാശിക എന്നൊരു വ്യാഖ്യാനമുണ്ടെന്നു സൂചിപ്പിച്ചുവല്ലോ. അദ്ദേഹംതന്നെ ശൌരികഥയ്ക്കു തത്വപ്രകാശിക എന്നൊരു വ്യാഖ്യാനവും നിർമ്മിച്ചിട്ടുണ്ടു്. അതിൽ താൻ (മുക്തിസ്ഥലോദവസിതൻ) മൂക്കോലക്കാരനാണെന്നു പറയുന്നതിനു പുറമേ രണ്ടു വ്യാഖ്യാനങ്ങളിലും മൂക്കോലദുർഗ്ഗാദേവിയെ വന്ദിച്ചിട്ടുമുണ്ടു്. പുരുഷോത്തമസരസ്വതിയുടെ ശിഷ്യനും ഈശാനന്റെ പുത്രനുമായ അദ്ദേഹം കൊച്ചിരാജ്യം രാമവർമ്മാവോടുകൂടി 'രാജരാജ'മഹാരാജാവു ഭരിക്കുമ്പോൾ അർത്ഥപ്രകാശികയും ഗോദവർമ്മാവോടുകൂടി രാമവർമ്മമഹാരാജാവു ഭരിക്കുമ്പോൾ തത്വപ്രകാശികയും എഴുതിത്തീർത്തു. ക്രി: പി: പതിനാറാം ശതകത്തിന്റെ അപരാർദ്ധമാണു് അദ്ദേഹത്തിന്റെ ജീവിതകാലം. അതുകൂടാതെ ത്രിപുരദഹനത്തിനു ശോകപ്പുറത്തുകാരനായ നിത്യപ്രിയമുനിയുടെ പുത്രൻ പദാർത്ഥദീപിക എന്ന വ്യാഖ്യാനവും ശൌരികഥയ്ക്കു നിത്യാമൃതയതി അനന്വയബോധിക എന്ന വ്യാഖ്യാനവും രചിച്ചിട്ടുണ്ടു്.

**ഐതിഹ്യത്തിലെ അത്യുക്തി:**—ഭട്ടതിരി തിരുവളക്കാവു ശാസ്താവിന്റെ ഒരു പരമഭക്തനായിരുന്നു എന്നും ആ ഭക്തിയുടെ ഫലമായി അദ്ദേഹത്തിനു സഹജമായുണ്ടായിരുന്ന കവിതാവാസന ബഹുഗുണീഭവിച്ചു എന്നുമുള്ളതിനു സംശയമില്ല. പക്ഷേ വാസുദേവവിജയം നിർമ്മിക്കുന്നതിനുവേണ്ട വ്യാകരണശാസ്ത്രപാണ്ഡിത്യം കേവലമായ ഭക്തികൊണ്ടു സിദ്ധിക്കുമെന്നു വിശ്വസിക്കുവാൻ പ്രയാസമുണ്ടു്. അദ്ദേഹത്തിന്റെ ഗുരുവായ ഭാരതഭട്ടൻ അദ്ദേഹത്തെ ബാല്യത്തിൽ ആ ശാസ്ത്രം നല്ലതുപോലെ അഭ്യസിപ്പിച്ചിരിക്കണമെന്നുള്ളതു നിസ്സന്ദേഹമാണു്.

**സാഹിത്യത്തിൽ ഭട്ടതിരിയുടെ സ്ഥാനം:**—ശങ്കരഭഗവൽപാദരേയും വില്വമംഗലത്തു സ്വാമിയാരേയും ഒഴിച്ചാൽ ഭാരതവർഷത്തിൽ സകല പണ്ഡിതന്മാരുടേയും സശിരഃകമ്പമായ ബഹുമാനം ഇത്രമാത്രം സമാർജ്ജിച്ചു തന്റെ കവിയശസ്സു ദിക്കുകളിലും വിദിക്കുകളിലും പ്രസരിപ്പിച്ച ഒരു കേരളീയമഹാകവി വാസുദേവഭട്ടതിരിയെപ്പോലെ വേറെയുണ്ടായിട്ടില്ല. അത്തരത്തിലുള്ള ഒരു മഹാനുഭാവനെ—വാഗ്ദേവിയുടെ വാചാമഗോചരമായ ഏതോ ഒരു തരത്തിലുള്ള അനുഗ്രഹം സി

Digitized By Kerala Sahitya Akademi

ഢിച്ചിട്ടുള്ള മഹാകവിശ്രേഷ്ഠനെ—''പെരുത്തും യമകഭ്രമം പെടുന്നൊരു ഭട്ടൻ'' എന്നും മററും അവഹേളനം ചെയ്യുന്നതു് അല്പം ആലോചിച്ചു വേണ്ടതാണു്. അനുഗ്ഗാക്കു് അത്യന്തം ഭയങ്കരമായ യമകസാഗരത്തിൽ അദ്ദേഹം അകുതോഭയനായി ഒരു മകരമത്സ്യത്തെപ്പോലെ സ്വച്ഛന്ദ വിഹാരം ചെയ്യുന്നു. എത്ര അക്ലിഷ്ടമനോഹരമാണു് അദ്ദേഹത്തിന്റെ പദഗുംഫനം! എത്രയെല്ലാം രമണീയങ്ങളായ ആശയങ്ങളാണു് അദ്ദേഹം ആ ശൃംഖലാബന്ധനത്തിനു വിധേയനായി നിന്നുകൊണ്ടു യാതൊരു ക്ലേശലേശവുംകൂടാതെ ആവിഷ്കരിക്കുന്നതു്! ഭട്ടതിരിയുടെ കാലത്തിനു് എത്രയും ശതകങ്ങൾക്കു മുമ്പുതന്നെ യമകകാവ്യങ്ങൾക്കു സംസ്കൃതസാഹിത്യത്തിൽ പ്രാധാന്യം സിദ്ധിച്ചുകഴിഞ്ഞിരുന്നു. ഭരതൻ നാട്യശാസ്ത്രത്തിൽ പതിനൊന്നു തരത്തിലുള്ള യമകങ്ങളെ വിവരിക്കുന്നു. ഭാമഹൻ അവയെ അഞ്ചായി തരം തിരിക്കുന്നു. ദണ്ഡി, വാമനൻ, രുദ്രടൻ, ഭോജൻ എന്നീ ആലങ്കാരികന്മാരും യമകത്തിനു് ഒരു മാന്യസ്ഥാനം കല്പിക്കുന്നു. ധ്വനിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടിയാണു് യമകം അപ്രധാനമായി പരിണമിച്ചതു്. ഞാൻ എല്ലാ യമകകാവ്യങ്ങളേയും പ്രശംസിക്കുന്നില്ല. 'യുഗേ തുരീയേ യമകപ്രപഞ്ചഃ' എന്നു നീലകണ്ഠ ദീക്ഷിതർ പറയുന്നതു കാരണം കൂടാതെയല്ല; എന്നാൽ ഭട്ടതിരിയുടെ യമകകാവ്യങ്ങളെ പ്രശംസിക്കാതെയിരിക്കുവാൻ ഏതു സഹൃദയനും നിവൃത്തിയില്ല. അതുമുണ്ടു് അവയുടെ ആകർഷകത്വം. കലിംഗജനോ വംഗദേശീയനോ ആയ നീതിവർമ്മൻ കീചകവധം എന്ന നാലു സർഗ്ഗത്തിൽ ഒരു യമകകാവ്യം നിർമ്മിച്ചിട്ടുള്ളതു് ഔത്തരാഹന്മാർക്കു സുപരിചിതമാണു്. അതും, യുധിഷ്ഠിരവിജയവുമായി തുലനം ചെയ്യുമ്പോൾ പശ്ചാൽ ഗണനയെമാത്രമേ അർഹിക്കുന്നുള്ളു. നീതിവർമ്മൻ ക്രി: പി: പത്താം ശതകത്തോടടുത്താണു് ജീവിച്ചിരുന്നതു്. അങ്ങനെ കാലംകൊണ്ടും കാര്യംകൊണ്ടും ഒന്നാമത്തെ യമകകാവ്യമാണു് യുധിഷ്ഠിരവിജയമെന്നു് എല്ലാവരും സമ്മതിക്കുന്നു. ഇതു കേരളീയർക്കു പുളകപ്രദമാകേണ്ട ഒരു സംഭവംതന്നെ. ഈ അടുത്ത കാലംവരെ യുധിഷ്ഠിരവിജയം കേരളത്തിലും വെളിയിലും ബാലപാഠ്യഗ്രന്ഥങ്ങളിൽ ഒന്നായിരുന്നു; സംസ്കൃതത്തിൽ ശബ്ദവ്യുൽപത്തിയുറയ്ക്കുന്നതിനും പ്രത്യേകിച്ചു പദഘടനയുടെ മർമ്മങ്ങൾ മനസ്സിലാകുന്നതിനും ഇതു പററിയ ഒരു കാവ്യം വേറെയുണ്ടെന്നു തോന്നുന്നില്ല.

**ഐതിഹ്യത്തിലേ വാരസ്യാർ:—** പാണ്ഡവചരിതമെന്ന പേരിൽ അജ്ഞാതകർത്തൃകമായ ഒരു കാവ്യം പന്ത്രണ്ടു സർഗ്ഗത്തിൽ ഉണ്ടു്. രചന വളരെ ലളിതമാകുന്നു. യുധിഷ്ഠിരവിജയം പല ആവൃത്തി വായിച്ചു് ആസ്വദിച്ചിട്ടുള്ള ഒരു കവിയുടെ കൃതിയാണതു്.

> ''തസ്മൈ നമോസ്തു കവയേ വാസുദേവായ ധീമതേ
> യേന പാർത്ഥകഥാ രമ്യാ യമിതാ ലോകപാവിനീ''

എന്നു ഭട്ടതിരിയെ അതിൽ സ്തുതിക്കുകയും ചെയ്യുന്നുണ്ടു്. പഴയതൊലിതിന്ന വാരസ്യാരുടെ കാവ്യമാണു് അതെന്നു പറയുന്നതിനു ഞാൻ ഒരു

Digitized By Kerala Sahitya Akademi

ടിസ്ഥാനവും കാണുന്നില്ല. പഴവും തൊലിയും തിരുവാളക്കാവിൽനിന്നു കോലത്തുനാട്ടു പള്ളിക്കുന്നത്തേക്കു കൊണ്ടുപോയി ശ്രീകൃഷ്ണവിജയകർത്താവായ ശങ്കരകവിയേയും അവിടത്തെ ഒരു വാരസ്യാരേയും ഭക്ഷിപ്പിക്കുകയും വാരസ്യാരെക്കൊണ്ടു ശ്രീരാമോദന്തം ഉണ്ടാക്കിക്കയും ചെയ്യുന്ന മറെറാരു ഐതിഹ്യമുണ്ടു്. അതിലും എനിക്കൊരു വിശ്വാസ്യതയും തോന്നീട്ടില്ല.

‘‘ഇതയിത വാതു വരുന്നൂ! വെററില തിന്നാഞ്ഞെനിക്കു വാ തുവരുന്നൂ!
കൊടിയിത പയ്യായിനിമേൽ കദളീപകം ഭുജിച്ചു പയ്യായിനിമേൽ’

എന്നു ശ്ലോകത്തിലെ ഒന്നും മൂന്നും പാദങ്ങൾ സതീർത്ഥ്യന്മാരുടേയും രണ്ടും നാലും പാദങ്ങൾ വാസുഭട്ടതിരിയുടേയുമാണെന്നുള്ള ഐതിഹ്യം സത്യമോ അസത്യമോ ആയിക്കൊള്ളട്ടെ. എന്നാൽ

‘‘നാഴികമണിയാറായീ നാരീണാം ഭൂഷണൌഘമണിയാറായീ;
അവസരമണയാറായീയംബുധിയിൽ ഭാനുബിംബമണയാറായീ.’’

എന്ന പദ്യം വാരസ്യാരുടെയല്ല, തിരുവിതാംകൂർ സ്വാതിതിരുനാൾ മഹാരാജാവിന്റെ ആസ്ഥാനപണ്ഡിതനായിരുന്ന കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാന്റേതാണെന്നു് എനിക്കു സധൈര്യം പ്രസ്താവിക്കുവാൻ സാധിക്കും; അതു് അദ്ദേഹത്തിന്റെ സമകാലികന്മാരിൽ ഒരാൾ തന്റെ മാതുലനും ഗുരുവുമായ ചങ്ങനാശേരി രാജരാജവർമ്മകോയിത്തമ്പുരാനോടു പറയുകയും ആ വഴി തനിക്കു് അറിവാൻ ഇടയാകുകയും ചെയ്തതായി കേരളവർമ്മ വലിയ കോയിത്തമ്പുരാൻ പ്രസ്താവിച്ചിട്ടുണ്ടു്.

**നാരായണൻനമ്പൂരി—സീതാഹരണം:**—‘സീതാഹരണം’ എന്നൊരു യമകകാവ്യം നാരായണൻ എന്നൊരു കേരളീയന്റെ കൃതിയായി കാണുന്നുണ്ടു്. ആ കാവ്യത്തിൽ സപ്തമാശ്വാസത്തിന്റെ ഏതാനും ഭാഗത്തോളം മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. കവിയുടെ ദേശമേതെന്നു് അറിയുന്നില്ല. എന്നാൽ അദ്ദേഹം രവി എന്നുകൂടി പേരുള്ള മനുകുലാദിത്യൻ എന്ന കേരളരാജാവിന്റെ കാലത്താണു് ജീവിച്ചിരുന്നതെന്നു പ്രസ്താവിക്കുന്നു. അദ്ദേഹം തിരുമോഴിക്കുളം ക്ഷേത്രത്തിനു ചില വസ്തുക്കൾ ദാനം ചെയ്തിട്ടുണ്ടു്. തിരുനെൽവേലി ജില്ലയിൽ ബ്രഹ്മദേശം എന്ന സ്ഥലത്തു ജനിച്ച സർവ്വജ്ഞാത്മമുനി അദ്ദേഹത്തിന്റെ കാലത്താണു് ‘സംക്ഷേപശാരീരകം’ എന്ന വേദാന്തഗ്രന്ഥം രചിച്ചതെന്നു്

ശ്രീദേവേശ്വരപാദപങ്കജരജസ്സമ്പർക്കപൂതാശയഃ
സർവ്വജ്ഞാത്മഗിരാങ്കിതോ മുനിവരസ്സംക്ഷേപശാരീരകം
ചക്രേ സജ്ജനബുദ്ധിവർദ്ധനമിദം രാജന്യവംശേ നൃപേ
ശ്രീമത്യക്ഷയശാസനേ മനുകുലാദിത്യേ ഭുവം ശാസതി

എന്നു് അതിൽതന്നെയുള്ള പദ്യത്തിൽനിന്നു സ്പഷ്ടമാകുന്നു. മറെറാരു മനുകുലാദിത്യനേയും പററി നാം അറിയുന്നില്ല. ചേരചക്രവർത്തിയായ ഭാസ്കരരവിവർമ്മന്റെ സമകാലികനായ മനുകുലാദിത്യൻ ജീവിച്ചിരുന്നതും ക്രി: പി: പത്താം ശതകത്തിന്റെ ഉത്തരാർദ്ധത്തിലായിരുന്നു.

Digitized By Kerala Sahitya Akademi

അതിനാൽ സീതാഹരണകാരന്റെ കാലവും അതുതന്നെയായി വരാവു ന്നതാണ്. അങ്ങനെയാണെങ്കിൽ യുധിഷ്ഠിരവിജയത്തിന്റെ അനുകൃതി യായി പ്രസ്തുതകാവ്യം നാരായണൻ രചിച്ചു എന്നു സങ്കല്പിക്കാം. ചില ശ്ലോകങ്ങൾ ഉദ്ധരിക്കുന്നു.

പ്രണമത വരദമനന്തം ദേവം നരകാദിദൈത്യവരദമനം തം
ശുദ്ധിരതാനി ജഗത്യാ വൃഷ്ണീൻ യേനാനുഗൃഹ്ണതാ നിജഗത്യാ.
കൃഷ്ണഃ കംസമഹാരിസ്സ്വാഗ്ഗസദോജഃ സകല്പകം സമഹാരി;
ജനതാ യേനാഗോപി ധ്വസ്തോ യമുനാപയശ്ച യേനാഗോപി.

*                    *                    *

അസ്ത്യവതാരവിരമദസ്തഥാപി ഭൂമേരധീശിതാ രവിരമദഃ
സദ്വിധിനാ മായാദ്യഃ സമനുകലാദിത്യ ഇതി ച നാമായാദ്യഃ
ഹരിമിവ സമരാജേയം പ്രീത്യാ മുഹതാമരേന്ദ്രസമരാജേയം
ചിരതരമേവ രമേതേ ലബ്ധ്വാ രാജ്ഞാം ക്ഷമാരമേ വര മേതേ.
പൂരിതസൂര്യാശരണാന്ന്യപസാധ്വേനോരിതിമിരസൂര്യാശരണാൽ
ഇതി രിപുനരപായസ്യ പ്രണതാസ്മരണാദമീപുനരപായസ്യ
തത്ര വരാജനി തരസാ രാമകഥേത്ഥം പ്രഭാതി രാജനി തരസാ
മതിമപിസന്നാമവതാ യമിതാ നാരായണേന സന്നാമവതാ.

ദണ്ഡകാരണ്യത്തിൽ മാരീചന്റെ ആഗമനം മുതല്ക്കുള്ള കഥ കവി വിവ രിക്കുന്നു. യുധിഷ്ഠിരവിജയത്തോളം വിശിഷ്ടമല്ലെങ്കിലും ഈ യമകകാ വ്യവും സാമാന്യം നന്നായിട്ടുണ്ട്.

## നീലകണ്ഠൻ — കല്യാണസൗഗന്ധികം വ്യായോഗം:—

ക്രി: പി: ഒൻപതാംശതകത്തിലോ പത്താംശതകത്തിലോ വിരചിതമായ ഒരു കൃതിയാണ് കല്യാണസൗഗന്ധികവ്യായോഗം. ആ ഗ്രന്ഥത്തിൽ കവി തന്നെപ്പററി ഇങ്ങനെ പ്രസ്താവിക്കുന്നു:

"ആജ്ഞാഗുണേന ഗുണവിദ്ഭിരഭിഷ്ടുതാനാം
കാത്യായനീചരണപങ്കജഭക്തിഭാജാം
ഷട്കർമ്മിണാം നിവസതൗ പരമാഗ്രഹാരേ
പ്രാപ്തപ്രസൂതിരുപസേവിതവാൻ ഗുരൂൻഃ."

തദസ്യ നീലകണ്ഠനാമ്നഃ കല്യാണസൗഗന്ധികം നാമ നിബന്ധനശരീര മിദമഭിനയാലങ്കാരാലങ്കൃതമനുസന്ദർശ്യ" ഇതിൽനിന്നു പാർവതീദേവി കുലദേവതയായുള്ള ഏതോ ഒരു വിശിഷ്ടമായ അഗ്രഹാരത്തിൽ ജനിച്ച പണ്ഡിതനാണ് നീലകണ്ഠകവിയുടെ ഗുരുവെന്നും ആ കവിയാണ് കല്യാ ണസൗഗന്ധികവ്യായോഗം രചിച്ചതെന്നും മനസ്സിലാകുന്നു. ഈ അഗ്ര ഹാരമേതെന്നു വിശദമാകുന്നില്ല. 'പരമാഗ്രഹാരേ' എന്ന പദത്തിനു തിരുനെൽവേലിജില്ലയിലെ പരമാകുടി എന്ന ഗ്രാമമെന്നു ചില വിദേ ശീയർ അർത്ഥകല്പനം ചെയ്യുന്നതു് അസംബന്ധമാകുന്നു. അദ്ദേഹം ഒരു നമ്പൂരിതന്നെയാണെന്നുള്ളതിനു സംശയമില്ല. നീലകണ്ഠൻ മത്ത വിലാസപ്രഹസനം വായിച്ചിരുന്നു എന്നും ആ പ്രഹസനം കൂടിയാട്ട ത്തിനു് ഉപയോഗിച്ചിരുന്നു എന്നും "നൃത്യന്മത്തവിലാസജാം ധനപതേഃ

Digitized By Kerala Sahitya Akademi

പ്രീതിം കരിഷ്യാമ്യഹം'' എന്ന ശ്ലോകപാദത്തിൽനിന്നു് അനുമാനിക്കാവുന്നതാണു്. ഹനൂമാനും ഭീമസേനനുമായുള്ള ശണ്ഠ കല്യാണകൻ എന്ന ഒരു വിദ്യാധരൻ അവരുടെ ജ്യേഷ്ഠാനുജബന്ധം പറഞ്ഞുമനസ്സിലാക്കി അവസാനിപ്പിക്കുന്നതു് അതിന്റെ മർമ്മമാകയാൽ ആ രൂപകത്തിനു കല്യാണസൗഗന്ധികം എന്നു പേർ വന്നു; പിന്നീടു് ആ പേർതന്നെ കേരളസാഹിത്യത്തിൽ സൗഗന്ധികാഹരണവിഷയകങ്ങളായ കൃതികൾക്കു സ്ഥിരപ്പെടുകയും ചെയ്തു. വ്യായോഗത്തിനു സാഹിത്യാചാര്യന്മാർ നിർദ്ദേശിച്ചിട്ടുള്ള സകല ലക്ഷണങ്ങളും കല്യാണസൗഗന്ധികത്തിൽ കളിയാടുന്നു. നാടകാംശത്തിൽ ഈ വ്യായോഗത്തെ ''അപ്യേവം കല്യാണസൗഗന്ധികാദിഘടിതഭീമാദിവർണ്ണികാപരിസ്ഥിതൈ സ്തോകപ്രവേശോ ദൃശ്യതേ'' എന്ന പംക്തിയിൽ സ്മരിക്കുന്നുണ്ടു്.

'പരമാഗ്രഹാരം' എന്നതു തളിപ്പറമ്പാണെന്നും അവിടെ ഒരു കാലത്തു താമസിച്ചു പിന്നീടു കവന്ത്രനാട്ടുതാലൂക്കിലേയ്ക്കു നീങ്ങിയ 'മാണി' എന്ന മഠത്തിലെ ചാക്യാന്മാരിൽ ഒരാളാണു് പ്രസ്തുതവ്യായോഗം നിർമ്മിച്ചതെന്നും അതു കൊല്ലം 600—700 ഈ വർഷങ്ങൾക്കിടയ്ക്കാണെന്നും ചിലർ പറയുന്നതിൽ ഉപപത്തി കാണുന്നില്ല. കുലശേഖരവർമ്മാവു കൂടിയാട്ടത്തിനു് അംഗീകരിച്ച രൂപകങ്ങളുടെ കൂട്ടത്തിൽ കല്യാണസൌഗന്ധികവും ഉൾപ്പെടുന്നു എന്നുള്ളതിനു ലക്ഷ്യങ്ങളുണ്ടു്.

**ത്രൈവിക്രമം:**—ത്രൈവിക്രമം എന്നൊരു രൂപകത്തെപ്പററിയും ഇവിടെ നിരൂപണം ചെയ്യേണ്ടിയിരിക്കുന്നു. ഇതു് അത്യന്തം ഹ്രസ്വമായ ഒരു രൂപകമാണു്. ആകെ പത്തു ശ്ലോകങ്ങളും ഏതാനും വാക്യങ്ങളുമേ ഉള്ളു. ''നാന്ദ്യന്തേ തതഃ പ്രവിശതി സൂത്രധാരസ്സഹപ്രിയയാ'' എന്ന സൂചനയോടുകൂടി ഗ്രന്ഥം ആരംഭിക്കുന്നു. സൂത്രധാരനും നടിയും മാത്രമാണു് പാത്രങ്ങൾ. സൂത്രധാരൻ, ''ആര്യേ തൃതീയേ ഖലു ചിത്രപടേ

> ദൈത്യേന്ദ്രമൌലിമണിഘൃഷ്ടകിണീകൃതസ്യ
> പാദസ്യ യസ്യ ഗഗനോദ്ഗമഗർവ്വിതസ്യ
> ത്രൈവിക്രമം ത്രിഭുവനാതതമത്ഭുതം യദ്-
> ഭക്ത്യൈതദ്വിഭക്തമഖിലം വടുവാമനസ്യ''

എന്നുള്ള പീഠികയോടുകൂടി വാമനാവതാരകഥ നടിയെ പറഞ്ഞു കേൾപ്പിക്കുന്നു. നാന്ദിയോ ഭരതവാക്യമോ ഇല്ല. എന്നാൽ ഭരതവാക്യത്തിനുപകരം

> ''ആര്യേ! ബാഢം ഹരിപദകഥാ സേയമന്തഃപ്രയാതാ
> ഭക്തിർഭൂയാത്തവ ച മമ ച ശ്രീധരസ്യാംഘ്രിപദ്മേ
> നശ്യത്വേവം ദുരിതമസകൃൽ പശ്യതാം നൃത്യതാം നഃ
> സ്വസ്ഥോ രാജാപ്യവതു വസുധാം; സ്വസ്തി ഗോബ്രാഹ്മണേഭ്യഃ''

എന്നൊരു ശ്ലോകം കാണുന്നുണ്ടു്. അതു കേട്ടു നടി ''രമണീയാ ഖലു കഥാ; അന്യാം ചിത്രബദ്ധാം വർണ്ണയതാര്യഃ'' എന്നു ഭർത്താവിനോടു് അഭ്യർത്ഥിക്കുകയും അതോടുകൂടി രൂപകം പരിസമാപ്തിയെ പ്രാപിക്കുകയും

Digitized By Kerala Sahitya Akademi

ചെയ്യുന്നു. 'സ്വസ്തി ഗോബ്രാഹ്മണേഭ്യഃ' എന്നതു കലിവാക്യമാണെങ്കിൽ ക്രി: പി: പന്ത്രണ്ടാംശതകത്തിന്റെ മധ്യത്തിലാണ് പ്രസ്തുതകൃതിയുടെ രചന എന്നു വന്നുകൂടുന്നു. അതു ശരിയാണെങ്കിലും അല്ലെങ്കിലും 'നാരായണായ ഹരയേ മുരശാസനായ' എന്നൊരു ശ്ലോകം അതിൽ ഭോജചമ്പുവിലെ 'നാരായണായ നളിനായതലോചനായ' എന്ന ശ്ലോകത്തിന്റെ രീതിയിൽ കാണുന്നതുകൊണ്ടു ക്രി: പി: പതിനൊന്നാംശതകത്തിനുമേലാണ് അതിന്റെ നിർമ്മിതി എന്നു സങ്കല്പിക്കാം. ക്ഷേത്രങ്ങളിലെ ചിത്രങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു ചാക്കിയാന്മാർ അഭിനയത്തിനു ചില ചെറിയ രൂപകങ്ങൾ നിർമ്മിച്ചിരുന്നു എന്നും ത്രൈവിക്രമകാരൻതന്നെ വേറേ രണ്ടു രൂപകങ്ങളെങ്കിലും അത്തരത്തിൽ നിബന്ധിച്ചിരുന്നു എന്നും തെളിയുന്നുണ്ട്. അവയേതെന്നോ ഗ്രന്ഥകർത്താവ് ആരെന്നോ അറിവാൻ തരമില്ല.

**കുലശേഖരവർമ്മാ—കുലശേഖരന്റെ ആത്മകഥാകഥനം:—** കേരളത്തിലെ സംസ്കൃതസാഹിത്യവേദിയിൽ പ്രധാനമായ ഒരു സ്ഥാനത്തിന് അവകാശിയായ മറ്റൊരു കവിപുംഗവനാണ് കുലശേഖരവർമ്മാവ്. അദ്ദേഹവും ഒരു കേരളരാജാവായിരുന്നു. കുലശേഖരൻ എന്നതു് അഭിഷേകകാലത്തു സ്വീകരിക്കുന്ന സ്ഥാനപ്പേരാണെന്നു മുൻപു പറഞ്ഞുവല്ലോ. യഥാർത്ഥമായ നാമധേയമെന്തെന്ന് അറിയുന്നില്ല. അദ്ദേഹം മൂന്നു നാടകങ്ങൾ നിർമ്മിച്ചതായി ഐതിഹ്യമുണ്ടെങ്കിലും, തപതീസംവരണം, സുഭദ്രാധനഞ്ജയം, ഈ രണ്ടെണ്ണം മാത്രമേ കണ്ടുകിട്ടീട്ടുള്ളൂ. മൂന്നാമത്തേതിന്റെ പേർ വിച്ഛിന്നാഭിഷേകമാണെന്നു കേൾവിയുണ്ട്. തപതീസംവരണമാണ് ആദ്യമുണ്ടാക്കിയ നാടകം. അതിൽ ഇങ്ങനെ പറയുന്നു:

''സൂത്ര:—ആര്യേ! അദ്യാഹമാര്യമിശ്രൈരാജ്ഞപ്തഃ യഥാ—ഭവതാ താവദപൂർവ്വേസ്മിന്നാദിരാജകഥാസനാഥേ തപതീസംവരണനാമ്നി നാടകേ നവരസാനി പ്രയോഗാമൃതാന്തരാണി വയം പായയിതവ്യാ ഇതി.

നടി:—(ഛായ) ആര്യ! ശൂദ്രകകാളിദാസഹർഷദണ്ഡിപ്രമുഖാണാം മഹാകവീനാമന്യതമസ്യ കസ്യ കവേരിദം നിബന്ധനം, യേനാര്യമിശ്രാണാമേതൽ കൗതുഹലം വർദ്ധയതി?

സൂത്ര:—ആര്യേ! മാമൈവം. യസ്യ പരമഹംസപാദപങ്കേരുഹപാംസുപടലപവിത്രീകൃതമുകുടതടസ്യ, വസുധാവിബുധധനായാന്ധകാരമിഹിരായമാണകരകമലസ്യ, മുഖകമലാദഗളദാശ്ചര്യമഞ്ജരീകഥാമധുദ്രവഃ. അപി ച

ഉത്തുംഗഘോണമുരുകന്ധരമുന്നതാംസ—
മംസാവലംബിമണികുണ്ഡലകർണ്ണപൂരം
ആജാനുലംബിഭുജമഞ്ചിതകാഞ്ചനാഭ—
മായാമി യസ്യ വപുരാർത്തിഹരം പ്രജാനാം.''

താഴെ ഉദ്ധരിക്കുന്ന ഭാഗം സുഭദ്രാധനഞ്ജയത്തിൽനിന്നാണ്.

Digitized By Kerala Sahitya Akademi

''പാരിപാർശ്വികഃ—കോയം കവിഃ കോവിദാനന്ദനാഭിജ്ഞാനാശാകുന്തളപ്രമുഖപ്രവരനാടകപ്രയോഗപ്രീണിതാന്തരാത്മനസ്സമ്പ്രതി നിജനിബന്ധനേന കുതൂഹലയതി?

സൂത്ര:—ശ്രൂയതാം. സതതസന്നിഹിതസരസീരുഹാക്ഷചരണരജോവിതാനവിരജീകൃതഹൃദയപുണ്ഡരീകസ്യ, മതിമന്ദരമഥിതമഹാഭാരതപാരാവാരപരിഗൃഹീതജ്ഞാനാമൃതസഞ്ചയസ്യ, സകലമിത്രമണ്ഡലസ്വയംഗ്രാഹഗൃഹീതസാരസൗദയസ്യ, തപതീസംവരണസംഘടനാപടുതരസ്യ

ഉത്തുങ്ഗഘോണ...............വപുരാർത്തിഹരം പ്രജാനാം.

തസ്യ രാജ്ഞഃ കലമരാശിപേശലകൈദാരികകേരളാധിനാഥസ്യ ശ്രീകുലശേഖരവർമ്മണോ നിജനിബന്ധനമദ്യ ബധ്നാതി ബുധഹൃദയം. സ ച കില കവിരേവമനുദിനമാശാസ്തേ—

ആസിക്തൌ ഗ്രാമരാഗൈർഗ്ഗളദമൃതരസൈ—
ർഭാരതീഭാവയന്തൌ
കർണ്ണൌ നഃ കാളിദാസപ്രവിഹിതരചനാഃ
കർണ്ണപൂരീക്രിയാസ്താം
സ്വീകുർവ്വന്തു സ്വകീയം ധനമിവ സുഹൃദ—
സ്സ്വാപതേയം മദീയം
ചേതഃ പീതാംബരശ്ച പ്രതിഭവമഭവഃ
പാദപീഠീകരോതു.''

ഉദ്ധരിച്ച ഭാഗങ്ങളിൽനിന്നു കവി മഹോദയപുരത്തു (തിരുവഞ്ചിക്കുളത്തു) രാജ്യഭാരം ചെയ്തിരുന്ന ഒരു കേരളരാജാവായിരുന്നു എന്നും, അദ്ദേഹത്തിനു സങ്ഗീതത്തിലും സാഹിത്യത്തിലും അസാമാന്യമായ പാടവവും മഹാവിഷ്ണുവിൽ അപരിമേയമായ ഭക്തിയും, കാളിദാസനിൽ അപാരമായ ആദരവും, മഹാഭാരതത്തിൽ അന്യാദൃശമായ പ്രതിപത്തിയും ഉണ്ടായിരുന്നു എന്നും വ്യക്തമാകുന്നു.

**വ്യങ്ഗ്യവ്യാഖ്യയിലെ തൂലികാചിത്രം:**—ധനഞ്ജയത്തിന്റെ വ്യങ്ഗ്യവ്യാഖ്യ എന്ന വ്യാഖ്യാനത്തിൽ ഇങ്ങനെ കാണുന്നു:

''ബ്രഹ്മണാ രചിതം യൽ പ്രാഗ്ദ്യോ ദൃഷ്ട്വാ ഭരതോ മുനിഃ
തസ്യ പ്രയോക്താ ലോകേഭൂത്തസ്മൈ രസവിദേ നമഃ.
യത്തേന നിർമ്മിതം ശാസ്ത്രം ഭരതം നാടകാശ്രയം
തദവീക്ഷ്യ ഹൃദയേ ചക്രേ മഹീശഃ കുലശേഖരഃ.

തേനാപി രസവിത്തേന രചിതാ നാടകദ്വയീ;
യുക്ത്യാ ലയരസൈസ്സമ്യഗ്ധ്വനിഗർഭൈഃ പദൈരപി.
തേഷാം പ്രദർശ്യന്തീയം ധ്വന്യർത്ഥം രസിനാം നൃണാം
വ്യാഖ്യാ പ്രയോഗമാർഗ്ഗശ്ച സ്ഥായിഭാവോ മയാ കൃതഃ.
ധനഞ്ജയാഹ്വയേ തേന രചിതേ നാടകേപി തൽ
അനയാ ദർശയിഷ്യാമി തന്നിയുക്തേതാഖിലം രസീ.

*  *  *  *

Digitized By Kerala Sahitya Akademi

കാലേഥേതി വർത്തമാനേ കസ്മിംശ്ചിദഹനി പ്രാതരുത്ഥായ ചൂർണ്ണികാസരിദ്വാരി അനുഷ്ഠിതപൂർവ്വസന്ധ്യോ ദൃഷ്ടപരമേശ്വരമങ്ഗലസ്ഥപരമപൂരുഷേണ പ്രാപ്താത്മമന്ദിരാളിന്ദദേശപ്രക്ഷാളിതകരചരണേന ഹസന്തികോദ്വൽകൃശാനുശമിതശീതരുഗ്ണേന ജപധ്യാനപരേണ മയാ കേരളേശ്വരവചനകാരീ കശ്ചിദ് ബ്രഹ്മബന്ധുസ്സമലക്ഷ്യത.

സ ച സൽകൃതസൽകാരോ യഥാവിധി സുമാനിതഃ
സംപൃഷ്ടകുശലപ്രശ്നസ്സാദരം സ്ഥാപിതോ ഭുവി.
പൃഷ്ടാഗമനഹേതുശ്ച മാമവോചദിദം വചഃ
ഭവന്തമധുനാ രാജാ സന്ദിദൃക്ഷുരിതി സ്മ സഃ.

അഥ മയാമുനാ സഹാരൂഢഖട്വാശയ്യാസനാദിതസ്വാദുവസ്തുസൌഖ്യയാ നാവാ ചൂർണ്ണികാസരിദാവാഹ്യമാനയാ സത്വരം മഹോദയാഖ്യം പുരം ഗമ്യതേ സ്മ.

അഥ തത്ര തഥാ ഗച്ഛന്നപശ്യം കേരളാധിപം
സമാസീനം വിരാജന്തം മധ്യേനാഗാരിവിഷ്ടരം
കിരീടമകുടപ്രോദ്യന്മണിശ്രീലബ്ധവർണ്ണകം
ഉന്നമ്രഫാലഘോണാംസബാഹുമൂലോദരാന്വിതം
ദൂരദീർഘാക്ഷിദോർജ്ജങ്ഘായുഗളാഞ്ചിതവിഗ്രഹം
രാഗരഞ്ജിതദോഃപാദപദ്മയുഗ്മൈധിതശ്രിയം
അംഭോജാക്ഷാരിശംഖാദിരാജചിഹ്നാത്തദോഃപദം
കുണ്ഡലോദ്യന്മണിശ്രേണീവിദ്യോതിതമുഖാംബുജം
കണ്ഠഭൂധ്വനിസൗന്ദര്യഗർഹയൽകംബുജശ്രിയം
ഹേമകുങ്കുമകർപ്പൂരചന്ദനാലിപ്തവക്ഷസം
നീലകൗശേയവാസസ്ത്വിഡാഹരജ്ജനചക്ഷുഷം
പരംപുരുഷനാമോദ്യൽസല്ലാപകഥയൽകഥം
സങ്കോചയന്തമന്യേന വാമബാഹുസ്ഥമംബുജം
അങ്കവിക്ഷിപ്തനഖരം സർവ്വലോകപ്രിയം നൃപം.
സപ്രശ്രയമഹം തത്ര സദസ്യവഹിതോഽഗമം
നിസ്സ്യന്ദമാനസുധയാ വാചാ സൽകുരുതേ സ്മ മാം.
മുഹൂർത്തം സ്ഥിതവത്യസ്മിൻ മയ്യത്ര സ മഹീപതിഃ
ശ്രിതപ്രസാദയാ ദൃഷ്ട്യാ വീക്ഷമാണസ്സഭാസദഃ
അനുജ്ഞാപ്യോദഗാത്തസ്മാന്നിരഗച്ഛന്മയാ സഹ
രഹോ നർമ്മ വദൻ പ്രായാന്മന്ത്രശാലാമനന്യഗാം.
ഇഹ നാടകവിച്ചുഞ്ചും ഭവന്തമനയം സ്മരൻ
കൃത്യമസ്തി മയാ വാച്യം ശൃണോത്വസ്മാദ്ഗിരം മമ.
രചിതാദ്യ മയാ വിദ്വൻ കഥഞ്ചിന്നാടകദ്വയീ
ധ്വനിയുക്കാവ്യസരണിശ്ശസ്തേതി പ്രോച്യതേ ബുധൈഃ
ഏതസ്മാദ് ധ്വനിയുക്താ സാ രചിതാ നാടകദ്വയീ.
ദ്രഷ്ടവ്യാ ഭവതാ സേയം നാട്യലക്ഷണവേദിനാ.

Digitized By Kerala Sahitya Akademi

താം പശ്യന്നവധാര്യൈഷാ സദസദ്വേതി കഥ്യതാം.
സാധുശ്ചേൽ പ്രേക്ഷകോ ഭൂയാദ്ഭവാ,നസ്മി നടസ്തഥാ
പ്രയോഗമാർഗ്ഗം ഭവതേ ദർശയിഷ്യാമി തത്വതഃ.
ഭൂയശ്ചാരോപയിഷ്യാമി രങ്ഗമേതൽ കുശീലവൈഃ.

ഇതി തേന പ്രോക്തസ്തദ്ദർശിതമാർഗ്ഗപ്രയോഗോ ഽഹമധുനാ തൽകൃതേസ്മിൻ ധനഞ്ജയനാമ്നി നാടകേ സ്ഥായിഭാവപ്രയോഗമാർഗ്ഗപ്രവേശികാഞ്ച പ്രദർശയാമി.''

തപതീസംവരണത്തിനു ശിവരാമൻ രചിച്ച വിവരണത്തിൽ ഈ വ്യങ്ഗ്യവ്യാഖ്യാകാരനെ

''ഗ്രന്ഥകാരസമകാലഭവേന വ്യങ്ഗ്യരൂപ ഇഹ ചാരുതരോ ഽർത്ഥഃ
വ്യാകൃതസ്സമതിനാ; പദവാക്യേ സോപയോഗമധുനാ സ്ഫുടയാമി''

എന്ന പദ്യത്തിൽ സ്മരിക്കുന്നു. വ്യങ്ഗ്യവ്യാഖ്യയിൽ വ്യങ്ഗ്യാർത്ഥം മുഴുക്കെ വ്യാകരിച്ചിട്ടുണ്ടെന്നും അതുകൊണ്ടു താൻ പദവാക്യങ്ങളുടെ പ്രയോജനത്തെ സ്പഷ്ടമാക്കുവാൻ മാത്രമേ യത്നിക്കുന്നുള്ളു എന്നുമാണ് അദ്ദേഹം പറയുന്നതു്. ഗ്രന്ഥകാരന്റെ സമകാലികനായ വ്യങ്ഗ്യവ്യാഖ്യാകാരൻ അഭിനയമർമ്മങ്ങൾ സാങ്ഗോപാങ്ഗമായി ഗ്രഹിച്ചിരുന്ന ഒരു സഹൃദയശിരോമണിയായിരുന്നു എന്നും പെരിയാററിന്റെ കരയിലുള്ള പരമേശ്വരമങ്ഗലമെന്ന സ്ഥലമായിരുന്നു അദ്ദേഹത്തിന്റെ ജന്മഭൂമിയെന്നും മഹാരാജാവു സംവരണവും ധനഞ്ജയവും രചിച്ചുകഴിഞ്ഞപ്പോൾ തിരുവഞ്ചിക്കുളത്തേക്കു തന്നെ ആനയിച്ചു താൻ പ്രേക്ഷകനും മഹാരാജാവു നടനുമായി അവിടെവച്ചു് ആ രണ്ടു നാടകങ്ങളും അവിടുന്നുതന്നെ അഭിനയിച്ചു കാണിച്ചു എന്നും അങ്ങനെ അദ്ദേഹത്തിൽനിന്നു പ്രയോഗങ്ങളുടെ സ്വാരസ്യം മനസ്സിലാക്കിയതിനുമേലാണ് താൻ ആ വ്യാഖ്യാനങ്ങൾ രചിക്കുന്നതെന്നും പ്രകടമായി പ്രസ്താവിക്കുന്നു. വ്യാഖ്യാതാവിന്റെ പേരു് എന്തെന്നു് അറിയുന്നില്ല.

**കാലം:**—കുലശേഖരവർമ്മാവിന്റെ കാലം നിർണ്ണയിക്കുന്ന വിഷയത്തിൽ പല വൈഷമ്യങ്ങളുമുണ്ടു്. രാജശേഖരൻ എന്ന കേരളരാജാവു താനുണ്ടാക്കിയ മൂന്നു നാടകങ്ങൾ ശങ്കരഭഗവൽപാദരെ കാണിച്ചു എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കുലശേഖരവർമ്മാവും മൂന്നു നാടകങ്ങളുണ്ടാക്കീട്ടുണ്ടെന്നു് ഐതിഹ്യമുണ്ടു്. എന്നാൽ വ്യങ്ഗ്യവ്യാഖ്യാകാരൻ 'നാടകദ്വയി'യെപ്പററിയേ പറയുന്നുള്ളു. 'പരമഹംസപാദപങ്കേരുഹപാംസുപവിത്രീകൃതമുകുടതടൻ' എന്നു കുലശേഖരൻ തന്നെപ്പററി സംവരണത്തിൽ വർണ്ണിക്കുന്നതു ശങ്കരവിജയത്തിൽ അദ്ദേഹത്തെപ്പററിക്കാണുന്ന വിവരണത്തിനു് അനുരൂപമായിരിക്കുന്നു. ആ പരമഹംസൻ ഭഗവൽപാദർതന്നെയാകരുതേ? പിന്നെയും ശൂദ്രകൻ, കാളിദാസൻ, ഹർഷദേവൻ, ദണ്ഡി ഇവരെ സ്മരിക്കുന്ന നാടകകാരൻ ഭവഭൂതിയെ വിട്ടുകളഞ്ഞതു് അദ്ദേഹം പശ്ചാൽകാലികനായതുകൊണ്ടല്ലേ? ഭവഭൂതി (ഉംവേകൻ) കുമാരിലഭട്ടന്റെ ശിഷ്യനായിരുന്നു എന്നു സൂചിപ്പിച്ചിട്ടുണ്ടു്. ഇതുകൊണ്ടെല്ലാമാണ് ഞാൻ കുലശേഖരനും ഭഗവൽ

Digitized By Kerala Sahitya Akademi

പാഠരും സമകാലികന്മാരാണെന്നു് ഒരു കാലത്തു് ഊഹിച്ചിരുന്നതു്. എന്നാൽ ഈ ഊഹത്തിനു രണ്ടുമൂന്നു സംഗതികൾ പ്രതിബന്ധമായി റില്ലുന്നുണ്ടു്. ഒന്നാമതു കുലശേഖരവമ്മാവിനു രാജശേഖരൻ എന്നു പേരുണ്ടായിരുന്നതായി കേൾവിയില്ല. രണ്ടാമതു ധ്വനിപ്രസ്ഥാനത്തിനു പ്രാബല്യം സിദ്ധിച്ചതിനുമേലാണു് സംവരണവും ധനഞ്ജയവും ആവിർഭവിച്ചതെന്നുള്ളതിനു സംശയമില്ല. ആ പ്രസ്ഥാനത്തിനു് ആനന്ദവദ്ധനന്റെ (ക്രി: പി: ഒൻപതാംശതകത്തിന്റെ ഉത്തരാദ്ധം) കാലത്തിനുമുമ്പു പ്രാബല്യം ഉണ്ടായിരുന്നതായി തെളിവില്ല. മൂന്നാമതു വ്യംഗ്യവ്യാഖ്യയിൽ "നാടകനായകലക്ഷണം സവ്വം ദശരൂപകേ ദ്രഷ്ടവ്യം" എന്നു പറഞ്ഞുകാണുന്നു. ആ പങ്ക്തി പ്രക്ഷിപ്തമല്ലെന്നു് ഇപ്പോൾ തെളിഞ്ഞിട്ടുണ്ടു്. ധനഞ്ജയന്റെ പ്രസിദ്ധമായ ആ രൂപകലക്ഷണഗ്രന്ഥം ക്രി: പി: പത്താംശതകത്തിന്റെ അപരാദ്ധത്തിലാണു് വിരചിതമായതു്. അതിനെയാണു് വ്യംഗ്യവ്യാഖ്യയിൽ സ്മരിച്ചിട്ടുള്ളതെങ്കിൽ കുലശേഖരനെ പതിനൊന്നാം ശതകത്തിലേക്കു കൊണ്ടുപോകേണ്ടിയിരിക്കുന്നു. എന്നാൽ കേരളത്തിലെ ഐതിഹ്യം ദശരൂപകം രണ്ടുണ്ടെന്നാകുന്നു. തിരുമംഗലത്തു നീലകണ്ഠൻമൂസ്സതു് 'കാവ്യപ്രകാശദശരൂപയുഗ' എന്നു തന്റെ കാവ്യോല്ലാസത്തിൽ പറയുന്നു. മറേറ ദശരൂപകം കണ്ടുകിട്ടീട്ടില്ല; പക്ഷേ ഭരതമുനിയുടെ നാട്യശാസ്ത്രത്തിലെ പതിനെട്ടാമദ്ധ്യായമാണതെന്നും വരാവുന്നതാണു്. "അഭിനവഭാരത്യാം ദശരൂപകം നാമാഷ്ടാദശോധ്യായഃ സമാപ്തഃ" എന്നു് അഭിനവഗുപ്തൻ ആ വ്യാഖ്യാനത്തിന്റെ അവസാനത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആകെക്കൂടി നോക്കുമ്പോൾ നിഷ്കൃഷ്ടമായൊരഭിപ്രായം പറവാൻ തോന്നുന്നില്ല. എങ്കിലും ക്രി: പി: 978 മുതൽ 1036 വരെ രാജ്യഭാരം ചെയ്ത ഒടുവിലത്തെ പെരുമാൾ ഭാസ്കരരവിവമ്മാവായിരിക്കണം അദ്ദേഹമെന്നു സങ്കല്പിക്കുവാനാണു് അധികമായി ഉപപത്തി കാണുന്നതു്. ശിവരാമൻ പരമഭാഗവതനെന്നു സംവരണകാരനെ വർണ്ണിക്കുന്നുണ്ടെങ്കിലും അദ്ദേഹം കുലശേഖര ആഴ്വാരാകുവാൻ തരമില്ലെന്നാണു് എന്റെ ഇപ്പോഴത്തെ അനുമാനം. ആഴ്വാക്കു രാമായണമായിരുന്നുവല്ലോ അത്യഭിമതമായ ഗ്രന്ഥം.

**സംവരണവും ധനഞ്ജയവും:**—കുലശേഖരവമ്മാവിന്റെ ഈ രണ്ടു നാടകങ്ങളും രണ്ടു രത്നങ്ങൾതന്നെയാകുന്നു. സംവരണത്തിൽ ആറങ്കങ്ങളും ധനഞ്ജയത്തിൽ അഞ്ചങ്കങ്ങളും ഉണ്ടു്. ഇവയുടെ ഇതിവൃത്തങ്ങൾ പുരാണപ്രസിദ്ധങ്ങളാണല്ലോ. രണ്ടു നാടകങ്ങളും ധ്വനിപ്രധാനങ്ങളാണെങ്കിലും ധനഞ്ജയത്തിനു് ആസ്വാദ്യത സംവരണത്തെക്കാൾ കൂടും. നടാങ്കുശത്തിൽ ഇതിനെപ്പററി

"കുലശേഖരഭൂപാലകുലശേഖരനിമ്മിതേ
ധനഞ്ജയേ യാജ്ഞസേന്യാഃ പ്രവേശഃ കഥിതോസ്തി യൽ"

എന്നു പ്രസ്താവിച്ചുകാണുന്നു.

വ്യംഗ്യവ്യാഖ്യാകാരനും ശിവരാമനുമാണു് ഈ നാടകങ്ങളുടെ വ്യാഖ്യാതാക്കന്മാർ. ശിവരാമനെപ്പററി ഉപരി പ്രസ്താവിക്കും.

Digitized By Kerala Sahitya Akademi

**ആശ്ചര്യമഞ്ജരി:**—കുലശേഖരവർമ്മാവു പ്രസ്തുതനാടകങ്ങൾക്കു പുറമേ 'ആശ്ചര്യമഞ്ജരി' എന്നൊരു ഗദ്യകാവ്യവും രചിച്ചിട്ടുണ്ടെന്നു സംവരണത്തിന്റെ സ്ഥാപനയിൽനിന്നു നാം ധരിച്ചുവല്ലോ. അതു 'കഥ' എന്ന ഇനത്തിൽ പെട്ടതാണ്.

'കഥായാം സരസം വസ്തു ഗദ്യൈരേവ വിനിർമ്മിതം'

എന്നാണ് അതിന്റെ ലക്ഷണം. ആര്യാദിവൃത്തങ്ങളിൽ ചില പദ്യങ്ങളും ഇടയ്ക്കു ഘടിപ്പിക്കാം. 'ഖലാദേർവൃത്തകീർത്തനം' എന്നും വിഷയനിഷ്കർഷയുണ്ട്.

'ദൂരാദപി സതാം ചിത്തേ ലിഖിതാശ്ചര്യമഞ്ജരീം
കുലശേഖരവർമ്മാഗ്ര്യാം ചകാരാശ്ചര്യമഞ്ജരീം.'

എന്നു രാജശേഖരൻ അതിനെ പുകഴ്ത്തുന്നു. ഈ കവി നാടകകാരനായ രാജശേഖരനല്ല; ക്രി: പി: പതിന്നാലാം ശതകത്തിൽ ജീവിച്ചിരുന്ന മററൊരു രാജശേഖരനാണ്. ക്രി: പി: 1159-ൽ രചിച്ച വന്ദ്യഘടീയ സർവ്വാനന്ദന്റെ അമരടീകാസർവ്വസ്വത്തിൽ 'കരങ്ങൈരിവ കുശലവാദിഭിഃ' എന്നൊരു വാചകവും മുകുടന്റെ 'അമരടീക'യിൽ ''പാണിനിപ്രത്യാഹാര ഇവ മഹാപ്രാണസമാശ്ലിഷ്ടോ ഝഷാലിംഗിതശ്ച സമുദ്രഃ' എന്നു മററൊരു വാചകവും ആശ്ചര്യമഞ്ജരിയിൽനിന്നു് ഉദ്ധരിച്ചുകാണുന്നു. ഇവയിൽനിന്നു പ്രസ്തുതഗ്രന്ഥം സുബന്ധുവിനേയും ഭട്ടബാണനേയും അനുകരിച്ചു ശ്ലേഷജടിലമായി നിബന്ധിച്ചിട്ടുള്ളതാണെന്നും അതിനു വളരെ വേഗത്തിൽ ഭാരതമൊട്ടുക്കു പ്രചാരം ലഭിച്ചു എന്നും ഗ്രഹിക്കാവുന്നതാണ്. ആശ്ചര്യമഞ്ജരി ഏതൽകാലപര്യന്തം കണ്ടുകിട്ടീട്ടില്ല. അതു കുലശേഖരൻ സംവരണത്തിനു മുമ്പു രചിച്ചതാണെന്നു പറയേണ്ടതില്ലല്ലോ.

**തോലൻ:**—ഭാസ്കരരവിവർമ്മാവിന്റെ നർമ്മസചിവനും ഫലിതരസികനും അഭിനയരഹസ്യവേദിയും ഉഭയഭാഷാകവിയുമായ തോലനെപ്പററി കേട്ടിട്ടില്ലാത്ത കേരളീയർ ഉണ്ടായിരിക്കുകയില്ലല്ലോ. കൊച്ചിരാജ്യത്തു് അടുക്കടുത്തുള്ള കൊണ്ടൊഴിഞ്ഞതാവു് എന്ന സ്ഥലത്തായിരുന്നു അദ്ദേഹത്തിന്റെ ഇല്ലമെന്നും ഐരാണിക്കുളം ഗ്രാമക്കാരനായ അദ്ദേഹത്തിന്റെ പേർ നീലകണ്ഠനെന്നായിരുന്നു എന്നും കുഞ്ഞിക്കുട്ടൻതമ്പുരാൻ പ്രസ്താവിച്ചിട്ടുണ്ട്. അതിനുള്ള ആധാരമെന്തെന്നറിയുന്നില്ല. അദ്ദേഹം ഉപനീതനായിരുന്ന കാലത്തു് ഇല്ലത്തെ വൃഷലിയായ 'ചക്കി' എന്ന സ്ത്രീയുമായി ബന്ധമുണ്ടാകുകയും അതിന്റെ ഫലമായി ജാതിഭ്രഷ്ടു നേരിട്ടു ബ്രഹ്മചര്യത്തിന്റെ അടയാളമായ തോൽ (കൃഷ്ണാജിനം) താൻ തന്നെ പറിച്ചുകളഞ്ഞു എന്നും തന്നിമിത്തം തോലൻ എന്നു് അദ്ദേഹത്തിനു പേർ വന്നു എന്നും ഒരൈതിഹ്യമുണ്ട്. ദാരിദ്ര്യം നിമിത്തം, വിധവയായ അമ്മ ഉപനീതനായ ഉണ്ണിയെ തിരുവഞ്ചിക്കുളത്തിനുസമീപം താമസിച്ചിരുന്ന ധനികനായ ഒരു ബൌദ്ധനു വിററു എന്നും, തന്റെ ബുദ്ധിസാമർത്ഥ്യംകൊണ്ടു രാജാവിന്റെ സാഹായ്യത്തോടുകൂടി അവിടെനിന്നു രക്ഷപ്പെട്ടു എന്നും, അപ്പോൾ ബൌദ്ധനും മററും 'ആയോ തോലാ'

Digitized By Kerala Sahitya Akademi

എന്ന് ആശ്ചര്യപരതന്ത്രന്മാരായി ചോദിച്ചു എന്നും അങ്ങനെ ആ പേർ സ്ഥിരപ്പെട്ടു എന്നും മറ്റൊരൈതിഹ്യവുമുണ്ട്. ഈ രണ്ടൈതിഹ്യങ്ങളിൽ ഒന്നിനെ വിശ്വസിച്ചേ കഴിയൂ എങ്കിൽ രണ്ടാമത്തേതാണ് ഭേദം. സമാവർത്തനം കഴിയാത്ത ഒരുണ്ണി പെരുമാളുടെ വയസ്യനാകുക എന്നുള്ളത് അക്കാലത്ത് അത്യന്തം അസംഭാവ്യമാണല്ലോ. 'അതുലൻ' എന്നുള്ളതിന്റെ തത്ഭവമാണ് തോലനെന്നുള്ളതിനു പ്രമാണമുണ്ട്. അതുലൻ എന്ന് ആയിരിക്കാം തോലന്റെ പിതൃദത്തമായ നാമധേയം. ആ വസ്തുത ജനങ്ങൾക്കു മനസ്സിലാകുവാൻ സാധിക്കാത്ത കാലം വന്നപ്പോൾ തോലൻ എന്ന പദത്തിന്റെ ആഗമത്തിനു ചില കെട്ടുകഥകൾ ഉണ്ടാക്കേണ്ടിയും വന്നിരിക്കാം. ഏതായാലും തോലൻ വിജയനഗര സമ്രാട്ടായ കൃഷ്ണദേവരായരുടെ സദസ്യനായ തെന്നാലി രാമകൃഷ്ണനെപ്പോലെ സൽകവി എന്നതിനു പുറമേ ഒരു വികടകവികൂടിയായിരുന്നു എന്നുള്ളതിനു തർക്കമില്ല. ഒരിക്കൽ കുലശേഖരൻ ധനഞ്ജയമുണ്ടാക്കി തന്റെ ആസ്ഥാനപണ്ഡിതന്മാരായ സഹൃദയന്മാരെ വായിച്ചു കേൾപ്പിച്ചുകൊണ്ടിരുന്നപ്പോൾ തോലൻ കോമരത്തിന്റെ രൂപത്തിൽ വേഷം കെട്ടി അട്ടഹസിച്ചുകൊണ്ടും നിണമൊലിപ്പിച്ചുകൊണ്ടും 'അയ്യോ! എനിക്കിതു സഹിക്കവയ്യേ!' എന്നു പറഞ്ഞുകൊണ്ടും സഭയിൽ ചാടി വീഴുകയും എന്താണ് സങ്കടമെന്നു രാജാവു ചോദിച്ചപ്പോൾ താൻ കാളിദാസന്റെ ശാകുന്തളനാടകമാണെന്നും പെരുമാൾ തന്നെ ചിത്രവധം ചെയ്കതിനാലാണ് ചോരയൊലിക്കുന്നതെന്നും നിവേദനം ചെയ്യുകയും ചെയ്തു. ധനഞ്ജയത്തിൽ ശാകുന്തളത്തിലെ ആശയങ്ങൾ വികൃതമായി പകർത്തിട്ടുണ്ടെന്നാണ് ആ പ്രവൃത്തികൊണ്ടു തോലൻ സൂചിപ്പിച്ചതു്. കാളിദാസന്റെ പേരിൽ ധനഞ്ജയകാരനുള്ള ബഹുമാനത്തെപ്പററി മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ഇങ്ങനെ തോലനെ രാജാവുമായും അദ്ദേഹത്തിന്റെ ഭാര്യ ചെറോട്ടമ്മയുമായും മററും ഘടിപ്പിച്ചു പല ഐതിഹ്യങ്ങളും പ്രചരിക്കുന്നുണ്ട്.

**വികടകവിത:**—യമകഘടന, ദ്വിരാന്വയം, അപൂർവ്വപദപ്രയോഗം മുതലായവ അർത്ഥപ്രതീതിക്കു ഹാനികരങ്ങളാകയാൽ കാവ്യശല്യങ്ങളാണെന്നായിരുന്നു തോലന്റെ ദൃഢമായ വിശ്വാസം. യമകകവികളെ കളിയാക്കി അദ്ദേഹം രചിച്ചിട്ടുള്ളതാണ് സുപ്രസിദ്ധമായ

> "വന്ദേ തനയം വക്യാ നിരന്വയം ദലിതദാനവം ദേവക്യാഃ
> ഥപ്രഥനന്ദാനന്ദം പദദ്വയം നാത്ര ജനിതനാന്ദാനന്ദം"

എന്ന ശ്ലോകം. 'വക്യാഃ' എന്നും 'ഥപ്രഥനന്ദാനന്ദം' എന്നും ഉള്ള രണ്ടു പദങ്ങൾ ഈ ശ്ലോകത്തിൽ നിരന്വയങ്ങളാണെന്നു കവിതന്നെ ഉൽഘോഷിച്ചിരിക്കുന്നതു നോക്കുക. ദ്വിരാന്വയപ്രിയന്മാരെ പരിഹസിക്കുന്ന ഒരു ശ്ലോകമാണ് താഴെ ഉദ്ധരിക്കുന്നതു്.

> "അംബരമംബുനിപത്രമരാതിഃ
> പീതമഹീശഗണസ്യ ദദാഹ

Digitized By Kerala Sahitya Akademi

യസ്യ വധൂസ്തനായം ഗൃഹമബ്ജാ
പാതു സ വശ്ശിവലോചനവഹ്നിഃ''

''യസ്യ അംബരം (വസ്ത്രം) പീതം; യസ്യ വധൂഃ അബ്ജാ (ലക്ഷ്മീഃ); യസ്യ തനയം (കാമദേവം) ശിവലോചനവഹ്നിഃ ദദാഹ; യസ്യ പത്രം അഹീശശത്രുഃ അരാതിഃ (ഗരുഡഃ); യസ്യ ഗൃഹം അംബുനി; സ വഃ പാതു'' എന്നു് അന്വയിക്കുന്നതുവരെ ഈ ശ്ലോകം ഉന്മത്തപ്രലാപംപോലെയേ തോന്നുകയുള്ളൂ. ദൂരാന്വയത്തേയും നിരർത്ഥകപദപ്രയോഗത്തേയും ഒന്നിച്ചു് അവഹേളനം ചെയ്യുന്നതാണു്,

''ഉത്തിഷ്ഠോത്തിഷ്ഠ രാജേന്ദ്ര മുഖം പ്രക്ഷാളയസ്വ ടഃ
ഏഷ ആഹ്വയതേ കുക്ക ച വൈ തു ഹി ച വൈ തു ഹി''

എന്ന ശ്ലോകം. അപൂർവ്വപദപ്രയോഗത്തെ അധിക്ഷേപിക്കുന്നതാകുന്നു അധോലിഖിതമായ പദ്യം.

''ദ്ദശാവളീവ ആഭാതഃ കശ്ശുരാനനപങ്കജേ;
അപ്പിത്തനോത്രഭക്തം ത്വാമപി ചേട്ടേ ജനാധിപ!''

കശ്ശുരൻ (കവിൽ) ഭ്രമിയിൽ ശ്ശുരൻ; അപ്പിത്തം=അഗ്നി; ഈട്ടേ (ജ്വാങ്ങൾ) ഭജിക്കുന്നു. ഈ അർത്ഥം കവി പറഞ്ഞുകൊടുത്താലേ അന്തവാചകനു ഗ്രഹിപ്പാൻ കഴികയുള്ളൂ. ഓരോ പാദവും അശ്ലീലദുഷ്ടവുമാണു്. അക്കാലത്തു സ്ത്രീകൾക്കു സംസ്കൃതഭാഷയിലുണ്ടായിരുന്ന അജ്ഞതയേയും അദ്ദേഹം മർമ്മസ്പൃക്കായി അപഹസിച്ചിട്ടുണ്ടു്.

''അന്നൊത്തപോക്കീ, കുയിലൊത്തപാട്ടീ,
തേനൊത്തവാക്കീ, തിലപുഷ്പമൂക്കീ,
ദരിദ്രയില്ലത്തെ യവാഗുപോലെ
നീണ്ടിട്ടിരിക്കും നയനദ്വയത്തീ''

എന്ന ശ്ലോകം കേട്ടാൽ നെററി ചുളിക്കുന്ന യുവതികൾ

''അക്ക്ശ്രുഷ്ഷഫലകോമളസ്തനീ
തിന്ത്രിണീദലവിശാലലോചനാ
നിംബപല്ലവസമാനകേശിനീ
വൃദ്ധവാനരമുഖീ വിരാജതേ''

എന്നു പറഞ്ഞാൽ തല കുലുക്കുന്നു. ''പൂച്ചക്കണ്ണി'' എന്നും ''വാനരമുഖി'' എന്നും വിളിച്ചാൽ ശുണ്ഠികടിക്കുന്നവർ ''ഗണപതിവാഹനാരിപുനയനേ'' എന്നും ''ദശരഥനന്ദനസഖവദനേ'' എന്നും വിളിച്ചാൽ പുഞ്ചിരിക്കൊള്ളുന്നു. ഇങ്ങനെയുള്ള പരിഹാസകവനങ്ങളാൽ തോലൻ കവികളെ അവർ അക്കാലത്തു തുടർന്നുകൊണ്ടിരുന്ന പല അപഥസഞ്ചാരങ്ങളിൽനിന്നും വിനിവർത്തിപ്പിക്കുന്നതിനു സാധിച്ചു എന്നു നമുക്കു ധാരാളമായി വിശ്വസിക്കാം. ചുരുക്കത്തിൽ മഹാകവി കുഞ്ചൻ നമ്പ്യാരുടെ മാർഗ്ഗദർശിയാണു് തോലൻ.

**മഹോദയപുരേശചരിതം:**—തോലകാവ്യം എന്നുകൂടി പേരുള്ള ഈ ഗ്രന്ഥം ഇതുവരെയും കണ്ടുകിട്ടീട്ടില്ല. കവിയുടെ പുരസ്കർത്താ

Digitized By Kerala Sahitya Akademi

വായ കുലശേഖരവർമ്മാവുതന്നെയാണ് നായകൻ എന്നുള്ളതു പേരിൽ നിന്നു വിശദമാകുന്നു. മഹോദയപുരത്തിന്റെ ഒരു വർണ്ണനത്തോടുകൂടിയാണ് കാവ്യം ആരംഭിക്കുന്നതു്. അതിൽ എല്ലാ ശ്ലോകങ്ങളിലും പദങ്ങൾ അനന്വയക്രമമനുസരിച്ചാണ് ഘടിപ്പിച്ചിരിക്കുന്നതെന്നും നിരർത്ഥക പദാദികാവ്യദോഷങ്ങളുടെ നിഴലാട്ടംപോലുമില്ലെന്നും കേട്ടുകേൾവിയുണ്ടു്. മഹോദയപുരവർണ്ണനത്തിലെ രണ്ടു ശ്ലോകങ്ങൾമാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. അവയാണ് ചുവടേ ചേർക്കുന്നതു്.

''സ്വച്ഛജാലികാ നിർജ്ജരനിർഝരിണ്യാം
യദീയസൗധാഗ്രജുഷാം വധൂനാം
ആലോലദൃഷ്ടിപ്രകരം നിരീക്ഷ്യ
മീനഭ്രമാജ്ജാലശതം ക്ഷിപന്തി.
യത്രാങ്ഗനാഃ പ്രാവൃഷി ശുഷ്കകണ്ഠാൻ
കേളീചകോരാനതിലംഘിതാഭ്രം
സൗധാഗ്രമാനീയ സമീപഭാജാ
താരാസരണ്യാ സഹ യോജയന്തി.

**കൂടിയാട്ടം:—** കേരളത്തെപ്പോലെ കൂത്തും കൂടിയാട്ടവും കലവിദ്യയെന്ന നിലയിൽ പ്രത്യേകം ഒരു വർഗ്ഗക്കാർ പ്രാചീനകാലം മുതൽക്കുതന്നെ അഭ്യസിച്ചു തദ്വാരാ ജീവിതം നയിക്കുന്ന ഒരു ദേശം ഭാരതവർഷത്തിൽ വേറെയില്ല. അവരെ ചാക്യാന്മാരെന്നു പറയുന്നു. സമുദായസോപാനത്തിൽ തങ്ങളോടു് ഏകദേശം സമാനസ്ഥാനമുള്ള നമ്പ്യാന്മാർ എന്ന വർഗ്ഗക്കാരുടെ സാഹായ്യംമാത്രമേ അവർക്ക് ഇക്കാര്യത്തിൽ ആവശ്യമുള്ളു. ചാക്യാർ അഥവാ ചാക്കിയാർ എന്ന പദം ചെന്തമിഴിൽ സാഹിത്യത്തിൽ 'ചാക്കൈയർ' എന്ന രൂപത്തിലാണ് കാണുന്നതു്. ചിലപ്പതികാരത്തിൽ ചെങ്കുട്ടവൻ ഉത്തരദിഗ്വിജയം കഴിഞ്ഞു തിരിയേ വരുമ്പോൾ പറയൂർ (വടക്കൻ തിരുവിതാംകൂറിലെ പാറവൂർ) കൂത്തച്ചാക്കൈയൻ ത്രിപുരദഹനം കഥയാടി അദ്ദേഹത്തെ ആനന്ദിപ്പിച്ചതായി വർണ്ണിച്ചിരിക്കുന്നു എന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ.

''ഉമൈയവളൊരു തിറനാകവോങ്കിയ
വിമൈയവനാടിയ കൊട്ടിച്ചേതം
പാർത്തരുനാല്വകൈ മറൈയോർ പറൈയൂർ–
ക്കൂത്തച്ചാക്കൈയനാടലിൽ മികഴ്ന്തവൻ''

എന്നാണ്, ആ ഘട്ടത്തിൽ ഇളങ്കോവടികളുടെ വർണ്ണനം. അതുകൊണ്ടു ക്രി: പി: രണ്ടാം ശതകത്തിനു മുൻപുതന്നെ അഭിനയം ചാക്യാന്മാരുടെ വൃത്തിയായിരുന്നു എന്നു നിർണ്ണയിക്കാം. ഈ കല അമ്പലങ്ങളിൽ തച്ചുശാസ്ത്രമനുസരിച്ചു പണിയിച്ചിട്ടുള്ള കൂത്തമ്പലങ്ങളിലേ പ്രയോഗിക്കുവാൻ പാടുള്ളു. കൂടിയാട്ടത്തിൽ പുരുഷവേഷമെല്ലാം ചാക്യാന്മാരും സ്ത്രീവേഷമെല്ലാം നങ്ങ്യാന്മാരും (നമ്പ്യാർവർഗ്ഗത്തിലേ സ്ത്രീകൾ) അഭിനയിക്കണമെന്നാണ് നിയമം. ഇങ്ങനെ രണ്ടു വർഗ്ഗക്കാരും കൂടിയാടുന്നതുകൊണ്ടായിരിക്കണം കൂടിയാട്ടം എന്നു് അതിനു പേർ വന്നതു്.

Digitized By Kerala Sahitya Akademi

നാട്യപ്രിയനും അഭിനയമർമ്മജ്ഞനുമായ കുലശേഖരവർമ്മാവു തോലൻെറ സഹായത്തോടുകൂടി കൂടിയാട്ടത്തിൽ ചില പരിഷ്കാരങ്ങൾ ഏർപ്പെടുത്തി. ആ പരിഷ്കാരങ്ങൾ താഴെക്കാണുന്നവയാണെന്നു കൊച്ചി അമ്മാമൻ തമ്പുരാൻ അദ്ദേഹത്തിൻെറ 'കൂത്തും കൂടിയാട്ടവും' എന്ന പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. (1) വിദൂഷകനും മററു ചില പാത്രങ്ങളും പ്രാകൃതത്തിൽ മാത്രമല്ലാതെ മലയാളത്തിലും സംസാരിച്ചു സംസ്കൃതമറിഞ്ഞുകൂടാത്തവക്കുകൂടി സംസ്കൃതനാടകാഭിനയം ആസ്വാദ്യമാക്കിത്തീക്കണം; (2) ഒരു നാടകത്തിലേ ഏതു പ്രധാനാങ്കത്തിനും ആദിയിൽ അവതാരികാരൂപത്തിൽ ഒരു നാന്ദിയുണ്ടായിരിക്കണം; (3) പ്രകൃതമനുസരിച്ചു നായകനും മററു പാത്രങ്ങളും ചൊല്ലുന്ന സംസ്കൃതശ്ലോകങ്ങൾക്കു പകരമായി വിദൂഷകൻ അവയ്ക്കു യോജിച്ചതും അപ്രകൃതമല്ലാത്തതും രസാവഹവുമായ പ്രതിശ്ലോകങ്ങൾ (മണിപ്രവാളത്തിൽ) ചൊല്ലണം; (4) നായകനും മററു പ്രധാനപാത്രങ്ങളും അവർ ചൊല്ലുന്ന ശ്ലോകം അതിൻെറ സാരം സാമാന്യമായി സൂചിപ്പിക്കത്തക്ക രീതിയിലും സ്വരത്തിലും ഉച്ചരിക്കണം; പിന്നെ ക്രമേണ ഓരോ പദത്തിൻേറയും അൎത്ഥം അഭിനയം, സ്തോഭം, ഹസ്തമുദ്ര ഇവകൊണ്ടു വിശദമാക്കണം. ഒടുവിൽ അന്വയക്രമത്തിൽ ശ്ലോകത്തിൻെറ അൎത്ഥം ഒന്നുകൂടി ഈ ത്രിവിധകരണങ്ങളെക്കൊണ്ടും നടിക്കുകയും അതിനിടയിൽ ആവശ്യംപോലെ ഉചിതങ്ങളായ അവതാരികകൾകൊണ്ടു സന്ദർഭം വിസ്തരിക്കുകയും വേണം; (5) അഭിനയത്തിനു തിരഞ്ഞെടുത്തിട്ടുള്ള അങ്കത്തിനുമുമ്പുള്ള കഥാഭാഗം നായകൻതന്നെ നിർവ്വഹിക്കണം. ഇത്തരത്തിലാണ് പെരുമാൾ ഏർപ്പെടുത്തിയ പരിഷ്കാരങ്ങളുടെ പദ്ധതി. കൂടിയാട്ടത്തിനു് ആദ്യമായി വേണ്ടതു രംഗാലങ്കാരമാണു്; അതു കഴിഞ്ഞാൽ നടന്മാർ അണിയറയിൽ കുലദൈവങ്ങളേയും മററും വന്ദിക്കണം. അപ്പോൾ നമ്പ്യാർ അരങ്ങത്തു മിഴാവു കൊട്ടുകയും നങ്ങ്യാർ അക്കിത്ത ചൊല്ലുകയും ചെയ്യുന്നു. അക്കിത്ത ഗണപതി, സരസ്വതി, ശിവൻ ഈ ദേവതകളെപ്പററിയുള്ള സ്തുതിയാകുന്നു. അനന്തരം സൂത്രധാരൻ രംഗത്തിൽ പ്രവേശിച്ചു നൃത്തം ചെയ്യും. ആ ചടങ്ങിനു 'ക്രിയ ചവിട്ടുക' എന്നാണ് പേർ. അതു കഴിഞ്ഞാൽ നമ്പിയാർ അഭിനയിക്കുവാൻപോകുന്ന അങ്കത്തിലെ കഥാസൂചകവും നായകവന്ദനപരവുമായ ശ്ലോകവും അതിൻെറ സാരവും ചൊല്ലി അരങ്ങു തളിക്കും. പിന്നീടു നടൻ പ്രവേശിച്ചു് ആ അങ്കത്തിലെ ആദ്യത്തേ വാക്യം ചൊല്ലും; അനന്തരം മംഗളക്രിയയായി. പ്രഥമദിവസത്തേ ചടങ്ങു് അത്രയുംകൊണ്ടു് അവസാനിക്കുന്നു. രണ്ടാം ദിവസം നടൻെറ നിർവ്വഹണമാണ് നടക്കേണ്ടതു്. നിർവ്വഹണമെന്നാൽ ആദ്യത്തേ അങ്കം മുതൽ അഭിനയിക്കുവാനുദ്ദേശിക്കുന്ന അങ്കംവരെയുള്ള കഥാഭാഗത്തിൻെറ അഭിനയമെന്നൎത്ഥം. നായകൻെറ നിർവ്വഹണം കഴിഞ്ഞാൽ വിദൂഷകൻ ആവശ്യമുള്ള നാടകങ്ങളിൽ ആ പാത്രത്തിൻെറ പുറപ്പാടായി. വിദൂഷകൻെറ വന്ദനത്തിനു ഭൎത്തൃഹരിയുടെ സുപ്രസിദ്ധമായ 'ബ്രഹ്മാ യേന കുലാലവന്നിയമിതഃ' ഇത്യാദി ശ്ലോകം ഉപയോഗിക്കുന്നു. മൂന്നാമത്തേ ദിവസംമുതൽ നാലു പുരുഷാൎത്ഥങ്ങളും സാധിക്കുവാൻ ഉള്ള ഉദ്യമമാണു്

Digitized By Kerala Sahitya Akademi

അഭിനയിക്കുന്നതു്. ധർമ്മാർത്ഥകാമമോക്ഷങ്ങൾക്കു പകരം അശനം, രാജസേവ, വിനോദം, വഞ്ചനം ഈ നാലുമാണു് പ്രകൃതത്തിൽ പ്രയോക്തവ്യങ്ങളായ പുരുഷാർത്ഥങ്ങൾ; ഇവ സാധിക്കുന്നതു വിനോദം, വഞ്ചനം, അശനം, രാജസേവ എന്ന ക്രമത്തിനുമാണു്. ഇതെല്ലാം വിദൂഷകന്റെ കർത്തവ്യപരിപാടിയിൽ പെടുന്നു. പുരുഷാർത്ഥസാധനാഭിനയത്തിൽ ആദ്യത്തെ ദിവസം തളിപ്പറമ്പിൽ പെരുന്തൃക്കോവിൽക്ഷേത്രത്തിലെ മേക്കാന്തല, കീഴ്ക്കാന്തല ഈ രണ്ടു് ഊരാളന്മാർ തമ്മിലുള്ള വിവാദ തീർക്കലാണു് പ്രമേയം; രണ്ടാം ദിവസം വിനോദവും വഞ്ചനവും, മൂന്നാം ദിവസം അശനവും, നാലാം ദിവസം രാജസേവയുമാണു് അഭിനയിക്കേണ്ടതു്. അത്രയും കഴിയുമ്പോൾ രാജാവു് അദ്ദേഹത്തിന്റെ വിദൂഷകസ്ഥാനത്തിൽ തന്നെ നിയമിച്ചതായി നടൻ നിവേദനം ചെയ്യുന്നു. പിന്നെ വിദൂഷകന്റെ നിർവ്വഹണം നടക്കുന്നു. അങ്ങനെ ആറു ദിവസങ്ങൾ കഴിഞ്ഞാൽ ഏഴാമത്തെ ദിവസം മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള അങ്കത്തിന്റെ അഭിനയം ആരംഭിക്കുന്നു. മൂന്നു രാത്രികൊണ്ടു് അതു് അവസാനിപ്പിയ്ക്കണം. ഈ മൂന്നു ദിവസത്തെ അഭിനയമാണു സാക്ഷാൽ കൂടിയാട്ടം. കൂടിയാട്ടം കഴിഞ്ഞാൽ നായകൻമാത്രം രംഗത്തു നിന്നുകൊണ്ടു് 'അങ്കംമുടി'ക്കും. നങ്ങ്യാർ മുടി (അവസാനത്തെ) അക്കിത്ത പാടുന്നതും ചാക്യാർ നൃത്തം ചെയ്യുന്നതുമാണു് അതിന്റെ ചടങ്ങു്. കൂടിയാട്ടത്തിലെ അഭിനയം നാട്യപ്രധാനമാകയാൽ അതിൽ ചൊല്ലിയാട്ടത്തിനു പറയത്തക്ക പ്രവേശമൊന്നുമില്ല. ചാക്യാർ കൈമുദ്രകൾ കാണിക്കുന്നതു രണ്ടു തോളിന്റേയും സീമയ്ക്കുള്ളിലല്ലാതെ അതിനപ്പുറം കടക്കരുതെന്നു നിഷ്കൃഷ്ടമായ വ്യവസ്ഥയുണ്ടു്. നങ്ങ്യാർക്കൂത്തു് എന്നൊന്നുണ്ടു്; അതു സുഭദ്രാധനഞ്ജയം ദ്വിതീയാങ്കം വിഷ്കംഭകത്തിലെ ചേടീപ്രവേശഘട്ടത്തിലുള്ള നങ്ങ്യാരുടെ അഭിനയമാണു്. നങ്ങ്യാർ മററൊന്നും അഭിനയിക്കാറില്ല.

**തോലനും കൂടിയാട്ടവും:**—ചാക്യാന്മാരുടെ കൂടിയാട്ടത്തിനു് (1) കുലശേഖരവർമ്മാവിന്റെ സംവരണവും (2) ധനഞ്ജയവും (3) ശക്തിഭദ്രന്റെ ചൂഡാമണി (പ്രത്യേകിച്ച പർണ്ണശാലാങ്കം, ശൂർപ്പണഖാങ്കം, അശോകവനികാങ്കം, അംഗുലീയാങ്കം ഈ ഭാഗങ്ങൾ) (4) നാഗാനന്ദം (പ്രത്യേകിച്ച നാലാമങ്കം) (5) ഭാസന്റേതെന്നു ചിലർ പറയുന്ന പ്രതിജ്ഞായൌഗന്ധരായണത്തിലെ മന്ത്രാങ്കം (6) സ്വപ്നവാസവദത്തത്തിലെ സ്വപ്നാങ്കവും ശേഫാലികാങ്കവും (7) ദൂതഘടോൽകചം (8) ബാലചരിതത്തിലെ മല്ലാങ്കം (9) അഭിഷേകനാടകത്തിലെ ബാലിവധാങ്കവും തോരണയുദ്ധാങ്കവും (10) പ്രതിമാനാടകത്തിലെ വിച്ഛിന്നാഭിഷേകം (11) കല്യാണസൌഗന്ധികവ്യായോഗം (12) മത്തവിലാസപ്രഹസനം (13) ഭഗവദജ്ജുകപ്രഹസനം ഇവയാണു് പ്രായേണ ഉപയോഗിച്ചുവന്നിരുന്നതു്. അഭിജ്ഞാനശാകുന്തളവും മഹാനാടകവുംകൂടി പണ്ടു രംഗത്തിൽ പ്രയോഗിച്ചിരുന്നതായി അറിവുണ്ടു്. പ്രതിമാനാടകത്തെ പാദുകാഭിഷേകമെന്നും അഭിഷേകനാടകത്തെ വലിയ അഭിഷേകമെന്നും

Digitized By Kerala Sahitya Akademi

പറയുന്നു. നാഗാനന്ദം നാലാമങ്കമാണ് പാക്കംക്കൂത്തെന്ന പേരിൽ അഭിനയിച്ചിരുന്നതു്. അതു് ഇപ്പോൾ ലുപ്തപ്രചാരമായിരിക്കുന്നു. രംഗവിധാനം, വേഷം കെട്ടുന്ന സമ്പ്രദായം, കൈമുദ്രകളുടെ ക്രമം ഇങ്ങനെയുള്ള പല കാര്യങ്ങളിലും വേണ്ട വ്യവസ്ഥകൾ വരുത്തി അവയെ ക്രോഡീകരിച്ചു പെരുമാളുടെ മേൽനോട്ടത്തിൽ തോലൻ ആട്ടപ്രകാരമെന്നും ക്രമദീപികയെന്നും രണ്ടുമാതിരി ഭാഷാഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. ആട്ടപ്രകാരത്തിൽ ഓരോ കഥാപാത്രവും മുദ്രകൾ കാണിച്ചു് ആടേണ്ടുന്ന രീതിയാണ് വിവരിച്ചിട്ടുള്ളതു്. അതിനുള്ള പദ്യങ്ങളുടേയും ചൂർണ്ണികകളുടേയും ശരിയായ അർത്ഥവും അതിൽ വിവരിച്ചിട്ടുണ്ടു്. ക്രമദീപികയിൽ ഓരോ രൂപകത്തിലും സന്ദർഭമനുസരിച്ചു ചേർക്കേണ്ട അവതാരിക, നടന്മാർ രംഗത്തിലും മററും അനുഷ്ഠിക്കേണ്ട കൃത്യങ്ങൾ, വിദൂഷകന്റെ ചടങ്ങുകൾ മുതലായ വിഷയങ്ങൾ പ്രതിപാദിച്ചിരിക്കുന്നു. ഓരോ പാത്രങ്ങളും ഇന്ന വിധത്തിൽ വേഷം ധരിക്കണമെന്നും ഇന്ന താളത്തിലുള്ള കൊട്ടോടുകൂടി രംഗപ്രവേശം ചെയ്യണമെന്നും ഇന്ന സ്വരത്തിൽ ശ്ലോകങ്ങളും മററും ചൊല്ലണമെന്നും ഇതിൽ വിധിച്ചിട്ടുണ്ടു്. അന്നു പെരുമാളും തോലനുംകൂടി തീർച്ചപ്പെടുത്തിയ രീതിയിൽത്തന്നെയാണ് ഇന്നും കൂടിയാട്ടവും കൂത്തും നടന്നുപോരുന്നതെന്നും കാലാന്തരത്തിൽ പുതിയ സമ്പ്രദായങ്ങളൊന്നും സ്വീകരിക്കരുതെന്നും എല്ലാ നടന്മാരുടെ അഭിനയത്തിനും ഐകരൂപ്യമുണ്ടായിരിക്കണമെന്നും വിധിയുണ്ടെന്നും അഭിജ്ഞന്മാർ പറഞ്ഞു കേട്ടിട്ടുണ്ടു്. അഭിനയോപയുക്തങ്ങളായ നാടകങ്ങൾക്കെല്ലാം പ്രത്യേകം പ്രത്യേകം ആട്ടപ്രകാരവും ക്രമദീപികയുമുണ്ടു്. ഇവ മുഴുവൻ തോലന്റെ കൃതിയാണെന്നു് എനിക്കു് അഭിപ്രായമില്ല. വിദൂഷകൻ ചൊല്ലേണ്ട ഭാഷാശ്ലോകങ്ങളിലും ഏതാനും ചിലതുമാത്രമേ തോലന്റേതായുള്ളൂ. ശേഷമുള്ളവ ഓരോ കാലത്തു് ഓരോ സരസന്മാർ കൂട്ടിച്ചേർത്തതാണു്. ഒരാട്ടപ്രകാരഗ്രന്ഥത്തിൽ കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാന്റെ സന്താനഗോപാലം ശീതങ്കൻ തുള്ളലിലുള്ള ''അമ്പരതാരുഴിഭാഗാന്തരമതിൽ മരുവീടുന്ന ഭൂപാലമൌലികൊമ്പന്മാരുണ്ടനേകം'' എന്ന ശ്ലോകം എടുത്തു ചേർത്തിരിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ടു്. ഉദ്ദേശം അറുപതു കൊല്ലത്തിനു മുമ്പു വൈക്കത്തിനു സമീപം ജീവിച്ചിരുന്ന തിരുവാമ്പാടി കൊച്ചുനമ്പൂരിയുടെ ശ്ലോകങ്ങളും ആ കൂട്ടത്തിൽ സ്ഥലം പിടിച്ചിട്ടുണ്ടു്. സംസ്കൃതകവികളുടെ ചില ഉന്മാർഗ്ഗവിഹാരങ്ങളെ നിയന്ത്രിക്കുക, തന്റെ കാലംവരെ അവ്യവസ്ഥിതമായി കിടന്നിരുന്ന കൂടിയാട്ടത്തിലും കൂത്തിലും ആശാസ്യങ്ങളായ പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്തുക, മണിപ്രവാളകവിതയേയും ഭാഷാകവിതയേയും പുഷ്ടിപ്പെടുത്തുക, ഇവയാണ് കേരളത്തിലെ സാഹിത്യത്തിനും നാടകകലയ്ക്കും തോലനിൽനിന്നു ലഭിച്ച മുഖ്യസഹായങ്ങൾ.

**കൂത്തു്:**—സൂതൻ സദസ്സിൽ ഇരുന്നുകൊണ്ടു ബ്രാഹ്മണർക്കു കഥാപ്രവചനരൂപത്തിൽ സന്മാർഗ്ഗോപദേശം ചെയ്യുന്ന രീതിയിലാണല്ലോ

Digitized By Kerala Sahitya Akademi

പുരാണങ്ങൾ ഉപക്രമിപ്പിച്ചിരിക്കുന്നതു്. ആ വഴിക്കുതന്നെയായിരിക്കും കൂത്തിന്റേയും ഉത്ഭവം. സൂതനെപ്പോലെ ചാക്കിയാർക്കും പീഠത്തിൽ ഇരുന്നുകൊണ്ടു കഥ പറയാം. ക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിൽ മാത്രമേ കൂത്തും കൂടിയാട്ടവും പാടുള്ളു എന്നും ആ അവസരങ്ങളിൽ ബ്രാഹ്മണർക്കേ തറയിൽ ഇരിക്കാവൂ എന്നും നിയമമുണ്ടു്. ആദികാലത്തു സൂതനെപ്പോലെ ഭഗവൽകഥ വർണ്ണിക്കുക എന്നുള്ളതുമാത്രമായിരുന്നിരിക്കണം ചാക്കിയാരുടെ വൃത്തിയെന്നും, പിന്നീടു ക്രമേണ അവർ വ്യംഗ്യഭംഗിയുള്ള ചമ്പൂപ്രബന്ധങ്ങളിൽനിന്നു ഗദ്യപദ്യങ്ങൾ ഉദ്ധരിച്ചു്, അവയെ വിസ്തരിച്ചു് അർത്ഥം പറഞ്ഞുകേൾപ്പിച്ചു്, ഹാസ്യവും അഭിനയവും മററും ഇടകലർത്തി ആ പദ്ധതി വികസിപ്പിച്ചു് അതിനെ പണ്ഡിതന്മാർക്കും പാമരന്മാർക്കും ഒന്നുപോലെ ആകർഷകമാക്കിത്തീർത്തു എന്നും വടക്കുംകൂർ രാജരാജവർമ്മരാജാവു പ്രസ്താവിച്ചിട്ടുള്ളതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. കൂത്തും കൂടിയാട്ടവും സംബന്ധിച്ചുള്ള ശ്ലോകങ്ങൾ ചൊല്ലുന്നതിനു് അനേകം രാഗങ്ങൾ പ്രാചീനാചാര്യന്മാർ നിർദ്ദേശിച്ചിട്ടുണ്ടു്.

"മുഡ്ഡശ്രീകണ്ഠതൊണ്ടഭാത്തൻ ഇന്ദളം മുരളീന്ദളം
വേളാധൂളീ തഥാഭാണം വീരതക്കൻ ച തക്കവും;
കോരക്കുറിഞ്ഞി പോരാളി; പൊറനീരം തഥൈവ ച
ദുഃഖഗാന്ധാരവും പിന്നെച്ചെഴിപഞ്ചമഭാണവും.
ശ്രീകാമതാ കൈശികിയും ഘട്ടന്തരിയുമന്തരി"

എന്നീ രാഗങ്ങളാണു് അവയിൽ പ്രധാനം. അവ ഏതവസരങ്ങളിൽ പ്രയോഗിക്കണമെന്നും ആചാര്യന്മാർതന്നെ ഉപദേശിക്കുന്നു.

രാക്ഷസീനാം തു സംഭോഗശൃംഗാരേ മുഡ്ഡ ഇഷ്യതേ;
ശ്രീരാമസ്യ തു സംഭോഗശൃംഗാരേ മുരളീന്ദളഃ;
കോരക്കുറിഞ്ഞീരാഗേഷു വാനരാണാം വിശേഷതഃ;
പൊറനീരാഖ്യരാഗസ്തു വർഷാകാലസ്യ വർണ്ണനേ.
അങ്കാവസാനേ ശ്രീകണ്ഠീ ദുഷ്ടാനാം ച നിബർഹണേ;
സന്ധ്യാവർണ്ണനവേളായാം മദ്ധ്യാഹ്നസ്യ ച വർണ്ണനേ;

ഈ രാഗങ്ങൾ പലതും തമിഴ് ഇശൈകളിൽ പണ്ടുതന്നെ പ്രചുരപ്രചാരങ്ങളായിരുന്നു. പൊറനീരും മററും ഇപ്പോൾ കേരളത്തിൽ മാത്രമേ നടപ്പുള്ളു. അവ പഴയ ദ്രാവിഡരാഗങ്ങളായിരുന്നു.

**സുകുമാരൻ—ശ്രീകൃഷ്ണവിലാസം:** — സംസ്കൃതഭാഷയിൽ വിരചിതങ്ങളായിട്ടുള്ള മഹാകാവ്യങ്ങളിൽ ശ്രീകൃഷ്ണവിലാസത്തിന്റെ സ്ഥാനം അത്യന്തം മഹനീയമാണു്. സൗകുമാര്യം, സമത, പ്രസാദം, മാധുര്യം, അർത്ഥവ്യക്തി മുതലായ ഗുണങ്ങൾ ഇത്രമാത്രം തികഞ്ഞിട്ടുള്ള കാവ്യങ്ങൾ വേറെ ഉണ്ടെന്നു തോന്നുന്നില്ല. കേരളീയർ പണ്ടേയ്ക്കു പണ്ടേ പ്രസ്തുതകാവ്യത്തിന്റെ പരമാരാധകന്മാരാണു്. ശ്രീരാമോദന്തം വായിച്ചു് ഒരു മാതിരി വിഭക്തിജ്ഞാനം സമ്പാദിച്ചുകഴിഞ്ഞാൽ ബാല്യത്തിൽ അവർ ഇന്നും പഠിക്കുന്ന ആദ്യത്തെ ഗ്രന്ഥം അതാണെന്നു പറയേണ്ടതില്ലല്ലോ.

Digitized By Kerala Sahitya Akademi

**അപൂൎണ്ണത:** — ശ്രീകൃഷ്ണവിലാസം പന്ത്രണ്ടാമത്തെ സൎഗ്ഗം പൂഴമിപ്പിക്കുന്നതിനു കവിക്കു സാധിച്ചിട്ടില്ല.

"പ്രാതേന പൂഗദ്രുമവാടികാനാം
നിവാരയന്നക്ഷ്മഹഃപ്രകാശാൻ
പാരം ശ്രിതാൻ പശ്ചിമവാരിരാശേഃ
പശ്യ പ്രിയേ! കോങ്കണഭൂവിഭാഗാൻ."

എന്ന അറുപത്താറാമത്തെ ശ്ലോകമാണു് അദ്ദേഹം ഒടുവിൽ എഴുതിയതു്. പാരിജാതഹരണം കഴിഞ്ഞു ദേവലോകം വിട്ടു ഭൂമിയിലെത്തുമ്പോൾ ശ്രീകൃഷ്ണൻ സത്യഭാമയ്ക്കു് ഓരോ ദേശമായി കാണിച്ചുകൊടുക്കുകയും അതാതിന്റെ മാഹാത്മ്യം വൎണ്ണിച്ചുകേൾപ്പിക്കുകയും ചെയ്യുന്നു. പാണ്ഡ്യരാജ്യത്തേയും ചോളരാജ്യത്തേയും വൎണ്ണിച്ചതിനുശേഷം സപ്തകൊങ്കണങ്ങളെ വൎണ്ണിക്കുവാൻ കവി ആരംഭിക്കുന്നു. ഈ സൎഗ്ഗമെങ്കിലും പൂരിപ്പിക്കുന്നതിനു പിൻകാലത്തുള്ള കവികളിൽ ആരുംതന്നെ ഉദ്യമിച്ചിട്ടില്ലെന്നുള്ളതു പ്രസ്തുതകാവ്യത്തിന്റെ അന്യാദൃശമായ വൈശിഷ്ട്യത്തിനു നിദൎശനമാകുന്നു.

"നിരാകൃതക്ഷത്രിയമണ്ഡലേന
വിശ്വംഭരാഭാരനിരാസ്പദേന
അമീഷു സിന്ധോസ്സ്വബലാജ്ജിതേഷു
കൃതം പദം ഭാമിനി! ഭാൎഗ്ഗവേണ"

എന്നു തുടങ്ങി ആറു ശ്ലോകങ്ങൾകൂടി ചില ഗ്രന്ഥങ്ങളിൽ കാണുന്നുണ്ടു്; അവ സുകുമാരന്റെ ശ്ലോകങ്ങളല്ല. 'പ്രാതേന പൂഗദ്രുമ' എന്ന ശ്ലോകം വ്യാഖ്യാനിച്ചതിനുമേൽ രാമപാണിവാദൻ വിലാസിനിയിൽ ഇത്യേതാവദേവ മഹാകാവ്യസ്യാസ്യ പ്രവൃത്തിരിതി സമ്പൂൎണ്ണം മങ്ഗലം" എന്നു പ്രസ്താവിച്ചിരിക്കുന്നു. ഗുരുവിന്റെ ശാസനകാൎക്കശ്യം സഹിക്കവയ്യാതെ അദ്ദേഹത്തെ വധിക്കുവാൻ സുകുമാരൻ ഒരു ദിവസം രാത്രിയിൽ തട്ടിൻപുറത്തു് ഒരു കല്ലുമായി ഒളിഞ്ഞിരുന്നു എന്നും അപ്പോൾ ഗുരുപത്നിക്കും ഗുരുവിനും തമ്മിൽ തനിക്കു് അത്യന്തം അഭിമാനജനകമായ ഒരു സംഭാഷണം നടന്നു എന്നും, അതു കേട്ടു പിറേറ ദിവസം കാലത്തു ഗുരുവധോദ്യമത്തിനുള്ള ശിക്ഷയെന്തെന്നു ഗുരുവിൽനിന്നുതന്നെ ഗ്രഹിച്ചു് അദ്ദേഹം എത്രതന്നെ തടുത്തിട്ടും വഴിപ്പെടാതെ ഒരു കുണ്ഡമുണ്ടാക്കി ഉമി നിറച്ചു് അതിൽ തീകത്തിച്ചു് അവിടെനിന്നുകൊണ്ടു ദേഹം നീററി ആത്മഹത്യചെയ്തു എന്നും കേരളത്തിൽ ഒരൈതിഹ്യം സുകുമാരനെപ്പററിയും പ്രഭാകരമിശ്രനെ സംബന്ധിച്ചുള്ള രീതിയിൽ പ്രചരിക്കുന്നു. ഈ വസ്തുത ഞാൻ മുൻപു സൂചിപ്പിച്ചിട്ടുണ്ടു്. ഉമിത്തീയിൽ നില്ക്കുമ്പോൾ സുകുമാരൻ ഉണ്ടാക്കിച്ചൊല്ലിയതാണു് ശ്രീകൃഷ്ണവിലാസമെന്നും 'പശ്യ പ്രിയേ! കോങ്കണഭൂവിഭാഗാൻ' എന്ന പദം ചൊല്ലിയപ്പോൾ നാക്കു വെന്തുപോകയാലാണു് ശേഷം ഭാഗം രചിക്കാത്തതു് എന്നും ഐതിഹ്യം തുടരുന്നു. പ്രഭാകരനായിരുന്നു ആത്മഹത്യ ചെയ്തതെന്നും പ്രഭാകരന്റെ നാമാന്തരമാണു് സുകുമാ

Digitized By Kerala Sahitya Akademi

രൻ എന്നും സങ്കല്പിക്കുന്നവരുമുണ്ട്. ഈ ഐതിഹ്യങ്ങളിൽ യാതൊരു വാസ്തവാംശവും ഉള്ളതായി എനിക്കു തോന്നുന്നില്ല. കാവ്യം സമാപിപ്പിക്കുന്നതിനു മുൻപു കവി മരിച്ചുപോയി എന്നുമാത്രം അനുമാനിക്കാം.

**സുകുമാരനും കേരളവും:**— ശ്രീകൃഷ്ണവിലാസത്തിൻെറ പ്രചാരം അധികമായി കാണുന്നതു കേരളത്തിലാണെങ്കിലും സുകുമാരൻ കേരളീയനാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ചില കാരണങ്ങൾ ഞാൻ വിജ്ഞാനദീപിക നാലാംഭാഗത്തിൽ സുകുമാരകവിയെപ്പററിയുള്ള എൻെറ ഉപന്യാസത്തിൽ എടുത്തുകാണിച്ചിട്ടുണ്ട്. ശങ്കരൻേറയും പാർവ്വതിയുടേയും പുത്രനായി ഭാരതീഭൂഷണനെന്ന ബിരുദത്തോടുകൂടി ക്രി: പി: പന്ത്രണ്ടാം ശതകത്തോടടുപ്പിച്ചു ഭട്ടസുകുമാരൻ എന്നൊരു സ്മാർത്തബ്രാഹ്മണകവി ശ്രീരംഗത്തു സന്നിധാനം ചെയ്തിരുന്നു. അദ്ദേഹം ഏഴങ്കമുള്ള രാഘവീരചരിതം എന്ന നാടകത്തിൻെറ നിർമ്മാതാവാണ്. ഈ ഭട്ടസുകുമാരനായിരിക്കുമോ ശ്രീകൃഷ്ണവിലാസകാരൻ എന്നത്രേ എൻെറ ശങ്ക. അതെങ്ങനെയിരുന്നാലും കൂടുതൽ തെളിവുകൾ കിട്ടുന്നതുവരെ സുകുമാരനെ ഒരു കേരളീയനായി ഗണിക്കുന്നതാണ് പ്രാമതമായ പന്ഥാവിനെ കഴിവുള്ളിടത്തോളം അനുസരിക്കേണ്ട സാഹിത്യചരിതകാരൻെറ ചുമതല. ശ്രീകൃഷ്ണവിലാസത്തിൻെറ കാലം ക്രി: പി: പന്ത്രണ്ടാം ശതകത്തിനു മേലാണെന്നു ഞാൻ കരുതുന്നില്ല.

**വ്യാഖ്യാനങ്ങൾ:**— ശ്രീകൃഷ്ണവിലാസം പത്താം സർഗ്ഗത്തിൽ ഏതാനും ഭാഗംവരെ കവിയൂർ രാമൻനമ്പ്യാർ തർജ്ജമ ചെയ്തിട്ടുണ്ട്. അതിനുമേലുള്ള ഭാഗത്തിൻെറ ഭാഷാന്തരീകരണത്തിന് ആരും ഉദ്യമിച്ചിട്ടില്ല. സംസ്കൃതത്തിൽ രാമപാണിവാദൻെറ വിലാസിനി എന്ന വ്യാഖ്യാനത്തിനാണ് അഗ്രിമസ്ഥാനം നല്കേണ്ടതു്. അതു സമ്പൂർണ്ണമാണെന്നു കാണിച്ചുവല്ലോ. "യത്രോദ്യതാനാം കുസുമാപചായേ കാന്താസു കല്പദ്രുമവാടികാസു" ഇത്യാദി ശ്ലോകത്തിനു് "കുസുമാപചായേ, പുഷ്പോച്ചയേ, ഹസ്താദാനേ ചേരസ്തേയ ഇതി ണ്യന്താൽ അധഃസ്ഥിതാനാമേവ ഹസ്തേന പുഷ്പാപചയോ യുജ്യതേ" എന്നും മററും സമഞ്ജസമായി അർത്ഥകല്പനം ചെയ്യുന്ന പാണിവാദൻെറ സഹൃദയത്വം ശ്ലാഘനീയമായിരിക്കുന്നു. മറെറാരു വ്യാഖ്യാനത്തിൻെറ പേർ ബാലപാഠ്യയെന്നാണ്. "ശ്രീവിഷ്ണുവാഗ്രസരവാരിജസത്തമൌ തൌ ഗോപാലമാധവഗുരൂ" എന്ന പദ്യത്തിൽനിന്നു ഗോപാലപ്പിഷാരടിയും മാധവവാരിയരുമാണ് വ്യാഖ്യാതാവിൻെറ ഗുരുക്കന്മാരെന്നു കാണുന്നു.

"ബാലപാഠ്യാഭിധാ കാചിദസ്യ വ്യാഖ്യാ വിരച്യതേ
താമ്രപത്രാലയസ്ഥേന ഗോവിന്ദേന യഥാനയാൽ

സുകുമാരസരസ്വതീ രസാർദ്രാ
ഹരിലീലാമനുരുധ്യ ജേജയീതി
മലിനാപി വിഗാഹനാദമുഷ്യാം
വിമലാ സ്യാന്ന കഥം മദീയവാണീ?"

Digitized By Kerala Sahitya Akademi

എന്ന പ്രസ്താവനയിൽനിന്നു ചെമ്പോലിൽ ഗോവിന്ദനെന്നൊരു പണ്ഡിതനാണു് വ്യാഖ്യാതാവെന്നും വെളിവാകുന്നുണ്ടു്. ഇതു സമഗ്രമല്ല. മൂന്നാമത്തേ വ്യാഖ്യാനം കൊല്ലം 1055മുതൽ 1060 വരെ തിരുവിതാംകൂറിൽ നാടുവാണിരുന്ന വിശാഖം തിരുനാൾ മഹാരാജാവിന്റെ ആജ്ഞ അനുസരിച്ചു് ഇലത്തൂർ രാമസ്വാമി ശാസ്ത്രികൾ ഉണ്ടാക്കിയ മഞ്ജുഭാഷിണിയാണു്. ഇതിന്റെ അഞ്ചാംസർഗ്ഗംവരെയുള്ള ഭാഗം മാത്രമേ ഞാൻ കണ്ടിട്ടുള്ളു.

**ലക്ഷ്മീദാസൻ—ദേശം:**—കൊച്ചിരാജ്യത്തു കണയന്നൂർത്താലൂക്കിൽ വെള്ളാരപ്പള്ളിയിൽ വടക്കുംഭാഗത്തു തൃപ്പൂതമങ്ഗലം എന്നൊരു ക്ഷേത്രമുണ്ടു്. ആ ക്ഷേത്രത്തിനടുത്തുള്ള പോലീസ്സ്റ്റേഷന്റെ തെക്കേ പറമ്പിലായിരുന്നുവത്രേ കരിങ്ങമ്പള്ളിമന സ്ഥിതി ചെയ്തിരുന്നതു്. നാലു തളികളിൽ കീഴ്ത്തളി ഐരാണിക്കുളം ഗ്രാമത്തിനും ചിങ്ങപുരത്തുതളി ഇരിങ്ങാലക്കുട ഗ്രാമത്തിനും നെടിയതളി പറവൂർഗ്രാമത്തിനും മേൽത്തളി മൂഴിക്കുളം ഗ്രാമത്തിനും അവകാശപ്പെട്ടിരുന്നു എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ''തളിയാതിരി അവരോധംപുക്ക തോന്നിയതു കരിങ്ങമ്പള്ളി സ്വരൂപവും കാരിക്കൽ സ്വരൂപവും ഇളമ്പരക്കോട്ടു സ്വരൂപവു''മാണെന്നു കേരളോൽപത്തിയിൽ പ്രസ്താവിച്ചുകാണുന്നു. ആ സ്വരൂപങ്ങളിൽ ഇളമകളായിരിക്കുന്നവരാണു് തളിയാതിരിമാരാകുക; അവർക്കു വിവാഹം പാടില്ലായിരുന്നു. ഐരാണിക്കുളം ഗ്രാമത്തിലേ തളിയാതിരിസ്ഥാനമാണു് കരിങ്ങമ്പള്ളി സ്വരൂപത്തിൽനിന്നു നടത്തിവന്നതു്. ആ സ്വരൂപം അന്യം നിന്നിട്ടു് ഇരുനൂററിൽ ചില്വാനം കൊല്ലങ്ങൾ കഴിഞ്ഞിരിക്കുന്നു എന്നു് അഭിജ്ഞന്മാർ പ്രസ്താവിക്കുന്നു. അത്തരത്തിൽ ആഭിജാത്യംകൊണ്ടും അർത്ഥപുഷ്ടികൊണ്ടും ഉച്ചസ്ഥമായ ഒരു കുടുംബത്തിലായിരുന്നു ലക്ഷ്മീദാസൻ നമ്പൂരിപ്പാട്ടിലേ ജനനം. കാളിദാസനെ അനുകരിച്ചു തന്നെസ്സംബന്ധിച്ചു് അന്വർത്ഥമായ ലക്ഷ്മീദാസനെന്ന പേർ കവി സ്വീകരിച്ചു എന്നേ ഊഹിക്കേണ്ടതുള്ളു; പിതൃദത്തമായ നാമധേയം എന്തെന്നറിവാൻ മാർഗ്ഗമില്ല.

**കാലം:**—

''ലക്ഷ്മ്യാ രങ്ഗേ ശരദി ശശിനസ്സൌധശൃങ്ഗേ കയോശ്ചിൽ
പ്രേമ്ണാ യൂനോസ്സഹ വിഹരതോഃ പേശലാഭിഃ കലാഭിഃ
ദ്വാരാസേധഃ കൃ ന ഹതവിധേർദ്ദൂരനീതസ്സ തസ്യാഃ
ശ്ശ്രാന്തസ്സ്വപ്നേ ശുകമിതി ഗിരാ ശ്രാവ്യയാ സന്ദിദേശ''

എന്നതാണു് ശുകസന്ദേശത്തിലെ പ്രഥമശ്ലോകം. ഈ ശ്ലോകത്തിലെ ''ലക്ഷ്മ്യാ രങ്ഗേ'' എന്ന ഭാഗം കലിവർഷസംഖ്യയെ കുറിക്കുന്നതാണെന്നു വിചാരിച്ചു ചിലർ ക്രി: പി: 112-ലാണു് പ്രസ്തുതഗ്രന്ഥത്തിന്റെ നിർമ്മാണം എന്നും 'ദൂരനീതസ്സ തസ്യാഃ' എന്ന ഭാഗം കലിദിനസംഖ്യയെ കുറിക്കുന്നു എന്നു സങ്കല്പിച്ചുകൊണ്ടു മററു ചിലർ കൊല്ലം 666-ൽ ആണു് അതിന്റെ രചനയെന്നും വാദിക്കുന്നു. ഈ രണ്ടു പക്ഷവും ശരിയല്ല. ക്രി: പി: രണ്ടാംശതകത്തിൽ തളിയാതിരിമാരുണ്ടായിരു

Digitized By Kerala Sahitya Akademi

ന്നതിനോ അവർ ശുകസന്ദേശത്തിൽ വർണ്ണിക്കുന്ന അധികാരങ്ങൾ നട ത്തിയിരുന്നതിനോ തെളിവില്ലെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ട്. ക്രി: പി: രണ്ടാംശതകത്തിലെ സംസ്കൃതകാവ്യശൈലിയല്ല ശുകസന്ദേശത്തിൽ നാം കാണുന്നതു്. കൊല്ലം 666_ൽ അല്ല ലക്ഷ്മീദാസന്റെ ജീവിതകാല മെന്നു ഖണ്ഡിച്ചുതന്നെ പറയാം. അതിനുമുമ്പു് അദ്ദേഹം അത്യുജ്ജ്വല മായി പ്രശംസിക്കുന്ന തൃക്കണാമതിലകത്തിന്റെ മഹിമ അസ്തമിച്ചുകഴി ഞ്ഞിരുന്നു. അന്നു തിരുവഞ്ചിക്കുളം കവി വർണ്ണിക്കുന്ന വിധത്തിൽ പെരുമാക്കന്മാരുടെ രാജധാനിയുമല്ലായിരുന്നു. പോരാത്തതിനു ശുകസ ന്ദേശത്തിലെ ആറാമത്തെ ശ്ലോകത്തിലെ 'ആസധാ ലോകേ വിപുലമനാ സാം' എന്ന ഭാഗം ക്രി: പി: പതിന്നാലാംശതകത്തിൽ ആവിർഭവിച്ച എന്നുള്ളതിനെപ്പററി പക്ഷാന്തരമില്ലാത്ത ഉണ്ണുനീലിസന്ദേശത്തിൽ ഉദ്ധരിച്ചുകാണുന്നുമുണ്ട്. 'ദൂരനീതസ്സ തസ്യാഃ' എന്നതു കവിയുടെ കാലത്തേയും 'ലക്ഷ്മ്യാ രങ്ഗേ' എന്നതു സന്ദേശത്തിനു വിഷയമായ സംഭ വത്തിന്റെ കാലത്തേയും കുറിക്കുന്നു എന്നു പറയുന്നതു് ഇതിനോക്കാം അനുപപന്നമാണ്. വാസ്തവത്തിൽ ആ ശ്ലോകത്തിൽ കലിസൂചനയേ യില്ല. കവിതന്നെയാണ് വിയുക്തനായ നായകൻ; അദ്ദേഹം ശുക മുഖമായി സന്ദേശമയയ്ക്കുന്നതു തൃക്കണാമതിലകത്തുകാരിയായ തന്റെ പ്രിയതമയ്ക്കുമാണ്. ശുകസന്ദേശത്തിൽ ഒരു ശ്ലോകത്തിലെങ്കിലും കലി യുള്ളതായി അതിന്റെ വ്യാഖ്യാതാക്കന്മാരിൽ ആരും പറഞ്ഞിട്ടുമില്ല. അന്നു കൊല്ലത്തല്ലാതെ വേണാട്ടു(കൂപക)രാജാക്കന്മാർക്കു തിരുവനന്തപു രത്തു പ്രത്യേകം രാജധാനിയുള്ളതായി കവി പ്രസ്താവിക്കാത്തതു് അവി ടെ പ്രത്യേകമൊരു ശാഖ താമസിക്കാത്തതുകൊണ്ടായിരിക്കും. എന്നാൽ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തെ പുളകോൽഗമമുണ്ടാകുന്നവിധത്തിൽ വർണ്ണിക്കുന്നുമുണ്ട്. കൊല്ലത്തിനുപുറമേ കായങ്കുളത്തും അവക്കൊരു രാജ ധാനിയുള്ളതായി പ്രസ്താവിക്കുന്നു. ഓണാട്ടെന്ന കായങ്കുളംരാജ്യം പതി ന്നാലാംശതകത്തിനുമുമ്പു വേർതിരിഞ്ഞതിനു രേഖകളുണ്ട്. തെക്കുംകൂറും വടക്കുംകൂറും അന്നു പിരിഞ്ഞുകഴിഞ്ഞിരുന്നില്ല. തിരുവഞ്ചിക്കുളത്തേ മഹാരാജാവിനേയും അവരോധനാധികാരികളായ തളിയാതിരിമാരേയും യഥാക്രമം

> ''ഉത്തീർണ്ണസ്താമുദധിദയിതാമുത്തരേണ ക്രമേഥാ
> രാജൽപത്തിദ്വിപഹയരഥാനീകിനീം രാജധാനീം
> രാജ്ഞാമാജ്ഞാനിയമിതനൃണാമാനനൈർഭൂരിധാമ്നാം
> രാജാ രാജേത്യവനിവലയേ ഗീയതേ യന്നികേതഃ''

എന്നും

> ''വാചാ യേഷാം ഭവതി നൃപതിന്നായകോ രാജലക്ഷ്മ്യാ
> ഗ്രാമാൻ ഷഷ്ടിം ചതുര ഇഹ യേ ഗ്രാഹ്യചേഷ്ടാ നയന്തി,
> ശസ്ത്രേ ശാസ്ത്രേപി ച ഭൃഗനിഭൈശ്ശുശുഭ്രദ്ഭാസതേ യാ
> വിപ്രൈസ്തൈർവിപുലമാവര്യാവലീഷു സ്ഥലീഷു''

എന്നുമുള്ള ശ്ലോകങ്ങളിൽ ചിത്രണം ചെയ്തിരിക്കുന്നു. ആദ്യത്തേ ശ്ലോകം

Digitized By Kerala Sahitya Akademi

സ്ഥാനച്യുതനായ ഒരു രാജാവിനു് ഒരിക്കലും യോജിക്കുന്നതല്ലല്ലോ. ഇതെല്ലാം വച്ചുനോക്കുമ്പോൾ ക്രി: പി: പത്താംശതകത്തിലോ പതിനൊന്നാംശതകത്തിലോ ഉള്ള ഒരു കൃതിയായിരിക്കും ശുകസന്ദേശം എന്നു പറവാൻ തോന്നുന്നുണ്ടു്.

**ചരിത്രം:**—മററു ചില വിശിഷ്ടകവികളെപ്പററി എന്നപോലെ ലക്ഷ്മീദാസനെപ്പററിയും ഒരു കഥ പറയാറുണ്ടു്. ബാല്യത്തിൽ അദ്ദേഹം മന്ദബുദ്ധിയായിരുന്നു. തന്നിമിത്തം അദ്ദേഹത്തെ പഠിപ്പിച്ചിരുന്ന ശാസ്ത്രികൾ പിരിഞ്ഞുപോകാൻ നിശ്ചയിച്ചു. അപ്പോൾ അകായിലുള്ളവർ 'ഈ ചെപ്പുകുടം കൊട്ടത്തളത്തിലുള്ള കരിങ്കല്ലിനെക്കൂടി കുഴിച്ചിട്ടുണ്ടു്.' എന്നു പറഞ്ഞു ശാസ്ത്രികളെ ആശ്വസിപ്പിച്ചു. കാലക്രമത്തിൽ അദ്ദേഹത്തിൻെറ ശ്രമം ഫലവത്തുമായി. ഇതാണു് ആ കഥ. മറെറാരു കഥ കവിയുടെ പരദേശയാത്രയുമായി കെട്ടുപെട്ടു കിടക്കുന്നു. പരദേശത്തു ലക്ഷ്മീദാസൻ ഒരു ദിവസം രാത്രിയിൽ ഒരു ബ്രാഹ്മണഗൃഹത്തിൽ ചെന്നു. ആ ഗൃഹത്തിൻെറ നായകൻ അദ്ദേഹത്തിനു് അത്താഴമാകട്ടെ അകത്തു കിടക്കുവാൻ സ്ഥലമാകട്ടെ കൊടുത്തില്ല. കവി പുറന്തിണ്ണയിൽ കിടന്നു് ഉറക്കംവരാതെ വലഞ്ഞു. 'അപ്പോൾ ഗൃഹത്തിനകത്തു ചിലർ പുതിയ കാവ്യമായ ശുകസന്ദേശം വായിച്ചു് അൎത്ഥവിചാരം ചെയ്തുകൊണ്ടിരുന്നു. ഒരു ശ്ലോകത്തിൻെറ അൎത്ഥത്തെപ്പററിയുള്ള വാഗ്വാദം മൂത്തപ്പോൾ ആഗന്തുകൻ കവിഹൃദയമിന്നതെന്നു വെളിയിലിരുന്നു വിശദീകരിച്ചു. അതു കേട്ടു് അവർ കതകുതുറന്നു "നീർതാനോ കരിങ്ങമ്പള്ളി?" എന്നു ചോദിക്കുകയും ആണെന്നുള്ള മറുപടി കേട്ടു് ആനന്ദവിവശരായി അദ്ദേഹത്തെ അകത്തു വിളിച്ചുകൊണ്ടുപോയി സല്ക്കരിക്കുകയും ചെയ്തു. ഈ ഐതിഹ്യം യഥാൎത്ഥമാണെങ്കിൽ അതു ലക്ഷ്മീദാസൻെറ ആദ്യത്തെ വിദേശസഞ്ചാരമായിരിക്കുകയില്ല; എന്തെന്നാൽ ഒരു വിദേശസഞ്ചാരം കഴിച്ചിട്ടാണല്ലോ ശുകസന്ദേശം നിൎമ്മിച്ചതു്. കവിതന്നെയാണു് നായകൻ എന്നു വരവൎണ്ണിന്യാദിവ്യാഖ്യകളിൽ തുറന്നു പ്രസ്താവിച്ചിട്ടുള്ള വസ്തുത പ്രകൃതത്തിൽ സ്മരണീയമാണു്.

**ശുകസന്ദേശം:**—സന്ദേശകാവ്യങ്ങളുടെ മാൎഗ്ഗദൎശിയെന്നു രാമായണം കിഷ്കിന്ധാകാണ്ഡത്തിൽ വാനരസന്ദേശം ഉൾക്കൊള്ളിച്ചിട്ടുള്ള വാല്മീകിമഹൎഷിയെയാണു പറയേണ്ടതു്. ആ പ്രസ്ഥാനത്തിൻെറ പിതാവു മേഘസന്ദേശകാരനായ കാളിദാസമഹാകവിതന്നെയാകുന്നു. മേഘസന്ദേശത്തിൽ പൂൎവ്വഭാഗം കവി വിയോഗാൎത്തനായ നായകൻെറ താമസസ്ഥലംമുതൽ നായികയുടെ താമസസ്ഥലംവരെയുള്ള മാൎഗ്ഗവൎണ്ണനത്തിനാണു പ്രധാനമായി വിനിയോഗിക്കുന്നതു്. ഉത്തരഭാഗംകൊണ്ടു നായികയുടെ ദേശം, ഗൃഹം, വിരഹാവസ്ഥ മുതലായവ വൎണ്ണിക്കുകയും ദൂതൻ നിവേദനം ചെയ്യേണ്ട സന്ദേശം കുറിക്കുകയും ചെയ്യുന്നു. ശുകസന്ദേശത്തിനു വരവൎണ്ണിനിയെന്ന വ്യാഖ്യാനം രചിച്ച ധൎമ്മഗുപ്തൻ, സന്ദേശകാവ്യത്തിൽ കവി പറയേണ്ട വിഷയങ്ങളിൽ

Digitized By Kerala Sahitya Akademi

മനസ്സിരുത്തേണ്ടതുണ്ടെന്നും ആ വിഷയങ്ങൾ (1) ആദിവാക്യം (2) ദൗത്യയോജനം (3) പ്രത്യുദ്ഗവര്‍ണ്ണനം (4) പ്രാപ്യദേശവര്‍ണ്ണനം (5) മന്ദിരാഭിജ്ഞാനം (6) പ്രിയാസന്നിവേശവിമര്‍ശനം (7) അന്യരൂപതാപത്തിസംഭാവന (8) അവസ്ഥാവികല്പനങ്ങൾ (9) വചനാരംഭം (10) സങ്കേതവചനം (11) അഭിജ്ഞാനദാനം (12) പ്രമേയപരിനിഷ്ഠാപനം എന്നിവയാണെന്നും വിവരിച്ചിട്ടുണ്ട്. മേഘസന്ദേശകാവ്യദ്വാരാ കാളിദാസൻ ദേശചരിത്രഗ്രന്ഥനത്തിൽ അത്യന്തം അവജ്ഞ ഭാവിച്ചിരുന്ന ഭാരതീയക്കു മാര്‍ഗ്ഗവര്‍ണ്ണന എന്ന വ്യാജത്തിൽ ചരിത്രപരമായി പല അറിവുകളും നല്കി; പശ്ചാൽകാലികന്മാരായ സന്ദേശകവികൾ അദ്ദേഹത്തെ അനുകരിക്കുകനിമിത്തം നമുക്കു് ഈ വിഷയങ്ങളിൽ ഒട്ടു വളരെ ജ്ഞാനമുണ്ടാകുവാൻ സംഗതി വന്നിട്ടുണ്ടു്. അതാണു് സന്ദേശകൃതികൾക്കു് ഇതരകൃതികളെ അപേക്ഷിച്ചുള്ള മെച്ചം.

**ശുകസന്ദേശവും ദേശചരിത്രവും:**—ലക്ഷ്മീദാസൻെറ സന്ദേശത്തിലെ നായകനു് ഏതോ ദുര്‍വ്വിധിയാൽ രാമേശ്വരത്തു കുറേക്കാലം താമസിക്കേണ്ടിവരുന്നു. അവിടെനിന്നു് ഒരു കിളിയെ ദൂതനാക്കി തൃക്കണാമതിലകത്തു താമസിക്കുന്ന തൻെറ പ്രേയസിക്കു് അദ്ദേഹം സന്ദേശമയയ്ക്കുന്നു. നായകൻ ലക്ഷ്മീദാസൻ തന്നെയെന്നു പറഞ്ഞുവല്ലോ; പ്രേയസി അന്തര്‍ജ്ജനമല്ല. 'വീതാലംബേ പഥി വിചരിതും വ്യക്തമാഭാഷിതുഞ്ച' (ആകാശത്തുകൂടി പറക്കുന്നതിനും വ്യക്തമായി സംഭാഷണം ചെയ്യുന്നതിനും) തത്തയ്ക്കുള്ള പാടവം പ്രസിദ്ധമാണല്ലോ. രാമേശ്വരം, താമ്രവര്‍ണ്ണീനദി, ആ നദീതീരത്തിലുള്ള മണലൂരെന്ന പാണ്ഡ്യരാജാക്കന്മാരുടെ രാജധാനി, അവിടെനിന്നും വലതുവശത്തും ഇടതുവശത്തുമായി തെക്കോട്ടേയ്ക്കു പോകുന്നതിനുള്ള രണ്ടു വഴികൾ, ഇടതുവശത്തേ വഴി വളവുള്ളതാണെങ്കിലും അതിനുള്ള മേന്മ, പാണ്ഡ്യരാജ്യം, സഹ്യപര്‍വ്വതം, ഇവയെ വര്‍ണ്ണിച്ചതിനുമേൽ കവി ശുകത്തെ കേരളത്തിലേക്കു കടക്കുവാൻ ഉപദേശിക്കുന്നു. ആ ഘട്ടത്തിൽ ലക്ഷ്മീദാസൻെറ ദേശാഭിമാനത്തെ കരതലാമലകംപോലെ കാണിക്കുന്ന ഉജ്ജ്വലമായ ഒരു ശ്ലോകമുണ്ടു്. അതാണു താഴെ ഉദ്ധരിക്കുന്നതു്.

> ''ബ്രഹ്മക്ഷത്രം ജനപദമഥ സ്ഫീതമധ്യക്ഷയേഥാ
> ദര്‍പ്പാദര്‍ശം ദൃഢതരമൃഷേര്‍ജ്ജാമദഗ്ന്യസ്യ ബാഹോഃ
> യം മേദിന്യാം രുചിരമരിചോത്താളതാംബൂലവല്ലീ-
> വേല്ലൽകേരക്രമുകനികരാൻ കേരളാനുദ്ഗൃണന്തി.''

അവിടെ കന്യാകുമാരീക്ഷേത്രം, മരുത്വാമല, ശുചീന്ദ്രക്ഷേത്രം, തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രം, കഴകന്മാരുള്ള കഴക്കൂട്ടം, ഇവയുടെ വിവരണം കഴിഞ്ഞു 'ക്ഷ്മാപകാധീശ്വരന്മാരുടെ കുലപുരി'യായ കൊല്ലത്തേയ്ക്കു കവി കിളിയെ പറഞ്ഞയയ്ക്കുന്നു. പിന്നെ രണ്ടു കായൽ, (സിന്ധുദ്വയമെന്നാൽ രണ്ടു പുഴയെന്നല്ല അര്‍ത്ഥം) അതായതു് അഷ്ടമുടിക്കായലും കായങ്കുളം കായലും, കടന്നു കായങ്കുളത്തെത്തി അവിടെനിന്നു തിരുവല്ലാ, വെമ്പലനാട്ടു് (കോട്ടയം), ആ നാട്ടിലെ രാജാക്ക

Digitized By Kerala Sahitya Akademi

ന്മാരുടെ പടവീടായ കടുത്തുരുത്തി (സിന്ധുദ്വീപം-കടൽത്തുരുത്ത്) ഇവയെല്ലാം സന്ദർശിച്ചു മൂവാററുപുഴയാറ (ഏല്ല) കടന്നു് അതിനടുത്തുള്ള (വേന്നനാട്ടു) നമ്പൂരിഗ്രാമത്തിലെ മഹാവിഷ്ണുവിനെ കിളി തൊഴണം. ആ വിഷ്ണുക്ഷേത്രം ഏതാണെന്നു വെളിപ്പെടുന്നില്ല. പ്രസ്തുതഗ്രാമത്തിലെ വിദ്വാന്മാരേയും വിശേഷിച്ചു മഹാപണ്ഡിതനായിരുന്ന സുബ്രഹ്മണ്യൻനമ്പൂരിയേയും കവി താഴെക്കാണുന്നവിധം പ്രശംസിക്കുന്നു.

''പ്രജ്ഞോൽകർഷപ്രകടനകൃതേ പ്രാശ്നികേ പ്രാജ്ഞലോകേ
കല്ലോലാഢൈർമതിജലനിധേരുത്ഥിതൈസ്തർക്കജാലൈഃ
സ്വല്പാബാധാദവഹിതധിയഃ സ്പഷ്ടമർത്ഥാന്തരത്തം
ശ്രൂയതേ ലീനം സദസി രഹസി ശ്രാവകാശ്ശ്രാവയേയുഃ.

ദത്തപ്രേമാ ശിഖിനി ദളയൻ ദാനവാൻ ബാണമുക്ത്യാ
സുബ്രഹ്മണ്യഃ പഥി സുമനസാം യൂഥനേതാ നിഷേവ്യഃ
അക്ഷോഭ്യത്വം ദധതി കൃതിനാമദ്ഭുതാർത്ഥാന്യമീഷാം
ഛിദ്രാസ്കന്ദിച്ഛിദുരതരസാ യസ്യ ശക്ത്യാ പദാനി.''

ഈ സുബ്രഹ്മണ്യൻ പുലിയന്നൂർ മനയ്ക്കലേ അംഗമായിരുന്നു. മാടമ്പു മനയ്ക്കലേ അംഗമെന്നു പറയുന്നതു ശരിയല്ലെന്നാണു തോന്നുന്നതു്. പുലിയന്നൂർ ഒരു താന്ത്രികകുടുംബമാണു്. പിന്നീടു തൃക്കാക്കരയപ്പനെ തൊഴുതു പെരിയാർ കടന്നു തിരുവഞ്ചിക്കുളത്തെത്തി ജയരാതേശ്വരമെന്നു പേരുള്ള അവിടത്തെ ക്ഷേത്രത്തിലെ ശിവനേയും അതിനപ്പുറം കൊടുങ്ങല്ലൂർ ഭദ്രകാളിയേയും വന്ദിച്ചു തൃക്കണാമതിലകത്തു് എത്തണമെന്നു കവി കിളിയോടു് അഭ്യർത്ഥിക്കുന്നു. ചരിത്രസംബന്ധമായി പൂർവ്വഭാഗത്തിൽനിന്നു നമുക്കു ലഭിക്കുന്ന അറിവുകൾ അമൂല്യങ്ങളാണെന്നു് ഇത്രയും പ്രസ്താവിച്ചതിൽനിന്നു വിശദമാകുന്നതാണല്ലോ.

**ശുകസന്ദേശത്തിലേ സാഹിത്യം:**—മേഘസന്ദേശം കഴിഞ്ഞാൽ സന്ദേശകാവ്യസാമ്രാജ്യത്തിൽ അടുത്തസ്ഥാനം ശുകസന്ദേശത്തിനാണെന്നുള്ളതിൽ പക്ഷാന്തരമില്ല. സ്വഭാവഗംഭീരമായ രചനാവൈഭവംകൊണ്ടും അനുവാചകന്മാർക്കു് അവരുടെ ബുദ്ധിശക്തിക്കനുഗുണമായി സമുല്ലസിക്കുന്ന അർത്ഥസൗന്ദര്യംകൊണ്ടും ഹൃദയങ്ഗമമായ ശബ്ദാർത്ഥാലങ്കാരപൗഷ്കല്യംകൊണ്ടും ശുകസന്ദേശം സർവ്വാതിശായിയായ രാമണീയകകാഷ്ഠയെ അധിഷ്ഠാനം ചെയ്യുന്നു എന്നു പി. എസ്സ്. അനന്തനാരായണശാസ്ത്രി പ്രസ്താവിച്ചിട്ടുള്ളതു പ്രത്യക്ഷരം പരമാർത്ഥമാകുന്നു.

''സൗജന്യാബ്ധേ! ഭവതു ഭവതേ സ്വാഗതം; വേഗതോ ഗാ-
മാഗാസ്സമ്പ്രത്യമരതരുണീനന്ദനാന്നന്ദനാന്നു,
ഉത്സങ്ഗാദ്വാ കരപരിലസദ്വല്ലകീകോണവേല്ല-
ന്നീലക്ഷൗമാഞ്ചലപടലികാമുദ്രിതാദദ്രിജായാഃ?''

എന്ന ശ്ലോകം ശബ്ദഭംഗിക്കും,

''ചക്ഷുല്ലീലാം ചടുലശഫരൈരുർമ്മിഭിർഭ്രൂവിലാസാൻ
ഫേനൈർഹാസശ്രിയമപി മുഖേ വ്യഞ്ജയന്തീ സ്രവന്തീ

Digitized By Kerala Sahitya Akademi

ആത്മാസക്തേ ജായതി രുചിം ഭത്തൃരാന്യാസപാദ്ദ്വൈഃ
സോപാദപ്പേണ്ടൈരുദയിഭിരസ്യ സപാട്ടൂഴുതാപ്ലലേന.''

എന്ന ശ്ലോകം അൎത്ഥചമൽകാരത്തിനും ഉദാഹരണമായി അങ്ഗീകരിക്കാവുന്നതാണ്. ചില ശ്ലോകങ്ങൾ നാളികേരപാകത്തിൽ വിരചിതങ്ങളാകയാൽ അല്പമേധസ്സുകൾക്ക് അൎത്ഥഗ്രഹണത്തിന്നു ക്ലേശമുണ്ട്. എന്നാൽ വൈദഗ്ദ്ധ്യമുള്ളവൎക്ക് അവയുടെ രസം അമൃതോപമവുമാണ്.

**വ്യാഖ്യാനങ്ങൾ:**—ശുകസന്ദേശത്തിന്റെ വ്യാഖ്യാനങ്ങളിൽ പ്രഥമസ്ഥാനത്തെ അൎഹിക്കുന്നതു കോഴിക്കോട്ടു പടിഞ്ഞാറേക്കോവിലകത്തു മാനവേദരാജാവിന്റെ വിലാസിനിയാകുന്നു. വിലാസിനീകാരൻ കൊല്ലം 940 മുതൽ 1015-വരെ ജീവിച്ചിരുന്നു. എഴുപതാംപ്പാടായതിനു മേലാണു മരിച്ചതു്. വിലാസിനിയിൽ താഴെ ഉദ്ധരിക്കുന്ന പ്രസ്താവന കാണുന്നു.

''ശൃങ്ഗാരശൎക്കരാക്ഷോദസങ്ഗാതിമധുരാകൃതി
ജയതി പ്രഥിതം കാവ്യം ശുകസന്ദേശസംജ്ഞിതം.

തസ്യാതിമോഹനഗഭീരതരാൎത്ഥജാത-
സമ്പൂരിതോദരസമുദ്ഗസഹോദരേണ
ദ്വാരാപിധാനശകലോദ്ധരണപ്രവീണാം
ശ്രീമാനവേദനൃപതിൎവ്വിവൃതിം കരോതി.

ലക്ഷ്മീദാസകവീശ്വരേണ ഭണിത-
സ്സന്ദേശകാവ്യാചലോ
ഗൂഢാൎത്ഥോച്ഛ്രയദുൎഗ്ഗമോദ്യ ധിഷണാ-
ശക്ത്യാ മയാരുഹ്യതേ
ശ്രാന്തശ്ചേൽ പതിതോന്തരാ ഗുരുകൃപാ-
യഷ്ടിം ഗരിഷ്ഠാം തദാ
വിഷ്ടഭ്യാധികകൃച്ഛ്രതഃ സധാവിരവദ്-
ഗന്താസ്മി ചാധിത്യകാം.

ലക്ഷ്മീദാസകവേരുദാരവചസ-
സ്സന്ദേശകാവ്യാങ്ഗജോ
ബാഹാൎത്ഥശ്രുതവൃത്തിമണ്ഡനഗുണ-
ശ്രീമാനവേദാന്നൃപാൽ
ജാതാമദ്യ വിലാസിനീം സഹൃദയാം
ഗൃഹ്ണൻ ബുധേഭ്യോധികം
ദത്വാൎത്ഥാൻ ദൃഢരക്ഷിതാൻ ജനയതാ-
ദാനന്ദമസ്യാം സദാ.''

വ്യാഖ്യാതാവു ശ്രീരങ്ഗനാഥനെന്ന ഗുരുവിനേയും ഉഴുത്തിരവാരിയർ, ശേഖരവാരിയർ എന്നീ രണ്ടു സതീൎത്ഥ്യന്മാരേയും സ്മരിക്കുന്നു. രങ്ഗനാഥൻ ഒരു ദ്രാവിഡബ്രാഹ്മണനാണ്. അദ്ദേഹം ന്യായ

Digitized By Kerala Sahitya Akademi

ത്തിൽ ദിനകരിക്കു് ഒരു വ്യാഖ്യാനം രചിച്ചിട്ടുള്ളതിനു പുറമെ ചോളദേശീയനായ അശ്വത്ഥനാരായണശാസ്ത്രികൾ നിബന്ധിച്ച വ്യുൽപത്തിവാദടിപ്പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടു്. അശ്വത്ഥനാരായണശാസ്ത്രികളുടെ പൌത്രനായിരുന്നു മഹാമഹോപാധ്യായൻ രാമസുബ്ബാശാസ്ത്രികൾ. രുദ്രനും ശേഖരനും ദേശമംഗലത്തു വാരിയന്മാരാണ്. 'തസ്യ പ്രേമപ്രസരസുരഭിസ്സുഭ്രു സന്ദേശവാണീ' എന്ന ശ്ലോകം വ്യാഖ്യാനിക്കുമ്പോൾ മാനവേദൻ സിദ്ധാന്തകൌമുദി, തത്വബോധിനി മുതലായി താരതമ്യേന അർവ്വാചീനങ്ങളായ ഗ്രന്ഥങ്ങളിലെ വിഷയങ്ങൾ എടുത്തു കാണിക്കുന്നതിനു പുറമെ കൊല്ലം പത്താംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന വടക്കേടത്തു കൊച്ചുശങ്കരൻ മൂത്തതിനെ സ്മരിക്കുകയും ചെയ്യുന്നു. മൂത്തതു് ദേശമംഗലത്തു് ഉഴുത്തിരവാരിയരുടെ ശിഷ്യനും വലിയ വൈയാകരണനുമായിരുന്നു. ഏവഞ്ച വിലാസിനീകാരൻ 680—740-ഈ കൊല്ലങ്ങൾക്കിടയ്ക്കാണു് ജീവിച്ചിരുന്നതെന്നും ആ വ്യാഖ്യാനത്തിനു് 736-ൽ എഴുതിയ ഒരു പകർപ്പുണ്ടെന്നും ഉള്ള അഭ്യൂഹം പ്രമാദമാണെന്നു വന്നുകൂടുന്നു.

**വരവർണ്ണിനി:**— മറ്റു വ്യാഖ്യാനങ്ങൾ പ്രാചീനങ്ങളാണു്. അവയും കേരളീയകൃതികൾതന്നെ. അവയിൽ വരവർണ്ണിനി ധർമ്മഗുപ്തന്റേതാണെന്നു മുൻപു പറഞ്ഞുവല്ലോ.

''സ്വസ്രേ പൂർവം മഹിതനൃപതേർവ്വിക്രമാദിത്യനാമ്നഃ
പ്രോക്താം ചക്രേ തരുണജലദം കാളിദാസഃ കവീന്ദ്രഃ''

എന്നു നാം ലീലാതിലകത്തിൽ കാണുന്ന ഒരു പദ്യത്തിന്റെ പൂർവാർദ്ധം അദ്ദേഹം ഉദ്ധരിക്കുന്നതിൽനിന്നു താൻ കേരളീയനാണെന്നു നമ്മെ ഉൽബോധിപ്പിക്കുന്നു.

''ലക്ഷ്മീദാസകവേഃ ക്വ ലജ്ജിതവിയദ്ഗംഗാതരംഗാ ഗിരഃ?
ക്ലിഷ്ടോന്മേഷതയാനുദീർണ്ണവിഷയാ ദൃഷ്ടിഃ ക്വ ചാസ്മാദൃശാം?
താസാമേവ തഥാപി വീക്ഷ്യ വികടോല്ലാസപ്രസാദം ഗുണം
വ്യാഖ്യാനേ പ്രയതാമഹേ; സഹൃദയാസ്തത്ര പ്രസീദന്തു നഃ.

ഭാങ്കാരമാത്രേ കതിചിൽ പ്രവൃത്താഃ;
പര്യായദാനേപി പരേ കൃതാർത്ഥാഃ;
സംവാദവാചൈവ വിവൃണ്വതേന്യേ
വ്യാഖ്യാകൃതഃ, കിന്നു കിയതാ ഫലം നഃ?

ലക്ഷ്മീദാസപദേന ലോകവിദിതഃ കാവ്യേഷു ലബ്ധശ്രമോ
ഭാരത്യാ സഹ വശ്യയാ പരിലസൻ യസ്യ പ്രണിനധാ കവിഃ
ശൃംഗാരസ്യ ച ഗോചരസ്സഹൃദയശ്ലാഘ്യോ രസഗ്രാമണീ-
സ്സോത്തീർണ്ണതയേദമുല്ലസതി നസ്സന്ദേശകാവ്യാമൃതം.''

വരവർണ്ണിനി എന്ന പേർ വ്യാഖ്യാനത്തിനു കൊടുത്തതുതന്നെ യുവതിസാധർമ്മ്യംകൊണ്ടും വരവസ്തുവിന്റെ വർണ്ണനംകൊണ്ടുമാണെന്നും കൂടി അദ്ദേഹം പറവാൻ ഭാവമുണ്ടു്. അതിലൊന്നും അതിശയോക്തിസ്പർ

Digitized By Kerala Sahitya Akademi

മില്ല. ഒരു സന്ദേശത്തിൽ അടങ്ങിയിരിക്കേണ്ട പന്ത്രണ്ടു പ്രകരണങ്ങളെക്കുറിച്ച് അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടല്ലോ. തന്റെ വ്യാഖ്യാനം പതിമ്മൂന്നു പരിച്ഛേദങ്ങളായി ആ പണ്ഡിതൻ വിഭജിക്കുന്നു. അതിൽ ആദ്യത്തേത് അവതരണികാരൂപത്തിലുള്ളതും ഒടുവിലത്തേതു പ്രശ്നമയ പരിനിഷ്ഠാപനവുമാണ്.

**ചിന്താതിലകം:**—വാസുദേവശിഷ്യനായ ഗൌരീദാസന്റെ ചിന്താതിലകമാണ് മൂന്നാമത്തെ വ്യാഖ്യാനം. അതു് ഇങ്ങനെ ആരംഭിക്കുന്നു.

''സ്വപ്നാവസ്ഥാസദൃശമഖിലം ബോധയൻ ദൃശ്യമാന–
സ്വപ്നോത്ഥൈകപ്രിയസഹചരീതീവ്രവിശ്ലേഷദുഃഖം
ചക്രേ ചക്രപ്രഹരണരതഃ കോപി ധാത്രീസുരേന്ദ്ര–
ശ്ചക്രാബ്ജപ്രതിമതുലനാത്തുലികാം മല്ലികാം നഃ''

**വ്യാകൃതി:**—അജ്ഞാതനാമാവായ ഒരു പണ്ഡിതന്റെ കൃതിയാണ് ശുകസന്ദേശവ്യാകൃതി. സന്ദേശകാവ്യങ്ങളിലെ ദ്വാദശപ്രകരണങ്ങളെപ്പറ്റി അദ്ദേഹവും പ്രസ്താവിക്കുന്നു. വ്യാകൃതിയോ വരവർണ്ണിനിയോ അവയിൽ പ്രാചീനതരമെന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ട്. എന്നാൽ വ്യാകൃതികാരൻ കാവ്യത്തിലെ നായികയെപ്പറ്റി ചില പുതിയ വിവരങ്ങൾ നമ്മെ ധരിപ്പിക്കുവാനുണ്ട്. രങ്ഗലക്ഷ്മി എന്നാണു നായികയുടെ പേരെന്നും കാവ്യത്തിലെ ''സ്ഫുടമഭിദധതുദ്ഭൂതാങ്ഗീമഥാന്യേ സങ്ഗീതാർത്ഥപ്രണയനവിദഃ പ്രേക്ഷകാ രങ്ഗലക്ഷ്മീം'' എന്ന ഭാഗം അതിനു ലക്ഷ്യമാണെന്നും, ആ സുന്ദരി ഒരു നർത്തകിയായിരുന്നു എന്നും ''വാണീവീണാരവസഹചരീ വാണിനീനാം ശിഖായാഃ'' (II–31) എന്ന പദ്യാംശം അതിനു സാക്ഷ്യം വഹിക്കുന്നു എന്നുമാണ് അദ്ദേഹം പ്രസ്താവിക്കുന്നതു്. അതു വിശ്വസനീയമായിരിക്കുന്നു. എന്നാൽ രങ്ഗലക്ഷ്മി എന്നതു് ഒരു ബിരുദനാമമെന്നാണ് എന്റെ പക്ഷം. ഉത്തരസന്ദേശത്തിൽ 'വർണ്ണഃ സ്വർണ്ണാംബുജവിരജസാം' എന്നതിനും 'അന്തർവ്രീളാം' എന്നതിനും ഇടയ്ക്കുള്ള ഒരു പ്രക്ഷിപ്തപദ്യമാണ്

''വക്ത്രേ പദ്മം ദൃശി കുവലയം കൈരവം മന്ദഹാസേ
ഹസ്തേ രക്തോത്പലമപി വപുഃ പ്രേക്ഷ്യ സങ്ഗൃഹ്യ സഖ്യഃ
അപ്ഫുല്ലേതി സ്ഫുടമഭിദധത്യുദ്ഭൂതാംഗീമഥാന്യേ
സങ്ഗീതാർത്ഥപ്രണയനവിദഃ പ്രേക്ഷകാ രങ്ഗലക്ഷ്മീം.

എന്നു വ്യാകൃതികാരൻ നിർദ്ദേശിക്കുന്നു. അതു പ്രക്ഷിപ്തമെന്നു തീർച്ചപ്പെടുത്തേണ്ടതില്ല. അപ്ഫല്ല എന്നാൽ ജലത്തിൽ വികസിച്ചവളെന്നർത്ഥം. അതു് ഏതോ ഒരു ഭാഷാസംജ്ഞയുടെ സംസ്കൃതരൂപംപോലെ തോന്നുന്നു. അതായിരിക്കാം നായികയുടെ യഥാർത്ഥനാമധേയം.

ഈ വ്യാഖ്യാതാക്കന്മാർക്കെല്ലാം ലക്ഷ്മീദാസനെപ്പറ്റി എത്രമാത്രം ബഹുമാനമുണ്ടായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടു് ഈ സന്ദേശം സ്വന്തം ഇങ്ഗ്ലീഷ് ടിപ്പണി

Digitized By Kerala Sahitya Akademi

യോടും വലിയ കോയിത്തമ്പുരാൻെറ സംസ്കൃതടിപ്പണിയിൽ ഏതാനും ഭാഗത്തോടുംകൂടി പ്രസിദ്ധപ്പെടുത്തുകയുണ്ടായി എന്നും ഇവിടെ വക്തവ്യമാണു്.

**മുക്തകങ്ങൾ:—** ലക്ഷ്മീദാസൻെറ രണ്ടു് ഒററ ശ്ലോകങ്ങൾ നമുക്കു കിട്ടീട്ടുണ്ടു്. അവ താഴെക്കാണുന്നവയാണു്.

നിദ്ര: ''വിദ്യാഭിലാഷകപിതാം നിജബാലസഖ്യാ
തന്ദ്ര്യാ കഥഞ്ചിദനുനീയ സമീപനീതാം
ചേതോഹരാം പ്രണയിനീമഖിലേന്ദ്രിയേഷ്ടാം
നിദ്രാം പ്രസാദയിതുമേവ നമസ്കരോമി.''

മലയവായു: ''അമീ തടസമീപനിർഝരതരംഗരിംഖൽപയോ–
ജഡീകൃതപടീരഭൂരുഹകടീരസഞ്ചാരിണഃ
മനോ വിധുരയന്തി മേ മലയമേഖലാമേദുരാ
ദുരാസദവനപ്രിയപ്രിയതമാരുതാ മാരുതാഃ''.

**മൂഷികവംശം — അതുലൻ:—** പ്രാചീനകേരളത്തെ പരാമർശിക്കുന്നതും പണ്ടത്തെ കോലത്തുനാട്ടുരാജാക്കന്മാരുടെ വംശത്തേയും അപദാനങ്ങളേയും അനുകീർത്തനം ചെയ്യുന്നതുമായ ഒരു സംസ്കൃതമഹാകാവ്യമാകുന്നു മൂഷികവംശം. ഈ കാവ്യത്തിൻെറ പതിനഞ്ചു സർഗ്ഗങ്ങൾ കണ്ടുകിട്ടീട്ടുണ്ടു്. പതിനഞ്ചാമത്തേതാണു് ഒടുവിലത്തെ സർഗ്ഗമെന്നു് അനുമാനിക്കുന്നതിനു ന്യായങ്ങളുമുണ്ടു്. ശ്രീകണ്ഠൻ എന്ന ഒരു കോലത്തിരിരാജാവിൻെറ രാജ്യഭാരവർണ്ണനമാണു് പതിനഞ്ചാം സർഗ്ഗത്തിലെ വിഷയം. ആ ശ്രീകണ്ഠൻ, പ്രഥമരാജേന്ദ്രചോളൻ കേരളദിഗ്വിജയത്തിൽ പരാജിതനാക്കിയ കന്ത(ണ്ഠ)ൻ കാരിവർമ്മനാണെന്നു് ഊഹിക്കാം. രാജേന്ദ്രചോളൻെറ വാഴ്ചക്കാലം ക്രി: പി: 1012മുതൽ 1043വരെയായിരുന്നതിനാൽ ഏകദേശം അക്കാലത്താണു് ശ്രീകണ്ഠൻ ജീവിച്ചിരുന്നതെന്നുള്ളതിനു സംശയമില്ല. മൂഷികവംശത്തിൻെറ നിർമ്മാതാവു് 'അതുലൻ' എന്നൊരു കവിയാണെന്നുള്ളതു ഗ്രന്ഥത്തിൽ കാണുന്ന ''അതുലകൃതൗ മൂഷികവംശേ ദ്വിതീയസർഗ്ഗഃ'' എന്ന കുറിപ്പിൽനിന്നു വെളിപ്പെടുന്നു. അതുലനും ശ്രീകണ്ഠനും സമകാലികന്മാരായിരുന്നു എന്നുള്ളതും നാം മൂഷികവംശത്തിൽനിന്നു ഗ്രഹിക്കുന്നു. ഇതുവരെ പ്രസ്താവിച്ചതിൽനിന്നു മൂഷികവംശത്തിൻെറ ആവിർഭാവം ഉദ്ദേശം ക്രി: പി: പതിനൊന്നാം ശതകത്തിൻെറ പൂർവ്വാർദ്ധത്തിലാണെന്നു കാണാവുന്നതാണു്.

**വിഷയം:—** അന്തർവത്നിയായ ഒരു കേരളരാജ്ഞി ഏഴിമലയിൽ കോലവംശത്തിൻെറ കൂടസ്ഥനായ രാമഘടനെ പ്രസവിക്കുന്നതാണു് കഥയുടെ ആരംഭം. രാമഘടൻ, നന്ദനൻ മുതലായി പല കോലത്തിരിമാരുടേയും ചരിത്രം കവി വർണ്ണിക്കുന്നു. ആ കൂട്ടത്തിൽ പെരിഞ്ചെല്ലൂർക്ഷേത്രത്തിൻെറ പ്രതിഷ്ഠാപകനായ ശതസോമൻ, കേരളേശ്വരനായ ജയരാഗൻെറ പുത്രനും കോലാധിപനായ രണമാനിയുടെ മരുമകനുമായ ഗോദവർമ്മാവു്, ഇവരെപ്പററിയും പ്രസ്താവിക്കുന്നുണ്ടു്. അച്ഛ

Digitized By Kerala Sahitya Akademi

നം അമാവനും തമ്മിൽ ആരംഭിച്ച ഒരു യുദ്ധം ഗോദവർമ്മാവു പോക്കളത്തിന്റെ മധ്യത്തിൽ നിന്നുകൊണ്ടു സമാധാനത്തിൽ കലാശിപ്പിച്ചു. ജയരാഗൻ ക്രി: പി: ഉദ്ദേശം 900–മുതൽ 912–വരെ കേരളം രക്ഷിച്ച വിജയരാഗദേവനാകുന്നു. പിന്നീടും പല രാജാക്കന്മാരുടെ വാഴ്ചയെപ്പററി സൂചിപ്പിച്ചതിനുമേൽ ദ്വിതീയവളഭൻ എന്ന പ്രശസ്യനായ രാജാവിന്റെ ചരിത്രം വിവരിക്കുന്നു. അക്കാലത്തു ഭവനെന്നും നന്ദിയെന്നും പേരിൽ രണ്ടു പണ്ഡിതമൂർദ്ധന്യന്മാരായ നമ്പൂരിമാർ പെരിഞ്ചെല്ലൂരിൽ ജീവിച്ചിരുന്നു.

> ''യത്ര ദ്വിജന്മതിലകൗ ഭവനന്ദിസംജ്ഞൗ–
> വക്ഷ്യമാണഗുണരത്നചയാവഭൂതാം
> മോഹാപനോദകരണാർത്ഥമിഹ പ്രജാനാം
> ശുക്രശ്ച ശക്രസചിവശ്ച ദിവോവതീർണ്ണൗ''

എന്നാണു് കവി അവരെപ്പററി പറയുന്നതു്. വളഭൻ സ്വാത്മമതാവലംബിയായിരുന്നു എങ്കിലും കോലത്തുനാട്ടിനും കൊടുങ്ങല്ലൂരിനും ഇടയ്ക്കു സമുദ്രതീരത്തിൽ അക്കാലത്തു സ്ഥിതിചെയ്തിരുന്നതും പിന്നീടു കടലെടുത്തുപോയതുമായ ശ്രീമൂലവാസത്തിലേക്കു പോയി അവിടത്തെ 'അതികാരുണികനായ സുഗതനെ' (ബുദ്ധഭഗവാനെ) അഭിവന്ദിക്കുകയും ശ്രേഷ്ഠന്മാരായ 'ജൈന'(ബൌദ്ധ)ജനങ്ങളുടെ ആശിസ്സു സ്വീകരിക്കുകയും ചെയ്തു. ഈ വളഭന്റെ അനുജനാണു് കവിയുടെ പുരസ്കർത്താവായ ശ്രീകണ്ഠൻ. അദ്ദേഹത്തെ അതുലൻ

> ''പീനോന്നതസ്ഥിരതരാംസതടം പ്രലംബ–
> ജ്യാഘാതലാഞ്ഛിതകഠോരതരപ്രകോഷ്ഠം
> കൗക്ഷേയകത്സരുകിണാങ്കതലാംഗുലീകം
> യദ്ബാഹുദണ്ഡമജിതം ഭജതേ ജയശ്രീഃ''

> ''കല്പദ്രുമഃ പ്രണയിനാം, സുഹൃദാം ശശാങ്കോ,
> ബന്ധുസ്സതാം, സദനമംബുജദേവതായാഃ,
> വാഗ്മസ്യ യസ്സമിതി വിദ്വിഷതാം കൃതാന്തഃ,
> കാന്താജനസ്യ ഭഗവാനപി പുഷ്പകേതുഃ''

എന്നും മററും പല പ്രകാരത്തിൽ വർണ്ണിക്കുന്നുണ്ടു്. ആകെക്കൂടി നോക്കുമ്പോൾ മൂഷികവംശത്തിനു കാവ്യമെന്നും ദേശചരിത്രമെന്നും രണ്ടു നിലകളിൽ അഭിനന്ദനീയമായ സ്ഥാനമാണുള്ളതു്.

**വില്വമംഗലത്തു സ്വാമിയാർ—ഉപക്രമം:**—ശങ്കരാചാര്യരെ കഴിച്ചാൽ വില്വമംഗലത്തു സ്വാമിയാരോളം അഖിലഭാരതപ്രശസ്തി മറെറാരു കേരളീയനും സമ്പാദിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ജന്മഭൂമി വംഗദേശമാണെന്നും ഉൽകല(ഒറിസ്സ)മാണെന്നും ആന്ധ്രമാണെന്നും മററും അതാതു ദേശക്കാർ വാദിക്കുന്നു. അഞ്ചോളം വില്വമംഗലത്തു സ്വാമിയാരന്മാരെ ചില കേരളീയരും സിദ്ധാന്തീകരിക്കുന്നു. എന്റെ

Digitized By Kerala Sahitya Akademi

പക്ഷം ആ പേരിൽ ഒരു പുണ്യശ്ലോകനേ ജനിച്ചിട്ടുള്ളൂ എന്നും അദ്ദേഹത്തിൻെറ അവതാരദേശം കേരളമാണെന്നുമാകുന്നു.

**ദേശം:—** ആദ്യകാലത്തു പന്നിയൂർ ഗ്രാമത്തിൽ പെട്ടിരുന്ന 'വെള്ള' എന്ന ഗൃഹത്തിലെ ഒരു ശാഖ പിന്നീടു വടക്കൻതിരുവിതാംകൂറിൽ പാവൂരിൽ പുത്തൻചിറയിൽ താമസിക്കുവാനിടവന്നു. വെള്ളാങ്ങല്ലൂർ കുടുംബക്കാരെന്നാണ് അവരെ പറഞ്ഞുവന്നതു്. അവരുടെ പല കുടുംബങ്ങളിൽ ഒന്നിലാണ് വില്വമംഗലത്തിൻെറ ജനനം. വില്വമംഗലമെന്നല്ല വില്ലുമംഗലമെന്നായിരുന്നു ഇല്ലപ്പേർ. അതിനെ സംസ്കൃതീകരിച്ചു കോദണ്ഡമംഗലം എന്നും പറയാറുണ്ടു്. ഇല്ലം ഇപ്പോളില്ല; ഇല്ലപ്പറമ്പും വില്വമംഗലംവക ക്ഷേത്രവും മേച്ചേരിമനയ്ക്കലേക്കു അടങ്ങിയിരിക്കുന്നു. പാറമേൽ തൃക്കോവിൽ ശ്രീകൃഷ്ണക്ഷേത്രം ആ സിദ്ധൻെറ പ്രതിഷ്ഠയാലും ഭജനത്താലും പവിത്രമാണ്. വില്വമംഗലത്തുപാടം എന്ന പേരിൽ ഒരു വലിയ പാടവും പുത്തൻചിറയിലുണ്ടു്.

**ചരിത്രം:—** സ്വാമിയാരുടെ അച്ഛൻ ദാമോദരനും അമ്മ നീലിയുമായിരുന്നു എന്നു ശ്രീകൃഷ്ണകർണ്ണാമൃതത്തിൻെറ പ്രഥമാശ്വാസത്തിലുള്ള

''ഈശാനദേവചരണാഭരണേന നീലീ–
ദാമോദരസ്ഥിരയശഃസ്തബകോദ്ഗമേന
ലീലാശുകേന രചിതം തവ ദേവ കൃഷ്ണ–
കർണ്ണാമൃതം വഹതു കല്പശതാന്തരേപി''

എന്ന ശ്ലോകത്തിൽനിന്നു വിശദമാകുന്നതാണ്. ലീലാശുകൻ അഥവാ കൃഷ്ണലീലാശുകൻ എന്നതു ശ്രീകൃഷ്ണൻെറ ബാലലീലകളെപ്പററി ശ്രീകൃഷ്ണകർണ്ണാമൃതത്തിൽ അമൃതമധുരമായി ഗാനംചെയ്യുക നിമിത്തം അദ്ദേഹത്തിനു സമകാലികന്മാരായ സഹൃദയന്മാർ നല്കിയ ബിരുദനാമമാണെന്നു് ഊഹിക്കാം. പിതൃദത്തമായ പേരെന്തെന്നു് അറിയുന്നില്ല. ഈശാനദേവൻ എന്നതു് അദ്ദേഹത്തിൻെറ ഒരു ഗുരുവിൻെറ നാമധേയമാണെന്നു മുൻപു് ഉപപാദിച്ചിട്ടുണ്ടു്. കർണ്ണാമൃതം ആരംഭിക്കുന്നതു

''ചിന്താമണിർജ്ജയതി സോമഗിരിർഗ്ഗുരുർമ്മേ
ശിക്ഷാഗുരുശ്ച ഭഗവാൻ ശിഖിപിഞ്ഛമൗലിഃ''

ഇത്യാദിശ്ലോകം കൊണ്ടാണല്ലോ. ആദ്യത്തെ പാദം വ്യാഖ്യാനിക്കുമ്പോൾ രാമചന്ദ്രബുധേന്ദ്രൻ തൻെറ ഭഗവൽഭക്തിരസായനവ്യാഖ്യയിൽ ''അഥ ഖലു തത്ര ഭഗവാൻ സകലകലാകലാപവാഗ്വിലാസവാചസ്പതിർഭഗവദ്ഭക്താഗ്രഗണ്യഃ കൃഷ്ണലീലാശുകമുനിർന്നാമ മഹാകവിഃ........ ...........മേ, മമ, ഗുരുർഹിതോപദേശികാ ചിന്താമണിർന്നാമ; പൂർവം സ്വേനൈവോപഭുക്താ കാചിദ്വാരാങ്ഗനാ ജയതി..................അഥവാ ചിന്താമണിരിതി സോമഗിരേർവിശേഷണം. ചിന്താമണിവദഭീഷ്ടപ്രദാതൃത്വാൽ, ചിന്താമണിർമ്മേ ഗുരുഃ മഹാവാക്യോപദേഷ്ടാ................ഗുരുസമ്പ്രദായപ്രവർത്തകഃ പരമഹംസപരിവ്രാജകാര്യസ്സോപി ജയതി'' എന്നു് അർത്ഥവിവരണം ചെയ്യുന്നു. പാപായല്ലയസൂരി അദ്ദേഹത്തിൻെറ

Digitized By Kerala Sahitya Akademi

സ്വൎണ്ണചഷകവ്യാഖ്യയിലും ഈ മതത്തെത്തന്നെ അംഗീകരിക്കുന്നു. ഈ വ്യാഖ്യാതാക്കന്മാർ രണ്ടുപേരും ആൎയ്യന്മാരാണ്. ചിന്താമണി ഒരു വേശ്യയും സോമഗിരി ഒരു താന്ത്രികസമ്പ്രദായപ്രവൎത്തകനുമായിരുന്നു എന്നാകുന്നു വിദ്വദഭിപ്രായം.

**വില്വമംഗലവും ചിന്താമണിയും:**— ഭക്തമാലയിൽ ഇവ്വരെ ഘടിപ്പിച്ച് ഒരൈതിഹ്യം രേഖപ്പെടുത്തീട്ടുള്ളതു സംഗ്രഹിച്ചുകൊള്ളട്ടെ. ചിന്താമണി വില്വമംഗലത്തിൻെറ വെപ്പാട്ടിയായ ഒരു വേശ്യയായിരുന്നു. വില്വമംഗലം കൃഷ്ണാനദിയുടെ ഒരു കരയിലും ചിന്താമണി മറുകരയിലും താമസിച്ചിരുന്നു. തൻെറ അച്ഛൻെറ ചാത്തമാകയാൽ ഒരു ദിവസം അദ്ദേഹത്തിനു് അവളെ വിട്ടു സ്വഗൃഹത്തിലേക്കു പോകേണ്ടിവന്നു. അന്നു വേശ്യാഗൃഹത്തിൽ പോകുകയില്ലെന്നായിരുന്നു ആദ്യത്തെ പ്രതിജ്ഞയെങ്കിലും, രാത്രിയിൽ കാമോന്മാദം സഹിക്കവയ്യാതെ, മിന്നലും ഇടിയും മഴയും കൂട്ടാക്കാതെ, പുഴ കടന്നു് എങ്ങനെയെങ്കിലും ചിന്താമണിയുടെ മുന്നിൽ ചാടിവീഴണമെന്നു് അദ്ദേഹം തീർച്ചയാക്കി. പെരുവെള്ളത്തിൽ ഒഴുകിവന്ന ഒരു ശവശരീരത്തെ തോണിയെന്നു സങ്കല്പിച്ചു് അതിൽ പററിപ്പിടിച്ചു പുഴയുടെ മറുകരയിൽ എത്തി. വേശ്യ വെളിയിലത്തെ കതകു് അടച്ചിരുന്നു. കാമുകനാകട്ടെ ചുവരിൽ തൂങ്ങിക്കിടന്ന ഒരു സൎപ്പത്തെക്കണ്ടു കയറാണെന്നു ഭ്രമിച്ചു് അതിൽ കടന്നു പിടിച്ചുകയറി അകത്തു കടന്നുകൂടി. ചിന്താമണി അദ്ദേഹത്തിൻെറ ആഗമനത്തിൽ ആശ്ചൎയ്യപ്പെട്ടു വെളിയിൽ ചെന്നുനോക്കിയപ്പോൾ അദ്ദേഹത്തെ നയിച്ച വാഹനങ്ങൾ ശവവും സൎപ്പവുമാണെന്നു മനസ്സിലാക്കി അവയെ കാണിച്ചുകൊടുക്കുകയും അത്തരത്തിലുള്ള അത്യുൽക്കടമായ പ്രേമം ശ്രീകൃഷ്ണൻെറ നേൎക്കായിരുന്നാൽ എത്ര നന്നായിരിക്കുമായിരുന്നു എന്നു് ഉപദേശിക്കുകയും ചെയ്തു. അതു കേട്ടു വില്വമംഗലം അവളോടു് ''ഇന്നുമുതൽ നീ എനിക്കു് ആചാൎയ്യയും അമ്മയുമാണു്'' എന്നു പറഞ്ഞുകൊണ്ടു് അവിടം വിട്ടുപോയി അടുത്തു താമസിച്ചിരുന്ന സോമഗിരിയോടു ശ്രീകൃഷ്ണമന്ത്രോപദേശം സ്വീകരിച്ചു. വില്വമംഗലത്തെപ്പററിയുള്ള അനന്തരകഥ വിസ്തരിക്കുന്നില്ല. ഒടുവിൽ താപസിയായിത്തീൎന്ന ചിന്താമണി അദ്ദേഹത്തിൻെറ അന്ത്യകാലപരിചൎയ്യയ്ക്കു് എത്തുകയും രണ്ടുപേരും വൃന്ദാവനത്തിൽ താമസിച്ചു സായുജ്യം പ്രാപിക്കുകയും ചെയ്തു എന്നാണു് അതിൻെറ അവസാനം. ചിലർ ഈ സംഭവങ്ങൾ നടന്നതു കേരളത്തിൽവച്ചുതന്നെയാണെന്നും ചിന്താമണി കരുപ്പടന്നയ്ക്കു സമീപം കാക്കത്തുരുത്തിയിലുള്ള ഒരു നായർസ്ത്രീയായിരുന്നു എന്നും പറയുന്നു. ഏതായാലും ഒരു സംഗതി നിശ്ചയമാണു്. വില്വമംഗലം ഒരു വലിയ ദേശസഞ്ചാരിയായിരുന്നു. ഭാരതത്തിൽ അദ്ദേഹത്തിൻെറ പാദപാംസുക്കളാൽ പല പ്രദേശങ്ങളും പവിത്രീകൃതങ്ങളായിട്ടുണ്ടു്. വളരെക്കാലംമുമ്പു മുതല്ക്കുതന്നെ ഈ പ്രണയകഥയ്ക്കു് അവിടെയെല്ലാം പ്രചാരവും സിദ്ധിച്ചിട്ടുണ്ടു്. ഒടു

Digitized By Kerala Sahitya Akademi

വിലാണ് തൃശ്ശൂർ തെക്കേമഠത്തിലെ സ്വാമിയാരായി അദ്ദേഹം അവരോധിക്കപ്പെട്ടതു്.

**ഗുരുക്കന്മാർ:—** ഈശാനദേവനേയും സോമഗിരിയേയും പററി പ്രസ്താവിച്ചുകഴിഞ്ഞു. ആദിത്യപ്രജ്ഞൻ എന്നൊരു ഗുരുവും വില്വമംഗലത്തിനുണ്ടായിരുന്നതായി കാണുന്നു.

''അജ്ഞാനാന്ധമനജ്യോതിഃ പ്രജ്ഞേശാനപദാസ്പദം
ആലംബിതനരാകാരമാലംബനമഭൂൽ സതാം.
അമുഷ്യ കരുണാപാത്രമസ്തി മസ്കരിണാം മണിഃ
ആദിത്യപ്രജ്ഞസംജ്ഞം യദാദിത്യാദധികം മഹഃ
നിർജ്ജിതസ്സമദൃഷ്ട്യൈവ നിർല്ലോലം യേന മന്മഥഃ
ആജ്ജിതൈരസ്ത്രകസ്യൈരാരാദാരാധയൻ യയൗ
ഈശാനദേവ ഇത്യാസീദീശാനോ മുനിതേജസാം
ആസ്പദസ്യ ഹി യസ്യാസീദീശാനഗുണസമ്പദാം
അദ്വിതീയ ഇതി ഖ്യാതിരാത്മബുദ്ധ്യാ ന കേവലം
തയോരനുഗ്രഹാപാങ്ഗസങ്ക്രാന്തജ്ഞാനസാഗരാഃ
സാഗരാ ഇവ ഗംഭീരാസ്സന്തി ധന്യാസ്സഹസ്രശഃ.
തയോരേവ കൃപാപാത്രം കൃഷ്ണലീലാശുകോ മുനിഃ;
യദാശ്രമാങ്ഗണേ നിത്യം രമന്തേ തന്ത്രവിസ്തരാഃ.
തിലകം കുലപാലീനാം നീലീതി നിലയം ശ്രിയാം
യമലം ജനയാഞ്ചക്രേ യന്മാ കീർത്തിർന്മ ശാശ്വതീം.
യസ്യ ദാമോദരോ നാമ പിതാ സവിതൃസന്നിഭഃ
അനൂണസ്യ ഹി യസ്യാസന്നധമർണ്ണാ മരുദ്ഗണാഃ
യസ്യ തൽ പ്രിയസവ്രഹ്മം രാഘവേശാനസംജ്ഞകം
വിനേയസ്സ വിധേയാനാം ന[illegible]ൽ................
യസ്യ ദക്ഷിണകൈലാസലീലാപരിണതം മഹഃ
ഛച്ഛാഛന്ദനഗന്ധേന സുഗന്ധയതി മാനസം.
കൃഷ്ണലീലാശുകസ്യാസ്യ കിശോരമധിദൈവതം
ശ്രുതിരത്നമിദം ബ്രൂതേ വേണുവാദിമുഖേന്ദുനാ''

എന്നു സ്വാമിയാർ ബാലകൃഷ്ണസ്തോത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഇതിൽനിന്നു പ്രജ്ഞേശാനൻ എന്നൊരു സിദ്ധൻ ജീവിച്ചിരുന്നു എന്നും അദ്ദേഹത്തിനു് ആദിത്യപ്രജ്ഞനെന്നൊരു ശിഷ്യനും ഈശാനദേവൻ എന്നൊരു പ്രശിഷ്യനുമുണ്ടായിരുന്നു എന്നും അവരുടെ കരുണയ്ക്കു കൃഷ്ണലീലാശുകൻ പാത്രമായെന്നും അദ്ദേഹത്തിനു രാഘവേശാനൻ എന്നൊരു സുഹൃത്തുകൂടിയുണ്ടായിരുന്നു എന്നും തൃശ്ശൂരിലെ ദേവനെ അദ്ദേഹം ആരാധിച്ചിരുന്നു എന്നും നാമറിയുന്നു.

**കാലം:—** കുറഞ്ഞ പക്ഷം മൂന്നു പേരെങ്കിലും വില്വമങ്ഗലത്തു സ്വാമിയാർ എന്ന പേരിൽ കേരളത്തിൽ ജീവിച്ചിരുന്നിരിക്കണമെന്നും അവരിൽ ആദ്യത്തേ വില്വമങ്ഗലത്തിൻെറ കാലം ക്രി: പി: ഒൻപതാം ശതക

Digitized By Kerala Sahitya Akademi

വും രണ്ടാമന്റേതു പതിനൊന്നാം ശതകത്തോടടുത്തും മൂന്നാമന്റേതു പതി
നേഴാം ശതകവുമാണെന്നത്രേ ചില പണ്ഡിതന്മാരുടെ പക്ഷം. പതി
നേഴാം ശതകത്തിൽ കൃഷ്ണനാട്ടം രചിച്ച കോഴിക്കോട്ടു മാനവേദരാജാവി
ന്റെ ഗുരുവായി ഒരു തെക്കേമഠത്തിൽ സ്വാമിയാരുണ്ടായിരുന്നിരി
ക്കാം; അദ്ദേഹം വിഷ്ണുഭക്തനുമായിരുന്നിരിക്കാം. പക്ഷേ അദ്ദേഹം കൃഷ്ണ
ലീലാശുകൻ എന്നുള്ളതിനു സംശയമില്ല. ഞാൻ മുമ്പു സൂചിപ്പിച്ച പ
ണ്ഡിതന്മാർ ഒൻപതാംശതകത്തിൽ ജീവിച്ചിരുന്ന വില്വമംഗലം ശ്രീകൃഷ്ണ
കർണ്ണാമൃതവും ശ്രീചിഹ്നവും പതിമ്മൂന്നാം ശതകത്തോടടുത്തു ജീവിച്ചി
രുന്ന വില്വമംഗലം പുരുഷകാരം തുടങ്ങിയ ഗ്രന്ഥങ്ങളും രചിച്ചു എന്നു
വാദിക്കുന്നു. ആ വാദം ശരിയാണെങ്കിൽ കൃഷ്ണലീലാശുകനായിരുന്നതായാൽ
അലങ്കൃതന്മാരും കൃഷ്ണഭക്തന്മാരും വൈയാകരണശിഖാമണികളുമായി
രണ്ടു വില്വമംഗലന്മാരെ നാം അധ്യാഹരിക്കേണ്ടിയിരിക്കുന്നു. അ
തിന്റെ ആവശ്യം കാണുന്നില്ലെന്നുമാത്രമല്ല, ആശ്ചര്യകരമായ ആ
സംഭവത്തിനു തെളിവുമില്ല. ദേവൻ എന്നൊരു പണ്ഡിതൻ സംസ്കൃതധാ
തുക്കളെ അധികരിച്ചു ദൈവം എന്നൊരു വ്യാകരണഗ്രന്ഥം കാരികാ
രൂപത്തിൽ നിർമ്മിച്ചു; അതിനു കൃഷ്ണലീലാശുകൻ കാണിപ്പുരത്തുവച്ചു
രചിച്ച വിശദവും വിസ്തൃതവുമായ വാർത്തികമാണ് പുരുഷകാരം.

''ഉക്താനുക്തദുരുക്താനി സ്ഥാനേ സ്ഥാനേ വിവൃണ്വതാ
കൃഷ്ണലീലാശുകേനൈവം കീർത്തിതം ദൈവവാർത്തികം.
കൃഷ്ണലീലാശുകസ്യേയം കൃതിഃ കൃതിമനോഹരാ
പുഷ്ണാതി കൃഷ്ണസമ്പ്രീതിം ഭുവനാന്യഭിപുഷ്യതു''

എന്നീ ശ്ലോകങ്ങൾ അതിന്റെ അവസാനത്തിൽ കാണുന്നു. പുരുഷകാര
ത്തിലെ മംഗലാചരണപദ്യവും ശ്രീകൃഷ്ണപരമാണ്. പുരുഷകാരത്തിൽ
ഗ്രന്ഥകാരൻ ശൃംഗാരപ്രകാശകർത്താവായ ഭോജദേവനേയും (ക്രി: പി:
പതിനൊന്നാം ശതകം) ധാതുപാഠനിർമ്മാതാവായ ഹേമചന്ദ്രനേയും
(ക്രി: പി: 1088—1172) കവികാമധേനുവിന്റെ പ്രണേതാവായ
ബോപ്പദേവനേയും (പതിമ്മൂന്നാം ശതകത്തിന്റെ ഉത്തരാർദ്ധം) സ്മരി
ക്കുന്നു. ക്രി: പി: പതിന്നാലാം ശതകത്തിന്റെ പശ്ചാർദ്ധത്തിൽ ഗ്രന്ഥ
നിർമ്മാണംചെയ്ത സായണാചാര്യർ ധാതുവൃത്തിയിൽ പുരുഷകാരത്തേയും
സ്മരിക്കുന്നു. അതുകൊണ്ടു പുരുഷകാരകർത്താവായ കൃഷ്ണലീലാശുകന്റെ
ജീവിതകാലം ക്രി: പി: പതിമ്മൂന്നാം ശതകത്തിന്റെ ചരമപാദത്തിനു
മുമ്പല്ലെന്ന് അനുമാനിക്കാം. ശ്രീചിഹ്നത്തിന്റെ ഒടുവിലത്തെ നാലു
സർഗ്ഗം രചിച്ച ദുർഗ്ഗാപ്രസാദയതി ത്രിവിക്രമന്റെ പ്രാകൃതവ്യാകരണത്തെ
സ്മരിക്കുന്നു. ത്രിവിക്രമൻ ഹേമചന്ദ്രനെ ഉദ്ധരിക്കുന്നതുകൊണ്ടും മറ്റും
അദ്ദേഹത്തിന്റെ കാലം പതിമ്മൂന്നാം ശതകത്തിന്റെ പ്രഥമപാദമായിരി
ക്കണമെന്നാണ് അഭിയുക്തമതം. ആ വഴിക്കു നോക്കുമ്പോഴും ഈ അനു
മാനം സമുചിതമായിരിക്കുന്നു.

**ശ്രീചിഹ്നം:**—ശ്രീചിഹ്നം അഥവാ ഗോവിന്ദാഭിഷേകം വര
രുചിയുടെ പ്രാകൃതപ്രകാശസൂത്രങ്ങളെ ഉദാഹരിക്കുന്നതും പന്ത്രണ്ടു സർഗ്ഗ

Digitized By Kerala Sahitya Akademi

ത്തിലുള്ളതുമായ ഒരു പ്രാകൃതകാവ്യമാകുന്നു. അതിൽ ആദ്യത്തെ എട്ടു സർഗ്ഗം വില്വമംഗലത്തിന്റേയും ബാക്കി നാലു സർഗ്ഗം അദ്ദേഹത്തിന്റെ 'കനിഷ്ഠകലശ'നും 'ചരണാബ്ജഷട്പദ'വുമായ ദുർഗ്ഗാപ്രസാദയതിയുടേയും കൃതിയാണ്. ഗ്രന്ഥത്തിനു് ആദ്യന്തം ദുർഗ്ഗാപ്രസാദൻതന്നെ ഭക്തിവിലാസം എന്ന പേരിൽ ഒരു വ്യാഖ്യാനവും രചിച്ചിട്ടുണ്ടു്. സർഗ്ഗാന്തശ്ലോകങ്ങളിൽ 'ശ്രീ' എന്ന മുദ്രയുള്ളതുകൊണ്ടാണു് പ്രസ്തുതകാവ്യത്തിനു ശ്രീചിഹ്നം എന്ന പേർ വന്നതു്. അതുപോലെ ശിശുപാലവധത്തിലേയും കിരാതാർജ്ജുനീയത്തിലേയും ഹരവിജയത്തിലേയും സർഗ്ഗാന്തശ്ലോകങ്ങളിൽ 'ശ്രീ'മുദ്ര മാഘനും 'ലക്ഷ്മീ'മുദ്ര ഭാരവിയും 'രത്ന'മുദ്ര രത്നാകരനും യഥാക്രമം പതിച്ചിട്ടുണ്ടെന്നുള്ളതു ഭാവുകന്മാൎക്കു് അശ്രുതപൂൎവ്വമല്ലല്ലോ. താഴെക്കാണുന്ന പദ്യങ്ങൾ ദുർഗ്ഗാപ്രസാദന്റെയാണു്. കവനവിഷയത്തിൽ ശിഷ്യനും ഗുരുവിനും തമ്മിൽ അജഗജാന്തരമുണ്ടു്.

''കോദണ്ഡമങ്ഗലവധൂഗൎഭജനിതോ ഹരിധ്യാനീ
ശ്രീകൃഷ്ണദൎശനപരഃ കില കണ്ണഭൃത്യഃ *
ജാതഃ ക്രമേണ പരഹംസപദേ സ്ഥിതോസ്മിൻ
യോങ്കസ്ഥിതസ്തമവലോക്യ ജഗാമ തുഷ്ടിം.''

''ശ്രീപദ്മപാദമുനിവൎയ്യവിനേയവൎഗ്ഗ-
ശ്രീഭൂഷണം മുനിരസൗ കവിസാൎവ്വഭൗമഃ
ശ്രീകൃഷ്ണരൂപപരമാമൃതപാനശീല-
ശ്ചക്രേ തദീയചരിതം ബഹുധാ ഹിതായ.''

(ഒന്നാം സർഗ്ഗം)

ശ്രീകൃഷ്ണലീലാശുകബദ്ധകാവ്യം
വിവൃത്യ ലോകസ്യ ഹിതായ പൂൎവ്വം
തച്ഛേഷപൂൎത്തിഞ്ച പുനൎവ്വിധായ
വിവൃണ്മഹേ f ധോത്തരഭാഗമേതം.'' (ഒൻപതാം സർഗ്ഗം)

''മുക്തിസ്ഥലാലയശിവാപദഭക്തിലേശാ-
ദ്ദുൎഗ്ഗാപ്രസാദയതിരിത്യഭിധാം ദധാനഃ
കൎത്താ സ്വയം സുകൃതമാത്രഫലാന്യഭീപ്സുഃ
കൃഷ്ണേപ്സയാമൃഥ വിശുദ്ധികരാ മഹാന്തഃ.''

(പന്ത്രണ്ടാം സർഗ്ഗം)

''ചാപമങ്ഗലഗൃഹോ യതീശ്വരോ
ബില്വമങ്ഗലഗൃഹോ വാ ഭവതി യഃ
മമ ഏഷ പരിചാരകാരണാൽ
ബ്രഹ്മതാമുപഗതഃ പ്രസീദതു.'' (ടീ-ഹരായ)

ഈ പദ്യങ്ങളിൽനിന്നു ശ്രീചിഹ്നം ലീലാശുകന്റെ ഒടുവിലത്തെ കൃതിയായിരുന്നു എന്നും, അതു സമാപിക്കുന്നതിനുമുമ്പു് അദ്ദേഹം ബ്രഹ്മസായുജ്യം പ്രാപിച്ചു എന്നും, എട്ടാംസർഗ്ഗത്തിനുമേലുള്ള ഭാഗം നിൎമ്മിച്ച

* കണ്ണഭൃത്യപദത്തിന്റെ അൎത്ഥം വിശദമാകുന്നില്ല.

Digitized By Kerala Sahitya Akademi

ദുൎഗ്ഗാപ്രസാദൻ ആദ്യം മൂക്കോലബ്ഭഗവതിയുടെ ഉപാസകനായിരുന്നു എന്നും പിന്നീടു ലീലാശുകന്റെ അന്തേവാസിയായി ആദ്യം ശ്രീചിഹ്നം എട്ടു സൎഗ്ഗം വ്യാഖ്യാനിക്കുകയും പിന്നീടു് അതു പൂരിപ്പിക്കുകയും ചെയ്തു എന്നും നാമറിയുന്നു.

''പല്യങ്കിതഃ പൂൎവ്വപകാരശോഭി-
ദചിത്രൂപതോപേതടവൎണ്ണ ഏഷഃ
പ്രവൎത്തതി യേഷാം ഖലു നാമധേയ-
മാഗസ്ത്യകഗ്രാമഭുവാം ഗതാനാം.
ഗൃഹേഷു തേ ദക്ഷിണഭാഗസംജ്ഞേ
തേഷ്വപ്യജാതാത്മകളേബരേഷു
മോക്ഷാശ്രമീ; തേന പരം നിബദ്ധാ
വ്യാഖ്യാ മുദാ ശോധകസദ്ബലേന.

കോകാരട മകാരശ്ച ണതദ്വിതോപശോഭിതഃ
ക്രമാദ്ഭവതി യോ രാമസ്സഹകാരീ സ വൈഷ്ണവഃ''

എന്ന പദ്യങ്ങളിൽനിന്നു സന്യാസസ്വീകാരത്തിനുമുമ്പു ദുൎഗ്ഗാപ്രസാദൻ തെക്കേടത്തില്ലത്തെ ഒരു നമ്പൂരിയായിരുന്നു എന്നും അദ്ദേഹത്തിനു ഗ്രന്ഥരചനയിൽ കോടമണ്ണു രാമപ്പിഷാരടി വേണ്ട സാഹായ്യം ചെയ്തു എന്നും കാണാം. 'ആഗസ്ത്യകഗ്രാമം' ഏതെന്നു മനസ്സിലാകുന്നില്ല. ''തൽകനിഷ്ഠകുലഗഃ'' എന്നു ദുൎഗ്ഗാപ്രസാദൻ തന്നെപ്പററി പറയുന്നതുകൊണ്ടു വില്വമങ്ഗലവും ആ ഇല്ലത്തിൽത്തന്നെ ജനിച്ചതായി സങ്കല്പിക്കണം. ''പല്യങ്കിതഃ'' ഇത്യാദി ശ്ലോകത്തിൽനിന്നു് ആ ഇല്ലക്കാരെ ''പട്ടപ്പള്ളി'' എന്നുകൂടി വിളിച്ചിരുന്നതായും ഊഹിക്കാം. ശ്രീചിഹ്നവ്യാഖ്യയിൽ ദുൎഗ്ഗാപ്രസാദൻ ലീലാശുകനെ പത്മപാദാചാൎയ്യരുടെ 'വിനേയൻ' എന്നു പറയുന്നതുകൊണ്ടു് അദ്ദേഹം ക്രി: പി: ഒൻപതാം ശതകത്തിൽ ജീവിച്ചിരുന്നിരിക്കണമെന്നുള്ള വാദം സങ്ഗതമല്ല. തെക്കേമഠത്തിലെ സ്വാമിയാരന്മാർ ഏതു കാലത്തു ജീവിച്ചിരുന്നാലും അവരെ പത്മപാദന്റെ ശിഷ്യന്മാർ എന്നു പറയാവുന്നതാണു്. വങ്ഗദേശത്തിലെന്നപോലെ ശ്രീകൃഷ്ണകൎണ്ണാമൃതത്തിനു പ്രസിദ്ധി മറെറാരിടത്തുമില്ല; എങ്കിലും ക്രി: പി: 1205-ൽ ആ ദേശത്തിൽ വിരചിതമായ സദുക്തികൎണ്ണാമൃതത്തിൽ കേരളീയകൃതികളിൽ മുകുന്ദമാലയിലെ ശ്ലോകങ്ങളല്ലാതെ കൎണ്ണാമൃതത്തിലെ ഒരു ശ്ലോകംപോലും ഉദ്ധരിക്കാത്തതു ചിന്തനീയമായിരിക്കുന്നു. പ്രത്യുത ജയദേവന്റെ അഷ്ടപദിയിൽനിന്നു ധാരാളം ശ്ലോകങ്ങൾ എടുത്തുചേൎത്തിട്ടുമുണ്ടു്. അന്നു കൎണ്ണാമൃതമില്ലെന്നിരുന്നാലേ അങ്ങനെയൊരു സംഭവത്തിനു് ഉപപത്തി കാണുന്നുള്ളു. രാധാകൃഷ്ണപരങ്ങളായ അനേകം പദ്യങ്ങൾ കൎണ്ണാമൃതത്തിലുണ്ടു്; ക്രി: പി: ഒൻപതാംശതകത്തിൽ രാധാരാധനത്തിനു വലിയ പ്രാധാന്യമുണ്ടായിരുന്നില്ലെന്നുള്ള വസ്തുതയും ഇവിടെ അനുസ്മരിക്കേണ്ടതാണു്. ബ്രഹ്മസൂത്രങ്ങളുടെ സാരം അദ്വൈതവേദാന്തപക്ഷമനുസരിച്ചു ഗുരുശിഷ്യസംവാദരൂപത്തിൽ സംക്ഷിപ്തമായി പ്രതിപാദിക്കുന്നതാണു് അദ്വൈതപ്രകാശമെന്ന ഗ്രന്ഥം.

Digitized By Kerala Sahitya Akademi

അതിൽ ഒൻപതു ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. ആ നിബന്ധത്തിന്റെ പ്രണേതാവു് ഒരു ദുർഗ്ഗാപ്രസാദയതിയാണു്. അദ്ദേഹം ഗോവിന്ദാശ്രമയതിയുടെ ശിഷ്യനും നാരായണപ്രിയനെന്ന അഭിധാനാന്തരത്താൽ വിദിതനുമായിരുന്നു. രാമതീർത്ഥൻ എന്നൊരു പണ്ഡിതന്റെ ബ്രഹ്മസൂത്രവ്യാഖ്യാനമാണു് തനിക്കു് ഉപജീവ്യമായിരുന്നതെന്നു ഗ്രന്ഥകാരൻ പറയുന്നുണ്ടു്. അദ്ദേഹവും ശ്രീചിഹ്നവ്യാഖ്യാതാവും ഒരാളാണെന്നു തോന്നുന്നില്ല.

**ശ്രീകൃഷ്ണകർണ്ണാമൃതം:**—വില്വമംഗലത്തിന്റെ കൃതികളിൽ പ്രഥമഗണനീയമായിട്ടുള്ളതു മൂന്നാശ്വാസങ്ങളിൽ മുന്നൂററിമ്മൂന്നു (ശ്ലോകത്രയാധികശതത്രയം) പദ്യങ്ങളുള്ള ശ്രീകൃഷ്ണകർണ്ണാമൃതമാകുന്നു. ആ സ്തോത്രതല്ലജത്തിന്റെ അമൃതാതിശായിയായ മാധുര്യം ആസ്വദിച്ചുതന്നെ അറിയേണ്ടതാണു്. വില്വമംഗലത്തിന്റെ ഭക്തിപാരവശ്യം, പദഘടനാവൈഭവം, പ്രസാദപാരമ്യം, ഹൃദയദ്രവീകരണക്ഷമമായ ഉല്ലേഖവൈചിത്ര്യം, മുതലായി അഭൗമങ്ങളായുള്ള പല മഹാകവിസിദ്ധികൾക്കു് അതിലെ ഓരോ ശ്ലോകവും മൂർദ്ധാഭിഷിക്തോദാഹരണമാകുന്നു.

''കമനീയകിശോരമുഗ്ദ്ധമൂർത്തേഃ
കലവേണുക്വണിതാദൃതാനനേന്ദോഃ
മമ വാചി വിജൃംഭതാം മുരാരേ–
ർമ്മധുരിമ്ണഃ കണികാപി കാപി കാപി.''
''മാര മാ രമ മദീയമാനസേ
മാധവൈകനിലയേ യദൃച്ഛയാ
ഹേ രമാരമണ! വാര്യതാമസൗ;
കസ്സഹേത നിജവേശ്മലംഘനം?''

ഇത്യാദി പദ്യങ്ങൾ കേൾക്കുന്ന ഏതു സഹൃദയന്റെ ഹൃദയമാണു് സർവ്വവും വിസ്മരിച്ചു് അനിർവ്വചനീയമായ ആനന്ദസാഗരത്തിൽ ആറാടാത്തതു്? സംസ്കൃതഭാഷയിൽ അനവധി അപ്രമേയപ്രഭാവങ്ങളായ ഭഗവൽസ്തോത്രങ്ങൾ വിരചിതങ്ങളായിട്ടുണ്ടു്. എങ്കിലും വില്വമംഗലത്തിന്റെ കർണ്ണാമൃതത്തോടു് ഒന്നിനെ ഉപമിക്കണമെങ്കിൽ അതിനു് ആ കർണ്ണാമൃതമല്ലാതെ മറ്റൊന്നും അർഹമല്ല. തനിയ്ക്കു ശ്രീകൃഷ്ണന്റെ നേർക്കുള്ള ഭക്തിയെപ്പററി കവി ഇങ്ങനെ പറയുന്നു:—

''ശൈവാ വയം ന ഖലു തത്ര വിചാരണീയം,
പഞ്ചാക്ഷരീജപപരാ നിതരാം, തഥാപി
ചേതോ മദീയമതസീകുസുമാവഭാസം
സ്മേരാനനം സ്മരതി ഗോപവധൂകിശോരം.''

കർണ്ണാമൃതത്തിനു പാപായല്ലയസൂരിയുടേയും രാമചന്ദ്രബുധേന്ദ്രന്റേയും വ്യാഖ്യാനങ്ങൾക്കു പുറമേ ഗോപാലൻ, വൃന്ദാവനദാസൻ, ശങ്കരൻ, ബ്രഹ്മദത്തൻ മുതലായി വേറേയും പല പണ്ഡിതന്മാരുടേയും വ്യാഖ്യാനങ്ങളുണ്ടു്.

Digitized By Kerala Sahitya Akademi

**ഇതരകൃതികൾ:**—(1) ശ്രീകൃഷ്ണകർണ്ണാമൃതം, (2) ശ്രീചിഹ്നം, (3) പുരുഷകാരം, ഇവയ്ക്കു പുറമേ സ്വാമിയാർ (4) അഭിനവകൌസ്തുഭമാല (5) ദക്ഷിണാമൂർത്തിസ്തവം, (6) കാലവധകാവ്യം, (7) ദുർഗ്ഗാസ്തുതി, (8) ബാലകൃഷ്ണസ്തോത്രം, (9) ബാലഗോപാലസ്തുതി, (10) ഭാവനാമുകുരം, (11) രാമചന്ദ്രാഷ്ടകം, (12) ഗണപതിസ്തോത്രം, (13) അനുഭവാഷ്ടകം, (14) മഹാകാളാഷ്ടകം, (15) കാർക്കോടകസ്തോത്രം, (16) ശ്രീകൃഷ്ണവരദാഷ്ടകം, (17) വൃന്ദാവനസ്തോത്രം, (18) കൃഷ്ണലീലാവിനോദം, (19) ശങ്കരഹൃദയങ്ഗമ, (20) സുബന്തസാമ്രാജ്യം (21) തിങന്തസാമ്രാജ്യം (22) ക്രമദീപിക എന്നിങ്ങനെ പല ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അഭിനവകൌസ്തുഭമാല മഹാവിഷ്ണുവിൻെറ പാദാദികേശരൂപമായ ഒരു സ്തോത്രമാകുന്നു. ആകെ നാല്പത്താറു ശ്ലോകങ്ങളുണ്ട്. 'ശ്രീകൃഷ്ണകേളിശുകവാങ്മയവീചിമാലാ' എന്ന പാദത്തിൽ കവിമുദ്രയുമുണ്ട്. ദക്ഷിണാമൂർത്തിസ്തവം ശൈവമാണ്; ആകെ പതിമ്മൂന്നു ശ്ലോകങ്ങളേയുള്ളു. 'ദക്ഷിണാമൂർത്തിമൂർത്തൗ ഭഗവതി കൃതഭാവാ കൃഷ്ണലീലാശുകീയാ' എന്നൊരു മുദ്ര അതിലും കാണുന്നു. കാലവധം തൃപ്പറങ്ങോട്ടപ്പൻെറ കാലജയത്തെ വാഴ്ത്തുന്നതും മൂന്നു സർഗ്ഗത്തിലുള്ളതുമായ ഒരു ലഘുകാവ്യമാണ്. 'ഇതി ശ്രീകൃഷ്ണലീലാശുകസ്യ കൃതൗ കാലവധേ തൃതീയസർഗ്ഗഃ' എന്നു് ആ ഗ്രന്ഥത്തിൻെറ അവസാനത്തിൽ ഒരു കുറിപ്പുണ്ട്. ദുർഗ്ഗാസ്തുതി അറിയന്നൂർകാവിലെ (ഹരികുമാരീമന്ദിരം) ദുർഗ്ഗയെ പതിനാറു ശ്ലോകങ്ങൾ കൊണ്ടു വന്ദിക്കുന്ന ഒരു സ്തോത്രമാകുന്നു. 'കിമപി രചിതമേതൽ കൃഷ്ണലീലാ ശുകേന' എന്നു് അതിലും കവിയുടെ പ്രസ്താവനയുണ്ട്. ബാലകൃഷ്ണസ്തോത്രം കർണ്ണാമൃതത്തോടു കിടനില്ക്കുന്ന ഒരു സ്തുതിയാണ്.

''താപിഞ്ഛഗുച്ഛരുചി താമരസായതാക്ഷം
താരുണ്യനിർഭരതരങ്ഗിതചാരുലീലം
താപത്രയപ്രഥമഭേഷജമങ്ഘ്രിഭാജാം
താദൃങ്മഹഃ സ്ഫുരതു ചേതസി താവകീനം.'

എന്ന ശ്ലോകം അതിലുൾപ്പെടുന്നു. ബാലഗോപാലസ്തുതി ഓരോ ശ്ലോകത്തിനും ഓരോ മനോഹരമായ ചിത്രത്തോടുകൂടി ഉത്തരഭാരതത്തിൽ കണ്ടെടുത്തിട്ടുള്ള ഒരു സ്തോത്രരത്നമാണ്. ഭാവനാമുകുരം ആഗമസമ്പ്രദായത്തിൽ ശ്രീകൃഷ്ണധ്യാനത്തിനു് ഉപയോഗിക്കേണ്ട മറെറാരു വിശിഷ്ടസ്തോത്രമാകുന്നു. രാമചന്ദ്രാഷ്ടകം ശ്രീരാമപരമാണ്. ''കൃഷ്ണകേളിശുകഭക്തികന്ദളീം പുഷ്ണതീ'' എന്നു് അതിലും കവിമുദ്ര കാണുന്നു. ഗണപതിസ്തോത്രത്തിൽ വടതരുമൂലസ്ഥിതനായ വിഘ്നേശ്വരനെ കവി സ്തുതിക്കുന്നു; ആ സ്തോത്രത്തിൻെറ നിർമ്മിതി മൈസൂരിൽ ദോരസമുദ്രത്തിൽ വച്ചായിരുന്നു. പുരുഷകാരത്തിൻെറ നിർമ്മാണം കാഞ്ചീപുരത്തുവച്ചായിരുന്നു എന്നു മുൻപു പറഞ്ഞുവല്ലോ. കാർക്കോടകസ്തോത്രത്തിൽനിന്നു് ഒരു ശ്ലോകം താഴെ ഉദ്ധരിക്കുന്നു.

''കർക്കോടകേശ്വരോ ജീയാദർക്കകോടിസമപ്രഭഃ
കർക്കശേതരസൗഭാഗ്യസ്തക്ഷദുർഗ്രഹവിഗ്രഹഃ''

Digitized By Kerala Sahitya Akademi

ശ്രീകൃഷ്ണവരദാഷ്ടകത്തിലുള്ളതാണ് താഴെക്കാണുന്ന ശ്ലോകം:

> ''വ്രജജനവനിതാമദാന്ധകേളീ-
> കലഹകടാക്ഷവിലക്ഷവിഭ്രമോ വഃ
> വിലസതു ഹൃദയേ വിലാസസിന്ധു-
> ര്മുഹുരവിലംഘിതമുഗ്ദ്ധശൈശവശ്രീഃ.''

'ശ്രീകൃഷ്ണലീലാശുകവാങ്മയീഭിരേവംവിധാഭിഃ' എന്നു് അതിലുമുണ്ടു് കവിവാക്യം. വൃന്ദാവനസ്തുതിയിൽ അറുപതു ശ്ലോകങ്ങളുണ്ടു്. അതു വൃന്ദാവനത്തിൽവച്ചു രചിച്ചതാണ്. ''വൃന്ദാവനവ്യസനിനസ്തവ ദേവ, കൃഷ്ണലീലാശുകേന രചിതം നിചിതം ഗുണൗഘൈഃ'' എന്നു് ആ സ്തോത്രത്തിലും ഗ്രന്ഥകാരമുദ്രയുണ്ടു്. 'കൃഷ്ണലീലാവിനോദം' ഭോജദേവന്റെ സരസ്വതീകണ്ഠാഭരണമെന്ന വ്യാകരണഗ്രന്ഥത്തിനു • വിപുലമായുള്ള ഒരു വ്യാഖ്യാനമാണ്. സുബന്തസാമ്രാജ്യവും തിങന്തസാമ്രാജ്യവും സ്വതന്ത്രങ്ങളായ രണ്ടു വ്യാകരണഗ്രന്ഥങ്ങളാകുന്നു. ആഗമശാസ്ത്രത്തിൽ വില്വമങ്ഗലം ശ്രീകൃഷ്ണപൂജാവിധിപരമായി നിർമ്മിച്ചിട്ടുള്ള ഒരു ഗ്രന്ഥമാകുന്നു ക്രമദീപിക. രഹസ്യഗോപാലതന്ത്രചിന്താമണി എന്ന ഗ്രന്ഥത്തിന്റെ പ്രണേതാവായ വാസുദേവൻനമ്പൂരി, കേരളീയരായ ഈശാനദേവൻ, കൃഷ്ണലീലാശുകൻ, ഭവത്രാതൻ, രാഘവാനന്ദൻ, മാധവൻ, ശങ്കരൻ, നാരായണാചാര്യൻ എന്നിവരെ സമ്പ്രദായപ്രവർത്തകന്മാരായി പരിഗണിച്ചു വന്ദിക്കുന്നു. വില്വമങ്ഗലത്തെ വന്ദിക്കുന്നതു്—

> ''കൃഷ്ണലീലാശുകശ്രീമച്ചരണാംഭോജനിസ്സൃതാം
> യതീന്ദ്രമധുപവ്രാതസേവിതാം ധൂളിമാശ്രയേ.''

എന്നാണ്. ക്രി: പി: പതിന്നാലാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ വിജയനഗരത്തെ അലങ്കരിച്ചിരുന്ന ഉത്തമകവയിത്രിയും വീരകമ്പണനെന്ന രാജകുമാരന്റെ പ്രേയസിയുമായ ഗങ്ഗാദേവി തന്റെ മധുരാവിജയമെന്ന മനോഹരമായ കാവ്യത്തിൽ

> ''മന്ദാരമഞ്ജരീസ്യന്ദിമകരന്ദരസാപ്ലുതഃ
> കസ്യ നാഹ്ലാദനായാലം കർണ്ണാമൃതകവേർഗ്ഗിരഃ?''

എന്നു് ഈ ഭക്തശിരോമണിയെ പ്രശംസിക്കുന്നു.

**ഉപസംഹാരം:**—ഈവിധത്തിൽ ഒരു പരമഭാഗവതൻ, മഹാവൈയാകരണൻ, പ്രാകൃതഭാഷാപാരീണൻ, ശ്രീകൃഷ്ണസമ്പ്രദായഗുരു, വേദാന്തകേസരി, മഹാകവിമൂർദ്ധന്യൻ ഇങ്ങനെ പല നിലകളിലും വില്വമങ്ഗലത്തു സ്വാമിയാർ തന്റെ വിജയഭേരി മുഴക്കി; കീർത്തിപതാക പാറിച്ചു; ഭാരതവർഷമെങ്ങും കേരളത്തിന്റെ പേരും പെരുമയും പരത്തി. സാക്ഷാൽ ബാലകൃഷ്ണഭഗവാന്റെ മുരളീനാദംപോലെ മധുരമാണു് അദ്ദേഹത്തിന്റെ കർണ്ണാമൃതം; ആ പാകം മറ്റൊരു കവിക്കു്—ജയദേവനുപോലും—കൈവന്നിട്ടുണ്ടോ എന്നു സംശയമാണ്. മഹാനുഭാവനായ ആ മഹർഷികല്പൻ കേരളീയരായ നമ്മുടെ പരിപൂർണ്ണമായ ആദരത്തേയും ആരാധനത്തേയും എല്ലാക്കാലത്തും അർഹിക്കുന്നു. അദ്ദേഹ

Digitized By Kerala Sahitya Akademi

മാണ് വങ്ഗദേശത്തിലെ ചൈതന്യസമ്പ്രദായത്തിനും പശ്ചിമോത്തര ഭാരതത്തിലെ വല്ലഭസമ്പ്രദായത്തിനും പ്രാചാര്യനെന്നു് ആ രണ്ടു പുണ്യശ്ലോകന്മാരായ സമ്പ്രദായപ്രതിഷ്ഠാപകന്മാരും സമ്മതിച്ചിട്ടുള്ളതാണ്. ഇതിലധികം കേരളത്തിനു് എന്തൊരു യശസ്സാണു് ലഭിക്കുവാനുള്ളതു്?

**ദിവാകരൻ:—** ദിവാകരകവി ഏതു ദേശക്കാരനാണെന്നു വെളിവാകുന്നില്ല. ഒരു കേരളീയനായിരുന്നു എന്നുള്ളതു നിസ്സംശയമാണ്. അദ്ദേഹം രാമായണം ബാലകാണ്ഡത്തെ വിഷയീകരിച്ചു് 'അമോഘരാഘവം' എന്നൊരു ചമ്പു ഏഴുച്ഛ്വാസത്തിൽ നിർമ്മിച്ചിട്ടുണ്ടു്. ആ ചമ്പുവിന്റെ നിർമ്മാണം ശകാബ്ദം 1221-നു സമമായ ക്രി: പി: 1299-ൽ ആണെന്നുള്ളതിനു തെളിവായി

''ചന്ദ്രനേത്രദ്വയക്ഷ്മാഭിസ്സങ്ഖ്യകേ കാലേ വിലോകിതേ
അമോഘരാഘവം കാവ്യമാവിരാസീദ്ദിവാകരാൽ.''

എന്നു് അതിന്റെ ഒടുവിൽ ഒരു ശ്ലോകമുണ്ടു്. ദിവാകരൻ താൻ ഭാർഗ്ഗവഗോത്രജനായ ഒരു ബ്രാഹ്മണനും നാരായണന്റെ പൗത്രനും കാശിയിൽ വച്ചു കൈവല്യപദം പ്രാപിച്ച വിശ്വേശ്വരന്റെ പുത്രനും വിഷ്ണുവിന്റെ കനിഷ്ഠസഹോദരനുമാണെന്നു ഗ്രന്ഥത്തിന്റെ ആരംഭത്തിൽ പ്രസ്താവിക്കുന്നു. 'ജമദഗ്നേരന്വവായഃ' എന്നും 'ക്ഷോണീക്ഷേമായ രാമസ്സ്വയമജനി ഹരേര്യത്ര ഷഷ്ഠാവതാരഃ' എന്നും ഉള്ള വാചകങ്ങൾ അദ്ദേഹത്തിന്റെ ഗോത്രമേതെന്നു നിർണ്ണയിക്കുവാനുള്ള ലക്ഷ്യങ്ങളാണു്.

**''തത്രാധഃകൃതഭോഗിഭോഗമഹിമാ, നിർവ്വാണഭാവോചിത-**
**സ്ഥാനം മാനസസമ്പദാമപി ദശോൽപത്തിക്രിയാവിക്രിയം**
**ജജ്ഞേ യജ്ഞചയപ്രിയഃ കലിമിളൽകല്മഷകർമ്മോന്നമൽ-**
**പാപാംഭോനിധിമധ്യലഗ്നസുകൃതോദ്ധാരായ നാരായണഃ.**

ദ്വിജേന്ദ്രശേഖരസ്തസ്യ സുതോ വിശ്വേശ്വരോഭവൽ
യഃ പിധാതുമിവാത്മാനം മുദാമകൃത ദുർഗ്ഗമം.

യസ്സാകം ധർമ്മപത്ന്യാ പരവയസി പരി-
ത്യക്തസാംസാരികാശീഃ
കാശീമാസാദ്യ സദ്യസ്സുരസരിദമൃതേ
സഞ്ജശയ്യാപ്ലിതാങ്ഗഃ
പായം പായം പുരസ്താച്ഛിവപദനിഗള-
ത്താരകബ്രഹ്മവിദ്യാ-
പീയൂഷം കർണ്ണപേയം നിരുപമസുഖദാം
പ്രാപ കൈവല്യലക്ഷ്മീം.

തസ്യാത്മജോ വിഷ്ണുരലങ്കരിഷ്ണുഃ
കുലം പവിത്രൈരമലം ചരിത്രൈഃ
ഭൂതേശസേവാസുഖമാപ്തുകാമഃ
ശ്രുതോ വിധിർമ്മൂർത്ത ഇവാവിരാസീൽ.

Digitized By Kerala Sahitya Akademi

തത്രാഗ്രജേ ഗുണശ്രേണീം കൃതേപവ ഗുണാലോഭിനാ
ദിവാകരഃ കൃതോ ധാത്രാ തൽസോദര്യൈകഭൂഷണം.''

ഈ ശ്ലോകങ്ങളിൽനിന്നു ശേഷം വിവരങ്ങളും ഗ്രഹിക്കാവുന്നതാണ്. വാല്മീകി, കാളിദാസൻ, പിതാവായ വിശ്വേശ്വരൻ, പാണിനി, വരരുചി, പതഞ്ജലി, കാശികാകാരൻ, ന്യാസകാരൻ ഈ പൂർവസൂരികളെ കവി സ്മരിക്കുന്നു. വ്യാകരണജ്ഞരു പിതാവുതന്നെയായിരുന്നു. വാല്മീകിയേയും കാളിദാസനേയുംപററിയുള്ള ശ്ലോകങ്ങളാണ് താഴെ ഉദ്ധരിക്കുന്നതു്.

''വാണീ വാസമവാപ യസ്യ വദനദ്വാരി പ്രതീക്ഷ്യേവ ഏൽ–
പദ്മസ്ഥാംബുജനാഭനാഭിനിവസല്ലോകേശസേവാക്ഷണം
വല്മീകപ്രഭവായ കല്മഷഭിദേ തസ്മൈ പരസ്മൈ നമോ
രാമോദാത്തചരിത്രവർണ്ണനവചഃപ്രോദ്യോഗിനേ യോഗിനേ.''

''രമ്യാ ശ്ലേഷവതീ പ്രസാദമധുരാ ശൃങ്ഗാരസങ്ഗോജ്ജ്വലാ
ചാടൂക്തൈരഖിലപ്രിയൈരഹരഹസ്സമ്മോഹയന്തീ മനഃ
ലീലാന്യസ്തപദപ്രചാരരചനാ സദ്വർണ്ണസംശോഭിതാ
ഭാതി ശ്രീയുതകാളിദാസകവിതാ കാന്തേവ കാന്തേ രതാ.''

ഒടുവിലത്തെ ആശംസാപദ്യമാണ് അടിയിൽ കാണുന്നതു്.

''പൃഥ്വീ സസ്യൌഘപൃഥ്വീ വിലസതു ഭവതാ–
ദ്വാരി സന്താപഹാരി
സൈവാജ്ഞഃ പ്രാപ്നോതു തേജശ്ചരതു ചിരമയം
ഗന്ധവാൻ ഗന്ധവാഹഃ
ഉദ്യോഗം ഗച്ഛതു ദ്യൌഃ കലിരപി വികലഃ
സ്താദജസ്രം ജഗത്യാം
രാമഃ ക്ഷേമായ ഭൂയാദ് ഭവതു ച സുധിയാം
കാവ്യമേതദ്വിഭാവ്യം.''

ദിവാകരൻ രാഘവൻ എന്നൊരു രാജാവിനെ ആശ്രയിച്ചിരുന്നതായി ഗ്രന്ഥാന്തത്തിലുള്ളതും താഴെ ഉദ്ധരിക്കുന്നതുമായ ശ്ലോകത്തിൽനിന്നു കാണാവുന്നതാണ്.

''ഇതി ധ്രുതരസസാരൈർഗ്ഗദ്യപദ്യൈരുദാരൈഃ
കവിതുരവിതു(?)രസ്യ ശ്രാവ്യമാകർണ്ണ്യ കാവ്യം
ഭൃഗുപതിവിജയശ്രീചിഹ്നമഹ്നായ തുഷ്യ–
ന്നഭിലഷിതമമൂഷ്യാമോഘയദ്രാഘവേന്ദ്രഃ''

ശ്രീരാമൻെറ പരശുരാമവിജയത്തെ വിഷയീകരിച്ചു താൻ രചിച്ച പ്രസ്തുതകാവ്യം കണ്ടു സന്തോഷിച്ചു രാഘവൻ തൻെറ ആശയെ ഫലപൂർണ്ണമാക്കി എന്നാണല്ലോ പ്രസ്തുതശ്ലോകത്തിൻെറ സാരം. അതുകൊണ്ടാണ് അതിനു് അമോഘരാഘവം എന്നു പേർ വന്നതു്. ഈ രാഘവൻ രാഘവാനന്ദൻെറ പുരസ്കർത്താവായി കോലത്തുനാട്ടിൽ ജീവിച്ചിരുന്ന രാഘവനാണെന്നു തോന്നുന്നു. കേരളത്തിലെന്നപോലെ സംസ്കൃ

Digitized By Kerala Sahitya Akademi

ത്തിലും ദേശഭാഷയിലും അത്ര വളരെ ചമ്പുക്കൾ ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ ഒരിടത്തും വിരചിതങ്ങളായിട്ടില്ല. ഇതുവരെ അറിഞ്ഞിടത്തോളം കേരളത്തിലെ ആദ്യത്തെ ചമ്പു അമോഘരാഘവംതന്നെയാണ്.

**ശിവരാമൻ:**—കേരളത്തിലെ പ്രഥമഗണനീയന്മാരായ വ്യാഖ്യാകാരന്മാരിൽ അന്യതമനാണ് ശിവരാമൻ. അദ്ദേഹത്തെക്കുറിച്ച് ഇതിനു മുൻപുതന്നെ ചില വിവരങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അദ്ദേഹം കേരളീയനായ ഒരു ദ്രാവിഡബ്രാഹ്മണനാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ശാരദാതനയന്റെ ഭാവപ്രകാശനത്തെ ഒരു പ്രമാണഗ്രന്ഥമായി ശിവരാമൻ ഉദ്ധരിക്കുന്നതുകൊണ്ട് ക്രി: പി: പന്ത്രണ്ടാം ശതകത്തിനു പിന്നീടാണ് അദ്ദേഹത്തിന്റെ കാലമെന്നു ക്ലൃപ്തമായി പറയാം. കൂടിയാട്ടത്തിൽ ചാക്യാന്മാർ പ്രയോഗിക്കുന്ന തപതീസംവരണം, സുഭദ്രാധനഞ്ജയം, നാഗാനന്ദം എന്നീ നാടകങ്ങൾക്ക് അദ്ദേഹം യഥാക്രമം രചിച്ചിട്ടുള്ള വിവരണം, വിചാരതിലകം, വിമർശിനി എന്നീ വ്യാഖ്യാനങ്ങൾ സരസങ്ങളും സംക്ഷിപ്തങ്ങളും, വ്യാകരണം അലങ്കാരം മുതലായ ശാസ്ത്രങ്ങളിലും ഇതിഹാസപുരാണങ്ങളിലും അദ്ദേഹത്തിനുള്ള അഗാധമായ ജ്ഞാനത്തെ സ്പഷ്ടീകരിക്കുന്നവയുമാണ്. വ്യാഖ്യാതാവ് ഒരു ശിവഭക്തനായിരുന്നു എന്നും ആ നിബന്ധനങ്ങളിൽനിന്നു വെളിവാകുന്നുണ്ട്. താഴെക്കാണുന്ന ശ്ലോകങ്ങൾ അദ്ദേഹത്തിന്റേതാണ്.

"പ്രണിപത്യ ചന്ദ്രചൂഡം ശ്രീമൽകുലശേഖരാവനീന്ദ്രകൃതം
തപതീസംവരണാഖ്യം നാടകമധികൃത്യ വിവരണം ക്രിയതേ."

(സംവരണവ്യാഖ്യ)

"ശിവായാശേഷഗുരവേ ശിവായൈ തദ്ഭിദാഭിദേ
ആദ്യാമനന്യരൂപായ മഹ്യന്തേ സതതം നമഃ.

യതശ്ശിവസ്യാങ്കരിതാ വിദ്യുഷാഞ്ച കൃപാ മയി
വ്യാകരോമി യഥാബോധം തൽ സുഭദ്രാധനഞ്ജയം."

(ധനഞ്ജയവ്യാഖ്യ)

"ഗുണവ്യതികരക്രമപ്രസൃമരാന്യധീവൃത്തിഭിഃ
പ്രഗേതനമനുജ്ഝിതശ്രുതിപഥൈർനാദീനാവം
പരാശരജജൈമിനിപ്രമുഖവിദ്വദഗ്രേസരൈഃ
പ്രവർത്തിതമനുത്തമം മതമതദ്വിദപ്യാശ്രയേ.

വ്യസ്താവ്യസ്തതയാശേഷതത്വസ്വാത്മസ്വനിർഭരം
ശിവം ദേശികമാശ്രിത്യ നാഗാനന്ദം വിമൃശ്യതേ.

(നാഗാനന്ദവ്യാഖ്യ–ഉപക്രമം)

ശ്രീശങ്കരോരുകരുണാജനനീഭൃതേന
രാമേണ ദാശരഥിവൃത്തസുജീവനേന
സാഹിത്യമാർഗ്ഗപരിചംക്രമണപ്രയാസം
ശിഷ്യാൻ വിബോധയിതുമേഷ കൃതോ വിചാരഃ.

Digitized By Kerala Sahitya Akademi

ദ്വിഷതാം ന ഗുണഃ കോപി ന ദോഷസ്സുഹൃദാമപി
പ്രകാശേത; തടസ്ഥോത്ര വിവിനക്തു ഭവം ജനഃ.''
(ടി. ഉപസംഹാരം)

ഉപോൽഘാതശ്ലോകത്തിൽനിന്നു ശിവരാമനെ രാമനെന്നും വിളിച്ചു വന്നിരുന്നു എന്നും, രാമായണം വായനയായിരുന്നു അദ്ദേഹത്തിന്റെ ജീവികാമാർഗ്ഗമെന്നും, അദ്ദേഹത്തിനു് അനേകം ശിഷ്യന്മാരുണ്ടായിരുന്നു എന്നും കാണാവുന്നതാണു്.

**രാമായണവ്യാഖ്യ—സർവ്വാർത്ഥസാരം:—** വാല്മീകിരാമായണത്തിനു സർവ്വാർത്ഥസാരം എന്നൊരു വ്യാഖ്യാനമുണ്ടു്. അതിന്റെ പ്രണേതാവായ വെങ്കടേശ്വരൻ ശിവരാമന്റെ ശിഷ്യനായിരുന്നു എന്നുള്ളതിനു താഴെക്കാണുന്ന ശ്ലോകം തെളിവാണു്.

''ശിവസ്യ രാമസ്യ ഗുരോർമ്മഹാകവേ-
ർന്നിയോജനാനുഗ്രഹണോപദേശനൈഃ
തയാശിഷാരണ്യകകാണ്ഡമർത്ഥതഃ
സമുജ്ജ്വലം വ്യാകൃത വെങ്കടേശ്വരഃ.''

## കേരളത്തിലേ ജ്യോതിഷം

**ചില പ്രാചീനഗ്രന്ഥങ്ങൾ:—** ജ്യോതിശ്ശാസ്ത്രത്തിനു കേരളത്തിൽ പൂർവ്വകാലംമുതല്ക്കുതന്നെ വളരെ പ്രചാരവും പ്രാമാണികതയും സിദ്ധിച്ചിട്ടുണ്ടു്. ആ ശാസ്ത്രത്തിൽ കേരളീയർക്കുള്ള സർവ്വതോമുഖമായ ജ്ഞാനവും സുപ്രസിദ്ധമാണു്. അനവധി വിശിഷ്ടങ്ങളായ ജ്യോതിഷഗ്രന്ഥങ്ങൾ ഇവിടെ ഓരോ കാലത്തു് ഓരോ ദൈവജ്ഞന്മാർ രചിച്ചിട്ടുണ്ടു്. അവയിൽ അതിപ്രാചീനങ്ങളായ ദേവകേരളം, ശുക്രകേരളം, വരരുചികേരളം, കേരളീയസൂത്രം മുതലായവയുടെ കാലത്തെപ്പററി വ്യവസ്ഥിതമായി ഒരനുമാനവും ചെയ്യുവാൻ തരമില്ല. ദേവകേരളത്തിൽ

''കേരളേ വിഷയേ കശ്ചിദച്യുതോ നാമ ഭൂസുരഃ
ബൃഹസ്പതിം സമുദ്ദിശ്യ സ ചക്രേ തപ ഉത്തമം''

കേരളീയനായ അച്യുതൻ എന്ന ഒരു ബ്രാഹ്മണൻ ബൃഹസ്പതിയെ ഉദ്ദേശിച്ചു തപസ്സു ചെയ്യുകയും ബൃഹസ്പതി പ്രത്യക്ഷീഭവിച്ചു് എന്തു വരം വേണമെന്നു ചോദിച്ചതിനു് അതീതാനാഗതജ്ഞാനമുണ്ടാകണമെന്നു പ്രാർത്ഥിക്കുകയും ചെയ്തതായും, അപ്പോൾ ആദികാലത്തിൽ ശ്രീനാരായണൻ നാലു ലക്ഷം ഗ്രന്ഥമായി രചിച്ച ജ്യോതിശ്ശാസ്ത്രം താൻ ദേവേന്ദ്രനോടു ഇരുപതിനായിരം ഗ്രന്ഥമായി സംഗ്രഹിച്ചു എന്നും അതിൽ ജാതകസ്കന്ധം രണ്ടായിരം ഗ്രന്ഥമുണ്ടെന്നും അതു് ആ ഭക്തനു നല്കാമെന്നും ദേവഗുരു അരുളിച്ചെയ്തതായും പീഠികയിൽ പ്രസ്താവന കാണുന്നു. പിന്നീടു് അച്യുതൻ ശുക്രനേയും ശ്രീപരമേശ്വരനേയും പ്രസാദിപ്പിച്ചു് അവർ യഥാക്രമം നിർമ്മിച്ച ആയിരം ഗ്രന്ഥവും രണ്ടായിരം ഗ്രന്ഥവും കൂടി വാങ്ങി അങ്ങനെ തന്റെ ശിഷ്യന്മാരെ ഗുരുമതവും ശുക്രമതവും സാംബശിവമതവും പഠിപ്പിച്ചുവത്രേ.

Digitized By Kerala Sahitya Akademi

ശുക്രകേരളം പത്താദ്ധ്യായത്തിലുള്ള ഒരു ഗ്രന്ഥമാണ്. അതിനു ഭൃഗുകേരളമെന്നും കേരളരഹസ്യമെന്നും കേരളീയമെന്നുംകൂടി പേരുകൾ കാണുന്നു. വരരുചികേരളത്തിനു ജാതകരഹസ്യമെന്നും കേരളനിർണ്ണയമെന്നുംകൂടി സംജ്ഞകളുണ്ട്. അതിന്റെ നിർമ്മാതാവു വാക്യകാരനായ വരരുചിതന്നെ ആയിരിക്കാം.

"ഭാഗ്യാധിപേ വിക്രമസ്ഥേ പാപാധിപസമന്വിതേ
പഞ്ചമാധിപവീക്ഷേണ ഇതി കേരളനിശ്ചയഃ"
"കർമ്മാധിപേ മേഷഗതേ ഭാഗ്യാധിപസമന്വിതേ
ബ്രഹ്മലോകം ഭവേത്തസ്യ ഇതി കേരളനിശ്ചയഃ"

എന്നീ ശ്ലോകങ്ങൾ ആ ഗ്രന്ഥത്തിലുള്ളവയാണ്. കേരളീയസൂത്രവും ഫലഭാഗത്തെ പരാമർശിക്കുന്ന ഒരു ഗ്രന്ഥംതന്നെ. ഇവയെല്ലാം ഇന്നു കേരളത്തേക്കാൾ കൂടുതൽ പ്രചാരം കാണുന്നതു തമിഴ്നാട്ടിലും ആന്ധ്രദേശത്തിലുമാണ്.

**പരഹിതം:**— ക്രി: പി: 682-ാമാണ്ടിടയ്ക്കു തിരുനാവായിൽ വച്ചുനടന്ന മാമാങ്കമഹോത്സവത്തിൽ കേരളത്തിലെ ജ്യോത്സ്യന്മാർ ആര്യഭടന്റെ പരഹിതഗണിതം സ്വീകരിച്ച് അതു പരിഷ്കരിക്കുകയുണ്ടായി. ആര്യഭടാചാര്യൻ ക്രി: പി: 499-ൽ ആണ് തന്റെ ഗണിതഗ്രന്ഥം നിർമ്മിച്ചതെന്നും അതിലേ ഗണനാസമ്പ്രദായം രണ്ടു ശതകം കഴിയുന്നതിനുമുൻപു കേരളീയർക്കു പുതുക്കുവാൻ സാധിച്ചു എന്നും അറിയുന്നതു നമുക്ക് അഭിമാനഹേതുകമാണ്.

**പ്രഥമഭാസ്കരാചാര്യൻ:**— പ്രഥമഭാസ്കരാചാര്യൻ ഭാരതത്തിലേ പ്രാമാണികനായ ഒരു ഗണിതജ്ഞനാണ്. ക്രി: പി: 522-ൽ അദ്ദേഹം കർമ്മനിബന്ധം എന്നുകൂടിപ്പേരുള്ള മഹാഭാസ്കരീയം നിർമ്മിച്ചു. അതു കൂടാതെ ആര്യഭടീയത്തിന് ഒരു വ്യാഖ്യാനവും ലഘുഭാസ്കരീയമെന്ന പേരിൽ ആര്യഭടീയത്തിന്റെ ഒരു സംഗ്രഹവും അദ്ദേഹത്തിന്റെ കൃതികളായി നമുക്കു ലഭിച്ചിട്ടുണ്ട്. ലീലാവതീകാരനായ ദ്വിതീയഭാസ്കരാചാര്യൻ ജീവിച്ചിരുന്നതു ക്രി: പി: പതിനൊന്നാംശതകത്തിലാണ്. പ്രഥമഭാസ്കരൻ ഒരു കേരളീയനായിരുന്നു എന്നാണ് ലക്നൌവിലേ ഡോ. എൻ. സിങ്ങ് തുടങ്ങിയ പണ്ഡിതന്മാരുടെ പക്ഷം; അതിനു ചില ന്യായങ്ങളുമുണ്ട്. അതു ശരിയാണെങ്കിൽ ക്രി: പി: 682-ൽ നടന്ന കരണപരിഷ്കരണം ആശ്ചര്യജനകമല്ല.

**ശങ്കരനാരായണൻ:**— പ്രഥമഭാസ്കരന്റെ ലഘുഭാസ്കരീയത്തിനു ശങ്കരനാരായണൻ എന്ന ഒരു കേരളീയപണ്ഡിതൻ ശങ്കരനാരായണീയം എന്നൊരു വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജനദേശം 'കൊല്ലപുരി' എന്ന് ആ ഗ്രന്ഥത്തിൽ കാണുന്ന കൊല്ലമാണ്. ഗ്രന്ഥത്തിന്റെ നിർമ്മിതി ക്രി: പി: 869-നു സമമായ കൊല്ലം 44-ൽ ആണെന്ന് അദ്ദേഹംതന്നെ "ശകാബ്ദാഃ പുനരിഹ ചന്ദ്രരന്ധ്രമുനിസംഖ്യയാ അസ്മാഭിരവഗതാഃ" എന്ന പങ്ക്തിയിൽ സ്പഷ്ടമായി

Digitized By Kerala Sahitya Akademi

പ്രസ്താവിച്ചിട്ടുമുണ്ട്. "കൊല്ലപൂര്യാം വിഷുവച്ഛായയാ പഞ്ചദശ സംഖ്യാസമ്പാദിതരാശിപ്രമാണാഃ ഷട്പഞ്ചയാദ്യക്ഷരനാഡ്യാഃ പാഠ്യന്തേ" എന്നും "ക്രിയാദയഃ കൊല്ലപുരീസമുച്ഛ്രിതാഃ ക്രമോൽക്രമേണൈവ ഭവന്തി രാശയഃ" എന്നും ഉള്ള ഭാഗങ്ങളിൽ കൊല്ലത്തെ സ്മരിച്ചിരിക്കുന്നു. രവിവർമ്മാവെന്നും രാമദേവനെന്നും സൂര്യവംശജന്മാരായ രണ്ടു കേരള രാജാക്കന്മാരെപ്പറ്റിക്കൂടി ശങ്കരനാരായണൻ പ്രസ്താവിക്കുന്നു. അവരുടെ രാജധാനി മഹോദയപുരം, അതായതു കൊടുങ്ങല്ലൂരായിരുന്നു. അവർ ചേരചക്രവർത്തിമാരായിരുന്നു എന്നുള്ളതിനു സംശയമില്ല. 844_ൽ ആണ് രവിവർമ്മാവു് അന്തരിച്ചതു്; അനന്തരം അദ്ദേഹത്തിന്റെ പുത്രനായ രാമദേവൻ അഭിഷിക്തനായി. രവിവർമ്മകുലശേഖരൻ ഒരു വിശിഷ്ടമായ ഗണിതഗ്രന്ഥത്തിന്റേയും നിർമ്മാതാവായിരുന്നതിനാൽ അദ്ദേഹത്തിന്റെ രാജ്യഭാരകാലത്താണ് കൊല്ലവർഷം സ്ഥാപിതമായതു് എന്നു് ഉറപ്പിച്ചു പറയാം. രാമവർമ്മാവു് പട്ടത്തു വാസുദേവഭട്ടതിരിയുടെ പുരസ്കർത്താവായിരുന്നു. ശങ്കരനാരായണന്റെ താഴെക്കാണുന്ന വാക്യങ്ങൾ പ്രകൃതത്തിൽ അനുസന്ധേയങ്ങളാണു്.

(1) ഗോളാന്മഹോദയപുരേ രവിവർമ്മദേവ–
സംബന്ധയന്ത്രവലയാങ്കിതരാശിചക്രാൽ
ഭാനോഃ കുളീരദശഭാഗഗതേ തുലാന്ത്യം
ലഗ്നം മയാ വിദിതമാശുവദേഹകാലം"

(2) "ശ്രീമന്മഹോദയപുരേ കുലശേഖരേണ
കൢപ്തം സഭാം കുശലശില്പിഭിരത്ര രാജ്ഞാ
ആജ്ഞപ്തമാശു സമമണ്ഡലവൃദ്ധസൂര്യ–
ച്ഛായാവശാൽ കഥയ ശക്രജലേശസൂത്രം."

(3) "ഉക്തം കേരളവംശകേതുരവിണാ മദ്ധ്യാഹ്നശങ്കുപ്രഭാ–
ദേശേസ്മിൻ കിയതീതി രാശിഷു ഗതേ ഭാനൌ ക്രിയാദ്യാദിഷു
പ്രത്യേകം വിഗണയ്യ വത്സരശതം ഛായാപ്രമാണം ക്രമാൽ
പ്രത്യക്ഷം ഹി ദിനദ്വയേന ഗണിതാ പത്രേ ലിഖിത്വാനയ."

(4) "രൂപാഗ്നിഭൂതഗദിതോക്ഷഗുണോ ദിനാർദ്ധേ
ഛായാ രവേഃ ഷഡൃതുഭിഃ പ്രമിതപ്രമാണാ
ഛായാർക്കമാശു വിഗണയ്യ ഗതം വദേതി
പ്രോക്തം നൃപേന്ദ്രരവിണാ കുലശേഖരേണ."

(5) "ദേശാന്തരേ ക്വാപി ഗതസ്യ യസ്യ
തദ്ദേശസംഭൃതപലാവലംബൌ
ജ്ഞേയൌ കഥം തദ്ദിവസൌ വദേതി
ശ്രീമാനവോചദ്രവിവർമ്മദേവഃ."

(6) അസ്മിന്നബ്ദേ രാജ്ഞാ കേരളവംശപ്രദീപേന കദാചിൽ കുലശേഖരേണേദമുക്തം.

Digitized By Kerala Sahitya Akademi

(7) അത്രാപി ശ്രീരവിവർമ്മദേവഃ കദാചിദ് ഗ്രഹസ്ഫുടവിജ്ഞാന
പ്രകടനാർത്ഥനായ.

"ചാപപ്രവിഷ്ടഗുരുസൌരിസമസ്തകാലം
യാമ്യോത്തരം ഗമനമന്തരതഃ പ്രമാണം
ആചക്ഷ്വ സർവമവഗമ്യ ഭടോക്തമാർഗ്ഗാ-
ദിത്യുക്തവാൻ രവിരശേഷനൃപാഭിവന്ദ്യഃ.

(8) ......................രിപുമദനം കർത്തുകാമേന രാജ്ഞാ
ചാരൈർവാർത്താം വിദിത്വാ രവികുലപതിനാ
രാമദേവേന ലഗ്നം"

(9) "പുത്രശ്രീരവിവർമ്മനൃപതേർദ്ദീപ്താംശുവംശോദിതഃ"

മഹോദയപുരത്തിൽ രവിവർമ്മദേവൻ ഒരു നക്ഷത്രബംഗ്ലാവു സ്ഥാപിച്ചിരുന്നതായും ഒന്നാമത്തെ ശ്ലോകത്തിൽനിന്നു വെളിപ്പെടുന്നു. കേരളത്തിൽ ജ്യോതിശ്ശാസ്ത്രത്തിനു ക്രി: പി: ഒൻപതാം ശതകത്തിൽ എത്ര മാത്രം അഭിവൃദ്ധി സിദ്ധിച്ചുകഴിഞ്ഞിരുന്നു എന്നു ശങ്കരനാരായണീയം സ്ഫുടതരമായി വിശദീകരിക്കുന്നു.

**തലക്കുളത്തു ഭട്ടതിരി — ചരിത്രം:—** തെക്കേമലയാളത്തിൽ തിരൂരിൽനിന്നു രണ്ടു നാഴിക തെക്കായി തലക്കുളം എന്നൊരു പ്രദേശമുണ്ട്. അവിടെ ആലത്തൂർഗ്രാമത്തിൽ ഗോവിന്ദനെന്നു പേരുള്ള ഒരു ഭട്ടതിരി ജനിച്ചു. അദ്ദേഹത്തിന്റെ ഇല്ലം ഇപ്പോളില്ല. "രക്ഷേദ്ഗോവിന്ദമർക്കഃ" എന്നതു ഭട്ടതിരിയുടെ ജനനകാലത്തേയും "കാളിന്ദീപ്രിയസ്പൃഷ്ടഃ" എന്നതു നിര്യാണകാലത്തേയും കുറിക്കുന്ന കലിദിനവാക്യങ്ങളാണെന്നു് ഐതിഹ്യമുള്ളതുകൊണ്ടു് അദ്ദേഹം കൊല്ലവർഷം 412 മുതൽ 470 വരെ (ക്രി: പി: 1237–95) ജീവിച്ചിരുന്നതായി കണക്കാക്കാവുന്നതാണ്. പരദേശത്തു പോയി കഞ്ചനൂരാഴ്വാർ എന്ന പണ്ഡിതനിൽനിന്നു ജ്യോതിഷത്തിൽ ഉൽഗ്രന്ഥങ്ങൾ അഭ്യസിച്ചതായും തിരിയെ വന്നു് ഒരു വ്യാഴവട്ടക്കാലം തൃശ്ശൂർ വടക്കുന്നാഥനെ ഭജിച്ചതായും പുരാവൃത്തജ്ഞന്മാർ പറയുന്നു. ഭട്ടതിരിയുടെ അമ്മയുടെ ഇല്ലം പാഴൂരായിരുന്നുവത്രേ. പാഴൂരിൽ അദ്ദേഹത്തിനു ദൈവയോഗത്താൽ ഒരു കണിയാട്ടിയിൽ പുത്രനുണ്ടായതായും ആ ഗൃഹത്തിലെ പടിപ്പുരയിൽനിന്നു പ്രസ്തുതകുടുംബത്തിലെ കണിയാന്മാർ പറയുന്നതെല്ലാം ഒത്തുവരട്ടെ എന്നനുഗ്രഹിച്ചിട്ടു് അദ്ദേഹം സമാധിയടഞ്ഞതായും കേട്ടുകേൾവിയുണ്ടു്. ആ പടിപ്പുരയിൽ അദ്ദേഹത്തിന്റെ ഭൗതികശരീരം അടക്കം ചെയ്തിരിക്കുന്നു എന്നാണു് ജനവിശ്വാസം. ഈ ഐതിഹ്യത്തിൽ കഴമ്പില്ലെന്നും ജ്യോത്സ്യന്മാർ എന്ന നിലയിൽ പാഴൂർ കണിയാന്മാർക്കു പ്രസിദ്ധി സിദ്ധിച്ചിട്ടു രണ്ടുമൂന്നു ശതകങ്ങളേ ആയിട്ടുള്ളു എന്നും ചിലർ വാദിക്കുന്നുണ്ടു്. എന്നാൽ ആ വാദം പ്രസ്തുതവിഷയത്തിലുള്ള ഐതിഹ്യത്തെ പാടേ തിരസ്കരിക്കുന്നതിനു പര്യാ

Digitized By Kerala Sahitya Akademi

ഹ്യമാകുന്നില്ല. ഭട്ടതിരിക്കും പാഴൂർ പടിപ്പുരയ്ക്കും തമ്മിൽ അഭേദ്യമായ ഏതോ ബന്ധമുണ്ടായിരുന്നു എന്നുള്ള വസ്തുത അനപലപനീയമായി ത്തന്നെ അവശേഷിക്കുന്നു.

**ഭട്ടതിരിയുടെ കൃതികൾ:**—ഭട്ടതിരിയുടെ പ്രധാനകൃതി 'ദശാധ്യായി' എന്ന പ്രസിദ്ധമായ ജ്യോതിഷഗ്രന്ഥമാകുന്നു. വരാഹ മിഹിരാചാര്യൻ അവന്തിദേശത്തിൽ ക്രി: പി: ആറാം ശതകത്തിൽ ജീവിച്ചിരുന്നു. അദ്ദേഹം ജ്യോതിശ്ശാസ്ത്രത്തിൽ പ്രമാണഭൂതമായ ബൃഹ ജ്ജാതകം എന്ന ഗ്രന്ഥം ഇരുപത്താറധ്യായത്തിൽ രചിക്കുകയുണ്ടായി. 'സ്വല്പം വൃത്തവിചിത്രമർത്ഥബഹുലം' എന്നു അഭിജ്ഞന്മാർ പ്രശംസിച്ചി ട്ടുള്ള ആ ഗ്രന്ഥത്തിലെ ആദ്യത്തെ പത്തധ്യായങ്ങൾക്കു ഭട്ടതിരി നിർമ്മിച്ച പ്രൗഢമായ വ്യാഖ്യാനമാണു 'ദശാധ്യായി.' വ്യാഖ്യാതാവു ഉപക്രമിക്കു ന്നതു ഇങ്ങനെയാണു.

> "ജ്യോതിശ്ശാസ്ത്രമിദം വിധായ വിപുലം ത്രിസ്കന്ധഭിന്നം പുരാ
> ലോകാനാം മതിമാന്ദ്യതഃ കലിയുഗേ തൽപാതഭീത്യാ പുനഃ
> സ്വല്പം തൽ സകലം തതോ രചിതവാനാദിത്യദാസാത്മജോ
> ഭൂത്വാ യോ മിഹിരം വരാഹമിഹിരം നാമ്നാ നമസ്കുർമ്മഹേ.
>
> വരാഹഹോരാശാസ്ത്രസ്യ വിജ്ഞാതോതോർത്ഥ യോ മയാ
> സ തു ശിഷ്യാവബോധാർത്ഥം സംക്ഷേപേണ വിലിഖ്യതേ."

ആദ്യത്തെ ശ്ലോകത്തിൽ ഭട്ടതിരി വരാഹമിഹിരനെ സൂര്യനോടു ഉപ മിക്കുന്നു. ഗണിതം, സംഹിത, ഹോര ഇവയാണു മൂന്നു സ്കന്ധങ്ങൾ. രണ്ടാമത്തെ ശ്ലോകത്തിലെന്നപോലെ ഗ്രന്ഥാവസാനത്തിലും "നൈഷാ പാണ്ഡിത്യപ്രകടനായ കൃതാ സ്വാവഗതാർത്ഥാൻ മന്ദബുദ്ധയേ ശിഷ്യാ യോപദേഷ്ടുമേവ" എന്നു ദശാധ്യായി നിർമ്മിച്ചതിന്റെ ഉദ്ദേശത്തെ പ്പററി പ്രസ്താവിക്കുന്നു. പത്തു അദ്ധ്യായങ്ങളുടെ വ്യാഖ്യാനമെഴുതിക്ക ഴിഞ്ഞപ്പോൾ അതിനുമേലുള്ള അദ്ധ്യായങ്ങളിൽ കൂടുതലായൊന്നും ആചാര്യൻ പ്രസ്താവിച്ചിട്ടില്ലെന്നു തോന്നി അവയെ ഭട്ടതിരി സ്പർശിക്കാതെ വിട്ടുകളഞ്ഞു എന്നാണു പഴമക്കാർ പറഞ്ഞുവരുന്നതു. 'മുഹൂർത്തരത്നം' മുതലായി വേറെയും ചില ജ്യോതിഷഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടു. സ്ഫുടനിർണ്ണയതന്ത്രവിവൃതി എന്ന അവിജ്ഞാതകർത്തൃകമായ ഒരു ജ്യോതി ശ്ശാസ്ത്രനിബന്ധത്തിൽ താഴെ ഉദ്ധരിക്കുന്ന പദ്യഗദ്യങ്ങൾ കാണുന്നു.

> "ബ്രഹ്മാണം മിഹിരം വസിഷ്ഠപുലിശൗ ഗർഗ്ഗം മുനിം ലോമശം
> ശ്രീപത്യാര്യഭടൗ വരാഹമിഹിരം ലല്ലഞ്ച മുഞ്ജാളകം
> ഗോവിന്ദം പരമേശ്വരം സതനയം ശ്രീനീലകണ്ഠം ഗുരൂൻ
> വന്ദേ ഗോളവിദശ്ച മാധവമുഖാൻ വാല്മീകിമുഖ്യാൻ കവീൻ"

ബ്രഹ്മസൂര്യവസിഷ്ഠപുലിശലോമശാഃ പഞ്ച സിദ്ധാന്താചാര്യാഃ; ഗർഗ്ഗ സ്യാപി പഞ്ചസിദ്ധാന്തതുല്യകക്ഷ്യത്വാൽ; ശ്രീപതിസ്സിദ്ധാന്തശേഖരാ ദീനാം കർത്താ; ലല്ലഃ ശിഷ്യധീവൃദ്ധിദാഖ്യസ്യ തന്ത്രസ്യ കർത്താ; മുഞ്ജാള കോമാനസസ്യ കർത്താ; ഗോവിന്ദോ മുഹൂർത്തരത്നാദികർത്താ; പരമേശ്വരോ

Digitized By Kerala Sahitya Akademi

ദൃഗ്ഗണിതാഖ്യസ്യ കരണസ്യ കർത്താ; തസ്യ തനയോ ദാമോദരാഖ്യഃ; തസ്യ ശിഷ്യശ്ശ്രീനീലകണ്ഠഃ തന്ത്രസംഗ്രഹാദീനാം കർത്താ; മാധവോ വേണ്വാരോഹാദീനാം കർത്താ'' ബ്രഹ്മാവ്, സൂര്യൻ, വസിഷ്ഠൻ, പുലിശൻ, ലോമശൻ ഇവർ പഞ്ചസിദ്ധാന്തങ്ങളുടെ ഉപജ്ഞാതാക്കന്മാരാണ്. ബ്രഹ്മസിദ്ധാന്തത്തിനു പിതാമഹസിദ്ധാന്തമെന്നും ലോമശസിദ്ധാന്തത്തിനു രോമകസിദ്ധാന്തമെന്നുംകൂടി പേരുണ്ട്. പൗലിശം ഗ്രീസിലും, രോമകം റോമൻസാമ്രാജ്യത്തിലും ജനിച്ച സിദ്ധാന്തങ്ങളെന്നാണ് ആധുനികഗവേഷകന്മാരുടെ അഭിപ്രായം. സൂര്യസിദ്ധാന്തവും സൂര്യൻ മയനു രോമകത്തിൽവെച്ച് ഉപദേശിച്ചതാണെന്നു കാണുന്നു. സിദ്ധാന്തശേഖരകർത്താവായ ശ്രീപതി, ശിഷ്യധീവൃദ്ധിദകർത്താവായ ലല്ലൻ, മാനസകർത്താവായ മുഞ്ജാളകൻ ഇവരെല്ലാം വിദേശീയർതന്നെ. മുഹൂർത്തരത്നാകാരനായ ഗോവിന്ദൻ ആര്യഭടീയവ്യാഖ്യാതാവായ ഗോവിന്ദസ്വാമിയാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ദൃഗ്ഗണിതകർത്താവായ പരമേശ്വരൻനമ്പൂരിയേയും മറ്റും പറ്റി മേൽ പ്രതിപാദിക്കും. ദശാധ്യായിയുടെ മാഹാത്മ്യത്തെപ്പറ്റി പ്രശ്നമാർഗ്ഗത്തിൽ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു.

''അദൃഷ്ട്വാ യോ ദശാധ്യായീം ഫലമാദേഷ്ടുമിച്ഛതി
സമിച്ഛതി സമുദ്രസ്യ തരണം സ പ്ലവം വിനാ.''

തൃപ്രാങ്ങോട്ടപ്പനെപ്പറ്റി ഭട്ടതിരി രചിച്ചിട്ടുള്ളതും ദശാധ്യായിയുടെ അവസാനത്തിലുള്ളതുമായ ഒരു ശ്ലോകമാണ് താഴെച്ചേർക്കുന്നത്.

''സ്ഫുരതു ഭുജംഗമഹാരം മമ ഹൃദി തേജോ മഹാവിഷാഹാരം
ശ്വേതാരണ്യവിഹാരം ശ്വേതം ശീതാംശുശേഖരം ഹാരം.''

ഇപ്രകാരം ക്രി: പി: 1300വരെ സംസ്കൃതസാഹിത്യത്തെ പോഷിപ്പിച്ച കേരളീയരിൽ പലരും മഹനീയന്മാരായിരുന്നു. അദ്വൈതവേദാന്തത്തിൽ സർവതന്ത്രസ്വതന്ത്രനായ ഭഗവൽപാദർ, പൂർവ്വമീമാംസയിൽ പ്രഭാകരമിശ്രൻ, നാടകത്തിൽ ശക്തിഭദ്രൻ, യമകത്തിൽ വാസുഭട്ടതിരി, സ്തോത്രത്തിൽ വില്വമംഗലത്തു സ്വാമിയാർ, ജ്യോതിഷത്തിൽ തലക്കുളത്തു ഭട്ടതിരി ഇവർ ഏതു പണ്ഡിതന്റെ മുക്തകണ്ഠമായ ശ്ലാഘയെയാണ് ആവർജ്ജിക്കാത്തത്! കേരളത്തിന്റെ അന്യാദൃശമായ സൽകീർത്തി അവരാലും അവരെപ്പോലെയുള്ള മറ്റനേകം മഹാത്മാക്കളാലും പണ്ടുപണ്ടേ പ്രതിഷ്ഠിതമായിട്ടുണ്ടെന്നുള്ള വാസ്തവം നമുക്ക് അത്യന്തം ഹൃദയോത്തേജകമാകുന്നു.

**കൃഷ്ണാചാര്യൻ:**—കൃഷ്ണൻ എന്നൊരാചാര്യനാൽ വിരചിതമായി കൃഷ്ണീയം, അഥവാ ചിന്താജ്ഞാനം, എന്ന പേരിൽ ഒരു ജ്യോതിഷഗ്രന്ഥമുണ്ട്. ഇതിൽ ആകെ മുപ്പത്തിരണ്ടധ്യായങ്ങളും ഒരു പരിശിഷ്ടവും അടങ്ങിയിരിക്കുന്നു. പ്രശ്നവിഷയത്തിലും ജാതകവിഷയത്തിലും ഈ ഗ്രന്ഥത്തെ കേരളീയർ ഒരു പ്രമാണമായി സ്വീകരിക്കുന്നു; ഇതിന് അന്യാദൃശമായ പ്രചാരമാണു കേരളത്തിലെങ്ങുമുള്ളത്.

Digitized By Kerala Sahitya Akademi

''വ്യാകരണാദിഷു ഗ്രന്ഥേഷു വിശ്രുതതത്വസ്യ ദൈവശാസ്ത്രവിദഃ
കൃഷ്ണസ്യ കൃതിശ്ചിന്താജ്ഞാനം കൃഷ്ണീയമിതി നാമ്നാ''

എന്ന മുപ്പത്തിരണ്ടാമദ്ധ്യായത്തിന്റെ ഒടുവിലുള്ള പദ്യത്തിൽനിന്നു് അദ്ദേഹം ജ്യോതിഷത്തിനു പുറമേ വ്യാകരണം തുടങ്ങിയ ശാസ്ത്രങ്ങളിലും നിഷ്ണാതനായിരുന്നു എന്നു കാണാവുന്നതാണു്. ദേശമേതെന്നു് അറിയുന്നില്ല.

''അയ്ഥാനാതിപ്രകീർണ്ണാൻ ഹോരാശാസ്ത്രാന്തരേഭ്യ ഉദ്ധൃത്യ
ഗ്രഥിതമിദമനാപശബ്ദം ഹോരാശാസ്ത്രം സമാസേന.
അതിസംക്ഷേപോഽ ശക്യോ ജ്ഞാതും ഹൃതിവിസ്തരോ മതിം ഹന്തി;
യുക്തം പ്രമാണയുക്ത്യാ കൃതമിദമുഭയം പരിത്യജ്യ''

എന്നീ പദ്യങ്ങളിൽ ഗ്രന്ഥകാരൻ തന്റെ കൃതിക്കുള്ള വൈശിഷ്ട്യത്തെ പ്രഖ്യാപനം ചെയ്യുന്നു. നഷ്ടപ്രശ്നം, മുഷ്ടിപ്രശ്നം മുതലായ പ്രശ്നങ്ങൾ പറഞ്ഞു് ഒപ്പിക്കണമെങ്കിൽ കൃഷ്ണീയത്തിന്റെ സാഹായ്യം അപരിത്യാജ്യമാണെന്നു ദൈവജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ദേശമംഗലത്തു് ഉഴുത്തിരവാരിയർ ഹോരാവിവരണത്തിൽ കൃഷ്ണീയത്തെ സ്മരിക്കുന്നു. പ്രശ്നമാർഗ്ഗകാരനായ ഇടയ്ക്കാട്ടു നമ്പൂരി കൃഷ്ണീയത്തെ ഒരു പ്രമാണഗ്രന്ഥമായി സ്വീകരിക്കുന്നു. ഇതുകൊണ്ടെല്ലാം കൊല്ലം എട്ടാംശതകത്തിനു മുമ്പാണു് അതിന്റെ നിർമ്മിതി എന്നു വ്യക്തമാകുന്നു. കുറേക്കൂടി ചുഴിഞ്ഞു നോക്കുകയാണെങ്കിൽ കൃഷ്ണീയഹോരയെ ഉണ്ണിയച്ചീചരിതം ചമ്പുവിൽ സ്മരിച്ചുകാണുന്നതുകൊണ്ടു് കൊല്ലം അഞ്ചാംശതകത്തോളം പഴക്കവും അതിനു കല്പിക്കാവുന്നതാണു്. ഇടയ്ക്കാട്ടു പറയുന്നതു് ഇങ്ങനെയാണു്.

''ഹോരാം വരാഹമിഹിരാസ്യവിനിർഗ്ഗതാം യേ
മാലാമിവാദധതി ദൈവവിദസ്സുകണ്ഠേ;
കൃഷ്ണീയശാസ്ത്രമപി ഭർത്തൃമതീവ സൂത്രം,
തേഷാം സഭാസു മഹതീ ഭവതീഹ ശോഭാ''

മാലയേക്കാൾ മംഗല്യസൂത്രം ഭർത്തൃമതിയായ സ്ത്രീ കണ്ഠത്തിൽ ധരിക്കേണ്ടതു് അത്യാവശ്യമാകയാൽ പ്രശ്നമാർഗ്ഗകാരന്റെ പക്ഷത്തിൽ ഹോരാശാസ്ത്രത്തെ അപേക്ഷിച്ചു കൃഷ്ണീയശാസ്ത്രത്തിനു പ്രയോഗോപയോഗിത അധികമുണ്ടെന്നു വേണം വിചാരിക്കുവാൻ. ഇടയ്ക്കാട്ടു വീണ്ടും മറ്റൊരു ഘട്ടത്തിൽ ''തൈരാദൌ കൃഷ്ണീയേ ശാസ്ത്രേ സമ്യക് പരിശ്രമഃ കാര്യഃ'' എന്നു് ഊന്നിപ്പറഞ്ഞിട്ടുണ്ടു്.

കൃഷ്ണീയത്തിനു് 'ചതുരസുന്ദരീ' എന്നൊരു പഴയ വ്യാഖ്യാനമുണ്ടു്. അതിന്റെ പ്രണേതാവിനെപ്പററി ഒന്നും അറിഞ്ഞുകൂടാ.

''നത്വാ ത്രികാലതത്വജ്ഞം സർവ്വജ്ഞം ക്രിയതേ മയാ
വ്യാഖ്യാ കൃഷ്ണീയശാസ്ത്രസ്യ നാമ്നാ ചതുരസുന്ദരീ''

എന്നുമാത്രമേ അദ്ദേഹം ആ വ്യാഖ്യാനത്തെപ്പററി പറയുന്നുള്ളു. പുലിയൂർ പുരുഷോത്തമൻ നമ്പൂരിയുടെ ദൈവജ്ഞവല്ലഭ എന്ന വ്യാഖ്യാനം ആധുനികമാണു്.

Digitized By Kerala Sahitya Akademi

## ചില തന്ത്രഗ്രന്ഥങ്ങൾ

**പ്രയോഗമഞ്ജരി:**—കേരളത്തിലെപ്പോലെ ഒരിടത്തും വിശിഷ്ടങ്ങളും ബഹുമുഖങ്ങളുമായ തന്ത്രഗ്രന്ഥങ്ങൾ ഉണ്ടായിട്ടില്ല. അവയിൽ അത്യന്തം പ്രാചീനമായ ഒരു ഗ്രന്ഥമാണ് പ്രയോഗമഞ്ജരി. അതിന്റെ കാലം ഏതെന്നു പരിച്ഛേദിച്ചുപറയുവാൻ നിവൃത്തിയില്ലെങ്കിലും ക്രി: പി: പത്താമത്തെയോ പതിനൊന്നാമത്തെയോ ശതകത്തിൽ ആയിരിക്കണമെന്ന് ഉദ്ദേശിക്കാം. എന്തെന്നാൽ 14-ാം ശതകത്തിൽ ജീവിച്ചിരുന്ന വില്വമംഗലത്തു സ്വാമിയാരുടെ ഗുരുനാഥനെന്ന് ഊഹിക്കാവുന്ന ഈശാനഗുരുദേവൻ അദ്ദേഹത്തിന്റെ 'പദ്ധതി' എന്ന തന്ത്രഗ്രന്ഥത്തിൽ പല അവസരങ്ങളിലും പ്രസ്തുത കൃതിയിൽനിന്നു ശ്ലോകങ്ങളും മറ്റും പ്രാക്തനപ്രമാണരൂപത്തിൽ ഉദ്ധരിക്കുന്നു.

**പ്രണേതാവ്:**—പ്രയോഗമഞ്ജരിക്കു മഞ്ജരി എന്ന പേരിലാണ് അധികം പ്രസിദ്ധി. അതിന്റെ പ്രണേതാവ് രവി എന്നൊരു നമ്പൂരിയാണെന്നും അദ്ദേഹത്തിന്റെ പിതാമഹൻ ഭവത്രാതനും പിതാവ് അഷ്ടമൂർത്തിയും ആയിരുന്നു എന്നും താഴെ കാണുന്ന ശ്ലോകങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്.

> ''ശിവപുരസദ്ഗ്രാമജുഷാ വിധ്യുപ്പിതസോമപാനശുദ്ധേന
> കാശ്യപഗോത്രപ്രഭുണാ മാരകുലാബ്ജ....വനഹംസേന
> ചമ്പാതീരതടാകാരാമസ്ഥ(സ്ഥിത?)ശാസ്തൃഗുപ്തേന
> രവിണാ ഹരിപാദാബ്ജഭൃങ്ഗേണ രചിതാ കൃതിഃ
> പ്രയോഗമഞ്ജരീ നാമ സംക്ഷേപകുസുമോജ്ജ്വലാ''

രവി ഒരു ചോമാതിരിയും കാശ്യപഗോത്രജനും ആണെന്നും മങ്കര തീവണ്ടിയാപ്പീസിനു മൂന്നു നാഴിക വടക്കുള്ള ചെമ്പാക്കുളങ്ങരക്കാവിലെ ശാസ്താവാണ് അദ്ദേഹത്തിന്റെ പരദേവതയെന്നുംകൂടി ഈ ശ്ലോകങ്ങളിൽനിന്നു കാണാം. മാരകുലം കൊട്ടമണ്ട എന്ന ഇല്ലമാണെന്നു പ്രദ്യോതകാരൻ വിശദീകരിക്കുന്നു. ബഹുയാജിയായിരുന്നു രവി എന്നും ആ വ്യാഖ്യാതാവു ചൂണ്ടിക്കാണിക്കുന്നു. സ്വകൃതിയെപ്പററി ഗ്രന്ഥകാരൻ ഇങ്ങനെ പ്രസ്താവിക്കുന്നു.

> ''ഉത്തമതാ ന വചസോ ന ച കൌതുകം മേ
> ബുദ്ധേശ്ശിവസ്യ ന ച ബോദ്ധുമലം ഹി തത്ത്വം
> ഹാസ്യോ ഭവാമി കരണേന നിബന്ധനസ്യ
> സ്പഷ്ടം തഥാപി ഖലു ചോദയതീഹ ഭക്തിഃ.

> ദുർജ്ഞേയാനി ബഹൂനി മന്ദമതിഭിസ്തന്ത്രാണി ഗൌരീപതേ—
> രുദ്ഗീർണ്ണാനി മുഖാംബുജാദവികലാസ്തേഷ്വേകത്ര തേഷാം ക്രിയാഃ
> നോക്താസ്തേന ശിവാഗമാംശ്ച നിഖിലാനുദ്വീക്ഷ്യ താസ്താഃ ക്രിയാഃ
> സംക്ഷിപ്യ പ്രവദാമി യാശ്ച വിഹിതാ ലിങ്ഗപ്രതിഷ്ഠാവിധൌ.

Digitized By Kerala Sahitya Akademi

ശൈവാഗമങ്ങളുടെ സംക്ഷേപമാണു് മഞ്ജരിയെന്നു് ഈ പ്രസ്താവനയിൽ നിന്നു വിശദമാകുന്നുണ്ടല്ലോ. ആകെ ഇരുപതൊന്നു പടലങ്ങളാണു് ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നതു്. രവിയുടെ ശ്ലോകങ്ങൾക്കു നല്ല രചനാസൗഷ്ഠവമുണ്ടു്.

**പ്രദ്യോതം:**— പ്രദ്യോതം പ്രയോഗമഞ്ജരിയുടെ വിസ്തൃതവും മർമ്മസ്പൃക്കുമായ ഒരു വ്യാഖ്യാനമാണു്. നാരായണന്റെ പുത്രനായ ത്രിവിക്രമൻ എന്നൊരു നമ്പൂരിയാണു് അതിന്റെ രചയിതാവെന്നു താഴെ ഉദ്ധരിക്കുന്ന പദ്യങ്ങളിൽനിന്നു കാണാവുന്നതാണു്.

"ആർദ്രപാദകുലോദ്ഭൂതനാരായണതനൂദ്ഭവഃ
ത്രിവിക്രമോഹം മഞ്ജര്യാ വ്യാഖ്യാം കുർവേ യഥാശ്രുതം.
തിരോഹിതാർത്ഥവാക്യാനാം പദാനാഞ്ച യഥാമതി
സ്വാർത്ഥമേവാപരിച്ഛിദ്യ ശ്രുതാർത്ഥസ്യ സ്മൃതേരിമാം"

"നിഖിലാഗമാർത്ഥസാരപ്രയോഗമഞ്ജര്യഗാധകമലിന്യാഃ
പ്രസൃതാ ത്രിവിക്രമാഖ്യാദപ്യാഖ്യാ പ്രദ്യോത ഏവ ബോധായ."

ആർദ്രപാദകുലമേതെന്നു ഗവേഷണം ചെയ്യേണ്ടിയിരിക്കുന്നു. ത്രിവിക്രമന്റെ വ്യാഖ്യയ്ക്കു കുറേയധികം പഴക്കമുണ്ടെന്നല്ലാതെ ഏതു കാലത്താണു് അതിന്റെ നിർമ്മിതി എന്നു ഖണ്ഡിച്ചുപറയുവാൻ മാർഗ്ഗമില്ല. സ്മാർത്തവൈതാനികപ്രായശ്ചിത്തകർത്താവായ മാന്ധാതാവിന്റെ ഗുരുവായിരുന്നു അദ്ദേഹമെന്നും കൊല്ലം ഏഴാംശതകമായിരുന്നിരിക്കണം അദ്ദേഹത്തിന്റെ ജീവിതകാലമെന്നും എനിക്കു തോന്നുന്നു.

**ഈശാനശിവഗുരുദേവപദ്ധതി:**— ഈശാനഗുരുദേവപദ്ധതിയും ശൈവാഗമങ്ങളെ ആധാരമാക്കി രചിച്ചിട്ടുള്ള ഒരു ബൃഹത്തമമായ തന്ത്രനിബന്ധമാണു്. ഈശാനൻ എന്നതു പേരും ശിവഗുരുദേവൻ എന്നതു ശൈവാഗമങ്ങളിലുള്ള പാണ്ഡിത്യംനിമിത്തം അദ്ദേഹത്തിനു ലബ്ധമായ ബിരുദവുമാണെന്നു ഞാൻ ഊഹിക്കുന്നു. "സമാപ്താചേയമീശാനശിവഗുരുദേവസ്യ കൃതിഃ സിദ്ധാന്തസാരപദ്ധതിഃ" എന്നൊരു കുറിപ്പു ഗ്രന്ഥാവസാനത്തിൽ കാണുന്നുണ്ടു്. ഇതിൽ സാമാന്യപാദമെന്നും മന്ത്രപാദമെന്നും ക്രിയാപാദമെന്നും യോഗപാദമെന്നും നാലു പാദങ്ങൾ അടങ്ങിയിരിക്കുന്നു. ആദ്യത്തെ രണ്ടു പാദങ്ങളും പൂർവ്വാർദ്ധത്തിലും ഒടുവിലത്തെവ രണ്ടും ഉത്തരാർദ്ധത്തിലും ഉൾപ്പെടുന്നു. ആകെ പതിനെണ്ണായിരത്തോളം ശ്ലോകങ്ങൾ ഉണ്ടു്.

"വിസ്തൃതാനി വിശിഷ്ടാനി തന്ത്രാണി വിവിധാന്യഹം
യാവൽസാമർത്ഥ്യമാലോച്യ കരിഷ്യേ തന്ത്രപദ്ധതിം"

എന്നു ഗ്രന്ഥകാരൻ ഉപോദ്ഘാതത്തിൽ പ്രതിജ്ഞചെയ്യുന്നു. അദ്ദേഹം സ്മരിക്കുന്ന ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ പ്രപഞ്ചസാരം, മഞ്ജരി, (പ്രയോഗമഞ്ജരി), ഭോജരാജേന്ദ്രപദ്ധതി ഈ ഗ്രന്ഥങ്ങളും ഉൾപ്പെടുന്നു. തദനുരോധേന ധാരാധിപനായ ഭോജരാജാവിന്റെ ജീവിതകാലമായ പതിനൊന്നാംശതകത്തിനു പിന്നീടാണു് പ്രസ്തുതഗ്രന്ഥത്തിന്റെ

Digitized By Kerala Sahitya Akademi

നിർമ്മിതി എന്നു സിദ്ധിക്കുന്നുണ്ടല്ലോ. ഈശാനശിവഗുരു കേരളീയനാണെന്നുള്ളതിനെപ്പററി സംശയിക്കേണ്ടതില്ല. ക്രിയാപാദം 50-ാം പടലം, 343-ാം പദ്യത്തിൽ തിമില എന്ന കേരളീയവാദ്യവിശേഷത്തെപ്പററി പറയുന്നുണ്ട്.

''സങ്ഗീതനൃത്തവാദിത്രൈഃ ശംഖകാഹളഗോമുഖൈഃ
തിമിലാനകഭേര്യാദ്യൈർന്നിനാദദ്ദിഗന്തരം''

വില്വമങ്ഗലത്തു സ്വാമിയാർ ക്രി: പി: ഉദ്ദേശം 1220 മുതൽ 1300 വരെ ജീവിച്ചിരുന്നതായി മേൽ ഉപപാദിക്കും. അദ്ദേഹം ഈശാനദേവൻ തന്റെ ഗുരുവായിരുന്നു എന്നു് ''ഈശാനദേവചരണാഭരണേന'' എന്ന ശ്രീകൃഷ്ണകർണ്ണാമൃതത്തിലേയും ''ഈശാനദേവ ഇത്യാസീദീശാനോ മുനിതേജസാം'' എന്ന ബാലകൃഷ്ണസ്തോത്രത്തിലേയും പങ്ക്തികളിൽ പ്രഖ്യാപിക്കുന്നു. ആ വഴിക്കു് ഈശാനശിവഗുരു ക്രി: പി: പന്ത്രണ്ടാം ശതകത്തിന്റെ അവസാനത്തിൽ ജീവിച്ചിരുന്നതായി സങ്കല്പിക്കുന്നതിൽ അപാകമില്ല. അദ്ദേഹത്തിന്റെ ജനനസ്ഥലം ഏതെന്നു നിർണ്ണയിക്കുവാൻ ഒരു പോംവഴിയും കാണുന്നില്ല. സന്ന്യാസാശ്രമം സ്വീകരിച്ചിരുന്നിരിക്കാമെന്നു തോന്നുന്നു. പദ്ധതിയിലെ പല ശ്ലോകങ്ങൾക്കും ആസ്വാദ്യതയുണ്ടു്.

''അനന്യതന്ത്രസാപേക്ഷസ്വാത്മസന്ദോഹസങ്ഗതിം
ഋദ്ധൈർവിധാനമന്ത്രാദ്യൈർവിദ്യാം ശ്രുതിമിവാപരാം
പ്രസന്നാം നാതികുടിലാം നാതിസംക്ഷേപവിസ്തരാം
ചിത്രാം ബഹുഗുണാം വിദ്വച്ഛ്ലാഘ്യാം ഭോഗവതീമിവ
വിവിധച്ഛന്ദസം നാനാവൃത്താലങ്കാരവർണ്ണകാം
സേവ്യാം കാമിജനസ്യേഷ്ടാം ലളിതാം പ്രമദാമിവ
വിഷഗ്രഹാമയാദീനാം പ്രശമോപായദർശിനീം
മന്ത്രബിംബൌഷധിധ്യാനൈർവിദ്യാം സഞ്ജീവിനീമിവ''

ഇവയെല്ലാം ഗ്രന്ഥപ്രശസ്തിപദ്യങ്ങളാണു്.

**ക്രിയാസാരം:**—ക്രിയാസാരം എന്നൊരു ദീർഘമായ തന്ത്രഗ്രന്ഥം 'നാരശ്രേണി' എന്ന ഇല്ലത്തെ സുബ്രഹ്മണ്യൻനമ്പൂരിയുടെ പുത്രനായ രവിനമ്പൂരി നിർമ്മിച്ചിട്ടുണ്ടു്. നാരശ്രേണി (പുതുശ്ശേരി) എവിടെയുള്ള ഇല്ലമാണെന്നോ സുബ്രഹ്മണ്യൻ ഏതുകാലത്തു ജീവിച്ചിരുന്നു എന്നോ അറിവില്ല. ഗണപതി, വിഷ്ണു, ശാസ്താവു്, എന്നിങ്ങനെ അനേകം ദേവതകളുടെ ബിംബപ്രതിഷ്ഠ, നവീകരണം, പൂജാവിധി, ഉത്സവവിധി മുതലായ വിഷയങ്ങളെയാണു് പ്രസ്തുതഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. ഒടുവിൽ സപ്തമാതൃക്കളുടെ സ്ഥാപനം സംബന്ധിച്ചുള്ള വിധികൾ ക്രോഡീകരിച്ചിരിക്കുന്നു. ഓരോ ദേവതയെപ്പററിയുള്ള ഭാഗങ്ങൾ ഓരോ ഭാഗമായി തിരിച്ചു് അവയെ പല പടലങ്ങളായി വീണ്ടും വിഭജിച്ചിരിക്കുന്നു. ആകെ ഇരുപത്തൊൻപതു പടലങ്ങൾ കാണുന്നു. ഗ്രന്ഥം ഇങ്ങനെ ആരംഭിക്കുന്നു.

Digitized By Kerala Sahitya Akademi

"ഗണേശാനം നമസ്കൃത്യ ശിവം നാരായണം പ്രഭും
ക്രിയാസാരം പ്രവക്ഷ്യാമി സമാസാച്ച സമാസതഃ
സർവ്വശാസ്ത്രേഷു നിർദ്ദിഷ്ടം സർവ്വം സംഗൃഹ്യ ലക്ഷണം
വിശേഷതസ്തു യജ്ഞേപി പ്രോക്തം വക്ഷ്യേ സമാസതഃ.
ഏകസ്മിന്നാഗമേ നോക്താഃ പ്രായശസ്സകലാഃ ക്രിയാഃ
തസ്മാൽ സംക്ഷേപതോ വക്ഷ്യേ സാധകാനാം ഹിതായ വൈ.
യാ യാ ക്രിയാഗമേഷൂക്താഃ സ്ഥാപനാർത്ഥം മനീഷിഭിഃ
താം താമാദായ സന്ധായ വക്ഷ്യേ കർമ്മ യഥാക്രമം."

ഒടുവിൽ

"സമ്യക് ശാസ്ത്രമധീത്യ തത്ര ഗദിതം ജ്ഞാത്വൈവ കാര്യാ ക്രിയാ
യേ കുർവ്വന്തി തതോന്യഥാ പരിഭവം യാന്ത്യേവ തേ കർമ്മണഃ
സമ്യക് തന്ത്രമഹോദധേഃ സുവിശദം സങ്കീർണ്ണസർവ്വക്രിയാ-
സാരം രത്നമിവോദ്ധൃതം ഗുരുപദാംഭോജപ്രസാദാന്മയാ."

എന്നൊരു ജ്ഞാപകപദ്യവും ചേർത്തിട്ടുണ്ട്. ഈ ഗ്രന്ഥവും അതിപ്രാചീനമാണെന്നു തന്ത്രസംഗ്രഹകാരനായ കേളല്ലൂർ ചോമാതിരി ഇതിനെ ഉപജീവിച്ചു കാണുന്നതിൽനിന്നു വെളിപ്പെടുന്നു.

**ക്രിയാസാരവ്യാഖ്യ:**—ക്രിയാസാരത്തിന്റെ വ്യാഖ്യാതാവ് ഹരിണീകാരനായ പുലിയന്നൂർ നാരായണൻനമ്പൂരിയാണെന്നു മുൻപു പറഞ്ഞുവല്ലോ. "വ്യാഘ്രഗ്രാമാലയേന നാരായണേന കൃതായാം ക്രിയാസാരവ്യാഖ്യായാം" എന്ന കുറിപ്പാണ് ഈ ഊഹത്തിനു ലക്ഷ്യം. മൂലഗ്രന്ഥകാരനെപ്പറ്റി അദ്ദേഹം, "അഥ കശ്ചിദ് വിപശ്ചിദഗ്രേസരസ്തന്ത്രാചാര്യസ്തന്ത്രിണാം തന്ത്രാഗമാർത്ഥ തൽപ്രതിപാദിതക്രിയാപ്രയോഗേ ച വ്യാമൂഢാനാമനുഗ്രഹായ ക്രിയാസാരമിതി യഥാർത്ഥാഹ്വയം ഗ്രന്ഥം ചികീർഷുഃ" എന്നുമാത്രമേ പറയുന്നുള്ളൂ. ക്രിയാസാരകാരൻ 'നാരായണം പ്രഭും' എന്നു പറഞ്ഞിട്ടുണ്ടല്ലോ. ശ്ലേഷസാമർത്ഥ്യംകൊണ്ട് അദ്ദേഹം തനിക്കു മാർഗ്ഗദർശകമായിരുന്ന തന്ത്രസമുച്ചയം നിർമ്മിച്ച ചേന്നാസ്സു നമ്പൂരിപ്പാടിനെക്കൂടി കടാക്ഷിക്കുന്നില്ലേ എന്നു ഞാൻ സംശയിക്കുന്നു.

Digitized By Kerala Sahitya Akademi

പത്താമദ്ധ്യായം

# നാടോടിപ്പാട്ടുകൾ (I)

## പലവക

**നാടോടിപ്പാട്ടുകൾ:**—പ്രായേണ ദുഃഖഭൂയിഷ്ഠമായിത്തോന്നുന്ന ഈ ലോകത്തിൽ കലർപ്പില്ലാത്ത സുഖമെന്നൊന്നുണ്ടെങ്കിൽ അതു കലകളിൽ—പ്രത്യേകിച്ചു സംഗീതത്തിലും സാഹിത്യത്തിലും—ആണു് സ്ഥിതിചെയ്യുന്നതെന്നുള്ളതിനു സംശയമില്ല. പാട്ടുകേൾക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദം ആർക്കും അനുഭവഗോചരമാകുന്നു. ഓരോ ജനസമുദായത്തിന്റെ ഇടയിലും ആദ്യമായി സഞ്ജാതമായ സാഹിത്യം സംഗീതാത്മകമായിരുന്നു എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ സാഹിത്യത്തിനു പാണ്ഡിത്യദൃഷ്ടിയിൽ യാതൊരു മെച്ചവുമില്ല; അതിലേ സംഗീതം അങ്ങനെയൊരു പേർ അറിക്കുന്നുമില്ല. എങ്കിലും ആ ഗാനപ്രപഞ്ചത്തിനുണ്ടു് ശൈശവമധുരമായ ഒരു സൗന്ദര്യം. അതു സഹൃദയന്മാരെ അന്തരാന്തരാ രസിപ്പിക്കുന്നു; ഗാനരസികന്മാരെ ആകർഷിക്കുന്നു. ഓലയുടേയും നാരായത്തിന്റേയും ഒത്താശകൂടാതെ നാടെങ്ങും പ്രചരിക്കുന്നു. ആ ഇനത്തിൽപെട്ട കേരളത്തിലേ ചില പാട്ടുകളെപ്പററി ഈ അധ്യായത്തിൽ സ്വല്പം പ്രസ്താവിക്കാം.

**വിഷയം:**—കേരളത്തിൽ സാമാന്യേന എല്ലാ വിഷയങ്ങളെപ്പററിയും പാട്ടുകൾ ഉണ്ടായിട്ടുണ്ടു്. പ്രധാനമായി (1) ദേവതാപൂജ, (2) വീരപുരുഷാരാധനം, (3) വിനോദം, (4) ശാസ്ത്രം, (5) കുലവൃത്തി (6) സദാചാരം ഇവയെ അധികരിച്ചാണു് അവയിൽ ഭൂരിപക്ഷവും രചിക്കപ്പെട്ടിട്ടുള്ളതു്. ഈ പ്രഭേദങ്ങളെത്തന്നെ കുറേക്കൂടി പ്പരത്തി (1) പുരാണം, (2) സ്തോത്രം, (3) സദാചാരം, (4) ശാസ്ത്രം, (5) വീരചരിതം, (6) ദേശചരിത്രം, (7) തൊഴിലായ്മ, (8) വിനോദം, (9) ദൈവതികം, (10) വൈഷയികം, (11) രാഷ്ട്രീയം, (12) സാമുദായികം എന്നിങ്ങനെ കൊച്ചിരാമവർമ്മ (അപ്പൻതമ്പുരാൻ) പന്ത്രണ്ടുമാതിരിയായി തരംതിരിച്ചിരിക്കുന്നു.

ഉദ്ധരിക്കുന്ന പാട്ടുകൾ എല്ലാംതന്നെ പ്രാചീനങ്ങളാണെന്നു് എനിക്കഭിപ്രായമില്ല. വിനോദപരങ്ങളായ ഗാനങ്ങളിൽ പലതിനേയും ആട്ടിപ്പായിച്ചു് ഇക്കാലത്തു് അവയുടെ സ്ഥാനങ്ങളിൽ പുരാണകഥകളും ഈശ്വരസ്തോത്രങ്ങളും കടന്നുകൂടീട്ടുണ്ടു്. ഒരേ വിഷയത്തെ അധികരിച്ചുനോക്കുകയാണെങ്കിൽപോലും പഴയ പാട്ടുകളെ പുറന്തള്ളി അവയ്ക്കു പകരം പല പുതിയ പാട്ടുകളും രംഗപ്രവേശം ചെയ്തിട്ടുള്ളതായും കാണാം. അതുകൊണ്ടു് ഈ അധ്യായത്തിൽ സ്മരിക്കുന്ന ഗാനങ്ങളുടെ കാലഗണന അസാധ്യമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

**സംഘക്കളി — ആഗമം:**— യാത്രകളി അല്ലെങ്കിൽ സംഘക്കളി നമ്പൂരിമാരുടെ ഇടയിൽ പണ്ടേയ്ക്കുപണ്ടേ പ്രചുരപ്രചാരമായിത്തീർന്നിട്ടുള്ള ഒരു വൈദികവിനോദപ്രസ്ഥാനമാകുന്നു. ഇതിന്റെ ഉത്ഭവത്തൊപ്പറ്റി കേരളോൽപത്തിയിൽ താഴെ കുറിക്കുന്ന വിധത്തിൽ ഒരൈതിഹ്യമുണ്ട്. പള്ളിബാണപെരുമാൾ കേരളം രക്ഷിച്ചുവന്ന കാലത്തു ബുദ്ധമതക്കാരും നമ്പൂരിമാരുംതമ്മിൽ തൃക്കാരിയൂരമ്പലത്തിൽവച്ചു മതസംബന്ധമായി ഒരു വാഗ്വാദമുണ്ടാകുകയും അതിൽ ജയം സിദ്ധിക്കുന്നതിനുവേണ്ടി നമ്പൂരിമാർ തൃക്കാരിയൂരപ്പനെ ഭജിക്കുകയും ചെയ്തു. ആ അവസരത്തിൽ ജങ്ഗമൻ എന്നൊരു മഹർഷി അവിടെ ചെന്നു നാല്പ പാദത്തോടുകൂടിയ ഒരു മന്ത്രം നമ്പൂരിമാർക്കു് ഉപദേശിച്ചു. ഒരു മണ്ഡലം ഭജിച്ചപ്പോൾ ആറു പരദേശ ബ്രാഹ്മണർ അവിടെ വരികയും അവരുടെ സാഹായ്യത്തോടുകൂടി നമ്പൂരിമാർ ബുദ്ധമതക്കാരെ തോല്പിക്കുകയും ചെയ്തു. അന്നുമുതല്ക്കു് ആ 'നാല്പ പാദം' അഭീഷ്ടപ്രദമാണെന്നുള്ള ബോധത്താൽ കേരളീയർക്കു് ആദരണീയമായിത്തീർന്നു. ഇതാണു് ആ ഐതിഹ്യം. ഇതിന്റെ വിശ്വാസ്യത എങ്ങനെയിരുന്നാലും എല്ലാ സംഘങ്ങളുടേയും മൂലപരദേവത തൃക്കാരിയൂരപ്പനായതുകൊണ്ടു തൃക്കാരിയൂരാണു് സംഘക്കളിയുടെ ഉത്ഭവസ്ഥാനം എന്നു തീർച്ചയായി പറയാം. കാലം, ക്രി: പി: ആറാം ശതകത്തോടടുത്താണെന്നു വിചാരിക്കുന്നതിൽ അപാകമില്ല.

സംഘക്കളിയെ മൂന്നംശമായി വിഭജിക്കാം. അവ നാല്പപാദം, പാന, കളി (ഹാസ്യം) എന്നിവയാകുന്നു. ഇവയിൽ നാല്പ പാദമാണു് അതിപ്രധാനം; അതു കഴിഞ്ഞാൽ പാനയും. നാല്പപാദംമാത്രമേ ആദ്യകാലത്തുണ്ടായിരുന്നുള്ളൂ. പാന പിന്നീടും കളി ഒടുവിലും കൂട്ടിച്ചേർത്തതാണെന്നത്രേ ഞാൻ അനുമാനിക്കുന്നതു്. സന്താനലാഭത്തിനും പ്രേതശുദ്ധിക്കും വളരെ വിശേഷമെന്നു സംഘക്കളിയെ കരുതിപ്പോരുന്നു. ചോറൂണു്, ഉപനയനം, സമാവർത്തനം, വിവാഹം, ഷഷ്ട്യബ്ദപൂർത്തി, മഹാരാജാക്കന്മാരുടെ തിരുനാൾ എന്നിങ്ങനെയുള്ള വലിയ അടിയന്തിരങ്ങൾ സംബന്ധിച്ചാണു് സംഘക്കളി സാധാരണമായി കളിപ്പിക്കാറുള്ളതു്. നാല്പപാദം മാത്രമായും നാല്പപാദവും പാനയും മാത്രമായും അടിയന്തിരം കഴിപ്പിക്കാവുന്നതാണു്; എന്നാൽ കളിമാത്രമായോ പാനയും കളിയും മാത്രമായോ പാടുള്ളതല്ല.

**സംഘങ്ങൾ:**— ചാത്തിരർ എന്നൊരിനം നമ്പൂരിമാരുണ്ടു്. ശാസ്ത്ര(ആയുധസംബന്ധി എന്നർത്ഥം)പദത്തിന്റെ തത്ഭവങ്ങളാണു് ചാത്തിരവും യാത്രയും; വിദേശങ്ങളിലെ 'യാത്ര' എന്ന വിനോദവുമായി ഇതിനു യാതൊരു സംബന്ധവുമില്ല. പുരാതനകാലങ്ങളിൽ ആയുധവൃത്തി സ്വീകരിച്ചു ഗ്രാമരക്ഷ നടത്തിയവരും അടുക്കളയ്ക്കും (എല്ലാ നമ്പൂരിമാർക്കും വച്ചുവിളമ്പുന്നതിനും) അരങ്ങിനും (സംഘത്തിൽ ചേർന്നു കളിക്കുന്നതിനും) അവകാശമുള്ളവരും ആണു് ചാത്തിരർ. കളി നടത്തുന്നതു വാസ്തവത്തിൽ അവരാണെങ്കിലും സംഘം തികയുന്നതിനു വേദാഢ്യന്മാരായ നമ്പൂരിമാർകൂടി വേണമെന്നുണ്ടു്. വാക്യാവൃത്തി, പരി

Digitized By Kerala Sahitya Akademi

ഥം, കിഴിപ്പുറം എന്നു് ഓരോ സംഘത്തിലുമുള്ള മൂന്നു സ്ഥാനങ്ങൾക്കു് അവക്കാണു് അവകാശം. അവയിൽ വാക്യാവൃത്തിക്കു ഭരണാധികാരവും, പരിഷത്തു സേനാനായകത്വവും കിഴിപ്പുറത്തിനു ധനാധികാരവും പണ്ടുണ്ടായിരുന്നിരിക്കണമെന്നു് ഊഹിക്കാം. 'പതിനെട്ടും പട്ടത്തോളം' എന്നിങ്ങനെ പത്തൊൻപതു സംഘങ്ങളെപ്പററി പറയാറുണ്ടെങ്കിലും പട്ടത്താനം ഇടക്കാലത്തു കോടശ്ശേരിക്കർത്താക്കന്മാരുടെ ആവശ്യത്തിനായി ഉണ്ടായതാണു്. പഴയ സംഘങ്ങൾ പതിനെട്ടേയുള്ളൂ. ഓരോ സംഘത്തിനും തൃക്കാരിയൂരപ്പനു പുറമേ പ്രത്യേകമായി ഒരു പരദേവതകൂടിയുണ്ടു്. അതു ശാസ്താവോ, ഭഗവതിയോ ആയിരിക്കും.

## ചടങ്ങുകൾ (1) പൂർവ്വാംഗം—കൊട്ടിച്ചകംപൂകൽ:—

ഇതു സംഘക്കാരുടെ സംഘസ്ഥലത്തേക്കുള്ള പ്രവേശവും 'കണമിരിക്ക'ലും ആകുന്നു. 'കണമിരിക്കുക' എന്നാൽ ഗണ(സംഘം)മായിരിക്കുക എന്നർത്ഥം. അപ്പോൾ ചൊല്ലുന്ന പാട്ടു ഭദ്രകാളിയേയോ ശാസ്താവിനേയോ പററിയായിരിക്കണം.

* "പൂക്കലമാല ‡ മാന്തിളനീരു മാന്തളിർ ചെമ്പരുത്തി
പൂമലരും കരുത്തെഴുമോല വിന്യുള്ള ചെമ്പഴുക്ക
നാക്കിലതന്നിൽ വെള്ളരി വെള്ളവെററില നല്ല തേങ്ങ
§ നാക്കു ചേരും വിളക്കൊട്ട പീഠമേറിന കുലദൈവം
പാട്ടിനിരിപ്പാൻ മെത്തിനവാൾ കട്ടത്തില ശൂലംകൊൾവാ †
പാട്ടിനലങ്കരിച്ച കളത്തിൽ വന്നുടനാടുകമ്മേ."

എന്നിങ്ങനെ ഭദ്രകാളിപ്പാട്ടു പോകുന്നു. അതു കഴിഞ്ഞാൽ കേളി(വാദ്യ കൊട്ടു്)യും പിന്നീടു സദ്യയുംമേൽ ഉച്ചതിരിഞ്ഞു ചെമ്പുകൊട്ടിയാക്കലുമായി. ചെമ്പുകൊട്ടിയാക്കലിനും ചില പാട്ടുകളുണ്ടു്.

**(2) നാലുപാദം:**—വൈകുന്നേരത്തെ സന്ധ്യാവന്ദനം കഴിഞ്ഞാണു് നാലുപാദം സ്വരവും താളവുമൊപ്പിച്ചു് ഉച്ചരിക്കേണ്ടതു്. ആ ഭാഷാമന്ത്രം താഴെ ചേർക്കുന്നു.

കണ്ടമിരുണ്ടു നടംചെയ്യും നിൻ ചേവടിയേ
എന്നുമരങ്ങിൽ നിലയ്ക്കുക വിണ്ണോർനായകരോ!
വഞ്ചന ചെയ്യുമമൂത്തകൾ വന്തണയും മാലൊഴിവാൻ
കേണികൾ ചൂഴ്തിരുക്കാരിയൂർ മുക്കണ്ണരേ മുക്കണ്ണരേ.§

നാലുപാദത്തെ തുടർന്നു് ഈ ഘട്ടത്തിൽ വേറെയും ചില പാട്ടുകൾ ചൊല്ലാറുണ്ടു്. അവയിൽ ഒന്നിൽനിന്നു് ഏതാനും വരികൾ താഴെ ഉദ്ധരിക്കുന്നു.

---

* കൺടാന്മാർ സമ്പ്രദായം, ‡ മാന്തു്=മാന്തി (മാങ്ങ); § നാക്കു്=കതിരു് (കരുന്നു്) † കൊൾവാ=കൊള്ളുന്നോരേ.

§ കണ്ഠം ഇരുണ്ടു നടനംചെയ്യുന്ന നിൻെറ ചേവടി, അല്ലയോ ദേവനായകാ, അരങ്ങിൽ എന്നും നില്ക്കട്ടെ. ചെയ്യുമമൂത്തകൾ=ചെയ്യുന്ന യമമൂത്തന്മാർ. കേണികൾ ചൂഴ്=കിടങ്ങുകൾ ചൂഴുന്ന. ഈ പാട്ടു വേറെവിധത്തിലും അച്ചടിച്ചു കണ്ടിട്ടുണ്ടെങ്കിലും പ്രസ്തുതപാഠത്തിനു ശുദ്ധിയേറുമെന്നാണു് എൻെറ പക്ഷം.

Digitized By Kerala Sahitya Akademi

"മാടൊന്നേ കടയാക്കിപ്പിടിച്ചാൻ പോലിവനോ;
മാതാവെപ്പിരിഞ്ഞുപോയ് വളൎന്നാൻ പോലിവനോ;
ചാടൊന്നേ ചവിട്ടീട്ടു നടന്നാൻ പോലിവനോ;
ചായൽപ്പെണ്ണുരുവമായ്ച്ചമഞ്ഞാൻ പോലിവനോ;
ആട്ടന്നോരനന്തൻമേൽക്കിടന്നാൻ പോലിവനോ;
ആനായത്തികളുടേ തുകിൽ വാരിയതിവനോ;
കോലൊന്നേ കുഴലൂതി നടന്നാൻ പോലിവനോ;
ഗോവിന്ദപുരമെന്നു നിനവെന്റെ മനമേ."

ഇതു ശ്രീകൃഷ്ണസ്തുതിയാണെന്നു പറയേണ്ടതില്ലല്ലോ.

**(3) പാന:**—അത്താഴസ്സദ്യയുടെ മധ്യത്തിൽ കറിശ്ലോകങ്ങളും ഒടുവിൽ നീട്ടും ചൊല്ലാറുണ്ട്. നീട്ടു പുരാണപുരുഷന്മാരിൽ ഒരാളിന്റെ പ്രതിച്ഛന്ദികയ്ക്ക് എഴുതുന്നതും, അതിലെ ഭാഷ അത്യന്തം സംസ്കൃതപദജടിലവുമാണ്. കേരളവൎമ്മവലിയകോയിത്തമ്പുരാൻപോലും ഒരു നീട്ട് ഉണ്ടാക്കീട്ടുണ്ട്. സദ്യ കഴിഞ്ഞു വഞ്ചിപ്പാട്ടു പാടിക്കൊണ്ടു കൊട്ടമ്പുരയിൽ എത്തി ചാത്തിരന്മാർ കെട്ടിയുടുത്തിരുന്നു കേളികൊട്ടിത്തീൎന്നാൽ ഏതെങ്കിലും രാഗം പാടി മേളം കൊട്ടും. അതാണ് പാന. ആ ഘട്ടത്തിലും പാടേണ്ട ചില പാട്ടുകളുണ്ട്. അവയിൽനിന്ന് ഒന്നോ രണ്ടോ മാതൃക കാണിക്കാം.

"ഗണപതിഭഗവാനേ! നന്മ ഞാനൊന്നിരപ്പൻ,
തുണപെട്ട ശിവപുത്തിരാ! തുയപാച്ചോറു തന്തേൻ;
പണമുടയരവുതന്മേൽ പള്ളികൊള്ളുന്ന മായോൻ
ഇണയടിതൊഴുതിരന്നേനിമ്പമായ് നല്കിനിക്ക്.
ആൎമതി ചൂട്ടമീശനാനയായ് വേഷംപൂണ്ടു
അന്നുടനുമയാംതാനുമന്നിറം പിടിയുമായി
ആദരാൽ മനംപുകന്നു ക്രീഡിച്ചു നടന്ന കാല-
മന്നുപെട്ട പിറന്ത പിള്ളൈ അഴകേറും വിനായകൻതാൻ
അന്തരമെന്ന്യേ പന്തൽതന്നിലങ്ങകം പുകന്നു
ചിന്തയിൽ മലമശ്ശാസ്ത്രം പറതിയിലുരചെയ്യിപ്പാൻ
ചന്തമായൊററക്കൊമ്പൻ വന്നുളനാക മുമ്പി-
ലന്തരിയാതെയാതിയുമന്തവും തോന്നിച്ചീപ്പോറം."

മലമശ്ശാസ്ത്രം എന്നാൽ മലയരുടെ ശാസ്ത്രം എന്നൎത്ഥം. ആ അൎത്ഥം ഇവിടെ എങ്ങനെ ഘടിക്കുന്നു എന്നു ബന്ധിച്ചുപറവാൻ നിൎവ്വാഹമില്ല. പഴയ ഭദ്രകാളിപ്പാട്ടുകളുടെ കൂട്ടത്തിലും മലമപ്പാട്ടുണ്ട്.

"കാറണിഞ്ഞമ്പിടമുടികാക്കണ്ട മകൻ പിള്ളൈ
ഒററക്കൊമ്പഴകിയ ഗണപതിക്കഭയമേ!
കാർനെല്ലും പൊരിയവിൽ കരിമ്പുപഴമിളനീരും
കാക്കണ്ടമകൻ പിള്ളൈ ഗണപതിക്കഭയമേ."

Digitized By Kerala Sahitya Akademi

ഇങ്ങനെ അകാരാദിക്രമത്തിലുള്ള ഈരടികളാണ് മററൊരു പാനപ്പാട്ടിൽ കാണുന്നതു്. നാലുപാദത്തോളം പാനപ്പാട്ടുകൾക്കു പഴക്കമില്ലെങ്കിലും അവയും അവാചീനങ്ങളല്ല.

**(4) കയ്യാളുടെ വരവും മറവും:**—പാനപ്പാട്ടുകൾ കഴിഞ്ഞാൽ കണ്ടപ്പൻെറ (കയ്യാളുടെ) വരവായി. കണ്ടപ്പൻെറ വേഷവും നമ്പൂരിമാർത്തന്നെയാണു കെട്ടുന്നതു്. 'നീയാരു്?' എന്നുള്ള രങ്ഗവാസികളുടെ ചോദ്യത്തിനു ''മാനം വളഞ്ഞൊരു വളപ്പിനകത്തു, മഹാമേരുവിങ്കൽനിന്നും തെക്കുവടക്കു കിഴക്കുപടിഞ്ഞാറു്, ആനമലയോടൊപ്പു കടലോടിടയിൽ, ചേരമാൻമലനാട്ടിൽ ചെറുപപ്പൂർ(പാപ്പൂർ)ച്ചാന്നിരിനത്തിൽ പന്നിക്കുന്നത്തു കൂട്ടത്തിൽ പണ്ടാരക്കുന്നത്തു പടിഞ്ഞാറേതാവഴിയിൽ'' ജനിച്ച ഒരു ശൂരപുരുഷനാണു് എന്നു കയ്യാൾ മറുപടി പറയുന്നു. അരിപ്പാറ തിരിപ്പാറ തിരുക്കാവിലെ വിശേഷങ്ങളെപ്പററി കയ്യാൾ പറയുന്ന

''ഉണ്ണൊല്ലാ ഉറങ്ങൊല്ലാ ഉറങ്ങ്യാൽപിന്നുണരൊല്ലാ
അടിക്കൊല്ലാ തളിക്കൊല്ലാ അടുപ്പിൽ തീയെരിക്കൊല്ലാ
തിന്നൊല്ലാ തിമിക്കൊല്ലാ തിമിക്കേററം പറയൊല്ലാ.''

ഇത്യാദി ചട്ടവട്ടങ്ങൾ കേൾക്കാൻ രസമുണ്ടു്. കയ്യാൾ പാടുന്നതാണു് എല്ലാവരും കേട്ടിട്ടുള്ള

''ജനകൻെറ മകളല്ലോ ചീതപ്പെണ്ണു്
അവൾക്കല്ലോ രാമച്ചെക്കനെടുപ്പാൻകൊടുത്തു
അവളേല്ലോ രാവണച്ചൻ കട്ടു കൂട്ടിക്കൊണ്ടുപോയി
അതുമൂലം കുരങ്ങച്ചൻ ലങ്കചുട്ടു.''

എന്ന പാട്ടു്. പിന്നീടു പൊലി(സമ്മാനം)യായി. അതു കഴിഞ്ഞാൽ കുറത്തിയാട്ടവും. പാനയുടെ ഒടുവിലത്തെ ചടങ്ങാണു് വെലിയുഴിച്ചിൽ. അതു വളരെ പ്രധാനമാണെന്നു പറയേണ്ടതില്ലല്ലോ. ആ അവസരത്തിൽ പാടുന്ന പാട്ടുകൾ നവീനങ്ങൾതന്നെ.

**(5) കളി:**—വട്ടമിരിപ്പുകളിയാണു് ഇതിൽ ആദ്യത്തെ ചടങ്ങു്. അതിലും ചില ദേവപ്രീതികരങ്ങളായ സ്തോത്രങ്ങൾ ഉണ്ടു്. താഴെക്കാണുന്നതു ദേവീസ്തുതിയാണു്.

''എഴുവരുണ്ടേ ഭഗവതിമാ—
രെഴുവരിലുമഴകിയതോ?
അഴകിയതോ ഞാനറിവേൻ;
പഴയന്നൂർകാവിൽ ഭഗവതിപോൽ
ഐവരുണ്ടേ ഭഗവതിമാ—
രൈവരിലുമഴകിയതോ?
അഴകിയതോ ഞാനറിവേൻ;
അയ്യ്യാർകുന്നിൽ ഭഗവതിപോൽ
മൂവരുണ്ടേ ഭഗവതിമാർ;
മൂവരിലുമഴകിയതോ?
അഴകിയതോ ഞാനറിവേൻ;
മൂക്കുതലേബ്ഭഗവതിപോൽ.
ഇരുവരുണ്ടേ ഭഗവതിമാ—
രിരുവരിലുമഴകിയതോ?
അഴകിയതോ ഞാനറിവേൻ;
തിരുനെല്ലൂരേബ്ഭഗവതിപോൽ
ഒരുവരുണ്ടേ ഭഗവതിമാ—
രൊരുവരിലുമഴകിയതോ?
അഴകിയതോ ഞാനറിവേ—
നുരകത്തെബ്ഭഗവതിപോൽ.''

Digitized By Kerala Sahitya Akademi

കളിയിൽ ആണ്ടുമെന്നും ആസ്യ(ഹാസ്യ)മെന്നും രണ്ടു വകപ്പുണ്ട്. ആണ്ടുത്തിൽ ''പൂവാതെ മുല്ലേ മുല്ലേ'' ഇത്യാദിയായ പാട്ടും ആസ്യത്തിൽ ''കോപ്പിട്ട പെണ്ണിന്റെ കോമളം കണ്ടിട്ട കോരംമയിർക്കൊള്ളുന്ന മാലോകരേ'' തുടങ്ങിയ പാട്ടും ഉൾപ്പെടും. ഇങ്ങനെ പല വിനോദഗാനങ്ങളും പാടിത്തീർന്നാൽ പിന്നെയും കയ്യുളരുടെ വരവായി. കയ്യുളും ഓതിക്കനും തമ്മിലുള്ള സംവാദം മുഴുവൻ ശ്ലോകരൂപമാണ്. അതു പഴക്കമുള്ളതല്ല. അടുത്ത ചടങ്ങുകൾ ചെപ്പടിവിദ്യയും വിഡ്ഢിപുറപ്പാടുമാണ്. വിഡ്ഢിയുടെ മഞ്ഞപ്പാട്ടിൽനിന്നു് ഒരു ഭാഗം താഴെ ചേർക്കുന്നു.

''മഞ്ഞക്കാട്ടിൽ പോയാൽ–പ്പിന്നെ–മഞ്ഞക്കിളിയെപ്പിടിക്കാലോ.
മഞ്ഞക്കിളിയെപ്പിടിച്ചാൽ–പ്പിന്നെ–ച്ചപ്പും ചവറും പറിക്കാലോ.
ചപ്പും ചവറും പറിച്ചാൽ–പ്പിന്നെ–ഉപ്പും മുളകും തിരുമ്മാലോ.
ഉപ്പും മുളകും തിരുമ്യാൽ–പ്പിന്നെ–ച്ചട്ടീലിട്ടു പൊരിക്കാലോ.
ചട്ടീലിട്ടു പൊരിച്ചാൽ–പ്പിന്നെ–പ്പച്ചേലവാട്ടിപ്പൊതിയാലോ.
പച്ചേലവാട്ടിപ്പൊതിഞ്ഞാൽ–പ്പിന്നെ–ത്തണ്ടാൻപടിക്കൽച്ചെല്ലാലോ.
തണ്ടാൻപടിക്കൽച്ചെന്നാൽ–പ്പിന്നെ–ക്കള്ളാലിത്തിരി മോന്താലോ.
കള്ളാലിത്തിരി മോന്ത്യാൽ–പ്പിന്നെ–അമ്മേം പെങ്ങളേം തല്ലാലോ.
അമ്മേം പെങ്ങളേം തല്ല്യാൽ–പ്പിന്നെ–
ക്കോലോത്തും വാതുക്കൽച്ചെല്ലാലോ.
കോലോത്തും വാതുക്കൽച്ചെന്നാൽ–പ്പിന്നെ–
കാലും കെണച്ചങ്ങുനില്ക്കാലോ.
കാലും കെണച്ചങ്ങു നിന്നാൽ-പ്പിന്നെ–
ക്കാര്യംകൊണ്ടിത്തിരി പറയാലോ.
കാര്യംകൊണ്ടിത്തിരിപറഞ്ഞാൽ-പ്പിന്നെ–
ക്കഴുമേൽക്കിടന്നങ്ങാടാലോ.''

**6) ആയുധമെടുപ്പ്:—** ഇതു കളിയുടെ അവസാനത്തെ ചടങ്ങാണ്. ഓരോ അടവു പിടിച്ചുള്ള അഭ്യാസങ്ങൾ ആ ഘട്ടത്തിൽ അരങ്ങത്തു പ്രദർശിപ്പിക്കുന്നു.

സംഘക്കളിയുടെ പ്രാഭവവും പ്രൌഢിയും അസ്തമിതപ്രായമായെങ്കിലും ഇന്നും അതു പ്രചാരലുപ്തമായിപ്പോയി എന്നു പറവാനില്ല. അതിലേ സാഹിത്യത്തിൽ ചില ഭാഗങ്ങൾ സഭ്യേതരങ്ങൾ ആണെന്നുവച്ച് ആധുനികന്മാർ അതിനെ ത്യാജ്യകോടിയിൽ തള്ളരുതു്. ചില പാട്ടുകൾ ഏറ്റവും രസാത്മകങ്ങളാണ്. ഫലിതം മനോഹരമായി പ്രതിഫലിക്കുന്ന പാട്ടുകളും ധാരാളം ഉണ്ടു്. സൂക്ഷ്മമായി പരിശോധിച്ചാൽ സംഘക്കളിയിലെ പഴയ പാട്ടുകളിൽനിന്നു പ്രാചീനകേരളത്തിലെ ആര്യദ്രാവിഡബന്ധത്തെപ്പററി പല അറിവുകളും ലഭിക്കുന്നതാണ്. നമ്പൂരിമാർ ആ ഘട്ടത്തിൽ പ്രധാനമായി വന്ദിക്കുന്നതു ദ്രാവിഡദേവതകളായ ഭദ്രകാളിയേയും ശാസ്താവിനേയും ആണെന്നുള്ളതിൽനിന്നുതന്നെ ആര്യദ്രാവിഡന്മാരെ ഏകോപിപ്പിക്കുന്നതിനുള്ള നടപടികളിൽ ഒന്നാണ് ഈ വിനോദമെന്നു സങ്കല്പിക്കുവാൻ ന്യായമുണ്ടു്.

Digitized By Kerala Sahitya Akademi

**തീയാട്ട്:**—തെയ്യാട്ട് (ദൈവമായിട്ട് ആടൽ) എന്നതിന്റെ തത്ഭവമാണ തീയാട്ട്. അയ്യപ്പൻതീയാട്ടെന്നും ഭദ്രകാളിത്തീയാട്ടെന്നും തീയാട്ട രണ്ടു മാതിരിയുണ്ട്. അയ്യപ്പൻതീയാട്ട് അയ്യപ്പൻകാവുകളിലും ഭദ്രകാളിത്തീയാട്ട ഭദ്രകാളിക്ഷേത്രങ്ങളിലും വെച്ചാണ് സാധാരണമായി നടത്താറുള്ളതെങ്കിലും ബ്രാഹ്മണാലയങ്ങളിലും അവ കഴിക്കാവുന്നതാകുന്നു. അയ്യപ്പൻതീയാട്ട ബ്രിട്ടീഷ്മലബാറിലും ഭദ്രകാളിത്തീയാട്ട കൊച്ചി തിരുവിതാംകൂർ എന്നീ രാജ്യങ്ങളിലും ആണ് പ്രായേണ ആചരിച്ചുകാണുന്നതു്. മസൂരി മുതലായ സാംക്രമികരോഗങ്ങളുടെ നിവാരണമാണ് ഈ വഴിപാടിന്റെ ഉദ്ദേശം. അയ്യപ്പൻതീയാട്ട നടത്തുന്നവരെ തീയാടി നമ്പ്യാന്മാരെന്നും ഭദ്രകാളിത്തീയാട്ടനടത്തുന്നവരെ തീയാട്ടുണ്ണികളെന്നും പറയുന്നു. ഇരുകൂട്ടരും അന്തരാളന്മാർതന്നെ. രണ്ടുവക തീയാട്ടിലും കളമെഴുതി ദേവതയെ കളത്തിലേക്ക് എതിരേറ്റുകൊണ്ടുവന്നു ദീപാരാധന നടത്തി സ്തോത്രഗാനങ്ങൾകൊണ്ടു പ്രസാദിപ്പിക്കുന്നു. സംഘക്കളിക്കാരുടേയും ഭദ്രകാളിത്തീയാട്ടുകാരുടേയും ദേവീപരങ്ങളായ സ്തോത്രങ്ങൾക്ക് ഐകരൂപ്യമുണ്ട്. താഴെക്കാണുന്ന പാട്ട രണ്ടുകൂട്ടക്കാരും പാടാറുള്ളതാണ്.

"കാരിരുൾനിറമൊത്ത തിരുമുടി തൊഴുന്നേൻ;
കനൽക്കണ്ണും തിരുനെറ്റിത്തിലകം കൈതൊഴുന്നേൻ;
വിലസുന്ന മിഴിയും നാസിക കവിൾ തൊഴുന്നേൻ;
വളഞ്ഞുള്ളൊരെയിറും പല്ലൊടു നാവും തൊഴുന്നേൻ;
വട്ടത്തിൽ വിളങ്ങുന്ന തിരുമുഖം തൊഴുന്നേൻ;
വാരണക്കുഴകമ്പി*യിവ രണ്ടും തൊഴുന്നേൻ;
മാറിടം വളർതാലി മണിമാല തൊഴുന്നേൻ;
മാമേരുവിനെ വെന്ന തിരുമുല തൊഴുന്നേൻ;
ദാരുകൻ തലവെട്ടിപ്പിടിച്ച കൈ തൊഴുന്നേൻ;
തങ്കം നിൻകരവാൾ വട്ടക ശൂലം തൊഴുന്നേൻ;
നേരേയാലിലയൊത്തോരുദരം കൈതൊഴുന്നേൻ;
ഞെറിഞ്ഞ പൂന്തുകിലും പട്ടുടയാട തൊഴുന്നേൻ;
തുമ്പിക്കൈത്തരമൊത്ത തിരുത്തുട തൊഴുന്നേൻ;
തുകിൽപട്ടിൻപുറമേ പൊന്നുടഞാണും തൊഴുന്നേൻ;
കേതകീമലരൊത്ത കണങ്കാൽ കൈതൊഴുന്നേൻ;
കേവലം പുറവടി വിരലും കൈതൊഴുന്നേൻ;
കോപത്തോടുറയുന്ന തിരുനൃത്തം തൊഴുന്നേൻ;
കോമരമിളകുന്ന ചിലമ്പൊലി തൊഴുന്നേൻ;
മുടിതൊട്ടിങ്ങടിയോളമുടൽ കണ്ടു തൊഴുന്നേൻ;
മുടങ്ങാതെ കൊടുങ്ങല്ലൂരമന്നമ്മേ തൊഴുന്നേൻ."

പാട്ട പാടിക്കഴിഞ്ഞാൽ അടുത്ത ചടങ്ങു, കളംമാച്ചിട്ടുള്ള തീയാട്ടാകുന്നു. തീയാട്ടിനു ഭദ്രകാളിയുടെ വേഷം കെട്ടിയാടുന്നതു തീയാട്ടുണ്ണിതന്നെയാ

* കഴ=കാതു്, കമ്പി=കുണ്ഡലം.

Digitized By Kerala Sahitya Akademi

ണ്; ആടാനുള്ള കഥ ദാരുകവധമാം. ദാരുകവധം ഭദ്രകാളി ശിവനെ അറിയിക്കുന്നതു മുദ്രക്കൈകൾകൊണ്ടാകുന്നു. അവ കാണിക്കുവാൻ പ്രത്യേകം 'ആട്ടപ്രകാര'മുണ്ട്. അതു തീയാട്ടുണ്ണികൾ കാണാപ്പാഠമായി പഠിച്ച് അതിൽ നിർദ്ദേശിച്ചിട്ടുള്ള വിധത്തിൽ കൈകൾ കാണിക്കും. പിന്നെ വിളക്കത്തു പന്തം കൊളുത്തി ബലിയുഴിച്ചിൽ നടത്തുകയും അതോടുകൂടി തീയാട്ടിന്റെ ചടങ്ങുകൾ അവസാനിക്കുകയും ചെയ്യുന്നു. സംഘക്കളിയിൽ "അയ്യപ്പൻകാവിലടിപ്പേൻ തളിപ്പേൻ ഞാൻ, തീയാട്ടും പാട്ടുമൊരുട്ടും കഴിപ്പേൻ ഞാൻ" "മണ്ണാർപാട്ടും തീയാട്ടും പാണ്ടിറാരിക്കും" എന്നും മററും കാണുന്നതിൽനിന്നുമാത്രം തീയാട്ടു സംഘക്കളിയേക്കാൾ പ്രാചീനമാണെന്നു പറഞ്ഞുകൂടുന്നതല്ല. ഇവ സംഘക്കളിയുടെ ആരംഭകാലത്തുള്ള പാട്ടുകളല്ലെന്ന് ആവർത്തിച്ചു രേഖപ്പെടുത്തിക്കൊള്ളുന്നു.

**കളമ്പാട്ട്:**—വടക്കേ മലയാളത്തിൽ കണിശന്മാർ ബാധോപശാന്തിക്കായി പാടിവരാറുള്ള ഒരുതരം പാട്ടാണ് കളമ്പാട്ട്. യക്ഷൻ, യക്ഷി, ഗന്ധർവ്വൻ, രക്തേശ്വരി മുതലായ ദേവയോനികളുടെ രൂപം പൊടികൊണ്ടു കളമിട്ട് അതിൽ പ്രദർശിപ്പിക്കും. പന്തലിന്റെ തെക്കുഭാഗത്തായി ഗുളികന്റെ രൂപവും വരയ്ക്കും. രാത്രിയിൽ കളത്തെ പൂജിച്ചു 'വരിക'പ്പാട്ടു തുടങ്ങുമ്പോൾ ഏഴെട്ടുസ്ത്രീകൾകൂടി പിണിയാളെ അവിടെ പ്രവേശിപ്പിച്ചു കളത്തിനു ചുററും വലത്തുവയ്പിച്ചു പാട്ടുകാർക്ക് എതിരേ ഇരുത്തും. പുലരുന്നതുവരെ പാട്ടു പാടി സന്താനഗോപാലഗാനത്തോടുകൂടി കർമ്മം അവസാനിപ്പിക്കും.

**ഓലപ്പാവക്കൂത്ത്:**—ഇതിനേയും കൂത്തെന്നുതന്നെയാണ് പറയാറുള്ളതെങ്കിലും ഇതിനും ചാക്കിയാർക്കൂത്തിനും തമ്മിൽ യാതൊരു സംബന്ധവുമില്ല. ഈ കൂത്തിന്റെ ഉത്ഭവസ്ഥാനം പാലക്കാട്ടുതാലൂക്കാണെങ്കിലും മലബാർജില്ലയിലെ പൊന്നാനി വള്ളുവനാട് എന്നീ താലൂക്കുകളിലും കൊച്ചിരാജ്യത്തിലെ വടക്കൻപ്രദേശങ്ങളിലുംകൂടി ക്ഷേത്രങ്ങളോട് അനുബന്ധിച്ച് ഒരു വിനോദകല എന്ന നിലയിൽ ഇതു പ്രചാരിക്കുന്നു. മാൻതോൽകൊണ്ടുണ്ടാക്കിയ പാവകളുടെ നിഴൽ സദസ്യർക്കു കാണുമാറാക്കി ആ പാവകളെ യഥോചിതം ആടിച്ചു പാവകളിക്കാർ തന്നെ സംഭാഷണം നിർവ്വഹിക്കുന്നു. ഇതിന്റെ മൂലം തമിഴിലെ സുപ്രസിദ്ധമായ കമ്പരാമായണത്തിൽനിന്നെടുത്തതും വചനം, അതായതു വ്യാഖ്യാനഗദ്യം, ആ ഭാഷയിൽ അഭിജ്ഞരായ ചില പുലവന്മാർ(വിദ്വാന്മാർ)സ്വകീയമായി എഴുതിച്ചേർത്തിട്ടുള്ളതുമാണ്. രാമായണമാണ് ഇതിവൃത്തമെന്നു പറയേണ്ടതില്ലല്ലോ. കമ്പരുടെ കാലത്തിന്, അതായതു ക്രി: പി: പന്ത്രണ്ടാംശതകത്തിന്, മുമ്പല്ല ഈ വചനങ്ങളുടെ ഉല്പത്തി. പാലക്കാട്ടു ശിങ്കപ്പുലവർ എന്ന ആളാണ് ഈ സമ്പ്രദായം ആദ്യമായി നടപ്പിലാക്കിയതെന്നു പുരാവിത്തുകൾ പറഞ്ഞുവരുന്നു. ഇഷ്ടിരങ്ങപ്പുലവർ എന്ന പേരിൽഅറിയപ്പെടുന്ന മറെറാരു കലാകുശലൻ കാലാന്തരത്തിൽ അഭിനയത്തിലും പ്രചാരത്തിലും മററു പല പരിഷ്കാരങ്ങളും

Digitized By Kerala Sahitya Akademi

വാഴ്ത്തി. ഭദ്രകാളിക്ഷേത്രങ്ങളുടെ സമീപമുള്ള പറമ്പുകളിലാണ് സാധാരണമായി കൂത്തുകഴിക്കുന്നത്. കൂത്തുമാടം ദക്ഷിണാഭിമുഖമായി തൽക്കാലാവശ്യത്തിനു കെട്ടിയുണ്ടാക്കും. മാടത്തിന്റെ നടുവിൽ ഭദ്രകാളി സന്നിധാനം ചെയ്യുന്നതായാണ് സങ്കല്പം. രാമാദിപ്രതിബിംബങ്ങളായ പാവകളുടെ സ്ഥാനം വലത്തുഭാഗത്തും രാവണാദികളുടേത് ഇടത്തുഭാഗത്തുമാണ്. ഒരു ഭാഗം ചുവടെ ഉദ്ധരിക്കുന്നു. അതിലെ ഭാഷയും തമിഴ് തന്നെ.

"നിന്തിരുവടിയുടെ പിതാവാന ദശരഥഭൂപതി, കൊട്ടുങ്കോലാന തൈചെലുത്താമൽ, ഉലകത്തിനിടത്തിലുണ്ടാന സർവ്വജനങ്കളൈയും തനതുചെങ്കോലിനിടത്തിൽ പ്രവേശിത്തു, ധർമ്മരക്ഷയ്ക്കാക ഒരേ മാർഗ്ഗമാക നടത്തി, പ്രജകളൈ രക്ഷിക്കക്കൂടിയവനും ഇന്തകാലത്തിനിടത്തിൽ പെരുമ്പാപികളാകിയ രാവണാദികൾ ജനിത്തു, കൃത്യാകൃത്യങ്കളാന സദ്ധർമ്മങ്കളൈ നീക്കംചെയ്തു, ഉലകത്തിനിടത്തിലുണ്ടാന സജ്ജനങ്കൾ സദ്ധർമ്മങ്കൾ വിട്ടുപടിയിനാൽ, രാത്രികാലത്തിനിടത്തിൽ അന്ധകാരം അടൈന്തപോൽ ഉലകത്തിൽ അന്ധകാരമായിരിക്കിറപൊഴുതു, ഹേ! സ്വാമിൻ നീങ്കൾ അവതരിത്തു സൂര്യദേവരൈപ്പോൽ അന്ധകാരം നീക്കംചെയ്യതക്കാക ഇന്ത വനത്തിൽ പ്രവേശിത്തതിനാൽ ഇന്ത വിഷയത്തൈ എടുത്തുചൊല്ലി വൈത്തേൻ സ്വാമിൻ."

തെക്കൻകർണ്ണാടകത്തിലെ 'ബൊമ്മയാട്ട്' 'ബൈലാട്ട്' (വയലാട്ടം) ഇവയ്ക്കും ഈ നിഴലാട്ടത്തിനുംതമ്മിൽ പല സാദൃശ്യങ്ങളും കാണ്മാനുണ്ട്. ശ്രീരാമാവതാരംമുതല്ക്കു തുടർന്നു കൂത്തു കവളപ്പാറ ആരിയങ്കാവിലേ നടത്തുവാൻ പാടുള്ളു; ശ്രീരാമപട്ടാഭിഷേകംവരെ എവിടെയും നടത്തണം. ആരംഭംമുതൽ കളിക്കുകയാണെങ്കിൽ നാല്പത്തൊന്നു ദിവസം വേണം. പഞ്ചവടീപ്രവേശംമുതല്ക്കാണെങ്കിൽ ഇരുപത്തൊന്നു ദിവസവും സേതുബന്ധംമുതല്ക്കാണെങ്കിൽ പതിനൊന്നോ പന്ത്രണ്ടോ ദിവസവും മതിയാകും. ഓലപ്പാവക്കൂത്ത് എന്ന പദം സങ്കോചിപ്പിച്ച് ഓലപ്പാക്കൂത്തെന്നും നാടോടിഭാഷയിൽ ഇതിനെ വ്യവഹരിച്ചുവരാറുണ്ട്.

**ഏഴാമത്തുകളി:**—ഏഴാമത്തുകളിക്കു സംഘക്കളിക്കെന്നപോലെ ഒരു വിളക്കു കത്തിച്ച് അതിനുചുററും ഏതാനുംപേർ വട്ടമിട്ടിരിക്കണം. അവരിൽ ഒരാൾ എഴുന്നേററുനിന്നുകൊണ്ടു മററുള്ളവക്കു മോപ്പാളക്കേശവൻ, ഒഴുക്കത്തു വാലാട്ടി, അയക്കോലിന്മേൽ കാക്ക എന്നിങ്ങനെ ഹാസ്യപ്രധാനങ്ങളായ ചില പേരുകളിടും. അതുകഴിഞ്ഞാൽ എല്ലാവരും ഇരുന്നു താളമേളങ്ങളോടുകൂടി പാട്ടു തുടങ്ങുന്നു. പാട്ടിന്റെ രീതി താഴെ കാണുന്നതാണ്.

"ഞാൻ കുളിക്കും കുളമല്ലോ ഏററുമാനൂർ തേവർകുളം;
നീ കുളിക്കും കുളത്തിന്റെ പേർ ചൊൽ മാര!"

എന്നൊരാൾ പാടിയാൽ അടുത്ത് ഇടത്തുവശത്തിരിക്കുന്ന ആൾ

"ഞാൻ കുളിക്കും കുളമല്ലോ ശ്രീവൈക്കത്തു തേവർകുളം;
നീ കുളിക്കും കുളത്തിന്റെ പേർ ചൊൽ മാര!"

Digitized By Kerala Sahitya Akademi

എന്നു പാട്ടം. കളിക്കുന്നതു പ്രസിദ്ധിയുള്ള ഒരു ദേവന്റെ കളത്തിലാകണം. അങ്ങനെ പാട്ടുപാടാം കളത്തിന്റെ പേർ പറവാൻ സാമർത്ഥ്യമില്ലാതെ പിഴച്ചാൽ കള്ളുകുടിയൻ, കാക്കാലൻ എന്നിങ്ങനെ ആരുടെയെങ്കിലും വേഷംകെട്ടി അരങ്ങത്തു വരണം. കള്ളുകുടിയൻ പാടേണ്ട വഞ്ചിപ്പാട്ടിലേ ചില വരികളാണു് ചുവടേ കുറിക്കുന്നതു്.

> "കണ്ടോക്ക പിറന്നോനേ! കാട്ടുമാക്കാൻ കടിച്ചോനേ!
> കടവിൽക്കല്യാണി നിന്റെയച്ചിയല്യോടാ?
>
> ചിപ്പും ചിപ്പും ചിരട്ടയും ചിരട്ടയ്ക്കുൽത്തരിപ്പണം
> വട്ടമൊത്ത കുറിച്ചിയും പതഞ്ഞ കള്ളും
>
> ഇഷ്ടമൊത്ത ജനമൊത്തു വട്ടമിട്ടു കുടിച്ചപ്പോൾ
> വട്ടപ്പട്ടിക്കൂട്ടം വന്നു കിറിയും നക്കി."

എഴാമത്തുകളി പ്രചരിക്കുന്നതു തിരുവിതാംകൂറിലാണു്. അതിൽ നമ്പൂരി, അമ്പലവാസി, നായർ ഈ ജാതികളിൽപെട്ടവക്ക ചേരാം. ആ കളിക്ക സമാനമായി കൂട്ടപ്പാഠകമെന്നൊരു വിനോദം കൊച്ചിരാജ്യത്തുണ്ടു്. അതിൽ അമ്പലവാസികളല്ലാതെ മററാരും ഭാഗഭാക്കുകളാകാറില്ല. കൂട്ടപ്പാഠകത്തിൽ ശ്ലോകങ്ങളാണു് ചൊല്ലേണ്ടതെന്നു നിയമമുണ്ടു്.

**കാണിപ്പാട്ടു്:**—തിരുവിതാംകൂറിലേ മലകളിൽ പല ആദിമവർഗ്ഗക്കാർ വസിക്കുന്നുണ്ടു്. അവരിൽ ഒരു വർഗ്ഗത്തിൽ പെട്ടവരാണു് കാണിക്കാർ. കാണിക്കാരെ മലയന്മാരെന്നും പറയും. അവർ താമസിക്കുന്നതു തിരുവിതാംകൂറിൽ പത്തനാപുരം തൊട്ടു തെക്കോട്ടുള്ള മലകളിലാണു്. അവരുടെ ഇടയിൽ നടപ്പുള്ള ചാററ(മന്ത്രവാദം)പാട്ടുകളിൽ ഒന്നിൽനിന്നാണു് താഴെക്കാണുന്ന വരികൾ ഉദ്ധരിക്കുന്നതു്. മുൻകാലത്തു് മൂന്നു കൊല്ലത്തിലൊരിക്കൽ എഴുപത്തിരണ്ടു കാണിപ്പററുകളിലെ അരയന്മാരും ആററിങ്ങൽ തമ്പുരാനു് അരണ്യവിഭവങ്ങൾ കാഴ്ചവയ്ക്കുക പതിവുണ്ടായിരുന്നു. അതിനു് ഒരവസരത്തിൽ അല്പം നേരനീക്കം വന്നതിനാൽ രാജാവു മാത്തക്കുട്ടി വലിയപിള്ളയെ തുല്യംചാർത്തിയ ഒരു നീട്ടോലയോടുകൂടി അവരുടെ പ്രമാണിയായ വീരനല്ലൂർക്കോട്ടയിലെ വീരപ്പനരയന്റെ സമീപത്തിലേക്കയയ്ക്കുന്നു. 'നിനവു്' (കല്പന) കണ്ടു മാത്തക്കുട്ടിയോടു വീരപ്പൻ ഓരോന്നു ചോദിക്കുകയും മാത്തക്കുട്ടി ഉത്തരം പറയുകയും ചെയ്യുന്നു.

> "നിനവുതന്നെ കാണുന്നതു
> വീരപ്പനരയന്മകനും."
> "നീളേ നെടുകേ വരച്ചതിപ്പോൾ;
> എന്തിനു പിള്ളേ വരച്ചുകിടക്കുന്നു?"
> "നീളേ നെടുകേ വരച്ചുകിടക്കുന്ന—
> താനക്കൊമ്പിനും മൂങ്കിൽക്കലയ്ക്കും."
> "കാറാൻ കോറാൻ വരച്ചതിപ്പോൾ;
> എന്തിനു പിള്ളേ വരച്ചുകിടക്കുന്നു?"

Digitized By Kerala Sahitya Akademi

"കാറാൻ കോറാൻ വരച്ചുകിടക്കുന്നു;
വെരുവിൻ ചട്ടം തോൻകുന്നതിന്നു."
മറുക്ക കിറുക്ക വരച്ചുകിടക്കുന്ന–
തെന്തിന്നു പിള്ളേ വരച്ചുകിടക്കുന്നു?"
മറുക്ക കിറുക്ക വരച്ചതരയാ,
പുലിത്തോലും കട്ടാരത്തോലിന്നാം."
"നെറ്റിറൊരുനൊര * എസ്തിക്കിടക്കുന്ന–
തെന്തിന്നു പിള്ളേ എസ്തിക്കിടക്കുന്നു?"
"നെറ്റിറൊരുനൊര എസ്തിക്കിടക്കുന്നു;
ചിറ്റേറ്റാൻകല ചെറുകദളിക്കല."
"കുപ്പിറ കറുകാരെയെസ്തിക്കിടക്കുന്ന–
തെന്തിന്നു പിള്ളേ എസ്തിക്കിടക്കുന്നു?"
"കുപ്പിറ കറുകാ എസ്തിക്കിടക്കുന്നു
പേരേത്തങ്കല പെരുങ്കദളിക്കല."

ആ ആജ്ഞ ശിരസാ വഹിച്ചു വീരപ്പൻ 'വലതുകാലുമുന്തിവെച്ച്' മാററയന്മാരോടുകൂടി ആററിങ്ങലേക്കു പോയി. സ്ഥലത്തെത്തി അഞ്ചു ദിവസം താമസിച്ചിട്ടും തിരുമേനിയെ മുഖം കാണിക്കാൻ സൗകര്യം ലഭിക്കാത്തതിനാൽ കാഴ്ചവയ്ക്കുവാൻ കൊണ്ടുചെന്ന പുത്തൻകലവും മററും അവർ ചുട്ടുതിന്നുതുടങ്ങി. വെരുകിൻ ചട്ടം തീയിലിട്ടു. ആ ഗന്ധം മൂക്കിൽ വ്യാപിച്ചപ്പോളാണ് രാജാവ് അവർ വന്ന വിവരം മനസ്സിലാക്കിയത്. ആ ധിക്കാരത്തിന് അവരെ ശിക്ഷിക്കണമെന്നു കല്പന പുറപ്പെട്ടപ്പോൾ "എഴുപത്തിരണ്ടു കാണിപ്പേരേ എലിക്കുഞ്ഞു വിറയ്ക്കും പോലെ" വിറച്ചുതുടങ്ങി. "കിട്ടത്താതെ നിപ്പിനെടാ" എന്നു പറഞ്ഞുകൊണ്ടു വീരപ്പൻ അവിടെ തന്റെ കൈയിലുള്ള സിദ്ധൌഷധങ്ങളെക്കൊണ്ടു പല വിദ്യകളും കാണിച്ചു രാജാവിനെ വിസ്മയിപ്പിച്ചു. 'ആനപ്പുറത്തുകേറി ആനയുടെ തല വെട്ടാമൊ' എന്നു ചോദിച്ചതിന് അങ്ങിനെ ചെയ്തു കാണിച്ചുകൊടുക്കുകയും രാജാവ് അതു കണ്ടു വ്യസനിച്ചപ്പോൾ ഒരു മരുന്നുപുരട്ടി ആനയെ പുനർജ്ജീവിപ്പിക്കുകയും ചെയ്തു.

"മുറിപൊരുന്തി മരുന്നെടുത്തു ആനമേലേ തടവുവാരാം,
അപ്പൊളെങ്കിൽക്കല്ലനായായ് വീരമാർത്താണ്ഡനാരയനൊന്നു".
ഇത്ര വീരശ്ശൂരപ്പെട്ട വീരമാർത്താണ്ഡരയന്മകനെ,
പേരുക്കുറക്കൊട്ടുക്കുവാരാം കുറപ്പേരെക്കൊട്ടുക്കുവാരാം;
കുറപ്പേരെക്കൊട്ടുക്കുവാരാം താന‡പ്പേരെക്കൊട്ടുക്കുവാരാം."

അങ്ങനെ വീരമാർത്താണ്ഡനാരയൻ എന്ന പേരുംകൊടുത്ത് പൂഴേകാലും കോപ്പും പതിപ്പിച്ചു വീരപ്പനെ രാജാവു യാത്രയാക്കി.

തന്റെ വീട്ടിലെ ഒരു കല്യാണത്തിനു വീരപ്പൻ പാണ്ടിയിലെ പ്രമാണികളെ ക്ഷണിച്ചു; അവർ ആ ക്ഷണം സ്വീകരിച്ചില്ല. അപ്പോൾ വീരപ്പൻ തന്റെ കൂട്ടുകാരോട് ഇങ്ങനെ ആജ്ഞാപിച്ചു.

* എസ്തി=എഴുതി.  ‡ സ്ഥാന

Digitized By Kerala Sahitya Akademi

"നമ്മുടെ നാട്ടിലെ വെള്ളം ചെന്നു പാണ്ടിയല്ലോ വിളയുന്നായേ,
കേക്കയെങ്കി കേക്കിനെടാ, ചിറാരയനാരാവുന്നവരേ.
നമ്മക്കിനിത്തന്നെയിപ്പോ— കല്ലുണയൊന്നു കെട്ടവേണം.
കോതയാറ പാളിയാറ മണിമുത്തു ചെമ്പുരുന്തു—
നാലാറമുഖമടക്കി— കല്ലുണമുഖം കെട്ടവേണം."

പാണ്ടിക്കാൎക്കു കൃഷിക്കു വെള്ളമില്ലാതെയാക്കുവാൻ അവർ ഒരു വലിയ കല്ലുണ കെട്ടി. പിന്നെയും കുറെ വെള്ളം പാഞ്ഞുകൊണ്ടിരുന്നു. അപ്പോൾ അവിടത്തെ കാലമാടൻ എന്ന ദേവത തുള്ളി കരുമ്പാണ്ടിയെന്നു പേരുള്ള വേലപ്പന്റെ സഹോദരിയെ ബലികൊടുക്കാമെങ്കിൽ അണ ശരിപ്പെടുമെന്നു പറയുകയും അതിനു വഴിപ്പെട്ടു് അന്നു വള്ളിയൂരിൽ താമസിച്ചിരുന്ന ധീരയായ ആ യുവതി പ്രാണത്യാഗത്തിനു സന്നദ്ധയായി അവിടെ വന്നെത്തുകയും ചെയ്തു. അതിനുള്ള ഒരുക്കം കവി ഭംഗിയായി വൎണ്ണിക്കുന്നുണ്ടു്.

"അത്താറിമാർകയ്യിനാലേ—എണ്ണ താളി തേയ്ക്കവേണം;
നാത്തിനാമാർകയ്യിനാലേ—മുണ്ടുചേലയുടുക്കവേണം;
അനുജത്തിമാർകയ്യിനാലേ—തല കോതിമുടിക്കവേണം;
പെറാതള്ളകയ്യിനാലേ—ഒരുപിടിച്ചോറുണ്ണണമേ."

*           *           *           *

"ഒറ്റത്തീറ്റി തിന്നുന്ന ഞാൻ—ആതി*വെള്ളം കുടിക്കുന്നു ഞാൻ;
ധാനവെയിൽ പോകുമ്പോഴാ—എരിമ്പിരാക്കു പിരാവുന്നതോ;
എരിമ്പിരാക്കു പറവതല്ലേ—വരം പലം പറയുന്നു ഞാൻ."

കല്ലുണയിൽ ചെന്നു വെള്ളത്തിലിറങ്ങി കരുമ്പാണ്ടി നിന്നു. മച്ചനി തലവീശി. അവൾ മരിച്ചു. കല്ലുണയുടെ മുഖവുമടഞ്ഞു. ക്ഷണം നിരസിച്ച പാണ്ടിക്കാർ കുടിവെള്ളം കിട്ടാതെ വലഞ്ഞു. അവർ ആററിങ്ങൽ തമ്പുരാനെച്ചെന്നു മുഖം കാണിച്ചു സങ്കടമറിയിച്ചു. അവിടുന്നു മാത്തക്കുട്ടിയെ അണ തുറപ്പിക്കുവാൻ അയച്ചു. വീരപ്പൻ 'കല്ലുണയെ തട്ടിയെങ്കിൽ കല്ലളിപോലെ എയ്തൊടുക്കും' എന്നു ഘോഷിച്ചിട്ടും അനുസരിക്കാത്ത ആ വലിയ പിള്ളയെ ആഭിചാരപ്രയോഗംകൊണ്ടു കൊന്നു. "പത്തിരത്തിപ്പാഞ്ഞു പെട്ടേ മാത്തക്കുട്ടി വലിയ പിള്ള" എന്നു പാട്ടു് അവസാനിക്കുന്നു.

ഈ പാട്ടിൽ തമ്പിച്ചി(തമ്പിച്ചിനായ്ക്കൻ—കൃഷ്ണദേവരായരുടെ ശത്രു)പ്പടയെപ്പററി പ്രസ്താവിച്ചിട്ടുള്ളതിനാൽ ഇതിന്നു് മുന്നൂറാൻപതു കൊല്ലങ്ങൾക്കുമേൽ പഴക്കം കല്പിക്കുവാൻ നിവൃത്തി കാണുന്നില്ല.

**പുലയർപാട്ടു്—ഞാററുപാട്ടു്:**— പുലയരുടെ ഇടയിൽ അകൃത്രിമരമണീയങ്ങളായ അനേകം പാട്ടുകൾ പ്രചരിക്കുന്നു. താഴെ ഉദ്ധരിക്കുന്നതു് ഒരു ഞാററുപാട്ടിലെ ചില വരികളാണു്.

"മാരിമഴകൾ ചൊരിഞ്ചേ—ചെറ— വയലുകൾ ഒക്കെ നനഞ്ചേ
പൂട്ടിയൊരുക്കിപ്പറഞ്ചേ—ചെറ— ഞാറുകൾ കെട്ടിയെറിഞ്ചേ

* ആധി

Digitized By Kerala Sahitya Akademi

ഓമല, ചെന്തില, മാല—ചെറ— കണ്ണമ്മ, കാളി, കുറുമ്പി,
ചാത്ത, ചടയമാരായ—ചെറു—മച്ചികളെല്ലാരും വന്നേ,
വന്തു നിരന്താർ നിരന്റ—കെട്ടി നാരെല്ലാം കെട്ടിപ്പുകഴ്ത്തേ.
ഒപ്പത്തിൽ നാട്ടുകാരൊ—നവർ—കുത്തിയുട്ടത്തു കുറിഞ്ചേ.
കണ്ണച്ചെറുമിയൊണ്ണ*പ്പോൾ—അവൾ—ഓമലേയൊണ്ണു വിളിച്ചു.
"പാട്ടൊന്നു പാടീട്ടുവേണം—നിങ്ങൾ—നാട്ടുകാരുള്ളെ കേറാൻ.''
അപ്പോളൊരു തത്തപ്പെണ്ണ്—അവൾ—മേൽമരമേറിക്കരഞ്ഞേ.
മേപ്പോട്ടു നോക്കിപ്പറഞ്ഞേ—കൊച്ചു—ഓമല കുട്ടിച്ചെറുമി.
തത്തമ്മപ്പെണ്ണേ നീയിപ്പോൾ—ഇങ്കെ—വന്തൊരു കാരിയം ചൊല്ലു.''

**വട്ടിപ്പാട്ട്:**—വട്ടികൾ മിടഞ്ഞുണ്ടാക്കുമ്പോൾ പുലയികൾ പാടുന്ന ഒരു പാട്ടിലെ ഏതാനും വരികളാണ് ചുവടെ ചേർക്കുന്നത്.

"ചാമ്പക്കാച്ചാലിൽ ചെന്നേ—തെയ്യന്താരാ
വെയിലത്തും മഞ്ഞത്തിട്ടേ—തെയ്യന്താരാ
ഏഴല്ലാനാരെടുത്തേ—തെയ്യന്താരാ
ഏഴായിക്കീറുന്നുണ്ടേ—തെയ്യന്താരാ
നൊട്ടനും തുച്ചനിട്ടേ—തെയ്യന്താരാ
കരിമീനും തെച്ചപോലെ—തെയ്യന്താരാ
വട്ടിക്കു തെച്ചുമിട്ടേ—തെയ്യന്താരാ
വട്ടിയും കൂട്ടി നെയ്യേ—തെയ്യന്താരാ
വട്ടിയും പോന്നെടുത്തേ—തെയ്യന്താരാ
പടിക്കലും ചെല്ലുന്നുണ്ടേ—തെയ്യന്താരാ.''

**വിനോദസംവാദം:—**

"മണക്കിണാതെന്തൊരു? മണക്കിനൊത്തു പുഴവല്ല്യോ?
പുഴവെങ്കിൽ ചൂട്ടല്ല്യോ? ചൂടിന്നൊത്തു കുടയല്ല്യോ?
കുടയെങ്കിൽ കെട്ടല്ല്യോ? കെട്ടിന്നൊത്തു വീടല്ല്യോ?
വീടെങ്കിൽ മേയ്ക്കല്ല്യോ? മേയിന്നൊത്തു പായല്ല്യോ?
പായെങ്കിൽ ചുററല്ല്യോ? ചുററിന്നൊത്തു ചെക്കല്ല്യോ?
ചെക്കെങ്കിലാട്ടല്ല്യോ? ആടിന്നൊത്തു പാമ്പല്ല്യോ?
പാമ്പെങ്കിലെരയ്ക്കല്ല്യോ? ഏരയ്ക്കിന്നൊത്തു കടലല്ല്യോ?
കടലെങ്കിൽ മീനല്ല്യോ? മീനിന്നൊത്തു വാളല്ല്യോ?
വാളെങ്കിൽ വെട്ടല്ല്യോ? വെട്ടിന്നൊത്തു പോത്തല്ല്യോ?
പോത്തെങ്കിൽ കെട്ടല്ല്യോ? കെട്ടിന്നൊത്തു പെണ്ണല്ല്യോ?''

ഇത്യാദി.

**വീരചരിതം:**—ഇടപ്പള്ളിനാട്ടിലെ അതിയാരുപിള്ള എന്ന പരാക്രമശാലിയായ ഒരു പുലയന്റെ അപദാനങ്ങളെ വർണ്ണിക്കുന്ന ഒരു ദീർഘമായ ഗാനത്തിൽനിന്നു ചില വരികൾ താഴെ ചേർക്കുന്നു. നാലു വള്ളുവനാർ അന്നു മലനാട്ടിൽ പ്രമാണികളായിരുന്നു. അവരിൽ

* ഒണ്ണ്=ഒന്ന്.

Digitized By Kerala Sahitya Akademi

ആരുടെയെങ്കിലും കുടുംബത്തിൽനിന്നു പെണ്ണു കെട്ടണമെന്നു് അമ്മ പറഞ്ഞതു കേട്ടു് അതിയാരുപിള്ള അതിനായി ശ്രമിക്കുകയും സാധിക്കാതെ ഭഗ്നോത്സാഹനായി മടങ്ങുകയും ചെയ്തു. അപ്പോൾ അമ്മ കുറോരായകനെ പാണ്ടിയിൽനിന്നു് ഒരു യുവതിയെ വിവാഹം ചെയ്തു കൊണ്ടുവരുവാൻ പ്രേരിപ്പിക്കുകയും ആ പ്രേരണ ഫലിക്കുകയും ചെയ്തു. പെണ്ണിനെ ജാത്യാചാരമനുസരിച്ചു പിതൃഗൃഹത്തിൽനിന്നു് അപഹരിച്ചാണു കൊണ്ടുവരുന്നതു്.

> ''നീയൊന്നു കേളെടാ അതിയാരുപിള്ളേ;
> ഏഴരനാഴിക വെളപ്പായല്ലോടാ,
> നിൻറച്ഛൻ കാർണോന്മാരെക്കണ്ടില്ലല്ലോടാ,
> ഇപ്പെണ്ണു ചെറുപെൺ നീ കെട്ടത്തുമില്ല.''
> ''ഇതൊന്നും പറയരുതു മതിരാവൂരച്ഛാ''
> ''എട്ടിലെണ്ണങ്ങളെക്കണ്ടില്ലല്ലോടാ
> പിന്നെങ്ങനെ കെട്ടുമെടാ അതിയാരുപിള്ളേ?''
> ''എൻറച്ഛൻ കാർണോന്മാരിപ്പം വരുമേ''
> എന്നു പറഞ്ഞവനിരിക്കുന്നല്ലവനു്;
> നേരമൊരുനേരമന്നേരമായി
> അലരി പിലരി വെളുത്തുള്ളൊരുനേരം,
> പിറവം പിലരി വെളുത്തുള്ളൊരുനേരം,
> അന്നേരം വന്നല്ലോ പൊഴുതന്നൂരാള്
> അന്നേരം ചോദിച്ചു മതിരാവൂരച്ഛൻ
> ''കേട്ടാലും കേക്കേണം പൊഴുതന്നൂരാക്കളെ
> എണ്ണപ്പൊഴുതിനു നേരവുമായി.''

**ഇടനാടൻപാട്ടു്:**—അകതോട്ടയനും അമ്പലപ്പുഴ മാമലശ്ശേരി രാമച്ചപ്പണിക്കരുടെ ശിഷ്യനുമായ ഇടനാടൻ എന്ന ഒരു പുലയയുവാവിനെപ്പററി അനേകം പാട്ടുകൾ പാടിവരുന്നുണ്ടു്. * ഇടനാടൻ തണ്ണീർമുക്കത്തു സ്വമേധയായി ചുങ്കം പിരിച്ചതിനെപ്പററിയുള്ള പാട്ടിലെ ചില വരികളാണു് താഴെ ചേർക്കുന്നതു്.

> ''ആളവതിവിററവതി വന്നു പവിച്ചു;
> അന്നേരം നല്ലോരിടനാടൻ കുഞ്ഞു്
> തണ്ണീരാംമുക്കത്തൊരു ചുങ്കപ്പുര കെട്ടി
> ചുങ്കം പിരിച്ചവനിടനാടൻ കുഞ്ഞു്,
> വീരിയത്തോടവിടെ വാഴാൻ തുടങ്ങി
> കാരിയക്കാരനിടനാടൻ കുഞ്ഞു്
> ഇങ്ങനെ കാലം കഴിഞ്ഞൊരു കാലം
> ഇടനാടനു തോന്നിയൊരായ§യിതുതന്നെ.

---

* പുലയനല്ല, ജ്യോത്സ്യൻ രാമച്ചപ്പണിക്കൎക്കു 'കോതവെള്ളാട്ടി'യിൽ ജനിച്ച മകനെന്നും ഒരു പാട്ടിൽ കാണുന്നു.

§ ഒരാശ

Digitized By Kerala Sahitya Akademi

"തമ്പുരാൻ തിരുമേനിയെക്കാണണമെനിക്കെൻ
തമ്പുരാൻ തിരുമേനിയെച്ചൊല്ലിത്തരേണം.

*  *  *  *

തമ്പുരാൻ തിരുമേനിയെക്കാണുന്നതിന്നു്
എന്തെല്ലാം കോപ്പുകളുവേണമെൻറമ്മേ?...."
"പൊന്നുകൊണ്ടു പൊൻകുഴമ്പി വേണം മകനേ;
പൊന്നുകൊണ്ടു പൊൻചേന വേണം മകനേ;
പൊന്നുകൊണ്ടു പൊൻപഴക്കാ വേണം മകനേ;
മേച്ചേരിത്തെരുവിലെക്കണ്ണിലമ്പൊറ
കെട്ടോടേ മ്പൊറകളും വേണം മകനേ.
ആട്ടും കവുങ്ങിലേ ഓടമ്പഴക്കാ
കുലയോടേ ചെമ്പഴക്കാ വേണം മകനേ.
ശാപ്പാണം തെരുവിലെക്കാലിപ്പൊയില,
കെട്ടോടേ പൊയിലയും വേണം മകനേ.
ഇത്രയും കോപ്പുകളും വേണം മകനേ."
കോപ്പുകൾ വേഗത്തിൽ കൂട്ടുന്നവനേ;
കോപ്പുകളും കൊണ്ടവൻ പോകുന്നതുണ്ടേ;
പടിഞ്ഞാറേ കോട്ടവാതുക്കൽച്ചെല്ലുന്നതുണ്ടേ.
കോട്ടകൾ കാക്കുന്ന കാവൽക്കാരോടു്
"കോട്ട തുറന്നു വഴി തരിക വേണം."

*  *  *  *

കുന്നിക്കുരുവൊത്ത കണ്ണും തികട്ടി,
റൊഞ്ചത്തെ രോമങ്ങൾ തത്തിച്ചുംകൊണ്ടു്,
കാലിക്കരിന്നുട തുള്ളിച്ചുംകൊണ്ടു്
എലിവാലൻ പുലിമീശ വലിച്ചു നിരത്തി,
മൂന്നു ചുവടു പുറകോട്ടു മാറി,
നാലാം ചവിട്ടാൽത്തൊഴിയും കൊടുത്തു;
വെടിപോലേ മുഴങ്ങിക്കതകും തെറിച്ചു
കോട്ടയ്ക്കകത്തവൻ കേറുകയോ ചെയ്തു."

## പുലയികളുടെ ഒരു പാട്ടു്:—

"നേരം വെളുത്ത നേരത്തില്ല—    ത്തമ്പുരാൻ വന്നു വിളിക്കുന്നു.
ആളുകേറിയരവം കേട്ടു    അറകൾ തല്ലിത്തകക്കുന്നു.
അറുകുറുക ചെറുകുറുക,    വിത്തുവാരിയെടുക്കുന്നു.
കല്ലെടനെല്ലെട ജീരകച്ചെമ്പാ    വിത്തുവാരിയളക്കുന്നു.
മുത്തിമാക്കും മുത്തമിമാക്കു    മൊന്നരവിത്തു കൂലിയും
കുഞ്ഞുള്ളോരു തള്ളമാരിക്കു    മഞ്ഞാഴി നെല്ലു കൂലിയും
ഒരു തരപ്പടി പെണ്ണുങ്ങൾക്കെല്ലാം    ചങ്കാഴരി† നെല്ലു കൂലിയും.
മുത്തിമാരും മുത്തമിമാരും    വിറകും ചൂട്ടും പെറുക്കുന്നു.

† ചങ്കാഴരി=ഇടങ്ങഴിയരി

Digitized By Kerala Sahitya Akademi

കുന്തൂള്ളോരു തള്ളമാര- ങ്ങോടിപ്പാടിപ്പോകുന്നു.
ഒരു തരപ്പടി പെണ്ണുങ്ങളെല്ലാം ചാതുരം ഭങ്ഗി നോക്കുന്നു.''

**പുലയരുടെ മററൊരു പാട്ട്:—**

''ഞാനിന്നലെയൊരു ചൊപ്പനം കണ്ടേ;
പാള പയിത്തു ചണങ്ങോടെ വിയുന്തേ.
പെയ്യാണ്ടെനിക്കൊരു പോയത്തം പച്ചി;
പാച്ചോറെണ്ണും ചൊല്ലി പയംതീട്ടംതിൻേറ.
ഞാനുമെൻേറളിയനും കളികാമാൻ പെയ്യേ;
അവിടെ വച്ചളിയനെ വെയമൂക്കൻ*തൊട്ടേ.
അവിട്ടന്നെൻേറളിയനെക്കെയെക്കോട്ടെക്കെട്ടത്തേ
അവിടത്തെ § വെയവാരിയവിടെയില്ലാഞ്ഞു
* * * *
അവിട്ടന്നെൻേറളിയനെത്തെക്കോട്ടെട്ടത്തേ
അവിടത്തെ വെയവാരിയവിടെയില്ലാഞ്ഞു
അവിട്ടന്നെൻേറളിയനെക്കയിക്കോട്ടെട്ടത്തേ
തെക്കുവടക്കായി‡കയിയങ്ങു വെട്ടി
അവിട്ടന്നെൻേറളിയനെക്കയിയിലും വച്ചേ''

''വെള്ളിമാമല കാത്തുവാണരുളും—വള്ളോൻെറ മെയ്യിൽ—
പ്പുള്ളിമാൻ മഴ ശൂലവും തുടിയും
വള്ളിപോലെ നിറച്ച പാമ്പുകളും—ചാമ്പലും ചൂടീ-
ട്ടെല്ലുകൊണ്ടു ചമച്ച മാലകളും''

എന്ന പാട്ട് അപ്രാചീനമാണെങ്കിലും അതിലെ വൃത്തത്തിനു പുലവൃത്തമെന്നാണ് പേർ പറയുന്നതു്. ആ വൃത്തത്തിൽ പഴയ പാട്ടുകൾ പുലയരുടെ ഇടയിൽ പ്രചരിച്ചിരുന്നിരിക്കാം. ഇന്നും ആ ഛന്ദസ്സിലുള്ള പാട്ടുകൾക്ക് അവരുടെ ഇടയിൽതന്നെയാണ് പ്രചാരം.

**പൂരക്കളിപ്പാട്ട്:** — വടക്കേ മലയാളത്തിൽ പുരാതനകാലം മുതല്ക്കേ നടപ്പുള്ള ഒരു വിനോദമാണ് പൂരക്കളി. തീയരത്രേ ഇതിൽ പ്രധാനമായി ഏർപ്പെടുന്നതു്. മീനമാസത്തിൽ കാർത്തികനാളിൽ തുടങ്ങി പൂരംനാളിൽ അവസാനിപ്പിക്കത്തക്കവണ്ണം ഭഗവതീക്ഷേത്രങ്ങളിൽവച്ച് ഈ കളി കളിക്കുന്നു. അതിനു പലേ ദേശങ്ങളിലും മെയ്യഭ്യാസമാവശ്യമുള്ള മററു കളികൾക്കെന്നപോലെ ഓരോ സംഘക്കാർ ചേന്ന് ഒരു പണിക്കരുടെ കീഴിൽ വേണ്ട അഭ്യാസം നേടണം. കാമദേവൻെറ പുനരുജ്ജീവനവും ശംബരവധവും മററുമാകുന്നു പ്രതിപാദ്യവിഷയം. ഒരു നിലവിളക്കു കത്തിച്ചുവച്ചു ചുററും നിന്നുകൊണ്ടു രാത്രിയിലാണ് കളി നടത്തുന്നതു്. ആകെ പതിനെട്ടു രങ്ഗങ്ങളുണ്ട്. അവയെ 'നിറം' എന്നു പറയുന്നു; അവയ്ക്കു പുറമേ അങ്കം, ചായൽ, പാമ്പാട്ടം, നാടകം മുതലായ പ്രത്യേകം രങ്ഗങ്ങളുമുണ്ട്. പന്തൽവന്ദനത്തിലേ ചില വരികളാണ് താഴെ ഉദ്ധരിക്കുന്നതു്.

---

* വെയമൂക്കൻ=വിഷമുള്ള മൂക്കപ്പാമ്പ്

§ വെയവാരി=വിഷഹാരി. ‡ കയി=കഴി.

Digitized By Kerala Sahitya Akademi

''പന്തലാഗമക്കരെത്തിൽപ്പതിത്തോരു നെറിയെച്ചൊല്ലാം;
മുന്തിന മൂലാധാരം മുക്കോണാൽത്തറയൊരുക്കി
അന്തമാം കരണം നാല്വമഴകിനു തൂണതായി–
പ്പന്തലിൻ വടിവെക്കാട്ടിബ്ഭംഗിച്ചേർനാലുപാടും
പാടെറിത്തെറിത്ത പൂവൽപ്പന്തല്ലു ഘോശമഞ്ചു
ശമവിനു തൂണെതന്മേൽ നിരത്തിന്നൊരുത്തരങ്ങൾ
കാടവും സത്തും ചിത്തും കരുതിവനാൽത്തിരുത്തി
നാടികൾ നാലതാക്കി നന്നയിൽ ചെയ്ത പന്തൽ'' ഇത്യാദി.

ഇതു പഴയ നിലയിൽത്തന്നെ നില്ക്കുന്ന ഒരു പാട്ടാണ്. പിൽക്കാലത്തു പരിഷ്കരിച്ച പാട്ടുകളും ധാരാളമുണ്ട്. ''വടക്കേ മലയാളത്തിൽ പദ്യകാവ്യങ്ങളിൽ തമിഴ്പ്പദങ്ങൾ അധികമായി ഉപയോഗിച്ചുപോന്നിരുന്നതിനും അതു ക്രമേണ കുറഞ്ഞുകൊണ്ടുവന്നതിനും ഒടുവിൽ നവീന മലയാളത്തിൽ പദ്യങ്ങൾ രചിച്ചതിനും ഉള്ള ഉദാഹരണങ്ങൾ ഇത്ര വ്യക്തമായി മററു യാതൊരു പദ്യകൃതിയിലും സ്വരൂപിച്ചു കാണ്മാൻ പ്രയാസമാകുന്നു. ഈ പരമാർത്ഥം കേരളത്തിലെ ഒട്ടാകെയുള്ള പദ്യകാവ്യങ്ങളുടെയെന്നല്ല ഭാഷയുടെതന്നെ വളർച്ചയും അതിന് ഓരോതരം ഭേദവും ഉണ്ടായ കാലഘട്ടവും കണ്ടുപിടിക്കുവാൻ സഹായിക്കുന്നതാകയാൽ അതു സാഹിത്യചരിത്രത്തിനു വലിയ ഒരു നേട്ടമായിരിക്കുമെന്നുള്ളതിനു സംശയമില്ല'' എന്നാണ് മൂക്കോത്തു കുമാരൻ പൂരക്കളിപ്പാട്ടുകളെപ്പററി അഭിപ്രായപ്പെടുന്നതു്. പൂരക്കളിയിൽ മത്സരക്കളി അഥവാ 'മറത്തുകളി' എന്നൊരു സമ്പ്രദായമുണ്ട്. മത്സരിക്കുവാൻ ഒന്നിലധികം സംഘങ്ങളുണ്ടായിരിക്കും. ഒരു പണിക്കർ ഒരു ചോദ്യം ചോദിച്ചാൽ അതിനു മറേറപ്പണിക്കർ മറുപടി പറയാതെ മറെറാരു ചോദ്യം ചോദിച്ചാലും മതി.

''കേരളം പണ്ടു പടച്ചനാളിങ്ങു
കേരമുണ്ടായിരുന്നോ?''
''കേരമുണ്ടായതിൻ മുമ്പീ രാജ്യത്തിൻ
പേരെന്തു ചൊൽക വേഗം.''

ഇങ്ങനെയാണ് ചോദ്യങ്ങളുടെ പോക്ക്.

**ക്രിസ്ത്യാനികളുടെ പാട്ടുകൾ:**—ക്രിസ്ത്യാനികൾ കേരളത്തിൽ ക്രി: പി: ഒന്നാം ശതകത്തിൽ വന്നു എന്നു ചിലരും അതല്ല നാലാം ശതകത്തിലെന്നു മററു ചിലരും വാദിക്കുന്നു. ഈ വാദത്തിൽ സാഹിത്യ ചരിത്രകാരനു പങ്കുകൊള്ളേണ്ട ആവശ്യമില്ല. പുരാതനങ്ങളായ പല പാട്ടുകളും അവരുടെയിടയിലും നടപ്പുണ്ടെന്നുമാത്രം ധരിച്ചുകൊണ്ടാൽ മതിയാകുന്നതാണ്. അവയിൽ ഭൂരിഭാഗവും ദേവാരാധനം, വിവാഹം മുതലായ ഗാർഹ്യകർമ്മങ്ങൾ, പള്ളിവിസ്തു് ഈ വിഷയങ്ങളെ അധികരിച്ചുള്ളവയാണ്.

Digitized By Kerala Sahitya Akademi

### തെക്കുംഭാഗക്കാരുടെ പെൺപാട്ട്—മാർത്തോമ്മൻ:—

''മാർത്തോമ്മൻ നന്മയാലൊന്നു തുടങ്ങുന്നു;  നന്നായ് വരേണമേയിന്ന്
ഉത്തമനായ മിശിഹാ തിരുവുള്ളം  ഉണ്മയെഴുന്നരുക വേണം
കന്നീശനായ*നെഴുന്നള്ളിവന്നിട്ടു  കർപ്പൂരപ്പന്തലകമേ.
കൈക്കൂപ്പി നേരുന്നേൻ പൊരുവലത്തോരു  കന്നിമകളെ ഞാൻ നിന്നെ.
ചേതാളും തുടയും മുഖവും മണിമാറും  യോഗത്താലെ പരിശുണ്ട്.
എൻ്റെ മകളെപ്പുര‡മേറി വാഴ്ത്തോള  മെന്മനസ്സോ പതറുന്നു.
നെല്ലു മാനീരും പരമേറിവച്ചാറെ  എന്മനസ്സോ തെളിയുന്നു.
ചെമ്പകപ്പൂവിൻനിറം ചൊല്ലാം പെണ്ണിനു്;  ചെമ്മേയരുമപെററ പെണ്ണു്;
പെണ്ണിനെക്കണ്ടവരെല്ലാരും ചൊല്ലുന്നു;  ഉലകിലിവരൊക്കൊത്തോരില്ല.
നല്ലോരുനേരം മണക്കോലം പൂക്കാറെ  നന്നാകവേണമിതെന്നു്.
കാരണമായവരെല്ലാരും കൂടീട്ടു  നന്മ വരുത്തിത്തരേണം.
ആലാഹാനായനുമൻപൻ മിശിഹായും  കൂടെത്തുണയ്ക്കയിവർക്കു്.''

### അടച്ചുതുറപ്പാട്ട്:—

''മങ്കതങ്കം മണവറയിൽ മണവാളൻ കതകടച്ചു.
ഏങ്കം പുകഴും പെററവനേ, എന്നുടയ മണവാളാ!
സന്തോഷത്താൽ മാറിതാനും തന്നുടയ മങ്കമാരും
താശി†യോടേ നീയടച്ച മണവറെടെ വാതൽ ചുററും
പേരാരം§ പൂണ്ടോരു പെരുന്തായർ വന്നു വാതൽ മുട്ടി;
മണിമോതിരക്കയ്യാലേ മാറി വന്നു വാതൽ മുട്ടി;
പൂമോതിരക്കയ്യാലേ നാത്തൂൻ വന്നു വാതൽ മുട്ടി;
ഉറോരു ചേട്ടത്തി വന്നുതവിയൊടേ വാതൽ മുട്ടി;
ഉറോരു ചങ്ങാതി വന്നുവതിയൊടേ വാതൽ മുട്ടി;
പെററ തായാർ മണിവിളക്കും പിടിച്ചുനിന്നു വാതൽ മുട്ടി.
''വട്ടകകിണ്ടിയും തരാം; വട്ടമൊത്ത താലം തരാം;
കട്ടിൽ തരാം; മെത്ത തരാം; കണ്ടിരിപ്പാൻ വിളക്കു തരാം
പട്ടുചേല ഞാൻ തരുവേൻ ഭംഗിയൊത്ത മേൽവിതാനം
ഇഷ്ടമൊത്തോരെൻ വകയുമിത്തിനോടേ ഞാൻ തരുവേൻ;
ഒത്തപൊന്നും ഞാൻ തരുവേൻ ഒന്നിനും കുറവില്ലാതെ
എൻ മകനേ! മണവാളാ! മണവറയുടെ വാതൽ തുറ.''  (ഇത്യാദി)

### കടുത്തുരുത്തി വലിയ പള്ളിയുടെ പാട്ട്:—

''ആലപ്പുറാദിയിലെഴുത്തുവാൻ  അമ്പിനാൽത്തമ്പുരാൻ മുമ്പാകെയെന്നു്
നാലെട്ടു ദിക്കിലിണങ്ങർ കൂടി  നന്മയാലൊത്തു പറഞ്ഞവാറെ

* നായൻ=നായകൻ.
† താശി=സ്നേഹം.
‡ പരമേറി.
§ പേരാരം=വലിയ ഹാരം.

Digitized By Kerala Sahitya Akademi

ഫലത്തു പള്ളികടത്തുരുത്തിൽ
കാവലായ് വയ്ക്കുതിന്നാശ കുറി.
നാട്ടെട്ടുമുമ്പു വടക്കഞ്ചുററിൽ
നായകൻ മന്നനെച്ചെന്നുകണ്ടു,
ആടകം പൊൻപണം
കാഴ്ചവച്ചു.
അങ്ങളോടെ ഭൂമി കൊടുത്തവരെ
വാടാതെ തച്ചർ പലരെക്കൂട്ടി
അമ്പിനാൽ പള്ളിക്കു സ്ഥാനം
കാണ്മാൻ'' (ഇത്യാദി)

മുസ്ലീങ്ങൾക്കും ചില കല്യാണപ്പാട്ടുകളും മററുമുണ്ട്. വിസ്തരഭയത്താൽ ഉദ്ധരിക്കുന്നില്ല.

**പുള്ളുവർപാട്ട്:**—പുള്ളുകളുടെ ബാധയിൽനിന്നു ഗർഭിണികളേയും ശിശുക്കളേയും രക്ഷിക്കുന്നതുകൊണ്ടല്ല, ഐന്തിണകളിൽ ഒന്നായ പാലനിലത്തിൽ പുരാതനകാലത്തു താമസിച്ചിരുന്നതുകൊണ്ടാണ് പുള്ളുവർക്ക് ആ പേർ സിദ്ധിച്ചതെന്നു ഞാൻ ഊഹിക്കുന്നു.* സർപ്പശാന്തിക്കാണ് പുള്ളുവരെക്കൊണ്ടു സാധാരണമായി പാടിക്കുന്നത്. പാട്ടു തുടങ്ങുന്നതിനുമുമ്പു വർണ്ണപ്പൊടികൊണ്ട് അഞ്ചും ഏഴും പത്തികളോടുകൂടിയ സർപ്പങ്ങളുടെ രൂപങ്ങൾ അതിനായി ഒരുക്കിയ പന്തൽക്കളത്തിൽ എഴുതണം. പിണിയാൾ ശുദ്ധമായി പന്തലിൽ നില്ക്കും. കുടം വാദ്യമായി വച്ചുകൊണ്ടു പുള്ളുവൻ ഗാനംചെയ്യുകയും പുള്ളുവത്തി ഏററു പാടുകയും ചെയ്യും. അവരുടെ ഒരു പാട്ടിലെ ഏതാനും വരികളാണ് താഴെ ചേർക്കുന്നത്.

തെക്കു വടക്കു കയറേഴു പാവീട്ടു
മേലാപ്പുകൊണ്ടു വിതാനംചെയ്തു.
ഈഴത്തുരാജാവു നട്ടുനനച്ചുള്ള
ചെന്തെങ്ങുതന്നുടെ കുമ്പുവെട്ടി,
ചെല്ലം പുഴുക്കുത്തുമുള്ളതു നീക്കീട്ടു
നല്ലോല ചീന്തിയരങ്ങുമിട്ട്,
ആലില വെററില മാല പഴക്കുലകൾ
പൂക്കുലതന്നുടെ ഭംഗിയിട്ട്,
തെച്ചിയും പിച്ചകം ചേമന്തി
ചെമ്പകം
താമരയാമ്പലരങ്ങുമിട്ട്,
ഭംഗിവരുത്തിയ പന്തൽക്കകമാടി-
യമ്പോടു ശുദ്ധി വരുത്തി-
ക്കൊണ്ട്.''

ഈ പാട്ട് അപ്രാചീനമാണെന്നു പറയേണ്ടതില്ലല്ലോ. വടക്കാഞ്ചേരിയിൽ പാടുന്ന സർപ്പപ്പാട്ടിലെ ഒരു ഭാഗമാണ് താഴെച്ചേർക്കുന്നത്.

''പാതാളത്തിൽ രണ്ടല്ലോ
മുട്ടകളായുരുത്തിരിഞ്ഞു.
താന്നിയെന്നു തല തോന്നി;
കുന്നിയെന്നു കണ്ണു തോന്നി;
കുളിർവായെന്നു വായ തോന്നി;
†പന്നമെന്നു പടം തോന്നി;
ഇരുമ്പെന്നു വാലു തോന്നി;
* * * *
ഫാളങ്ങളും കറക്കളും
മുമ്മൂന്നായുരുത്തിരിഞ്ഞു

* ഘോളമാവാരോടു ഐയിനരെ കുറിത്ത പാലൈ-
യാളർ പുള്ളുവരിവർ—(ചൂഡാമണിനിഘണ്ടു.)

† പന്നം.

Digitized By Kerala Sahitya Akademi

കാളിയെന്നും ഭദ്രകാളിയെന്നും    ദൂതനെന്നും കാളരാത്രിയെന്നും
നാലു വിഷപ്പുള്ളിനു പേരാകുന്നു.''

ചുവടേ കാണുന്നതു മറെറാരു പാട്ടിലെ ചില വരികളാണ്.

''അയ്യ! എങ്ങനെ പോരുന്നേൻ കാളിസർപ്പമേ
മുട്ടയും പൊരിഞ്ഞിട്ടു പോകുന്നതാണത്രേ.
അയ്യ! കാളിയമ്മയൊരു കല്ലളയില്ലല്ലോ
ഈക്കിത്തൊള്ളായിരം മുട്ടയുമിട്ടു.
നാങ്കിരുവായിരം കുഞ്ഞു വിരിയുന്നു
*അയ്യളിക്കണ്ട മുട്ടയൊക്കെ വിരിച്ചു കണ്ടാൽ.''

സർപ്പക്കാവുകൾ ധാരാളമുള്ള കേരളത്തിൽ സർപ്പപ്രീതികരങ്ങളായ കർമ്മങ്ങൾ പ്രചുരമായി അനുഷ്ഠിക്കുന്നതു് ഒരാശ്ചര്യമല്ല. ശത്രു എടുക്കൽ ബലി ഉഴിച്ചിൽ ഇവയും പുള്ളുവരുടെ വൃത്തികളിൽ ഉൾപ്പെടുമെന്നാണ് വെച്ചിട്ടുള്ളതു്. അവൎക്കു് ഇതോടുകൂടി ചില്ലറ വൈദ്യവും മന്ത്രവാദവുമുണ്ടു്; പുള്ളുവത്തികൾ പഴയ കാലത്തു സൂതികർമ്മിണികളായിരുന്നു.

**പാണർപാട്ടു്:**—'തുയിലുണർത്തുക' (നിദ്രയിൽനിന്നുണർത്തുക) എന്നുള്ളതാണു് പാണരുടെ കുലവൃത്തി. അവർ ആദികാലങ്ങളിൽ രാജാക്കന്മാരുടെ വന്ദികളായിരുന്നു എങ്കിലും ആ ഉന്നതപദവിയിൽനിന്നു കാലാന്തരത്തിൽ പതിച്ചുപോയി. അവരുടെ തുയിലുണർത്തിനെ സംബന്ധിച്ചു് ഒരൈതിഹ്യമുണ്ടു്. തിരുവരങ്കത്തു പാണനാർ എന്നൊരു സിദ്ധനെ പറയിപെററ പന്തിരുകുലത്തിൽ ഉൾപ്പെടുത്തിട്ടുണ്ടല്ലോ. അദ്ദേഹം ശ്രീരംഗത്തിൽ ജനിച്ചു; തിരുവണ്ണാമലയിൽ ശിവനെ തപസ്സു ചെയ്തു. [illegible] ശിവനും പാർവതിയുംകൂടി പന്ത്രണ്ടു വർഷക്കാലത്തോളം ഭിക്ഷാടനം ചെയ്തുകൊണ്ടിരുന്ന ഒരവസരത്തിൽ പാണനാരും അവരോടൊപ്പം സഞ്ചരിച്ചു. മാർഗ്ഗമദ്ധ്യേ ദ്യൂതക്രീഡയിൽ പാർവ്വതി ശിവനെ ജയിച്ചപ്പോൾ

''കണ്ടുനിന്ന തിരുവരങ്കൻ    കൈയടിച്ചു ചിരിച്ചുകൊണ്ടു്
പെണ്ണോടെ തോററ സ്വാമി    ആരോടേ ജയിക്കുമെന്നു''

ചോദിക്കുകയും അപ്പോൾ ശിവൻ കുപിതനായി ഭക്തനെ കൊല്ലുകയും ചെയ്തു. പാർവതിയുടെ പ്രസാദംകൊണ്ടു പുനരുത്ഥിതനായ തിരുവരങ്കൻ ശിവൻ മേലാൽ അങ്ങനെ ആരോടും കോപിക്കാതിരിക്കത്തക്കവണ്ണം നിദ്രയെ പ്രാപിക്കട്ടെ എന്നു ശപിച്ചു; ഭഗവാൻ ഉറക്കവുമായി. ഒടുവിൽ ശപിച്ചവന്റെ കൈക്കല്ലാതെ ഒഴിവില്ലെന്നു കാണുകയാൽ ദേവന്മാർ തിരുവരങ്കനെ തിരുവണ്ണാമലനിന്നു ഭാര്യാസഹിതം വരുത്തി. ഭക്തൻ ശിവന്റെ ആലസ്യം ഭേദമാക്കി. എഴുന്നേററപ്പോൾ സന്തുഷ്ടനായ ഭഗവാൻ എന്തു വരം വേണമെന്നു ചോദിച്ചു.

''എന്നെത്താൻ പുലർത്തിയോനേ    എന്തെന്തോ വരം തരുന്നു?
ഞാനെന്നിക്കളിക്കുന്ന    മടയനെത്തരട്ടോടാ?''

* അയ്യളി = ഡമരം.

“ആനയേറാൻ രാജാവില്ല കുതിരയേറാൻ മന്ത്രിയില്ല;”
“അങ്കങ്ങളെന്തൊരുട്ടിത്തോടാ? പൂങ്കങ്ങളെന്തൊരുട്ടിത്തോടാ?”
“ആയത്തുമടിയന്റ വേണ്ടാ, അഴകുള്ള തമ്പുരാനേ.”

ഒടുവിൽ ഭഗവാൻ ആഹാരത്തിന് ഒന്നും കിട്ടാതെ കാലത്ത് ഏഴു വീടുകളിൽച്ചെന്നു തുയിലുണർത്തിയാൽ ആഹാരത്തിനുള്ള വക ഭക്തന്മാർ തരുമെന്നു വരം കൊടുത്തു പാണന്മാരെ അയക്കുന്നു. ഇതാണ് ആ ഐതിഹ്യം.

“പകലെന്നെ സ്തുതിക്കരുത്; ഓരോലേൽ വരയ്ക്കരുത്;
വിളിച്ചുണർത്തിപ്പോകരുത്; യാത്രചൊല്ലിപ്പോകരുത്.”

എന്നും മറവുള്ള ശിവന്റെ ആജ്ഞയെ പാണന്മാർ ഇന്നും അനുസരിക്കുന്നു എന്നാണ് വിശ്വാസം. ഭഗവാൻ ഒരു ആനയെ തിരുവരങ്കനു കൊടുത്തു എന്നും അതിനെ മാടത്തിലേയ്ക്കു കൊണ്ടുപോയി

“ഞങ്ങടെ പുല്ലു പറിച്ചു തിന്നാനും കൊടുത്തോ;
കുന്നിൻചരിവിൽ വെള്ളവും വച്ചേ” എന്നും മാടക്കാരും

പിഴുതെടുത്തുകൊണ്ടു രാത്രി ആന ഓടിയെന്നും പിന്നെയും ഭഗവാൻ പ്രീതനായി ഉഴുന്നതിനു രണ്ടു പോത്തുകളെ കൊടുത്തു എന്നും അവയും കലപ്പയിൽ പൂട്ടുവാൻ തുടങ്ങിയപ്പോൾ രണ്ടു വഴിക്ക ചാടിപ്പോയി എന്നും ഈ ഐതിഹ്യത്തിൽതന്നെ ചില പൊടിപ്പും തൊങ്ങലും ചേർത്തു പറയുന്നവരുമുണ്ട്. ഏതായാലും ഉത്തരനാടുകളിൽ ഇന്നും പാണനും പാണത്തിയുംകൂടി കർക്കടകമാസത്തിൽ വെളുപ്പിന് ഓരോ നടയിൽ ചെന്നു പറ കൊട്ടിയും മുരട് അനക്കിയും ആളുകളെ തുയിലുണർത്തുന്നു.

“ഉണ്ണുന്നോരാംചെന്നാലോ ചോറു കിട്ടും;
തേയ്ക്കുന്നോരാംചെന്നാലോ എണ്ണ കിട്ടും.”

എന്നുള്ള അവരുടെ പ്രത്യാശ അധികം അസ്ഥാനത്തിലാകാറില്ല. അതുകൊണ്ട് ‘ചേട്ടാപോതി’യെ (ജ്യേഷ്ഠാഭഗവതിയെ) പുറം പൂകിക്കുന്നതിലും ‘ശീപോതിയെ’ (ശ്രീഭഗവതിയെ) അകം പൂകിക്കുന്നതിലും അവർക്കു പരമ്പരാസിദ്ധമായുള്ള പാടവത്തെപ്പറ്റി പൊതുജനങ്ങൾക്ക വിശ്വാസം.

**കുറവപ്പാട്ട് — നിഴൽക്കുത്ത്:**— കൊല്ലംമുതൽ തെക്കോട്ടുള്ള പ്രദേശങ്ങളിൽ പ്രചരിക്കുന്നതും ഏറ്റവും രസകരവുമായ മഹാഭാരതം പാട്ടിനെപ്പറ്റി കേട്ടിട്ടില്ലാത്ത കേരളീയർ ഉണ്ടോ എന്നു സംശയമാണ്. ദീർഘമായ ആ പാട്ടിലെ പ്രതിപാദ്യം പാണ്ഡവന്മാരെ ദ്രോഹിക്കാൻ ഗാന്ധാരിയുടേയും ദുര്യോധനന്റേയും പലപ്രകാരത്തിലുള്ള ഉദ്യമവും ഭീമന്റെ പരാക്രമംകൊണ്ട് അവർ ആ ദ്രോഹത്തിൽനിന്നെല്ലാം നേടുന്ന അത്ഭുതാവഹമായ രക്ഷയുമാണ്. കുരുനാട്ടിലെ റാണി കുന്തീദേവി, കുരുനാട്ടിലെ റാണി ഗാന്ധാരി, പാണ്ഡവന്മാരിൽ അഞ്ചിൽ ഇളയതു കുഞ്ഞുഭീമൻ, കൗരവന്മാർ തൊണ്ണൂറ്റൊൻപതു പേർ, എന്നിങ്ങനെ മഹാഭാരതം കഥയ്ക്കു ചില വിശേഷങ്ങളുണ്ട്. വിരുന്തുണ്ടേടം, നാഗകന്നിയെ മാലയിട്ടേടം, നിഴൽ കുത്തിയേടം, പിലാവില പറിച്ചേടം,

Digitized By Kerala Sahitya Akademi

വിഷം കൊടുത്തതും, ചാമക്കറത്തി കുടിച്ചതും ഇങ്ങനെ പല വിഭാഗങ്ങളും അതിലുണ്ടു്. അവയെപ്പററി വിസ്തരിക്കുവാൻ സ്ഥലസൗകര്യമില്ല. നിഴൽക്കുത്തു് എന്ന ആഭിചാരകർമ്മം നടത്തിവേണം പാണ്ഡവരെക്കൊല്ലുവാൻ എന്നു് ഒടുവിൽ ദുര്യോധനൻ നിശ്ചയിക്കുന്നു. കാട്ടിൽ താമസിക്കുന്ന അവർക്കു് ഒരു കുറത്തി നല്ല കിഴങ്ങുകൾ തിന്നുവാൻ കൊടുക്കുന്നു. അവളുടെ ഭർത്താവിനോടാണു് ദുര്യോധനൻ നിഴൽ കുത്തുവാൻ ആജ്ഞാപിക്കുന്നതു്. അയാളും പാണ്ഡവന്മാരുടെ ബന്ധുവായിരുന്നതിനാൽ ആ കർമ്മത്തിനു കിട്ടാത്ത സാധനങ്ങളുടെ ചാർത്തു കുറിക്കുകയും ദുര്യോധനൻ അവയെല്ലാം അയാൾതന്നെ ഒരുക്കിക്കൊള്ളണമെന്നു പറഞ്ഞപ്പോൾ നിവൃത്തി ഇല്ലെന്നു് ഒഴിയുവാൻ നോക്കുകയും ചെയ്തു. ദുര്യോധനൻ ആ ദുർമ്മന്ത്രവാദിയെ വെട്ടുവാൻ വാളെടുത്തു.

"അപ്പോൾ കുറവനും പറയുന്നല്ലോ;
ഒരുക്കാം ഞാൻ തമ്പുരാനേ ഒരുക്കാമല്ലോ.
ആനമുട്ടയിപ്പോളില്ലെന്നാലും
നാളികേരംകൊണ്ടു കാര്യം കാണാം.
കുതിരമുട്ടയിപ്പോളില്ലെന്നാലും
കോഴിമുട്ടകൊണ്ടു കാര്യം കാണാം.
അമ്മിരോമമിപ്പോളില്ലെന്നാലും
ചുമടുതാങ്ങിവേരുമില്ലെന്നാലും
മുരുക്കിൻകിഴങ്ങുകൊണ്ടു കാര്യം കാണാം.
നിലാവിൻകുരുന്നുമിപ്പോളില്ലെന്നാലും
പിലാവിൻകുഴകൊണ്ടു കാര്യം കാണാം.
ഇരുളിൻപട്ടയിപ്പോളില്ലെന്നാലും
മുരുക്കിൻപട്ടകൊണ്ടു കാര്യം കാണാം.
വെള്ളത്തിൻപൊടിയിപ്പോളില്ലെന്നാലു-
മരിതൻപൊടികൊണ്ടു കാര്യം കാണാം.
മണലിൻകയറുമിപ്പോളില്ലെന്നാലും
പൊച്ചക്കയർകൊണ്ടു കാര്യം കാണാം."

കുറവൻ നിഴൽകുത്തി പാണ്ഡവന്മാരെ മോഹിപ്പിച്ചു; ആ വിവരം ധരിച്ച കുറത്തി കാട്ടിലേയ്ക്കു് ഓടിച്ചെന്നു്

"നിഴൽക്കുത്തങ്ങുമാററാൻ മന്ത്രം ചൊല്ലി
പാരതം പാടിയവളുണർത്തിവിട്ടു."

ഇതാണു് കഥ. ഇതു പാടുന്നതു് ആഭിചാരവിധിക്കു കൈകണ്ട പ്രത്യൗഷധമായി കരുതപ്പെടുന്നു. ഈ കഥതന്നെ മറെറാരു പാട്ടാക്കി വേലന്മാർ പാടാറുണ്ടു്. ആ പാട്ടിൽനിന്നു ചില വരികൾ താഴെച്ചേർക്കുന്നു.

"ഇതുമണ്ടു നിറച്ചവൻ കലിപൂണ്ടു തുള്ളിയുറഞ്ഞുടൻ
ചെന്നുനോക്കി നിഴൽക്കളത്തിലിരുന്ന കുരുതിയിലപ്പൊഴേ
ചഞ്ചലംകൂടാതെ കണ്ടു നിഴലു്ക്കളത്തിൽ നിരക്കവേ
കുന്തിദേവിയുമഞ്ചുമക്കളും വനെഴും പാഞ്ചാലിയും

Digitized By Kerala Sahitya Akademi

ഘോരഭോഗനതായ കൃഷ്ണനോടൊത്തു നിഴൽനാടിനാണല്ലോ
സംഭ്രമത്തോടു ചൊന്നുടൻ ദുര്യോധനനൊന്നറിയിച്ചിതേ.
ധീരനായ ദുര്യോധനനതാനൊട്ടു മലയനൊടപ്പൊഴേ
കുന്തിയും പാഞ്ചാലിയും പഞ്ചപാണ്ഡവന്മാർതന്നെയും
കൊൽവതിന്നുകല്പിതൊ അന്യരോടു വൈരവുമില്ല കേൾ,
ഒട്ടുമേവൈകാതയന്നിഴൽ ദൂരെമാറി വസിക്കതോടാ.
ശേഷമുള്ളതു തീർപെടെ* നിഴൽ കുത്തുകെന്നതു കേട്ടവൻ
പഞ്ചപൂനിഴലഞ്ചുമഞ്ചുപ്രകാശപ്പുകതാനതാനപ്പൊഴേ
അഞ്ചിലഞ്ഞൊരു പങ്കു പൂനിഴലിട്ടടച്ചൊരു ചെപ്പതിൽ†
അന്യുകത്തി വലിച്ചരോരമതിന്റെ നേർമുനതന്നിലേ
നഞ്ചെഴും നടമാരിപെയ്തതുപോലെ വീണിതുരത്തവും
പഞ്ചപാണ്ഡവരഞ്ചുപേരും മയങ്ങിമാണ്ടുടനമ്മയും
മുമ്പിൽവീണുമയങ്ങിനാൾ പാഞ്ചാലപുത്രിയുമപ്പൊഴേ
നിദ്രയിങ്കലുണർന്നപോലെയുണർന്നിരുന്നിതു കുന്തിതാൻ.''

പുലയരും ഈ വിഷയത്തെ അധികരിച്ചു് ഒരു പാട്ടു പാടുന്നുണ്ടു്. അതിലൊരു ഭാഗം ചുവടെ ചേർക്കുന്നു.

''മുമ്പിലതെങ്കിൽ മറഞ്ഞവനാ കുറവൻ പിന്നെക്കരെനാട്ടരികേ വന്നു.
മാനക്കുറവൻ വരവതു കണ്ടു കാന്താരിതാനിരിയതിശയപ്പെട്ടു.
''ഓ; വനങ്ങടിയാനോ! പൂങ്കാവു; നീയുണ്ടോ പാണ്ഡവരെക്കണ്ടു?''
''കണ്ടേനടിയൻ കണ്ടേനടിയൻ ഉണ്ടവരോടു വനത്തിലിരിക്ക.''

* * * *

''അഴകൊടു വീമൻ പന്നിയതായി ദുരിയോധനനെത്തള്ളിയങ്ങിട്ടു
തിരുനെഞ്ചത്തതു തേറയുംവച്ചു കണ്ടൊരുകുന്തിയുമോടിച്ചെന്നു.
വല്ലഹോ മകനേ, അരുതേ മകനേ, കേട്ടവരുത്തിക്കൊലചെയ്യരുതേ.
വീമൻ തന്നുടെ ശബ്ദംകേട്ടു തൊണ്ണൂറൊന്നൻപതുമൊന്നുനടുങ്ങി.''

**വേലർപാട്ടുകൾ:**—വേലന്റെ കുലവൃത്തിയും പിണിതീർക്കൽ തന്നെ ആകുന്നു. നാവിൻദോഷം തീരാനും മൊത്തത്തിൽ ആധിവ്യാധികൾ നീങ്ങി ഐശ്വര്യം സിദ്ധിക്കാനും വേലൻപ്രവൃത്തി വളരെ വിശേഷമെന്നാണു് വച്ചിട്ടുള്ളതു്. പണ്ടു മഹാവിഷ്ണുവിനേയും ലക്ഷ്മീഭഗവതിയേയും ബാധിച്ച നാവിൻദോഷം തീർക്കാൻ ശ്രീപരമേശ്വരൻ വേദനെന്നു പേരുള്ള ഒരു ദേവനെ സൃഷ്ടിച്ചു എന്നും വേദൻ വേദമോതി അവരുടെ ദീനം ഭേദമാക്കിയെന്നും വേദന്റെ തത്ഭവമത്രേ വേലനെന്നു മാണു് ഈ ജാതിക്കാരുടെ ഇടയിൽ പ്രചരിക്കുന്ന ഐതിഹ്യം. ആ ഐതിഹ്യത്തിന്റെ അനുപപത്തി എന്തുതന്നെയായാലും അവരുടെ ഓതലിന്റെ ഫലത്തെപ്പറ്റി ജനങ്ങൾക്കുള്ള വിശ്വാസം നശിച്ചിട്ടില്ല. അവർ പാടുന്ന പാട്ടിന്റെ ഒരു ഭാഗമാണു് ചുവടെ ചേർക്കുന്നതു്.

* തീർപെടെ=തീരത്തക്കവണ്ണം

† ഇതു പാണ്ഡവന്മാർ മരിക്കാതിരിക്കുന്നതിനുവേണ്ടിയാണു്

Digitized By Kerala Sahitya Akademi

അരിയാണെ പിണിയരം വാരികൊള്ളു അരിയാണെ പിണിയരം വാരിക.

*      *      *      *

പൂവാണിഞ്ഞ തിരുകൂടിമേലും      *തോലുഴിഞ്ഞു പിണി തീർന്നാഴിക.
പൊൻനിറമാമണി നൂൽമേലും      തോലുഴിഞ്ഞു പിണി തീർന്നാഴിക.
കണ്ണാടിക്കവിള ചിമേലും      തോലുഴിഞ്ഞു പിണി തീർന്നാഴിക.
കയൽനികരൊത്ത കണ്ണിണമേലും      തോലുഴിഞ്ഞു പിണി തീർന്നാഴിക.

താഴെക്കാണുന്ന വരികൾ അവരുടെ പൊലിപ്പാട്ടിൽനിന്നാണ്.

“ഇല്ലത്തൊരുണ്ണി പിറന്നെന്നു കേട്ടിട്ടു
കൊല്ലത്തുനിന്നവരെല്ലാം വന്നു.
കൊല്ലത്തുനിന്നവരെല്ലാരും വന്നെങ്കിൽ
കുന്നോളം പൊന്നും പണം പൊലിക.
മുമ്പിൽപ്പൊലിക പെറമ്മയോടച്ഛനും
മൂതിർന്നുള്ള ജ്യേഷ്ഠത്തിമാർ പൊലിക.
പിന്നെപ്പൊലിക്കയില്ലയത്ത പേരമ്മ
അയൽപക്കം ബന്ധുക്കളും പൊലിക.”

**മലയർപാട്ട്—കോതാമ്മൂരി:**—മലയർ ഒരു കാലത്ത് ആരണ്യവാസികളായിരുന്നിരിക്കാമെങ്കിലും ഇപ്പോൾ അവർ താമസിക്കുന്നതു നാട്ടിൻപുറങ്ങളിലാകുന്നു. അവർക്ക് ഉത്തരകേരളത്തിൽ കോലംകെട്ടിയാട്ടവും മന്ത്രവാദം ചെയ്യുകയുമാണ് കുലവൃത്തി. കോതാമ്മൂരി എന്നൊരു പാട്ട് അവർ പാടാറുണ്ട്. ഗോതമ്പു കുട്ടി എന്നും മൂരിക്കു കാളയെന്നുമർത്ഥം. ഒരു ചെറിയ കുട്ടി പാളകൊണ്ടു കെട്ടിയുണ്ടാക്കിയ കാളയുടെ രൂപം വഹിച്ചുകൊണ്ടും അതിനു പിന്നിലായി കുറേ മലയർ മുഖത്തു പാളവച്ചുകെട്ടി കുരുത്തോലയുടുത്തു ചെണ്ടയും കിണ്ണിയും കൊട്ടിപ്പാടിക്കൊണ്ടും നടക്കുന്നതാണ് ഇതിന്റെ ചടങ്ങ്. അന്നപൂർണ്ണേശ്വരി കോലത്തുനാട്ടു സ്വപ്നം കാണുന്നതും കപ്പൽ പണിയിച്ച് അകമ്പടിയോടുകൂടി ആയിരംതെങ്ങിൽ ചെന്നിറങ്ങുന്നതും തളിപ്പറമ്പു ക്ഷേത്രത്തിലെ ശ്രീപരമേശ്വരൻ ആ ദേവിയെ പാണിഗ്രഹണം ചെയ്യുന്നതുമാണ് പാട്ടിലെ കഥാവസ്തു.

“ഓർക്കടൽ പാൽക്കടലോടി കപ്പൽ; അവിടുന്നൊരോട്ടമങ്ങോടി കപ്പൽ.
ചെന്താമരക്കടലോടുന്നേരം      താമരത്തണ്ടു തടഞ്ഞുനിന്നു.
താമരത്തണ്ടു തടഞ്ഞനേരം      കപ്പലുരുണ്ടു പിരണ്ടുപോയി.
യോഗികളെല്ലാരും പേടിക്കുന്നു;      കൊങ്ങിണിമക്കൾ ഭയപ്പെടുന്നു.
അമ്മയുമപ്പോളരുളിച്ചെയ്തു:      “പേടിക്കവേണ്ട ഭയപ്പെടേണ്ട;”
കടലായി ശ്രീകൃഷ്ണനാങ്ങളുള്ള      വട്ടളം പായസം നേരുന്നല്ലോ.

*      *      *      *

കുന്നുളുങ്ങാപോലെ നരച്ചോരപ്പൻ      പൂമരംപോലെ ചമഞ്ഞുവല്ലോ.
ചിലങ്കവടിക്കുന്തം മുന്നിലൂന്നി      കുണ്ടം കുഴിയാത്ത കുടയെടുത്തു

* തോൽ=ഇല.

Digitized By Kerala Sahitya Akademi

വലിയകന്നിൻ കൂകളോടി വന്നു അപ്പൻ
ഒന്ന വാടനൊന്നാന പാരമ്പുകൊണ്ടു;
അക്കിരശാലയിലെത്തിയപ്പൻ
“അക്കിരശാലയിൽ ചിത്രംകൂട്ടി
ഒരിക്കൽ നീ വെളിച്ചത്തു വാ ചിത്രേ!”
“എങ്ങനെ തിരുമുമ്പിൽ വിടകൊള്ളേണ്ടൂ?
അരയിലുടുത്താടയില്ലെനിക്കു്:
കഴുത്തിൽച്ചരടുമെനിക്കില്ലപ്പാ!”

*　　*　　*　　*

“ഉണ്ണിനായ്പ്പോകുന്ന വഴിപോക്കരേ!
ഉണ്ണില്ലെന്നും ചൊല്ലിപ്പോകവേണ്ട
പാതിരാ ചെന്നാലും ചോറുമുണ്ടേ;
പുന്നെല്ലു വേവിച്ച ചോറുമുണ്ടേ;
പശുവാട്ടശിക്കാക്കിളന്നീരുമുണ്ടേ;
ഏലത്തരിയിട്ട വെള്ളമുണ്ടേ.”

ഇത്തരത്തിൽ വടക്കൻ പാട്ടുകളുടെ രീതിയിലാണു് കോതാമ്മൂരിയുടെ പതി. ഇതു കൊങ്കണബ്രാഹ്മണർ കേരളത്തിൽ കുടിയേറിപ്പാർത്തു തുടങ്ങിയതിനുമേൽ ഉണ്ടായ ഒരു പാട്ടാണെന്നുള്ളതു സ്പഷ്ടമാണു്.

**ഭദ്രകാളിപ്പാട്ടു്—കളമെഴുത്തും പാട്ടും:**—കേരളത്തെ ദുർഭൂതങ്ങളിൽനിന്നു രക്ഷിക്കുന്നതിനായി മലയോരത്തിൽ ശാസ്താവിനേയും കടലോരത്തിൽ ഭദ്രകാളിയേയും ഒട്ടു വളരെ ക്ഷേത്രങ്ങളിൽ പരശുരാമൻതന്നെ കുടിയിരുത്തിയെന്നുള്ള ഐതിഹ്യം സുപ്രസിദ്ധമാണല്ലോ. ‘കൊററവൈ’ എന്ന ദ്രാവിഡദേവതതന്നെയാണു് ഭദ്രകാളി. ഭദ്രകാളിക്കും ശാസ്താവിനും കളമെഴുത്തും പാട്ടും അത്യന്തം പ്രീതികരമാകുന്നു. ഇതിനെത്തന്നെയാണു് വൃശ്ചികം ഒന്നാം തീയതി മുതൽ നാല്പത്തൊന്നു ദിവസത്തോളം നീണ്ടുനില്ക്കുന്ന വൃശ്ചികവ്രതംപാട്ടെന്നും പറയാറുള്ളതു്. ഒരു ക്ഷേത്രത്തിൽവച്ചാണു് ഈ കർമ്മം നടത്തുന്നതെങ്കിൽ അതിലേക്കു് അധികാരികളായ പണിക്കരന്മാർ അവിടെ നേരത്തേ എത്തി ഉച്ചപ്പാട്ടു പാടുന്നു. ഒരുപക്കം കഴിഞ്ഞു രണ്ടു പണിക്കരന്മാർ അഭിമുഖമായിരുന്നു നന്തുണിയും താളവും പ്രയോഗിച്ചു പാടണം. രാത്രിയിലത്തെ പാട്ടിനു വലിയ കളമെഴുതുന്നു. വിളക്കുവച്ചു കഴിഞ്ഞാൽ വാദ്യക്കാരുടെ സേവ അവസാനിച്ചതിനുമേൽ പണിക്കരന്മാർ വീണ്ടും പകലത്തേതിനു തുടർച്ചയായുള്ള ഭാഗം പാടുന്നു. മൂന്നു പാട്ടും മൂന്നു കൊട്ടും കഴിഞ്ഞാൽ ക്രിയ സമാപ്തമാകും. ഒരു രാത്രി മുഴുവൻ നടത്തുന്ന പാട്ടിനു് അരങ്ങഴിഞ്ഞ പാട്ടെന്നു പേർ പറയുന്നു. പാട്ടു കഴിഞ്ഞാൽ ശാന്തിക്കാരൻ കളം പൂജിക്കുകയും പിന്നീടു പണിക്കരന്മാർ ശ്ലോകം ചൊല്ലി കളമഴിക്കുകയും പാട്ടു നടത്തിച്ച ആളിനു കളപ്പൊടി ഉഴിയുകയും ഒരു തേങ്ങ ഉടച്ചു് അതിന്റെ മുറികളിൽ ഓരോ കിഴിയിൽ ദീപം കൊളുത്തിവച്ചു് ആയി (ആശിസ്സു്) ഉച്ചരിക്കുകയും ചെയ്യുന്നു.

Digitized By Kerala Sahitya Akademi

**ഭദ്രകാളിപ്പാട്ട്:**—താഴെക്കാണുന്നതു പണിക്കരന്മാർ ചൊല്ലുന്ന ഭദ്രകാളിപ്പാട്ടിലെ ചില വരികളാകുന്നു.

> "ബാലനാർമതി തരിത്ത മഹാദേവർനൊററിക്കണ്ണിൽ
> നീലമാം മലർക്കണക്കേ നിറംപൂണ്ടുദിത്ത മൂർത്തി,
> നാലു വേദത്തിൻ വിത്തേ; നാടു ചൂഴെഴുന്ന ശക്തി,
> അഖിലലോകസ്വരൂപീ! അഖണ്ഡമാം മന്തിരത്തെ
> തോററമക്കരെത്തിനാളേ; തൂയതാം പട്ടുടക്കം
> സുന്ദരി, അന്തരത്തി! പൊങ്കിന പോതിനാളേ!"

**തിറയാട്ടം:**—തിറയാട്ടം ഉത്തരകേരളത്തിൽ പ്രചുരപ്രചാരമായ ഒരു ദേവതാരാധനാസമ്പ്രദായമാണ്. ഭദ്രകാളിയാണ് സാമാന്യേന ഉപാസനാമൂർത്തി. കാവുകളിൽവച്ചാണ് ആ ഉത്സവം ആഘോഷിക്കപ്പെടുന്നത്. ധനുമുതൽ മേടംവരെയുള്ള മാസങ്ങൾ അതിനു ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. തിറയാട്ടത്തിനു മുമ്പിലത്തെ ദിവസം രാത്രികാലത്തു വിശേഷിച്ചു ചടങ്ങുകൾ ഒന്നുംകൂടാതെ ദേവതയുടെ കോലംമാത്രം കെട്ടിക്കാണിക്കുന്ന പതിവുണ്ട്. അതിനു നട്ടത്തിറയെന്നാണ് പേർ. പിറേറദിവസം കാലത്തു വേല ആരംഭിക്കുകയായി. അന്നു വൈകുന്നേരം 'വെള്ളാട്ടം' നടത്തപ്പെടുന്നു. വെള്ളാട്ടക്കാരൻ കെട്ടിയുടുത്തു പഴയ മട്ടിലുള്ള ആഭരണങ്ങൾ അണിഞ്ഞ് അരങ്ങത്തു പ്രവേശിച്ചു പ്രാഥമികനൃത്തം കഴിച്ചു തോററം പാടും. വെള്ളാട്ടം ആഘോഷിക്കപ്പെട്ട മൂർത്തിയുടെ തിറയാട്ടം അന്നു രാത്രിയോ പിറേറന്നു പകലോ നിർവഹിക്കപ്പെടുന്നു. അപ്പോൾ രങ്ഗപ്രവേശം ചെയ്യുന്ന നടൻെറ വേഷമാണത്രേ ദേവതയുടേത്. തിറയാട്ടത്തിൽ തോററംപാടി കലികൊണ്ടു തുള്ളിയതിനുശേഷമേ നൃത്തം ആരംഭിക്കാറു. ദേവതകൾക്കു പുറമെ അസാധാരണന്മാരായ പൂർവന്മാർ, കേൾവികേട്ട മന്ത്രവാദികൾ, പ്രസിദ്ധന്മാരായ ആയുധാഭ്യാസികൾ മുതലായവരേയും തിറയാട്ടംകൊണ്ടു പ്രീതിപ്പെടുത്താറുണ്ട്. തച്ചോളി ഒതേനനെ മാത്രമല്ല, പരമസാധ്വിയായ കടാങ്കോട്ടു മാക്കത്തെയും തിറയാടിച്ചുവരുന്നു. കണ്ണകിത്തോററം ഉത്തരകേരളത്തിൽ ഇല്ലെന്നാണ് അറിവ്.

**മണ്ണാർപാട്ട്:**—ഭദ്രകാളിയുടെ അപദാനങ്ങളെ വാഴ്ത്തിത്തദ്വാരാ ഉപജീവനം കഴിക്കുക എന്നുള്ളതാണ് വേലന്മാരുടെ ഒരവാന്തരവിഭാഗക്കാരായ മണ്ണാന്മാരുടെ കുലമര്യാദ. ദാരുകവധവും ചിലപ്പതികാരത്തിലെ കണ്ണകിയുടെ കഥയുമാണ് അവരുടെ പാട്ടുകളിൽ വർണ്ണിക്കുന്നത്. തോററം (അവതാരം) എന്ന് ഇത്തരം പാട്ടുകൾക്കു പേർ പറയുന്നു. താഴെക്കാണുന്നത് ഒരു ഭദ്രകാളിപ്പാട്ടിലെ ചില വരികളാകുന്നു.

> "ഉരുതുമ്പോൾപ്പാറക്കുന്ന ദാരുകനൊ—
> ക്കൊല്ലാനോ അച്ഛനൊന്നെത്തോററിയത്?
> കേൾക്കയെല്ലോ എൻെറ നല്ലച്ഛൻ;
> പോരിനായിട്ടു ഞങ്ങൾ പോയ്വരട്ടോ?"

Digitized By Kerala Sahitya Akademi

''കേൾക്കയല്ലോ എന്റെ പൊന്മകളേ,
പോരിനായിട്ടു നിങ്ങൾ പോയ്‌വരിക.''
ദാരുകപുരത്തു ചെന്നവിന്നുംകൊണ്ടു്
അവകുലവിളിയൊന്നു വിളിക്കുന്നുണ്ടു്.
ദാരുകപുരമൊന്നു കലുങ്ങുന്നുണ്ടു്;
ദാരുകനുമൊന്നു വിറയ്ക്കുന്നുണ്ടു്.
''കൈലാസത്തു കള്ളനിരുന്നുംകൊണ്ടു്
കള്ളിയെത്തോററിയിന്നു വിട്ടുവല്ലോ.
പോരിനായ് ഞാനുമിന്നു പോയില്ലെങ്കിൽ
മാനക്കേടാണതിനാൽ പോകാം പോകാം.
പക്കച്ചൊല്ലുമോ നമുക്കുണ്ടാമല്ലോ;
പകർവാരസ്യം നമുക്കിങ്ങുണ്ടാമല്ലോ.''

മറെറാരു തോററംപാട്ടിൽനിന്നു് ഒരു ഭാഗം ചുവടേ ചേർക്കുന്നു.

''പരരാജ്യത്തെങ്ങും വെളിവില്ലാഞ്ഞിട്ടു
പരശുരാമൻ കണ്ണാൽ ജനിച്ചു;
അവകർ കാളിമാർ ജനിച്ചു നല്ലച്ഛൻ
പൊന്നിൻറോടത്തിൽ കരകേറി
വെള്ളിത്താഴിട്ടു പൂട്ടി നല്ലച്ഛൻ
പൊന്നിൻതാഴിട്ടു പൂട്ടി.
കീഴും കീഴ്ക്കടവിലിറക്കി നല്ലച്ഛൻ
ഒലിവെള്ളപ്പേരാററിലൊഴുക്കി.
ഭാഗ്യമുള്ളോരു മകളാണു നീയെങ്കിൽ
ഭാഗ്യനാർകടവിൽച്ചെന്നണഞ്ഞുകൊൾ;
യോഗ്യമുള്ളോരു മകളാണു നീയെങ്കിൽ
യോഗ്യനാർകാവിൽ ചെന്നങ്ങണഞ്ഞുകൊൾ.
ഭാഗ്യം യോഗ്യം കെട്ട മകളാണു നീയെങ്കി-
ലേലക്കടവു പുലക്കടവു നീന്തിക്കോ.
ഭാഗ്യമുള്ളോരു മകളായ്ത്തെക്കു കൊല്ലം
കീഴ്ക്കടവിൽ ചെന്നു മെയ്യണഞ്ഞു.''

**കണ്ണകിത്തോററം:**—കണ്ണകിയുടെ ബിംബം ചെങ്കുട്ടുവൻ പ്രതിഷ്ഠിച്ചതു കൊടുങ്ങല്ലൂരിലാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. കണ്ണകിയെപ്പററിയുള്ള ഒരു പാട്ടിൽനിന്നാണു് താഴെക്കാണുന്ന വരികൾ ഉദ്ധരിക്കുന്നതു്.

''തെക്കുംകൊല്ലത്തു കണ്ണകിയും വടക്കുംകൊല്ലത്തു പാലകനും
ഒരു മനസ്സായി വിവാഹം ചെയ്താൽ തീ കൂടാതെ വിളക്കെരിയും.
* പൊൻകഴുവേ കരകേറുമെന്നു് ഇവരു തമ്മിൽ പറയുന്നേ.
ചുമന്തിര വാഴുന്ന നല്ലപ്പൻ ആനന്ദത്തോടെയെഴുന്നേററ്

* കഴു = സമാജം.

Digitized By Kerala Sahitya Akademi

നെടുങ്ങകൊല്ലത്തു കാര്യവിൻെറ    വീട്ടു വിരുന്നിച്ചെല്ലുന്നോ.
കണ്ടാൽ നല്ലൊരു പെണ്ണാളേ;    പക്ഷനാമൊരൊരു പെണ്ണാളേ;
നമ്മടെ മകയിറം കൊള്ളുമെന്നു    മാതാരിങ്കൽ നിനയ്ക്കേണ്ടാ.''

ഇതിൽനിന്നും കവി വടക്കിൻകൊല്ലം പാലകനേയും തെക്കിൻകൊല്ലം കണ്ണകിയേയും നാട്ടുകാരാക്കിയിരിക്കയാണെന്നു വായനക്കാർ ധരിക്കുമല്ലോ. 'മകയിറ' എന്താണെന്നു മനസ്സിലാകുന്നില്ല. ഈ പാട്ടു മണ്ണാന്മാർ പുറമേ പുലയരും പാടാറുണ്ടു്.

**മണിമങ്കത്തോററം:**— കണ്ണകിയെത്തന്നെ മണിമങ്കയെന്ന പേരിൽ വാഴ്ത്തുന്ന മറെറാരു തോററംപാട്ടുണ്ടു്. അതു മണ്ണാന്മാർ പുറമേ മലയന്മാരും പാടുന്നുണ്ടു്. ഒരു പാണ്ഡ്യരാജാവും അദ്ദേഹത്തിൻെറ സേവകനായ ഒരു തട്ടാനും ജനങ്ങളെ പീഡിപ്പിച്ചുകൊണ്ടിരുന്നപ്പോൾ സാക്ഷാൽ മഹാമായതന്നെ മണിമങ്കയെന്ന പേരിൽ ആ പീഡയ്ക്കു ശമനം വരുത്തുന്നതിനായി വൈശ്യകുലത്തിൽ അവതരിക്കുകയും യഥാകാലം പാലകൻ എന്ന വൈശ്യയുവാവിൻെറ പത്നിയാകുകയും ചെയ്തു. ആ സാധ്വി തൻെറ ചിലമ്പുകൾ രണ്ടും വിററുകൊണ്ടുവരുവാൻ ഭർത്താവിനെ ഏല്പിച്ചു. ആ ആഭരണങ്ങളെ തട്ടാൻെറ ദുരുപദേശത്തിനു വശംവദനായി പാണ്ഡ്യരാജാവു് അപഹരിച്ചു് അദ്ദേഹത്തെ ശൂലാരോഹണം ചെയ്യിച്ചു. മണിമങ്ക ആ വസ്തുത സ്വപ്നത്തിൽ ധരിച്ചു ഭദ്രകാളിയെ പ്രത്യക്ഷമാക്കി, തനിക്കു വാഹനമായി ഒരു ഭൂതത്തേയും ശത്രുനിഗ്രഹത്തിനായി ഒരു ഖഡ്ഗത്തേയും വാങ്ങി അവിടെനിന്നു പാണ്ഡ്യരാജ്യത്തിൽ ചെന്നു ഭർത്താവിനെ പുനർജ്ജീവിപ്പിച്ചു, രാജാവിനെ കൊന്നു. തട്ടാൻ പാതാളദേശത്തിൽ ചെന്നൊളിച്ചു. തൃശ്ശൂരിൽ കഴകം നടത്തുന്ന ഒരു വാരസ്യാരുടെ വേഷത്തിൽ മണിമങ്ക അവിടെ എത്തി തട്ടാൻെറ മാതാവിനു കൈക്കൂലി കൊടുത്തു തട്ടാനെ അവൾ മുഖാന്തരം വരുത്തി അയാൾക്കും കൈക്കൂലി കൊടുത്തു് അടുത്തുതന്നെ ഒരു ദിവസം പന്തീരായിരം തട്ടാന്മാരെ മുമ്മൂന്നു കഴഞ്ചു വീതം ദാനം വാങ്ങുവാൻ ശേഖരിച്ചുതരണമെന്നപേക്ഷിച്ചു. നിശ്ചയിച്ച ദിവസം തട്ടാന്മാർ ഉടുത്തൊരുങ്ങി എത്തുകയും അവരെയെല്ലാം മണിമങ്ക സംഹരിക്കുകയും ചെയ്തു. ഇതാണു് തോററംപാട്ടിലെ ചിലപ്പതികാരകഥ. ആ പാട്ടിൽനിന്നു ചില വരികൾകൂടി ഉദ്ധരിക്കാം.

മാളികമുകളിൽ കേറുന്നല്ലോ    പടപൊരുതാമ്മുടെ പാണ്ടിമന്നൻ:
കൂടെക്കേറി വെട്ടുന്നല്ലോ    ലോകം വാഴും പകവതിയോ.
ഇന്ദ്രപ്പെട്ടൽചാട്ടുന്നല്ലോ    പടപൊരുതാമ്മുടെ പാണ്ടിമന്നൻ:
കൂടെച്ചാടി വെട്ടുന്നല്ലോ    ലോകം വാഴും പകവതിയോ.
''എന്തു പെണ്ണേ, ഉണ്ണി നീ മകളേ വെളുത്തൊരാടയോ നീ ചാർത്താഞ്ഞു?''
''വെളുത്തൊരാടയോ ഞാനോ ചാർത്താൻ ഭർത്താവുമെനിക്കില്ലയോ.''
''എന്തു പെണ്ണേ, ഉണ്ണി നീ മകളേ, കുങ്കുമത്താൽ നീ കുറിയിടാഞ്ഞു?''
''കുങ്കുമത്താൽ ഞാനോ കുറിയിടുവാൻ കൂടെപ്പിറവിയുമില്ലയെനിക്കു്.''

Digitized By Kerala Sahitya Akademi

''എന്തു ചെയ്യുന്നു, ഉണ്ണി നീ മകളേ, അഞ്ജനത്താൽ നീ കണ്ണെഴുതാറായോ?''
അഞ്ജനത്താൽ ഞാനോ കണ്ണെഴുതാറ് മക്കളെയോ ഞാനോ ചെയ്യോ

**മററു ചില ഭദ്രകാളിപ്പാട്ടുകൾ:**—പാലക്കാട്ടു പാടുന്ന ഭദ്രകാളിപ്പാട്ടിലെ ചില ഭാഗങ്ങൾ പി. ഗോവിന്ദപ്പിള്ള അദ്ദേഹത്തിന്റെ മലയാളഭാഷാഗ്രന്ഥചരിത്രത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അവിടെ മന്നത്തുകളി, മലമക്കളി, കണ്യാർകളി, ദേശത്തെക്കളി, എന്നിങ്ങനെ പല പേരുകൾ ഭദ്രകാളിയെപ്പററിയുള്ള ആ വഴിപാടിനുണ്ടെന്നും മൂന്നു ദിവസത്തേയ്ക്കു നീണ്ടുനില്ക്കുന്ന ആ കളിയിൽ ഒന്നാം ദിവസത്തിന് ആണ്ടിക്കൂത്തെന്നും രണ്ടാം ദിവസത്തിനു വള്ളോൻപാട്ട് എന്നും മൂന്നാം ദിവസത്തിനു മലമപ്പാട്ട് എന്നുമാണ് പേരെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. കൊച്ചിയിൽ ചിററൂർ ഭഗവതിയെപ്പററിയുള്ള പാട്ടുകളിൽ ചില വരികളാണ് താഴെ ചേർക്കുന്നത്.

''ആദിപരാപരയേ നല്ലോരാനന്ദരൂപിമഹേശ്വരിയേ,
പാരിൽ പുകഴ്പൊങ്ങിന ചിററൂർ ഭഗവതിയേ.
കാറച്ചെഞ്ചിടകൂടിയോൻ കാരണർമകൻ പിള്ളയോൻ
ഒററക്കൊമ്പനുമുടയോൻ കണപതിക്കപയമേ ഞാൻ.
കീരനെല്ലും പൊരുത്തിട്ട് കിണ്ണാരംതന്നിൽ പാൽതന്നോൻ;
കുടവയറൻകുടയ കണപതിക്കപയമേ ഞാൻ.
അമ്മ ഭഗവതിയേ നല്ലോരാനന്ദമാകിന ഭൈരവിയേ
ശീലമുടയവളേ നല്ല ശ്രീകരുനാട്ടിൽ വാഴുമമ്മേ
കാളി കരിങ്കാളിയവളാം കങ്കാളരൂപിയവളാം;
കുളിപ്പെരുനാടയോരാം നല്ല ചിററൂർ ഭഗവതിയേ.''

**മലമതെയ്യാട്ട്:**—

''ചാന്തണിയും തിരുമേനിയാളെ—
പ്പായലിൽ നല്ലാളെക്കണ്ടേപോകുന്നേൻ.
ചിത്തിരപ്പൊൻകൊടിമയിലാളെ—
പ്പിറ്റ്പ്പുറത്തിൽ ഞാൻ ചെന്നു കണ്ടേപോകുന്നേൻ.
പൂവും തിരവും വിളിപ്പൂത്തു
പൂവിട്ടാറെച്ചെന്നു കണ്ടേപോകുന്നേൻ.
ചെന്താട്ടു ചേല പൂരിച്ചുംകൊണ്ടു
ചെമ്പ്രായിപാച്ച് തെറിഞ്ഞുടുത്തു
ചൈതന്യമുഖം കണ്ടേനേരം
ശോഭയിൽ നല്ലാളെക്കണ്ടേപോകുന്നേൻ''.

**മലമക്കളിയും ദേവേന്ദ്രപ്പള്ളവും:**—കൊച്ചിരാജ്യത്തിൽ ചെമ്പുനാലുകര ചിററൂരിൽ കൊങ്ങൻപട എന്നൊരുത്സവം കൊല്ലംതോറും ആഘോഷിക്കാറുണ്ട്. ക്രി: പി: 917-ൽ കോയമ്പത്തൂർ (കൊങ്ങ്) ഭരിച്ചിരുന്ന ഒരു പശ്ചിമഗംഗരാജാവു കേരളത്തെ ആക്രമിക്കാനും

Digitized By Kerala Sahitya Akademi

അന്നു കേരളം രക്ഷിച്ചിരുന്ന ഗോദരവിവർമ്മപ്പെരുമാൾ പാലക്കാട്ടുരാജാവിന്റെയും മറ്റും സഹായത്തോടുകൂടി അദ്ദേഹത്തെ വധിക്കുകയും ചെയ്തു. ചിറവർ ഭഗവതിതന്നെയാണു് ശത്രുനിഗ്രഹം ചെയ്തതു് എന്ന വിശ്വാസത്തിൽ തദനന്തരം ആ വിജയത്തിന്റെ സ്മാരകമായി കേരളീയർ 'കൊങ്ങൻപട' ആഘോഷിച്ചുതുടങ്ങി. കൊല്ലംതോറും കൊങ്ങൻപട കഴിഞ്ഞുവരുന്ന ബുധനാഴ്ച മലമക്കളിയും അതിനടുത്ത ചൊവ്വാഴ്ച ദേവേന്ദ്രപ്പള്ളും നടത്തുന്നു. ഈ രണ്ടു കളികളിലും സ്വദേശികളായ നായന്മാർ ഭഗവതീസ്തോത്രപരങ്ങളായ ഗാനങ്ങൾ പാടുന്നതിനിടയ്ക്കു, മലയൻ, പള്ളൻ, ചക്കിലിയൻ ഇങ്ങനെ ചില ജാതിക്കാരുടെ വേഷങ്ങൾ ചമഞ്ഞുവന്നു കളിക്കുന്ന പതിവുണ്ടു്. മലമക്കളിക്കുള്ള ദിവസത്തിൽ മലയന്റെയും മലയത്തിയുടേയും വേഷങ്ങൾ രംഗപ്രവേശം ചെയ്യുന്നു. രണ്ടവസരങ്ങളിലും പാടുന്ന പാട്ടുകൾ പ്രായേണ തമിഴാണു്. "തെൻമലയിലെ തേനിരുക്കു തേനൈക്കൊണ്ടോടാ മലയാ, തേനൈക്കൊണ്ടോടാ മലയാ" എന്ന പാട്ടു മലമക്കളിയിലുള്ളതാണു്. 'പള്ളു' എന്നാൽ ദേവീപ്രീതികരങ്ങളായ ബലികർമ്മങ്ങൾ ചെയ്യുമ്പോൾ പാടുന്ന രാഗം എന്നാണർത്ഥം. ദേവേന്ദ്രനെപ്പോലെ വിജയിയായ പെരുമാൾ ചിറവർഭഗവതിക്കു ബലിനല്കുമ്പോൾ പാടിയ പാട്ടെന്നായിരിക്കാം പ്രകൃതത്തിൽ പള്ളിന്റെ അർത്ഥം. ഈ പള്ളിൽപെട്ട 'അൻപുടയ ചിത്രപുരി വാഴ്കിന്റ ഭഗവതിയേ' എന്നു തുടങ്ങുന്ന പാട്ടുകൾ ഗോവിന്ദപ്പിള്ള മലയാളഭാഷാഗ്രന്ഥചരിത്രത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്.

**പാനത്തോറ്റങ്ങൾ:**—ചിറവർ ഭഗവതിക്ഷേത്രത്തിൽ പാട്ടിനുവേണ്ടി പല തോറ്റങ്ങളും ഓരോ കാലത്തു തദ്ദേശീയരായ ഓരോ ഗ്രാമീണകവികൾ നിർമ്മിച്ചിട്ടുണ്ടു്. പാന വച്ചു കൊട്ടിപ്പാടുന്നതിനു് ഉപയോഗിക്കുന്നതിനാലാണു് അവയ്ക്കു പാനത്തോറ്റങ്ങൾ എന്ന പേർ വന്നതു്. ഇപ്പോൾ ഈ ഇനത്തിൽ നമുക്കു ലഭിച്ചിട്ടുള്ള ഈ കൃതികൾ അതിപ്രാചീനങ്ങളല്ലെങ്കിലും അധികം അർവ്വാചീനങ്ങളുമല്ല. ശ്രീ. പൊറയത്തു വിശ്വനാഥമേനോൻ അവയിൽ ചില തോറ്റങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അവയിൽ ഗണപതിക്കുമാത്രമേ പാട്ടിന്റെ ആകൃതി കാണുന്നുള്ളു. ബാക്കി ഭാഗങ്ങൾ ഗാനഗന്ധികളായ ഗദ്യങ്ങളാണെന്നു പറയാം. കരുവൂർതോറ്റം, പാണ്ഡവർതോറ്റം, ശാസ്താവുതോറ്റം, കുറതോറ്റം, ദാരുകവധംതോറ്റം, കലിതോറ്റം ഇവയെല്ലാം അത്തരത്തിലുള്ള ഗദ്യങ്ങൾതന്നെ; പാണ്ഡവർതോറ്റത്തിൽ പാണ്ഡവന്മാർ അവതരിക്കുന്നതും കുറതോറ്റത്തിൽ മഹാഭാരതമലക്കുറവൻ അവരെ വിഴൽകുത്തി മയക്കി വീഴിക്കുന്നതും അയാളുടെ ഭാര്യ പുനർജ്ജീവിപ്പിക്കുന്നതുമാകുന്നു വിഷയം. കലിതോറ്റത്തിൽ ഏഴു നാഗങ്ങളെ ആലമുറ്റത്തു പടനായരുടെ ഭാര്യ കുടിയിരുത്തുന്നു. കരുവൂർതോറ്റത്തിൽ മാലയായി ഒരു കൊമ്പനാനയെ പ്രസവിക്കുന്നു. ആ കഥ ഗജാനനാവതാരത്തിന്റെ രൂപഭേദമെന്നാണു് എനിക്കു തോന്നുന്നതു്. കരുവൂർ കരിയാനത്തടിയനെന്നത്രേ ആ കൊമ്പനു കവി നൽകീട്ടുള്ള നാമധേയം. പൂർവ്വകഥകളെ

Digitized By Kerala Sahitya Akademi

പലവിധത്തിൽ ഈ ഗ്രാമീണഗായകന്മാർ മാററിമറിച്ചിട്ടുണ്ട്. പാണ്ഡവർതോററതിൽ ദുഃഖിതയായ കുന്തീദേവിയെ ഗാന്ധാരി ഭയപ്പെടുത്തി അഗ്നിപ്രവേശം ചെയ്യിക്കുവാൻ ശ്രമിക്കുന്നു. ദാരുകവധത്തിൽ ഭസ്മാപതിയെന്നും സ്ഥാനാപതിയെന്നും രണ്ട് അസുരകന്യകകൾ ബ്രഹ്മാവിനെ ഭജിക്കുകയും അതിൽ സ്ഥാനാപതി ദാരുകനെ പ്രസവിക്കുകയും ചെയ്യുന്നു. പന്തണ്ടു "പൂനാരദന്മാർ" ആ അസുരന്റെ അക്രമങ്ങൾ ശ്രീമഹാദേവനെ അറിയിക്കുകയും അവിടുന്ന് ആ ദുഷ്ടന്റെ നിധനത്തിനായി കണ്ടൻകാളിയെ സൃഷ്ടിക്കുകയും ചെയ്യുന്നു. 'അകാളം' എന്ന കാട്ടിലുള്ള വേതാളത്തേയും "തൃശ്ശിവപേരൂർ വടക്കുംഗോപുരത്തിൽ കാത്തിരിപ്പോരു ശ്രീഭൂതത്താനേയും" കൂട്ടിക്കൊണ്ടാണ് കണ്ടൻകാളി ദാരുകനോടു യുദ്ധം ചെയ്യുവാൻ പോകുന്നത്. പ്രസ്തുതകൃതികളുടെ രചനാരീതി രണ്ടുദാഹരണങ്ങൾകൊണ്ടു വെളിപ്പെടുത്താം.

1. ശാസ്താവിന്റെ ആയുധാഭ്യാസം:—"പയിററാണ്ടിൽ പയററിനാക്കിയ നേരത്തു പയററിവരുന്നൊരു വരവു കണ്ടാൽ പണിക്കരെന്നേ തോന്നും; എയ്തുവരുന്നൊരു വരവു കണ്ടാൽ വില്ലുവട്ടെന്നേ തോന്നും. അങ്ങനെ പയററിയും എയ്തും വരുന്നോരു നേരത്തു കരുവൂർ മുണ്ടവരിക്കപ്ലാവിന്റെ മുകളിൽ നില്ക്കുന്നൊരു കരുവൂർ പൂമ്പാത്തൻകോഴിയെക്കണ്ടു് ഇക്കോഴിയെ എനിക്കു എയ്യാൻ തരണമെന്നാൻ കരുവൂർതിറംകൊണ്ട ശാസ്താവു്. പെരുമാനുമപ്പോൾ അയ്യോ മകനേ, എനിക്കു് അന്തിപെട്ടാൽ കിനാ കാണ്മാനും പുലർന്നാൽ കണി കാണ്മാനുമുള്ളോരു കോഴിക്കിടാവിനെ എയ്തുകൊല്ലലാ മകനേ എന്നാൾ കരുവൂർ നല്ലക്ഷമാതാവു്."

2. ദാരുകനും പൂനാരദന്മാരും:—"കേൾപ്പുതുമുണ്ടോ പൂനാരദന്മാരെ? ഇനിക്കൊ സപ്തമുള്ളോരു വേദഗീതങ്ങൾ ഓതുകയും, കൊട്ടുകയും പാട്ടുകയും ആട്ടുകയും വേണമെന്നാൻ ദാരുകരാജാവു്.

കേൾപ്പുതുമുണ്ടോ ദാരുകാ? ഞങ്ങൾക്കു ഞങ്ങടെ നല്ലച്ഛനറിഞ്ഞാൽ വഴക്കുണ്ടെന്നാർ പന്തിരണ്ടു പൂനാരദന്മാരപ്പോൾ.

നിങ്ങടെ നല്ലച്ഛൻ ഞാനെന്നു കല്പിച്ചുകൊൾവിൻ; നിങ്ങടെ നല്ലമ്മ എന്റെ ദേവിയെന്നു കല്പിച്ചുകൊൾവിൻ.

നിങ്ങടെ നല്ലച്ഛൻ ഇനിക്കു ഊട്ടു പിരിക്കയും, പക്കം നില്ക്കയും, പഴയരി വാക്കയും വേണം.

നിങ്ങടെ നല്ലമ്മ എന്റെ ദേവിക്കു മുററമടിക്കയും തളി പിഴിയുകയും വിളയാട്ടമത്തളരുക്കലും വേണമെന്നു പഴിയും പരിഹാസവും പറഞ്ഞുകൊണ്ടാൻ ദാനപതി ദാനവേന്ദ്രൻ ദാരുകരാജാവു്."

ഈ തോററങ്ങളിൽ 'അരയോളം നീററിൽച്ചെന്നു് അടിയൊഴുനീക്കുളിച്ചു; മുലയോളം നീററിൽച്ചെന്നു മുടിയൊഴുനനീക്കുളിച്ചു;' 'മുത്തിനാൽ കോരി മുറനിറച്ചു്; പവിഴത്താൽ കോരി പറനിറച്ചു്'; 'പാലിൽക്കഴുകി പതം വരുത്തി, നീരിൽക്കഴുകി നിറം വരുത്തി,' 'പള്ളിവാളാൽ വെട്ടി പാത്രവട്ടകയാൽ കുടിക്കുക' മുതലായി

Digitized By Kerala Sahitya Akademi

അവിടവിടെ കാണുന്ന പല ശൈലീപ്രയോഗങ്ങളും വാചകങ്ങളുമൊക്കെ പരിശോധിച്ചാൽ സാദൃശ്യം കാണുന്നു.

**ശാസ്താംപാട്ട്—ശാസ്താവ്:—** ശാസ്താവിനു നാം ചൊല്ലുന്നതാം പ്രാധാന്യം കല്പിക്കയാണു് ചെയ്യുന്നതു്. എങ്കിലും തിരുനാവാ യോഗക്കാരുടെ പരദേവതയായ ചമ്രവട്ടത്തു് അയ്യപ്പൻ, ഭിഷഗ്വരനായ തകഴിയിലെ ശാസ്താവു് മുതലായ ദേവതകളുടെ ബിംബങ്ങൾക്കു പണ്ടുതന്നെ അസാധാരണമായ ചൈതന്യമുണ്ടായിരുന്നതായി രേഖകളുണ്ടു്. ഈ ദേവാലയങ്ങൾ ശബരിമല, അച്ചൻകോവിൽ ആര്യങ്കാവ്, കുളത്തൂപ്പുഴ മുതലായ ക്ഷേത്രങ്ങളെപ്പോലെ പർവ്വതസമീപത്തിലല്ല സ്ഥിതിചെയ്യുന്നതെന്നും ഓർമ്മിക്കേണ്ടതാകുന്നു. ശാസ്താവും ബുദ്ധനും ഒന്നല്ലെന്നുള്ളതിന്നു് എത്ര തെളിവുകൾ വേണമെങ്കിലും പ്രദർശിപ്പിക്കാവുന്നതാണു്. ശാസ്താവു മൃഗയാവ്യാപൃതൻ, ബുദ്ധൻ അഹിംസാവ്രതൻ; ശാസ്താവു് പൂർണ്ണയെന്നും പുഷ്കലയെന്നും അല്ലെങ്കിൽ മദനയെന്നും വരവർണ്ണിനിയെന്നും പേരുള്ള രണ്ടു ദേവതകളുടെ പ്രാണനാഥൻ, ബുദ്ധൻ സർവ്വസംഗപരിത്യാഗിയായ മഹർഷി; ഇവർ തമ്മിൽ യാതൊരു ബന്ധമോ സാജാത്യമോ ഇല്ല; പിന്നെയോ എങ്കിൽ പുരാണകാലത്തു ദ്രാവിഡരുടെ ഇടയിൽ ഒരു ഗ്രാമദേവത മാത്രമായിരുന്ന ശാസ്താവിനു കേരളത്തിൽമാത്രമേ ഉൽകൃഷ്ടത ലഭിച്ചിട്ടുള്ളൂ. ശാസ്താവിനെ ഒരു മലയാളിയെന്നാണു് എല്ലാ പാട്ടുകളിലും വർണ്ണിച്ചിട്ടുള്ളതു്. തിരുനെൽവേലി, മധുര മുതലായ ജില്ലകളിൽ കാവൽക്കാരനായ ഒരു ഗ്രാമദേവതയായി മാത്രമാണു് അയ്യനാർ ഇന്നും കരുതപ്പെടുന്നതു്.

**ശാസ്താംപാട്ട്:—** ശാസ്താംപാട്ടുകൾ മലയാളത്തിലും തമിഴിലും ധാരാളമായുണ്ടു്. മലയാളത്തിലുള്ള പാട്ടുകളെപ്പറ്റിയാണു് ഇവിടെ പ്രസ്താവിക്കുന്നതു്. ശാസ്താംപാട്ടിന്നു് അയ്യപ്പൻപാട്ടെന്നും പേരുണ്ടു്. ഈവക പാട്ടുകളിൽ ശ്രീപരമേശ്വരൻ മോഹിനീരൂപം ധരിച്ച വിഷ്ണുവിൽനിന്നു ജനിച്ച ശാസ്താവിന്റെ അവതാരം മുതലുള്ള കഥകൾ അടങ്ങിയിരിക്കുന്നു. ശാസ്താവിന്റെ അപദാനങ്ങൾ ഏഴു ശേവ(ശേവുക)ങ്ങളിലായി കൊള്ളിച്ചിരിക്കുന്നു. ശേവം എന്നാൽ സേവനം എന്നർത്ഥം. പാണ്ഡ്യരാജാവിന്റെ സേവകനായിട്ടാണല്ലോ ശാസ്താവു ഭൂലോകത്തിൽ രംഗപ്രവേശനം ചെയ്യുന്നതു്. ആ ശേവങ്ങൾ (1) പാണ്ടിശ്ശേവം (2) പുലിശ്ശേവം (3) ഇളവരശുശേവം (4) വേളിശ്ശേവം (5) ഈഴശ്ശേവം (6) പന്തളശ്ശേവം (7) വേടർശേവം ഇവയാണു്. ഏഴു ശേവങ്ങൾക്കും പുഴിയാരി എന്നു പറയപ്പെടുന്ന ഏഴു താളങ്ങളുമുണ്ടു്. ഉടുക്കു് എന്ന വാദ്യമുപയോഗിച്ചാണു് ഈ പാട്ടുകൾ പാടുന്നതു്.

**പുലിശ്ശേവം:—**

> "ഭരതത്തിൽ വീരനും വില്ലുമെടുത്തയ്യൻ പുറപ്പെട്ടു
> കരിമ്പുലിപ്പാലു കൊണ്ടുവരുവതിനായിട്ടോടേ.

Digitized By Kerala Sahitya Akademi

കർപ്പൂരച്ചാറും കെട്ടിക്കൊണ്ടാഭിഷേകം ചെയ്യുവാൻ
കാതിൽ പൊന്തളയുമൊട്ടുത്തമമായണിച്ചവൻ
അന്നജത്തെയും വാങ്ങിത്തന്നോൻ കരമൊന്നു കൂപ്പുന്നു.
മനക്കരുന്നിങ്കൽ മോദം വളരുന്നു നൃപതിക്കു.
ബാലവാനിവനുജ്ജ്വലം വളരുന്നു മലയാളി.
ദൃഢതരം ശമിപ്പതിന്നൊരുവനൊട്ടാനതിഘോരം.
പലരും ചോറകന്മാർ നന്നാടിമലർ വണങ്ങുന്നു.
വലരിപുസമനൊന്നു പലജനം പറയുന്നു.
കുതിരയൊന്നു ഞാൻ നല്കാം മലയാളിച്ചേവകനാ നീ
കുതിരതൻ മുകളേറിസ്സമിക്ഷു താൻ വനം നോക്കി.
കുതിരയെപ്പുലി കണ്ടാൽ ഝടിതി സംഹരിച്ചീടും.

* * * *

നാട്ടിലെ നൃപതിതന്നരുളുണ്ടിന്നെനിക്കെങ്കിൽ
കാട്ടിലെപ്പുലിപ്പാലു കാനന ഞാൻ കൊണ്ടുപോരും.''

**ഈഴശ്ശേവം:—**

''അരശരിൽ മണിമകുടതിലോത്തമനാഖിലജഗൽപ്പരിപൂർണ്ണൻ
അണിമതികല തലയിലണിന്തവനുടെ മകന മനസ്സിൽ
കരുതിയതീഴത്തൊരു രാജാവെക്കാണണമെന്നൊരുപക്ഷം,
കടലൊരു ശതയോജനയുണ്ടു കടപ്പതിനരുതു നിനച്ചാൽ,
ആരാലും ബാധാരാത്തോരസുരകൾ മരുവും ലങ്കാ-
സ്ഥലിയെയീഴപ്പെരുമാളുടെ രാജ്യമതെന്നറിയേണം.''

**മറ്റൊരു ശാസ്താംപാട്ട്:—**

''അരുമറപ്പൊരുളതായേ അരനുമരുതരുണിയോടും
കരികലഭതലനായിക്കാനനമകത്തു പുക്കു''
ഉരമൊടു പുണരുമന്നു ഉതിരൊഴും ഗജമുഖന്റെ
ചരണപങ്കജം തൊഴുന്നേൻ ശാസ്താവിൻ പാട്ടു ചൊല്ലുവാൻ.

* * * *

ഭൂതനാഥനന്നങ്ങുകൊടുനിറം കലന്ന ഗുണാലയൻ
ഭൂവനതലമതിലമർജനങ്ങളെയല്ലൽതീർത്തു വസിപ്പവൻ
ഭൂതലേ മലനാട്ടതന്നിൽ വളന്ന ക്ഷേത്രങ്ങളിൽ
പുതുമയോടു വിലസുന്ന കരമതിലന്നു വില്ലുശരമേന്തിയ
ധന്യനായ മഹീശനൊപ്പരിചോടു ശേവുകമാകുവാൻ
പലപ്രവിസമരനരികിൽ മരുവിക്കൊണ്ടു കൊണ്ടൽനിറത്തോനും.
യാത്രപോവതിനിന്നു നല്ല ഗുണങ്ങളുള്ളൊരു നാളെടോ
ഝടിതിയിനി നിങ്ങൾ വരികയെന്നു പറഞ്ഞു വൻപട കൂട്ടിനാൻ''.

**വാവർസ്വാമിപ്പാട്ട്:**—ശബരിമലക്ഷേത്രത്തിൽ ശാസ്താവിന്റെ ഉപദേശകനായി വാവരുസ്വാമി എന്നൊരു മൂർത്തിയെ ആരാധിച്ചു

Digitized By Kerala Sahitya Akademi

വരുന്നുണ്ടു്. ആ മൂർത്തി മഹമ്മദീയനാണു്. അപ്പന്റേയും അമ്മയുടേയും പേർ യഥാക്രമം ആലിക്കുട്ടിയെന്നും പാത്തുമ്മയെന്നുമായിരുന്നു. വാവർ ബാല്യത്തിൽത്തന്നെ പയററുമുറയെല്ലാം അഭ്യസിച്ചു.

“എന്തിനി വേണ്ടതു വാവർക്കെന്നിങ്ങനെ
ചിന്തിച്ചു പാത്തുമ്മ പാരാതുറച്ചുടൻ
അന്തികേ നില്ക്കുന്നൊരത്തിമരംകൊണ്ടു
ചന്തത്തിൽ വാവർക്കു കപ്പലുണ്ടാക്കണം.
നിശ്ചയിച്ചിങ്ങനെ പാത്തുമ്മ തൽക്ഷണം,
തച്ചരേയൊക്കെ വരുത്തിയോതീടിനാൾ.
ഇച്ഛിച്ചപോലെതാനാശാരിമാരുടൻ
മെച്ചമേറുന്നോരു കപ്പൽ തീർത്തീടിനാർ.
കപ്പലിറക്കുന്ന കാലേ വെടി മൂന്നു
വയ്പിച്ചു വാവരും കൂട്ടരും ചെന്നുടൻ
കപ്പലിൽക്കേറുന്നു; പായും നിവിർക്കുന്നു.
കെല്പോടു കപ്പലോടുന്നു തെക്കോട്ടുതാൻ.”

തെക്കുനിന്നു കിഴക്കോട്ടു കപ്പലോടിക്കൊണ്ടിരിക്കുമ്പോൾ അയ്യപ്പൻ കപ്പൽച്ചുങ്കം ചോദിക്കുകയും അതിനു വാവർ

“ആനക്കഴുത്തേറിപ്പോകുന്നോരയ്യപ്പാ!
ആനവാല്പ്പണം നമുക്കു തരികെടോ”

എന്നു് എതിർചോദ്യത്തിനു് ഒരുമ്പെടുകയും ചെയ്തു. രണ്ടുപേരും തമ്മിലുണ്ടായ യുദ്ധത്തിൽ വിജയം ഒരു കക്ഷിക്കും സിദ്ധിച്ചില്ല. ശാസ്താവു് അപ്പോൾ വാവരോടു്

“പോരിനി വേണ്ട നീ വീരനാണേററവും
പാരിതിൽ നിന്നോടു തുല്യരില്ലാരുമേ,
പോരിക നമ്മോടുകൂടെ നീ വാവരേ!
ഭൂരിമോദം നിന്നെ വാഴിക്കാം ഞാനെടോ.”

എന്നു വാഗ്ദാനം ചെയ്തു ശബരിമലയ്ക്കു കൂട്ടിക്കൊണ്ടുപോകുകയും അവിടെ ഒരാലയം തീർത്തു്. അതിൽ തന്റെ സുഹൃത്തിനെ കുടിയിരുത്തി ഗോതമ്പു നിവേദ്യത്തിനു ശട്ടംകെട്ടുകയും ചെയ്തു. ഇതാണു് പാട്ടിലെ കഥ. പഴയ ഐതിഹ്യത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഈ ഗാനം തീരെപ്പഴക്കമുള്ളതല്ല. ആര്യന്മാർക്കും ദ്രാവിഡർക്കും ശൈവമതത്തിനും വൈഷ്ണവമതത്തിനും തമ്മിലുള്ള മാത്സര്യത്തെ നശിപ്പിക്കുവാനാണു് അയ്യപ്പനെ പൗരാണികന്മാർ ഹരിഹരപുത്രനാക്കിയതു്. ഹിന്ദുക്കളും മഹമ്മദീയരും തമ്മിലുള്ള സംഘർഷത്തിനു വിരാമമിടുവാൻ പശ്ചാൽകാലികന്മാർ വാവരുസ്വാമിയെ ശബരിമല അയ്യപ്പന്റെ സുഹൃത്തുമാക്കി. എത്ര വിശാലമായിരുന്നു നമ്മുടെ പൂർവന്മാരുടെ ഹൃദയം! എന്തൊരു ആശ്ചര്യകരമായ ഐക്യബോധത്തിന്റെ ഫലമായിരുന്നു അവരുടെ അത്തരത്തിലുള്ള മതപരിഷ്കാരപരിപാടി!

Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

**വള്ളപ്പാട്ട്:**—പഴയകാലത്തു പുരാണകഥകളെ ആസ്പദമാക്കിയുള്ള വഞ്ചിപ്പാട്ടുകഠം രചിക്കപ്പെട്ടുവന്നിരുന്നതു്. വിനോദപരങ്ങളായും ശൃങ്ഗാരതരങ്ഗിതങ്ങളായും ദേശചരിത്രപ്രതിപാദകങ്ങളായും ഉള്ള ഗാനങ്ങഠം അന്നു ധാരാളം പ്രചരിച്ചിരുന്നു. കിരാതം, വ്യാസോൽപ്പത്തി മുതലായ സാഹിത്യപ്രധാനങ്ങളായ പാട്ടുകളുടെ ആകർഷകത നിമിത്തം അവ അസ്തമിതപ്രായങ്ങളായെങ്കിലും ആരും ഇന്നും മറന്നിട്ടില്ലാത്ത ഒരു പാട്ടിനു ചിരഞ്ജീവിതമുള്ളതുപോലെ തോന്നുന്നു. അതിലെ ഏതാനും വരികളാണു് അടിയിൽ കാണുന്നതു്.

> "കുറത്തിപ്പെണ്ണേ നിന്നെക്കാണാഞ്ഞൊരുനാളുണ്ടു്
> വിരുത്തപ്പെട്ടു ഞാനൊരു വണ്ടായിച്ചമഞ്ഞതല്ലോ,
> വണ്ടായ്ച്ചമഞ്ഞു ഞാനൊരു തുമ്പിയായിപ്പറന്നേനെടീ,
> തുമ്പിയായ്പ്പറന്നുഞാനൊരു പള്ളിവാതുക്കൽ ചെന്നപ്പം
> പൂമാലപ്പൈതലെന്നെയൊരു പൂകൊണ്ടങ്ങെറിഞ്ഞതല്ലോ.
> അപ്പുറം ചൂടിഞാനുമൊരാററരികേ പോകുമ്പോഠം
> തന്നാനൊരുത്തൻ പതിനെട്ടുമോതിരം
> ചെമ്പല്ലിരുമ്പല്ല പിത്തളയല്ലോടല്ല
> പതിനെട്ടുമോതിരം പൊൻമോതിരമവൻ തന്നല്ലോ."

'കണ്ടേൻഞാൻ കണ്ടേൻഞാൻ കോവിലുക്കപ്പുറം' എന്നുംമററും വേറെയും ചില പാട്ടുകഠം ഞാൻ കേട്ടിട്ടുണ്ടു്. ഉദ്ധരിക്കത്തക്കവിധത്തിൽ അവ ഓർമ്മിക്കുന്നില്ല.

വാലന്മാർ തണ്ടുപിടിക്കുമ്പോഠം പാടുന്ന മറെറാരു പാട്ടിലുള്ളതാണു് ചുവടേ ചേർക്കുന്ന വരികഠം.

> "വാകിപ്പാറക്കുന്ന് ചെമ്പരുന്തേ! നീയുണ്ടോ മാമാങ്കവേലകണ്ടു?"
> വേലയുംകണ്ടു, വിളക്കുംകണ്ടു; കടലിൽത്തിരകണ്ടു കപ്പൽകണ്ടു;
> കടലിൽച്ചാൺ ചാഞ്ഞ കരിന്തെങ്ങിന്മേൽ കടന്തലുമുണ്ടു കടന്തക്കൂടുണ്ടു്.
> കടന്തൽ പിടിപ്പാൻ വിരുതാക്കളുണ്ടു് തച്ചുള്ളവീട്ടിൽരണ്ടു പിള്ളേരുണ്ടു്.
> പിള്ളേരെ വിളിപ്പാൻ രണ്ടാളയച്ചു; പിള്ളേരും വന്നു; പോയാളും വന്നു.
> പട്ടുമുടുത്തു പണിത്തൊപ്പിയിട്ടു; ഈയക്കിക്കരയനും തോഠം മേലണിന്തു,
> കടന്തൽപിടിച്ചവർ കൂട്ടിലിട്ടു; ഉഴവുതുലക്കുന്നു കാഴ്ചവച്ചു."

**ഉപസംഹാരം:**—ഇനിയും കല്യാണപ്പാട്ടു്, കോലടിപ്പാട്ടു്, തുമ്പിപ്പാട്ടു്, ഐവർകളിപ്പാട്ടു്, കോൽകളിപ്പാട്ടു് മുതലായി പലവിധത്തിലുള്ള ആരാധനാക്രമങ്ങളോടും വിനോദങ്ങളോടും അനുബന്ധമായി കിടക്കുന്ന അനവധി ഗാനങ്ങഠം നമ്മുടെ സ്മരണയെ അററിക്കുന്നുണ്ടു്. കല്യാണക്കളി കൊല്ലത്തും അതിനു തെക്കും ഉള്ള പ്രദേശങ്ങളിൽ സമീപകാലംവരെ ധാരാളമായി പ്രചരിച്ചിരുന്ന ഒരു വിനോദമാണു്. നായന്മാരുടെ തറവാടുകളിൽ താലികെട്ടുകല്യാണം സംബന്ധിച്ചും മററും ആ കളി കളിപ്പിച്ചിരുന്നു. ചില ക്ഷേത്രങ്ങളിലും അതു കളിച്ചുകണ്ടിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

ഇപ്പോഴും ഓണക്കാലത്തു് അതിന്നു ചില സ്ഥലങ്ങളിൽ പ്രചാരമില്ലെന്നില്ല. പുരാണകഥകളാണു് പ്രായേണ പാടിവരുന്നതു്. പാട്ടുമ്പോൾ പലമാതിരി അടവുചവിട്ടുകളും ഗായകന്മാർ പ്രദർശിപ്പിക്കുന്നു. ഈ വകുപ്പിൽ ഉൾപ്പെടുന്ന പല പാട്ടുകളും അച്ചടിച്ചിട്ടുണ്ടു്. കോലടിപ്പാട്ടുകളുടെ ലക്ഷണവും ഇതിൽനിന്നു ഭിന്നമല്ല. കോൽകളിക്കു പ്രസിദ്ധി വടക്കേ മലയാളത്തിലാണു്. തെക്കൻകോൽകളിയെന്നും വടക്കൻകോൽകളിയെന്നും മാപ്പിളക്കോൽകളിയെന്നും മൂന്നുതരം കളികൾ ആ ഇനത്തിൽ അവിടെ നടപ്പുണ്ടു്. അവയ്ക്കു കോലടിയെന്നു പേർപറയുന്നു. ഒന്നാമത്തേയും മൂന്നാമത്തേയുംതരത്തിലുള്ള കളികൾക്കു 'ചുവടും' (അഭിനയം) രണ്ടാമത്തേതിന്നു 'ചിന്തും' (ഗാനം) ആണു് പ്രധാനം. കോലിന്നുപകരം പരിചയും ചിലമ്പും ഉപയോഗിച്ചും ചിലർ ഈ കളി കളിക്കാറുണ്ടു്. ചിലമ്പു കാലിൽ ഇടുന്നതല്ല. കോലിൽത്തന്നെ കോർത്തിട്ടുള്ളതോ കയ്യിൽവച്ചു താളത്തിന്നനുസരിച്ചു കൊട്ടാൻ ഉപകരിക്കുന്നതോ ആകുന്നു.

ഇപ്പോൾതന്നെ ക്രമത്തിലധികം ദീർഘമായിപ്പോയ ഈ അദ്ധ്യായം ഇവിടെ അവസാനിപ്പിക്കേണ്ടിയിരിക്കുന്നതിനാൽ മററുതരത്തിലുള്ള പാട്ടുകളെക്കുറിച്ചു യാതൊന്നും പ്രസ്താവിക്കുവാൻ നിവൃത്തിയില്ല. ഗണപതി, ശ്രീകൃഷ്ണൻ, ശിവൻ, പാർവതി മുതലായ ദേവതകളെപ്പററി അനേകം നാടോടിപ്പാട്ടുകളുണ്ടു്. താഴെക്കാണുന്നതു ശ്രീകൃഷ്ണപരമായ ഒരു ഗാനമാണു്.

> ''തൃശ്ശൂരേ മതിലകത്തു് ഒന്നല്ലോ പുത്തിലഞ്ഞി;
> ആയിലഞ്ഞിപ്പൂ പറിപ്പാൻ പോരിൻ പോരിൻ തോഴിമാരേ.''
> ''തൃപ്പാക്കോട്ടപ്പനാണേ ഞങ്ങളാരും പോരുന്നില്ല.''
> ''എന്തുകൊണ്ടു പോരുന്നില്ല?'' ''മതിലകത്തു കണ്ണനുണ്ടു്;
> കൊച്ചുവില്ലുമമ്പുമുണ്ടു്; എയ്തുകൊല ചെയ്തുപോകും.''

തിരുവാതിരപ്പാട്ടു്, ബ്രാഹ്മണിപ്പാട്ടു്, അമ്മാനപ്പാട്ടു് മുതലായവ സാഹിത്യപദവിയിൽ ചരിക്കുന്ന പാട്ടുകളാകയാൽ അവയെപ്പററി അന്യത്ര പ്രതിപാദിക്കും. പല തൊഴിൽപ്പാട്ടുകളോടും ഇടകലർന്ന ഗദ്യങ്ങളുമുണ്ടു്. വിസ്തരഭീരുതയാൽ അവയ്ക്കൊന്നിനും ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നില്ല.

Digitized By Kerala Sahitya Akademi

പതിനൊന്നാമധ്യായം

# നാടോടിപ്പാട്ടുകൾ (II)

**വടക്കൻപാട്ടുകൾ — ഉപക്രമം:—** വടക്കേമലയാളത്തിൽ പുരാതനകാലങ്ങളിൽ വീര്യശൌര്യങ്ങൾക്കു വിളനിലങ്ങളായിരുന്ന ചില പുരുഷകേസരികളുടേയും വനിതാരത്നങ്ങളുടേയും അപദാനങ്ങളെ പ്രകീർത്തനം ചെയ്യുന്ന നാടോടിപ്പാട്ടുകൾക്കാണു് വടക്കൻപാട്ടുകൾ എന്നു പേർ പറഞ്ഞുവരുന്നതു്. ആ പാട്ടുകൾക്കു പണ്ടത്തെപ്പോലെയുള്ള പ്രചാരം ഇക്കാലത്തില്ലെങ്കിലും ഇന്നും അവയിൽ ജനങ്ങൾക്കുള്ള പ്രതിപത്തി അസ്തമിച്ചിട്ടില്ല. നാനൂറോളം വടക്കൻപാട്ടുകൾ മലബാർ ഡിസ്ട്രിക്ടു് കളക്ടരായിരുന്ന മി. പെഴ്സിമാകഡീൻ ശേഖരിച്ചിട്ടുള്ളതായി കേൾവിയുണ്ടു്. ഇനിയും ഒട്ടുവളരെ അധികം ആ ജനത്തിലുള്ള ഗാനങ്ങൾ ശേഖരിക്കുവാൻ കിടപ്പുള്ളതായുമറിവുണ്ടു്. ആകെക്കൂടി മുപ്പത്തഞ്ചു പാട്ടുകളോളം മാത്രമേ ഇന്നേവരെ അച്ചടിപ്പിച്ചിട്ടുള്ളു. അതുകൊണ്ടു് ഈ വിഷയത്തിൽ ഭാഷാഭിമാനികൾ നേടീട്ടുള്ളതു മണൽ, നേടേണ്ടതു മല എന്ന നിലയിലാണു് വസ്തുസ്ഥിതി. പാടുവാൻ വിശേഷിച്ചു ഗായകത്വമോ കേട്ടാനന്ദിക്കുവാൻ പ്രത്യേകിച്ചു വൈദഗ്ധ്യമോ വേണ്ടാത്ത പ്രസ്തുതഗാനങ്ങൾ ഹൃദയത്തിൽനിന്നു പുറപ്പെട്ടു ഹൃദയത്തിൽചെന്നു് അലിഞ്ഞുചേരുന്നു. കളരി, അടവു്, പയററു്, അങ്കം, ഇവയോടു് അനുബന്ധിക്കാത്ത വടക്കൻപാട്ടുകൾ കുറയും. പടക്കലികൊണ്ട വീരന്മാരുടെ പോരിനുവിളി, ആയുധങ്ങൾ തമ്മിലുള്ള കൂട്ടിമുട്ടൽ അപകടങ്ങളിൽനിന്നു യുവാക്കന്മാരും യുവതികളും അവരുടെ കയ്യൂക്കുകൊണ്ടും ബുദ്ധിശക്തികൊണ്ടും നിഷ്പ്രയാസം നേടിക്കൊള്ളുന്ന ആത്മരക്ഷ മുതലായി പുളകപ്രദങ്ങളായ പല അത്ഭുതസംഭവങ്ങളും അവയിൽ ഹൃദയങ്ഗമമായി പ്രതിബിംബിച്ചിട്ടുണ്ടു്. പൂർവ്വകാലത്തെ സമുദായാചാരങ്ങളുടെ സ്ഫടികദർപ്പണങ്ങളെന്ന നിലയിലും അവയ്ക്കു ബഹുമാന്യമായ ഒരു സ്ഥാനമുണ്ടു്. വടക്കൻപാട്ടുകൾ പ്രായേണ ഒരൊററ ദ്രാവിഡവൃത്തത്തിലാണു് രചിച്ചു കാണുന്നതു്. അതിൽ പലപ്പോഴും അക്ഷരങ്ങൾ ഒടിച്ചും മടക്കിയും നീട്ടിയും നിറുത്തിയും മററും ഉച്ചരിക്കേണ്ടതുണ്ടു്. ആപ്പണികൾ കഴിച്ചു് എണ്ണിനോക്കിയാൽ ഓരോ വരിയിലും പതിനേഴുമാത്രവീതം കാണാം. 'തച്ചോളിമേപ്പയിൽ കുഞ്ഞോത്യാതേനൻ' എന്ന വരിതന്നെ ഇതിനുദാഹരണമാണു്. 'കരുമാനയിൽ കണ്ണന്റെ കഥ'യിലേ ആദ്യത്തെ ഭാഗം മാത്രമേ ഞാൻ മറെറാരു വൃത്തത്തിൽ രചിച്ചതായി കണ്ടിട്ടുള്ളു. അതിലേ

> 'ഒന്നുണ്ടു കേൾക്കണം പെണ്ണേ നീയാച്ചേ!
> തോട്ടത്തിൽ ചെത്തുവാൻ പോകുന്നു ഞാനും.'

എന്നീ വരികളിൽ പത്തൊൻപതു മാത്രവീതം ഉണ്ടു്.

Digitized By Kerala Sahitya Akademi

**ദേശം:**—വടക്കൻപാട്ടുകളിലെ നായകന്മാരും നായികമാരും അറിവുള്ളിടത്തോളം കടത്തനാട്ടോ അതിനു സമീപത്തോ ജീവിച്ചിരുന്നവരാണ്. ആരോമൽച്ചേകവരുടെ പാട്ടിൽ (പൂത്തരിയങ്കത്തിൽ) വെട്ടത്തുനാട്ടു തൃപ്പങ്ങോട്ടപ്പന്റെ നടയിൽ പൊന്നും വെള്ളിയും പൊതിഞ്ഞുവച്ചു പരീക്ഷ നടത്തി കുറുങ്ങാട്ടിടം എന്ന തറവാട്ടിലെ കാരണവസ്ഥാനത്തെപ്പററി ഉണിക്കോനാരും ഉണിച്ചന്ത്രോരും തമ്മിലുള്ള തർക്കം തീർക്കുവാൻ ശ്രമിക്കുന്നതിനെപ്പററി നാം വായിക്കുന്നുണ്ട്; എന്നാൽ കുറുങ്ങാട്ടിടം പ്രതിയാതിരിനാട്ടിലെ ഒരു വീടാണെന്നു കവിതന്നെ നമ്മെ ധരിപ്പിക്കുന്നുമുണ്ട്. ഈ പ്രതിയാതിരിനാട്ട് എന്നു പറയുന്നതു പുറത്തായ നാടെന്നും പുറവഴിനാടെന്നും പേരുള്ള വടക്കൻ കോട്ടയമാണെന്ന് എനിക്കു തോന്നുന്നു. കോലത്തുനാട്ട് അരിങ്ങോടരെ ഉണിച്ചന്ത്രോക്കു ചേകോ*നായി കിട്ടിയതുപോലെ എളവന്നൂർനാട്ടു പുത്തൂരം വീട്ടിൽ ആരോമരെ ഉണിക്കോനാർക്കും ചേകോനായി കിട്ടി. ആ പാട്ടിലെ—

> ''കുറുത്തനാർ നാട്ട കിഴക്കേ അററം
> പുത്തൂരം പാടം പടിഞ്ഞാറററം
> എളവന്നൂർ നാടൊരു നാടല്ലാണെ''

എന്ന വരികളിൽനിന്നു കടത്തനാട്ടിനു പടിഞ്ഞാറാണ് എളവന്നൂർ നാടെന്നു നാം അറിയുന്നു. ചിറയ്ക്കൽ തമ്പുരാൻ, കോട്ടയത്തു തമ്പുരാൻ ഇവർക്കു പുറമേ സാമൂതിരിയെപ്പററിയും ചില പാട്ടുകളിൽ സൂചനയുണ്ട്.

**കാലം:**—വടക്കൻപാട്ടുകളിൽ ഭൂരിപക്ഷവും രണ്ടു കുടുംബങ്ങളിലെ അംഗങ്ങളുടെ പ്രശസ്തിയെ വാഴ്ത്തുന്നവയാണ്. അവയിൽ ഒന്നു മേൽപ്പറഞ്ഞ പുത്തൂരംവീടും മറെറാന്നു കടത്തനാട്ടു വടകരക്കു സമീപമുള്ള പുതുപ്പണം അംശത്തിൽ മേപ്പയിൽ എന്ന പ്രദേശത്തിൽപെട്ട തച്ചോളിമാണിക്കോത്തു വീടും ആണ്. പുത്തൂരം വീട്ടുകാർ തീയന്മാരും മാണിക്കോത്തു വീട്ടുകാർ നായന്മാരുമാണെന്നു വായനക്കാർ കേട്ടിരിക്കുമല്ലോ. തച്ചോളി എന്നതു ജാതിവിഭാഗത്തെ സൂചിപ്പിക്കുന്ന പേരാണെന്നറിയുന്നു. തച്ചോളി 'ഒതേന'ക്കുറുപ്പിനെപ്പററിയുള്ള പാട്ടുകളാണ് ഒട്ടധികമുള്ളതു്. ഒതേനൻ കൊല്ലം 759-ാമാണ്ടു മിഥുനമാസം വെള്ളിയാഴ്ച, നട്ടുച്ചയ്ക്കു കറുത്ത വാവിൻനാളിൽ ജനിച്ചു. മുപ്പത്തിരണ്ടാമത്തെ വയസ്സിൽ യശശ്ശരീരനായി. ഇതിൽനിന്നു ആ യോദ്ധാവു മരിച്ചിട്ടു മുന്നൂററിൽചില്വാനം വർഷങ്ങളേ കഴിഞ്ഞിട്ടുള്ളു എന്നു വിശദമാകുന്നു. ആരോമൽച്ചേകവരുടെ കാലവും ഇതിനെ അപേക്ഷിച്ചു വളരെ മുമ്പല്ലെന്നാണ് എനിക്കു തോന്നുന്നതു്. വലിയ ആരോമൽച്ചേകവരുടെ കഥയിൽ

> ''നമ്മുടെ പണ്ടത്തെക്കാരണോന്മാരു്
> അങ്കം പിടിച്ചു കഴിഞ്ഞുപോന്നു;

---

* അങ്കം വെട്ടുന്ന യോദ്ധാവു്.

Digitized By Kerala Sahitya Akademi

മുന്നൂററമ്പത്തെട്ടു വരിശമായി,
അന്നുതൊട്ടിന്നുവരെയ്ക്കുമുണ്ണി.''

എന്നൊരു കുറിപ്പു കാണുന്നുണ്ട്. ചേകവർ തന്റെ ആദ്യൻ കുറതിക്കുണ്ണനോടു കേരളോൽപത്തിയേയും ഈഴവരുടെ ആഗമത്തേയും മറ്റും പററി പറയുന്ന പുരാവൃത്തത്തിലുൾപ്പെട്ടതാണ് ഈ കുറിപ്പ്. പ്രസ്തുത ചരിത്രകഥനം പുത്തരിയങ്കത്തിലില്ല. പുത്തരിയങ്കം പൊലിപ്പിച്ചതാണ് വലിയ ആരോമൽച്ചേകവരുടെ കഥ; എന്നാൽ ആ കഥയും പഴക്കമുള്ളതുതന്നെയെന്നു പറയേണ്ടിയിരിക്കുന്നു. ചേരമാൻപെരുമാൾ ഈഴത്തു രാജാവിന്ന് ആളയച്ചിട്ടാണ് ഈഴവർ മലയാളക്കരയിൽ കുടിപാർപ്പു തുടങ്ങിയതു് എന്ന് അതിൽ പറയുന്നുണ്ടെങ്കിലും എന്നുമുതലാണ് പുത്തൂരംവീട്ടുകാർ അങ്കം പിടിച്ചുതുടങ്ങിയതെന്നോ ഏതു ചേരമാൻപെരുമാളാണ് ഈഴവരെ കുടിയിരുത്തിയതെന്നുപോലുമോ നിർണ്ണയിക്കുവാൻ യാതൊരു തെളിവും അതു നൽകുന്നില്ല. ക്രി: പി: ഒൻപതാം നൂററാണ്ടിലല്ലൊ പെരുമാൾ വാഴ്ച അവസാനിച്ചതെന്നു മുൻപൊരധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. അതുകൊണ്ടു ക്രി: പി: ഒൻപതാം ശതകത്തിന്നു ശേഷം മുന്നൂററമ്പത്തെട്ടുവർഷം കഴിഞ്ഞിട്ട് അതായതു പതിമ്മൂന്നാം ശതകത്തിലോ അതിന്നടുപ്പിച്ചോ ആണ് ആരോമൽച്ചേകവർ ജീവിച്ചിരുന്നതെന്നു സമാധാനിക്കുവാൻ മാർഗ്ഗമുണ്ടെന്നു തോന്നുന്നില്ല. 'പട്ടാളമല്ലേ കാണുന്നതു്' എന്നൊരു പ്രസ്താവനയും പുത്തരിയങ്കത്തിൽ കാണുന്നുണ്ട്. 'പട്ടാളം' എന്ന പദം പതിമ്മൂന്നാംശതകത്തിൽ മലയാളത്തിൽ പ്രചരിച്ചിരുന്നതായി തോന്നുന്നില്ല.

**പുത്തൂരംവീട്:**—പുത്തൂരംവീട്ടിലെ ആരോമൽച്ചേകവർ, അദ്ദേഹത്തിന്റെ സഹോദരി ആററുമണമ്മേൽ ഉണ്ണിയാർച്ച, ഉണ്ണിയാർച്ചയുടെ മകൻ ആരോമുണ്ണി ഈ മൂന്നുപേരും അങ്കപ്പയററിൽ അത്യധികം വൈദഗ്ദ്ധ്യം സമ്പാദിച്ചവരായിരുന്നു. തന്റെ അച്ഛൻ കണ്ണപ്പന്നു നാല്പത്തിരണ്ടു വയസ്സുള്ളപ്പോളാണ് ആരോമൽച്ചേകവർ ജനിച്ചതു്.

''ഏഴങ്കം വെട്ടിജ്ജയിച്ചു അച്ഛൻ;
പന്തിരണ്ടങ്കം പകരി തീർത്തു;
ഇരുപത്തിരണ്ടങ്കം താരി താഴ്ത്തി.''

എന്ന് അദ്ദേഹത്തെപ്പററി മകൻ പുത്തരിയങ്കത്തിൽ പറയുന്നുണ്ട്. ആ കണ്ണപ്പൻചേകവരെപ്പററിയും ഒരു പാട്ടുണ്ട്. ആരോമൽച്ചേകവർ (1) പകിടകളിക്കു പോയതും (2) പുത്തരിയങ്കം വെട്ടിയതും ഇങ്ങനെ രണ്ടു പാട്ടുകൾ ആ മഹാവീരനെപ്പററി കാണുന്നുണ്ട്. മികവിൽ മികച്ചേരിവീട്ടിലുള്ള അമ്മാവൻ ചൂതുകളിക്കു വിദഗ്ദ്ധനായിരുന്നതുകൊണ്ട് അതു പഠിക്കുവാൻ ആരോമർ അങ്ങോട്ടു പോയി.

''കോവിൽ കൊടുത്തുള്ള പൊത്തുവള
നാഗരി കൊടുത്തൊരു പൊൻകുപ്പായം;
നാടുവാഴി കൊടുത്തൊരു പൊന്നുന്തൊപ്പി
ദേശവാഴി കൊടുത്തൊരു നാഗമാല;

Digitized By Kerala Sahitya Akademi

ശിഷ്യന്മാർ കൊടുത്തൊരു പൊൻചൂരക്കോൽ;
ഏഴായിരത്തിൻെറയടിച്ചെരിപ്പ്;
എടമ്പിരി നല്ല വലമ്പിരിയും
ചക്കുമുള്ളൻവള കൊത്തുവള;
താൻതന്നെ തീർപ്പിച്ച പൊൻമോതിരം
ചമയങ്ങളൊക്കെയും ചേർത്തണിഞ്ഞു''

പുറപ്പെടാൻ ഒരുങ്ങുന്ന മകനോടു

''ചമയം കുറയ്ക്കുണ്ണി! പൊന്മകനേ!
കരിങ്കണ്ണു തന്നെയും തട്ടിപ്പോകും''

എന്നു് അമ്മ ഗുണദോഷിക്കുന്നു. അമ്മാവൻെറ വീട്ടിൽ ''കാററാടും നല്ല കളിത്തിണ്ണയിൽ'' പാവിരിച്ചു കുഞ്ഞമ്മായി ആരോമരെ എതിരേററു സൽക്കരിച്ചു. അപ്പോൾ അമ്മാവൻെറ മകൾ തുമ്പോലാർച്ച തേച്ചുകുളി കഴിഞ്ഞു,

''മാററുതളിക കമഴ്ത്തിക്കൊണ്ടു
പടിയും പടിപ്പുര കടന്നുവന്നു.'' അവളെ
''ഒളിമിന്നൽ പോലങ്ങു കണ്ടു ചേകോൻ.''
''ദൃഷ്ടി മറിച്ചങ്ങു നോക്കി ചേകോൻ;
പുഞ്ചിരികൊണ്ടു ചിരിച്ചു പെണ്ണും.''

എന്തിനധികം? അന്നു രാത്രിയിൽതന്നെ ഗാന്ധർവ്വവിധിപ്രകാരം അവരുടെ വിവാഹം കഴിഞ്ഞു. അതു മാതാപിതാക്കന്മാർ അറിയായ്ക നിമിത്തം തുമ്പോലാർച്ച വളരെ കഷ്ടപ്പെടേണ്ടിവന്നു. ഓരോ സ്ത്രീകളോടു പുരുഷന്മാരെ താൻ തൊട്ടിട്ടില്ലെന്നു് അവൾ പിന്നീടു പറയുമ്പോൾ

''മുലക്കണ്ണുരണ്ടും കറുത്തില്ലേടി?
കരിനിറം പോലെ നിറമുണ്ടല്ലോ.
കടവയറുതന്നെ കനത്തുകണ്ടു;
പൊക്കിൾക്കൊടിയും മലച്ചുകണ്ടു;
ഒത്തോരടയാളം കണ്ടു ഞങ്ങൾ''

എന്നു് അവർ അവളെ അപഹസിച്ചു. ഒടുവിൽ പ്രസവിച്ചതിനുമേൽ ഭർത്താവിനെ എഴുത്തു കൊടുത്തയച്ചു വരുത്തി തൻെറ സ്ഥിതി പൊതുജനങ്ങളെ ഗ്രഹിപ്പിക്കുകയും അവരെല്ലാം സന്തോഷിക്കുകയും ചെയ്തു. മകനു് ഉണ്ണിക്കണ്ണനെന്നു പേരുമിട്ടു. ആദ്യത്തെ ദിവസംതന്നെ പകിടകളിയിൽ അമ്മാവനെ തോല്പിച്ചു് അദ്ദേഹത്തിൻെറ അനുഗ്രഹം വാങ്ങി എന്നുകൂടിപ്പറയേണ്ടതുണ്ടു്. ആലത്തൂർ വീട്ടിലെ കുഞ്ചുണ്ണൂലി എന്നൊരു ഭാര്യയും ആരോമർക്കുണ്ടായിരുന്നു.

**പുത്തരിയങ്കം:—** ഉണിക്കോനോരുടെ ചേകോനെന്ന നിലയിൽ അരിങ്ങോടരോടു് അങ്കംപൊരുതുവാൻ ആരോമർ സന്നദ്ധനായി. സഹായത്തിനു കിട്ടിയതു് അച്ഛൻെറ മരുമകനും തൻെറ സഹോദരി ഉണ്ണിയാർച്ച ഒരു കാലത്തു ഭാര്യാപദം സ്വീകരിക്കുവാൻ വിസമ്മതിക്കു

Digitized By Kerala Sahitya Akademi

കയാൽ ആരോമരോടു പ്രത്യേകം വിരോധമുള്ളവനുമായ ചന്തുവിനെയായിരുന്നു. അരിങ്ങോടർ ചന്തുവിനെ തന്റെ വശത്താക്കി. അയാളെ ദ്വന്ദ്വയുദ്ധത്തിൽ ആരോമർ വെന്നെങ്കിലും അങ്കതളർച്ചകൊണ്ടു ചന്തുവിന്റെ മടിയിൽകിടന്നു് ഒന്നു മയങ്ങി. അപ്പോൾ ചതിയനായ ചന്തു ആരോമരുടെ വയററത്തുണ്ടായിരുന്ന ഒരു മുറിവിൽ കുത്തുവിളക്കിന്റെ തണ്ടു ചൂടുപിടിപ്പിച്ചു കുത്തുകയും ആ കുത്തേററു് ആരോമർ ആസന്നമൃത്യുവായിത്തീരുകയും ചെയ്തു. വല്ലപ്രകാരത്തിലും വീട്ടിലെത്തി അവിടെവച്ചു് ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ആ ധീരയോദ്ധാവു മരിച്ചു. പുത്തരിയങ്കം ഏററവും വികാരോത്തേജകമായ ഒരു ഗാനമാണു്; കണ്ണുനീർ വാക്കാതെ അതു വായിച്ചുതീർക്കുവാൻ ആർക്കും സാധിക്കുന്നതല്ല. താഴെക്കാണുന്നതു് ആരോമരുടെ ഒരു പയററുമുറയുടെ വർണ്ണനമാണു്.

‘‘അറപ്പിട്ടന്നെഴുന്നേററു ആരോമരും; പീഠം വലിച്ചങ്ങു വച്ചു ചേകോൻ;
പാവാട തന്നെ വിരിക്കുന്നുണ്ടു്; പാവാടതന്നിൽത്തളികവച്ചു;
തളികനിറയോളം വെള്ളരിയും; വെള്ളരിമീതൊരു നാളികേരം;
നാളികേരത്തിന്മേൽ ചെമ്പഴുക്കാ: പഴുക്കാമുകളിലൊരു കോഴിമുട്ട;
കോഴിമുട്ടമേൽ സൂചിനാട്ടി; സൂചിമുനമേൽ ചുരിക നാട്ടി;
ചുരികമുനമേൽ മറിഞ്ഞുനിന്നു നൃത്തങ്ങളേഴും കഴിച്ചവനും.’’

ഒടുവിൽ ആരോമർ തന്റെ അനുജൻ കണ്ണനോടു പറയുന്ന വാക്കുകൾ എത്രമാത്രം കരുണരസനിഷ്യന്ദികളാണെന്നു പരിശോധിക്കുക. തുമ്പോലാർച്ചയും ഉണ്ണിക്കണ്ണനും അവിടെ ഓടിയെത്തി. അപ്പോൾ ആരോമർ അനുജനെ വിളിച്ചു:

‘‘വിളിച്ചവിളികേട്ടു ചെന്നു കണ്ണൻ എന്താ വിളിച്ചെന്റെ നേരേട്ടനേ;
മററേതുമല്ല വിളിച്ചതുണ്ണി, ഇവനേ നീ നല്ലോണം രക്ഷിക്കേണം
നീയല്ലാതിവനാരുമില്ലയല്ലോ: വിദ്യകളൊക്കെപ്പഠിപ്പിക്കേണം;
ഇവനു ഞാനൊന്നും കൊടുത്തിട്ടില്ല; നീയുകൊടുത്തേയിരിക്കയുള്ളൂ.
എന്നു പറഞ്ഞു കൊടുത്തവനും പൈതങ്ങളിളനീരും കൊണ്ടുവായോ!
ആ മൊഴികേട്ടൊരു നേരനുജൻ വേഗത്തിലിളനീരും കൊണ്ടുവന്നു
ജ്യേഷ്ഠന്റെ കൈയിൽ കൊടുക്ക—
ന്നനേരം; തണ്ണീർകുടിയും കഴിഞ്ഞിതല്ലോ.
ഒന്നിങ്ങു കേൾക്കണമച്ചായെന്നു; കച്ചകഴിക്കട്ടെയച്ചായെന്നു.

* * * *

കച്ച കഴിക്കട്ടെ നേരനുജാ! കച്ചകഴിക്കട്ടെ ഉണ്ണിയാർച്ചേ!
കച്ച കഴിക്കട്ടെ കുഞ്ചുണ്ണൂലേ! കച്ച കഴിക്കട്ടെ മാലോകരേ!
ഇനിയുള്ള കാര്യവും നമ്മൾതമ്മിൽ ഇനിയുള്ള കാലത്തു കാൺകയില്ല.’’
കച്ചയഴിച്ചു മരിച്ചു ചേകോൻ’’

**ആററുമ്മണമ്മേൽ ഉണ്ണിയാർച്ച:**—ഉണ്ണിയാർച്ച ഒരിക്കൽ തനിക്കു് അല്ലിമലർക്കാവിലെ കൂത്തു കാണുവാൻ പോകണമെന്നു ശ്വശുര

Digitized By Kerala Sahitya Akademi

നോടും ശ്വശ്രൂവിനോടും അഭ്യർത്ഥിച്ചു. അവർ വിരോധം പറഞ്ഞു. ആരെത്തുണ കൂട്ടികൊണ്ടുപോകുമെന്നു് അവർ ചോദിച്ചതിനു തന്റെ ഭർത്താവു കുഞ്ഞിരാമൻ കൂടിയുണ്ടാകുമെന്നു് അവൾ മറുപടി പറഞ്ഞു. ഉണ്ണിയാർച്ചയുടെ ചമയമാണു് താഴെക്കാണുന്ന വരികളിൽ വർണ്ണിക്കുന്നതു്.

''ചന്ദനക്കല്ലിന്റരികേ ചെന്നു ചന്ദനമുരസിക്കുറി വരച്ചു;
കണ്ണാടിനോക്കിത്തിലകം തൊട്ടു; പീലിത്തിരുമുടി കെട്ടിവച്ചു;
അഞ്ജനംകൊണ്ടവൾ കണ്ണെഴുതി; കുങ്കുമം കൊണ്ടവൾ പൊട്ടുകുത്തി.
കസ്തൂരി കളഭങ്ങൾ പൂശുന്നുണ്ടേ; മെയ്യാഭരണപ്പെട്ടി തുറന്നുവച്ചേ;
ഏഴു കടലോടി വന്ന പട്ടു, പച്ചോലപ്പട്ടു ചുളിയും തീർത്തേ
പൂക്കല ഞൊറിവച്ചുടുക്കുന്നുണ്ടേ; പൊൻതോടയെടുത്തു ചമയുന്നുണ്ടേ;
കോട്ടമ്പടിവച്ച പൊന്നരഞ്ഞാൾ മീതേ അഴകിനു പൂട്ടുന്നുണ്ടേ.
ഏഴു ചുറവുള്ളോരു പൊന്നാലയും— മുത്തുപതിച്ചുള്ള മാലയല്ലോ—
കഴുത്തിലതന്നെയും ചേർത്തണിഞ്ഞു; രാമായണം കൊത്തിച്ച രണ്ടു വള
എല്ലാമെടുത്തിട്ടണിയുന്നുണ്ടേ; പൊൻമുടിതന്നെയും ചൂടുന്നുണ്ടേ;
ചമയങ്ങളൊക്കെച്ചമഞ്ഞൊരുങ്ങി കൈവിരല്പത്തിലും പൊന്മോതിരം
ചേർച്ചയോടങ്ങു അണിയുന്നുണ്ടേ; ഉറുമിയെടുത്തു അരയിൽപ്പൂട്ടി.''

താനൂരങ്ങാടി കടന്നു് എടവാട്ടത്തങ്ങാടിയിൽ എത്തിയപ്പോൾ ചില അക്രമികൾ അടുത്തുകൂടി. പേടിത്തൊണ്ടനായ കുഞ്ഞിരാമൻ 'എലിപോലെ നിന്നു' വിറയ്ക്കുകയാണു്. അയാളോടു്

''പെണ്ണായ ഞാനും വിറയ്ക്കുന്നില്ല; ആണായ നിങ്ങൾ വിറയ്ക്കുന്നെന്തോ?''

എന്നു ചോദിച്ചുകൊണ്ടു് അവൾ അവരോടു നേരിടുന്നു.

''അരയും തലയുമുറപ്പിക്കുന്നു; അരയിന്നുറുമിയെടുത്തവളും
നാലുമുണ്ടു നന്നായരയിൽ കെട്ടി നേരിട്ടു നിന്നല്ലോ പെൺകിടാവും.
അരിശംചൊടിച്ചു പറഞ്ഞു പെണ്ണും 'ആണും പെണ്ണല്ലാത്ത കയ്യന്മാരേ!
എന്നോടൊരാശ നിങ്ങൾക്കുണ്ടെങ്കിലെന്നുടെ കയ്യും പിടിച്ചുകൊള്ളാ–
വിൻ.'

* * * *

ഏറിയ ദൂഷണം ചൊല്ലിയാച്ചു; ആലിലപോലെ വിറ തുടങ്ങി.
അങ്കക്കലികൊണ്ടു നിന്നവളും അടിയീന്നു മുടിയോളം വിറച്ചു
[പോയി.

* * * *

'എന്നാലോ നോക്കിത്തടുത്തുകൊൾക;' പകിരി തിരിഞ്ഞൊന്നു നിന്നു പെണ്ണും,
കതിരപ്പാച്ചിൽ ഒന്നു പാഞ്ഞവളും, നാലുമുണ്ടു വീശീട്ടു നിന്നു പെണ്ണും.
അഞ്ഞൂറും മുന്നൂറും വീണു പെണ്ണും; രണ്ടാമതൊന്നു മറിഞ്ഞവളും
പതിനെട്ടാളെ കരത്തിൽ വെട്ടുന്നുണ്ടു് തൊടുവോർ *കളരിക്കരം
വന്നുവല്ലോ.''

* പുത്തൂരം വീട്ടുകാരും മററും പയററു പഠിച്ചുവന്ന കളരിയാണു് തൊടുവോർ കളരി. ആ കളരിയോളം പൊക്കം.

Digitized By Kerala Sahitya Akademi

നോക്കുക ആ മനസ്വിനിയുടെ അടവും അഭ്യാസവും ധൈര്യവും തന്റേടവും!

**ആരോമുണ്ണി:**—തന്റെ അമ്മാവനായ ആരോമൽച്ചേകവരെ ചതിച്ചുകൊന്ന ചന്തുവിനെപ്പറ്റിയുള്ള വിവരങ്ങൾ അമ്മ ഉണ്ണിയാർച്ചയിൽനിന്നു മനസ്സിലാക്കി ആരോമുണ്ണി കോലത്തുനാട്ടു പാഞ്ഞുചെന്നു അയാളെ അങ്കത്തിൽ കൊല്ലുന്നതാണു് ആരോമുണ്ണി എന്ന പാട്ടിലെ കഥാവസ്തു. 'ആരോമുണ്ണി' 'ആരോമൽ ചേകവരെ'പ്പോലെതന്നെ മനോഹരമായ ഒരു പാട്ടാണു്.

''ചേകോന്മാരായിജ്ജനിച്ചാൽപിന്നെ വാൾക്കണയിൽച്ചോറല്ലോ ചേ-
കോന്മാർക്കു്''
''പുത്തൂരം വീട്ടിൽജ്ജനിക്കുന്നോർക്കു നോച്ചുക്കോഴിയുടെ വയസ്സവർക്കു്''
''കളരിയടച്ചങ്ങിരിക്കുന്നതും ചേകവന്മാർക്കേതും ചേർച്ചയില്ല''

എന്നും മറ്റുമുള്ള ശൗര്യപ്രകാശകങ്ങളായ വരികൾ അതിലുള്ളവയാണു്. തന്റെ മാതാമഹൻ കണ്ണപ്പനിൽനിന്നു പത്തൊൻപതാമത്തെ അടവുകൂടി പഠിച്ചുകൊണ്ടാണു് ആരോമുണ്ണി ചന്തുവിനെ ജയിക്കുവാൻ പോകുന്നതു്. ഉണ്ണിയാർച്ച മകനോടു പ്രസ്ഥാനാവസരത്തിൽ ഇങ്ങനെ പറയുന്നു.

''നേരിട്ടുവെട്ടി മരിച്ചതെങ്കിൽ വിട്ടേയ്ക്കു നല്ലോരു മാനംതന്നെ.
വീരാളിപ്പട്ടുവിതാനത്തോടെ ആർത്തുവിളിച്ചു ഇടപ്പിക്കേണ്ടു്;
എലപുലനന്നായ്ക്കഴിപ്പിച്ചേക്കാം. ഒളിവാളുകൊണ്ടു മരിച്ചതെങ്കിൽ
പച്ചോലയിൽക്കെട്ടിവലിപ്പിക്കേണ്ടു്; പുലയുംകൂടി ഞാൻ
കുളിക്കയില്ല.''

ആരോമുണ്ണിയും ചന്തുവും തമ്മിൽ അങ്കംവെട്ടി.

''ചീററിയടുക്കുന്നു ആരോമുണ്ണി വാടി മഴങ്ങുന്നു ചന്തുപ്പല്ലാണു്.
'ഒന്നിങ്ങുകേൾക്കേണമാരോമുണ്ണ്യേ! പതിനെട്ടുകളരിയിൽ പയററിഞ്ഞാനും
എന്നോടു് ആരും ജയിച്ചോരില്ല. പുത്തൂരം ആരോമൽ ചേകവരെ
അവരോടുപൊരുതിഞ്ഞാൻ നിന്നിട്ടുള്ളു. നിന്നോടു ഞാനും മടങ്ങിയി-
പ്പോൾ
അതുകൊണ്ടെനിക്കൊരു ഭയവുമില്ല! ഞാനൊരു കടിപ്പിഴ ചെയ്തോനാണു്;
എനിക്കു മരിപ്പാൻ വിധിയുംവന്നു വെള്ളം തന്നിട്ടെന്നെ കൊന്നീടേണം.
അപ്പോൾ പറയുന്നു ആരോമുണ്ണി: 'അമ്മാമൻ പണക്കത്തിനു പോയ-
കാലം
കള്ളച്ചതിയാലെ കൊന്നു നീയേ; വെള്ളംകൊടുത്തന്നു കൊന്നോ ചന്തു?'

ഒടുവിൽ ''ചന്തുന്റെ കയ്യും തലയുംകൂടി വീരാളിപ്പട്ടിൽപ്പൊതിഞ്ഞെടുത്തു്'' ആരോമുണ്ണി കൊണ്ടുപോയി. കണ്ടവരെല്ലാം 'ഉത്തരം ചോദിച്ചതുചിതമായി' എന്നു പറഞ്ഞു് ആ വീരനെ അഭിനന്ദിച്ചതേയുള്ളു.

**തച്ചോളി ഒതേനൻ:**—തച്ചോളിമാണിക്കോത്തു് എന്ന പ്രാചീനവും പ്രശസ്തവുമായ നായർ(കുറുപ്പ്)തറവാട്ടിലായിരുന്നു ഒതേന

Digitized By Kerala Sahitya Akademi

ൻെറ ജനനം എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പുതുപ്പണത്തു വാഴുന്നവർ എന്നും ചീനംവീട്ടിൽ തങ്ങൾ എന്നും പറയുന്ന ഒരു നായർപ്രഭുവായിരുന്നു അച്ഛൻ; അമ്മയുടെ പേർ ഉപ്പാട്ടിയെന്നുമായിരുന്നു. തേയിയെന്നാണു് ഉപ്പാട്ടിയുടെ അമ്മയുടെ പേർ. ഒതേനനു കോമപ്പൻ എന്നൊരു ജ്യേഷ്ഠനും ഉണിച്ചിരുത (ഉണിച്ചിര) എന്നൊരു അനുജത്തിയുംകൂടിയുണ്ടായിരുന്നു. ഉപ്പാട്ടിയുടെ ദാസിയായ മാക്കത്തിൽ ഒതേനൻെറ അച്ഛനു ജനിച്ച സന്താനമാണു് 'ഏതൊരു ദിക്കിലും പോകുന്നേരം കൂടേ നടക്കുന്ന കണ്ടാച്ചേരി' എന്നു് ഒരു പാട്ടിൽ വർണ്ണിച്ചിട്ടുള്ള ഒതേനൻെറ ബഹിശ്ചരപ്രാണനായ കണ്ടാച്ചേരി ചാപ്പൻ. കോമക്കുറുപ്പു് ആരോടും വഴക്കിനു പോകാത്ത ഒരു സാത്വികനായിരുന്നു. ഒതേനനാകട്ടെ നേരമറിച്ചു കൂട്ടവും കുറിയുമുണ്ടാക്കുക എന്നുള്ളതായിരുന്നു നിത്യകർമ്മം. ആ വീരൻ മതിലൂർഗുരുക്കളുടെ കളരിയിൽ പയററി അടവുകളെല്ലാം പാഠിച്ചു കായികാഭ്യാസത്തിൽ അദ്വിതീയനായിത്തീർന്നു. ചീണൻനമ്പ്യാരെ പരാജയപ്പെടുത്തിയ പുഴിക്കടകനടി സാമൂതിരിയുടെ ആറു പടനായകന്മാരുടെ കഴുത്തിൽ ഒരൊററച്ചുഴററൽകൊണ്ടു പൂണ്ണാവുവരയിട്ട ഉറുമിപ്രയോഗം മുതലായ അനേകം അത്ഭുതസിദ്ധികൾ അദ്ദേഹത്തിനു സ്വാധീനമായിരുന്നു. മന്ത്രവാദികളിലും അദ്ദേഹം അഗ്രഗണ്യനായിരുന്നു എന്നുള്ളതിനു തെളിവുണ്ടു്. വഴിയേ പോകുന്ന വഴക്കുകൾ വലിച്ചുകൊണ്ടുവരുമെങ്കിലും ഒതേനൻ ഒരു ദുഷ്ടനായിരുന്നില്ല. എവിടെ അക്രമം കണ്ടാലും അതിനെ അമർച്ചചെയ്യുക, പുത്തു ബലഹീനന്മാരേയും സർവ്വശക്തികളും പ്രയോഗിച്ചു സഹായിക്കുക, തൻെറ പിൻതുണ ആവശ്യപ്പെടുന്ന രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും അധികാരങ്ങൾ താഴ്ത്തവീഴ്ത്തുകൾ കൂടാതെ പരിപാലിക്കുക, ഇങ്ങനെ പല സൽഗുണങ്ങൾക്കു് അദ്ദേഹം ഒരനർഘമായ ആകരമായിരുന്നു. ഇത്ര അകുതോഭയന്മാരായി, ആശ്ചര്യചരിതന്മാരായി, ദേവീഭക്തന്മാരായി, ദേശാഭിമാനികളായി, അധികംപേർ കേരളത്തിൽ ജീവിച്ചിരുന്നിട്ടുണ്ടോ എന്നു സംശയമാണു്. ഒതേനൻെറ കായബലംകൊണ്ടു സാധിക്കാത്ത ചില കാര്യങ്ങൾ ചാപ്പൻ ബുദ്ധിശക്തികൊണ്ടു സാധിച്ചുപോന്നു. വടകര തീവണ്ടിസ്റ്റേഷനു് പൂർവ്വദേശം ഒരു നാഴിക കിഴക്കാണു് മേപ്പു എന്ന ദേശം; അവിടെ ഒരു കുന്നിൻെറ ചരിവിലായി ഒതേനൻ ജനിച്ച മാണിക്കോത്തുതറവാട്ടിൻെറ നഷ്ടശിഷ്ടങ്ങൾ ഇന്നും കാണമാനുണ്ടു്. അവിടെ തറവാട്ടിൻെറ തറയിൽ രണ്ടു മണ്ഡപങ്ങൾ ഉണ്ടെന്നും അവയിൽ ഒന്നിൽ ഒതേനൻെറയും കോമക്കുറുപ്പിൻെറയും പ്രേതങ്ങളെ കുടിവെച്ചിട്ടുണ്ടെന്നും മറേറതിൽ കോമക്കുറുപ്പിൻെറ വിഗ്രഹവും ഒതേനൻ കിടന്നുമരിച്ച കട്ടിലുമുണ്ടെന്നും അറിയുന്നു.

**ഒതേനനെപ്പററിയുള്ള പാട്ടുകൾ:**—ഒതേനനെപ്പററിയുള്ള പാട്ടുകൾ അസംഖ്യങ്ങളാണു്. ഒതേനൻ തൻെറ അച്ഛൻെറ മരണാനന്തരം പുതുപ്പണത്തു വാഴുന്നവരായിത്തീർന്ന ഒരു ലുബ്ധപ്രഭുവിനോടു് ഓണപ്പുടവ വാങ്ങിക്കാൻ ചെല്ലുന്നതു്, കോട്ടയത്തു തമ്പുരാനുവേണ്ടി കൊടുമലക്കുഞ്ഞിക്കണ്ണനോടു പാട്ടം പിരിക്കുന്നതു്, അവിടെ കൈക്കി

Digitized By Kerala Sahitya Akademi

വീട്ടിൽ കുങ്കിഅമ്മയുടെ ഗർഭംകലക്കുന്നതു്, കൈതേരി ഒതേനൻ നമ്പ്യാരെ കൊല്ലുന്നതു്, ചിറസ്സൽ തമ്പുരാന്നുവേണ്ടി മാപ്പിളമാരുമായി അങ്കം വെട്ടുന്നതു്, തന്റെ ഉററ ചങ്ങാതിയാണെങ്കിലും പെൺകൊതിയനായ കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരെ സ്ത്രീവേഷം ചമഞ്ഞു് ഒരു പാഠം പഠിപ്പിക്കുന്നതു്, കരിമലക്കോട്ടപ്പുണി കാണ്മാൻ പോയി അവിടെനിന്നു ചാപ്പന്റെ സാമർത്ഥ്യംകൊണ്ടു രക്ഷനേടുന്നതു്, ഇങ്ങനെ പല പാട്ടുകളെപ്പററി പറവാനുണ്ടെങ്കിലും വിസ്തരഭയത്താൽ പ്രമേയം ചുരുക്കുന്നു.

**ഒതേനന്റെ വിവാഹം:**—കാവിലുംചാത്തോത്തു മാതേയി അമ്മയ്ക്കു തന്റെ മകൾ ചീരുവിനെ ഒതേനനെക്കൊണ്ടു ബാല്യത്തിൽ താലി കെട്ടിക്കണമെന്നു മോഹമുണ്ടായിരുന്നു. അതിലേയ്ക്കുവേണ്ടി മാണിക്കോത്തുവീട്ടിൽ ചെന്നു് ആ സ്ത്രീ അപേക്ഷിച്ചപ്പോൾ ഒതേനൻ

| | |
|---|---|
| ''കാക്കയെപ്പോലെ കറുത്ത ചീരു; | എനിക്കിന്നച്ചീരുനെ വേണ്ടേന്റോപ്പാ! |
| മാക്കച്ചുളപ്പല്ലും പേന്തലയും | എനിക്കിന്നച്ചീരുനെ വേണ്ടേന്റോപ്പാ; |
| അച്ഛനുമാമയ്ക്കും വേണ്ടെങ്കിലും | വടകരപ്പൊക്കപ്പൻ ചോനകനു |
| കപ്പയിട്ടാട്ടാനായച്ചേക്കട്ടേ; | കൊപ്പര കാക്കാനങ്ങാക്കിക്കോട്ടേ. |
| ചോനോനച്ചീരുനെ വേണ്ടെങ്കിലും | തോണിയിൽ വച്ചങ്ങൊഴുക്കിക്കോട്ടേ.'' |

എന്നു പറഞ്ഞൊഴിഞ്ഞു. നവയൗവനവതിയായപ്പോൾ ചീരു ആളൊന്നു മാറി സൗന്ദര്യധാമമായിത്തീർന്നു. ഒരു ദിവസം ആ വീരൻ

''ഏഴു മടവികളും * ചീരും കൂടി
കുഞ്ഞിക്കിണ്ണംകൊണ്ടു താളമടി;
താളത്തിനൊത്തൊരു പാട്ടും പാടി
കോവിൽച്ചിറയിൽ കുളിക്കാൻ പോണു.''

അതു കണ്ടു് ഒതേനൻ കാമാർത്തനായി ചാപ്പനെ അവളുടെ പക്കൽ നിന്നു് ഒരു നേരത്തേയ്ക്കു 'മുറുക്കാൻ' വാങ്ങുന്നതിനു് അപേക്ഷിച്ചയച്ചു. അപ്പോൾ ചീരു ചാപ്പനോടു്

''കുറപ്പുല്ലേ വെററിലയ്ക്കയച്ചതു്?
ചോനകൻ തിന്നുള്ള വെററ്ലേയുള്ളു
കുറപ്പിനു വെററിലയില്ല ചാപ്പാ.
വടകരപ്പൊക്കപ്പൻ ചോനകന്റെ
കൊപ്പരയിൽക്കാക്കാനേ നോക്കീട്ടുള്ളു''

എന്നു കുറിക്കു കൊള്ളുന്ന വിധത്തിൽ ഉത്തരം പറഞ്ഞു. ഒടുവിൽ ചാപ്പൻ ചില സൂത്രങ്ങൾ പ്രയോഗിച്ചു് ഒതേനനെ ഒരു പൊട്ടന്റെ വേഷം കെട്ടിച്ചു കാവിൽച്ചാത്തോത്തു കൊണ്ടുപോകുകയും മാതേയി അമ്മയറിയാതെ ചീരുവിനേയും അദ്ദേഹത്തേയും ദമ്പതിമാരാക്കുകയും ചെയ്തു. പടശിയിൽ കാര്യങ്ങൾ മനസ്സിലാക്കിയപ്പോൾ മാതേയി

* മടവികൾ—ദാസിമാർ; (മടയ്ക്കുന്ന സ്ത്രീകൾ).

Digitized By Kerala Sahitya Akademi

"എന്നെച്ചതിച്ചല്ലോ കണ്ടാച്ചേരി!
നിന്നെയിന്നിവെട്ടിയ്ക്കുന്നേണോ ചാപ്പാ!"

എന്നു ശപിക്കുകയും അതിനു ചാപ്പൻ സരസമായി

"എന്നെയെന്തിനാണോ ഇടിവെട്ടുന്നു?
കണ്ടം പാതിയും ഭാഗിക്കുന്നോനാം
എനിക്കാനാൻ പാതി തരുമോ അമ്മോ?"

എന്നു ചോദിച്ചു പിരിയുകയും ചെയ്യുന്നു.

**ഒതേനനും കരുത്തനിടം (കടത്തനാട്ടു) കുഞ്ഞിക്കന്നിയും:**—കരുത്തനിടം തമ്പുരാന്റെ ഏകപുത്രിയായ കുഞ്ഞിക്കന്നിയെ പൊന്നാപുരംകോട്ടയിലെ കേളപ്പൻ എന്ന അക്രമി പിടിച്ചുകൊണ്ടുപോയി. "കുറ്റിയ കുറ്റില്ല നാവുമ്പോ, ചവിട്ടിയ ചവിട്ടടി മായുമ്മുന്നേ"യാണു് ആ അപഹരണം നടന്നതു്. എതിർക്കാൻപോയ തമ്പുരാനെ "കൊല്ലാക്കണക്കിലൊരസ്ത്രമെയ്തു കാലും കരിന്തുട മുറിയുന്നുണ്ടു്" എന്ന നിലയിലാക്കി മടക്കുകയും ചെയ്തു. പൊന്നാപുരം കോട്ട പണ്ടു തന്റെ തറവാട്ടിലേക്കു സ്ത്രീധനമായി ലഭിച്ചിരുന്നതാണെന്നും കേളപ്പൻ ബലാൽക്കാരേണ കൈയടക്കിയതാണെന്നും ഒതേനൻ അറിഞ്ഞു. "തച്ചോളിനവീട്ടിൽ ജനിച്ചോനല്ലേ? തുളുനാടൻവിദ്യ പഠിച്ചോനല്ലേ? അങ്കക്കലികൊണ്ടു നിറച്ചുതയോൻ" ചാപ്പനുമായി ഇങ്ങനെ സംഭാഷണം ചെയ്തു.

"പതിനാറുവയസ്സിലെച്ചങ്ങാതിത്തം ഇതുവരെത്തിരണ്ടോളം കാട്ടി നമ്മളാം;
നാം തമ്മിലിപ്പോഴാം പിരിയാൻപോണോ;" അപ്പോഴാം പറയുന്നു കണ്ടാ-
ച്ചേരി
"ഏറിയ ജോനോരെക്കൊന്നുനമ്മളാം; ഏറിയ പടയും കഴിച്ചു നമ്മളാം;
കയറരുതാത്ത പടി കയറി; ഇരിക്കരുതാത്ത കട്ടിന്മേലിരുന്നു-
നമ്മളാം;
ഉറങ്ങരുതാത്ത മുറിയിലുറങ്ങിനമ്മളാം; കുളിക്കരുതാത്ത കുളത്തിൽ കുളിച്ചു-
നമ്മളാം;
ചങ്ങാതിക്കു തുണ ഞാൻ പോരാഞ്ഞിട്ടോ? എന്തിനായിട്ടു പിരിയു-
ന്നിപ്പോഴാം?"
"പൊന്നാപുരം കോട്ടയ്ക്കു പോണെനിക്കേ; പോണെന്നാം തീച്ചു ഞാനാ-
ക്കി ചാപ്പാ!"
"ഞാൻ തുണ കൂടീട്ടു പോരില്ലെന്നു കുറുപ്പിനോടാരാനും ചൊല്ലിത്തന്നോ?
തച്ചോളിവീട്ടിലെക്കുറുപ്പന്നാരു് ആണും പെണ്ണുമല്ലാത്ത കുറുപ്പന്നാരു്;
ഉപ്പിനാം കെട്ടത്തിപ്പായുന്നോരു്; അവരുടെ പിന്നായ് നിഴിനടന്നാ-
ലുരുളച്ചോറുണ്ണിക്കയില്ലവരു്""

Digitized By Kerala Sahitya Akademi

ആ ആക്രോശം കേട്ട് പത്താത്താപത്തോടുകൂടി ഒതേനൻ കോട്ടയ്ക്കു പുറപ്പെടാറുകൂടിയില്ലായി. പൊന്നാപുരം കോട്ട പിടിച്ചു കന്യകയെ വിമുക്തയും കേളപ്പനെ നിരായുധനാക്കി തമ്പുരാന്റെ സന്നിധിയിൽ കൊണ്ടുചെന്നു. തമ്പുരാൻ കൃതജ്ഞനായി ഒതേനനെക്കൊണ്ടുതന്നെ മകളെ വിവാഹം ചെയ്യിക്കുകയും ചെയ്തു. പൊന്നാപുരം കോട്ടയിൽ കേളപ്പനെപ്പററിയുള്ള പാട്ടിലും ഇതുതന്നെയാണ് കഥ.

**ഒതേനനും ചിറയ്ക്കൽ മാപ്പിളമാരും:**—ഒരിക്കൽ ചിറയ്ക്കൽ തമ്പുരാൻ എഴുന്നെള്ളുമ്പോൾ ചില ജോനകർ പതിവുപോലെ ആചാരം ചെയ്തില്ല.

> "കണ്ണാലെ കണ്ടോരു നേരത്തിങ്കൽ
> നീട്ടിയ കാലു മടക്കുന്നില്ല;
> ഇരുന്നോരു ദിക്കീന്നെണീക്കുന്നില്ല;
> ആചാരത്തിൻവഴി നില്ക്കുന്നില്ല."

രാജാവു കാര്യക്കാരനെ വിളിച്ചു താൻ കോവിലകത്തേക്കു തിരിയേ പോകുന്നില്ല എന്നും അല്ലെങ്കിൽ അങ്ങനെ ഒരു കോവിലകമുണ്ടെന്നു് അവരറിയണമെന്നും കല്പിച്ചു. കാര്യക്കാരൻ ചൂററി. അവരോ ചില ന്യായങ്ങൾ അറിയിച്ചുതുടങ്ങി.

> "പണ്ടത്തെയാചാരമൊന്നുംതന്നെ ഇപ്പോളുള്ളാളുകൾ ചെയ്യുന്നില്ല.
> ഓറോട്* ഞമ്മള ചോദിച്ചെങ്കിൽ ഓറൊട്ടും ഞമ്മളെ വെയ്ക്കുലാലോ.
> ഓറോ പറയുന്ന വാക്കു കേട്ടാൽ ഞമ്മളെ ഉത്തരം മുട്ടിപ്പോകും.
> എല്ലാരെയും പടച്ചതു തമ്പുരാനോ; ഓറക്കു വ്യത്യാസമില്ലപ്പോളി.
> നാളയ്ക്കും വെയിലെറിക്കുന്നല്ലോ; കോലോത്തും വെയിലെറിക്കുന്നല്ലോ;
> രണ്ടുമൊരുപോലെറിക്കുന്നല്ലോ; പടച്ചോനോ വ്യത്യാസമൊന്നുമില്ല.
> കോലോത്തും ചാളേലുമൊരുപോലെയാണ്, മഴയുമതന്നെയതു പെയ്യുന്നില്ലേ?
> അങ്ങിനെയുള്ള നിലയ്ക്കെങ്ങാനു്, എന്തിനു തമ്പുരാൻ പോകുമ്പോളം ഞാളെണീററിട്ടു നില്ക്കുന്നതു്?"

ഒടുവിൽ രാജാവു് ഒതേനനെ വിളിച്ചു ശട്ടം കെട്ടുകയും അവരുടെ അഹങ്കാരം ശമിപ്പിക്കുകയും ചെയ്തു. കോട്ടമല കുങ്കിയമ്മ രാമായണംകഥ വായിക്കുന്നതു കേട്ടു പള്ളിയറയ്ക്ക് വരുന്ന തമ്പുരാൻ തന്റെ നായന്മാരോട് പറയുകയാണ്—

> "ചോലപ്പുറങ്കിളി കൂവുംപോലെ;
> പനങ്കണ്ടൻ തത്ത പാടുംപോലെ;
> നാദാപുരം കുഴലൂതുംപോലെ;
> നാട്ടുകുയിലു വിളിക്കുംപോലെ."

മതിലൂർ ഗുരുക്കളെ കുഞ്ഞാലിമരയ്ക്കാരുടെ ആനയെ വഴിയിൽനിന്നു മാറി നില്ക്കാൻ ആജ്ഞാപിക്കുന്നതു താഴെക്കാണുന്നവിധത്തിലാകുന്നു.

---

* ഓറ്=അവരു്.

"ചങ്കരകുട്ടീ! നാല്ലാരോ! കേൾക്ക്";
വഴിമാറിപ്പെരിയേഞ്ഞു തന്നില്ലെങ്കിൽ
നട നാലും വെട്ടി ഞാൻ തുണ്ടു നാട്ടും;
തുനാരിക്കൈ വെട്ടി വള്ള തട്ടുമല്ലോ;
വാലുമരിഞ്ഞു കഴുക്കോലാക്കും
ചൊറിരണ്ടരിഞ്ഞു പുരകെട്ടുമല്ലോ."

**ഒതേനൻെറ നിര്യാണം:**—ഒതേനനു കതിരൂർ ഗുരുക്കൾ എന്നൊരു പ്രബലനായ ശത്രുവുണ്ടായിരുന്നു. ഒരിക്കൽ ഗുരുക്കൾ പുത്തനായി പണിയിച്ച തൻെറ തോക്ക് ഒരു പിലാവിൽ ചേർത്തു ചാരി. "പൊൻകുന്തം ചാരും പിലാവോടിപ്പോൾ മൺകുന്തം ചാരിയതാരാകുന്നു?" എന്നു് ഒതേനൻ ചോദിക്കുകയും അതെടുത്തുനോക്കീട്ടു 'മയിലേ വെടിവെയ്ക്കാൻ നല്ല തോക്ക്" എന്നു പറയുകയും ചെയ്തു. ഗുരുക്കളുടെ മുഖം അരിശംകൊണ്ടു ചുവന്നു, * ആ അഭ്യാസി

'മയിലേ വെടിവെയ്ക്കാൻ വന്നൊതേനാ!
നിനക്കു കൊതിയേറെയുണ്ടെങ്കിലോ
മയിലായി ഞാനാടി വന്നോളാലോ;
പൂവനൊങ്കിൽക്കുകിത്തെളിയും ഞാനോ;
പെടയെങ്കിൽ വാലാട്ടിപ്പോകുമല്ലോ;
അന്നേരം വെടിവെച്ചോ നീയൊതേനാ!"

എന്നു നിന്ദാഗർഭമായി മറുപടി പറഞ്ഞു, കുംഭമാസം ഒൻപതാം തീയതി ഞായറാഴ്ചമുതൽ മൂന്നു ദിവസത്തേക്കു പട കുറിച്ചു. പൊന്നിയത്തു് അരയാലിൻെറ ചുവട്ടിൽ അന്നു് എത്തിക്കൊള്ളണമെന്നുള്ള ഗുരുക്കളുടെ വാക്കു കേട്ടു് ഒതേനൻ

"തിങ്കളിലോരോ കളി എനിക്ക്;
കൊല്ലത്തിലോരോരോ പേററിനിക്ക്;
അന്നു ഞാൻ തീണ്ടാരിയായില്ലെന്നും
അന്നുഞാൻ പെററു കിടന്നില്ലെന്നും"

അവിടെ എത്തിക്കൊള്ളാമെന്നു് അവഹേളനപൂർവം ശപഥം ചെയ്തു. "വെൺമുരുക്കു പൂത്തു് ഒലന്നപോലെ വെയിലത്തു കുന്നി നിറഞ്ഞതപോലെ" ചമയങ്ങൾ അണിഞ്ഞു് 'മഴവെള്ളംപോലെയുരുക്കനെയ്യും' കൂട്ടി ഊണുകഴിച്ചു്

"എളകതിരു കൊത്തിപ്പാറുംപോലെ
കാരയീന്നു നെയ്യപ്പം കുത്തുംപോലെ
പപ്പടം വാട്ടിയെടുക്കുംപോലെ"

ശത്രുക്കളെ വധിക്കുന്നതിനു് ആ വീരൻ സജ്ജനായി. അതിനു മുൻപു പല അപശകുനങ്ങൾ കണ്ടു. ലോകനാർകാവിൽ ശാന്തിക്കാരനായ നമ്പൂരിയുടെ ദേഹത്തു ഭഗവതിയുടെ ആവേശമുണ്ടായി; ദേവി അന്നു

* മറെറാരു പാട്ടിൽ വേറേയും കാരണം പറയുന്നു.

Digitized By Kerala Sahitya Akademi

പടയ്ക്കു പോകരുതെന്നു തടുത്തു. ഒതേനനുണ്ടോ മുൻവെച്ച കാൽ പിന്നോട്ടെടുക്കുന്നു?

"ഭഗവതിയെന്നു ഞാൻ വയ്ക്കയില്ല;
എല്ലാം നിരത്തി ഞാനൊള്ളൊടിക്കും"

എന്നായിരുന്നു ആ അരുളപ്പാടിനുള്ള മറുപടി. താൻ സദാ ധരിച്ചിരുന്നതും തന്നെ സകലവിപത്തുകളിൽനിന്നും രക്ഷിച്ചുവന്നതുമായ ഉറുക്കും (ഏലസ്സും) നൂലും അദ്ദേഹത്തിന്റെ മറ്റൊരു ഭാര്യയായ കുഞ്ഞുണ്ണൂലി മഠത്തിൽ കുന്നത്തിലേയ്ക്കായി അതിനു മുമ്പുതന്നെ അപഹരിച്ചുകഴിഞ്ഞിരുന്നു. പടക്കളത്തു പോയി ഒതേനൻ ഗുരുക്കളേയും സഹചാരികളായ പരുന്തുങ്കൽ എമ്മൻ പണിക്കർ മുതൽപേരേയും പതിവനുസരിച്ചു നിഷ്പ്രയാസമായി വധിച്ചു. പിന്നീടു മടങ്ങി കുറേ ദൂരം പോയപ്പോൾ തന്റെ ചുരിക ആൽത്തറയിൽവച്ചു മറന്നുപോയതായി കാണുകയും അതു തിരിയേ എടുക്കുവാൻ ആശിക്കുകയും ചെയ്തു. അപ്പോൾ ഒതേനന്റെ ചങ്ങാതിമാർ 'മടങ്ങി പടക്കളത്തിൽ പോകരുതു'' എന്നു് ഉപദേശിച്ചു. അതിനു് ആ യോദ്ധാവു്

"കേളിയുള്ള നായരു പടയ്ക്കു വന്നു്
ആയുധമിട്ടേച്ചു പോയിതെന്നു്
മാലോകർ പറഞ്ഞു പരിഹസിക്കും
ചങ്ങാതിമാരു വിലക്കിയാലും
ആന തടുത്താലും നില്ക്കയില്ല.''

എന്നു മറുപടി പറഞ്ഞു മടങ്ങി. ആ തക്കം കണ്ടു ഗുരുക്കളുടെ ശിഷ്യനായ ചുണ്ടങ്ങാപ്പൊയ്യിൽ മായൻകുട്ടി (ഉളുമ്പൻ ബപ്പനെന്നും പറയും) ഒതേനന്റെ നെററിത്തടം നോക്കി ഒരു വെടി വയ്ക്കുകയും അതു കുറിക്കു തന്നെ കൊള്ളുകയുംചെയ്തു. മായനെ ഒതേനൻ ഉടൻതന്നെ ഉറുമി(വാൾ) തിരിച്ചെറിഞ്ഞു കൊന്നു. പക്ഷേ അപ്പോഴേക്കും അദ്ദേഹം ആസന്നമരണനായികഴിഞ്ഞിരുന്നു എന്നു് ആർക്കും കാണാമായിരുന്നു. ജ്യേഷ്ഠൻ കോമക്കുറുപ്പു് ഓടിയെത്തി; അവർതമ്മിൽ താഴെക്കാണുന്ന സംഭാഷണം നടന്നു.

"'അനുജനെക്കണ്ണാലെ കാണുന്നേരം
പൊട്ടിക്കരയുന്നതെന്തിനാല്ലോ.
മടിയായുധമൊന്നു പോയെങ്കിലോ
ആവുന്ന തഞ്ചം വിലക്കി ഞാനോ;
വംശം മുടിഞ്ഞല്ലോ പൊന്നനുജാ.'
'പൊന്നിയത്താളേറെക്കൂടിട്ടുണ്ടു്;
ജനിച്ചവർക്കെല്ലാം മരണമുണ്ടു്;
നാമല്ലമൊരിക്കൽ കരഞ്ഞീടണോ?'
മാറത്തടിച്ചു കരയുകയും
തച്ചോളി ഒതേനക്കുറുപ്പിനപ്പോൾ
കുന്നത്തിളമുള പൊട്ടുമ്പോലെ
'തച്ചോളിയോമനപ്പൊന്നനുജാ!
പിന്നെയുമായുധം വീട്ടിലില്ലേ?
വിലക്കിയതൊന്നും നീ
കേട്ടില്ലല്ലോ.
അതു കേട്ടൊതേനൻ പറയുന്നുണ്ടു്;
പയ്യാരംകൂട്ടല്ലേ നിങ്ങളേട്ടാ!
പലരേയും നാമാം കരയിച്ചില്ലേ?
ആ വാക്കു കേട്ടുകൂടനൊപ്പമേട്ടൻ
പൊന്നനുജാ എന്നു വിളിക്കുകയും.
കൂടക്കൂടാലസ്യം വന്നാളുന്നു.

Digitized By Kerala Sahitya Akademi

അത്തു കണ്ടിട്ടേട്ടനല്ലോ ചോദിക്കുന്നു,
'ഏതാൻ പിരാന്തുണ്ടോയെന്റെയേട്ടാ'
കേളിയുള്ള തച്ചോളിയാണിപ്പോഴ്
നടന്നുപോകാൻ കഴിയാഞ്ഞിട്ടി–
ല്ലോ
നാട്ടാർ പറഞ്ഞു പരിഹസിക്കും.'
'എങ്ങനെ നടന്നിട്ടു പോകുന്നതു്?
പരക്കം പറയുന്നു കുഞ്ഞിത്ത്യാതേനൻ:
പണ്ടാരൻ ജീവിച്ചിരുന്നിട്ടുണ്ടോ?'
നിന്നനിലയിന്നു വീണുപോയി.''

'മഞ്ചലു വരുത്താട്ടേ പൊന്നനുജാ?'
മഞ്ചലിൽ കേറീട്ടു പോകുന്നേരം
പൊന്നിയന്നാടെസ്സങ്ങു പോയോ–
[ണ്ടിട്ട്
മഞ്ചലിൽ കേറീട്ടു പോകുന്നല്ലോ.
അന്നേരത്തേട്ടൻ പറയുന്നല്ലോ:
ക്ഷീണമുണ്ടല്ലോ നിനക്കെന്തേ!'
'നൊററിത്തടത്തിനൊരുണ്ട
കൊണ്ടാൽ
ആ വാക്കു കേട്ടു കുട്ടമ്പൊളേട്ടൻ

അങ്ങനെ മുമ്പു പറഞ്ഞതുപോലെ മുപ്പത്തിരണ്ടാമത്തെ വയസ്സിൽ ആ മഹാവീരൻ പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു. അദ്ദേഹത്തിന്റെ യശസ്സ് അനന്തവും അഭംഗുരവുമായ ഒരു ദിവ്യജ്യോതിസ്സായി കേരളത്തിന്റെ അഭിമാനത്തെ ഇന്നും ഉദ്ദീപിപ്പിക്കുന്നു.

**തച്ചോളിച്ചന്തു:—** തച്ചോളിത്തറവാട്ടിലെ മറെറാരങ്ഗത്തെപ്പററിക്കൂടി സ്വല്പം പ്രസ്താവിക്കേണ്ടതുണ്ട്. തച്ചോളിച്ചന്തു ഒതേനന്റെ അനന്തരവനും അദ്ദേഹത്തെപ്പോലെ യുദ്ധവിദഗ്ദ്ധനുമായിരുന്നു. ചന്തു താഴത്തു മഠത്തിലെ മാതുവിനെയാണു് വിവാഹംചെയ്തതു്. ഒരിക്കൽ മാതു ഓമല്ലൂർകാവിൽ കുളിച്ചുതൊഴാൻ പോയി. ക്ഷേത്രത്തിൽവച്ചു തുളുനാടൻകോട്ടയുടെ അധിപനായ കണ്ടർമേനോൻ എന്നൊരു പ്രമാണി അവളെക്കണ്ടുമുട്ടി. ആ കാമഭ്രാന്തൻ അനുയായികളോടു ചോദിക്കുകയാണു്:—

''ഈറനുകപ്പെണ്ണുങ്ങൾ ഭൂമീലുണ്ടോ
ഭൂമീന്നു തനിയേ മുളച്ചുവന്നോ?
കുന്നത്തു കൊന്നയും പൂത്തപോലെ;
കരുതോലയായതിൻ വണ്ണം–
പോലെ;

മാനത്തീന്നെങ്ങാനും പൊട്ടിവീ–
ണോ?
എന്തു നിറമെന്നു ചൊല്ലേണ്ടു ഞാൻ!
ഇളംമാവിൻ തയ്യു തളിർത്തപോലെ;
വയനാടൻമഞ്ഞൾ മുറിച്ച–
പോലെ.''

കൂടെയുള്ള നായന്മാർ ഗുണദോഷിച്ചതു കേൾക്കാതെ ''ഏഴാനെക്കൂടയോനാം കണ്ടർമേനോൻ'' കനകപ്പല്ലക്കിൽനിന്നു താഴത്തെത്തു ചാടി മാതുവിന്റെ കൈക്കു കേറിപ്പിടിച്ചു. അപ്പോൾ—

''കയ്യുംപിടിടിച്ചൊരു നേരംതന്നിൽ
ആണുംപെണ്ണുമല്ലാത്ത വരുതി–
ക്കയ്യോ!
ഓലക്കെട്ടതിനും പെണ്ണുങ്ങൾക്കും
എന്നെ നീയറിഞ്ഞിതോ വരുതി–
ക്കയ്യോ

ഇടതുള്ളിവിറച്ചിതു മാതുപ്പെണ്ണും.
അമ്മപെങ്ങന്മാരു നിനക്കില്ലേടാ?
വഴിയതിൽപ്പോലും കിടക്കാമല്ലോ.
തച്ചോളിച്ചന്തുനെയറിയോ നീയു്?

Digitized By Kerala Sahitya Akademi

അവനുടെ പെണ്ണായ മാത്തു ഞാനോ; അവനീ സങ്ഗതിയറിഞ്ഞതെങ്കിൽ
കഴുവിനെക്കൊത്തുമ്പോൾ കൊത്തും നിന്നെ.''

എന്നു് ആ ധൈര്യവതി ശപിച്ചു. കണ്ടർമേനോൻ അതൊന്നും ചെവിക്കൊണ്ടില്ല. അന്നു ചന്തുവിന്നു് ഇരുപത്തിരണ്ടാണു് വയസ്സു്. ഒരു സന്യാസിയുടെ വേഷത്തിൽ മേനോന്റെ കോട്ടയ്ക്കകത്തു കടന്നു് അയാളോടും അയാളുടെ നാലായിരം ഭടന്മാരോടും ആ പരാക്രമി ഒറ്റയ്ക്കു പടപൊരുതി.

''ആത്തക്കം കണ്ടടൻ കുഞ്ഞിച്ചന്തു    ഈറ്റപ്പുലിപോലെയെതിർക്കുന്നുണ്ടു്.
പോത്തും കലയും ചെറുക്കുംവണ്ണം    മാനത്തു വലിയിടി വെട്ടുംപോലെ,
ബാലിസുഗ്രീവന്മാർ യുദ്ധംപോലെ    ആളെ വിവരിച്ചറിഞ്ഞുകൂടാ.
ആത്തക്കം കണ്ടടൻ ചന്തുതാനും    പൂഴിപ്പോരങ്കം പിടിച്ചു ചന്തു.
പരിചക്കൊപ്പുറയിൽ മണ്ണു കോരി    കണ്ടർമേനോന്റെ മുഖത്തെറിഞ്ഞു.
കണ്ണിലും മൂക്കിലും മണ്ണു പോയി;    ആത്തക്കം കണ്ടടൻ ചന്തുതാനും
പകിരിതിരിഞ്ഞങ്ങു വെട്ടി ചന്തു;    തച്ചോളിയോതിരം വെട്ടു വെട്ടി,
ഒമ്പതു മുറിയായി വീണു മേനോൻ;    ആർത്തുവിളിച്ചടൻ കുഞ്ഞിച്ചന്തു.''

ഈ ചന്തുവിനെപ്പറ്റി വേറേയും പാട്ടുകളുണ്ടു്.

**പാലാട്ടു കോമപ്പൻ:**—കപ്പള്ളിപാലാട്ടെ കുങ്കിയമ്മയുടെ മകനായിരുന്നു ഒതേനന്റെ മറ്റൊരനന്തരവനായ കോമൻനായർ (കോമപ്പൻ). തൊണ്ണൂറാംവീട്ടിലെ കുറുപ്പന്മാരും പാലാട്ടേ നായന്മാരും തമ്മിൽ ഉള്ള കുടിപ്പക വളരെക്കാലമായി നിലനിന്നുപോന്നു. അന്നത്തെ ഏഴുകുറുപ്പന്മാർക്കു് ഉണിച്ചിരുതയെന്നും ഉണ്ണിയമ്മയെന്നും രണ്ടു സഹോദരിമാരുണ്ടായിരുന്നു. ഉണ്ണിയമ്മ വാഴുന്നവരുടെ കുളത്തിൽ കുളിച്ചുകൊണ്ടിരിക്കുമ്പോൾ കോമൻ അവിടെച്ചെന്നുചേർന്നു. രണ്ടുപേരും അന്യോന്യം പ്രണയബദ്ധരായി. അപ്പോൾ ഉണ്ണിയമ്മയുടെ ആങ്ങളമാർ കോമൻ അവിടെയുണ്ടെന്നറിഞ്ഞു് അദ്ദേഹത്തെ കൊല്ലുവാൻ എത്തി.

''അപ്പൊതാനേ കണ്ടവളുണ്ണിയമ്മ    നേരിയ ശീല എടുത്തുചുറ്റി
അരയോളം വെള്ളത്തിലിറങ്ങുന്നുണ്ടു്; മുടിയും കഴിച്ചിട്ടു നിന്നുപെണ്ണും.
മുടിച്ചോട്ടിൽ കോമനെ നിർത്തുന്നുണ്ടു്; അമ്പേലാ പൊട്ടിച്ചു തലയിൽ വച്ചു;
ചണ്ടി വലിച്ചു തലയിലിട്ടു;    കാലും കവച്ചങ്ങു നിന്നു പെണ്ണു്:
മുടിയുരിക്കളിച്ചങ്ങു നില്ക്കുന്നേരം    വാഴുന്നോരും കൂടെയുണ്ടല്ലോ.
കുളംചുറ്റും വന്നുവളഞ്ഞവരു്    വീശൽവലകൊണ്ടു വീശിനോക്കി,
എഴുത്താണിയുളികൊണ്ടങ്ങെയ്തു നോക്കി, കുളത്തിലിറങ്ങിയങ്ങു തപ്പി-നോക്കി.
ഊത്തനരിച്ചങ്ങു തപ്പുന്നുണ്ടു്;    വേഗത്തിൽത്തന്നെ കയറുന്നുണ്ടു്;
കോമനെത്തന്നെയും കണ്ടതില്ല.''

Digitized By Kerala Sahitya Akademi

അതിബുദ്ധിമതിയായ ഉണ്ണിയാർച്ചയുടെ സാമർത്ഥ്യംകൊണ്ടു നണച്ചുണ്ടിയായ ഉണിച്ചിരുതയുടെ ഏഷണിയിൽനിന്നും അവരുടെ ആങ്ങളമാരുടെ വൈരത്തിൽനിന്നും ഉണ്ടായ സകലപ്രതിബന്ധങ്ങളേയും ജയിച്ചു് ഒതേനനെക്കൊണ്ടു നാല്പത്തിരണ്ടു കടിപ്പിഴയും ചാഞ്ഞുതീറ്റിച്ച കോമപ്പൻ ആ സ്ത്രീരത്നത്തെ വിവാഹംചെയ്യുന്നതോടുകൂടി കഥ അവസാനിക്കുന്നു. ഉണിച്ചിരുത ചെയ്ത പല കുററങ്ങൾക്കായി അവളെ ഒതേനൻ കൊല്ലുകയാണു ചെയ്യുന്നതു്. ഈ പാട്ടാണു് കുഞ്ഞൂർ നാരായണമേനോന്റെ 'കോമപ്പൻ' എന്ന സുപ്രസിദ്ധമായ 'പച്ചമലയാള'കാവ്യത്തിന്റെ മൂലം.

**മററു ചില വീരന്മാർ—ബമ്പായി ആലിക്കുട്ടി:—** അപൂർവം ചില വടക്കൻപാട്ടുകൾ മററു ചില വീരന്മാരുടെ പരാക്രമങ്ങളേയും പരാമർശിക്കുന്നു. ആദി (ലി?) രാജാവിന്റെ പാട്ടിൽ ആ രാജാവിന്റെ ഏഴാമത്തേ ആന മല കയറിയപ്പോൾ മാതങ്ഗശാസ്ത്രപാരങ്ഗതനായ ബമ്പായി (ബോംബെ) നാട്ടിലെ ആലിക്കുട്ടിയെ വിളിച്ചുകൊണ്ടുവന്നു എന്നും ആ യുവാവു് ആനയെ രാജാവിന്റെ സന്നിധിയിലേക്കു നയിച്ചു എന്നും അദ്ദേഹം സന്തുഷ്ടനായി തന്റെ മകളായ കുഞ്ഞിക്കന്നിയെ ആലിയെക്കൊണ്ടു വിവാഹം ചെയ്യിച്ചു എന്നും കാണുന്നു. ആലിക്കുട്ടി ഒരു മന്ത്രവാദിയുമായിരുന്നു. ആനയെ ഇണക്കിയതു കവി ഇങ്ങനെ വർണ്ണിക്കുന്നു.

''മന്ത്രമങ്ങു ജപിച്ചവനും; മന്ത്രം ഫലിച്ചല്ലോ ആനയ്ക്കപ്പോൾ,
ഒററടി വച്ചു നടന്നും നിന്നും ഒട്ടൊട്ടുകളെയും വന്നുവിന്നു.
'അടുത്തിങ്ങു വായെടാകൊമ്പാ നീയു്; ഇളവീരും വന്നുകുടിച്ചുകൊൾക.''
അടുത്തങ്ങുവന്നല്ലോ കൊമ്പനപ്പോൾ ഇളവീരുംതാനേ കൊടുത്തു ആലി.

* * * *

''ഒന്നിങ്ങുകേൾക്കണം പൊൻകെട്ട്യ കൊമ്പനാനീയങ്ങു മലകേറിപ്പോന്നേപ്പിന്നെ
രാജാവിന്റെ സ്ഥിതി ഓർത്തുകൂടാ; ഊണുമുറക്കവുമില്ലാതായി.
നിന്നേയുമോർത്തു ഉരുകീടുന്നു; അതുകൊണ്ടു നോക്കട്ടെ പോകവേണം;
ഇണക്കവും മൂളു നീ കൊമ്പാ''യെന്നു് ഇണക്കവും മൂളിച്ചു ആലിക്കുട്ടി.
പൊൻകെട്ട്യ കൊമ്പു പിടിച്ചുകൊണ്ടു് ആറാംമലയുമിറങ്ങുന്നുണ്ടു്.''

**പുതുനാടൻ കേളു:—** പുതുനാടൻ ചന്തുവും കേളുവും സഹോദരന്മാരായിരുന്നു. ചന്തു മാതു എന്നൊരു സ്ത്രീയെ താലികെട്ടി അവളെ ആയുധവിദ്യയും മററും പഠിപ്പിച്ചു് അവൾക്കു സർവസ്വവും ദാനം ചെയ്തു. വട്ടോളി മേനോൻ എന്നൊരാൾ മൂവായിരം പണത്തിന്റെ പൊന്നരഞ്ഞാൺ അഴിച്ചുകൊടുത്തു് അവളുടെ ജാരനായി. മേനവനെക്കൊണ്ടു് അവൾ ചന്തുവിനെ കൊല്ലിച്ചു. ചന്തു വളർത്തിയ മല്ലി എന്നും ചൊക്കനെന്നും പേരുള്ള രണ്ടു നായ്ക്കളിൽ ഒന്നു ശവത്തെ കാത്തുകൊണ്ടു് അവിടെ ഇരിക്കുകയും മറേറതു് ഓടിച്ചെന്നു വിവരം കേളുവിനെ ഗ്രഹിപ്പിക്കുകയും ചെയ്തു. കേളു പാഞ്ഞെത്തി മാതുവിന്റെ

Digitized By Kerala Sahitya Akademi

ത്തായിൽ മേലോൻ കൊട്ടുന്ന അരങ്ങത്താം കണ്ട് മാതാവിന്റെ കട്ടിന്മേൽ ചെന്നിരുന്നു.

"വാചകം ചോദിച്ചരിഞ്ഞു മുടി; രണ്ടുവലംവച്ചരിഞ്ഞു മുല;
മൂന്നുവലംവച്ചരിഞ്ഞു കാതു്; നാലുവലംവച്ചരിഞ്ഞു മൂക്കു്;
പരിചകൊണ്ടൊന്നങ്ങടിച്ചു കേള്; നായിലെപ്പുല്ലുമടന്നു നീണു;
നേത്രവുമൊന്നുകളഞ്ഞു കേള്."

**കരുമ്പറമ്പിൽ കണ്ണൻ:**— കരുമ്പറമ്പിൽ കണ്ണൻ എന്ന തീയയുവാവിനു് ആച്ച എന്ന പതിവ്രതയായ ഒരു ഭാര്യയുണ്ടായിരുന്നു. കണ്ണൻ തോട്ടത്തിൽ ചെത്തുവേലയ്ക്കു പോയപ്പോൾ പുതുക്കോലോത്തു തമ്പുരാൻ ആ സ്ത്രീയെ കാമിക്കുകയും ഒരു രാത്രിയിൽ അവൾക്കു നാലു കുത്തു പട്ടും ഒരു സ്വർണ്ണമോതിരവും സമ്മാനിക്കുകയും ചെയ്തു. പിറ്റേദിവസം ആച്ച കണ്ണനെ പൂണൂൽ ധരിപ്പിച്ചു് ഒരു നമ്പൂരിയാക്കി തമ്പുരാൻ തനിക്കു തന്ന പട്ടും മോതിരവും രാജാവിന്റെ ഭാര്യയുടെ കൈയിൽ കൊടുക്കുവാൻ ചട്ടംകെട്ടിയയച്ചു. കണ്ണൻ ആ ഉദ്യമത്തിൽ വിജയിയായി. തമ്പുരാൻ വിവരമറിഞ്ഞു വ്യസനിച്ചു കണ്ണനെ കഴുവേറ്റുവാൻ കല്പനകൊടുത്തു. ആച്ച തിരുമുമ്പിൽ എത്തി കണ്ണൻ ചെയ്ത കുറ്റമെന്തെന്നു ചോദിച്ചതിനു്

"കന്യകതന്നെ പിഴപ്പിച്ചവൻ ഇവനെയുമങ്ങു വിടുകയില്ല;
കഴുവേററാൻ തന്നെയും നിശ്ചയിച്ചു" അതു കേട്ട നേരത്തുചൊല്ലിയാച്ച.
"ആദ്യം പിഴപ്പിച്ചു തമ്പുരാനും; പിന്നെപ്പിഴപ്പിച്ചു കണ്ണനല്ലോ.
ആദ്യം പിഴയങ്ങു തീർത്തുതന്നാൽ പിന്നെപ്പിഴ ഞാനും തീർത്തുതരാം.
ഓമന മുഖം വാടി തമ്പുരാന്റെ; ഇതിനു വഴിയങ്ങു കാണുന്നില്ല.
കണ്ണന്റെ കയ്യും പിടിച്ചു ആച്ച; ഇരുപേരും കൂടീട്ടു പോരുന്നുണ്ടു്!"

**ഉപസംഹാരം:**— ഇനിയും 'ബാല' 'കുഞ്ഞാനുക്കൻ' മുതലായി ചിലരെപ്പററി പാട്ടുകളുണ്ടു്; അവയെക്കുറിച്ചു് ഇവിടെ ഒന്നും പ്രസ്താവിക്കുന്നില്ല. മേൽ ഉദ്ധരിച്ച ഭാഗങ്ങളിൽനിന്നും വടക്കൻപാട്ടുകളുടെ ലാളിത്യവും മാധുര്യവും ഏതു തരത്തിലുള്ളതാണെന്നു വായനക്കാർക്കു ധാരാളമായി അനുഭവപ്പെട്ടിരിക്കണം. പ്രസ്തുതഗാനങ്ങളിൽ കാണുന്ന രചനാവൈകല്യങ്ങൾക്കു മുഴുവൻ അവയുടെ കർത്താക്കന്മാരെ ഉത്തരവാദികളാക്കുവാൻ പാടുള്ളതല്ല. കർണ്ണാകർണ്ണികയാ കേട്ടു പാടിക്കുന്നതും അനക്ഷരജ്ഞന്മാർ പാടുന്നതുമായ പാട്ടുകളിൽ ഇത്രമാത്രം ദോഷങ്ങളേ കടന്നുകൂടീട്ടുള്ളുവല്ലോ എന്നോർത്തു സമാശ്വസിക്കുവാനാണു് നമുക്കു് അധികം ന്യായമുള്ളതു്. ധീരോദാത്തതികഞ്ഞ നായകന്മാരും നായികമാരുമത്രേ ഈ പാട്ടുകളിൽ നമ്മെ അഭിമുഖീകരിക്കുന്നതു്. ബഹുഭാര്യത്വത്തെ ഇവയിൽ ഒരു ദുരാചാരമായി കരുതീട്ടില്ല. അതു ('None but the brave deserve the fair') 'ശൂരനു ചേരേണ്ടവൾതന്നെ സുന്ദരി' എന്ന ആപ്തവാക്യമനുസരിച്ചോ അന്നത്തെ

Digitized By Kerala Sahitya Akademi

നാട്ടാചാരമനുസരിച്ചോ എന്നു തീർച്ചയില്ല. എന്നാൽ സ്ത്രീകളുടെ ചാരിത്രം ഏററവും നിഷ്കർഷയോടുകൂടി പരിപാലിക്കപ്പെട്ടിരുന്നു. തേച്ചുകുളി, കുറി, ഊണു് മുതലായ കാര്യങ്ങൾ എല്ലാ പാട്ടുകളിലും പ്രായേണ ഒന്നുപോലെയാണു് വർണ്ണിക്കുന്നതു്. കുളത്തിൽവച്ചാണു് മിക്ക പ്രണയങ്ങളും ആരംഭിക്കുന്നതു്. ഇങ്ങനെ അനാശാസ്യമായ ഐകരൂപ്യം ചില അംശങ്ങളിൽ നാം കാണുന്നുണ്ടു്. ചില കഥകളിൽ ആഭാസപ്രലാപങ്ങളും ഇല്ലെന്നില്ല. തച്ചോളിച്ചന്തുവിനെപ്പററിയുള്ള ഒരു പാട്ടിൽ മദിരാശിപ്പട്ടാളത്തെപ്പററി സൂചിപ്പിച്ചിരിക്കുന്നു. ഒതേനനെപ്പററിയുള്ള ഒരു പാട്ടിൽ 'കാപ്പികുടിച്ചിട്ടേ പോകവേണ്ടൂ' എന്നു പറയുന്നുണ്ടെങ്കിലും കുടിക്കാൻ കൊടുക്കുന്നതു പാലാണു്. കോതമ്പുറൊട്ടിയെപ്പററിയും അടുത്തുതന്നെ പ്രസ്താവിച്ചുകാണുന്നു. ഈ ന്യൂനതകൾ നിസ്സാരങ്ങളാണു്. രസാനുഗുണമായ വർണ്ണനാവൈവിധ്യം എല്ലാ പാട്ടുകളിലും സമൃദ്ധമായുണ്ടു്. മൊത്തത്തിൽ നോക്കുമ്പോൾ വടക്കൻപാട്ടുകൾക്കുള്ള വശീകരണശക്തി അസാമാന്യമാണെന്നു് ഏതു ഭാവുകനും സമ്മതിക്കുകതന്നെ ചെയ്യും. പുരാണേതിഹാസകഥകളെത്തന്നെ തിരിച്ചും മറിച്ചും, കൂട്ടിയും കുറച്ചും, വർണ്ണിക്കുന്ന കൃതികളെ നീക്കിയാൽ അധികമൊന്നും അവശേഷിക്കാത്ത ഭാഷാസാഹിത്യത്തിൽ ഇത്തരത്തിലുള്ള പാട്ടുകൾ അമൂല്യരത്നങ്ങളാണെന്നുള്ളതും അനപലപനീയമായ ഒരു പരമാർത്ഥമാണു്.

**മാപ്പിളപ്പാട്ടുകൾ:—** മലബാറിലെ മഹമ്മദീയരേയും, തിരുവിതാംകൂർ, കൊച്ചി, ഈ രാജ്യങ്ങളിലെ നാട്ടുക്രിസ്ത്യാനികളെപ്പോലെ മാപ്പിളമാർ എന്നു വിളിച്ചുവരുന്നു. അവരുടെ ഇടയിലും ചില പാട്ടുകൾ പ്രചരിക്കുന്നുണ്ടു്. അവയിൽ പ്രാചീനങ്ങളായുള്ളവയ്ക്കു അഞ്ഞൂറു കൊല്ലത്തെയെങ്കിലും പഴക്കം കാണണം എന്നാണു് അഭിജ്ഞന്മാരുടെ പക്ഷം. ചേറുവായി പരീക്കുട്ടിയുടെ ഏത്തുഹസ്സാം, കൂട്ടായി കുഞ്ഞിക്കോയയുടെ വലിയ നസീഹത്തുമാല ഇവയാണു് ഇക്കാലത്തു കാണുന്ന പാട്ടുകളിൽ പുരാതനങ്ങൾ. പൊന്നാനി മാളിയക്കലെത്തു കുഞ്ഞഹമ്മതിന്റെ ഹുനൈൻ മുതലായ കവിതകൾ ആധുനികങ്ങളാണു്. മാപ്പിളമലയാളലിപിമാലയിൽ ആദ്യം മുപ്പത്തിമൂന്നു അക്ഷരങ്ങളേ ഉണ്ടായിരുന്നുള്ളൂ. അറബിവാക്കുകൾകൂടി എഴുതുന്നതിനുവേണ്ട സൌകര്യം ആ ലിപിമാലയിൽ ഉണ്ടായിരുന്നു. സംസ്കൃതപദങ്ങൾ ആധുനികകാലത്തു് പ്രവേശിച്ചുതുടങ്ങിയപ്പോൾ അവ അൻപതായി വർദ്ധിച്ചു. മാപ്പിളമലയാളകൃതികൾക്കു് അറബിപ്പദങ്ങളുടെ സങ്കലനംമൂലവും മററും ശബ്ദശുദ്ധി കുറയുമെങ്കിലും സംഗീതാത്മകത ധാരാളമായുണ്ടു്. വീരവും ശൃംഗാരവുമാണു് അവയിലെ രസങ്ങൾ. ചില ഉദാഹരണങ്ങൾ പ്രദർശിപ്പിക്കാം.

രണ്ടു സ്ത്രീകൾതമ്മിൽ കലഹം:—

"അടിപെട്ടു കൊരത്തിപ്പിടിത്താരോ അണ്ണെ
താലിയും മാലെയറുത്താരോ

Digitized By Kerala Sahitya Akademi

പിടിപെട്ട സിന്നം പടിത്താരോ; പിച്ച
ച്ചട്ടയും കീറപ്പെടുത്താരോ
കട്ടകെപ്പതപ്പോടെ ചെട്ടിമറിന്തിട്ടും
കരിശത്തിൽക്കാശിറിൽക്കൂടെ വിഴുന്തിട്ടും
ഇടറിപ്പിടൈത്താവർ പിന്നുമെഴുന്തിട്ടും
ഇരുപേരുമൊട്ടുമയങ്കി വിലന്തിട്ടും.''

ഒരു യുവതിയുടെ വർണ്ണനം:—

''പെട്ടാലങ്കാര ചിലമ്പൊടു കിങ്കിണി
തൊട്ടാരംതരിത്തങ്കളും കാറി
റ്റിറമൈതിയും പാടകം ചെറു—
പൊൻകടകങ്ങളും ചങ്കല കങ്കണം
ഓരോ മാതിരിയാൽച്ചുടരാരമോതിരമേ
തട്ടാകം ഉടർ പൊന്നരഞ്ഞാണകം
മൊട്ടാട്ടം പൊൻപതക്കമുഖങ്ങകം''

Digitized By Kerala Sahitya Akademi

പന്ത്രണ്ടാമധ്യായം

# നാടോടിപ്പാട്ടുകൾ (III)

**തെക്കൻപാട്ടുകൾ:—** തെക്കൻതിരുവിതാംകൂറിൽ വില്ലടിച്ചാൻ പാട്ടു് അല്ലെങ്കിൽ വില്ലുകൊട്ടിപ്പാട്ടു് എന്നൊരു കഥാഗാന സമ്പ്രദായം ഇന്നും പ്രചരിക്കുന്നുണ്ടു്. അവിടത്തെ തമിഴരുടെ സംഭാഷണരീതിയിലുള്ള പ്രാകൃതത്തമിഴിലാണു് ആ സമ്പ്രദായത്തിൽ ഉൾപ്പെടുന്ന പാട്ടുകൾ പ്രായേണ രചിക്കപ്പെട്ടിട്ടുള്ളതു്. മലയാളമല്ലെന്നു മലയാളികളും നല്ല തമിഴല്ലെന്നു തമിഴരും ആ പാട്ടുകളെ പുച്ഛിച്ചു ത്രിശങ്കുസ്വർഗ്ഗത്തിൽ തള്ളിനിറുത്താറുണ്ടെങ്കിലും അവയ്ക്കും വടക്കൻപാട്ടുകളെപ്പോലെ തന്നെ അക്ലിഷ്ടമനോഹരമായ ഒരാകൃതിയും അനന്യസുലഭമായ ഒരാവർജ്ജകതയും ഉണ്ടു്. "വാഗ്ദേവീമുഖാംഭോജനിസ്സൃതം മുഗ്ധഭാഷിതം" എന്നു് ഈ രണ്ടിനത്തിലുള്ള കൃതികളെപ്പറ്റിയും പറയാം. വില്ലടിച്ചാൻപാട്ടുകാരുടെ ഗീതോപകരണങ്ങൾ വില്ലു്, കുടം, കോൽ ഇവയാണു്. വില്ലിൽ രണ്ടറ്റത്തുമോ നെട്ടനീളെയോ മണികൾ കെട്ടിയിരിക്കും. കുടം ലോഹനിർമ്മിതമായിരിക്കണം; അതിന്റെ മുഖം തോൽകൊണ്ടു കെട്ടിയടച്ചിരിക്കും. തലയ്ക്കൽ വലതുവശമായിരുന്നു് ആശാൻ (പുലവർ) വില്ലിലും എതിർവശമായിരുന്നു ശിഷ്യർ കുടത്തിലും കോൽകൊണ്ടു കൊട്ടും. വില്ലു മുഖ്യോപകരണമാകയാലാണു് വില്ലടിച്ചാൻപാട്ടുകൾക്കു് ആ പേർ വന്നതെന്നു പറയേണ്ടതില്ലല്ലോ. തെക്കൻപാട്ടുകളെ (1) ബാധാപ്രീതികരങ്ങളെന്നും (2) ദേശചരിത്രപരങ്ങളെന്നും (3) ദേവാരാധനോപയുക്തങ്ങളെന്നും മൂന്നിനമായി വിഭജിക്കാം. ധീരോദാത്തന്മാരായ രാജാക്കന്മാർ, ദേശഭക്തന്മാരായ സേനാനിമാർ, പതിവ്രതകളായ മനസ്വിനിമാർ, മുതലായവർ അപമൃത്യുവിനു വശഗരാകുമ്പോൾ അവർ മാടൻ, യക്ഷി മുതലായ രൂപങ്ങൾ കൈക്കൊള്ളുമെന്നും, പൂർവ്വാപദാനങ്ങൾ വാഴ്ത്തി അവരെ പ്രീതിപ്പെടുത്തേണ്ടതു് ഐഹികക്ഷേമത്തിനു് അത്യാവശ്യകമാണെന്നുമുള്ള വിശ്വാസംനിമിത്തമാണു് അവരെപ്പറ്റി ജനങ്ങൾ വില്പാട്ടുകൾ പാടിക്കുന്നതു്. ആ പാട്ടുകൾ നമുക്കു രാജ്യചരിത്രം, സമുദായചരിത്രം തുടങ്ങിയ വിഷയങ്ങളിൽ അമൂല്യങ്ങളായ അറിവുകൾ നല്കുവാൻ പര്യാപ്തങ്ങളാകുന്നു. കൊല്ലത്തിനു വടക്കു് ഈവകപ്പാട്ടുകൾ പാടിവരുന്നതായി അറിയുന്നില്ല. മററു പല സാഹിത്യവിഭാഗങ്ങളുടേയുമെന്നപോലെ വില്പാട്ടുകളുടെ കാര്യത്തിലും പുരാണകഥകൾ ചരിത്രകഥകളെ കാലക്രമേണ ഗളഹസ്തം ചെയ്തുകാണുന്നുണ്ടെങ്കിലും ദുർദ്ദേവതകളെപ്പററിയുള്ള വിശ്വാസവും ഭയവും ഇന്നും ഉൾനാട്ടുകളിൽനിന്നു് മുഴുവൻ മാഞ്ഞുപോയിട്ടില്ലാത്തതുകൊണ്ടു് ആ കഥകളെ ജനങ്ങൾ ആകമാനം വിസ്മരിക്കുക കഴിഞ്ഞിട്ടില്ല. ചില പ്രത്യേകദിവസങ്ങളിൽ ഓരോ സ്ഥലത്തു് ഓരോ പാട്ടുകൾ പാടി ആ ദേവതകളുടെ പ്രീതി സമ്പാദിക്കുവാൻ ഇന്നും ഗ്രാമീണന്മാർ ശ്രദ്ധിക്കാറുണ്ടു്.

Digitized By Kerala Sahitya Akademi

**ബാധാപ്രീതികരങ്ങളായ പാട്ടുകൾ—ഉപക്രമവും ഉപസംഹാരവും:**—ഗണപതിവന്ദനം, സരസ്വതിവന്ദനം, ഇഷ്ടദേവതാവന്ദനം, ഗുരുവന്ദനം, സഭാവന്ദനം, ഇവയെല്ലാം ഉപക്രമരൂപത്തിലുള്ള ചില പാട്ടുകൾകൊണ്ടു ഗായകന്മാർ നിർവ്വഹിക്കുന്നു. ഒടുവിൽ ഗാനത്തിനു വിഷയീഭവിക്കുന്ന നായകന്റെ പ്രസാദത്തിനുവേണ്ടി പന്തൽവരം, പൂപ്പട, കുടിയിരുത്തു് ഈ പേരുകളിൽ ചില പാട്ടുകളും പാടാറുണ്ടു്. പുതുവാതപ്പാട്ടിലെ പന്തൽവരത്തിൽനിന്നു് ഒരു ഭാഗമാണു് താഴെ ഉദ്ധരിക്കുന്നതു്.

"തമ്പിരാനേ, പെരിയോനേ!
ഇന്നുമാക വിളയാടിവായേ;
ആടുകിലും മന്നാ ആടിവായേ;
ചെങ്ങഴനീർ മാല ചൂടിവായേ
തുടലറുത്തന ആനപോലെ
കടിയകുട്ടിയലും കൈയുമാക
മന്നവരുടവാളുമിറക്കപ്പെട്ടി
ചന്തമൊത്ത പൂപ്പടയ്ക്കു
ഇതത്ത പുതുവാതത്തമ്പിരാനേ!
ചൂടുകിലും മന്നാ, ചൂടിവായേ,
..................................
തുള്ളിയാടിവായേ തമ്പിരാനേ!
കളിത്താടിവായേ തമ്പിരാനേ!
മണ്ടിവിളയാടും പൂപ്പടയ്ക്കു."

**കാലവും കവികളും:**—ക്രി: പി: ഒൻപതാം ശതകത്തിൽ നടന്ന സംഭവങ്ങളെപ്പററിയുള്ള പാട്ടുകൾപോലും കാണ്മാനുണ്ടെങ്കിലും അവയിൽ പിൽക്കാലങ്ങളിൽ പല പ്രക്ഷിപ്തങ്ങൾ കടന്നുകൂടിട്ടുണ്ടു്. "ദിവാൻവെററി" എന്ന പേരിൽ രായകേശവദാസനെയും മററും പുകഴ്ത്തി ക്രി: പി: പതിനെട്ടാം ശതകത്തിൽ ഒരു പാട്ടുണ്ടായി. ഇപ്പോഴും ചില പുതിയ പാട്ടുകൾ ചിലർ രചിക്കുകയും അവയെ ഗായകന്മാർ പാടുകയും ചെയ്യാറുണ്ടു്. അക്കൂട്ടത്തിൽ തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശനവിളംബരത്തെപ്പററിയുള്ള ഒരു പാട്ടു പാടുന്നതു ഞാൻ തന്നെ ആയിടയ്ക്കു കേൾക്കുകയുണ്ടായി. വില്പാട്ടുകളുടെ നിർമ്മാതാക്കൾക്കു് ഒരു ഭാഷയിലും പറയത്തക്ക ജ്ഞാനമുണ്ടായിരുന്നില്ല. അവരെല്ലാം തീരെ അപ്രസിദ്ധന്മാരുമാണു്. പൂവാററ (നെയ്യാററിൻകരത്താലൂക്കിൽ) ചേരമാണിക്കപ്പുലവർ, പരപ്പുക്കുട്ടിപ്പുലവർ, ഇങ്ങനെ ചില ഗുരുക്കന്മാരെപ്പററി മാത്രമേ അവർ പ്രസ്താവിച്ചുകാണുന്നുള്ളു. ഇടക്കാലങ്ങളിൽ ചില പുലവന്മാർ പഴയ പാട്ടുകൾക്കു പകരം പുതിയ പാട്ടുകൾ ഉണ്ടാക്കി പാടിത്തുടങ്ങി. അങ്ങനെയുള്ള പാട്ടുകളെ 'പുത്തൻ' എന്നു പറഞ്ഞുവരുന്നു. ഗണപതിപുത്തൻ, പുരവിയേററ പുത്തൻ, ചുമടുകെട്ടിയപുത്തൻ, ഇരവിക്കുട്ടിപ്പിള്ളപട്ടുപോയ പുത്തൻ, എന്നും മററും പല പുത്തൻപാട്ടുകൾ അത്തരത്തിലുണ്ടു്. ചില പഴയ വില്ലടിച്ചാൻപാട്ടുകളെപ്പററി ഇനി ചുരുക്കത്തിൽ പ്രസ്താവിക്കാം.

**കന്നടിയൻപോരു്:**—പാണ്ഡ്യവംശജനായ കുലശേഖരൻ എന്ന (പൊന്നുംപാണ്ഡ്യൻ എന്നും പറയും) ഒരു രാജാവും അദ്ദേഹത്തിന്റെ നാലു് അനുജന്മാരുംകൂടി ക്രി: പി: 1265-ാമാണ്ടു് വള്ളിയൂരിൽ

Digitized By Kerala Sahitya Akademi

പുത്രനായി ഒരു ദുൎഗ്ഗാക്ഷേത്രവും കോട്ടയും പണിയിച്ചു് അവിടെ രാജ്യഭാരമാരംഭിച്ചു.

"നല്ലകൊല്ലം നാനൂറു നാല്പതൊന്നാമാണ്ടിൽ
ചെപ്പമുള്ള ചിങ്ങമാസം പതിനൊന്നാംതേതിയിലേ
നാലുതിക്കും കോട്ടൈ കെട്ടു നല്ല മരം മുറൈയരൈന്താർ."

കാഞ്ചീപുരത്തിനു വടക്കു കന്നടിയൻ എന്നൊരു വടുകരാജാവു് അക്കാലത്തു ജീവിച്ചിരുന്നു. ആ രാജാവിന്റെ പുത്രി വള്ളിയൂർ രാജാവിന്റെ ചിത്രം കണ്ടു് അദ്ദേഹത്തെ കാമിച്ചു. കന്നടിയൻ കുലശേഖരനോടു തന്റെ മകളെ വിവാഹം ചെയ്യണമെന്നപേക്ഷിച്ചു എങ്കിലും അദ്ദേഹത്തിന്റെ കുടുംബം ജാതിയിൽ കിഴിഞ്ഞതാകയാൽ ആ യുവതിയുമായുള്ള ബന്ധം തനിക്കു് അവിഹിതമാണെന്നു കുലശേഖരൻ മറുപടി അയച്ചു. ആ പ്രതിസന്ദേശം കന്നടിയനെ അത്യന്തം ക്ഷോഭിപ്പിച്ചു. കുലശേഖരനെ യുദ്ധത്തിൽ ജയിച്ചു ബന്ധനസ്ഥനാക്കിയെങ്കിലും തന്റെ പുത്രിയെ അദ്ദേഹത്തെക്കൊണ്ടു വിവാഹം ചെയ്യിപ്പിക്കുമെന്നു് ആ വീരൻ പ്രതിജ്ഞ ചെയ്തു. കന്നടിയൻ പുത്രിയോടും ഒരു വലിയ സൈന്യത്തോടുംകൂടി വള്ളിയൂർക്കോട്ട വളഞ്ഞു. വള്ളിയൂരിലെ യോദ്ധാക്കൾ ആ അഭിക്രമത്തെ സധൈര്യം തടുത്തു. കോട്ടയ്ക്കകത്തേക്കു വെള്ളം പാഞ്ഞുകൊണ്ടിരുന്ന കാൽവായിലെ മടകൾ ശത്രുക്കൾ അടച്ചു; എങ്കിലും കുലശേഖരനു തന്നിമിത്തം യാതൊരു ഹാനിയും തട്ടിയില്ല. അങ്ങനെയിരിക്കേ ഒരു കള്ളമടയിൽക്കൂടി കോട്ടയ്ക്കകത്തുള്ള നീരാഴിയിൽ പിന്നെയും വെള്ളം പാഞ്ഞുകൊണ്ടിരുന്നതു് ഒരു ഇടച്ചിയിൽനിന്നു വടുകരാജാവു മനസ്സിലാക്കി അതിനെയും അടച്ചു. അതോടുകൂടി കുലശേഖരൻ അവിടെനിന്നോടി അന്നു പത്മനാഭപുരത്തിനു സമീപം കേരളപുരത്തു രാജധാനിയിൽ താമസിച്ചിരുന്ന തിരുവിതാങ്കൂർ മഹാരാജാവിനെ അഭയം പ്രാപിക്കുകയും അവിടെനിന്നു ലഭിച്ച സൈന്യസാഹായ്യത്തോടുകൂടി കന്നടിയനോടു വീണ്ടും യുദ്ധം ചെയ്യുകയും ചെയ്തു. ആ യുദ്ധത്തിൽ കുലശേഖരൻ പരാജിതനും ബന്ദിയുമായി. അദ്ദേഹത്തെ ഒരു മഞ്ചലിൽ കയററി സേനാപതി കന്നടിയന്റെ സന്നിധിയിലേക്കു കൊണ്ടുപോയി; പക്ഷേ വഴിക്കുവച്ചു് ആ ക്ഷത്രിയവീരൻ വാൾകൊണ്ടു കഴുത്തുവെട്ടി ആത്മഹത്യ ചെയ്തുകഴിഞ്ഞിരുന്നതിനാൽ അദ്ദേഹത്തിന്റെ ശവത്തെ മാത്രമേ ശത്രുവിനു ലഭിച്ചുള്ളു. കന്നടിയന്റെ സുന്ദരിയായ പുത്രി ആ ശവത്തെ മാലയിട്ടു് അഗ്നിപ്രവേശം ചെയ്തു. കന്നടിയൻ ദുഃഖിതനായി അവിടംവിട്ടു സ്വദേശത്തേക്കു പോകുകയും വള്ളിയൂർ രാജ്യം തിരുവിതാങ്കോട്ടേയ്ക്കു് അടങ്ങുകയും ചെയ്തു. ഇതാണു് കന്നടിയൻ പോരിലെ ഇതിവൃത്തം.

**ആ പാട്ടിലെ ചില ഭാഗങ്ങൾ:**—രാജപുത്രി കുലശേഖരന്റെ പടം കാണുന്ന ഭാഗത്തിൽനിന്നാകുന്നു താഴെ കാണുന്ന വരികൾ ഉദ്ധരിക്കുന്നതു്.

Digitized By Kerala Sahitya Akademi

''പണ്ടാരങ്ങൾ ചിലപേർകൾ പാണ്ടിമന്നർ വടിവതെല്ലാം
കണ്ടിരുന്നു പടമെഴുതിക്കാവിയംപോൽ കൊണ്ടുചെന്റു

* * * *

മന്നവനാർ വടിവതെല്ലാം വയ്യകത്തിലെങ്ങും കാട്ടി
കന്നടിയൻ ശീമയിലേ കന്നിനല്ലാൾ വീറ്റിരുക്കും
പൊന്നുമണിമേടയിലേ പോയ്പ്പുകന്താർ പാടവെന്റു.
ചെന്റു നിന്റു പാടിടവേ തേൻമയവും മൊഴിമടവാർ
മണ്ടിച്ചെന്റു പൂങ്കുഴലാൾ മങ്കയവൾ പാർത്തിരുന്താൾ.
പാർത്തിരുന്ത വേളയിലേ പാണ്ടിമന്നരൈവരിലും
അന്ത മന്നർ വടിവൈക്കണ്ടു പങ്കിമെത്തത്തിളങ്കിവിട്ടാൾ.
കുന്തലത്തു കുലൈന്തിടവേ കൊടിയിടയാളാടിവര
പൊൻതുകിലും പേണാമൽ പൂവണൈ മേലേ ചരിന്താൾ.''

ആ യുവതി അച്ഛനോടു തന്റെ അന്തർഗ്ഗതം ഇങ്ങനെ അറിയിക്കുന്നു.

''അന്തവണ്ണം തകപ്പനുടെ അടുക്കയങ്ങേ ചെന്റു നിന്റു
മുന്തിയടി തൊഴുതിറങ്ങി *മൊയ്ക്കുഴലാളുരത്തിട്ടവാൾ.
''ആണ്ടവനേ, എന്നുടയ അപ്പച്ചിയാരൊന്റു കേളായ്.
നാനിരുന്നു ചടൈത്തിടിലും നരൈത്തുകൊണ്ടു മുടിത്തിടിലും
f ഊനിരുന്നു കളിത്തിടിലുമുയിരിളന്നു പോയിടിലും
കൊററവനാർ പാണ്ടിമന്നൻ കുലശേഖരർ താനൊഴിയ
മററൊരുവരെന്നെ വന്തു മാലയിട നിനൈപ്പതില്ലൈ.
എഴുതവൊണ്ണാവടിവഴകൻ ഇലങ്കംമൂടി പാണ്ടിയൻതാൻ
പഴുതറവേ മാലയിട്ടു പടിയരുളാതിരുന്തിടുകിൽ
അഴുത കണ്ണീരാറാമൽ അക്കിനിയിൽ നാൻ വിഴ്വേൻ.
വീഴ്വതുതാൻ നിച്ചയമേ; വെൺകനലിൽ നാൻ വിഴുവേൻ:
വാഴ്വതില്ലൈയൊരുവരോടേ മന്നവനൈത്താനൊഴിയ.''

ദൂതൻ ചെന്നു കന്നടിയന്റെ ഇങ്ഗിതമറിയിച്ചപ്പോൾ കുലശേഖരൻ—

''പണ്ടിരുന്ത കന്നടിയർ പാണ്ടിയരാചാക്കളോടേ
കൊണ്ടിരുക്ക വേണമെന്റു കൂറിവിട്ട തൊയമുണ്ടോ?''

എന്നു ചോദിച്ചു. ആ വിവരം കന്നടിയൻ അറിയുകയും പുത്രിയുടെ പ്രവൃദ്ധമായ പാരവശ്യം കാണുകയും ചെയ്തപ്പോൾ

''ഇണങ്കിയും താൻ പിണങ്കിയും താൻ എന്ന വകൈയാകിലും താൻ
മണംചെയ്യിപ്പേനുന്നക്കു, മകളേ, നീയും മലങ്കാതേ.''

എന്നു് അവളെ സമാധാനപ്പെടുത്തി. പിന്നീടാണു് കന്നടിയന്റെ യുദ്ധയാത്ര. ഇടയിൽ പല ഉപകഥകളും കൂട്ടിച്ചേർത്തിട്ടുണ്ടു്. കുലശേഖരൻ ഒരു വേശ്യയെക്കണ്ടു മോഹിച്ചു് അവളുടെ താമസസ്ഥലത്തുപോ

* മൊയ്, നെരുങ്ങിയ. f ഊൻ=ശരീരം.

Digitized By Kerala Sahitya Akademi

യി തിരിയെ പള്ളിയറയിൽ വരുമ്പോഴും പാട്ടുപാടിച്ചി പറയുന്ന വാക്കുക ളാണു് താഴെ ഉദ്ധരിക്കുന്നതു്.

''പാത്തിരുക്കും വേളയിലേ പാണ്ടിമന്നർ കുലശേഖരർ
കാത്തിരുന്ത കോട്ടയോടേ കട്ടകയങ്കേ ചെല്ലുവാരാം.
ചണ്ടയിട്ടകളവർ വന്തു താഴിവഴിമേൽ മറിത്തുക്കൊണ്ടു
കൊണ്ടുപോന പണ്ടമെല്ലാം കൊട്ടത്തുവിട്ട മറിതരൈപ്പോൽ
മങ്കനല്ലാൾ വീറ്റിരുക്കും മണ്ടപത്തിൽ വന്തിരുന്താർ.
വന്തിരുന്ത മന്നവർതൻ വളപ്പമെല്ലാം കേട്ടപോത
വന്തു*ചാമായ്പ്പെൺകൊടിയാൾ തെന്നവനോടേതു ചൊല്ലുവാൾ
തെന്നവനേ, മന്നവനേ, തെൻമതിരൈക്കാവലവാ!
മന്നവനേ, പാണ്ടിയനേ, മണ്ണൈവിട്ടു വിലക മന്നാ.
മുടപ്പുണിയുമെട്ടത്തണിന്തു മുഴുത്തുമിന്നപ്പാതിരാവും
ഇപ്പൊഴുതേ പോനവിടം എനക്കറിയച്ചൊല്ലു!''മെൻറാൾ.
''പാളയത്തിൽ fവേളയങ്കൾ പാത്തുവരപ്പോനേൻ നാൻ.''
''കയ്യിലിട്ട വളയലെങ്കേ കാല്പന്തിയുമെങ്കെ മന്നാ?''

*　　　*　　　*　　　*

''‡പന്നുതമിഴ്പ്പെൺകൊടിയേ, പാളയത്തിൽപ്പോറനേരം
കന്നിയിളംപെൺകൊടിയേ കഴററിവൈത്തുപ്പോനേൻ നാൻ''
''കഴററിവൈത്തുപ്പോനാക്കാൽ കരുവേലത്തിൽക്കാണാതോ?
§പൂരായം പറൈന്തീരോ പുകഴ്പെരിയ പാണ്ടിയനേ?
പാളയത്തിൽപ്പോറവർക്കു പരിമളങ്കൾ വീശിട്ടമോ?''

*　　　*　　　*　　　*

''പരദേശിയൈത്തൊട്ടവർകൾ പള്ളിയറയിലുമാകാതു''
†കാതിയവരിരുപേരും കൺചിറിത്തങ്കളിലേ
പള്ളിയറൈ വേറേയാനാർ! പട്ടക്കൈയെങ്കെ വേറെയാനാർ''.

ഒരു ചിത്തിരമാസം പതിനെട്ടാം തീയതിയായിരുന്നുവത്രേ രാജകുമാരി ശവത്തെ വിവാഹം ചെയ്തതു്. അവൾ

''എന്നാലേ പാണ്ടിമന്നർ ഇറന്തുവിട്ടാർ! മൂടാവുക്കൾ
ഇങ്കിരുന്താൽപ്പോരാതു ഇനി നമക്കപ്പോക്കമില്ലൈ''

എന്നും പറഞ്ഞുകൊണ്ടു്—

''താമ്രവർണ്ണിത്തെൻകരൈയിൽത്താമരക്കരൈയതിലേ
ചന്തണവും കാരകിലും തറിത്തു നല്ല കട്ടൈ കൂട്ടി''

അതിൽ തീയെരിച്ചു്—

''വെന്തെഴുന്ത തീക്കുഴിയിൽ മെല്ലിനല്ലാൾതാൻ നടന്താൾ
മാലൈക്കഴുത്തോടേ മഞ്ചണെപ്പൂച്ചോടേ''

---

* ചാമു്=പിശാചു്　　f വേളയം=സൽക്കാരം (താംബൂലദാനം).

‡ പന്നു്=പാടുന്ന　§ പൂരായം=പൊളി.　† കാതി=പിരിഞ്ഞു്.

Digitized By Kerala Sahitya Akademi

അഗ്നിപ്രവേശം ചെയ്തു. ആ കബന്ധത്തിൽനിന്നു ചെമ്പകക്കുട്ടി എന്ന ദുർദ്ദേവതയായി ആ സാധ്വി പുനരുത്ഥാനം ചെയ്തു. തനിക്കും തന്റെ പ്രാണനാഥനും ഓരോ അമ്പലം വേണമെന്നു കന്നടിയനു സ്വപ്നം കാണിക്കുകയും കന്നടിയൻ ആ അപേക്ഷ അനുസരിച്ചു വള്ളിയൂരിനടുത്തുള്ള ഒരു മലയിൽ രണ്ടു ക്ഷേത്രങ്ങൾ പണിയിക്കുകയും ചെയ്തു. ആ മലയ്ക്കു നാകച്ചിമലയെന്നാണ് ഇന്നും പേർ പറയുന്നത്.

**ഉലകുടപെരുമാൾ പാട്ട്:**— ഇതിനെ തമ്പുരാൻപാട്ടെന്നും പറയുന്നു. തെക്കൻ തിരുവിതാംകൂറിൽ ഊരൂട്ടമ്പലമെന്ന പേരിൽ ഇന്നും ചില ക്ഷേത്രങ്ങൾ കാണ്മാനുണ്ട്. ഊരൂട്ടമ്പലം എന്നാൽ ഊരുകാർ (ഗ്രാമജനങ്ങൾ) ഊട്ടും പാട്ടും നടത്തുന്ന അമ്പലമെന്നാണർത്ഥം. ഈ ക്ഷേത്രങ്ങളെ അധിവാസം ചെയ്യുന്ന മൂർത്തിയാണ്, ഉലകുടപെരുമാൾ അല്ലെങ്കിൽ ഉലകുടയ തമ്പുരാൻ. ഇവയിൽ മുൻകാലങ്ങളിൽ കുംഭമാസത്തിൽ കൊടിയേറവും ഉത്സവവും ഒടുവിൽ പട (പടയണി)യെന്ന പേരിൽ ഉലകുടയതമ്പുരാന്റെ യുദ്ധയാത്രാഭിനയവും ഉണ്ടായിരുന്നതായി കേട്ടുകേൾവിയുണ്ട്. ഇപ്പോഴും ചില ആഘോഷങ്ങൾ ഇല്ലെന്നില്ല.

**ഇതിവൃത്തം:**— പണ്ടു വൈകക്കര എന്ന സ്ഥലത്തു പാണ്ഡ്യമഹാരാജാവിന്റെ ബന്ധുക്കളായ അഞ്ചുരാജാക്കന്മാരും അവരുടെ സഹോദരിയായി മാലയമ്മ എന്നൊരു രാജകുമാരിയും താമസിച്ചിരുന്നു. ആ അഞ്ചുരാജാക്കന്മാരേയും പാണ്ഡ്യമഹാരാജാവു യുദ്ധത്തിൽ വെട്ടിക്കൊന്നു. സഹോദരിയെ തമ്പുപ്പെരുമാൾ എന്നൊരു രാജാവു വിവാഹം ചെയ്തു. ആ കുമാരി സന്താനലാഭത്തിനായി വൈകക്കര ഭദ്രകാളിയെ ഭക്തിപൂർവ്വം ഭജിക്കുകയും ആ ദേവിയുടെ അനുഗ്രഹത്താൽ ഗർഭം ധരിച്ചു കൊല്ലം 5-ാമാണ്ടു കന്നിമാസത്തിൽ വെള്ളിയാഴ്ചയും ഉത്രം നക്ഷത്രവും പൂർവ്വപക്ഷപഞ്ചമിയുംകൂടിയ ദിവസം ഒരു പുരുഷപ്രജയെ പ്രസവിക്കുകയും ചെയ്തു. ആ പ്രജയാണ് കഥാനായകൻ. ഉലകുടപെരുമാൾപാട്ടിൽ വൈകക്കരത്തായാരുടെ പള്ളിക്കെട്ടുകഥ, തിരുപ്പൂവാരുകഥ, ഭജനമിരുന്നകഥ, ഗർഭമുണ്ടായകഥ, ബാലൻ ജനിച്ചകഥ, എഴുത്തും പയറ്റും പഠിച്ചകഥ, കടലിൽപോര്, മുടിവെച്ചകഥ, മതിലിടിച്ചകഥ, വാളുവാങ്ങിയകഥ, പടനടപ്പ്, പാലംകെട്ട്, മുതൽപ്പോര്, രണ്ടാംപോര്, തൂക്കളുവ്, ഇങ്ങനെ ഒട്ടനേകം വിഭാഗങ്ങളുണ്ട്. ഈ വിഭാഗങ്ങളിൽ ഓരോന്നിലും മുപ്പത്തിമൂന്നു കാത (ഗാഥ) വീതമുണ്ടെന്നു പഴമക്കാർ പറയുന്നു. ഉലകുടപെരുമാൾ പതിനാറാമത്തെ വയസ്സിൽ രാജ്യാഭിഷിക്തനായി പതിനേഴുവർഷക്കാലത്തോളം അസാധാരണമായ വൈഭവത്തോടുകൂടി പ്രജകളെ പരിപാലനം ചെയ്തു. അഭിഷിക്തനായ ക്ഷണത്തിൽ കുലദേവതയായ ഭദ്രകാളിയെ തീവ്രമായ നിഷ്ഠയോടുകൂടി ആരാധിച്ചു. ദേവി യഥാവസരം പ്രത്യക്ഷീഭവിക്കുകയും ചെയ്തു.

Digitized By Kerala Sahitya Akademi

മുക്കിയ മുള്ളന മുടിയുമെകിറും * മുടിമേലേ ചൂടിന അരവണിയും
നാക്കിനിയെരിയുംപോൽ മിഴിയഴകും ആനയെട്ടനശയുന്ന കഴലും
തക്കറില്ലിട്ട പണിയും ചെവനകളും താലികൾ താനടവും മോതിരവും
കൈക്കിതമൊത്തന ആയുധമനവതി കൈത്താരിൽ പലപണിയുള്ള–
കണ്ടാർ''

ആ ഭയങ്കരമായ രൂപംകണ്ട പെരുമാൾ ഭദ്രകാളിയോട്ട് ഇങ്ങനെ നിവേദനം ചെയ്തു.

'ഓമനയായ് നമസ്കരിത്തങ്കിളകിനിന്നു
ഉലകുടപെരുമാളൊന്നറിയിത്തങ്കേ.
''ഏതുമതുചെയ്യേനെന്നോ എൻതായാരേ?
ഇക്കോലം ചമൈന്തുവരച്ചൊന്നതാരു?
ആമ്പളതാലരിയയനും§ ചിവനും †മാലും
ആനത്തുയിരും തേവന്മാരും മുനിയും വിണ്ണോർ
ചോമനെ മുൻചിടയിൽവൈത്ത പരമ്പിതാവും
ചൊല്ലിവിട്ടതുണ്ടോ കേളെന്നതായേ?
ഔവനത്താലീരെട്ടുക്കരമിണങ്ക
ആയുതങ്കളെടുത്തുവന്തതേതോ തായേ?
മൗവനത്താൽ വനമുടയ താരുകൻതാൻ
മാലയിട വന്തിവിടെ നില്പതുണ്ടോ?
എവ്വനത്താലന്നവനെ വതിത്തപോലേ
എന്നെയിന്നു കൊല്ലവന്താൽ നാനെൻ ചെയ്യുൻ.
കൈവനത്തിൽ കൊട്ടങ്കാനടിത്തിടിലും
കാതലുള്ള മരം മുറിന്നുപോകാതെന്നാർ
അക്കണത്താലെൻ തലമേലെഴുതിനവൻ
അല്ലയെന്നു പിന്നെ മറ്റെഴുത്തുവനോ?
ഇക്കണക്കായെന്തനെയുമുളവതാക്കി
ഇത്തനൈനാൾ വളത്തവളേ, തമ്പിരാട്ടി;
ഉൾക്കനത്താൽ മണ്ണുരുവം പിടിച്ചുവച്ചാ–
ലുടയ്ക്കനിനൈന്താലതുക്കൊരുമയുണ്ടോ?
അക്കനത്താലതിറവനല്ല നാനും;
അടിയനുക്കിങ്കടവാൾ തന്തരുളവേണമെന്നാർ.

ഇങ്ങനെ വാദിച്ച്, ഉടവാൾ, മാല, കിരീടം, മുതലായ പരിച്ഛദങ്ങൾ വാങ്ങി ('മാമർപഴിമീളകയ്യു') അമാത്യന്മാരെ വധിച്ചു പക തീർക്കുന്നതിനായി മധുരമഹാരാജാവിനോട്ട യുദ്ധം ചെയ്ത് അദ്ദേഹത്തിന്റെ ആറു സഹോദരന്മാരേയും വധിച്ചു. പരാജിതനായ പാണ്ഡ്യൻ പരദേവതയായ ചൊക്കനാഥസ്വാമിയെ ഭജിച്ചു. ചില വിശിഷ്ടവരങ്ങൾ വാങ്ങി വീണ്ടും പെരുമാളോട്ട യുദ്ധംചെയ്തു. ആ യുദ്ധത്തിൽ പെരുമാൾക്കു

* എകിറ്=വീരപ്പല്ല് § ഇന്ദ്രനും ബ്രഹ്മാവും † മാൽ=വിഷ്ണു

Digitized By Kerala Sahitya Akademi

ഭദ്രകാളി നല്കിയ വരം മുറിഞ്ഞുപോയി. ആ സമരത്തിൽ ഒരു പരാജയം കണ്ടാൽ പിന്നീട് പോർ തുടങ്ങരുതെന്നായിരുന്നു ദേവിയുടെ അരുളപ്പാട്. അതനുസരിച്ച് ചെമ്പനായകൻ പൂർവത്തിൽനിന്നു വൽക്കാലം പിൻവാങ്ങിയെങ്കിലും ഉത്തരക്ഷണത്തിൽ ഒരു യഥാർത്ഥക്ഷത്രിയവീരന് അത്യന്തം അസഹ്യമായ അപജയാവമാനത്തെ ഭയപ്പെട്ട് ആത്മഹത്യചെയ്തു. അന്ന് ആ ധീരോദാത്തന്റെ മുപ്പത്തിമൂന്നാമത്തെ ജന്മർക്ഷദിനമായിരുന്നു. മാലയമ്മയും മറ്റും പ്രാണത്യാഗം ചെയ്തു മകനെ പിൻതുടർന്നു. ഈ പാട്ടിന്റെ ആരംഭം താഴെക്കാണുന്ന വിധത്തിലാണ്.

"ഒന്നിനൊടൊത്ത മൈതാനിലേ മന്നരൈവർ
അവർ പടവെട്ടിയൊരു രാച്ചിയമുമാണ്ടു,
ഇന്നാട്ടുടനാനെ കതിരെതിരുള്ളകെട്ടി
ഇന്തിരനിലും പവനിയായവർ നടത്തി.
ചെമ്പവിഴം മുത്തിനൊട്ട മാലൈ വകയെല്ലാം
ചെമ്പൊന്നിണങ്കും തിരുമേനിയിലണിഞ്ഞു
തുമ്പമറവൈവരുമിരുന്തു പലകാലം.
ചുത്തമന്നരും പടയുമപ്പുരിചിൽവാഴ്ന്നാർ."

ഇവ പുരാതനമാണെങ്കിലും പാട്ടിനു വലിയ പഴക്കം കാണുന്നില്ല. 'കോലാഹലത്തോടു നല്ല പറങ്കികൾ' 'ചീനർതുലുക്കരും' 'ഊരിൽപ്പെട്ടപോന പറങ്കികൾക്കു'' 'ലന്തക്കരു' 'മുകിലത്തോക്കു'' ഇങ്ങനെയുള്ള പല പ്രസ്താവനകളിൽനിന്നും ഇതു തെളിയിക്കാവുന്നതാണ്. മഹാകവി കുഞ്ചൻ നമ്പിയാർ തന്റെ ചില തുള്ളക്കഥകളിൽ ഒരു ഉലകുടപെരുമാളെ സ്മരിക്കുന്നുണ്ടല്ലോ: അതു പ്രസ്തുതകഥാപുരുഷൻതന്നെയാണ്. ഘോഷയാത്ര ഓട്ടൻതുള്ളലിൽ

"മധുരയിൽ മന്നവനെന്നൊട്ടു ചെയ്തോരു
മതികപടങ്ങളശേഷമിദാനീം
മതിമാന്മാരാം മന്ത്രിവരന്മാർ
മതിയിൽ മറന്നിഹ മരുവീടുകയോ?

*          *          *          *

മാതുലരൈവരെ വെട്ടിക്കൊന്നൊരു
പാതകിയാമവനവനിയൊടിഞ്ഞു
പ്രേതപുരത്തിലിരിക്കണമിന്നതി-
നേതു മെനിക്കൊരു സംശയമില്ല."

എന്നും മറ്റുമുള്ള വരികൾ സൂക്ഷിച്ചു വായിച്ചാൽ ഈ വസ്തുത മനസ്സിലാക്കാവുന്നതാണ്. ഉലകുടപെരുമാളുടെ വാഴ്ചക്കാലത്ത് അദ്ദേഹത്തിന്റെ രാജ്യത്തു ലക്ഷ്മീഭഗവതി നർത്തനം ചെയ്തിരുന്നതായാണ് ഐതിഹ്യം; ആ ഐതിഹ്യത്തെ നമ്പിയാരും സ്മരിക്കുന്നു.

**പുരുഷാദേവിയമ്മപ്പാട്ട്:**—കുവലൂർ (നെയ്യാറ്റിൻകര കോവളൂർ) എന്ന ദേശത്തു ചെമ്പൻകുടി മന്നൻ എന്നൊരു രാജാവു ജനിച്ചു.

Digitized By Kerala Sahitya Akademi

നാട്ടിന്നു സമീപമുള്ള പെണ്ണരശ്ശുനാട്ടിലെ തമ്പുരാട്ടിയുടെ മകളായി പുരുഷാദേവി എന്നൊരു സ്ത്രീരത്നവും ജനിച്ചു. പുരുഷാദേവി ബാല്യത്തിൽ തന്നെ ആയുധവിദ്യയിലും അശ്വാരോഹണത്തിലും അത്യന്തം വിദഗ്ദ്ധയായിത്തീൎന്നു. ചെമ്പൻമുടിമന്നനു പുരുഷാദേവിയുടെ നാട്ടിൽക്കൂടി ഒരു തീൎത്ഥത്തിൽ സ്നാനംചെയ്യുവാൻ പോകണമെന്നു് ആഗ്രഹമുണ്ടായിരുന്നു. പുരുഷാദേവി തന്റെ പ്രാഭവത്തെ പ്രദൎശിപ്പിക്കുന്നതിന്നായി കോട്ടകളുറപ്പിച്ചു് അദ്ദേഹത്തിന്റെ മാൎഗ്ഗം നിരോധിച്ചിരിക്കുന്നതായി പ്രഖ്യാപനംചെയ്തു. അപ്പോൾ ആ രാജാവു് ഒരു വലിയ സൈന്യത്തോടുകൂടി പെണ്ണരശ്ശുനാട്ടിലേക്കു ചെല്ലുകയും അവിടെവെച്ചു് അദ്ദേഹവും രാജപുത്രിയുംതമ്മിൽ അതിഘോരമായ ഒരു യുദ്ധമുണ്ടാകുകയും ചെയ്തു. അന്നു് ആ മഹതിക്കു് ഒൻപതുമാസം ഗൎഭമായിരുന്നു. ഒടുവിൽ "പച്ചെച്ചപ്പാള പിളൎപ്പതുപോലെ" തന്റെ വയറു പിളൎന്നു കുഞ്ഞിനെ എടുത്തു് അതുകൊണ്ടു് ആ സ്ത്രീ രാജാവിനെ എറിഞ്ഞു. അപ്പോൾ ആ മാനിയായ ക്ഷത്രിയൻ "ചതിചെയ്തല്ലോ പുരുഷാദേവി" എന്നു പറഞ്ഞുകൊണ്ടു് വാൾമുനയിൽ ചാടി ആത്മഹത്യ ചെയ്തു. ആശ്ചൎയ്യധൈൎയ്യയായ പുരുഷാദേവിയുടെ മരണവും അപ്പോഴേക്കു കഴിഞ്ഞിരുന്നു.

**ആ പാട്ടിലെ ചില ഭാഗങ്ങൾ:**—താഴെക്കാണുന്ന വരികൾ തമ്പുരാട്ടിയുടെ പ്രസവവേദന വൎണ്ണിക്കുന്ന ഘട്ടത്തിലുള്ളതാണു്.

"മേനി കാൽ തരിക്കിതല്ലോ; മെയ്കളെല്ലാം നോകുതല്ലോ;
കാളകെട്ടും കയറതുപോൽ കട്ടുമുട്ടായ് വരുകുതടീ!"
"ഏത്ത പക്കം നോകുതമ്മാ! ഏന്തിഴയേ! തായാരേ?"
'വലത്തു പക്കം ഇടത്തു പക്കം വയറോടേ തരിക്കുതമ്മാ.'
മോതിരങ്ങളിട്ട മന്ത ‡മൊഴികളെല്ലാം നോകുതടീ!
പാടകങ്ങളണിയുമന്ത *പടങ്ങളെല്ലാം നോകുതടീ!
§കടയങ്ങൾ പോട്ടമന്ത— കൈകളെല്ലാം നോകുതടീ!
വാടാപ്പൂ വൈക്കുമന്ത വൈരമുടി നോകുതടീ!
ആടൈയുടുക്കുമന്ത അടിവയറു നോകുതടീ
പൊരുത്തെലുമ്പൊടു കുറുക്കെലുമ്പു പൊടിപൊടിയായ് നോകുതടീ!
ഒക്കെവെട്ടി നോകുതടി! ഉരിയാടപ്പോകുതില്ലെ.
ചാവേനോ പിഴെപ്പേനോ താർകുഴലേ †'മരുത്തുവമേ.'

വിളവംകോട്ടു താലൂക്കിൽ ചേൎന്ന മുഞ്ചിറപ്പടവീട്ടിൽനിന്നാണു് പുരുഷാദേവിക്കു് ഉടവാൾ വെട്ടു പഠിക്കുന്നതിനു രാജഗുരുവിനെ കൊണ്ടുപോകുന്നതു്. അതുകൊണ്ടു പെണ്ണരശ്ശുനാടു് ആററിങ്ങലും ചെമ്പൻമന്നൻ തീൎത്ഥാടനത്തിനു പോകുന്ന സ്ഥലം വൎക്കലയുമായിരിക്കുമോ എന്നു സംശയിക്കാവുന്നതാണു്. അനേകം ആയുധങ്ങളേയും പയററുകളേയുംപററി മററു പല തെക്കൻപാട്ടുകളിലുമെന്നപോലെ ഇതിലും പ്രസ്താവിക്കുന്നുണ്ടു്.

‡ മൊഴി=സന്ധി; * പടം=കാൽപ്പടം;
§ കടയം=കടകം. † മരുത്തുവം=സൂതികൎമ്മിണി;

Digitized By Kerala Sahitya Akademi

‘‘വാട്ടം തകരാത കൂവലൂരിൽ
വാളരശർ ചെമ്പൻ മുടിമന്നവർ
ചേട്ട†ത്തുടൻ കോട്ടൈ വഴിയായ്
തീർത്ഥമാടയിങ്കെ വരുവാരേ.’’
അന്തമൊഴി കേട്ടു പുരുഷാദേവി
അരൈന്തപെണ്ണരയാളോടേതുചൊല്ല്വാൾ
‘‘വാറാപടയോട്ട എതിർപൊരുതു
മാററാനൈ വെട്ടി വിരട്ടിടുവേൻ.
വാതു ചുതുമാക വന്തതുണ്ടാൽ
മന്നവനൈ വെട്ടിക്കളൈകൾ ചെയ്യേൻ.
എന്തൻ തീർത്ഥക്കരൈതനിലേ
എപ്പടി തീർത്ഥമാട വരുവാരിങ്കേ?
വെലമാക വന്തു തീർത്ഥമാടിനാക്കാൽ
വാളുക്കിരൈയാക ആക്കിടുവേൻ.’’

എന്നാണ് പുരുഷാദേവിയുടെ ഗർജ്ജനം. ചെമ്പൻമുടി മന്നവന്റെ ദൂതന്റെ പക്കൽ ആ രാജകുമാരി അയയ്ക്കുന്ന പ്രതിസന്ദേശത്തിൽ നിന്നു ചില വരികൾ ചുവടേ ഉദ്ധരിക്കുന്നു.

‘‘എന്തനുട നാട്ടു വഴി തീർത്ഥമാടപ്പോണമാനാൽ
ഏറിവാറ കുതിരൈയിറങ്കിവരവേണം,
ഇട്ടുവരും മിതിയടി കഴററി വരവേണം;
പിടിത്തുവരും മന്തിരവാൾ വൈത്തു വരവേണം.
കാലാളും *തുരൈപതിയും വിട്ടു വൈത്തു മന്നവരും
കാൽനടയായിങ്കവരലാമേ.
കോടി പടൈകൂടി മന്നർ തീർത്ഥമാടവരുകിലുമോ
കോഴിയിൻ കുഞ്ഞും പരുന്തുംപോലേ
കോട്ടൈ വിട്ടു വിരട്ടിടുവേനെന്ന’’

**അഞ്ചുതമ്പുരാൻപാട്ട്:**—കൊല്ലം 8-ാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്ന ചില തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾ തമ്മിലുള്ള അന്തഃഛിദ്രത്തെപ്പററിയാണ് അഞ്ചുതമ്പുരാൻപാട്ടിൽ പരാമർശിക്കുന്നത്. ഈ പാട്ടിൽ ചിരാട്ടുപോര്, മാടമ്പുകഥ, പെരുങ്കളത്തുപോര്, ഏർവാടിപ്പോര്, എന്നിങ്ങനെ നാലു ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു.

(1) ചിരാട്ടുപോര്:—പരരാമർ‡ എന്ന തമ്പുരാൻ ഓടനാട്ടു (കായങ്കുളത്തു) ശാഖയിൽപെട്ട ആദിത്യവർമ്മരെന്നും ഉണ്ണിക്കേരളവർമ്മരെന്നും രണ്ടു രാജകുമാരന്മാരെ വേണാട്ടിലേക്കു ദത്തെടുത്തു. അവർ പ്രകൃത്യാ സമരഭീരുക്കളായിരുന്നു.

---

† ചേട്ടം=ബലം. * തുരൈപതി=പ്രധാനസേനാപതി.

‡ ഇദ്ദേഹത്തെപ്പററി വേറെ രേഖകൾ കണ്ടിട്ടില്ല.

Digitized By Kerala Sahitya Akademi

"പടയറിയാരിടയറിയാർ;
പാരവെടിച്ചൊത്തം കേട്ടറിയാർ;
കുതിരത്തുള്ളിയവർ കണ്ടറിയാർ;
ക്രുക്കുവിളിച്ചൊത്തം കേട്ടറിയാർ;
ആനനടയവർ കണ്ടറിയാർ;
അസുര*വെടിച്ചൊത്തം കേട്ടറിയാർ."

അങ്ങനെയിരിക്കെ അദ്ദേഹം ഒരു യുദ്ധത്തിൽ മരിച്ചുപോയി. അക്കാലത്തു അവകാശി പരരാമർ ആദിത്യവർമ്മാ എന്നൊരു രാജാവായിരുന്നു. ഉത്തൃക്കു ആദിത്യവർമ്മാ (വഞ്ചി ആദിത്യവർമ്മ എന്നാണ് അദ്ദേഹത്തെ പറഞ്ഞുവരുന്നതു്) അർദ്ധരാജ്യം തനിക്കു കിട്ടണമെന്നു ശഠിച്ചു. രാജാവും മന്ത്രിമാരും അതിനു വഴിപ്പെട്ടില്ല. അപ്പോൾ പരേതനായ അമ്മാവന്റെ തിരുമാസം നടത്തുവാൻ സമ്മതിക്കുകയില്ലെന്നു വഞ്ചിആദിത്യവർമ്മരും ഉണ്ണിക്കേരളവർമ്മരും പറഞ്ഞു. രാജാവു കഴക്കൂട്ടത്തു പിള്ളയെ വരുത്തുവാൻ ആളയച്ചു. ഇരുപ്പുകൊടി ‡തെങ്കലയപ്പെരുമാളെന്നാണ് അദ്ദേഹത്തിനു പാട്ടിൽ കാണുന്ന പേർ. ദൂതൻ കഴക്കൂട്ടത്തു ചെന്നു കലയപ്പെരുമാളെക്കാണുന്നു.

"ഓട്ടൻ നാനൊന്റു കേട്ടപൊഴുതിലേ
ഉറങ്കിളകിയേ മൂന്തി വലിപ്പാരാം.
മൂന്തിവലിത്തന്തു നീട്ടതനൈവാങ്കി
മൂകത്തു കണ്ണിലൊററിപ്പിള്ളെ മകിഴവേ
വിള്ളെ മരുമക്കൾ കൈയിൽ കൊടുപ്പാരാം
പിരിയത്തുടൻ നീങ്കൾ വായിത്തിടുമെൻറു
വായിത്തിട്ടവരേ പിള്ളെമരുമക്കൾ.
വന്നച്ചിലയാളരുന്നിക്കേൾപ്പാരാം."

രാജാജ്ഞയുടെ താൽപര്യം ഗ്രഹിച്ചു് ഒരു വലിയ സേനയോടുകൂടി കലയപ്പെരുമാൾ കേരളപുരത്തേക്കു പോയി. താഴെക്കാണുന്നതു് അദ്ദേഹത്തിന്റെ പടപ്പുറപ്പാടിനെപ്പററിയുള്ള വർണ്ണനമാണ്.

"അന്വിനാലെ തെൻകലയനുയന്ന തണ്ടിയലിരുന്നുടൻ
അഴകിനൊടു പടയടി പരന്തപടി നികരണിക്കണിചെരുമിട
ചെരുമിടപ്പടസ്സിടയിൽനിൻറു ചിവിയാർകൾ തണ്ടിയലെടുപ്പാരാം
ചെന്നുടൻ തൊഴുതുനിന്ന മരുമക്കൾ നിന്ന തനിമയൈക്കണ്ടുടൻ
കണ്ടു തെൻകലയനാടനമ്പിനൊടു നല്ല പുത്തിമതി ചൊല്ലിയേ
കനകതണ്ടിയലൊടും പെരുമ്പടയിൽ മുന്നണിക്കണി നടപ്പാരാം
നടപ്പാരാം പടമേളവാത്തിയം വെല്ലവെല്ലെന്നു വിരുതൊടേ
വിരുതുകുമറിടവിരുതുടൻ പടൈ കഴൈക്കൂട്ടം വയൽ കടപ്പാരാം"

---

* അസുര=അസുര.

‡ ആ വീരനു് ഇരുനൂറുകൊടിയുണ്ടായിരുന്നതിനാലാണു് ഈ ബിരുദം ലഭിച്ചതു്.

Digitized By Kerala Sahitya Akademi

(2) മാടമ്പുകഥ:—കൊല്ലം 710-ാമാണ്ടിടയ്ക്കു വേണാടു ഭരിച്ചിരുന്ന സകലകലമാർത്താണ്ഡവർമ്മമഹാരാജാവിനു പലകലആദിത്യവർമ്മ എന്നൊരു അനന്തരവൻ ജനിച്ചു. ആദിത്യവർമ്മയ്ക്കു തിരുമാടമ്പിനുള്ള കാലം സമീപിക്കയാൽ അതു കഴിപ്പിച്ച വേഗത്തിൽ തിരുവിതാംകോട്ടു രാജധാനിയിലേക്കു കൂട്ടിച്ചുകൊണ്ടുപോകുവാൻ രാജപ്രതിനിധിയായി കഴക്കൂട്ടത്തു പിള്ള ആററിങ്ങലേക്കു പോകുന്നു. അമ്മതമ്പുരാൻ ആദ്യം പല തടസ്സങ്ങളും പറയുന്നു എങ്കിലും മനമുള്ളിപ്പണ്ടാല

''രാജഗോത്തിരത്തിൽപ്പിറന്നാലോ
അപിഷേകമൂടി വെക്കവേണം;
അപിഷേകമൊന്റു പിഴകിനാലോ
തിരുവായിത്തുക്ക†പ്പൊല്ലാതെയമ്മാ.''

എന്നുപദേശിച്ചതു കേട്ടു് അതിനു വഴിപ്പെടുകയാൽ പുത്രന്റെ തിരുമാടമ്പു നടത്തുകയും ചെയ്തു. ഒടുവിൽ വിട്ടുപിരിയാറാകുമ്പോൾ അമ്മ ''എന്നെ മറപ്പായോ ഇളവരശേ?'' എന്നു ചോദിക്കുകയും അതിനു മകൻ—

''എന്നും മറപ്പേനോ തിരുത്തായേ?
പൊററക്കോയിലുമാററങ്ങലും
*ആട്ടേയ്ക്കൊരുനാൾ വന്നടിയൻ
തൊഴുതുകൊണ്ടു പോറേനല്ലോ''

എന്നു മറുപടി പറയുകയും ചെയ്യുന്നു. സകലകല കൊല്ലം 718-ലും പലകല 719-ലും മരിച്ചതായി കാണുന്നതിനാൽ അഞ്ചുതമ്പുരാൻ പാട്ടിലെ ചീരാട്ടുപോരു നടന്ന കാലം അതിനു പിന്നീടാണെന്നു പറയേണ്ടിയിരിക്കുന്നു.

(3) പെരുങ്കുളത്തുപോരും, (4) ഏർവാടിപ്പോരും:—ദേശിങ്ങനാട്ടു (കൊല്ലം) ശാഖയിൽപ്പെട്ട ചങ്കിലിമാർത്താണ്ഡവർമ്മാ എന്ന രാജാവു് ആ നാടു വാണിരുന്ന രവിവർമ്മാവിന്റെ സഹൃപർവ്വതത്തിനു കിഴക്കുള്ള ദേശങ്ങൾ അടക്കി അദ്ദേഹത്തെ പലവിധത്തിൽ കഷ്ടപ്പെടുത്തി. രവിവർമ്മാ സകലകലമാർത്താണ്ഡവർമ്മാവിനെ ശരണം പ്രാപിക്കുകയും മാർത്താണ്ഡവർമ്മാ പലകലആദിത്യവർമ്മാവിനെ അദ്ദേഹത്തിനു തുണയായി അയച്ചുകൊടുക്കുകയും ചെയ്തു. പെരുങ്കുളത്തും ഏർവാടിയിലുംവച്ചു നടന്ന യുദ്ധങ്ങളിൽ ആദിത്യവർമ്മാ കലയപ്പെരുമാളുടെ സഹായത്തോടുകൂടി ചങ്കിലിയെ തോല്പിച്ചു. തിരിയെ വന്നപ്പോൾ അദ്ദേഹത്തിനു മൂപ്പേററാൽ കൊള്ളാമെന്നൊരു ദുരാഗ്രഹം മനസ്സിൽ തോന്നി ആഭിചാരപ്രയോഗംകൊണ്ടു സകലകലയെ പരേതനാക്കി. അതറിഞ്ഞു കഴക്കൂട്ടത്തുനിന്നു് ഓടിയെത്തിയ കലയപ്പെരുമാളെയും കന്നൻ പുലിക്കൊടി ഇരവിപ്പിള്ള എന്ന മന്ത്രിയുടെ ഏഷണിക്കു വശംവദനായി കൊല്ലിച്ചു. പക്ഷേ ആ ദുഷ്കർമ്മങ്ങളുടെ ഫലം അദ്ദേഹം ഉടൻതന്നെ അനുഭവിക്കാതിരുന്നില്ല. പളുകൽ പെരുമണ്ണാന്റെ

† ആയിത്തുക = ആയുസ്സിനു്.      * ആട്ടേയ്ക്കു് = ആണ്ടേയ്ക്കു്.

Digitized By Kerala Sahitya Akademi

"മാമനക്കു വിട്ടൊരു പേയ്
മരുകനിടത്തിലും ചെല്ലുവാരാം."

ആ ബാധ ആരുടെ കൈക്കു് ഒഴിവുമെന്നു പ്രശ്നം വയ്പിച്ചതിൽ പരിശ്രുവൈക്കൽ പാമണ്ണാന്റെ കൈക്കു് ഒഴിവുമെന്നു കണ്ടതിനാൽ അയാളെ ആളയച്ചു വരുത്തി; ആ മന്ത്രവാദി ബാധയെ പിടിച്ചുകെട്ടിക്കൊണ്ടു പോയി. എന്നാൽ വഴിയിൽവച്ചു് ഇരവിപ്പിള്ള തങ്ങളെ ചില മാററാർ തീണ്ടിയതു് എന്തിനെന്നു് അയാളോടു കയർത്തതിനാൽ

"പേമൂട്ടിയടിത്തുടൈത്തു–
പ്പേ തിരിയെ വിട്ടകുതാരാം."

ആ ബാധ തിരികെ വന്നു പലകലആദിത്യവർമ്മാവിനേയും കൊന്നു. തദനന്തരം അവരെല്ലാം ദുർദ്ദേവതമാരായിത്തീർന്നു് ഇരവിപ്പിള്ളയെ സകുടുംബം വധിക്കുകയും ഒടുവിൽ ഭക്തന്മാർ കഴിപ്പിച്ച ഊട്ടും പാട്ടും പററി ഓരോ സ്ഥാനങ്ങളിൽ അമരുകയും ചെയ്തു. ഇരുപ്പുക്കൊടമാടൻ എന്ന പേരിലാണു് കഴക്കൂട്ടത്തു പിള്ളയെ ജനങ്ങൾ വന്ദിച്ചുതുടങ്ങിയതു്.

അഞ്ചുതമ്പുരാൻപാട്ടിൽ പ്രസ്താവിക്കുന്ന ചില സംഭവങ്ങൾക്കു് അനുപപത്തി കാണുന്നുണ്ടെങ്കിലും അതു് ആകെക്കൂടി നോക്കുമ്പോൾ തിരുവിതാംകൂർചരിത്രം സംബന്ധിച്ചു് ഒരനർഘമായ നിധികുംഭമായി പരിലസിക്കുന്നു. വളരെ ദീർഘമായ ആ കൃതിയിൽനിന്നു ഞാൻ ഏതാനും ചില വിവരങ്ങൾ മാത്രമേ ഇവിടെ പ്രദർശിപ്പിച്ചിട്ടുള്ളു. സകലകലമാർത്താണ്ഡവർമ്മാ, പലകലആദിത്യവർമ്മാ, പരരാമർ, പരരാമാദിത്യർ, വഞ്ചിആദിത്യവർമ്മാ, ഈ അഞ്ചു രാജാക്കന്മാരെപ്പററി പ്രസ്താവിക്കുന്നതു കൊണ്ടായിരിക്കണം അതിനു് അഞ്ചുതമ്പുരാൻപാട്ടെന്നു പേർ വന്നതു്.

**ഇരവിക്കുട്ടിപ്പിള്ളപ്പോരു്:**—ഈ പാട്ടിനു കണിയാകുളത്തുപോരെന്നും പേരുണ്ടു്. തെക്കൻപാട്ടുകളിൽ ഇത്ര പ്രസിദ്ധി മറെറാരു ഗാനത്തിനും ഇല്ല. മധുരയിലെ നായകരാജവംശത്തിന്റെ നടുനായകമായ തിരുമലനായക്കർ കൊല്ലം 810-ാമാണ്ടു തിരുവിതാംകൂർ വാണിരുന്ന രവിവർമ്മകുലശേഖരനെ കീഴടക്കുവാൻ ഒരു വലിയ സൈന്യത്തെ നിയോഗിച്ചു. ആദ്യത്തെ യുദ്ധത്തിൽ ആ സൈന്യം തോല്ക്കുകയും അതിന്റെ നായകനായ വേലയ്യൻ ഹതനാകുകയും ചെയ്തു. അതു കേട്ടപ്പോൾ മധുരയിലെ പ്രധാനസേനാപതിയായ രാമപ്പയ്യൻ തന്റെ സ്വാമിയുടെ ആജ്ഞ വാങ്ങി "പഴിക്കു പഴിമീളുന്ന"തിനായി പണകുടിയിൽ വീണ്ടും പടശേഖരിച്ചു പാളയമടിച്ചു താമസിച്ചു. രവിവർമ്മാവിനു കല്ക്കുളത്തു് ഏഴു മന്ത്രിമാരുണ്ടായിരുന്നു. അവരിൽ "പുകൾപെററ കേരളപുരമെന്നമരും പുരമതിൽവാഴും മുഖ്യനതാകിയ രാജൻതന്നുടെയുറെറാരുസുതനായ് വന്നുജനിച്ച നല്ലിരവിപ്പിള്ളൈ"യായിരുന്നു പ്രധാനൻ. മാർത്താണ്ഡൻ ഇരവിക്കുട്ടിപ്പിള്ള എന്നപേരിൽ സുവിദിതനായ ആ രാജപുത്രൻ ആപത്തിനെ തൃണീകരിച്ചു സ്വാഭിമാനസമ്പന്നനായ രാമപ്പയ്യനോടു കണിയാകുളം പോർക്കളത്തിൽ എതിരിട്ടു വെട്ടിമരിച്ചു വീരസ്വർഗ്ഗം

Digitized By Kerala Sahitya Akademi

വൎണ്ണിക്കുന്നതാണു് ഈ പാട്ടിലെ ഇതിവൃത്തം. ഈ കന്നടിയൻപോരുപോലെ അനുവാചകന്മാരെ ആപാദചൂഡം കോൾമയിർക്കൊള്ളിക്കുന്ന ഒരു ഗാനമാകുന്നു. ചില ഭാഗങ്ങൾ ഉദ്ധരിക്കാം. പ്രയാണത്തിന്റെ തലേദിവസം രാത്രിയിൽ ഇരവിക്കുട്ടിപ്പിള്ളയുടെ അമ്മയും ഭാൎയ്യയും പല ദുസ്സ്വപ്നങ്ങളും കാണുന്നു. പിറേറന്നു കാലത്തു് അമ്മ ആ രാജഭക്തനായ രണശൂരനെ പലപ്രകാരത്തിലും പിന്തിരിപ്പിക്കാൻ നോക്കീട്ടും സാധിക്കാത്തതിനാൽ ആ കാൎയ്യത്തിനു ഭാൎയ്യയെ പറഞ്ഞയയ്ക്കുന്നു. ഭാൎയ്യയും ഭൎത്താവുമായി നടക്കുന്ന സംഭാഷണത്തിലെ ചില വരികളാണു് താഴെ ചേൎക്കുന്നതു്.

''നാടീ നീ പൊൻകൊടിയേ—ഉൻ കണവാളൻ പടൈ പോറാർ''
കേട്ടാളേ പൊൻകൊടിയും
കെട്ടമതിയെതാൻ നിനൈന്തു.
പഞ്ചരത്താച്ചേലൈതന്നെ
പൈങ്കൊടിയാൾ കൊയ്തുടുത്താൾ.
ചിന്തിയിൻ കുടമൈശൈയ
ചെല്ലിനല്ലാൾ പിള്ളൈ മുന്നേ
വാണുതലാൾ വന്തുനിന്റു
മന്തിരിയോടേതുചൊല്ലുവാൾ.
''എൻ കാന്തനാം പത്താവേ! നീ—
രിൻറുപടൈ പോകവേണ്ടാം.
നേററിരവു പഞ്ചണൈമേൽ
നിത്തിരൈയൊടുറങ്കയിലേ
പാത്തിരുക്കച്ചൊപ്പനം വന്തു
പത്താവൈക്കൊട്ട*പോകക്കണ്ടേൻ
ആലമരം മുട്ടോടെ
അടിനാകണ്ടു വിഴവും കണ്ടേൻ.
വാതുക്കൽ നീരാഴി
വരമ്പടിത്തു നികരക്കണ്ടേൻ.
കണ്ട കിനാവതനൈയും
കാവലൎക്കപ്പൊല്ലാതു.
പൊല്ലാത കനവു കണ്ടാൽ—പ്പടൈ പോവർകളോ പോർവേന്താ?''
''പടൈ പോകാതിങ്കിരുന്താൽ
പാരിലുള്ളോർ നകൈയാരോ?
ഇന്തപ്പടൈ പോകാതിങ്കിരുന്താ—
ലിരവികുലത്തുക്കിഴുക്കല്ലവോ?
ഏഴുകടലപ്പുറത്തി—
ലിരുമ്പറൈക്കുള്ളിരുന്താലും
എമരാജദൂതർ വന്താ—
ലില്ലൈയെൻറാൽ വിട്ടുവാരോ?
കല്ലാലേ കോട്ടൈ കെട്ടി
കല്ലറൈക്കുള്ളിരുന്താലും
കാലനുടയാള് വന്താൽ
കണ്ടില്ലൈയെൻറാൽ വിട്ടുവാരോ?
നമരാജദൂതർ വന്താൽ
നാളൈയെൻറാൽ വിട്ടുവാരോ?
വിളൈന്ത വയലറുപ്പുതുക്കു
വിചാരപ്പെടവേണ്ടാം കാൺ.''

യുവരാജാവായ മാൎത്താണ്ഡവൎമ്മാവിന്റെ അനുമതി വാങ്ങി യുദ്ധത്തിനൊരുങ്ങിപ്പുറപ്പെടുന്ന ആ വീരനെക്കണ്ടു പൌരസ്ത്രീകൾ ആനന്ദപാരവശ്യംപൂണ്ടു പാടുന്ന കുമ്മിയിലെ ഒരു ഭാഗമാണു് അടിയിൽ ചേൎക്കുന്നതു്.

''പടൈക്കുപ്പോറാരിരവിപ്പിള്ളൈ പമ്പരുത്തുക്കൂടൈ ചെരുമ
കൂടൈക്കുത്താഴേയിരവിപ്പിള്ളൈവാറ കോലുവെപ്പാരടി തോഴിപ്പെണ്ണേ!
നങ്ങേലി, കോതാ, യിരവിക്കുട്ടീ, നാണിയേ, നീലമാ,യയ്യക്കുട്ടീ,
തങ്കളിൽ തങ്കവളൈകിലുങ്ക—ഇന്നും തൈയത്തുക്കുമ്മിയടിപ്പോമടീ.

* കൊട്ടുന്നതുകണ്ടു.

Digitized By Kerala Sahitya Akademi

ചമിപ്പിട്ടക്കോതിത്തലൈമുടിത്തു—നല്ല ചിങ്കാരക്കണ്ണുക്ക മയ്യെഴുതി
കാപ്പിട്ട കൈയിൽ വളൈ കിലുങ്ക—ഇന്നും കുപ്പിട്ട കമ്മിയടിയുങ്കടി,
കമ്മിയടി പെണ്ണേ കമ്മിയടി, കോമളങ്കയ്യെക്കലുക്കിയടി.
എന്നൊപ്പം കമ്മിയടിക്കാട്ടാമൂന്നൈ—യീത്തപ്പടപ്പിലെറിന്തിട്ടവേൻ.
മുത്തുപ്പതിത്ത തലപ്പാവാം—നല്ല മോകനപ്പല്ലാക്ക വാകനമാം
തന്തപ്പല്ലാക്കിലേയേറിക്കൊണ്ടേങ്കൾ തളവാ വാറതൈപ്പാരുങ്കടി.

* * * *

ചുട്ടിക്കുതിരൈമേലേറിക്കൊണ്ടു—പിള്ളൈ തുലുക്കവേഷവും പോട്ടു-
കൊണ്ടു
പട്ടാണിമാരുടൻ കൂടിക്കൊണ്ടു പടൈക്കു പോറതൈപ്പാരുങ്കടീ.
കാരിക്കുതിരൈയാം കാലാളാം—നല്ല കാഴുക്കപ്പപ്പത്തു വെണ്ടയമാം*
കാരിക്കുതിരൈ പുറപ്പെട്ടപോതു ചളക്കാട്ടുക്കോട്ടൈ കിടുങ്കിടുമേ!!''

യുദ്ധത്തിൽ കുതിരയിൽനിന്നിറങ്ങി പിള്ള ഒരു പട്ടാണിയെ കുത്തുമ്പോൾ അനേകം രാകുത്തന്മാർ അദ്ദേഹത്തെ വളഞ്ഞുകൊന്നു. അന്നു് ആ സേനാനിക്കു മുപ്പത്തിരണ്ടാമത്തേതായിരുന്നു വയസ്സു്. മരിച്ചതു് 810-ാമാണ്ടു മിഥുനമാസം 18-ാംനു-യുമാണു്. അദ്ദേഹത്തിൻെറ തല വെട്ടിയെടുത്തു പട്ടിൽ പൊതിഞ്ഞു തിരുമലനായ്ക്കരുടെ മുന്നിൽ ഭടന്മാർ കൊണ്ടുചെന്നപ്പോൾ ആ ധീരോദാത്തൻ വളരെ വ്യസനിച്ചു.

''അയ്യോ! ഇന്തത്തുരൈയൈപ്പോലെ
അറനിതന്നിൽപ്പാത്താലൊരുവരുണ്ടോ?
നാട്ടതന്നിലിന്ത ഇരവിയൈപ്പോൽ
നല്ല മന്തിരിമാർകളുണ്ടോ?
ഓട്ടതന്നിലിരുന്തുണ്ട അയ്യൻ
ഉലകിൽ പടൈത്താനോ ഇരവിയൈത്താൻ?
വൈയം പുകഴുമിവരുടയ
വജ്രപ്പണിയിട്ട കാതഴകും
കോതിമുടിത്ത തോർമുടിയഴകും
കൂണ്ട കസ്തൂരിപ്പൊട്ടഴകും
കാതിൽത്തരിത്ത തോർമുത്തഴകും
കൈയിൽ പിടിത്ത തോർവാളഴകും
കൈയുമെഴുമ്പിത്തോ ഇവരൈവെട്ട?
കണ്ടവർമനമുമിരങ്കാതോ?
പോതമറിയാത രാമപ്പയ്യൻ
പോരിൽച്ചതിയാക കൊന്നുപോട്ടാർ.''

പ്രേതമടക്കുന്നതിനു മുമ്പു കഥാനായകൻ അഞ്ചു വയസ്സുമുതൽ എടുത്തു വളർത്ത കുഞ്ചാകോട്ടു ചക്കാലകാളിനായർ രാമപ്പയ്യൻെറ പാളയത്തിൽ ചെന്നു് ആ തല തിരിയേ വാങ്ങിച്ചുകൊണ്ടുവരുന്ന ഭാഗവും മററും അത്യന്തം പുളകപ്രദമാണു്.

* വെണ്ടയം=പാദകടകം.

Digitized By Kerala Sahitya Akademi

**പഞ്ചവൻകാട്ടുനീലിയുടെ പാട്ടു്:**—പഴയനല്ലൂർ അമ്മയപ്പൻകോവിലിലെ ഒരു ദാസി ക്ഷേത്രകൈങ്കര്യങ്ങൾ കഴിഞ്ഞു് ഒരു ദിവസം തൻെറ ഗൃഹത്തിലേക്കു തിരിയെപ്പോകുമ്പോൾ ആ കോവിലിലെ ശാന്തിക്കാരനായ നമ്പി അവളെക്കണ്ടു മോഹിച്ചു. അവൾ ആ മൂഢനെ വശീകരിച്ചു സർവസ്വവും കൈക്കലാക്കി. പണമില്ലാതെയായപ്പോൾ ആ ദാസിയുടെ അമ്മ ഇറങ്ങിപ്പോകാൻ പറഞ്ഞു. നൈരാശ്യത്തോടുകൂടി അയാൾ ആ ദേശം വിട്ടു. അപ്പോഴേക്കു പശ്ചാത്താപാർത്തയായ ദാസി അയാളെ പിന്തുടന്നു. വഴിക്കുവച്ചു് അന്തർവത്നിയായ അവളുടെ ആഭരണങ്ങളെല്ലാം അഴിച്ചെടുത്തു നമ്പി അവളെക്കൊന്നു. അടുത്തുനില്ക്കുന്ന ഒരു കള്ളിച്ചെടിയെ സാക്ഷിയാക്കിക്കൊണ്ടാണു് അവൾ പ്രാണത്യാഗം ചെയ്തതു്. അത്യുൽകടമായ ആ പാപത്തിൻെറ ഫലം ഘാതകൻ അടുത്ത നിമിഷത്തിൽത്തന്നെ അനുഭവിച്ചു. ദാഹം തീർക്കുവാൻ ഒരു കിണററിൽനിന്നു വെള്ളം കോരിക്കൊണ്ടിരിക്കവേ ഒരു പാമ്പു കടിച്ചു് അയാൾ മരിക്കുകയും ആഭരണപ്പൊതി കിണററിൽ വീഴുകയും ചെയ്തു. അടുത്ത ജന്മത്തിൽ നമ്പി ചോളദേശത്തിൽ ആനന്ദൻ എന്ന ചെട്ടിയായും ദാസി നീലിയെന്ന ബാധയായും ജനിച്ചു. നീലി ഒടുവിൽ ആനന്ദൻെറ വയറു പിളന്നു് അവിടെ ഒരു പന്തം നാട്ടി താൻ കൈക്കുഞ്ഞാക്കിയിരുന്ന കള്ളിക്കൊമ്പും അവിടെ നട്ടു് ആകാശത്തേക്കു പറന്നുപോയി. ശാന്തിക്കാരൻ ദാസിയെ കൊന്നതു് അഗസ്തീശ്വരം താലൂക്കിൽ പെട്ട കള്ളിയങ്കാട്ടു് എന്ന സ്ഥലത്തുവച്ചായിരുന്നു. അവിടെ ഇന്നും പഞ്ചവൻകാട്ടു് ഇശക്കി എന്ന ദുർദ്ദേവത കുടിയിരിക്കുന്ന ഒരു ക്ഷേത്രമുണ്ടു്. ആ പാട്ടിൽനിന്നു് ഒരു ഭാഗം താഴെ ചേർക്കുന്നു.

''കൊട്ടുക്ക മുതലില്ലാമൽ
അടുത്ത നാളിൽ വേളയിലേ
കൈപ്പൊരുളുമില്ലാമൽ
നിറവില്ലാപ്പാതകത്തി
മറയോനൈക്കണ്ടു പിറവു
'അരക്കാശു കിടയാതേ
ചിരിത്തു വിളയാടുവതും
കഴുകടിയിൽ നാപോലെ
നേരാക വേതിയൻതൻ
നാരുമെൻറു ചൊല്ലാമൽ
'കൂത്താടുമവർ വീടു
ഉത്തരവുമില്ലാമൽ
ചെത്തവനേ, പാപ്പാനേ,
കിഴവിയുടെ പേച്ചൈയെല്ലാം
അഴുതുകൊണ്ടു്, അവനുടയ
കൂറിവന്ത മറയോനും
അവാംവീട്ടിൽ പോയിരുന്താൻ.
കാതലിയാൾ കാണവില്ലൈ.
നിഷ്ഠൂരത്തായ്ക്കിഴവി
മകളോടേ ചണ്ടയിട്ടാൾ.
ആൺപിള്ളൈയോടിരുന്തു
തിനന്തിനമായലക്കൊടുപ്പും
കാത്തിരുന്തും തൂങ്കുകിറായ്.'
നെഞ്ചുനേരേ കാൽ നീട്ടി
വാർത്തൈകൂറാതേയിരുന്താൾ.
കൊണ്ടുകാണിയോ ഉനക്കു?
ഓയാതേ വരുവാനേൻ?
തിണ്ണൈവിട്ടു് എഴുന്തിരെടാ.'
കേട്ടിരുന്ത മറയോനും
അകരമതിൽപ്പോകാമൽ,

Digitized By Kerala Sahitya Akademi

കൊണ്ടാടിപ്പൂചെ ചെയ്യും
പട്ടണത്തെ വിട്ടിറങ്കി
കോവിലുകളും പോകാമൽ,
ദൂരദേശം പോനാനോ.''

**മററു ചില പാട്ടുകൾ:**—ഇനിയും (1) ഉദയഗിരിക്കോട്ടയിൽ അരശിൻമുട്ടിൽ അഗ്നിപ്രവേശംചെയ്ത സതി ചെമ്പകവല്ലി മുതലായി പല സ്ത്രീരത്നങ്ങളേയും (2) കവിശ്രേഷ്ഠനായ കോട്ടയത്തു തമ്പുരാൻ തുടങ്ങി പല പുരുഷകേസരികളേയുംപററി പാട്ടുകളുണ്ടു്. അവയെ സ്ഥലദൌർല്ലഭ്യത്താൽ ഇവിടെ പരാമർശിക്കുന്നില്ല. കോട്ടയത്തു തമ്പുരാനെപ്പററിയുള്ള പാട്ടിനു പുതുവാതപ്പാട്ടു് എന്നാണു് പേർ പറയുന്നതു്. പഞ്ചവൻകാട്ടുനീലി, ചെമ്പകവല്ലി, പുതുവാത, ഇരവിക്കുട്ടിപ്പിള്ള ഈ നാലു പാട്ടുകളിൽനിന്നു് അനേകം ഭാഗങ്ങൾ ഞാൻ സാഹിത്യപരിഷത്ത്ത്രൈമാസികത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടു്.

**ചരിത്രമാത്രപരങ്ങളായ ഗാനങ്ങൾ:**—ദേശചരിത്രത്തെമാത്രം പ്രതിപാദിക്കുന്ന വേറേ ചില പാട്ടുകളുണ്ടു്; അവയെക്കൊണ്ടു പാരത്രികമായ ഫലമൊന്നും തൽക്കർത്താക്കൾ ഉദ്ദേശിച്ചിട്ടില്ല. അതാതരത്തിലുള്ള പാട്ടുകളാണു് (1) വലിയതമ്പി കുഞ്ചുത്തമ്പികഥ. (2) ധർമ്മരാജാവിന്റെ രാമേശ്വരയാത്ര. (3) ദിവാൻവെററി മുതലായവ. തിരുവിതാംകൂറിലെ വീരമാർത്താണ്ഡവർമ്മമഹാരാജാവിനും അദ്ദേഹത്തിന്റെ മാതുലനായ രാമവർമ്മമഹാരാജാവിന്റെ പുത്രന്മാരായ വലിയതമ്പി, കുഞ്ചുതമ്പി, ഇവക്കും തമ്മിലുണ്ടായ വിരോധത്തിന്റെ കാരണവും, തന്നിമിത്തം രാജ്യത്തിൽ സംഭവിച്ച അന്തശ്ഛിദ്രവും, തമ്പിമാരുടെ വധവും മററുമാണു് ഇവയിൽ ആദ്യത്തെ പാട്ടിൽ വർണ്ണിക്കുന്നതു്. ഒരു ഭാഗം ഉദ്ധരിക്കാം. തമ്പിമാരുടെ അകാലമരണം കേട്ടു് അവരുടെ മാതാവു വ്യസനിക്കുകയാണു്.

''പട്ടുവിട്ടാരെന്റ വാളെത്ത
ചുട്ടുവിട്ട മെഴുകതുപോൽ
പട്ടുവിട വരുകന്നെമ്പാൾ
കട്ടിവൈരത്ത പൊന്നതുപോൽ
വീട്ടുവിട്ടേൻ നാനൊരു നാൾ
ഇങ്കിരുന്താൽ പലനമില്ലെ;
കൊതിക്കുതല്ലോ വയററുതാൻ
അഴുതാളേ തായാരും
പെററ വയർ കൊതിക്കുതല്ലോ
പററിവയറെരിയുതല്ലോ
* *
അഴുതാളേ തായാരും
* *
അഴുതാളേ എൻ പിറപ്പേ,
* *
മന്നരുടൻ പകൈത്തവർകൾ

പൈന്തൊടിയാൾതാൻ കേട്ടു
ചോർന്നു ഉടൽ തള്ളാടി.
പാലകരൈക്കാണാമൽ
കളൈന്തേനേ എന്മകനൈ.
വീത്തിരുന്താലെന്ന പലൻ?
ഇറന്താലും പലനമില്ലെ;
കുഞ്ചുതമ്പീയെൻറഴുതാൾ.
ആണഴകാ വലിയ തമ്പീ,
പുത്തിരരൈക്കാണാമൽ.
പറപ്പാകത്തോൻവതല്ലോ.
* *
ആയിഴയാൾ തങ്കയരും
* *
ആരു തുണൈ എന്തനക്കു?
* *
വയ്യകത്തിലിരിപ്പതുണ്ടോ?''

Digitized By Kerala Sahitya Akademi

ധർമ്മരാജാവെന്ന വിശിഷ്ടബിരുദത്താൽ പ്രഖ്യാതനായ രാമവർമ്മ മഹാരാജാവു 959-ൽ രാമേശ്വരത്തേക്കു തീർത്ഥസ്നാനത്തിനു് എഴുന്നള്ളിയതിനെപ്പററിയുള്ള ഒരു പാട്ടാണു് രാമേശ്വരയാത്ര. ഇതും എന്റെ ഒരു ഉപന്യാസത്തിനു വിഷയീഭവിച്ചിട്ടുണ്ടു്. ദിവാൻവെററി എന്നതു രാമവർമ്മ മഹാരാജാവിനോടും ദിവാൻ കേശവദാസനോടും മഹിമകളെ വാഴ്ത്തുന്ന ഒരു ഗാനമാകുന്നു. അതു തോവാളത്താലൂക്കിൽ പെട്ട ചെമ്പകരാമൻ പുതൂരിൽ തിരുവാനന്തം എന്ന ഒരു കവിയുടെ കൃതിയാണു്; അതിന്റെ നിർമ്മിതി കൊല്ലം 970-ാമാണ്ടു തുലാമാസം 28-ാംനു-യുമാണു്. മഹാരാജാവു് ആലുവായിൽ അനുഷ്ഠിച്ച യാഗത്തെപ്പററി കവി ഇങ്ങനെ വർണ്ണിക്കുന്നു.

"ഉരൈതേറി രാമവർമ്മരുലകെല്ലാം നലമതാക-
ത്തരൈ പുകഴാല് വായെൻറു തലമതിലില്ലും കട്ടി
നിരൈ പുകഴ്വൊംവിയാകം നിറവേററ വേണമെൻറു
തിരൈ കടല് തുയല് മാല്വന്തു തെരിചനം ചാതിത്താരെ
താരണി പുകഴും വേന്തർ തമ്മാൽ രാമവർമ്മർ
നേർതരും മന്ത്രിമാർക്കും രകചിയച്ചെയ്തിചൊല്ലി
പാർ പുകഴാല്വായ് തന്നിൽ പതിനെട്ടു ഇല്ലങ്കട്ടി
ചീർ പുകത്താനംചെയ്തു ജയവോംവിയാകം ചെയ്താർ"

ടിപ്പുവിന്റെ സന്ദേശമാണു് താഴെക്കാണുന്നതു്.

"മെയ്ത്തതോർ പെരുമ്പടൈപ്പുവേന്തനുമറിന്തിരുക്ക
ത്തിചേരയ്തർ ടിപ്പു തളകർത്തൻ പടചിച്ചായ്പു
അത്തലംതന്നിൽ വന്തു അരചരെക്കൂടിക്കണ്ടു
ഉത്തതോർ ടിപ്പുചൊന്നു ഉവതിയെയറിവിത്താനേ."
"അറിവുടൻ നീതികൾ വേണമതു തരവില്ലെയാനാൽ
ക്കുറിയുടൻ പടൈയെഴുമ്പിക്കോട്ടൈയിൽ വരുവോമെന്ന."
"അറിവുള്ള ചിങ്കത്തിൻ പാലാനൈ വന്തെതിക്കുമാകില്
തെറിപട്ടം യാനൈ തോക്കും ചിങ്കമേ വെല്ലു"മെൻറാർ.
"വെല്ലുവോമെതിർപ്പാനാകിൽ, വെരുട്ടുവോം വെരുട്ടിയോട്ടി-
ക്കൊല്ലുവോം ശ്രീരംഗത്തിൽക്കോട്ടൈയും പിടിപ്പോമെൻറു
ചൊല്ലുവായുനക്കു മേലാം തുരയയ്തർ ടിപ്പുക്കെൻറാർ;
വല്ലതോർ വടചിപോനാൻ; മന്നർ പാരരചുചെയ്താർ."

ഈ പാട്ടിനും മററും പറയത്തക്ക പഴക്കമില്ലെന്നു പറയേണ്ടതില്ലല്ലോ.

## ദേവാരാധനത്തിനു് ഉപയുക്തങ്ങളായ ഗാനങ്ങൾ:—

ശാസ്താവിനേയും സർപ്പങ്ങളേയും പ്രീതിപ്പെടുത്തുന്നതിനുള്ള ഗാനങ്ങളും ഇത്തരത്തിലുള്ള മലയാംതമിഴ്പ്പാട്ടുകളുടെ കൂട്ടത്തിൽ കാണ്മാനുണ്ടു്. ശാസ്താംപാട്ടു വളരെ ഹൃദയങ്ഗമമാണു്. ഒരു കാലത്തു് ആ പാട്ടു മാത്രമേ വില്ലുകൊട്ടിപ്പാടി വന്നിരുന്നുള്ളു എന്നും പിന്നീടാണു് അപമൃത്യു

Digitized By Kerala Sahitya Akademi

ദശഗന്മാരെയും മററും തൃപ്തിപ്പെടുത്തുന്ന ഗാനങ്ങൾ നടപ്പായതെന്നുമാണു് ഐതിഹ്യം. അതു പക്ഷേ വാസ്തവമായിരിക്കാം. എന്തെന്നാൽ ശാസ്താംപാട്ടിന്റെ ആരംഭത്തിലുള്ള

''താറാകിറ പൊന്നും കൈലാസത്തിൽ
തക്ക ശിവനുമയാളും വീററിരുന്താർ;
ഇരുന്താരസുരർകളും പാതാളത്തിൽ
ഇരുഷി മുകിൽവണ്ണൻ ചക്കിറത്താൽ
വരുന്തിയിരുന്താരേയസുരർ കുലം''

എന്ന പാട്ടു 'ഗണപതി'പോലെ മററു ഗാനങ്ങളുടേയും പീഠികയായി പാടാറുണ്ടു്: ശാസ്താംപാട്ടിൽനിന്നു് ഒരു ഭാഗം ഉദ്ധരിക്കാം. രാജാവിന്റെ പട്ടമഹിഷി തലവേദന മാറുവാൻ പുലിപ്പാൽ വേണമെന്നു പറയുകയാൽ ശാസ്താവു പുലിയേയും പുലിക്കുട്ടിയേയുംകൊണ്ടു മധുരയിലെ ചെട്ടിത്തെരുവിൽക്കൂടിപ്പോകുന്നതാണു് സന്ദർഭം.

ആപത്തുക്കാക വന്തു പിടിത്തുതേ
അരചരുക്കും വിചാരമില്ലാമലേ
പാവത്താലന്തത്തേവിയാർ ചൊല്കേട്ടു
പട്ടണത്തൈ അഴിക്കിറാർ പാവികൾ.
പാവിയേ പുലി അനാ വരുകുതേ;
പാറിപ്പാറിക്കടെയറൈ തന്നിലേ.
ആ വീതിയെന്റലറി വിഴുവാരും
അണ്ണൻ തമ്പിയൈക്കാണാമൽ തേടുവാർ.
തേടിയ പൊൻപണങ്കളൈയും വിട്ടു
ജീരകപ്പൈയും കൊണ്ടോടുറവാൻ ചെട്ടി.
വാടിയെന്റു മരുമകൻ ചെട്ടിയാർ
മാമിയാരുടെ കൈയൈപ്പിടിക്കവേ
കൈപ്പിടിത്തു മരുമകൻ തന്നുടൻ
കണവനെന്റു നടന്താളേ ചെട്ടിച്ചി.''

**ചില മലയാളം വില്പാട്ടുകൾ:**—സുഭദ്രാഹരണം, കീചകവധം മുതലായ കഥകളെ അധികരിച്ചു മലയാളഭാഷയിൽ വില്പാട്ടുകൾ ചിലർ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവ എല്ലാംതന്നെ ഗുണരഹിതങ്ങളും ദോഷഭൂയിഷ്ഠങ്ങളുമാണെന്നു പറയേണ്ടിയിരിക്കുന്നു. അവയെ ചേർപ്പെന്നും പുത്തനെന്നും മററും പറയുന്നതിൽനിന്നുതന്നെ അവയുടെ നവ്യത്വം വ്യക്തമാകുന്നതാണല്ലോ. കീചകവധം പാട്ടിന്റെ ആരംഭം ഇങ്ങനെയാണു്.

''സാരമൂടനിസ്സഭയിൽ വന്നിരിക്കും
സജ്ജനങ്ങൾ കേൾപ്പതിനു സഹിതമാക
ഭാരതത്തിൽപ്പാടിടുന്ന കീചകന്റെ
പരമാർത്ഥമതു പറവാനായിയിന്നു

Digitized By Kerala Sahitya Akademi

നാരിയതാം പാഞ്ചാലി കാരണത്താൽ
നാകപുരമതിൽപ്പോയിട്ടുള്ള മാർഗ്ഗം
സാരത്തിനൊട്ടുപാടും പുലവർ കേൾക്ക-
സ്സൽക്കഥയെ കവിതയാകക്കോർത്തു ചൊല്ലുവൻ.''

**രാമകഥപ്പാട്ട്:**—ഇപ്പോൾത്തന്നെ വേണ്ടതിലധികം നീണ്ടുപോയിരിക്കുന്ന ഈ അദ്ധ്യായം ഇവിടെ സമാപിക്കേണ്ടിയിരിക്കുന്നു. അതിനുമുമ്പ് തെക്കൻപാട്ടുകളുടെ നടുനായകമായ രാമകഥപ്പാട്ടിനെപ്പററിക്കൂടി സ്വല്പം പ്രസ്താവിക്കേണ്ടതായുണ്ട്. രാമകഥപ്പാട്ടു പാടുന്നതു വിഷ്ണുക്ഷേത്രങ്ങളിലാണ്; അതിനുള്ള ഉപകരണം 'ചന്ദ്രവളയം' എന്ന ഒററവാദ്യവുമാണ്.

നെയ്യാററിൻകരത്താലൂക്കിൽ കോവളത്തിനു സമീപമായി ആവാടുതുറ (ഔവാടുതുറയെന്നും പറയും) എന്നൊരു സ്ഥലമുണ്ട്. അവിടത്തുകാരനായ അയ്യപ്പിള്ള ആശാനാണ് പ്രസ്തുതകാവ്യത്തിന്റെ നിർമ്മാതാവ്. അദ്ദേഹം ഒരു നായരായിരുന്നു എങ്കിലും നല്ല തമിഴ്ഭാഷാപണ്ഡിതനായിരുന്നതിനാൽ തന്റെ കൃതി രചിച്ചതു മലയാംതമിഴിലാണ്. രാമകഥ ബാലകാണ്ഡത്തിന്റെ ആരംഭംമുതൽ യുദ്ധകാണ്ഡത്തിന്റെ അവസാനംവരെ ഞാൻ കണ്ടിട്ടുണ്ട്. അതിനപ്പുറം ആ കാവ്യം തുടരുന്നുവോ എന്നറിഞ്ഞുകൂടാ. അദ്ദേഹം അക്ഷരജ്ഞാനമില്ലാത്ത ഒരു കൃഷിക്കാരനായിരുന്നു എന്നും ഒരു ദിവസം മാടം കാക്കുവാൻ അനുജനെ നിയോഗിച്ചിട്ടു തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ശീവേലി തൊഴാനായി പോയെന്നും ദീപാരാധന കഴിഞ്ഞു വെളിയിലിറങ്ങിയപ്പോൾ ഒരു വൃദ്ധനെക്കണ്ട് അദ്ദേഹത്തോടു തനിക്കു വല്ലതും തരണമെന്ന് അപേക്ഷിച്ചു എന്നും അപ്പോൾ അദ്ദേഹം ഒരു വാഴപ്പഴം കൊടുത്തതു ഭക്ഷിച്ചു എന്നും പിന്നീടു മാടത്തിലേക്കുള്ള യാത്ര പാട്ടുപാടിക്കൊണ്ടായിരുന്നു എന്നുമുള്ള ഐതിഹ്യം വിശ്വസനീയമായി തോന്നുന്നില്ല; അത്രയ്ക്കു സർവതോമുഖമായ പാണ്ഡിത്യം ആ കവിപുംഗവൻ രാമകഥയിൽ പ്രകടിപ്പിച്ചിട്ടുണ്ട്. ആശാന്റെ അനുജൻ അയ്യനപ്പിള്ള ആ പഴത്തിന്റെ തൊലിതിന്ന് ഒരു സാധാരണകവിയുമായിപോലും! ഈ കഥയ്ക്കും വാസുഭട്ടതിരിയെ സംബന്ധിച്ചുള്ള ഐതിഹ്യത്തിനുംതമ്മിൽ ശങ്കാജനകമായ ഐകരൂപ്യം കാണുന്നതും ഈ അവസരത്തിൽ സ്മരണീയമാണ്. അയ്യനപ്പിള്ള മലയാളത്തിലാണ് അദ്ദേഹത്തിന്റെ ഭാരതം പാട്ടു രചിച്ചിട്ടുള്ളത്.

**അയ്യപ്പിള്ള ആശാന്റെ കാലം:**—രാമകഥപ്പാട്ടിന്റെ മുഖവുരയായി പാടിവരാറുള്ള ഒരു പാട്ടിൽ

''ഞയൻ പൊരുളാൽ നാരതരും പുററിനോടു-
മരുൾമുനിവൻ വാഴ്ത്തിയുരൈത്തതാക
പരൻ കതയൈ കമ്പർ പന്തീരായിരത്താൽ
പകർന്ത കതൈ കണ്ണശ്ശനിൽപ്പാതിയാം;

Digitized By Kerala Sahitya Akademi

തരത്തരമായ് വിളങ്ങുമൊഴിയതനിൽപ്രീതി
തന്നിവിനായിലയോദ്ധ്യാ ഭൂമിയിലയ്യൻ
വിരുത്തടനിരാമനാമം ചൊന്ന ചൊല്ലെ
മേലുന്തപ്പൈതനിലടിയേൻ വിള്ളിനേരം''

എന്നൊരു ഭാഗമുണ്ട്. അതിനെ ആസ്പദമാക്കി ഞാൻ അയ്യപ്പിള്ള ആശാന്റെ ജീവിതകാലം കണ്ണശ്ശൻ പിന്നീടാണെന്നു് എന്റെ "പ്രാചീന മലയാളമാതൃകകൾ—ഒന്നാംഭാഗം" എന്ന പുസ്തകത്തിന്റെ അവതാരികയിൽ പ്രസ്താവിക്കുകയുണ്ടായി. ഇന്നും എന്റെ അഭിപ്രായം അതുതന്നെയാണ്. ഇതിൽനിന്നു പ്രസ്തുതകവി ജീവിച്ചിരുന്നതു കൊല്ലം ഏഴാംശതകത്തിലാണെന്നു വന്നുകൂടുന്നു. രാമകഥപ്പാട്ടു് അതിനെക്കാൾ പഴക്കം കല്പിക്കുവാൻ പാടില്ലെന്നുള്ളതു് അയ്യനപ്പിള്ളയുടെ ഭാരതം പാട്ടിൽനിന്നു് ഒരു ഭാഗം ഉദ്ധരിച്ചു തെളിയിക്കാം. പാണ്ഡവന്മാർ പാഞ്ചാലിയെ പാണിഗ്രഹണം ചെയ്തതിനുമേലുള്ള സന്ദർഭമാണ് അതിൽ വിവരിക്കുന്നതു്.

''ധർമ്മപുത്രർ നല്കിയതോരു സ്ത്രീധനങ്ങളും വരിച്ചു
സൗഖ്യമോടവിടെ മേവും നാളിലേ
വമ്മൊട്ടു പൊരുതുപോയ കർണ്ണനും സുയോധനനും
മന്തിരിച്ചു തമ്മിലൊക്ക മൂഢരായ്
ദുഷ്ടമതുള്ളതോരു മന്നരെയരക്കറയിൽ
ചുട്ടുകൊന്നതെങ്ങനെ ജീവിച്ചതും?
നമ്മുണ്ടു നല്ലജാതിയുമവരെക്കൊന്നിടായ്കിൽ
പാഞ്ചാലമന്നവൻ നല്ല ബന്ധുവോ?
ബന്ധുവാമവൻ പുരത്തിലേ പടയെടുത്തു ചെന്നു
വിരവിലവരേയും കൊല്ലവേണമേ.
ശാന്തവു * പാഞ്ചാലരേയും കൂടവേയവതിചെയ്തു
തക്ക പെണ്ണിനേയും കൊണ്ടുപോരണം.
വേന്തർ തങ്ങളിൽപ്പറയും ചെയ്തിയൊക്ക ഭീഷ്മർ കേട്ടു
വേണ്ടയിതു നല്ലതല്ലയെന്നനർ.''

നിരണം കവികളുടെ കൃതികൾക്കോ ഇതിനോ പ്രാചീനതയെന്നു പണ്ഡിതന്മാർക്കു നിർണ്ണയിക്കുവാൻ പ്രയാസമില്ലല്ലോ.

**അയ്യപ്പിള്ള ആശാന്റെ കവിതാരീതി:**—ആശാന്റെ കവിതാരീതി ഒന്നുരണ്ടുദാഹരണങ്ങൾകൊണ്ടു വിശദമാക്കാം. വിരുത്തവും പാട്ടുമായാണ് രാമകഥപ്പാട്ടു നിർമ്മിച്ചിട്ടുള്ളതു്. ഒന്നോ അതിലധികമോ വിരുത്തവും അതിനെത്തുടർന്നു ദീർഘമായ ഒരു പാട്ടും; പിന്നെയും അതേമാതിരി നിബന്ധം—ഇതാണ് അദ്ദേഹത്തിന്റെ രചനാസമ്പ്രദായം. വിരുത്തത്തിന്റെ ഉദാഹരണങ്ങളാണ് താഴെക്കാണുന്നതു്.

''അതിചപലതനം വാങ്ങിയരചനും തേവിമാരെ
മതിചിന്തയൈത്തവേരം മകിഴ്ന്തുവന്തരുകിരുന്താർ.

* ശാന്തവു, ശാന്തനവൻ എന്ന പാഠം കൂടുകിയതു്.

Digitized By Kerala Sahitya Akademi

പുത്രമതിനുതലിമാർക്കപ്പുത്തിരരുണ്ടാവാറായ്
ചതുർമ്മുഖൻ പടൈത്തനേരം തചരതർ പകുന്താർ ചോറൈ.''

(ബാലകാണ്ഡം)

''തരത്തനിലറം വളക്കും ചങ്കണിതരന്മേലാമൈ
കരുതിനാർ; പലരും നേചം കമലലോചനനിൽ വൈത്താർ;
പൂരവലനതൈയറിന്തു പുതൽവനൈയിനുതായ് നാടി–
യൊരു തിനം കിരണപീടത്തെസ്ഥിനാനനാക്കൊത്തോൻ.''

(അയോദ്ധ്യാകാണ്ഡം)

അടിയിൽ ചേർക്കുന്നതു് ആസന്നമരണനായ ബാലി ശ്രീരാമനോട്ട പറയുന്ന പരിഭവവാക്യങ്ങൾ അടങ്ങിയ പാട്ടിലെ ഒരു ഭാഗമാണ്.

''മന്നാ നീയേതുക്കെന്നെയെയ്തായ്?—പുത്തി
ചൊന്നതാർ കരങ്കളൈക്കൊൻറാക്കിലാമോ? (മന്നാ)
മന്നർ ചിലർ കേട്ടാലും ചിരിക്കും—താരൈ
മടിയാമലനല് വളർത്തു മരിക്കും—പാരിൽ
അന്നേരം ഇരവിതേരിലിരിക്കും—അന്ത
ഇളയവനും നലമായ്ച്ചെൻറിരുന്തരശു പരിക്കും. (മന്നാ)
തമ്പിക്ക തമയനൊൻറു പിഴൈത്താൽ—നാങ്ക–
ളിരുവരൈയുമൊരു തലത്തിലഴൈത്താൽ—അൻറു
വന്നുചെയ്തവർകളെ നീ വതിത്താൽ—ഞായ–
മിന്തവഴികേട്ട ചെയ്തതുന്തൻ വാളിയുടമതത്താൽ. (മന്നാ)
തചരതക്കു നാൻ പിഴൈത്തതുണ്ടോ?—ഉങ്കൾ
തിരുവടിയങ്കൾ കളവാണ്ടതുണ്ടോ?—ഒരു
വചകള്ളമേ നാൻ പറൈന്തതുണ്ടോ?—അന്ത
വനത്തിടയിൽ താടകൈപോൽ വന്തവകൈയുണ്ടോ? (മന്നാ)

* * * *

വേട്ട പെണ്ണൈക്കളവാണ്ട കള്ളനാങ്കിരിക്ക
വെറുതാവിലേ നാനും കിടന്തിങ്കേ മരിക്ക
ചാട്ടമററ കരങ്കൈയെനുമരിക്ക—തമൈ–
യരം കെട്ടത്ത രാവണനുമങ്കിരുന്തു ചിരിക്ക. (മന്നാ)
ചതിത്തിരുന്തു വാളിതൊടലാമോ?—തമ്പി
ചതിയനുടൈ ചൊൽ കേൾക്കലാമോ?—ആർക്കും
എതിർത്തുപ്പോരിലെന്നൈ വെല്ലലാമോ?—തേവി
യിഴന്നാലെ ചിറമീന്റു ഇക്കരെയിലാമോ? (മന്നാ)
തൻപതി*യും രാവണനുക്കാച്ചേ—തേടി
ത്തനിത്തൊരുവൻമാർക്കപ്പെട്ടുവാച്ചേ—ഇനി
എൻപതിയുമട്ടത്താരുക്കാച്ചേ—ഉലകിൽ
എളിയോർക്കും പെരിയോർക്കുമിതൊരു പേച്ചാച്ചേ. (മന്നാ)''

(കിഷ്കിന്ധാകാണ്ഡം)

* പതി=നാട്.

Digitized By Kerala Sahitya Akademi

ആശാൻ മലയാളത്തിൽ പ്രസ്തുതകൃതി രചിക്കാഞ്ഞതു മലയാളകവികളുടെ ഭാഗ്യമാണു്; മലയാളത്തിന്റെ ദൗർഭാഗ്യവും. അത്രയ്ക്കു നന്നായിട്ടുണ്ടു് അതിലെ പല ഭാഗങ്ങളും.

ഇനിയും കേരളത്തിന്റെ ഓരോ ഭാഗത്തും മുക്കിലും മൂലയിലുമായി ഒളിഞ്ഞും മറഞ്ഞും, തേഞ്ഞും മാഞ്ഞും, എത്രയെത്ര നാടോടിപ്പാട്ടുകൾ ആസന്നമൃത്യുക്കളായി കിടക്കുന്നു! ഈ പുസ്തകത്തിൽ അവയെപ്പറ്റിയുള്ള പ്രപഞ്ചനം ഇനിയും തുടൎന്നുകൊണ്ടു പോകുന്നതിനു് അശേഷം സൌകര്യമില്ലല്ലോ. അതുകൊണ്ടു് ഈ പ്രകരണം ഇവിടെ അവസാനിപ്പിക്കാം. അവയുടെ നിൎമ്മാതാക്കൾ പ്രായേണ അപണ്ഡിതന്മാരായിരുന്നു എന്നു മുൻപു പ്രസ്താവിച്ചുവല്ലോ. എന്നാൽ അവക്കു തന്നിമിത്തം മനോധൎമ്മവും കവനപാടവവുമില്ലായിരുന്നു എന്നു ശഠിച്ചുകൂടുന്നതല്ല. സഹൃദയഹൃദയങ്ങളെ വികാരതരളിതങ്ങളാക്കുന്നതാണു് കവിധൎമ്മമെങ്കിൽ അതു് അവരിൽ പലക്കും പരിപൂൎണ്ണമായുണ്ടായിരുന്നു. എന്നുമാത്രമല്ല അവരുടെ കൃതികളിലെ ചില ഭാഗങ്ങൾ പാടിക്കേൾക്കുമ്പോൾ കാശ്യപാശ്രമത്തിൽ ശകുന്തളയെ കാണുന്ന അവസരത്തിൽ ദുഷ്യന്തൻ ചൊല്ലുന്ന

"ശുദ്ധാന്തദുൎല്ലഭമിദം വപുരാശ്രമവാസിനോ യദി ജനസ്യ
ദൂരീകൃതാഃ ഖലു ഗുണൈരുദ്യാനലതാ വനലതാഭിഃ"

എന്ന ശ്ലോകം നമ്മുടെ സ്മൃതിപഥത്തെ നാമറിയാതെതന്നെ അധിരോഹണംചെയ്തുപോകുന്നു. ഈ പാട്ടുകൾ കിട്ടുന്നിടത്തോളം ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനൊക്കാൾ അവിളംബ്യമായ ഒരു കൎത്തവ്യം ഭാഷാഭിമാനികളെ അഭിമുഖീകരിക്കുന്നില്ല എന്നു് ഒന്നുകൂടി ഊന്നിപ്പറയുവാൻ ഈ അവസരം വിനിയോഗിച്ചുകൊണ്ടു വിരമിക്കുന്നു.

Digitized By Kerala Sahitya Akademi

പതിമ്മൂന്നാമദ്ധ്യായം

# ഭാഷാകൃതികൾ—പദ്യം

## ക്രി: പി: 1300വരെ

**പാട്ടും പാണ്ഡ്യഭാഷാസാരൂപ്യവും:**—ലീലാതിലകകാരന്റെ മതമനുസരിച്ചു സാക്ഷാൽ സാഹിത്യകോടിയിൽ അങ്ഗീകാരത്തിനു് അർഹമായ പാട്ടിന്റെ ലക്ഷണമെന്തെന്നു് ആറാമദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. ''ദ്രമിഡസംഘാതാക്ഷരനിബദ്ധമെതുകമോനാവൃത്തവിശേഷയുക്തം പാട്ടു്'' എന്നുള്ള നിർവചനസൂത്രത്തിന്റെ വൃത്തിയിൽ ''പാണ്ഡ്യഭാഷാസാരൂപ്യം ബാഹുല്യേന പാട്ടിൽ കേരളഭാഷായാം ഭവതി'' എന്നൊരു വസ്തുസ്ഥിതിപ്രകാശകമായ പങ്ക്തി കാണുന്നുണ്ടു്. മലയാളഭാഷയിൽ കവികൾ 'പാട്ടു്' എന്ന ഇനത്തിൽ ഗ്രന്ഥങ്ങൾ രചിക്കുമ്പോൾ അവ പ്രായേണ ചെന്തമിഴിലെ പാട്ടുകൾ പോലെ തോന്നുമെന്നാണു് ആ പ്രസ്താവനയിലെ വിവക്ഷ. അതു് അനുചിതമോ അസ്വാഭാവികമോ അല്ല; എന്തെന്നാൽ ആദികാലത്തു കേരളീയഭാഷാകവികൾ ചെന്തമിഴിൽത്തന്നെയാണല്ലോ കവനം ചെയ്തുവന്നതു്. വ്യാകരണം, നിഘണ്ടു മുതലായ ലക്ഷണഗ്രന്ഥങ്ങൾക്കും അവർക്കു ചെന്തമിഴിനെത്തന്നെയാണു് ആശ്രയിക്കേണ്ടിയിരുന്നതു്. അതുകൊണ്ടാണു് ലീലാതിലകത്തിൽ ഉദ്ധൃതമായ ''തരതലന്താനാളന്താ'' എന്ന പാട്ടു് ചെന്തമിഴിനോടു് ഏററവും ഇണങ്ങിയിരിക്കുന്നതു്. ആ പാട്ടു് ഒരു മുക്തകമോ ആരെങ്കിലും നിർമ്മിച്ച ശ്രീപത്മനാഭസ്തോത്രമാല്യത്തിലെ ഒരു പുഷ്പമോ എന്നറിവാൻ നിവൃത്തിയില്ല. ലീലാതിലകകാരൻ പാട്ടിനു് നിർദ്ദേശിച്ചിട്ടുള്ള സകലനിയമങ്ങൾക്കും ആദ്യന്തം വിധേയമായി ആ വകുപ്പിൽ ഒരൊററ ഗ്രന്ഥം മാത്രമേ നമുക്കു് ഇതഃപര്യന്തം ലഭിച്ചിട്ടുള്ളു. അതു മലയാളത്തിന്റെ യഥാർത്ഥമൂലധനമായ രാമചരിതമല്ലാതെ മററൊന്നുമല്ലെന്നു പറയേണ്ടതില്ലല്ലോ. വേറെയും പല ഗ്രന്ഥങ്ങൾ ആ രീതിയിൽ വിരചിതങ്ങളായിരുന്നിരിക്കാം; അവ നശിച്ചുപോയെന്നാണു് തോന്നുന്നതു്. എങ്കിലും ആ ഒരു കൃതികൊണ്ടുതന്നെ ഭാഷയ്ക്കു ഭാഗ്യവശാൽ പരിപൂർണ്ണമായി അഭിമാനംകൊള്ളാവുന്നതാണു്. അത്രയ്ക്കുണ്ടു് അതിന്റെ ബഹുമുഖവും വിശേഷോത്തരവുമായ മാഹാത്മ്യം.

**രാമചരിതം—ഗ്രന്ഥത്തിന്റെ സ്വരൂപം:**—രാമചരിതത്തിലെ ആദ്യത്തെ മുപ്പതു പരിച്ഛേദങ്ങൾ ഞാൻ 1092-ൽ ''പ്രാചീനമലയാളമാതൃകകൾ—ഒന്നാംഭാഗം'' എന്ന പുസ്തകത്തിന്റെ പ്രധാനാംശമായി പ്രസിദ്ധപ്പെടുത്തുകയുണ്ടായി; 1107-ൽ തിരുവിതാംകൂർ ഗവൺമെന്റിന്റെ പൗരസ്ത്യഗ്രന്ഥപ്രകാശകൻ അതു സമഗ്രമായ രൂപ

Digitized By Kerala Sahitya Akademi

ത്തിൽ ശ്രീചിത്രോദയമഞ്ജരീഗ്രന്ഥാവലിയിലെ നാലാം നമ്പരായി അച്ചടിപ്പിക്കുകയും ചെയ്തു. പക്ഷേ ആ പതിപ്പു് അത്യന്തം സ്ഖലിതജടിലമാണു്. രാമചരിതത്തിൽ ആകെ നൂററിയറുപത്തിനാലു പരിച്ഛേദങ്ങളും ഓരോ പരിച്ഛേദത്തിലും പ്രായേണ പതിനൊന്നു വീതം പാട്ടുകളുമുണ്ടു്. പന്ത്രണ്ടുവീതം പാട്ടുകളുള്ള പതിനാലും പത്തുവീതമുള്ള നാലും പരിച്ഛേദങ്ങളുമില്ലെന്നില്ല. * അങ്ങനെ മൊത്തത്തിൽ 1814 പാട്ടുകളുൾക്കൊള്ളുന്ന ഒരു ബൃഹൽകൃതിയാണു് രാമചരിതം. ഓരോ പരിച്ഛേദത്തിലും പതിനൊന്നു പാട്ടുകൾവീതം ഉൾപ്പെടുത്തുക എന്നുള്ളതു ചില നായനാരന്മാരുടേയും ആഴ്വാരന്മാരുടേയും ശൈലിയുടെ അനുകരണമാകുന്നു. സംബന്ധർ, അപ്പർ ഇവരുടെ തേവാരങ്ങളിലേയും പെരിയാഴ്വാർ, ആണ്ടാൾ, കുലശേഖരആഴ്വാർ ഇവരുടെ തിരുമൊഴികളിലേയും പരിച്ഛേദങ്ങൾ ഇത്തരത്തിലുള്ളവയാണു്. അവയിൽ ചില പരിച്ഛേദങ്ങളിൽ പത്തും മററു ചിലവയിൽ ഒൻപതും പാട്ടുകളും കാണ്മാനുണ്ടു്. ഈ പൂർവ്വസൂരികളിൽനിന്നാണു് രാമചരിതകാരൻ പ്രസ്തുതരചനാപദ്ധതി സ്വീകരിച്ചതെന്നു ഞാൻ അനുമാനിക്കുന്നു.

പലമാതിരി വൃത്തങ്ങളിലാണു് ഈ പരിച്ഛേദങ്ങൾ നിർമ്മിച്ചിരിക്കുന്നതെങ്കിലും അവയെല്ലാം ഭിന്നവൃത്തങ്ങളാണെന്നു തെററിദ്ധരിക്കരുതു്. ആകെ ഇരുപതു വൃത്തങ്ങളിലധികം കവി പ്രയോഗിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. അവ മാറിമാറി പ്രയോഗിക്കുന്നു എന്നേയുള്ളു. മലയാളത്തിൽ ഇന്നു നടപ്പുള്ള പല ദ്രാവിഡവൃത്തങ്ങളുടേയും പൂർവ്വരൂപങ്ങൾ രാമചരിതത്തിൽ കാണ്മാനുണ്ടു്. 'ഉരസ്സുലാമവിടം നിന്നൊടൊത്തൊരുതരുണിവാനോർ' എന്ന ഏഴാമത്തേയും 'തൈനിഴലിലിട്ടു നീടാർ പടക്കോപ്പുമായ്' എന്ന പതിമ്മൂന്നാമത്തേയും 'വണ്ണമേലും മരാമരംകൊണ്ടുടൻ' എന്ന ഇരുപത്തൊന്നാമത്തേയും 'ഉടലിടമീട്ടം മാരുതിതന്നൊട്ടടർന്നുചെയ്യാൻ വാനരർകോമാൻ' എന്ന അൻപത്തൊന്നാമത്തേയും പരിച്ഛേദങ്ങളിലെ വൃത്തങ്ങളാണു് പിൻകാലത്തു യഥാക്രമം കേകയും മണികാഞ്ചിയും ദ്രുതകാകളിയും (പാന) തരങ്ഗിണിയും (ഓട്ടൻതുള്ളൽവൃത്തം) ആയി പരിണമിക്കുന്നതു്. ഇവയിൽ ചിലപ്പതികാരത്തിലും മററും കാണുന്ന 'അകവൽ'വൃത്തത്തിന്റെ പരിണതരൂപമാണു് ഓട്ടൻതുള്ളൽവൃത്തം. നിരണംകൃതികളിൽ പ്രായേണ പ്രയുക്തമായിട്ടുള്ളതു് ഈ വൃത്തംതന്നെയാകുന്നു. ഇതുകൂടാതെ മണികാഞ്ചിയും രാമചരിതം നാലാം പരിച്ഛേദത്തിലെ 'പിരിയരുതാത നീയിങ്ങനെ പിതാവു വെടിഞ്ഞു നാട്ടം' എന്ന വൃത്തവും മററുംകൂടിയുണ്ടു്. ചില പദങ്ങൾക്കെന്നതുപോലെ ചില വൃത്തങ്ങൾക്കും സംസ്കൃതം ദ്രാവിഡഭാഷയോടു കടപ്പെട്ടിരിക്കുന്നു. 'ഇരുന്നവണ്ണമേയിരുൾ മറൈന്തിതിടത്തുര' എന്ന

* മുദ്രിതപുസ്തകത്തിൽ 136-ാം പരിച്ഛേദത്തിൽ പത്തരപ്പാട്ടുകളാണു് കാണുന്നതു്. അതു തെററാണു്; വാസ്തവത്തിൽ പന്ത്രണ്ടു പാട്ടുകളുണ്ടു്. ഒരു പാട്ടിന്റെ ഉത്തരാർദ്ധവും മറെറാരു പാട്ടും വിട്ടുപോയിരിക്കുന്നു.

Digitized By Kerala Sahitya Akademi

മൂന്നാമത്തേയും 'പൃഥുകിനോരളവേ നിചാചരരെയും വൻപടയാക്കിനാർ' എന്ന ഇരുപത്തിരണ്ടാമത്തേയും 'പൂണ്ടമൈയലിടറോ കരുണ്ടെത്തു പുകഴ് മിന്നും മന്നവരെഴുന്തു പോർ' എന്ന പതിനേഴാമത്തേയും 'കാറോരട്ട പിള്ളർത്തൊഴുകും കരുതി' എന്ന അറുപത്തൊന്നാമത്തേയും 'ഒക്കെയൊട്ടമരി ഞെന്തിട്ടവയെല്ലാം നിരയേ വീഴ്ന്തു'' എന്ന നൂറാമത്തേയും പരിച്ഛേദങ്ങളിലെ വൃത്തങ്ങളാണ് സംസ്കൃതത്തിൽ യഥാക്രമം, ഇന്ദുവദനാ, മഞ്ജരി, കുസുമമഞ്ജരി, തോടകം, മദനാർത്ത എന്നീ വൃത്തങ്ങളായി വികസിക്കുന്നതു്.

എതുകയിലും മോനയിലും കവി പ്രശംസാവഹമായ വിധത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്.

> ''താരിണങ്കിന തൈക്കഴൽമലർത്തൊഴുതുമുളൈ—
> ത്താമുളത്തിലിളകൊള്ളമരവിന്തനയനാ!
> ആരണങ്കളിലെണ്ണും പരമയോകികളുഴ—
> ന്റാലുമെൻറു മറിവാനരിയ ഞാനപൊരുളേ!
> മാരി വന്തതൊരു മാമലയെടുത്തു തടവും
> മായനേയരചനായ് നിചിചരാതിപതിയെ
> പോരിൽ നീ മുന്നം മുടിത്തമയെടുത്തു പുകഴ്വാൻ
> പോകിപോകചയനാ, കവിയെനക്കരുളാചെയ്യ്''

എന്ന പാട്ടിൽ 'താരിണങ്കിന' എന്നു തുടങ്ങി 'നയനാ' എന്നവസാനിക്കുന്നതുവരെയുള്ളതാണ് പ്രഥമപാദം. രണ്ടുമുതൽ നാലുവരെ പാദങ്ങളിൽ പ്രഥമ പാദത്തിലെ ദ്വിതീയാക്ഷരമായ 'രി'യുടെ ആവൃത്തി കാണുന്നുണ്ടല്ലോ; അതാണ് എതുക. ഓരോ പാദത്തിനും പൂർവാർദ്ധവും ഉത്തരാർദ്ധവുമുണ്ട്. മേൽ ഉദ്ധരിച്ച പാട്ടിൽ പൂർവാർദ്ധാരംഭത്തിലുള്ള താ, മാ, ആ, പോ, ഈ അക്ഷരങ്ങളുടെ ആവർത്തനം യഥാക്രമം ഉത്തരാർദ്ധാരംഭത്തിൽ കാണുന്നുണ്ടല്ലോ; അതാണ് മോന. ദ്രാവിഡകവികൾതന്നെ എതുകയ്ക്കുള്ള പ്രാധാന്യം മോനയ്ക്കു കല്പിക്കാറില്ല. രണ്ടിനും അതാതിന്റെ നിർദ്ദിഷ്ടസ്ഥാനങ്ങളിൽ അക്ഷരസാജാത്യമല്ലാതെ അക്ഷരൈക്യം വേണമെന്നു നിർബന്ധവുമില്ല. ഇവയ്ക്കു പുറമെ 'അന്താദിപ്രാസവും' രാമചരിതകാരൻ നിയമേന പ്രയോഗിക്കുന്നു. ഒരു പാട്ടിന്റെ അവസാനത്തിലുള്ള ഏതെങ്കിലും ഒരു പദംകൊണ്ടുവേണം അടുത്ത പാട്ടാരംഭിക്കുവാൻ എന്നുള്ളതാണ് അതിനെ സംബന്ധിച്ച വിധി. അന്താദിപ്രാസം അച്ചടി എന്നല്ല, ലിപിപോലും ഇല്ലാതിരുന്ന ഒരു കാലത്തു ജനങ്ങളുടെ ധാരണാശക്തിയെ സഹായിക്കുന്നതിനുവേണ്ടി ദ്രാവിഡകവികൾ കണ്ടുപിടിച്ച ഒരു ഉപായമാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. രാമചരിതത്തിലെ ആദ്യത്തെ പാട്ട് 'ഞാനപൊരുളേ' എന്ന പദത്തിൽ അവസാനിക്കുകയും രണ്ടാമത്തെ പാട്ട് 'ഞാനമെങ്കൽ' എന്നു് ആരംഭിക്കുകയും ചെയ്യുന്നതു നോക്കുക. തമിഴ്സാഹിത്യത്തിൽ 'അന്താതി' എന്ന ഇനത്തിലുള്ള ലഘുസ്തോത്രങ്ങളിലാണ് ഈ പ്രാസം സാധാരണമായി പ്രയോഗിച്ചുകണ്ടിട്ടുള്ളതു്. എന്നാൽ പൂർവ്വകാലങ്ങളിൽ ഇതരകൃതിക

Digitized By Kerala Sahitya Akademi

ളിലും അതിനു പ്രവേശമുണ്ടായിരുന്നു എന്നുള്ളതിനു 'പതിററുപ്പത്തി'ലെ നാലാമത്തേ പത്തു് ദൃഷ്ടാന്തമാകുന്നു. ഇതു ഞാൻ മുമ്പു സൂചിപ്പിച്ചിട്ടുണ്ടു്. മലയാളസാഹിത്യത്തിൽ പാട്ടു് എന്ന വിഭാഗത്തിൽപ്പെട്ട ഒരു കൃതി എത്ര ദീർഘമായാലും അതിൽ അന്താദിപ്രാസം നിരണംകവികളുടെ കാലത്തുപോലും അനുപേക്ഷണീയമായിരുന്നു. ഓരോ പരിച്ഛേദത്തിന്റേയും സമാപ്തിപാദവും ഈ പ്രാസത്തിന്റെ കെട്ടുപാടു ബാധകമല്ല.

**വിഷയം:**—രാമചരിതം എന്നാണു് ഗ്രന്ഥത്തിന്റെ പേരെന്നു്

"മാനകരുന്തിലിളകൊള്ളമരവിന്തനയനാൻ
മലർമടന്തയൊടുകൂടെ വന്തിരാമചരിതം
കനാമിന്തു മൊഴിയോക്കുമതു കേട്ട മനതാർ
കളികൊൾവോർക്കിടരേതുമൊരുപോതുമണയാ."

എന്ന ഫലശ്രുതിയിൽനിന്നും മററും വെളിവാകുന്നു. അങ്ങനെയാണെങ്കിലും രാമായണകഥ മുഴുവൻ അതിൽ പ്രതിപാദിക്കണമെന്നു തനിക്കു് ഉദ്ദേശമില്ലെന്നു്

"ഊനമററെഴുമിരാമചരിതത്തിലൊരു തെ–
ള്ളുഴിയിൽച്ചെറിയവക്കറിയുമാറുരചെയ്വാൻ
ഞാനടക്കിനാതിനേണനായനേ! നടമിടെൻ
നാവിലിച്ചയൊടു വച്ചടിയിണക്കമലതാർ."

എന്ന സരസ്വതീവന്ദനത്തിൽ കവി നമ്മെ ധരിപ്പിക്കുകയും ആ 'തെല്ലു്' 'അരചനായ് നിചിചരാതിപതിയെ പോരിൽ നീ മുന്നം മുടിത്തനമ' അതായതു രാവണനിഗ്രഹവിഷയകമായ യുദ്ധകാണ്ഡമാണെന്നു സൂചിപ്പിക്കുകയും ചെയ്യുന്നു. 'ആതികാലമുള്ളരുംതൊഴിൽകൾ ചെയ്തവ കഴിഞ്ഞാഴിമാനിനിയെ മീണ്ട വഴിക്കുറക' എന്നുള്ളതാണു് അദ്ദേഹത്തിന്റെ ലക്ഷ്യം. സുന്ദരകാണ്ഡാവസാനംവരെയുള്ള ഇതിവൃത്തം 'ഉരപ്പതരിപ്പമെങ്ങളാൽ' എന്നും മററും പറഞ്ഞു ചുരുക്കിക്കളയുന്നുണ്ടെങ്കിലും പ്രാസംഗികമായി അതിൽപ്പെട്ട കഥകളേയും അവിടവിടെ ഘടിപ്പിക്കുന്നുണ്ടു്. പ്രത്യേകിച്ചു ശ്രീരാമന്റെ പട്ടാഭിഷേകത്തിനു മുമ്പു ഭരതൻ താൻ ചിത്രകൂടത്തിൽവച്ചു ജ്യേഷ്ഠനെ സന്ദർശിച്ചതിനുമേലുള്ള വൃത്താന്തങ്ങൾ അറിയണമെന്നു് ആശിച്ചപ്പോൾ ഹനൂമാൻ അതിനെ വിസ്തരിച്ചു പറഞ്ഞുകേൾപ്പിക്കുന്നു. അതിലേയ്ക്കു കവി നൂററിരുപത്തെട്ടുമുതൽ നൂററൻപത്തഞ്ചുവരെ ഇരുപത്തെട്ടു പരിച്ഛേദങ്ങളോളം വിനിയോഗിക്കുന്നുണ്ടു്. യുദ്ധകാണ്ഡപ്രതിപാദകമായ രാമചരിതത്തിൽ തദനുരോധേന ഒരു യുദ്ധകാണ്ഡസംക്ഷേപംകൂടി അദ്ദേഹം ഉൾപ്പെടുത്തിക്കാണുന്നു. ആരണ്യകാണ്ഡകഥയും വളരെ വിവൃതമായി വർണ്ണിക്കുന്നു.

**കവിയും കാലവും:**—രാമചരിതം നിർമ്മിച്ചതു തിരുവിതാംകൂറിലെ ഒരു മഹാരാജാവാണെന്നും അതിൽ യുദ്ധകാണ്ഡകഥമാത്രം വർണ്ണിച്ചതു തന്റെ യോദ്ധാക്കളുടെ ഹൃദയോത്തേജനത്തിനുവേണ്ടിയാണെന്നും ഒരൈതിഹ്യമുണ്ടു്. 'ഇകലിൽ വെൻറി വിളയും' എന്ന ഫലശ്രുതി ഈ ഐതിഹ്യത്തിനു് ഉപോൽബലകവുമാണു്. ആ മഹാരാജാവിന്റെ

Digitized By Kerala Sahitya Akademi

പേർ ആദിത്യവർമ്മാവാണെന്നു കുറെക്കാലം പണ്ഡിതന്മാർ സങ്കല്പിച്ചിരുന്നു; അതു തെറ്റാണെന്നും കവിയുടെ നാമധേയം ശ്രീരാമനാണെന്നുമുള്ളതിനു ഗ്രന്ഥത്തിൽത്തന്നെ ലക്ഷ്യമുണ്ടു്.

ഏതു നല്ല വഴിയല്ലലെന്നുമോളങ്ങളറൈ—
ന്തേവരും തളരുമാറുവരും വൻപിറവിയാം
ഓതയിൽക്കിടന്നു നീന്തുമതൊഴിത്തുകൊൾവതി—
ന്നൊൻറുമില്ല തൊഴിലേതും മികവെൻറ നിനവാൽ
ആതിതേവനിലമിഴ്ന്ത മനകാമ്പുടയ ചീ—
രാമനൻപിനൊടിയററിന തമിഴ്ക്കവിവല്ലോർ
പോതിൽമാതിനിടമാവരുടൽ വീഴ്വതിനുപിൻ
പോകിപോകചയനൻ ചരണതാരടവരേ’’

എന്ന ഒടുവിലത്തെപ്പാട്ടു നോക്കുക. *

‘ചീരാമൻ’ എന്നതു ശ്രീരാമൻ എന്ന പദത്തിന്റെ തത്ഭവമാണെന്നും അദ്ദേഹം ക്രി: പി: 1195 മുതൽ 1208വരെ തിരുവിതാംകൂർ ഭരിച്ച മണികണ്ഠബിരുദാലങ്കൃതനായ ശ്രീവീരരാമവർമ്മാവാണെന്നുമാണു് എന്റെ അഭിപ്രായം. ‘പോകിപോകചയനാ, കവിയെനക്കരുൾചെയ്യേ’ എന്നു് ആരംഭത്തിലും ‘പോകിപോകചയനൻ ചരണതാരണവരെ’ എന്നു് അവസാനത്തിലും പ്രസ്താവിച്ചിട്ടുള്ളതിനുപുറമേ ഒടുവിൽ ‘‘പല്ലനാപൻതൻവിമാനവരമേറിയരുളിപ്പാല്ക്കടൽക്കു മെല്ലെ നിൻറെഴുന്നത്തുടങ്ങിനാൻ’’ എന്നു പറഞ്ഞിട്ടുള്ളതും കവിയുടെ കുലദൈവം അനന്തശയനനായ ശ്രീപത്മനാഭനാണെന്നു സൂചിപ്പിക്കുന്നു. ‘ചീരാമൻ’ എന്നതു ‘ശിവരാമൻ’ എന്ന പദത്തിൻേറയും തത്ഭവമാകാമെന്നും ‘ഭോഗിഭോഗശയനൻ’ എന്ന പദത്തെ മഹാവിഷ്ണുവിന്റെ ഒരു പര്യായമെന്ന നിലയിൽമാത്രമേ ഗണിക്കേണ്ടതുള്ളു എന്നും ഐതിഹ്യമനുസരിച്ചു പ്രണേതാവാകേണ്ട ആദിത്യവർമ്മാവിനു് അതിനു തരമില്ലാത്തതുകൊണ്ടു് അദ്ദേഹത്തിന്റെ ചാർച്ചക്കാരനായി ഒരു ശ്രീരാമനുണ്ടെന്നു വേണമെങ്കിൽ സമ്മതിക്കാമെന്നും ഒരു പക്ഷാന്തരം ഉത്ഭവിച്ചിട്ടുണ്ടു്. ശ്രീരാമൻ ശിവരാമൻ എന്നീ രണ്ടു പദങ്ങളിൽ ഏതിനാണു് ശ്രീരാമപദത്തിന്റെ തത്ഭ

* ‘കവിവല്ലോർ’ എന്നും ‘പോതിൽമാതിനിടം’ എന്നുമുള്ള പാഠങ്ങളെക്കാൾ ‘കവി ചൊല്വോർ’ എന്നും ‘ഓതിൽമാതിനിടം’ എന്നുമുള്ള പാഠങ്ങളാണു് സ്വീകാര്യങ്ങൾ എന്നു് ഒരു ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. ‘വല്ലോർ’ എന്നാൽ സമർത്ഥർ എന്നർത്ഥം; പ്രസ്തുതകൃതിയിൽ പരിജ്ഞാനമുള്ളവർ എന്നു താൽപര്യം. ‘കവി ചൊല്ലുന്ന’മെന്നില്ല; അതറിഞ്ഞാൽ മതി. പോതു് എന്നാൽ പുഷ്പമെന്നർത്ഥം; പോതിൽമാതു മലർമങ്ക, ലക്ഷ്മീദേവി. ഓതയിൽമാതു് ഓതിൽമാതായി ചുരുങ്ങുകയില്ല; ചുരുങ്ങി എന്നുവച്ചാലും ‘ഓതയിൽകിടന്നു’ എന്നു കവി മുമ്പുതന്നെ ഒരു പാദത്തിൽ എഴുതിപ്പോയതുകൊണ്ടു് ഓത എന്ന പദം ആവർത്തിക്കുന്നതുമല്ലല്ലോ. പോരാത്തതിനു് ‘ഓതിൽമാതു്’ എന്നു് ഒരു വരിയുടെ പൂർവാർദ്ധവും പോകിപോകചയനൻ എന്നു് ഉത്തരാർദ്ധവും ആരംഭിച്ചാൽ ആ വരിയിൽ മോന ഉണ്ടായിരിക്കുകയില്ല; അങ്ങനെ ഏതു വഴിക്കു നോക്കിയാലും പ്രസ്തുതപാഠത്തിനു ഗതി കല്പിക്കുവാൻ നിവൃത്തിയില്ലാതെയിരിക്കുന്നു.

Digitized By Kerala Sahitya Akademi

മമാകവാൻ യോഗ്യതയുള്ളതെന്നു ശബ്ദശാസ്ത്രനിഷ്ണാതന്മാർ നിർണ്ണയിച്ചു കൊണ്ടാൽ മതി. 'ചീ' എന്ന പദത്തിനു 'ശ്രീ' ലക്ഷ്മി എന്നു തമിഴിൽ അർത്ഥമുണ്ടു്. ബഹുമാനസൂചകമായി സംജ്ഞാനാമങ്ങൾക്കും മററും മുൻപിൽ അതു ചേക്കാവുന്നതുമാണു്. ഈ വിധിക്കു ചീരാമൻ, ചീപാതം, (ശ്രീപാദം), എന്നു രണ്ടുദാഹരണങ്ങൾ മദിരാശി വിശ്വവിദ്യാലയദ്രാവിഡനിഘണ്ടുവിൽ എടുത്തുകാണിച്ചിട്ടുണ്ടു്. മററു വാദകോടികളും ക്ഷോദക്ഷമങ്ങളല്ല. ശ്രീവീരരാമവർമ്മാവിൻെറ ശിലാരേഖകൾ തിരുവനന്തപുരത്തു മിത്രാനന്ദപുരത്തും നെയ്യാററിൻകരയിൽ വെള്ളായണിയിലും അഗസ്തീശ്വരത്തു പുരവശ്ശേരിയിലും കാണ്മാനുണ്ടു്. പുരവശ്ശേരിയിലെ രേഖയിൽനിന്നു് അദ്ദേഹം ഋഗ്വേദവും യജുർവേദവും പഠിപ്പിക്കുന്നതിനു് ആ ക്ഷേത്രത്തിൽ രണ്ടു് ഉപാധ്യായന്മാരെ നിയമിച്ചതായി വെളിപ്പെടുന്നു. രാമചരിതകാരൻ കൊല്ലം നാലാംശതകത്തിൽ ജീവിച്ചിരുന്നു എന്നു ഞാൻ പറയുന്നതു ഗ്രന്ഥത്തിലെ ഭാഷയെ ആസ്പദമാക്കി മാത്രമല്ല, വാല്മീകിരാമായണത്തിനു പുറമേ അദ്ദേഹം ക്രി: പി: 1120—1200 ഈ വഷങ്ങൾക്കിടയിൽ ദ്രാവിഡദേശത്തെ അലങ്കരിച്ചിരുന്ന കവിചക്രവത്തിയായ കമ്പരേയും ചില ഘട്ടങ്ങളിൽ ഉപജീവിച്ചിരുന്നതായി തോന്നുന്നതുകൊണ്ടുമാണു്. കമ്പക്കും രാമചരിതകാരനും ശ്രീരാമൻ മഹാവിഷ്ണുവിൻെറ അവതാരമാണെന്നുള്ള വിശ്വാസം ആദ്യന്തമുണ്ടു്. ആദികവിയാകട്ടെ അപൂർവം ചില അവസരങ്ങളിലൊഴികെ അവിടത്തെ കേവലം ഒരു രാജകുമാരനായി മാത്രമേ അവതരിപ്പിക്കുന്നുള്ളു. വിഭീഷണോപദേശം മുതലായ സന്ദർഭങ്ങളിൽ രാമചരിതകാരൻ കമ്പരെ സ്മരിക്കുന്നതായി തോന്നുന്നു. കമ്പർ കേരളത്തിൽ വരികയും അനേകം പണ്ഡിതസദസ്സുകളിൽ തൻെറ രാമായണം പാടിക്കേൾപ്പിക്കുകയും ചെയ്തതായി പുരാവൃത്തം ഘോഷിക്കുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ ഒരനുയായി എന്ന നിലയിൽ ആ ആഗമനത്തിൻെറ സ്മരണ മന്ദീഭവിക്കുന്നതിനു മുമ്പിൽ രാമചരിതകാരൻ തൻെറ ഗ്രന്ഥം കേരളഭാഷയിൽ പാട്ടായി രചിച്ചു എന്നൂഹിക്കുന്നതിൽ അപാകമുണ്ടെന്നു തോന്നുന്നില്ല. പുനത്തിൻെറ രാമായണചമ്പുവിൽ ശൂർപ്പണഖയുടെ

''വിണ്ണോർകോനേതുമാകാവുണരുവതിനവ-
ന്നോക്കിലങ്ങേഷു നീളെ-
ക്കണ്ണല്ലോ; വഹ്നിയോടുള്ളുണവുമവ നിന-
ച്ചാൽ മരിച്ചെന്നി വേണ്ട''

എന്നും മററും സുപ്രസിദ്ധമായ ഒരു ദേവോപാലംഭമുണ്ടല്ലോ. ആ ആശയത്തിൻെറ ഉപജ്ഞാതാവായി കരുതേണ്ടതു രാമചരിതകാരനെയാണു്.

''ഇക്കവിപ്പുവന്നു തനിയേ പകയനല്ലോ;
ഈചനളകേചനപിമാനി പെരികാനാൽ

Digitized By Kerala Sahitya Akademi

കൈക്കൊള്ളുരുതങ്കിയൊടുക്കിറുടവം റോം;
കാലനലകക്കിയിർ പറിക്ക തൊഴിലെൻറും''

എന്നും മററും നൂററിമുപ്പത്തൊന്നാം പരിച്ഛേദത്തിലുള്ള പ്രസ്താവന നോക്കുക. രാമചരിതകാരനു പുറമാണ് ഉപജീവ്യൻ എന്നു പറഞ്ഞാൽ നിരണംകവികളെക്കാൾ അർവാചീനനാണ് രാമചരിതകാരൻ എന്നു സമ്മതിക്കേണ്ടിവരും. അതു് ഒരുവിധത്തിലും നിരക്കുന്നതല്ല.

**രാമചരിതം ഒരു തമിഴ്ക്കൃതിയോ മിശ്രഭാഷാകൃതിയോ?:—** ചില പണ്ഡിതന്മാർ രാമചരിതം കമ്പരാമായണം പോലെയുള്ള ഒരു ചെന്തമിഴ്ക്കൃതിയാണെന്നും മററു ചിലർ അതു കണ്ണിയാകുളത്തുപോരു്, രാമകഥപ്പാട്ടു് മുതലായവപോലെ ഇടക്കാലത്തു തെക്കൻതിരുവിതാംകൂറിലുണ്ടായ ഒരു മിശ്രഭാഷാകൃതിയാണെന്നും അഭിപ്രായപ്പെടുന്നു. ഈ രണ്ടഭിപ്രായവും യുക്തിസഹമല്ല. ഞാൻ പ്രസിദ്ധപ്പെടുത്തിയിടത്തോളമുള്ള രാമചരിതത്തിൻെറ ഭാഗങ്ങൾ വായിച്ചു നോക്കി ദ്രാവിഡഭാഷാപണ്ഡിതന്മാരിൽ അഗ്രഗണ്യനായിരുന്ന ശ്രീ. ററി. എ. ഗോപിനാഥരായർ ചെന്തമിഴ്മാസിക പതിമൂന്നാം സഞ്ചികയിൽ താഴെക്കാണുന്നവിധം പ്രസ്താവിക്കുകയുണ്ടായി. ''ഈ കാവ്യം ഇതുവരെ കണ്ടിട്ടുള്ള കേരളഭാഷാകൃതികളിൽ പ്രാചീനതമമാണു്. ഇതിൻെറ കാലം ഇന്നുവരെ നിർണ്ണയിക്കപ്പെട്ടിട്ടില്ലെങ്കിലും ഇതിനു വളരെ പഴക്കമുണ്ടെന്നു തെളിയുന്നു............ഇതു തമിഴ് കാവ്യമോ മലയാളകാവ്യമോ എന്നു തീർച്ചപ്പെടുത്തുവാൻ നിവൃത്തിയില്ല. ചില പ്രയോഗങ്ങൾ മലയാളത്തെ അനുസരിക്കുന്നതുകൊണ്ടും ഉൽപത്തിസ്ഥാനം കേരളമായതുകൊണ്ടും മലയാളകാവ്യമെന്നു പറയാമെങ്കിലും സൂക്ഷ്മമായി പരിശോധിച്ചാൽ ഇതിലെ ഭാഷ തമിഴാണെന്നു ശീഘ്രമായി ബോധപ്പെടുന്നതാണു്. ഇതിനെയാണു് മലയാളികൾ മലയാളഭാഷയെന്നു പറയുന്നതു്. മലയാളമെന്നൊരു തനിബ്ഭാഷയില്ലെന്നും അതു പഴന്തമിഴ്തന്നെയാണെന്നും ഞാൻ മുമ്പുതന്നെ തെളിയിച്ചിട്ടുണ്ടു്.'' പ്രസ്തുതകൃതിയുടെ പ്രാചീനതയെ സംബന്ധിച്ചിടത്തോളം ആ പണ്ഡിതൻെറ പ്രസ്താവന സ്വീകാരയോഗ്യമാണു്. അദ്ദേഹം ആദ്യത്തെ പരിച്ഛേദത്തിൽ താഴെക്കാണുന്ന പദങ്ങളും മററും മലയാളമാണെന്നു സമ്മതിക്കുന്നു. (1) ഞാൻ (യാൻ), (2) തുനിയൽ (തുണിയൽ), (3) വിളയിച്ചു തെളിയിച്ചു (വിളൈവിച്ചു തെളിവിച്ചു) (4) ചെറിയവർ (ചിറിയവർ), (5) എങ്ങും (എങ്കും), (6) പതിയെ (പതിയൈ), (7) തന്തതം (ചന്തതം), (8) അറഞ്ഞ (അറൈഞ്ഞ), (9) മകരകേതനനുടേ (മകരകേതനനുടൈയ), (10) കുത്തുമ (കുചുമ), (11) മാഴനീൺമിഴിയെ (മാഴൈനീൺ മിഴിയൈ), (12) പൊരുന്ന (പൊരുകിൻറ). ഇതിൽനിന്നു് അദ്ദേഹം രാമചരിതം ഒരു തനിച്ചെന്തമിഴ്ക്കൃതിയെന്നു ശഠിച്ചിരുന്നില്ലെന്നു കാണാവുന്നതാണു്. ഈ വസ്തുത ചില ഉദാഹരണങ്ങൾ ഉദ്ധരിച്ചു് ഒന്നുകൂട

Digitized By Kerala Sahitya Akademi

വിശദമാക്കാം. താഴെക്കാണുന്ന വാക്കുകളും വരികളും രാമചരിതത്തിലുള്ളവയാകുന്നു. (1) എന്മാൻ (എന്നു പറവാൻ); (2) ഉണ്ടായിതൊട്ടൊരു പിണക്കമെവർ തമ്മിൽ; (3) പോർവില്ലുമായരിയ പോക്കുളരി പുക്കാൻ; (4) മമ്മാ (പിൻകാലത്തു ചമ്പുക്കളിൽ കാണുന്ന ആശ്ചര്യദ്യോതകമായ ഒരു വ്യാക്ഷേപകം); (5) കണ്ടില്ല മുമ്പിലിങ്ങു വന്നവരെ ഞാനോ; (6) നന്നാലു താ(സാ)യകങ്ങളൊററിയതികായൻ നമോമാടൊല്ലായിവയെല്ലാമെന നടന്താൻ; (7) മുക(ഖ)പങ്കച(ജ)മണിഞ്ഞു വിയപ്പുതുള്ളികൾ; (8) ചെങ്ങിച്ചിതറിന മിഴികളൊട്ടും; (9) മുമ്പിലൊരറിവു നിനക്കുണ്ടായോ; (10) എരിപൊരിയെട്ടുത്തു ഗോപുറെറഴിൻറതു കുററമല്ല; (11) കുറിയോലയും നല്കി; (12) കോയിൽ കൊൾകയിനിയെന്നുമേ. പിതിട് (പിശിട്), വേളാവിക്കുക (ആക്രമിക്കുക), ഇടങ്ങേട്, അണയ (സമീപത്തു), ഓരോപാടേ, പൊലിക്കാണം, ചെഞ്ചെമേ മുതലായി തമിഴിൽ പ്രയോഗമില്ലാത്ത വേറേയും അനേകം പദങ്ങൾ ഈ കൃതിയിൽ കാണ്മാനുണ്ട്. ലിംഗവചനപ്രത്യയങ്ങൾ ചേർക്കാതെ 'പെരുതാകിന്റരു മുന്നം വന്തു' എന്നും 'മുടിന്തടലിൽ വീഴ്ന്തു' എന്നും മററുമുള്ള പൂർണ്ണക്രിയാപദങ്ങളും ഇതിൽ ധാരാളമായുണ്ട്. അന്തരാ, അവിരതം, അനവരതം, വിയതി (ആകാശത്തിൽ), വാചി (വാക്കിൽ), വാചാ (വാക്കുകൊണ്ട്), അനന്തരം, നിയതം, ആമരണാന്തം, വാരണാനനൻ, ചരണേ (ചരണത്തിൽ), കേകിനാം (കേകികളുടെ) കാനനേ (കാട്ടിൽ) തുടങ്ങിയ സംസ്കൃതപദങ്ങളും ഇല്ലെന്നില്ല. ഈ തെളിവുകളെല്ലാം വച്ചുനോക്കുമ്പോൾ രാമചരിതം ഒരു ചെന്തമിഴ്ക്കാവ്യമാണെന്ന് അഭിജ്ഞന്മാർ പറയുന്നതല്ല. ഇതിൽനിന്നു യഥാകാലം, യഥാക്രമം സഞ്ജാതമാകുന്ന വികാസമാണ് നിരണംകൃതികളിൽ നാം നിരീക്ഷിക്കുന്നത്. പ്രസ്തുത കൃതിക്കും കണ്ണിയാകുളത്തുപോരിനും തമ്മിൽ ഏകോദരസഹോദരത്വം സങ്കല്പിക്കുന്ന പണ്ഡിതന്മാരോട്ടും എനിക്കു മേലുദ്ധരിച്ച ഉദാഹരണങ്ങൾതന്നെയാണ് തെളിവായി പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നതു്. ഇത്തരത്തിൽ ഒരു വാക്യമോ വാചകമോ വാക്കോ കന്നടിയൻപോരുമുതൽ ദിവാൻവെററിവരെയുള്ള തെക്കൻപാട്ടുകളിൽനിന്ന് ഉദ്ധരിച്ചു സ്വപക്ഷം സ്ഥാപിക്കുവാൻ കഴിയുമോ എന്ന് അവർ പരീക്ഷിക്കട്ടെ; സാധിക്കുകയില്ല. അതിനു കാരണം രാമചരിതം അതുണ്ടായ കാലത്തു മലയാളംപാട്ടിന് ഉപയോഗിച്ചിരുന്ന സാഹിത്യഭാഷയിലും ഇതരകൃതികൾ അതാതു കാലത്തു തെക്കൻതിരുവിതാങ്കൂറിൽ പ്രചരിച്ചിരുന്ന നാടോടിത്തമിഴിലും രചിച്ചിട്ടുള്ളതുതന്നെയാണ്. രണ്ടാമത്തെ ഇനത്തിൽപ്പെട്ട കൃതികൾ പ്രായേണ കടപ്പനയോലയിലല്ലാതെ താളിയോലയിൽ എഴുതിവയ്ക്കുകപോലും പതിവില്ലായിരുന്നു; ചിറയിൻകീഴിനു വടക്ക് അവയിൽ ഒന്നുപോലും കണ്ടെടുക്കുവാൻ കഴിയുന്നതുമല്ല. രാമചരിതത്തിന്റെ സ്ഥിതി അതൊന്നുമല്ല; അതു കണ്ണശ്ശരാമായണവും അദ്ധ്യാത്മരാമായണം കിളിപ്പാട്ടുംപോലെ കേരളത്തിന്റെ ഒരററംമുതൽ മറേറ അററംവരെ അനേകം പഴയ

Digitized By Kerala Sahitya Akademi

ഗ്രന്ഥപ്പുരകളിൽ കാണാവുന്നതാണ്. വട്ടെഴുത്തിൽ പകർത്തീട്ടുള്ള അതിൻെറ പ്രതികളുമുണ്ടു്. ഉത്തരകേരളത്തിൽനിന്നു് അതിൻെറ പല പ്രതികളും കണ്ടുകിട്ടീട്ടുണ്ടെന്നുള്ള വസ്തുതയും ഇവിടെ സ്മരണീയമാണ്. 'വന്നു' എന്ന പദം 'വൻറു' എന്നും 'മന്നു' എന്ന പദം 'മൻറു' എന്നും രാമചരിതത്തിൽ കൃത്രിമമായി പ്രയോഗിച്ചിരിക്കുന്നതിനാൽ ആ കൃതിക്കു് അർവാചീനത്വം കല്പിക്കണമെന്നു ചിലർ പറയുന്നതിലും അർത്ഥമില്ല. 'വൻറാൻ' എന്നൊരു രൂപം ലീലാതിലകകാരൻ രണ്ടാം ശില്പത്തിൽ നമുക്കു കാണിച്ചുതരുന്നതിനു പുറമേ 'വൻറിട്ടൻറു വിഷണ്ണനായതറിവിൻ' എന്ന ഭാഗം ഉൾക്കൊള്ളുന്ന ഒരു ശ്ലോകം നാലാം ശില്പത്തിൽ ഉദ്ധരിക്കുകയും ചെയ്യുന്നു. മന്നിനു മൻെറന്നുള്ള രൂപാന്തരവും പ്രയോഗസിദ്ധമാണ്. 'മൻറിൽച്ചെല്വം പെരിയ തിരുവാനാടിയിൽക്കൂടിയാടി' എന്നും മററുമുള്ള ഉണ്ണുനീലിസന്ദേശശ്ലോകങ്ങൾ നോക്കുക. ലീലാതിലകത്തിൽ രാമചരിതത്തിൽനിന്നു് ഒരു ഭാഗവും ഉദ്ധരിച്ചിട്ടില്ലാത്തതുകൊണ്ടു് അതു് ആ ലക്ഷണഗ്രന്ഥത്തെ അപേക്ഷിച്ചു് അർവാചീനമാണെന്നു വാദിക്കുന്നതും അയുക്തമാണ്. ലീലാതിലകകാരൻ പാട്ടിനല്ല മണിപ്രവാളത്തിനാണ് ലക്ഷണഗ്രന്ഥം നിർമ്മിക്കുന്നതെന്നും അതിൽ ആനുഷംഗികമായി മാത്രമേ പാട്ടിനെപ്പററി പ്രസ്താവിക്കേണ്ട ആവശ്യകത അദ്ദേഹത്തിനു നേരിടുന്നുള്ളൂ എന്നും ആ ആവശ്യം അദ്ദേഹം 'തരതലന്താൻ' എന്ന വിഷ്ണുസ്തോത്രം കൊണ്ടു നിർവഹിക്കുന്നു എന്നും നാം ഓർമ്മിക്കേണ്ടതാണ്. അഭാവത്തിൽനിന്നുള്ള അനുമാനം ദുർബലമാണെന്നുള്ളതു വിപ്രതിപത്തിക്കു വിഷയമല്ലല്ലോ.

**കവിത:**—രാമചരിതകാരൻ വാല്മീകിമഹർഷിയെ ആദ്യന്തം അനുസരിച്ചുതന്നെയാണ് പ്രസ്തുതകാവ്യം രചിക്കുന്നതെങ്കിലും അവിടവിടെ കഥാഘടനയിൽപ്പോലും തൻെറ മനോധർമ്മരത്നങ്ങൾ മുക്തഹസ്തമായി വാരിവിതറീട്ടുണ്ട്. രാമചരിതത്തിലെ രാവണൻ പഞ്ചവടിയിൽ ഭിക്ഷുവേഷത്തിൽ പ്രവേശിച്ചു സീതാദേവിയെ ഭർത്തൃസന്നിധിയിൽ കൊണ്ടുചെന്നാക്കാമെന്നു പറയുന്നു. അപ്പോൾ ശൂർപ്പണഖ അവിടെ ആവിർഭവിച്ചു ദേവിയെ കൊന്നുതിന്നുമെന്നു ഭയപ്പെടുത്തുന്നു. അതു കണ്ടു വിറയ്ക്കുന്ന ദേവിയോടു രാവണൻ തേരിൽക്കേറുവാൻ ഉപദേശിക്കുന്നു. ആഗതൻെറ ഉദ്ദേശം ''ഏതുമൊൻററിവില്ലാമയാൽ വെൻറിമെത്തിടുമയോത്തിവേന്തനൊ വിരുന്തുകാണ്മതിനു''വേണ്ടി ദേവി ആ ഉപദേശമനുസരിക്കുന്നു. ഈ പൊടിക്കൈയൊന്നും വാല്മീകിരാമായണത്തിലില്ല. പട്ടാഭിഷേകഘട്ടത്തിൽ നാരദമഹർഷിയെക്കൊണ്ടു കവി ദീർഘമായി ഒരു വിഷ്ണുസ്തോത്രം ഗാനം ചെയ്യിച്ചിരിക്കുന്നതും മൂലത്തിലുള്ളതല്ല. രാമചരിതത്തിലെ ആദിത്യഹൃദയം മൂലത്തേക്കാൾ ദീർഘമാണ്. രസനിഷ്ഠ, അലങ്കരണചാതുരി, മുതലായ വിഷയങ്ങളിൽ കവി പ്രശംസാർഹനാണെങ്കിലും അദ്ദേഹത്തിൻെറ അന്യാദൃശമായ പദഘടനാപാടവമാണ് എന്നെ അത്യന്തം ആനന്ദപരവശനാക്കി

Digitized By Kerala Sahitya Akademi

ട്ടുള്ളതു്. ചില ഉദാഹരണങ്ങൾ ഉദ്ധരിച്ചു് ആ വശ്യവാക്കിന്റെ കവനകൗശലത വെളിപ്പെടുത്താം.

1. വിഭീഷണൻ രാവണനോടു പറയുന്നു:—

"വേന്തർകോൻറനയനാകി വിണ്ണവർക്കുതാഴ്വുള്ളിൽ—
ച്ചാന്തിചേർ മുനിവർ തേടും തനിമറക്കാതലാകി
പൂന്തഴൈക്കുഴലാൾ ചീതൈ പുണരണിമുലൈസ്സുപ്പുൺപാ—
യാർന്തെഴുമരക്കർ നഞ്ചായവനവതരിത്തുതയ്യാ."

2. പോർക്കളത്തിലെത്തിയ കുംഭകർണ്ണനെ കവി വർണ്ണിക്കുന്നു:—

"തിര പൊരുന്തുമലയാഴിതനെയാഴമറിവാൻ
തെചമുകൻ തിറമുറംപടി പടൈത്ത വടിവോ?

* * * *

അഴിവില്ലാത കരുമാമലൈയൊരാളുരുവമാ—
യടൽ നമ്മോടു തനിയേ കരുതി വന്റ വരവോ?
പിഴകലാവിനതു കണ്ടുളവിരുണ്ടമിടറൻ
പെരികരിപ്പുമൊടു മുപ്പുരമെരിത്തഴുരുവോ?
അഴിഞ്ഞു മാറെലിതന്നോടിരന്നു മാണിയുരുവാ—
യവനിമണ്ഡലങ്ങൾ പണ്ടളന്ന കൊണ്ടൽവർണ്ണനോ?"

3. ലക്ഷ്മണൻ ഇന്ദ്രജിത്തിനോടു പറയുന്നു:—

"നീയേയെതിർക്കിലുമടൽക്കൊടുമതങ്ക
നിന്നോളം വല്ലവർ പകസ്സിലുമനേകം
ഛായാവുതൻമലർ വണങ്കും നിറമേലും
കാകുത്തനൊൺ കണകളാണയിതു ചൊല്ലാം
ത്തുയോ ചിലമ്പു*രതടത്തിടൈ നടത്തി—
ത്തുവിൻറ ചെങ്കുരുതിയോടുയിരകററി
പേയാമുടമ്പു കഴുകും പരുന്തു കാകൻ
പേയും പകുക്കുംവണ്ണമാസ്കളെവൻ ഞാനേ."

4. ലക്ഷ്മണൻ മറെറാരവസരത്തിൽ ഇന്ദ്രജിത്തിനോടു പറയുന്നു:—

"പൊരുവതിന്നുറപ്പു പോരിൽപ്പൊരുന്തിനോക്കിവണ്ണംനിൻവ
പരുപരപ്പറവതല്ല; പഴിപ്പുരതറിവോർ കേട്ടാൽ;
ചരതമൊൻററിയേണ്ടും നീ—തകപുകഴങ്കിതേവ—
നൊരു മൊഴിയരുളിച്ചെയ്കല്ലൊരിക്കമൊയ്ച്ചുടുവതെങ്കം.

എങ്കമീ വനം കടോറമീടിന മരങ്കളെച്ചീർ—
തങ്കിന പവനനൊക്കെത്തകപ്പുത്തും ചൊല്ലിയല്ലു;
ചെങ്കിന കരങ്കളാലേ തെരുതെരെപ്പറൈന്തോ ചുട്ട—
തങ്കിന വെയിലാൽ വെയ്യോൻ തപിപ്പിത്തും തരണിതന്നെ?"

5. ഇന്ദ്രജിത്തിന്റെ മരണംകേട്ട രാവണന്റെ വിലാപം:—

"തനിമരം മൂലമററു തരണിയിൽ വീഴ്ന്തപോലെ

---

* ചിലമ്പു്=ചില അമ്പു്.

Digitized By Kerala Sahitya Akademi

കനാമഴിന്താനനിമീതു കമിഴ്ന്താൻ വീഴ്ന്തുണർന്തു
മനുകുലാധീരനാമ്പാൽ മാലിതൻ പുരം പുകന്തു
തനയൻതൻ ചരിതം പേചാച്ചുമഴ്ന്തനാരക്കർകോമാൻ.''

* * * *

''ഇതമിവിടെക്കായ്ന്തോയെന്നെയും കളൈന്തു ചെമ്മേ
മതുമൊഴിയാളെ മണ്ടോതരിയെയുമറ മറന്തു
കതിരവൻകുലത്തു മന്നൻ കണകളാം തുണയുമായ് നീ–
യുതിരവുമണിന്തു കാലന്നഗരം പുകുന്തുകൊണ്ടു?''

* * * *

''അടലിടെയചുരരമ്പരമ്പരചാരിമാർ മ–
ററിടയിടെക്കവികൾ വേന്തരിന്തിരനിവർകൾ കാണ
ഉടലിടെ മനുചനമ്പേററുടൈന്തു നീ വീഴ്ന്തുതേ നിൻ
മുടിവു വന്തതിലുമേററം മുഴുത്തിതു തുയരെനിക്കേ.''

6. രാവണൻ സാരഥിയോടു കോപിക്കുന്നു:—
''കറകുറവല്ല വല്ലാവനും ചമത്തിടയെന്നു കണ്ടോ
കരുതലരോടു പോരിടെ മാറിയോടുക വെററിയെൻറോ
ഉറവുകനം നിനക്കുവെനോടിയൻറതു മൂലമായോ
ഉരപെറുമത്തിരങ്കളെല്ലാമെനിക്കറിവില്ലയെൻറോ
തിറമടലിൽച്ചുരുങ്കകയോ കനക്കയെനിക്കു നേരേ
തെളുതെളെ വൻറ വാണങ്ങൾ കണ്ടു കേവലമഞ്ചിയോ ന–
ല്ലറിവില്ലയാമയോ വിരവിൽത്തിരിത്തിതു തേരികല്ലേ–
ൻറരചനടുത്തു കിട്ടിനപോതു തുട്ടരിൽ മുമ്പുള്ളോയേ.''

7. ശ്രീരാമന് അഭിമുഖമായി സീതാദേവി പ്രവേശിക്കുന്നു:—
''നേരിടയാടുവാരണി കൊങ്കയുഞ്ചുമടേററിയേററം
നീലനെടുങ്കണ്ണീരിൽ നിറത്തിയാനനപങ്കചം താ–
ഴ്ത്താരമണിന്ത മാർവിടവും മറൈത്തു കരങ്കളാൽ മെ–
യ്യാമതൊളിത്തു കാർകുഴൽകൊണ്ടും നേർതുകിൽകൊണ്ടുമെല്ലാം
താരണിചായൽ ചാനകി മെല്ലെ നാണിനവാണി ചോര–
ച്ചാരയുലൈന്ത മെയ്യൊടൊതുങ്കി മെല്ലടികൊണ്ടുമൊട്ടേ
പാരെയലങ്കരിത്തരചന്നടുത്തങ്ങിടത്തു വാനോർ–
പാനകമാരുടൻ പലർ മുഴയുഴി വിളങ്ക നിൻറാൾ.''

8. കവി അഗ്നിശുദ്ധയായ ജാനകിയെ സ്തുതിക്കുന്നു:—
''താരിണങ്കിന കാനനേ നടമാടുവോ ചില കേകിനാം
ചായമായ്വിരന്തൊലികൾ പീലികൾ വടിവു പോയ്
വളരിൻറിതോ?
തീരരാനവരേവരും ചില പേയരായ് മുടിയും വണ്ണം
തിറമുലാവിന തിമിരത്തഞ്ചയമവനിമീതുയരിൻറിതോ?
താരകങ്കളമഴ്ത്തിയപ്പുനകർന്തുയർന്തു പയോതരം

Digitized By Kerala Sahitya Akademi

ചലിതപാതപതഗിവനാകിയ തൂണാഴുമായ് വന്നു താഴ്ന്നിതോ?
താരണിഞ്ഞു മണം പുണർന്നിടതൂർന്നു പിൻകഴൽ പൂണ്ട കാർ–
തഴ തൊഴും കുഴലിവണ്ണമെന്നൊരു നിലനിവൃത്തരതെങ്ങളാൽ.''

9. തേരിൽ കേറിയ ജാനകി രാവണനെ രാക്ഷസരൂപത്തിൽ കാണുന്നു:—

''മായമായുന്ത മറൈന്തനേരം വളർകാളമേഘപടലങ്ങൾനേർ
പോയിടംപെട്ടമൂടനു മേരുചികരങ്ങൾപോൽപ്പല ചിരങ്ങളും
തുയവെള്ളെകിറു വൻചരാവലി തൊട്ടുത്ത കൈകളുമട്ടത്തു ഗ–
ണ്ടയലാട്ടും മനമോട്ട ജാനകിയുലൈന്തുലൈന്തു മുറകോലിനാൾ.

(1) ‘എൻനയനങ്ങൾകൊണ്ടു വിരൈന്തുകോരിനുകർന്നുകൊൾവാൻ’
(2) ‘വിമലനാരതമുനിവരൻ കരകമലമേന്തിന വീണയും’
(3) ‘കരിന്തടം കണ്ണാൽക്കണ്ടു കയ്യാരത്തൊഴുതുനോക്ക’
(4) പുനൽ തിളച്ച മകരന്തമായ്വരിക പൂതലത്തൊഴുകമാറെല്ലാം.’

മുതലായ വരികളിൽ എന്തൊരു അഭൗമമായ ശബ്ദാർത്ഥമാധുര്യമാണ് കരകവിഞ്ഞു കളിയാടുന്നതു്!

(1) ‘പാരിൽ വേനൽ നടുവത്തിടി പടർന്തെങ്കും തുടർന്ത കാട്ടു പോൽ.’ (2) ‘കൊൻറ ചൂട്ടും പിറാൻതൻ കൊട്ടങ്കനൽനയനംപോലെ’. (3) ‘വൻറ വാരണങ്കളോടു വളരിളച്ചിങ്കം പോക്കെയ്തൻറണയിൻറ പോലെ’. (4) ‘കലമതി ചൂട്ടമണ്ണൽതന്നോടു മുപ്പുര മുറവു നീറ്റിക്കളൈവതിനാഴിവണ്ണനണൈന്തഴിന്തുമൊഴിന്തപോലെ’ എന്നീ ഉപമകളും, (1) ‘തിരിക്കരുതിവണ്ണമെന്നേ തെയ്വം തൻ നിലകളൊന്നും’; (2) ‘വിതിയൻ നിനവിനു പിഴയെന്നും വിളയാ നിചിചരവരർകോനേ’; (3) ‘ഒരു മിത്തമനത്തനരാനാലൊന്നിനും കുറവില്ലെന്നേ’; (4) ‘മഴയൊടെഴും ക്കുൻപോളകൾപോൽ മന്നാ മനിതർകൾ വാണാളും’; എന്നീ അർത്ഥാന്തരന്യാസങ്ങളും ഹൃദ്യങ്ങളായിരിക്കുന്നു. ഫലിതത്തിനും ധാരാളം ദൃഷ്ടാന്തങ്ങളുണ്ടു്.

''എന്നോടെതിർത്തു കൊടിയത്തിരങ്ങൾ കൈവി–
ട്ടേതേനുമാകിലെതിർ താ, വിരഞ്ഞല്ലായ്കിൽ
പിന്നേ തുടർന്ത പടയോടും നടകൊൾ നീ;
പിൻകാവൽ ഞാൻ പെരിയ പോക്കതകിനോളം''

എന്നു് അതികായൻ ലക്ഷ്മണനെ അപഹസിക്കുന്നു. ‘ചിരവുമുടവുമൊക്കെയൊരു ചക്കിലെൾപ്പരിചാക്കി വയ്പൻ’ ‘ആനയുടേ കളിക്കെതിരായിതല്ലോ’ എന്നും മററുമുള്ള വാക്യങ്ങളും ഈ ഘട്ടത്തിൽ സ്മരിക്കേണ്ടതാണു്. ശ്രീരാമൻ രാവണന്റെ ശിരസ്സുകൾ അരിഞ്ഞുതള്ളുമ്പോളെല്ലാം അവ വീണ്ടും മുളയ്ക്കുന്നതു കണ്ടിട്ടു് ഇങ്ങനെ പറയുന്നു.

''അറിവറക്കറൈന്തു നിന്നാലവിരതം ചെയ്യപ്പെട്ട
തിറമുറം പിഴകൾക്കോരോ ചിരങ്കളെയറുക്കവേണ്ടി
കറവുകളോടു ഞാനെൻ കണകളാലരിയുന്തോറു–
മുറതിപെററെഴുന്തു ക്കൂടയുളവായേ വരിൻറതെൻറാൻ.''

Digitized By Kerala Sahitya Akademi

കവി ഒരു വലിയ വിഷ്ണുഭക്തനായിരുന്നു എന്നുള്ളതും ചില ഭാഗങ്ങളിൽ നിന്നു വ്യക്തമാകുന്നു. 'എന്മാലവൻതരുളമണ്ണൽ വിളയാട്ടായെയ്താൻ' 'എന്നുള്ളമെന്നും മലരിളകൊള്ളമമ്മതുമൈവിരി' ഈ വരികൾ നോക്കുക. ഈ വിഷയത്തിൽ എഴുത്തച്ഛനുപോലും മാർഗ്ഗദർശിയായാണ് നാം പ്രസ്തുത കവിയെ കാണുന്നതു്.

ഇങ്ങനെ ശബ്ദാഗമജ്ഞന്മാക്കും സാഹിത്യരസികന്മാക്കും അത്യന്തം ആകർഷകമായി അനുഭവപ്പെടുന്ന ഒരു ഉത്തമകാവ്യമാകുന്നു രാമചരിതം. ഇതിന്റെ പ്രണേതാവിനെ മലയാളത്തിന്റെ ചാസർ (Chaucer) എന്നു വ്യപദേശിച്ചാൽ അതു് ഏററവും ഉപപന്നമായിരിക്കുമെന്നുള്ളതിനു സംശയമില്ല.

**ആട്ടപ്രകാരത്തിലെ ഒരു പഴയ പാട്ടു്:**—രാമചരിതമാണു് ഇതുവരെ കണ്ടുകിട്ടിട്ടുള്ള 'പാട്ടു'കളിൽ പ്രാചീനതമമെങ്കിലും അതിനു മുമ്പു രചിക്കപ്പെട്ടവയായി അപൂർവം ചില ചില്ലറ ശീലുകൾ നമുക്കു ലഭിച്ചിട്ടില്ലെന്നില്ല. താഴെക്കാണുന്ന പാട്ടു മന്ത്രാങ്കം ആട്ടപ്രകാരത്തിലുള്ളതാണു്.

> ''മുന്തലേന്തിന ചൊൽവരങ്കളമ്മുരുവേലയിലങ്കയും
> ഇന്തിരൻതനെ വെൻറ മൈന്തനുമെണ്ണിലാത വരങ്കളും
> പന്തുപോലരൻ വെപ്പെടുത്ത പണിപ്പയങ്കളും മൗലിയോ..
> രൈന്തുമൈന്തുമരിന്ത വാളുമൊരമ്പിനുക്കിരയായിതേ''

ഈ പാട്ടു രാവണന്റെ മരണത്തെ വിഷയീകരിച്ചു് ആടേണ്ട ഒരു ഘട്ടം മന്ത്രാങ്കത്തിലുണ്ടു്. 'നമ്മകഥാം കര്യാൽ' എന്ന നിർദ്ദേശത്തോടുകൂടിയാണു് പ്രസ്തുതഗാനം ആട്ടപ്രകാരത്തിൽ ഉദ്ധരിച്ചുകാണുന്നതു്. എന്നാൽ അതിനും മുമ്പു് ഒരു കാലത്തു് അങ്ങനെയുള്ള പാട്ടുകൾ പലതും രംഗത്തിൽ പ്രയോഗിച്ചിരുന്നു എന്നും അന്നു് അവയെ നമ്മോ പയുക്തങ്ങളായല്ല കരുതിയിരുന്നതെന്നും 'പറയൂർ ചാക്കൈയൻ' ചെങ്കട്ടുവന്റെ സന്നിധിയിൽ അഭിനയിച്ച 'കൊട്ടിച്ചേതം' താദൃശങ്ങളായ ഗാനങ്ങളെ ആസ്പദമാക്കിയായിരിക്കണമെന്നും തോന്നുന്നു. 'മുന്തലേന്തിന' എന്ന പാട്ടിനുമേൽ

> ''ഇന്തിരനീലക്കൺകളിരുപതു കോടക്കേട്ടേൻ
> ചന്തരവടിവിനാളെത്തുളപ്പാറക്കാണമാട്ടേൻ''

എന്നും മററും വേറേയും ചില പാട്ടുകളും ഉണ്ടു്.

മുൻകാലത്തു് അകവൽ, വെൺപാ എന്നീ രണ്ടു വൃത്തങ്ങളേ ചെന്തമിഴിൽ ഉണ്ടായിരുന്നുള്ളൂ. 'ഇന്തിരനീലക്കൺകൾ' എന്ന പാട്ടിൽ കാണുന്ന വൃത്തത്തിന്റെ ഉപജ്ഞാതാവു ക്രി: പി: ഒൻപതാം ശതകത്തിന്റെ ഉത്തരാദ്ധത്തിൽ ജീവിച്ചിരുന്ന ചിന്താമണികാരനായ തിരുത്തക്കത്തേവരാണെന്നുള്ളതു സുപ്രസിദ്ധമാകയാൽ ഞാൻ മുമ്പുദ്ധരിച്ച 'മുന്തലേന്തിന' എന്ന പാട്ടു ക്രി: പി: പത്താംശതകത്തിനു്—

Digitized By Kerala Sahitya Akademi

അതായതു കുലശേഖരന്മാരിന്റെ കാലത്തു്—നിർമ്മിച്ചതായി കണക്കാക്കുവാനേ തരമുള്ളൂ.

**പഴയ ഭാഷാഗദ്യം:**—പഴയ കാലങ്ങളിലെ ചില ശിലാരേഖകളിലും ചെപ്പേടുകളിലുംനിന്നു് അന്നത്തെ ഭാഷാഗദ്യരീതി എന്തെന്നു നമുക്കു ഏറെക്കുറെ മനസ്സിലാക്കാവുന്നതാണു്. സുറിയാനിക്രിസ്ത്യാനികളുടെ കൈവശം മൂന്നു ചെപ്പേടുകളും ജൂതന്മാരുടെ കൈവശം ഒരു ചെപ്പേടും ഉണ്ടു്. അവയിൽ ക്രിസ്ത്യാനികളുടെ ശാസനങ്ങളിൽ ആദ്യത്തേതു രണ്ടും സ്ഥാണുരവിപ്പെരുമാളും മൂന്നാമത്തേതു വീരരാഘവചക്രവർത്തിയും നല്കിയതാണു്. ഈ പട്ടയങ്ങൾ ഉത്ഭവിച്ചതു യഥാക്രമം ക്രി: പി: 885–ാമാണ്ടും 1320–ാമാണ്ടുമാകുന്നു. ജൂതന്മാർക്കു ശാസനം ദാനം ചെയ്തതു ഭാസ്കരരവിവർമ്മപ്പെരുമാളാണു്. സ്ഥാണുരവി ക്രി: പി: 870 മുതൽ 900വരേയും ഭാസ്കരരവി 978മുതൽ 1036വരേയും കേരളം രക്ഷിച്ചതായിക്കാണുന്നു. ഈ പട്ടയങ്ങളിലെ ഭാഷ തനിത്തമിഴാണു്. സ്ഥാണുരവിയുടെ ശാസനത്തിൽനിന്നാണു് താഴെച്ചേർക്കുന്ന ഭാഗം ഉദ്ധരിക്കുന്നതു്. ''കോത്താണുരവിക്കുത്തൻ പലനൂറായിരത്താണ്ടും മറുകുതലൈച്ചിറന്തടിപ്പട്ടുത്താളാ നിൻറയാണ്ടുകൾച്ചെല്ലാനിൻറയാണ്ടൈന്തു, ഇവ്വാണ്ടു വേണാട്ടുവാഴ്കിൻറ അയ്യനടി കടിരുവടിയുമതികാരരും പിരകൃതിയും (പ)ണി (കു....യും) മഞ്ചുവണ്ണമും പുന്നൈത്തലൈപ്പതിയുമുടനിരുന്തുക്കരക്കേണിക്കൊല്ലത്തു എശോദാതപിരായി ചെയ്വിത്തതരുസാപ്പള്ളിക്കു ഐയനടികടിരുവടി കുടുത്ത വിടുപേറാവിതു'' ഈ ശാസനഭാഷയിൽനിന്നു് അക്കാലത്തെ മലയാളത്തിന്റെ സ്വരൂപം നിർണ്ണയിക്കുവാൻ യാതൊരു മാർഗ്ഗവുമില്ല. മററു പട്ടയങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണു്. എന്നാൽ വേറേ ചില രേഖകളിലെ തമിഴിൽ മലയാളത്തിന്റെ സംക്രമം സ്പഷ്ടമായി കാണ്മാനുണ്ടു്. ശ്രീവല്ലഭൻകോത എന്ന വേണാട്ടുരാജാവിന്റെ മാമ്പള്ളിത്താമ്രശാസനത്തിൽ 'ഇടം' എന്നതിനു് എടമെന്നും 'വൈത്തു' എന്നതിനു 'വൈച്ചു' എന്നും 'കടവൻ' എന്നതിനു 'കടവിയൻ' എന്നും 'പടുവതു' എന്നതിനു 'പടുവിതു' എന്നും 'അവനുക്കു' എന്നതിനും 'വേണാട്ടിക്കു' എന്നതിനും 'അവൻകു' എന്നും 'വേണാട്ടിൻകു' എന്നും പ്രയോഗിച്ചിരിക്കുന്നു. ശാസനത്തിന്റെ കാലം കൊല്ലം 149–മാണ്ടാണു്. ഉദയമാർത്താണ്ഡവർമ്മാ എന്ന വേണാട്ടുരാജാവിന്റെ കൊല്ലൂർമഠം താമ്രശാസനത്തിൽ എഴുന്നരുളി, തന്ന, അരിടയ, പിടിച്ചു, അളന്നു, തിങ്ങൾ, ചെലവിനു, പിറന്ന, കണ്ടണി, കളങ്ങരൈ, വിഴാവിനു, അവനൊള്ള, കെട്ടിൻറാന്നു, എണ്ണ, മട മുതലായ പദങ്ങൾ കാണുന്നു; അനുനാസികങ്ങൾ ഈ ശാസനത്തിൽ ധാരാളമായി പകർത്തീട്ടുണ്ടു്. 'പണ്ടനി' എന്നുപോലും 'പൈങ്കുനി'ക്കു ലേഖകൻ രൂപഭേദം വരുത്തീട്ടുണ്ടു്. ഈ ശാസനം കൊല്ലം 364–ാമാണ്ടത്തേതാണു്. ദക്ഷിണകേരളത്തിലെ ശാസനങ്ങളാകകൊണ്ടാണു് ഇവയിൽ ഇത്രമാത്രം തമിഴ് കടന്നുകൂടീട്ടുള്ളതെന്നു വാദിക്കുന്നവർ ഭാസ്കരരവിയുടെ തിരുനെല്ലിശിലാരേഖകളും തിരുവിതാങ്കൂർ പുരാണസംരക്ഷ

Digitized By Kerala Sahitya Akademi

ണറാകപ്പിൽനിന്നും മററും പ്രസിദ്ധപ്പെടുത്തീട്ടുള്ള കൊച്ചിയിലെ ചേന്നമംഗലം, തിരുവഞ്ചിക്കുളം മുതലായ സ്ഥലങ്ങളിലെ ശിലാലിഖിതങ്ങളും പരിശോധിച്ചു തങ്ങളുടെ അഭിപ്രായം മാറേണ്ടതാണ്. വേണാട്ടിലെ വീരഉദയമാർത്താണ്ഡവർമ്മാവിൻെറ കൊല്ലം 426-ലെ ആറാം താമ്രശാസനമാണ് ഈ ഇനത്തിൽ തനിമലയാളത്തിലുള്ള ആദ്യത്തെ രേഖയെന്നു ഞാൻ വിശ്വസിക്കുന്നു. അതിൻെറ മാതൃക കാണിക്കുവാൻ ഒരു ഭാഗം താഴെച്ചേർക്കാം.

''അരുളിച്ചെയ്ത ശകാബ്ദം ആയിരത്തു ഒരുനൂറെറാഴുപത്തുമൂന്നിൻമേൽ ചെല്ലാനിൻറകൊല്ലം നാനൂററിരുപത്താറാമതു മേടഞായറു പത്തൊൻപതുചെന്ന വ്യാഴാഴ്ചയും മൂലവും അപരപക്ഷത്തു പഞ്ചമിയും ശിവാദിത്യയോഗവും വരാഹകരണവും പെററയിന്നാൾ വേണാടു വാണ്ണരുളുന്ന (കീ)ഴ(പ്പേ)പ്പേരൂർ ശ്രീവീര ഇരവി ഉദയമാർത്താണ്ഡവർമ്മ ശിറവാ മൂത്തരായ നാൾ മലമണ്ഡലത്തു കണ്ണനൂർദേശത്തു പൂവംവിളാകത്തു കോവിക്കൽയിരിക്കും കാണിയാളർ കുലത്തിൽ ശൈവാചാരമായ കാര്യത്തുറൈ തമ്പി ഇരവി കേരളവിക്രമ ഉടയാക്കനയിനാർ മുതളക്കുറിച്ചിയാന ശ്രീവീ(വീ)രകേരളപുരത്തു മഹാദേവർ കോവിലിൽ മേൽകോയിമ്മ ഊരാണ്മ സ്ഥാനം കൊടുക്കയിൽ''

ഇതിൽനിന്നു ക്രി: പി: പതിമ്മൂന്നാംശതകത്തിൽ മലയാളം എത്രമാത്രം പരിപുഷ്ടിയെ പ്രാപിച്ചുകഴിഞ്ഞിരുന്നു എന്നും അങ്ങനെയാണെങ്കിലും ഭാഷാകവികളും മററും അന്നും വ്യവഹാരികഭാഷയിൽനിന്ന് എത്രദൂരം അകന്ന ഒരു ശൈലിയിൽ തങ്ങളുടെ കൃതികൾ നിർമ്മിച്ചുവന്നു എന്നും സ്പഷ്ടമാകുന്നതാണ്.

**കൗടലീയം ഭാഷാഗദ്യം:**—ക്രി: പി: പതിന്നാലാംശതകത്തിനുമുമ്പു പദ്യത്തിൽ രാമചരിതംപോലെ ഗദ്യത്തിലും മഹനീയമായ ഒരു നിധി ഭാഷയ്ക്കു ലഭിച്ചിട്ടുണ്ട്. അതു് ഇന്നു ലോകത്തിൻെറ പരമാദരത്തെ സർവഥാ ആവർജ്ജിച്ചിരിക്കുന്ന കൗടലീയാർത്ഥശാസ്ത്രത്തിൻെറ തർജ്ജമയാണ്. അർത്ഥശാസ്ത്രത്തിൻെറ പ്രണേതാവു മൗര്യവംശം സ്ഥാപിച്ചു ക്രി: മു: 321 മുതൽ 298വരെ രാജ്യഭാരംചെയ്ത ചന്ദ്രഗുപ്തനെ ആര്യാവർത്തചക്രവർത്തി ആക്കി അദ്ദേഹത്തിൻെറ അമാത്യപദം അലങ്കരിച്ച മഹാനുഭാവനും കൗടല്യൻ എന്നും ചാണക്യൻ എന്നും മററുമുള്ള അഭിധാനാന്തരങ്ങളാൽ സുവിദിതനുമായ വിഷ്ണുഗുപ്തനൊന്നാകുന്നു ഭാരതീയരുടെയിടയിൽ പണ്ടുപണ്ടേയുള്ള ഐതിഹ്യം. അദ്ദേഹത്തിനു ദ്രാമിളനെന്നും ഒരു പേരുണ്ട്. കൗടല്യൻ കാഞ്ചീപുരത്തു ജനിച്ചുവളന്ന പൂർവശിഖനായ ഒരു ദ്രാവിഡബ്രാഹ്മണനായിരുന്നു എന്നും അദ്ദേഹം ഉപജീവനാകാംക്ഷിച്ചാണ് നന്ദരാജധാനിയായ പാടലീപുത്രത്തെ പ്രാപിച്ചതെന്നും ചിലർ പറയുന്നു. ദ്രമിളദേശീയനാകയാലാണ് അദ്ദേഹത്തിനു ദ്രാമിളനെന്ന പേർ സിദ്ധിച്ചതു്. 'കുടലൻ' എന്ന ഋഷിയുടെ ഗോത്രത്തിൽ ജനിക്കുകയാൽ കൗടല്യൻ എന്നും പേർ വന്നു. അർത്ഥശാസ്ത്രസമുദ്രത്തിൽനിന്ന് ആ മഹാമേധാവി നീതിശാസ്ത്രമാകുന്ന അമൃതത്തെ ഉദ്ധരിച്ചു

Digitized By Kerala Sahitya Akademi

എന്നു ക്രി: പി: നാലാംശതകത്തിൽ ജീവിച്ചിരുന്ന കാമന്ദകൻ അദ്ദേഹത്തിന്റെ നീതിസാരത്തിൽ പ്രസ്താവിക്കുന്നു. അൎത്ഥശാസ്ത്രത്തിൽ അനേകം പൂൎവ്വസൂരികളുടെ (ഇന്ദ്രൻ, ബൃഹസ്പതി, ശുക്രൻ, നാരദൻ, പരാശരൻ, ഭീഷ്മർ, ദ്രോണർ, വിദുരർ തുടങ്ങിയവരുടെ) മതങ്ങളെ ഭാഷ്യകാരന്മാർ പ്രപഞ്ചനം ചെയ്യുമ്പോൾ പല പരസ്പരവൈപരീത്യങ്ങളും അവരുടെ കൃതികളിൽ കടന്നുകൂടി എന്നും അതു കണ്ടു് എല്ലാവൎക്കും മനസ്സിലാകത്തക്കവിധത്തിൽ വലിയ വിസ്തരമൊന്നുംകൂടാതെ താൻ സൂത്രവും ഭാഷ്യവുമടങ്ങിയ ഒരു പുതിയ ഗ്രന്ഥം നിൎമ്മിച്ചു എന്നും കൗടല്യൻതന്നെ വ്യക്തമായി ഗ്രന്ഥാന്തത്തിൽ ഉദീരണം ചെയ്തിട്ടുണ്ടു്. കൗടലീയം ഒരു ഗ്രന്ഥമല്ല; പ്രാചീനഭാരതത്തിലെ ഒരു ഗ്രന്ഥസമൂഹമാണു് എന്നാകുന്നു പ്രസ്തുതനിബന്ധനത്തെപ്പറ്റി അഭിജ്ഞന്മാരുടെ അഭിപ്രായം. അതിനു ഭട്ടസ്വാമിയുടെ പ്രതിപദപഞ്ചിക, മാധവയജ്വാവിന്റെ നയചന്ദ്രിക, ഭിക്ഷുപ്രഭമതിയുടെ ജയമങ്ഗള എന്നിങ്ങനെ മൂന്നു പ്രാചീനസംസ്കൃതവ്യാഖ്യാനങ്ങൾ കണ്ടുകിട്ടീട്ടുണ്ടു്. എന്നാൽ ഒരു ഭാഷാവ്യാഖ്യാനം എന്നു പറവാൻ ആകെക്കൂടി കേരളത്തിലേ കൗടലീയംമാത്രമേ ആവിർഭവിച്ചിട്ടുള്ളു എന്നുള്ളതു നമുക്കു് അത്യന്തം അഭിമാനോൽപാദകമാകുന്നു. മലയാളത്തിലേ സാഹിത്യം നിസ്സാരമാണെന്നു വാദിക്കുവാൻ തുടങ്ങുന്നവരോടു് അൎത്ഥശാസ്ത്രത്തിനു് ഒരു പഴയ തൎജ്ജമ ഭാരതത്തിലെ മറ്റേതു ഭാഷയിലുണ്ടെന്നു നമുക്കു ന്യായമായി ചോദിക്കാവുന്നതാണു്. അൎത്ഥശാസ്ത്രത്തിൽ പതിനഞ്ചു് അധികരണങ്ങളുണ്ടു്, അവയിൽ ആദ്യത്തെ ഏഴധികരണങ്ങൾക്കുമാത്രമേ പ്രസ്തുതഭാഷാവ്യാഖ്യാനം ലഭിച്ചിട്ടുള്ളു. ബാക്കിയുള്ള അധികരണങ്ങളും അദ്ദേഹം വ്യാഖ്യാനിച്ചിരിക്കുമെന്നു് ഊഹിക്കുവാൻ ന്യായമുണ്ടു്. അവയിൽ ഒന്നും രണ്ടും അധികരണങ്ങൾ തിരുവിതാംകൂർ ഗവൎമ്മെന്റിൽനിന്നു പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. യശശ്ശരീരനായ ഡോക്ടർ ഗണപതിശാസ്ത്രികൾ അൎത്ഥശാസ്ത്രത്തിനു ശ്രീമൂലം എന്നൊരു വിശദമായ വ്യാഖ്യാനം രചിച്ചിട്ടുണ്ടല്ലോ. ആ വ്യാഖ്യാനമെഴുതാൻ അദ്ദേഹത്തിനു പ്രധാനാവലംബമായിരുന്നതു് ഈ ഭാഷാനുവാദരൂപമായ മഹാഗ്രന്ഥമാണു്.

**ഗ്രന്ഥത്തിന്റെ സ്വരൂപം:**— ഭാഷാകൗടലീയത്തിന്റെ പ്രണേതാവു് ആരെന്നറിവാൻ ഒരു മാൎഗ്ഗവും കാണുന്നില്ല. ഭാഷയുടെ പഴക്കംകൊണ്ടു ചേരരാജാക്കന്മാൎക്കു പ്രാബല്യമുണ്ടായിരുന്ന ക്രി: പി: ഒൻപതാം ശതകത്തിലോ പത്താം ശതകത്തിലോ ആയിരുന്നു അതിന്റെ നിൎമ്മിതി എന്നു് അനുമാനിക്കാം. അവരിൽ ഏതോ ഒരു രാജാവിന്റെ ആജ്ഞ അനുസരിച്ചായിരിക്കണം പ്രസ്തുതഗ്രന്ഥത്തിന്റെ രചന എന്നും വരാവുന്നതാണു്. "സ്വധൎമ്മാദ്ദായാദ്യാദ്വോപരുദ്ധഃ" എന്ന മൂലത്തിലെ പങ്ക്തി അദ്ദേഹം "സ്വധൎമ്മമാവിതു ദാക്ഷിണാത്യൎക്കു മാതുലകന്യാവിവാഹാദികൾ; ദായാദമാവിതു ദാക്ഷിണാത്യൎക്കെമ്മാമൻ ധനം മരുമക്കൾ കൊള്ളുമതു; അങ്ങനെയൊള്ള ധൎമ്മത്തിലും ചെറുക്കപ്പെട്ടവൻ" എന്നു വ്യാഖ്യാനിക്കുന്നു. എന്നാൽ

Digitized By Kerala Sahitya Akademi

ഭിക്ഷുപ്രഭമതിയുടെ ജയമങ്ഗലയിൽ പൈതൃകസാരത്തെന്നാണ് അവർ പറഞ്ഞുകാണുന്നതു്. അതുകൊണ്ടു 'തമ്മാമൻ ധനം മരുമക്കൾ കൊള്ളുമതു' ദേശാചാരമായ കേരളത്തിൽ ജീവിച്ചിരുന്ന ഏതോ ഒരു പണ്ഡിതനാണ് ഭാഷാകൗടലീയം നിർമ്മിച്ചതു് എന്നു സിദ്ധിക്കുന്നു. അദ്ദേഹം രാജനീതിയിലും അർത്ഥശാസ്ത്രത്തിലും അത്യന്തം നിഷ്ണാതനായ വിദ്വച്ഛിരോമണിയായിരുന്നു. ഭാഷയുടെ സ്വഭാവം കാണിക്കുവാൻ രണ്ടു ഭാഗങ്ങൾ ഉദ്ധരിക്കാം:—

(1) "സൂദാരാലികസ്നാപകസംവാഹകാസ്തരകകല്പകപ്രസാധകോദകപരിചാരകർ എൻറിവരാം രസദർ. സൂദനാവോൻ മടയൻ, ആരാലികനാവോൻ അടയുമപ്പവുമിടുമവൻ, സ്നാപകനാവോൻ കുളിപ്പിക്കുമവൻ, സംവാഹകനാവോൻ മെയ്യുട്ടി, ആസ്തരകനാവോൻ ശയനം വിരിക്കുമവൻ, കല്പകനാവോൻ കാവിതി, പ്രസാധകനാവോൻ ഒപ്പിക്കുമവൻ, ഉദകപരിചാരകനാവോൻ തണ്ണീർ വൈക്കുമവൻ, ഇജ്ജാതികളെക്കൊണ്ടു വിഷം കൊടുക്കുമാറു കല്പിച്ചിതു ഇവരളൈക്കൊണ്ടു കല്പിക്കിൻറതു ഇവർക്കു സൗകര്യമൊണ്ടാകപ്പട്ടു. ആഭ്യന്തരം ചാരമറിവാനായ്ക്കൊണ്ടു കുബ്ജവാമനകിരാതമൂകബധിരാന്ധച്ഛദ്മാക്കളായും നടനർത്തകഗായനവാദനവാഗ്ജീവനകുശീലന്മാരായും സ്ത്രീകളുമാഭ്യന്തരചാരമറിവിതു. കുബ്ജനാവോൻ കൂനൻ, വാമനൻ കുറളൻ, കിരാതരാവോർ ചിന്നുക്കൾ, മൂകനാവോൻ ഊമൻ, ബധിരരാവോർ ചെകുടർ, ജളരാവോർ കുതലൈച്ചുറ്റുറയുമവർതാൻ വിക്കിപ്പറയുമവർതാൻ വ്യവഹാരമറിയാതവർതാൻ, അന്ധരാവോർ കുരുടർ, എൻറിജ്ജാതിച്ഛലത്താൽ നിൻറു ആഭ്യന്തരചാരമറിവിതു."

(2) "ഇനി അധ്യക്ഷർ കാൺപാൻ വരും കാലമാവിതു, ആടിത്തിങ്കൾ വരുവിതു. അൻറു വന്നു കണക്കുകട്ടുവിതും ചെയ്തു. വ്യയം ചെയ്തു മിഞ്ചിയ ധനം വൈപ്പിപ്പിതും ചെയ്യിതു. മുതലു(ംചെ)ലവുമെഴുതിയ കണക്കു പെട്ടിയിലിട്ടു ഇലൈച്ചിച്ചുകൊണ്ടു വരുവിതു. അവരളൈ കണക്കു കാട്ടുമിടത്തുനിൻറു പുറത്തുപോകാതവാറു കാപ്പിതു. തങ്കളിൽക്കൂടി മന്ത്രിയാതവാറു കാപ്പിതു. ആയവും വ്യയവും നീവിയും അതാവിതു ചെലവു നീക്കി(നി)ൻറതു, അതെല്ലാമും കേട്ടു എഴുതി വൈപ്പിതു. എൻറിങ്ങനെ എഴുതിയാൽ മുതലെഴുതുമോലൈയിലും ചെലവുനീക്കിനിൻറതു എഴുതുമോലൈയിലും വായിച്ചു ഇവരൾ ചൊന്നതിലേറവുമുണ്ടാകിൽ അതിന്നു എണ്മടങ്കു വൈപ്പിച്ചുകൊൾവിതു. വ്യയത്തിൽ ചുരുങ്കിവരികിലുമെൺമടങ്കു വൈപ്പിച്ചുകൊൾവിതു. 'വിപര്യയേ' എൻറവാറുകൊണ്ടു മുതലിൽ മുതലടയിൽ പെരുക എഴുതുവിതു; ചെലുത്തിയതിനിൽ ചുരുങ്ക എഴുതുവിതു; നീക്കിനിലയിൽ പെരുക എഴുതിവൈക്കിൽ അതു പരമാർത്ഥമറിഞ്ഞു അവനു കൊടുപ്പിതു. മററു അവനു ഒരു ദണ്ഡമില്ലൈ."

മടയൻ എന്ന പദത്തിനു മലയാളത്തിൽ ഇക്കാലത്തു് അർത്ഥഭേദം

Digitized By Kerala Sahitya Akademi

വന്നിട്ടുണ്ടെങ്കിലും ചോററ'മട'യിലും 'മട'പ്പള്ളിയിലും കാണുന്ന 'മട' പഴയ കാലത്തെ അരിവയ്പു് എന്ന അൎത്ഥത്തെത്തന്നെ പ്രകാശിപ്പിക്കുന്നു. കാവിതി എന്നാൽ ക്ഷുരകൻ. ഒപ്പിക്കുക എന്നാൽ അലങ്കരിക്കുക. ലൈച്ചിക്കുക എന്നാൽ ലക്ഷിക്കുക; ഒപ്പു വയ്ക്കുക. അവരാം എന്നതു് 'അവർകാം' എന്ന പദത്തിന്റെ ഒരു സങ്കുചിതരൂപമാകുന്നു. ഈ പഴയ ശിലാരേഖകളിലും ധാരാളമായി കാണുന്നുണ്ടു്. കൊല്ലം 364-ലെ കൊല്ലൂർമഠം ശാസനത്തിൽ 'വാരിയമൂപ്പൈയവരാം' എന്നും 371-ലെ വെള്ളായണി ശിലാലിഖിതത്തിൽ 'പണിചെയ്യിൻറവരളും കാരിയം ചെയ്യിൻറവരളും' എന്നും രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക. (1) സാധിപ്പാനരുതു്; (2) ഇളങ്കോപ്പട്ടുമുടയവൻ; (3) അറുത്തൂട്ടിവാതിൽ; (4) താരെക്കാതം, കൂവീടു; (5) കുടിയടിയാർ; (6) വലിയപ്പിടിച്ചാൽ; (7) കൈച്ചിറവിട്ടുവിച്ചുകൊള്ളുക; (8) ചൊല്ലിക്കൊതി കൊളത്തുമാറു്; (9) എഴുത്തും കണക്കും പയിററുവിതു; (10) എഴുത്തുമെണ്ണും (കണക്കും); (11) ചത്തുമുടിഞ്ചാൽ; (12) ശാസ്ത്രം വിപ്രിപ്രയോഗം വല്ലാത്തവൻ; (13) നിനിടെ (നിന്നുടെ) പക്ഷം; (14) എതിരെഴുക (എഴുന്നേൽക്കുക); (15) ചോറും പുടവയും (വസ്ത്രം, 'ഓണപ്പുടവ' നോക്കുക); (16) അരിചിയും ജീവിതവും (പിൽക്കാലത്തെ അരിതവശം); (17) ഊറ്റും (കരവും) പിഴയുംകൊണ്ടു പീഡിക്കുക; (18) ദോഷ(സമീചീനത)യില്ലൈ; (19) ചിവികൈ (ശിബിക); (20) ഭൂതകാം അഥരാം പുലയരാകിലും കൊല്ലലാകാ; (21) തളയിലിടുക (സമാധാനസ്ഥനാക്കുക); (22) കെട്ടുചുട്ടുചെയ്യാതൊഴിവിതു; (23) പടയും പണ്ടാരവും തേടിക്കൊണ്ടു; (24) പല ഇടകൂട്ടം (ഇടക്കൂട്ടം); (25) ചാർന്ന ജനം; (26) പെരുമടയൻ (മഹാനസാദ്ധ്യക്ഷൻ) മുതലായി എത്രയെത്ര പഴയ പദങ്ങളും ശൈലികളുമാണു് നമുക്കു് ഈ ഗ്രന്ഥത്തിൽനിന്നു പഠിക്കാവുന്നതു് എന്നുള്ളതിന്നു കൈയും കണക്കുമില്ല. വാസ്തവത്തിൽ ഭാഷാചരിത്രപിപഠിഷുക്കൾക്കു് ഒരു അനൎഘമായ വജ്രഖനിതന്നെയാകുന്നു ഭാഷാകൗടലീയം.

**ആട്ടപ്രകാരവും ക്രമദീപികയും—മന്ത്രാങ്കം:—** തോലൻ നിൎമ്മിച്ചതെന്നു പുരാവിത്തുകൾ പറയുന്ന ആട്ടപ്രകാരം, ക്രമദീപിക എന്നീ രണ്ടിനത്തിൽപ്പെട്ട ഗ്രന്ഥങ്ങളെപ്പററി ഒൻപതാമദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഈ ശാഖയിൽ ഇന്നു നാം കാണുന്ന ഗ്രന്ഥങ്ങളെല്ലാം ഒരാളുടേയോ ഒരേകാലത്തേയോ കൃതികളാണെന്നു് എനിക്കഭിപ്രായമില്ലെന്നു പ്രസ്താവിച്ചുകഴിഞ്ഞു. ഇവയിൽ പല ആവാപോദ്വാപങ്ങളും പല അവസരങ്ങളിലായി കടന്നുകൂടീട്ടുണ്ടെന്നുമാത്രമല്ല, ചില കൃതികൾ ആദ്യന്തം പിൻകാലത്തു രചിക്കപ്പെട്ടവയാണെന്നു ഖണ്ഡിച്ചുതന്നെ പറയുകയും ചെയ്യാം. ഇന്നു ചാക്യാന്മാർ ഉപയോഗിക്കുന്ന സുഭദ്രാധനഞ്ജയം ആട്ടപ്രകാരത്തിനു മന്ത്രാങ്കം ആട്ടപ്രകാരത്തോളം പഴക്കമില്ല എന്നുള്ളതു് ഇതിനൊരുദാഹരണമായി സ്വീകരിക്കാവുന്നതാണു്. കൊല്ലം 11-ാം ശതകത്തിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന കിളി

Digitized By Kerala Sahitya Akademi

മാന്നൂർ വിദ്വാൻ കോയിത്തമ്പുരാന്റെ സുപ്രസിദ്ധമായ

— "അമ്പത്താറക്ഷരിഭാഗാന്തരമതിൽ മരുവീ-
ടുന്ന ഭൂപാലമീശ-
ക്കൊമ്പന്മാരുണ്ടനേകം ശിവശിവ ധരണീ-
ഭാരമാത്രം നിനച്ചാൽ"

ഇത്യാദി ശ്ലോകം രാജസേവാഘട്ടത്തിൽ ചാക്യാന്മാർ പ്രയോഗിക്കാറു ന്നതാണെന്നു ഞാൻ ഒരാട്ടപ്രകാരത്തിൽ വായിച്ചിട്ടുള്ളതായി മുമ്പു പറഞ്ഞുവല്ലോ. പ്രസ്തുതകൃതികളിൽ ചടങ്ങുകളും ചൂർണ്ണികകളുടെ അർത്ഥവും ഭാഷാഗദ്യത്തിലും പദ്യങ്ങളുടെ അർത്ഥപ്രപഞ്ചനവും വിദൂഷകന്റെ പ്രതിശ്ലോകങ്ങളും മണിപ്രവാളത്തിലുമാണ് രചിക്കപ്പെട്ടിട്ടുള്ളത്. ഒരേ നാടകത്തിനുതന്നെ ഒന്നിലധികം ആട്ടപ്രകാരങ്ങളും—ഒന്നു സങ്കുചിതവും മറ്റൊന്നു വിവൃതവുമായി—കാണുന്നുണ്ട്. മന്ത്രാങ്കത്തിനും മറ്റും സംസ്കൃതത്തിലും ആട്ടപ്രകാരമുണ്ട്. താഴെ ഉദ്ധരിക്കുന്നതു സംസ്കൃതത്തിലുള്ള മന്ത്രാങ്കം ആട്ടപ്രകാരത്തിൽനിന്നാണ്. അതിനു ക്രിയാക്രമമെന്നാണ് സംസ്കൃതത്തിലെ പേർ എന്നു് ആരംഭത്തിലുള്ള

"മന്ത്രാങ്കാഭിധനാട്യസ്യ പ്രയോഗാർത്ഥം മയാധുനാ
സർവ്വതസ്സാരമാദായ ക്രിയതേ ƒത്ര സമുച്ചയഃ
തസ്യ ക്രിയാക്രമം വക്ഷ്യേ ഭാഷയാ പ്രഥമം മിതം
തദ്ഭൂതേന പ്രയോഗോ ഹി നാട്യശാസ്ത്രേഷു ദൃശ്യതേ"

എന്ന പദ്യങ്ങളിൽനിന്നു വെളിപ്പെടുന്നു. 'ഭാഷയാ' എന്നു പറയുന്നുണ്ടെങ്കിലും സംസ്കൃതത്തിലാണ് നിർദ്ദേശങ്ങൾ കാണുന്നത്. "തതോ ധിണ്ഡികവേഷോ വസന്തകഃ യവനികായാം ചാര്യാമാഗത്യ, പുനഃ കളകളവാദ്യമാദായ വിരമേൽ. പുനസ്തട്ട്; പുനർന്നിർഗ്ഗീതാ; പുനരപി ചാരീ; പുനഃ പരിക്രമമാദായ വിരമേൽ; പടാക്ഷേപം കൃത്വാ വാമഹസ്തേന യഷ്ടിം ഗൃഹീത്വാ തസ്യോപരി ദക്ഷിണപാദംന്യസ്യ വദനാവിരൂപതാം കൃത്വാ, സ്വവേഷാനുരൂപം ഭാവയേൽ. പുനശ്ചതസ്രോ മുഖവർണ്ണനാഃ കാര്യാഃ; പുനർഭാവയിത്വാ ഗ്രന്ഥാർത്ഥം ഭാഷയാ ബ്രൂയാൽ; തതഃ ഭോഃ ഇത്യുക്ത്വാ ചാരീമാദായ വിരമേൽ; തതോ ഗ്രന്ഥാർത്ഥമഭിനീയ പുനസ്തട്ട്." അതേ നാടകത്തിനു ഭാഷയിൽ രചിച്ചിട്ടുള്ള ആട്ടപ്രകാരത്തിൽനിന്നു് ഒരു ഭാഗമാണ് അടിയിൽ ചേർത്തിരിക്കുന്നത്. "പിന്നെ ഉന്മത്തകൻ കങ്കപത്രംകൊണ്ടു പുറപ്പെട്ടു ജാതികൊണ്ടു കത്തിരഞ്ഞിച്ചു കളകളവാക്യംകൊണ്ടു മുടിച്ചു തട്ടുകൊണ്ടു ജാതിയും നിർഗ്ഗീതയും ചാരിയുംകൊണ്ടു പരിക്രമത്തിൽ മുടിപ്പൂ. പിന്നെ കളിയം*വച്ചു തിരിഞ്ഞു നൂപുരത്തിലിരുന്നു സ്ഫടികമണി ചൊല്ലിച്ചു യവനിക നീക്കി പ്രാവേശികം കാട്ടി എഴുന്നിന്റെ വട്ടത്തിൽ നടന്നു കത്തിരഞ്ഞിച്ചു കളകളവാക്യംകൊണ്ടു മുടിപ്പൂ. പിന്നെ മററു മൂന്റു പുറത്തും സ്ഫടികമണി ചൊല്ലിച്ചു ആടിക്കൊള്ളറു.

* "സ്ഫടികമണിധവളഹിമപടലകമുദവനസദൃശോ വപുഷാ
ഉദയഗിരിശിഖര ഏഷ ഉദയതി പൂർണ്ണോ രജനീകരഃ."

Digitized By Kerala Sahitya Akademi

മോദതൃ മോദതൃ എന്നു ചൊല്ലി ഹഹഹ എൻറും വേളാധൂളിയിൽ ചൊല്ററു. മോദകംകൊണ്ടു മുമ്പിൽ തേവരെവച്ചു തേവാരിച്ചു നിലത്തിരുന്നു് ഇരുളം ചൊല്ലി ആഭ്യന്തരം ആടിക്കൊള്ളു. പിന്നെയന്യോന്യമേത്തമിട്ടു് ഉന്മത്തകൻ ചാരികൂടി ആടിമുടിച്ചു പ്രാവേശികം കാട്ടി പിൻനോക്കി വാങ്ങി കൂത്തുംമുടിപ്പൂ. പിന്നെ രണ്ടാം ദിവസം കൊട്ടിയുറങ്ങിയാൽ ജാതിയിൽ വന്ന മൂൻറുടെ പ്രാവേശികംകാട്ടി ''കിംമോദതൃ കഹിമോദതൃ'' എന്നു ചൊല്ലി പിന്നെയും തട്ടും നിഗ്ഗീതവും ചാരിയും രണ്ടാടി പിന്നെയും ഒരിക്കൽ തട്ടും നിഗ്ഗീതയും ചാരിയുമാടിമുടിച്ചു പ്രാവേശികം കാട്ടി പിൻ നോക്കിപ്പോന്നു മുടിപ്പൂ. പിന്നെ മൂൻറാംദിവസം ജാതിയിൽവന്ന പ്രാവേശികം മൂൻറുടെ ഗ്രന്ഥംചൊല്ററു''

**മത്തവിലാസം:**—മത്തവിലാസം ആട്ടപ്രകാരത്തിൽനിന്നു ചില ഭാഗ്ങ്ങതികൾ ഉദ്ധരിക്കാം.

''സൂത്രധാരൻ ഏഴുനാളാട്ടം മത്തവിലാസത്തിൽ സൂത്രധാരനെക്കണക്കെ അണിവും പ്രസ്ഥാനവുമെല്ലാം ഉത്തരീയവും വേണം, പരിണതിയും വേണം. ഇന്ദളം സ്വരം, 'മണിഘൃഷ്ട' എൻറു ചൊല്ലി ക്രിയ തുടങ്ങു. 'തത്ര പ്രഹേതീ ഹേതീ ച' എൻറു തുടങ്ങി ''പീഡയാമാസ ലീലയാ'' എൻറിത്രേടം ശ്ലോകം പാട്ടു. 'രാവണോ' ത്യാദി ചൊല്ലി അടക്കംവണ്ണമഴകതായാടിക്കൊള്ളൂ. എല്ലാ ശ്ലോകവും കഴിഞ്ഞാൽ എഴുനിൻറു ശേഷം ഗ്രന്ഥം ചൊല്ലി വിദൂഷകനു് എൻറു ചൊല്ലിത്തമിഴാക മുടിപ്പൂ. വിദൂഷകൻെറ ഗ്രന്ഥം തലയിൽ പുടവയിട്ടു ചൊല്ലു.................അടക്കംവണ്ണമറിഞ്ഞുകൊള്ളൂ എല്ലാം. ഈരണ്ടു കട്ടിയാവും ഈരണ്ടു പുറന്ന പുടവയും ഭസ്മമിതെല്ലാം കൂട്ടിക്കൊള്ളൂ. പൊയ്ക്കാൽ നീട്ടുകിലുമാം നീട്ടാകിലുമാം കുറി ഇങ്ങനെ. ഗംഭീരതയും പ്രസന്നതയും എല്ലാപ്പോഴും വേണം. ഇന്ദളം സ്വരം. പിന്നെ അവസ്ഥാനുരൂപം. ദണ്ഡധാരിക്കലും വിടൊല്ല. മിക്കപ്പോഴുമിരിക്കുംപോഴും മടിയിലിരുന്നാൽ മതി ദണ്ഡു്. മറയിൽ ലളിതമായിയാത്ര തിരിഞ്ഞു മുദ്രപിടിച്ചു പ്രസന്നദൃഷ്ടിയായി നിൻറു് ഉപസനാദി പരിഭാഷയോടുകൂട പ്രവേശിക്ക. കഴിച്ചുഴറാതെ ഇരണ്ടുവട്ടം പോന്നു വ്യാഖ്യയിൽ ചൊല്ലിൻറവണ്ണമാട്ടമെല്ലാമഴകതായാടി........ഹീനസ്വരത്തിലുഴറാതെ ഗ്രന്ഥാർത്ഥം പുറപ്പൊരുൾ പററു അഴകതായി. ''ഏനേ വിതിയേ! മുന്നമേതന്നെ ഇപ്പൂമിയിൽ ആരാലുമെങ്ങാലും ചത്താൽ പത്തു നാളും കഴിഞ്ഞു പതിനൊൻറാം നാളിൽ വൈപ്പോരു കരടകമുണ്ടു് പിണ്ഡം. അതു വച്ചാൽ അവിടെച്ചെഴിക്കുംചോറുകൊണ്ടുണ്ടതും ചെയ്യു് അതുകൊണ്ടേ മററെല്ലാപ്പടിയുമുണ്ടായി നാവുകൊണ്ടേതുമൊരക്കരം തീണ്ടിപ്പററുതും ചെയ്യാതെ പൊഴുതി*നോടു പനിപ്പില്ലാഞ്ഞിട്ടു മരത്തേൽ വള്ളിച്ചുററുകണക്കേ കഴുത്തേൽ നൂന്മാത്ര പിരിച്ചിട്ടുംകൊണ്ടു പെരുവഴിയിൽ കണ്ടാലാരാലും ബ്രാഹ്മണനെൻറു വിളിക്കിൽ സന്തോഷിപ്പുതും ചെയ്യു് ഇങ്ങനെയെല്ലാം പെരികെത്ത

* പൊഴുതു്=ജീവിതം

Digitized By Kerala Sahitya Akademi

ണ്ണു‡തായി ഉണ്മാനുമിൻറിയേ കണ്ടാലും കേട്ടാലും തണ്ണുതായി അശ്ശിരിയായിരിപ്പോരു കലത്തിലെല്ലോ ഞാൻ പോന്നു പിറന്നു. പിന്നെയിരണ്ടാമത്തു് എൻെറയില്ലത്തു് ഒട്ടും ചോറു കാണാഞ്ഞു് ''അയ്യോ പാവം ഒട്ടുണ്ടുതാവൂ'' എന്നു നിനച്ചിരുന്നെടത്തു നിച്ചലും പുലരുമ്പോഴുണ്ടുകൊള്ളാമെൻറു ചിലിത്തപണ്ണി പുത്തിപിഴകൊണ്ടു മുന്നേക്കാട്ടിലും തണ്ണുതാണ്ണാറുപോയി പള്ളിയിൽ ചെൻറു പള്ളിപുതൈപ്പൂത്തും ചെയ്തേൻ. പിന്നെ അച്ചെറുമക്കളുണ്ടു പള്ളിയാർ. അവർക്കൊരു ദിവസത്തിലൊരിക്കലേ ഊണുള്ളു. അപ്പോഴുകൂടി ഉണ്ടുകൊള്ളാമെനിക്കും. അതുകൊണ്ടിരട്ടി പയിച്ചു തുടങ്ങി. എൻറവാറേ ഇതും വേണ്ടാ വയറു നിറയാഴ്കിൽ എൻറു കല്പിച്ചു് അതുപോലൃമിളച്ചു് അതിന്നൊള്ള ചീവരമെല്ലാം മുറിച്ചുകളഞ്ഞു പാത്രമെല്ലാം പിളന്നുകളഞ്ഞു. മഴ നനയായ്യാനും വെയിലുണങ്ങായ്യാനും നൺെറൻറു നിനച്ചിട്ടു കട മാത്രമെടുത്തുംകൊണ്ടു് അവിടെനിന്നു പള്ളിമാരെത്തിരിഞ്ഞുനോക്കാതെ മുറുകെട്ടോന്നേൻ.''

ചുവടേ ചേർക്കുന്ന പദങ്ങളും വാചകങ്ങളും വാക്യങ്ങളും മത്തവിലാസത്തിലുണ്ടു്:—(1) 'പൂശലോ എങ്കിൽ'; (2) 'ഞാൻ മടിയാതെ കാട്ടിൻറുണ്ടു്'; (3) 'എമ്മളാക്കു്'; (4) 'അച്ഛനമ്മമാരും വൃദ്ധരായി കട്ടിലിലടങ്ങി'; (5) 'കയ്യുവന്നു പെരിയെ എനക്കു'; (6) 'പഴകുന്തോറുമിവർ നല്ലരല്ല എൻറു തോൻറി വൻറു'.

**ശൂർപ്പണഖാങ്കം ആട്ടപ്രകാരം:**—ഈ ആട്ടപ്രകാരത്തിൽ നിന്നുകൂടി ഒരു ഭാഗം ചുവടേ ചേർക്കാം.

''ശൂർപ്പണഖയ്ക്കു മറയിൽ ചാരി, കളകളവാദ്യം, ജാതി, പരിക്രമം; പിന്നെ ദ്രുതത്തിൽ രണ്ടു നടന്നു് ഊത്തത്തിൽ മുടിച്ചുകൊള്ളൂ. പിന്നെ 'ദിട്ഠിത്തോ' എന്നു ചൊല്ലി ചാരി, പരിക്രമം, നൃത്തം. പിന്നെ 'എന്നേ തുകമേ! താനേ തുകമെന്നു ചൊല്ലിയാലും പോരായേ; തുകം, തുകം, തുകം! അതെന്തെന്നല്ലീ? എല്ലാടവുണ്ണടപ്പൻ ഞാൻ ഓരോ തേയങ്ങളിലും ഓരോ രാച്ചിയങ്ങളിലും ഓരോ നയരങ്ങളിലും ഓരോ വനപ്രതേയങ്ങളിലും ഓരോ നസീതീരങ്ങളിലും മററും പല പ്രതേയങ്ങളിലും എല്ലാടവും ണടപ്പൻ ഞാൻ. പിന്നെയും ഇവിടെത്തന്നെ പോണ്ണു വരുമത്രേ. അതെന്തെന്നല്ലീ? ഇവിടെയുണ്ടു ചില ശനമിരിപ്പൂ. അവർ കണ്ടാലൊട്ടും തുകമില്ലാത പരിഴകളത്രേ. താടിയും തലയും കക്കവും പക്കവും ഇങ്ങനെയെല്ലാമിരിക്കിണ്ണ ഇവരെ ഞാൻ കരുഖരാ, പരുഫരാ, മുരുമരാ, കട്ടഖടാ, ചട്ടചുടാ, കൊട്ടകൊടാ, കടിച്ചുതിണ്ണു വൈരാക്കിയം വരിണ്ണു എന്നടോ അരി മൂത്തമാണിയാനേ! അരി എളയമാണിയാനേ! ഇവർ കണ്ടാൽ നല്ല തുകമുള്ള പരിഴകളത്രേ................ഈ കള്ളക്കാട്ടിൽ എന്നെക്കൊണ്ടങ്ങോടിങ്ങോട്ടു് ഈവണ്ണം കളിപ്പാറായിച്ചമഞ്ഞേ. ഇങ്ങനെയെല്ലാമിരിക്കിണ്ണ ഇവരെ ഞാൻ പുതുപതാ, വെതു

‡ തണ്ണുതു്=താണതു്.

Digitized By Kerala Sahitya Akademi

വെന്താ, നങ്ങനുണാ, കുളകുളാ, പളപളാ കടിച്ചുതിന്നാറു്. അരി ചിതേച്ചി! അവക്കൊരു പാവമുണ്ടു്', എന്നോളം ഉറ ചുന്തരിയായിട്ടാരു മില്ലെണ്ണു്. അവാളുടെ പുഴുക്കും തൊട്ടുകറിയും കണ്ണെഴുത്തും മറ്റും! നീ എൻെറ പുഴുക്കു കണ്ടോ; തൊട്ടുകറി കണ്ടോ; കണ്ണെഴുത്തു കണ്ടോ. നീ എൻെറ കുത്തുമുല കണ്ടു കൊതിച്ചുകളയരുതേ. ഇങ്ങനെയെല്ലാമിരി ക്കിണ്ണ ഇവളെ ഞാൻ തല വലിയ തമ്പി രാവണച്ചന്ന കാച്ചയായി ക്കൊണ്ടു കൊടുപ്പു. കാച്ചയെണ്ണുമ്പോളൊരു തക്കാരം; തക്കാരമെണ്ണു മ്പോളൊരു പാവൃതം; പാവൃതമെണ്ണുമ്പോളൊരു വ്യഞ്ചനം; വ്യഞ്ചനമെ ണ്ണുമ്പോളൊരു പൊലിക്കാണം; പൊലിക്കാണമെണ്ണുമ്പോളൊരുലക യാത്ര.'' ഇങ്ങനെ ചൊല്ലി ''ദിട്ടീ ആ ബുഭുക്ഷവിദാഷു'' എന്ന ചൂണ്ണി മുഴവൻ ചൊല്ലി അർത്ഥമാട്ടു.''

**പിൻകാലത്തെ ആട്ടപ്രകാരങ്ങൾ:**—പശ്ചാൽകാലങ്ങ ളിലും ചില ആട്ടപ്രകാരങ്ങൾ വിദ്വാന്മാർ മുമ്പുള്ളവയ്ക്കു പകരമായും അല്ലാതേയും രചിച്ചിട്ടുണ്ടെന്നു ഞാൻ സൂചിപ്പിച്ചുവല്ലോ. അത്തരത്തി ലുള്ള ഒന്നാണു് ഏതാനും വാക്യങ്ങൾ താഴെ ഉദ്ധരിക്കുന്ന അശോകവനി കാങ്കം ആട്ടപ്രകാരം.

''എങ്കിലോ പണ്ടു പുലസ്ത്യഗോത്രസംഭൂതനായിരിക്കുന്ന രാവണൻ മയപുത്രിയായിരിക്കുന്ന മണ്ഡോദരിയോടുംകൂടി സുഖമായിട്ടിരിക്കുന്ന കാലത്തിങ്കൽ തൻെറ സോദരിയായിരിക്കുന്ന ശൂൎപ്പണഖ കൎണ്ണനാസികാ ഛേദനം ചെയ്ക ഹേതുവായിട്ടു ചോരയണിഞ്ഞു സമീപത്തിങ്കൽ വന്നു ഖരാദികളുടെ നിധനത്തേയും തൻെറ വിരൂപീകരണത്തേയും ശ്രീരാ മൻെറ പരാക്രമത്തേയും സീതയുടെ സൗന്ദര്യാതിശയത്തേയും പറഞ്ഞു കേട്ടതിൻെറശേഷം രാവണൻ സീതാസൗന്ദര്യാതിശയത്തെ കേട്ടു കാമപരവശനായി മാരീചാശ്രമത്തെ പ്രാപിച്ചു മാരീചനെ പൊന്മാ നാക്കി നിയോഗിച്ചു രാജധാനിയെ പ്രാപിച്ചിരുന്നു.'' പിന്നെ സംക്ഷേപം അവസാനിപ്പിച്ചു സീതയുടെ പഞ്ചാംഗം ആടി കാമ ശരംകൊണ്ടു മുറുക്കി മോഹാലസ്യം ഉണർന്നു ശോഗപാ എന്നാൽ സീതയെ കാണ്മാനായിട്ടു പോവുകതന്നെ എന്നു കാട്ടി വേഗേന സ്നാനാദികളെ കഴിച്ചു് അലങ്കൃതനായി ആസ്ഥാനമണ്ഡപത്തി ങ്കൽ സിംഹാസനാരൂഢനായിരുന്നു വെററില ഭക്ഷിച്ചു കണ്ണാടി നോക്കി ഇത്രയും ആടിക്കഴിഞ്ഞാൽ അല്ലേ സൂതൻ വേഗത്തിൽ തേരു കൊണ്ടുവാ എന്നു കാട്ടി കണ്ടു സൂതൻ തേരുകൊണ്ടുവരുന്നതു്. എന്നാൽ പോവുകതന്നെ എന്നു കാട്ടി പീഠത്തിന്മേൽനിന്നു നിലത്തിറങ്ങി എളകിയാട്ടം ചാടി അരയും തലയും മുറുക്കി ചന്ദ്രഹാസമെടുത്തു് എറിഞ്ഞുപിടിച്ചു് അല്ലേ! ശൂൎപ്പണഖേ! നീയും തേരിൽ കേറിയാലും എന്നു കാട്ടി വലത്തോട്ടു തിരിഞ്ഞുനിന്നു് എടത്തോട്ടു നോക്കി എന്താണു് കേറിയോ? എന്നു കാട്ടി താനും കേറി തേർപ്പെരുമാററത്തിൽ നടന്നു സീതയുടെ പഞ്ചാംഗമാടി കാമശരം കൊള്ളുമ്പോൾ ലജ്ജാഭാവത്തോ ടുകൂടെ ഇവൾ എൻെറ ചാപല്യത്തെ ഒക്കെയും കണ്ടുനില്ക്കുന്നു വഷളു്,

Digitized By Kerala Sahitya Akademi

മറ്റാരാനും കണ്ടിട്ടുണ്ടോ എന്നു വിചാരിച്ചു ചുഴലവും വഴിപോലെ നോക്കുമ്പോൾ കണ്ടു ദേവകൾ പരിഹസിക്കുന്നതു്. അല്ലേ ദേവകൾ ക്ഷമിക്കിൻ; അല്ലേ സൂതൻ വേഗം തേരു തെളിച്ചാലും; തേർപെരുമാറ്റത്തിൽ നടന്നു പശ്ചാങ്ഗം ആടി ലജ്ജാഭാരം തുടങ്ങി മുസലത്തെപ്പോലെ രണ്ടുപ്രാവശ്യംകൂടിയാടി രണ്ടുദിക്കിലും ദേവകളെ നോക്കി അല്ലേ ദേവകൾ, ഇതിന്റെ പ്രതിക്രിയ ഞാൻ കാട്ടിത്തരുന്നൊണ്ടു് എന്നും അല്ലേ ദേവകൾ ഞാൻ സീതയെ അപഹരിച്ചു ലങ്കയിൽ കൊണ്ടുപോയിവച്ചിട്ടു് ഇതിന്റെ പ്രതിക്രിയ കാട്ടിത്തരുന്നൊണ്ടു് എന്നും കാട്ടണം. പിന്നെ എടത്തോട്ടു് അല്ലേ സൂതൻ കുതിരകളെ വേഗത്തിൽ തെളിച്ചാലും. അതെന്തു്? എന്റെ സോദരിയായിരിക്കുന്ന ഇവൾക്കു കർണ്ണനാസികാച്ഛേദംചെയ്ത ഹേതുവായിട്ടു് വളരെ സങ്കടമൊണ്ടു്. അതിനെ കളഞ്ഞോട്ടെ എന്റെ സോദരി. എന്തീവണ്ണം പറഞ്ഞതെന്നു്. കുംഭകർണ്ണന്റെ സോദരിയായിരിക്കുന്ന ശൂർപ്പണഖ എന്നും വിഭീഷണന്റെ സോദരിയായിരിക്കുന്ന ശൂർപ്പണഖ എന്നും ആരും പറയുന്നില്ല. എല്ലാജ്ജനങ്ങളും രാവണന്റെ സോദരിയായിരുന്ന ശൂർപ്പണഖ എന്നീവണ്ണമല്ലോ പറയുന്നതു്. അതു ഹേതുവായിട്ടുതന്നെ എന്റെ സഹജ എന്നീവണ്ണം പറഞ്ഞതു് ഇവൾ എങ്ങനെയിരിപ്പൊരുത്തി? പൊണ്ണത്തടിയനായിരിക്കുന്ന ഞാൻ ജീവിച്ചിരിക്കുന്ന സമയത്തിങ്കൽതന്നെ ഒരു മനുഷ്യൻപോക്കൽനിന്നു് ഈവണ്ണമുള്ള ആപത്തിനെ അനുഭവിച്ചവളാണു്. കഷ്ടം! ഇന്നു ദേവശ്രേഷ്ഠനായിരിക്കുന്ന ഇന്ദ്രനാണു് ഇപ്രകാരം ചെയ്തതെങ്കിൽ വല്ലതുമാട്ടെ; ദേവകളിൽ ഒരുത്തനാണെങ്കിലും ആട്ടെ; അതൊക്കെയുമിരിക്കട്ടെ; ഭൂമിയിൽ ഏകച്ഛത്രാധിപതിയായിരിക്കുന്ന ഒരു രാജാവാണെങ്കിലും സഹിക്കാം. ഇവരാരുമല്ല, വനപ്രദേശത്തിങ്കൽ വന്നു കാറ്റും വെയിലും മഴയും മഞ്ഞുമേറ്റു ത്രിഷവണസ്നാനംചെയ്തു കക്ഷപക്ഷാദികളും നീട്ടി ഫലമൂലാദികളും ഭക്ഷിച്ചിരിക്കുന്ന മനുഷ്യനല്ലോ ഈവിധം ചെയ്തതു്. കഷ്ടം! ഇവളെ നിഗ്രഹിച്ചു എങ്കിൽ സങ്കടമില്ല. ഞാൻ എല്ലാ സമയത്തിലും കണ്ടോട്ടേ എന്നു നിശ്ചയിച്ചിട്ടല്ലോ ഈവണ്ണം ചെയ്തതു്. അതു ഹേതുവായിട്ടു് ആ രാമനെ ഇപ്പോൾതന്നെ കൊന്നു സീതയെ പിടിച്ചുവലിച്ചുകൊണ്ടുപോരുന്നുണ്ടു്. എങ്ങനെ? ഞാൻ അരയും തലയും മുറുക്കി വാളുമെടുത്തു രാമന്റെ സമീപത്തിങ്കൽ ചെന്നു് അല്ലേ രാമാ യുദ്ധത്തിനായിക്കൊണ്ടുവന്നോ എന്നു് തട്ടിവിളിക്കുന്ന സമയത്തിങ്കൽ രാമൻ അരയും തലയും മുറുക്കി വില്ലും കുലച്ചു് ആവനാഴിയും കെട്ടിമുറുക്കി പോന്നുവരുന്നതു കണ്ടിട്ടു് ഇവനെ നിഗ്രഹിപ്പാൻ ആയുധമെന്തിനാണു്? ആയുധംവച്ചു രാമന്റെ കഴുത്തിൽ പിടിച്ചുതിരുമ്മി നിഗ്രഹിച്ചു്'' ഇത്യാദി.

ഈ ഗദ്യത്തിനും മത്തവിലാസം ആട്ടപ്രകാരത്തിൽനിന്നും മറ്റും ഉദ്ധരിച്ച ഗദ്യങ്ങൾക്കും തമ്മിൽ ഭാഷാവിഷയത്തിലുള്ള പ്രകടമായ ഭേദം പറഞ്ഞറിയിക്കണമെന്നില്ലല്ലോ. പ്രസ്തുതഗദ്യത്തിനു കൊല്ലം ഒൻപതാം ശതകത്തിലധികം പഴക്കമുണ്ടെന്നു തോന്നുന്നില്ല.

Digitized By Kerala Sahitya Akademi

ഇത്തരത്തിൽ വമ്പിച്ച തോതിൽ ഒരു ഗദ്യസാഹിത്യം ഭാഷയ്ക്കു കൂടിയാട്ടം വഴി പണ്ടുതന്നെ ലഭിച്ചിട്ടുണ്ടു്. ഞാൻ അന്യത്ര പ്രസ്താവിക്കുവാൻ പോകുന്ന നമ്പിയാർതമിഴും ആ പുഴയുടെ ഒരു പോഷകനദിയാകുന്നു. പൂർവ്വകാലത്തു ചെന്തമിഴിൽ പല നാടകലക്ഷണഗ്രന്ഥങ്ങളുമുണ്ടായിരുന്നു. അവയ്ക്കു കൂത്തിലക്കണമെന്നു പേർ പറഞ്ഞുവന്നു. ആ ഗ്രന്ഥങ്ങൾ എല്ലാം നശിച്ചുപോയി. അവയിൽ ഏതെങ്കിലും ഒന്നു കണ്ടുകിട്ടുന്നതുവരെ കൂടിയാട്ടത്തിന്റെ ചട്ടങ്ങൾ അവയോടു് എത്രമാത്രം കടപ്പെട്ടിട്ടുണ്ടു് എന്നു നിർണ്ണയിക്കുക അസാദ്ധ്യമാണു്. ഭാഷയെ സംബന്ധിച്ചു് ഒരു വസ്തുത നിസ്സംശയമായി വെളിപ്പെടുന്നു. ഭാഷാകൗടലീയത്തിനും ആദ്യത്തെ ആട്ടപ്രകാരഗ്രന്ഥങ്ങൾക്കും തമ്മിൽ രണ്ടു ശതകത്തിൽ കൂടുതൽ കാലവ്യത്യാസമില്ല. എന്നിട്ടും ആദ്യത്തേതു തമിഴ്മയമായും രണ്ടാമത്തെ ഇനത്തിൽ പെട്ടവ തമിഴ്ച്ചുവ കഴിവുള്ളിടത്തോളം പരിഹരിച്ചും നിർമ്മിക്കപ്പെട്ടു കാണുന്നതു് അന്നു തമിഴിൽ വിപ്രതിപത്തി തോന്നിത്തുടങ്ങിയിരുന്ന നമ്പൂരിമാർ സംഭാഷണഭാഷയോടടുപ്പിച്ചു രചിച്ചതിനാലാണെന്നു് ഒരു വിധം തീർച്ചപ്പെടുത്താവുന്നതാകുന്നു.

Digitized By Kerala Sahitya Akademi

### പതിനാറാമധ്യായം

# മണിപ്രവാളകൃതികൾ

## ക്രി: പി: 1300 വരെ

കേരളസാഹിത്യത്തിൽ കവികൾ പുത്തനായി ഏർപ്പെടുത്തിയ മണിപ്രവാളപ്രസ്ഥാനത്തിന്റെ ലക്ഷണങ്ങളെന്തെന്നു് ആറാമധ്യായത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടല്ലോ. ആ പ്രസ്ഥാനത്തിൽ ആദ്യമായുണ്ടായ കൃതികൾ പ്രധാനമായി (1) വൈശികതന്ത്രം, (2) കൂടിയാട്ടത്തിനു് ഉപയോഗപ്പെടുന്ന ശ്ലോകങ്ങൾ, (3) സ്തോത്രങ്ങൾ, (4) ചാടുക്കൾ ഇവയാകുന്നു. കാലാന്തരത്തിൽ ചമ്പുക്കൾ, സന്ദേശങ്ങൾ മുതലായ കൃതികളും ആവിർഭവിച്ചു.

**വൈശികതന്ത്രം:**—പല വൃത്തങ്ങളിലായി ഉദ്ദേശം ഇരുനൂറോളം ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ഈ കൃതി അനങ്ഗസേന (അനങ്ഗവല്ലി എന്നും ഒന്നുരണ്ടു ശ്ലോകങ്ങളിൽ കാണുന്നു) എന്ന യുവതിയായ വേശ്യയ്ക്കു് അവളുടെ അമ്മ സ്വകുലധർമ്മത്തെ പുരസ്കരിച്ചു ചെയ്യുന്ന ഉപദേശമാകുന്നു. ഗ്രന്ഥം അച്ചടിപ്പിച്ചിട്ടില്ല. ചില ശ്ലോകങ്ങൾ ലീലാതിലകത്തിൽ ഉദ്ധരിച്ചുകാണുന്നു. അവയാണു് അടിയിൽ ചേർക്കുന്നതു്.

"തനയേ തവ സമ്പദർത്ഥമുച്ചൈ-
രിനിയോരാഢ്യനെ നീ വരിച്ചുകൊൾക;
ധനഹീനരിൽനിന്നു പാങ്ങു† വാരാ;
പനിനീർ വീണ്ണു കുളം നിറഞ്ഞുതില്ല."

"തനുചീകലാഭരണമേ! തരുണാൻ കയർത്തും
താനേ നിശാസു നിയമേന കിടക്കിലാകാ;
അംഭോരുഹാക്ഷി പുണരാണണയാത പെണ്ണും
ചോറില്ലയാതമിളിയും* ചിരികേടു കണ്ടാ."

പ്രസ്തുതഗ്രന്ഥത്തിൽനിന്നു് അനേകം ശ്ലോകങ്ങൾ ഉജ്ജയിനിയിലെ രഥ്യയെ വർണ്ണിക്കുമ്പോൾ

"അന്യത്രാത്ഭുതവചനാഹിതമനസ്സിന്നപദിശന്തി ദുഹിതൄഃ
കുട്ടിന്യോ രഹസി തദേതദുത്തമമധ്യാധമാഃ പുരുഷാഃ"

എന്ന പീഠികയോടുകൂടി മന്ത്രാങ്കം ആട്ടപ്രകാരത്തിൽ ചേർത്തിട്ടുണ്ടു്. എല്ലാ ശ്ലോകങ്ങളും ചേർത്തിട്ടില്ലാത്തതിനാലും ആദ്യന്തം ഒരു കവിയുടെ കൃതിയെന്നു കാണാത്തതിനാലും വൈശികതന്ത്രം ആട്ടപ്രകാരകാരനിൽനിന്നു ഭിന്നനായ ഒരു കവിയുടെ കൃതിയെന്നുതന്നെ ഞാൻ ഊഹിക്കുന്നു.

---

†പാങ്ങു്=വഴി; കഴിവു്; സമ്പത്തു്. പനിനീർ=മഞ്ഞുവെള്ളം
*അമിളി=പാടം. ചിരികേടു് (ശ്രീകേടു്)=അശ്രീകരത്വം

Digitized By Kerala Sahitya Akademi

ആ ആട്ടപ്രകാരത്തിൽ ഗ്രന്ഥകാരന്റെ സ്വന്തമായി അനവധി വിശിഷ്ടങ്ങളായ സംസ്കൃതശ്ലോകങ്ങളും മണിപ്രവാളശ്ലോകങ്ങളുമുണ്ടെങ്കിലും പരകീയകൃതികളിൽനിന്നു പല ഉദ്ധരണങ്ങളുമുണ്ടു്. വൈശികതന്ത്രം രചിച്ച കവി ആരെന്നറിയുവാൻ ഒരു വഴിയുമില്ല; അദ്ദേഹം മന്ത്രാങ്കത്തിന്റെ ആട്ടപ്രകാരം വിരചിതമായ ക്രി: പി: പതിനൊന്നാം ശതകത്തിനു മുമ്പു ജീവിച്ചിരുന്നിരിക്കണം. പ്രസ്തുതകൃതി ആരംഭിക്കുന്നതു് ഇങ്ങനെയാണു്.

''എന്മുത്തിമുത്തി മുതുമുത്തിയവൾക്കു മൂന്റാം
മുത്തിക്കു മുത്തിയവൾമൂത്തവളേ തുടങ്ങി
റാം പോരുമാതികളൊരിത്തനയും വിടാതെ
ഞാനിന്നിനക്കുപദിശാമി ഗുരുക്രമേണ.
എന്മുത്തിയാൾ ചെവിയിലേ മുതുമുത്തിതാനും
ചൊല്ലിക്കൊടുത്തവളുമെൻ ജനനിക്കു ചൊല്ലി
കൈക്കൊണ്ട യോഗമിതെനിക്കവൾ ചൊല്ലിയിന്റു
ഞാനും നിനക്കുപദിശാമി ഗുരുക്രമേണ.
ഉചിതമറിക മുന്നം നൻറതല്ലാസ്സിലെല്ലാ–
മറിയുമവർകൾ ചൊല്ലിക്കേൾക്കിലും നല്ല പിന്നെ;
നവരമിവയിരണ്ടാലൊന്റിലൂന്റാസ്സിലെന്റും
നവകുവലയനേത്രേ, നന്നു വാരാ വധൂനാം.''

വൈശികതന്ത്രം അഭ്യസിക്കാനുള്ള വൈഷമ്യം അമ്മ മകളെ താഴെക്കാണുന്ന പദ്യങ്ങളിലും മററും ബോധ്യപ്പെടുത്തുന്നു.

''മൽപ്പാട്ടു കേളിതമൂരിത്തറയിട്ടും പൊറാ കാൺ
വല്ലാസ്സിലിന്ദുമുഖി! വൈശികതന്ത്രമാർഗ്ഗം;
നൂന്മേൽ* നടക്കുമതു നൂറമടങ്ങിലേററം
വേശ്യാധ്വരം വിഷമമെന്റു വിദഗ്ദ്ധവാചഃ.''

* * * *

''കല്ലിനെപ്പെരിയ കായലാക്കലാം;
കായലെപ്പെരിയ കല്ലുമാക്കലാം;
വല്ലവാറു പലനാളുഴയ്ക്കിലും
വല്ലവാനരിയതൊന്റു വൈശികം.''

ഈ ഗ്രന്ഥത്തിലെ വിഷയത്തിന്റെ ഔചിത്യത്തെപ്പററി ആധുനികന്മാൎക്കു് അഭിപ്രായഭേദമുണ്ടാകാമെങ്കിലും കവിതയെപ്പററി അവർ അഹമഹമികയാ പ്രശംസോത്സുകരായിത്തന്നെയിരിക്കും. ചില ശ്ലോകങ്ങൾകൂടി ഉദ്ധരിച്ചു പ്രസ്തുതകാവ്യത്തിന്റെ മാധുര്യം വിശദമാക്കാം.

''മുലയും തലയും മുഖക്കളിപ്പും‡
മുറുവൽക്കാന്തിയുമുള്ള മഞ്ജുവാചാം,

* നൂന്മേൽ=നൂലിന്മേൽ. ‡ മുഖക്കളിപ്പ്=മുഖകാന്തി.

Digitized By Kerala Sahitya Akademi

മുതൽ തേടുക തേടൽ; ആയതെല്ലാം
മുന നേടാ മുതുകണ്ണു മുൻനടാഞ്ഞിൽ.''§
''നിചേഷു സങ്ഗമില്ല, നീലവിലോചനേ! നീ
ചാന്തിൻകുണം കെട്ടമൊരിത്തിരി നുറ വീണ്ണാൽ;
നീ കേൾക്കിലുത്തമഗുണേ! കഥ ചൊല്ലുവൻ ഞാൻ;
പൊൻപോൽ നിറം† ഭവതി മേരുവണഞ്ഞ കാകൻ.''
''കുറവും നിറവും പകുത്തു കാണ്മോ-
രറിവുള്ളിൽക്കിടവാഞ്ഞിലങ്ങനാനാം
വറളും വരഗാത്രി! വൈശികം താ-
നറവില്ലാതനിലത്തു നെല്ലുപോലെ.''
''ഒരുത്തരെക്കൊണ്ടുപകാരമില്ലെ-
ന്റെറാരിക്കലും തോഴി നിനയ്ക്കൊലാ കാൺ;
ഉരുട്ടിവൈക്കും പിതൃപിണ്ഡമുണ്മാ-
നൊരിക്കലെക്കാകനെ വേണമല്ലോ.''
''ഇറമാന്നി‡രിയാഞ്ഞു, വീടർ വന്നാ-
ലുറവാന്നീടുമൊരോ വിനോദസാരൈഃ;
ചിറ താങ്ങിന നീരുമൊട്ടു ചെന്നാൽ
കുറകീടും ചെറിയോരരിപ്പിനൂടെ.''
''ഒരുവനുളനദാരൻ വച്ചുതെൻ വീട്ടിലെന്നി-
ട്ടെളിയ തരുണർ വന്നാലൻപു നീ കൈവിടൊല്ല;
വരതനു! പെരുമാൾക്കും വൊറി വാരാ നിനച്ചാൽ-
ത്തനിമരമയിമുഗ്ദ്ധേ! ഹന്ത! കാവാവുകില്ല.''
''താരുണ്യമാവതു സുതേ! തരുണീജനാനാം
മാരാസ്ത്രമേ! മഴനിലാവതു നിത്യമല്ല;
അന്നാർജ്ജിതേന മുതൽകൊണ്ടു കടക്കവേണ്ടും
വാർദ്ധക്യമെന്നതൊരു വൻകടലുണ്ടു മുമ്പിൽ.''
''ബാലതപമാൻരസി വാർമുല പൊങ്ങുമന്നാൾ
മാലത്തഴക്കുഴലിമാർ മുതൽ നേടവേണ്ടും;
വേലപ്പെടാതവ നിരർത്ഥകമേവ പിന്നെ,
കാലത്തുഴാക്കഴനി നെല്ലുളമേറവീല.''

എനിക്കു് ഏറ്റവും രസപ്രദമായി തോന്നീട്ടുള്ളതു് ഈ കാവ്യത്തിലേ ദൃഷ്ടാന്തം ലോകോക്തി തുടങ്ങിയ അലങ്കാരങ്ങളാകുന്നു. അവയിൽ ചിലതെല്ലാം മുകളിൽ ചേർത്ത ശ്ലോകങ്ങളിൽ കാണാവുന്നതാണു്. ഇനിയും ചിലതുകൂടി പ്രദർശിപ്പിക്കാം.

(1) ''എന്നാലുഴഞ്ഞു മകളേ! പല നാളിവണ്ണ-
മഭ്യാസയോഗബലമാനയെടുക്കമല്ലോ.''

§മുനനേടാ=മൂർച്ചയുള്ളതാകയില്ല. മുതുകൺ=മുത്തിയുടെ കണ്ണു്. മുൻനടാഞ്ഞിൽ=മുമ്പേ നടന്നില്ലെങ്കിൽ. †പൊൻപോൽനിറം=പൊന്നുപോലെയുള്ള നിറത്തോടുകൂടിയതു്. ‡ഇറമാന്നു്=അലസയായി; ഇതികർത്തവ്യതാമൂഢയായി.

Digitized By Kerala Sahitya Akademi

(2) ''അരുതിത്തരമെന്നറിഞ്ഞിടാതേ,
വലസുള്ളോക്കു വശം പ്രയാതി കല്ലും;
അയി സുന്ദരി! പണ്ടു വത്സരാജ–
ന്നൊരു മണ്ണാന നടന്നുവെന്നവേഹി.''
(3) ''കരിതേച്ചുകഴിഞ്ഞൊരങ്ങു പുക്കാൽ
മകളേ!യാട്ടുവതാടി വാങ്ങവേണ്ടും.''
(4) ''വാഞ്ഛരാഫലപ്രസവവൈശികമന്ത്രബീജം
നീലേക്ഷണേ! നിലമറിഞ്ഞു വിതയ്ക്കവേണ്ടും.''
(5) ''നില്ലാ കണാ*കിമപി നീചരിലുള്ള സങ്ഗം;
ചാരുസ്മിതേ! ചരിനിലം വളമേല്പ്പതില്ല.''
(6) ''തട്ടിപ്പുറത്തു കളയാതൊഴിയാരെയും നീ;
കഷ്ടസ്വഭാവികളുമൊന്നിനു നന്നു പെണ്ണേ;
അട്ടക്കുലങ്ങളരവിന്ദവിലോചനേ! കോഠ
കെട്ടോരു പുണ്ണിനിഹ നന്നു വരുത്തുമല്ലോ.''
(7) ''ഈവണ്ണമാകിലുരുകും തരുണക്കു ചിത്തം
നേർചില്ലിവല്ലരി! നെരുപ്പിലരക്കുപോലെ.''
(8) ''ആണുങ്ങളുണ്ടു പലരെന്നതുകൊണ്ടു നീയ–
ങ്ങാരോടുമാശ വിടുവീല മനോഹരാങ്ഗി;
ആറുണ്ടു ചെഞ്ചിടയിലെന്നതുകൊണ്ടു ശംഭോ–
ന്നീർകൊണ്ടു കോരിയഭിഷേകമിളയ്ക്കുതുണ്ടോ?''
(9) ''ആഴക്കമായിരവുമമ്പതുമയ്യുഴക്കും
മൂഴക്കുമൊക്കെ മുകുളസ്തനി, കൊള്ളവേണം;
കൈത്തോടു, തോടു, മറുചാൽ, മഴപെയ്ത വെള്ളം
കൂടിക്കണൊ നിറവിതംബുരുഹാക്ഷി, സിന്ധുഃ.''
(10) ''അവരവരുടെയാം ഞൊന്നെന്നു തോന്നുംപ്രകാരം
പുറമമൃതമിരുന്നാൽകാന്തമന്തർദ്ധ്യാനം
തവപുനരയി പെണ്ണേ, കാമനൃത്തം പ്രവൃത്തം
ഝടിതി പകരവേണ്ടും ചാക്കിയാർക്കൂത്തുപോലെ.''
(11) ''കലഹം കമലാക്ഷി, കാമിനീനാ–
മിതമുള്ളോന്നതു ചാല വല്ലമാകിൽ;
പെരുകീടിലതും പ്രമാദമത്രേ
കറിയിൽക്കിഞ്ചന കൂട്ടുമുപ്പുപോലേ.''
(12) ''കപ്പൂരംകൊണ്ടരുതു മകളേയുപ്പുകൊണ്ടുള്ള വേല''
(13) ''അന്തോളംകൊണ്ടരുവയർമണേ, ചാണകം കോരുവീല.''
(14) ''കാഠിണ്യത്തെക്കമലനയനേ! ദൂരതോ വർജ്ജയിത്വാ
കാലംകൊണ്ടിട്ടവർ തരുവതും കണ്ടുകൊണ്ടങ്ങിരുന്നാൽ
കാർ പോന്നുണ്ടാം കഥമപി സ്വതേ, മിന്നുമൊട്ടേ മുഴങ്ങും
വില്ലും കോരും വിധിവിഹിതമായ്പ്പെയ്യുമമ്മേഘജാലം.''

*വലസ്=(വലം) ബലം. കണാ=ക്ഷണത്തിൽ.

Digitized By Kerala Sahitya Akademi

ഈ ശ്ലോകങ്ങളുടെ പ്രണേതാവു് ഒരു വിശിഷ്ടകവിയല്ലെന്നു് ആർക്കു പറയാം? വിച്ച (വിദ്യ); ആശ്രീക്കുക (ആശ്രയിക്കുക); വിതയ്ക്കവും നടുകവും (വിതയ്ക്കയും നടുകയും); കഴകം (സദസ്സ്); കയന്നു് (താണു്); ദയാവു് (ദയവു്); നാമളാർ (നാമാരം); ചെമ്മു് (ഭംഗി); കുവള (കുവലയം); ചുവ (രസം); ഇങ്ങനെയുള്ള പഴയ പദങ്ങളും പ്രയോഗങ്ങളും ഈ ഗ്രന്ഥത്തിൽ സുലഭങ്ങളാണു്; 'കരുമസ്യ തതം' 'നില്ലോരു വള്ളിം' 'ഉപ്പുപോലേ കറീഷു' എന്നീ ഉദാഹരണങ്ങളിൽ കാണുന്നതുപോലെയുള്ള സംസ്കൃതീകൃതഭാഷാപദങ്ങളും ഇല്ലെന്നില്ല.

"വീടേ സതി പ്രഭുജലേ* ഭവനം ചൂടേഥാ;
നൈമിത്തികങ്ങൾ പലനാളുമൂളാക്കിടേഥാഃ;
ആനീതമാഭരണജാലമൊളിച്ചിടേഥാഃ;
താനേ കിടക്കിലറകത്തിമൂറിച്ചിടേഥാഃ"

എന്നും ഒരു ശ്ലോകമുണ്ടു്. ഇവിടെയെങ്ങും ഹാസ്യരസത്തിൻെറ സ്പർശമില്ലെന്നു ഭാഷാചരിത്രജ്ഞന്മാർ ഓർമ്മിക്കുമല്ലോ.

**ആട്ടപ്രകാരശ്ലോകങ്ങൾ:—** കൂടിയാട്ടത്തിലേ ഭാഷാഗദ്യത്തിനു് ഉദാഹരണങ്ങൾ ഇതിനുമുമ്പു ഞാൻ ഉദ്ധരിച്ചുകാണിക്കുകയുണ്ടായി. മണിപ്രവാളശ്ലോകങ്ങൾ ഉദ്ധരിക്കുന്നതിനുള്ള അവസരം ഇതാണു്. ഇവയുടെ കൂട്ടത്തിലും ചില പദ്യങ്ങൾ ലീലാതിലകകാരൻ ഉദ്ധരിച്ചിട്ടുണ്ടു്; താഴെക്കാണുന്നവ നോക്കുക.

"ഇനി ഞാൻ വിടകൊൾവനിന്നുവക്ത്രേ!
കനിവില്ലാമ കുറേക്കുറഞ്ഞുതാനാൽ;
ഭവതീമധികൃത്യ ചെയ്ത കൃത്യം
വിധിനാ സമ്പ്രതി വിഷ്ണുപൂജയാക."

"നെൽ കുത്തുമാറുമരികേയൊരു കോലൊടിച്ചു
പൽ കുത്തുമാറുമതു കൊണ്ടിടുമാറു മേന്മേൽ
നൻറും നമുക്കു മനമേ! ചരതം നിനച്ചാ-
ലെൻറും മറക്കരുതുരൽപ്പിരനാരിമാരെ."

"ഒരു പരവനിതാ ച ഞാനുമെന്നിൽ
പ്രണയവിരോധമിയങ്ങിനോരുനേരം
ചെലുചെലെനെ മുറിഞ്ഞുവീണ ചെന്നൊരാൽ-
ക്കനവള നണ്ണി നുറുങ്ങിയെങ്ങൾചേതഃ."

"വേരും തണ്ടും നിറവുമിലയും കണ്ടു ചേമ്പെൻറ മത്വാ
വാരിക്കോരിപ്പെരികെ വളമിട്ടാനുഭാവം കെട്ടാതെ
വേനൽക്കാലേ ജലമപി കൊട്ടത്തിങ്ങനേ ഞാൻ വളത്തേ-
നാപൽക്കാലത്തതൊരമളിയായു് ഞാനുമൊൻറല്ലയാനേൻ."

ഇവയിൽ ഒടുവിലത്തെ ശ്ലോകത്തിലെ നാലാംപാദം—"ആപൽക്കാലത്തതൊരു വെളിയായു് ഞാനുമൊൻറല്ലയായി" എന്നു

* പ്രഭുവാകുന്ന ജലൻ 'വീട'നാകുന്ന സമയത്തിൽ.

Digitized By Kerala Sahitya Akademi

പാഠിച്ചു് ആചാര്യൻ അതിൽ വൃത്തഭംഗമുണ്ടെന്നു സ്ഥാപിക്കുന്നു. എന്നാൽ മന്ത്രാങ്കം ആട്ടപ്രകാരത്തിൽ ഞാൻ കണ്ടിട്ടുള്ളതാണു് മുമ്പുദ്ധരിച്ച പാഠം; അതിൽ വൃത്തഭംഗവുമില്ല. ഇതിൽനിന്നു് ഒരു വസ്തുത വെളിവാകുന്നതു ലീലാതിലകകാരന്റെ കാലത്തു പ്രസ്തുതപാഠം വൃത്തഭംഗദുഷ്ടമാണെന്നു് അപവാദിക്കത്തക്കവണ്ണം അത്രമാത്രം കവിവാക്യത്തിൽനിന്നു ഭേദപ്പെട്ടുകഴിഞ്ഞിരുന്നു എന്നുള്ളതാണു്; അതുകൊണ്ടു് ഇതു തോലന്റെ കൃതിതന്നെ എന്നു സങ്കല്പിക്കുന്നതിൽ വിരോധമില്ല. അത്യന്തം സരസങ്ങളായ അനവധി മണിപ്രവാളശ്ലോകങ്ങൾ ആട്ടപ്രകാരങ്ങളിലുണ്ടു്. അവയിൽ ഏതാനും ചിലതുമാത്രമേ ഇവിടെ പ്രദർശിപ്പിക്കുവാൻ സൗകര്യമുള്ളൂ.

(1) ഉജ്ജയിനി:—

''യത്ര സ്ത്രീയോ നിയതമുന്നതമാളികാസു
തൂവെണ്ണിലാവു പൊഴിയവേ ചില ശർവരീഷു
ചാലേറ വാതിലരികേ സമുപാഗതാസു
കണ്ണാടികാൺമൂത്തു വിളങ്ങിന താരകാസു.''

(2) വാസവദത്തയുടെ ദാസിമാർ:—

''ഒരുത്തി തുകിൽ കൈക്കൊണ്ടാളൊരുത്തി ഹരിചന്ദനം
ഒരുത്തി പാദുകാദ്വന്ദ്വമൊരുത്തി തുളസീ പുനഃ''

* * * *

''ഒരുത്തി താലവൃന്തങ്ങളൊരുത്തി സിതചാമരം
ഒരുത്തി കുങ്കുമം കൊണ്ടാളൊരുത്തി മുകുരം തഥാ.
ഒരുത്തി പൂർണ്ണകുംഭങ്ങളൊരുത്തി സിതതണ്ഡുലം
ഒരുത്തി ചെപ്പു കൈക്കൊണ്ടാളൊരുത്തി കലശദ്വയം.
ഒരുത്തി കോമളാംഭോജമൊരുത്തി മണിനൂപുരം
ഒരുത്തി രശനാജാലമൊരുത്തി മണികുണ്ഡലം'' ഇത്യാദി.

(3) വാസവദത്താവർണ്ണനം—കേശാദിപാദം:—

നീർകൊണ്ട നീലജീമൂതം നേർകൊണ്ടീടിന കുന്തലും
മുരളും വരിവണ്ടിണ്ട വെരുളും കുരുംമാലയും,
തോററ തിങ്കളുടേ കീററു പോററിളങ്ങിന* നെററിയും,
മുരിക്കിൻ മലർതൻ കാന്തി ഭരിക്കുന്നധരോഷ്ഠവും,
മന്ദാരധവളാകാരം സുന്ദരം മന്ദഹാസവും,
പാർചന്ദ്രൻ പോരുന്ന ഗർവ്വൊഴിച്ച മുഖാംബുജം,
ഇണ്ടമാല കണക്കേ പോയ് നീണ്ടുരുണ്ട ഭുജദ്വയം,
അഭിമാനത്തൊടുണ്ടാക്കുമിഭകുംഭസ്തനങ്ങളും,
മുലയെക്കാത്തു താൻ വല്ലാതുഴലും മധ്യവല്ലരി,
പരം കരിചിരം f ചെമ്മേ പൊരും ജഘനചക്രവും,
വരിനെൽക്കതിരെപ്പോലെ വിരിയും രോമരാജിയും,
ചാരുപൊൻകദളീത്തണ്ടിൻ നേരുളാമൂരുഭാരവും,

* പോററിളങ്ങിന=പോൽ തിളങ്ങിന.

f കരിചിരം=ആനത്തല.

Digitized By Kerala Sahitya Akademi

തെളിനീർക്കുവളേ[f]പ്പോലെയുള്ളവാം ജാനുമണ്ഡലം,
മണികേതകിതൻ മൊട്ടോടിണയാന്ന മുഴങ്ങഴൽ,
കച്ഛപം കനകോൽഭൂതം സപുച്ഛം പുറവടിദ്വയം,
തെളിഞ്ഞ കപ്പിയോടൊപ്പം വിലസുന്ന കണക്കഴൽ,
നക്ഷത്രപ്രവാളാകാരസുന്ദരം നഖവും തഥാ.''

(4) അതേവിഷയം—പാദാദികേശം:—

ചെങ്ങിന തളിരൊളി ചേന്നു വിളങ്ങി–
ച്ചെവ്വരി ചിതറിന ചേവടിയുഗളാ;
പങ്ങിവിളങ്ങിന ചാരുപളുങ്ങിൻ
പങ്ക്തിയൊടൊത്ത നഖാളീലളിതാ;
വിവിധമണിപ്രഭ തമ്മിലൊരൊന്റേ
വിരവിൽ വിളങ്ങിന നാനാഭരണാ;
ചെലുചെലനെൻറ ചിലമ്പൊലി പൊലിയും
ചേതോഹരരുചി പുറവടിമധുരാ;
പരിചിതകാന്തി കണക്കാലിലിടും
പാടകഹാടകപാടലശോഭാ;
മുകുകിയൊതുങ്ങി നിറംപെട്ടേറാം
മുഴപൂണരാത മുഴങ്ങാൽബന്ധാ;
തുടറിയ മാരനികേതമണിഞ്ഞു–
ണ്ടമ തുടന്ന തുടദ്വയസുഭഗാ;
പൂതുമ പൊലിഞ്ഞു വിരഞ്ഞു വിരാജൽ–
പ്പൂന്തുകിലേന്തിന ജഘനാഭോഗാ;
അരയിലുടമ്പെട്ടുമുടഞാൺ പുണർപൂ–
ണ്ടരുണിതനിരുപമനീവിനിവേശാ;
നല്ലുലാവിന നീർച്ചുഴിപോലേ
നയനമനോഹരനാഭിഗഭീരാ;
തിരളൊളിരോമാവലി ചേന്നോ–
ത്തിറമെഴമഴകിയൊരുദരവരാഢ്യാ:
മുത്തണിമാലകൾ മാറിൽ മുഴക്കം
മുകുളമുല മൂടിന മൃദുലമനോജ്ഞാ;
മണിഗണകാന്തി മലിഞ്ഞു നിറംചേർ–
മാറിൽ വിളങ്ങിന മഹിതാഭരണാ;
താരാനിരയിലരുന്ധതിപോലേ
താനേ മിന്നിന നാഭിമനോജ്ഞാ;
ചെമ്പകമാലാലളിതകരത്തിൽ–
ച്ചെലുചെല വിലസിന വലയകലാങ്കാ;
ചെങ്ങഴുനീർമലരകവിതംപോലെ
ചെങ്ങിന മൃദുലനഖാളീലളിതാ;

---

[f] കുവളം=(കുവള) കുവലയം=കരിങ്കൂവളം

Digitized By Kerala Sahitya Akademi

പരിമളമീടിന പാതിരിനാന്മലർ
പഴിപെടുമധരമണിദ്യുതിസുഭഗാ;
മാരമണിധ്വജദണ്ഡകണക്കേ
മസൃണമനോഹരനാസാനാളാ;
കാമവിലാസകയത്തിലിണങ്ങും
കയലൊളികോലിന കാതരനയനാ;
താരുണ്യാമൃതവീചികണക്കേ
തരളതരാഞ്ചലചില്ലീലതികാ;
നൊച്ചെഴ വിലസിന നെററിത്തടഭുവി
നെറിയേറും നവമങ്ഗലതിലകാ;
കുടിലത തടവിന കുരുഡനിരയിലെഴും
കുസുമപരാഗപരീതലലാടാ;
മാരരസാമൃതമാരി പൊഴിപ്പാൻ
മഴമുകിലായ മലക്കുഴൽമധുരാ.''

ഈ വർണ്ണനം വൃത്തംകൊണ്ടു ഭാഷയിലാണെങ്കിലും മററെല്ലാംകൊണ്ടും മണിപ്രവാളത്തിലാകയാൽ ഈ അധ്യായത്തിൽ ചേർക്കുവാൻ ഇടവന്നു. ഈ വൃത്തം പിൻകാലത്തു മണിപ്രവാളചമ്പൂക്കളിൽ ഗദ്യമെന്നു വ്യപദേശിക്കപ്പെടുന്നു.

(5) അംഗോപാംഗവിഷയം, പാദാദികേശം, മറെറാരു മാതിരി:—

കാണാമതിന്നുമിഹ മാനസവാസമെന്നാ-
മന്നങ്ങളേ നടപഠിപ്പതിനായ താങ്ങ്യാഃ;
പത്മങ്ങളും ചരണയോരഴകുള്ളതെല്ലാ-
മപ്പിച്ചു നൂനമുദകേഷു തപശ്ചരന്തി. (1)

പോരാമ തൻ പുറവടിക്കെതിരാം; കണക്കാൽ
പോരാട്ടമെങ്ങുമിഹ കേതകകുട്മളേന;
ചെപ്പിന്നിനിപ്പമഴിയും പരിചും മുഴങ്ങാ-
ലെപ്പോഴുമുല്ലലദ്ദശോ ലളിതം വിളങ്ങും. (2)

ഈടിൻറ ചാരുകതളിക്കരളെങ്ങുമസ്യാ
വാട്ടം തിരണ്ടു തുടതൻ നിഴലങ്ങു വസ്ത്രേ
ഓടാത മാരരഥമായ നിതംബഭൂമി-
ക്കൂടേ പിടിച്ച വിജയക്കൊടി രോമരാജി. (3)

കാണപ്പെടാ നടുവു; കോമളയൗവനശ്രീ
ചെൽവാൻ ചമച്ച നടയുണ്ടു വലിത്രയേണ;
യൂനാം മനോനളിനമെപ്പൊഴുതും മുളയ്പ്പാൻ
കാമൻ ചമച്ചതിറ നാഭിസരോ നതാങ്ഗ്യാഃ. (4)

കുംഭോത്ഭവോന്നതമിദം കമനീയമസ്യാ
മുഖതാലസനമലയമോ മലയോ ന ജാനേ

Digitized By Kerala Sahitya Akademi

തന്വേലിരണ്ടുപുറമൂന്നവചന്ദനാർദ്രാ
വിദ്യോതതേ നൃപസുതാകരപല്ലവശ്രീഃ. (5)

*  *  *  *

ലാവണ്യമാം നദിയിൽ നീർവിളയാടി നില്ക്കും
മാരന്റെ തോണിയിണപോലവൾകണ്ണിരണ്ടും
പൊന്നോല മിന്നിവരുമോ ചില കാതു വന്നി–
ങ്ങുഞ്ഞതാലുമാം കിമപി ചഞ്ചലമഞ്ചിതാക്ഷ്യാഃ. (6)

അഞ്ജനനാഞ്ജിതദൃശാമഴകുള്ളതെല്ലാ–
മാരാഞ്ഞുകൊണ്ടു ചരതിച്ചൊരുമിച്ചുകൂട്ടി
കല്പിച്ചതെൻറു പലരും പുകഴ്കിൻറതെങ്ങും
തനങ്ഗലാങ്ഗമിഹ മാളവകന്യകായാഃ. (7)

ചില്ലീവിലാസമൊരു വില്ലിനെ വെല്ലുമെൻറും;
മാറാത തിങ്കളഴകണ്ടവൾ നെററിയെങ്ങും;
വണ്ടിണ്ടയും കുരുളുമങ്ങിരുളെൻറു തോൻറും
പൂവൽക്കരിങ്കുഴലവന്തിനൃപാത്മജായാഃ:'' (8)

ഒരേ വിഷയത്തെപ്പററി തോലൻ മൂന്നു വർണ്ണനങ്ങൾ രചിച്ചിരിക്കുവാൻ ഇടയില്ലാത്തതിനാൽ മന്ത്രാങ്കം ആട്ടപ്രകാരത്തിൽത്തന്നെ മററു കവികളുടെ വാങ്മയങ്ങളും സ്ഥലം പിടിച്ചിട്ടുണ്ടെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. പക്ഷേ ഇവയൊന്നും പതിമ്മൂന്നാംശതകത്തേക്കാൾ അർവ്വാചീനങ്ങളാണെന്നു തോന്നുന്നില്ല.

**ഭാഷാശ്ലോകങ്ങൾ:**—ചേടികളേയും അവരുടെ സംഭാഷണത്തേയും വർണ്ണിക്കുമ്പോൾ കവിത ചിലപ്പോൾ പച്ചമലയാളത്തോട് അടുക്കുന്നുണ്ട്.

(1) ചെറുമി:—

''നാട്ടാർക്കു മുററുമടിച്ചിട്ടു കൂലി§യുണ്ടു
താനേ വളൻറു തലക്കുട്ടിമുടിച്ചവാറേ
മാറത്തിരണ്ടുമുല പോന്നു മുഖം തിരിഞ്ഞാ–
ലെവ്വൻറ‡കപ്പിയുമൊരുവശിയെൻറു തോൻറും.'' (1)

''കരുമിഴിയിണ കണ്ടും കാർമ്മുകിൽക്കുന്തൽകണ്ടും
കനവിയ മുല കണ്ടും കാമബാണൊത്തരോ ഞാൻ
ചെറുമികൾമുടിമാലാം ചേതസാ പിൻവരിൻേറൻ
ചനവരി*ടയിലോടിച്ചാവെഴും പൻറിപോലെ.'' (2)

താഴെക്കാണുന്ന രണ്ടു ശ്ലോകങ്ങളിൽ സംസ്കൃതീകൃതഭാഷ ധാരാളമായിക്കാണുന്നു.

''തേങ്ങാനെയ് തേച്ച കേശാന്തിബഹളഗള–
ത്താളിനാ ക്ഷാളയിത്വാ

§ ഇട്ടുകൊടുക്കുന്ന കൂലി. ‡ എവ്വൻറ=ഏതുവന്ന. * ചനവർ=ജനങ്ങൾ.

Digitized By Kerala Sahitya Akademi

താലത്തിൽസ്സന്ധിതാഭിഃ കഴുകി നിഖിലമ-
പൃണ്ഡമിമ്പപ്പതാഭിഃ
മണ്ണാത്യാ ദത്തമാത്രാം ചെറിയൊരുടുതുണിയും
ബിഭ്രതീ വെള്ളമന്തരം-
തള്ളാടപ്പൂയിതാങ്ഗീ ചൊളചൊള ചെമ്മീ
നാൻെറടോ നിൻറവാറു്.'' (3)

''ഒട്ടേ പഴുത്ത പുടവാം തുടമേലൊതുക്കി
നാറും കടിച്ചു നയനേന വിലങ്ങെ നോക്കി
പൊന്നല്ലയാത വളപോയ്ച്ചെലനെൻറ കൈക്കൊ-
ണ്ടെങ്ങടാക്ക തോൻറുമവളെച്ചിലെടുക്കമാറ്'' (4)

'റൊൽകത്തുമാറം' എന്ന ശ്ലോകം മുമ്പുദ്ധരിച്ചുവല്ലോ. അതുപോലെ പച്ചമലയാളത്തിൽ രചിച്ച ഒരു ശ്ലോകമാണ് ചുവടേ ചേൎക്കുന്നതു്.

''ഈഴച്ചേറുമിരണ്ടുമൂൻറു വിറകും വാഴയ്ക്കു കീഴേടവും
വൻതേങ്ങാമുറിയും വളഞ്ഞ പുളിയും മീനിന്നു മേലേടവും
മുന്നം കുത്തുമുമിക്ക മൂതത തവിടും പായും പഴമ്പുട്ടലും
കൈക്കീഴ്‌വച്ചു ചിരിച്ചു കോത വരുമാറുണ്ടോ മറക്കാവതു്?''

ചേടികളുടെ സംഭാഷണം:—

ഇതവിയ തുടയും നടയും
തുടി നടുവും കണ്ടു കണ്ടു കാമിജനൈഃ
ഇടയും ചേടികാഘടയും
ചേടകഘടയോടുകൂടി വന്നിതഥ.

കാളീ താളിയെടുത്തുകൊാം;
കാതുരിന്നില്ലയോ മുലക്കച്ച?
നങ്ങേ താക്കോലെങ്ങു?
ചെമ്മിഞ്ഞിച്ചാറരച്ചിതോ ചിറേറ?

അയ്യോ അയ്യോ കേളൊരു
വളയുള്ളതു കണ്ടതി,ല്ല വിളി, പെണ്ണേ.
പാപ്പീ പുടവയിതാമോ?
അപ്പോഴീയകമടിച്ചുതളി കടുക *

*  *  *  *

ചെപ്പും കുപ്പിയുമിപ്പോ-
ഴഞ്ജനകപ്പൂരമപ്പണാദി തഥാ;
എടുപിടി കടുകെന്നിത്ഥം
ബഹുവ സല്ലാപമത്ര ചേടീനാം.

ഇത്ഥമൊരോൻേറ മെല്ലെ-
ച്ചൊല്ലിച്ചൊല്ലിക്കഴഞ്ഞ തന്വലതികാഃ

* കടുക=വേഗത്തിൽ.

Digitized By Kerala Sahitya Akademi

പ്രാപൂർവ്വാസവദത്താം
ചൊറമീത്തി കയ്യർകയ്യുമവലംബ്യ.''

പ്രതിശ്ലോകങ്ങൾ:—

(1) നാഗാനന്ദത്തിൽ നായകൻ ചൊല്ലേണ്ട

''നീതാഃ കിം ന നിശാശ്ശശാങ്കരുചയോ നാഘ്രാതമിന്ദീവരം
കിന്നോന്മീലിതമാലതീസുരഭയസ്സോഢാഃ പ്രദോഷാനിലാഃ
ഝങ്കാരഃ കമലാകരേ മധുലിഹാം കിംവ്വാ മയാ ന ശ്രുതോ
നിർവ്യാജം വിധുരേഷ്വധീര ഇതി മാം കേനാഭിധത്തേ ഭവാൻ?''

എന്ന ശ്ലോകത്തിനു പകരം വിദൂഷകൻ ചൊല്ലുന്ന പ്രതിശ്ലോകങ്ങൾ

''നീതാഃ കിം പൃഥുമോദകാ ന ദിവസാ നാഘ്രാതമമ്മാമ്പഴം
കിന്നോന്മീലിതചാരുജീരകരസാസ്സോഢാശ്ച പാകാനിലാഃ
സീൽക്കാരഃ കടുകം വറുത്തു കറിയിൽക്കൂട്ടുന്ന നേരം ശ്രുതോ;
നിർവ്യാജം വിരുണേഷ്വധീര ഇതി മാം കേനാഭിധത്തേ ഭവാൻ?

വാഴപ്പഴങ്ങൾ വലിയോ ചിലകാണ്മ,നപ്പം
വാക്കുന്ന സീൽക്കരണനാദമടുത്തു കേൾപ്പൻ;
പാല്ക്കഞ്ഞിയാറവതു പാർത്തു പുറത്തിരിപ്പൻ;
ഞാനല്ലയോ ജഗതി ധീരരിലഗ്രഗണ്യൻ?''

(2) മേൽപ്പടി നാടകത്തിലേ

''ചന്ദനലതാഗൃഹമിദം ചന്ദ്രമണീശിലമപി പ്രിയം ന മമ
ചന്ദ്രാനനയാ രഹിതം ചന്ദ്രികയാ മുഖമിവനിശായാഃ''

എന്ന ശ്ലോകത്തിനുപകരം

ഉരതിങ്ങുമുരൽപ്പിരതാനുരലാൽ ഭൂഷിതമപിപ്രിയം നമമ
കരളച്ചെറമീരഹിതം കറികൂടാത്തൊരു ഭോജനംപോലേ.''

(3) സ്വപ്നവാസവദത്തിലേ

''സ്മരാമ്യവന്ത്യാധിപതേസ്സുതായാഃ
പ്രസ്ഥാനകാലേ സ്വജനം സ്മരന്ത്യാഃ
ബാഷ്പം പ്രവൃത്തം നയനാന്തലഗ്നം
സ്നേഹാന്മമൈവോരസി പാതയന്ത്യാഃ.''

എന്നതിനുപകരം

''സ്മരാമി വാനാറിയുടേ സുതായാ
നെൽക്കുത്തുകാലേ തവിട്ടം സ്മരന്ത്യാഃ
ശ്ലേഷ്മം പ്രവൃത്തം നിജഹസ്തലഗ്നം
സ്നേഹാന്മമൈവോരസി പാതയന്ത്യാഃ.''

(4) മേൽപ്പടി നാടകത്തിലേ

ബഹുശോപ്യുപദേശേഷു
യയാ മാം വീക്ഷമാണയാ

Digitized By Kerala Sahitya Akademi

ററസ്തന സ്രസ്തകോണേന
കൃതമാകാശവാദിതം'' എന്നതിനുപകരം

ബാഹുശോപ്യമിഛേറിട്ടു
യയാ മാം നോക്കമാണയാ
ററസ്തന സ്രസ്തശ്ശപ്പേണ
കൃതമാകാശഛചരിതം''

(5) സുഭദ്രാധനഞ്ജയത്തിലേ

''സൌന്ദര്യം സുകുമാരതാ മധുരതാ കാന്തിർമ്മനോഹാരിതാ
ശ്രീമത്താ മഹിമേതി സർഗ്ഗവിഭവാൻ നിശ്ശേഷനാരീഗുണാൻ
ഹൃതസ്യാമുപയുജ്യ ദ്വിധതയാ ദീനഃ പരാമാത്മഭൂ-
സ്സ്രഷ്ടും വാഞ്ഛതി ചേൽ കരോതു പുനരപ്യത്രൈവ ഭിക്ഷാടനം''

എന്നതിനുപകരം

''വാനാററം കവർനാററമീറപൊടിയും ഭാവം കൊടുംക്രൂരമാം
വാക്കും നോക്കുമിതാദിസർഗ്ഗവിഭവാൻ നിശ്ശേഷചക്കീഗുണാൻ
ഇച്ചക്യാമുപയുജ്യ പത്മജനഹോ ശക്യം ന ചക്യന്തരം
സ്രഷ്ടിപ്പാനവ വേണമെങ്കിലിഹ വന്നെല്ലാമിരന്നീടണം.*

നാഴിഭിരുരിഭിരുഴഭിഃ
പാതിമണത്തിസ്തഥൈവ ചവലരിഭിഃ ‡
യത്ര മനോരഥമൂടനേ
സിധ്യതി തസ്യൈ നമശ്ചേവമ്മൈ''

(6) മേൽപ്പടി നാടകം ഒന്നാമങ്കത്തിന്റെ അവസാനത്തിൽ വിദൂഷകനു ചൊല്ലാനുള്ള സന്ധ്യാവർണ്ണനശ്ലോകമാണു് സുപ്രസിദ്ധമായ

''താഠംപ്പൂട്ടയന്തി തകരാഃ കറികൊയ്ത്തശേഷാഃ
കാകാഃ കരഞ്ഞു മരമേറിയുറങ്ങയന്തി;
മണ്ടന്തി പാനമനിവഹാഃ പടിബന്ധഭേട്യാ;
മിന്നാമിനുങ്ങുനിവഹാശ്ച മിനുങ്ങയന്തി''

(7) എന്നതു് നാഗാനന്ദത്തിൽ 'അദ്യ ഖലു സ്വപ്നേ' ഇത്യാദി ചൂർണ്ണികയ്ക്കു പകരം

''കണ്ടേൻ ഞാനും കനാവിൽപ്പുലരുമളവുമി-
ക്കന്നുതമ്മേൽ വിരിച്ച-

---

* ഇതിനുതന്നെ പാഠഭേദങ്ങളുണ്ടു്.

(1) വാനാററം കവർനാററവും വളസവും പൈശുന്യവും ചീളയും
പേനും കക്കിയൊഴുക്കിയിതൃപചീതാൻ നിശ്ശേഷചക്കീഗുണാൻ
വാനാറിച്ചെവമിക്കലാക്കി നീതരാം നിസ്സേപ്വാ വിധിസ്സാദൃശീം
നാണംകെട്ട സൃജിക്കമകിലിവാളോടേ വന്നിരന്നീടുക.''

മുതലായ ശ്ലോകങ്ങളും.

കവർനാററം=ദേഹത്തിന്റെ ദുർഗ്ഗന്ധം.

‡ ചവൽ=ചതിരു്

Digitized By Kerala Sahitya Akademi

ക്കണ്ടിച്ചീടും പഴമ്പായ്ത്തലവണ മുറിച്ചൂൽ-
ക്കെട്ടുമായിട്ടിരിന്നു്
ഖോപിച്ചീടുന്ന കള്ളച്ചെറുമി കട്ടകടെ-
ച്ചുട്ടടാം തിന്നുമാറും
മണ്ടിച്ചെല്ലായുമെന്നെ പ്രതി കടുതരമാം
പ്രാക്കണത്താടുമാറും''

ഈ നാടകത്തിലും തപതീസംവരണത്തിലും ഉപയോഗിക്കുന്ന പല ശ്ലോകങ്ങളും അശനം രാജസേവാ മുതലായവയെപ്പററിയുള്ള ശ്ലോകങ്ങളും നവീനങ്ങളാണു്. ഒടുവിലത്തേ ഇനത്തിൽ ചില പഴയ ശ്ലോകങ്ങളുമില്ലെന്നില്ല. അവയിൽ ഒന്നുരണ്ടെണ്ണം പ്രദർശിപ്പിക്കാം.

അശനം:—

''മാസേ പ്രത്യാസന്നേ സപാനാം നാശം നിരൂപ്യ വേദനയാ
ഉൽബന്ധനമാചരതീം നൂനം വാഴപ്പഴക്കുലാഭിരിവ''
പായിൽക്കുന്നിച്ചീടും ബാലപ്പയറോത്തുകാങ്കിലാശ്ചര്യം
മരതകശൈലശ്ശ്രേതേ ഭൂമാവിററ വജ്രമേററ മൂർച്ചനയാ.

ഒരു ഗ്രന്ഥത്തിൽ 126 അശനശ്ലോകങ്ങഠം ഞാൻ കണ്ടിട്ടുണ്ടു്; അതിലില്ലാത്ത അനേകം ശ്ലോകങ്ങഠം വേറേ ഗ്രന്ഥങ്ങളിൽ കാണ്മാനുമുണ്ടു്.

രാജസേവ:—

''തട്ടിക്കൊട്ടിക്കഥമപി കഴിപ്പോരു മാടമ്പിവീട്ടിൽ
പ്പുക്കച്ചയ്ക്കേ പകൽ കഴിവളം പാത്തിരുന്നർദ്ധരാത്രൗ
കല്ലും നെല്ലും തവിടുമുമിയുംകൂടി വെന്തിട്ടിരിക്കും
പക്കപ്പ്രാശാൽ സപദി തെരുവത്തയ്യമേററം വിശേഷഃ.''

''ചെയ്‌വാനോ പട കാലനോടു, നരകേ പോയ്ച്ചെന്നു വീഴ്‌വം വിധൗ
ചെയ്‌വാനോ പരിരക്ഷണം പരമൊഴിപ്പാനോ പുനർജന്മ, നാം
പയ്യെപ്പുഞ്ചിരിയിട്ടു പോയ്പ്പുറകൊഴിഞ്ഞാസ്സേവകാനാം നൃണാം
കൈയിൽ കൈ കമിഴാത്ത മന്നവരെ നാമെന്തിനു സേവാമഹേ?''

ഈ പ്രപഞ്ചനാത്തിൽനിന്നു തോലനും അദ്ദേഹത്തിൻെറ അനുയായികളായ മററു ചില കവികളും മണിപ്രവാളസാഹിത്യത്തെ ഏതു പ്രകാരത്തിൽ പരിപോഷിപ്പിച്ചു എന്നു വിശദമാകുന്നതാണു്. സൂക്ഷ്മമായി പരിശോധിക്കുമ്പോഠം ''ബാണോച്ഛിഷ്ടം ജഗത്സർവം'' എന്നു പറയുന്നതുപോലെ കൂടിയാട്ടത്തിലേ സാഹിത്യം കേരളത്തിലെ ഒട്ടനേകം സാഹിത്യപ്രസ്ഥാനങ്ങഠംക്കു മാർഗ്ഗദർശകമാണെന്നു ശപഥം ചെയ്യാം. സ്തോത്രങ്ങഠം ചാട്ടക്കഠം ഇവയ്ക്കും ഉദാഹരണങ്ങഠം അന്യത്ര പ്രദർശിപ്പിക്കും.

Digitized By Kerala Sahitya Akademi

പതിനഞ്ചാമദ്ധ്യായം

# സംസ്കൃതകൃതികൾ

## ക്രി: പി: പതിന്നാലാംശതകം

**കേരളത്തിൻെറ വിഭാഗങ്ങൾ:—** വിജയാലയചോളവംശത്തെ അലങ്കരിച്ച രാജേന്ദ്രചോളൻ ക്രി: പി: പതിനൊന്നാം ശതകത്തിൻെറ പൂർവ്വാർദ്ധത്തിൽ ചേരവംശത്തിൻെറ ഉന്മൂലനാശം വരുത്തിയതായി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ ചോളവംശം ക്രി: പി: 1267–വരെ നിലനിന്നുപോന്നു എങ്കിലും പതിമ്മൂന്നാം ശതകത്തിൻെറ ആരംഭത്തിൽത്തന്നെ അതിൻെറ പ്രാഭവം അസ്തമിച്ചുകഴിഞ്ഞിരുന്നു. ശുദ്ധകേരളത്തിൻെറ ദക്ഷിണഭാഗമായ കൂപകഖണ്ഡവും ഉത്തരഭാഗമായ മൂഷികഖണ്ഡവും പതിനൊന്നാം ശതകത്തിനു മുമ്പും ഒട്ടൊക്കെ സ്വതന്ത്രങ്ങളായിരുന്നു. ചേരന്മാരുടെ അധഃപതനത്തോടുകൂടി കേരളഖണ്ഡത്തിൻെറ ഇതരവിഭാഗങ്ങളും സ്വാതന്ത്ര്യം നേടി. ക്രി: പി: പതിന്നാലാം ശതകത്തിൻെറ ആരംഭത്തിൽ കൂപകഖണ്ഡം അഥവാ വേണാട്ട്, തൃപ്പാപ്പൂർ, കൊല്ലം, കൊട്ടാരക്കര, കായംകുളം (ഓണാട്ട്) എന്നിങ്ങനെ നാലു രാജ്യങ്ങളായി വേർതിരിഞ്ഞിരുന്നു. ആദ്യമായി വേർതിരിഞ്ഞതു കായംകുളമാണ്. ജൂതന്മാർക്കു ഭാസ്കരരവിവർമ്മപ്പെരുമാൾ നല്കിയതായ ദാനശാസനത്തിൽ വേണാട്ട്, ഓടനാട്ട്, ഏറനാട്ട് (കോഴിക്കോട്ട്), വള്ളുവനാട്ട്, നെടുമ്പറയൂർനാട്ട് (പാലക്കാട്ട്) ഈ അഞ്ചു രാജ്യങ്ങളിലേയും രാജാക്കന്മാർ സാക്ഷി നില്ക്കുന്നു. വീരരാഘവചക്രവർത്തി ഇരവികൊർത്തനു ക്രി: പി: 1320–ൽ നല്കിയ ദാനശാസനത്തിൽ ഇവരിൽ ആദ്യത്തെ നാലു രാജാക്കന്മാരും സാക്ഷികളാണ്. തൃപ്പാപ്പൂർ, കൊല്ലം, കൊട്ടാരക്കര, ഇവയ്ക്കും പിന്നീടു മറെറാരു ശാഖയായിപ്പിരിഞ്ഞ നെടുമങ്ങാട്ടിനും തമ്മിൽ എല്ലാക്കാലങ്ങളിലും സമീപസംബന്ധവും പരസ്പരാവകാശവുമുണ്ടായിരുന്നു. ഇതരരാജ്യങ്ങളെ എല്ലാം ഏകീഭവിപ്പിച്ചു തൃപ്പാപ്പൂർ സ്വരൂപത്തിൽ ലയിപ്പിച്ചതു് ക്രി: പി: പതിനെട്ടാംശതകത്തിൻെറ പൂർവ്വാർദ്ധത്തിൽ തിരുവിതാംകൂർ ഭരിച്ചിരുന്ന വീരമാർത്താണ്ഡവർമ്മ മഹാരാജാവാകുന്നു. വേണാട്ടിനു വടക്കാണ് വെമ്പലനാട്ട്; അതും പതിന്നാലാം ശതകത്തിനു മുൻപുതന്നെ തെക്കുംകൂറെന്നും വടക്കുംകൂറെന്നും രണ്ടു രാജ്യങ്ങളായി പിരിഞ്ഞിരുന്നു. ഇല്ലിക്കൽ കോട്ടയ്ക്കടിക്കു പടിഞ്ഞാറു കുമരകംകായലിനു കിഴക്കു കൈപ്പട്ടൂരിനു വടക്കു കാണക്കാരിക്കു തെക്ക് ഇവയ്ക്കു നടുവിലുള്ള രാജ്യമാണു തെക്കുംകൂറെന്ന് ഒരു പഴയ ചൊല്ലുണ്ട്. അമ്പലപ്പുഴ(ചെമ്പകശ്ശേരി)രാജ്യത്തിന് അത്ര വളരെ പഴക്കമില്ല. കുടമാളൂർ ചെമ്പകശ്ശേരിയില്ലത്തെ ഒരു നമ്പൂരിയെ നായന്മാർ അവിടത്തേയും തദനന്തരം പുറക്കാട്ടേയും (അമ്പലപ്പുഴ) രാജാ

Digitized By Kerala Sahitya Akademi

നായി വാഴിച്ചതു പതിന്നാലാം ശതകത്തിനു മുമ്പായിരിക്കുവാനിടയില്ല. പന്തളവും പൂഞ്ഞാറും പാണ്ഡ്യരാജാക്കന്മാരുടെ വംശപരമ്പരയിൽപെട്ട രണ്ടു കുടുംബങ്ങളാണ്. അവയിൽ പന്തളം ക്രി: പി: പതിനൊന്നാം ശതകത്തിലും പൂഞ്ഞാർ പന്ത്രണ്ടാം ശതകത്തിലും കേരളത്തിൽ താമസമുറപ്പിച്ചതായി കരുതാവുന്നതാകുന്നു. ആലങ്ങാടും പറവൂരും മററു രണ്ടു ചെറിയ രാജ്യങ്ങളായിരുന്നു. അവയിൽ പ്രാചീനത പറവൂരിനു കൂടും. ഇടപ്പള്ളിത്തമ്പുരാക്കന്മാർ ആഢ്യബ്രാഹ്മണവൎഗ്ഗത്തിൽ പെട്ടവരാണ്. ക്രി: പി: പതിനൊന്നാം ശതകത്തിൻെറ അവസാനത്തിൽ പെരുമ്പടപ്പു നമ്പൂരി ഒടുവിലത്തെ പെരുമാളുടെ ഒരു ഭാഗിനേയിയെ വിവാഹം ചെയ്തിരുന്നു എന്നും അദ്ദേഹം കൊച്ചിരാജാക്കന്മാൎക്കു വിട്ടുകൊടുത്തതാണ് വന്നേരിനാട്ടിലെ ചിത്രകൂടമെന്നും അതിൽ പിന്നീട് ആ രാജാക്കന്മാരുടെ കിരീടധാരണം അവിടെവച്ചു നടത്തണമെന്നായിരുന്നു നിയമമെന്നും അങ്ങനെയാണ് അവൎക്കു പെരുമ്പടപ്പു രാജാക്കന്മാർ എന്നു പേർ വന്നതെന്നും ഐതിഹ്യം ഘോഷിക്കുന്നു. പ്രസ്തുതരാജകുടുംബത്തിലെ മറെറാരു രാജ്ഞിയെ ഇടപ്പള്ളിസ്വരൂപത്തിലെ ഒരു രാജാവു ക്രി: പി: പതിമ്മൂന്നാം ശതകത്തിൽ വിവാഹം ചെയ്കയും കൊച്ചിപ്പട്ടണം ആ രാജ്ഞിക്കും മക്കൾക്കുമായി വിട്ടുകൊടുക്കുകയുംചെയ്തു. എന്നാൽ ക്രി: പി: പതിന്നാലാം ശതകത്തിൻെറ പൂൎവാൎദ്ധത്തിലും കൊടുങ്ങല്ലൂർ തന്നെയായിരുന്നു കൊച്ചിരാജ്യത്തിൻെറ രാജധാനി. കൊടുങ്ങല്ലൂർ കുറേക്കാലത്തേക്കു പടിഞ്ഞാറേടത്തു ഭട്ടതിരിയുടെ വകയായിരുന്നു. അദ്ദേഹം അതു് അയിരൂർ രാജവംശത്തേക്ക് ഒഴിഞ്ഞുകൊടുക്കുകയും ക്രി: പി: പന്ത്രണ്ടാം ശതകത്തിൽ കൊച്ചിയിലെ പ്രബലനായ രവിവൎമ്മമഹാരാജാവിനു് അയിരൂർ രാജാവു് ആ പ്രദേശം ദാനം ചെയ്യുകയും ചെയ്തു. അയിരൂർസ്വരൂപത്തിൻെറ ഒരു ശാഖയാണ് ഇന്നത്തെ കൊടുങ്ങല്ലൂർരാജവംശം. രവിവൎമ്മാവിനു കേരളവൎമ്മാ എന്ന പേരിൽ ഒരനുജനുണ്ടായിരുന്നു. അവർ രണ്ടുപേരുംകൂടി പല ദേശങ്ങൾ പിടിച്ചടക്കിയതിൻെറ ശേഷം രവിവൎമ്മാവു കേരളവൎമ്മാവിനെ ഇന്നു മലബാറിൽ പൊന്നാനിത്താലൂക്കിൽപ്പെട്ട താനൂർ എന്ന സ്ഥലത്തു വച്ചു് വെട്ടത്തുരാജാവായി വാഴിച്ചു. പതിമ്മൂന്നാം ശതകത്തിൻെറ അവസാനത്തിൽ വെട്ടം കൊച്ചിയിൽനിന്നു വേർപെട്ടു സ്വതന്ത്രരാജ്യമായി. ഇതിനിടയ്ക്കു് ഏറനാട്ടു (നെടിയിരിപ്പു) രാജാക്കന്മാരുടെ അധികാരം ക്രമേണ വൎദ്ധിച്ചുവന്നു. അവരെ സാമൂതിരിപ്പാടന്മാർ എന്നും കുന്നലക്കോനാതിരിമാർ (ശൈലാബ്ധീശ്വരന്മാർ) എന്നും പറയും. അവരുടെ രാജധാനിയാണ് കോഴിക്കോട്. ആദ്യകാലത്തു് അവൎക്കു പെരുമാളിൽനിന്നു കിട്ടിയ ഭൂമി സ്വല്പമായിരുന്നു എങ്കിലും ക്രമേണ 'ചത്തും കൊന്നും' അവർ ശത്രുരാജ്യങ്ങൾ വെട്ടിപ്പിടിച്ചു് അത്യന്തം ശക്തിമാന്മാരായിത്തീൎന്നു. വള്ളുവനാട് ഏറനാടുപോലെതന്നെ ഒരു പഴയ സ്വരൂപമാണെന്നുള്ളതു ജൂതശാസനത്തിൽനിന്നു നാം കണ്ടുവല്ലോ. തിരുനാവാ മണൽപ്പുറത്തു പന്ത്രണ്ടുകൊല്ലത്തിലൊരിക്കൽ ആഘോഷിക്കപ്പെട്ടുവരുന്ന മാമാങ്കമഹോത്സവത്തിൽ കേരളത്തിലെ സകലരാജാക്ക

Digitized By Kerala Sahitya Akademi

നാക്കം അഗ്രഗണ്യനായി നിലപാടു നില്ക്കുവാനുള്ള അവകാശം ആദ്യകാലത്തു വള്ളുവക്കോനാതിരിയായിരുന്നു അനുഭവിച്ചുവന്നതു്. സാമൂതിരിപ്പാടന്മാർ പത്താം ശതകത്തിൽ കോഴിക്കോടിനു സമീപമുള്ള പോലനാടു പിടിച്ചടക്കി പതിമ്മൂന്നാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ വന്നേരിച്ചിത്രകൂടം കൈവശപ്പെടുത്തി പെരുമ്പടപ്പുസ്വരൂപത്തെ അവിടെനിന്നു നീക്കംചെയ്തു. പതിന്നാലാംശതകത്തിൽ സാമൂതിരിപ്പാടന്മാരുടെ ശക്തി ക്രമാധികമായി വർദ്ധിച്ചിരുന്നു. വള്ളുവനാട്ടു രാജാക്കന്മാരെ വെള്ളാട്ടിരിമാരെന്നും ആറങ്ങോട്ടുടയവരെന്നുംകൂടി പറയും. ആ നാടു സാമൂതിരി അടക്കിയപ്പോൾ പൊറളാതിരി രാജാവു തന്റെ ബന്ധുവായ കോലത്തിരിയെ അഭയം പ്രാപിച്ചു. പക്ഷേ കടത്തനാട്ട് ഒരു പ്രത്യേകദേശമെന്ന നിലയിൽ വേർപിരിഞ്ഞതു ക്രി: പി: 1564-ൽ മാത്രമാണ്. കോട്ടയം ആദ്യകാലത്തു കോലത്തുനാട്ടിന്റെ ഒരംശമായിരുന്നു. ആ വംശത്തിലെ രാജാക്കന്മാരെ പുറവഴിയാനാട്ടുരാജാക്കന്മാരെന്നും പുറനാട്ടുരാജാക്കന്മാരെന്നും പറയുന്നു. ഹരിശ്ചന്ദ്രപ്പെരുമാൾ എന്നൊരു ചേരരാജാവുണ്ടായിരുന്നു എന്നും അദ്ദേഹമാണ് ആ വംശത്തിന്റെ കൂടസ്ഥനെന്നും ഐതിഹ്യമുണ്ട്. കുറുമ്പറനാട്ടുരാജാക്കന്മാർ കോട്ടയത്തുരാജാക്കന്മാരുടെ ബന്ധുക്കളാണ്. കേരളത്തിൽ ആകെക്കൂടി പതിനെട്ടു നാടുകളും പതിനെട്ടു സഭാമഠങ്ങളും പതിനെട്ടടവുകളും മററും ഉണ്ടായിരുന്നതായി പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട നാടുകളെപ്പററിമാത്രമേ ഇവിടെ—അതും വളരെ ചുരുക്കത്തിൽ—പ്രസ്താവിച്ചിട്ടുള്ളു.

**രവിവർമ്മകുലശേഖരൻ—ജീവചരിത്രം:**—കേരളത്തിൽ കാവ്യങ്ങളുടെ പ്രണേതാക്കന്മാരായും കവികളുടെ പുരസ്കർത്താക്കന്മാരായും അനേകം രാജാക്കന്മാർ ജീവിച്ചിരുന്നിട്ടുണ്ട്. അവരിൽ അതിപ്രധാനമായ ഒരു സ്ഥാനത്തിന് അവകാശിയാകുന്നു ക്രി: പി: പതിന്നാലാം ശതകത്തിന്റെ ആരംഭത്തിൽ കൊല്ലത്തു രാജ്യഭാരം ചെയ്തിരുന്ന വീരരവിവർമ്മ കുലശേഖരൻ. രവിവർമ്മാവു ശകാബ്ദം 1188-ൽ, അതായതു ക്രി: പി: 1266-ൽ, കൊല്ലത്തു ജയസിംഹൻ എന്ന രാജാവിന്റേയും ഉമാദേവി എന്ന രാജ്ഞിയുടേയും പുത്രനായി ചിങ്ങമാസത്തിൽ ചതയം നക്ഷത്രത്തിൽ അവതരിച്ചു. അക്കാലത്തു കൊല്ലത്തിന്റെ സ്ഥിതി അരാജകമായിരുന്നു. മധുരയിലെ ജടാവർമ്മൻ വീരപാണ്ഡ്യൻ (ക്രി: പി: 1253–74) ആ പട്ടണം സ്വായത്തമാക്കി. ജയസിംഹൻ ചന്ദ്രവംശത്തിലും കേരളത്തിലെ യദുക്ഷത്രിയശാഖയിലും പെട്ട ഒരു രാജാവായിരുന്നു. കൊല്ലത്തിനു ജയസിംഹനാട്ട് എന്നു പേർ വന്നതു് അദ്ദേഹത്തിൽനിന്നാകുന്നു. വീരപാണ്ഡ്യന്റെ അനന്തരഗാമിയായ മാറവർമ്മൻ കുലശേഖരൻ (1269–1310) എന്നൊരു രാജാവായിരുന്നു അന്നു മധുര ഭരിച്ചിരുന്നതു്; അദ്ദേഹത്തെ വിക്രമപാണ്ഡ്യൻ (1253–96) എന്നൊരു ബന്ധു രാജ്യഭാരത്തിൽ സഹായിച്ചുവന്നു. ആ വിക്രമപാണ്ഡ്യൻ കുലശേഖരനോടു പിണങ്ങിയപ്പോൾ ആരൂഢയൌവനൻ മാത്രമായിരുന്ന രവിവർമ്മാവ് അദ്ദേ

Digitized By Kerala Sahitya Akademi

ഹാത്തെ പടയിൽ വെന്നു തടവിലാക്കി കുലശേഖരനു സമർപ്പിക്കുകയും അദ്ദേഹത്തിൻെറ കുമാരിയെ പാണിഗ്രഹണം ചെയ്കയും ചെയ്തു. ഈ സംഭവത്തെയാണ് ലീലാതിലകത്തിൽ ഉദ്ധൃതമായ

"ദ്രോണായ ദ്രുപദം ധനഞ്ജയ ഇവ
ക്ഷ്മാപാലമാലോ നലീ
വേണാട്ടിന്നുടയോരു വീരരവിതാ-
ന്നാഖ്യോ യദൂനാം പതിഃ
പാണ്ഡ്യം വിക്രമപൂർവ്വകം പടയിൽവ-
ച്ചാട്ടിപ്പിടിച്ചങ്ങവോ
പാണ്ഡ്യേശായ കൊടുത്തു തസ്യ തനയാം
പത്മാനനാമഗ്രഹീൽ."

എന്ന ശ്ലോകത്തിൽ വർണ്ണിച്ചിരിക്കുന്നതു്. മുപ്പത്തിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം ദിഗ്വിജയത്തിനു പുറപ്പെട്ടു കേരളം മുഴുവൻ കീഴടക്കി. അനന്തരം കുലശേഖരനു് അസവർണ്ണവിവാഹത്തിൽ ജനിച്ച പുത്രനായ വീരപാണ്ഡ്യനെ (1296–1342) * അനേകം യുദ്ധങ്ങളിൽ പരാജിതനാക്കി, കൊങ്കണദേശത്തേക്കും ഒടുവിൽ കാട്ടിലേക്കും ഓടിച്ചു. അതിനിടയിൽ സുന്ദരപാണ്ഡ്യൻ പിതാവായ കുലശേഖരനെ വധിച്ചു ഡെൽഹിയിലെ അല്ലാഉദ്ദീൻകിൽജി എന്ന മഹമ്മദീയചക്രവർത്തിയുടെ സേനാനിയായ മാലിക്കാഫ്റുടെ സഹായത്തോടുകൂടി പാണ്ഡ്യസിംഹാസനത്തെ ആരോഹണം ചെയ്തു. തന്നിമിത്തം രവിവർമ്മാവിനു് അദ്ദേഹത്തെയും ജയിക്കേണ്ടിവന്നു. പിന്നീടു നാല്പത്താറാമത്തെ വയസ്സിൽ ചോളരാജ്യവും കാഞ്ചീപുരവും ഭരിച്ചിരുന്ന കാകതീയരാജപ്രതിനിധിയായ മനുസിദ്ധിയെ തോല്പിച്ചു തൊണ്ടമണ്ഡലവും സ്വായത്തമാക്കി. പാലാറിൻെറ ഒരു പോഷകനദിയായ വേഗവതിയുടെ തീരത്തുള്ള ആ പുരാണനഗരത്തിൽ അരുളാളപ്പെരുമാൾ(വരദരാജസ്വാമി)ക്ഷേത്രത്തിലെ ഒരു മണ്ഡപത്തിൽവച്ചു് അദ്ദേഹം തൻെറ വിജയാഭിഷേകമഹോത്സവം ആഘോഷിക്കുകയും ത്രിക്ഷത്രചൂഡാമണി (ചേരപാണ്ഡ്യചോളേശ്വരൻ) എന്ന ബിരുദം സ്വീകരിക്കുകയും ചെയ്തു. 'കുലശേഖരൻ ചന്തി' എന്നൊരു പൂജ നാല്പത്തെട്ടാമത്തെ വയസ്സിൽ അദ്ദേഹം ആ ക്ഷേത്രത്തിൽ ഏർപ്പെടുത്തി അതിനുവേണ്ട വസ്തുവകകളും വിട്ടുകൊടുത്തു. അതിനുപുറമെ ശ്രീരംഗത്തു രംഗനാഥസ്വാമിക്ഷേത്രത്തിൻെറ അന്തർഭാഗത്തിൽ ലക്ഷ്മീസഹിതനായ മഹാവിഷ്ണുവിൻെറ ബിംബം പ്രതിഷ്ഠിക്കുകയും ഭദ്രദീപോത്സവം നടത്തുന്നതിനും മററും വേണ്ട ദാനംചെയ്കയും ചെയ്തു. ആ ബിംബം ഇന്നുമുണ്ടു്. വരദരാജക്ഷേത്രത്തിൽ ചേരകുലവല്ലി എന്നും രംഗനാഥക്ഷേത്രത്തിൽ മലയാളനാച്ചിയാർ എന്നും പേരുള്ള രണ്ടു വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു. ആ ദേവിമാർ രാജാവിൻെറ പുത്രിമാരാണെ

* വലയങ്ങൾക്കുള്ളിൽ കാണുന്ന ആണ്ടുകൾ അതാതു രാജാക്കന്മാരുടെ ജീവിതകാലത്തിൽ നമുക്കറിവുള്ളവമാത്രമാണ്. അവ അവരുടെ ജനനമരണങ്ങളെ സൂചിപ്പിക്കുന്നില്ല.

Digitized By Kerala Sahitya Akademi

ന്നും അവരെ അദ്ദേഹം മഹാവിഷ്ണുവിനു പത്നിമാരായി സമർപ്പിക്കുന്നു എന്നുമാണ് സങ്കല്പം. തിരുവാടിയിൽ വീരസ്ഥാനേശ്വരംക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്തു കുംഭാഭിഷേകം ആഘോഷിച്ചതും ആ മഹാരാജാവു തന്നെയാണ്. അതു 47-ാമത്തെ വയസ്സിലാണ് നടന്നതു്. മദിരാശിയിൽ പൂനമലയിൽ അദ്ദേഹത്തിൻെറ ഒരു ശിലാരേഖ കണ്ടുകിട്ടിയിട്ടുണ്ടു്. പൂനമലയ്ക്കു് അദ്ദേഹം ചേരപാണ്ഡ്യചതുർവേദിമങ്ഗലം എന്നു പേർ നൽകി. തിരുനെൽവേലിയിൽ രവിവർമ്മചതുർവേദിമങ്ഗലം എന്നൊരു ഗ്രാമവും അദ്ദേഹം സ്ഥാപിച്ചു. തിരുവിതാംകൂറിൽ തിരുവനന്തപുരത്തു വലിയശാലയിലും ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ഒരു വലിയ പാത്രത്തിലും അദ്ദേഹത്തിൻെറ രേഖകൾ കാണുന്നു. കാകതീയരാജ്ഞിയായ രുദ്രാംബയുടെ ആജ്ഞയനുസരിച്ചു ക്രി: പി: 1316-ൽ മുപ്പിടിനായ്ക്കൻ എന്ന സേനാനി കാഞ്ചീപുരം വീണ്ടെടുത്തു. രവിവർമ്മകുലശേഖരൻ അതിനുമുമ്പു പരമഗതിയെ പ്രാപിച്ചിരുന്നിരിക്കണം. ഇത്രയും പ്രസ്താവിച്ചതിൽനിന്നു രവിവർമ്മകുലശേഖരൻെറ ദിഗ്വിജയം എത്ര വിപുലവും വിശ്വവിസ്മാപകവുമാണെന്നു കേരളീയർക്കു ധരിക്കാവുന്നതാണ്. അദ്ദേഹത്തെപ്പോലെ പരദേശങ്ങളിൽ മാതൃഭൂമിയുടെ പേരും പെരുമയും പരത്തിയ കേരളരാജാക്കന്മാർ വേറെയില്ല. വരദരാജക്ഷേത്രത്തിലെ ശിലാരേഖയാണ് താഴെ ഉദ്ധരിക്കുന്നതു്.

“സ്വസ്തിശ്രീ ജയസിംഹ ഇത്യഭിഹിത-
സ്സോമാന്വയോത്തംസകോ
രാജാസീദിഹ കേരളേഷു വിഷയേ
നാഥോ യദൃക്ഷ്മാഭൃതാം;
ജാതോസ്മാദ്രവിവർമ്മഭൂപതിരുമാ
ദേവ്യാം കുമാരശ്ശിവാ-
ദ്ദേഹവ്യാപൃശകാബ്ദഭാജി സമയേ
ദേഹീവ വീരോ രസഃ.

ക്ഷയം നീത്വാ സോയം കലിബലമിവാരാതിനിവഹാൻ
ജയശ്രീവൽ കൃത്വാ നിജസഹചരീം പാണ്ഡ്യതനയാം
ത്രയസ്ത്രിംശദ്വർഷോ യശ ഇവ യയൗ കേരളപദം
രരക്ഷ സ്വം രാഷ്ട്രം നഗരമിവ കോളംബമധിപഃ.

---

ജിത്വാ സങ്ഗ്രാമധീരോ നൃപതിരധിരണം വിദ്വിഷം വീരപാണ്ഡ്യം
കൃത്വാസൗ പാണ്ഡ്യചോളാൻ നയ ഇവ തനുമാൻ കേരളേഭ്യോപ്യധീനാൻ
ഷട്ചത്വാരിംശദബ്ദസ്തടഭുവി മകുടം ധാരയൻ വേഗവത്യാഃ
ക്രീഡാം സിംഹാസനസ്ഥശ്ചിരമകൃത മഹീകീർത്തിവാണീരമാഭിഃ.

കൃത്വാ കേരളപാണ്ഡ്യചോളവിജയം ക്ലൃപ്താഭിഷേകോത്സവഃ
സങ്ഗ്രാമാപജയേന കൊങ്കണഗതം തം വീരപാണ്ഡ്യം നൃപം
നീത്വാ സ്ഥീതബലം തഥാപി വിപിനം നീത്വാ ദിശാമുത്തരാം
കാഞ്ച്യാമത്ര ചതുർത്ഥമബ്ദ(?)മലിഖൽ സങ്ഗ്രാമധീരോ നൃപഃ.

ആമേരോരാമലയാദാപൂർവ്വാദാ ച പശ്ചിമാദചലാൽ

Digitized By Kerala Sahitya Akademi

യദുകുലശേഖര ഏഷ ക്ഷോണീം കുലശേഖരസ്സമയം ബിഭൂഷേ.

സ്വസ്തിശ്രീഃ–ചന്ദ്രകുലമങ്ഗലപ്രദീപ–യാദവനാരായണ–കേരളദേശ പുണ്യപരിണാമ–നാമാന്തരകണ്ണ–രൂപകസാർവ്വഭൗമ – കുലശിഖരിപ്രതിഷ്ഠാപിതഗരുഡധ്വജ–കോളംബപുരവരാധീശ്വര– ശ്രീപദ്മനാഭപാദകമലാരാധക–പ്രണതരാജപ്രതിഷ്ഠാചാര്യ – വിമതരാജബന്ദീകാര– ധർമ്മതരുമൂലകന്ദ–സദ്ഗുണാലങ്കാര – ചതുഷ്ഷഷ്ടികലാവല്ലഭ – ദക്ഷിണഭോജരാജ– സങ്ഗ്രാമധീര–മഹാരാജാധിരാജപരമേശ്വര – ജയസിംഹദേവനന്ദന–രവിവർമ്മമഹാരാജ – ശ്രീകുലശേഖരദേവ – തിരിപുവനചക്കിരവർത്തി–കോനേരിന്മൈകൊണ്ടാൻ.''

രങ്ഗനാഥക്ഷേത്രത്തിലേ രേഖയിൽ വരദരാജക്ഷേത്രരേഖയിലുള്ള ആദ്യത്തെ മൂന്നു ശ്ലോകങ്ങളും സംസ്കൃതഗദ്യവും ഒടുവിലത്തെ ശ്ലോകവും കഴിഞ്ഞു താഴെക്കാണുന്ന ശ്ലോകങ്ങൾകൂടി കൊത്തിക്കാണുന്നു.

കൃത്വാ ദുർന്നയവൈരനൈരൃതശമം സംസ്കാരസംശോഭിതേ
നിദ്രാണാമധിദേവതാം നിരുപമൈരഭ്യർച്ച്യ മാല്യാദിഭിഃ
ധർമ്മൈരന്തരധിഷ്ഠിതേ സഹൃദയൈസ്സങ്ഗ്രാമധീരഃ കൃതീ
രങ്ഗേസ്മിൻ സുമനോധിവാസമകരോല്ലാസ്യേ നിയോജ്യ ത്രയീം.
ലബ്ധ്വാ സാഗരനേമിഭൂമിവിഷയാ രന്തും പ്രതിഷ്ഠാ യത–
സ്തസ്മൈ ശ്രീകുലശേഖരോ യദുപതിസ്സ്വക്ഷത്രചൂഡാമണിഃ
രങ്ഗേസ്മിൻ കമലാസഹായ ഹരയേ രമ്യാം പ്രതിഷ്ഠാം ദദൗ
സന്തഃ പ്രത്യുപകുർവ്വതേപ്യുപകൃതാഃ സർവേ കിമത്രാദ്ഭുതം?
ഭൂപാലൈരിളകാർത്തവീര്യസഗരൈര്യഃ പൂർവ്വമാസീൽ കൃതം
പശ്ചാൽ പ്രൗഢമനോഹരം യദുപതിസ്തം ഭദ്രദീപോത്സവം
ചക്രേ ശക്ര ഇവാശ്രയം സുമനസാം സമ്രാട് ത്രയീധർമ്മവി–
ദ്രങ്ഗേസ്മിൻ രുചിരാങ്കസംശ്രിതരമാരോചിഷ്ണവേ വിഷ്ണവേ.
സമ്രാജാമിവ യസ്സതാം സമുദഭൂത്തൈസ്തൈസ്ഗുണൈർമ്മാതൃകാ;
സൈഷ ശ്രീകുലശേഖരസ്സുതഭിഷക്താരേ സകന്യാരവൗ
ഭട്ടേഭ്യഃ പുരതോത്ര രങ്ഗനൃപതേഃ പഞ്ചാശതിം സാക്ഷിണഃ
പ്രത്യേകം പ്രതിഹായനം പണശതം ദാതും പ്രതിഷ്ഠാം വ്യധാൽ.''

**കവിത:**—സങ്ഗ്രാമധീരരവിവർമ്മന്റെ ഒരു കൃതിമാത്രമേ നമുക്കു കിട്ടീട്ടുള്ളു. അതു പ്രദ്യുമ്നാഭ്യുദയമെന്ന അഞ്ചങ്കത്തിലുള്ള ഒരു നാടകമാണ്. ആ നാടകത്തിന്റെ പ്രസ്താവനയിൽ ഇങ്ങനെ കാണുന്നു.

സൂത്രധാരൻ:—''അസ്തി കില സങ്ഗീതശാസ്ത്രപാരദൃശ്വനാ, നിഖിലഗുണരത്നാരോഹണഗിരിണാ, കവിജനമയൂരകാലമേഘേന, സാഹിത്യവിദ്യാവിചക്ഷണേന, ദക്ഷിണഭോജരാജേന, മഹാരാജപരമേശ്വരേണ, സങ്ഗ്രാമധീരാപരനാമധേയേന, ശ്രീരവിവർമ്മദേവേന വിരചിതം പ്രദ്യുമ്നാഭ്യുദയം നാമ നാടകം തൽ പ്രയുഞ്ജാനാഃ സാമാജികാൻ ഉപാസ്മഹേ.

നടീ (സശ്ലാഘം):—വീരശ്രീയേവ സരസ്വത്യാപ്യഭിരമത ഏഷ യദുനാഥഃ*

* പ്രാകൃതത്തിന്റെ ഛായ.

സൂത്ര:—ആര്യേ, കിമുച്യതേ?

സങ്ഗ്രാമഭൂമിഷു സഭാസു ച ധീര ഏഷ
ശസ്ത്രേണ ബുദ്ധിവിഭവേന ച തൈക്ഷ്ണ്യഭാജാ
ദപ്പാന്ധകാരിതധിയോ നൃപതീൻ ബുധാംശ്ച
ജിത്വാ ക്ഷിതൗ വിഹരതേ ജയസിംഹസൂനുഃ.

നടീ:—നതേ്വവംവിധസ്യ നരപതേഃ പ്രബന്ധമഭിനയതാമസ്മാകം ഹസ്തഗതാ മനീഷിതസിദ്ധിഃ.

സൂത്ര:—(സബഹുമാനം) ആര്യേ! സാധു ഭണിതം.

ഭരതജലധികണ്ണധാരഃ പ്രബന്ധാ യദുക്ഷ്മാപതി–
സ്ത്രിഭുവനവിജയീ മുരാരേഃ കുമാരഃ സ്മരോ നായകഃ
പരിഷദഭിനയാദ്യഭിജ്ഞാ, പ്രവീണാശ്ച നാട്യേ വയം
ഫലിതമിഹ തദദ്യ പുണ്യൈശ്ചിരാന്നഃ പുരാസഞ്ചിതൈഃ.

ഇതിൽനിന്നും സങ്ഗ്രാമധീരൻ സങ്ഗീതത്തിലും ഭരതശാസ്ത്രത്തിലും നിപ്പാതനായിരുന്നു എന്നു സിദ്ധിക്കുന്നുണ്ടല്ലോ. 'കേരളദേശസുകൃതപരിണതി'യും യാദവനൃപകുലദൈവത'വുമായ ഭഗവാൻ ശ്രീപദ്മനാഭൻെറ യാത്രോത്സവത്തിൽ അഭിനയിക്കുന്നതിനുവേണ്ടി നിർമ്മിച്ചതാണു് പ്രസ്തുതനാടകമെന്നും കവി രേഖപ്പെടുത്തിട്ടുണ്ടു്. ശ്രീകൃഷ്ണൻെറ പുത്രനായ പ്രദ്യുമ്നൻ വജ്രപുരാധീശ്വരനായ വജ്രനാഭൻ എന്ന അസുരനെ വധിച്ചു് അദ്ദേഹത്തിൻെറ പുത്രിയായ പ്രഭാവതിയെ പാണിഗ്രഹണം ചെയ്യുന്നതാണു് ഇതിലെ ഇതിവൃത്തം. ഈ കഥ ഹരിവംശത്തിൽനിന്നു സങ്ഗ്രഹിച്ചിട്ടുള്ളതാണു്. രങ്ഗപ്രയോഗത്തിനു് ഉചിതമായ വിധത്തിൽ പല മാററങ്ങളും വരുത്തീട്ടുണ്ടു്.* പ്രസ്തുതനാടകം ഒരിക്കലെങ്കിലും വായിക്കുന്നവക്കു് അതു കവിചരിത്രത്തിൻെറ ദപ്പണം കൂടിയാണെന്നു കാണുവാൻ അശേഷം പ്രയാസം ഉണ്ടാകുന്നതല്ല. രണ്ടാമങ്കത്തിൽ ഭദ്രനടൻെറ

"ചാട്ടുക്തിഭക്തിചതുരൈശ്ചതുരാനനാദ്യൈ–
രഭ്യുത്ഥിതസ്സുരഗണൈരവനീമുപേതഃ
വംശേ മഹീയസി യദോർവ്വിഹിതാവതാര–
സ്സംക്രീഡതേ ശമിതശത്രുകുലോ മുകുന്ദഃ"

എന്ന ശ്ലോകം ജയസിംഹപ്രശസ്തിയുടെ പ്രതിബിംബമായി ഗണിക്കാവുന്നതാണു്; അഞ്ചാമങ്കത്തിൽ "യദുവംശഭുവാം രാജ്ഞാമീദൃശീ കാലയോധിതാ" എന്നു നാരദൻ പറയുന്നു. ഒടുവിൽ നേപഥ്യത്തിൽ "സാമ്രാജ്യചിഹ്നമധിതിഷ്ഠതു ഭദ്രപീഠം നാഥോ യദുക്ഷിതിഭൃതാം ശരദസ്സഹസ്രം" എന്ന ആശീർവാദം ഉച്ചരിക്കപ്പെടുന്നു. വേറെയും ഈ മതം

* പ്രസ്തുതകഥയെ അടിസ്ഥാനപ്പെടുത്തി പതിനാറാം ശതകത്തിൽ പിങ്ഗളിസൂരണ്ണാ എന്ന ആന്ധ്രകവി പ്രഭാവതീപ്രദ്യുമ്നം എന്ന തെലുങ്കുകാവ്യം നിർമ്മിക്കയുണ്ടായി.

Digitized By Kerala Sahitya Akademi

സമർത്ഥിക്കുവാൻ ധാരാളം ഉദാഹരണങ്ങൾ കാണിക്കാവുന്നതാണ്. രാമവർമ്മകവിയുടെ ഗദ്യവും പദ്യവും ഒന്നുപോലെ മനോഹരമാകുന്നു. നോക്കുക:—

"പ്രഭാവത്യാഃ കലാഭിയോഗോ നാമ ഹേമമയഷ്ട്യാ ദാഹനാസംസ്ഥാരോ, മണിശലാകായാശ്ശാണസമുല്ലേഖഃ, ചമ്പകമാലായാ ഹിമജലപരിഷേകശ്ചന്ദ്രികായാശ്ശരത്സമാഗമശ്ച"

"ആശ്യാനപങ്കപടലമംബുലസത്തടാക-
മാവിർമ്മദദ്വിപമയത്നവിലങ്ഘ്യസിന്ധു
ആദർശയൻ സ്വമിഹ വൈഭവമാഹവോൽകാൻ
സന്നാഹയത്യവനിപാൻ ശരദേഷ കാലഃ"

**സമുദ്രബന്ധൻ:—** രവിവർമ്മകുലശേഖരനെപ്പോലെയുള്ള ഒരു മഹാരാജാവിൻെറ രാജധാനിയിൽ അനേകം കവികളും പണ്ഡിതന്മാരും പുലരുക എന്നുള്ളതു സ്വാഭാവികമാണല്ലോ. അവരിൽ സമുദ്രബന്ധൻ, കവിഭൂഷണൻ എന്നിങ്ങനെ രണ്ടുപേരെപ്പററിമാത്രമേ നമുക്കറിവാനിടവന്നിട്ടുള്ളൂ. രണ്ടുപേരും പാരദേശികന്മാരെന്നാണ് തോന്നുന്നത്. സമുദ്രബന്ധയജ്വാവെന്നു സമുദ്രബന്ധനെപ്പററി അന്യത്ര പ്രസ്താവിച്ചുകാണുന്നു. കാശ്മീരത്തിൽ ആലങ്കാരികമൂർദ്ധന്യനായി രുയ്യകൻ എന്നൊരു പണ്ഡിതൻ ക്രി: പി: പന്ത്രണ്ടാം ശതകത്തിൻെറ ആരംഭത്തിൽ ജീവിച്ചിരുന്നു. അദ്ദേഹം നിർമ്മിച്ച 'അലങ്കാരസൂത്രം' എന്ന ഗ്രന്ഥത്തിന്ന് അദ്ദേഹത്തിൻെറ ശിഷ്യനും സർവതന്ത്രസ്വതന്ത്രനുമായ മംഖുകൻ 'അലങ്കാരസർവസ്വം' എന്ന വൃത്തി രചിച്ചു. 'നമസ്കൃത്യ പരാം വാചം ദേവീം ത്രിവിധവിഗ്രഹാം ഗുർവലങ്കാരസൂത്രാണാം വൃത്ത്യാ താൽപര്യമുച്യതേ' എന്ന് ആ വൃത്തിയുടെ ആരംഭത്തിലും,

"ഇതി മംഖുകോ വിതേനേ കാശ്മീരക്ഷിതിപസാന്ധിവിഗ്രഹികഃ
സുകവിമുഖാലങ്കാരം തദിദമലങ്കാരസർവസ്വം."

എന്ന് അവസാനത്തിലുമുള്ള ശ്ലോകങ്ങൾ നോക്കുക. മംഖുകൻ 1129 മുതൽ 1150 വരെ കാശ്മീരം ഭരിച്ചിരുന്ന ജയസിംഹൻെറ മന്ത്രിയും സദസ്യനുമായിരുന്നു. അലങ്കാരസർവസ്വത്തിന്ന വിശദമായ ഒരു വ്യാഖ്യാനം രവിവർമ്മകുലശേഖരൻെറ ആജ്ഞയനുസരിച്ചു കൊല്ലത്തു വച്ചു സമുദ്രബന്ധൻ നിർമ്മിക്കുകയുണ്ടായി. ആ സംഭവത്തെപ്പററി കവി ഇങ്ങനെ വർണ്ണിക്കുന്നു.

കേരളേഷ്വസ്തി നഗരീ കോളംബ ഇതി വിശ്രുതാ
അധിശ്രിയാ യയാവാചീ ഹരിദപ്യുളകാവതീ;
അയോധ്യാമപി യാം സന്തോ രാഘവാനന്വയവർജ്ജിതാം
അഗോചരം ഭുജങ്ഗാനാമാഹുർഭോഗവതീമപി.
പ്രാപ്തകല്പദ്രുമച്ഛായൈഃ സുമനോഭിഃ കൃതാസ്പദാ,
അവതീർണ്ണേവ മേദിന്യാം യാ ചകാസ്ത്യമരാവതീ.
വിഭൂഷയൻ പുരീമേനാം യദുവംശവിഭൂഷണം

Digitized By Kerala Sahitya Akademi

രവിവർമ്മേതി വിഖ്യാതോ രാജാ ശാസ്തി വസുന്ധരാം.
യസ്മാദന്യഃ പദം നാസ്തി കലാവദ്രാജശബ്ദയോഃ
തദനാദ്യവ്യയകൂടസ്ഥമന്തഃകരണ നിശാകരം.
വിവർണ്ണാരിവധൂവക്ത്രവ്യാഖ്യാത ഭുജവിക്രമേ
പത്യൗ യസ്മിന്നഭൂദുർവ്വീ വീരപത്നീപദാസ്പദം.
വീരേണ വാധിനാ യേന വദാന്യേന വസുന്ധരാ
വാസവം വചസാമീശം പാരിജാതഞ്ച ലംഭിതാ.
ന പരം ധനപനാ ശൂന്യാഃ പാണയഃ പൃഥിവീഭുജാം
അപി കൃത്സ്നാ മഹീ യസ്മിന്നവത്യതുലവിക്രമേ.
വിദ്യാസ്ഥാനൈസ്സമം തസ്യ വിഷ്ണുപാനി ചതുർദ്ദശ
പ്രസാധിതവതഃ പാർശ്വം സുധിയോ ജാതു നാത്യജൻ.
കദാചിന്മംഖുകോപജ്ഞം കാവ്യാലങ്കാരലക്ഷണം
പ്രദർശ്യ രവിവർമ്മാണം പ്രാർത്ഥയന്ത വിപശ്ചിതഃ.
ഗംഭീരം നസ്തിതീർഷൂണാം മംഖുകഗ്രന്ഥസാഗരം
നൗരസ്തു ഭവതഃ പ്രജ്ഞാ സ്ഥേയസീ യദുനന്ദന!
വ്യാചക്ഷ്വ തമിമം ഗ്രന്ഥം വ്യാവൃത്തവചനക്രമഃ
ശാസ്ത്രസാഹിത്യപാഥോധിപാരാവാരീണയാ ധിയാ.
ഇതി തൈഃ പ്രാർത്ഥിതഃ പ്രാജ്ഞൈഃ പാർത്ഥിവസ്താനഭാഷത
ഷന്താച്ച്യിതദ്ഗമവ്യാജവ്യക്തവൈശദ്യയാ ഗിരാ.
മയാഽസാധ്യമഭീഷ്ടം വോ ഗ്രന്ഥഃ പുനരയം മഹാൻ
വ്യാഖ്യാതും ശക്യമാസാദ്യ ഭവതാം യദനുഗ്രഹം.
വ്യാഖ്യേയം മാനനീയാ സ്യാൽ സദ്ഭിരാദ്രിയതേ യദി;
ശംഭോഃ പരിഗ്രഹാദേവ ശ്ലാഘ്യാ ചാന്ദ്രമസീ കലാ.

ഇത്യൈതച്ഛ മനീഷാ വൈഭവപരിഭൂതവാസവാചാര്യഃ
ബുധപരിഷദലങ്കാരോ വ്യാഖ്യദലങ്കാരസർവ്വസ്വം.
അവധൃത്യൈ യദുപതിനാ വിവൃതസ്യ ഗരീയസസ്തദർത്ഥസ്യ
കശ്ചിദ്വ്യധിത വിപശ്ചിച്ചൂർണ്ണനിബന്ധം സമുദ്രബന്ധാഖ്യഃ.''

ദുരവഗാഹമായ അലങ്കാരസർവ്വസ്വം വ്യാഖ്യാനിക്കണമെന്നു പണ്ഡിതന്മാർ സങ്ഗ്രാമധീരനോടു പ്രാർത്ഥിക്കുകയും അദ്ദേഹം അവരുടെ അപേക്ഷ സ്വീകരിച്ച് ആ ഗ്രന്ഥത്തിനു് അർത്ഥവിവരണം ചെയ്യുകയും അതു സമുദ്രബന്ധൻ പുസ്തകാകൃതിയിലാക്കുകയും ചെയ്തു എന്നാണല്ലോ ഈ പ്രസ്താവനയിൽനിന്നു നാമറിയുന്നതു്. സർവ്വസ്വവ്യാഖ്യയിൽ അവിടവിടെ സമുദ്രബന്ധൻ ഉദാഹരണരൂപത്തിൽ പല ശ്ലോകങ്ങളും എഴുതിച്ചേർത്തിട്ടുണ്ടു്. അവയെല്ലാം രവിവർമ്മപ്രശസ്തിപരങ്ങളാകുന്നു.

''സങ്ഗ്രാമധീരനൃപതിഃ ഭീരുരധർമ്മാദഭീരുരാഹവതഃ
ശുശ്രൂഷുർന്നിഗമവിദസ്തദ്ബാഹ്യവിദോ ഭവത്യശുശ്രൂഷുഃ''

''അധിസമരമാതതജ്യേ രവിവർമ്മൻ! കാർമ്മുകേ ത്വയാ കൃഷ്ടേ
ആസ്രം ദ്വിഷാമുരസ്തസ്തരുണീനാം ലോചനൈസ്സമം പതതി''

Digitized By Kerala Sahitya Akademi

"യദ്യാകാംക്ഷസി വീക്ഷിതും ഗുണഗണാ, ഹേതൂസ്സമസ്താൻ ഗുണാൻ
കോളംബാഖ്യമുപേഹി ദക്ഷിണദിശാസീമന്തരത്നം പുരം
ആസ്തേ യത്ര ഭുജേന കീർത്തിശശിനഃ പൂർവാചലേനോദ്ഗിര-
ന്നുർവീമർണ്ണവമേഖലാം യദുപതിഃ കല്പദ്രുമോ ജങ്ഗമഃ."

ഈ ആക്കൂട്ടത്തിൽ പെട്ടവയാണ്. വിദ്യാധരന്റെ ഏകാവലി, വിദ്യാനാഥന്റെ പ്രതാപരുദ്രീയം, സമുദ്രബന്ധന്റെ അലങ്കാരസർവസ്വവ്യാഖ്യ ഈ മൂന്നലങ്കാരഗ്രന്ഥങ്ങളും ഏകദേശം ഒരേകാലത്തുണ്ടായവയാണ്. വിദ്യാധരൻ കലിങ്ഗരാജാവായ ദ്വിതീയനരസിംഹനേയും (1275—1305) വിദ്യാനാഥൻ കാകതീയരാജാവായ പ്രതാപരുദ്രനേയും (1291—1321) വർണ്ണിച്ചാണ് ഉദാഹരണങ്ങൾ രചിക്കുന്നത്. ഈ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു വിദ്യാധരനാണെന്നു ഞാൻ ഊഹിക്കുന്നു.

**സിംഹരാജൻ:**—സമുദ്രബന്ധനു സിംഹരാജൻ എന്നൊരു പുത്രനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൃതികളായി പ്രാകൃതരൂപാവതാരം, രാജശേഖരന്റെ കർപ്പൂരമഞ്ജരീസട്ടകത്തിനു വിവരണം എന്നൊരു വ്യാഖ്യാനം, ഇങ്ങനെ രണ്ടു ഗ്രന്ഥങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്. രണ്ടും അദ്ദേഹത്തിനു പ്രാകൃതഭാഷയിലുള്ള പാണ്ഡിത്യത്തെ സ്പഷ്ടീകരിക്കുന്നു. രണ്ടാമത്തെ ഗ്രന്ഥത്തിന്റെ ഒടുവിൽ "സകലവിദ്യാവിശാരദസ്യ സമുദ്രബന്ധയജ്വനഃ സൂനുനാ സിംഹരാജേന വിരചിതേ സട്ടകവിവരണേ" എന്നൊരു കുറിപ്പു കാണുന്നുണ്ട്. സമുദ്രബന്ധൻ പ്രവരസേനന്റെ സുപ്രസിദ്ധമായ സേതുബന്ധമെന്ന മഹാകാവ്യത്തിനു് ഒരു വ്യാഖ്യാനം രചിച്ചിട്ടുണ്ടെന്നു് സിംഹരാജൻ വിവരണത്തിൽ താഴെ ഉദ്ധരിക്കുന്ന ശ്ലോകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആ വ്യാഖ്യാനം ഇതുവരെ കണ്ടുകിട്ടീട്ടില്ല.

"വ്യാകൃത്യാം സേതുനാ യസ്സമധികഗഹനാം
ശാസ്ത്രസാഹിത്യസിന്ധും
ബുദ്ധ്യാ ബുധാ യഥാർത്ഥാം വ്യരചയത നിജാം
സിന്ധുബന്ധേതിസംജ്ഞാം
നത്വാ തം യായജൂകം നിയമവിധിവിദം
താതമസ്യ പ്രസാദാ-
ദ്വ്യാഖ്യാനം സട്ടകസ്യ സ്ഫുടതരമധുനാ
സിംഹരാജോ വിധാസ്യേ."

**കവിഭൂഷണൻ:**—കവിഭൂഷണന്റെ ചന്ദ്രകലാമാല എന്നു പേരിടാവുന്ന രവിവർമ്മപ്രശസ്തിപരമായ ഒരു വർണ്ണനം രങ്ഗനാഥക്ഷേത്രത്തിലെ ശിലാരേഖയുടെ ഒരു ഭാഗമായി കാണുമാറുണ്ട്. ആകെ പതിനെട്ടു ശ്ലോകങ്ങളുള്ളതിൽ ആദ്യത്തെ പതിനാറാണ് കലകളായി ഗണിക്കപ്പെട്ടിട്ടുള്ളതു്. ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

Digitized By Kerala Sahitya Akademi

''ദുർബ്ബലസ്യ ബലം രാജേത്യേഷാ സത്യാ സരസ്വതീ;
സങ്ഗ്രാമധീരോ ധർമ്മസ്യ ദുർബ്ബലസ്യ ബലം കലൗ.
രവിശ്ച രവിവർമ്മാ ച ദ്വാവിമൗ തേജസാം നിധീ;
ഏകസ്യാഹനി പ്രതാപശ്രീരപരസ്യ തു ഹന്നിശം.
സങ്ഗ്രാമധീര, തദ്രാജ്യേ ചോരോ നാസ്തീതി വാങ്മൃഷാ;
ചന്ദ്രകദ്യുതിസാരസ്വചോരസ്തേ വിഗ്രഹസ്സ്വയം.
ഏകസ്സ്വാദു ന ഭുഞ്ജീതേത്യേതൽ കിം ന ശ്രുതം വചഃ?
ഏകസ്സ്വാദു ജഗൽ സർവ്വം ഭുങ്ക്ഷേ യാദവഭൂപതേ.
പ്രായോ ന ദോഷഃ സ്ത്രീഹത്യാ രാജ്ഞാം രാമസധർമ്മണാം
സതാം സഹചാരിണീം ഹംസി രവിവർമ്മൻ ദരിദ്രതാം.
ധനം സർവ്വം ദദാമീതി കിം ഹി തേ യാദവ, വ്രതം?
ബ്രഹ്മാണ്ഡഭാണ്ഡാഗാരേസ്മിൻ സഞ്ചിനോഷി യശോധനം
ഇതി യാദവകീർത്തീന്ദോഃ കലാഷ്ഷോഡശസ്പൃകതയഃ
ഉല്ലാസയന്തു കുമുദം ഭൂഷണേ പവിണി സ്പൃടാഃ''

**അരുണഗിരിനാഥൻ—കാലം:—** 'അണ്ണാമല' എന്ന പേരിൽ സുപ്രസിദ്ധനായ അരുണഗിരിനാഥൻ, അഥവാ അരുണാചലനാഥൻ കാളിദാസമഹാകവിയുടെ രഘുവംശത്തിനും കുമാരസംഭവത്തിനും പ്രകാശിക എന്ന സംജ്ഞയിൽ ഓരോ ടീക നിർമ്മിച്ചിട്ടുള്ള മഹാപണ്ഡിതനാകുന്നു. അണ്ണാമലയുടെ വ്യാഖ്യാനങ്ങൾക്കു കേരളത്തിലെങ്ങും അത്യധികമായ പ്രചാരമുണ്ടു്; എന്നാൽ കേരളത്തിനു വെളിയിൽ അവ അവിദിതങ്ങളുമാണു്. അതുകൊണ്ടു് അദ്ദേഹം ജന്മംകൊണ്ടു ഒരു കേരളീയനോ അല്ലെങ്കിൽ കേരളത്തിൽ ആയുഷ്കാലം വസിക്കുവാൻ ഇടവന്ന ഒരു ദ്രാവിഡനോ ആയിരിക്കണം. 'അരുണാചലനാഥേന ദ്വിജപാദാബ്ജസേവിനാ' എന്നു രണ്ടു വ്യാഖ്യാനങ്ങളിലും 'ശിവദാസാപരാഖ്യേന' എന്നുകൂടി രഘുവംശപ്രകാശികയിലും അദ്ദേഹം തന്നെ വിശേഷിപ്പിക്കുന്നു; കുമാരസംഭവപ്രകാശികയിൽ 'പ്രപദ്യേഹം കപർദ്ദിനം' എന്നും 'തത്സർവ്വം ഭവപാദപങ്കജരജസ്സ്നാനക്ഷമം മന്മഹേ' എന്നും അവസാനിക്കുന്ന മങ്ഗളശ്ലോകങ്ങളിൽ തനിക്കുള്ള ശിവഭക്തിയേയും പ്രകടീകരിക്കുന്നു. 'ദ്വിജപാദാബ്ജസേവിനാ' എന്ന വിശേഷണത്തിൽനിന്നു് അദ്ദേഹം ഒരു അബ്രാഹ്മണനായിരുന്നു എന്നു് അറിക്കാം. അതിനു് ഉപോൽബലകമായി രഘുവംശപ്രകാശികയുടെ ഒരാദർശഗ്രന്ഥത്തിൽ ''ഇതി രാമദത്തസൂനുനാ അരുണഗിരിനാഥേന വിരചിതായാം'' എന്നൊരു കുറിപ്പു കാണുമാറുണ്ടു്. അതിൽനിന്നു് അരുണഗിരിയുടെ പിതാവിന്റെ നാമധേയം രാമനെന്നാണെന്നും ദത്തശബ്ദപ്രയോഗത്തിൽനിന്നു് അദ്ദേഹം ഒരു വൈശ്യനാണെന്നും സിദ്ധിക്കുന്നു. ക്രി: പി: പതിന്നാലാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ആന്ധ്രദേശത്തെ അലങ്കരിച്ചിരുന്ന വ്യാഖ്യാതൃചക്രവർത്തിയായ മല്ലിനാഥനു മാർഗ്ഗദർശിയായി സൂര്യസൂനുവായ ദക്ഷിണാവർത്തനാഥൻ എന്നൊരു പണ്ഡിതൻ ക്രി: പി: പതിമ്മൂന്നാംശതകത്തിൽ ജീവിച്ചിരുന്നു. അദ്ദേ

Digitized By Kerala Sahitya Akademi

നാഥന്റെ ജന്മഭൂമി ചോളദേശത്തിൽപ്പെട്ട (ദക്ഷിണാവൎത്തം) തിരുവലംചുഴിയായിരുന്നു. ദക്ഷിണാവൎത്തൻ മേഘസന്ദേശത്തിനു പ്രദീപമെന്ന വ്യാഖ്യാനത്തിനും ശാകുന്തളത്തിനു് ഒരു ടിപ്പണത്തിനും പുറമേ രഘുവംശകുമാരസംഭവങ്ങൾക്കു 'ദീപിക' എന്ന സംജ്ഞയിൽ ഓരോ ടീകയും രചിച്ചിട്ടുണ്ടു്. അരുണഗിരി, ദക്ഷിണാവൎത്തന്റെ കാലടിപ്പാടുകളെ പിൻതുടരുന്നു എന്നുമാത്രമല്ല, അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങളിലെ പല ഭാഗങ്ങളും സ്വായത്തീകരിക്കയും ചെയ്യുന്നു. എന്നാൽ മല്ലിനാഥനെ അദ്ദേഹം ഒരവസരത്തിലും ഉപജീവിക്കുന്നതായി കാണുന്നില്ല. 'നാഥസ്തു ചതുൎവിധം വ്യഭജമിതി ജ്ഞാതവ്യം' എന്നു് അദ്ദേഹം രഘുവംശപ്രകാശികയിൽ സ്മരിച്ചിട്ടുള്ളതു ദക്ഷിണാവൎത്തനെയാണെന്നു ഞാൻ ഗ്രന്ഥപരിശോധനാനന്തരം ധരിച്ചുവച്ചിട്ടുണ്ടു്. അതുകൊണ്ടു് ആ 'നാഥൻ' ചിലർ വിചാരിക്കുന്നതുപോലെ മല്ലിനാഥനല്ല. തന്നിമിത്തം പ്രസ്തുതവ്യാഖ്യാതാവു പതിമ്മൂന്നാംശതകത്തിന്റെ ഉത്തരാൎദ്ധത്തിലോ പതിന്നാലാംശതകത്തിന്റെ പൂൎവാൎദ്ധത്തിലോ ജീവിച്ചിരുന്നതായി പരിഗണിക്കാവുന്നതാണു്. മല്ലിനാഥന്റെ കാലം പതിന്നാലാംശതകത്തിന്റെ ഉത്തരാൎദ്ധത്തിലായിരുന്നു. കൊല്ലം 706-ൽ പകൎത്തിയ രഘുവംശപ്രകാശികയുടെ ഒരു പ്രതി തിരുവല്ലാ കുഴിക്കാട്ടില്ലത്തുണ്ടു്. രഘുവംശപ്രകാശികയിൽ താൻ ശ്രീകണ്ഠപാദപവിത്രിതനാണെന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. ആ ശ്രീകണ്ഠൻ ആരെന്നറിയുന്നില്ല; അദ്ദേഹത്തിന്റെ ഗുരുനാഥനായിരിക്കാം.

**ടീകകളുടെ വൈശിഷ്ട്യം:**—അരുണഗിരി അദ്ദേഹത്തിന്റെ ടീകകളിൽ തനിക്കു വ്യാകരണം, അലങ്കാരം, ധൎമ്മശാസ്ത്രം മുതലായ വിഷയങ്ങളിലുള്ള അത്യത്ഭുതമായ അവഗാഹം അനുസ്യൂതമായി പ്രദൎശിപ്പിക്കുന്നുണ്ടെങ്കിലും ഗൂഢാൎത്ഥപ്രതിപാദനത്തിലും രസഭാവവിവരണത്തിലുമാണു് തന്റെ വൈശിഷ്ട്യം പ്രസ്പഷ്ടമാക്കുന്നതു്. പൂൎവടീകകളേയും ആചാര്യന്മാരുടെ ലക്ഷണഗ്രന്ഥങ്ങളേയും നല്ലപോലെ പൎയ്യാലോചന ചെയ്തതിനുശേഷമാണു് താൻ രഘുവംശത്തിനു ടീക രചിക്കുവാൻ ഉദ്യമിക്കുന്നതെന്നും, തനിക്കുമുൻപു് ആ കാവ്യം പലരും വ്യാഖ്യാനിച്ചിട്ടുള്ളതുകൊണ്ടു തന്റെ പ്രയത്നം നിഷ്ഫലമാകണമെന്നില്ലെന്നും, എന്തുകൊണ്ടെന്നാൽ 'യതോ നിഖിലജ്ഞതാ സൎവോ ന സൎവം പശ്യതീതി ന്യായഃ' അതായതു് എല്ലാവരും എല്ലാം അറിയുന്നില്ലെന്നുള്ള ന്യായം വിദ്വാന്മാൎക്കു സമ്മതമാണെന്നും, രഘുവംശം ഒരു പ്രബന്ധസമുദ്രമാണെന്നും അതിന്റെ അൎത്ഥം യഥാമതി വിചാരണ ചെയ്യുന്നതിനു് എല്ലാവൎക്കും യോഗ്യതയുണ്ടെന്നും രസഭാവാലങ്കാരാദ്യംശങ്ങളെ താൻ പ്രത്യേകം നിരൂപണം ചെയ്യുവാൻപോകുന്നു എന്നും അദ്ദേഹം ആ ഗ്രന്ഥത്തിൽ ഉപന്യസിക്കുന്നു. കുമാരസംഭവപ്രകാശിക പിന്നീടു നിൎമ്മിച്ചതാണു്.

''രഘുവംശേ മഹാകാവ്യേ വിമൃശ്യ രസസമ്പദം
കാളിദാസകവീന്ദ്രസ്യ ജ്ഞാതാസ്വാദേന സുകൃതിഷു.

*    *    *    *

Digitized By Kerala Sahitya Akademi

കുമാരസംഭവാഖ്യേഽപി മയാ ടീകാ വിതന്യതേ.''

എന്നാകുന്നു അതിൽ അദ്ദേഹം പ്രസ്താവിക്കുന്നതു്. ആ ടീകയുടെ അവസാനത്തിൽ

''യേ വാക്യാർത്ഥവിചാരകർക്കശധിയോ യേ വാ രസസ്രോതസി
സ്വച്ഛാമജ്ജനകേളിഷു വ്യസനിനോ യേ വാ ശിവൌ സംശ്രിതാഃ
തേ നിർമ്മത്സരസാവധാനമനസോ മൽകാം മനോഹാരിണീം
സംഗൃഹ്ണന്തു കുമാരസംഭവസമുദ്ബോധായ ടീകാമിമാം.''

എന്ന ശ്ലോകവും വ്യാഖ്യാതാവു ചേർത്തിട്ടുണ്ടു്.

''വർണ്ണ്യതേ ശിവയോർവൃത്തം; കാളിദാസസ്യ സൂക്തയഃ;
വ്യാഖ്യാതാരോ വയം ചേതി മന്യേ കോപ്യുത്സവസ്സതാം.''

എന്ന പദ്യത്തിൽനിന്നു് അദ്ദേഹത്തിനു തന്റെ ടീകയുടെ ഔൽകൃഷ്ട്യത്തിൽ എത്ര അടിയുറച്ച വിശ്വാസമാണുണ്ടായിരുന്നതെന്നു വെളിവാകുന്നു. ആ വിശ്വാസം യുക്തരൂപംതന്നെ. കേരളത്തിലെ സഹൃദയന്മാർ രഘുവംശത്തിനും കുമാരസംഭവത്തിനും അണ്ണാമലയുടേതിനേക്കാൾ മികച്ച വ്യാഖ്യാനങ്ങളുള്ളതായി ഗണിക്കുന്നില്ല. അനാവശ്യമായി ഒരു പദം പ്രകൃത്യാ യാവദർത്ഥവചസ്സായ അദ്ദേഹത്തിന്റെ ടീകകളിലില്ല. കൊല്ലം ഒൻപതാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ പൂർവ്വഭാരതചമ്പൂകാരനായ കോഴിക്കോട്ടു മാനവേദരാജാവിന്റെ സദസ്സിനെ അലങ്കരിച്ചിരുന്ന വെള്ളാങ്ങല്ലൂർ നാരായണഭട്ടതിരി അദ്ദേഹത്തിന്റെ കുമാരസംഭവവിവരണത്തിൽ പറയുന്നതു്

''വ്യാഖ്യാന്തരേഷു ദൃഷ്ടേഷു വിമൃഷ്ടേഷ്വപി തത്വതഃ
സുഭഗശ്ശിവദാസോക്തോ മാർഗ്ഗ ഏവാനുഗമ്യതേ.''

എന്നാണു്.

**രാഘവാനന്ദൻ—കൃതികൾ:**—അനേകം ഉത്തമഗ്രന്ഥങ്ങളുടെ വ്യാഖ്യാതാവാണു് രാഘവാനന്ദൻ. അദ്ദേഹം ശ്രീമദ്ഭാഗവതത്തിനു കൃഷ്ണപദി, ലഘുഭട്ടാരകന്റെ ലഘുസ്തുതിക്കു വൃത്തി, ശേഷന്റെ പരമാർത്ഥസാരത്തിനു വിവരണം, കുലശേഖരന്റെ മുകുന്ദമാലയ്ക്കു താല്പര്യദീപിക, ശങ്കരാചാര്യരുടെ വിഷ്ണുഭുജംഗപ്രയാതത്തിനു വ്യാഖ്യ, ഇവയ്ക്കു പുറമേ സർവ്വസിദ്ധാന്തസങ്ഗ്രഹം അഥവാ സർവ്വമതസങ്ഗ്രഹം, വിദ്യാച്ഛ്വാ മഞ്ജരി എന്നിങ്ങനെ രണ്ടു സ്വതന്ത്രഗ്രന്ഥങ്ങളും രചിച്ചിട്ടുള്ളതായിക്കാണുന്നു.

**ചരിത്രം:**—കൃഷ്ണപദി എന്ന മഹാവ്യാഖ്യാനത്തിന്റെ അവസാനത്തിൽ ഗ്രന്ഥകാരൻ തന്റെ ഗുരുനാഥനായ കൃഷ്ണാനന്ദനേയും തന്നെയും പററി ചിലതെല്ലാം ഉപന്യസിക്കുന്നുണ്ടു്. ആദിശേഷന്റെ അവതാരമായ പതഞ്ജലിയുടെ ജന്മഭൂമി എന്ന നിലയിൽ പ്രഖ്യാതമായി നാഗപുരം എന്നൊരു സ്ഥലം ഗങ്ഗാനദിയുടെ തീരത്തിലുണ്ടു്. കൃഷ്ണാനന്ദമുനി അവിടെ ഒരു ബ്രാഹ്മണകുലത്തിൽ ജനിച്ചു സാങ്ഗമായി യജുർവ്വേദമഭ്യസിച്ചു ബ്രഹ്മചര്യത്തിൽത്തന്നെ സന്യാസാശ്രമം സ്വീകരിച്ചു.

Digitized By Kerala Sahitya Akademi

''ആനന്ദശീർഷോജ്ജ്വലകൃഷ്ണനാമാ
മുനിർമ്മുനീന്ദ്രൈസ്സഹ പദ്മനാഭം
ചിത്തേ നിധായാഖിലലോകനാഥം
ദേശം തദങ്ഘ്രിസ്പൃതം പ്രപേദേ.
യേനാഥ സേതുജ്ജനകാത്മജായാഃ
ശോഭാവഹേനാഥ്യൈക്ഷി ച പത്മനാഭഃ
ശിവാമൃതാഖ്യാൽ പരഹംസമുഖ്യാ-
ച്ഛ്രുതം ശ്രു യേനാഖിലവേദസാരഃ
അന്തേഭിഷിക്തഃ പരഹംസരാജ്യേ
യശ്ചാത്ര തേനൈവ മുനീശ്വരേണ;
യശ്ചാനുജഗ്രാഹ വൃഷാധിനാഥ-
സ്യാങ്കേ നിഷണ്ണഃ സ്വസുഖം ജനേഭ്യഃ.
സ്വപാദപദ്മം സമുപാശ്രിതേഭ്യോ
വാചാഖിലാമ്നായഗിരോത്ഥഭൂതം
ശ്രീരക്തശാഖീതി മുകുന്ദധാമ്നി
ഖ്യാതേഽകരോദ്യശ്ച പരം സമാധിം.''

അവിടെനിന്നു മററു യതികളോടുകൂടി സീതാസേതു (ഇതു് ആദി സേതു എന്നപേരിൽ വിദിതമായ കന്യാകുമാരിയാണെന്നു തോന്നുന്നു) സന്ദർശിക്കുകയും തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിയെ വന്ദിക്കുകയും അനന്തശയനത്തിൽവച്ചു ശിവാമൃതപരമഹംസനിൽനിന്നു സർവ്വവേദങ്ങളുടേയും സാരം (വേദാന്തം) അഭ്യസിക്കുകയും പരമഹംസപദത്തിൽ അഭിഷിക്തനാകുകയും ചെയ്തു. തദനന്തരം കൃഷ്ണാനന്ദൻ തൃശ്ശിവപേരൂരിൽ താമസിച്ചു ജനങ്ങളെ അനുഗ്രഹിക്കുകയും തൃച്ചെമ്മരത്തു വച്ചു മഹാസമാധിയെ പ്രാപിക്കുകയുമുണ്ടായി. ശിവാമൃതപരമഹംസൻ ശ്രീപത്മനാഭക്ഷേത്രത്തിലെ പുഷ്പാഞ്ജലിസ്വാമിയാരന്മാരിൽ ഒരാളാണെന്നു ഞാൻ അനുമാനിക്കുന്നു. അദ്ദേഹം കൃഷ്ണാനന്ദനെ തൻെറ അനന്തരഗാമിയായി തൃശ്ശൂർ തെക്കേമഠത്തിൽ അവരോധിച്ചിരിക്കാം.

''തൽപാദപദ്മഭ്രമരേണ സേയം
ശ്രീരാഘവാനന്ദമുനീശ്വരേണ
ശ്രീമന്നിളാതീരസമുദ്ഭവേന
തുര്യാശ്രമം മൃത്യുഭയാദിതേന.
ഗോവിന്ദമാത്മന്യധിഗത്യ സാക്ഷാദ്-
ഭക്തിപ്രദീപൈരപി യോഗഭേദൈഃ
തൽപ്രീതികാമേന കൃതാ ചിരായ
ജീയാൽ കൃതിഃ കൃഷ്ണപദീ ചിരായ.''

അദ്ദേഹത്തിൻെറ ശിഷ്യനും ഭാരതപ്പുഴയുടെ തീരത്തിൽ ജാതനുമായ രാഘവാനന്ദമുനി ഗോവിന്ദൻെറ പ്രീതിക്കായി ശ്രീമദ്ഭാഗവതത്തിനു കൃഷ്ണപദി എന്ന വ്യാഖ്യാനം രചിച്ചു. ഇതരവ്യാഖ്യാനങ്ങളിലും

Digitized By Kerala Sahitya Akademi

രാഘവാനന്ദൻ താൻ കൃഷ്ണാനന്ദന്റെ ശിഷ്യനാണെന്നു വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്.

"കൃഷ്ണാനന്ദമുനീശ്വരസ്യ കൃപയാ തുര്യാശ്രമം യോഽശ്രമം
പ്രാപ്യാസ്ഥായശിരോധിരൂഢമവഗമ്യാത്മാനമപ്യാത്മനാ
ആസാദ്യാപി ച പദ്ധതിം ശിവമയീമാനന്ദനാഥാദ്ഗുരോ–
രാനന്ദാന്തികരാഘവോ മുനിരഗാൽ തൃപ്തിം സവൃത്തിം വ്യധാൽ."

എന്നു ലഘുസ്തുതിവൃത്തിയിലും

ശ്രീമച്ഛാങ്കരമാർഗ്ഗമധ്യവസതിശ്ശാഖാശതാലങ്കൃതഃ
സംസാരാക്കഗഭസ്തിതപ്തതനുഭിസ്സംസേവിതാങ്ഘ്രിർജ്ജനൈഃ
കൃഷ്ണാനന്ദമഹീരുഹോമൃതരസാപൂർണ്ണൈരപൂർവൈഃ ഫലൈ–
ശ്ചിത്രാം പ്രീതിമുപാസകേഷു ജനയൻ ജീയാന്മഹീമണ്ഡലേ."

എന്നു പരമാർത്ഥസാരവിവരണത്തിലും,

"സച്ചിൽസുഖൈകരസമനഹമാത്മതത്വം
സാക്ഷാൽ സമുന്മിഷതി യസ്യ ഹൃദീവ ദൈവാൽ
ആനന്ദശേഖരിതരാഘവനാമധേയ–
സ്സോഹം മുനിർവിമൃശതി സ്മ മുകുന്ദമാലാം.

"കൃഷ്ണാനന്ദഗുരോരേഷാ പൂർണ്ണാ കാരുണ്യസമ്പ്ലുഷാ
രചിതാ ഹരിതോഷായ ജീയാൽ താൽപര്യദീപികാ."

എന്നു മുകുന്ദമാലാതാൽപര്യദീപികയിലും പ്രസ്താവിച്ചിരിക്കുന്നതു നോക്കുക. കൃഷ്ണപദിയിൽത്തന്നെ

"യൽപാദാബ്ജരജോഭിഷേകസുകൃതപ്രക്ഷീണദുഷ്കർമ്മണാ–
മസ്മാകം ഹൃദയാരവിന്ദകുഹരേ നൃത്യന്തി ലക്ഷ്മീപതിഃ
തേഭ്യോ ബ്രഹ്മണി നിത്യനിർവൃതിരസേ ലീനാശയേഭ്യസ്സദാ
കൃഷ്ണാനന്ദഗുരുഭ്യ ഏഭ്യ ഉദിയാദ്ഭൂയാൻ പ്രസാദോ മയി."

എന്നൊരു ശ്ലോകവുമുണ്ട്.

കൃഷ്ണാനന്ദനു പുറമേ രാഘവാനന്ദനു ആത്മാനന്ദനെന്നൊരു ഗുരു കൂടിയുണ്ടായിരുന്നു എന്നും അദ്ദേഹത്തിൽനിന്നുമാണു ശൈവാഗമപദ്ധതി അഭ്യസിച്ചതെന്നും രാഘവാനന്ദൻ വിവരണവും താൽപര്യദീപികയും രചിച്ചപ്പോൾ കൃഷ്ണാനന്ദൻ ജീവിച്ചിരുന്നു എന്നും ഉദ്ധൃതശ്ലോകങ്ങളിൽ നിന്നു വെളിപ്പെടുന്നു.

**കാലവും ദേശവും:**—രാമഭദ്രാനന്ദന്റേയും വാസുദേവയതിയുടേയും ശിഷ്യനായും 'സിദ്ധാന്തസിദ്ധാഞ്ജനം' എന്ന പേരിൽ വിശ്രുതമായ വേദാന്തഗ്രന്ഥത്തിന്റെ പ്രണേതാവായും കൃഷ്ണാനന്ദസരസ്വതി എന്നൊരു യോഗി ക്രി: പി: പതിനേഴാംശതകത്തിൽ ചോളദേശത്തിൽ ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായ ഭാസ്കരദീക്ഷിതർ ആ ഗ്രന്ഥത്തിനു രത്നാവലിക എന്നൊരു വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. ഭാസ്കരദീക്ഷിതരും ജാനകീപരിണയകാരനായ രാമഭദ്രദീക്ഷിതരും സമ

Digitized By Kerala Sahitya Akademi

കാലികന്മാരും ക്രി: പി: 1684മുതൽ 1711വരെ തഞ്ചാവൂർരാജ്യം ഭരിച്ചിരുന്ന പ്രഥമശാഹജിമഹാരാജാവിനോടു ഭൂമി ദാനം വാങ്ങിയ വരുമായിരുന്നു. ആ കൃഷ്ണാനന്ദൻ ശിവാമൃതശിഷ്യനായ നമ്മുടെ കൃഷ്ണാനന്ദനിൽനിന്നു ഭിന്നനാണല്ലോ. മുദ്രിതമായ താൽപര്യദീപികയുടെ മുഖവുരയിൽ സിദ്ധാന്തസിദ്ധാഞ്ജനകാരനാണു് രാഘവാനന്ദന്റെ ഗുരു എന്നു പറഞ്ഞിട്ടുള്ളതു പ്രമാദമാണെന്നു കാണിക്കേണ്ടതു് ആവശ്യകമാകയാൽ ഈ പ്രസ്താവന ഇവിടെ വേണ്ടിവന്നതാണു്. ഉത്തരകേരളത്തിൽ തളിപ്പറമ്പത്തു് പെരുഞ്ചെല്ലൂർ ഗ്രാമത്തിൽ കോക്കുന്നത്തു് എന്ന ഇല്ലത്താണു് രാഘവാനന്ദൻ ജനിച്ചതു് എന്നുള്ള മതവും ശരിയല്ല എന്നു സിദ്ധമാകുന്നു. എന്നാൽ രാഘവാനന്ദന്റെ പുരസ്കർത്താവു രാഘവനാമധേയനായ ഒരു കോലത്തിരിയായിരുന്നു എന്നുള്ളതു കൃഷ്ണപദിയുടെ അവസാനത്തിൽനിന്നു കാണാവുന്നതാണു്.

> ''വിവേകനികഷോപലേ വഹതി രാഘവേ കോലഭൂ-
> മഘോന്യലഘുവിക്രമൈരവനിചക്രരക്ഷാധുരം
> അകുണ്ഠമതിവൈഭവാദപൃഥഗാത്തവൈകുണ്ഠതഃ
> സതീ കൃതിരിയം മുനേരജനി രാഘവാനന്ദതഃ.''

കോക്കുന്നത്തു ശിവാങ്ങൾ (ശിവയോഗി) എന്ന യോഗി പെരുഞ്ചെല്ലൂർ ഗ്രാമത്തിന്റെ അതിരുകൾ പുത്തനായി നിശ്ചയിക്കുകയും ആ പുതിയ സങ്കേതം വിട്ടു ബ്രഹ്മചാരികളും അന്തർജ്ജനങ്ങളും വെളിയിൽ പോകരുതെന്നു വ്യവസ്ഥാപനംചെയ്കയും ചെയ്തു. അദ്ദേഹം ഒരവസരത്തിൽ കോഴിക്കോട്ടു പോകുകയും അന്നു നാടു വാണിരുന്ന സാമൂതിരിയെ അനുഗ്രഹിക്കുകയും ചെയ്തുവെന്നും ആ അനുഗ്രഹത്തിനു മേലാണു് സാമൂതിരിക്കോവിലകത്തേക്കു സർവാഭ്യുദയങ്ങളും സിദ്ധിച്ചതെന്നും ചില കേരളോൽപത്തിഗ്രന്ഥങ്ങളിൽ കാണുന്നു. ഒടുവിൽ ആ യോഗി രാജ്യം വിട്ടു വനത്തിലേക്കു പോയി. അന്നത്തെ കലിദിനസംഖ്യ ''കൊടുംകാട്ടുകൊതിയൻ'' അഥവാ ''പുണ്യാടവ്യാം യതിസ്സ്യാത്'' എന്നാകുന്നു. അതനുസരിച്ചുള്ള ക്രിസ്തുവർഷം 1314 ആണു്. ശിവാങ്ങൾ ഉപയോഗിച്ചുവന്ന ഒരു കൂർമ്മാസനം ഇന്നും തളിപ്പറമ്പിന്നടുത്തുള്ള വെള്ളാവിക്ഷേത്രത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും സ്വാമിയാരന്മാർ അവിടെപ്പോയാൽ ആ കൂർമ്മാസനത്തെ വന്ദിച്ചല്ലാതെ സ്ഥലം വിടുക പതിവില്ലെന്നും അറിയുന്നു. എന്നാൽ അദ്ദേഹം ഒരു കവിയെന്നോ പണ്ഡിതനെന്നോ ഉള്ള നിലയിൽ പ്രസിദ്ധനല്ല. രാഘവാനന്ദന്റെയും അമോഘരാഘവകാരന്റെയും പുരസ്കർത്താവു് ഒരേ രാഘവനാണെങ്കിൽ രാഘവാനന്ദനും കോക്കുന്നത്തു ശിവാങ്ങളും സമകാലികന്മാരെന്നു വന്നുകൂടുന്നു.

കൃഷ്ണപദിതന്നെയാണു് രാഘവാനന്ദന്റെ ഗ്രന്ഥങ്ങളിൽ അത്യന്തം പ്രധാനമായിട്ടുള്ളതു്. ഭാഗവതത്തിനു് അനേകം വ്യാഖ്യാനങ്ങളുണ്ടെങ്കിലും ശ്രീധരസ്വാമിയുടെ ഭാവാർത്ഥദീപികയോളം പ്രശസ്തി അവയിൽ മറെറാന്നിനുമില്ല. എന്നാൽ കൃഷ്ണപദി അപ്രകാശിതമായിക്കിട

Digitized By Kerala Sahitya Akademi

കുന്നതുകൂടിയാണു് അതിൻെറ കനിഷ്ഠികാധിഷ്ഠികത്വമുള്ള കാരണങ്ങളിൽ ഒന്നെന്നു പറയേണ്ടിയിരിയ്ക്കുന്നു. രാഘവാനന്ദൻെറ വ്യാഖ്യ ഏററവും ലളിതവും വിപുലവും സകലസംശയങ്ങളേയും പരിഹരിക്കവാൻ പര്യാപ്തവും വേദാന്തവിഷയകമായുള്ള പ്രതിപാദനത്തിൽ ഭാവാർത്ഥദീപികയെ അനായാസേന ജയിക്കുന്നതുമാകുന്നു. ഗ്രന്ഥമാരംഭിക്കുന്നതു താഴെക്കാണുന്നവിധത്തിലാണു്.

''പ്രത്യക് ചിരം പ്രകൃതിപൂരുഷയോഃ പ്രപഞ്ചാ-
ത്പ്രാദു്ഭാവനാവനതിരോധനനിത്യലീലം
നിർവ്യാജസൌഭഗമമങ്ഗലമസ്മദീയം
നിർമ്മാർഷ്ടു നൈഗമഗിരാം പദമൈശമോജഃ.
അഷ്ടപ്രകൃത്യഷ്ടവധൂവികാരം
തം ദ്വ്യഷ്ടസാഹസ്രവധൂഗണേഷ്ടം
അഖണ്ഡചൈതന്യസുഖാത്മമൂർത്തിം
നമാമി കൃഷ്ണം പുരുഷം പുരാണം.''

ശിവൻ, ഗണപതി, സരസ്വതി, ബ്രഹ്മാവു, നാരദൻ, വേദവ്യാസൻ, ശുകബ്രഹ്മർഷി, ഉഗ്രശ്രവസ്സു്, ശൌനകാദിമഹർഷിമാർ, ശങ്കരാചാര്യർ, കൃഷ്ണാനന്ദൻ ഇവരെയെല്ലാം കവി നമസ്കരിക്കുന്നുണ്ടു്. ശങ്കരാചാര്യരെപ്പററിയുള്ള ശ്ലോകം താഴെ ഉദ്ധരിക്കുന്നു.

''യൈരാപ്താ പരഹംസരാജപദവീ വിഷ്ണോഃ പരം സേവനാ-
ദുൽപക്ഷാശ്രയണേന ലബ്ധഗതയോ യാതാ ദ്വിജേന്ദ്രാ ദിവം
ബ്രഹ്മാനന്ദസുധാബ്ധികേളിരസികാഃ ശ്രീശങ്കരാഖ്യാമൃതാ-
ശ്ശംഭോസ്തഃ കരുണാവിലാസവിഭവാഃ കുർവ്വന്തു തേ മങ്ഗലം.''

ഗ്രന്ഥത്തിൻെറ നിർമ്മിതിയെപ്പററി ഇങ്ങനെ ഉപന്യസിക്കുന്നു.

''ശ്രീഭാഗവതതാൽപര്യസുധാവിഷ്കൃതികാരിണീം
കൃതിം കൃഷ്ണപദീം നാമ കരിഷ്യാമ്യാത്മശുദ്ധയേ.''

പ്രഥമസ്കന്ധവ്യാഖ്യയുടെ അവസാനത്തിൽ ഇങ്ങനെയും പ്രസ്താവിക്കുന്നുണ്ടു്.

''പദം നയതി ചാഭ്യസ്താ കൃഷ്ണസ്യേഹാചിരാന്നരാൻ
സേയം കൃഷ്ണപദീവ്യാഖ്യാ പ്രഥമസ്കന്ധഗോചരാ.
കഥാകഥനമാത്രായ നാരബ്ധാ വ്യാകൃതിസ്ത്വിയം
കിന്തു താൽപര്യവിജ്ഞപ്ത്യൈ ഗ്രന്ഥസ്യാസ്യേതി വിസ്തരഃ.
പ്രാചീനാനി വിലോക്യ
വ്യാഖ്യാനാനി ശ്രുതിസ്മൃതിന്യായാൻ
അനുസൃത്യ ചാനുഭൂതിം
ഹരിഗുരുഭക്ത്യാ തനീയം കൃതാ വ്യാഖ്യാ.''

ഈ ശ്ലോകങ്ങളിൽനിന്നു് കൃഷ്ണപദി രാഘവാനന്ദൻ രചിച്ചതു് ആത്മശുദ്ധിക്കുവേണ്ടിയാണെന്നും അഭ്യസിക്കുന്നവരെ കൃഷ്ണൻെറ പാദത്തിൽ ചേർക്കുന്നതുകൊണ്ടാണു് പ്രസ്തുതവ്യാഖ്യാനത്തിനു് ആ പേർ

Digitized By Kerala Sahitya Akademi

സിദ്ധിച്ചതെന്നും കഥാകഥനം മാത്രമല്ല താൽപര്യവിജ്ഞാപനംകൂടി യാണ് അതിന്റെ ഉദ്ദേശ്യമെന്നും പഴയ വ്യാഖ്യാനങ്ങൾ നോക്കിയും ശ്രുതിസ്മൃതിന്യായങ്ങളേയും സ്വാനുഭവത്തേയുമനുസരിച്ചുമാണ് അതു് അദ്ദേഹം നിർമ്മിച്ചതെന്നും വെളിപ്പെടുന്നു. ഓരോ സ്കന്ധത്തിന്റേയും പ്രയോജനം, അതിലടങ്ങീട്ടുള്ള വിവരങ്ങൾ, അധ്യായസംഖ്യ, ഓരോ അധ്യായത്തിന്റേയും വിഷയസൂചി മുതലായവ ഗ്രന്ഥകാരൻ കാരികാ രൂപത്തിൽ അനുവാചകന്മാരെ ഗ്രഹിപ്പിക്കുന്നുണ്ടു്.

''പ്രഥമേനാധികാര്യസ്യ ശ്രവണാദൗ നിരൂപിതഃ
വിധിരസ്മിൻ സാനുബന്ധഃ സ്കന്ധേനാനേന ചിന്ത്യതേ''

എന്നും മററുമുള്ള ശ്ലോകങ്ങൾ നോക്കുക. രാഘവാനന്ദന്റെ പാഠം ചിലപ്പോൾ ശ്രീധരസ്വാമിയുടെ പാഠത്തെക്കാൾ സമീചീനമായി കാണുന്നു. ഷഷ്ഠസ്കന്ധം പത്തൊമ്പതാമധ്യായത്തിൽ 'വിന്ദേ ദചിരു പാതിരുജാ വിമുച്യതേ' എന്നു രാഘവാനന്ദനും 'വിന്ദേ ദചിരുപാ വി രുജാ വിമുച്യതേ' എന്നു ശ്രീധരനും പാഠം സ്വീകരിച്ചു് 'അതിരുജാ= മഹതാ ഭയേന' എന്നും 'വിരുജാ=വിശിഷ്ടയാ രുജാ' എന്നും യഥാക്രമം അർത്ഥയോജന ചെയ്യുന്നു. ശ്രീധരന്റെ വ്യാഖ്യാനം ഇവിടെ ക്ലിഷ്ടമാ ണെന്നു പറയേണ്ടതില്ലല്ലോ.

**രാഘവാനന്ദന്റെ കവിത:**—രാഘവാനന്ദൻ ഒരു ഉത്ത മനായ വേദാന്തവിചക്ഷണനും വ്യാഖ്യാതാവുമെന്നുള്ളതിനു പുറമേ ഒരു കവി എന്ന നിലയിലും ആദരണീയനാണെന്നുള്ളതിനു പല ഉദാഹരണ ങ്ങൾ കൃഷ്ണപദിയിൽനിന്നു് എടുത്തുകാണിക്കുവാൻ കഴിയും. രണ്ടു ശ്ലോകങ്ങൾ മാത്രമുദ്ധരിക്കാം.

''അഗ്രേ ധൂളിരനന്തരം ഘണഘണഗ്രൈവേയഘണ്ടാരവഃ
പശ്ചാദുൽസ്രവദൂധസാം പഥി ഗവാമുച്ചാവചാ ഹുംക്രിയാ
താരോ വേണുരവസ്തതഃ പരിമളസ്തസ്യാസ്ഥലസ്യാസ്തത–
സ്താപിഞ്ഛരദ്യുതി, പിഞ്ഛശേഖരി, കിമപ്യായാതി രമ്യം മഹഃ''

''യൽകാരുണ്യകടാക്ഷവീക്ഷണലവശ്രദ്ധാലവസ്സാധവ–
സ്ത്യക്ത്വാ പുത്രകളത്രമിത്രധരണീഗേഹാദികം ദൂരതഃ
ഗ്രാമാൽ കാനനമഭ്യുപേത്യ വിജനം ഭീമം തപഃ കുർവതേ
തസ്മൈ സാത്വതപുങ്ഗവായ ഹരയേ കുര്യാം നമസ്യാം സദാ''

**ലഘുസ്തുതിവൃത്തിയും മററും:**—ലഘുഭട്ടാരകൻ എന്ന കവി യാൽ പ്രണീതമായ ശാരദാസ്തോത്രമാണു് സുപ്രസിദ്ധമായ ലഘുസ്തുതി. 'ഐന്ദ്രസ്യേവ ശരാസനസ്യ ദധതീ മധ്യേലലാടം പ്രഭാം' എന്ന അതി ലെ പ്രാരംഭശ്ലോകം ഹൃദിസ്ഥമാക്കാത്ത ദേവീഭക്തന്മാർ അധികമില്ല. ആകെ ഇരുപത്തൊന്നു ശ്ലോകമാണുള്ളതു്. ആ ഗ്രന്ഥത്തിന്റെ വൃത്തി യിൽനിന്നു രാഘവാനന്ദനു മന്ത്രശാസ്ത്രത്തിലുള്ള അസുലഭമായ അവ ഗാഹം വ്യക്തമാകുന്നു. ഒടുവിൽ സാമരസ്യവേദിയായ അദ്ദേഹം തന്റെ വ്യാഖ്യാനം ഇങ്ങനെ അവസാനിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

''കൃഷ്ണസൂരിലോചനാ ഇതി ത്രിപുരേന്ദിരേതി
ബ്രഹ്മേതി വാ യദുദിതം പരതത്വമേകം
സച്ചിൽസുഖൈകതനവേ പ്രണതോസ്മി തസ്മൈ
സർവ്വാത്മനേ സകലബന്ധവിദാരണായ.''

**പരമാത്മസാരം:**—എൺപത്തഞ്ചു ശ്ലോകങ്ങളടങ്ങിയതും വേദാന്തരഹസ്യപ്രതിപാദകവുമായ ഒരു ഗ്രന്ഥമാണിതു്. അല്പാക്ഷരവും ബഹ്വർത്ഥവുമായ ഈ കൃതിയെ രാഘവാനന്ദൻ ''അശേഷോപനിഷൽ സിദ്ധവസ്തുതത്വാനുഷ്ഠന്ദി'' എന്ന വിശേഷണംകൊണ്ടു വിശേഷിപ്പിക്കുന്നു. പ്രസ്തുതഗ്രന്ഥത്തിനു ശേഷാര്യയെന്നും പേരുണ്ടു്. ആദ്യത്തേ രണ്ടു ശ്ലോകങ്ങൾ കഴിഞ്ഞാൽ ബാക്കിയെല്ലാം ആര്യാവൃത്തത്തിൽ നിബന്ധിച്ചിരിക്കുന്നതുകൊണ്ടാണു് അതിനു് ആ സംജ്ഞ സിദ്ധിച്ചതു്. ഗ്രന്ഥകാരനായ ശേഷൻ ആരെന്നു വെളിവാകുന്നില്ല. ആദിശേഷനെന്നു പറയുന്നതു് അസംബന്ധംതന്നെ. വ്യാഖ്യാതാവിൻെറ വേദാന്തജ്ഞാനം മുഴുവൻ ഇതിൽ ആദ്യന്തം പ്രകാശിക്കുന്നു. ഒടുവിൽ

''പരമാത്മസാരവിവരണ-
മേതദ് ഗോവിന്ദചന്ദ്രചന്ദ്രികയാ
സംഹൃതസംസൃതിതാപാൽ
സംഭൃതം രാഘവാനന്ദാൽ''

എന്നൊരു ശ്ലോകവും കാണ്മാനുണ്ടു്. അതിൽ സ്തുതനായ ഗോവിന്ദനും കവിയുടെ ഗുരുവായിരുന്നിരിക്കാം. അദ്ദേഹത്തെപ്പററി ഒരറിവുമില്ല.

മുകുന്ദമാലയുടെ വ്യാഖ്യാനമായ താൽപര്യദീപികയിലും ഗ്രന്ഥകാരൻ തൻെറ അത്യത്ഭുതമായ മന്ത്രശാസ്ത്രപാണ്ഡിത്യവും ഭക്തിതത്വമർമ്മജ്ഞതയും പ്രകടിപ്പിച്ചിട്ടുണ്ടു്. ഭാഗവതത്തിൽനിന്നു പല ഭാഗങ്ങൾ പ്രസ്തുതവ്യാഖ്യയിൽ ഉദ്ധരിച്ചുചേർത്തിരിക്കുന്നു. മുകുന്ദമാല കേരളീയകൃതിയല്ലെന്നു വാദിക്കുന്നവർ ''കേരളചക്രവാളചക്രവർത്തി'' എന്നു രാഘവാനന്ദൻ കുലശേഖരനെപ്പററി പ്രസ്താവിക്കുന്നതു് ഓർത്തിരിക്കേണ്ടതാണു്.

''തസ്യാസ്യ സ്തോത്രരത്നസ്യ വ്യാഖ്യാം ശക്ത്യനുരോധതഃ
കരിഷ്യാമ്യാത്മശുദ്ധ്യർത്ഥം നാമ്നാ താൽപര്യദീപികാം.''

എന്നാണു് വ്യാഖ്യാതാവിൻെറ പ്രതിജ്ഞ. ''കരചരണസരോജേ കാന്തിമന്നേത്രമീനേ'' എന്നു തുടങ്ങുന്ന അഞ്ചാമത്തെ ശ്ലോകം വ്യാഖ്യാനിക്കുമ്പോൾ ''നിർമ്മലനിസ്തരങ്ഗസംവിദാനന്ദസുധാർണ്ണവാവിർഭൂതാം, ശുദ്ധസത്വഗുണമയമായാവിരചിതമഹദാദിതത്വഗ്രാമോപാർജ്ജിതവിഗ്രഹാം, നീരദാവദാതാകാരാം, നീരജായമാനമുഖമണ്ഡലമീനായമാനനയനയുഗളാം'' ഇത്യാദി പ്രൗഢമനോഹരമായ ഒരു ഗദ്യം ഉപനിബന്ധിച്ചു തൻെറ ഗദ്യരചനാപാടവവും ആ മഹാത്മാവു പ്രത്യക്ഷമാക്കീട്ടുണ്ടു്.

Digitized By Kerala Sahitya Akademi

**വിഷ്ണുഭുജങ്ഗപ്രയാതവ്യാഖ്യ:**— ഇതു തന്നാമധേയമായ ഭഗവൽപാദകൃതിക്കുള്ള ഒരു വിശിഷ്ടമായ വ്യാഖ്യാനമാകുന്നു. അതിലെ ചില പങ്ക്തികളാണു താഴെ ഉദ്ധരിക്കുന്നതു്. "പ്രാപ്താന്തകാലായൈ ജനായൈവ തത്വം പ്രകാശയൻ ഭുജങ്ഗപ്രയാതാഖ്യം സ്തോത്രാമൃതം തത്സന്നിധാവാസ്യാംഭോരുഹോദരാന്നിസ്സാരയാമാസ! തദിദം ശ്രീരാഘവാനന്ദനാമാ തദ്ഭൃത്യേഷ്വനന്യതമോ മുനിമുഖ്യ ആസ്വാദയിതും സ്വശക്ത്യനുസാരേണ ആരഭ്യതേ" 'തദ്ഭൃത്യ' പദത്തിന്റെ സ്വാരസ്യംകൊണ്ടു രാഘവാനന്ദനും തൃശ്ശൂരിൽ ഏതോ ഒരു മഠത്തിലെ സ്വാമിയാരായി എന്നു് അനുമാനിക്കാവുന്നതാണു്. ഏതു നിലയിൽ നോക്കിയാലും രാഘവാനന്ദൻ ഭാരതഭൂമിയിലെ വ്യാഖ്യാനഗ്രന്ഥകാരന്മാരുടെ ഇടയിൽ അത്യന്തം മഹനീയമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്നു.

**സർവ്വമതസങ്ഗ്രഹം:**— ഇതു പശ്ചാൽകാലികനായ മാധവമന്ത്രിയുടെ സർവ്വദർശനസങ്ഗ്രഹത്തിനു മാർഗ്ഗദർശകമായ രീതിയിൽ ഭാരതവർഷത്തിൽ അക്കാലത്തു പ്രചരിച്ചുവന്ന സർവ്വമതങ്ങളേയുംപററി സംക്ഷിപ്തമായും, എന്നാൽ ശാസ്ത്രീയമായും, പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണു്. ആദ്യമായി പ്രത്യക്ഷം, അനുമാനം തുടങ്ങിയ എട്ടു പ്രമാണങ്ങളെ രാഘവാനന്ദൻ നിരൂപണംചെയ്യുന്നു; പിന്നീടു ചാർവ്വാകാദിമതങ്ങളെപ്പററിയുള്ള ചർച്ചയിൽ ഏർപ്പെടുന്നു. ഒടുവിൽ കാണുന്നതു പൌരാണികമതത്തിന്റെ പ്രതിപാദനമാണു്. ജീവബ്രഹ്മൈക്യത്തെ സ്ഥാപിച്ചുകൊണ്ടു് ഗ്രന്ഥം ഉപസംഹരിക്കുന്നു. ഇതിനു സർവ്വസിദ്ധാന്തസങ്ഗ്രഹമെന്നും പേരുണ്ടു്.

**രാഘവാനന്ദന്റെ ശിഷ്യന്മാർ—സിദ്ധാന്തപഞ്ജരം:** അദ്വൈതവേദാന്തവിഷയകമായി പ്രശ്നോത്തരരൂപത്തിൽ സിദ്ധാന്തപഞ്ജരം എന്നൊരു പദ്യകൃതിയുണ്ടു്. അതിന്റെ പ്രണേതാവായ വിനായകൻ രാഘവാനന്ദന്റെ ശിഷ്യനായിരുന്നു.

> "വിശ്വാത്മനാവതീർണ്ണേന രാഘവാനന്ദയോഗിനാ.
> മദീയചിത്തരങ്ഗേസ്മിൻ നൃത്തലീലാ വിധീയതാം.
> വിനായകോഹം ശാസ്ത്രാണി വിമൃശ്യ പരയാ ധിയാ
> കരിഷ്യാമ്യാത്മശുദ്ധ്യർത്ഥം ശാസ്ത്രം സിദ്ധാന്തപഞ്ജരം." എന്നും
>
> "സിദ്ധാന്തപഞ്ജരം ശാസ്ത്രമേതൽ കേരളവർമ്മണഃ
> സന്നിധൌ മടികേന്ദ്രസ്യ വിഘ്നരാജമുഖോദിതം"

എന്നുമുള്ള പദ്യങ്ങൾ ഇവിടെ ഉദ്ധർത്തവ്യങ്ങളാണു്. 'മടികേന്ദ്രൻ' എന്ന പദത്തിൽനിന്നു കേരളവർമ്മാവു ദക്ഷിണകർണ്ണാടകത്തിലെ ഒരു രാജാവായിരുന്നതായി ഊഹിക്കണം. നീലേശ്വരത്തു രാജാവാണോ എന്നു നിർണ്ണയമില്ല.

സിദ്ധാന്തപഞ്ജരത്തിനു് ഒരു പഴയ ഭാഷാവ്യാഖ്യാനവും ഞാൻ കണ്ടിട്ടുണ്ടു്. അതിൽനിന്നു 'വിശ്വാത്മനാവതീർണ്ണേന' എന്ന ശ്ലോകത്തിന്റെ തർജ്ജമ താഴെ ചേർക്കാം.

Digitized By Kerala Sahitya Akademi

''രാഘവനെന്ന യോഗിയാൽ മദീയമായിരിക്കുന്ന ഈ ചിത്തരംഗത്തിൽ നൃത്തലീലാ ചെയ്യപ്പെട്ടതാക. അങ്ങനെയിരിക്കുന്നോരുത്തൻ രാഘവാനന്ദയോഗി—വിശ്വാത്മനാ അവതീർണ്ണനായിരിക്കുന്നോരുത്തൻ; സർവ്വാത്മാവായി അവതരിച്ചിരിക്കുന്നോരുത്തൻ. ഇവണ്ണം ഗുരുവിനെ നമസ്കരിച്ചു....'' ഈ ഭാഷയുടെ രീതി നോക്കിയാലും രാഘവാനന്ദൻെറ കാലം ക്രി: പി: പതിന്നാലാംശതകത്തിൻെറ പൂർവ്വാർദ്ധമെന്നു സങ്കല്പിക്കുവാൻ ന്യായമുണ്ട്.

**ത്രിപുരോപനിഷദ്ഭാഷ്യം:**—ത്രിപുരോപനിഷത്തിന് ഒരു ഭാഷ്യം നിർമ്മിച്ച രാമാനന്ദനും രാഘവാനന്ദൻെറ ശിഷ്യനാകുന്നു. ആ ഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു:—

''ശോണപ്രഭം സോമകലാവതംസം
പാണിസ്ഫുരൽപഞ്ചശരേക്ഷുചാപം
പ്രാണപ്രിയം നൌമി പിനാകപാണേഃ
കോണത്രയസ്ഥം കുലദൈവതം നഃ.
''നത്വാ ശ്രീരാഘവാനന്ദതീർത്ഥയോഗീന്ദ്രപാദുകം
ത്രിപുരോപനിഷദ്ഭാഷ്യം ക്രിയതേ തൽകൃപാബലാൽ.
''ശ്രീശങ്കരാചാര്യകൃതാൻ പ്രബന്ധാൻ
സൌഭാഗ്യവിദ്യാസുഭഗോദയാദീൻ
പുനഃപുനസ്സാധു വിചിന്ത്യ ബുധ്വാ
തദധ്വനാ ഭാഷ്യമിദം കരോമി''

ഒടുവിൽ ''ഇതി ശ്രീമൽപരമഹംസപരിവ്രാജകശ്രീരാഘവാനന്ദതീർത്ഥയോഗീന്ദ്രചരണാരവിന്ദചഞ്ചരീകായമാണാനന്ദഹൃദയശ്രീരാമാനന്ദവിരചിതം'' എന്നൊരു കുറിപ്പുമുണ്ട്.

**ദാമോദരച്ചാക്കിയാർ:**—ക്രി: പി: പതിന്നാലാംശതകത്തിൻെറ ഒടുവിൽ കായംകുളത്തു കേരളവർമ്മരാജാവിൻെറ ആശ്രിതനായി ദാമോദരച്ചാക്യാർ എന്നൊരു കവി ജീവിച്ചിരുന്നു. അദ്ദേഹം തിരുവിതാംകൂറിൽ കോട്ടയത്തിനു സമീപമുള്ള മാങ്ങാനത്തു ചാക്കിയാർകുടുംബത്തിലെ ഒരങ്ഗമായിരുന്നു എന്നും നാവായിക്കുളത്തു ശങ്കരനാരായണമൂർത്തി ആ കുടുംബത്തിൻെറ പരദേവതയാണെന്നും അറിയുന്നു. ദാമോദരൻ കേരളവർമ്മരാജാവും കുട്ടത്തിയെന്ന യുവതിയും തമ്മിൽ നടന്ന വിവാഹത്തെ വിഷയീകരിച്ച് ഒരു മണിപ്രവാളചമ്പുവും കൊച്ചിരാമവർമ്മമഹാരാജാവും കേരളവർമ്മാവിൻേറയും കുട്ടത്തിയുടേയും പുത്രിയായ ഉണ്ണിയാടിയും തമ്മിലുള്ള വിവാഹത്തെ വിഷയീകരിച്ചു ശിവവിലാസം എന്ന പേരിൽ എട്ടു സർഗ്ഗത്തിൽ ഒരു കാവ്യവും രചിച്ചിട്ടുണ്ട്. 'അത്രത്യോയം നിഖിലവിദ്യാപാരദൃശ്വാ ദാമോദരാഭിധാനോ ഭരതാചാര്യഃ' എന്നു ചമ്പുവിലും

''ഇതി മഹിതപദാബ്ജേ രുദ്രനാരായണീയേ
മധുലിഹ ഇവ വൃത്തിം ബിഭ്രതാ ചാതകസ്യ

Digitized By Kerala Sahitya Akademi

അലഘുശിവവിലാസം നാമ കാവ്യം ബബന്ധ
സുരഭിളരതഗോത്രീയേണ ദാമോദരേണ''

എന്നു കാവ്യത്തിലും പ്രണേതൃമുദ്രയുണ്ടു്.

**ശിവവിലാസം:**—കേരളവർമ്മരാജാവിന്റെ അപദാനങ്ങളേയും കണ്ടിയൂർ ശിവക്ഷേത്രത്തിന്റെ മാഹാത്മ്യത്തേയും അനുവർണ്ണനംചെയ്യുന്ന ഒരു വിശിഷ്ടകാവ്യമാകുന്നു ശിവവിലാസം. ആ ക്ഷേത്രത്തിന്റെ പ്രതിഷ്ഠ ക്രി: പി: 823_ൽ അതായതു കോളംബാബ്ദത്തിന്റെ ആരംഭത്തിനു രണ്ടു വർഷം മുമ്പിലാണു്. ആ സംഭവത്തിന്റെ സ്മാരകമായി ഒരു പ്രത്യേകാബ്ദംപോലും കേരളത്തിൽ വളരെക്കാലത്തേക്കു നിലനിന്നിരുന്നു. ''തിരുക്കണ്ടിയൂർ മാതേവർക്കു ചെല്ലാനിന്റയാണ്ടു നൂററിരുപത്തിമൂന്റിൽ'' അതായതു ക്രി: പി: 946_ൽ കൊടിക്കുളത്തു് ഇരവികുമരനും മററും ആ ക്ഷേത്രത്തിലേക്കു ഭൂമി ദാനംചെയ്തതായി ഒരു ശിലാരേഖയിൽനിന്നു വെളിപ്പെടുന്നു. ഉണ്ണുനീലിസന്ദേശത്തിന്റെ കാലത്തു കായംകുളം ഭരിച്ചിരുന്നതു 'രവിവർമ്മാ' എന്ന വൃദ്ധനായ ഒരു രാജാവായിരുന്നു. അദ്ദേഹത്തിന്റെ ഭാഗിനേയനാണു് വീരകേരളവർമ്മാവു്. കണ്ടിയൂർ ശിവന്റെ അനുഗ്രഹംകൊണ്ടു് അദ്ദേഹത്തിനു പുത്രീലാഭം സിദ്ധിച്ചതിനാലത്രേ ഗ്രന്ഥത്തിനു ശിവവിലാസം എന്നു പേർ വന്നതു്. വീരകേരളനെപ്പററിയുള്ള പ്രശസ്തിയിൽപ്പെട്ട ഒരു ശ്ലോകം താഴെ ഉദ്ധരിക്കുന്നു.

''തസ്മിന്നാസീൽ പ്രശസ്തേ ത്രിജഗതി മതിമാൻ
ശേഖരഃ കേരളാനാം
ദിക്ചക്രേ വിക്രമാവിഷ്കൃതജയപടഹഃ
കേരളോ നാമ രാജാ
യസ്യാസ്ത്രൈർഭഗ്നശേഷാ രണഭുവി വിമുഖാ—
ശ്ശത്രവോ മുക്തഹസ്താ—
ശ്ചക്രുഃ കാന്താരകന്ദോൽഖനനസഹകരം
ശസ്ത്രമേവാത്മഹസ്തേ.''

അദ്ദേഹത്തിനു കൃഷ്ണനിളയത്തു് എന്നൊരു മന്ത്രിയുണ്ടായിരുന്നു. ആ മന്ത്രി അന്നു വടക്കുംകൂർ രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന കടുത്തുരുത്തിയിൽ പൂതികോട്ടില്ലത്തെ ഒരംഗമായിരുന്നു. ''പൂതികോട്ടെന്നു ഭൂതലേ ഗീതകീർത്തിവിലാസോ നീതിശാസ്ത്രനിഷ്ണാതഃ കൃഷ്ണാഭിധാനോ ഭാതി മന്ത്രിമുഖ്യഃ'' എന്നു ചമ്പുവിൽ അദ്ദേഹത്തെ സ്തുതിച്ചിരിക്കുന്നു. ശിവവിലാസത്തിലും

''ഭൂതിഃ സ്ഥിരാ യത്ര നയസ്യ, നാമ്നാ
ധീരഃ ശ്രുതോ യോ ഭുവി കൃഷ്ണവീരഃ;
സോഥ ദ്വിജം തം നിജരാജ്യതന്ത്ര—
സാരഥ്യകൃത്യേ വരയാഞ്ചകാര.''

എന്നു് അദ്ദേഹത്തെപ്പററി ഒരു പ്രസ്താവന കാണുന്നു. അനപത്യതാദുഃഖം നിമിത്തം അസ്വസ്ഥനായ രാജാവിനോടു കൃഷ്ണവീരൻ കണ്ടി

Digitized By Kerala Sahitya Akademi

യ്യർ ശിവനെ ഭജിക്കുവാൻ ഉപദേശിക്കുകയും അദ്ദേഹം ആ ഉപദേശമനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു. അടിയിൽ കാണുന്നതു് അത്യന്തം ഹൃദയമോഹനമായ ഒരു ശിവസ്തുതിയാണു്.

''ജയ ശംഭോ ജയോദഗ്രത്രജാഹ്നവീഭങ്ഗശേഖര;
ജയ മുണ്ഡാവലീക്ലൃപ്തമുക്താഹാരമഹേശ്വര;
ജയ സർവ്വാങ്ഗലഗ്നോരുഭന്ദശ്മശ്രുകേശശ്രുൽകൃതേ;
ജയ കശ്മീരജപ്രേഷ്ഠചിതാഭസ്മവിലേപന;
ജയ കാഷ്ഠാകരിവ്യാഘ്രത്വക്പുഷ്ടാംശുകവേഷ്ടന;
ജയ നീലഗളായുഗ്ദ്ഗ്വഗസാധാരണലക്ഷണ;
ജയ സിന്ധുരവോഗ്രാട്ടഹാസൈകാത്താരിസിന്ധുര;
ജയ ചന്ദ്രകരാർദ്രാക്ഷിജ്വാലാധൂമാത്തചന്ദ്രക;
ജയ താമരസാക്ഷേന്ദ്രപാല്യതാപാത്രിതാമര;
ജയ ചാപലതാദശ്വത്രിപുരീദർപ്പചാപല;
ജയ ഗൗരവപുർധാമധ്വസ്തതാമസഗൗരവ;
ജയ സാരസദർപ്പാത്തസരസ്സത്താംഘ്രിസാരസ.''

ശ്രീപരമേശ്വരൻ പ്രസാദിച്ചു രാജാവിനു കുട്ടത്തിയിൽ ഉണ്ണിയാടി എന്നൊരു പുത്രി ജനിച്ചു. സൗന്ദര്യത്തിനും വൈദുഷ്യത്തിനും പ്രസിദ്ധി നേടിയ ആ കുമാരിക്കു യഥാകാലം സ്വയംവരം നിശ്ചയിച്ചു. പല ദേശങ്ങളിൽനിന്നും രാജാക്കന്മാർ വന്നു. അവരിൽവച്ചു (ബാഹുവ്യാപ്തി) പെരുമ്പടപ്പുരാജ്യം ഭരിച്ചിരുന്ന രാമവർമ്മാവിന്റെ അനന്തരവനും ലക്ഷ്മീരാജ്ഞിയുടെ പുത്രനുമായ രാമവർമ്മാവിനെ കന്യക ഭർത്താവായി വരിച്ചു. ആ ഘട്ടത്തിൽനിന്നു ചില ശ്ലോകങ്ങൾ ചുവടേ ചേർത്തുകൊള്ളുന്നു.

''അധ്യാസതേ കേരളഭൂഭൃതോ യാം;
യസ്യാ യഥാർത്ഥൈവ മഹോദയാഖ്യാ;
രാമാവനൌ മുഖ്യതമാ പുരീ യാ;
താമാവസത്യേഷ ദിവം വൃഷേവ.

മന്യേ സ രാമോപ്യയമേവ രാമ-
വർമ്മാന്വയഃ ക്ഷത്രമഹോനിധാനം,
ആജ്ഞാകൃതാമപ്യമിതത്വിഷോസ്യ
ഭ്രൂക്ഷേപവശ്യൈവ പുരന്ദരശ്രീഃ.

നിസ്സീമമാഹോദയസത്മതോസ്യ
ദക്ഷോത്തരോദ്ദേശവിസാരി തേജഃ;
നാന്യോത്ര ഹേതുസ്തത ഏതദീയഃ
ഖ്യാതോ ബാഹുവ്യാപ്തിതയാന്വവായഃ''

''ഉത്സാഹതശ്ശൗര്യദസ്തശത്രോ-
സ്ത്യാഗാധികത്വാച്ച സമസ്തപാത്രേ

Digitized By Kerala Sahitya Akademi

വിശേഷാത്തരം യം കഥയന്തി വീരോ–
ദാരാഖ്യമാരാധ്യമതിം കവീന്ദ്രാഃ

ദൃക്ഷ്വേണ സംലക്ഷിതലക്ഷണൗഘ–
ലക്ഷ്മ്യഃ ക്ഷമീ രക്ഷിതസംശ്രിതശ്രീഃ
ലക്ഷ്മ്യാസ്സുതഃ പശ്യ സ രാമവമ്മാ
ലക്ഷ്മീവിവതോമുഷ്യ തു ഭാഗിനേയഃ''

ഏഴാംസഗ്ഗത്തിലാണ് സ്വയംവരവണ്ണനം; എട്ടാംസഗ്ഗത്തിൽ സംഭോഗ ശൃങ്ഗാരം വിസ്തരിച്ചിരിക്കുന്നു. ഒടുവിൽ കൊടുങ്ങല്ലൂരിനു സമീപം ഒരു ശിവക്ഷേത്രത്തിൽ ഭത്തൃസഹിതയായി ഉണ്ണിയാടി അദ്ധ്യാത്മ വിദ്യ പരിചയിക്കുന്നു എന്നുള്ള പ്രസ്താവനയോടുകൂടി കവി ഗ്രന്ഥം സമാപിക്കുന്നു. അക്കാലത്തെ സാമുദായികങ്ങളായും മററുമുള്ള പല വസ്തുതകൾ ധരിക്കുന്നതിനു ശിവവിലാസം വളരെ പ്രയോജനപ്പെടുന്നുണ്ട്. കേരളത്തിലെ ഒരു ക്ഷേത്രത്തിൻെറ മാഹാത്മ്യവും ഒരു രാജപുത്രിയുടെ മാഹാത്മ്യവും കൂട്ടിയിണക്കി ഇത്തരത്തിൽ വിശിഷ്ടമായ ഒരു കാവ്യം നിമ്മിച്ച ദാമോദരകവി നമ്മുടെ ആത്മാത്ഥമായ ശ്ലാഘയെ ആവജ്ജിക്കുന്നു.

**വിടനിദ്രാഭാണം:**—ഉണ്ണിയാടിയുടെ പ്രാണനാഥനായ രാമവമ്മമഹാരാജാവിൻെറ കാലത്തു് അജ്ഞാതനാമാവായ ഒരു കവി നിമ്മിച്ചതാണ് 'വിടനിദ്ര' എന്ന ഭാണം. അദ്ദേഹം ആ രാജാവിനെ ആശ്രയിച്ചു കൊടുങ്ങല്ലൂരിൽ താമസിച്ചിരുന്നതായി ഊഹിക്കുവാൻ ഗ്രന്ഥം വഴി തെളിക്കുന്നുണ്ട്. അഹോ ചൂണ്ണീസരിൽകല്ലോലഹസ്താലിങ്ഗിതമേഖലായാഃ കേരളകുലരാജധാന്യാഃ ശ്രീരാമവമ്മപരിപാലിതായാ മഹോദയപുര്യാഃ'' എന്നും ''വികചകുമുദരജോധൂസരചൂണ്ണീനദീസരിദ്ഊമ്മിമഞ്ജരീലാസ്യക്രിയാദേശികസ്സ്വയമവതരതി മാരുതഃ'' എന്നുമുള്ള പ്രസ്താവനകൾക്കു പുറമേ ഗ്രന്ഥാവസാനത്തിൽ

''യാവൽ ഖണ്ഡേന്ദുമൗലിം ശ്രയതി ഗിരിസുതാ;
യാവദാസ്തേ മുരാരേ–
ർവ്വക്ഷസ്യക്ഷീണഹാരദ്യുതിമണിശബലേ
ദേവതാ മങ്ഗളാനാം;
യാവദ്വക്ത്രേഷു മൈത്രീമുപനയതി ഗിരാ–
മീശ്വരീ പത്മയോനേ–
സ്താവല്ലക്ഷ്മീപ്രസൂതിസ്സ്വയമവതു ഭുവം
രാമവമ്മാ നരേന്ദ്രഃ''

എന്നൊരു ഭരതവാക്യവും പ്രസ്തുതഭാണത്തിൽ സംഘടിതമായിരിക്കുന്നു. സംസ്കൃതഭാഷയിൽ ഇതുവരെ കണ്ടുകിട്ടീട്ടുള്ള ഭാണങ്ങളിൽ പഴക്കംകൂടിയവ ശൂദ്രകൻെറ പത്മപ്രാഭൃതകവും ഈശ്വരദത്തൻെറ ധൂത്തവിടസംവാദവും വരരുചിയുടെ ഉഭയാഭിസാരികയും ശ്യാമിലകൻെറ പാദതാഡിതകവുമാണ്. ഈ നാലു കവികളെയും പ്രശംസിച്ച്,

Digitized By Kerala Sahitya Akademi

''വരരുചിരീശാനദത്തഃ
ശ്യാമിലകശ്ശൂദ്രകശ്ച ചത്വാരഃ
ഏതേ ഭാണാൻ ബഭണുഃ;
കാ ശക്തിഃ കാളിദാസസ്യ?''

എന്നൊരു പഴയ ശ്ലോകമുണ്ടു്. വിടനിദ്രയുടെ അവസാനത്തിൽ

''സകലനിഗമവിദ്ഭ്യസ്സംഗൃഹീതാർത്ഥശബ്ദ–
സന്ദൃതസകലരസേഭ്യഃ പ്രാക്തനേഭ്യഃ കവിഭ്യഃ
ഭവതു ശിവമശേഷപ്രാജ്ഞഹൃൽപുണ്ഡരീകോ–
ച്ഛ്വാസനദിനമണിഭ്യോ ഭാണകൃദ്ഭ്യശ്ചതുർഭ്യഃ''

എന്ന ശ്ലോകത്തിൽ സൂചിപ്പിക്കുന്നതും ഈ നാലു കവികളെപ്പററിത്തന്നെയാണു്. കേരളീയർ നിർമ്മിച്ചിട്ടുള്ള ഭാണങ്ങളിൽ ഏററവും പ്രാക്തനമായിട്ടുള്ളതു് ഈ ഗ്രന്ഥമാണെന്നു തോന്നുന്നു. കവിയുടെ വാസന അസാധാരണമാണു്. ഉദാഹരണത്തിനു് ഏതാനും ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

(1) സ്ത്രീചാട്ടു.

''തലോദരി തവാപാങ്ഗൈഃ ക്രീതമേകം ജഗത്ത്രയം;
ത്വാം വിനാ സ തു കന്ദർപ്പഃ കന്ദർപ്പമവലംബതേ?''

(2) ഒരു ദുഷ്കവി രചിച്ച ശ്ലോകം.

കശ്ചിൽ കാമീ മുസലനിഹതസ്സ്വസ്ത്രിയാ സ്വച്ഛഗാത്ര്യാ
വാക്പാരുഷ്യൈഃ പ്രബന്ധൈഃ പ്രസഭമഭിഹതഃ
ശ്രോത്രയോസ്തീക്ഷ്ണതീക്ഷ്ണൈഃ
കഞ്ചന വിപിനപ്രദേശേ സംസമിതശ്ചാപദാക്ഷേ്യ
ശാർദ്ദൂലമൂർദ്ധ്വതരവം പ്രജിഘ്രായ ദുഃഖീ''

ഈ ദുഷ്കവിയെ ഗ്രന്ഥകാരൻ വളരെ അപഹസിക്കുന്നുണ്ടു്.

(3) സ്ത്രീചാട്ടു.

വിലുളിതഘനകുന്തളാ വിസർപ്പ–
ച്ഛ്രമജലബിന്ദുരുദഗ്രഖേദവേഗാ
കലയതി തവ ഗാത്രയഷ്ടിരേഷാ
ഘടിതനിവൃത്തനിയുദ്ധമല്ലലീലാം.''

(4) തരുണീവർണ്ണനം.

''ഗ്രന്ഥിഗ്രന്ഥനിതംബലംബിരശനാ ഗാത്രേഷു സർവേഷ്വപി
സ്മാരായോധനകർമ്മഗർവ്വപിശുനൈർവ്വീരവ്രണൈരങ്കിതാ
താരുണ്യോപനിബദ്ധജാഗൃവി മദാലങ്കാരഝങ്കാരിതാ
സന്ധത്തേ മമ നേത്രയോർന്നിരുപമാം പ്രീതിം ചകോരേക്ഷണാ''

(5) മേല്പടി.

''സജലജലദസ്നിഗ്ദ്ധാഃ കേശാഃ സരോജരുചൗ ദൃശൗ
ഹസതി വദനം രാകാചന്ദ്രം ലതാലളിതൗ ഭുജൗ;

Digitized By Kerala Sahitya Akademi

സ്തനമുകുളിതം വക്ഷോ വാത്തേവ മധ്യമിതി ധ്രുവം
വിജിതകദളീസ്തംഭാവൂരൂ ഗതം ച മദാലസം.''

(6) കൊടുങ്ങല്ലൂരിലെ അന്തിച്ചന്ത:—
''വർണ്ണാനാം വചസാം ച ന ക്രമജുഷാം ഭേദഃ പരം ദൃശ്യതേ;
സ്വനാഖഡ്ഗനികൃത്തജന്തുനിവഹക്രേങ്കാരവാചാലിതാ
വക്ത്രഗ്രസ്തവിശീർണ്ണമേഷ നളകാപംക്തിശ്ശുനാം ഭ്രാജതേ
സമ്മർദ്ദഃ ക്രയവിക്രയാകുലധിയാം പ്രസ്തൗതി കോലാഹലം.''

(7) ഉപദേശം.
''ഗിരാം ഗതിമവിജ്ഞായ ഭാവം കവയതാമപി
ജനഃ പരപ്രത്യയതോ ന നന്ദതു ന നിന്ദതു.''

'സൂത്രധാരകൃതാരംഭ'മാണു, കേരളത്തിലെ പ്രാക്തനങ്ങളായ ഇതര രൂപകങ്ങളെപ്പോലെ ഈ ഭാണവും. താഴെക്കാണുന്ന അവതരണപദ്യം കൂടി ഇവിടെ ഉദ്ധരിക്കേണ്ടതുണ്ട്.

(8) ''ജയതി സുകൃതൈഃ പ്രാണൈർവൃത്തേ മിഥഃ കലഹോത്സവേ
ഝടിതി ദയിതേ ഗാഢോൽകമ്പപ്രണാമവിധായിനി
വിചലിതകുചസ്സാരങ്ഗാക്ഷ്യാ വിലോളിതകുന്തളഃ
ശിരസി നിഹിതഃ പാദാഘാതസ്സനൂപുരനിസ്സ്വനഃ''

ഗ്രന്ഥത്തിൻെറ സാരസ്യം ഈ ശ്ലോകങ്ങളിൽനിന്നു് അനുമേയമാണല്ലോ. ''ശംകോപസ്യ മുണ്ഡധാരിണഃ പള്ളിമുത്തരേണ'' എന്നൊരു പങ്ക്തി കാണുന്നതിൽനിന്നു ശംകോപനു പ്രത്യേകമായി ഒരു ക്ഷേത്രം അന്നു കൊടുങ്ങല്ലൂരുണ്ടായിരുന്നു എന്നും അതു് അവൈദികമാണെന്നു ഗ്രന്ഥകാരനെപ്പോലെയുള്ള സ്മാർത്തന്മാരായ കേരളീയർ കരുതിയിരുന്നു എന്നും കാണാവുന്നതാണ്:

Digitized By Kerala Sahitya Akademi

പതിനാറാമദ്ധ്യായം

# ഭാഷാകൃതികൾ--പദ്യം

## ക്രി: പി: പതിന്നാലാംശതകം

**നിരണം കവികൾ—കണ്ണശ്ശൻ പറമ്പ്:**—രാമചരിതകാരനാൽ ക്ഷുണ്ണമായ പാട്ടെന്ന സാഹിത്യപ്രസ്ഥാനത്തിൽ സ്വച്ഛന്ദമായി സഞ്ചരിച്ചു വിസ്മയാവഹമായ വിജയംനേടി കൈരളീദേവിയെ അനർഘങ്ങളായ ആഭരണങ്ങളണിയിച്ചു ധന്യയാക്കിയ മഹാനുഭാവന്മാരാണ് നിരണംകവികൾ. ഈ പേരിൽ മൂന്നു കവികളുണ്ട്. അവരിൽ ഒന്നാമൻ ഭഗവദ്ഗീതാകാരനായ മാധവപ്പണിക്കരും, രണ്ടാമൻ ഭാരതമാലാകാരനായ ശങ്കരപ്പണിക്കരും, മൂന്നാമൻ രാമായണാദിവിവിധപ്രബന്ധപ്രണേതാവായ രാമപ്പണിക്കരുമാണെന്നു് ഉദ്ദേശിക്കാം. തിരുവല്ലാത്താലൂക്കിൽ നിരണം എന്ന സ്ഥലത്തു തൃക്കപാലീശ്വരം എന്നൊരു ശിവക്ഷേത്രമുണ്ട്. ആ സ്ഥലത്തിനും ക്ഷേത്രത്തിനും മുൻകാലത്തു് ഇന്നത്തേക്കാൾ അധികം പ്രസിദ്ധിയുണ്ടായിരുന്നു. നിരണവും അതിനു ചുററുപാട്ടുമുള്ള പ്രദേശവും കൊടുങ്ങല്ലൂർപോലെ മഹോദയപട്ടണം എന്ന പേരിനാൽ അറിയപ്പെട്ടിരുന്നു. തൃക്കപാലീശ്വരംക്ഷേത്രം പെട്ടിക്കമ്മൾ എന്ന ഒരു മാടമ്പിയുടെ വകയാണ്. ഈ ക്ഷേത്രത്തിനടുത്തു വടക്കുപടിഞ്ഞാറായി കണ്ണശ്ശൻപറമ്പ് എന്ന പേരിൽ ഇന്നും അറിയപ്പെടുന്ന ഒരു പറമ്പുണ്ട്. അവിടെയായിരുന്നു നിരണംകവികളുടെ ജനനം. ''ചെമ്പൊടിരുന്നുമുരുക്കശരക്കോലൻപത്തീരടി മുൻപുവലത്തു്'' എന്നൊരു പഴയ പദ്യഖണ്ഡം ഈ പറമ്പിൻെറ സ്ഥാനത്തെ നിർദ്ദേശിക്കുന്നു എന്നു പഴമക്കാർ പറയാറുള്ളതു ശരിയല്ല. കിഴക്കോട്ടുതിരിഞ്ഞാണ് ക്ഷേത്രത്തിലെ പ്രതിഷ്ഠ. അതിനു പടിഞ്ഞാറുഭാഗത്തു കൊല്ലൻേറയും ആശാരിയുടേയും വീടുകൾ ഉണ്ട്. അവയ്ക്കു 'മുൻവലത്താ'യി 'അൻപത്തീരടി' എന്ന പേരിൽ ഒരു കളരിയും കാണുമാറുണ്ട്. അതുകൊണ്ടു പ്രസ്തുതപദ്യഖണ്ഡം, കണ്ണശ്ശൻപറമ്പിനെയല്ല 'അൻപത്തീരടി' എന്ന കളരിയെയാണ് പരാമർശിക്കുന്നതെന്നുവേണം ഊഹിക്കുവാൻ.

**ചരിത്രം:**—നിരണംകവികളുടെ ചരിത്രത്തെപ്പററി എന്തെങ്കിലും ഉപന്യസിക്കുന്നതിനുമുൻപായി അവർ തങ്ങളെപ്പററി ചെയ്തിട്ടുള്ള പ്രസ്താവനകൾ ഉദ്ധരിക്കേണ്ടതു് ആവശ്യകമാകുന്നു. ഭഗവൽഗീതയുടെ അവസാനത്തിലുള്ള രണ്ടു ശീലുകളാണ് ചുവടേ ചേർക്കുന്നതു്.

''ഇതു നീ ദിവ്യദൃശാ കാൺകെൻററി—
    വീടിയ വേദവ്യാസനിയോഗാൽ
ചതിയേ കണ്ണില്ലാൽക്കണ്ണില്ലാൻ
    താരണിപതിധൃതരാഷ്ട്രനു കേൾപ്പാൻ

Digitized By Kerala Sahitya Akademi

മതിമാനാകിയ സഞ്ജയനേവം
മരുവിസുരത്താനിതു മതിയില്ലാ
അതിബാലൻ മാധവനാമം ചേ—
രഹമിത സംക്ഷേപിച്ചുരചെയ്യേൻ.
ഉരചേർന്നമരാവതിസമമായേ—
യുററന ചെല്വമെഴും മലയിൻകീഴ്—
തിരുമാതിൻ വല്ലഭനരുളാലേ
തെളിവൊടു മാധവനഹമിടർ കളവാൻ
പരമാദരവൊടു ചൊല്ലിയ ജ്ഞാന—
പ്പനുവൽ മുകുന്ദപദാംബുജമൻപൊടു—
മരനാഴിക മറവാതുരചെയ്യവ—
രത്ഭുതമുക്തിപദം പ്രാപിക്കും.''

താഴെക്കാണുന്ന പാട്ടു ഭാരതമാലയുടെ അവസാനത്തിലുള്ളതാകുന്നു.

''തന്നുണർവേ സംസാരച്ഛേദ—
സമസ്തവുമായേ കാലവുമെങ്ങും
ഉന്നി നിറന്തഖിലത്തിനുമൊത്തു
തുരീയാതീതവുമായുണർവായേ
തന്നുണർവായുണർവേ വടിവാകി മ—
ഹാഭാരതകഥ ശങ്കരനമ്പൊടു
ചൊന്നതുരയ്പവരെയെയ്പവരെൻവം
ശോകമൊഴിന്തവനന്ത സുഖത്തെ''

ഇനി ഉദ്ധരിക്കുവാൻ പോകുന്ന ഭാഗങ്ങൾ രാമപ്പണിക്കരുടെ കൃതി കളിൽനിന്നാണ്.

അവനിയിൽ നമ്പചേർ നിരണം
തനിക്കൊരു ദീപമായ് വ—
ന്നവതരണംചെയ്താൻ കരുണേശ—
നാകിയ ദേശികൻ മ—
ററവ്വണ്ണം പിറന്നുള്ള പുത്രരാ—
മവർകൾക്കെല്ലാമൻ—
പമർ മരുകൻ കനിന്തൊരു
രാമദാസനതീവ ബാലൻ,
അവനിയിൽ മുന്പു മാമുനി താ—
നിയററിയ ചാരു രാമാ—
യണമതുകണ്ടതീവ ചുരുക്കമൊ—
യിവണ്ണം മൊഴിന്താൻ.
അവനിവനെന്നെല്ലാമില്ല
സൽക്കഥാമുരചെയ്യതിന്നി—

Digitized By Kerala Sahitya Akademi

ന്നതിസുഖമെയ്തുമങ്ങിതു കോക്കിൽ
മാററിതു ചൊല്ലിനാലും.''

രാമായണം യുദ്ധകാണ്ഡത്തിന്റെ അവസാനത്തിലുള്ള ഈ പ്രസ്താവനയെ ഉത്തരകാണ്ഡത്തിന്റെ ഉപസംഹാരത്തിൽ കവി സ്വല്പം കൂടി വിസ്തരിക്കുന്നു.

''വാനുലകിനു സമമാകിയ നിരണ-
മഹാദേശേ താൻ വന്നുളനായാ-
നൂനമിലാത മഹാഗുരുവരനാ-
യുഭയകവീശ്വരനായ മഹാത്മാ,
മാനിതനാകിയ കരുണേശൻ പര-
മാത്മാവേ താനെന്നറിവുറേറ
ദീനത വാരാതേ മറേറാരോ
ദേഹികളെപ്പോൽ വാണ്ണാൻ പല നാം.
ആനവനിരുവർ തനൂജന്മാരുള-
രായാരവരുടെ സോദരിമാരായ്
മാനിനിമാരൊരു മൂവർ പിറന്നാർ;
മററുകാലമവൻ തിരുവടിയും
താനുടനേ തന്നുടലൊട്ടു വേറായ്-
ത്തനിയേ പരമാത്മാവേയായാൻ
ആനവനോടെതിരായ് വിദ്യാധിപ-
രായാർ പുനരവനുടെ തനയന്മാർ.
തനയന്മാരാമവരിരുവക്കു
സഹോദരിമാർ മൂവക്കും മകനാ-
യനുപമരായവർ മൂവരിലിളയവ-
ളാകിയ മാനിനി പെററവളനായാൻ,
ഇനിയ മഹാദേവാജ്ഞയിനാലേ-
യിതമൊടു പാലകനാകിയ രാമൻ;
പുനരവനും നിജപാപം കളവാൻ
പുരുഷോത്തമകഥ ചൊല്ല തുനിഞ്ഞാൻ.''

ഭാഗവതം പാട്ടിന്റെ ഒടുവിൽ താഴെക്കാണുന്ന ശീലുകൾ കാണുന്നു.

''ദേവകിമകനായേ യവതാരം
ദേവകൾ വിധിയാലേ ചെയ്തീടിയ
പൂവിൽ മടന്ത മണാളൻ തന്നുടെ
പുണ്യമതായീട്ടം കഥ ചെമ്മേ
ആവിയിലുളവായീട്ടം ദുരിത-
മറം പടി രാമനുരത്തീടിയ കവി-

Digitized By Kerala Sahitya Akademi

യേവരുരത്തീടിൻറവരേവരു–
മെയ്ക്കീടും പരമാമറിവോടേ.''

ചുവടേ പകർത്തുന്നതു ശിവരാത്രിമാഹാത്മ്യംപാട്ടിൻെറ അവസാനത്തിൽ നിന്നാണ്.

''ഇതു നിരണത്തു കപാലീശ്വരമാ–
ന്നീടിന പശുപതിതന്നരുളാലേ–
യിതമൊടവൻ തിരുവടിയുടെ ചരിത–
മിയന്നുമതിന്നു തുനിഞ്ഞിതു മുററം.
ബത! ഗുരുനാഥന്മാരറിവീടിയ
വേദവ്യാസാദികളുമെനിക്കി–
ങ്ങതിസുഖമായ് നല്കീടുക വരമി–
ങ്ങണയാ മമ പാതകമിതു ചൊന്നാൽ.
ആരണരാദിസമസ്തപ്രാണിക–
ളാമവർകൾക്കും പാപം കളവാൻ
കാരണമാകിയ ശിവരാത്ര്യാ വ്രത–
കഥയിതു തന്നാലായ പ്രകാരം
സാരതയില്ലാതകതിയിരാമൻ
താൻ നിരണത്തു കപാലീശ്വരമേ
ചേരുമുമാപതി തന്നരുളാലേ
ചെയ്താനേവം ഭാഷയിനാലേ.''

ഭാരതം പാട്ടിൽനിന്നാണ് അടിയിൽ കാണുന്ന ശീൽ എടുത്തു ചേൎക്കുന്നതു്.

''കളവാൻ പാപം മുന്നേ രാമ–
കഥാമൊട്ടായപ്രകാരം ചൊന്നേ–
നിളയാതേ ശ്രീകൃഷ്ണകഥാമിനി–
യെളുതായൊരു പടി ചൊൽക നിനൈന്തേൻ;
എളിയോനകതിയിവൻ പുനരെൻേറാ–
ത്തെന്നെയിതിന്നികഴാരറിവുടയോർ;
ജളരാമവരപരാധം ചൊന്നാൽ–
ച്ചേതവുമില്ല നവണ്ടു നമുക്കോ.''

മേൽ ഉദ്ധരിച്ച പാട്ടുകളിൽനിന്നു താഴെക്കാണുന്ന വസ്തുതകൾ വെളിപ്പെടുന്നു. നിരണമെന്ന 'മഹാദേശ'ത്തിൽ ഒരു മഹാനുഭാവൻ അവതരിച്ചു. കരുണേശൻ എന്നായിരുന്നു അദ്ദേഹത്തിൻെറ നാമധേയം. അദ്ദേഹം ഒരു വിശിഷ്ടപണ്ഡിതനും പരമയോഗിയും 'ഉഭയകവീശ്വര'നും അതായതു സംസ്കൃതത്തിലും ഭാഷയിലും ഒന്നുപോലെ കവനംചെയ്യുന്നതിൽ സമൎത്ഥനുമായിരുന്നു. ദീർഘായുഷ്മാനായ അദ്ദേഹത്തിനു രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. അവരിൽ ഒടുവിലത്തെ പുത്രിയുടെ മകനായിരുന്നു രാമപ്പണിക്കർ. അദ്ദേഹത്തിൻെറ അമ്മാവന്മാർ

Digitized By Kerala Sahitya Akademi

രണ്ടുപേരും അവരുടെ പിതാവിനൊപ്പാലെതന്നെ 'വിദ്യാധിപ'ന്മാരായിരുന്നു. ഇത്രയും വിവരങ്ങൾ സ്പഷ്ടമാണ്. മററുചില വിവരങ്ങൾക്ക് ഐതിഹ്യത്തേയും അനുമാനത്തേയും ആശ്രയിക്കേണ്ടിയിരിക്കുന്നു. ഒന്നാമതായി ഞാൻ ഊഹിക്കുന്നതു് 'ഉഭയകവീശ്വര'ന്റെ പേർ കണ്ണശ്ശൻ എന്നായിരുന്നു എന്നാണ്. കണ്ണൻ എന്ന പേർ അദ്ദേഹം മഹാഗുരുവായപ്പോൾ കണ്ണശ്ശനെന്നു രൂപാന്തരപ്പെട്ടു; കണ്ണശ്ശൻ സംസ്കൃതീകൃതമായപ്പോൾ കരുണേശനായി പരിണമിക്കുകയും ചെയ്തു. ഇവിടെ ഒരു പൂർവ്വപക്ഷമുള്ളതു കരുണേശൻ എന്ന പദം മഹാവിഷ്ണുപര്യായമായി കവി പല അവസരങ്ങളിലും പ്രയോഗിച്ചിട്ടുണ്ടെന്നും അതുകൊണ്ടു പ്രകൃതത്തിലും ആ അർത്ഥം സ്വീകരിക്കുന്നതാണ് സമീചീനമെന്നുമാകുന്നു. കരുണേശപദം ഞാൻ മുകളിൽ ചേർത്തിട്ടുള്ള രണ്ടു പാട്ടുകളിൽ കാണുന്നുണ്ട്. 'മാനിതനാകിയ കരുണേശൻ പരമാത്മാവേ താനെന്നറിവുററ' എന്ന വരിയിൽ 'കരുണേശ'നെ കല്പിച്ച 'പരമാത്മാ'വിന്റെ വിശേഷണമായി കരുതാമെന്നിരിക്കട്ടെ; അതിനുതന്നെയും 'മാനിത'പദപ്രയോഗംകൊണ്ട് അനൗചിത്യം സംഭവിക്കുന്നു എന്നുള്ളതു തൽക്കാലത്തേക്കു വിസ്മരിക്കാം. 'അവതരണംചെയ്താൻ കരുണേശനാകിയ ദേശികൻ' എന്ന വരിയിൽ മഹാവിഷ്ണുവുമായി കരുണേശപദത്തെ എങ്ങനെ ഘടിപ്പിക്കുവാൻ കഴിയും? 'കരുണേശനാകിയ' എന്നതിനു കരുണേശതുല്യനായ എന്നു് അർത്ഥയോജന ചെയ്യുന്നതു ശരിയായിരിക്കുമോ? അതുകൊണ്ടു് എന്റെ ഇപ്പോഴത്തെ സ്ഥിരമായ അഭിപ്രായം രാമപ്പണിക്കരുടെ മാതാമഹന്റെ പേർ കണ്ണശ്ശനെന്നായിരുന്നു എന്നുതന്നെയാണ്. എന്നാൽ രാമപ്പണിക്കരേയും കണ്ണശ്ശനെന്നു വിളിച്ചിരുന്നു എന്നും പക്ഷേ അനുമാനിക്കാം. അദ്ദേഹത്തിന്റെ രാമായണത്തിനു കണ്ണശ്ശരാമായണമെന്നു പേർ വന്നതു് ഇന്നോ ഇന്നലെയോ അല്ല.

> ''പരൻ കഥയെക്കമ്പർ പന്തീരായിരത്താൽ
> പകർന്ത കഥൈ കണ്ണശ്ശനിൽപ്പാതിയാം''

എന്നതു് ഒരു പഴയ പാട്ടാണ് എന്നു നാം കണ്ടുവല്ലോ. കണ്ണശ്ശപ്പണിക്കർ സാഹിത്യത്തിലെന്നതുപോലെ വിനോദവ്യവഹാരത്തിലും വിദഗ്ദ്ധനായിരുന്നു എന്നൊരൈതിഹ്യമുണ്ട്. അദ്ദേഹത്തിന്റെ പല നേരമ്പോക്കുകളിൽ ഒന്നുമാത്രം ഇവിടെ പ്രസ്താവിക്കാം. അദ്ദേഹം സ്വഗൃഹത്തിൽ ഏതോ ഒരടിയന്തരത്തിന്നു് അയൽവീടുകളിൽനിന്നു് ഓരോ ഉരുളി ഇരവലായി വാങ്ങുകയും അവ തിരിയെ ഏല്പിച്ചപ്പോൾ ഓരോ കൊച്ചുരുളികൂടിക്കൊടുക്കുകയും ചെയ്തു. അതിനെപ്പററി ചോദിച്ചവരോടു് അദ്ദേഹത്തിന്റെ സമാധാനം വലിയ ഉരുളികൾ കൊച്ചുരുളികളെ പ്രസവിച്ചു എന്നായിരുന്നു. ഉടമസ്ഥന്മാർ രണ്ടുരുളികളും സന്തോഷത്തോടുകൂടി സ്വീകരിച്ചു. മററൊരടിയന്തരത്തിനു വീണ്ടും ഓരോ ഉരുളി ആവശ്യപ്പെട്ടപ്പോൾ ഒട്ടുവളരെപ്പേർ അതു കൊടുക്കുവാൻ മുന്നോട്ടുവന്നു. പണിക്കർ ആ ഉരുളികൾ ഒന്നും തിരിയെ ഏല്പിച്ചതേയില്ല. കാരണം ചോദിച്ചപ്പോൾ അവയെല്ലാം ചത്തുപോയെന്നു പറയുകമാത്രമാണുണ്ടാ

Digitized By Kerala Sahitya Akademi

യതു്. പെററുണ്ടാകുന്നതു ചാകുകയും ചെയ്യുമല്ലോ, എന്നായിരുന്ന അദ്ദേഹത്തിൻെറ യുക്തി. ഒടുവിൽ അമിതമായ ആശകൊണ്ടുണ്ടാകുന്ന ആപത്തു് ആ ദിഗംബരസികളെ മനസ്സിലാക്കിയതിനുമേൽ ഉരുളികളെല്ലാം മടക്കിക്കൊടുക്കുകയും ചെയ്തുവത്രേ. ഇത്തരത്തിലുള്ള അടവുകൾ യോഗിവര്യനായ സാക്ഷാൽ കണ്ണശ്ശൻ കാണിച്ചിരിക്കുമോ എന്നു സംശയമാണു്. അതുകൊണ്ടു് ആ വഴിക്കും രാമപ്പണിക്കർക്കു കണ്ണശ്ശനെന്നുകൂടി (മാതാമഹൻെറ നാമധേയം) പേരുണ്ടായിരുന്നിരിക്കാമെന്നു് അനുമാനിക്കുന്നതിൽ വലിയ പ്രമാദത്തിനു വകയുണ്ടെന്നു തോന്നുന്നില്ല. എന്നാൽ എൻെറ ഊഹം ആ ഐതിഹ്യത്തിലല്ല അധിഷ്ഠിതമായിരിക്കുന്നതു് എന്നു് ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഒരാൾക്കു നാമകരണമുഹൂർത്തത്തിൽ ഒരു പേരും അനന്തരം വാത്സല്യദ്യോതകമായി മററൊരു പേരും നല്കുന്നതു് അത്ഭുതപൂർവമല്ല; രണ്ടിനും തമ്മിൽ ആർത്ഥികമായി വല്ല ബന്ധവുമുണ്ടായിരിക്കണമെന്നു് നിയമവുമില്ല. 'കരുണേശനാകിയ ദേശികൻ' എന്ന പ്രസ്താവനയിൽനിന്നു് ഒന്നിലധികം 'ഗുരുനാഥന്മാർ' ഉണ്ടായിരുന്നിരിക്കാവുന്ന രാമപ്പണിക്കരുടെ ഒരു ഗുരു ''പലനാൾ വാണ്ണ'' തൻെറ മാതാമഹൻതന്നെയാണെന്നും വരാവുന്നതാണു്.

**മൂന്നു കവികൾക്കും തമ്മിലുള്ള സംബന്ധം:—** ഭഗവദ്ഗീതയും ഭാരതമാലയും രാമായണാദികൃതികളും സൂക്ഷ്മദൃഷ്ട്യാ വായിക്കുന്ന ഒരാൾക്കു് അവയെല്ലാം ഏകദേശം ഒരേ കാലത്തു് വിരചിതങ്ങളായ പ്രബന്ധങ്ങളാണെന്നു കണ്ടുപിടിക്കുവാൻ പ്രയാസമുണ്ടാകുന്നതല്ല. ആ പാട്ടുകൾക്കു് എതുക, മോന, അന്താദിപ്രാസം, വൃത്തവിശേഷം ഈ ലക്ഷണങ്ങളെല്ലാമുണ്ടു്. ദ്രമിഡസംഘാതാക്ഷരനിബദ്ധമല്ലെന്നുള്ളതു് അവയെ രാമചരിതത്തിൽനിന്നു വ്യാവർത്തിപ്പിക്കുന്നു. മൂന്നു കവികളും തിരഞ്ഞെടുത്തിട്ടുള്ള വൃത്തങ്ങളും സമാനരൂപങ്ങളാകുന്നു. രാമചരിതത്തിൽ കാണുന്ന പഴയ മലയാളപദങ്ങളും പ്രയോഗങ്ങളും പ്രായേണ നിരണംകൃതികളിലുമുണ്ടു്. എന്നാൽ മലയാളത്തിനു സംസ്കൃതസമ്പർക്കംകൊണ്ടുള്ള കാലാനുസൃതമായ വികാസം അവയിൽ എവിടേയും പ്രസ്പഷ്ടവുമാണു്. 'ഏഷ കഷായപടാവൃതകടിതടശോഭിതനായ് വാമാംസേ' എന്നും 'പുഷ്കരപത്രമനോഹരനേത്രേ പൂർണ്ണശശാങ്കനിഭാനനരമ്യേ' എന്നും 'അവ്യക്തം പരിപൂർണ്ണമഹം പുനരഖിലചരാചരഭൃതം' എന്നും മററും പ്രയോഗിക്കുവാൻ അവർക്കു യാതൊരു ക്ലേശവും തോന്നിയില്ല. രാമപ്പണിക്കർ താൻ നിരണത്തുകാരനും തൃക്കപാലീശ്വരത്തു ശിവൻെറ ഉപാസകനുമാണെന്നു തുറന്നു പറയുന്നുണ്ടു്. ശങ്കരൻ ആ വിഷയത്തിൽ മൂകനാണു്. അദ്ദേഹത്തെ ഒരു പ്രതീകത്തിൽ 'ഇതി വെള്ളാങ്ങല്ലൂർ ശങ്കരവിരചിതായാം ഭാരതമാലായാം' എന്നു രേഖപ്പെടുത്തിട്ടുള്ളതായി അറിയുന്നു. ആ കുറിപ്പിൽനിന്നുമാത്രം മാധവൻ കൊച്ചിയിലെ വെള്ളാങ്ങല്ലൂർക്കാരനാണെന്നു് അനുമാനിക്കേണ്ടതില്ല. മാധവപ്പണിക്കർ താൻ മലയിൻകീഴ് ശ്രീകൃഷ്ണൻെറ ഭക്തനാണെന്നു പ്രസ്താവിച്ചിരിക്കുന്നു. മലയിൻകീഴ്കാരനെ

Digitized By Kerala Sahitya Akademi

എങ്ങനെ നിരണവുമായി ഘടിപ്പിക്കാമെന്നു ചിലർ ചോദിക്കാറുണ്ട്. അതിനു സംശയം നീങ്ങത്തക്ക വിധത്തിൽ ഉത്തരം പറവാൻ കഴിയും. മലയിൻകീഴിൽ തിരുവല്ലാ വിഷ്ണുക്ഷേത്രംവക വസ്തുക്കൾ ഉണ്ടായിരുന്നു എന്നു തിരുവനന്തപുരം കാഴ്ചബംഗളാവിൽ സൂക്ഷിച്ചിട്ടുള്ളതും ക്രി: പി: പതിനൊന്നാം ശതകത്തോടടുപ്പിച്ച് ഉത്ഭവിച്ചതെന്ന് ഊഹിക്കാവുന്നതുമായ ഒരു താമ്രശാസനത്തിൽനിന്നറിയുന്നു. കൊല്ലം 921 കന്നി 2-ാംനു-യിലെ ഒരു രേഖയിൽ 'തിരുവല്ലാ ക്ഷേത്രത്തിലേയും പെരിങ്ങര തൃക്കോവിലിലേയും മലയിൻകീഴിടപെട്ട ക്ഷേത്രങ്ങളിലേയും' എന്ന വാചകമുള്ള ഒരു 'സാക്ഷിയോലക്കാരും' കാണ്മാനുണ്ട്. മലയിൻകീഴ്തേവരെ തിരുവല്ലാത്തേവരെപ്പോലെതന്നെ 'തിരുവല്ലഭൻ' എന്ന് ഒരു സ്തോത്രത്തിൽ പ്രസ്തുതകവികളിൽ ഒരാൾ വന്ദിച്ചു കാണുന്നു. 'ചൊല്ലാർന്നന മലയിൻകീഴ്ത്തിരുവല്ലഭനേ' എന്നാണ് അദ്ദേഹം ആ ദേവനെ അഭിസംബോധനം ചെയ്യുന്നതു്. ഇവയിൽനിന്ന് മലയിൻകീഴ്ക്ഷേത്രം തിരുവല്ലാക്ഷേത്രത്തിന്റെ കീഴീടായിരുന്നു എന്നൂഹിക്കാം. ഈ ക്ഷേത്രങ്ങൾ തിരുവല്ലാ ദേശികളും പ്രതാപശാലികളുമായ പത്തില്ലത്തിൽ പോററിമാരുടെ വകയായിരുന്നു. നിരണം, തിരുവല്ലാ ക്ഷേത്രസങ്കേതത്തിനു തെക്കാണെങ്കിലും ആ ഗ്രാമത്തിന്റെ ഒരു ഭാഗമായിരുന്നു. ആ വഴിക്കു പത്തില്ലത്തിൽ പോററിമാരുടെ കാര്യസ്ഥനെന്ന നിലയിൽ കണ്ണശ്ശപ്പണിക്കർക്കും അദ്ദേഹത്തിന്റെ കുടുംബക്കാർക്കും മലയിൻകീഴിൽ താമസിക്കേണ്ട ആവശ്യം നേരിട്ടിരുന്നിരിക്കാവുന്നതാണ്. അദ്ദേഹം മലയിൻകീഴ്നിന്നു സ്വദേശത്തേക്കു മടങ്ങിപ്പോകുമ്പോൾ ഏതോ ഒരു മലമ്പ്രദേശകളിൽവച്ചു പരഗതിയെ പ്രാപിച്ചതായി ഐതിഹ്യമുണ്ട്. അദ്ദേഹത്തിന്റെ പുത്രന്മാരായ രണ്ടു 'വിദ്യാധിപന്മാ'രിൽ ഒരാൾ മാധവപ്പണിക്കരും മററൊരാൾ ശങ്കരപ്പണിക്കരുമായിരിക്കാം. അവരെല്ലാവരും സംസ്കൃതത്തിൽ അസാധാരണമായ വൈദുഷ്യം സമ്പാദിച്ചിരുന്നു. ഇതരജാതിക്കാരുടെ വിദ്യാഭിവൃദ്ധിക്കു മലയാളബ്രാഹ്മണർ വിരോധികളായിരുന്നു എന്നുള്ള അപവാദത്തെ ഈ വസ്തുത ഏറെക്കുറെ മാർജ്ജനം ചെയ്യുന്നു.

**കാലം:**—പ്രസ്തുതകവികൾ ജീവിച്ചിരുന്ന കാലം ഏതെന്നാണ് അടുത്തതായി വിചാരണ ചെയ്യേണ്ടിയിരിക്കുന്നതു്. ഭാരതമാലയുടെ ഒരു പ്രതി കൊല്ലം 612-ൽ എഴുതിവച്ചിരുന്നതു 614-ൽ പകർത്തിയതിനും മററൊരു പ്രതി 689-ൽ പകർത്തിയതിനും പര്യാപ്തമായ ലക്ഷ്യമുണ്ട്. 614-ലെ ഗ്രന്ഥം ഗോവിന്ദപ്പിള്ള സർവാധികാര്യക്കാരും ഞാനും കണ്ടിട്ടുണ്ട്. തിരുവല്ലത്തിനു സമീപമുള്ള അമ്പലത്തറ ആശാന്റെ വകയായിരുന്നു ആ ഗ്രന്ഥം; അതിപ്പോൾ എവിടെയാണെന്നു രൂപമില്ല. 614-ൽ ഗ്രന്ഥം പകർത്തിയതു നിർമ്മാതാവിന്റെ അനുവാദത്തോടുകൂടിയായിരുന്നു എന്നു ഗോവിന്ദപ്പിള്ള പറയുന്നതിനു് ആധാരമൊന്നും കാണുന്നില്ല. 689-ലെ ഗ്രന്ഥത്തിൽ അതു 12-ലെ ഗ്രന്ഥം പകർത്തിയതാണെന്നു പ്രസ്താവിച്ചിട്ടുണ്ട്. ഈ തെളിവുകൾ

Digitized By Kerala Sahitya Akademi

വാച്യംകൊണ്ടും ഭാഷയുടെ ഗതിയെ ആസ്പദമാക്കിയും ഉദ്ദേശം കൊല്ലം 525നു മേൽ 625ന് അകം ഈ കവികൾ ജീവിച്ചിരുന്നു എന്നു ഞാൻ അനുമാനിക്കുന്നു.

**ഭഗവദ്ഗീത:**—സകലോപനിഷത്സാരസർവസ്വവും ഭാരതീയരുടെ ആത്മാഭിമാനത്തിനു സർവ്വഥാ നിദാനവുമായ ഭഗവദ്ഗീത സംസ്കൃതത്തിൽനിന്നു മലയാളത്തിൽ വിവർത്തനംചെയ്തു കേരളീയർക്കു പരമോപകർത്താവായിത്തീർന്ന മാധവപ്പണിക്കരുടെ സദ്വ്യവസായത്തെ എത്രതന്നെ ശ്ലാഘിച്ചാലും മതിയാകുന്നതല്ല. ഗീതയ്ക്കു ഇന്നു ഭാഷയിൽ പദ്യരൂപത്തിലും ഗദ്യരൂപത്തിലും പല തർജ്ജമകളുമുണ്ട്. എങ്കിലും അറനൂറോളം കൊല്ലങ്ങൾക്കുമുമ്പ് അന്യഭാഷകളിൽ പ്രസ്തുത ഗ്രന്ഥം സംക്രാന്തമാകാതെയിരുന്ന ഒരു കാലത്ത് അതിന്റെ മനോഹരമായ ഒരു വിവർത്തനംകൊണ്ടു സ്വഭാഷയെ പോഷിപ്പിച്ച പ്രസ്തുതകവിയോടു കേരളീയർ എന്നെന്നേക്കും കൃതജ്ഞന്മാരായിരിക്കുന്നതാണ്. ചോളദേശത്തിൽ ശീയാഴി(ശീർകാഴി)ക്കു സമീപം ജീവിച്ചിരുന്ന പട്ടനാർ എന്നൊരു കവി ഗീത തമിഴിൽ തർജ്ജമ ചെയ്തിട്ടുണ്ട്. ആ തർജ്ജമയ്ക്കും പണിക്കരുടെ തർജ്ജമയ്ക്കും തമ്മിൽ അത്യത്ഭുതമായ ഐകരൂപ്യം കാണുന്നു എന്നു് ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ''ഉററവരിൽപ്പെരുകീടിന കൃപയാമൊരു തിമിരം വന്നെന്നുടെ ഹൃദയേയുററിവാം കണ്ണേറെ മറഞ്ഞിട്ടൊരു നെറിയും കാണാതിടരുറേൻ'' എന്ന പണിക്കരുടേയും ''ആതലായറിവായ വഴിയിന്നൈ മററാങ്കവർ പാർ കാതലാമിരുൺമറൈപ്പ നെറിയെങ്കും കാണേ നാൻ'' എന്ന പട്ടനാരുടേയും വരികൾ നോക്കുക. ഇതുപോലെ അനവധി ഭാഗങ്ങളിൽ പ്രകടമായ സാദൃശ്യമുണ്ട്.

> ''ചേയമാമതുരൈ നിൻറു ചേമമാന കരം തേടി–
> യായനാർ പട്ടനാരായവതരിത്തരുളിനാലേ
> പോയനാൺ മൊഴിന്ത കീതൈ പുലപ്പെടുത്തുവതു മൻറി–
> ത്തൂയമാതവർക്കു മിന്തച്ചരുതി നൂറെറാടങ്കിനാരേ''

എന്നൊരു പഴയ പാട്ടുമുള്ളതായി അറിയുന്നു. എന്നാൽ പട്ടനാരുടെ കാലം ഇന്നും അജ്ഞാതമാണ്. അദ്ദേഹത്തിനു ദ്രാവിഡകവികളുടെ ഇടയിൽ ഗണനീയമായ ഒരു സ്ഥാനവുമില്ലതാനും. അതുകൊണ്ടു് രണ്ടു കൃതികൾക്കും തമ്മിലുള്ള ജന്യജനകഭാവം തീർച്ചപ്പെടുത്തുവാൻ തരമില്ലാതെയാണിരിക്കുന്നതു്. അന്നു തമിഴ്നാട്ടിനും കേരളത്തിനും തമ്മിൽ ഇന്നത്തേക്കാൾ കൂടുതൽ സംസ്കാരസമ്പർക്കമുണ്ടായിരുന്നതിനാൽ തമിഴ്കൃതി നോക്കിത്തന്നെ മലയാളകൃതി രചിച്ചിരിക്കണമെന്നു തീരുമാനിക്കുവാൻ എനിക്കു ധൈര്യം തോന്നുന്നില്ല. ഏതായാലും മാധവപ്പണിക്കർക്കു തമിഴ്കൃതിയുടെ സഹായം ആവശ്യമില്ലായിരുന്നു എന്നു പറയത്തക്കവിധത്തിലുള്ള സംസ്കൃതജ്ഞാനം സിദ്ധിച്ചിരുന്നു എന്നു ഭാഷാഭഗവദ്ഗീതയിൽ സ്പഷ്ടമായി കാണുന്നുണ്ട്. അദ്ദേഹം ശങ്കരഭഗവൽപാദരുടെ ഗീതാഭാഷ്യം വായിച്ചിരുന്നു എന്നുള്ള

Digitized By Kerala Sahitya Akademi

തിനും അതിൽ തെളിവുണ്ടു്. എഴുനൂറു ശ്ലോകങ്ങളടങ്ങിയ ഗീത നമ്മുടെ കവി 328 ശീലുകളായി തർജ്ജമ ചെയ്തിരിക്കുന്നു. "ഭക്തിയിനാൽ ഭഗവദ്ഗീതാർത്ഥം പരിചൊടു ചൊൽവാനായു് നിനവുറോൻ;" എന്നും "അഹമിതു സംക്ഷേപിച്ചുരചെയ്യേൻ" എന്നും പറഞ്ഞിട്ടുള്ളതിൽനിന്നു് അദ്ദേഹത്തിനു ഗീതാർത്ഥം സംക്ഷിപ്തമായി ഭാഷയിൽ പ്രദർശിപ്പിക്കണമെന്നുമാത്രമേ ആഗ്രഹമുണ്ടായിരുന്നുള്ളു എന്നു കാണാവുന്നതാണു്. കവി അത്യന്തം അനുദ്ധതനാണെന്നു താഴെക്കാണുന്ന പാട്ടുകൾ തെളിയിക്കുന്നു.

"ഒരു പടിയോഗത്താലുള്ളിൽക്ക–
ണ്ടുത്തമനാകിയ വേദവ്യാസൻ
തിരുവടി ചൊല്ലിയ പുണ്യപുരാണം
തികയെച്ചൊല്ലുവനെന്നു നിനച്ചതു
പെരുമതകും ശ്രീപാൽക്കടൽ കണ്ടു
പിപീലി കുടിപ്പാൻ കരുതിയതൊക്കും;
ഗുരുജനമായ മഹാജനമിതിനൊരു
കുറപറയായ്കെന്നടിമലർ തൊഴുതേൻ.
മലരയനൊടു നേർ വേദവ്യാസൻ
മററും സംസ്കൃതപദ്യങ്ങളിനാൽ
നലനല നാനാർത്ഥങ്ങളുരത്തതു
ഞാനും ഭാഷാകവിയിലുരപ്പൻ;
വിലയറിവാനരുതാകിയ രത്നം
വേറൊരു പൊന്നിൻചെപ്പിലതല്ലാ–
ലലവലയാകിയ തുകിലിൽപ്പൊതികിലു–
മതിനുടെ മഹിമവിരോധം വരുമോ?"
"പാരാശര്യ മഹാമുനിതിലകൻ
പതിനെട്ടദ്ധ്യായത്തിലുരത്തതു
നാരായണനരുളാലൊരു നരകൃമി
ഞാനുമിതൊരു പടി ചൊല്ക തുനിഞ്ഞേൻ."

എന്നും അദ്ദേഹം വിജ്ഞാപനം ചെയ്യുന്നുണ്ടു്. ഇവയിൽ ആദ്യത്തെ ശീലിലെ ഉപമ കവി കമ്പരാമായണത്തിൽനിന്നു സ്വീകരിച്ചിട്ടുള്ളതാണു്. മേലുദ്ധരിച്ച ഭാഗങ്ങളിൽനിന്നു് കവിതയുടെ സ്വരൂപം മനസ്സിലാക്കാമെങ്കിലും രണ്ടു ശീലുകൾക്കൂടി ഉദ്ധരിക്കാം.

"അഴുതലവേ കണ്ണീർ മെയ്യ് മാറി–
ലതീവ പൊഴിഞ്ഞുടനജ്ജുനഹൃദയേ
മുഴുതുമെഴും ശോകാഗ്നി ശമിക്ക
മുകുന്ദാജ്ഞനമേഘം തന്നിടയേ
അഴകിയ മന്ദസ്മിതമിന്നോടു–
മനന്തരമേ ചൊൽ ധാരകളോടും

Digitized By Kerala Sahitya Akademi

വഴിയേയുള്ള സഞ്ചാരാദ്യതമഴ
വഷിപ്പാൻ വടിവൊടു നിരാമയാൻ (2—6)
നാട്ടകിൽ നല്ലസ്ഥലങ്ങളിലുണ്ടാം
നന്ദനമതിനെ വഹിച്ച സമീരണ-
നോട്ടമതിനു സമം വിഷയാദിക-
ളൊക്കയുമേ തന്നിൽക്കൊണ്ടങ്ങനെ
ഊടിയ ദേഹമൊടകലുംപോതിലു-
മിടരൊടു വന്നു പിറപ്പതിനായേ
കൂടൊരുകൂടെസ്ഥംപോതിലുമിവ
കൂടെക്കൊണ്ടു നടക്കും പ്രാണൻ.'' (15—7)

**ഭാരതമാല:—**ഭാരതമാലയിൽ ആദ്യം ഭാഗവതം ദശമസ്കന്ധത്തിലെ കഥ സങ്ഗ്രഹിക്കുന്നു. പിന്നീടാണ് മഹാഭാരതകഥ ആരംഭിക്കുന്നത്. ദശമകഥാസങ്ഗ്രഹത്തിനുമാത്രം ഭാരതമാലയെന്നും ബാക്കിയുള്ളതിനു മഹാഭാരതസംക്ഷേപമെന്നും ഒരാദർശഗ്രന്ഥത്തിൽ പ്രത്യേകം രണ്ടു പേരുകൾ ഞാൻ കണ്ടിട്ടുണ്ടെങ്കിലും ആദ്യത്തേതിനു മാത്രം ഭാരതമാലയെന്ന പേർ യോജിക്കാത്തതിനാൽ മുഴുവൻ കൃതിക്കും അതുതന്നെയാണ് നാമധേയമെന്ന് ഊഹിക്കുന്നു. കവി ആരംഭത്തിൽ ഇങ്ങനെ പറയുന്നു:

''ഞാനം മിക്ക ജനം തുണചെയ്യൊരു
ഞാനമെനിക്കുണ്ടാവാനായേ;
വാനം തന്നിലുദിക്കും ചന്ദ്രനു
വന്തിയലും മിന്മിനി, യുവ്വ്ശിമുൻ
കാനം തന്നിൽ വസിക്കും പേ പല
കാണവളോടിയലുംപോലേയും
ഞാനറിവറിവാനായവനരുളാൽ
നാരായണചരിതം ചൊല്ലുന്നിതു.
നാരായണചരിതം വ്യാസോക്തം
നാനാവേദപുരാണാഗാരം
ചീരായിതു പണിയറിവാനെളിയൊരു
ശ്രീകഥ ഭാരതമാലയിതെന്നും
പേരാൽ നിഷ്കളനാദി പുരാണൻ
പേരായിരമുള്ളച്യുതനമലൻ
നാരായണനരുളാലേ ചൊല്ലി
നാശിച്ചിതു പാപമെനിക്കിനിയെല്ലാം.''

കഥാസങ്ഗ്രഹണത്തിൽ കവിക്കുള്ള പാടവം അന്യാദൃശമാകുന്നു. 1363 ശീലുകൾകൊണ്ട് ദശമസ്കന്ധവും മഹാഭാരതവും സംക്ഷേപിക്കുക എന്നതു് അത്യത്ഭുതമായ ഒരു കവികർമ്മമല്ലെന്ന് ആൎക്കു പറയാം? ചുരുക്കേണ്ട ഘട്ടങ്ങളിൽ ചുരുക്കിയും പരത്തേണ്ട ഘട്ടങ്ങളിൽ പര

Digitized By Kerala Sahitya Akademi

ത്തിയുമാണ് ശങ്കരപ്പണിക്കർ അദ്ദേഹത്തിന്റെ കൃത്യം നിർവഹിച്ചിരിക്കുന്നതു്. സംഭവപർവ്വത്തിൽ 54 ശീലുകളേ ഉള്ളൂ എങ്കിലും ഭാരതകഥയുടെ യഥാർത്ഥബീജമാകുന്ന ദ്രൗപദീവസ്ത്രാക്ഷേപം അന്തർഭവിക്കുന്ന സഭാപർവ്വത്തിനു കവി 135 ശീലുകൾ വിനിയോഗിച്ചിരിക്കുന്നതു് അദ്ദേഹത്തിന്റെ ഔചിത്യബോധത്തിനു ഉൽകൃഷ്ടോദാഹരണമാകുന്നു. സംഭവപർവ്വത്തിൽ ശന്തനുവിന്റെ ജനനത്തിനു മുമ്പുള്ള കഥകളൊന്നും സ്പർശിച്ചിട്ടില്ല. മാതൃക കാണിക്കാൻ ചില ശീലുകൾ ചുവടേ ചേർക്കുന്നു.

(1) പാഞ്ചാലീസ്വയംവരം:—

"അരുതെൻറാശങ്കിച്ചാർ വിപ്രരു–
　　　　മാകിൽച്ചെല്ലെൻറാരതിലേ ചില–
രൊരുനൊടിയിൽക്കൊണ്ടവർകളെ വാസവി–
　　　　യൊക്കവെലംചെയ്തരചർകൾ നടുവേ
പൊരു ചിലതന്നെ നമസ്കൃതി ചെയ്തഥ
　　　　പൊടിയുമൊഴിഞ്ഞു തൊടുത്താൻ വാണം.
കരുതിയ ലക്ഷ്യവുമെയ്തു മുറിച്ചു
　　　　കരുത്തൊടു വന്നവൾ മാലയുമിട്ടാൾ.
ഇട്ടാരമരർകൾ പൂ വിജയനേ–
　　　　ലിതു ദൈന്യം താനെൻറാരരചർകൾ;
കഷ്ടാവസ്ഥയിതെൻറാർ മറയവർ;
　　　　കടുകെതിർ പൊരുതു തുലഞ്ഞാർ കൗരവർ;
കെട്ടാർ ദുര്യോധനകർണ്ണാദികൾ;
　　　　ഖേദിതരായേ പോയാർ തേരേറി;
വിട്ടാർ തേർ പാണ്ഡവർകളുമുടനേ
　　　　വിരയപ്പോയ് മാതാവിനു ചൊന്നാർ."

(2) പാണ്ഡവന്മാരുടെ ധർമ്മനിഷ്ഠ:—

"ആലേപനഭോജനവസ്ത്രാദിക–
　　　　ളാലേ സന്തോഷിച്ചിതു മറയവർ;
കാലേറിയ കുടയോടു ചെരിപ്പു
　　　　ഗജാശ്വാദികൾ ദാസീദാസരെയും
പാലേറിയ പശുവോടു കടാവു
　　　　പലക്ക കൊടുത്തു ധർമ്മസുതാദികൾ;
നൂലേറിയ മാർവ്വുടയ തപോധനർ
　　　　നൂണ്ണറിവുടയോർ കൊണ്ടിതുവന്നേ."

(3) പാഞ്ചാലിയുടെ വിലാപം:—

"അച്യുതശരണമനന്താ ശരണ–
　　　　മനന്തുയിരാകിയവിമലാ ശരണം;
പിച്ചയിരന്നു മഹാബലിയസുരനു
　　　　പീഡ വരുത്തിയ വാമനാ, ശരണം;

Digitized By Kerala Sahitya Akademi

*നാച്ചരവിൽത്തുയിൽ കൊണ്ടാ ശരണം
നാരായണാ രക്ഷിച്ചരുളെൻറാ–
ഹച്ചമൊടവർ ചെന്നതിന്നുത്തരമാ–
യാരു മൂരത്തില്ലവരവരഴതേ.''

(4) കണ്ണവധം:—

''ഇല്ലയിതിന്നു സമം മറൊറാരു ശര–
മിതുകൊണ്ടേ ഞാൻ കൊല്‌വൻ കണ്ണനെ
നല്ല ഗുരുക്കളെനുഗ്രഹമോടേ
നല്‌കുക ഹോമാദികൾ ഫലമെൻറ
എല്ലയില്ലാ വേലമൊട്ട ഗാണ്ഡീവ–
മെട്ടത്തു വലിച്ചൊരുമഴവമ്പാലെ
ചൊല്ലി മുറിച്ചാൻ കണ്ണനുടേ തല
ചോരയൊടവനിയിൽ വീണ്ണതുകാലം.'' (കണ്ണപർവ്വം)

**രാമപ്പണിക്കരുടെ കൃതികൾ:**—രാമപ്പണിക്കരുടെ കൃതികളെന്നു് ഉറപ്പിച്ചു പറയാവുന്നതു് (1) രാമായണം (2) ഭാഗവതം (3) ശിവരാത്രിമാഹാത്മ്യം (4) ഭാരതം ഇവയാണു്. ഒരമ്മാനപ്പാട്ടും ഗണപതിയുംകൂടി അദ്ദേഹത്തിൻെറ വകയായി കരുതാം. ഇവയ്ക്കു പുറമേ (5) ബ്രഹ്മാണ്ഡപുരാണം ഗദ്യം (6) ഗുരുഗീത (7) പാത്മപുരാണം എന്നീ ഗ്രന്ഥങ്ങൾകൂടിയുണ്ടെന്നു ഗോവിന്ദപ്പിള്ള സർവാധികാര്യക്കാർ പറയുന്നു. പാത്മപുരാണം ഇതുവരെ കണ്ടുകിട്ടീട്ടില്ല. അതു ശിവരാത്രിമാഹാത്മ്യംതന്നെയായിരിക്കാനിടയുണ്ടു്. ബ്രഹ്മാണ്ഡപുരാണത്തെപ്പററി അന്യത്ര പ്രസ്താവിക്കും.

**രാമായണം:**—നിരണം കവികളുടെ കൃതികളിൽ രാമായണം പോലെ വിശിഷ്ടവും വിശാകർഷകവുമായ ഒരു പ്രബന്ധമില്ലെന്നുള്ളതു സവ്സമ്മതമാണു്. ആ ഗ്രന്ഥം ആദ്യന്തം അമൃതമയമാണു്; അതിൽ ഓരോ ശീലിലും കാണുന്ന ശബ്ദസുഖവും അർത്ഥചമൽകാരവും ഏതു സഹൃദയനേയും ആനന്ദപരവശനാക്കുകതന്നെ ചെയ്യും. രാമായണം മുഴുവൻ അദ്ദേഹത്തിൻെറ കൃതിയാണെന്നുള്ളതിനെപ്പററി ആരുംതന്നെ സംശയിക്കേണ്ടതില്ല. യുദ്ധകാണ്ഡത്തിൻെറ അവസാനത്തിൽ രാമദാസനെന്നും ഉത്തരകാണ്ഡത്തിൻെറ ഒടുവിൽ രാമനെന്നും കവിയുടെ പേരു കൾ പ്രകാശിക്കുമ്പോൾ ''മന്ദപ്രജ്ഞന്മാക്കറിവാനായു് മനുകുലതിലകനുടേ വൃത്താന്തമിതന്ധൻ ഞാൻ കേവലമെങ്കിലുമൊട്ടായപ്രകാരം ചൊല്‌ക തുനിഞ്ഞേൻ'' എന്ന ബാലകാണ്ഡത്തിലെ പ്രസ്താവനയെ ആശ്രയിച്ചു് 'ഒട്ടു്' അതായതു രാമായണത്തിൽ ഒരംശം മാത്രമേ അദ്ദേഹം രചിച്ചുള്ളു എന്നു വാദിക്കുന്നതു് അശേഷം യുക്തിയുക്തമല്ല. 'ഒട്ടു് ആയപ്രകാരം' എന്നതിനു് 'ഒരുവിധം ശക്തിക്കുതക്കവണ്ണം' എന്നാണു് അർത്ഥം കല്പിക്കേണ്ടതു്. ഭാരതത്തിലും കവി 'രാമകഥാമൊട്ടായപ്രകാരം

* നാച്ചരവു്=നഞ്ഞുള്ള പാമ്പു്.

Digitized By Kerala Sahitya Akademi

ചൊന്നേൻ' എന്നല്ലാതെ 'രാമകഥായാമൊട്ടായപ്രകാരം ചൊന്നേൻ' എന്നു പറഞ്ഞിട്ടില്ലല്ലോ. വാല്മീകിരാമായണത്തെത്തന്നെയാണ് കവി അനുസരിക്കുന്നതെങ്കിലും പരിഭാഷയിൽ അഭിനന്ദനീയങ്ങളായ പല സ്വാതന്ത്ര്യങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ട്. മൂലത്തിലെ ആശയങ്ങൾ രസപുഷ്ടിക്കു വേണ്ടി സങ്കോചിപ്പിക്കണമെങ്കിൽ സങ്കോചിപ്പിക്കുകയും വികസിപ്പിക്കണമെങ്കിൽ വികസിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് അദ്ദേഹത്തിൻെറ നിയമം. പണിക്കർ തികഞ്ഞ ഒരു സംസ്കൃതപണ്ഡിതനായിരുന്നു എന്നും രാജശേഖരൻെറ ബാലരാമായണനാടകം മുതലായ കൃതികളിൽനിന്ന് അദ്ദേഹം സന്ദർഭോചിതമായി ശ്ലോകങ്ങൾ തർജ്ജമ ചെയ്തു രാമായണത്തിൽ ഘടിപ്പിച്ചിട്ടുണ്ടെന്നും ഇവിടെ പ്രസ്താവിക്കാനുള്ളതിനു പുറമേ സാക്ഷാൽ തുഞ്ചത്തെഴുത്തച്ഛനുപോലും ആ മഹാകവി മാർഗ്ഗദർശിയായിരുന്നു എന്നുള്ളതിനും ലക്ഷ്യങ്ങൾ കാണ്മാനുണ്ട്. അദ്ധ്യാത്മരാമായണം ബാലകാണ്ഡത്തിലെ

> ''ഇടിവെട്ടീടുംവണ്ണം വില്മുറിഞ്ഞൊച്ച കേട്ടു
> നടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലേ;
> മൈഥിലി മയിൽപ്പേടപോലെ സന്തോഷംപൂണ്ടാൾ''

എന്ന വരികൾ കണ്ണശ്ശരാമായണം ബാലകാണ്ഡത്തിലേ

> ''നരപാലകർ ചിലരതിനു വിറച്ചാർ,
> നലമൂടെ ജാനകി സന്തോഷിച്ചാൾ
> അരവാദികൾ ഭയമീട്ടമിടിധ്വനി–
> യാൽ മയിലാനന്ദിപ്പതുപോലെ''

എന്ന വരികളെ ഉപജീവിച്ച് എഴുതിയതാണെന്നുള്ളതു വ്യക്തമാകുന്നു. പ്രസ്തുതഗ്രന്ഥത്തിൻെറ മഹിമ വാചാമഗോചരമാണെന്നു തെളിയിക്കുവാൻ ചില ശീലുകൾ താഴെ പ്രദർശിപ്പിക്കാം.

(1) സൂര്യോദയം:—

> ''ആരണമയനമരാസുരസേവ്യ–
> നനന്തുയിരാകിയ നാഥൻ തിരുവടി
> പൂരണനൊരു മരതകനിറമാമെഴ–
> പുരവികൾ പൂണ്ട രഥത്തിന്മേലേ
> സാരഥിയാമരുണനൊടാദിത്യൻ
> താനുദയം ചെയ്തരുളിയ കാലം
> നീരിയലും നിയമങ്ങൾ മുടിച്ചാൻ
> നൃപസുതരോടേ വിശ്വാമിത്രൻ.''
>
> (ബാലകാണ്ഡം)

(2) പരശുരാമൻെറ വരവ്:—

> ''കണ്ടാകുലമോടേ കാലാഗ്നി–
> കരുത്തൊടെരിഞ്ഞുവരുന്നതിതെന്നേ
> കൊണ്ടാർ ചിലർ; ആദിത്യന്മാർ പലർ
> കൂടിവരുന്നതിതെന്നാർ ചിലരോ;

Digitized By Kerala Sahitya Akademi

കണ്ടാലറിയരുതെന്നാർ ചിലർ; ഇരു
കണ്ണാലെതിർനോക്കരുതെന്നാർ ചിലർ;
ഉണ്ടാകിയ ഭയപരവശരായൊ–
ന്നരിയാടാതേ നിന്നാർ പലരും''
(ബാലകാണ്ഡം)

(3) ദശരഥൻ കൈകേയിയോട്:—

''ഏതൊരു ജാതിയുടുപ്പോൻ വല്ക്കല–
മെന്നുടെ പുത്രൻ ബാലനിരാമൻ,
മേദിനി മേലെല്ലാരുമുടുപ്പതിൽ
മേത്തരമെന്നിയുടുത്തറിയാതോൻ?
ആദരവോടു സുഖോചിതനായുള–
നായവനിന്നു വനത്തിനു പോയാ–
ലേതമിയന്നു നിലത്തു കിടപ്പാ–
നെന്തവനിന്നു പിഴച്ചതു പാപേ?''
(അയോദ്ധ്യാകാണ്ഡം)

(4) സുമന്ത്രർ കണ്ട ശ്രീരാമൻ:—.

''കണ്ടവർകൾക്കു മനോഹരമായേ
കാർമുകിൽപോൽ വടിവീടിയ മെയ്മേ–
ലെണ്ടിശയും കലരുന്ന സുഗന്ധ–
മിണങ്ങിന കുങ്കമപങ്കമണിഞ്ഞേ
കൊണ്ടലിടസ്ഥലവും മിന്നൽക്കെതിർ–
കൊണ്ട മഹാരത്നാഭരണം പൂ–
ണ്ടുണ്ടർപതിക്കെതിരാകെയിരുന്ന നൃ–
പാത്മജനെക്കണ്ടവനടി തൊഴുതാൻ.''
(അയോദ്ധ്യാകാണ്ഡം)

(5) മുനിവേഷത്തിൽ വന്ന രാവണൻ സീതയോട്:—

''പൂജിതനായവനവളെയതീവ
പുകണ്ണനുരാഗവശേന പറഞ്ഞാൻ:
മേചകകാന്തി കലർന്നലവീടും
വേരിമലർക്കുഴർമെന്നടയാളേ!
താർച്ചരവീരനു ജീവിതമായേ
താവിയ രൂപഗുണം തവ കണ്ടാ–
ലാർ ചപലാശയരായ് മുടിയാതവ–
രാക്കമെതീവ കുറഞ്ഞിതെനിക്കോ.''
(ആരണ്യകാണ്ഡം)

(6) വസന്തവർണ്ണനം:—

''കാണാകോമളവല്ലികളാകിയ
കന്യകമാരെ നടം ചെയ്യിച്ചേ

Digitized By Kerala Sahitya Akademi

വീണാനാദമെന്നും നാട്ടുംഗ–
വിനാദമേറുന്നാരഗീതത്തോടേ
പൂണാരണിമുലമാരൊടുകൂടിയ
പുരുഷാണാമതി സുഖകരമായേ
നീണാളും വാനരങ്ങൾ മേവിനാ
നിരുപമമാരുതനത്തകലീലാം.''
(കിഷ്കിന്ധാകാണ്ഡം)

(7) വർഷാവർണ്ണനം:—

''ഇടിയാകിന്ന മിഴാവൊലിയാലുട–
നേവക്കും പരിതാപം കളവാൻ
ചുടരേറും മിന്നൽപ്പൂണരാകിയ
തുയവിളക്കു കൊളുത്തി വിശേഷാൽ
വടിവേലും വരിവണ്ടുകൾ പാട
മയൂരാദികൾ മകിഴ്വൊടെല്ലാം വണ്ണം
നടനാകിയ കാർകാലം വന്നൊരു
നാടകമാട്ടം പൊലിവിതു പാരാ.''
(കിഷ്കിന്ധാകാണ്ഡം)

(8) ക്രുദ്ധനായ ലക്ഷ്മണൻ താരയോടു്:—

''താരൊരു നല്ലതുതീയതുടൻ കരു–
താതവനേ, താരേ! നിൻഭർത്താ;
രോമൽ പൂറന്നാലാരായ്വൻ ഞാൻ
വീരൊടു ദേവിയെയെന്നു പറഞ്ഞാൻ;
ആനതുകേട്ടു പൊറുത്തോം വർഷ–
മനന്തരമവനിവയൊക്കെ മറന്നേ
പാനമദാന്ധതയോടുമിരുന്നാൻ
പകലേതിരവേതെന്നറിയാതേ.''
(കിഷ്കിന്ധാകാണ്ഡം)

(9) ഹനൂമാൻ സീതയോടു രാമനെപ്പററി:—

''അവനതിസുന്ദരനിന്ദുസമാനന–
നായതഭുജനരുണാംബുജനയനൻ
കുവലയകാന്തി കലന്ന നരേന്ദ്ര–
കുമാരനിടന്തടവുംതിരുമാറൻ
തവമിയലും മുനിവേഷധരൻ കുശ–
ധരസൗമ്യൻ കടിതടപരിശോഭിത–
നവവിമികം ജംഘായുഗളൻ വടി–
വുടയ പദാംബുജനംബുജനാഭൻ.''
(സുന്ദരകാണ്ഡം)

Digitized By Kerala Sahitya Akademi

(10) ഹനൂമാൻ കണ്ട രാവണൻ:—

"ഏറ്റം മനോഹരമാം കാർമുകിൽനിറ-
മീടിയിടുന്നുടലും മാറിതിലെ
കുറത്താരതളമുത്തിൻമാലകൾ
കൂടനിലാവെഴുമെകിറുകളോടും
വേറൊരു ചെന്താമരമലർമാല
വിളങ്ങിനപോലെ നേത്രാവലിയൊടു,
മാറില്ലയാമണികുണ്ഡലമണ്ഡന-
മാന്ന നിറന്ന മുഖാവലിയോടും,

(11) ഉമ്പർപുരാൻ മുതലാമമരന്മാ-
രുടനുടനേ വിട്ടസ്ത്രങ്ങളെയും
വമ്പുട ദിഗ്ഗജദന്തങ്ങളെയും
മാറ്റിലേററ തഴമ്പുകളോടും
തുമ്പമനത്തുലകത്തിനു നല്കി-
ത്തുലവിയലാവടിവോടേ ദശമുഖ-
നിമ്പമിയന്നമരുന്നതു മാരുതി-
യീടിയ ബഹുമാനത്തൊടു കണ്ടാൻ." (സുന്ദരകാണ്ഡം)

(12) സമുദ്രത്തിൽ ശ്രീരാമൻെറ ബാണപ്രയോഗം:—

"ലോകത്രയനാഥൻ പങ്കേരുഹ-
ലോചനനനുപമദേഹമരീചികൾ
പാകിപ്പലപാടും പകലവരൊരു
പതിനായിരമൊരുമിച്ചതുപോലെ
മാഴ്കിത്തുലവിയലാതൊളിവൊടു
മറുതെതിർ നോക്കരുതായ് നിൻറവിടെ
വേഗത്തൊടു പല വാളികളെയ്താൻ
വീരതരൻ മകരാകരമതിലേ" (യുദ്ധകാണ്ഡം)

(13) ആദിത്യഹൃദയം:—

"ദേവവിരോധിനാശന! വിശ്വസാക്ഷിയുമായെന്നാളും
നീതി മികുത്ത കാഞ്ചനകാന്തിയുള്ളവനേ! നമസ്തേ;
ആവികളുക്കമറു നിനച്ചവക്ത്രാംചെയ്യും മാർത്താ-
ണ്ഡായ സമസ്തലോകവിലോചനായ നമോ നമസ്തേ;
കേവലമിക്ക ഭൂതങ്ങളെപ്പടച്ചുമഴിച്ചും നീയേ
കേട്ടവരുത്തിയൊക്ക വരട്ടി വർഷമിയറുവോന്ന-
റാവി നശിച്ചപോലുറങ്ങിന്നവർക്കുണരെക്കൊട്ടപ്പോ-
രാദിപുരാണനേ! കരുണാകരായ നമോ നമസ്തേ"

(യുദ്ധകാണ്ഡം)

Digitized By Kerala Sahitya Akademi

(14) ശ്രീരാമസ്തോത്രം:—

"ജയജയ മന്ദര ശൈലമുയർപ്പാൻ
ചെമ്മേ കൂർമ്മവുമായവനേ! ജയ;
ഭയമിയലാതവനിയെ മീനംവാനായ്
പന്നിയുടേ വടിവായവനേ ജയ;
തുയർകെട നരസിംഹാകൃതിയായ
സുരേശ! ഹിരണ്യാന്തകനേ ജയ ജയ;
നയമൊടു വാമനനായ് മാബലിയൊടു
നാടു പറിച്ച നരോത്തമനേ ജയ;
ജയ ജയ ഭാർഗ്ഗവരാമാകൃതിയായ്—
ച്ചെമ്മേ മൂവെഴുതുട മുടിമന്നരെ
നയമിയലാതേ കൊന്നുദകക്രിയ
നലമൊടുചെയ്ത മഹാത്മാവേ! ജയ;
ഭയകരനായ ദശാനനനെക്കൊല
പരിചൊടു ചെയ്തെങ്ങൾക്കിടർ തീർപ്പാ—
നുയർ രഘുകുലത്തോടിതു കാലം ഭാനു ക—
ലോത്ഭവനായുളവായവനേ ജയ."(ഉത്തരകാണ്ഡം)

എന്തൊരവിച്ഛിന്നധാരമായ ശബ്ദപ്രവാഹം! എന്തൊരനന്യസുലഭമായ കവനകലാപാടവം!!

**ഭാഗവതം:**—കണ്ണശ്ശഭാഗവതവും ഒരു മഹാപ്രബന്ധമാണ്. ദശമസ്കന്ധത്തിലെ ഓരോ അധ്യായവും കവി പ്രത്യേകമായി തർജ്ജമ ചെയ്തിരിക്കുന്നു. മൂലത്തിലെ തൊണ്ണൂറധ്യായങ്ങൾക്കു പകരം ഭാഷയിൽ ശ്രുതിഗീതാധ്യായം വിട്ടും ഏകാദശസ്കന്ധസംക്ഷേപത്തിനു രണ്ടധ്യായങ്ങൾ വിനിയോഗിച്ചും ഭാഷയിൽ തൊണ്ണൂറെറാന്നധ്യായങ്ങളാക്കിയാണ് ആ കൃതി രചിച്ചിട്ടുള്ളത്. രാമായണത്തിലെന്നതുപോലെ മനോഹരമായ ഒരു ഭഗവൽസ്തുതി ഈ ഗ്രന്ഥത്തിൻേറയും ഒടുവിലുണ്ട്. "ശ്രീകൃഷ്ണമഹാകഥ നിതരാം സംക്ഷേപിപ്പാനായേ" എന്നു ആരംഭത്തിൽ കവി തൻെറ ഉദ്ദേശം വെളിവാക്കുന്നുണ്ടെങ്കിലും ആ കഥ അത്ര വളരെയൊന്നും സംക്ഷേപിച്ചിട്ടില്ല. "ഉല്ലാസത്തൊടു വിനതാതനയനുയൻ പറന്നാകാശേ മറെറാരു പൊല്ലാമക്ഷിക തന്നാലാവതു പൊങ്ങുവതിന്നാരേ മുനിയുന്നോർ?" എന്നു രാമായണത്തിൽ ചോദിക്കുന്ന കവി "ആദരവോടൊരു ബാലകനിതമായാകാശേ മരുവീടിയ ചന്ദ്രനെ നീതിയിനോടു പിടിപ്പതിനായേ നിതരാം ക്ലേശിക്കുന്നതുപോലേ"യാണ് തൻെറ ഉദ്യമമെന്നു ഭാഗവതത്തിലും "വാനിലെഴും നിറമാമതിതന്നെ മകിഴ്ന്തൊരു ബാലകനിങ്ങു പിടിപ്പാൻ താനൊരു കൈ നീട്ടിൻറതിനോടു സമാനമിതു"" എന്നു ആ ആശയത്തെത്തന്നെ ഭങ്ഗ്യന്തരേണ പരാവർത്തനംചെയ്തു ഭാരതത്തിലും പ്രകടീകരിച്ചു തൻെറ ശാലീനതയെ ഗ്രന്ഥംതോറും വെളിപ്പെടുത്തുന്നു. ശബ്ദനിഷ്കഷ്

Digitized By Kerala Sahitya Akademi

താരതമ്യേന വളരെ കുറവുള്ള ഒരു ഗ്രന്ഥമാണ് ഭാഗവതം; രാമായണത്തിന്റെ ഗുണം അതിനില്ല; അതു പണിക്കർ എപ്പോൾ രചിച്ചു എന്നു പറവാൻ നിർവാഹമില്ല. ഒന്നുരണ്ടുദാഹരണങ്ങൾ ചേർക്കുന്നു.

(1) കുവലയാപീഡം:—

''നാരായണനിടിയൊലിപോലുള്ളൊരു
നാദത്തോടിതു ചൊല്ലിയ വചനം
നേരേ കേട്ടരിശും കോപത്തോടു
നിതരാം പ്രേരിച്ചാനതു കാലം;
താരാർമകൾ മണവാളനെ നോക്കി—
ത്തരസാ കാലാന്തകയമനോടെതിർ
നേരാകിയ ഗജവരനതുനേരം
നേരേ ചെന്നു പിടിച്ചാനല്ലോ.''

(2) പ്രഭാതത്തിൽ ഗോപസ്ത്രീകൾ:—

''പാടക കങ്കണ മണി ചേർന്നീടിന
പാണികളാലേ രജ്ജുാകർഷണ—
മാടിന കുണ്ഡലകുന്തളകുങ്കമ—
മതിനാൽ മണ്ഡിതമാം മുഖകമലം
കൂടതു നേരത്തിളകിന മുലകൾ
ഗുരുതരമിയൻറീടും കടിതടമൊടു
കൂടിന ഗോപാങ്ഗനമാരേററം
കുരുകുലതിലകാ! ശോഭിതരായാർ.''

**ശിവരാത്രിമാഹാത്മ്യം:**—എല്ലാ കൃതികളും വിഷ്ണുപരമായിരിക്കേണ്ട എന്നു വിചാരിച്ചാണ് തൃക്കപാലീശ്വരത്തിലെ ശിവന്റെ ഭക്തനുംകൂടിയായ രാമപ്പണിക്കർ പ്രസ്തുതപ്രബന്ധം രചിച്ചതു് എന്നു തോന്നും. ആകെ നൂററൻപതു ശീലുകൾ ഈ 'ഭാഷാസംക്ഷേപ'ത്തിലുണ്ടു്. സുകുമാരൻ എന്ന ബ്രാഹ്മണൻ അനവധി പാപങ്ങൾ ചെയ്തു് ഒരു ചണ്ഡാലിയുമായി വളരെക്കാലം രമിക്കുകയും അതിനിടയിൽ ഒരു ശിവരാത്രി തന്റെ പ്രിയതമയ്ക്കുവേണ്ടി പുഷ്പാന്വേഷണത്തിനു പോയപ്പോൾ ശിവനെ മററുള്ളവരുടെ കൂട്ടത്തിൽ ദൂരെനിന്നു് ആകസ്മികമായി തൊഴുകയും ചെയ്തു. അയാൾക്കു മരണാനന്തരം ശിവലോകം പ്രാപിക്കുവാൻ സങ്ഗതി വന്നതാണ് വിഷയം. വിസ്മയനീയമായ ചാതുര്യത്തോടുകൂടി കവി ഈ കഥ പ്രതിപാദിച്ചിരിക്കുന്നു. രചനാകൊണ്ടു മിക്കവാറും കണ്ണശ്ശരാമായണത്തോടു കിട നില്ക്കുന്ന ഒരു കൃതിതന്നെയാണ് ശിവരാത്രിമാഹാത്മ്യം. രണ്ടു ശീലുകൾ ഉദ്ധരിക്കാം.

(1) ശിവദൂതന്മാർ:—

''കന്തശരാസനബാണനിശാത—
കാരായുധരായ് നിർമ്മലരായേ

Digitized By Kerala Sahitya Akademi

സുന്ദരരായഥ ബാഹുചതുഷ്ടയ-
ശോഭിതരായതിദുഷ്ടരരായേ
ചന്തമമന്ന ജടാഭാരത്തൊട്ട
ചർമ്മാംബരരായ് ഭസ്മാകൃതിയൊട്ട-
മിന്ദുകലാപമണിഞ്ഞഖിലാങ്ഗവു-
മീശ്വരദൂതരിതത്തൊട്ട വന്നാർ.''

(2) ശിവഗണേശ്വരന്മാർ:—

''ആയതബാഹുചതുഷ്ടയശോഭിത-
രായതിനിർമ്മലഭസ്മോദ്ധൂളിത-
കായരുമായേ ചർമ്മാംബരരായ്-
ക്കാലാന്തകസമവിക്രമരായേ,
മായയെ നീക്കും ബ്രഹ്മശിരാവലി-
മാലാധരരായ് ദുഷ്ടരരായേ
തൂയഗണേശ്വരരെക്കണ്ടകമേ
സുഖമായിതു വൈവസ്വതനവിടേ.''

'ഭാഷാമിശ്രമിതെൻറികഴാതേ' തൻെറ കൃതി പാരായണം ചെയ്യുന്നവർ ശങ്കരലോകം പ്രാപിക്കുമെന്നു കവി ഒടുവിൽ ഫലശ്രുതിരൂപത്തിൽ പ്രസ്താവിക്കുന്നു. അത്തരത്തിലുള്ള കൃതികളുടെ നേക്ക് അന്നത്തെ സംസ്കൃതപക്ഷപാതികൾ നെററി ചുളിച്ചിരുന്നു എന്നു് ഊഹിക്കുവാൻ ഈ പ്രസ്താവന വഴിനല്കുന്നു.

**ഭാരതം:**—മഹാഭാരതകഥ സാമാന്യേന വിസ്തരിച്ചു പ്രതിപാദിക്കുന്ന ഒരു ദീർഘമായ പ്രബന്ധമാണു കണ്ണശ്ശഭാരതം. ഭാരതമാലയിലെന്നതുപോലെ ആദ്യമായി ഒരു ദശമസ്കന്ധസംക്ഷേപം ഇതിലുമുണ്ടു്. പിന്നീടു മുറയ്ക്കു പൗലോമം മുതല്ക്കുള്ള കഥ പ്രപഞ്ചനം ചെയ്യുന്നു. രാമപ്പണിക്കർ ഈ ഗ്രന്ഥം അവസാനിപ്പിച്ചുവോ എന്നു സംശയമാണ്. ദ്രോണപർവ്വത്തിനുമേലുള്ള ഭാഗങ്ങൾ ഞാൻ കണ്ടിട്ടില്ല.

''വല്ലവബാലകനാകിയ കൃഷ്ണൻ
വസുധാഭാരം തീർത്തപ്രകാരം
ചൊല്ലുകിലാമതിനൊട്ട ചേർന്നോ ചില
ശുഭകഥകളുമിടർ കളവാനായേ.''

എന്ന വരികളിൽ ആദ്യംതന്നെ തൻെറ അഭിസന്ധി കൃഷ്ണകഥാനുകീർത്തനമാണെന്നും അതിനു് ഒരു സൗകര്യം ഭാരതം നല്കുന്നതുകൊണ്ടാണു് അതിനെ താൻ ഭാഷപ്പെടുത്തുന്നതെന്നും അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ടു്. കവിതയ്ക്കു പ്രായേണ ശിവരാത്രിമാഹാത്മ്യത്തിൻെറ ഗുണമുണ്ടു്. ഒരു ശീൽ ചുവടേ ചേർക്കാം.

Digitized By Kerala Sahitya Akademi

"കോമളപുഷ്പലതാപരിവേഷ്ടിത–
കോടരവൃക്ഷമനോഹരനൈമിശ–
മാമടവിയിൽ മുനി ശൗനകനീരാ–
റാണ്ടൊരു യാഗം ചെയ്യുന്നകാലം
തീമയിലാനുഗ്രശ്രുവസാഖ്യൻ
ധീരൻ സൂതസുതൻ പൗരാണിക–
നാമിനി മുനികളെയടിതൊഴുവാനെ–
ൻറാശ്രമമതിലേ ചെൻറാനൊരുനാൾ."

ആംഗലേയസാഹിത്യത്തിൽ 'സ്പെൻസർ' എന്ന കവിസാർവ്വഭൗമൻെറ സ്ഥാനമാണ് കേരളസാഹിത്യത്തിൽ രാമപ്പണിക്കർക്കു നല്കേണ്ടതു്.

**ഗുരുഗീത:**—ഇതു മുൻപറഞ്ഞ നിരണം കവികളിൽ ഒരാളുടെ കൃതിയാണെന്നു വിചാരിക്കുവാൻ യാതൊരു മാർഗ്ഗവുമില്ല. ഭാഷയ്ക്കു് അത്ര പഴക്കമില്ല; കവിത തീരെ പൊട്ടയാണ്; വൃത്തത്തിൻെറ കഥയും ഒരുമാതിരി പരുങ്ങൽതന്നെ. എതുകമോനകളും അന്താദിപ്രാസവുമില്ല. ചില ആശയങ്ങളില്ലെന്നില്ലെങ്കിലും അപശബ്ദങ്ങൾ സുലഭങ്ങളാണ്. ഗുരുവിൻെറ മാഹാത്മ്യത്തെ ശ്രീപരമേശ്വരൻ പാർവ്വതീദേവിയോടു പറഞ്ഞുകേൾപ്പിക്കുന്നതാണ് കഥാവസ്തു. ആകെ 72 ശീലുകളുണ്ട്. ഒരു ശീലുദ്ധരിക്കാം.

"കൈലയിലമരും ഭക്താനുഗ്രഹ–
തൽപരനാകിയ ശ്രീശങ്കരനെ
ഭക്തിയൊടേ വന്ദിച്ചഥ പാർവ്വതി–
ദേവിയുമൊരുനാൾ ഗുരുതത്വവിശേഷം
കേൾപ്പാനിച്ഛിച്ചവനൊടു ചോദ്യം
ചെയ്യുയിലേററം പരമാനന്ദം
പൂണ്ടതിനുടെ വിവരം കേൾക്കെ(ന്ന)–
ന്നരുളിച്ചെയ്തു പറഞ്ഞുതുടങ്ങി"

ഒടുവിൽ മലയിൻകീഴ് കൃഷ്ണനെ വന്ദിച്ചിട്ടുണ്ട്. അതുകൊണ്ടു കണ്ണശ്ശൻെറ കുടുംബത്തിൽ ജനിച്ച പശ്ചാൽകാലികനായ ഒരു കവിയാണ് അദ്ദേഹം എന്നുമാത്രം സങ്കല്പിക്കാം. ആകെക്കൂടി നോക്കുമ്പോൾ ഈ ക്ഷുദ്രകവിതയ്ക്കു ഭാഷാസാഹിത്യവേദിയിൽ പ്രവേശമനുവദിക്കുവാൻ നിവൃത്തിയില്ലാതെയിരിക്കുന്നു.

**സീതാസ്വയംവരം അമ്മാനപ്പാട്ട്:**—രാമായണത്തെ വിഷയീകരിച്ച് ഒരു ചെറിയ അമ്മാനപ്പാട്ടുണ്ട്. കവിമുദ്രയില്ലെങ്കിലും ഭാഷാരീതികൊണ്ടും കണ്ണശ്ശരാമായണഗ്രന്ഥത്തിൻെറ ഒടുവിൽ ചേർന്നുകാണുന്നതുകൊണ്ടും അതു രാമപ്പണിക്കരുടെ കൃതിയാണെന്ന് ഊഹിക്കാം. കേരളത്തിൽ പല ജാതിക്കാരുടെ ഇടയിലും ഏതാനും കൊല്ലം മുമ്പുവരെ പ്രചുരപ്രചാരമായിരുന്ന ഒരു വിനോദകലയാണ് അമ്മാനാട്ടം; അതി

Digitized By Kerala Sahitya Akademi

ന് ഉപയോഗപ്പെടുത്തക്കവിധത്തിൽ നിർമ്മിച്ചിട്ടുള്ള ഗാനങ്ങളാണ് അമ്മാനപ്പാട്ടുകൾ. തലയിൽ നിറകിണ്ടി വച്ച് അതിൽനിന്നു താളത്തിനു വെള്ളത്തുള്ളികൾ വീഴുമാറ് അമ്മാനമാട്ടുവാൻ വശമുള്ള 'ഈഴവാത്തി' സ്ത്രീകൾ അടുത്തകാലംവരെയുണ്ടായിരുന്നു എന്നും കിണ്ടിയിലെ വെള്ളത്തുള്ളികൾ നിലത്തും ആട്ടുന്ന കായ്കൾ കൈകളിലും വീഴത്തക്കവണ്ണം അവർ ആ കലയിൽ അത്യത്ഭുതമായ 'സാധകം' സമ്പാദിച്ചിരുന്നു എന്നും അഭിജ്ഞന്മാർ പ്രസ്താവിക്കുന്നു. ദക്ഷിണകേരളത്തിലേയും മദ്ധ്യകേരളത്തിലേയും അമ്മാനപ്പാട്ടുകൾക്കു വൃത്തസംബന്ധമായും മററും വ്യത്യാസമുണ്ട്. സീതാസ്വയംവരത്തിൽ ആകെ പത്തൊൻപതു ശീലുകളേയുള്ളൂ. അന്താദിപ്രാസത്തിനുപകരം കവി പ്രസ്തുതകൃതിയിൽ അകാരാദിക്രമമാണ് സ്വീകരിച്ചിരിക്കുന്നത്. ആദ്യത്തെ ശീൽ അടിയിലുദ്ധരിക്കുന്നു.

''അച്യുതൻ കരുണാകരൻ തരുണാരുണാംബുജലോചനൻ
അഖിലജനമനകമലനിരുപമനിലയനരി പുരുഷോത്തമൻ,
പച്ചമാൻ നാരായണൻ പാലാഴിയിൽത്തുയിൽകൊണ്ടവൻ,
പരമഗുരുമുരവൈരിമധുരിപു സകലഗുണപരിപാവനൻ,
ഇച്ഛയായതിനിർമ്മലൻ പീതാംബരൻ ദൈത്യാന്തകൻ,
ഇനിയ രവികുലമററിതദശരഥനൃപതിതനയനായവൻ,
ഇഷ്ടമായ് മുനിപുങ്ഗവൻ നൃപനോടിരന്നതുമൂലമാ-
യിതമൊടനുജനൊട്ടഴറി നടന്നിതെന്നാട്ടുകമ്മാനേ.''

**തൃക്കപാലീശ്വരസ്തോത്രം:**—നിരണത്തു കൃഷ്ണപ്പണിക്കരുടെ തൃക്കപാലീശ്വരസ്തോത്രം എന്നൊരു കൃതിയുണ്ട്. ആകെ പതിനെട്ടു പാട്ടുകളാണ് അതിലടങ്ങിയിരിക്കുന്നത്. ''നിരണകപാലീശ്വരമമരും ഗിരിതനയാരമണ തൊഴുന്നേൻ'' എന്നാണ് എല്ലാ പാട്ടുകളും അവസാനിക്കുന്നത്. ഒരു പാട്ടു ചുവടെ ചേർക്കുന്നു.

''കുങ്കുമകളഭങ്ങളതണിയും മങ്കയിൽ മണിയാകിയ പാർവ്വതി
വഞ്ചനചെയ്തുഞ്ചിക്കൊഞ്ചിക്കൊങ്കയിൽ വച്ചമ്പൊടു പുണരും
പങ്കജമലരമ്പനെ വെന്നൊരു ശങ്കരനുടനെങ്കൽ വിളങ്ങുന്ന
നിരണകപാലീശ്വര.............................''

കവിതയ്ക്കു ഭഗവദ്ഗീതയേയും രാമായണത്തേയും മററും പോലെയുള്ള പഴക്കം തോന്നുന്നില്ല; അവയുടെ അടുത്തെങ്ങും ആസ്വാദ്യതാവിഷയത്തിൽ സമീപിക്കുവാനുള്ള യോഗ്യതയും കാണുന്നില്ല. 'കണ്ണശ്ശ'ന്റെ തറവാട്ടിൽ പിൻകാലത്തു ജനിച്ച ഒരു കവിയായിരിക്കാം ഈ കൃഷ്ണപ്പണിക്കർ.

**ശ്രീവല്ലഭകീർത്തനം:**—നിരണംകവികളിൽ ഏതോ ഒരാളുടെ കൃതിയാണ് അഞ്ചു ശീലുകൾമാത്രം അടങ്ങീട്ടുള്ള ശ്രീവല്ലഭകീർത്തനം. മലയിൻകീഴ്മഹാവിഷ്ണുവിനെയാണ് ഈ കൃതിയിൽ വന്ദിച്ചിരിക്കുന്നതെങ്കിലും 'നമശ്ശിവായ' എന്ന ശൈവമന്ത്രത്തിലേ അഞ്ചക്ഷരങ്ങൾകൊണ്ടാണ് ഇതിലേ ശീലുകൾ യഥാക്രമം ആരംഭിക്കുന്നത്. ഇതിനുകാ

Digitized By Kerala Sahitya Akademi

രണം തിരുവല്ലായിലേതോവരായി മലയിൻകീഴിൽ പ്രതിഷ്ഠിതനായ വി ഷ്ണുവിനെയാണു് കവി സ്തുതിക്കുന്നതെങ്കിലും, അദ്ദേഹത്തിൻെറ ജന്മഭൂമി യായ നിരണത്തു തൃക്കപാലീശ്വരത്തുക്ഷേത്രത്തിലേ ശ്രീപരമേശ്വരനെ ക്കൂടി ഘടിപ്പിക്കണമെന്നു് അദ്ദേഹത്തിനുള്ള താൽപര്യമാണെന്നുള്ളതു സ്പഷ്ടമാകുന്നു. രണ്ടു ശീലുകൾമാത്രം ചുവടേ കുറിക്കുന്നു.

"നല്ലോരരവണമേലാഴിയിൽ
മെല്ലെത്തുയിലാകിയ മാധവ–
നല്ലോ നരജാതികളിടതീ–
ർത്തുല്ലാസം രക്ഷിച്ചരുളും
ചൊല്ലാന്നാ മലയിൻകീഴ്ത്തിരു–
വല്ലഭനേ! നിൻപദപങ്കജ–
മെല്ലാനാളും തൊഴുതേൻ ശ്രീ–
മാധവ പാഹി തൊഴുന്നേൻ.
മണ്ണെയളന്നീരടിയാക്കിയ
കണ്ണാ കരുണാകര മരതക–
വണ്ണാ നിൻപദമിരുപൊഴുതും
വിണ്ണോർ തൊഴുതീടുമവർക്കും
എണ്ണിയ വൻവിന തീർത്തീടും
വെണ്ണകൾ കളവാണ്ടുണ്ടവനേ കേൾ
എന്നേയും രക്ഷിക്കെന്നുദിനവും
ശ്രീമാധവ പാഹി തൊഴുന്നേൻ."

**നിരണവൃത്തങ്ങൾ:**—നിരണംകവികളുടെ കൃതികളിലേ ഭാഷ യെ മുത്തമിഴ് (തികഞ്ഞതമിഴ്) എന്നു ചിലർ വ്യവഹരിക്കുന്നതു് അതി ലേ പഴയ മലയാന്തമിഴിലുള്ള പല പദങ്ങളേയും പ്രയോഗങ്ങളേയും കണ്ടിട്ടായിരിക്കണം; തമിഴ്, മലയാളം, സംസ്കൃതം ഈ മൂന്നു ഭാഷകളു ടേയും സമ്മേളനം അവയിൽ ദൃശ്യമാകുന്നതുകൊണ്ടാണെന്നു തോന്നുന്നി ല്ല. ഏതായാലും അത്തരത്തിലുള്ള സമ്മേളനത്തിനു് ഒരു ആകർഷക മായ സൗന്ദര്യവും സൗരഭ്യവുമുണ്ടെന്നു ഏവരും സമ്മതിക്കുകതന്നെ ചെയ്യും. നിരണംകവികൾ പ്രയോഗിച്ചിട്ടുള്ള വൃത്തങ്ങളിൽ അതി പ്രധാനമായിട്ടുള്ളതു് 16 മാത്രകൾവീതമുള്ള ഈരണ്ടു ഖണ്ഡങ്ങളടങ്ങിയ നാലു് ഈരടികൾ ഉൾക്കൊള്ളുന്ന ഒന്നാണു്. അതിനേയും തരങ്ഗിണി യെന്നു പറയാം; എന്നാൽ തുള്ളൽപ്പാട്ടിലെ തരങ്ഗിണിക്കു ശീലുകളുടെ മാതിരി വിരാമമില്ലാത്തതും അതു് ഈരടികൾകൊണ്ടുമാത്രം നിബന്ധി ച്ചിട്ടുള്ളതുമാണെന്നു് ഒരു വ്യത്യാസമുണ്ടു്. 'ആനന്ദാമൃതസാരമനുപമ ശേഷജഗൽപരിപൂർണ്ണവുമായേ' എന്നതു രാമായണം ആദ്യത്തെ ശീലി ലെ നാലീരടികളിൽ ആദ്യത്തേതാണു്. ഇതുകൂടാതെ വേറേയും ചില വൃത്തങ്ങൾ നിരണംകവികൾ ഇടയ്ക്കിടയ്ക്കു സ്വീകരിച്ചിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

(1) ''ആയിതനുരാഗമതുകാലമിഹ കൗസ–
ല്യാതനയനാകിയ കുമാരനിലെവൎക്കും''

(2) ''രാജാധിദേവിമകൾ രാജീവലോചനാ
രാജേന്ദ്രനച്യുതനിൽ രാഗം മുഴുത്തുപോയ്''

(3) ''മേദിനീയിലേവനിങ്ങു വേദമൂൎത്തിയായെങ്ങും
ബോധരൂപനാം നിനക്കു പൂജചെയ്തിടുന്നതും''

(4) ''മറെറാരുത്തനെ സ്തുതിച്ച മത്സ്യരാജനും റെകണ്ടു
നെററിമേലെറിന്ത ചൂതു നേർചൊരിന്ത ശോണിതത്തെ''

(5) ''തിറമൊടിലകുന്ന കാർകുന്തലും കാന്തിചേർ–
തിരുനുതലുമായതാതാമ്രനേത്രങ്ങളും''

(6) ''ചൊല്ലിയിവണ്ണമാചമനാദി ചെയ്തണിമേനിതന്മേൽ
ശോഭിതമായ ചട്ടയുമിട്ടെടുത്തു ശരങ്ങൾ ചാപം.''

ഇവ അവയിൽ ചില വൃത്തങ്ങളിലെ ഈരടികളാണു്. അതാതു വൃത്തത്തിനൊപ്പിച്ചു് അക്ഷരങ്ങൾ ചിലപ്പോൾ തമിഴിലേ വികാരവിധികളനുസരിച്ചു നീട്ടിയും കുറുക്കിയും തുറന്നും അടച്ചും ഉച്ചരിക്കേണ്ടതുണ്ടു്. 'മേദിനീയിൽ' എന്ന പ്രയോഗം നോക്കുക.

**രാമായണസംക്ഷേപം:**—അക്കാലത്തുതന്നെ രാമായണകഥ സംക്ഷേപിച്ചു ഭാരതമാലയ്ക്കു സദൃശമായി ഒരു കൃതി അന്താദിപ്രാസവും മറവുമൊപ്പിച്ചു് ആരോ രചിച്ചിട്ടുണ്ടു്. ഗ്രന്ഥത്തിന്റെ അവസാനം കണ്ടുകിട്ടീട്ടില്ലാത്തതിനാൽ പ്രണേതാവാരെന്നു നിൎണ്ണയിക്കുവാൻ നിൎവ്വാഹമില്ല. അതിൽനിന്നു രണ്ടു ശീലുകൾ ചുവടേ ചേർക്കാം.

(1) പ്രാരംഭം:—

''അരചൻ ദശരഥനാത്മജനായ് വ–
ന്നവതാരംചെയ്തിതു കൗസല്യയിൽ
അരവിന്ദാക്ഷനനന്തജഗൽഗുരു–
വനുജന്മാർ കൈകേയി സുമിത്രയിൽ
ഒരു വഴിയേയുളവായിതു പുത്രരു–
മുടനേ ചെയ്തിതു ജാതകകൎമ്മം
വരമിയൽ നാമാദികളും ചെയ്തു
വളൎന്നിതു വളതളതാലിയണിന്തേ.''

(2) സീതാവൎണ്ണനം:—

''കണ്ടിതിരുണ്ടിളകും മലിശോഭ
കവിഞ്ഞുയരെത്തിരുകീടിന കാർകുഴൽ
അണ്ടർ*രണ്ടു തൊഴും നുതൽ ചില്ലിവി–
ല്ലംബുജലോചനയുഗളം നാസിക

* അണ്ടർ=ദേവന്മാർ.

Digitized By Kerala Sahitya Akademi

ചണ്ഡഭംഗാകൃതി കണ്ഡലകാന്തി
ചലിച്ച കപോലതലങ്ങളുമേറാം
തണ്ടലർവാണഭയം കെട്ടവാൻ മധു
തണ്ടിന വായ്പവഴം മുഖകമലം.''

**ശ്രീരാമസ്തോത്രം:**—ഇതും അത്യന്തം ഹൃദ്യമായ ഒരു കൃതിയാകുന്നു. രാമായണകഥ മുഴുവൻ പ്രതിപാദിച്ചിട്ടുണ്ട്. കവിത അക്കാലത്തേതുതന്നെ. അഞ്ചു ശീലുകളേ ഉള്ളൂ. മാതൃക താഴെക്കാണിക്കുന്നു.

(1) മുതിർന്നലതന്നിലമന്നണ്ണലേ ജയ;
മുകിലൊളിനിറമുടയമൃതേ ജയ ജയ;
കതിരവർകുലമമന്നമലാ ജയ ജയ;
കനവിയ ദശരഥതനയാ ജയ ജയ;
ഇതവിയ മുനി തുണ നടന്നാ ജയ ജയ;
ഇടർചെയ്യുമവളുയിർ കളഞ്ഞാ ജയ ജയ
അതിശയമസുരർ മെയ്പിളന്നാ ജയ ജയ
അരുമറയവരിടയമന്നാ ജയ ജയ.''

(2) വകവക മുനികൾ മെയ്തൊഴുതാ ജയ ജയ;
വന്ന നിശിചരി മുലയരിഞ്ഞാ ജയ ജയ;
പുകഴൊടു കരനുയിർ കളഞ്ഞാ ജയ ജയ;
പുനരൊരു മൃഗമെയ്യു തിരിഞ്ഞാ ജയ ജയ;
അലർമകൾ പിരിഞ്ഞഴിഞ്ഞഴുതാ ജയ ജയ;
അതിനൊരു കവി തുണനടന്നാ ജയ ജയ;
തിചയറികവനെൻറിതുരച്ചാ ജയ ജയ;
തിചയറിഞ്ഞവരൊടു നടന്നാ ജയ ജയ.''

**തിരുക്കണ്ണിയംലണ്ണൽസ്തുതി:**—ഇതു് ഒരു ശിവസ്തോത്രമാണു്. 'തിരുക്കണ്ണിയാൽ' എവിടമെന്നറിയുന്നില്ല. അതിൽനിന്നു് ഒരു ശീൽ ഉദ്ധരിക്കുന്നു.

''ഞാലമീരേഴുമുണ്ടായർകോന്നും മുകം
നാലുളോനും പിന്നെപ്പൻറിയും പുള്ളമായ്;
മൂലവും മേൽമുടിയന്തവും തേടിനാർ
മൂവരായ്നിൻറ കണ്ടീലല്ലോ പിന്നെയും;
വേലയാലാലമുണ്ടയ്യനേ! നൽപ്പൊന്നേ!
വേലതൻ കൂട്ടടൻ കൂടിനിന്നാടുവാൻ
കാലകാലാ പിരാനേ! കൊതിക്കുന്നതെൻ
കാലു രണ്ടും തിരുക്കണ്ണിയാലണ്ണലേ!''

**പാശുപതാസ്ത്രലാഭം പാട്ടു്:**—നിരണം കവികളുടെ കാലത്തു വിരചിതമായ മറെറാരു കൃതിയാണു് പാശുപതാസ്ത്രലാഭം പാട്ടു്. കവി അവരിലൊരാൾതന്നെയോ എന്നറിവില്ല. എന്നാൽ ഭാഷാരീ

Digitized By Kerala Sahitya Akademi

ത്തികൊണ്ടും അന്താദിപ്രാസഘടനകൊണ്ടും മററും അതിന്റെ കാലം അനാ യാസേന നിർണ്ണയിക്കാവുന്നതാണ്. താഴെക്കാണുന്ന ശീലുകൾ നോക്കുക.

''ആനനമാനവുടേ പടിപാവ
നാതിപതിനായകനംബികതനയൻ

*        *        *        *

പണ്ടവർ കൌന്തേയൻ വിജയനു മ-
ഹേശ്വരനസ്ത്രം നല്കിയതിപ്പോൾ
ഞാനുരചെയ്യാംവണ്ണമിതിന്നൊരു
ജ്ഞാനം തരികയെനിക്കു വിരഞ്ചോ,
വിരഞ്ഞരുൾചെയ്തിതുവായ്മകൾ താനും
ബ്രഹ്മൻതിരുവടിയും തിരുമാലും
പുരന്ദരനൊട്ടു പുരമെരിചെയ്തരനും
പൂമാതും വാണോരുമനാത്തും
പരൻ പുരുഷൻ മലർമങ്കമണാളൻ
പാണ്ഡുതനൂജനു പാശുപതാസ്ത്രം
വരം പെറുകെന്റെ നല്കിനതിപ്പോഴ്
വാഴ്ത്തുമതിന്നുടനെങ്ങൾക്കിന്റ.''
''അച്ച്വന ചെയ്യിന്റെടത്തോറമ
ട്ടത്തൊചെന്റ പിനാകിക്കപ്പോൾ
ആശ്ശിവപൂജവിതാനം കണ്ടി
ട്ടാനന്ദവുമാശ്ചര്യവുമായിതു;
അച്ച്വന വിരവിൽ മുടിച്ചു കിരീടിയു
മെയ്കൊട്ടു ഗാണ്ഡീവം പൂട്ടേറി
കൈച്ചുരടും കവചാദികൾ പൂണ്ടിതു
കട്കചെറുഞാണൊലിയും ചെയ്താൻ
ചെറുഞാണൊലി ചെയ്തതു കേട്ടപ്പോൾ
ചെറുവേടനുമാരോടിപ്പോയിതു:
അറയാതെ പെരുവേടൻ ചെന്റി
ട്ടവനോടണയച്ചെൻവരചെയ്താൻ.
തിറമേറിന്റമരേന്ദ്രതനൂജാ
ചെന്താമരനയനൻ ഗോവിന്ദ-
നുടമപെറും വിജയാ നിയെങ്ങൾ
ക്കുടനേ വെൻറിയെ നല്കുകയെന്റാൻ.''

**നളചരിതം പാട്ട്:**— പാശുപതാസ്ത്രലാഭംപോലെയുള്ള ഒരു കൃതിയാണ് നളചരിതം പാട്ട്. അതിലും വൃത്തം, എതുകമോനകൾ, അന്താദിപ്രാസം, ഭാഷ, ഇവയെല്ലാം നിരണം കൃതികളിലേതുപോലെതന്നെ ഇരിക്കുന്നു. ഒരു ശീൽ ചുവടേ ചേർക്കാം:

''നളനുടെ ചരിതമുരയ്ക്കാനിപ്പോൾ
നാന്മുഖനും നാരായണനരനും

Digitized By Kerala Sahitya Akademi

> തെളിവൊടു ചന്ദ്രാദിത്യന്മാരും
> ദേവേന്ദ്രാദ്യമരേന്ദ്രന്മാരെല്ലാം
> വളർമയിൽതനുതുകിൽപ്പൊലിവോനും
> മഹിഷാന്തകിയും മാരന്മാരുന്ന–
> മളവില്ലാതഉറെങ്ങലനുഗ്രഹ–
> മാരവരേ തന്നീടുക ശരണം.''

നിരണത്തു പണിക്കരന്മാരുടെ കൃതികളോടു വളരെ സാദൃശ്യമുള്ള മറെറാരു രാമായണംപാട്ടു കണ്ടുകിട്ടിട്ടുണ്ടു്. അവസാനത്തിലെ ഓലകഠം അലഭ്യങ്ങളാകയാൽ കഥ എത്രവരെ പോകുന്നു എന്നു ഖണ്ഡിച്ചു പറവാൻ നിവൃത്തിയില്ലെങ്കിലും "ജനകസുതമെയ് പുണരും തനുരാഗ സുരർകുലമഹതി തരുണിനഃഷയം തന്വിയോടു വനചരരോടല കടന്നു ചെന്നു വന്നിന്നുമാന നിജനഗരിതന്നിലിരുന്ന പരൻ'' എന്നു ഗ്രന്ഥാരംഭത്തിൽ സൂചിപ്പിച്ചിട്ടുള്ളതുകൊണ്ടു പട്ടാഭിഷേകപര്യന്തമുള്ള ഇതിവൃത്തം ഇതിൽ പ്രതിപാദിതമാണെന്നു് ഊഹിക്കാവുന്നതാണു്. അത്യന്തം സംക്ഷിപ്തമായ രീതിയിലാണു് കവി കഥ പറഞ്ഞുകൊണ്ടു പോകുന്നതു്. അന്താദിപ്രാസമുണ്ടു്. കവിതയുടെ മാതൃക കാണിക്കുവാൻ ചില പാട്ടുകഠം ചുവടെ ഉദ്ധരിക്കുന്നു.

> "എങ്കൽ വന്നു കവിമഴപൊഴിയുമതിനു മലരെ–
> ള്ളിക്ഷുപായസമൊട്ടും നല്ലട ചുട്ടകിഴങ്ങുംതേൻ
> ഭങ്ഗിമിക്ക കനി പല............മവൽ പയറൊടിളന്നീർ
> പഞ്ചതാര വെല്ലമുഴന്നു ദധി നവനെയ്യ് വെണ്ണ പാൽ
> മുൻകരം കൊട്ടമെല്ലമുതുക്ക.........മുതുമുതിന്നേൻ
> മുന്തിവന്തു ഗണപതി തുണചെയ്യരുളുകഭയം.
> മങ്ഗലം പെരിയ ദശരഥനതനയ***നൊന്നിൽ
> വന്തുനില്പതിനരുളെന കവിമകഠം തരികവേ'' (1)

രാമചരിതകാരനെപ്പോലെ കവി മഹിഷനാശിനിയേയും വന്ദിക്കുന്നുണ്ടു്.

> മുനിയരുളേറിയ രാമൻ പിന്നെ
> മുടിക്ഷത്രിയ മിഥിലാപുരിയിൽപ്പോയ്
> നിനാദം കേട്ടിതു സുഖമേയെന്തു
> നിമിത്തമുരച്ചരുളീടുകയെൻറാൻ.
> മനുവരനോടു തപോധനനരുളീ
> മന്നവ! കേളൊരു കന്യാരത്നം
> ജനകനു ഭൂമിയിൽനിന്നുണ്ടായിതു
> ചെയ്യിതതിനുചിതക്രിയ വീരൻ. (2)

എൻറ പോതുള്ളിലാന്ന വേദനയോടു മാനുഷപുങ്ഗവൻ
റെറ വിധേ വിധിയോയെനിക്കിതു ഹാ ഹതോസ്മി മനോഹരേ,
ഒൻറല്ലാതസുരൻ ചതിച്ചതുമൊണ്മയോ മമ വല്ലഭേ,
ഒൻറുമോയിനി നാമിലേയൊരു കാലമായതലോചനേ,

Digitized By Kerala Sahitya Akademi

കന്നോനും മുലയോ മറ്റുള്ള ചൊല്ലുള്ളവരായെന്നെ
കനമേറ മുഖാമ്പുജമോ കടലാക്ഷി നിൻകയിൽനിന്നൽച്ചൊല്ലോ
നൻറല്ലേയിഹലോകരെ ഖൃമൊക്ക നീ പിരിഞ്ഞെന്നതെൻറല്ലാം
നണ്ണിനണ്ണിയൊരോൻറ ചൊല്ലി മയങ്കിവീണ്ണിതു ഭൂതലേ. (3)

**മറെറാരു രാമായണം പാട്ട്:—**

"അരുംചെയ്യോരു നിജനാഥനെ വണങ്ങി നടന്നാ—
നഹമവനു തുണയെൻറരചെയ്യാഞ്ജനേയനും
വരവു കണ്ടിവനെനിക്കു സഖിയെൻറ തഴവി
വളകൈകൊണ്ടു................കവി വായുതനയൻ
പരമസൗഖ്യമൊടിരുന്നിതവരും പലദിനം
പവനസൂനു ദരിശിച്ചിതു രഘുപ്രവരൻ മെ—
യ്യുരചരെൻറമറിഞ്ഞാനവനിലക്ഷണവനാ—
ല........പ്രദർ സഖേ അവർകളെൻറ ചൊല്ലിനാൻ." (4)

ക്രി: പി: 14—ാം ശതകത്തിൽ പാട്ടിൻെറ രീതി ഇന്ന വിധത്തിലായിരുന്നു എന്നറിവാൻ ഇതിലധികം നിരൂപണമാവശ്യമില്ല. ഇവയെല്ലാം അപ്രാചീനപ്രായങ്ങളായ മിശ്രഭാഷാകൃതികളാണെന്നു പറയുന്നവർ അവരുടെ അഭിപ്രായത്തെപ്പററി നല്ലതുപോലെ പുനരാലോചന ചെയ്യേണ്ടിയിരിക്കുന്നു. ഇനിയും മുഞ്ഞനിയൂർ ശങ്കരവാരിയരുടെ പരശുരാമചരിതം തുടങ്ങി വേറെയും ഈ ജാതിയിലും ഇതേ കാലത്തിലുമുള്ള ചില കൃതികൾ കണ്ടുകിട്ടീട്ടുണ്ട്.

**പയ്യന്നൂർ പാട്ട്:—**പയ്യന്നൂർപാട്ട് എന്നൊരു കൃതിയെപ്പററി ഡോക്ടർ ഗുണ്ടർട്ട് ചിലതെല്ലാം പ്രസ്താവിച്ചിട്ടുണ്ട്. ആ ഗ്രന്ഥത്തിൻെറ യാതൊരു പ്രതിയും മററുള്ളവർക്കു കിട്ടീട്ടില്ല; ഗുണ്ടർട്ടിനുതന്നെയും ആദ്യത്തെ നൂററിനാല്പ് ഈരടികളേ ലഭിച്ചിരുന്നുള്ളു. ഗുണ്ടർട്ടിൻെറ കൈവശമുണ്ടായിരുന്ന ഏട്ടിൻെറ പോക്കിനെപ്പററിയും യാതൊരറിവുമില്ല. തമിഴിലെ നീലകേശി എന്ന കാവ്യത്തിനും ഇതിനും തമ്മിൽ യാതൊരു സംബന്ധവുമില്ല.

വിഷയം:—സുന്ദരിമാൎക്കു കേൾവിപ്പെട്ട ശിവപേരൂരിൽ (തൃശ്ശൂരിൽ) ഒരു മാന്യകുടുംബത്തിൽ ജനിച്ച നീലകേശി എന്ന സ്ത്രീ അപുത്രയായിരുന്നതിനാൽ ഭിക്ഷുകിയായി തീൎത്ഥാടനം ചെയ്യുവാൻ തീൎച്ചപ്പെടുത്തി. അങ്ങനെ സഞ്ചരിക്കവേ ഒരിക്കൽ ഉത്തരകേരളത്തിൽ ഏഴിമലയ്ക്കു സമീപമുള്ള കച്ചിൽപട്ടണത്തു ചെന്നുചേരുകയും അവിടത്തെ പ്രധാന വണിക്കായ നമ്പുചെട്ടി (ചോമ്പുചെട്ടിയെന്നും പറയും) അവളെ ചില വ്രതങ്ങളും മററും അനുഷ്ഠിപ്പിച്ചു തൻെറ പത്നിയായി സ്വീകരിക്കുകയും ചെയ്തു. അവൎക്കു നമ്പുശാരിഅരൻ എന്നൊരു പുത്രൻ ജനിച്ചു. ആ സംഭവത്തിൻെറ ആഘോഷരൂപമായി നാല്പത്തൊന്നാംദിവസം പയ്യന്നൂർ മൈതാനത്തുവച്ചു നമ്പുചെട്ടി ഒരു സദ്യ നടത്തി. ആ സമയത്തു നീലകേശിയുടെ സഹോദരന്മാർ അവിടെ കപ്പൽവഴിക്കു

Digitized By Kerala Sahitya Akademi

ചെന്നുചേൎന്നു. അവർ ഒരു ക്ഷേത്രത്തിന്റെ മതിലിൽ കയറിനിന്നുകൊണ്ടു മൈതാനത്തിൽ നടന്ന ആഘോഷം കണ്ടുകൊണ്ടിരിക്കവേ ചിലർ അവരെ തടസ്സപ്പെടുത്തി. തങ്ങൾ കുലവാണികന്മാർ (ധാന്യവിക്രയികൾ) ആണെന്നും നാട്ടുനടപ്പറിഞ്ഞുകൂടാതെയാണ് അങ്ങനെ ചെയ്തതെന്നും നമ്പൂചെട്ടിയോടു സമാധാനം പറഞ്ഞു. ചെട്ടിയാകട്ടെ അവരിൽ ഒരു സഹോദരന്റെ തലയിൽ വടികൊണ്ടടിക്കുകയും തദനന്തരമുണ്ടായ ലഹളയിൽ എല്ലാ സഹോദരന്മാരും കാലഗതിയെ പ്രാപിക്കുകയും ചെയ്തു. ആ ദാരുണമായ വൃത്താന്തം കേട്ടു നീലകേശി ഭൎത്താവിനേയും പുത്രനേയും ഉപേക്ഷിച്ചു വീണ്ടും ഭിക്ഷുകിയായി സഞ്ചരിച്ചു. പുത്രനെ പിതാവു യഥാകാലം കച്ചവടവും കപ്പൽപ്പണിയും പഠിപ്പിച്ചു. നമ്പുശാരിങ്ങരൻ സ്വന്തമായി ഒരു കപ്പൽ പണിയിച്ച് അതു കച്ചിൽപട്ടണത്തുനിന്നു കച്ചവടത്തിനായി കടലിലിറക്കി. പാണ്ഡ്യർ, ജോനകർ, ചോഴിയർ മുതലായവരും ഒരു യവനനും (ഗ്രീക്കുകാരൻ) അതിൽ വേലക്കാരായി ഉണ്ടായിരുന്നു. അവർ ഏഴിമല ചുററി പൂമ്പട്ടണത്തോളം ചെന്ന് അവിടെനിന്നു മാലദ്വീപുകൾ, താമ്രവൎണ്ണീനദി, പൂവൻകാപ്പട്ടണം, കാവേരിനദി ഇവ കടന്നു മറെറാരു സമുദ്രത്തിൽ സഞ്ചരിച്ചു പൊന്മല എന്ന സ്ഥലത്തെത്തി തങ്ങളുടെ സാമാനങ്ങൾ വിററഴിച്ചു സ്വൎണ്ണവുമായി തിരിയെ കച്ചിൽപട്ടണത്തെത്തി. സാംയാത്രികന്മാർ യോഗ്യതാനുസാരം സമ്മാനങ്ങൾ വാങ്ങി. ഒരവസരത്തിൽ അച്ഛനും മകനുംകൂടി ചതുരംഗം വച്ചുകൊണ്ടിരിക്കവേ ഒരു ഭിക്ഷുകി വന്നു തനിക്കു ഭിക്ഷകിട്ടിയാൽ പോരെന്നും യുവാവായ വത്സനെ കാണണമെന്നും നിർബന്ധിച്ചു. പിന്നീട് ആ സ്ത്രീയും അരനും തമ്മിൽ ദീർഘവും രഹസ്യവുമായ ഒരു സംഭാഷണം നടന്നു. ഒടുവിൽ അന്നു രാത്രി പയ്യന്നൂരിൽ സ്ത്രീകൾ ഒരു സദ്യ നടത്തുന്നുണ്ടെന്നും ആ അവസരത്തിൽ അരൻ അവിടെ സന്നിഹിതനാകണമെന്നും അവർ അപേക്ഷിച്ചു പിരിഞ്ഞു. അച്ഛൻ അതിലെന്തോ കൃത്രിമമുണ്ടെന്നു ശങ്കിച്ചു മകനോടു പോകരുതെന്ന് ഉപദേശിച്ചു എങ്കിലും മകൻ വാഗ്ദാനം ചെയ്തു കഴിഞ്ഞിരുന്നതിനാൽ പോകുമെന്നു ശഠിച്ചു.

''നില്ലാതെ വീണ്ട നമസ്കരിച്ചാൻ:–
നിന്നാണെ തമ്മപ്പാ പോകുന്നേനേ''

അപ്പോൾ അച്ഛൻ പറയുന്നു:–

''പോകാൻ നിലക്കിനേറെത്തിരയും;
പോക്കൊഴിപ്പാനരുതാഞ്ഞുതിപ്പോൾ.
ചാവാളരെപ്പോൽ നീയകലെപ്പോറൂ;
ചങ്ങാതം വേണം പെരികെയിപ്പോൾ.
കോവാതലച്ചെട്ടിയഞ്ചു വൎണ്ണം
കൂട്ടം മണിക്കിരാമത്താർ മക്കൾ
നമ്മളാൽ നാലു നകരത്തിലും
നാലരെക്കൊൾക കൂടിക്ക ചേന്നോർ.''

Digitized By Kerala Sahitya Akademi

നാലർ കടിക്ക ചേർന്നാരെക്കൊണ്ടാർ
നാട്ടിലെപ്പട്ടിണസ്വാമിമക്കാം;
തോഴർ ചതിനാലു വൻകിരിസം
തോല്പിപ്പാനില്ലായീ നാട്ടിലാരും.
കാലേപ്പിടിച്ചങ്ങിഴയ്ക്കിലും ഞാൻ
കച്ചിൽപ്പട്ടിൽ വന്നെന്നിക്കണ്ണുറങ്ങേൻ.''

അപ്പോഠം അച്ഛൻ കപ്പലിൽ വില്പനയ്ക്കു കറെ സാമാനങ്ങാം കൂടി കൊണ്ടുപോകവാൻ ആജ്ഞാപിച്ചു. അതിന്റെ മേലുള്ള കഥാവസ്ഥ എന്തെന്നറിയുവാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്.

**പയ്യന്നൂർ പാട്ടിന്റെ പ്രാധാന്യം:—** ഈ പാട്ടിന്റെ കാലം ക്രി: പി: പതിമ്മൂന്നോ പതിനാലോ ശതകമായിരിക്കാമെന്ന തോന്നുന്നു. വടക്കൻപാട്ടുകളിൽ സർവസാധാരണമായി ഉപയോഗിക്കുന്നതാണു് ഇതിലെ വൃത്തമെന്നു പറയേണ്ടതില്ലല്ലോ. ഗുണ്ടർട്ട് ഉദ്ധരിച്ചിട്ടുള്ള വരികാം മുഴുവൻ ഞാനും പകർത്തീട്ടുണ്ടു്; ചില തെററുകാം തിരുത്തുവാനും ശ്രമിച്ചിട്ടുണ്ടു്. അന്നു് ഉത്തരകേരളത്തിലും കൊട്ടങ്ങല്ലൂരിലെന്നപോലെ അഞ്ചുവണ്ണവും മണിഗ്രാമവുമുണ്ടായിരുന്നു എന്നും, കച്ചിൽപട്ടണത്തിൽ ധാരാളമായി കപ്പൽപ്പണിയും കപ്പൽ കച്ചവടവും നടന്നുകൊണ്ടിരുന്നു എന്നും, പാണ്ഡ്യർ, ചോളർ, ജോനകർ ഇവർക്കു പുറമേ അപൂർവം ചില ഗ്രീക്കുകാരും അവിടെ മാലുമികളായി താമസിച്ചിരുന്നു എന്നും മററുമുള്ള വസ്തുതകാം നാം ഈ ഗ്രന്ഥത്തിൽ നിന്നറിയുന്നു. കപ്പൽപണിയേയും കപ്പൽചരക്കുകളേയുംപററി വിശദമായ വിവരണങ്ങാം ഇതിലുണ്ടെന്നും ആ ഭാഗങ്ങളിൽ പ്രയോഗിച്ചിരുന്ന പ്രചാരലുപ്തങ്ങളായ പല ശബ്ദങ്ങളുടേയും അർത്ഥം ഇപ്പോഠം അറിവാൻ നിവൃത്തിയില്ലെന്നും ഗുണ്ടർട്ടു പ്രസ്താവിക്കുന്നു. പുരാതന കാലത്തെ കേരളീയവാണിജ്യത്തെപ്പററി പല പുതിയ അറിവുകളും നമുക്കു തരുവാൻ പര്യാപ്തമായ പ്രസ്തുതഗ്രന്ഥം നഷ്ടപ്രായമായിത്തീന്നിരിക്കുന്നതു് ഏററവും ശോചനീയമാകുന്നു.

## ഗദ്യം

**ദൂതവാക്യം:—** ആട്ടപ്രകാരങ്ങളിലേ ഗദ്യരീതി പതിമ്മൂന്നാമദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. ആവക ഗ്രന്ഥങ്ങാംക്കു പുറമേ സ്വല്പകാലംകൂടി കഴിഞ്ഞപ്പോഠം കൂടിയാട്ടത്തിനു് ഉപയോഗിക്കുന്ന രൂപകങ്ങാംക്കു ഗദ്യത്തിൽ ആദ്യന്തം വിസ്തൃതമായ രീതിയിൽ ഭാഷാനുവാദങ്ങളും വിരചിതങ്ങളായി. ആ ഇനത്തിൽപ്പെട്ടതാണു് ദൂതവാക്യം. മററു ചില രൂപകങ്ങാംക്കും വിദ്വാന്മാർ വിവർത്തനം എഴുതിയിരിക്കണം. അവ ഇക്കാലത്തു് അലഭ്യങ്ങളായിത്തീന്നിരിക്കുന്നു.

കാലം:—ചാക്കിയാന്മാക്കു് അഭിനയിക്കുവാനുള്ള രൂപകങ്ങളിൽ ഒന്നാണല്ലോ ദൂതവാക്യം എന്ന വ്യായോഗം. അതിലെ ഇതിവൃത്തം മഹാഭാരതം ഉദ്യോഗപർവത്തിൽ അന്തർഭൂതമായ ഭഗവദ്ദൂത

Digitized By Kerala Sahitya Akademi

ടമന്നയാണ്. അതിൻെറ ഒരു ഉജ്ജ്വലമായ ഗദ്യവിവർത്തനമാകുന്ന ദൂതവാക്യം ഭാഷ. പ്രസ്തുതഗ്രന്ഥത്തിൻെറ പ്രണേതാവ് ആരെന്നറിവാൻ മാർഗ്ഗമില്ലെങ്കിലും കൊല്ലം 564-ാമാണ്ട 'മിഥുനഞായിറു പോകിൻറ നാളിൽ' 'പന്തവക്കൽ ഗ്രഹത്തിൽ ഇരുന്ന ചെറിയനാട്ട് ഉണ്ണിരാമൻ' പകർത്തിയ അതിൻെറ ഒരു പ്രതി എനിക്ക കാണ്മാൻ ഇടവരികയും അതു ഞാൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എഴുതിയ കാലം കുറിച്ചിട്ടുള്ള ഏടുകളിൽ എൻെറ അറിവിൽ പെട്ടിടത്തോളം കേരളത്തിൽ ഈ താളിയോലഗ്രന്ഥത്തിനാണ് പഴക്കം അധികമായി കാണുന്നതു്. ഇതിൻെറ ഒടുവിൽ സംസ്കൃതത്തിൽ അഭിജ്ഞനായ ലേഖകൻ 'ആദിത്യവർമ്മായ നമഃ' എന്നൊരു കുറിപ്പും ചേർത്തിട്ടുണ്ട്. 'ആദിത്യവർമ്മാ' എന്നതു് അക്കാലത്തു നാടു വാണിരുന്ന തിരുവിതാങ്കൂർ മഹാരാജാവിൻെറ നാമധേയമാണ്. കൊല്ലം 564-ാമാണ്ടിനു മുമ്പാണ് ഗ്രന്ഥത്തിൻെറ രചനയെന്നുള്ളതിന്ന് ഇതിലധികം തെളിവ് ആവശ്യമില്ലല്ലോ. ഭാഷാരീതികൊണ്ടും ഇതു ക്രി: പി: പതിന്നാലാം ശതകത്തിലേ ഒരു കൃതിയാണെന്നു് അനുമിക്കവാൻ കഴിയുന്നതാണ്.

ഗ്രന്ഥത്തിൻെറ സ്വരൂപം:—ഭാഷാവിവർത്തനം എന്നു പറയുമ്പോൾ മൂലത്തിലെ ഗദ്യപദ്യങ്ങളുടെ അർത്ഥം അന്യൂനാനതിരിക്തമായി ഭാഷയിൽ സംക്രമിപ്പിച്ചിട്ടുള്ള ഒരു കൃതിയാണ് ഇതെന്നു് അനുവാചകന്മാർ തെററിദ്ധരിക്കരുതു്. മൂലത്തിലേ വാക്യങ്ങളുടേയും ശ്ലോകങ്ങളുടേയും അർത്ഥം അതേ മാതിരിയിൽ തർജ്ജമ ചെയ്തിട്ടുള്ള ഭാഗങ്ങൾ ഇതിൽ ദുർല്ലഭമാണ്. ഗദ്യപദ്യങ്ങളുടെ ഭാഷാനുവാദത്തിനു പുറമേ നടന്മാർക്കു രംഗപ്രയോഗത്തിനു വേണ്ട ഉപദേശങ്ങളുംകൂടി ഗ്രന്ഥകാരൻ സന്ദർഭോചിതമായി നല്കുന്നുണ്ട്. ഉദാഹരണമായി ഇതിലെ സ്ഥാപനതന്നെ പരിശോധിക്കാം. മൂലത്തിൽ നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിച്ചു പൂർവ്വരംഗത്തിലെ പ്രധാനാംഗമായ മംഗളശ്ലോകപാഠം ചെയ്തതിനുശേഷം ''ഏവമാര്യമിശ്രാൻ വിജ്ഞാപയാമി. അയേ, കിന്നു ഖലു മയി വിജ്ഞാപനാവ്യഗ്രേ ശബ്ദ ഇവ ശ്രൂയതേ? അംഗ, പശ്യാമി'' എന്ന വാക്യങ്ങൾ ചൊല്ലുന്നു. ഭാഷയിലാകട്ടെ ഈ വാക്യങ്ങളുടെ വിവർത്തനത്തിനു മുമ്പ് ''എൻറ പ്രസ്താവം കൊണ്ട വിസ്തൃതകഥാശേഷസൂചകപ്രവീണവാണീവിലാസമുടയനാകിന്ന സൂത്രധാരൻ........പാരിപാർശ്വികന്മാരോടുകൂടെ പുറപ്പെട്ടു രംഗത്തിങ്കൽ പഞ്ചപദം ചെൻറ രംഗഭൂമിങ്കൽ സഭാപതിയോടുകൂടി വസിച്ചരുളുൻറ പണ്ഡിതമഹാസഭ നോക്കി ആശീർവ്വാദംപണ്ണി തിരിഞ്ഞു നൈപഥ്യശാല നോക്കി ചെല്ലിൻറവൻ; കൂത്താടുവാനാക്കിയകൊണ്ട കുറവുകെട്ട എൻെറാള്ളെടം അറിയിപ്പൂ എൻറ ചൊല്ലി ചെല്ലിൻറവൻ'' എന്നു കഥാവസ്തുാംശവിജ്ഞാപനത്തിനു മുമ്പു സൂത്രധാരൻ അനുഷ്ഠിക്കേണ്ട കർത്തവ്യത്തെ വിവരിക്കുന്നു. ഇതുപോലെ ഓരോ പാത്രത്തിൻേറയും പ്രവേശത്തിൽ ആ പാത്രത്തിൻെറ അന്തർഗ്ഗതവും രംഗപ്രവേശപരിപാടിയും ഗ്രന്ഥകാരൻ പ്രപഞ്ചനം ചെയ്തിട്ടുണ്ട്.

Digitized By Kerala Sahitya Akademi

മൂലഗ്രന്ഥം അഭിനയിക്കുന്ന ചാക്കിയാന്മാക്കു് ആട്ടുപ്പോഴു പിഴക്കാതിരിക്കുന്നതിനും അതാതു പാത്രങ്ങൾക്കു തന്മയീഭാവബോധം ജനിക്കുന്നതിനുംവേണ്ടി നിർമ്മിതമായ ഒരു ഗ്രന്ഥമാണു് ഇതെന്നു ചുരുക്കത്തിൽ പറയാം.

മാതൃക:—സംസ്കൃതപ്രധാനമാണു് പ്രസ്തുതഗ്രന്ഥത്തിലെ ശൈലി; വാക്യങ്ങൾക്കു പ്രായേണ ദൈർഘ്യവും കൂടും. ഭാഷയിൽ ഒരു നവീനമായ ഗദ്യശൈലിയുടെ ആവിർഭാവത്തേയാണു് ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ സൂചിപ്പിക്കുന്നതു്. രണ്ടുദാഹരണങ്ങൾ ഉദ്ധരിക്കാം.

1. മഹാബലിയും വാമനമൂർത്തിയും:—“അനന്തരം മഹാബലി ദുർന്നിമിത്തഗ്രഹഗൃഹീതനായി പിതാമഹമുഖവിഗളിതമാകിന പരുഷപരാക്രമത്തെ നിന്ദിക്കനിമിത്തമായ് കോപിക്കിന്റ ശ്രീപ്രഹ്ലാദനിയോഗത്താൽ അശ്വമേധം ദീക്ഷിച്ചു പാത്രികളെ സംഗ്രഹിച്ചു് ഋത്വിക്കുകളെ വരിച്ചുകൊണ്ടു കുതിര പെരുമാറി ചടങ്ങു പിഴയാതെ യാഗഞ്ചെയ്തു മുടിച്ചു പ്രാർത്ഥിതപ്രദാനപരായണനായി വസിക്കിന്റ കാലത്തു് അദിതിദേവിയുടെ തിരുവുദരാധാരത്തിങ്കൽനിന്റു ദിവ്യം വർഷസഹസ്രം കുടിജ്ജനിച്ചു ചുവന്നു ചെറുതാകിന തിരുവുടമ്പിനെ ഉടയനായ് ദേവമന്ത്രി ബൃഹസ്പതിയെ ഉപാദ്ധ്യായനായി കല്പിച്ചു് ആയിരം ശാഖകളോടുകൂടി ഇരിക്കിന്റ സാമവേദത്തിൽ വാമദേവ്യമാകിന്റ ശാഖ അളന്നുപാടി മഹാബലിയുടെ യജ്ഞവാടം പ്രാപിച്ച കാലത്തു, മധുരമധുരമാകിന സാമഗാനം കേട്ടു സന്തോഷിതഹൃദയനാകിന മഹാബലി ശ്രീവടുവാമനമൂർത്തിയെ നോക്കി “നൽവരവാവുതാക; എന്തിനെ ഇച്ഛിക്കിന്റു? അഭിപ്രേതമായിരുന്ന വരത്തെ വരിക്ക” എന്റിങ്ങനെ മഹാബലപരാക്രമനാകിന മഹാബലി ചൊല്ലിന്റതു കേട്ടു് അരുളിച്ചെയ്തു ശ്രീവടുവാമനമൂർത്തി:—‘എടോ ദൈത്യേന്ദ്രാ! രാജ്യത്തിങ്കൽ ശ്രദ്ധയില്ലാ എനക്കു്: അപ്പടിയേ ധനത്തിലും രത്നങ്ങളിലും സ്ത്രീകളിലും ശ്രദ്ധയില്ലാ. നിനക്കു ധർമ്മസ്ഥിതി ഉണ്ടാകിന്റതാകിൽ നിന്നെ പ്രാർത്ഥിക്കിന്റേൻ ഗുർവ്വർത്ഥമായി യജ്ഞശാല നാട്ടുവാൻ എന്നുടെ അടിയാൽ മൂവടിപ്രമാണം ഭൂമി തരവേണ്ടും’ എന്റു പ്രാർത്ഥിക്കിന്റ അവസ്ഥയിൽ “എടോ! ബ്രാഹ്മണശ്രേഷ്ഠാ! മൂന്റു പദങ്ങളെക്കൊണ്ടെന്തു നിന്തിരുവടിക്കു പ്രയോജനം? നൂറുതാൻ നൂറായിരംതാൻ അടിപ്രമാണം ഭൂമി അളന്നുകൊൾക.” എന്റ മഹാബലിയുടെ വചനം കേട്ടു പ്രഹ്ലാദനാകിന്റ അമാത്യൻ ചെന്റുചെറുത്താൻ”.

2. ശ്രീകൃഷ്ണന്റെ വിശ്വരൂപം കണ്ട ദുര്യോധനൻ:—“വിശ്വരൂപിയാകിന വിഷ്ണുഭഗവാനെ പിടിച്ചുകെട്ടാമെന്റു നിനച്ചു ചെന്റണയിന്റവൻ കാണാതൊഴിഞ്ഞു് ‘ഏന്നേ പേടിച്ചു നഷ്ടനായോൻ, തിരോഭവിച്ചാൻ’ എന്റു ചൊല്ലററുളിച്ചെയ്തു നില്ക്കിന്റവന്നു് അരികേ കാണായീ അംബുജേക്ഷണൻ തിരുവടിയെ. ‘ഏന്നോ ഇവനല്ലോ കേശവൻ’ എന്റു ചൊല്ലി ചെന്റണയിന്റവൻ. ‘ഏന്നേ, ആശ്ചര്യമേ കേശവന്റെ ഹ്രസ്വത്വം. അണുരൂപനാകിലും അണഞ്ഞു വർദ്ധിപ്പൂ.” എന്റു

Digitized By Kerala Sahitya Akademi

കല്പിച്ച് ആനന്ദപുളകിതനായി അങ്ങനെ നിന്ന കാലത്തു് ഉടനെ കാണാവില്ല. ‘ഏതോ, കഷ്ടമേ! നഷ്ടനായാൻ കേശവൻ'' എന്നരുളിച്ചെയ്തു നിശ്ചേഷ്ടനായ് നില്ക്കുന്നവനും അരികേ കാണായി അഖിലജഗദ്വന്ദ്യൻ തിരുവടിയെ. ‘ഏതോ ഇവനല്ലോ കേശവൻ' എന്നരുളിച്ചെയ്തു ബാധിപ്പാൻ തുടങ്ങിന്റെ കാലത്തു ഭൂമിയോടാകാശത്തോടൊക്ക ഉയർന്നു കാണാകിന്റെ, വിഷയേന്ദ്രിയഗോചരമന്റിയേ മൂരിനിമിർന്നരുളുന്ന, മധുസൂദനൻ തിരുവടിയുടെ തിരുവുടമ്പിനെ കണ്ടു കുതൂഹലചിത്തനായ് ‘ഏതോ, ആശ്ചര്യമേ! കേശിസൂദനനാകിന കേശവനുടെ ദീർഘത്വം നെടുപ്പമിരിക്കിന്റവാറ്.' ഉടനേ തിരോഭവിച്ചരുളുന്റ ത്രിഭുവനേശ്വരൻ തിരുവടിയെ കാണാതൊഴിഞ്ഞു ‘ഏതോ മറഞ്ഞുതേ, മറഞ്ഞുതോ കേശവൻ?' എന്റു ചൊല്ലി മറുപാടുനോക്കിന്റവൻ ആവിർഭവിക്കിന്റ അനന്തനുടെ ആകാരത്തെക്കണ്ടു് ‘ഇവനോ കേശവൻ'? എന്റു ചൊല്ലി ച്ചുഴന്റുനോക്കിന്റവൻ വിശ്വരൂപനാകിന വിഷ്ണുമൂർത്തിയെ കണ്ടു വിസ്മയചിത്തനായ് ‘മന്ത്രശാലയിങ്കൽ ഒരിടമൊഴിയാതെ കേശവനാരാകിന്റു. ഇവിടെ ഞാൻ എന്തു ചെയ്യുമതു? കണ്ടേനുപായം. എടോ രാജാക്കന്മാരേ, ഓരോരുത്തൻ ഓരോ കേശവന്മാരെ പിടിച്ചുകെട്ടുക. എന്തു്? രാജാക്കന്മാർ എല്ലാരും തങ്ങൾ തങ്ങളുടെ പാശംകൊണ്ടു തങ്ങളെ തങ്ങളെ പിടിച്ചുകെട്ടി അന്യരവരേ അവനീതലത്തിങ്കൽ വീഴിന്റതോ? അഴകതു! ഏടാ മഹാപ്രഭാവമുടയോയേ, അഴകതു! ആക്കുമൊരുത്തർക്കു പിടിച്ചുകെട്ടുവാൻ അസാദ്ധ്യമായിരിക്കുന്റു മായാവൈഭവംകൊണ്ടു് എന്റാൽ മദീയകോദണ്ഡോദരവിനിസ്സൃതങ്ങളാകിന വാണഗണങ്ങളാൽ പിളക്കപ്പെട്ട പുൺവായിൽനിന്റു സാന്ദ്രതരമായി ചുവക്കപ്പെട്ടിരിക്കിന്റ രുധിരവെള്ളത്താൽ ഊട്ടപ്പെട്ടിരിക്കിന്റ സർവ്വ അവയവങ്ങളെ ഉടയനായ് തങ്ങളുടെ ഭവനത്തെ പ്രാപിച്ചിരിക്കിന്റ. നിന്നെ അപ്പാണ്ഡുപുത്രന്മാർ ദുഃഖാഭിസന്തപ്തരായി ദീർഘശ്വാസം പണ്ണി ഇടതറാതെ ഒഴുകിന്റ കണ്ണുനീരാൽ മറയ്ക്കപ്പെട്ടിരിക്കിന്റ നയനങ്ങളെ ഉടയരായി കണ്ടു മുടിക' എന്റരുളിച്ചെയ്തു ധനുർവരത്തെ എടുത്തുകൊണ്ടുപോരുവാൻ ധനുശ്ശാല നോക്കിച്ചെല്ലത്തുടങ്ങിനാൻ കൗരവേന്ദ്രൻ ദുര്യോധനൻ തിരുവടി.''

ദൂതവാക്യത്തിലെ ഭാഷാശൈലി:—മലയാളഗദ്യസാഹിത്യത്തിന്റെ അതിപ്രാചീനമായ ഒരു മാതൃകയാകുന്നു നാം ദൂതവാക്യത്തിൽ കാണുന്നതു്. പിൽക്കാലത്തു പ്രചാരലുപ്തങ്ങളായിത്തീർന്നിട്ടുള്ള പല പദങ്ങളും ശൈലികളും പ്രയോഗങ്ങളും ദൂതവാക്യത്തിലുണ്ടു്. അലങ്ങുക (അലയുക), തറാതെ (തെററാതെ), എഴുനൂറു (എഴുന്നൂററു), പട്ടു (പെട്ടു), പണ്ണി (ചെയ്തു), ഞാങ്ങൾ (ഞങ്ങൾ), നൽവരവു് (സ്വാഗതം), വീണ്ണ (വീണ), ആനത്തലവങ്ങൾ (ആനത്തലവന്മാർ), അമർഷ്ടം (അമർഷം), സൂക്ഷ്മിച്ചു (സൂക്ഷിച്ചു) മുതലായവ അത്തരത്തിലുള്ള പദങ്ങളാണു്. ‘പോയ്ക്കെട്ടു' തുടങ്ങിയ ശൈലികളും പ്രാകൃതങ്ങളാണു്. ‘പുറപ്പെടത്തുടങ്ങീതു' ‘പ്രവർത്തിക്കത്തുടങ്ങി' ഇത്യാദി പൂർണ്ണക്രിയകളിൽ

Digitized By Kerala Sahitya Akademi

ച്ചേൎകാണുന്ന നടുവിനാലെച്ചതിനു പകരം അനന്തരകാലങ്ങളിൽ പിൻവിനയെച്ചം കടന്നുകൂടി, പുറപ്പെടാൻ തുടങ്ങി എന്നും മററുമുള്ള പ്രയോഗങ്ങൾ ഉണ്ടായതു ഭാഷാപണ്ഡിതന്മാൎക്ക് അശ്രുതപൂൎവമല്ലല്ലോ.

**ബ്രഹ്മാണ്ഡപുരാണം:**—ചാക്കിയന്മാരുടെ ആവശ്യത്തിനായി ഉണ്ടായതല്ലാതേയും ചില ഗദ്യകൃതികൾ ക്രി: പി: പതിനാലാംശതകത്തിൽ ആവിൎഭവിക്കുകയുണ്ടായി. പൌരാണികകഥകളുടെ സംഗ്രഹരൂപത്തിലുള്ളവയാണ് അത്തരത്തിലുള്ള പ്രബന്ധങ്ങൾ. ആ കൂട്ടത്തിൽ ബ്രഹ്മാണ്ഡപുരാണം ഗദ്യം അഗ്രിമപദവിയെ അൎഹിക്കുന്നു.

ഗ്രന്ഥകാരനും കാലവും വിഷയവും:—പ്രസ്തുതഗ്രന്ഥത്തിന്റെ ഒരു പ്രതിയിൽ 648-ാമാണ്ടു ധനുമാസം 20-ാംനു- ഞായറാഴ്ചയും മകവും പഞ്ചമിയും അൻറു എഴുതിക്കൂടിയതു് എന്നൊരു കുറിപ്പു കാണുന്നുണ്ട്. ഇതു കണ്ണശ്ശപ്പണിക്കർ രചിച്ചതെന്നാണ് ഐതിഹ്യം. നിരണം കവികളിൽ ആരാണെന്നു ക്ലിപ്തപ്പെടുത്തിപ്പറവാൻ പ്രയാസമുണ്ടെങ്കിലും അവരിലൊരാളാണ് പ്രണേതാവ് എന്നൂഹിക്കുന്നതിൽ വൈഷമ്യമില്ല; ഭാഷാരീതികൊണ്ട് ഈ കൃതിക്കും ഭൂതവാക്യത്തിനും തമ്മിൽ വളരെ സാജാത്യം കാണുന്നുണ്ട്. ബ്രഹ്മാണ്ഡപുരാണത്തിൽ കാൎത്തവീൎയ്യാൎജ്ജുനന്റെ ഭദ്രദീപപ്രതിഷ്ഠയേയും കേരളോദ്ധാരകനായ ശ്രീപരശുരാമന്റെ അപദാനങ്ങളേയും വിവരിക്കുന്നതും തൊണ്ണൂറെറാൻപതധ്യായങ്ങളടങ്ങിയതുമായ മധ്യമഭാഗമാണ് ഇതിലെ പ്രതിപാദ്യം. തുഞ്ചത്തെഴുത്തച്ഛന്റെ ബ്രഹ്മാണ്ഡപുരാണം കിളിപ്പാട്ടിലെ കഥാവസ്തുവും ഇതുതന്നെയാണല്ലോ. “ശ്രീവേദവ്യാസമഹൎഷി അരുളിച്ചെയ്ത ബ്രഹ്മാണ്ഡപുരാണത്തിൽ മധ്യമഭാഗത്തെ ഇതാ ഞാൻ തമിഴായിക്കൊണ്ടറിയിക്കിന്നേൻ” എന്നു പ്രസ്തുതകൃതിയിലും

“ബ്രഹ്മാണ്ഡമെൺപത്തയ്യായിരം ഗ്രന്ഥത്തിലതി-
നിൎമ്മലമായിട്ടുള്ള മധ്യമഭാഗമിതു
ചൊല്ലിയേൻ തൊണ്ണൂറെറാൻപതദ്ധ്യായമതു കേട്ടാൽ-
ക്കല്യാണം വരും കൈവല്യത്തേയും സാധിച്ചീടാം.”

എന്നു കിളിപ്പാട്ടിലുമുള്ള പ്രസ്താവനകൾ നോക്കുക. എഴുത്തച്ഛൻ പല പ്രകാരത്തിൽ നിരണം കവികളോടു കടപ്പെട്ടിരുന്നു എന്നുള്ളതിന് ഇതും ഒരു തെളിവാകുന്നു.

ഉദാഹരണങ്ങൾ:—ഭൂതവാക്യത്തേക്കാൾ ബ്രഹ്മാണ്ഡപുരാണത്തിൽ സംസ്കൃതപദങ്ങൾക്കു കുറവുണ്ടെന്നുള്ളതു പ്രത്യേകം അനുധാരണീയമാകുന്നു. അതുകൊണ്ടു കൈരളീവിപഠിഷുക്കൾക്ക് ഈ കൃതി ഒന്നുകൂടി പ്രയോജനകരമായിരിക്കുന്നു. ഗ്രന്ഥകാരന്റെ ശൈലി എത്രമാത്രം സഹൃദയാനന്ദനമാണെന്നു കാണിക്കുവാൻ രണ്ടുദാഹരണങ്ങൾ ചുവടേ ചേൎക്കാം.

(1) സപത്നീകനായ ദത്താത്രേയമഹൎഷി:—“കാഷായം കൊണ്ടുടുത്ത് ഇടത്തുകൈയിൽ ദണ്ഡും പിടിച്ചു, ഗോപികൊണ്ട് ഒററ

Digitized By Kerala Sahitya Akademi

തിരുനാമമിട്ടു, കരിങ്കുവളപ്പൂവുകൊണ്ടു ചെവിപ്പൂവിട്ടു, പൊന്നിൻ പൂണൂലും പൂണ്ടു, വലത്തുകൈയിൽ കപാലം നിറയ ഉണ്ടായിരിക്കിന്റ മദ്യംകൊണ്ടനുഭവിച്ചു് അതിനാൽ മദം കിളരുകയാൽ ചുവന്നു മറിഞ്ഞുവരിന്റ കണ്ണിണയോടുംകൂട ത്രൈലോക്യസുന്ദരിയായിരിപ്പിതൊരു സ്ത്രീയാൽ തഴുവപ്പട്ടു. അവരോ എങ്ങനെ ഇരുന്നാളെങ്കിൽ ഇരുണ്ടുനീണ്ടു് അഗ്രം ചുരുണ്ടു് ഇരിക്കിന്റ തലമുടിയിൽ നിന്റു് അഴിഞ്ഞുപൊഴിഞ്ഞു വീഴിന്റ കുസുമങ്ങളെ ഉടയളായു്, അഷ്ടമിചന്ദ്രനെക്കണക്കേ ഇരിക്കിന്റ നെററിത്തടത്തെ ഉടയളായു്, കുങ്കുമംകൊണ്ടു നെററിയിൽ കുറിയിട്ടു കാമൻ വിൽക്കൊടിപോലെ ഞെറിഞ്ഞ പുരികക്കൊടി ഉടയളായു്, ചെന്താമരപ്പൂവിനുടെ അന്തർദ്ദളം കണക്കേ ചെവ്വരി ചിതറി ചെവിയോളം നീണ്ടു് അഴകിയവായിരുന്ന കണ്ണിണകളെ ഉടയളായു്, മാണിക്കംകൊണ്ടു കടൈന്ത കുണ്ഡലങ്ങളാൽ ശോഭിക്കിന്റ കർണ്ണങ്ങളെ ഉടയളായു്, ഉന്നതമായിരുന്ന നാസിക ഉടയളായു്, കണ്ണാടി കടഞ്ഞ കപോലങ്ങളിരണ്ടും, പവിഴം കണക്കേയും തൊണ്ടിപ്പഴം കണക്കേയും ഇരുന്ന അധരോഷ്ഠമുടയളായു്, പുഞ്ചിരിക്കൊരാധാരമായു് പൂർണ്ണചന്ദ്രനെക്കണക്കേ കാന്തികൊണ്ടഴിച്ച പത്രം* കണക്കേ പ്രസന്നമായിരുന്ന മുഖപത്മത്തെ ഉടയവരാം, കടഞ്ഞ ശംഖുപോലെയിരുന്നിതു കണ്ഠനാളം. അനേകം രത്നംകൊണ്ടു് ഇടെയിടെ കോക്കപ്പെട്ടിരിക്കിന്റ കണ്ഠാഭരണങ്ങളെ ഉടയവരാം; അനേകം മാണിക്കങ്ങളെ തറച്ച തോൾവള ഉടയവരാം; കടകങ്ങൾകൊണ്ടലങ്കരിച്ച കളഭങ്ങൾ കൊഴച്ചു് അഴകിയവായിരുന്ന കയ്യിണകളെ ഉടയവരാം; കസ്തൂരി കർപ്പൂരമെന്റിവററിനുടെ സുഗന്ധങ്ങളെ ഉടയവരാം; കുങ്കുമക്കുഴമ്പുകൊണ്ടു മാർവ്വത്തു തേച്ച പൊന്നിൻകുടം കണക്കേ അഴകിയവായിരുന്നു പരസ്പരം അഴുകപട്ടിരുന്ന മുലയിണകളെ ഉടയവരാം; ഒരു മുഷ്ടികൊണ്ടു പിടിച്ചാൽ അതിലടക്കപ്പെടും നടുവാകിന്റതു്. അരയാലിലപോലെ ഉദരം; ത്രിവലികളും രോമരാജികളും കണ്ടാൽ മനോഹരം............നാനാവർണ്ണത്തോടും കൂടി ഇരിക്കിന്റ തിരുവുടയാടകൊണ്ടു ചാർത്തി അനേകം രത്നങ്ങൾ ഒന്റിനോടൊന്റു തട്ടി ഒച്ച പുറപ്പെടുന്റ ഉടഞാണിനെ ഉടയവരാം; ആനത്തുമ്പിക്കൈ കണക്കേ ഉരുണ്ടു് അഴകിയ തുടയിണകളെ ഉടയവരാം; മനോഹരികളാം ജാനുക്കൾ ഇരണ്ടും; ഉരുണ്ടു് അഴകിയ കണങ്കാലുടയവരാം; രത്നങ്ങൾകൊണ്ടു് ഇളകിവരിന്റ ചിലമ്പിണകളെ ഉടയവരാം; പത്മകോമളങ്ങളായു് ചുവന്നു് അഴകിയവായിരിക്കിന്റ വിരൽകളെ ഉടയവരാം; പത്മകോമളങ്ങളായു് ചുവന്നു് അഴകിയവായിരിക്കിന്റ ഉള്ളങ്കാലോടുകൂടി മഹർഷിയെ ആശ്ലേഷിച്ചു പക്കത്തു മധുപാനം ചെയ്യിന്റ സ്ത്രീയോടും കൂടി മഹർഷിയെ കാണായിത്തു.''

(2) രേണുകയും ശ്രീപരശുരാമനും:—''പിതാവു് അരുളിച്ചെയ്യക്കേട്ടു് ഇരാമനെഴുന്നിന്റു നമസ്കരിച്ചാൻ:—''പിതാവേ! എനക്കു

* പത്രം=മനോഹരമായ പ്രതിമ.

Digitized By Kerala Sahitya Akademi

നിന്തിരുവടി വരം തന്നരുളുക. എന്നുടെ മാതാവ് ഉറങ്ങി ഉണൎന്നപോലെ പുണ്ണിനോട്ട വേൎപെട്ടു നോവുമിളച്ചു ഞാൻ കൊൻറതു മറിയാതെ എഴുനില്പോളാക. ഇന്നുമൊരു വരം തന്നരുളുക. എന്നുടെ ജ്യേഷ്ഠഭ്രാതാക്കൾ നാല്വരും നിന്തിരുവടിയുടെ തിരുവുള്ളക്കേടു കൊണ്ടു ചണ്ഡാലരായവർകൾ ശുദ്ധരായ് മുന്നേക്കണക്കേ വിദ്യയോടും കൂടി ഗുരുഭക്തിയോടുംകൂടി വരുവോരാക''...............രാമനുമപ്പൊഴുതു മാതാവിനെക്കണ്ടു ഭൂതലത്തിൽ വീണു നമസ്കരിച്ചു. ''നിന്തിരുവടിയെ വെട്ടിക്കൊൻറാരുത്തൻ. സ്ത്രീയാകയുമുണ്ട്; പതിവ്രതയാകയുമുണ്ട്; ഇവ ഓരോൻെറ നിരൂപിച്ചാൽ കൊൽവാൻ യോഗ്യമില്ല. എപ്പൊഴുതും വന്ദിപ്പാനും പൂജിപ്പാനും യോഗ്യമേ ഉള്ളിതു്. അങ്ങനെ ഇരിക്കിൻെറടത്തു് അവയൊൻറും നോക്കാതെ നിന്തിരുവടിയെ വെട്ടിക്കൊൻെറാരുത്തൻ ഞാൻ; എന്നെ കാണൻറവൎക്ക മഹാപാതക ദോഷമുണ്ടു്; കണ്ടവർ കണ്ടവർ 'കഷ്ടേ!' എൻറു ചൊല്ലി കണ്ണുമടച്ചു വഴിതിരിഞ്ഞു പോവർ; അങ്ങനെ മഹാപാപിയായിരിക്കിൻെറ എന്നെ എങ്ങേനും പോയ് കെട്ടുവതിനായ്ക്കൊണ്ടു് അനുജ്ഞ തന്നരുളുക'' എൻറു മുറയിടുൻറ രാമനെ തഴുവി, കൈമേലിട്ടുപിടിച്ച് എടുത്തു മടിയിൽ വെച്ചുകൊണ്ടു ചൊന്നാൾ രേണുക. ''പുത്രാ, നിന്നെക്കണക്കേ ഇരിപ്പൊരു പുരുഷരില്ല ത്രൈലോക്യത്തിൽ; എങ്ങനെ എങ്കിൽ നിൻെറ പിതാവിനേയും എന്നേയും ഭ്രാതാക്കൾ നാല്വരേയും ഭൃഗുവംശത്തേയുംകൂടെ രക്ഷിച്ചൊരുത്തൻ നീ. എങ്ങനെ എൻറു നിനയ്ക്കിൽ എന്നുടെ ദോഷമറിഞ്ഞു പരിഹരിക്കയെൻറു പിതാവു ചൊന്നതു കേളാഞ്ഞുതാകിൽ, ഞാൻ മനോദുഷ്ടയായ് ഭൎത്താവിൻെറ കോപംകൊണ്ടു വെന്തുമരിച്ചു നരകത്തിൽ വീണുപോയേനേയും. നീയതിനെ പരിഹരിക്കയാൽ ഭൎത്താവിനോടും ബന്ധുവൎഗ്ഗത്തിനോടുംകൂടി സുഖിച്ചിരിക്കിൻേറൻ. ആകയാൽ മാതാവിനെ രക്ഷിച്ചൊരുത്തൻ നീ. പിതാവു ചൊന്നതു കേളാഞ്ഞുതാകിൽ ഗുരുവചനം കടക്കയാൽ ഗുരുകോപംകൊണ്ടു ചണ്ഡാലത്വം വന്നു മരിച്ചു നരകത്തിൽ വീണു മുടിഞ്ഞോരായേയും. ആകയാൽ നിന്നെയും നീ രക്ഷിച്ചാ. അത്തനയുമല്ല ഗുരുകോപംകൊണ്ടു ചണ്ഡാലരായ് മൗഢ്യം കൊണ്ടു പാപങ്ങളെ ചെയ്തു നരകത്തിൽ വീഴുൻറ ഭ്രാതാക്കളേയും ശുദ്ധരാക്കിക്കൊണ്ടു രക്ഷിച്ചാ. നിന്നുടെ പിതാവു കോപമാകിൻെറ മഹാദോഷംകൊണ്ടു് എന്നെ കൊൻറും പുത്രരെ ശപിച്ചും സന്താനം കെട്ടുള്ള മഹാപാപംകൊണ്ടു നരകത്തിൽ വീഴുവാൻ തുടങ്ങിൻെറ പിതാവിനേയും നീ രക്ഷിച്ചാ. ഈവണ്ണം രക്ഷിച്ചൊരുത്തൻ നീയുമെൻറാൽ നിനക്കു വേണ്ടുവോളംനാൾ സുഖിച്ചു ജീവിച്ചിരിപ്പോയാക. അസ്ത്രശസ്ത്രങ്ങൾ വീൎയ്യശൗൎയ്യാദി ഗുണങ്ങളുള്ളരിൽ പ്രധാനനായിട്ടും ഇരിക്ക നീ.'' എൻറു ചൊല്ലി തഴുവി സംഭാവിച്ചാൾ മാതാവു്.''

**ഹോരാഫലരത്നാവലി:**—''ഹോരാഫലരത്നാവലി'' എന്നൊരു ജ്യോതിഷഗ്രന്ഥം കണ്ണശ്ശപ്പണിക്കരുടേതാണെന്നു പറഞ്ഞു

Digitized By Kerala Sahitya Akademi

കൊണ്ടു പ്രസിദ്ധീകരിച്ചുകാണുന്നു. അതിനൊരു തെളിവെന്നതുപോലെ

"കണ്ണശ്ശനെന്നുള്ള പണിക്കരച്ഛൻ
ഖണ്ഡിച്ചു മറവുള്ള മതങ്ങളെല്ലാം
നിർണ്ണീതഹോരാഫലരത്നസാരം
വർണ്ണിച്ചു ചൊല്ലുന്നിഹ ശിഷ്യനോടായ്"

എന്നൊരു ശ്ലോകവും അതിൻെറ ആരംഭത്തിൽ ചേർത്തിട്ടുണ്ടു്. അതു ബൃഹജ്ജാതകത്തിൻെറ ഭാഷാവ്യാഖ്യാനമാകുന്നു. ഗുരുശിഷ്യസംവാദരൂപത്തിലാണ് ഈ വ്യാഖ്യാനം രചിക്കപ്പെട്ടിരിക്കുന്നതു്. ആകെ എട്ടദ്ധ്യായങ്ങളുണ്ടു്. വ്യാഖ്യാതാവു ജ്യോതിഷത്തിലെന്നപോലെ വ്യാകരണത്തിലും സാഹിത്യത്തിലും നിപുണനാണ്. പക്ഷെ അദ്ദേഹം ജീവിച്ചിരുന്നതു് ഈയിടയ്ക്കു മാത്രമാണെന്നും ഗ്രന്ഥത്തിൻെറ കർത്തൃത്വം കണ്ണശ്ശനിൽ ആരോപിക്കുന്നതു് അത്യന്തം അസങ്ഗതമാണെന്നും ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ചില പങ്ക്തികൾകൊണ്ടു് ഈ വസ്തുത തെളിയിക്കാം.

"ശിഷ്യൻ:—അഥവാ മങ്ഗളം വേണമെന്നിരിക്കട്ടെ. എന്നാലും അനേകഗ്രന്ഥങ്ങളിൽ വിഷ്ണു, ശിവൻ, ഗണപതി, ഭഗവതി ഈ ദേവതകളെക്കുറിച്ചേ മങ്ഗളം കാണുന്നുള്ളു. ആദിത്യനെക്കുറിച്ചു മങ്ഗളസ്തുതി അപ്രസിദ്ധമാകുന്നു.

ഗുരു:—മങ്ഗളം എന്നു പറയുന്നതു് ഇഷ്ടദേവതാസ്തുതിയാകുന്നു. വരാഹമിഹിരാചാര്യൻ ആദിത്യഭക്തനായിരുന്നതുകൊണ്ടാണ് അവിടെ ആ ദേവതാസ്തുതി നിബന്ധിക്കാനിട വന്നതു്.

ശിഷ്യൻ:—ആദിത്യൻ ഇഷ്ടദേവതയാകുന്നുവെങ്കിൽ 'നത്വാ ഭക്തിയുതസ്സഹസ്രകിരണം' എന്നിങ്ങനെ ആരംഭിച്ചാൽ മതിയാകുമെന്നിരിക്കേ ആദ്യത്തെ ശ്ലോകം മുഴുവൻ വന്ദനത്തിനുപയോഗിച്ചതു് എന്തിനാണെന്നറിയുന്നില്ല.

ഗുരു:—ജ്യോതിശ്ശാസ്ത്രത്തിൽ പ്രത്യേകിച്ചും ആദിത്യപ്രസാദത്താൽ എല്ലാ ഗ്രഹങ്ങളും ഇഷ്ടഫലത്തെ കൊടുക്കുമെന്നും ആദിത്യൻ ഗ്രഹങ്ങളിൽവച്ചു പ്രധാനിയാകുന്നുവെന്നും തോന്നിപ്പിക്കുന്നതിനാകുന്നു."

ഇതാണോ കൊല്ലം ആറാം ശതകത്തിലെ ഗദ്യരീതി? ബ്രഹ്മാണ്ഡപുരാണത്തിലേ ശൈലി? കഷ്ടം, വിദ്വാന്മാർ എന്തിനാണിങ്ങനെ പരവഞ്ചനത്തിനു് ഒരുങ്ങുന്നതു്?

## മററു ചില ഗദ്യകൃതികൾ—അംബരീഷചരിതം:—

ഇതും ബ്രഹ്മാണ്ഡപുരാണംപോലെയുള്ള ഒരു ഗദ്യകൃതിയാണ്. ഭാഷാഗതികൊണ്ടു് ഇതിൻെറ കാലം പതിന്നാലാം ശതകമെന്നു നിർണ്ണയിക്കാം. പ്രണേതാവു് ആരെന്നറിവില്ല. ചില പങ്ക്തികൾ താഴെ ചേർക്കുന്നു.

"ഇതിൽ ദ്വാദശി കഴിയിൻറതായിരിക്കിൻറിതു. ഏകാദശീവ്രതവുമിതറതിയാകിൻറിതെൻറു നിനച്ചുണത്തിനാനതികാരി: "ഇതുകാണാ

Digitized By Kerala Sahitya Akademi

രാജാവു, പാൽകൊണ്ടു പാരണ പണ്ണി കോലകത്തു് ഒരുത്തരെ ഊട്ടിക്കൊണ്ടെൻറിയേ ഉൺകയോ കൃത്യമല്ല. അതിലും വിശേഷമൊണ്ടു്. മഹർഷിയെ ക്ഷണിച്ചായല്ലോ നിന്തിരുവടി; എൻറാൽ മഹർഷികളായുള്ളവർ ശപിക്കയും വിരോധമേ രാജാവേ'' എൻറധികാരി ഉണർത്തക്കേട്ടപ്പൊഴുതേ രാജാവും പാൽകൊണ്ടു പാരണം പണ്ണി മഹർഷിയുടെ വരവും നോക്കി കാൽകഴുകുവാൻ നീരും ചന്ദനവും ചമച്ചുകൊണ്ടു നിൻറ കാലത്തു മഹർഷിയും നീരാട്ടുപള്ളി പുക്കു ശ്രമപ്പെട്ടെഴുന്നള്ളിൻറ കാലത്തു ഉടയാട പകർന്നിട്ടു കുണ്ഡികയിൽ നീരും ചന്ദനവും എടുത്തുകൊണ്ടു പാദശൗചം പണ്ണി 'ഭഗവാനേ; ദ്വാദശി കഴിയിൻറതായിരികിൻറിതു. വിരയയകത്തെഴുനരുളുക' എൻറുണർത്തിൻറംബരീഷനെ നോക്കിയരുളിച്ചെയ്താൻ ദുർവ്വാസാമഹർഷി.''

**രാമായണം തമിഴ്:**—നമ്പിയാന്മാരുടെ 'തമിഴി'നെ ലീലാതിലകത്തിൽ സ്മരിച്ചിട്ടുണ്ടു്. ചാക്യാന്മാർ കൂത്തിനോടനുബന്ധിച്ചും അല്ലാതേയും ചില ഗാഥകൾ പറയാറുണ്ടെന്നും അവയിൽ ഭാഷാസംസ്കൃതയോഗവും ദോഷരാഹിത്യവും ശ്ലേഷാനുപ്രാസാദിഗുണാലങ്കാരങ്ങളുമുണ്ടെങ്കിലും സംസ്കൃതവിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളില്ലാത്തതുകൊണ്ടു് അവയ്ക്കു 'തമിഴെ'ന്നല്ലാതെ മണിപ്രവാളമെന്നു സംജ്ഞയില്ലെന്നുമാണു് അദ്ദേഹം പ്രസ്താവിക്കുന്നതു്. അത്തരത്തിൽ ഗദ്യപദ്യസമ്മിളിതങ്ങളായ പ്രബന്ധങ്ങൾക്കു പുറമേ തനിഗ്ഗദ്യത്തിലും പല പ്രബന്ധങ്ങൾ പണ്ടുണ്ടായിരുന്നിരിക്കണം. 'നമ്പ്യാരുടെ തമിഴ്'കളിൽ പ്രായേണ ഇന്നു നാം കാണുന്നവയ്ക്കു് അത്ര വളരെ പ്രാചീനത കാണുന്നില്ല. അവയിൽ അത്യന്തം വിസ്തൃതമായ ''രാമായണം തമിഴ്'' പതിന്നാലാംശതകത്തിൽ ഉണ്ടായതാണെന്നു് ഊഹിക്കാം. രാവണോൽപ്പത്തി മുതലാണു് അതിൽ കഥ ആരംഭിക്കുന്നതു്. രാവണൻ ഗണപതിയുമായി യുദ്ധത്തിനു നേരിട്ടപ്പോൾ ആ ദേവനു് അപ്പവും അവിൽപ്പൊരിയും മററും നല്കി സന്തോഷിപ്പിച്ചു് അവിടത്തെ പിന്തിരിപ്പിച്ചു എന്നും സുബ്രഹ്മണ്യനെ തോല്പിച്ചു എന്നും അതു കണ്ടു ക്രുദ്ധനായി ശ്രീപരമേശ്വരൻ എതിർത്തപ്പോൾ നൃത്തംകൊണ്ടു് അവിടത്തെ പ്രസാദിപ്പിച്ചു എന്നും മററും പല നൂതനങ്ങളായ മനോധർമ്മങ്ങളും പ്രയോഗിച്ചുകാണുന്നു.

**ദശരഥൻെറ മരണം:**—''സുമന്ത്രനെ വിളിച്ചരുളിച്ചെയ്താൻ ദശരഥരാജാവു്. 'ഇതു കേളാ സുമന്ത്രാ, ഞാൻ പണ്ടു ബാല്യകാലത്തിൽ വനപ്രദേശത്തിങ്കൽ നിൻറു മൃഗങ്ങൾ തണ്ണീർ കുടിപ്പാൻ തടാകത്തിലിറങ്ങിൻറ കാലത്തിൽ തടാകത്തിൽ തപ്പിച്ചിരിക്കിൻറാൻ ഒരു മഹർഷികുമാരൻ. അപ്പോൾ ഞാൻ മൃഗങ്ങളെയെയ്ത ശരം ഋഷികുമാരനേലേററു മരിച്ച കാലത്തിൽ ഋഷികുമാരനുടെ മാതാപിതാക്കൾക്കു പുത്രവിയോഗംകൊണ്ടു മരിപ്പുതെൻറു ശപിച്ചരുളിനാൻ മഹർഷി. അതു വിഷയമായി ഞാനും പുത്രവിയോഗത്തിനാൽ മരിപ്പേൻ എൻറാൻ. നീ ശ്രീരാമനാമം ജപിക്ക എനിക്കു മോക്ഷം വരുവാ'' നെൻറു സുമന്ത്രനോടരുളിച്ചെയ്തു ദശരഥരാജാവു താനുംകൂടി ശ്രീരാമനാമം

Digitized By Kerala Sahitya Akademi

ജപിച്ചു രാമലക്ഷ്മണന്മാർ വനത്തിന്നു പോയി ഏഴാം ദിവസത്തിൻനാൾ ദശരഥരാജാവു സ്വർഗ്ഗത്തിന്നെഴുന്നരുളി…………….നീയും വന്നിരുന്ന ദുണ്ണിനായെല്ലോയെന്റു ചൊല്ലി ദുഃഖത്തോടുംകൂടി പ്രലാപിച്ചു കേകയരാജധാനിയിൽനിന്നു പുറപ്പെട്ടു വേഗത്തിൽ പോയി തിരുവയോദ്ധ്യയെ പ്രാപിച്ചു പ്രതിമാഗൃഹംപുക്കു പുരോഹിതവർഗ്ഗത്തോടും കൂടകേട്ടു ദേവകുലികനാൽപ്പടത്തിൽ കാട്ടി * ഭരതശത്രുഘ്നന്മാർ വസിഷ്ഠവാമദേവാദികളുടെ നിയോഗത്തിനാൽ നീരാട്ടുപള്ളിപുക്കു ദശരഥരാജാവിനെ എടുത്തുകൊണ്ടു ചെന്റു ചിത ചമച്ചു് അതിന്മേലാമ്മാറു രാജാവിനെ നിധാനം ചെയ്തു സംസ്കാരകർമ്മമനുഷ്ഠിച്ചു സംസ്കാരം ചെയ്തു.

താരയുടെ അനുരഞ്ജനം:—''ഇതു കേളാ ഹനൂമാനേ, നമ്മുടെ സ്വാമി ശ്രീരാഘവൻ തിരുവടി എന്നുടെ ജ്യേഷ്ഠഭ്രാതാവിനെ കൊന്റു എനിക്കു രാജ്യാഭിഷേകം ചെയ്തു് എന്നെ രക്ഷിച്ചിരിക്കിന്റ സ്വാമി എന്നെ നിഗ്രഹിപ്പാനോ ഹനൂമാനെ എന്റു സുഗ്രീവൻ ചൊന്നതു കേട്ടു ചൊന്നാൻ ശ്രീഹനൂമാൻ. ''ഇതു കേളാ സുഗ്രീവാ, നിന്നുടെ താരയെ യാത്രയാക്കിപ്പിന്നെ ശ്രീലക്ഷ്മണൻ തിരുവടിയുടെ കോപമടക്കുക. ശ്രീലക്ഷ്മണൻ തിരുവടി സ്ത്രീവധം ചെയ്കയില്ലെന്റു ശ്രീഹനൂമാൻ ചൊന്നതു കേട്ടു സുഗ്രീവനും പെരുകിന സന്തോഷമുടയോനായി താരയെ വിളിച്ചുണയത്തുകൊണ്ടു ചൊന്നാൻ സുഗ്രീവൻ. ''ഇതു കേളാ താരേ, നമ്മുടെ ഗോപുരദ്വാരം പ്രാപിച്ച ശ്രീലക്ഷ്മണൻ തിരുവടിയെക്കണ്ടു് അവൻ തിരുവടിയുടെ കോപമടക്കി വരിക താരേ''യെന്റു സുഗ്രീവൻ ചൊന്നതു കേട്ടു താരയും വിരേകിച്ചു വേഗത്തിൽ പോയി സ്നാനം ചെയ്തു് ആടയാഭരണങ്ങൾകൊണ്ടലങ്കരിച്ചു ദിവ്യങ്ങളായിരിക്കിന്റ പുഷ്പങ്ങൾ പറിച്ചുകൊണ്ടു വേഗത്തിൽ അടക്കത്തോടുംകൂടി ശ്രീലക്ഷ്മണസമീപത്തെ പ്രാപിച്ചു ശ്രീലക്ഷ്മണൻ തിരുവടിയെ കണ്ടു പ്രദക്ഷിണം ചെയ്തു ദിവ്യങ്ങളായിരിക്കിന്റ പുഷ്പങ്ങളാരാധിച്ചു തൊഴുതു നമസ്കരിച്ചുണർത്തിനാൾ താര. ''ഇതു കേളാ സ്വാമി, എന്നുടെ ഭർത്താവു വാനരേശ്വരൻ ബാലി ദേവകളാലും ഋഷികളാലും സംഭാവിക്കപ്പെട്ടു് ഉദയപർവ്വതത്തിന്മേൽനിന്നു് അസ്തമയപർവ്വതത്തിന്മേൽ പാഞ്ഞു ശ്രീമഹാദേവൻ തിരുവടിയേയും ശ്രീപാർവ്വതീദേവിയേയുംകൂടെക്കണ്ടു പ്രദക്ഷിണം ചെയ്തു തൊഴുതു നമസ്കരിച്ചു വിടയുംകൊണ്ടു വേഗത്തിൽ പോയി ശ്രീപാൽക്കടലെ പ്രാപിച്ചു ഭഗവാനേയും ശ്രീഭഗവതിയേയും കണ്ടു നമസ്കരിച്ചു സത്യം വഴുതാതെ നാലു സമുദ്രത്തിങ്കലും ചെന്റുതർപ്പിച്ചു് ഇങ്ങനെ നിത്യകർമ്മം പിഴയാതെയിരുന്ന എന്നുടെ ഭർത്താവിനെ നിഗ്രഹിച്ചു. നിർഭാഗ്യയായിരിക്കിന്റ അടിയന്റെ പുത്രൻ അങ്ഗദനോ ഏതുമറിവോനല്ല. അത്രേയുമല്ല സ്വാമി, ആദിത്യപുത്രൻ സുഗ്രീവൻ സീതാവൃത്താന്തം നിരൂപിച്ചു കാര്യം കനിയുമുപയോഗിയാതെ പെരുകിന വേദനയുടയോനായി പത്തു ദിക്കിലും പെരുമ്പടയേകി അട്ടത്തനാളുദയകാലം പമ്പാതീരത്തിങ്കൽ ഇരുപത്തൊന്നു വെള്ളം വാന

* ഈ പ്രസ്താവന പ്രതിമാനാടകത്തിലുള്ളതാണു്.

Digitized By Kerala Sahitya Akademi

രവീരന്മാരോടുംകൂടി വിടകൊാംവാൻ നിനച്ചിരുന്ന കാലത്തിങ്കൽ നിന്തിരുവടിയെഴുന്നരുളി. അങ്ങനെയിരിക്കിന്റ സുഗ്രീവനെ നിന്തിരുവടി നിഗ്രഹിക്കിന്റതാകിൽ അടിയനെ മുന്നിൽ നിഗ്രഹിക്കണം'' എൻറിങ്ങനെ ചൊല്ലിന്റ താരയുടെ വചനം കേട്ട ശ്രീലക്ഷ്മണൻ തിരുവടി സന്തോഷപൂടയോനായി താരയെ നോക്കിയരുളിച്ചെയ്താൻ.''

അവസാനം:—''പിന്നെ കൊമ്പു, കാളം, മദ്ദളം, ശംഖു, പെരുമ്പറ, നിഷാണം, തകിൽ, മുരുവാദ്യങ്ങാം, ആണാർ, മണിവീണ, കുഴൽ, സ്വരമണ്ഡലം, നന്തുണി എന്നിവറിനുടെയൊച്ചയും ഗീതാവാദ്യങ്ങളും ജലഗന്ധപുഷ്പധൂപദീപങ്ങളും എൻറിവറാൽകൊണ്ടും വസിഷ്ഠവാമദേവാദികളാൽ പൊന്നുകുടത്തിലും വെള്ളിക്കുടത്തിലും മഹരിഷികളാൽ പൂജിച്ചു ജപിക്കപ്പെട്ട കലശങ്ങളാൽകൊണ്ടും, രാമാഭിഷേകോത്സവം രാജ്യത്തിലുള്ള ജനത്തോടും കൂട കണ്ടു സന്തോഷപൂടയോരായി രാമലക്ഷ്മണന്മാരും ഭരതശത്രുഘ്നന്മാരും ജനകരാജനന്ദിനി സീതാദേവിയും കൌസല്യാദേവിയും കൈകേയീദേവിയും സുമിത്രാദേവിയും വസിഷ്ഠവാമദേവാദികളും രാജ്യത്തിലുള്ള ജനത്തോടുംകൂട സുഖിച്ചുവസിച്ചാർ. ദശരഥപുത്രൻ ശ്രീരാഘവൻ തിരുവടി കൃത്യം പിഴയാതെ ദുഷ്ടരെ നിഗ്രഹിച്ചു ശിഷ്ടരെ പരിപാലിച്ചു ഭ്രാതാക്കാം മൂവരോടും ജനകരാജനന്ദിനി സീതാദേവിയോടും കൂട സുഖിച്ചുവസിച്ചാൻ ശ്രീരാഘവൻ തിരുവടിയെൻറിങ്ങനെയിരിക്കിന്റ ശ്രീരാമായണം കഥ കേട്ടവക്കും കോംപ്പിച്ചവക്കും കാറവക്കും കപ്പിച്ചവക്കും എഴുതിയവക്കും ആചാരിയനും കൊട്ടുത്തുവായിച്ചവക്കും ജന്മജന്മാന്തരങ്ങളിൽ ചെയ്യപ്പെട്ട പാപം കെട്ട സ്വഗ്ഗം പ്രാപിക്കാമെൻററിക.''

**ഉത്തരരാമായണസങ്ഗ്രഹം ഗദ്യം:**—ഇതും ആരുടെ കൃതിയെന്നറിയുന്നില്ല. രാമായണം തമിഴിലേ ഉത്തരരാമായണകഥയുടെ സംക്ഷേപമാണ്. ചില വാക്യങ്ങാം ഉദ്ധരിക്കാം.

''ശിവം മുഴുകീതു. അതു കണ്ടു കോപിക്ക ദശഗ്രീവൻ പാശവുമാക രാജാവിനെ പിടിച്ചുകെട്ടിക്കൊാംവിതെൻറധ്യവസിക്കിന്റതു കണ്ടു രാജാവു രാവണനോടുകൂട യുദ്ധം പണ്ണി ഇരുപതു കയ്യുമൊക്ക പാശത്താൽ ബന്ധിച്ചു കാരാഗൃഹത്തിലിട്ടുവിച്ചു. ചിലനാാം കഴിഞ്ഞവാറേ അതു കേട്ട പുലസ്ത്യൻ തിരുവടി അവിടത്തിങ്കലെഴുന്നരുളി സാമംകൊണ്ടു പ്രാത്ഥിച്ചു രാവണനെ കഴിച്ചുവിടീയിച്ചെഴുന്നരുളിനാൻ. അവിടെനിന്നു പോകിന്റ ദശഗ്രീവൻ കിഴക്കിൻ സമുദ്രത്തെ പ്രാപിച്ചു. അതിൽ തപ്പിച്ചിരുന്ന വാനരേശ്വരൻ ബാലിയെക്കണ്ടു പിടിച്ചുകെട്ടിക്കൊാംവിതെൻറധ്യവസിച്ചു ചെല്ലിന്റ ദശഗ്രീവനെ പിടിച്ചു തന്നുടെ വാലുടെ പുച്ഛത്തിൽ കെട്ടിക്കൊണ്ടു നാലു സമുദ്രത്തിലും പാഞ്ഞു തപ്പിച്ചു.''

**പുരാണസംഹിത:**—ഈ ഗദ്യം മുഴുവൻ കിട്ടീട്ടില്ല. നിമ്മാതാവാരെന്നു് അറിവാനും നിവൃത്തിയില്ല. മാതൃകയായി ഒരു ഭാഗം ഉദ്ധരിക്കാം.

Digitized By Kerala Sahitya Akademi

“മുൻപിൽ ഉണ്ടാവന്നു സുനീതിയും സുരുചിയും ഇരുവർ ഭാര്യമാർ. അതിൽ സുനീതിപുത്രൻ ധ്രുവൻ; സുരുചിപുത്രൻ ഉത്തമൻ. അവർ ഇഷ്ടരാകിൻറതു രാജാവിന്നു്. അങ്ങനെ ഇരിക്കിൻേറടത്തൊരുനാൾ ഉത്തമനെ മടിയിൽ വച്ചു ലാളിപ്പൂതും ചെയ്തു രാജാവിരിക്കിൻെറടത്തു ധ്രുവൻ ചെൻറു മടിയിൽ കരേറുവാൻ തുടങ്ങിൻറപ്പോഴ് അധിക്ഷേപിച്ചാൾ സുരുചി................പിന്നെച്ചൊല്ലുവൂതും ചെയ്താൾ ഇന്മനോരഥത്തിൽ ഉണ്ടു് നിനക്കു് അപേക്ഷയെന്തു എങ്കിൽ തപസ്സുകൊണ്ടു ഭഗവാനെ പരിതോഷിപ്പിച്ചു് എങ്കൽ പോന്നുളനാകയാമെൻറിങ്ങനെ. അതെല്ലാം കേട്ടു സുനീതി ഉള്ളെടത്തു ചെന്നു് അവളുടെ നിയോഗത്താൽ ഭഗവാനെ തപസ്സുചെയ്തു പരിതോഷിപ്പിച്ചു് ഒരുത്തരാലുമനധ്യാസിതമായിരിപ്പൊരു പദവുണ്ടു ധ്രുവപദം. അതിനെ ലഭിച്ചു ഹരിയെ പ്രാപിച്ചു പെരികനാളേത്തു രാജ്യവും രക്ഷിച്ചു് ഒടുക്കത്തു ധ്രുവപദത്തെ പ്രാപിപ്പൂതും ചെയ്താൻ.”

**വ്യാഖ്യാനങ്ങൾ:**—സംസ്കൃതത്തിൽനിന്നും തമിഴിൽനിന്നും അക്കാലത്തു പല ഗ്രന്ഥങ്ങൾ പണ്ഡിതന്മാർ മലയാളത്തിൽ വ്യാഖ്യാനിച്ചുതുടങ്ങി. തമിഴ്കൃതികൾ പ്രായേണ വേദാന്തപരങ്ങളാണു്. പ്രണേതാക്കളെപ്പററി യാതൊരറിവുമില്ലാത്തതും നിർമ്മാണകാലംതന്നെ കണ്ടുപിടിക്കുവാൻ പ്രയാസമുള്ളതുമാണു് ആ കൂട്ടത്തിൽപെട്ട ഗ്രന്ഥങ്ങൾ. അവയിൽ ഒന്നായ പരമജ്ഞാനവിളക്കത്തിൽനിന്നു് ഒരു വാക്യം ഉദ്ധരിക്കാം. “പ്രായം പൊറാത്തവർകൾക്കുമെളുതായ്പടിച്ചറിയുമാറു ചുരുക്കിച്ചൊന്ന ശാസ്ത്രത്തിൻവിരിപ്പു പറവാനാകിലോ മഹാ അരുമയെൻററിഞ്ഞു പിന്നെയും ഇവക്കു പ്രകാശിപ്പതിനിതു നല്ലു എൻറു നിശ്ചയിത്തരുളിച്ചെയ്തമയ്യൂ പട്ടാങ്ങുടൻ പാടുവോരാവരാകിൽ വഴിവൻറ ജനങ്ങളെൻറവാറു അറിയാവരുമെൻറവാറും.” തമിഴ്നാട്ടിൽനിന്നു കേരളത്തിൽ കുടിയേറിപ്പാർത്ത ദ്രാവിഡബ്രാഹ്മണർ വേദാന്തഗ്രന്ഥങ്ങളും മന്ത്രശാസ്ത്രഗ്രന്ഥങ്ങളും മററും സാമാന്യജനങ്ങളെ പഠിപ്പിക്കുകയും അവക്കു സുഗ്രഹമാകുമാറു് അവയ്ക്കു ഭാഷാവ്യാഖ്യാനങ്ങൾ രചിക്കുകയും ചിലപ്പോൾ സുഗമമായ തമിഴിൽതന്നെ മൂലഗ്രന്ഥങ്ങൾ സങ്ഗ്രഹിക്കുകയുംചെയ്തു എന്നുള്ളതു് ഒരു അനിഷേധ്യമായ പരമാർത്ഥമാണു്.

ഈ ഉദാഹരണങ്ങളിൽനിന്നു മലയാളഗദ്യത്തിൻെറ ജനനം ക്രി: പി: പത്തൊൻപതാംശതകത്തിൽമാത്രമാണെന്നു പറയുന്നതു് അസങ്ഗതമാണെന്നും പതിന്നാലാം ശതകത്തിൽത്തന്നെ പല വിശിഷ്ടങ്ങളായ ഗദ്യകൃതികൾ ഭാഷയിൽ ആവിർഭവിച്ചിരുന്നു എന്നും കാണാവുന്നതാണു്.

Digitized By Kerala Sahitya Akademi

## പതിനേഴാമദ്ധ്യായം

# മണിപ്രവാളകൃതികൾ

## ക്രി: പി: പതിന്നാലാംശതകം

**ഉണ്ണുനീലിസന്ദേശം:—** കൈരളീദേവിയുടെ അനർഘങ്ങളായ കണ്ഠാഭരണങ്ങളുടെ മദ്ധ്യത്തിൽ ഉണ്ണുനീലിസന്ദേശത്തിന്ന് അത്യന്തം മഹനീയമായ ഒരു സ്ഥാനമാണുള്ളത്. കേരളത്തിലെ സംസ്കൃതസന്ദേശങ്ങളിൽ 'ശുക'ത്തിനുള്ള സ്ഥാനമേതോ അതുതന്നെയാണ് മണിപ്രവാളസന്ദേശങ്ങളിൽ 'ഉണ്ണുനീലി'ക്കുള്ളത്. മേഘസന്ദേശാദികൃതികൾപോലെ ഉണ്ണുനീലിസന്ദേശത്തിനും പൂർവ്വമെന്നും ഉത്തരമെന്നും രണ്ടു വിഭാഗങ്ങളുണ്ട്. മുദ്രിതപുസ്തകത്തിൽ പൂർവ്വസന്ദേശത്തിൽ 136, ഉത്തരസന്ദേശത്തിൽ 101, ഇങ്ങനെ 237 ശ്ലോകങ്ങളും അവ കൂടാതെ പീഠികാരൂപത്തിൽ അഞ്ചു ശ്ലോകങ്ങളും അടങ്ങിയിരിക്കുന്നു. അമുദ്രിതമായ ഒരു ഗ്രന്ഥത്തിൽ മൂന്നു ശ്ലോകങ്ങൾകൂടി കണ്ടിട്ടുണ്ട്.* സന്ദേശത്തിലെ ശ്ലോകങ്ങൾ എല്ലാം സംസ്കൃതകവികളുടെ സങ്കേതമനുസരിച്ചു മന്ദാക്രാന്താവൃത്തത്തിൽ രചിക്കപ്പെട്ടിരിക്കുന്നു. കാളിദാസനേയും ലക്ഷ്മീദാസനേയും കവി പല ഘട്ടങ്ങളിലും അനുകരിച്ചിട്ടുണ്ട്. ശുകസന്ദേശത്തിലെ—

---

* ഉണ്ണുനീലിസന്ദേശത്തിൽനിന്ന് ഈ പുസ്തകത്തിൽ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ പ്രസ്തുതഗ്രന്ഥത്തിൽ കാണുന്ന പാഠഭേദമനുസരിച്ചാണ്.

കൂടുതലായി കാണുന്ന ശ്ലോകങ്ങൾ ചുവടേ ചേർക്കുന്നു.

(1) കൊല്ലത്തങ്ങാടി:—പൂർവ്വസന്ദേശം 80-ാം ശ്ലോകത്തിന്മേൽ

പട്ടും പൊട്ടുക്കയമഴുവിയും കട്ടിലും കട്ടിയാവും
തട്ടും ചട്ടിക്കലവുമിലയും കൊട്ടയും കെട്ടുനാരും
മീനും പൊന്നിൻ തുവലുമവലും പാരയും പാരവാളും
വാലും തോലും വളയുമുളയും പൂണിയും പൂണുനൂലും.

(2) ചില നമ്പൂരിമാർ:—119-ാം ശ്ലോകത്തിന്മേൽ

പ്രാതർഭുക്തൌ പഴയ തുവയും കൂട്ടിയപ്പോൾ കവപ്പി-
ഞ്ഞേറാം തസ്മിൻ തലമുടിയിലപ്പൂണുനൂലും കളഞ്ഞു്
കെട്ടിച്ചാറിത്തുടനു മറയോത്തുക്കവാളും വിറപ്പി-
ച്ചുണ്ഡന്മാരെസ്സപദി ചിറമേൽക്കാണലാം ചോരുമാറു്.

(3) വീരമാണിക്കത്തു വീട്ട്:—ഉത്തരസന്ദേശം 32-ാം ശ്ലോകത്തിന്മേൽ

ഇന്ദ്രൽപ്പാടാണ്ടസംഗമങ്ങാം ചെൻറ തേററീട്ടുവാനായ്
മണ്ടിച്ചാരത്തളരുമിളമാൻകണ്ണി പോവോരുനേരം
മുണ്ടക്കൂൽച്ചേർന്നിതമൈഴമീരണ്ടാമതാം തന്വീ നിന്നെ-
ക്കണ്ടീടുമ്പോൾ നയനയുഗളം ഹന്ത! പന്തികളല്ലോ.

Digitized By Kerala Sahitya Akademi

"ആസ്തേ ലോകേ വിപുലമനസാമാദ്യസാമാന്യമഭ്യു–
ത്ഥാനാദ്യാപഗമവിഷയേ സാ ച വേദിതാ മാതുരാണാം"

എന്ന ശുകസന്ദേശശ്ലോകം കണ്ടാണ് ഇതിലെ

"മേലും നാനാകുശലമവനോടാത്തപൂർവം വിചാരി–
ച്ചാസ്ഥാ ലോകേ വിപുലമനസാമെന്റു ചൊൽപെട്ടു കാട്ടി."

എന്ന പദ്യം നിർമ്മിച്ചിട്ടുള്ളത്. "തതോപാദം തരുണസഹിതാസ്താമ്രപാദാരവിന്ദാസ്താമ്യന്ത്യഃ സ്തനഭരനതാസ്താരഹാരാവലീകാഃ" എന്ന ശ്ലോകത്തിന്റെ പ്രതിധ്വനിയാണ് "തസ്മിൻ വംശേ തരുണനയനാങ്ങൾക്കു പീയൂഷധാരാ താരുണ്യാനാം ജഗതി ജനനീ താർചരന്നസ്രുശാലാ" എന്ന ശ്ലോകത്തിൽ കേൾക്കുന്നത്. 'ഭ്രാതസ്തൂർണ്ണം ഭവതു ച പുനർദർശനാനന്ദലക്ഷ്മീഃ' എന്ന് ശുകസന്ദേശത്തിന്റേയും 'ഉണ്ടാകേണ്ടും വിരവൊടു പുനർദർശനാനന്ദലക്ഷ്മീഃ' എന്ന് ഉണ്ണുനീലിസന്ദേശത്തിന്റേയും ഒടുവിലത്തെ ശ്ലോകങ്ങൾ സമാനരൂപത്തിൽ അവസാനിക്കുന്നു.

നായിക:—മുണ്ടയ്ക്കൽവീട്ടിലെ ഉണ്ണുനീലിയാണ് സന്ദേശത്തിലെ നായിക.

'സിന്ധുദ്വീപെന്റൊരു പുരവരം ബിംബലീപാലകാനാം
കേൾപ്പുണ്ടല്ലോ ജഗതി വിദിതം മേദിനീസ്വർഗ്ഗഖണ്ഡം;
തസ്മിൻ മാരന്നിനിയ പടവീടുണ്ടു മുണ്ടയ്ക്കലെന്നോ–
രില്ലം മല്ലക്കുവലയദൃശാം പാരിലാരൂഢകീർത്തിഃ'

"സിന്ധുദ്വീപം ദ്വിപമദപരിസ്യന്ദിനോ മന്ദവാതാഃ" ഇത്യാദി പ്രസ്താവനകളിൽനിന്ന് ഉണ്ണുനീലിയാൽ അലംകൃതമായ മുണ്ടയ്ക്കൽ തറവാടു സിന്ധുദ്വീപത്തിലാണ് സ്ഥിതിചെയ്തിരുന്നതെന്ന് വിശദമാകുന്നു. പണ്ടു കടൽത്തുരുത്തെന്നു പറഞ്ഞുവന്നതും ഇപ്പോൾ കടുത്തുരുത്തിയെന്നു വ്യവഹരിച്ചുവരുന്നതും വൈക്കം താലൂക്കിൽ പെട്ടതുമായ ഒരു സ്ഥലമാണ് അത്. കടൽത്തുരുത്തു സംസ്കൃതീകരിച്ചതാണ് സിന്ധുദ്വീപം എന്നു പറയേണ്ടതില്ലല്ലോ. അതു പണ്ടു വടക്കുംകൂർ രാജാക്കന്മാരുടെ രാജധാനിയും പടവീടുമായിരുന്നു; അവരുടെ പോരാനാകളെ ഒരുക്കി നിറുത്തിയിരുന്നതും അവിടെയാണ്. 'സ്കന്ധാവാരം പരമപി തതോ ബിംബലീപാലകാനാം സിന്ധുദ്വീപം വ്രജ ഘനനിനൈരാവൃതം സിന്ധുരേന്ദ്രൈഃ" എന്ന ശുകസന്ദേശപദ്യവും, 'സിന്ധുദ്വീപം ദ്വിപമദപരിസ്യന്ദിനോ മന്ദവാതാഃ' എന്നതിനു പുറമേ 'മത്തമാതങ്ഗഭീമേ' എന്നും ഉള്ള ഉണ്ണുനീലിസന്ദേശത്തിലെ വർണ്ണനകളും ഇതിനു സാക്ഷ്യം വഹിക്കുന്നു. 133–ാം ശ്ലോകത്തിൽ പ്രസ്താവിക്കുന്ന കോതനല്ലൂർ ഏറ്റുമാനൂരിൽനിന്നു നാലു നാഴിക വടക്കായി അതിനും കടുത്തുരുത്തിക്കും മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ഒരു സ്ഥലമാണ്. 147–ാം ശ്ലോകത്തിൽ സ്മരിക്കുന്ന തളിയിൽ ശിവക്ഷേത്രം കടുത്തുരുത്തിക്കു സമീപം ഇപ്പോഴുമുണ്ട്. 156–ാം ശ്ലോകത്തിൽ പറയുന്ന കോതപുരം ഇക്കാലത്തു ഗോവിന്ദപുരമായി രൂപാന്തരപ്പെട്ടിരിക്കുന്നു.

Digitized By Kerala Sahitya Akademi

''ദേവാധീശന്നിവിയ പരനൊന്നത്ര കായന്തസമിത്രം
ദേവം ഗോപീജനകുചതടീലോലുപം കണ്ടിടായിൽ''

എന്നു വർണ്ണിക്കുന്ന ശ്രീകൃഷ്ണൻതന്നെയാണ് ഇന്നും ആ ക്ഷേത്രത്തിലെ മൂർത്തി. 166-ാം ശ്ലോകത്തിൽ വാഴ്ത്തുന്ന വീരമാണിക്കത്തു ചിറയും പുരയിടവും ഇന്നുമുണ്ട്; വീടു നശിച്ചുപോയി. മുണ്ടക്കലെന്ന പേരിൽ മറ്റൊരു പുരയിടവും കാണുന്നു. മുണ്ടക്കൽവീടു തറവാടും വീരമാണിക്കത്തുവീടു നായികയുടെ ഭർത്താവു പണിയിച്ചുകൊടുത്തതുമായിരിക്കണം. 173-ാം ശ്ലോകത്തിൽ 'തെക്കമ്പാകത്തു'' ഉള്ളതായി കവി നിർദ്ദേശിക്കുന്ന കുറുമുഴിക്കൽ വീടിന് ഇപ്പോൾ കരിയിക്കൽ വീടെന്നാണ് പേർ. സിന്ധുദ്വീപിനു വടമതിരയെന്നും കടന്തേരിയെന്നും രണ്ടു നാമാന്തരങ്ങൾ ഉണ്ടായിരുന്നു. ക്രിസ്ത്വബ്ദത്തിന്റെ ആരംഭത്തിൽ പാണ്ഡ്യരാജാക്കന്മാർ കുറെക്കാലത്തേക്കു വടക്കുംകൂറും തെക്കുംകൂറും ഉൾപ്പെട്ട പ്രദേശങ്ങൾക്കു ആധിപത്യം വഹിച്ചിരുന്നു. വേമ്പനാട് (വേമ്പൻ: പാണ്ഡ്യൻ) എന്ന കായലിന്റെ പേർ ആ ആധിപത്യത്തെ സൂചിപ്പിക്കുന്നു. പാണ്ഡ്യന്മാരുടെ രാജധാനിയെ ആര്യാവർത്തത്തിലെ മധുരയിൽനിന്നു വ്യാവർത്തിക്കുവാൻ ദക്ഷിണമധുരയെന്നാണ് സാധാരണമായി വ്യവഹരിക്കാറുള്ളത്. എന്നാൽ പഴയ തലസ്ഥാനമായ കവാടപുരത്തെ അനുസ്മരിച്ച് അതിനെ വടമധുരയെന്നും പറയും; വടമതിരയെന്ന പേർ സിന്ധുദ്വീപിനു വന്നതു് ആ വഴിക്കാണെന്നു ഞാൻ ഊഹിക്കുന്നു. തെക്കുംകൂർ വടക്കുംകൂർ ഈ രണ്ടു രാജ്യങ്ങൾക്കും കൂടി വെൺപൊലിനാടെന്നൊരു പേർ പിൽക്കാലത്തു സിദ്ധിച്ചു.* വെൺപൊലി സംസ്കൃതീകരിച്ചപ്പോൾ ബിംബലിയായി. കടന്തേരിയുടെ ആഗമം എന്തെന്നറിയുന്നില്ല. 'കടന്തേറി' അതായതു് 'ആക്രമിച്ചു പിടിച്ചടക്കിയ ദേശം' എന്നായിരിക്കുമോ ആ പദത്തിന്റെ അർത്ഥം? ഉണ്ണുനീലി ഒരു നായർയുവതിയായിരുന്നു എന്നുള്ളതു് നിസ്സംശയമാണ്. നായികയുടെ തറവാടിനെ പുരസ്കരിച്ചു പ്രസ്തുത കൃതിയെ മുണ്ടക്കൽസന്ദേശമെന്നും പറയാവുണ്ട്. ഉണ്ണുനീലിക്കു സംഗീതത്തിലും സാഹിത്യത്തിലും സംസ്കൃതത്തിലും പ്രാകൃതത്തിലും ജ്യോതിഷത്തിലും മററും ജ്ഞാനമുണ്ടായിരുന്നു എന്നു ''ആടികാർമൽക്കുഴലി വടിവിൽ'' ''യൽ സത്യം തൽ ഭവതു'' ''കണ്ടോമല്ലോ തളിയിൽ'' ഇത്യാദി ശ്ലോകങ്ങളിൽനിന്നു വ്യഞ്ജിക്കുന്നു. ''അങ്കം വേറിട്ടമലഗഗനേ'' എന്ന ശ്ലോകത്തിൽ ''മേചകാങ്ഗീ'' എന്നും ''പൂന്തേൻ വെല്ലും മധുരവചനാം'' എന്ന ശ്ലോകത്തിൽ ''മരതകാദർശലീലൗ കപോലൗ'' എന്നും കാണുന്നതിൽനിന്നു് ആ സ്ത്രീരത്നത്തിന്റെ വർണ്ണം ദ്രൗപദിയുടേതുപോലെ വിശ്വമോഹനമാണെങ്കിലും ശ്യാമളമായിരുന്നു എന്നും ഊഹിക്കുവാൻ പഴുതില്ലായ്കയില്ല.

---

* വേമ്പനാട്ടിന്റെ രൂപാന്തരമാണ് വെൺപല(വെൺപൊലി)നാടെന്നും വരാം.

Digitized By Kerala Sahitya Akademi

നായകനും കവിയും: പൂർവ്വപക്ഷം—(1) ചാക്കിയാരോ?:—ഈ വിഷയത്തെപ്പററി കഴിഞ്ഞ ഇരുപത്തഞ്ചു കൊല്ലങ്ങളായി പല വാദങ്ങളും നടക്കുന്നുണ്ടു്. നായകനും കവിയും ഒരാളല്ലെന്നും നായകൻ ഉണ്ണുനീലിയുടെ ആദ്യത്തെ ഭർത്താവായ മണികണ്ഠനെന്ന രാജാവുതന്നെയാണെന്നും അദ്ദേഹത്തിൻെറ മരണാനന്തരം ഒരു ചാക്കിയാർ ആ സ്ത്രീയെ പരിഗ്രഹിച്ചു എന്നും തൻെറ പ്രിയതമ നിർബ്ബന്ധിക്കുകയാൽ അദ്ദേഹം പ്രസ്തുതസന്ദേശം രചിച്ചു എന്നുമാണു് ചിലർ സങ്കല്പിക്കുന്നതു്. ഈ സങ്കല്പത്തിനു് ഒരു ഉപപത്തിയുമില്ല. 'ഒരു കരംകൊണ്ടു താൻ പൊത്തയിതപ്പോ' 'കഞ്ചിഭിഃ ചഞ്ചലാക്ഷ്യൈഃ' 'പൊന്നേടനാം' 'പാലവും പിന്നിടേഥാഃ' 'മാടമ്പീനാമവിടെ വസതാം' ഇങ്ങനെ ചില സംസ്കൃതീകൃതങ്ങളായ ഭാഷാപദങ്ങൾ ഉണ്ണുനീലിസന്ദേശത്തിൽ കാണുന്നുണ്ടെന്നും അവ ഫലിതപ്രിയന്മാരായ ചാക്കിയാരന്മാരിൽ ഒരാളേ പ്രയോഗിച്ചിരിക്കുകയുള്ളു എന്നും അവർ വാദിക്കുന്നു. ലീലാതിലകത്തിലേ 'സന്ദർഭേ സംസ്കൃതീകൃതാച' എന്ന സൂത്രംകൊണ്ടു ഫലിതത്തെ ഉദ്ദേശിച്ചല്ലാതെയും ഭാഷാപദങ്ങളെ സംസ്കൃതീകരിക്കാമെന്നു സിദ്ധിക്കുന്നതിനു പുറമേ, ചാക്കിയാന്മാർ മാത്രമല്ല അത്തരത്തിലുള്ള ശ്ലോകങ്ങൾ രചിച്ചിരുന്നതു് എന്നും നാം കണ്ടുകഴിഞ്ഞു. മരിച്ച ഭർത്താവിൻെറ പ്രണയസന്ദേശം ജീവിച്ചിരിക്കുന്ന ഭർത്താവിനെക്കൊണ്ടു രചിപ്പിക്കുന്ന സ്ത്രീകളുണ്ടെന്നു തോന്നുന്നില്ല.

> "കണ്ടോമല്ലോ തളിയിലിരുവർകൂത്തു നാമൻെറാരിക്കാൽ
> തൈവം കെട്ടോളൊരു തപതിയാൾ നങ്ങയാരെന്നെ നോക്കി
> അന്യാസങ്ഗാൽ കിമപി കലുഷാ പ്രാകൃതംകൊണ്ടവാദീൽ
> പിന്നെക്കണ്ടീലണയ വിവശം വീർത്തുമണ്ടിൻെറ നിന്നെ."

എന്ന ശ്ലോകത്തെ ശരണീകരിച്ചാണു് മററു ചിലർ കവിയും നായകനും ഒരാൾതന്നെയെന്നും അതൊരു ചാക്കിയാർതന്നെയായിരിക്കണമെന്നും അഭിപ്രായപ്പെടുന്നതു്. തപതീസംവരണം മൂന്നാമങ്കത്തിൽ സംവരണൻ ഉച്ചരിക്കുന്ന ഒരു വാക്യം തപതി അന്യസ്ത്രീയെ ഉദ്ദേശിച്ചാണെന്നു തെററിദ്ധരിക്കുന്ന ഒരു ഭാഗമുണ്ടു്. അപ്പോൾ ആത്മഗതമായി പറയേണ്ട ഒരു പ്രാകൃതവാക്യം തളിയിൽ ക്ഷേത്രത്തിൽ തപതിയുടെ വേഷംകെട്ടിയ നങ്ങയാർ ഉച്ചരിക്കുമ്പോൾ സദസ്സിൽ സന്നിഹിതനായ സന്ദേശനായകനെ നോക്കി എന്നേ മേലുദ്ധരിച്ച ശ്ലോകത്തിൽ പ്രസ്താവിച്ചിട്ടുള്ളു. സന്ദേശത്തിലേ നായികയും നായകനും പ്രേക്ഷകന്മാർ മാത്രമാണു്; നടിയും നടനുമല്ല; അതാണു് 'കണ്ടോമല്ലോ' എന്ന വാക്കിൽനിന്നു ഗ്രഹിക്കേണ്ടതു്. അപ്പോൾ 'എന്നെ നോക്കി' എന്നു പറഞ്ഞാൽ അതിനു 'ചാക്കിയാരെ നോക്കി' എന്ന അർത്ഥമില്ലെന്നു സിദ്ധിക്കുകയും അതോടുകൂടി പ്രസ്തുതവാദം നിരാധാരമായിത്തീരുകയും ചെയ്യുന്നു.

(2) ചെറിയതിൻെറ ഭർത്താവോ?:—കൊല്ലത്തു രവിവർമ്മചക്രവർത്തിയുടെ സദസ്സിൽ അനേകം വിദ്വാന്മാരായ കവികളുണ്ടാ

Digitized By Kerala Sahitya Akademi

യിരുന്നു എന്നും അവരിൽ ഒരാളായിരിക്കാം സന്ദേശകാരനെന്നും സന്ദേശഹരനായ ആദിത്യവർമ്മമഹാരാജാവിനോടു് അടുത്തു പെരുമാറുന്നതുകൊണ്ടു് അദ്ദേഹം ഒരു നമ്പൂരിയാണെന്നു് അനുമിക്കാം എന്നും, അദ്ദേഹം ഉണ്ണുനീലിയുടെ തോഴിയായ ചെറിയതിന്റേയോ മററോ ഭർത്താവായിരിക്കാമെന്നും, (II 32-ം 96-ം ശ്ലോകങ്ങളാം നോക്കുക) ആ സ്ത്രീയുടെ നിർബ്ബന്ധപ്രകാരം "മാരജ്വരപരവശനായി, എന്നു വച്ചാൽ ഭാര്യ നിർബ്ബന്ധിക്കുന്നതിനെ ഉപേക്ഷിക്കുവാൻ ശക്തിയില്ലാത്തവനായിട്ടു്, ഉണ്ണുനീലിയേയും ആ സ്ത്രീയുടെ ഭർത്താവിനേയും നായികാനായകന്മാരാക്കിക്കല്പിച്ചു് ഒരു സന്ദേശകാവ്യം സ്വഭാര്യയോടു പറയുന്ന നിലയിൽ നിർമ്മിക്കുകയാണു്" ചെയ്തിട്ടുള്ളതെന്നും, ചെറിയതോ മററോ അങ്ങനെ നിർബ്ബന്ധിച്ചതു തട്ടാരാ പ്രസാദിപ്പിക്കാവുന്ന ഉണ്ണുനീലിയിൽനിന്നു സമ്മാനം വാങ്ങാമെന്നുള്ള ആഗ്രഹംനിമിത്തമാണെന്നും മററൊരു പണ്ഡിതൻ പ്രസ്താവിക്കുന്നു. ഈ പ്രസ്താവനയ്ക്കു് ആസ്പദമായി അദ്ദേഹം ശരണീകരിക്കുന്നതു്

"വെള്ളിക്കുൻറിന്നഭീഷ്ടം വെളുവെള വിളയിപ്പിക്കുമക്കീർത്തിപാർമേ-
ലല്ലിത്താർമാതിനെക്കൊണ്ടയി വിളിപണിചെയ്യിക്കുമാസ്താം പ്രലാപഃ
ഇല്ലത്തിന്നുന്നതിം തേ വിതരതു നിതരാമാകയാലുണ്ണുനീലീ
ചൊല്ലിൻറെനെങ്കിൽ നീ കേട്ടരുളുക ദയിതേ! സ്വകതിരത്നം മദീയം"

എന്ന പീഠികയിലെ പഞ്ചമശ്ലോകമാണു്. 'ഉണ്ണുനീലി നിന്റെ (അതായതു ചെറിയതിന്റേയോ മററോ) ഇല്ലത്തിനു് ഉന്നതിയെ വിതരണം ചെയ്യട്ടെ' എന്നാണു് അദ്ദേഹം അർത്ഥയോജന ചെയ്യുന്നതു്. ഈ പീഠിക പ്രസ്തുതകാവ്യനിർമ്മിതിയുടെ പ്രയോജനത്തെയാണു് വിശദീകരിക്കുന്നതു് എന്നു നാം ഓർമ്മിക്കണം. ഇങ്ങനെയൊരു രീതി ഇതരസന്ദേശകാരന്മാർ ആരുംതന്നെ സ്വീകരിച്ചിട്ടുള്ളതല്ല. അതിലെ മൂന്നാമത്തെ ശ്ലോകത്തിലാണു് 'മന്ദപ്രജ്ഞോപി മാരജ്വരപരവശനായു് ക്കോലിനേൻ ഞാനിദാനീം, കണ്ടിക്കാർക്കുന്തൽ കാലിൽത്തടവിന മടവാർനായികാം വാഴ്ത്തുവാനായു്, മുണ്ടയ്ക്കൽക്കെൻറുമാക്കം കരുതിന മറിമാൻകണ്ണിയാമുണ്ണുനീലിം' എന്ന വരികളുള്ളതു്. മാരജ്വരപരവശനായി കവി ഉണ്ണുനീലിയെ വാഴ്ത്തുവാൻ തുടങ്ങുന്നു എന്നാണല്ലോ ഈ വരികളിൽനിന്നു മനസ്സിലാകുന്നതു്. 'തന്റെ ഭാര്യയുടെ നിർബ്ബന്ധം തിരസ്കരിക്കുവാൻ നിവൃത്തിയില്ലാത്തവൻ' എന്നാണു് മാരജ്വരപരവശൻ എന്ന പദത്തിന്റെ അർത്ഥമെന്നു പറഞ്ഞാൽ അതു നിരക്കുകയില്ല. പ്രിയതമയുടെ വിപ്രയോഗത്തിൽനിന്നു ജനിക്കുന്നതല്ലേ മാരജ്വരം? 'വെള്ളിക്കുൻറിന്നഭീഷ്ടം' എന്ന ശ്ലോകത്തിൽ യഥാശ്രുതമായി സ്ഫുരിക്കുന്ന അർത്ഥം "അല്ലയോ ഉണ്ണുനീലി, നിനക്കിപ്പോഴും ധാരാളം ലക്ഷ്മീദേവിയുടെ അനുഗ്രഹമുണ്ടു്; അതു സാരമുള്ളതല്ല; അതിനെക്കാൾ കാമ്യമാണു് കൈലാസതുല്യമായ കീർത്തി, ആ കീർത്തി നിന്റെ തറവാട്ടിനു് ഉന്നതിയെ നല്കട്ടെ. എന്റെ സ്വകതിരത്നത്തിൽനിന്നു വേണം ആ കീർത്തിയുണ്ടാവാൻ; അതുകൊണ്ടു്

Digitized By Kerala Sahitya Akademi

ആ സൂക്തിരത്നമാകുന്ന സന്ദേശം ഞാനിതാ രചിക്കുന്നു; നീ കേട്ടു കൊള്ളുക'' എന്നാണെന്നുള്ളതിനു സംശയമില്ല. 'ആസ്താം പ്രലാപഃ' എന്നൊരു വാക്യം 'വിളിപണിചെയ്യിക്ക'യെന്നും 'ഇല്ലത്തിനുനന്നിതം തേ വിതരതു' എന്നുമുള്ള ഭാഗങ്ങളുടെ ഇടയിൽ കിടക്കുന്ന എന്നുള്ളതുകൊണ്ടു മേൽ വിവരിച്ച അർത്ഥത്തിനു മറവോ മങ്ങലോ ഉള്ളതായി അനുഭവപ്പെടുന്നുമില്ല.

നായകനും നായികയും മാത്രമറിയാവുന്ന അവരുടെ ചില ദാമ്പത്യജീവിതരഹസ്യങ്ങളെയാണല്ലോ ഉത്തരസന്ദേശത്തിലെ 94, 95, 96, ഈ ശ്ലോകങ്ങളിൽ 'അടയാളങ്ങ'ളാക്കി കാണിച്ചിരിക്കുന്നതു്. അവ അവരിൽനിന്നു് അന്യനായ ഒരാൾക്കു് അറിവാൻ എങ്ങനെ സാധിക്കും? അതുകൊണ്ടു നായകനും കവിയും ഒരാൾ തന്നെയെന്നുള്ളതിനെപ്പററി സംശയിക്കേണ്ട ആവശ്യമേ കാണുന്നില്ല.

(3) വടക്കുംകൂർ ഇളമുറത്തമ്പുരാൻ:—സന്ദേശത്തിലെ നായകനും കവിയും ആയ സരസൻ വടക്കുംകൂറിലെ ഒരു ഇളമുറത്തമ്പുരാനൊന്നാണു് എൻെറ അനുമാനം. ഉത്തരസന്ദേശത്തിലെ പ്രഥമശ്ലോകത്തിൽ കവി നാടുവാഴുന്ന മണികണ്ഠരാജാവിനെ ശ്രീരാമനായും, പൂർവ്വസന്ദേശത്തിലെ ദ്വിതീയശ്ലോകത്തിൽ തന്നെ ലക്ഷ്മണനായും ഉല്ലേഖനം ചെയ്തിരിക്കുന്നതു് ഇവിടെ ശ്രദ്ധേയമാണു്. ഒരു ഇളയതമ്പുരാൻെറ ദൗത്യം വഹിച്ചു തൃപ്പാപ്പൂർ സ്വരൂപത്തിലെ ആദിത്യവർമ്മ ഇളയതമ്പുരാൻ കടുത്തുരുത്തിയോളം പോയി അദ്ദേഹത്തിൻെറ പ്രിയതമയെ സമാശ്വസിപ്പിക്കുന്നതിൽ പലവിധത്തിലും അവർ സമസ്കന്ധന്മാരാകയാൽ അസ്വാഭാവികതയില്ല. അല്ലാതെ ഒരു ചാക്കിയാരുടേയോ ഒരു നമ്പൂരിയുടേയോ സന്ദേശവാഹിയായി ആദിത്യവർമ്മാവിൻെറ നിലയിലുള്ള ഒരാൾ ആ യാത്ര ചെയ്തു എന്നു വിചാരിക്കുന്നതു സമഞ്ജസമല്ല. പീഠികയിൽ 'പൂണാരം മണികണ്ഠവെൺപലമഹീപാലൈകചൂഡാമണേഃ' എന്നൊരു വാചകം ഉണ്ണുനീലിയുടെ വിശേഷണമായുണ്ടു്. അതിനു ചിലർ മണികണ്ഠരാജാവു ഭരിച്ച വടക്കുംകൂർ രാജ്യത്തിനു് അലങ്കാരമായ നായിക എന്നർത്ഥം കല്പിക്കുന്നു. അതു ശരിയാണെന്നു തോന്നുന്നില്ല. ഉണ്ണുനീലി മണികണ്ഠൻെറ പുത്രിയായതിനാലായിരിക്കണം കവി ആ വിശേഷണം പ്രയോഗിച്ചതു്. നായകൻ ആ രാജാവിൻെറ അനന്തരവനുമായിരിക്കണം. ഉത്തരസന്ദേശത്തിലെ 23 മുതൽ 26 വരെയുള്ള ശ്ലോകങ്ങളിൽ കടുത്തുരുത്തിയിൽ ചെന്നാൽ സന്ദേശഹരൻ മണികണ്ഠനെ കാണണമെന്നും തൻെറ 'നിനവു്' അതായതു് ഇംഗിതം അദ്ദേഹത്തെ അറിയിച്ചു് അനുമതി വാങ്ങി ഉണ്ണുനീലിയുടെ ഗൃഹത്തിൽ ചെല്ലണമെന്നും നായകൻ പറയുന്നതിൽ അത്തരത്തിലുള്ള ബന്ധത്തിനു വിപരീതമായി യാതൊരു പ്രസ്താവനയുമില്ല. *പ്രത്യുത നായകൻ എവിടെയെന്നറിയാതേയും പുത്രിയുടെ

* 24-ാമത്തെ ശ്ലോകത്തിൽ 'രായിരക്ഷോണിപാലം' എന്ന പാഠം ശരിയാണെന്നു തോന്നുന്നില്ല. എൻെറ കൈവശമുള്ള ഗ്രന്ഥത്തിൽ 'വെൺപലക്ഷോണിപാലഃ' എന്നാണു കാണുന്നതു്.

Digitized By Kerala Sahitya Akademi

തീവ്രമായ ദുഃഖം ഉണ്ടും അസാധാരണഹേതുവായിരിക്കുന്ന മണിയമ്മയുമായി കൂർക്കൂട്ടി വൃത്താന്തം ശരിപ്പിക്കുന്നതു് ഏററവും സമുചിതമാണ്. അല്ലെങ്കിൽത്തന്നെയും വേണാട്ടിലെ യുവരാജാവു വടക്കുംകൂറിൽ ചെന്നാൽ ആദ്യമായി കാണേണ്ടതു് അവിടത്തെ നാടുവാഴിയെത്തന്നെയാണല്ലോ. ഇതിൽ ആചാരഭ്രംശം ഒന്നും ഉള്ളതായിക്കാണുന്നില്ല. ചിരികണ്ടൻ, കോതവർമ്മൻ, ഇരവി മണികണ്ഠൻ, രാമവർമ്മൻ ഈ ഇളങ്കൂറു തമ്പുരാക്കന്മാർ ആദിത്യവർമ്മാവിനെക്കാണ്മാൻ വരുമെന്നു പറയുന്നുണ്ടെങ്കിലും അവൾക്കും നായകനും തമ്മിലുള്ള ചാർച്ചയെപ്പററി ഒന്നും സൂചിപ്പിക്കുന്നില്ല എന്നാണ് ഇവിടെയൊരു പൂർവ്വപക്ഷം. അതു സൂചിപ്പിക്കേണ്ട ആവശ്യം നായകനില്ലാത്തതുകൊണ്ടു് അങ്ങനെ ചെയ്യില്ലെന്നേ അതിനു സമാധാനം പറയേണ്ടതുള്ളൂ. 'യൽ സത്യം തൽ ഭവതു പുണർതംനാറം പിറന്നെങ്ങൾ കാന്തൻ' എന്ന പദ്യത്തിൽനിന്നു നായകൻെറ ജന്മനക്ഷത്രം പുണർതമാണെന്നും നായകനും കവിയും ഒരാളാണെന്നും സിദ്ധിക്കുന്നു.

ഉപപതിയോ?:—എന്നാൽ അദ്ദേഹം ഉണ്ണുനീലിയുടെ ഭർത്താവല്ല ഉപപതിയാകുവാനാണ് ന്യായമുള്ളതു് എന്നു വേറേ ചിലർ വാദിക്കുന്നു. ഇതു് ഒരു പ്രകാരത്തിലും സംഭവിക്കാവുന്നതല്ല. നായികയുടെ വിരഹവ്യഥയെ വർണ്ണിക്കുന്ന ഉത്തരസന്ദേശത്തിലെ 58മുതൽ 71വരെയുള്ള ശ്ലോകങ്ങൾ സൂക്ഷിച്ചു വായിച്ചാൽ ആ നായികയുടെ ചാരിത്രശുദ്ധിയെപ്പററി അന്യഥാശങ്കയ്ക്കു് അവകാശമേ ഉണ്ടാകുന്നതല്ല. "നൽച്ചൊൽ പേശാതെ തന്നെ കൊടി വൈപ്പിക്കുമോക്കും നിമിത്താനത്യാവേശാൽ പണവുമരിയും ചേർത്തു നിത്യം തൊടീക്കും; തുമ്പപ്പൂവാൽ വിരഹദിവസാനെണ്ണുമീവണ്ണമെല്ലാമല്ലോ മല്ലാർകുഴലികളുടേ വേല കാന്തൻ പിരിഞ്ഞാൽ" മുതലായ പദ്യങ്ങൾ ജാരാസക്തയായ ഒരു യുവതിയുടെ അവസ്ഥയെയാണോ സൂചിപ്പിക്കുന്നതു്? ഭാര്യ അപ്രകാരം സൈരിണിയാകുവാൻ തുടങ്ങിയാൽ ഭർത്താവു് ആ കാര്യമറിയുകയില്ലേ? നാടുവാഴിയായ മണികണ്ഠൻതന്നെ ആ അസതിയെക്കുറിച്ചു് എന്തഭിപ്രായമാണ് തോന്നുക? അങ്ങനെയുള്ള ഒരു സ്ത്രീയുടെ സമീപത്തിൽ ആദിത്യവർമ്മാവിനെപ്പോലെയുള്ള ഒരു രാജാവു പോകുകയോ അതിനു തൻെറ ജ്യേഷ്ഠൻേറയും മണികണ്ഠൻേറയും അനുവാദം ചോദിച്ചു വാങ്ങിക്കുകയോ ചെയ്യുമോ? 'കോപി കാമീ ജഗാമ' എന്നു പ്രഥമശ്ലോകത്തിൽ പറയുന്നുണ്ടെങ്കിൽ അതിൽനിന്നു നായകൻ ഉപപതിയാകുന്നതെങ്ങനെ? 'കശ്ചിൽ കാന്താവിരഹഗുരുണാ' എന്നു മേഘസന്ദേശത്തിലും 'സൗധശൃംഗേ കയോശ്ചിൽ' എന്നു ശുകസന്ദേശത്തിലുമുള്ള പ്രസ്താവനകളിൽനിന്നു് അതു കവികൾ ആ വിഷയത്തിൽ സാധാരണമായി സ്വീകരിക്കുന്ന ശൈലിയാണെന്നു മനസ്സിലാക്കാവുന്നതാണ്.

"ശയ്യോപാന്തേ സലളിതമിരുന്നുണ്ണുനീലീമിരുത്തി-
ക്കയ്യാകാരേ നിജകരതലേ കാന്തതൻ കയ്യുമേന്തി"

Digitized By Kerala Sahitya Akademi

എന്നു കവി സന്ദേശഹരനോടു് ഉപദേശിക്കുന്നുണ്ടു്. ഇവിടെയും ചാരിത്രഭംഗം വരാൻപോകുന്നതിനുള്ള വിചാരങ്ങളൊന്നുമില്ല. സന്ദേശഹരനിൽ നായികയ്ക്കു പരിപൂർണ്ണമായ വിശ്വാസം ഉണ്ടാകുന്നതിനുവേണ്ടിയാണു് കവി ആ പരിപാടി ആചരിക്കുവാൻ നിർദ്ദേശിക്കുന്നതു്.

കാലം:—ഉണ്ണുനീലിസന്ദേശത്തിന്റെ കാലം സന്ദേശഹരനായ ആദിത്യവർമ്മമഹാരാജാവിന്റെ കാലത്തെ ആശ്രയിച്ചിരിക്കുന്നു. ഈ വിഷയത്തിൽ രണ്ടഭിപ്രായമുണ്ടു്. കൊല്ലത്തെ വീരരവിവർമ്മചക്രവർത്തിയുടെ അനുജനാണു് സന്ദേശവാഹി എന്നു സങ്കല്പിച്ചുകൊണ്ടു കൊല്ലം 490-ാമാണ്ടു മേടമാസം 30-ാംനു- പുലർച്ചയ്ക്കാണു് സന്ദേശമെന്നു ചിലർ അഭിപ്രായപ്പെടുന്നു. കൊല്ലത്തു നാടുവാണിരുന്ന മറെറാരു രവിവർമ്മാവിന്റെ അനുജനാണു് അദ്ദേഹം എന്നു സങ്കല്പിച്ചുകൊണ്ടു് 549 കുംഭം 23-ാംനു- ഉദയാൽപരം ഏഴര നാഴികയും അശ്വതി നക്ഷത്രവും പഞ്ചമീതിഥിയും വ്യാഴാഴ്ചയും മേടംരാശിയും കക്കടകത്തിൽ വ്യാഴവും യോജിച്ചുവന്ന മുഹൂർത്തത്തിലാണു് ആദിത്യവർമ്മാവു സന്ദേശഹരനായി തിരുവനന്തപുരത്തുനിന്നും പുറപ്പെട്ടതെന്നു ഞാനും പറയുന്നു.

കൊല്ലം 490-ാമാണ്ടോ? 549-ാമാണ്ടോ?:—എതിർപക്ഷക്കാരുടെ വാദമുഖങ്ങളെന്തെന്നു നോക്കാം. പൂർവസന്ദേശം 76-77 ഈ ശ്ലോകങ്ങൾ ഇവിടെ ഉദ്ധരിക്കേണ്ടിയിരിക്കുന്നു.

"അർത്ഥിശ്രേണിക്കഭിമതഫലം നല്കുവാൻ പാരിജാതം
വിദ്വൽപത്മാകരദിനകരം വിശ്വലോകൈകദീപം
മുററിക്കൂടും പെരിയ പരചക്രേഷു ചക്രായമാണം
കാറക്കാർമൻപുരികുഴലിമാർമാരനെക്കാൺക പിന്നെ.

വേലപ്പെണ്ണിന്തഴക പൊഴിയും കണ്ണനെപ്പോരിൽ മാററാർ-
മൂലത്തിന്റെ മുടിവിനൊരു മുക്കണ്ണനെപ്പുണ്യകീർത്തേ,
വേരിച്ചൊല്ലാർമനസിജ, നിനക്കണ്ണനൊച്ചേർവു നേരേ
കോരിക്കൈക്കൊപ്പൂനിരവിവർമ്മാഖ്യവേണാടർകോനേ."

ഈ വർണ്ണനം വീരരവിവർമ്മചക്രവർത്തിയെപ്പററിയാണെന്നത്രേ അവരുടെ പക്ഷം; സന്ദേശരചന അവരുടെ മതമനുസരിച്ചു് ക്രി: പി: 1315-ലുമാണു്. 1312-ാമാണ്ടിടയ്ക്കുതന്നെ അദ്ദേഹം ത്രിക്ഷത്രചൂഡാമണിയായി വേഗവതീതീരത്തിൽവച്ചു കിരീടധാരണം ചെയ്തു എന്നു ഞാൻ അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ. കേരളത്തിനു പുളകോൽപാദകമായ അദ്ദേഹത്തിന്റെ ആ അഭൗമാപദാനത്തെപ്പററി കവി ഈ ശ്ലോകങ്ങളിൽ യാതൊന്നും സൂചിപ്പിക്കാത്തതെന്തു്? അദ്ദേഹത്തെത്തന്നെ ഒരു പണ്ഡിതനെന്നോ കവിയെന്നോ വർണ്ണിക്കാത്തതെന്തു്? ഏതു രാജാവിനെയും ദാതാവു്, വിദ്വൽപ്രിയൻ, വിശ്വപ്രകാശകൻ, വിക്രാന്തൻ, സമ്പൽസമൃദ്ധൻ, ശത്രുഹന്താവു് ഇങ്ങനെയെല്ലാം കവികൾക്കു പുകഴ്ത്താവുന്നതാണു്. സന്ദേശകാരൻ കായംകുളത്തു രവിവർമ്മരാജാവിനെ,

Digitized By Kerala Sahitya Akademi

''കാണാം പിന്നെക്കമലവനിതാമാനസോന്മാദി നാനാ
വാണേൽ വീരശ്രീസമഹിതനാരിക്കിന്റെ വിഖ്യാതകീർത്തിം
തൂണേമല്ലുണ്ടാം നരവരിനാശം ചെന്റെന്തിപ്പോക്കു നിത്യം
കാണേമാർ കണ്ണിന്നമൃതകരനാമോടവന്നാടർക്കോനോ.''

എന്നു പ്രശംസിക്കുന്നില്ലേ? അതിൽനിന്നു പറയത്തക്ക വ്യത്യാസം കൊല്ലത്തെ രവിവർമ്മാവിനെപ്പററിയുള്ള പ്രശസ്തിയിൽ കാണുന്നില്ലല്ലോ. അതുകൊണ്ടു കൊല്ലത്തെ ഒരു രവിവർമ്മാവിന്റെ അനുജൻ തന്നെയാണു് തൃപ്പാപ്പൂരെ ആദിത്യവർമ്മാവെങ്കിലും ആ രവിവർമ്മാവു് അന്യനായിരിക്കണമെന്നാണു് എന്റെ അഭിപ്രായം. പണ്ഡിതശ്രേഷ്ഠനായ പി. കെ. നാരായണപിള്ളയും ഉണ്ണുനീലിസന്ദേശത്തിൽ സ്മൃതനായ കൊല്ലത്തെ രവിവർമ്മമഹാരാജാവു ''കാഞ്ചീപുരം ആക്രമിച്ച രവിവർമ്മചക്രവർത്തിയാണെന്നു വിചാരിക്കുവാൻ തരമില്ല; വേറെയൊരു രവിവർമ്മൻ ആയിരിക്കണമെന്നു വിചാരിക്കേണ്ടതാകുന്നു'' എന്നു 'സഹൃദയാ'മാസികയിൽ തന്റെ പക്ഷം അവതരിപ്പിച്ചിട്ടുണ്ടു്.

എത്ര ആദിത്യവർമ്മാർ:—1315-ാമാണ്ടിടയ്ക്കു് ഒരു ആദിത്യവർമ്മാവുണ്ടായിരുന്നതായി ഞാൻ സമ്മതിക്കുന്നു. അദ്ദേഹത്തിനാണു് കൊല്ലം 505-ൽ വൈക്കംക്ഷേത്രത്തിലെ വലിയ കോയിമ്മസ്ഥാനം ലഭിച്ചതെന്നു ഞാൻ ആ ക്ഷേത്രത്തിലെ ഗ്രന്ഥവരി പരിശോധിച്ചതിൽ കാണുന്നു. എന്നാൽ അദ്ദേഹത്തിനു സന്ദേശത്തിൽ പറഞ്ഞിട്ടുള്ളതുപോലെ 'സർവ്വാംഗനാഥൻ' എന്നൊരു ബിരുദം ഉണ്ടായിരുന്നതിനു ലക്ഷ്യമൊന്നുമില്ല. തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ മതില്ക്കകത്തുള്ള കൃഷ്ണസ്വാമിക്ഷേത്രത്തിന്റെ വടക്കേ ഭിത്തിയിലും തെക്കേ ഭിത്തിയിലും ഓരോ ശിലാരേഖയുണ്ടു്. ആദ്യത്തേ രേഖയിൽ സർവ്വാംഗനാഥൻ എന്നൊരു രാജാവു് (അബ്ദേ ച ചോളപ്രിയേ) ശകാബ്ദം 1296-ൽ അതായതു ക്രി: പി: 1374 ഒക്ടോബർ 10-ാംനു-ക്കും 1375 മാർച്ചു് 26-ാംനു-ക്കുമിടയ്ക്കു ശ്രീകൃഷ്ണനു് ഒരു ഗോശാലയും, ദീപഗൃഹവും മണ്ഡപവും 'സമകരോൽ' (സംസ്കരിച്ചു) അതായതു് അഴിച്ചുപണിയിച്ചു എന്നു പറയുന്നു. രണ്ടാമത്തേതിൽ അതേ ഗോശാലയും ദീപഗൃഹവും മണ്ഡപവും ആദിത്യവർമ്മാവെന്നൊരു രാജാവു (കൃതവാൻ നവതരം) നവീകരിച്ചതായും പറയുന്നു. 'സമകരോൽ' എന്നും 'കൃതവാൻ നവതരം' എന്നും ഉള്ള പദങ്ങൾക്കു് അർത്ഥവ്യത്യാസമില്ല. ചിലർ ശഠിക്കുന്നതുപോലെ ആ രണ്ടു സർവ്വാംഗനാഥന്മാരും രണ്ടാണെന്നു തൽകാലം വാദത്തിനുവേണ്ടി സമ്മതിച്ചാൽപ്പോലും അവരിൽ പ്രാചീനൻ 1374-1375-ലെ സർവ്വാംഗനാഥനാണെന്നു സമ്മതിക്കാതെ പോംവഴിയില്ല. 1315-മാണ്ടിടയ്ക്കു സമ്യക്കായു് നിർമ്മിച്ച ഗോശാലയും മററും 1375-ൽ പുതുക്കിപ്പണിയേണ്ട ആവശ്യം നേരിടുന്നതുമല്ല. ആ വാദംകൊണ്ടു് ഏതായാലും 1315-ൽ ജീവിച്ചിരുന്ന ആദിത്യവർമ്മാവു സർവ്വാംഗനാഥനാണെന്നു വരികയില്ലല്ലോ. മൂന്നാമതായി ഇവിടെ സ്മരിക്കേണ്ട ഒരു ശിലാരേഖ വടശ്ശേരി കൃഷ്ണൻകോവിലിലുള്ളതാണു്.

Digitized By Kerala Sahitya Akademi

അതിൽ ആദിത്യവർമ്മാവിനു സർവാങ്ഗനാഥബിരുദം സിദ്ധിക്കുന്നതിനുള്ള കാരണങ്ങളെ വിവരിച്ചിരിക്കുന്നു. അതിലെ

"ശബ്ദജ്ഞോസ്മ്യഹം ലക്ഷ്യലക്ഷണഗുരുസ്സാഹിത്യസങ്ഗീതയോഃ
സൂത്രവ്യാഖ്യാതാ പുരാണശാസ്ത്രനിഗമാൻ ജാനേ പ്രമാണാന്യപി
ഷട്ത്രിംശത്സ്വപി രീതിഷു ശ്രമഗുണശ്ശ്ലോകേ കലാനാം കലാ-
ന്യഭ്യസ്യേ യുധി ഭൂപതീംശ്ച വിജയേ സർവാങ്ഗനാഥസ്തുതഃ.
സാഹിത്യേ നിപുണാഃ കേചിൽ; കേചിച്ഛാസ്ത്രേ ച കോവിദാഃ;
കേചിദ്ഗീതേ കൃതാഭ്യാസാഃ; കേചിച്ഛസ്ത്രേ കൃതശ്രമാഃ;
ആദിത്യവർമ്മൻ, ഭവതസ്സാമ്യമിച്ഛന്തി തേ കഥം
പാരംഗതേന വിദ്യാനാമേകാം വിദ്യാം സമാശ്രിതാഃ?"

എന്നീ ശ്ലോകങ്ങൾ പ്രകൃതത്തിൽ നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നു. 1374-ലെ സർവാങ്ഗനാഥൻതന്നെയായിരിക്കണം ഈ ആദിത്യവർമ്മസർവാങ്ഗനാഥനും. 1372-ൽ അദ്ദേഹത്തെ പരാമർശിച്ച് ആ ക്ഷേത്രത്തിൽത്തന്നെ കൊത്തീട്ടുള്ള നാലാമതൊരു ശിലാരേഖയുമുണ്ട്. പൂർവസന്ദേശം 15മുതൽ 22വരെയുള്ള ശ്ലോകങ്ങളും അവയിൽ പ്രത്യേകിച്ച് 'ആപ്ലോ ചൊല്ലുമരസരണൗ' 'രാജ്യാനാമങ്ങിനിയ പതിറെട്ടിനും' 'ശൗണ്ഡീവേണു' ഈ മൂന്നു പദ്യങ്ങളും അദ്ദേഹത്തിൻെറ സർവാങ്ഗനാഥത്വത്തെ ഈ ശിലാരേഖയിലെന്നപോലെതന്നെ ഉപപാദിക്കുന്നു. അതു നോക്കിയാലും സന്ദേശനേതാവ് 1374-ഇടയ്ക്കു ജീവിച്ചിരുന്നിരിക്കണമെന്നാണ് വന്നുകൂടുന്നതു്. അദ്ദേഹത്തെസ്സംബന്ധിച്ചുള്ള രേഖകൾ ക്രി: പി: 1366 മുതൽ 1389വരെ കാണുന്നു. അദ്ദേഹം യുവരാജാവായിരുന്നപ്പോൾ കൊല്ലത്തു് ഒരു രവിവർമ്മാവു രാജ്യഭാരം ചെയ്തിരുന്നു. 584 കന്നി 10-ാംനു-യിലെ ഒരു ശിലാരേഖ ആ രവിവർമ്മാവിൻെറ വകയായി തെക്കൻതിരുവിതാംകൂറിൽ തിരുവിടക്കോട്ടുക്ഷേത്രത്തിലുണ്ട്. ആദിത്യവർമ്മാവിനു തൃപ്പാപ്പൂർമൂപ്പു (പത്മനാഭക്ഷേത്രത്തിലധികാരം) കിട്ടിയതു് 541-ലാണെന്നു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ റിക്കാർഡുകളിൽനിന്നു വെളിപ്പെടുന്നു. അദ്ദേഹം ഒരു ശ്രീകൃഷ്ണഭക്തനായിരുന്നു എന്നുള്ളതിനു് അദ്ദേഹത്തിൻെറ രേഖകൾ വേണാട്ടിലെ രണ്ടു പ്രധാനകൃഷ്ണക്ഷേത്രങ്ങളിൽ കാണുന്നതിനുപുറമേ സന്ദേശത്തിലെ "ഉദയൽപ്പൂമെത്തയിൽ മരുവുമക്കണ്ണനാമുണ്ണിതന്നെ" എന്ന ശ്ലോകവും തെളിവാണ്. കവി അദ്ദേഹത്തെ 'സങ്ഗ്രാമധീര'ബിരുദംകൊണ്ടും അഭിസംബോധനംചെയ്യുന്നുണ്ട്. ആ ബിരുദം രവിവർമ്മചക്രവർത്തിക്കുണ്ടായിരുന്നു എന്നു നമുക്കറിയാം. ജ്യേഷ്ഠനും അനുജനും ഒരേ ബിരുദം സ്വീകരിക്കുക എന്നുള്ളതു സാധാരണമല്ല; പ്രത്യുത 1374 ഇടയ്ക്കു ജീവിച്ചിരുന്ന യുദ്ധവിദഗ്ദ്ധനായ ആദിത്യവർമ്മാവു പ്രഖ്യാതനായ അദ്ദേഹത്തിൻെറ ഒരു പൂർവപുരുഷൻ വഹിച്ചിരുന്ന ബിരുദത്താൽ വിദിതനായിത്തീർന്നതിൽ അനൗചിത്യവുമില്ല.

Digitized By Kerala Sahitya Akademi

തുലുക്കൻപട:—ഉണ്ണുനീലിസന്ദേശത്തിൽ

"വ്യായാമംകൊണ്ടഴകിലുടിതാമോദമൂച്ചൈശ്രവാവി-
ന്നായാസം ചെയ്തമലതുരഗം നീ കരേറും ദശായാം
പ്രാണാപായം കരുതിന തുലിക്കൻപടക്കോപ്പിനെണ്ണം
ചൊല്ലവുണ്ടല്ലോ സുരപരിഷദാമപ്പൊടിച്ചാൽത്തൊൻവ്."

എന്നൊരു ശ്ലോകം നായകൻ ആദിത്യവർമ്മാവിനോടു പറയുന്നതായുണ്ട്. അതു വളരെ അധികം മഹമ്മദീയരെ അദ്ദേഹം യുദ്ധത്തിൽ തോല്പിച്ചു എന്നാണല്ലോ കവിയുടെ വിവക്ഷ. സദാ അദ്ദേഹം യുദ്ധത്തിൽ ഏർപ്പെട്ടിരുന്നു എന്നും

"എണ്ണിക്കൊള്ളാം പടയിലെഴുനള്ളത്തു കൊല്ലത്തുനിന്റേറാ?
മണ്ണിൽക്കൂടാതടയരുടൽ കൂറാളി തോവാളനിന്റേറാ?"

എന്ന പ്രസ്താവനയിൽനിന്നു നാമറിയുന്നു. ആദിത്യവർമ്മാവ് ഏതു കാലത്തെ മഹമ്മദീയരുമായാണ് യുദ്ധം ചെയ്തതു്? ചില പണ്ഡിതന്മാർ മാലിക് കാഫറുടെ സൈന്യത്തോടാണെന്ന് ഊഹിച്ചു കൊല്ലം 490-ലാണ് സന്ദേശനിർമ്മിതി എന്നതിനു് അതിനേയും ഒരവലംബമായി കരുതുന്നു. ക്രി: പി: 1311 ഏപ്രിൽമാസത്തിലാണ് മാലിക് കാഫർ മധുര കീഴടക്കിയതു്. അതാണ് ദ്രാവിഡദേശത്തിൽ എത്തിയ ആദ്യത്തെ മഹമ്മദീയസേന. ആ സേനാനി അവിടെനിന്നു രാമേശ്വരത്തേക്കു പോയി ആ ക്ഷേത്രം കൊള്ളയിടുകയും 1312 ആരംഭത്തിൽ ഡൽഹിക്കു തിരിയെ പോകുകയും ചെയ്തു. അദ്ദേഹം ഏതാനും മഹമ്മദീയരെ സുന്ദരപാണ്ഡ്യന്റെ സഹായമായി മധുരയിൽ പാർപ്പിച്ചിരുന്നിരിക്കാമെങ്കിലും വലിയ ഒരു തുലുക്കൻപട അന്നവിടെ ഉണ്ടായിരുന്നില്ലെന്നുള്ളതു നിശ്ചയമാണ്. 1318-ലാണ് പിന്നത്തെ മഹമ്മദീയാക്രമണം. 1335-ൽ മാത്രമേ മധുരയിൽ ഒരു മഹമ്മദീയ രാജവംശം സ്ഥാപിതമായുള്ളു. 1364-നു മുമ്പു വിജയനഗരരാജകുമാരനായ ദ്വിതീയവീരകമ്പണൻ ആ വംശത്തെ അധഃപതിപ്പിക്കുകയും 1378-ൽ അതു നാമാവശേഷമാകുകയും ചെയ്തു. മാലിക്കാഫറെ രവിവർമ്മ ചക്രവർത്തിയോ ആദിത്യവർമ്മാവോ തോല്പിച്ചു എന്നു സ്ഥാപിക്കുവാൻ യാതൊരു രേഖയുമില്ല. അങ്ങനെ വല്ലതും നടന്നിരുന്നു എങ്കിൽ അതു് അദ്ദേഹത്തിന്റെ 'ചന്ദ്രകലാമങ്ങലപ്രദീപ' ഇത്യാദി പ്രശസ്തിമാലയിൽ നട്ടനായകംപോലെ ഘടിപ്പിക്കപ്പെടുകയില്ലായിരുന്നുവോ? രവിവർമ്മാവിന്റെ ചരിത്രച്ഛായയിലല്ലാതെ ആദിത്യവർമ്മാവിനു് പൊരുതിയിരിക്കുവാൻ ന്യായവുമില്ല. അതുകൊണ്ടു് അക്കാലത്തെ യുദ്ധത്തെപ്പററിയൊന്നുമല്ല സന്ദേശത്തിൽ പ്രസ്താവിക്കുന്നതെന്നു് ഉദ്ദേശിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത മഹമ്മദീയരാജവംശം മധുരയിൽ സ്ഥാപിതമായതിനുമേൽ ആ വംശം തിരുനെൽവേലിയും പിടിച്ചടക്കുകയും അപ്പോഴും മഹമ്മദീയർക്കും വേണാട്ടു രാജാക്കന്മാർക്കും നിത്യകലഹം സംഭവിക്കുകയും ചെയ്തു. ആ കലഹ

Digitized By Kerala Sahitya Akademi

നിൽ തോവാളയ്ക്കു കിഴക്കു മാറി വച്ച് ആദിത്യവർമ്മാവിനു മഹമ്മദീയരെ വധിക്കേണ്ടിവരികയും 1364_നുമേൽ അതിനുള്ള സൌകര്യം വർദ്ധിക്കുകയും ചെയ്തിരിക്കണം. അക്കാലത്തുള്ള യുദ്ധങ്ങളെപ്പററിയാണ് സന്ദേശത്തിൽ പ്രതിപാദിക്കുന്നത്.

ജ്യോതിഷസംബന്ധമായ ലക്ഷ്യം:—ഉണ്ണുനീലിസന്ദേശത്തിൽ

''അഞ്ചാം പക്കം വരമിത്തുലോം വാരവും വീരമൌലേ
നാളും നൻേറ നളിനവനിതയ്ക്കുമ്പനോ മുമ്പിലേത്;
മേടം വേണാടരിൽ മകുടമേ രാശിയും വാഗധീശൻ
നാലാമേടത്തയമുപഗതോ ഭ്രതികാമാഖ്യയോഗഃ.'' (1_35)

എന്നൊരു ശ്ലോകമുണ്ട്. 'നളിനവനിതയ്ക്കുമ്പനോ മുമ്പിലേത്'' എന്ന ഭാഗത്തിനു വിഷ്ണുദേവതാകമായ തിരുവോണത്തിനു മുമ്പിലത്തെ നക്ഷത്രമായ ഉത്രാടം എന്നു ചിലർ അർത്ഥം കല്പിക്കുന്നു. അതു തീരെ യോജിക്കുന്നില്ല. 'നളിനവനിതയ്ക്കുമ്പനേ' എന്ന പദം സംബോധനപ്രഥമയായല്ലാതെ ഗ്രഹിക്കുവാൻ നിവൃത്തിയില്ല. 'കാൺമു പിന്നെക്കമലവനിതയ്ക്കുമ്പനെ' എന്നു കവി വേറെയൊരു ശ്ലോകത്തിലും അത്തരത്തിൽ സന്ദേശഹരനെ സംബോധനം ചെയ്യുന്നുണ്ട്. അതിനാൽ 'മുമ്പിലേത്'' എന്ന പദംകൊണ്ടു നിർദ്ദേശിക്കേണ്ടതു് അശ്വതിനക്ഷത്രത്തെത്തന്നെയാണ്; ഉത്രാടത്തെയല്ല. ഇനി ഉത്രാടം നാളെന്നു സങ്കല്പിച്ചാൽ അന്നു കൃഷ്ണപഞ്ചമിയാണ് വരുന്നതു്. സന്ധ്യയ്ക്കു ചന്ദ്രനുദിക്കുന്നതായി കവി ''അപ്പോഴുദ്യത്കുളിർമതിമുഖി'' (1_87) എന്ന ശ്ലോകത്തിൽ വർണ്ണിക്കുകയും ചെയ്യുന്നു. കൃഷ്ണപഞ്ചമിയിൽ അങ്ങനെയൊരു സംഭവത്തിനു പ്രസക്തിയില്ലല്ലോ. വേറെയും ചില ആക്ഷേപങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് ചില ജ്യോതിശ്ശാസ്ത്രജ്ഞന്മാർ '490 മേടം 30_ാംനു- 17 വിനാഴികയോളമേ മേടം രാശിയുള്ളു; അന്നു് ഉദയാൽ പരം 4 നാഴിക 48 വിനാഴിക ചതുർത്ഥിയാണ്; 49 നാഴിക 12 വിനാഴിക പൂരാടം നക്ഷത്രമാണ്; ആഴ്ചമാത്രം വ്യാഴാഴ്ചതന്നെ' എന്നു പറയുന്നു. എൻെറ കാലഗണനയിലും അവർ ചില അനുപപത്തികൾ എടുത്തുകാണിക്കുന്നുണ്ടു്. ഞാൻ സൂചിപ്പിച്ച 549 കുംഭം 23_ാംനു- വ്യാഴാഴ്ചയും അശ്വതിനക്ഷത്രവുംതന്നെയെങ്കിലും അന്നു 31 നാഴികയും 48 വിനാഴികയും ചതുർത്ഥിയാണെന്നും കുംഭമാസത്തിൽ വസന്തം വരികയില്ലെന്നും പ്രഭാതമല്ലാതെ ഏഴര നാഴിക കഴിഞ്ഞുള്ള സമയമല്ല യാത്രാമുഹൂർത്തമായി വർണ്ണിച്ചിട്ടുള്ളതെന്നും അവർ ചൂണ്ടിക്കാണിക്കുന്നു. അന്നു പഞ്ചമിതന്നെയെന്നാണ് ചില ജ്യോതിഷികന്മാർ എന്നെ മനസ്സിലാക്കീട്ടുള്ളതു്. അതിനാൽ അക്കാര്യത്തിൽ നിഷ്കൃഷ്ടമായ ഒരു പുനർഗ്ഗണനം വേണമെന്നു ഞാൻ കേരളത്തിലെ ജ്യോതിഷികന്മാരോടു് അപേക്ഷിക്കുന്നു. മററുള്ള രണ്ടു് ആക്ഷേപങ്ങൾക്കും എനിക്കു പര്യാപ്തമായ സമാധാനമുണ്ടു്. ''ഗ്രീഷ്മോ മേഷവൃഷൌ പ്രോക്തഃ പ്രാവൃൺമിഥുനകർക്കടൌ സിംഹകന്യേ സ്മൃതാ വർഷാ തുലാവൃശ്ചികയോശ്ശരൽ ധനുഗ്രാ

Digitized By Kerala Sahitya Akademi

റൗ ച ഹേമന്തോ വസന്തഃ കുംഭമീനയോഃ'' എന്നു ഭാവപ്രകാശമെന്ന വൈദ്യഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ആ പക്ഷമനുസരിച്ചു പ്രാവൃട്ടെന്നും വർഷമെന്നും രണ്ടു് ഋതുക്കളുള്ളതിനു പുറമേ ഹേമന്തത്തിൽനിന്നു വ്യതിരിക്തമായി ശിശിരമെന്നൊരു ഋതുവില്ലാതെയുമാണു്. 'ഗങ്ഗായാ ദക്ഷിണേ ദേശേ വൃഷ്ടേർബാഹുല്യഭാവതഃ' അതായതു ഗങ്ഗാനദിക്കു തെക്കുള്ള ദേശങ്ങളിൽ വൃഷ്ടിബാഹുല്യം നിമിത്തമാണു് മഹർഷിമാർ അങ്ങനെ ഋതുക്കളെ കല്പിക്കുന്നതെന്നും ഭാവപ്രകാശകാരൻ പറയുന്നു. തമിഴിൽ 'വേനിൽ' (വേനൽ) എന്ന പദത്തിനു വസന്തമെന്നും അർത്ഥമുണ്ടു്. എതായാലും അദ്ദേഹത്തിന്റെ മതത്തിൽ ഗങ്ഗയ്ക്കു തെക്കുള്ള ദേശങ്ങളിൽ വസന്തർത്തുവിൽ പെട്ടതാണു് കുംഭമാസം. നായകൻ ആദിത്യവർമ്മാവിന്റെ കോവിലെഴുന്നള്ളത്തുസമയത്താണല്ലോ അദ്ദേഹത്തെ കണ്ടുമുട്ടുന്നതു്; അതു് ഏകദേശം ഒൻപതുമണിയോടടുപ്പിച്ചായിരിക്കാനാണു് ഇടയുള്ളതു്. ആറുമണിയോടല്ല. പിന്നെയും പൂർവസന്ദേശം 57-ാം ശ്ലോകത്തിൽ നായകൻ 'നിൻവിയൻപേരാളും കാളീപിതരം' എന്നു് ഒരു ശിവനെ ഉദ്ദേശിച്ചു പറയുന്നുണ്ടു്. അതു് ഏതു ക്ഷേത്രത്തിലെ ശിവനാണു്? തൃപ്പാപ്പൂരെയാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. വിയൻപേരെന്നാൽ വിശിഷ്ടമായ നാമമെന്നാണർത്ഥം; സ്ഥാനപ്പേരെന്നല്ല. അതുകൊണ്ടു തൃപ്പാപ്പൂരല്ല ഉദയാതിച്ചപുരമാണു് പ്രസ്തുതക്ഷേത്രമെന്നു് എനിക്കു തോന്നുന്നു. അതിനു മതിലകത്തുനിന്നു മൂന്നു നാഴികയേ ദൂരമുള്ളൂ. അവിടെ സന്ദേശഹരൻ എത്തുമ്പോഴാം ഉച്ചപ്പൂജയ്ക്കു കാലമാകുന്നു. ആ സ്ഥലത്തുനിന്നു് അമറേത്തു കഴിച്ചുകൊണ്ടാണു് വടക്കോട്ടേയ്ക്കു് അദ്ദേഹം യാത്ര തുടരുന്നതും. അല്ല, തൃപ്പാപ്പൂർതന്നെയാണെങ്കിലും ആ സ്ഥലത്തേക്കും ആറു നാഴികയ്ക്കുമേൽ ദൂരമില്ല. ഇതുകൊണ്ടെല്ലാം പ്രഭാതത്തിലല്ല അദ്ദേഹത്തെ നായകൻ അമ്പലത്തിൽ വച്ചു കണ്ടതെന്നു് അനുമിക്കേണ്ടിയിരിക്കുന്നു. പ്രഭാതത്തിൽ ദൂതൻ പുറപ്പെട്ടിരുന്നു എങ്കിൽ മദ്ധ്യാഹ്നഭക്ഷണത്തിനു കഴക്കൂട്ടത്തെങ്കിലും എത്താമായിരുന്നു. ഞാൻ മുൻപു നിർദ്ദേശിച്ച ദൈവജ്ഞന്മാർ കൊല്ലം 466-മേടം 11-ാംനു- വ്യാഴാഴ്ച മകയിരം നക്ഷത്രവും പഞ്ചമിയും വരുന്നു എന്നും അന്നു കാമാഖ്യയോഗമുണ്ടെന്നും 'ഭൂതികാമം' എന്നൊരു യോഗത്തെപ്പററി ജ്യോത്സ്യന്മാർക്കറിവില്ലാത്തതിനാൽ 'ഭൂതി' എന്നാണോ ശരിയായ പാഠമെന്നു സംശയിക്കേണ്ടിയിരിക്കുന്നു എന്നും വാദിക്കുന്നു. 'ഭൂതികാമാഖ്യയോഗഃ' എന്നേ ഗ്രന്ഥങ്ങളിൽ കാണുന്നുള്ളൂ. അതു പോകട്ടെ. 'നാളും നാന്റെ നളിനവനിതയ്ക്കൻപനേ മുമ്പിലേതു്'' അഞ്ചാം പക്കം എന്നതിനോടു ചേർത്തന്വയിച്ചു് അഞ്ചാം നക്ഷത്രമായ മകയിരമാണു് കവിയുടെ വിവക്ഷ എന്നു വാദത്തിനുവേണ്ടി സമ്മതിച്ചാലും ക്രി: പി: 1291-ാമാണ്ടു തുലുക്കൻപട എന്നൊന്നിന്റെ പ്രസക്തിയേ ദക്ഷിണാപഥത്തിലില്ലായിരുന്നതിനാൽ അവരുടെ കാലഗണനാ പ്രകൃതത്തിൽ യോജിക്കുന്നില്ല എന്നു ഖണ്ഡിച്ചുതന്നെ പറയാവുന്നതാണു്. അക്കാലത്തു കേവലം കച്ചവടക്കാരായ മഹമ്മദീയർ

Digitized By Kerala Sahitya Akademi

മാത്രമേ പാണ്ഡ്യചോളരാജ്യങ്ങളിൽ ഉണ്ടായിരുന്നുള്ളൂ. ആ കൊള്ളടി നായികയായ ഉണ്ണുനീലി വടക്കുംകൂർ രാജാവായ മണികണ്ഠന്റെ പുത്രിയായിരുന്നു എന്നും ആ മഹറിളാമണിയുടെ ഭർത്താവു പൂരാടം നാളിൽ ജനിച്ച ആ രാജവംശത്തിലെ ഒരിളമുറത്തമ്പുരാനായി രുന്നുവെന്നും അദ്ദേഹംതന്നെയാണു് നായകനും കവിയും എന്നും സന്ദേശത്തിന്റെ കാലം കൊല്ലം 549 കുംഭം 23_ാംനു-യാണെന്നുമുള്ള എന്റെ അഭിപ്രായം ഭേദപ്പെടുത്തുന്നതിനു ഞാൻ ഏതൊരുവിധത്തിലും യാതൊരു കാരണവും കാണുന്നില്ല. ഈ വിഷയത്തെപ്പററി ഇത്ര ദീർഘമായി ചർച്ച ചെയ്യേണ്ടിവന്നതു പലരും പലവിധത്തിലുള്ള മതങ്ങൾ ഏതൽസംബന്ധമായി ആവിഷ്കരിച്ചിട്ടുള്ളതുകൊണ്ടാകുന്നു.

വിഷയം:—കടുത്തുരുത്തിയിൽ നായകൻ നായികയുമായി ഉറങ്ങുമ്പോൾ ഒരു നാൾ രാത്രി അദ്ദേഹത്തെ ഒരു യക്ഷി എടുത്തുകൊണ്ടു തെക്കോട്ടേക്കു പോയി. തിരുവനന്തപുരത്തെത്തിയ സമയത്തു് നായകൻ ഉണർന്നു നരസിംഹമന്ത്രം ജപിക്കുകയും ഉടൻതന്നെ അവൾ അദ്ദേഹത്തെ വിട്ടു് ഓടിക്കളയുകയും ചെയ്തു. അപ്പോൾ പ്രഭാതമായിരുന്നു സമയം. ശ്രീപത്മനാഭസ്വാമിയെ വന്ദികൾ പള്ളിയുണർത്തുന്ന ഗാനങ്ങൾ കേട്ടു സ്ഥലമേതെന്നു മനസ്സിലായി. നായികയുമായി വേർപിരിഞ്ഞ ദുഃഖംനിമിത്തം പരവശനായ നായകൻ ഭാഗ്യവശാൽ തന്റെ വയസ്യനായ കൊല്ലത്തേ ആദിത്യവർമ്മ ഇളയതമ്പുരാനെ ശ്രീപത്മനാഭക്ഷേത്രത്തിൽവച്ചു കണ്ടു. അദ്ദേഹത്തിനു തൃപ്പാപ്പൂർ മൂപ്പെന്ന നിലയിൽ തിരുവനന്തപുരത്തു കൂടെക്കൂടെ പോകേണ്ട ആവശ്യമുണ്ടായിരുന്നു; അപ്പോൾ പോയതു സ്വാമിദർശനത്തിനായിരുന്നു. ആ ഘട്ടത്തിൽ നായകൻ തന്റെ സങ്കടം അദ്ദേഹത്തെ അറിയിക്കുകയും തനിക്കു് ഒരുപക്ഷം കഴിഞ്ഞുമാത്രമേ അവിടം വിട്ടുപോകുവാനുള്ള സ്വാസ്ഥ്യം ലഭിക്കുകയുള്ളൂ എന്നുള്ളതിനാൽ നായികയോടു തന്റെ അവസ്ഥ നിവേദനം ചെയ്യുവാൻ സന്ദേശഹരനാകണമെന്നു് അദ്ദേഹത്തോടു പ്രാർത്ഥിക്കുകയും ചെയ്തു. തിരുവനന്തപുരംമുതൽ കടുത്തുരുത്തി വരെയുള്ള പല സ്ഥലങ്ങളേയും ക്ഷേത്രങ്ങളേയും രാജാക്കന്മാരേയും സുന്ദരിമാരേയും വർണ്ണിക്കുവാൻ കവി സന്ദേശവ്യാജേന ഒരു നല്ല അവസരമുണ്ടാക്കുകയും ആ അവസരത്തെ വിജയപ്രദമാകത്തക്കവിധത്തിൽ വിനിയോഗിക്കുകയും ചെയ്യുന്നു. സന്ദേശഹരന്റെ യാത്ര രാജോചിതമായ വിധത്തിൽ 'തണ്ടിലേറിച്ചെമ്പൊൽക്കാളം തെളുതെളെ മുതിന്നംബരമേൽ മുഴങ്ങേ, വൻപുററീട്ടം കട തഴ ചുഴൻറു'' ആണെന്നു പൂർവ്വസന്ദേശം 123_ാംശ്ലോകത്തിൽനിന്നു കാണാം. മൂന്നുദിവസംകൊണ്ടാണു് തിരുവനന്തപുരത്തുനിന്നു കടുത്തുരുത്തിയിൽ ചെന്നുചേരേണ്ടതു്. ഒന്നാം ദിവസം തിരുവനന്തപുരത്തുനിന്നു തിരിച്ചു കൊല്ലത്തു ചെല്ലുന്നു; രണ്ടാം ദിവസം രാത്രിയിൽ താമസിക്കുന്നതു കായംകുളത്തു രാജാവിന്റെ രാജധാനിയിൽ കരിപ്പുകുളത്താണു്; മൂന്നാം ദിവസം സന്ധ്യയ്ക്കു കടുത്തുരുത്തിയിലെത്തുന്നു. വഴിക്കു തൃപ്പാപ്പൂർ, മുതലപ്പൊഴി, ചൂത്തിടം, വക്കല,

Digitized By Kerala Sahitya Akademi

കൊല്ലം, പുതിയപൊഴി (നീണ്ടകര അഴിയോ?), പന്മന, മററം, കണ്ടിയൂർ, തട്ടാരമ്പലം, ചെന്നിത്തല, തൃക്കുറട്ടി, പനയന്നാർകാവു്, ആലൻതുരുത്തി, തിരുവല്ലാ, കരിനാട്ടുകാവു്, മുത്തൂറു്, നാലുകോടി, തൃക്കൊടിത്താനം, തെക്കിൻകൂറു്, മണികണ്ഠപുരം, തിരുവഞ്ചപ്പുഴ, ഏററുമാനൂർ മുതലായ സ്ഥലങ്ങളെപ്പററി പ്രസ്താവമുണ്ടു്. പുത്തിടം, കൊല്ലം, കരിയനാട്ടുകാവു് ഇവിടങ്ങളിലേ അങ്ങാടികളെപ്പററിയുള്ള വർണ്ണനം ഉജ്ജ്വലമാണു്. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലേ ശ്രീപത്മനാഭൻ, നരസിംഹമൂർത്തി, വേദവ്യാസൻ, ശ്രീരാമൻ, ലക്ഷ്മണൻ, ഹനൂമാൻ, ഉണ്ണികൃഷ്ണൻ, ശാസ്താവു്, തിരുവാമ്പാടി കൃഷ്ണൻ, ക്ഷേത്രപാലൻ ഈ വിഗ്രഹങ്ങളും പുറമേ പാൽക്കുളങ്ങര ദുർഗ്ഗ, വർക്കല ജനാർദ്ദനൻ, കൊല്ലത്തു മൂരിത്തിട്ട ഗണപതി, പനങ്ങാവിലെ ഭദ്രകാളി, ആതിച്ചപുരത്തമ്മൻ, പന്മന സുബ്രഹ്മണ്യൻ, കണ്ടിയൂർ ശിവൻ, തൃക്കുറട്ടി ശിവൻ, പനയന്നാർകാവു ഭദ്രകാളി, തിരുവല്ലാ വിഷ്ണു, തൃക്കൊടിത്താനത്തു വിഷ്ണു, മണികണ്ഠപുരത്തു കൃഷ്ണൻ, ഏററുമാനൂർ ശിവൻ, കോതപുരത്തു കൃഷ്ണൻ, തളിയിൽ ശിവൻ മുതലായ ദേവന്മാരേയും യഥാവകാശം സ്തുതിക്കുകയോ സൂചിപ്പിക്കുകയോ ചെയ്തിട്ടുണ്ടു്. രാജാക്കന്മാരിൽ കൊല്ലത്തേ രവിവർമ്മാവിനും കായങ്കുളത്തേ രവിവർമ്മാവിനും വടക്കുംകൂറിലേ മണികണ്ഠനുമാണു് പ്രാധാന്യം; ചിറവായിലേ രായിരൻ, തെക്കുംകൂറിലേ രാമവർമ്മാവു്, ഇവരേയും വിട്ടിട്ടില്ല. വടക്കുംകൂറിലേ ചില ഇളങ്കൂർ തമ്പുരാക്കന്മാരുടെ പേരുകളും മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. സുന്ദരിമാരിൽ ഉണ്ണിയാടി, വെള്ളൂർ നാണി, ചെറുകര കുട്ടത്തി (ചെറുകരച്ചേന്നി കുട്ടത്തി എന്നാണു് ശരിയായ പാഠം) ചെറുകര ഉണ്ണിയാടി, മുത്തുററിളയച്ചി, കുറുങ്ങാട്ടുണ്ണുനീലി, കുറുങ്ങാട്ടുണ്ണിച്ചക്കി, കുറുങ്ങാട്ടു ചിരുതേവി, എന്നിവരുടെ പേരുകളും സ്മരണീയങ്ങളാകുന്നു. മുണ്ടയ്ക്കൽ ചെറിയതു്, കുറുമ്മഴിക്കൽ ഉണ്ണിച്ചക്കി, തേവി, ഇവർ നായികയുടെ തോഴികളാണു്. ഇങ്ങനെ നോക്കിയാൽ തിരുവനന്തപുരത്തിനും കടുത്തുരുത്തിക്കും ഇടയ്ക്കുള്ള പ്രദേശങ്ങളെപ്പററി പലവിധത്തിലുമുള്ള അറിവു നമുക്കു ലഭിക്കുവാൻ പ്രസ്തുതസന്ദേശം പ്രയോജകീഭവിക്കുന്നു.

കവിതാരീതി:—സന്ദേശകാരന്റെ ഏതു ശ്ലോകം പരിശോധിച്ചാലും അദ്ദേഹം ഒരു മഹാകവിമൂർദ്ധന്യനായിരുന്നു എന്നു തെളിയുന്നതാണു്. പ്രകൃതിവർണ്ണനത്തിൽ അദ്ദേഹത്തിനുള്ള പാടവം അന്യാദൃശമാകുന്നു. ഭഗവൽഭക്തി പ്രകടീകരിക്കുവാനും അദ്ദേഹത്തിനു് അസാധാരണമായ നൈപുണ്യമുണ്ടു്. നായികയുടെ വിരഹാവസ്ഥ പ്രപഞ്ചനം ചെയ്യുമ്പോൾ അദ്ദേഹം കാളിദാസകല്പനാണെന്നു തോന്നിപ്പോകുന്നു. തിരുവനന്തപുരത്തിന്റെയും കടുത്തുരുത്തിയുടേയും വർണ്ണനം, ഉണ്ണുനീലിയുടെ വിരഹവ്യഥ, നായകന്റെ സന്ദേശം ഇവയെല്ലാം അത്യന്തം മധുരമാണു്. അങ്ങുമിങ്ങുംനിന്നു പന്ത്രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

1 മന്ദവായു:—

''കോകശ്രേണീവിരഹനിഹിതം തീർന്നുമങ്ങെന്റപോലേ
തൂകിത്തൂകിത്തുഹിനകണികാം തൂന്നു പൂങ്കാവിലൂടെ

Digitized By Kerala Sahitya Akademi

സ്തോകോന്മീലന്നളിനതെളിതേൻകാളക്കൂടാംബു കോരി–
ത്തേകിത്തോകപ്പവനനവനെച്ചെന്റു കൊന്റാൻ തദാനീം.'' (1)

''വിങ്ങിപ്പൊങ്ങിച്ചിതറിന മലർത്തേന്റാൽ പിതാ മയങ്ങി–
ത്തങ്ങിത്തങ്ങിത്തരുണികൾ മുലക്കച്ചിലൂച്ചെരുറങ്ങി
തിങ്ങിത്തിങ്ങിച്ചുഴല വരിവണ്ടിണ്ടയാം കണ്ടിയൂരിൽ–
പ്പങ്ങിപ്പങ്ങിപ്പരിമളമെഴും വായു വീയും തദാനീം.'' (2)

2. കതിരകളുടെ പകലുറക്കം:—

''മാതങ്ഗാനാം കരപരിഗളൽസ്വേദസംസിക്തശീതേ
മാകന്ദാനാം തണലിൽ മണലിൽക്കഞ്ചിഭിശ്ചഞ്ചലാഗ്രൈഃ
പിൻകാലേകം കുടിലശിഥിലം പയ്യെ വച്ചിട്ടിദാനീം
നിദ്രായന്തേ തവ വടിവെഴും വാജിനോ രാജസിംഹ!'' (3)

3. പ്രഭാതം:—

''കാളംപോലേ കുസുമധന്വഷോ ഹന്ത പൂങ്കോഴി കൂകീ;
ചോളംപോലേ ചെറുകിവിളറീ താരകാണാം നികായം;
താളംപോലേ പുലരിവനിതസ്സ്വാഗതേ ചന്ദ്രസൂര്യൗ;
നാളംപോലേ നളിനകുഹരാദുൽഗതാ ഭൃങ്ഗരാജിഃ.'' (4)

4. സായംസന്ധ്യ:—

''അപ്പോഴുദ്യൽകുളിർമതിമുഖീ മേഘരാഗാധരോഷ്ഠീ
ചൂഴത്താഴും തിമിരചികുരാ ചാരുതാരാശ്രുമാംബുഃ
കിഞ്ചിൽക്കാണാം കുമുദഹസിതാ നൂനമെന്നുണ്ണുനീലീം
കാമക്രീഡാരസവിലുളിതാം തന്നെയന്വേതി സന്ധ്യാ.'' (5)

5. ശ്രീപത്മനാഭൻ:—

''നാഭീപത്മേ നിഖിലഭുവനം ഞാറുചെയ്യാത്മയോനിം
നാഗേന്ദ്രന്മേൽ ബത മരുമതപ്പള്ളികൊള്ളും പിരാനെ
നാഗാരാതിധ്വജനെ നവരം മുമ്പിൽ നീ കുമ്പിടേണ്ടും
നാൽവേതത്തിൻ പരമപൊരുളാം നമ്മുടേ തമ്പിരാനെ.'' (6)

6. കൗസ്തുഭം:—

''വേലപ്പെണ്ണിൻ മുലയിലലിയും ചന്ദനാഭോഗരമ്യേ
ചാലച്ചീറം പെരുകിയുരുകീടിന്റ വിശ്വംഭരായാഃ
കോലക്കണ്ണിൻമുനകനമകം പുക്ക നിന്മാറിൽ മേവും
നീലക്കല്ലായ് വിലസിന മണീകൗസ്തുഭം മെല്പുതാക.'' (7)

7. വല്ലിഗൃഹം:—

''പൂന്തൊത്തെന്നും കുളിർമുല ചുമന്നോമൽവക്ത്രം വണക്കി–
ക്കിഞ്ചിൽച്ചഞ്ചന്മധുപവചനാംകൊണ്ടു കൊണ്ടാടി മന്ദം
മാർഗ്ഗാപാന്തേ മലർനിര ചൊരിഞ്ഞന്നടക്കാവിലെങ്ങും
വല്ലീബാലത്തരുണികളുടൻ കാണലാം നില്ക്കുമാറു്.'' (8)

Digitized By Kerala Sahitya Akademi

8\. നായികാവർണ്ണനം:—

''മാഴക്കണ്ണാറക്കൊരു മയിലൂമുണ്ടെന്നു പിൻകാലൊളം പോയ്—
ത്താഴെച്ചെല്ലും പുരികുഴലഴിച്ചോമൽ നില്പ്പോരുനേരം
ഉഴത്തംകൊണ്ടിയുറംകിലിതെൻറഞ്ചിതം പീലിജാലം
ചൂഴച്ചിന്തിച്ചവയൊട്ടനേ പാടിയാടീട്ടുവോൻറ്.'' (9)

''അപ്പുമാതിന്നൊരു സഹചരീമങ്ങനാമൗലിമാലാ—
മിപ്പാർമേലുള്ളമൃതസരസീമിക്ഷുചാപസ്യ കീർത്തിം
കപ്പൂരാളീമിനിയ നയനങ്ങൾക്ക കാണും ജനാനാം
മൽപ്രേമത്തിൻ വിളകുഴനിയാം മാനിനീം കാൺക പിന്നെ.'' (10)

9\. വിരഹാവസ്ഥ:—

''നീലക്കല്ലാൽ വിരചിതമണിച്ചെപ്പുപോലേ വിളങ്ങും
കോലപ്പോർമുല, കുവലയം വെൻറ മുശേലക്ഷണായാഃ
ബാലസ്സിശ്ശം നഖപദമണിഞ്ഞശ്രുപാതാത്തരേഖം
ചാലത്തോൻറം പുനയൊഴുകുമച്ചൂതപകങ്ങളെൻറ്.'' (11)

10\. ശ്രീകൃഷ്ണൻ:—

''കാലിക്കാലിൽത്തടവിന പൊടിച്ചാന്തുകൊണ്ടാത്തശോഭം
പീലിക്കണ്ണാൽക്കലിതചികുരം പീതകൗശേയവീതം
കോലും കോലക്കുഴലുമിയലും ബാലഗോപാലലീലം
കോലം നീലം തവ നിയതവും കോയിൽകൊറംകെങ്ങറംചേതഃ.'' (12)

അത്യന്തം ഹൃദയഹാരികളാണ് ഈ ശ്ലോകങ്ങറം. ക്രി: പി: പതിന്നാലാംശതകത്തിലെ കൃതിയാകയാൽ പ്രസ്തുതസന്ദേശത്തിൽ ധാരാളം പഴയ പദങ്ങളും പ്രയോഗങ്ങളുമുണ്ട്. പുരുകൃതത്തിൽ ഭാഷ, ചരിത്രം, സാഹിത്യം ഇവയെപ്പററിയെല്ലാം ഈ കൃതിയിൽനിന്നു പലതും അനവധാചകന്മാക്ക് അറിയുവാനും തദ്ദ്വാരാ അന്യത്ര അസുലഭമായ ആനന്ദപീയൂഷം ആസ്വദിക്കുവാനും സാധിക്കുന്നതാണ്. സഹൃദയന്മാരായ സകലകേരളീയരുടേയും നിത്യാവഗാഹത്തെ സമ്പൂർണ്ണമായി അർഹിക്കുന്ന ഒരു സാരസ്വതപ്രവാഹമാകുന്നു ഉണ്ണുനീലിസന്ദേശം.

**കോകസന്ദേശം**—കാലം:— ഉണ്ണുനീലിസന്ദേശംപോലെയോ അതിൽ അല്പംകൂടി അധികമായോ പഴക്കമുള്ള മറെറാരു കാവ്യമാണ് കോകസന്ദേശം. ക്രി: പി: പതിന്നാലാം ശതകത്തിൻെറ ഉത്തരാർദ്ധത്തിലെങ്കിലും ആവിർഭവിച്ച ഒരു കൃതിയാണ് അതെന്നുള്ളതിനെപ്പററി പക്ഷാന്തരത്തിന് അവകാശം ഉണ്ടാകുന്നതല്ല. (1) 'മൃലംകൊട്ട' (ശൂലംകൊണ്ട്), (2) 'മുകട്' (തല), (3) 'വാളം' (വാറം), (4) 'ഇട്ടൽ' (പാറവ്), (5) 'മുക്കാരം' (പിടിവാദം), (6) 'ഇരിപായുക' (പിൻതിരിഞ്ഞോട്ടുക), (7) 'ഏറാലർ' (അന്തയായികാറ), (8) 'നങ്ങി' (നശിച്ചു), (9) 'വെള്ളാട്ടി' (ദാസി), (10) 'തുയരത്ത്'

Digitized By Kerala Sahitya Akademi

(തുവത്തു്), (11) 'തുയന്നു്' (തുടന്നു്), (12) 'ചാമാത്തു്' (കൊന്നതാം), (13) 'റെയ്യൽ' (ആനാൽ) തുടങ്ങിയ പഴയ പദങ്ങളും പ്രയോഗങ്ങളും അതിൽ കാണ്മാനുണ്ടു്.

കഥ:—പ്രസ്തുതസന്ദേശം സമഗ്രമായി കണ്ടുകിട്ടീട്ടില്ല. പൂർവ്വസന്ദേശത്തിൽപ്പെട്ട ആദ്യത്തെ തൊണ്ണൂറോളം ശ്ലോകങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കിയുള്ള ഭാഗങ്ങളും അചിരേണ ലഭിക്കുമെന്നു് ആശ്വസിക്കാം. ചേതിങ്ങനാട്ടിൽ (ജയസിംഹനാട്ടിൽ), അതായതു കൊല്ലത്തു്, വസന്തകാലത്തിൽ ഒരു കാമി തന്റെ പ്രിയതമയുമായി സുഖിച്ചിരിക്കവേ, ഒരു രാത്രിയിൽ നായകൻ അകാരണമായി അശ്രുധാര വാർക്കുന്നതു കണ്ടു നായിക അതിന്റെ കാരണം ചോദിക്കുകയും അനന്തരം നായകൻ താൻ സ്വപ്നത്തിൽ അനുഭവിച്ച ദുഃഖം ആ സുന്ദരിയെ വർണ്ണിച്ചു കേൾപ്പിക്കുകയും ചെയ്യുന്നു. സ്വപ്നാവസ്ഥയിൽ മാത്രം സംഭവിച്ചതാണു് പ്രണയിനിയുമായുള്ള വിപ്രയോഗമെങ്കിലും അതു ജാഗ്രദവസ്ഥയിൽ സംഭവിച്ചാലെന്നപോലെ നായകൻ ദുഃഖിതനായിത്തീരുന്നു. ഒരു വ്യോമചാരി ആ യുവാവിനെ തന്റെ പ്രേമഭാജനത്തിൽനിന്നു വേർപെടുത്തി തെക്കേമലയാളത്തിൽ തിരുനാവായയ്ക്കു സമീപമുള്ള വെള്ളോട്ടുകര (തൃപ്രങ്ങോട്ടു്?) എന്ന സ്ഥലത്തു പ്രക്ഷേപിക്കുന്നു. അവിടെ നായകൻ ഒരു ചക്രവാകത്തെക്കണ്ടു് ആ പക്ഷിയെ തന്റെ സന്ദേശഹരനാക്കുന്നു. വെള്ളോട്ടുകരമുതല്ക്കു തെക്കോട്ടുള്ള അനേകം നഗരങ്ങൾ, ഗ്രാമങ്ങൾ, നദികൾ, ക്ഷേത്രങ്ങൾ, മുതലായവയെ പരാമർശിക്കുന്ന കൂട്ടത്തിൽ തിരുനാവാ, പേരാറു് (ഭാരതപ്പുഴ), മാമാങ്കപ്പറമ്പു്, ആഴ്വാഞ്ചേരിമന, നന്തിയാറു്, തൃപ്പറയാറു് (തൃപ്രയാറു്), കണക (തൃക്കണ്ണാമതിലകം), കരുമ്പകാവു് (കൊടുങ്ങല്ലൂർ), തിരുവഞ്ചിക്കുളം, പെരുവാരം, ഇടപ്പള്ളി ഇവ ഉൾപ്പെടുന്നു. തൃക്കണ്ണാമതിലകം അന്നു സാമൂതിരിപ്പാടു പിടിച്ചടക്കിക്കഴിഞ്ഞിരുന്നു; അന്നത്തെ ഏറാൾപ്പാടിനെ അവിടെ യുദ്ധോദ്യുക്തനായി നില്ക്കുന്നതു കവി നമുക്കു കാണിച്ചുതരുന്നു. ഇടപ്പള്ളിക്കു തെക്കു കൊല്ലം വരെയുള്ള പ്രദേശങ്ങൾ വർണ്ണിക്കുന്ന ഭാഗം കിട്ടീട്ടില്ല. തദ്ദേശീയനും യമകശ്ലോകരചനാപടുവുമായ പന്നിയമ്പള്ളി ഉണ്ണിക്കണ്ടൻ അക്കാലത്തു വെള്ളോട്ടുകരയിൽ ജീവിച്ചിരുന്നതായി കവി പ്രസ്താവിക്കുന്നു. അതാരെന്നറിയുന്നില്ല.

കവിതാരീതി:—കോകസന്ദേശം ഉണ്ണുനീലിസന്ദേശത്തിന്റെ കനിഷ്ഠസഹോദരത്വത്തിനു് ഏതു വിധത്തിലും അർഹമായ ഒരു ഉത്തമകാവ്യമാണു്. ഗ്രന്ഥം ഇങ്ങനെ ആരംഭിക്കുന്നു.

''പൊല്പൂമാതിൻ മിഴിനിര പൊഴിഞ്ഞോരു ചേതിങ്ങനാട്ടിൽ
ചൊൽപ്പൊറ്റീടും നിജനിലയനേ കോപി കാമീ വസന്തേ
അപ്പോർകൊങ്കത്തടമഴകെഴും മാറിടത്തോടമർത്തി-
ത്തല്ലേ താനും പ്രിയതമയുമായ്ച്ചേർന്നിരുന്നാൻ കദാചിൽ. (1)

Digitized By Kerala Sahitya Akademi

അപ്പോൾ മൂർച്ഛാം തടവി നെട്ടവീർപ്പിട്ടു നേത്രോൽപലാന്താ–
ന്മുക്താൻ മുക്താഹാരിനീഹാരമൈഴും ബാഷ്പവിന്ദൂൻ ദധാനഃ
സ പ്രേയസ്യാ തഴുകി മുറുകിട്ടെൻറിതെന്നോമൽ പൃഷ്ടോ–
ലബ്ധ്വാ സംജ്ഞാം ലളിതവദനാം താമിവണ്ണം ജഗാദ.'' (2)

ചില മനോഹരങ്ങളായ ശ്ലോകങ്ങൾ ചുവടേ പകർത്തുന്നു.

1. വെള്ളോട്ടുകര ശിവൻ:—

''പള്ളിച്ചൂലത്തലകൊട്ട പിളന്നീട, മാറിൽത്തുളമ്പി–
ത്തള്ളും ചോരിക്കളിയിലമിഴും കാലനെക്കൊൻറു വീഴ്ത്തി
ഉള്ളിൽക്കോപ്പേറിന കരുണയാ ഭക്തരക്ഷാർത്ഥമസ്മിൻ
വെള്ളോട്ടിൻ വാസ്തുരയമരുമെന്നപ്പനെക്കാൺക മുൻപിൽ.'' (3)

2. കണക:—

''ചെല്ലും ചേന്നക്കണകയിലകംപൂക്കു നീ തെക്കു നോക്കി–
ച്ചെല്ലുന്നേരത്തിതവിയ പെരുങ്കോയിൽ കാണാം പുരാരേ:
അല്ലിത്താർമൻകുഴലണികരാൽക്കണ്ണരെത്തല്ലിമാററും
മല്ലക്കണ്ണിൻമുനയിൽ മലർവില്ലാളിയെത്തെററുമേടം. (4)

3. ഏറാംപ്പാട്ട്:—

''തീവെച്ചെല്ലാപ്പുറവുമടലാർകോട്ട ചുട്ടംബരേ പോയ്–
ത്താവിപ്പൊങ്ങും പൊടികൾനികരാൽ ദിഗ്വധൂകേശബന്ധേ
ശ്രീമൽക്കീർത്തിപ്പുതുമലർ തൊടുക്കിൻറ തൃക്കയ്യിൽ വെച്ചി–
പ്പാർമുട്ടെത്താങ്ങിന നെടുവിരിപ്പിൽത്തകും വീരസിംഹം.'' (5)

4. കൊടുങ്ങല്ലൂർ ഭദ്രകാളി:—

''കട്ടിച്ചൂച്ചൈരിളകിയലറിപ്പാഞ്ഞു വെട്ടിച്ചിരിച്ച–
ക്ഖട്വാംഗംകൊണ്ടുടലിലസുരാൻ നിർദ്ദയം മർദ്ദയന്തീ
പക്കച്ചോരിക്കളിയിടയിടേ നക്കി നട്ടം തിരിഞ്ഞ–
ങ്ങൊക്കള്ളിപ്പട ചുഴല നിൻറാക്കുമമ്മേ! തൊഴുന്നേൻ.'' (6)

5. തിരുവഞ്ചക്കളം:—

''എൻചങ്ങാതിക്കലർചരണു കീഴ്‌വന്നു വല്ലായ്മയിന്നും
ചെഞ്ചെമ്മേ നീ പുരഹര! പൊരിക്കൊൾകിലെന്താശ്രയം മേ?
കുൻറിൽപ്പെണ്ണുത്തിരുമുടി പിടിച്ചീഴ്ത്ത മുക്കണ്ണർകണ്ണേ
ചെൻറീവണ്ണം കുളുർമതി പൊരുത്തം പറഞ്ഞീടുമേടം.'' (7)

6. സൂര്യാസ്തമയം:—

''ചൂടും പൊന്നിൻതകടു ചരമക്ഷ്മാഭൃതോ, വ്യോമലക്ഷ്മീ–
വാടാമാലക്കുഴലിലണിയും ബാലമാണിക്യഖണ്ഡം
ചൂടേറും തൻകൊടുവെയിൽ തനിക്കെപ്പൊറായെൻറപോലെ–
ച്ചാടുൻറാൻ പോയ്ക്കടലിലധുനാ ഹേലയാ ഭാനുമാലീ.'' (8)

7. ചന്ദ്രോദയം:—

''അക്ഷ്ണോഃ പ്രീതിം ജനയതി നമുക്കഭ്രമാം പുഷ്കരിണ്യാ
രക്താംഭോജം, ഫലുസ്വണതിലകം രാത്രിയാം കമ്രഗാത്ര്യാഃ,

Digitized By Kerala Sahitya Akademi

മുക്കണ്ണൻകൺമുനയതിലുരുക്കിൻറൊരങ്ഗാരചക്രം,
തിക്കെട്ടിന്നും ചുടരണിവിളക്കഞ്ചിതം ചന്ദ്രബിംബം.'' (9)

8. പ്രഭാതം:—

''ധന്യാ ഭാനോഃ പുലരിവഴിവെള്ളാട്ടി ഭാനുക്കളെന്നും
പൊന്നിൻചൂൽകൊണ്ടിരുൾമയമടിക്കാടടിച്ചങ്ങു നീക്കി,
ഇമ്പം ചേരും ഗഗനഭവനം ചുററുമുററം തളിപ്പാ-
നംഭോരാശൌ ശശധരകുടം കാൺക മുക്കിൻറവാറ്.'' (10)

9. സൂര്യോദയം:—

''അച്ചോ! മുല്ലാടിദമുദയതേ മിക്ക ശൈലാധിപത്യേ
നില്ലും പൂർവാചലമുകുടമാണിക്യരത്നപ്രവേകം,
ശച്യാഃ കല്പദ്രുമകിസലയാപീഡകല്പം, കിഴക്ക-
ന്തിക്കാം പെണ്ണിൻ മുലയിൽ വിലസും താലി, ബാലാർക്കബിംബം.'' (11)

10. പെരുമാക്കന്മാരുടെ രാജധാനി:—

''എത്തിപ്പൊന്മാളികമുകടിൽനിന്നാത്മബിംബം പിടിപ്പാൻ
തത്തിക്കൂട്ടം തരുണികളുടേ ചാപലപ്രൌഢി കണ്ടു്,
മുക്തജ്യോത്സ്നാസ്മിതരുചികരാഗ്രേണ ചമ്മാത്തു കാട്ടി
ത്തെറെറന്നോടിക്കുളിർമതി കളിച്ചംബരേ താവുമേടം.'' (12)

**അനന്തപുരവർണ്ണനം:**—ക്രി: പി: പതിന്നാലാംശതകത്തിൻെറ ആരംഭത്തിൽ അജ്ഞാതനാമാവായ ഏതോ കവി രചിച്ച ഒരു ലഘുകാവ്യമാണ് അനന്തപുരവർണ്ണനം. തിരുവനന്തപുരംനഗരമാണ് വർണ്ണനാവിഷയം. കവിത മുഴുവൻ കിട്ടീട്ടില്ല. എല്ലാ ശ്ലോകങ്ങളും അനുഷ്ടുപ്പ്വൃത്തത്തിൽ ഗ്രഥിതങ്ങളായിരിക്കുന്നു. അവയിൽ ഒന്നാണ് ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുള്ളതും താഴെക്കാണുന്നതുമായ എട്ടാമത്തേ പദ്യം.

''തമിഴ് സംസ്കൃതമെൻറുള്ള സുമനസ്സുകൾകൊണ്ടൊരു
ഇണ്ടമാല* തൊടുക്കിൻേറൻ പുണ്ഡരീകാക്ഷപൂജയായ്.''

പണ്ടത്തെ മണിപ്രവാളകവികൾ മഹർഷിമാർ മാനിച്ചിട്ടുള്ള പ്രസ്തുതവൃത്തത്തിൽ കവനംചെയ്യുന്നതിനു പ്രത്യേകമായ പ്രാഗല്ഭ്യം സമ്പാദിച്ചിരുന്നു. ഈ കൃതിയിൽനിന്നു ചില ശ്ലോകങ്ങൾ ചുവടേ പകർത്തുന്നു.

1. ദേവതാപ്രാർത്ഥന:—

''ഹരയേ നമ; നിന്നോമൽച്ചരണങ്ങളിരണ്ടിനും
ശരണാഗതനാകിൻേറൻ കരുണാകര, നിത്യമായ്. (1)

മോക്ഷാർത്ഥമായിരിപ്പോരു ദീക്ഷ പൂകിൻറതുണ്ടു ഞാൻ;
രക്ഷിക്കവേണ്ടുമെൻേറക്കും; നിക്ഷേപമയമഞ്ജലിഃ. (2)

* ശിരസ്സിലണിയുന്ന ഒരുതരം വൃത്താകാരമായ മാല.

Digitized By Kerala Sahitya Akademi

അനന്തപുരമെൻറിതഥമാനന്ദം കവിയായിതു;
സ്തോത്രാമൃതരസംകൊണ്ടെൻ ശ്രോത്രപാത്രം നിറച്ചിതു. (3)
അതിന്നു തുണയാമാറു പതിയാക ഗജാനനൻ;
ഭക്ഷിക്ക പഴമെള്ളുപ്പുരിക്കു ചക്ക വിരിപ്പുവിൽ. (4)
കുംഭം പുസ്തകവും സാക്ഷാൽ സംഭരിക്കിൻറ ദുഗ്ധം
പിടിച്ചുനിന്നെൻ നാവിന്മേൽ കുടിപൂക സരസ്വതി. (5)
നാരായണനുവക്കിൻറ* മാരവൈരി മഹേശ്വരൻ
ഉമയാ സഹ മച്ചിത്തേ രമിക്ക നിജവേശ്മനി. (6)
ചരിതം പല ചൊല്ലിനേൻറൻ ചരതിച്ചൊരു ഗദ്യമായ്†
പണിയില്ലയെനക്കേതും തുണ ശങ്കരനാകയാൽ. (7)
അഹോ! നിൻകീർത്തിയാകിൻറ മഹാവെള്ളത്തിൽനിന്നൊരു
കരകാണ്മാനുഴക്കിനേൻറൻ ഹൃദയത്തിന്നു പോററി, ഞാൻ. (8)
പറവുത്സാഹമുണ്ടെൻറാൽ മറവെല്ലാമിതപ്പെട്ടും;
പണ്ടു ഗംഗാനദീതന്നെക്കൊണ്ടുപോന്നാൻ ഭഗീരഥൻ. (9)
ദേവാനാം തലയിൽപ്പുക്ക കേവലം താനിരിപ്പിതു,
ഉത്താനപാദപുത്രോപി ഭക്തനാകനിമിത്തമാം. (10)
ഞാനുമവ്വണ്ണമേ നിന്നെ മാനിച്ചടി വണങ്ങിനാൽ
അകമേ തോൻറുമത്യന്തം പുകഴും പരിചാദരാൽ. (11)
പത്തു യോജനനീളത്തിൽ പത്തു ദിക്കും നിറഞ്ഞൊരു
തിരുമേനി വലംവയ്ക്കാനരുതെൻറു മയാ ശ്രുതം.” (12)

2. തിരുവനന്തപുരം:—

ശ്രീപാദതീർത്ഥമാടിപ്പോയ് ശ്രീതീർത്ഥം തത്ര കാണലാം
ശ്രീകണ്ഠേശ്വരമെൻറുള്ള ശ്രീകൈലാസമനന്തരം. (13)
കമ്പിടാമരനെച്ചെൻറു തമ്പിരാനൊപ്പുരാരിയെ
ആറുമമ്പിളിയും ചൂടി നീറും പൂശിന മായനെ. (14)
സാമവേദങ്ങളും കേട്ടു പോയ് മഹാദേവപുത്രനെ
അയ്യനെബ്ഭക്തകാംക്കെല്ലാം മെയ്യനെപ്പോയമേയനെ; (15)
കണ്ടേൻ പണ്ടു ജനിപ്പിച്ച പുണ്ഡരീകാക്ഷപുത്രനെ
നായാട വല്ലും ചേകോനെക്കായാമ്പൂമേനിവണ്ണനെ; (16)
കോട്ടാകാരമതും കണ്ടാലിഷ്ടമാമ്പാടി കാണലാം
ആമ്പാടിക്കുട്ടനെക്കാണാമോപ്പിക്കണ്ടോരെട്ടുകയ്യും. (17)
വളൻ പശുവിൻ പിന്നേ കളിച്ചു ചില കാളമാർ
എറിഞ്ഞു താമിലേ കുത്തിത്തുറന്നു ചിതറിൻെറാടം. (18)

---

* ഉവക്കിൻറ=സ്നേഹിക്കുന്ന.

† അന്നു മണിപ്രവാളത്തിനു ഗദ്യമെന്നുംകൂടി പേരുണ്ടായിരുന്നു. ഉണ്ണിച്ചിരുതേവീചരിതം ചമ്പുവിലും ആ പദപ്രയോഗം കാണുന്നു.

Digitized By Kerala Sahitya Akademi

പാലുമുണ്ടു കളിച്ചിട്ടു വാലുയർത്തൊരു വീഥിയിൽ
പിള്ളയെക്കാണാഞ്ഞു തള്ള നിന്റുഴലിന്റാരവം. (19)
മരക്കലത്തിന്മേൽ വന്ന ചരക്കു പലജാതിയും
എടുത്തു പപ്പര*ക്കൈയർ നടപ്പിതൊരു വീഥിയിൽ. (20)
നെല്ലിന്നരിചി താരെന്റു ചൊല്ലിച്ചിലരഴയ്ക്കയും
തേങ്ങാ താ വെററിലയ്ക്കെന്റും മാങ്ങാ തരുവനെൻകയും. (21)

* * * * * *

തലയും മുലയും തുള്ളത്തൈത്താമും മറന്നുടൻ (22)
മുൻപും പിൻപും തഥാ കയ്യും മെയ്യും കാട്ടിപ്പകന്നുടൻ
കലന്റുപേശി മീൻ വില്ലും ചെറുമിക്കൂട്ടവും കചചിൽ. (23)
കാന്തിയും ചെല്വമും മിക്ക കാന്തളർചാല കാണലാം
മൂന്റു കോയിലുമെന്നുന്നിൽത്തോന്റും തത്ര മാങ്ങളും. (24)
പേണിത്തൊഴുതു പോംനേരമണയത്തഗ്രശാലയിൽ
ഊണിന്നു ചെന്റു നില്പോരും നാണിപ്പോകിന്റ ലോകരും. (25)
കണ്ടു വേദിയരെല്ലാരുമുണ്ടുദാരിച്ചു ഭദ്രമായ്
ദ്ദസ്സും പറഞ്ഞിട്ടന്യോന്യം മുന്ത്രോളിപ്പു†തൊരിത്തിരി. (26)

ഇങ്ങനെയാണ് ആ കാവ്യത്തിന്റെ ഗതി. തിരുവനന്തപുരത്തെ തീർത്ഥങ്ങൾ, അങ്ങാടി, വിഷ്ണുവിന്റെ ദശാവതാരങ്ങൾ, മുതലായവയെ പ്പററിയുള്ള ചിത്രണം ഏററവും സമുജ്ജ്വലമായിരിക്കുന്നു.

''തലയും മുലയും തുള്ളത്തൈത്താമും മറന്നുടൻ
മുൻപും പിൻപും തഥാ കയ്യും മെയ്യും കാട്ടിപ്പകന്നുടൻ
കലന്റുപേശി മീൻ വില്ലും ചെറുമിക്കൂട്ടവും കചചിൽ''

എന്നും മററും സ്വഭാവോക്തിസുന്ദരമായി കവനം ചെയ്യുവാൻ ഒരു അനുഗൃഹീതകവിക്കല്ലാതെ സാധിക്കുന്നതല്ല. മയാ ശ്രുതം എന്നും മററും പറയുന്നതിൽനിന്നു കവി തിരുവനന്തപുരത്തുകാരനല്ലെന്നും, 'ദ്ദസ്സ്' 'മുന്ത്രോളിപ്പ്' മുതലായ വാക്കുകൾ പ്രയോഗിച്ചിരിക്കുന്നതിൽനിന്ന് ഒരു നമ്പൂരിയാണെന്നും മനസ്സിലാക്കാം.

**ചെറിയച്ചീവർണ്ണനം:**—ഈ ലഘുകാവ്യത്തിൽ ഒരു വിരഹിക്കു ചന്ദ്രോദയത്തിലുണ്ടാകുന്ന വികാരങ്ങളാണ് ചിത്രീകരിച്ചിട്ടുള്ളത്. 'അച്ചി'യുടെ മകളായ ഉദയപുരത്തെ 'ചെറിയച്ചി'യാണ് നായിക. മാലിനീവൃത്തത്തിൽ നിബന്ധിച്ചിട്ടുള്ള മുപ്പതോളം ശ്ലോകങ്ങൾ പ്രസ്തുതകൃതിയിൽ അടങ്ങിയിരിക്കുന്നു. ഓരോ ശ്ലോകത്തിലും നായികയുടെ പേർ സമഞ്ജസമായി കവി ഘടിപ്പിച്ചിട്ടുണ്ട്. ശബ്ദസൗഷ്ഠവത്തിനും അർത്ഥസൗഭഗത്തിനും സ്വതരങ്ങളല്ലാത്ത ഒററ ശ്ലോകംപോലും അതിൽ കാണ്മാനില്ല. ചുവടേ ചേർക്കുന്ന ഇതിലെ നാലു ശ്ലോകങ്ങൾ ലീലാതിലകത്തിൽ ഉദ്ധരിച്ചുകാണുന്നു.

* ബർബരർ. † മൂത്രമൊഴിക്കുന്നു.

"പ്രിയസഖി ചെറിയച്ചീവിപ്രയോഗജ്വരാർത്തം
കുറവുയിരപി തീർപ്പാൻ നൂനമിന്ദുപ്പുലേറാ
മദനനുദയശൈലപ്പുള്ളിവില്ലിൽത്തൊടുത്താൻ
പഥികരുധിരധാരാപാടലം പള്ളിയമ്പ്." (1)

"ഉദയപുരവിലാസാത്തംസമച്ചീസുതായാ
ഭവനമവനിസാരം കാണ്മതെൻറാസ്ഥയേവ
ഉദയഗിരിശിഖാഗ്രാൽപ്പാദമൊട്ടേറെ വച്ചി-
ട്ടരിയരി ഗഗനം ചേർന്നേറിനാനേഷ ചന്ദ്രഃ." (2)

"നിജമുകുളപുടംകൊണ്ടഞ്ജലിം കല്പയിത്വാ
തൊഴുതിഹ ചെറിയച്ചീവക്ത്രചന്ദ്രന്നു തോററു
കമലമടിമ പൂകക്കണ്ടു വിങ്ങിച്ചിരിച്ചു-
ങ്ങളികുലകളനാദൈരാർത്തിതാമ്പൽപ്രസൂനം." (3)

"കുറളയുളർ പാറഞ്ഞാർ ചാലവും കോപതാമ്രം
മുഖമിതി കൃതമൗനം നൂനമച്ചീസുതായാഃ
ഝടിതി തൊഴുതു വീഴ്വോം തോഴരേ, ഹന്ത കുഴ്ത്തേ-
നരിയരി നവസന്ധ്യാപാടലം ചന്ദ്രബിംബം." (4)

മററു ചില ശ്ലോകങ്ങൾകൂടി കുറിക്കുന്നു.

"പെരിയതൊരനുരാഗംകൊണ്ടു മാനത്തു മെയ്ത്തു-
ന്നുടനനുഗതസന്ധ്യാമാത്രതോഴീസമേതാ
തരുണശശിനമേഷാ യാമിനീകാമിനീ വ-
ന്നഭിസരതി സഖേ, മാമച്ചിതൻനന്ദനേവ." (1)

"ജയതി മദനമാഹാരാജ്യസർവ്വാധികാരീ-
മുടിമണിരുദയാദ്രേരാ ത്രിയാമാമണാളഃ
അനുനയവിഷമാമററാക്കുമച്ചീസുതാമെൻ
വപുഷി വിഗതരോഷം വീഴ്ത്തുവാനെൻറപോലെ." (2)

"ഉഡുനികരമെഴുത്തായ്,പ്പത്രമായ് മാന,മൊപ്പായ്
മുഴുമതി മദനൻനീട്ടിങ്ങു സന്ധ്യാപനീതം
അയി, ബത! ചെറിയച്ചീ! കാണ്മിതസ്യാം രജന്യാം
തവ വിരഹിണമെന്നെത്തനാപി! കൊല്ലുൻറപോലെ." (3)

"പരിചുപടƒവിരത്തിപ്പശ്ചിമാശച്ചുവപ്പാം
പുതിയ തളിരതിന്മേൽ വെണ്ണിലാപ്പൂവു തൂകി
രചയതി ചെറിയച്ചീ, വിപ്രയോഗോചിതമ്മേ
ശയനമിവ ശശാങ്കശ്ശർവ്വരീപൂർവ്വയാമം." (4)

"രവിരമണവിയോഗേ രാത്രിയാകിൻറ ധാത്രീ
വികിരതി പനിനീരും ചന്ദ്രികാചന്ദനം ച;

ƒ പട=മെത്ത.

Digitized By Kerala Sahitya Akademi

പുനരപി ച വിബുധസാം പത്തിനാലും കണ്ടോരാതേ
മമ ബത! ചെറിയച്ചീയാത്രയിൽപ്പേടിയുണ്ട്." (5)

"ഉദയതി ശശിബിംബം കാന്തമന്തിച്ചുവപ്പിൽ;
പരമപി രവിബിംബം ചെന്റിതസ്തം പ്രയാതി;
ഉഭയമിതുരുമ്മിക്കൂട്ടകിൽക്കുങ്കുമാർദ്രം
കുചയുഗമുപമിക്കാം നൂനമച്ചീസുതായാഃ." (6)

"ചരതി കൊതികൊളുത്തിപ്പത്രിണാം മുന്നിൽ മുല്ല-
പ്പൊടിയിൽ മുടിയമിഴ്ത്തിപ്പൊൻനിറംകൊണ്ട ഭൃങ്ഗഃ;
ഉദയനഗരിയൂനാം ചിത്തമുൽക്കണ്ഠയൻ പ-
ണ്ടഹഹമിവ ചെറിയച്ചീമഞ്ഞാമെയ്പ്പൂച്ചണിഞ്ഞു." (7)

"പരിഹസതി തുഷാരശ്രേണിവെണ്മുത്തണിഞ്ഞ-
ത്തിമിരനിചയമെന്നും മാന്തളിർപ്പട്ടു ചാർത്തി,
കമലമുകുളമന്തിക്കാറ്റിലാടിൻറവാറൊ-
ട്ടുഴകുത്തു കുചലീലാനാട്യമച്ചീസുതായാഃ." (8)

"മമ ബത! മതിസീതാമച്ചിപുത്രീവിയോഗ-
വ്യസനജലധിമധ്യേ കൊണ്ടുപോയ് വച്ചുകൊണ്ട്
തെളുതെളെ വിലസിച്ചച്ചന്ദ്രനാം ചന്ദ്രഹാസം
കുസുമശരദശാസ്യഃ കൊൽവനെൻറഭ്യുപൈതി." (9)

"വിലസതി ചെറിയച്ചീം കാന്തിരാജ്യാധിപത്യേ
മനസിജനഭിഷേക്തും നൂനമാഡംബരേണ
ശശിശകലസനാഥേ ശാരദവ്യോമനീല-
ത്തറനാട്ടുവിലിടിൻറത്താരകാമുത്തുപന്തൽ." (10)

"തൊഴുതിഹ വിടകൊൾവാൻ തൻകരം കൂപ്പിനില്ക്കു-
ൻറഹിമകരനെ നോക്കിത്താമരപ്പൊയ്ക പിന്നെ
മധുകരമറുമാററം വാ തുറന്നൊന്നു മിണ്ടീ-
ലപഗതരുചിരസ്ഥാനച്ചിതൻനന്ദനേവ." (11)

"മദനവിജയകീർത്തിം മൽകൃതേ പാടുവാനെ-
ൻറഹിമകിരണചന്ദ്രൗ താളമാമാറുകൊണ്ട്
അതിവിമലമവററാലൊൻറുയർത്തൊൻറു താഴ്ത്തീ-
ട്ടഹഹമിവ ചെറിയച്ചീ നൂനമേഷ പ്രദോഷഃ." (12)

"അണയുമപരസന്ധ്യാരാഗമെയ്മഞ്ഞാം കൊണ്ടാൽ
ധ്രുവമഭിനവകാന്താ രോഹിണീ ചീറുമെൻറു്
അപനയതി നിലാവാകിൻറ മേൽക്കൂറ വാങ്ങീ-
ട്ടഹഹമിവ ചെറിയച്ചീകോപഭീരുശ്ശശാങ്കഃ." (13)

"ഇരുളുമിളനിലാവും കാന്തമന്തിച്ചുവപ്പും
വിരവി വിലസതീദം വ്യോമ നിർവ്യാജരമ്യം
കുരുളിവകുവളപ്പൂമല്ലികാചമ്പകാനാ-
മിടവിരവിന മാലാകാരമച്ചീസുതായാഃ." (14)

Digitized By Kerala Sahitya Akademi

"മധുപമധുരവാചാ വർപ്പുറുത്തുന്റിതൊന്റിൽ*
ച്ചിതറിന മധുമാല്യും മുല്ല കേഴിന്റതൊന്റിൽ
ഹസതി കുസുമമാലൈയരൊന്റിലേതാദൃശം മാം
വിരഹിണമിടയിട്ടേ നൂനമച്ചീസ്തദാഭാഃ." (15)

"അയമുദയപുരോ മൊൻറച്ചിപുത്രീമണത്താൻ
കുചകളഭമുയിച്ചാനോമൽവക്ത്രം മുകന്നാൻ
ഇദമനുചിതമന്തിത്തെന്നൽ ചെയ്യിന്റതിതലം
വദതി പരിമളോ മേ വണ്ടിനത്തിൻ വചോഭിഃ." (16)

"ചലതി ജലധിവീചീകൈത്തലംകൊണ്ടു തട്ടി-
ത്തരളശശിമണിപ്പന്തുൽക്ഷിപന്തീവ സന്ധ്യാ
വില്ലുളിതമിരുളെന്നും കൂന്തൽ വന്നിട്ടു; താരാ-
ശ്രമജലവുമണിഞ്ഞാളച്ചിതൻനന്ദനേവ." (17)

"കമലവലയമെന്നും തന്വലം നല്കി വല്കി-
ത്തഴകി വിരഹകാലേ വല്ലഭം ചക്രവാകീ
ചൊരുതിടമിറ താനേ ചക്ഷുഷാനോപതി പിന്നെ-
ത്തദനു ച മനസാ മാമച്ചിതൻനന്ദനേവ." (18)

"പ്രിയസഖ, ചെറിയച്ചീദേവസേനസ്സു പാണ്ടാ-
യരുണദിതിജസൈന്യം വെൻറ വിഖ്യാതകീർത്തേഃ
കുസുമശരമുരാരേശ്ശംഖചക്രങ്ങളെൻറ
കരുതുവനദയാസ്തവ്യാപൃതൗ ചന്ദ്രസൂര്യൗ." (19)

"പ്രിയസഖ, ചെറിയച്ചീമൈഥിലീമൂലമെന്നും
തരുണഹൃദയലങ്കാം ചുട്ടു ചന്ദ്രോ ഹനൂമാൻ
അപരജലധിമധ്യേ വ്യോമലാങ്ങ്ഗൂലലഗ്നാം
പരിപതതി നിലാവാം തീ കെടുപ്പാനിദാനീം." (20)

"പുലരുമിതു മലർന്നാലെൻറെ മതൃാ മലർന്നും
മുകുളിതമരവിന്ദം മുഗ്ധികാ ചക്രവാകീ
മമ ബത കുറിനാളെൻവുള്ള ലീലാരവിന്ദം
മുകുളയതി നിശാദ്ധം മുറ്റമച്ചീസുതേവ." (21)

"സ്വയമിഹ മുഖലീലാമച്ചിതൻ നന്ദനായാഃ
കുചയുഗമിവ കുമ്പിച്ചംബുജംകൊണ്ടു കാട്ടി
പുനരിഹ വിരഹേസ്സിൻ നമ്മെ രക്ഷിച്ച ചന്ദ്രൻ
ഗ്രഹണജമപമൃത്യും വിട്ടു നൂറാണ്ടു വാഴ്ക." (22)

ഇതുപോലെ മല്ലീനിലാവെന്നൊരു നായികയെ ചന്ദ്രോദയവുമായി ഘടിപ്പിച്ചും ചില പദ്യങ്ങളുണ്ട്.

"മധുരവിരുതമെന്നും കാഹളം പ്രൗഢി കൈക്കൊ-
ണ്ടുദിതശശികരാളീചാമരോല്ലാസശാലീ

* വർപ്പുറത്തുക=ധൈര്യം നല്കുക. (തമിഴ് ശൈലി)

Digitized By Kerala Sahitya Akademi

അധികരുചിരതാരാജാലമുത്തുക്കടക്കീ–
ഴിത ജയതി മട്ടത്താർവില്ലി മല്ലീനിലാവേ.''

ഈ മട്ടിലാണ് ആ ചെറിയ കൃതിയുടെ പോക്ക്.

**മൂന്നു പഴയ ഭാഷാചമ്പുക്കൾ—(1) ഉണ്ണിയച്ചീചരിതം:**—അമോഘരാഘവമാണ് കേരളത്തിലെ പ്രഥമസംസ്കൃതചമ്പുവെന്നു ഞാൻ പ്രസ്താവിച്ചുവല്ലോ. ക്രി: പി: പതിന്നാലാംശതകത്തിന്റെ ആരംഭത്തിലോ, അഥവാ പതിമ്മൂന്നാംശതകത്തിൽത്തന്നെയോ, മണിപ്രവാളചമ്പുക്കളും ആവിർഭവിച്ചുതുടങ്ങി. അവയിൽ (1) ഉണ്ണിയച്ചി എന്നും (2) ഉണ്ണിച്ചിരുതേവി എന്നും രണ്ടു യുവതികളെ വിഷയീകരിച്ചു രചിച്ചിട്ടുള്ള രണ്ടു കൃതികളാണ് പ്രാചീനതമങ്ങളായി പ്രതിഭാസിക്കുന്നത്. ഉണ്ണിയച്ചീചരിതത്തിൽ അതിയമാനല്ലൂർ എന്ന സ്ഥലത്തെപ്പറ്റി പ്രസ്താവിക്കുമ്പോൾ "പണ്ടേയും ഗദ്യപദ്യപ്രഭൃതിഭിരവിടം വർണ്ണിതം'' എന്നു പറഞ്ഞു കാണുന്നു എങ്കിലും ആ ഗദ്യപദ്യങ്ങൾ ഒന്നും കണ്ടുകിട്ടീട്ടില്ല. ഈ രണ്ടു ചമ്പുക്കളും, ഇവയ്ക്കുമേൽ പ്രസ്താവിക്കുന്ന ഉണ്ണിയാടീചരിതവും, അവയുടെ പൂർണ്ണരൂപത്തിൽ ഉപലബ്ധമായിട്ടില്ല.

കഥാസംഗ്രഹം:—വടക്കൻകോട്ടയത്ത് നങ്ങൈപ്പിള്ള(നങ്ങയമ്മ)യുടെ പുത്രിയായി അച്ചിയാർ എന്നൊരു സുന്ദരി ജനിച്ചു. അച്ചിയാരുടെ രണ്ടു പെൺമക്കളിൽ അനുജത്തിയായ ഉണ്ണിയച്ചിയാണ് പ്രസ്തുതചമ്പുവിലെ നായിക. ആ മോഹനാങ്ഗിയിൽ ഒരു ഗന്ധർവന് ഉളവാകുന്ന അനുരാഗമാണ് അതിലെ വിഷയം. ഗന്ധർവന്റെ സന്ദർശനകാലത്ത് അച്ചിയാരുടേയും ഉണ്ണിയച്ചിയുടേയും താമസം കൊലത്തുനാട്ടിൽ ഉൾപ്പെട്ട അതിയമാനല്ലൂർ എന്ന സ്ഥലത്തായിരുന്നു.

കവിത:—ശിവക്ഷേത്രംകൊണ്ടു പ്രസിദ്ധമായ തിരുച്ചരള എന്ന ദേശത്തെയാണ് ഉപലബ്ധമായ ഭാഗത്തിൽ ആദ്യമായി വർണ്ണിച്ചിട്ടുള്ളത്. തദനന്തരം അടിക്കീഴ്ത്തുടങ്ങി അവിടെയുള്ള തീർത്ഥങ്ങളെ കവി സ്മരിക്കുകയും പിന്നീടു 'തിരുനെല്ലി' എന്ന പുണ്യസ്ഥലത്തെ പുകഴ്ത്തുകയും ചെയ്യുന്നു. തിരുനെല്ലി സ്ഥിതിചെയ്യുന്നതു തിരുച്ചരളയ്ക്കു വടക്കാണ്. ആ പുണ്യസ്ഥലത്തിന്റെ വർണ്ണനമാണ് താഴെക്കാണുന്ന ഗദ്യം.

വരമല്ലികാധവള–വരിനെല്ലിളങ്കളമ–
മരി നല്ലവാമളവു–തരുമല്ലൽകെട്ടവർകൾ
തിരുമെല്ലടിപ്രണതി–പരമുല്ലസൽപ്പെരുമ
ചിരമല്ലിലും പകലു–മുരുകല്ലിൽ വീണ്ണുപരി
പരിവേല്ലിതാംബുഗതി–ഗിരികല്യതീർത്ഥനദി
തിരതല്ലി വിട്ടഖില–നരവല്ലിടർക്കൊട്ടുമ
വരവല്ലിപോലിനിയ–തരുവല്ലിമേലുദിത–
വിരിവല്ലിതന്മലരി–ലൊരു കൊല്ലി* പാട്ടമളി

---

* മരുതനിലങ്ങളിൽ പാടിവന്ന ഒരുവക രാഗം.

Digitized By Kerala Sahitya Akademi

കരനെല്ലിയൊത്ത പൊരു–ളരുവല്ല നല്ലവരി–
ലുരകല്ലിൽ നൽശ്രുതിഷു–ഹരിയുലുഡ്യോഗിനിര
മരുവില്ലമായ്പുല–മരുമല്ലരെപ്പൊരുത്തു
സുരമല്ലചിത്തഗത–ഗുരുശല്യകംസനാവ–
നരുവില്ലിയാകിയരും–പെരുചില്ലിവില്ലിയലു–
മിരുംവില്ലിമാതർമണി–തിരുവല്ലഭൻ മഹിത–
തിരുനെല്ലിക്കുലമമർ–പുരവില്ലിയോടു സഹ
ദരഫുല്ലപത്മധര–കരപല്ലവസ്പുരിത–
മുരവെല്ലിമേവിമിക–തിരുനെല്ലിയത്ര ഖലു.''

തിരുനെല്ലിയുടെ വടക്കു് ഒരു സുബ്രഹ്മണ്യക്ഷേത്രവും, കിഴക്കു് ''നെടുങ്ങനാറായ ദുർഗ്ഗാലയ''വും സ്ഥിതിചെയ്യുന്നു. അനന്തരം അതിനു സമീപമുള്ള തിരുമരുത്തൂർ എന്ന സ്ഥലത്തിന്റെ വിവരണമാണു് കാണുന്നതു്.

ഗദ്യം.

''തസ്മിൻ വിസ്മയനീയേ ദേശേ കസ്മിന്നപിച വിരാജതി മേന്മേ–
ലളകേവ സ്വയമമ്പിളി ചൂടിന്റപ്പൻകോയിൽക്കൻവവിഭൂഷാ;
ലങ്കേവാതുരരക്ഷോദാരാ ഭോഗവതീവ ഭുജങ്ഗനിഷേവ്യാ;
ഗുപ്തമനോഹരനന്ദനമാനും കേവലമമരാവതിയെപ്പോലേ
കൊല്ലറിഭൂതിം കൊല്ലം വിഭവാ..............................
ൗറ മടങ്ങു കൊട്ടങ്ങോള്ളരിലുമേറെ വിളങ്ങിന പണ്ടപയാതാ;
കണവാസ്യൂണമപി കണപം ദധതീ വള്ളവനഗരപ്പള്ളിജയന്തീ;
പുത്തുറവീടിൻപുകഴു് വിഴ്ത്തിന ശോഭാമന്ദീകൃതമങ്ഗലപുരമഹിമാ;
ദോരസമൂദ്രം നീരസമുദ്രം കവ്വാണാപിച മുററം ജഗതി;
...........ളൈമാററിന സന്മഭസമ്മത്തിന്നിഹ നിമ്മിതമില്ലം;
കാമാത്ഥസുഖം കാമ്പോടിവേടം..............................
മുക്കൺമൂത്തികളരുവുകയാലപി മുക്തിരസസ്യ ച മുററിന മൂലം;
കോട്ടംവിട്ട മഹീപാലാനാം കോട്ടവിശിഷ്ടം; വാണിയലക്ഷ്മീ–
വാണീകവിതാതാവളമാമളതാമെൻവള്ള വിദഗ്ദ്ധജനാനാം
ഇരുമരുതിൻനടുവേ പോമെന്മാൻ തിരുമാവിടമിവ............
പൊരുമുരു തുങ്ഗലസന്മാടാഢ്യാ തിരുമരുത്തൂരിതി കാചന നഗരീ.''

പദ്യം. ''അരുമ പെരുത്തു വണ്ണനേ ചതുണ്ണാം
പരുമരുതഃ(?) പാതാം വിധേർമ്മുഖാനാം
പെരുമപുകഴ്ക(ാ) പേയ്പ്പെട്ടം; തദാസ്താം;
തിരുമരുത്തൂർ തിലകക്രിയാ പുരീണാം.''

അതിനുമേൽ അവിടത്തെ ചിറയെ വണ്ണിക്കുന്നു.

''ശിവപേരുരിവ ശൈവലസദ്ദൃതി'' ''മലനാടിൻറിവ രുചിര മഹോദയം'' എന്നും മററുമുള്ള ശ്ലേഷോക്തികൾകൊണ്ടുമാത്രമല്ല,

Digitized By Kerala Sahitya Akademi

പതറിന പദ(ൽ)നിരവിചലിതനാളം; കതറിന മധുകരനികരിതകമലം;
ചിതറിന കതിപയമധുകണകപിലം; കളകളമിളകിന വളയൊലി
വിതറിൽ-
ത്തളിരിളമൃദുകരകൃതതുടിതരളം; കളിചെയ്യുമൊളികിളർ കിളികള
മൊഴിമാർ
കളിരിളവളർമുലയകിൽപരിമിളിതം''

എന്നും മററുമുള്ള സ്വഭാവോക്തികൾകൊണ്ടും, ആ വർണ്ണനം രമണീയമാ യിരിക്കുന്നു.

പദ്യം. ''അത്യുന്നതിയാകിലുമളീകമിതെൻറ കണ്ടോർ
ചൊല്ലീടിലും കിമപി ചൊല്ലുവനുള്ളവണ്ണം;
അന്നാടകം ചിറയുമപ്പരിശൻറമിൻറം
മേലും ചമസ്സുരത്തു മേലമർവോക്കപോലും.''

എന്നു് ആ ഭാഗം ഉപസംഹരിച്ചുകൊണ്ടു കവി കഥാനായകനായ ഗന്ധർവനെ അവതരിപ്പിക്കുന്നു.

ഗദ്യം. ''തത്ര സമ്പന്നിധൌ തുമ്പയൺപും ചിടൈത്തമ്പിരാൻ കോയിലിൽക്കമ്പഞായിറവനല്ലട്ടമീവേലയാ കമ്പിതാശേഷലോകത്രയാ ഡംബരേ; പാമ്പണിഞ്ഞപ്പനോടുള്ള വൈരം പരം മീറവിതെൻറി ട്ടൊരമ്പട്ട പൂവമ്പനോടേ വസന്തം വരുമ്പോഴു് വരുനാടു പാട്ടെന്നു മിമ്പക്കയിൽപ്പാട്ടിനാലാകലേ;..................കശ്ചിദാശ്ചര്യദേവോത്സവ പ്രേക്ഷകഃ, സവ്ഗന്ധർവ്യനാം വരഃ, കാമസമ്മോഹനാസ്ത്രാന്തരം കാമിനീമച്ചിയാരാത്മജാം..........ഉണ്ണിയച്ചീമധീരേക്ഷണാമൈക്ഷത.''

പദ്യം. ''കണ്ടിട്ടേനാം കലിതപുളകാനന്ദകൌതൂഹലാത്മാ
മർത്ത്യാ ഭൂത്വാ നിജചലദൃശാം മററു വാർത്താം മറന്നു്
കീഴ്പ്പാടാനാൻ കിളികളരവാം കേട്ടു പട്ടാങ്ങുപൈതും
ഗന്ധർവോസൌ ഗളിതഹൃദയോ ഗന്ധവാഹസ്യ മാർഗ്ഗാൽ.''

അങ്ങനെ ഉണ്ണിയച്ചിയാൽ ആകൃഷ്ടനായി വായുമാർഗ്ഗത്തിൽ നിന്നിറങ്ങിയ ഗന്ധർവൻ അതാരെന്നു തിരക്കുന്ന അവസരത്തിൽ ഒരു ചാത്രൻ (ചാത്തിരനമ്പൂരി) ആ നായികയുടെ പൂർവചരിത്രം അദ്ദേഹത്തെ അറിയിച്ചു. ശ്രീപരമേശ്വരനെ വന്ദിച്ചിട്ടു ഗന്ധർവൻ ആ ചാത്രനോടുകൂടി അവളുടെ ഗൃഹത്തിലേക്കു പോയി. വഴിക്കു് ഒരങ്ങാടിയേ വർണ്ണിച്ചുകൊണ്ടു കവി ആ നായകനെ നായികയുടെ ഗൃഹത്തിലെത്തിക്കുന്നു. ''മലയാളരുടൻ ചോഴിയരാരിയർ കരുനാടക കുടശാദികൾ പേശും വാണിയഭാഷാഭൂഷിത''മായിരുന്നു ആ അങ്ങാടി. ഗൃഹത്തിലെ വിവിധവിഭവങ്ങളെ വിസ്തരിക്കുന്നതിലും അവിടെത്തി ങ്ങിക്കൂടിയിരിക്കുന്ന വൈദ്യന്മാർ, ജ്യോത്സ്യന്മാർ, മുതലായവരെ അവഹേളനം ചെയ്യുന്നതിലും ഗ്രന്ഥകാരനു് അലംഭാവമുണ്ടാകുന്നില്ല.

Digitized By Kerala Sahitya Akademi

പദ്യം. ''സഭ്യാകതിജാല്യയുതസംസ്കൃതശബ്ദസഭ്യ–
പ്പാട്ടിന്നു പാടിവചിവീട്ടിൽ വിരഞ്ഞുവന്നു്
ഛാത്രാഃ സ്വയം ചപലമായ് ചിലർ പേചുമാറ
കേട്ടാ(നവൻ കി)മിദമെൻറ കുതൂഹലോ.''

''നാളങ്കനാശിമുഖരാനുഹരുണ്ണിയച്ചി
കേറംപ്പാനടൻ കിമപി ചിത്തവിലോഭനായ
പൈശാചികം പരിശു പേശുവതോ ഭടേഭ്രാൻ
കേട്ടാനടൻ കിമിതി സസ്മിതവിസ്മിതാസ്യഃ''

എന്നീ ശ്ലോകങ്ങൾ ആ ഘട്ടത്തിൽ കാണുന്നു. ഗൃഹവർണ്ണനം കണ്ടുകിട്ടീട്ടുള്ള ഭാഗത്തിൽ അവസാനിക്കുന്നില്ല.

ഒടുവിൽ വടക്കൻകോട്ടയത്തുള്ള പഴഞ്ചേരി ഭദ്രകാളിയെപ്പററി ഒരു സ്തോത്രം ഏട്ടിൽ ഉണ്ടെങ്കിലും അതു ചമ്പുവിൽ അന്തർഭൂതമാണെന്നു തോന്നുന്നില്ല. ഒരു ഗദ്യവും ഒരു പദ്യവും അടങ്ങിയതാണു് ആ സ്തോത്രം. പദ്യംമാത്രം ചുവടേ ഉദ്ധരിക്കുന്നു.

''നൻറം ത്തുയത്തൊഴിൻറക്കനൊലൂരുശിഖധാ നാക്കിളൈക്കിൻറ കോല–
പ്പുലത്താലും ചുരുങ്ങാതസ്വരതനുഗളൽച്ചോരികൊണ്ടാപിബന്തീ
ശൈലീന്ദ്രാരിറവീഴിൻറവിരളസുധയാ മന്ദയുദ്ധശ്രമാസൌ
പഞ്ചാംഘ്രിദ്വേഷിപുത്രീ ചിരമവതു പഴഞ്ചേരിച്ചേന്നാമ നമ്മെ.''

ഉണ്ണിയച്ചിചരിതത്തിലേയും മററും ഭാഷ:—രാമചരിതത്തിൽ ദ്രാവിഡശബ്ദങ്ങളും ദ്രാവിഡരീതിയിലുള്ള വ്യാകരണപ്രയോഗങ്ങളും അധികമായി കാണുന്നതിനുള്ള കാരണം ദേശഭേദമാണെന്നു ചിലർ ഉപരിപ്ലവമായി വാദിക്കാറുണ്ടു്. അവർക്കു് അന്നത്തെ ഗ്രന്ഥോപയോഗിയായ മലയാളഭാഷയുടെ സ്വാതന്ത്ര്യമെന്തെന്നു മനസ്സിലാക്കാൻ ഉണ്ണിയച്ചിചരിതം തുടങ്ങിയ പ്രാചീനചമ്പുക്കൾ പ്രത്യേകം പ്രയോജനീഭവിക്കേണ്ടതാണു്. ചൂലാററല്ലു് (ചൂലാൽ തല്ലു്) മുതലായ സാധികകൾക്കു് ഉണ്ണിയച്ചിചരിതത്തിൽ പ്രവേശമുണ്ടു്. ''വേണാട്ടടികളുമോണത്തിൻനാൾ നെയ്തരും'' എന്നും ''കോലത്തടികളുമനുസരണസ്ഥായ്'' നില്ലുമെന്നും മററും വൈദ്യന്മാർ വമ്പു പറയുന്നതിൽനിന്നും ദേശചരിത്രസംബന്ധമായും പല സംഗതികൾ ഗ്രഹിക്കുന്നതിനു് പ്രസ്തുതകൃതി പഴുതു നല്കുന്നു. ഹോയ്സലരാജ്യത്തിൻെറ രാജധാനിയായ ദോരസമുദ്രം മഹമ്മദീയരുടെ ആക്രമണംനിമിത്തം നാമാവശേഷമായതു ക്രി: പി: 1346–ൽ ആണു്. അതുകൊണ്ടു് അതിനു മുൻപായിരിക്കണം പ്രസ്തുതകൃതിയുടെ പ്രാദുർഭാവം എന്നുള്ളതിൽ പക്ഷാന്തരത്തിനു മാർഗ്ഗമില്ല. പ്രണേതാവിൻെറ നാമധേയം അവിജ്ഞാതമായിരിക്കുന്നു.

**2. ഉണ്ണിച്ചിരുതേവിചരിതം**— വിഷയം:—ഈ ചമ്പുവും ആരുടെ കൃതിയെന്നറിയുന്നില്ല. ഉണ്ണിയ(നങ്ങയയ്യ)പ്പിള്ളയുടെ പുത്രിയായ ഉണ്ണിച്ചിരുതേവിയാണു് ഇതിലെ നായിക. ചോകിര(ചൊവ്വര) ഗ്രാമത്തിൽപ്പെട്ട പൊയിലം എന്ന സ്ഥലത്തുള്ള വാഴുള്ളി എന്ന തറവാ

Digitized By Kerala Sahitya Akademi

ട്ടാണു് അവരുടെ ഗൃഹം. ഉണ്ണിച്ചിരുതേവിയിൽ ദേവേന്ദ്രൻ അനുരക്തനായിച്ചമയുകയും ആ സുന്ദരിയെ സന്ദർശിക്കുവാൻ ഭൂമിയിൽ വന്നു് ആ ഗൃഹത്തിലെ ഓരോ വിശേഷങ്ങൾ കാണുകയും ചെയ്യുന്നു. അതോടു കൂടി ഗ്രന്ഥം മുറിഞ്ഞുപോയിരിക്കുന്നു.

വിവരണം:—ചമ്പു ഇങ്ങനെ ആരംഭിക്കുന്നു.

പദ്യം—"വെള്ളം(ള്ളൈ)കപാലമപി വെണ്മഴുവാക്ഷമാലാം
ശൂലം പിടിച്ചരവു ചുററിന കണ്ഠദേശം
ആറോടു നീറുമണിയും വടിവുരാറെഴുത്തിൻ
മൂലം മുദേസ്തു മമ മുഗ്ധശശാങ്കമൌലേഃ.
വിഘ്നോ വിഘ്നപ്രശാന്തിം പ്രദിശതു പോയില-
ത്തുണ്ണിയപ്പിള്ളപുത്രീം
വർണ്ണിപ്പാൻ വല്ലതാകെൻറിത മമ തൊഴുക-
യ്യിൻറ വാഗ്ദേവതായാഃ;
അച്ചംകെട്ടിന്നുമച്ചൻ മുഖജനിതമഹാ-
കാവ്യചന്ദ്രോദയേസ്മിൻ
ഗദ്യം ഖദ്യോതകല്പം ഗളിതരുചി തുട-
ങ്ങിൻറനക്കേ നമോസ്തു."

ഏതു് അച്ചനാണു് ഈ വിഷയത്തെ അധികരിച്ചു് ഒരു കാവ്യമുണ്ടാക്കിയതു് എന്നറിഞ്ഞുകൂട. ആ കാവ്യത്തെ ചമ്പൂകാരൻ ഉപജീവിക്കുന്നതായി വിചാരിക്കാം. ഒരു ആര്യാവൃത്തശ്ലോകമൊഴിച്ചാൽ ശേഷമെല്ലാം ഗദ്യരൂപത്തിലാണു് ഉപലബ്ധമായ ഭാഗത്തിൽ നിബദ്ധമായിരിക്കുന്നതു്.

ചോകിരഗ്രാമത്തെ കവി ആദ്യമായി വർണ്ണിക്കുന്നു. ആ ഗ്രാമത്തിൽ ശാസ്താവിൻെറ ഒരു ക്ഷേത്രമുണ്ടെന്നും അതു് ആതവർമ്മാ എന്നൊരു രാജാവു സ്ഥാപിച്ചതാണെന്നും, ആ ഗ്രാമത്തിൽ (ദക്ഷിണാശിരഃ) തെക്കേലനാഥനും നിവസിക്കുന്നുണ്ടെന്നും, ആഴ്വാഞ്ചേരി (ആഴവാഞ്ചേരി) മനയ്ക്കലും അതിൽ അന്തർഭവിക്കുന്നതാണെന്നും ആ വർണ്ണനത്തിൽനിന്നു കാണാവുന്നതാണു്. ആതവർമ്മ എന്ന പേരിൽ പണ്ടു് അനേകം ചേര രാജാക്കന്മാരുണ്ടായിരുന്നു. പൊയിലത്തിൻെറ വിവരണമാണു് അടിയിൽ കാണുന്നതു്. പൊയിലം എന്നതു പൊന്നാനിത്താലൂക്കിൽ നാഗിലശ്ശേരി അംശത്തിൽ ഉള്ള ഒരു സ്ഥലമാണെന്നു ചിലർ പറയുന്നു. എന്നാൽ അവിടെ ഇപ്പോൾ ഒരു ശ്രീകൃഷ്ണക്ഷേത്രമാണു് പ്രധാനമായി കാണുന്നതു്.

"പൂത്തുമലക്കാവിൽ വന്നെഴുമിളങ്കൊടികളും,
കൊടികൾപൂവിതളിൽ നിൻറുതിരുമപ്പൊടികളും,
ചുഴലവും കമുകിനെത്തഴുകുമക്കൊടികളും,
കൊടി നണൈപ്പാൻ വരും മുദ്രനാട്ടക്കൊടികളും,
മഹിതകർമ്മങ്ങളിൽപ്പരിഗളന്മടികളും,
(തുംഗമേ)തുരകൾമേൽ ധാവതഃ കുതിരതന്നടികളും,

Digitized By Kerala Sahitya Akademi

വനമുഖേ ചകിതമാൻ ഝടിതി പാഞ്ഞോടികളും,
നദികളിൽക്കളിവിധൌ കൃതാപ്ലുതൂടികളും,
നളിനിയിൽക്കളിചെയ്യും നളിനവും പിടികളും,
വിഫലസൂകരമഹാപൂരടർ കൈത്തടികളും,
പിടരിൽ നന്മടികളും പെരുക നല്ലടികളും
നടികളും കുടികൊള്ളും പൊയിലമെൻറുണ്ടു തത്രൈവ ഭാഗേ.''

അനന്തരം ചോമാതിരിമാരെപ്പററി പിന്നീടു പ്രസ്താവിക്കുന്നു. പൊയിലത്തുള്ള ശ്രീകൃഷ്ണക്ഷേത്രത്തിൻെറയും വാഴുള്ളിയെന്ന 'നടീമന്ദിര' ത്തിൻെറയും വർണ്ണനമാണു് അടുത്ത ഭാഗം. മന്ദിരത്തിൻെറ വർണ്ണനം ദീർഘംതന്നെ. അവിടത്തെ നങ്ങയയ്യ രായരൻ എന്ന രാജാവിൻെറ പ്രണയിനിയാണു്. ''നിത്യരമ്യാ സ്വയം നൃത്തകേളീവിധാനേ വധൂവേഷധാരീ ഗളേ കാളകൂടം കളഞ്ഞിട്ടു ഗീതാമൃതം വച്ചുകൊണ്ടോരു മുക്കൺപിരനെൻറ തോൻറിക്കവല്ലും ഗുണാലങ്കൃതാരൂപശീലാധികാ രായരപ്രേയസീ പൊങ്ങിയെങ്ങും വിളങ്ങിൻറ കീർത്തിശ്രീയാ ശോഭിനീ പങ്ങിമിക്കജ്ജ്വലാ നങ്ങയയ്യേതി കാചിന്നടീനായികാ'' എന്ന കവിപ്രശംസയ്ക്കു് ആ സ്ത്രീരത്നം പാത്രീഭവിക്കുന്നു.

നങ്ങയയ്യയുടെ പത്രിയായ ഉണ്ണിച്ചിരുതേവിയെ പുകഴ്ത്തുന്നതിനു വാല്മീകിക്കപോലും സാധിക്കുകയില്ലെന്നു് ഉപക്രമിച്ചുകൊണ്ടു തദനന്തരം കവി ആ കൃത്യം യഥാവിധി അനുഷ്ഠിക്കുന്നു.

ചെന്താമരമലർ ചേവടിയെൻറാൽ
ചെന്തളിരെന്നൈ വെടിഞ്ഞിടുമല്ലോ
പുറവടി നളിനപ്പുറവിതളെൻറാൽ
പുനരാമൈക്കു മുകം പിഴയാതോ?
കേതകിമൊട്ടു കണൈക്കാലെൻറാൽ
കേകിഗളങ്ങളും പലാതികളും കേഴും;
തൂയമണിത്തൂൺ തുടയിതുമെൻറാൽ
തുടവിയ കതളികൾ തുവപിടിയാതോ?
മങ്ങലമലകൾ മണൽത്തിടിലെൻറാൽ
മദനൻതേർത്തട്ടരിയപ്പട്ടമ—
ങ്ങരയാലിലയെൻവദരം ചൊന്നാ—
ലരിയോ! കൈത്തലമെന്തു നിനയ്പ്പൂ?

എന്നു് ആ പാദാദികേശാന്തവർണ്ണനം അത്യന്തം പുളകപ്രദമായ രീതിയിൽ പുരോഗമനം ചെയ്യുന്നു.

അക്കഥയെല്ലാം തൻെറ വയസ്യൻമുഖേന ദേവേന്ദ്രൻ കേട്ടു കാമപരവശനായിത്തീന്നു. ആ നായികയുടെ കോയിലിലേക്കു പുറപ്പെട്ടു. വഴിക്കു് ആനാർചിറ എന്ന അങ്ങാടിയെ കവി വർണ്ണിക്കുന്നു. അതിനുമേൽ വാഴുള്ളിവീട്ടിൻേറയും അവിടെ നായികയെ സന്ദർശിക്കുവാൻ വരുന്ന

Digitized By Kerala Sahitya Akademi

ബ്രാഹ്മണാദിജനങ്ങളുടെയും ചിത്രമാണു് കാണുന്നതു്. കിട്ടിയിടത്തോളമുള്ള ഓലകളിൽ ആ ചിത്രണം അവസാനിക്കുന്നില്ല.

ചമ്പുവിൻെറ പഴക്കം:—ഉണ്ണിച്ചിരുതേവിചരിതത്തിനും ഉണ്ണിയച്ചീചരിതത്തോളംതന്നെ പഴക്കമുണ്ടെന്നു ഭാഷാരീതി പ്രഖ്യാപനം ചെയ്യുന്നു. "........പൊഴിവും മൊഴിപോന്നെഴിൻറ ഘർമ്മജലം; കണ്ണിന്നമൃതമെനക്കിൻവുണ്ണിച്ചിരുതേവിയോമൽമുഖകമലം" എന്നൊരു ശ്ലോകം ഉദ്ധരിച്ചു് അതു് ആര്യാവൃത്തത്തിൽ ഗ്രഥിതമായ മണിപ്രവാളമാണെന്നു ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടു്. "അമ്മക്കിളിയെക്കൊണ്ടു പിരാന്തേ—ലമ്മാനപ്പാട്ടുണ്ടാക്കിച്ചേൻ" എന്നൊരു പങ്ക്തി കാണുന്നതിൽനിന്നു് അക്കാലത്തു കവികൾ അമ്മാനപ്പാട്ടുണ്ടാക്കിയിരുന്നു എന്നും അതിൻെറ പരിപാടി പക്ഷേ ശുകത്തെക്കൊണ്ടു പാടിക്കുന്ന രീതിയിലായിരുന്നു എന്നും ഊഹിക്കാവുന്നതാണു്.

**(8) ഉണ്ണിയാടിചരിതം:**—ശിവവിലാസകാരനായ ദാമോദരച്ചാക്കിയാരുടെ കൃതിയായി ഒരു മണിപ്രവാളചമ്പുവുണ്ടെന്നു ഞാൻ മുൻപു് ഉപന്യസിച്ചിട്ടുണ്ടല്ലോ; ഉണ്ണിയാടിചരിതമെന്നു നാമകരണം ചെയ്യാവുന്ന ആ ചമ്പുവിൻേറയും ഏതാനും നഷ്ടശിഷ്ടങ്ങളേ കണ്ടുകിട്ടീട്ടുള്ളു. ഉപസംഹാരഭാഗം ഉപലബ്ധമായിട്ടില്ല. ശിവവിലാസത്തിൽ വർണ്ണിതനായ കായങ്കുളത്തു കേരളവർമ്മരാജാവിൻേറയും അദ്ദേഹത്തിൻെറ പത്നി ചെറുകര കുട്ടത്തിയുടേയും പുത്രിയായ ഉണ്ണിയാടിയാണു് പ്രസ്തുത കാവ്യത്തിലെ നായിക.

"മട്ടോലുംമൊഴിയാമുണ്ണിക്കുട്ടത്തിക്കു കുലശ്രീയും
കണ്ണിന്നമൃതമാം മാറോലുണ്ണിയാമുണ്ണിയാടിയെ
അൻപെഴപ്പുകഴ്‌വാനിപ്പോളെൻപ്രയാസോ വിജൃംഭതേ."

എന്നു കവി ചികീർഷിതപ്രതിജ്ഞ ചെയ്യുന്നു.

വിഷയം:—ദാമോദരച്ചാക്കിയാർ ആദ്യമായി ഉദയപർവ്വതത്തെ വർണ്ണിച്ചിരിക്കുന്നു. ആ പർവ്വതത്തിൽ പണ്ടു രണ്ടു ഗന്ധർവ്വകുടുംബങ്ങൾ താമസിച്ചിരുന്നു. അവയിൽ ഒരു കുടുംബത്തിൽപ്പെട്ട ചിത്രരഥൻ എന്ന ഗന്ധർവ്വരാജാവു ദേവേന്ദ്രൻെറ ബാലമിത്രമായിരുന്നു. അദ്ദേഹത്തിനു മധുമാലിക എന്ന പത്നിയിൽ ജനിച്ച ചിത്രാവലി എന്ന സൌന്ദര്യവതിയായ കുമാരിയെ ഇന്ദ്രൻ തൻെറ സാദിപുത്രനായ വിഭാതനെക്കൊണ്ടു വിവാഹം ചെയ്യിക്കുകയും ആ ദമ്പതിമാർ ഉദയാദ്രിയിൽ താമസിച്ചു് ആദിത്യചന്ദ്രന്മാരെ ആരാധിക്കണമെന്നു് ആജ്ഞാപിക്കുകയും ചെയ്തു. അവർക്കു കാലാന്തരത്തിൽ പ്രഭയെന്നും ഉഷയെന്നും രണ്ടു കന്യകമാർ ഉത്ഭവിക്കുകയും, അവരെക്കൊണ്ടു് ആ കുടുംബം ശാഖോപശാഖമായി വർദ്ധിക്കുകയും ചെയ്തു. പ്രഭയുടെ ശാഖ സൂര്യനേയും ഉഷയുടെ ശാഖ ചന്ദ്രനേയും ഉപാസിക്കണമെന്നു വിഭാതൻ ഉപദേശിച്ചു. ആദ്യത്തേ ശാഖ ഉദയപർവ്വതത്തിൻെറ ഉത്തരോപത്യകയിൽ മണിപ്പിങ്ങലയെന്നും രണ്ടാമത്തേതു് അതിൻെറ ദക്ഷിണതടത്തിൽ ഇന്ദിരാവതിയെന്നും ഓരോ നഗരി നിർമ്മി

Digitized By Kerala Sahitya Akademi

ച്ച് അവിടെ താമസിച്ചു നൃത്തഗീതവാദ്യാദികൾകൊണ്ട് ആദിത്യനേയും ചന്ദ്രനേയും യഥാക്രമം സേവിച്ചു. അങ്ങനെ വളരെക്കാലം കഴിഞ്ഞപ്പോൾ ഉഷയുടെ ശാഖയിൽ കലാവതി എന്നൊരു കുമാരി രത്നചൂഡൻ എന്ന ഗന്ധർവന്റെ പത്നിയായി, സുവാകൻ, മഞ്ജുളൻ, കോകിലകൻ, വീണാഘോഷൻ, ചാരുനാദൻ, മതിദീപൻ, മധുപാരൻ, പുണ്യസൂതി, മാങ്ഗലികൻ, ഭദ്രലോകൻ എന്നീപ്പേരുകളിൽ പത്തു പുത്രന്മാരെ പ്രസവിച്ചു. ആ കാലഘട്ടത്തിൽത്തന്നെ പ്രഭയുടെ ശാഖയിൽ ജനിച്ച മണിശേഖരൻ എന്ന കുമാരൻ കാദംബിനി എന്നൊരു കന്യകയെ പാണിഗ്രഹണം ചെയ്ത് ആ സ്ത്രീരത്നത്തിൽ പ്രാവൃട്ട് എന്നൊരു പുത്രിയേയും ഉൽപാദിപ്പിച്ചു.

പ്രാവൃട്ട് ഒരവസരത്തിൽ സഖികളോടുകൂടി ക്രീഡിക്കുന്നതു സ്ത്രീലമ്പടനായ ദേവേന്ദ്രൻ കണ്ട് അസഹ്യമായ മദനപാരവശ്യംനിമിത്തം ആ സുന്ദരിയുമായി ഒരു മുഹൂർത്തം രമിക്കുകയും തദനന്തരം ആ കഥയെപ്പാം മറന്നു, വികാരലാഞ്ഛനങ്ങൾ ഗോപനംചെയ്യാതെ തന്റെ പ്രാണപ്രിയയായ രോഹിണീദേവിയുടെ സന്നിധിയിൽ പ്രവേശിക്കുകയും ചെയ്തു. ആ കാഴ്ചകണ്ടു നടന്നകഥ മുഴുവൻ മനസ്സിലാക്കിയ രോഹിണി പ്രാവൃട്ടിനെ 'മനുഷ്യയോനിയിൽ പോയി ജനിക്കട്ടെ' എന്നു ശപിക്കുകയും, മണിശേഖരന്റെ പ്രാർത്ഥനാമൂലം അപ്പോഴുള്ള ശരീരസൌന്ദര്യവും നൃത്തഗീതവാദ്യങ്ങളിലും കവനാദികലകളിലുമുള്ള പാടവവും ഭൂലോകജാതയായാലും അവളിൽ തുടന്നു പരിലസിക്കുമെന്നും ആയുരന്തത്തിൽ ഗന്ധർവലോകത്തേക്കു തിരിയെപ്പോരാമെന്നും ശാപമോക്ഷം നല്കുകയും ചെയ്തു. ആ സംഭവവും ഇന്ദ്രൻ കാലക്രമത്തിൽ വിസ്മരിച്ചു.

അനന്തരം രത്നചൂഡന്റെ പത്തു കുമാരന്മാരുടേയും ചരിത്രം കവി വിസ്തരിക്കുന്നു. അവർ ചന്ദ്രൻ സഞ്ചരിക്കുന്ന വ്യോമവീഥിയിൽ നിവസിച്ചു. ആയിടയ്ക്കു ഒരു ശരൽക്കാലത്തിൽ ചന്ദ്രൻ സുവാകനാൽ സേവിതനായി സൈരവിഹാരം ചെയ്യവേ അമൃതനിഷ്യന്ദിയായ ഒരു ഗാനം ഭൂമിയിൽനിന്നു ഉണ്ടായതു ചെവിക്കൊണ്ടു കാമാകുലനായി, സുവാകനേയും മതിദീപനേയും ആ പാട്ട് ആരുടേതെന്നറിഞ്ഞുവരുവാൻ നിയോഗിക്കുകയും അവർ അഞ്ചാമത്തെ ദിവസം തിരിയെച്ചെന്നു തങ്ങൾ കണ്ട വിവരങ്ങൾ ചന്ദ്രനെ ഗ്രഹിപ്പിക്കുകയും ചെയ്തു. വക്താവു സുവാകനാണ്. ആ അനുജീവി ആദ്യം ഭൂലോകത്തേയും പിന്നീടു കേരളത്തേയും അവിടെ തൃശ്ശൂരിനേയും മഹോദയപുരത്തേയും, തദനന്തരം പ്രകൃതമനുസരിച്ച് ഓടനാട്ടിനേയും (കായങ്കുളം) പുളകോൽഗമകരങ്ങളായ വാക്കുകളിൽ വർണ്ണിക്കുന്നു. അതിൽ പിന്നീടു കായങ്കുളത്തു രാജാക്കന്മാരുടെ കുലപുരിയായ കണ്ടിയൂരിനേയും അതിന്റെ ഒരു ഭാഗമായ മററത്തേയും അവിടത്തെ വലിയങ്ങാടിയേയുമാണു പ്രശംസിക്കുന്നതു്. ഈ ഭാഗത്തിൽനിന്നു മാതൃക കാണിക്കുവാൻ ചില പദ്യങ്ങൾ ഉദ്ധരിക്കാം.

ഉദയപർവതം:

എങ്ങും പരന്ന മഹസാ ദിവസാധിപേന
ശൃങ്ഗശ്രിതാ മകുടവാനിവ വാസരാദൌ

Digitized By Kerala Sahitya Akademi

പാര്ശ്വേ ദ്വാ ചാമരവൃതേന വിരാജമാനോ
ഛത്രൽപതിതപമധിതിഷ്ഠതി സംഭ്രമേണ.

ചന്ദ്രന്റെ കാമപാരവശ്യം:

‘‘പാട്ടത്തിലധരാദി തദാ ചതുരാത താളം
വാട്ടാത രാഗമുചിതശ്രുതിസൌകുമാര്യം
കേട്ടാൻ കലാപതിരസൌ പരിതാത്തമോദ–
മേഷ്ഠാനിലാന്തികിൽപ്പുളകാകുലാങ്ഗഃ.’’

‘‘അങ്ഗം തദാക്കൃതശീതളമാകിലും ചാ–
ലങ്ഗീവകാര വളരെപ്പരിതാപമൈന്യും;
തരങ്ഗതരങ്ഗപവമാനമനോഹരേണ
ഗങ്ഗാതടേന ഗഗനേ ഗതിമാചകാംക്ഷ.’’

‘‘മുല്ലാടവല്ലവികസൽകുസുമാന്തരാന്ത–
ർജ്ജല്ലാകഭൃങ്ഗമധുരസ്വരഗീതിയുക്താ
മൽപ്രേയസീ കുമുദിനീ ച ന രോചതേ മേ;
കല്ലേത കാ ന ഖലു താപവിനോദനായ?’’

‘‘എപ്പോഴുമെന്നരികിൽ മേവിന താരകാണാം
ചെമ്പർമൂലത്തടമമന്ദ പുണർന്നിരുന്നാൽ
ഉൽപന്നവേദനമെനിയ്ക്കവരോടു വേറി–
ട്ടപ്പാലിരിക്കയിലപേക്ഷ വരിന്റ,തെന്താം?’’

‘‘അസ്തി ഹി ഫണിവരമസ്തകലസിതാ ചുററും നാല്പുടലാലുപഗൂഢാ;
കലശൈലാഷ്ടകകീലിതപൃഷ്ഠാ പനിമലയാലേ ശിശിരിതസുഭഗാ;’’

ഇത്യാദി ഭൂലോകവര്ണ്ണനഗദ്യവും

‘‘അമലജലപൂരിതാ ഹസ്തിനാപുരത്തട–
ത്തമരനദിയെന്റപോൽച്ചുണ്ണി* മേവിന്റെടം:
തരളവീചികരെരൊരു പുരത്താഴകെട്ടും
തരളജാലങ്ങളാൽപ്പുറാത്തുകിന്റെടം’’ §

ഇത്യാദി മഹോദയവര്ണ്ണനഗദ്യവും മററും സമഗ്രമായി പ്രദര്ശിപ്പിക്കവാൻ സ്ഥലം പോരാതെയിരിക്കുന്നു. കണ്ടിയൂരിനെ വര്ണ്ണിക്കുന്ന ചില പദ്യങ്ങളാണു് താഴെക്കാണുന്നതു്.

ആഖണ്ഡലപുരീഗർവ്വഖണ്ഡനം കണ്ടിയൂരിതി
പത്തിലും വിശ്രുതം ദിക്ഷു പത്തനം യത്ര ശോഭതേ.
ഉദ്യാനവീഥ്യാ ലസിതം വിളയാടിൻറവൃക്ഷയാ,
വിടപേ വിടപാൽത്തത്തിവിളയാടിൻറ വൃക്ഷയാ;

* ചുണ്ണി= ചൂണ്ണി.

§ വിളയാടിൻറവൃക്ഷാ=വിളയാടുന്ന വൃക്ഷങ്ങളോടു കൂടിയതു്.

Digitized By Kerala Sahitya Akademi

ലോലംബകലമദ്ഭ്യുത്യ ലോലംബകലമുച്ചകൈഃ
§പാടിൻറമയിലേറിക്കൊമ്പാടിൻറ മയിലാൽ വൃതം;
അഹോ വിഭാതി യന്നിത്യം മഹാരാജമനോഹരം:
ചാലങ്ങു പശ്ചിമക്ഷോണിപാലപാലിതമാകിലും,
നാകലോകസമം പാർത്താലരം ഭാസുരമാകിലും;
നാനാരത്നസമാകീർണ്ണം മുക്താമയമതാകിലും.''

അങ്ങാടിയുടെ പ്രപഞ്ചനം അത്യന്തം വിവൃതമാണ്. പിന്നീട്ട കണ്ടി യൂരിനെത്തൊട്ടുള്ള കീർത്തിപുരമെന്നും നരസിംഹമംഗലമെന്നുമുള്ള രണ്ടു രാജധാനികളെ കവി വർണ്ണിക്കുന്നു.

ഗദ്യം: ''ഇവ്വണ്ണം അതിമനോഹരമാകിയ നഗരോത്തമത്തിൻ മദ്ധ്യേ സകലാശാമുഖകർണ്ണപൂരായമാണകീർത്തിസ്തബകസ്യ, കീർത്തി പുരമെൻറം നിഖിലസാമന്തചക്രവർത്തിനോ നരസിംഹസ്യ നരയിങ്ങ്വ മണ്ണൂരെൻറം വാടിവെഴുമോടനാടിന്നു മങ്ഗലതിലകായമാനസ്യ കേരള നാമധേയസ്യ വസുധാനായകസ്യ പുരന്ദരനാഗരിയുമളകയുമൊപ്പം ചെൻറണഞ്ഞു മേവിനപോലെ മനോഹരതരം രാജധാനീദ്വയം വിരാജതി.''

പദ്യം: പൊന്നാടത്തിൻ പ്രഭാജാലൈഃ സന്ധ്യാകാന്തികരം സദാ
സഹാവദാഹമിവ യൽ പത്മരാഗാലയാംശ്ശുനാ;
ശുനാസീരസ്തപ്രഖ്യവില്ലാളികുലസങ്കലം;
കലഞ്ഞുലാവും താർവല്ലി നിറയും ചാരുനിഷ്കടം.........

ഗദ്യം: ആടകംകൊണ്ടു നിർമ്മിച്ചഴകെഴുമരങ്ങത്തേറി
നാടകമാട്ടം വാപ്പ്ര നടികുലം പൊലിയുമേടം;
ചോടചകലനെ* നിൻറ തൊട്ടവതിനൊൻറപോലെ
മാടളമുയർന്നുനിൻറ മാടങ്ങൾ വിളങ്ങുമേടം;
വാടകൊൾ കേതകത്തിൻ വാരണികളുമന്തോറം
പാടിനിൻറളികുലങ്ങൾ പറന്നുപോയ് നിരവുമേടം;
കോടണിമുകമുലാവും കുഞ്ചരം മതം ചുരത്തി-
പ്പോടിയാമാറ ചുററം പെരുമാറി നില്ലുമേടം;
കേടകത്തില്ലയാത കിങ്കരവീരർ ചെൻറ
കേടകം വാളൊടേന്തിക്കേളിയിൽ നടക്കുമേടം;
ഏടലർത്തയ്യലോടൊത്തേണനീൾമിഴികൾ കാലിൽ
പ്പാടകം കലുഷിലെൻറ പാടിനിൻറാട്ടമേടം;............
മത്തമൊഴി മടവർതുട—ചതിപെടനെറിയൽകൊട്ട-
കതുകത വളരുമണി—കതളികൾനിരയൊരിടം;
ചൂതരചിവപൊരുതു—മാതരൊടിട വിരവി
നീതികൊൾ തരുണർ പല—മേതകുനിരയൊരിടം;

§ പാടിൻറമ=പാടുന്ന രീതി
* ചോടചകലൻ=ഷോഡശകലൻ (ചന്ദ്രൻ)

Digitized By Kerala Sahitya Akademi

ചങ്കികൊൾ നളിനികളി—ലങ്കയന്നടയ വളർ—
ചങ്കിനൊടിയലുമളി—ത്ധങ്കൃതിനിരയൊരിടം.

ഇങ്ങനെ വർണ്ണിച്ചു 'കിം ബഹുനാ ഭാഷിതേന? യൽപുരദ്വയ വർണ്ണനം ഭാരമേവാമനന്തി ഭാരവിമുഖാ അപി കവയഃ' എന്നു രാജധാനീപ്രശംസ കവി അവസാനിപ്പിക്കുന്നു. കീർത്തിപുരമെന്നും വാരസിംഹമങ്ഗലമെന്നും രണ്ടു ക്ഷേത്രങ്ങൾ ഇന്നും കണ്ടിയൂരിനു സമീപമുണ്ടു്.

ശിവസ്തോത്രം:—ഗന്ധർവന്മാർ കണ്ടിയൂരമ്പലത്തിൽ തൊഴുമ്പോൾ ചൊല്ലുന്ന ശിവസ്തോത്രത്തിൽനിന്നു ചില ശ്ലോകങ്ങളാണു് അടിയിൽ ചേർക്കുന്നതു്.

''മൻറിലാരിൻറ നീയെൻറിക്കൊൻറപ്പൂമലർ ചൂടിനോൻ?
ആകഷ്ടമെന്തെലിമ്പാൽക്കൊണ്ടാകല്പം പരികല്പിതം?''
''അരിയോ നാഥ നിൻകണ്ണിലെരിതീ വിളയിൻറിതോ?
പോററി പണ്ടിതുകൊണ്ടല്ലോ നീററി നീ മലരമ്പനെ.''
''ഞാനച്ചോ കണ്ടതില്ലാക്കമാനത്തോലുടയാടയായ്
നമശ്ശിവായ നിൻകോലം നമക്കോ വിസ്മയാവഹം.''
''ഫണിനായകനെക്കൊണ്ടുമണിനൂപുരമാക്കിനാൽ
അടിയാർ ഞാങ്ങൾ പേടിപ്പോമടികൂപ്പി വണങ്ങുവാൻ''
''ഏറ്റർതൻ മുതുകത്തേറി നീറണിഞ്ഞുലകേഴിലും
വലികൊണ്ടുണ്മതിന്നെന്തു ഫലിതം ഭുവനപ്രഭോ?''

അർദ്ധനാരീശ്വരവർണ്ണനം:—അത്യന്തം മനോമോഹനമായ ഒരർദ്ധനാരീശ്വരകേശാദിപാദം കവി ഈ ഘട്ടത്തിൽ ചേർത്തിരിക്കുന്നു.

''താരാപതിദലം ചേർന്ന ചാരുകോടീരഭാസുരം;
താരാലതിതരാം ചാർത്തി വാരാളും കബരീഭരം;
കാമൻതൻ മേനി നീററിൻറ തീമിന്നും നിടിലേക്ഷണം;
മാരോന്മേഷമിയററിൻറ *ചാരുഫാലവിശേഷകം.'' (ഇത്യാദി)

ചാക്കിയാരും ഗന്ധർവന്മാരും:—അപ്പോൾ അവിടെ ഒരാൾ വാതില്ക്കലിരുന്നു രണ്ടു ശ്ലോകങ്ങൾ ചൊല്ലുന്നതു് ആ ഗന്ധർവന്മാർ കേട്ടു. അവയെയാണു് താഴെ ഉദ്ധരിക്കുന്നതു്.

പദ്യം—''ചെറുകലശവിലാസം ചേർന്ന ചാല*സ്തനാഢ്യം
നിറകയിൽ വനിതാനാം ന്യസ്തപാദാരവിന്ദം
ചെറുകരനിലയം ചേർന്നീടുമെന്നുണ്ണിയാടി
മിറുകമഹഹ നിന്നെക്കാൺകിലാഖണ്ഡലോപി''

''നളിനമകൾകടക്കൺചാരുലീലായിതാനാം
തെളിമ പൊലിവെഴും കണ്ണാടിയാമുണ്ണിയാടി
ഇളമുലയിണ ചീർത്തിട്ടാകുലാലോലമധ്യം
തളിരൊളിപെട്ടമങ്ഗം താവകം വെല്ലുംതാക!''

* ചാലം=മുകുളം.

Digitized By Kerala Sahitya Akademi

ഗദ്യം:—ഇവണ്ണം ചൂഴല മേവിന്റ വിട്ടുഷാം ഗണൈരിടയിൽക്കൊണ്ടാടപ്പെട്ടു ചില ചില ചിലോകങ്ങളെച്ചൊല്ലിയൊട്ടക്കിന്റളവിൽ അരികിലിരുന്നവനോടു ചോദിച്ചു, "അത്രത്യോയം നിഖിലവിദ്യാപാരദൃശ്വാ ദാമോദരാഭിധാനോ ഭട്ടാചാര്യ ഇതി നിജ്ഞായ ഞാങ്ങളിരുവരും തസ്യ പുരോഭാഗമുപസൃത്യ പരസ്പരാലംബിതകരൗ മദനകരാഹവലേന ഖിന്നൗ സഞ്ചാരാദിതോഷ്മപൃഷ്ഠൗ ധൃഷ്ടതരമതിഷ്ഠാവ.'

അനന്തരം ആരുടെ പാട്ടാണു് അവിടെ കേട്ടതെന്നു് അവർ ചോദിക്കുകയും അതിനു് അദ്ദേഹം "ചൊല്ലലാമിതെളുതായ്ത്തുലോം മയാ, ശ്ലോകജാലമിദമാലമേല്പുദാഹൃതം" എന്നു മറുപടി പറയുകയും ചെയ്തു. അതിനെത്തുടർന്നാണു് കേരളവർമ്മരാജാവിന്റെ വർണ്ണനം. രാജപ്രശസ്തിയിൽനിന്നു് ഒരു ഭാഗം പുറമേ ചേർക്കുന്നു.

'യസ്യ ഹി, സ്ഫീതഗോമാധുര്യഃ ശീതഭാനുരഖിലഭൂതജാതസ്യ, ഹേതിവിലാസശാലീ റീതിഹോത്രസ്സകലാരാതികാന്താരസ്യ, വീതജാഡ്യദോഷസ്തേജസാം നിധിഃ സുഹൃദ്‌വ്രാതകമലാകരസ്യ, ചാതുര്യത്തിനു ജന്മഭൂമിഃ, കാതര്യത്തിനു ദൂരവർത്തീ, ദാതാ സകലജനവാഞ്ഛിതാനാം, പാതാ സർവ്വപ്രജാനാം, ശ്രോതാ സജ്ജനചരിത്രാണാം, നേതാ വിദ്വജ്ജനാനാം, ഭ്രാതാ വിദഗ്ദ്ധമണ്ഡലസ്യ, പിതാ ശരണാഗതാനാം, മേതിലെങ്ങും പ്രഥിതഭൂതിഃ 'പൂതികോടെ'ന്നു ഭൂതലേ ഗീതകീർത്തിവിലാസോ, നീതിശാസ്ത്രനിഷ്ണാതഃ കൃഷ്ണാഭിധാനോ ഭാതി മന്ത്രിമുഖ്യഃ* യസ്മിൻ ഖലു സപത്നലോകവിജയായ നിർഗ്ഗച്ഛതി പ്രചലിതപ്രബലബലസമുത്ഥമറീപരാഗപരിധൂസരമാത്മനാ ലിംബമംബുനിധൗ പ്രക്ഷാളയതി ഭഗവാൻ നാളീകിനീകാമുകഃ യസ്യ ച പേടിച്ചോടിമലമുകളിലേറിന മാററാരുടെ നയനാംബുധാരാപ്രവാഹാ ഇവ വിഭാന്തി പർവ്വതേഭ്യോ നിസ്സരന്ത്യഃ സ്രവന്ത്യഃ" (ഇത്യാദി)

ചെറുകര ഉണ്ണിക്കുട്ടത്തിയെ താഴെക്കാണുന്ന ശ്ലോകങ്ങളിൽ കവി വാഴ്ത്തുന്നു.

"ഇഹ പുനരനവദ്യഹൃദ്യരൂപം
വിഭവശതൈഃ ക്ഷിതിവല്ലഭൈരുപേതം
അപഭയമയുഗായുധന്നൊരില്ലം
'ചെറുകര'യെന്റൊരു മന്ദിരം വിഭാതി.

പരമുന്നതസാലഗോപുരാം താം
പരിപൂർണ്ണാം ജനതാഭിരുജ്ജ്വലാഭിഃ
അവനൗ നവരം തിടുക്കനെപ്പോ–
യവതീർണ്ണാമമരാവതീമവൈമി.

അവിടെക്കമലേവ ദുഗ്ദ്ധസിന്ധോ–
രവനീമണ്ഡലമണ്ഡനായമാനാ

* പൂതികോട്ടു കൃഷ്ണനിളയതിനെക്കുറിച്ചു ഞാൻ ശിവവിലാസവിവരണത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ; അതുകൂടി നോക്കുക.

Digitized By Kerala Sahitya Akademi

അബലാകുലമൗലിമാലികാ കാ–
പ്യുദതിഷ്ണാ മുദാ നേത്രപുണ്യപൂരൈഃ.

*　　*　　*　　*　　*

ശൈലീസുധായാം ഗുണനാമണീനാം
ഭൂലോകലക്ഷ്മീക്കുമിവം പയോധിഃ;
ബാലാമിമാം വർണ്ണയിതും തുനിഞ്ഞാ–
ലാലാപമാലാ മമ നാലമേഷാ.

പത്മാലയാം പണ്ടിവ പത്മനാഭോ
ഗിരീന്ദ്രകന്യാമിവ വാ ഗിരീശഃ
സീമന്തിനീനാം മുടിമാലികാം താം
സാമന്തസിംഹോ യമുവാഹ കാന്താം.''

ഉണ്ണിയാടിയെ കവി ഇങ്ങനെ അവതരിപ്പിക്കുന്നു:—

''അവരം പെററിതു മുററമസ്തദോഷം
ഗുണപൂഗങ്ങളാം മലിഞ്ഞനർഘശോഭം
വനിതാകുലരത്നമുണ്ണിയാടി–
ത്തിരുനാമാങ്കിതമങ്ഗജൈകബീജം.

ഒരിന്ദുബിംബം വദനം കൃശാങ്ഗ്യാ;
മരന്ദധാരാ മൊഴി; കിം പ്രലാപൈഃ?
ഹരൻതനിക്കും ധൃതിസാരമച്ചോ!
ഹരന്തി ഗാത്രങ്ങളൊരോൻറമുഷ്യാഃ.

നാണീടുവൻ നേത്രവതാം നിലാവാ–
മേണീദൃശം വാഴ്ത്തുവതിന്നു ഞാനോ;
വാണാവലീ ലക്ഷ്മമടാത്തപോലേ
വാണീവിലാസാ മമ ലാഘവായ.

പരമപ്രഥിതം മനോഹരാങ്ഗി–
ക്കൊരു പേരഞ്ചിതമുണ്ണിയാടിയെൻറു്;
തിരളിൻറു മാറുമൊൻറിദാനീം
തിരുനാമം ഭുവിമാരമാലയെൻറും.''

അതിനപ്പുറം ചാക്കിയാരും ഗന്ധർവന്മാരുംകൂടി ഉണ്ണിയാടിയുടെ ഗൃഹത്തിലേക്കു പോയി. അവിടെ പല കക്ഷ്യകളുണ്ടു്. ബാഹ്യകക്ഷ്യയിൽ പല ശ്രാവകബ്രാഹ്മണരും കൂടിനിന്നു് ഓരോന്നു സംഭാഷണം ചെയ്യുന്നു. വേറെയും ചില നമ്പൂരിമാർ, അവരിൽ പെൺകൊടയ്ക്കു ധനം യാചിക്കുവാൻ വന്നവർ, ശൃങ്ഗാരശ്ലോകരചനകൊണ്ടു കാലക്ഷേപം ചെയ്യുന്ന മണിപ്രവാളകവികൾ, ജളപ്രഭുക്കന്മാർ, ഇങ്ങനെ പലരും അവിടെ കൂടീട്ടുണ്ടു്. അവരെയെല്ലാം കവി ഓരോ പ്രകാരത്തിൽ അപഹസിക്കുന്നു. അടുത്ത കക്ഷ്യയിലാണു് ചേടിമാരുടെ നില. അവരെ

Digitized By Kerala Sahitya Akademi

വർണ്ണിച്ചതിനുമേൽ നായികയുടെ കേശാദിപാദവും പാദാദി കേശവും വാഴ്ത്തുന്നതിൽ കവി ജാഗരൂകനായിത്തീരുന്നു. അതിനപ്പുറമുള്ള ഗ്രന്ഥാംശം കണ്ടുകിട്ടീട്ടില്ല. കേശാദിപാദത്തിലെ ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

പത്രാങ്കാലേ പനിയിത്തുനീരെത്തും പല്ലവമുള്ളതുമോ?
നിരിയെന്നോന്നു,മേതൊ നിൻചരണൌ നഖഭാസുരൌ.
മെയ്യേ മസ്തകമോ തുമ്പിക്കയ്യിരണ്ടുള്ള ദന്തിനഃ?
നില്ക്കട്ടേ തവ ശ്രോണീചക്രവും തുടയുഗ്മവും.
അരയാലിലമേൽക്കൂടി വരിവണ്ടിണ പോൻറതോ?
വ്യാമുഗ്ദ്ധാത്മാസ്മി സത്യം; തേ രോമാവലി, മുഗ്ദ്ധരേ.
തരങ്ഗമാല തല്ലിൻറോ തിരണ്ടംബുജകോരകേ?
വലിത്രയകുചാലോകേ വലിച്ചിതു മനോവ്യഥാ.''

ഉണ്ണിയാടിചരിതത്തിൽ ഇന്നത്തെ മാതിരിയിലുള്ള ഭാഷാദണ്ഡകവും കാണ്മാനുണ്ട്. അതിനുമുൻപുതന്നെ അത് ആ രൂപം കൈക്കൊണ്ടുകഴിഞ്ഞുവോ എന്നു നിശ്ചയമില്ല. ഉണ്ണിച്ചിരുതേവീചരിതത്തിൽ അതിൻെറ അങ്കുരാവസ്ഥയേ ദൃശ്യമാകുന്നുള്ളു. എന്നാൽ പ്രസ്തുതചമ്പുവിലെ

''താരാനാഥാതതരുചിതാരാൽ നിറഞ്ഞ മറിതാരാമവാടികളിലെങ്ങും
തരുശിരസി ലളിതതരമളിപടലമളകകുല-
മിവ വസതി കൃതരുചിപരാഗേ''

ഇത്യാദി ദണ്ഡകത്തിൽ അതു പരിപൂർണ്ണമായ വികാസം പ്രാപിച്ചിരിക്കുന്നതായി കാണാം.

ചില സാജാത്യവൈജാത്യങ്ങൾ:—ഇവിടെ വിവരിച്ച മൂന്നു ചമ്പുക്കളും പരിശോധിച്ചാൽ അവയിലെ വിഷയം പ്രായേണ ഏകരൂപമാണെന്നു വിശദമാകും. സൌന്ദര്യധാമമായ ഒരു കേരളസ്ത്രീരത്നത്തിൽ ഗന്ധർവനോ ഇന്ദ്രനോ ചന്ദ്രനോ അനുരക്തനാകുന്നു. രാജധാനി, അങ്ങാടി, മുതലായവയുടെ വർണ്ണനം എല്ലാ ചമ്പുക്കളിലുമുണ്ട്. ഉണ്ണിയാടിചരിതമാണ് അവയിൽ ഒടുവിലത്തേ ചമ്പു. ഉണ്ണിയച്ചിചരിതത്തിൽ ഗദ്യങ്ങളെ അപേക്ഷിച്ചു പദ്യങ്ങൾ കുറവാണ്; ഉണ്ണിച്ചിരുതേവീചരിതത്തിൽ ഒരു ആര്യാശ്ലോകമൊഴിച്ചു ബാക്കി മുഴുവൻ ഗദ്യമാണ്; ഉണ്ണിയാടിചരിതത്തിലും ഗദ്യത്തിനുതന്നെയാണ് പ്രാഥമ്യമെങ്കിലും പദ്യങ്ങളും ധാരാളമായുണ്ട്. ശിവവിലാസകാവ്യത്തിൽ കവി പ്രശംസിക്കുന്ന വീരകേരളവർമ്മരാജാവുതന്നെയാണ് ഉണ്ണിയാടിചരിതത്തിലേയും കേരളവർമ്മാ. ചെറുകര കുട്ടത്തി അദ്ദേഹത്തിൻെറ പ്രേയസിയും ഒരു ഉണ്ണിയാടി ആ സ്ത്രീരത്നത്തിൻെറ സഹോദരിയുമാണെന്നും ആ കാവ്യത്തിൽനിന്നു നാം ധരിക്കുന്നു. ആ കുട്ടത്തിയേയും ഉണ്ണിയാടിയേയും ഉണ്ണുനീലിസന്ദേശത്തിലും സ്മരിച്ചുകാണുന്നു. ഉണ്ണുനീലിസന്ദേശകാലത്തു വൃദ്ധനായ രവിവർമ്മരാജാവു ഭരിച്ചിരുന്ന കായങ്കുളം അദ്ദേഹത്തിൻെറ മരണാനന്തരം കേരളവർമ്മരാജാവു ഭരിച്ചിരിക്കണം. ഭാഷാചരിത്രം,

Digitized By Kerala Sahitya Akademi

സാഹിത്യചരിത്രം, ദേശചരിത്രം, ഇത്യാദി വിഷയങ്ങളെപ്പറ്റി വില യേറില്ലാത്ത അറിവു തരുന്നവയാണ് ഈ പ്രാചീനഗ്രന്ഥങ്ങൾ. ഇവ സമ്പൂർണ്ണരൂപത്തിൽ കണ്ടുകിട്ടാതെയിരിക്കുന്നതിൽ എനിക്കെന്നപ്പോലെ ഇതരഭാഷാഭിമാനികൾക്കും ഉണ്ടാകുന്ന ദുഃഖം അപരിമേയമായിരിക്കും.

**ശ്രീകൃഷ്ണസ്തവം:**—രഥോദ്ധതാവൃത്തത്തിൽ തൊണ്ണൂറെട്ടു ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ഈ ഹൃദയഹാരിയായ സ്തോത്രം ശ്രീവാസുദേവസ്തവം എന്ന പേരിൽ തിരുവനന്തപുരം യൂനിവേഴ്സിററി ഹസ്തലിഖിതഗ്രന്ഥശാലയിൽനിന്നു് ഈയിടയ്ക്കു പ്രസിദ്ധീകരിച്ചിരിക്കുന്നു. ശ്രീകൃഷ്ണന്റെ ശൈശവംമുതൽ കംസവധംവരെയുള്ള ഉപാഖ്യാനമാണ് പ്രതിപാദ്യം. പ്രസ്തുതകൃതിയുടെ കാലം ഉണ്ണിയാടിചരിതത്തിനു പിമ്പും ഉണ്ണുനീലിസന്ദേശത്തിനു മുമ്പുമായിരിക്കണം. ചില ശ്ലോകങ്ങൾ ഉദ്ധരിച്ചു മാതൃക പ്രദർശിപ്പിക്കാം.

‘‘കേവലം പരമധാമമത്ഭുതം
ദേവകിക്കു വസുദേവമന്ദിരേ
ഭൂമിഭാരഹൃതയേ പിറന്നവൻ
ദേവനെൻമനസി വാഴ്ക സന്തതം.’’

‘‘കാൽച്ചിലമ്പൊലി വളർത്തുപോയ് നട-
ന്നാച്ചിമന്ദിരമലങ്കരിച്ചവൻ
വാച്ച വേദവചനേന കേവലം
വാച്യനെൻമനസി വാഴ്ക സന്തതം.’’

‘‘വത്സസഞ്ചയമകാലവേലയെ-
ക്കററ ജാതു വിസൃജൻ വ്രജൌകസാം
അശ്രു കണ്ണിൽ നിറയിക്കുമപ്പുരം
തത്ത്വമെൻമനസി വാഴ്ക സന്തതം.’’

‘‘പാലു വെണ്ണ മുഴുവൻ കവർന്നിട്ടും
വേല കോലിനവരായർയോഷിതാം
നാലുവേതനവുകാതൽ, വിണ്ണുളാർ-
പാലനെൻമനസി വാഴ്ക സന്തതം.’’

‘‘ഭക്തികൊണ്ടു മുരവൈരിയെപ്പുക-
ണ്ണിത്ഥമയ്നൊടു മയാ വിനിർമ്മിതം
പദ്യജാതമിതു നിത്യമോതുവോർ
മുക്തിയോടണവർ മുക്തസംശയം.’’

ഇവയിൽ ആദ്യത്തേതു് ഒന്നാമത്തേയും അവസാനത്തേതു് ഒടുവിലത്തേയും ശ്ലോകമാണ്. എല്ലാ ശ്ലോകങ്ങളും ‘‘എൻമനസി വാഴ്ക സന്തതം’’ എന്നവസാനിക്കുന്നു.

Digitized By Kerala Sahitya Akademi

**മതിചൂതപഞ്ചകം:**—കന്നക്കേരിവൃത്തത്തിൽ നിർമ്മിതമായ ഈ സ്തോത്രത്തിൽ അഞ്ചു ശ്ലോകങ്ങളേ അടങ്ങീട്ടുള്ളു. പനമണ്ണു ക്ഷേത്രത്തിൽ കൃഷ്ണനെയാണ് വർണ്ണിക്കുന്നതു്. ഒരു ശ്ലോകം ചുവടെ ചേർക്കുന്നു.

> ''ആച്ചിമാർമനയിൽ മച്ചകത്തുറിയിൽ
> വെച്ചിരുന്ന തയിർവെണ്ണപാൽ
> കാൽച്ചിലമ്പൊലിയെ മെല്ലവേ....വരി
> മാച്ചുചെൻറു പരുകുന്നവൻ
> വാച്ച കാലികളെ മേച്ചവൻ മഹിത—
> കാശ്യപാദിമുനിവന്ദിതൻ
> മാച്ചെഴാത പനമണ്ണമന്ന മതി—
> ചൂതനെൻ മനസി ഭാസതാം.''

'മതിചൂതൻ' മധുസൂദനനായിരിക്കാം. പനമണ്ണു് എവിടെയാണെന്നു് അറിയുന്നില്ല.

## ആദിത്യവർമ്മമഹാരാജാവിൻെറ രണ്ടു സ്തോത്രങ്ങൾ:

ഉണ്ണുനീലിസന്ദേശംവഴിക്കു നമുക്കു സുപരിചിതനായിത്തീരുന്ന ആദിത്യവർമ്മമഹാരാജാവു മണിപ്രവാളത്തിൽ രണ്ടു ചെറിയ വിഷ്ണുസ്തോത്രങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. അവ തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിയെപ്പററിയുള്ള ദശാവതാരചരിതവും തിരുവട്ടാററു് ആദികേശവസ്വാമിയെപ്പററിയുള്ള അവതരണദശകവുമാണു്. രണ്ടിലും ഓരോ ഫലശ്രുതിശ്ലോകമുൾപ്പെടെ പതിനൊന്നുവീതം ശ്ലോകങ്ങളുണ്ടു്. ആദ്യത്തേതു ശാർദ്ദൂലവിക്രീഡിതത്തിലും രണ്ടാമത്തേതു സ്രഗ്ധരയിലും രചിച്ചിരിക്കുന്നു. അവതരണദശകം ദശാവതാരചരിതത്തെക്കാൾ വിശിഷ്ടമാണു്. ക്രി: പി: പതിനാറാം ശതകത്തിൽ അഖിലകലാവല്ലഭൻ എന്ന ബിരുദത്തോടുകൂടി കൊല്ലം ശാഖയിൽപ്പെട്ട ഒരു ആദിത്യവർമ്മമഹാരാജാവു ജീവിച്ചിരുന്നു. ചിലരുടെ പക്ഷം അദ്ദേഹമായിരിക്കാം പ്രസ്തുതസ്തോത്രങ്ങളുടെ കർത്താവു് എന്നും മററു ചിലരുടേതു് 1610–ൽ വഞ്ചിരാജ്യം ഭരിച്ചിരുന്ന ആദിത്യവർമ്മാവായിരിക്കാമെന്നുമാകുന്നു. ഇത്തരത്തിലുള്ള ഊഹങ്ങളെല്ലാം ഭാഷാരീതിക്കു വിരുദ്ധങ്ങളാണു്. ഈ സ്തോത്രത്തിൽ 'ൻറ' എന്നു പലേടത്തും പ്രയോഗിച്ചുകാണുന്നതു ലേഖകപ്രമാദമായിരിക്കാം എന്നുപോലും രണ്ടാമത്തെ കൂട്ടർ അവരുടെ വാദത്തിൻെറ ബലത്തിനായി ആശങ്കിക്കുന്നു. സാഹിത്യനിപുണനായ 14–ാം ശതകത്തിലെ ആദിത്യവർമ്മാവിനു തന്നെയാണു് 'മാനം ചേർ' 'ചോരയാ പൂരയന്തം' മുതലായ പ്രയോഗങ്ങളടങ്ങിയ ഇവയുടെ കർത്തൃത്വത്തിനു് അധികമായ അധികാരമുള്ളതു്. ഫലശ്രുതിശ്ലോകങ്ങൾ താഴെ കുറിക്കുന്നു.

> ''സ്യാനന്ദൂരപുരാധിവാസനിരതേ ശ്രീപത്മനാഭപ്രഭൗ
> മാനംചേർ ചിററായ്‌ നരേന്ദ്രവരനാമാതിച്ചവർമ്മേരിതം

Digitized By Kerala Sahitya Akademi

നാനാകാവ്യദശാവതാരചരിതം നിത്യം പാടിച്ചീടുവോർ
നൂനം നാഴുവർ കൂടലേ ചിരമഹോ യാസ്യന്തി വിഷ്ണോഃ പദം.''
(ദ: ച:)

''മേണാൻതീടിൻറ വേണാട്ടഴകൊടു പരിപാലിക്കുമാതിച്ചവർമ്മ—
ക്ഷോണീപാലനെ നാട്ടാററിതമൊടു മരുവും കേശവായ പ്രക്ലൃപ്തം
വാണീവിന്യാസം മദീയാവതരണദശകം സ്വാധ്യയന്തം പഠന്തോ
നീന്നാൾ വാണീട്ടുവോരിദ്ധരണിയിലചിരാതേ വിഷ്ണുലോകം പ്രയാന്തി''
(അ: ദ:)

മററു ചില ശ്ലോകങ്ങൾകൂടി ഉദ്ധരിക്കാം.

''ക്ഷീരാംഭോനിധി ദേവദൈത്യനിവഹം കൂടിക്കടഞ്ഞതൻവടൻ
നേരേ താണ്ണ ധരാധരം ച മുതുകിൽ താങ്ങിൻറ കൂർമ്മാകൃതിം
പാരിൽപ്പൊങ്ങിനാതെന്നനന്തപുരമൂററാനന്ദനിദ്രാവഹം
ധീരേവം ജലധാളിനീലവപുഷം ശ്രീപത്മനാഭം ഭജേ.''

''വ്യാമോഹററത്ത വരുത്തുമഞ്ചിതരുചിം മാരീചമായാമൃഗം
ഛാമാറെയ്തവിധൗ രുഷാ ദശമുഖേ സീതാം ഗൃഹീത്വാ ഗതേ
സീമാതീതശരൈർന്നിശാചരകുലം നിശ്ശേഷമാക്കും വിഭും
രാമം കാരണമാനുഷം ഗുണനിധിം ശ്രീപത്മനാഭം ഭജേ.''

''ഫേനാംഭോരാശിമദ്ധ്യേ മറകളതിതരാം ചോരൻമറഞ്ഞോരുനേരം
ദീനേ നാഥേ പ്രജാനാം ഝടിതി ദനുസുതം കൊൻറു പാതാളലോകാൽ
നാനാവേദാൻ വിരിഞ്ചന്നരുളിയതിമുദാ വാരിരാശൗ കളിക്കും
മീനാകാരം വഹിച്ചീടിന ഭുവനവിഭും കേശവം കൈതൊഴിൻേറൻ''.

''കോപോദ്രേകേണ സാകം നിഹിതപരശുനാ കൊൻറു മൂവേഴുവട്ടം
ഭൂപാലാനാം നികായം നിജപിതൃനിയമം ചോരയാ പൂരയന്തം
ഭൂഭാരത്തെക്കെടുപ്പാൻ വിരവൊടു ജമദഗ്ന്യാത്മജന്മനാ ലോകേ
ശോഭിക്കും രാമഭദ്രം മുനിവരവപുഷം കേശവം കൈതൊഴിൻേറൻ.''

''പൊൽപ്പൂമാതിൻ കടാക്ഷാഞ്ചലമധുപലസദ്വക്ത്രപത്മാഭിരാമം
മൽപാപാംഭോധിവേലാതരണപരിലസൽപോതപാദാരവിന്ദം
ഒപ്പിവം പാൽക്കടൽക്കങ്ങുപരി വന്നുമതീധോരതല്പേ ശയാനം
കല്പാന്തേ കല്പിതാകം മുരമഥനമഹം കേശവം കൈതൊഴിൻേറൻ.''

**ചില നഷ്ടപ്രായങ്ങളായ കൃതികൾ:**—ലീലാതിലകത്തിൽ ഞാൻ മുമ്പു പ്രസ്താവിച്ചവ കൂടാതെ വേറെയും പല മണിപ്രവാളകൃതികളിൽനിന്നു ശ്ലോകങ്ങൾ ഉദ്ധരിച്ചിട്ടുണ്ടു്. ആ കൃതികളെപ്പററി നമുക്കിപ്പോൾ യാതൊരറിവുമില്ല.

സന്ദേശങ്ങൾ:—ഉണ്ണുനീലിസന്ദേശത്തിനു പുറമേ വേറെയും പല സന്ദേശങ്ങൾ അക്കാലത്തു വിരചിതങ്ങളായിരുന്നിരിക്കണം. അവയിലൊന്നാണു് കാകസന്ദേശം. അതിൽനിന്നു ലീലാതിലകകാരൻ ഒരു ശ്ലോകം എടുത്തു ചേർത്തിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

"സ്വസ്രേ പൂൎവ്വം മഹിതനൃപതേർവ്വിക്രമാദിത്യനാമ്നഃ
ഭോക്കാംചക്രേ തരുണജലദം കാളിദാസഃ കവീന്ദ്രഃ
ത്വം കൃത്തസ്രീ വടുരതിജളോ ദുഷ്ടവിശ്വാഹമിത്ഥം
മത്വാത്മാനം തവ ഖലു മയാ പ്രേഷിതഃ കാക ഏവ."

ഇതിലെ

"ആററൂർനീലീവിരഹവിധുരോ മാണിരത്യന്തകാമീ
മാത്തൂർജാതോ മദനവിവശസ്ത്യക്തവാനൂണുറക്കം"

എന്ന ശ്ലോകാൎദ്ധത്തിൽ സ്മൃതനായ മാത്തൂരില്ലത്തെ ബ്രഹ്മചാരിതന്നെയോ അതിലെ നായകനെന്നും ആററൂർ നീലിതന്നെയോ നായികയെന്നും തീൎച്ചപ്പെടുത്തുവാൻ തരമില്ല.

"ആടൽച്ചില്ലിക്കൊടി നെറിയൽകെട്ടാനനേന്ദോൎന്നിറം കെ-
ട്ടേല*ക്കോലപ്പുരികുഴലുലന്നേകവേണീം ദധാനാ
താനേ തന്നെപ്പെരുത്തുടൽ മെലിഞ്ഞായിനാളന്യരൂപാ
കാണക്കാണക്കരതലഗതാ ഹന്ത പൂമാലപോലെ."

"മാരൻ മാനിച്ചണിയുമുടവാൾവല്ലരീമുണ്ണിയാടീ-
മോരോ വിദ്യാകുശലതമിതംകൊണ്ടു കൊണ്ടാടുമേടം."

"നീരാടത്തേ! നിവസനമിദം ചാത്തു, ദേവാൎച്ചനായാ-
മെപ്പോഴും നീ കൃതമതിരത്തും മുട്ടമാറായിതല്ലോ—
എൻറീവണ്ണം നിജപരിജനപ്രാൎത്ഥനം കത്തുകാമാ
കേഴന്തീ വാ രഹസി വിരഹവ്യാകുലാ വല്ലഭാ മേ."

"പണ്ടില്ലാതോരമൃതു പതിനാറാണ്ടു പൂക്കോരു പത്മാ
പൂപ്പാൻ പൊന്നിൻകുളമുളവാനോരു ഭൃകല്പവല്ലീ
അംഭോജംകൊണ്ടണിമതിനിറം തൂകുവോരിന്ദുലേഖാ
ചിത്രാകാരാ ജയതി ചിരിതേവീതി മേ ചിത്തനാഥാ."

ഇവയെല്ലാം മററു ചില സന്ദേശങ്ങളിലുള്ള ശ്ലോകങ്ങളാണെന്നു തോന്നുന്നു.

**രാജചരിതകാവ്യങ്ങൾ:—** കൊല്ലത്തെ ഗോദമാൎത്താണ്ഡവൎമ്മമഹാരാജാവിനെപ്പററി ചില ശ്ലോകങ്ങൾ ലീലാതിലകത്തിലുണ്ടു്.

"എണ്ണിക്കൊള്ളാവരിയ ഗുണവാനെന്നുമൎച്ചാമന്തരെന്നും
താരാശ്രേണീനാട്ടവിൽ മറവില്ലാത താരാമണാളഃ
മാററാരെന്നും കുഴമിയ‡ പതുങ്ങാനലോത്ഭൽ പുരേസ്മിൻ
ഗോളംബാംഭോരുഹദിനമണിഃ ഗോതമാൎത്താണ്ഡർ പണ്ടു്."

"തസ്മിൻ കാലേ ഭുവി യദുശിരോജ്ജ്വനമാകിൻറ മാധവീം
പീതാ മത്തോ നിജചരിഷദാമൎത്ഥിനാം ഭോതരേഷാം

* കേശതൈലം.

‡ കുഴമിയ=സംഘീഭവിച്ച.

കൈ നോവോളം കഥമപി ധനംകൊണ്ടു തപ്പിച്ചു കാമം
കോരിക്കൊൾകെൻറടനരുളിനാൻ കോതമാർത്താണ്ഡവീരഃ.''

വീരമാർത്താണ്ഡനെന്നു മററു ചില ശ്ലോകങ്ങളിൽ പറഞ്ഞിരിക്കുന്നതും അദ്ദേഹത്തെത്തന്നെയാണെന്നു തോന്നുന്നു. തുലുക്കരോടു പടവെട്ടിയ വിക്രമപാണ്ഡ്യനേയും ഒരു ശ്ലോകത്തിൽ വർണ്ണിച്ചിരിക്കുന്നതു കാണാം.

''ഏററം തിമിർത്തു തിറമുററണയും നൃപാൻ താൻ
കാററത്തു സംചലിതതൂലസമാൻ വിതേനേ
ചീററത്തിനാൽ മതിമറന്ന മഹാന്ധരാവൻ
കൂററത്തിലും കൊടിയ വിക്രമപാണ്ഡ്യസിംഹഃ.''

''പരമുടനേ പരപ്പതനാം പാണ്ഡ്യനൃപഃ ഖണ്ഡയാഞ്ചകാര ഗളേ
തുരഗാരൂഢാസ്ത്വരയാ തുരുതുരെ മണ്ടീ തുരുക്കരെല്ലാരും.''

എന്ന പദ്യവും ആ രാജാവിനെസ്സംബന്ധിച്ചുള്ളതായിരിക്കണം. 'ദ്രോണായ ദ്രുപദം' എന്ന വീരരവിവർമ്മപ്രശസ്തിപരമായ പദ്യം ഞാൻ മറെറാരവസരത്തിൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ. ഇവയിൽനിന്നെല്ലാം ഒന്നോ അതിലധികമോ പദ്യകൃതികൾ ഈ രാജാക്കന്മാരെ അധികരിച്ചു വിരചിതങ്ങളായിരുന്നു എന്നു തെളിയുന്നു. അവ ലഭിച്ചാൽ അക്കാലത്തെ ദേശചരിത്രത്തെപ്പററി ഒട്ടുവളരെ പുതിയ വിവരങ്ങൾ നമുക്കറിവാൻ കഴിയുമായിരുന്നു. കൊല്ലത്തെ ഗോദമാർത്താണ്ഡവർമ്മാവു് ആരാണു്? 'യദുശിശു', വീരരവിവർമ്മാവാണെങ്കിൽ ജയസിംഹൻെറ യഥാർത്ഥനാമധേയം ഗോദമാർത്താണ്ഡനെന്നു് ആയിരുന്നു എന്നൂഹിക്കേണ്ടിയിരിക്കുന്നു. അഥവാ യദുശിശുവിൻെറ മാതുലനായിരിക്കുമോ അദ്ദേഹം? ആ വഴിക്കൊന്നും യാതൊരു പ്രകാശവും ലഭിക്കുന്നില്ല.

**ശൃങ്ഗാരശ്ലോകങ്ങളും ദേവതാസ്തോത്രങ്ങളും:**—ഇത്തരത്തിലുള്ള കാവ്യങ്ങൾക്കു പുറമേ പല സുന്ദരിമാരെ വർണ്ണിക്കുന്ന ശ്ലോകങ്ങളും ലീലാതിലകത്തിൽ സുലഭങ്ങളാണു്. * ഉണ്ണിനങ്ങ (13) നങ്ങ (14, 94) മകളിയത്തു മാധവി (39) നാരണി (41) നാരണിയുടെ മകൾ (15, 21, 42, 55, 62, 80), ഉമ്മിണിയുടെ മകൾ (42) കോളിക്കൽ നങ്ങ (44 ഈസ്ത്രീയും 14-ാം പുറത്തിൽ സ്മരിക്കപ്പെട്ടിട്ടുള്ള നങ്ങയും ഒന്നാണോ എന്നറിവില്ല), കുറനാട്ടിൽ ഇളയച്ചി (44), നീലി (52, 82), രോഹിണി (53), ചോതി (45), ചിരിതേവി (45, 54, 64), കോടി (66, 70, 82), പള്ളിപ്പുഴ മാധവി (69) ഉണ്ണുനീലി (67) അപ്പാച്ചി (75, 78) അച്ചിയുടെ മകൾ ഉദയപുരത്തെ ചെറിയച്ചി, സാക്ഷാൽ മൂണ്ടേസ്ഥൽ ഉണ്ണുനീലി ഇങ്ങനെ എത്ര മററിളാമണികളെ വാഴ്ത്തിയുള്ള ശ്ലോകങ്ങളാണു് ആചാര്യൻ ഉദ്ധരിച്ചിരിക്കുന്നതു്. ഇവരിൽ ചെറിയച്ചിയേയും ഉണ്ണുനീലിയേയും പററി മാത്രമേ അന്യത്ര കേട്ടിട്ടുള്ളവല്ലോ. ദ്രാവിഡവൃത്തങ്ങളിലുള്ള

* ലീലാതിലകം 1105-മാണ്ടത്തെ പതിപ്പിലുള്ള പുറങ്ങളാണു് ഇവിടെ നിർദ്ദേശിച്ചിരിക്കുന്നതു്.

Digitized By Kerala Sahitya Akademi

ചില പദ്യങ്ങളേയും ആചാര്യൻ വിസ്മരിക്കുന്നില്ല. 'തത്തലന്താൻ' എന്ന പാട്ടിനെപ്പററി മുമ്പു പ്രസ്താവിച്ചുകഴിഞ്ഞു.

“വേശ്യാമാരൊരു വേഷ്ടകണക്കേ
തമ്മിലിണങ്ങിന തരളഭുജങ്ഗം
ഭവനപുരഃസ്ഥിതപലകകണക്കേ
പരൽനിരകൊണ്ടു നിരത്തിന ഭാഗം” (67)

ചുഴലമരുവാരുടേ ചോരിതൻപരിമള-
പ്പൂരിതപുരികച്ചുടാഘ്രാണനംചെയ്യും' (43)

ഈ വരികൾ നോക്കുക. ഭക്തിഭാവത്തെ പോഷിപ്പിക്കുന്ന ഉൽകൃഷ്ടം ചില ശ്ലോകങ്ങളും ഇല്ലാതില്ല.

“പൊന്നിൻമാലയണിഞ്ഞ പോർമുലയിണക്കുന്നിങ്കലൊൻറീടുവാൻ
പൊന്നില്ലായ്യുകയോ പകുത്തുടൽ മലപ്പെണ്ണിന്നു നല്കീൻറതു്
പൊന്നിന്മാമല വില്ലുമാക്കിയ വിഭോ! തീർക്കെങ്ങൾതാപങ്ങളെ-
പ്പൊന്നിൻമാളിക വിണ്ണുളാർപുരി തൊടും തൃക്കാരിയൂരണ്ണലേ!”

കാലയവനികക്കുള്ളിൽ എന്നെന്നേക്കുമായി തിരോധാനം ചെയ്തുകഴിഞ്ഞതുപോലെ തോന്നുന്നതും ഈ ശ്ലോകങ്ങൾ ഉൾക്കൊള്ളുന്നതുമായ അനേകം ഗ്രന്ഥങ്ങളിൽ ചിലതെങ്കിലും നിപുണന്മാരായ ഗവേഷകന്മാരുടെ നിരന്തരവും നിസ്തന്ദ്രവുമായ പരിശ്രമത്തിൻെറ ഫലമായി വീണ്ടും സൂര്യപ്രകാശമേല്ക്കുമെന്നു നമുക്കാശിക്കാം.

**ചില ശാസ്ത്രഗ്രന്ഥങ്ങൾ:**—ജ്യോതിഷത്തിലും വൈദ്യത്തിലും ചില മണിപ്രവാളഗ്രന്ഥങ്ങൾ 14-ാം ശതകത്തിൽ ഉണ്ടായിട്ടുണ്ടു്. അവയിൽ താമരനല്ലൂർ ഭാഷയേയും ആലത്തൂർ ഭാഷയേയും ലീലാതിലകത്തിൽ സ്മരിച്ചിട്ടുള്ളതിനാൽ അവയെപ്പററി അല്പം പറയാം.

**താമരനല്ലൂർ ഭാഷ:**—താമരനല്ലൂർ ഭാഷ ജ്യോതിഷത്തിൽ മുഹൂർത്തഭാഗത്തെ സംബന്ധിച്ചുള്ള ഒരു പ്രമാണഗ്രന്ഥമാകുന്നു. അതിൻെറ നിർമ്മാതാവു് ഒരുൽകൃഷ്ണനായ ദൈവജ്ഞനും കവിയുമായിരുന്നു, എന്നു പ്രസ്തുതഗ്രന്ഥത്തിൽനിന്നറിയുന്നു. 'ഭാഷാമിശ്രം പൊഴുതു കഥയാമി' എന്ന ഭാഗമാണു് ലീലാതിലകകാരൻ ഉദ്ധരിച്ചിട്ടുള്ളതു്. കവി ഏതു ദേശക്കാരനാണെന്നു വ്യക്തമാകുന്നില്ല. മാതൃകയായി ചില ശ്ലോകങ്ങൾ താഴെച്ചേർക്കുന്നു.

“അപ്പുമമ്പിളിയും ചൂടുന്നപ്പനോമനമകൻ മമ
അപ്പം തിന്നരുളുന്നപ്പനപ്പുറത്താക്കുകാപദഃ.” (1)

“പൂത്താമമൺപും കേശാന്തേ ചാർത്തും ചന്ദ്രകരോജ്ജ്വലാ
കാത്തുവന്നെങ്ങൾനാവിന്മേൽ കൂത്താടുക സരസ്വതി.” (2)

“ചൂരന്നു കവിതാം വ്യാസഃ പരന്ന യശസാം നിധിഃ
ഇരുന്നരുളുവോനാക ചിരന്നശ്ചിത്തവിഷ്ടരേ.” (3)

Digitized By Kerala Sahitya Akademi



മഹാകവിയുടെ വായനമുറി

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

''ഇക്കാലമാം തിരിയുമിട്ടു ദശമ്മമെന്ന
നെയ്യിട്ടു നിർമ്മലമനോഹരനിത്യശോഭം
ത്രൈലോക്യമാം നിലവിളക്കിലെരിഞ്ഞുനില്ക്കും
മാർത്താണ്ഡനാം തിരിവിളക്കു വിളങ്ങുകെന്നിൽ.'' (4)

''മൂഢോഹം പൂർവം മുതൽ പടിയറിഞ്ഞൊന്നിയേ കണ്ടു കേട്ടു–
ള്ളാചാരംകൊണ്ടപി ച പുനരിഹ പ്രാകൃതമാലോക്യ കിഞ്ചിൽ
ഭാഷാമിശ്രം പൊഴുതു കഥയാമ്യദ്യ നാരാപക്കൊത്തും
വല്ലും ലോകേ ഹിതമിതി തതഃ ക്ഷന്തുമർഹന്തി സന്തഃ.'' (5)

പൊഴുതിന്നൊള്ളതാംപോലെഴുതിനേൻനാതിതാദരാൽ
തുയോരു വിപ്രവര്യായ ചെയ്യൂർ നാരായണായ ഞാൻ. (6)

ഇരുപത്തെഴു നാളാലും മേടമശ്വതിയും മുതൽ
ഒൻപതൊൻപതു നാളുംകാലായ് വരും ദശാദശരാശയഃ. (7)

''വർഗ്ഗോത്തമത്തിലുദയേ ഗുരുഭാർഗ്ഗവൌ വാ
ലഗ്നേ ഗുരൌ ശുഭഗതൌ ശശിഭാർഗ്ഗവൌ വാ
നില്ക്കുന്നനേരമിവ വന്നു പിറന്നവൻതാൻ
ചെയ്യാനുകൂഷ്യ പൂരികകൊടി ചൊന്നതൻറി.''........ (8)

''എന്നാൽ നിർമ്മിതമേതദപ്യവിദുഷാം സൽകർണ്ണപൂരായിതം
ചെയ്യൂരാലിതു നില്പതാക ഭുവനേ പുത്രായുഗാന്തം പുനഃ
ഭക്തിമ്മേ ഭഗവത്യനാദിനിധനേ നാരായണേ ഭൂയസീ
ഭൂയാദസ്യ മഹാജനസ്യ ച തഥാ സംസാരവിച്ഛിത്തയേ.'' (9)

ചെയ്യൂർ നാരായണൻനമ്പൂരി എന്നൊരു പ്രഭുവിനുവേണ്ടിയാണ് ഈ ഗ്രന്ഥം കവി നിർമ്മിച്ചതെന്നു മേലുദ്ധരിച്ച രണ്ടു ശ്ലോകങ്ങളിൽനിന്നു വെളിപ്പെടുന്നു.

**ആലത്തൂർ മണിപ്രവാളം:**—ഇതു വൈദ്യശാസ്ത്രവിഷയകമായ ഒരു മണിപ്രവാളഗ്രന്ഥമാണ്. സംസ്കൃതീകൃതഭാഷാപദങ്ങൾ ഇതിൽ ധാരാളമായിക്കാണുന്നു. ഒരു ശ്ലോകം ചുവടേ ചേർക്കുന്നു.

''ഉണ്ടായാലൊട്ടു രോധം പകരുക ചെറുതാം പഞ്ചമൂലീകഷായം
കൊള്ളുകന്നേനൊടിം ക്ഷീരബല പകുകപ്പാൽക്കുറുന്തോട്ടിയൂഷം
രക്തരകപാഥയുതേത പയസി തു നാരച്ചാർക്കിഴിം മുക്കിമുക്കി–
ക്കണ്ടേടം മെയ്യിലൊപ്പീടുക കരുതി; മരുന്നാം തേയ്ക്ക തൈലം.''

അഷ്ടവൈദ്യന്മാരിൽ അന്യതമനാണല്ലോ ആലത്തൂർ നമ്പി; ആ കൂട്ടത്തിൽപ്പെട്ട ഒരാളായിരിക്കണം പ്രസ്തുതഗ്രന്ഥത്തിൻെറ പ്രണേതാവ്. താമരനല്ലൂർ ഭാഷാകാരൻെറ രചനാചാതുര്യം ഇദ്ദേഹത്തിനു കാണുന്നില്ല.

Digitized By Kerala Sahitya Akademi

**ഒരു പഴയ ചികിത്സാഗ്രന്ഥം:**— ഈ ഗ്രന്ഥവും ലീലാതിലകത്തിനുമുമ്പു് ആവിർഭവിച്ചതാകയാൽ ഇതിന്റെ നിർമ്മിതി ക്രി: പി: പതിന്നാലാംശതകത്തിലാണെന്നുള്ളതു നിശ്ചയമാണു്. ഇതിൽപെട്ടതാണു്

> "തമിഴ്മണി സംസ്കൃതപവിഴം കോർക്കിന്റോൻ വൃത്തമാനാ ചൊന്നൂനേൽ
> ശ്ലോകാനാം പഞ്ചാശതം പശുപതയേ മന്ദബുദ്ധയേ കഥിതം."

എന്ന ശ്ലോകം. പ്രസ്തുതശ്ലോകത്തിന്റെ പൂർവ്വാർദ്ധം ലീലാതിലകം പ്രഥമശില്പത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. ഈ വൈദ്യഗ്രന്ഥത്തിന്റെ പ്രണേതാവും 'മന്ദബുദ്ധി'യായ പശുപതിയും ആരെന്നറിയുന്നില്ല. ഒരു പദ്യം ഉദ്ധരിക്കാം.

"മൂന്നാം പട്ടിണി നല്ലതല്ല പനിയിൻ
നാലൊന്നുമ്മൂന്നേഴരാതാ
പിന്നെത്തിപ്പലി, കൊത്തമല്ലി, യഷ്ടിമൈ–
സ്സാർദ്ധം മലർക്കഞ്ഞിയും
അല്ലാത്രീകടിതാളിമാതളരസം
കൂട്ടീട്ടു തൽസൈന്ധവം
ഉണ്ടാൽ വന്നു പനിക്കു നന്നു മനാക്
സദ്യശ്ശമിപ്പാനുടൻ."

കവിതയ്ക്കു തീരെ ഗുണം പോരാ എന്നു പറയേണ്ടിയിരിക്കുന്നു. വൈദ്യഗ്രന്ഥങ്ങളിലും മററും ആ അംശം അത്രയൊന്നും നോക്കേണ്ടതുമില്ല.

Digitized By Kerala Sahitya Akademi

## പതിനെട്ടാമധ്യായം

# ലീലാതിലകം

## ക്രി: പി: പതിന്നാലാംശതകം

പ്രസിദ്ധീകരണം:—മുപ്പത്തിരണ്ടു കൊല്ലങ്ങൾക്കു മുമ്പുവരെ മലയാളഭാഷയ്ക്കു പ്രാചീനമായ ഒരു ലക്ഷണശാസ്ത്രഗ്രന്ഥമുണ്ടെന്ന് ആർക്കും അറിവില്ലായിരുന്നു. ആയിടയ്ക്കു ഭാഷയുടെ മൂലസമ്പത്തുകളിൽ പ്രഥമഗണനീയമെന്നു സംശയംകൂടാതെ പറയാവുന്ന ലീലാതിലകം കോട്ടയ്ക്കൽ പി. വി. കൃഷ്ണവാരിയരുടെ ഗ്രന്ഥശാലയിൽനിന്നു കണ്ടുകിട്ടുകയും അതിന്റെ ഒന്നാം ശില്പത്തിന്റെ തർജ്ജമ 1084-ാമാണ്ടു തൃശ്ശൂരിൽനിന്നു പ്രചരിച്ചിരുന്ന മംഗളോദയം മാസികപുസ്തകത്തിൽ പ്രസിദ്ധീകൃതമാകുകയും ചെയ്തു. ആകെ എട്ടു ശില്പങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്. അഭിജ്ഞോത്തമനായ ആറ്റൂർ കൃഷ്ണപ്പിഷാരടി എല്ലാ ശില്പങ്ങളും ഭാഷയിലേക്കു വിവർത്തനം ചെയ്തു. 1092-ൽ മുഴുവൻ പുസ്തകവും മൂലത്തോടുകൂടി പ്രകാശനം ചെയ്തപ്പോൾ കൈരളീബന്ധുക്കൾക്ക് അതൊരു പരമാനുഗ്രഹമായി പരിണമിച്ചു.

ഗ്രന്ഥത്തിന്റെ സ്വരൂപം:—ലീലാതിലകം സംസ്കൃതത്തിലാണ് രചിക്കപ്പെട്ടിരിക്കുന്നത്; എന്നാൽ ഉദാഹരണങ്ങളെല്ലാം പ്രായേണ മണിപ്രവാളശ്ലോകങ്ങളും അപൂർവം ചിലവ പാട്ടുകളുമാകുന്നു. ഗ്രന്ഥകാരൻ യാതൊരു ഉദാഹരണവും സ്വതന്ത്രമായി എഴുതിച്ചേർത്തിട്ടുണ്ടെന്നു തോന്നുന്നില്ല. സൂത്രരൂപമാണ് ഗ്രന്ഥം; ഓരോ സൂത്രത്തിനും ആവശ്യംപോലെ വിസ്തൃതമായ വൃത്തിയുണ്ട്; ആ വൃത്തിയോടനുബന്ധിച്ചാണ് ഉദാഹരണങ്ങൾ ചേർത്തിട്ടുള്ളത്. ഒന്നാം ശില്പത്തിലെ പ്രധാനവിഷയം മണിപ്രവാളത്തിന്റെ ലക്ഷണവും വിഭാഗവുമാണെങ്കിലും അതിൽ മലയാളത്തിനും തമിഴിനും തമ്മിലുള്ള വ്യത്യാസംകൂടി വിവരിച്ചിട്ടുണ്ട്. രണ്ടാംശില്പത്തിൽ ഭാഷയുടെ നിരുക്തത്തേയും പ്രകൃതിപ്രത്യയങ്ങളേയുംപററി പ്രസ്താവിക്കുന്നു. മൂന്നാം ശില്പത്തിലെ പ്രമേയം സന്ധികാര്യമാണ്. മണിപ്രവാളസാഹിത്യത്തിലെ ദോഷങ്ങളെ നാലാംശില്പത്തിലും ഗുണങ്ങളെ അഞ്ചാംശില്പത്തിലും ശബ്ദാലങ്കാരങ്ങളെ ആറാംശില്പത്തിലും അർത്ഥാലങ്കാരങ്ങളെ ഏഴാംശില്പത്തിലും രസങ്ങളെ എട്ടാംശില്പത്തിലും പ്രതിപാദിക്കുന്നു. മണിപ്രവാളത്തിനു ശരീരം, ദോഷങ്ങൾ, ഗുണങ്ങൾ, അലങ്കാരങ്ങൾ ഇവയെല്ലാമുണ്ടെന്നും ഭാഷാസംസ്കൃതസ്വരൂപമായ ശബ്ദം ശരീരവും ശൃംഗാരാദിരസസമൂഹം ആത്മാവുമാണെന്നും ഗ്രന്ഥകാരൻ രണ്ടാംശില്പത്തിന്റെ ആരംഭത്തിൽ നമ്മെ ധരിപ്പിക്കുന്നു. ആദ്യത്തെ മൂന്നു ശില്പങ്ങൾ ഭാഷയേയും ബാക്കിയുള്ള അഞ്ചുശില്പങ്ങൾ സാഹിത്യത്തേയും പരാമർശിക്കുന്നു എന്ന് ഇത്രയും പ്രസ്താവിച്ചതിൽനിന്നു പ്രത്യക്ഷമാകുന്നുണ്ടല്ലോ. കണ്ണാ

Digitized By Kerala Sahitya Akademi

കന്നടത്തിലും തെലുങ്കിലും ആദ്യകാലത്തെ ലക്ഷണഗ്രന്ഥങ്ങൾ സംസ്കൃതത്തിൽത്തന്നെയാണു് നിർമ്മിതങ്ങളായിത്തീർന്നതു്. ഉദാഹരണങ്ങൾ മാത്രമേ അതാതു ദേശഭാഷകളിൽനിന്നു് ഉദ്ധൃതങ്ങളായി കാണുന്നുള്ളു. പ്രഹതമായ ആ പാതയിലൂടെ ലീലാതിലകകാരനും സഞ്ചരിച്ചു എന്നുവേണം പരിഗണിക്കുവാൻ.

**സൂത്രകാരനും വൃത്തികാരനും:**—സൂത്രകാരനും വൃത്തികാരനും രണ്ടു പേരാണെന്നു് അഭിപ്രായപ്പെടുന്നവരുണ്ടു്. "കാശികാവൃത്ത്യാദികളിലെപ്പോലെ ലീലാതിലകകാരനും മൂലഭൂതങ്ങളായ ചില സൂത്രങ്ങളെ എടുത്തു വ്യാഖ്യാനിക്കുകയും ഉദാഹരിക്കുകയും ചെയ്തിട്ടു് അതിനുപരി പല വിചാരണകളും സ്വതന്ത്രമായി ചെയ്യുന്നു. സൂത്രങ്ങൾ സ്വയം പ്രണീതങ്ങളല്ല; പുരാതനങ്ങളാണെന്നു പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ ചിലേടത്തു ചില ശബ്ദം ഉത്തരസൂത്രത്തിൽനിന്നു് അനുകർഷിക്കണം എന്നും മററും പ്രസ്താവിച്ചുകാണുന്നു. സൂത്രവും വൃത്തിയും ഒരാൾ നിർമ്മിച്ചതാണെങ്കിൽ ഈ റിമാർക്കുകൾക്കു് ആവശ്യമില്ല." എന്നാണു് അവരിൽ ഒരു പണ്ഡിതശ്രേഷ്ഠന്റെ പക്ഷം. 'അഥ പാട്ടപി ഭാഷാസംസ്കൃതയോഗോ ഭവതീത്യാശങ്കായാം സൂത്രം' എന്നു പറഞ്ഞിട്ടുള്ളതു് ആ പക്ഷത്തിനു സാധകമാണെന്നു മറെറാരു പണ്ഡിതൻ പറയുന്നു. ഞാൻ ലീലാതിലകം പലവുരു വായിച്ചതിൽ സൂത്രകാരനും വൃത്തികാരനും രണ്ടാളായിരിക്കുവാൻ തരമില്ലെന്നാണു് എനിക്കു തോന്നീട്ടുള്ളതു്. മനഃപാഠത്തിനു സൂത്രവും സ്പഷ്ടമായ അർത്ഥഗ്രഹണത്തിനു വൃത്തിയും രചിക്കുകയല്ലാതെ ഗ്രന്ഥകാരൻ മറെറാന്നും ചെയ്തിട്ടില്ല. അനുവൃത്തി, അനുകർഷം മുതലായ ശബ്ദശാസ്ത്രമർമ്മങ്ങൾ വൃത്തികാരൻ നമുക്കു കാണിച്ചുതരുന്നതുകൊണ്ടു് അദ്ദേഹം സൂത്രകാരനിൽനിന്നു ഭിന്നനായിരിക്കണമെന്നില്ല. സൂത്രങ്ങളുടെ അർത്ഥം വ്യക്തമാക്കുകയും വേണ്ട ഘട്ടങ്ങളിൽ അതിനെ വികസിപ്പിക്കുകയും ചെയ്തിട്ടുള്ളതല്ലാതെ വൃത്തിയിൽ സൂത്രകാരന്റെ മതത്തോടു വിയോജിച്ചു് എന്തെങ്കിലും പ്രസ്താവിച്ചിട്ടുള്ളതായി കാണുന്നില്ല. സൂത്രകാരൻ 'പാലോടു തുല്യരുചി' എന്ന പദ്യത്തിൽ ചെയ്യുന്നതുപോലെ വൃത്തികാരൻ മറെറാരു വ്യക്തിയായിരുന്നാൽ പ്രത്യേകമൊരു മംഗലാചരണം ചെയ്യുമായിരുന്നു. എന്നാൽ പ്രകൃതത്തിൽ അങ്ങനെയൊന്നും ചെയ്തുകാണുന്നില്ലെന്നു നാം ഈ ഘട്ടത്തിൽ ഓർമ്മിക്കേണ്ടതുണ്ടു്.

**ഗ്രന്ഥകാരൻ:**—ലീലാതിലകകാരൻ ആരെന്നറിയുവാൻ ഒരു മാർഗ്ഗവുമില്ല. തിരുവല്ലാ മാമ്പുഴ ഭട്ടതിരിയാണെന്നും അതല്ല കൊല്ലത്തു ഗണപതിക്ഷേത്രത്തിലെ ഒരു ശാന്തിക്കാരൻ പോററിയാണെന്നും മററും ചിലർ പറയുന്നതു വെറും മനോധർമ്മവിലാസം മാത്രമാണു്. എന്നാൽ ഒന്നു പറയാം. തൃക്കാരിയൂർ, തൃശ്ശിവപേരൂർ, പേരാർ (ഭാരതപ്പുഴ) ഇവയെ പരാമർശിക്കുന്ന മൂന്നു ശ്ലോകങ്ങൾ മാത്രമേ തിരുവല്ലായ്ക്കു വടക്കുള്ള ദേശങ്ങളോടു ഗ്രന്ഥകാരനുള്ള പരിചയത്തെ

Digitized By Kerala Sahitya Akademi

പ്രകടമായി വിഡംബനം ചെയ്യുന്നുള്ളൂ. ചേരനാട്ടിനു വടക്കുള്ള യാതൊരു സ്ഥലത്തെയും കവി സ്മരിക്കുന്നില്ല എന്നാണു് തോന്നുന്നതു്. നേരെമറിച്ചു കോതമാർത്താണ്ഡൻ, രവിവർമ്മ ചക്രവർത്തി, വിക്രമപാണ്ഡ്യൻ എന്നീ രാജാക്കന്മാരെ പ്രശംസിക്കുന്ന ശ്ലോകങ്ങൾ അദ്ദേഹം ഉദ്ധരിക്കുന്നു: അവരെല്ലാം കൊല്ലത്തെ രാജവംശവുമായി ബന്ധമുള്ളവരുമാണു്. അതുകൊണ്ടു മദ്ധ്യതിരുവിതാംകൂറിൽ എവിടെയെങ്കിലുമായിരിക്കണം ഗ്രന്ഥകാരന്റെ ജന്മഭൂമി എന്നു മറ്റൊ തെളിവു കിട്ടുന്നതുവരെ ഉദ്ദേശിക്കാം.

കാലം:—ഉണ്ണുനീലിസന്ദേശത്തിനു മേലാണു് ലീലാതിലകത്തിന്റെ നിർമ്മിതി എന്നു് ആ സന്ദേശത്തിലെ 'യൽ സത്യം തൽ ഭവതു' എന്ന ശ്ലോകം ആചാര്യൻ ഉദ്ധരിച്ചു് അതിൽ 'ആശംസന്തീ' എന്നു പ്രയോഗിച്ചിട്ടുള്ളതു തെറ്റാണെന്നും അവിടെ നുമാഗമം വരികയില്ലെന്നുള്ളതിനാൽ 'ആശംസതീ' എന്നു വേണം പ്രയോഗിക്കുവാനെന്നും കാണിച്ചിട്ടുള്ളതിൽനിന്നു തെളിയുന്നുണ്ടു്. ഉണ്ണുനീലിസന്ദേശത്തിന്റേയും ലീലാതിലകത്തിന്റേയും പ്രണേതാവു് ഒരാളായിരിക്കാം എന്നുള്ള പക്ഷക്കാരുടെ മുഖമുദ്രണത്തിനു് ഈ ഉദാഹരണംമാത്രം മതിയാകുന്നതാണു്. വേദാന്തദേശികരുടെ വൈരാഗ്യപഞ്ചകത്തിലെ

> "ജ്വലതു ജലധിക്രോഡക്രീഡൽകൃപീടഭവപ്രഭാ–
> ഭവപടുതരജ്വാലാമാലാകുലോ ജഠരാനലഃ;
> തൃണമപി വയം സായം സംഫുല്ലമല്ലിമതല്ലികാ–
> പരിമളമുചാ വാചാ യാചാമഹേ ന മഹീശ്വരാൻ."

എന്ന പദ്യത്തിൽനിന്നു 'മല്ലിമതല്ലികാപരിമളമുചാ വാചാ' എന്ന ഭാഗം ലീലാതിലകകാരൻ അഞ്ചാം ശില്പത്തിന്റെ ഒടുവിൽ ഉദ്ധരിക്കുന്നുണ്ടു്. ദേശികർ വൈരാഗ്യപഞ്ചകം രചിച്ചതു വിജയനഗരസാമ്രാജ്യം സ്ഥാപിച്ചതിനുമേൽ അതിന്റെ പ്രധാനമന്ത്രിയായിത്തീർന്ന തന്റെ വയസ്യനും സതീർത്ഥ്യനുമായ മാധവാചാര്യരുടെ ക്ഷണത്തിനു മറുപടിയായിട്ടാണെന്നു് ഐതിഹ്യം ഘോഷിക്കുന്നു. വിജയനഗരത്തിന്റെ പ്രതിഷ്ഠാപനം ക്രി: പി: 1336–ാമാണ്ടിടയ്ക്കാകയാൽ അതിനു മുമ്പായിരിക്കുകയില്ല പ്രസ്തുതപഞ്ചകത്തിന്റെ നിർമ്മിതി. 1369–ലാണു് ദേശികരുടെ പരഗതി. അതുകൊണ്ടു് ക്രി: പി: 1316–ൽ പരേതനായ കൊല്ലത്തെ വീരരവിവർമ്മചക്രവർത്തിയുടെ കാലത്തല്ല ലീലാതിലകത്തിന്റെ രചന എന്നു സിദ്ധിക്കുന്നു. ഉണ്ണുനീലിസന്ദേശത്തിനു ഞാൻ നിർദ്ദേശിച്ചിട്ടുള്ള കാലം (1374) ശരിയാണെങ്കിൽ അതിനുമേലാണു് പ്രസ്തുതഗ്രന്ഥത്തിന്റെ ആവിർഭാവമെന്നും വന്നുകൂടുന്നു. തദനുരോധേന പതിന്നാലാം ശതകത്തിന്റെ ഒടുവിലാണു് അതിന്റെ ഉൽപത്തി എന്നു സങ്കല്പിക്കാവുന്നതാണു്. അത്രയ്ക്കുണ്ടു് അതിലെ ഉദാഹൃതശ്ലോകങ്ങൾക്കുള്ള പഴക്കം.

Digitized By Kerala Sahitya Akademi

(1) ഏത്തുക (സ്തുതിക്കുക) (2) പാരാട്ടി (ലാളിച്ചു്) (3) ഏത്തിനാലും (ഏത്രയും) (4) നാനാറു് (ജാഗ്രദവസ്ഥ) (5) മാലപ്പൊഴുതു് (അന്തിനേരം) (6) കടവുക (കടപ്പെടുക) ഇങ്ങനെ പിൻകാലങ്ങളിൽ പ്രചാരലുപ്തങ്ങളായിത്തീൎന്ന എത്രയോ ശബ്ദങ്ങളും, (1) മന്നച്ചൂളമതിനാൽ (മന്നച്ചൂളമതിൽ) (2) എനാൽ (ഞങ്ങൾ രണ്ടുപേരും തമ്മിൽ) മുതലായ പ്രയോഗങ്ങളും അവയിൽ സുലഭങ്ങളാണു്.

ഗ്രന്ഥകാരന്റെ വൈദുഷ്യം:—ഗ്രന്ഥകാരൻ പല ഭാഷകളിലും പല ശാസ്ത്രങ്ങളിലും നിഷ്ണാതനായിരുന്നു. ചെന്തമിഴിൽ അദ്ദേഹത്തിനുണ്ടായിരുന്ന അവഗാഹം അന്യാദൃശമെന്നുതന്നെ പറയണം. പെരുമാക്കന്മാരുടെ കാലത്തിനു പിന്നീടു് അത്രമാത്രം ആ ഭാഷയിൽ പരിനിഷ്ഠിതമായ ജ്ഞാനം സമ്പാദിച്ചിരുന്ന ഒരു കേരളീയനെ നാം അറിയുന്നില്ല. നകരക്കിളവിനാമൊഴിയീററു (i–88) റോറവുമൈയുരുവിക്കിനേചാരിയൈ (i–173) ഇയർച്ചൊററിരിചൊററിച്ചൈച്ചൊൽ വടചൊലെൻറാ നൈനത്തേ ചെയ്യുളീട്ടച്ചൊല്ലേ (v–397) എന്നീ തൊൽക്കാപ്പിയസൂത്രങ്ങൾ അദ്ദേഹം ഉദ്ധരിക്കുന്നു. ണകരവിരുതിവല്ലെഴുത്തിയൈയിൻടകരമാകും റോറവുമൈയ്യൊടുങ്കേ (v–302) എന്ന സൂത്രം ഉദ്ധരിക്കുന്നില്ലെങ്കിലും അതിലെ മട്കുടം, മട്ളുത്തു മുതലായ ഉദാഹരണപദങ്ങൾ മൂന്നാം ശില്പത്തിൽ എടുത്തുകാണിക്കുന്നു. ആ ഗ്രന്ഥത്തിനു നച്ചിനാക്കിനിയർ എഴുതിയ വ്യാഖ്യ അദ്ദേഹം വായിച്ചിരുന്നു. 'ആട്ളൂഉ' എന്നും 'മകട്ളൂഉ' എന്നും യഥാക്രമം പുരുഷനെന്നും സ്ത്രീയെന്നുമുള്ള അൎത്ഥത്തിൽ രണ്ടു് അതിപ്രാചീനങ്ങളായ ദ്രാവിഡപദങ്ങളുണ്ടായിരുന്നു. അവ പിൻകാലങ്ങളിൽ പ്രയോഗബാഹ്യങ്ങളായിപ്പോയി. ആ പദങ്ങളെ (തൊൽ i–271) ആചാര്യൻ ഒന്നാം ശില്പത്തിൽ ഉദ്ധരിച്ചു് അവ ചെന്തമിഴ്(ചോളഭാഷാ)പദങ്ങളാണെന്നു സമൎത്ഥിക്കുന്നു. അഗസ്ത്യസൂത്രങ്ങൾ അദ്ദേഹത്തിനു് അപരിചിതങ്ങളായിരുന്നില്ല. മുകുളശബ്ദത്തിന്റെ സാധുതയെപ്പററി ചൎച്ചചെയ്യുമ്പോൾ ക്രി: പി: എട്ടാം ശതകത്തിനു മുമ്പു വിരചിതമായ ദിവാകരനിഘണ്ടുവിലെ "മുകുളം കൈനാനൈകലികൈമുകുളംചിനൈ കോരക കന്നികൈ പോകിലരുമ്പു മൊട്ടേ" എന്ന മുകുളപൎയ്യായവാചിയായ പാട്ടു് എടുത്തുചേൎക്കുന്നു. ഇതുപോലെ 'പവള'വാചിയായ പാട്ടും ഉദ്ധരിക്കുന്നുണ്ടു്. ഇങ്ങനെ ലീലാതിലകത്തിൽ ഏതു ഭാഗം പരിശോധിച്ചാലും ആചാര്യന്റെ കൂലങ്കഷമായ ചെന്തമിഴ്ഭാഷാജ്ഞാനത്തിനു് ഉദാഹരണങ്ങൾ പ്രത്യക്ഷീഭവിക്കുന്നതാണു്. സംസ്കൃതത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന വൈദുഷ്യവും അസാധാരണമായിരുന്നു. ഒന്നാം ശില്പത്തിൽ ഒരു നല്ല താൎക്കികനായും നാലാം ശില്പത്തിൽ ഒരൊന്നാന്തരം വൈയാകരണനായും നാലുമുതൽ എട്ടുവരെ ശില്പങ്ങളിൽ ഒരു സ്വതന്ത്രനായ ആലങ്കാരികനായും അദ്ദേഹത്തെ നാം നിരീക്ഷിക്കുന്നു. വാത്സ്യായനന്റെ കാമസൂത്രത്തിലെ ഒരു പദ്യത്തേയും ('നാത്യന്തം സംസ്കൃതേ

Digitized By Kerala Sahitya Akademi

നൈറ') കാളിദാസന്റെ മേഘസന്ദേശത്തിലെ ഒരു പദ്യാംശത്തേയും ('മേഘാലോകേ ഭവതി'), ശ്രീഹർഷന്റെ ഒരു പദ്യാംശത്തേയും ('ശയ്യാ വാസ്തൂത്തരച്ഛദാദി') അദ്ദേഹം സ്മരിക്കുന്നു. ഭാമഹൻ, ദണ്ഡി, മമ്മടഭട്ടൻ, എന്നീ ആലങ്കാരികന്മാരും വൃത്തരത്നാകരകാരനായ കേദാരഭട്ടനും അദ്ദേഹത്തിനു സുപരിചിതന്മാരാണ്. പ്രാകൃതം, തെലുങ്കു, കർണ്ണാടകം ഈ ഭാഷകളിലും ആചാര്യന്നു അറിവുണ്ടായിരുന്നു എന്നുള്ളതിനു പ്രസ്തുതഗ്രന്ഥത്തിൽ പര്യാപ്തമായ തെളിവുണ്ട്.

**ആദ്യത്തെ മൂന്നു ശില്പങ്ങൾ — അക്ഷരമാല:—** ഇനി ലീലാതിലകത്തിന്റെ ഉള്ളിലേക്കു കടക്കാം. ഒന്നാംശില്പത്തിനു മണിപ്രവാളലക്ഷണമെന്നും രണ്ടാമത്തേതിനു ശരീരനിരൂപണമെന്നും മൂന്നാമത്തേതിനു സന്ധിവിചാരണമെന്നും പേർ കല്പിച്ചിരിക്കുന്നു. മണിപ്രവാളത്തിന്റെ ലക്ഷണനിർവ്വചനമാണ് ഒന്നാംശില്പത്തിലെ പ്രമേയമെങ്കിലും മലയാളഭാഷയുടെ ഉൽപത്തിയെപ്പറ്റിക്കൂടി ആചാര്യൻ അതിൽ ആനുഷങ്ഗികമായി പ്രതിപാദിക്കേണ്ടിവരുന്നു എന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. അദ്ദേഹത്തിന്റെ കാലത്തിനുമുമ്പുതന്നെ മലയാളവും ചെന്തമിഴും വേർപിരിയുകയും മലയാളം കേരളത്തിന്റെ ശീതോഷ്ണസ്ഥിതിക്കും ആര്യസംസ്കാരസങ്കലനത്തിനും അനുരൂപമായ രീതിയിൽ ഒരു സ്വതന്ത്രഭാഷയായി വളർന്നു പരിപുഷ്ടിയെ പ്രാപിക്കുകയും ചെയ്തുകഴിഞ്ഞിരുന്നു എന്നും ഞാൻ അന്യത്ര ഒന്നിലധികം അവസരങ്ങളിൽ ഉപന്യസിച്ചിട്ടുണ്ട്. ആചാര്യനും തമിഴിൽനിന്നും വിഭിന്നമായ ഒരു ഭാഷയാണ് മലയാളമെന്നു സ്ഥാപിക്കുവാനാകുന്നു പ്രസ്തുതശില്പത്തിൽ ഉദ്യമിക്കുന്നതു്. തത്സംബന്ധമായുള്ള വാദത്തിനിടയിൽ അദ്ദേഹം തെലുങ്കും കർണ്ണാടകവും ദ്രാവിഡവേദമെന്നു പ്രസിദ്ധമായ ശഠകോപ(നമ്മാഴ്വാർ)മുനിയുടെ തിരുവായ്മൊഴിയിൽനിന്നു വ്യത്യാസപ്പെട്ട ഭാഷകളാണെന്നും, അവ സംസാരിക്കുന്ന ജനങ്ങൾ ദ്രമിഡഭാഷയിലെ മാതൃകാവർണ്ണങ്ങളുപയോഗിക്കുന്നതെന്നും ആ മാതൃകാവർണ്ണങ്ങൾ സംസ്കൃതത്തിലെ വർണ്ണങ്ങളിൽ വർഗ്ഗമധ്യങ്ങളിലുള്ള മൂന്നും ശ, ഷ, സ എന്നീ ഊഷ്മാക്കളും, ഋ, ൠ, ഌ സ്വരങ്ങളും വിസർഗ്ഗവും ഒഴികെ ശേഷമുള്ളവയും, ഹ്രസ്വങ്ങളായ എ, ഒ, ഇതുകളും റകാരവും ഴകാരവുമാണെന്നും ചൂണ്ടിക്കാണിച്ചു തെലുങ്കിനും കർണ്ണാടകത്തിനുമില്ലാത്ത സമീപബന്ധം തമിഴിനു മലയാളത്തോടുണ്ടെന്നു നമ്മെ വ്യങ്ഗ്യമര്യാദയിൽ ധരിപ്പിക്കുന്നു. ആചാര്യന്റെ കാലത്തു നാട്ടാശാന്മാർ കുട്ടികളെ പഠിപ്പിച്ചുവന്നതു തമിഴെഴുത്തുകൾതന്നെയായിരുന്നു. 'ക, കാ, കി, കീ പഠിച്ചാൽ പിന്നെ ഖ, ഖാ, ഖി, ഖീ പഠിക്കേണംപോൽ' എന്നു ക്രി: പി: ഏഴാംശതകത്തിലെ ഒരു കൃതിയായ ഭാരതചമ്പുവിൽ കാണുന്നതുകൊണ്ട് അക്കാലത്തിനുമുമ്പ് ഇന്നത്തെ അക്ഷരമാല ബാലശിക്ഷണത്തിനുപയോഗിച്ചുതുടങ്ങിയതായും അനുമാനിക്കാവുന്നതാണ്. 'ഉയിരുമുടമ്പുമാമുപ്പത്തുമുതലേ, എന്ന നന്നൂൽസൂത്രമനുസരിച്ചു പന്ത്രണ്ടു സ്വരങ്ങളും പതിനെട്ടു വ്യഞ്ജനങ്ങളുമുൾപ്പെടെ തമിഴിൽ മുപ്പതക്ഷരങ്ങ

Digitized By Kerala Sahitya Akademi

ളുണ്ടു്. സ്വരങ്ങളിൽ അ, ഇ, ഉ, എ, ഒ—ഈ അഞ്ചും (കുറിൽ) ഹ്രസ്വങ്ങളും ആ, ഈ, ഊ, ഏ, ഐ, ഓ, ഔ—ഈ ഏഴും (നെടിൽ) ദീർഘങ്ങളുമാകുന്നു. വ്യഞ്ജനങ്ങളിൽ ക, ച, ട, ത, പ, റ—ഇവ ആറിനേയും വല്ലിനമെന്നും ഞ, മ, ങ, ണ, ന, ഩ—ഇവയാറിനേയും മെല്ലിനമെന്നും യ, ര, ല, വ, ഴ, ള—ഇവയാറിനേയും ഇടൈയിനം (അന്തഃസ്ഥം) എന്നും പറയും. മൂന്നാംശില്പത്തിൽ ചില്ലുകൾ (വ്യഞ്ജനങ്ങൾ) പതിനെട്ടാണെന്നു പരിഗണിച്ചിട്ടുള്ളതു തമിഴ്മാർഗ്ഗമനുസരിച്ചാണെന്നു് ആചാര്യൻ സമ്മതിക്കുന്നു. പിന്നെയും അദ്ദേഹം രണ്ടാംശില്പത്തിൽ "എകര, ഒകര, ആയ്ത, ഴകര, റകര, നകരന്തമിഴ് പൊതുമറ്റേ" എന്ന അഗസ്ത്യസൂത്രം ഉദ്ധരിക്കുകയും അതിനെ അവലംബിച്ചു സംസ്കൃതത്തിലില്ലാത്ത ൻറ, ററ, റ, ഴ എന്നീ നാലക്ഷരങ്ങൾ ഭാഷയിലുണ്ടെന്നു കാണിക്കുകയും ചെയ്യുന്നു. ആയ്താക്ഷരം മലയാളത്തിൽ ഒരിക്കലും ഉണ്ടായിരുന്നതായി തോന്നുന്നില്ല എന്നു മുൻപു പറഞ്ഞിട്ടുണ്ടു്. നകാരത്തിൽനിന്നു വ്യത്യസ്തമായി ഩകാരമെന്നൊരക്ഷരം തമിഴിലെന്നതുപോലെ മലയാളത്തിലുമുണ്ടെന്നുതന്നെയാണു് ആചാര്യൻെറ പക്ഷം. അതിനെ എ, ഒ, ഇവയ്ക്കും മുൻചൊന്ന നാലക്ഷരങ്ങൾക്കും പുറമേ സംസ്കൃതത്തിലില്ലാത്ത ഏഴാമത്തെ അക്ഷരമായി പരിഗണിക്കണമെന്നും അദ്ദേഹം പറയുന്നുണ്ടു്. പക്ഷേ അതിനു തമിഴിലെന്നപോലെ പ്രത്യേകമൊരു ലിപി അദ്ദേഹം നിർദ്ദേശിക്കുന്നില്ല. ഏകാരത്തിനും ഓകാരത്തിനുംപോലും എ, ഒ ഇവയിൽനിന്നു ഭിന്നങ്ങളായ ലിപികൾ പണ്ടില്ലായിരുന്നു എന്നുള്ളതു നാം ഈയവസരത്തിൽ സ്മരിക്കേണ്ടതാകുന്നു. വീണ്ടും മൂന്നാംശില്പത്തിൽ ക, ച, ഞ, ത, ന, പ, മ, യ, വ, ഈ ഒൻപതു വ്യഞ്ജനങ്ങൾമാത്രമേ ഭാഷാപദങ്ങളുടെ ആദിയിൽ നില്ക്കുകയുള്ളു എന്നു് ആചാര്യൻ ഉപദേശിക്കുന്നു; ഇതും തമിഴ്വ്യാകരണമനുസരിച്ചുള്ള ഒരു വിധിയാണു്. ഇവയോടു 'ങ' കൂടിച്ചേർത്ത പത്തു വ്യഞ്ജനങ്ങൾ പദാദിയിൽ വരുമെന്നു നന്നൂലിൽ പ്രസ്താവനയുണ്ടെങ്കിലും 'ങ'യ്ക്കു് ഉദാഹരണത്തിനു വാക്കുകിട്ടാതെ 'അ ങ', ങ നം' (അങ്ങനെ) എന്ന പദമാണു് വ്യാഖ്യാതാക്കന്മാർ എടുത്തുകാണിക്കുന്നതു്. ഇതു ശരിയല്ലെന്നു പറയേണ്ടതില്ലല്ലോ. ബാക്കിയുള്ള എട്ടു വ്യഞ്ജനങ്ങളിൽ ങ, ട, ണ, ഴ, ള, റ, ഩ ഇവയിൽ ആരംഭിക്കുന്ന ശബ്ദങ്ങളില്ല. ര, ല, ഈ രണ്ടു വ്യഞ്ജനങ്ങളിലും ഭാഷാപദങ്ങൾ ആരംഭിക്കുവാൻ പാടില്ലെന്നുള്ള ദ്രാവിഡവ്യാകരണവിധി ആചാര്യൻ ഊർജ്ജിതപ്പെടുത്തുവാൻ ശ്രമിക്കുന്നു. അതുകൊണ്ടാണു് അദ്ദേഹം "രണ്ടാലുമൊന്നുണ്ടു നമുക്കിദാനീം" എന്ന പദ്യപാദത്തിലെ 'രണ്ടു' ശരിയല്ലെന്നും അതു് ഇരണ്ടെന്നുതന്നെ പ്രയോഗിക്കേണ്ടതാണെന്നും, രായർ, ലോകം മുതലായ ശബ്ദങ്ങൾ സംസ്കൃതാപഭ്രംശങ്ങളാകയാൽ അവ പ്രസ്തുതവിധിക്കു കീഴടങ്ങേണ്ടതില്ലെന്നും പറയുന്നതു്. ആ പ്രസ്താവനയിൽ ചിലർ സംശയിക്കുന്നതുപോലെ ആചാര്യനു യാതൊരു നോട്ടക്കുറവും തട്ടീട്ടില്ല.

'ആഭ്യാമിരാപ്പകൽ മനോഹരമെങ്ങനേ ഞാൻ'
'ശോഭാം ദധാതി തവ പോർമുലമൊട്ടിരണ്ടും'

Digitized By Kerala Sahitya Akademi

'അതിന്നൊരൊപ്പുവുമിരണ്ടു കണ്ടേയും'

തുടങ്ങിയ പ്രയോഗങ്ങൾ പരിശോധിക്കുക. പക്ഷേ 'വണ്ടാവതൊന്നുണ്ടു നാമുക്കിതാനീം' എന്നു പ്രയോഗിച്ച കവി വ്യവഹാരഭാഷയെ അനുസരിച്ചു എന്നേയുള്ളു. ഞ, ണ, ന, മ, ന, യ, ര, ല, വ, ഴ, ള, ഈ പതിനൊന്നു വ്യഞ്ജനങ്ങൾ പദാന്തത്തിൽ വരുമെന്നു ഭവണന്ദി പറയുന്നു. ആചാര്യൻ ഇവയിൽ ണ, മ, യ, ര, ല, വ, ഴ, ള, ന ഈ ഒൻപതക്ഷരങ്ങൾ മാത്രം സ്വീകരിക്കുകയും അവയിൽത്തന്നെ ണകാരനകാരങ്ങൾക്കു ഉദാഹരിക്കേണ്ട ഇരിഞ്ഞ (ശ്രേഷ്ഠത), പൊരുന (വൈരം) എന്നീ പദങ്ങൾ തമിഴിൽ മാത്രമേയുള്ളു എന്നു ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. റാന്തങ്ങളാണെന്നു തോന്നുന്ന 'മാവു്' 'കയറു്' മുതലായ പദങ്ങൾ സംവൃതസ്വരാന്തങ്ങളെന്നാണു് അദ്ദേഹത്തിന്റെ മതം. തമിഴ്‌വൈയാകരണന്മാരും റകാരത്തിലവസാനിക്കുന്ന ശബ്ദങ്ങൾ ഉള്ളതായിപ്പറയുന്നില്ല. തമിഴിൽ എല്ലാ സ്വരങ്ങൾക്കും പദാവസാനത്തിൽ സ്ഥാനമുണ്ടെന്നാണു് ആ ആചാര്യന്മാരുടെ മതം; എന്നാൽ മലയാളത്തിൽ ഒ, ഐ, ഔ എന്നീ മൂന്നു സ്വരങ്ങൾ അവിടെ നില്ക്കുകയില്ലെന്നു ലീലാതിലകകാരൻ ഉപദേശിക്കുന്നു. തമിഴിൽ ഐകാരാന്തങ്ങളായ പദങ്ങൾ മലയാളത്തിൽ അകാരാന്തങ്ങളാകയാൽ ഐകാരം മലയാളത്തിൽ പദാന്തത്തിൽ വരികയില്ലെന്നു പറയുന്നതു ശരിതന്നെ. നൊ (ദുഃഖം), വൌ (പിടിച്ചുപറി) ഈ മാതിരി ഉദാഹരണങ്ങളാണു് ഒ, ഔ ഇവയിൽ അവസാനിക്കുന്ന പദങ്ങൾക്കു ഭവണന്ദി നൽകുന്നതു്; അത്തരത്തിൽ ഒന്നോ രണ്ടോ പദങ്ങളേ തമിഴിൽപ്പോലുമുള്ളു. ആചാര്യന്റെ കാലത്തിനു മുമ്പു മലയാളത്തിൽ ലക്ഷണഗ്രന്ഥമില്ലായിരുന്നു എന്നും തമിഴിലല്ലാതെ തെലുങ്കു, കണ്ണാടകം ഈ ഭാഷകളിൽ സുപ്രസിദ്ധങ്ങളായ നിഘണ്ടുക്കളില്ലായിരുന്നു എന്നും നാം ലീലാതിലകത്തിൽനിന്നു് അറിയുന്നു.

ശബ്ദകോശം:—രണ്ടാംശില്പത്തിലാണു് ആചാര്യൻ ഭാഷാശബ്ദങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതു്. ദേശി, സംസ്കൃതഭവം, സംസ്കൃതരൂപം എന്നിങ്ങനെ ഭാഷ മൂന്നു വിധത്തിലുണ്ടെന്നും, ദേശിയെ ശുദ്ധം, ഭാഷാന്തരഭവം, ഭാഷാന്തരസമം എന്നു മൂന്നായി വിഭജിക്കാമെന്നും, കൊച്ചു്, മുഴം, തൊടി മുതലായവ ശുദ്ധദേശിക്കും, വന്നാൻ, നമുക്കു്, വേണ്ടാ മുതലായവ ഭാഷാന്തരഭവത്തിനും, പൊൻ, നാളെ, ഉടൽ മുതലായവ ഭാഷാന്തരസമത്തിനും ഉദാഹരണങ്ങളാണെന്നും, സംസ്കൃതപ്രകൃതി ഊഹിക്കാവുന്ന ശബ്ദം സംസ്കൃതഭവവും, അവസാനത്തിൽ മാറ്റം വരുന്ന സംസ്കൃതശബ്ദവും കാര്യാദിസന്ദർഭത്തിൽ പ്രത്യയാംശം സംസ്കൃതീകരിക്കുന്ന ഭാഷാശബ്ദവും സംസ്കൃതരൂപവുമാണെന്നു് അദ്ദേഹം നമ്മെ ഗ്രഹിപ്പിക്കുന്നു. തമിഴിനും മലയാളത്തിനും ഒരു കാലത്തു പൊതുവായിരുന്ന ശുദ്ധഭാഷാശബ്ദങ്ങളല്ലാതെ മലയാളത്തിനു പ്രത്യേകമായി ഒരു ശബ്ദകോശമില്ലെന്നും എന്നാൽ തമിഴിൽനിന്നു് അർത്ഥവ്യത്യാസം വന്നിട്ടുള്ള പല ശുദ്ധഭാഷാശബ്ദങ്ങൾ മലയാളത്തിൽ കാണുന്നുണ്ടെ

Digitized By Kerala Sahitya Akademi

നും ഞാൻ അന്യത്ര ഉപപാദിച്ചിട്ടുണ്ട്. ഭാഷാന്തരഭവങ്ങളായ പദങ്ങൾ മലയാളത്തിലുണ്ടെന്നു് ആചാര്യൻ പ്രസ്താവിക്കുന്നതു 'വന്താൻ' മുതലായ പദങ്ങൾ 'വന്നു' മുതലായി കണ്ണാടകക്കാരിലും 'വന്താൻ' മുതലായി തമിഴിലും കാണുന്നതുകൊണ്ടും കേരളത്തിന്റെ ഉല്പത്തി പാണ്ഡ്യചോളകണ്ണാടരാജ്യങ്ങൾക്കു പിന്നീടായതുകൊണ്ടുമാണ്. ഒരു കാലത്തു മലയപർവതത്തിനു കിഴക്കും പടിഞ്ഞാറും താമസിച്ചിരുന്ന ജനങ്ങൾ 'വന്താൻ' 'ഇരുന്താൻ' എന്നിങ്ങനെയാണു് സംസാരിച്ചുവന്നതു് എന്നുള്ളതിനു് ആചാര്യന്റെ കാലത്തും കേരളത്തിൽ താണ ജാതിക്കാർ 'വന്താൻ' 'ഇരുന്താൻ' 'തേങ്ക' 'മാങ്ക' എന്നിങ്ങനെ ഉച്ചരിച്ചിരുന്നു എന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവന ജ്ഞാപകമാകുന്നു. ഇന്നും ഉൾനാട്ടുകളിലും മലംപ്രദേശങ്ങളിലും ചില സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള ഉച്ചാരണം വേരറ്റുപോയെന്നു പറവാൻ പാടില്ലാത്ത വിധത്തിൽ അല്പസ്വല്പമായി നിലനില്ക്കുന്നുണ്ട്. വാസ്തവത്തിൽ ഭാഷാന്തരഭവമെന്നും ഭാഷാന്തരസമമെന്നും ആചാര്യൻ പരിഗണിക്കുന്ന പദങ്ങളെ പ്രായേണ ദേശി എന്നുതന്നെ പറയേണ്ടതാകുന്നു. തെലുങ്കു്, കണ്ണാടകം മുതലായ ദ്രാവിഡഭാഷകളിൽ നിന്നെടുത്തിട്ടുള്ള പദങ്ങൾ ഭാഷാന്തരഭവഗണത്തിൽ ചേരുന്നു. ദേശ്യപദങ്ങളെ, അതായതു കേരളത്തിന്റെ ചില ഭാഗങ്ങളിൽമാത്രം പ്രചരിക്കുന്ന ഭാഷാപദങ്ങളെപ്പറ്റി ലീലാതിലककാരൻ ഒന്നും പ്രസ്താവിക്കുന്നില്ല; എന്നാൽ അദ്ദേഹത്തിന്റെ കാലത്തും അത്തരത്തിലുള്ള പദങ്ങളുണ്ടായിരുന്നിരിക്കണം. സംസ്കൃതപ്രകൃതി ഊഹിക്കാവുന്ന പദങ്ങളെയെല്ലാം സംസ്കൃതഭവമാണെന്നു ഗണിക്കുവാൻ ആചാര്യർ അനുശാസിക്കുന്നതിന്റെ കാരണം സംസ്കൃതം എല്ലാ ഭാഷകൾക്കും മുമ്പുള്ളതെന്നുള്ള വിശ്വാസമാണു്. ദ്രാവിഡത്തിനും സംസ്കൃതംപോലെയുള്ള പഴക്കം കല്പിക്കേണ്ടതാണെന്നുള്ള ആധുനികസിദ്ധാന്തം അദ്ദേഹത്തിന്റെ കാലത്തു കേവലം അവിജ്ഞാതമായിരുന്നു. വയർ, പാമ്പു മുതലായ പദങ്ങൾ വൈരി പാപം മുതലായവയിൽനിന്നു ജനിച്ചതാണെന്നു പറയുന്നതു തീരെ അസംബന്ധമാണെന്നു് അദ്ദേഹം സമ്മതിക്കുന്നു. അതുപോലെതന്നെയാണു് അദ്ദേഹം സംസ്കൃതഭവങ്ങളെന്നു് ഊഹിക്കുന്ന കുടുക, കുതിര മുതലായ പദങ്ങളും. പളിങ്ങു്, ആണ, വക്കാണം, ചിരിതേവി മുതലായ പ്രാകൃതപദങ്ങളേയും, പ്രാകൃതം സംസ്കൃതജന്യമാകയാൽ സംസ്കൃതഭവകോടിയിൽ ആചാര്യൻ ഉൾപ്പെടുത്തുന്നു. വല്ലി, (വല്ലീ) മാലിക (മാലികാ) പിതാവു (പിതാ) മുതലായി അവസാനത്തിൽമാത്രം മാറ്റം വരുന്ന സംസ്കൃതപദങ്ങൾക്കു സംസ്കൃതരൂപങ്ങൾ എന്നു് ആചാര്യൻ നാമകരണം ചെയ്യുന്നു. മാണിക്കം മുതലായ പ്രാകൃതരൂപപദങ്ങളും ഈ കൂട്ടത്തിൽത്തന്നെ ചേരും. സംസ്കൃതരൂപഭാഷ അപകൃഷ്ടമെന്നും ഉൽകൃഷ്ടമെന്നും രണ്ടുമാതിരിയുണ്ടെന്നും താണ ജാതിക്കാർ സംസാരിക്കുന്നതു് അപകൃഷ്ടവും ഉയർന്ന ജാതിക്കാർ സംസാരിക്കുന്നതു് ഉൽകൃഷ്ടവുമാണെന്നും ആചാര്യൻ തുടർന്നു പ്രസ്താവിക്കുന്നു. 'സാദ്ഭേ സംസ്കൃതീകൃതാ ച' (ii–7) എന്ന സൂത്രത്തിൽനിന്നും മറ്റും 'കൊകയാ' 'കേഴന്തീ' 'ഊണുറക്കൌ' മുതലായ സംസ്കൃതരൂപപദങ്ങൾക്കു

Digitized By Kerala Sahitya Akademi

സാധാരണമായി വ്യവഹാരഭാഷയിൽ പ്രവേശമില്ലെന്നും, കാവ്യാദി സന്ദർഭങ്ങളിൽമാത്രമേ അവയെ സ്വീകരിക്കുവാൻ പാടുള്ളൂ എന്നും, എന്നാൽ ഹാസ്യരസപ്രധാനങ്ങളായ 'കിണറ്റിൽ പുളിങ്കുരുമ്പുമി' തുടങ്ങിയ വാക്യങ്ങളിൽ അവയ്ക്കു സ്ഥാനമുണ്ടെന്നും നാം അറിയുന്നു. ഭാഷീകൃതമായ സംസ്കൃതം വ്യവഹാരഭാഷയിലും കാവ്യാദിപ്രബന്ധത്തിലും പ്രയോഗിക്കാമെന്നും ത്രൈവർണ്ണികന്മാരുടെ സംഭാഷണത്തിൽ സംസ്കൃതാക്ഷരങ്ങളുടെ കലർപ്പു ധാരാളം കാണുമാറുണ്ടെന്നും ''വസ്ഗ്ഗിസ്സ്യാളിച്ചു' 'ധടിയൻ' 'അഗ്ഗിരി' മുതലായ പദങ്ങൾ ഹാസ്യരസസ്ഫുരണത്തിനു് ആവശ്യകമാണെന്നും രണ്ടും മൂന്നും ശില്പങ്ങളിൽനിന്നു ഗ്രഹിക്കാവുന്നതാണു്.

**വിഭക്തിപ്രത്യയാദി നിരൂപണം:—** ഇതും രണ്ടാം ശില്പത്തിലെ വിഷയകോടിയിൽ പെടുന്നതുതന്നെ. മലയാളത്തിൽ എട്ടു വിഭക്തികളും മൂന്നു ലിംഗങ്ങളും രണ്ടു വചനങ്ങളുമുണ്ടെന്നും വിഭക്തികളിൽ ആദ്യത്തേതു പ്രാതിപദികംതന്നെയെന്നും രണ്ടുമുതൽ ഏഴുവരെ വിഭക്തികൾക്കു് എ, ഓടു്, നിൻറു്, ഉടെ, ഇൽ, ഇവയാണു് യഥാക്രമം പ്രത്യയങ്ങളെന്നും എട്ടാമത്തെ വിഭക്തി വിളിയാണെന്നും ആചാര്യൻ പ്രസ്താവിക്കുന്നു. 'പേരെയൊടുകുനിൻറുടെയിൽവിളിയിത്യഷ്ടകം' എന്ന ലീലാതിലകസൂത്രത്തിനും ''പെയരേ ഐ ആൽ കുഇൻ അതുകൺ വിളിയെൻറാകുമവററിൻ പെയർമുറൈ'' എന്ന നന്നൂൽ സൂത്രത്തിനും ചില അംശങ്ങളിൽ സാദൃശ്യമുണ്ടു്. പ്രഥമ, ദ്വിതീയ ഇത്യാദി നാമങ്ങൾ ഉപയോഗിക്കാതെ ലീലാതിലകകാരൻ ഒന്നാമത്തേതു്, രണ്ടാമത്തേതു്, എന്നിങ്ങനെ അർത്ഥമുള്ള പ്രഥമം, ദ്വിതീയം ഇത്യാദി നാമങ്ങൾ ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധേയമാണു്. തമിഴിലെ ഐക്കു പകരം മലയാളത്തിൽ രണ്ടാം വിഭക്തിക്കുള്ള പ്രത്യയം 'എ' (ഹ്രസ്വം) ആണെന്നു് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. പ്രത്യുത എട്ടാം വിഭക്തിയിൽ 'മരമേ' 'വടിയേ' ഇത്യാദി പദങ്ങളിൽ കാണുന്ന ഏകാരം ദീർഘമാണു്. ഓടു് എന്ന പ്രത്യയത്തിനു പുറമേ മൂന്നാം വിഭക്തിക്കു് 'ആൽ' എന്നും 'കൊണ്ടു്'' എന്നും രണ്ടു പ്രത്യയങ്ങൾ കൂടി വരുമെന്നും 'മരത്തെക്കൊണ്ടു്'' എന്നതിലെ എകാരം സാധായക (ചാരിയൈ) മാണെന്നുമത്രേ ആചാര്യന്റെ മതം. മൂന്നാം വിഭക്തിക്കു പഴന്തമിഴിൽ 'ആൻ' എന്നായിരുന്നു പ്രത്യയം: അതു് ഇടക്കാലത്തമിഴിൽ 'ആൽ' ആയി. ഭവണന്ദി സ്വീകരിക്കുന്നതു് ഈ 'ആൽ' പ്രത്യയമാണു്; വ്യാഖ്യാതാക്കന്മാർ 'ഒടു' 'കൊണ്ടു' ഇവയേയും എടുത്തു കാണിക്കുന്നുണ്ടു്. കൊണ്ടു് എന്നതു 'കൊൾ' എന്ന സകർമ്മകക്രിയയുടെ മുൻവിനയെച്ചരൂപമാണു്. ആ സ്ഥിതിക്കു 'മരത്തെക്കൊണ്ടു്'' എന്നതിലെ 'എ' രണ്ടാംവിഭക്തി പ്രത്യയമാണെന്നും സാധായകമല്ലെന്നും വന്നുകൂടുന്നു. നാലാംവിഭക്തി പ്രത്യയം 'കു' എന്നാണെങ്കിലും 'അന്നു്'' 'ഇന്നു'' എന്നുംകൂടി വരുമെന്നു പറഞ്ഞു് ആചാര്യൻ 'താനന്നു'' 'അതിന്നു'' ഈ പദങ്ങൾ ഉദാഹരിക്കുന്നു. 'ആയിക്കൊണ്ടു''

Digitized By Kerala Sahitya Akademi

എന്ന മറ്റൊരു പ്രത്യയത്തെയും അദ്ദേഹം പ്രകൃതത്തിൽ സ്മരിക്കുന്നു. തമിഴിലെ നാലാംവിഭക്തിപ്രത്യയം 'കു' ആണ്; 'ക്കു' കാരിന്ന ദ്വിത്വം വരുന്നോടം സിദ്ധിക്കുന്ന രൂപമാകുന്നു. 'ന' 'നു' എന്നീ രൂപങ്ങളും മലയാളത്തിൽ പ്രചരിച്ചുകഴിഞ്ഞിരുന്നതായി ക്രി: പി: പത്താംശതകത്തിലെ ചില ശിലാരേഖകളിൽനിന്നു പ്രത്യക്ഷപ്പെടുന്നു. അതുകൊണ്ടു 'നു' എന്ന പ്രത്യയംമാത്രം ആചാര്യൻ എടുത്തുകാണിക്കുന്നതിൽ അവ്യാപ്തിദോഷമുണ്ടെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. 'ആയിക്കൊണ്ടു'' എന്നതു പ്രത്യയമല്ലെന്നു പറയേണ്ടതില്ലല്ലോ. 'നിൻറു' എന്നാണു് അഞ്ചാംവിഭക്തിപ്രത്യയം എങ്കിലും 'ഇൽനിൻറു' 'മേൽനിൻറു' 'പുൽനിൻറു' മുതലായ ഉദാഹരണങ്ങളാണു് അദ്ദേഹം എടുത്തുകാണിക്കുന്നതു്. 'നിൻറു' എന്ന പ്രത്യയം സഹായകം കൂടാതെ പ്രയോഗാർഹമല്ലെന്നു് ഇതിൽനിന്നു തെളിയുന്നു. 'നിൻറു' എന്നല്ലാതെ 'നിന്നു' എന്നു് ആചാര്യൻ പ്രയോഗിക്കാത്തതു പൂർവാചാരപരിപാലനത്തിനുവേണ്ടിയാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ആറാംവിഭക്തിക്കു് 'ഉടെ'ക്കു പുറമേ 'ഇടെ' 'റെ' 'ന്റ'' ഇങ്ങനെ മൂന്നു പ്രത്യയങ്ങൾകൂടിയുണ്ടെന്നു നിർദ്ദേശിച്ചു് 'അവളിടെ' 'അവൻറെ' 'അവന്റ'' ഇത്യാദ്യുദാഹരണങ്ങൾ അദ്ദേഹമുദ്ധരിക്കുന്നു. 'ഇടെ'യാണു് 'ഇൻെറ'യായി പരിണമിച്ചതു്. 'ഇൻ' എന്നു് അഞ്ചാംവിഭക്തിക്കും 'അതു' എന്നു് ആറാംവിഭക്തിക്കും ആദികാലത്തുണ്ടായിരുന്ന പ്രത്യയങ്ങൾ മലയാളത്തിൽ വളരെക്കാലംമുമ്പുതന്നെ പ്രചാരരഹിതങ്ങളായിപ്പോയി. ഏഴാംവിഭക്തിപ്രത്യയമായ 'കൺ' 'കൽ' *ആയി മാറിയെങ്കിലും പൂർവരൂപത്തിൽ പിന്നെയും കുറേക്കാലം നിലനിന്നു. ലീലാതിലകകാരൻെറ കാലത്തിൽ സാധാരണമായി പ്രയോഗിച്ചുവന്ന ഏഴാംവിഭക്തിപ്രത്യയം ഇന്നത്തെപ്പോലെ 'ഇൽ' തന്നെയായായിരുന്നു. ഈ പ്രത്യയം മധ്യകാലത്തിലെ തമിഴിലുമുണ്ടായിരുന്നു എന്നു് "കൺകാൽ കടൈയിൽ ഇടൈ'' (302) എന്ന നന്നൂൽസൂത്രത്തിൽനിന്നു് അറിയുന്നു. 'ദ്വിതീയമസമാസേ വാ' (14) എന്ന സൂത്രംകൊണ്ടു സമാസമില്ലാത്തിടത്തും രണ്ടാം വിഭക്തിയുടെ പ്രത്യയം പാക്ഷികമായി ലോപിക്കും എന്നു പറഞ്ഞു്, അതിനു മാലകണ്ടു (മാലയെക്കണ്ടു) പുലികൊൻറു (പുലിയെക്കൊൻറു) എന്നീ ഉദാഹരണങ്ങൾ കാണിച്ചു് അത്തരത്തിലുള്ള ലോപം അചേതനവസ്തുക്കളേയോ തിര്യക്കുകളേയോ കുറിക്കുന്ന വാക്കുകളിലേ വരികയുള്ളൂ എന്നു ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു. ഇക്കാലത്തു പുലിയെക്കൊന്നു എന്നതിനു പകരം പുലികൊന്നു എന്നു പറഞ്ഞാൽ മതിയാകുന്നതല്ല. 'ക്രിയായാം കാലത്രയേ പ്രായോ ഗദിതം' (24) എന്ന സൂത്രംകൊണ്ടു ക്രിയാപദങ്ങളോടു ലിംഗവചനപ്രത്യയങ്ങൾ മൂന്നു കാലങ്ങളിലും പ്രായേണ മാത്രമേ ചേരൂ എന്നു് ആചാര്യൻ നന്ദെ

* 'കൽ' എന്നതിൻെറ പൂർവ്വരൂപം 'കൺ' അല്ലെന്നും കാൽ ആണെന്നും ഊഹിക്കുന്ന ചില പണ്ഡിതന്മാരുമുണ്ടു്.

Digitized By Kerala Sahitya Akademi

അനുസ്മരിപ്പിക്കുന്നു. ആ വിധി അനുസരിച്ച് അന്നത്തെ ഭാഷയിൽ 'ഉണ്ടാൻ' 'ഉണ്ടു' എന്നീ രണ്ടു രൂപങ്ങളും സുസാധുക്കൾതന്നെ. ലിംഗവചനപ്രത്യയങ്ങൾ ഗ്രന്ഥകാരന്മാർ മാത്രമേ ക്രിയാപദങ്ങളോടു പ്രായേണ ചേർത്തിരുന്നുള്ളു എന്നും വ്യവഹാരഭാഷയിൽ അങ്ങനെയുള്ള പ്രയോഗങ്ങൾക്കു പ്രവേശമില്ലായിരുന്നു എന്നും ഊഹിക്കുവാനു സമീചീനമായിരിക്കും. വന്നാ, വന്നീർ, വന്നോം തുടങ്ങിയ പദങ്ങൾ അന്നു ഗ്രന്ഥകാരന്മാരെങ്കിലും പ്രയോഗിച്ചുവന്നിരിക്കണം; അവർക്കും അപരിചിതമായിരുന്ന 'വന്നേം' എന്ന രൂപംകൂടി രണ്ടാംശില്പം 24-ാംസൂത്രത്തിൽ ആചാര്യൻ എടുത്തു കാണിക്കുന്നതിൽ നിന്നു് അദ്ദേഹം തമിഴ്‌വൈയാകരണന്മാരെ എത്രമാത്രം അനുകരിക്കുന്നുണ്ടെന്നുള്ളതു സ്പഷ്ടമാകുന്നതാണു്.

**സന്ധിവിവരണം:—**മൂന്നാംശില്പത്തിൽ ആചാര്യൻ ഭാഷാസന്ധിയെപ്പററിമാത്രമാകുന്നു വിവരിക്കുന്നതു്. അദ്ദേഹം ഉപദേശിക്കുന്ന ചില നിയമങ്ങൾ പ്രത്യേകം ശ്രദ്ധേയങ്ങളാണു്. (1) 'ദധ്യന്നം' എന്ന സംസ്കൃതപദത്തിൽ കാണുന്ന യകാരം ആദേശവും, 'ആനയതു്' എന്നതിലെ യകാരം വിസന്ധിദോഷം പരിഹരിക്കുന്നതിനുവേണ്ടി ചേർക്കുന്ന ആഗമവുമാണു്. (2) വകാരാന്തങ്ങളായി 'അവ്' 'ഇവ്' 'ഉവ്' ഇങ്ങനെ മൂന്നു ഭാഷാപദങ്ങളേയുള്ളു. അവയിൽത്തന്നെ ഉവ് (സമീപത്തുള്ള 'അവ') പാണ്ഡ്യഭാഷാപദമത്രേ. (3) അതു് എന്നതിലെ ഉകാരം അർദ്ധമാത്രികവും (തമിഴിൽ ഇതിനു കുററിയലുകാരമെന്നു പേർ.) 'മവു' എന്നതിലേതു് ഏകമാത്രികവുമാണു്. റ്, ട്, ഇവയിലെ കുററിയലുകാരത്തിനുശേഷം സ്വരം വന്നാൽ ആ റകാരടകാരങ്ങൾ ഇരട്ടിക്കും. ഉദാഹരണങ്ങൾ ആററകം, നാട്ടകം. നന്നൂലിൽ (183) ഈ ദ്വിത്വം പ്രായേണ വരുമെന്നേ പറയുന്നുള്ളു. കാടകം, മിടാണിയൽ, ഇവയെ ഭവണന്ദി പ്രത്യുദാഹരണങ്ങളായി കാണിക്കുന്നു. ഇങ്ങനെ ചില സന്ധികൾ ഭാഷയിലുമുണ്ടായിരുന്നിരിക്കണം; ആചാര്യൻ വളരെ മിതഭാഷിയാകയാൽ അവയെപ്പററി ഒന്നും പറയുന്നില്ല. (4) മാ, പൂ എന്നീ ശബ്ദങ്ങൾ മാവിന്റേയും പൂവിന്റേയും വാചകങ്ങളാണു്. അതുകൊണ്ടു മാന്തോൽ, മാമ്പൂ, പൂന്തേൻ, പൂമൊട്ടു ഇവയിൽ പിൻവരുന്ന ധാതുകളുടെ വർഗ്ഗപഞ്ചമങ്ങൾ ആഗമങ്ങളാകുന്നു. (5) നകാര ണകാരങ്ങൾക്കു പരമായി ക, ച, ഞ, പ, മ, യ, വ ഇവയിലൊരു വ്യഞ്ജനം വന്നാൽ യാതൊരു വികാരവും സംഭവിക്കുന്നതല്ല. ഉദാ:—പൊന്മല, മൺകുടം. മട്കുടം, മട്ത്തുത ഇവ തമിഴ്‌പ്പദങ്ങളാകുന്നു. ആദികാലത്തു പൊന്മല, മൺകുടം ഇവതന്നെയായിരുന്നു രൂപങ്ങൾ എന്നു ഞാൻ അന്യത്ര പ്രസ്താവിച്ചിട്ടുണ്ടു്. (6) ണകാരത്തിൽനിന്നു പരമായ തകാരം ടകാരമാകും. ഉദാ:— മൺതീതു്=മണ്ടീതു്. എണ്ടിച, തണ്ടാർ മുതലായ പദങ്ങളും ഈ സൂത്രത്തിന്റെ വ്യാപ്തിയിൽ പെടുമെന്നു നാം ഓർമ്മിക്കണം. (7) ളകാരത്തിനും ണകാരത്തിനും പരമായ നകാര

Digitized By Kerala Sahitya Akademi

ത്തിന്നു് ണകാരം ആദേശമായിവരും. ഉദാ:—മൂൾ+നാൻറ്=മൂൺ+നാൻറ്=മൂണ്ണാൻറ്. തമിഴിൽ 'കുറിലണൈ' (210) ഇത്യാദി നന്നൂൽസൂത്രമനുസരിച്ചു തുൾ+നാൻറ് എന്നതു തുണ്ണാൻറ് എന്നും പച്ചമൺ+നാൻറ് എന്നതു് പച്ചമണ്ണാൻറ് എന്നും മാറും. ആ സന്ധികാര്യം മലയാളത്തിലുമുണ്ടായിരുന്നു എന്നു് ആചാര്യൻ വാണു 'ദീർഘാണ്ണോ ണോ ലോപഃ' (iii–21) എന്ന സൂത്രത്തിൽ പാഠിപ്പിക്കുന്നു. വാണ്ണൻറ്, വാണൻറ് ആകുമെന്നും നീണാളിന്റെ ആഗമവും അതുപോലെതന്നെയെന്നും അദ്ദേഹം പറയുന്നു. ചിലപ്പോൾ ഹ്രസ്വത്തിനു ശേഷമുള്ള ണകാരവും ലോപിക്കുമെന്നുള്ളതിന്നു് അവൾ+നില=അവണില, വേദങ്ങൾ+നാലും=വേദങ്ങണാലും ഈ ഉദാഹരണങ്ങളും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. എന്നാൽ വാഴ്+നാൾ വാണാളാകുന്നതു പ്രയോഗമനുസരിച്ചെന്നാകുന്നു അദ്ദേഹം പറയുന്നതു്. തമിഴിലും വാണാളിന്റെ ആഗമത്തിനു 'ചിറപ്പുവിധി' വിശേഷവിധികാണുന്നില്ല. (8) കചവിച്ഛാപഃ (iii–19) എന്ന സൂത്രത്തിൽ കരുമ്പു+വില്ലൻ=കരുപ്പുവില്ലൻ, പിരമ്പു+കാരൻ=പിരപ്പുകാരൻ എന്നീ ഉദാഹരണങ്ങൾ അന്തർഭവിപ്പിച്ചതു ശരിയാണോ എന്നു ഞാൻ സംശയിക്കുന്നു. മകാരം തന്നെയാണു് ആ പദങ്ങളിൽ ലോപിക്കുന്നതെങ്കിലും അതു് ഉത്തരപദങ്ങൾ വകാര–കകാരങ്ങൾകൊണ്ടു് ആരംഭിക്കുക നിമിത്തമല്ലല്ലോ. (9) ലനയോഃ കചപേഷു റഃ (iii–25) എന്ന സൂത്രം പ്രധാനമാണു്. നകാരത്തിനു കചപങ്ങൾ പരങ്ങളായാൽ യാതൊരു വികാരവുമുണ്ടാകുന്നതല്ലെന്നു 'ണനയോഃ' ഇത്യാദിസൂത്രത്തിൽ (iii–13) വിധിച്ച ആചാര്യൻ പ്രസ്തുതസൂത്രത്തിൽ ലകാരത്തിനുശേഷം കചപങ്ങൾ വന്നാൽ റകാരാദേശം വരുമെന്നു പറയുന്നതു പൂർവാപരവിരുദ്ധമായി തോന്നുന്നു. പൊറ്കിണ്ണാടി, പൊറ്ചില, പൊറ്പ്പൊടി ഈ ഉദാഹരണങ്ങൾ അദ്ദേഹം വൃത്തിയിൽ ഉദ്ധരിക്കുന്നതു്, സൂ: (iii–25) പ്രാചീനഭാഷയേയും സൂ: (iii–13) ഗ്രന്ഥകാരന്റെ സമകാലികഭാഷയേയും പരാമർശിക്കുന്നതുകൊണ്ടാണെന്നു് ഊഹിക്കാം. (10) തേസ്യ ച (iii–26) എന്ന സൂത്രവും പ്രധാനംതന്നെ. ലളങ്ങൾക്കു തകാരം പരമായാൽ ലളങ്ങളും തകാരവും റകാരമാകുമെന്നാണു് ആ സൂത്രത്തിൽ ആചാര്യൻ വിധിക്കുന്നതു്. ഉദാ:—കൽ+തളം=കാറളം. കോൽ+തേൻ=കോറേറൻ. (11) ശേഷം പ്രയോഗാൽ ജ്ഞേയം (iii–28) എന്നു് ഒടുവിൽ സന്ധിവിചാരണം അവസാനിപ്പിച്ചുകൊണ്ടു ചന്ദ്രക്കല എന്ന പദത്തിൽ ചന്ദ്രപദം ഭാഷീകൃതമായിട്ടേ ആകകൊണ്ടാണു് കകാരത്തിനു ദ്വിത്വം വന്നതെന്നു് ഗ്രന്ഥകാരൻ നമുക്കു കാണിച്ചുതരുന്നു.* ചെറിയ ഓളം=ചിറ്റോളം; വലിയ മല=വന്മല; കൂറുള്ള വാഴയ്ക്ക=കൂറവാഴയ്ക്ക; കന്നിന്റെ വാണിയം=കാറുവാണിയം എന്നും മറ്റും പറയുന്നതിൽ യുക്തിഭംഗങ്ങളുമുണ്ടു്.

* ഭാഷയിൽ ശകാരസകാരങ്ങൾക്കു ദ്വിത്വം വരുന്നതു് അവയ്ക്കു തകാരചകാരങ്ങളുമായി സാമ്യമുള്ളതുകൊണ്ടാണെന്നു് അന്യത്ര (iii–28) വിധിക്കുന്ന ആചാര്യൻ ഴകാരം ളകാരംപോലെ മൂർദ്ധന്യമാകയാലാണു് വാണാൾ നീണാൾപോലെ തീർന്നതെന്നു് ഉപപാദിക്കാമായിരുന്നു.

Digitized By Kerala Sahitya Akademi

ചിറ+ഓളം ആണ്ട് ചിററാളം; വൻ+മല=വന്മല; കന്ന+വാണിയം=കാററവാണിയം; കൂറ+വാഴയ്ക്കാ=കൂറവാഴയ്ക്കാ ഇങ്ങനെ സൂക്ഷ്മസന്ധി കണ്ടുകൊള്ളുക. രണ്ടും മൂന്നും ശില്പങ്ങളിലെ സൂത്രങ്ങളുടെ പൌർവ്വാപര്യക്രമം തമിഴ് വ്യാകരണങ്ങൾ അനുസരിച്ചുതന്നെയാണ്. ഇത്രയും പ്രസ്താവിച്ചതിൽനിന്ന് ആചാര്യനു ദ്രാവിഡവൈയാകരണന്മാരോടുള്ള കടപ്പാട് എത്രമാത്രമുണ്ടെന്നുള്ളതു വീണ്ടും പ്രത്യക്ഷപ്പെടുന്നതാണ്. സൂത്രങ്ങൾ സംസ്കൃതത്തിലാകയാൽ അവയുടെ രചനയിൽ 'തസ്മിന്നിതി നിർദ്ദിഷ്ടേ പൂർവ്വസ്യ' 'തസ്മാദിത്യുത്തരസ്യ' എന്നീ പാണിനിസൂത്രങ്ങൾ അനുസരിക്കേണ്ടിവന്നിട്ടുണ്ട്.

**നാലാംശില്പം:**—ദോഷാലോചനം എന്നാണ് നാലാംശില്പത്തിന്റെ സംജ്ഞ. (1) അപശബ്ദം (2) അവാചകം (3) കഷ്ടം (4) വ്യർത്ഥം (5) അനിഷ്ടം (6) ഗ്രാമ്യം (7) പുനരുക്തം (8) പരുഷം (9) വിസന്ധി (10) രീതിച്യുതം (11) ന്യൂനപദം (12) അസമാനപദം (13) ക്രമഭംഗം (14) യതിഭംഗം (15) വൃത്തഭംഗം (16) ദുർവൃത്തം (17) സാമാന്യം (18) ശ്ലിഷ്ടാർത്ഥം (19) അസംഗതം (20) വികാരാനുപ്രാസം: ഇങ്ങനെ ഇരുപതു കാവ്യദോഷങ്ങളെപ്പററി ലീലാതിലകകാരൻ പ്രതിപാദിക്കുന്നുണ്ട്. ഭരതൻ നാട്യശാസ്ത്രത്തിൽ പത്തും ഭാമഹൻ കാവ്യാലങ്കാരത്തിന്റെ പ്രഥമപരിച്ഛേദത്തിൽ പത്തും ചതുർത്ഥപരിച്ഛേദത്തിൽ പത്തുമായി മൊത്തത്തിൽ ഇരുപതും ദണ്ഡി കാവ്യാദർശത്തിന്റെ തൃതീയപരിച്ഛേദത്തിൽ പത്തും ദോഷങ്ങളെ പരാമർശിക്കുന്നു. ആചാര്യൻ തന്റെ കാലത്തിനു മുമ്പുണ്ടായിട്ടുള്ള സംസ്കൃതാലങ്കാരഗ്രന്ഥങ്ങളെല്ലാം നോക്കി സ്വതന്ത്രമായ ഒരു പട്ടികയാണ് ഉണ്ടാക്കിയിട്ടുള്ളത്. വിശ്വനാഥകവിരാജൻ സാഹിത്യദർപ്പണത്തിൽ ചെയ്തിട്ടുള്ളതുപോലെയും മററും പദദോഷങ്ങൾ, പദാംശദോഷങ്ങൾ, വാക്യദോഷങ്ങൾ, അർത്ഥദോഷങ്ങൾ, രസദോഷങ്ങൾ എന്നിങ്ങനെ ദോഷങ്ങളെ വിഭജിച്ചിട്ടില്ല; 'പദാദിദോഷങ്ങൾ' എന്നു മൊത്തത്തിൽ പറഞ്ഞുപോകുന്നതേയുള്ളു. അപശബ്ദദോഷത്തിനു ഭാഷയിൽനിന്നും സംസ്കൃതത്തിൽനിന്നും ഉദാഹരണങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. മുകുളാർത്ഥത്തിൽ 'മുകുരം' എന്നപോലെ 'പവളം' എന്ന അർത്ഥത്തിൽ 'പവം' എന്നു പ്രയോഗിക്കാൻ പാടില്ലെന്ന് അദ്ദേഹം ആദ്യമായി പറയുന്നു. ദിവാകരനിഘണ്ടുവിൽ "വിത്തുരുമന്തുകിർത്തുപ്പ്പാടരത്തം മൊഴുപ്പിറവാളം തുവരിവൈ പവളം" എന്നിങ്ങനെയാണ് 'പവള'ത്തിന്റെ അഭിധാനങ്ങൾ കാണുന്നതെന്നും അതുകൊണ്ട് പവം എന്നൊരു പര്യായമില്ലെന്നുമാണ് അദ്ദേഹത്തിന്റെ മതം. അതു ശരിതന്നെ. 'വന്നളവു' എന്നതിനു പകരം 'വന്നാൾ' എന്നും, 'വെളാ' (വെളുക്കുകയില്ല) എന്നതിനു പകരം 'വെളുവാ' എന്നും പ്രയോഗിക്കുന്നതും തെറെറന്നു സമ്മതിക്കാം. എന്നാൽ 'തുലോം' എന്നല്ലാതെ 'തുലവും' എന്നു പ്രയോഗിക്കുന്നതു ശരിയല്ലെന്ന് ആചാര്യൻ പറയുന്നതിൽ അല്പം നോട്ടക്കുറവുള്ളതുപോലെ തോന്നുന്നു. തുലം, എന്നാൽ ഏറം, ഏററം

Digitized By Kerala Sahitya Akademi

എന്നർത്ഥം; അതിനോട്' ഉം എന്ന സമുച്ചയനിപാതം ചേർക്കുമ്പോൾ തുലാവും എന്ന പദം നിഷ്പന്നമാകുന്നു. 'തുലാവും' സങ്കുചിതമായതാണ് 'തുലോം'. അതിനാൽ 'നൃത്തമഞ്ജരി നിന്നെ വന്നു തുലാവും നാളുണ്ടു കാണാതിതു്'' എന്ന വരിയിലെ തുലാവും ആ ശബ്ദംതന്നെയാണു്. ലീലാതിലകകാരന്റെ കാലത്തു് അതു പ്രചാരലുപ്തമായിത്തീരുകയാൽ അദ്ദേഹം 'തുലോം' എന്ന പദത്തിനുമാത്രമേ സാധുത്വം കല്പിക്കുന്നുള്ളൂ എന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. സംസ്കൃതാപശബ്ദങ്ങൾക്കു് ഉദാഹരണങ്ങളായി അദ്ദേഹം കാണിക്കുന്ന 'അന്യാഗോത്രശ്രവണസമയേ' എന്നതിൽ 'അന്യ' എന്നതു 'സർവ്വനാമ്നോ വൃത്തിമാത്രേ പുംവദ്ഭാവോ വക്തവ്യഃ' എന്ന വാർത്തികമനുസരിച്ചു് 'അന്യ' എന്നേ നില്ക്കൂ എന്നും 'മദ്ബാഹുകണ്ഠസംരോക്ഷണനാസികാനാം' എന്നതിൽ 'നാസികാനാം' എന്നതു ''ദ്വന്ദ്വശ്ച പ്രാണിതൂര്യസേനാങ്ഗാനാം'' (പാ: ii–4 ii) എന്ന സൂത്രമനുസരിച്ചു 'നാസികായാഃ' എന്നു വേണമെന്നും മററും ആചാര്യൻ പ്രസ്താവിക്കുന്നതു സ്വീകാര്യംതന്നെ. എന്തെന്നാൽ ആ സമസ്തപദങ്ങൾ സംസ്കൃതമാണല്ലോ. അവാചകം അപശബ്ദത്തിൽനിന്നു ഭിന്നമാണെന്നും ഏതർത്ഥത്തിൽ പ്രയോഗിക്കുന്നുവോ ആ അർത്ഥം ഗ്രഹിപ്പിക്കുന്നതിനു് അസമർത്ഥമായ പദമാണു് അവാചകമെന്നും അദ്ദേഹം പറയുന്നു. അതിനു് 'ഈട്ടിക്കൂട്ടിയിരുട്ടുകൊണ്ടു മദനൻ നിർമ്മിച്ച പൂഞ്ചായലും' എന്നതാണു് പ്രഥമോദാഹരണം. ചായൽ എന്ന പദം തലമുടി എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്നതു ശരിയല്ലെന്നും ആ പദത്തിനു പ്രസ്തുതാർത്ഥത്തിൽ ശക്തിയോ നിരൂഢലക്ഷണയോ ഇല്ലെന്നും പ്രയോഗമുണ്ടെന്നുവച്ചുമാത്രം അതു സ്വീകാര്യമല്ലെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. തമിഴിലെ ദിവാകരാദിനിഘണ്ടുക്കളിൽ ചായലിനു തലമുടി എന്നർത്ഥമില്ലെന്നുള്ളതു ശരിതന്നെയാണു്; എന്നാൽ പ്രയോഗബാഹുല്യമുള്ള സ്ഥിതിക്കു് അതിനു് അവാചകത്വദോഷം ആരോപിക്കുവാൻ പാടുള്ളതല്ല. മലയാളത്തിൽ ആ അർത്ഥം പ്രസ്തുതശബ്ദത്തിനു വന്നുചേർന്നു എന്നുപപാദിച്ചാൽ മതിയാകുന്നതാണല്ലോ. ഇതിൽനിന്നു് ആചാര്യൻ തമിഴിലെ അഭിധാനഗ്രന്ഥങ്ങളെ എത്രമാത്രം ശരണീകരിച്ചിരുന്നു എന്നു വെളിപ്പെടുന്നതാണു്. 'ചന്ദ്രാ', 'നരേന്ദ്രാ', എന്നീ സംബുദ്ധികൾക്കു പകരം 'ചന്ദ്രനേ', 'നരേന്ദ്രനേ' എന്നിങ്ങനെ പ്രയോഗിക്കുന്നതു കഷ്ടമെന്ന ദോഷത്തിൽ പെടുന്നു. കഷ്ടമെന്നാൽ കുയുക്തികൊണ്ടുമാത്രം ശരിയെന്നു സാധിക്കാവുന്നതു്. തോലന്റെ 'നീണ്ടിട്ടിരിക്കും നയനാഞ്ചലത്തി''യേയും ഇതിനുദാഹരണമായി ആചാര്യൻ ഉദ്ധരിക്കുന്നു. 'കാകപ്പുള്ളുക' എന്നതു ഗ്രാമ്യശബ്ദമായി ആചാര്യൻ കരുതുന്നു. എന്നാൽ ''പ്രേമം തമ്മിൽ'' എന്ന ശ്ലോകം രചിച്ച കാലത്തു് അതു് അഗ്രാമ്യമായിരുന്നു എന്നൂഹിക്കുവാൻ ചില പ്രാചീനകൃതികൾ പഴുതുനല്കുന്നു എന്നു നാം കണ്ടുവല്ലോ. അനുചിതവൃത്തമാണു് ദുർവൃത്തം; അതു വൃത്തഭങ്ഗത്തിൽനിന്നു ഭിന്നമാണെന്നു പറയേണ്ടതില്ലല്ലോ. സ്വാഗതവൃത്തം കേരളഭാഷയ്ക്കു യോജിക്കുകയില്ലെന്നു്

Digitized By Kerala Sahitya Akademi

ആചാര്യൻ പറയുന്നതു് അതു പാട്ടുപോലെയുള്ള ഒരു വൃത്തമെന്നു തോന്നിപ്പോകുകകൊണ്ടായിരിക്കും. അനുപ്രാസത്തിനു യോജിപ്പില്ലാതെ വരുമ്പോളാണു് വികാരാനുപ്രാസദോഷമുണ്ടാകുന്നതു്. "എന്തു ചെയ്യതു വയസ്യ പിന്നെ ഞാനന്തരംഗജനു കൂത്തുകൂടിനാൽ, ചാറ്റു ചിന്തിനപ യോധരാന്തയാ കാന്തയാ പകമാറക്കപ്പെൻറിയേ" എന്ന ഉദാഹരണത്തിൽ ആദ്യത്തെ രണ്ടു പാദങ്ങൾ ഹ്രസ്വാക്ഷരങ്ങൾകൊണ്ടും ഒടുവിലത്തെ രണ്ടു പാദങ്ങൾ ദീർഘാക്ഷരങ്ങൾകൊണ്ടും ആരംഭിക്കുന്നു. "കട്ടെനാതു ക്കപ്പട്ടെമ്പതല്ലതു പാട്ടെൻപതെതുകൈയിലാകാതു്" അതായതു കട്ടെന്നതിനു പട്ടെന്നല്ലാതെ പാട്ടെന്നു് എതുകയിൽ പ്രയോഗിക്കരുതു് എന്ന തമിഴ്പ്രമാണം ആചാര്യൻ ഇതിനു് ഉപോൽബലകമായി ഉദ്ധരിച്ച പ്രസ്തുതപദ്യത്തിൽ ദൂഷകതാബീജമെന്തെന്നു വെളിപ്പെടുത്തുന്നു.

**സ്ത്രീകൾക്കു പേരിടലും രസഭംഗവും:**—രസദോഷങ്ങളെപ്പററി പ്രസ്താവിക്കുന്ന ഘട്ടത്തിൽ സ്ത്രീകൾക്കു വിജയമല, അഞ്ചിതമല, നളിനപ്പുഴ, ഇളമാൻകുളം, പൂന്തേൻകുളം, ചെല്റഞ്ചിറ ഇങ്ങനെ കവികൾ ശ്ലോകമുണ്ടാക്കുമ്പോൾ പേരിടുന്നു എന്നും, അതു കുലത്തിൻേറയോ ദേശത്തിൻേറയോ ഗൃഹത്തിൻേറയോ പേരായി വരാമെന്നും മല എന്നു പറഞ്ഞാൽ സ്ത്രീത്വം തോന്നുന്നില്ലെന്നും പുതിയ പേരിടുകയാണെങ്കിൽ അതു മുറവുള്ള പേരിനേക്കാൾ ലളിതവും രസോചിതവുമായിരിക്കണമെന്നും ചിരിതേവി, നങ്ങ, നാരണി മുതലായ പേരുകൾക്കു ദോഷമൊന്നുമില്ലായ്കയാൽ പുതിയ പേരിടേണ്ട ആവശ്യകതതന്നെയില്ലെന്നും ആചാര്യൻ പറയുന്നു. അത്തരത്തിൽ ഒരു നാമകരണഭ്രാന്തു് അദ്ദേഹത്തിൻേറ കാലത്തു വളരെ വർദ്ധിച്ചിരുന്നു എന്നു് ഈ പ്രസ്താവനയിൽനിന്നു വിശദമാകുന്നുണ്ടു്. ഉണ്ണിയാടിക്കു മാരമാല എന്നുമൊരു പേരുണ്ടായിരുന്നതായി മുൻപു പ്രസ്താവിച്ചിട്ടുണ്ടു്; അതു കവികൾ സമ്മാനിച്ചതായല്ലാതെ വരുവാൻ തരമില്ല. പണ്ടു പാദാന്തപ്രാസത്തിൽ (എതുകയിൽ) മണിപ്രവാളകവികൾ നിഷ്കർഷ വച്ചിരുന്നില്ലെന്നും എന്നാൽ അദ്ദേഹത്തിൻേറ കാലത്തു് അതു് ഒഴിച്ചുകൂടാത്തതായിത്തീർന്നുകഴിഞ്ഞിരുന്നു എന്നുംകൂടി പ്രസ്തുതശില്പത്തിൽ സൂചനയുണ്ടു്.

**അഞ്ചാംശില്പം:**—അഞ്ചാം ശില്പത്തിൻേറ പേർ ഗുണനിരൂപണം എന്നാണു്. ശ്ലേഷം, മാധുര്യം, പ്രസാദം, സമത എന്നീ നാലു ഗുണങ്ങളെയാണു് ലീലാതിലകകാരൻ സ്വീകരിക്കുന്നതു്. ഭരതൻേറ കാലം തുടങ്ങി സംസ്കൃതാലങ്കാരികന്മാർ ഗുണങ്ങൾ പത്തെന്നാണു് ഗണിച്ചിരുന്നതു്. "ശ്ലേഷഃ പ്രസാദസ്സമതാ മാധുര്യം സുകുമാരതാ അർത്ഥവ്യക്തിരുദാരത്വമോജഃകാന്തിസമാധയഃ ഇതി വൈദർഭമാർഗ്ഗസ്യ പ്രാണാ ദശ ഗുണാഃസ്മൃതാഃ" എന്നു് ആചാര്യദണ്ഡി കാവ്യാദർശത്തിൻേറ പ്രഥമപരിച്ഛേദത്തിൽ ഈ വസ്തുത വ്യക്തമായി പ്രസ്താവിക്കുന്നു. വാമനൻ കാവ്യാലങ്കാരസൂത്രങ്ങളിൽ അവയെത്തന്നെ പത്തു ശബ്ദഗുണങ്ങളും പത്തു് അർത്ഥഗുണങ്ങളുമാക്കി വികസിപ്പിക്കുന്നു. "മാധുര്യ

Digitized By Kerala Sahitya Akademi

ജഃ പ്രസാദാഖ്യാസ്ത്രയസ്തേ ന പുനർദ്ദശ'' എന്നു മമ്മടഭട്ടൻ കാവ്യപ്രകാശത്തിൽ അവയെ മൂന്നായി ചുരുക്കുന്നു. അർത്ഥഗുണങ്ങളെന്നൊരു വകയില്ലെന്നാണ് അദ്ദേഹത്തിന്റെ മതം. ലീലാതിലകകാരൻ അർത്ഥഗുണങ്ങളുമുണ്ടെന്നുള്ള പക്ഷക്കാരനാണ്. പ്രാചീനാചാര്യന്മാരുടെ പട്ടികയിൽപ്പെട്ട ചില ഗുണങ്ങൾ മാധുര്യം, ഓജസ്സ്, പ്രസാദം, ഇവയിൽ അന്തർഭവിക്കുന്നതുകൊണ്ടും മററു ചിലവയിൽ ദോഷമില്ലായ്മമാത്രം കാണുന്നതുകൊണ്ടും വേറേ ചിലവ ചിലപ്പോൾ ദോഷങ്ങളായി പരിണമിക്കുന്നതുകൊണ്ടുമാണ് മമ്മടൻ അവയെ ഉപേക്ഷിക്കുന്നത്. ''ഗുണാ മാധുര്യമോജോഥ പ്രസാദ ഇതി തേ ത്രിധാ'' എന്നു വ്യവസ്ഥാപനം ചെയ്യുന്ന വിശ്വനാഥകവിരാജൻ ആ ആചാര്യനെ ഈ വിഷയത്തിൽ പൂർണ്ണമായി അനുകരിക്കുകയത്രേ ചെയ്യുന്നത്. മണിപ്രവാളത്തിലെ ഗുണങ്ങളെ പരാമർശിക്കുന്ന ലീലാതിലകകാരൻ ഓജസ്സിനെ പ്രത്യേകമൊരു ഗുണമായി സ്വീകരിച്ചിട്ടില്ല. രസത്തിനെന്നതുപോലെ ഭാഷയ്ക്കും പ്രാധാന്യമുണ്ടായാൽ മാത്രമേ ഉത്തമമണിപ്രവാളമാകുകയുള്ളു. പഞ്ചമങ്ങളൊഴികെയുള്ള വർഗ്ഗാക്ഷരങ്ങളും രേഫവും അവ ചേർന്ന സംയുക്താക്ഷരങ്ങളും ദീർഘസമാസവും ഉദ്ധതരചനയും ഓജസ്സിന് ആവശ്യമാണ്. അങ്ങനെ വരുമ്പോൾ ഭാഷയുടെ അംശം വളരെ ചുരുങ്ങിപ്പോകുമെന്നുള്ളതിനാലാണ് ആചാര്യൻ അതിനെ തിരസ്കരിച്ചതെന്നു പറയുന്നു. ശ്ലേഷത്തിൽ ഓജസ്സ് ഉൾപ്പെടുമെന്നു വിചാരിക്കുന്നവർ അങ്ങനെ ചെയ്യുന്നതിനും അദ്ദേഹത്തിനു വിരോധമില്ല. 'ശ്ലിഷ്ടമസ്പൃഷ്ടശൈഥില്യമല്പപ്രാണാക്ഷരോത്തരം' എന്ന ദണ്ഡിയുടെ മതത്തെത്തന്നെയാണ് ലീലാതിലകകാരനും അംഗീകരിക്കുന്നത്. മസൃണത്വമാണ് ശ്ലേഷമെന്ന് അദ്ദേഹം വ്യാഖ്യാനിക്കുന്നു. ആഹ്ലാദകത്വം മാധുര്യം എന്ന മമ്മടന്റെ മാധുര്യലക്ഷണത്തെ ആചാര്യൻ അതേപടി പകർത്തുന്നു. ''ശുഷ്കേന്ധനാഗ്നിവൽ സ്വച്ഛജലവൽ സഹസൈവ യഃ വ്യാപ്നോത്യന്യൽ പ്രസാദോസൗ'' എന്ന മമ്മടന്റെ പ്രസാദലക്ഷണം ചുരുക്കി ''ഝടിത്യർത്ഥസമർപ്പണം പ്രസാദഃ'' എന്നാണ് ആ ഗുണത്തിന് ആചാര്യൻ നിർവ്വചനം ചെയ്തിരിക്കുന്നത്. 'ഝടിത്യർത്ഥസമർപ്പകപദതാൽ' എന്നു പ്രതാപരുദ്രീയത്തിലും കാണുന്നുണ്ട്. ബന്ധത്തിനു വൈഷമ്യമില്ലാതിരിക്കുകയാണ് സമത. വർണ്ണങ്ങൾ മൃദുക്കൾ സ്ഫുടങ്ങൾ മിശ്രങ്ങളെന്നു മൂന്നുമാതിരിയുണ്ടെന്നും മൃദുക്കൾ അല്പപ്രാണങ്ങളും സ്ഫുടങ്ങൾ ഇതരവർണ്ണങ്ങളുമാണെന്നും മിശ്രവർണ്ണങ്ങളുടെ ബന്ധത്തെയാണ് സമതയുടെ ലക്ഷണത്തിൽ പരാമർശിച്ചിരിക്കുന്നതെന്നും ആചാര്യൻ പറയുന്നു. 'അവൈഷമ്യേണ ബന്ധനം സമതാ സാ നിഗദ്യതേ' എന്നു സമതയ്ക്കു നിർവ്വചനം ചെയ്യുന്ന വിദ്യാനാഥന്റെ 'വദാന്യതരുമഞ്ജരീസ്വരഭയഃ' എന്ന പദ്യത്തിൽ പ്രക്രമഭംഗദോഷമില്ലാത്തതുകൊണ്ടാണ് അതു സമതയ്ക്ക് ഉദാഹരണമാകുന്നതെന്നു പ്രതാപരുദ്രീയവ്യാഖ്യാതാവായ കുമാരസ്വാമി പ്രസ്താവിക്കുന്നു. മാർഗ്ഗാഭേദരൂപമായ, അതായത് ഉപക്രമത്തിലും നിർവ്വാഹത്തിലും ഒന്നുപോലെയുള്ള ഘടനയോടുകൂടിയിരിക്കേണ്ട, സമത ചിലപ്പോൾ ദോഷമായേക്കുമെന്നു മമ്മടഭട്ടൻ

Digitized By Kerala Sahitya Akademi

പ്പെടുത്തിക്കാണിക്കുന്നു. അന്തരത്തിലുള്ള സാദൃശ്യമല്ല ലീലാതിലകകാരന്റെ വിവക്ഷിതമെന്നു സ്പഷ്ടമാണ് എങ്കിലും അതിനെ പ്രത്യേകമൊരു ഗുണമായി സ്വീകരിച്ചതിനുള്ള ന്യായം വ്യക്തമാകുന്നില്ല.

**ആറുമേഴും ശില്പങ്ങൾ:—** ശബ്ദാലങ്കാരവിവേചനവും അർത്ഥാലങ്കാരവിവേചനവുമാണ് ആറും ഏഴും ശില്പങ്ങൾ. ഒൻപതു്, പത്തു് എന്നു രണ്ടുല്ലാസങ്ങൾ ഈ വകയ്ക്കു മാറ്റിവെച്ചിരിക്കുന്നു, ഏഴു്, എട്ടു് എന്നു രണ്ടു പ്രകരണങ്ങൾ വിദ്യാനാഥനും വിനിയോഗിക്കുന്നുണ്ടു്. "ശബ്ദാർത്ഥൗ മൂർത്തിരാഖ്യാതൗ ജീവിതം വ്യങ്ഗ്യവൈഭവം ഹാരാദിവദലങ്കാരാസ്തത്രസ്യുരുപമാദയഃ" എന്ന വിദ്യാനാഥമതമനുസരിച്ചു "ഹാരാദിവദ്ധ്വന്യാദാതിശയഹേതുരലങ്കാരഃ" എന്നു ലീലാതിലകകാരൻ അലങ്കാരത്തിനു ലക്ഷണം വിധിക്കുന്നു. മോനയ്ക്കു് ആചാര്യൻ നല്കുന്ന പേർ മുഖാനുപ്രാസമെന്നാണു്. പാദാനുപ്രാസത്തെ (എതുകയെ)പ്പററി മുൻപു പറഞ്ഞുകഴിഞ്ഞു. രണ്ടോ അധികമോ വർണ്ണങ്ങളുടെ ആവർത്തനത്തിനു വർണ്ണാനുപ്രാസമെന്നു പേർ. ഭാഷയിൽത്തന്നെ നാനാർത്ഥമായ ഒരു പദം വേണ്ടവിധത്തിൽ പ്രയോഗിച്ചാൽ ('കലാവിദ്യകളും കാവ്യവല്ലിയാലിതമുള്ളതു്" എന്ന മാതിരി പ്രയോഗിച്ചാൽ) ഉത്തമശ്ലേഷവും, ഒരിടത്തു ഭാഷയ്ക്കും മററൊരിടത്തു സംസ്കൃതത്തിനും നാനാർത്ഥത്വം കല്പിച്ചു് ഐകരൂപ്യം വരുത്തിയാൽ മധ്യമശ്ലേഷവും, സംസ്കൃതത്തിൽ മാത്രമുള്ള നാനാർത്ഥപദം പ്രയോഗിച്ചാൽ അതു് അധമശ്ലേഷവുമാണെന്നത്രേ ആചാര്യന്റെ അഭിപ്രായം. (1) ഉപമ, (2) ഉപമേയോപമ, (3) സ്മരണം, (4) രൂപകം, (5) സംശയം, (6) ഭ്രാന്തി, (7) അപഹ്നുതി, (8) വ്യതിരേകം, (9) ദീപകം, (10) പ്രതിവസ്തൂപമ, (11) ദൃഷ്ടാന്തം, (12) ഉൽപ്രേക്ഷ, (13) അന്യാപദേശം, (14) ക്രമം, (15) ആക്ഷേപം, (16) പരിവൃത്തി, (17) ശ്ലേഷം, (18) സ്വഭാവോക്തി, (19) ഹേതു, (20) അർത്ഥാന്തരന്യാസം, (21) വിരോധം, (22) വിഭാവന, (23) വിശേഷോക്തി, (24) അസങ്ഗതി, (25) ഉദാത്തം, (26) പരിസംഖ്യ, (27) സമാധി ഇങ്ങനെ ഇരുപത്തേഴു് അർത്ഥാലങ്കാരങ്ങളെപ്പററി അദ്ദേഹം വിവേചനം ചെയ്യുന്നുണ്ടു്. ഉപമയിൽ അന്തർഭവിപ്പിച്ചു ലുപ്തോപമ, രശനോപമ, കല്പിതോപമ ഇവയേയും ഉദാഹരിക്കുന്നു. 'പരിസംഖ്യാദയഃ' എന്ന സൂത്രത്തിലെ ആദിശബ്ദംകൊണ്ടു് അർത്ഥാപത്തി മുതലായ അലങ്കാരങ്ങളെക്കൂടി ഗ്രഹിക്കേണ്ടതാണെന്നും അദ്ദേഹം ഉപദേശിക്കുന്നുണ്ടു്. സംസ്കൃതകാവ്യലക്ഷണഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതുതന്നെയാണു് മണിപ്രവാളകാവ്യലക്ഷണത്തിലും വരുന്നതെന്നു് അഭിപ്രായപ്പെടുന്നതിൽനിന്നു് ആ വിഷയത്തിൽ ആചാര്യൻ അന്യഭാഷാലങ്കാരികന്മാർക്കു വിധേയനായിട്ടില്ലെന്നു വിശദമാകുന്നു. അന്യാപദേശം മണിപ്രവാളത്തിൽ വളരെ വിരളമായേ കാണുകയുള്ളു എന്നും നിദർശനയ്ക്കും ദൃഷ്ടാന്തത്തിനും ഭേദം സ്വീകരിക്കേണ്ട ആവശ്യമില്ലെന്നും കൂടി പ്രാസങ്ഗികമായി അദ്ദേഹം അഭിപ്രായപ്പെടുന്നു. ലീലാതിലകത്തിൽ ഗ്രന്ഥകാരൻ അലങ്കാരങ്ങൾ തിരഞ്ഞെടുത്തിട്ടുള്ളതു യാതൊരു

Digitized By Kerala Sahitya Akademi

പൂർവ്വസൂരിയേയും അനുകരിച്ചാണെന്നു തോന്നുന്നില്ല. ആ വിഷയത്തിൽ വല്ല കടപ്പാടുമുണ്ടെങ്കിൽ അതു രുയ്യകന്റെ അലങ്കാരസൂത്രത്തോടാണെന്നു വേണമെങ്കിൽ പറയാം.

**എട്ടാം ശില്പം:**—രസപ്രകരണമാണ് അഷ്ടമശില്പം. 'മണിപ്രവാളജീവിതം വ്യങ്ഗ്യം' എന്നു വിദ്യാനാഥനെ പിന്തുടൎന്നു ലീലാതിലകകാരൻ വ്യങ്ഗ്യത്തെ പ്രശംസിക്കുന്നു. അഭിധ, ലക്ഷണ, താല്പര്യം എന്നീ മൂന്നു ശബ്ദവൃത്തികൾക്കു പുറമേയാണ് വ്യഞ്ജനയെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. താല്പര്യത്തെ പ്രത്യേകമൊരു വൃത്തിയായി സ്വീകരിക്കുന്നത് അഭിഹിതാന്വയവാദികളെന്നു പറയുന്ന ഒരുകൂട്ടം മീമാംസകന്മാരാണ്. അന്വിതാഭിധാനവാദികൾ ആ മതം അങ്ഗീകരിക്കുന്നില്ല. ലോചനകാരന്റെ കാലം (ക്രി: പി: ഒൻപതാംശതകം) മുതല്ക്ക് അഭിധ, ലക്ഷണ, വ്യഞ്ജന ഈ മൂന്നു ശബ്ദവ്യാപാരങ്ങളെമാത്രമേ ആലങ്കാരികന്മാർ സാമാന്യേന പരിഗണിക്കാറുള്ളു. താല്പര്യം വ്യഞ്ജനാവൃത്തിയിൽ അന്തർഭവിക്കുന്നു എന്നാണ് അവരുടെ പക്ഷം. 'താല്പര്യാർത്ഥോപി കേഷുചിൽ' എന്നു മമ്മടഭട്ടൻ അഭിഹിതാന്വയവാദികളുടെ മതത്തെ നാമമാത്രമായി സ്മരിക്കുന്നില്ലെന്നില്ല. വ്യങ്ഗ്യം, വസ്തു, അലങ്കാരം, ഇങ്ങനെ രസം മൂന്നുവഴിക്കുണ്ടാകാമെന്ന് ഉപന്യസിച്ചു ലീലാതിലകകാരൻ രസനിരൂപണത്തിന് ഉപക്രമിക്കുകയും ശാന്തത്തെക്കൂടി ഉൾപ്പെടുത്തി രസങ്ങൾ ഒൻപതാണെന്നു നിർണ്ണയിക്കുകയും ചെയ്യുന്നു. മമ്മടഭട്ടൻ ശാന്തത്തെ രസത്വേന സ്വീകരിക്കുന്നില്ല. 'അഷ്ടൗ നാട്യേ രസാഃ സ്മൃതാഃ' എന്നാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം. കാവ്യപ്രകാശവ്യാഖ്യാതാവായ ഗോവിന്ദഠക്കുരൻ കാവ്യമാത്രഗോചരമായി ശാന്തരസമുണ്ടാകാമെന്നു പറയുന്നു. എന്നാൽ മമ്മടന്റെ പൂർവ്വഗാമിയായ ഉൽഭടൻ "ശൃങ്ഗാരഹാസ്യകരുണരൗദ്രവീരഭയാനകാഃ ബീഭത്സാൽഭുതശാന്താശ്ച നവ നാട്യേ രസാ സ്മൃതാഃ" എന്നും പ്രസ്താവിക്കുന്നുണ്ട്. "ശൃങ്ഗാരഹാസ്യകരുണാ രൗദ്രവീരഭയാനകാഃ ബീഭത്സാൽഭുതശാന്താശ്ച രസാഃ പൂർവ്വൈരുദാഹൃതാഃ" എന്നിങ്ങനെ ഒൻപതു രസങ്ങളെ വിദ്യാനാഥനും അങ്ഗീകരിക്കുന്നു. "രതിർഹാസശ്ച ശോകശ്ച ക്രോധോത്സാഹൗ ഭയം തഥാ ജുഗുപ്സാവിസ്മയശമാഃ സ്ഥായിഭാവാ നവ ക്രമാൽ" എന്നു വിദ്യാനാഥമതത്തെത്തന്നെയാണ് പ്രായേണ ലീലാതിലകകാരനും അനുവൎത്തിക്കുന്നതു്. ശമത്തിനു പകരം നിർവ്വേദമാണ് ശാന്തത്തിന്റെ സ്ഥായിഭാവമെന്ന് ഉപന്യസിച്ചിട്ടു ശമത്തിനു കാരണം നിർവ്വേദമാകകൊണ്ട് അങ്ങനെ പറഞ്ഞതാണെന്നു തന്റെ ആശയം വെളിവാക്കുന്നുമുണ്ട്. മമ്മടന്റെ പക്ഷത്തിൽ നിർവ്വേദം വ്യഭിചാരിഭാവം മാത്രമാണ്. ഒടുവിൽ വീരശൃങ്ഗാരങ്ങൾക്കുള്ള ഉൽകർഷത്തെ നമ്മുടെ ആചാര്യൻ "ദേവന്മാരിൽ മഹേന്ദ്രനെന്നപോലെ ഈ രസങ്ങളിൽ വീരമാണ് പ്രധാനം; ഭഗവാൻ പുണ്ഡരീകാക്ഷനെന്നപോലെ അതിലും പ്രധാനമാണ് ശൃങ്ഗാരം." എന്നു ചിത്രീകരിച്ചിട്ടു രസപ്രകരണം അവസാനിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

**ഉപസംഹാരം:**—നാലഞ്ചു ശതാബ്ദങ്ങളിൽ മണിപ്രവാള കാവ്യങ്ങൾ ധാരാളമായി ആവിർഭവിച്ചപ്പോൾ യഥാർത്ഥമണിപ്രവാളത്തിന്റെ സ്വരൂപം ജനങ്ങളെ മനസ്സിലാക്കുന്നതിനും അജ്ഞതകൊണ്ടോ ഉച്ഛൃംഖലതകൊണ്ടോ അപഥസഞ്ചാരംചെയ്യുന്ന കവികളെ നിയന്ത്രിക്കുന്നതിനുമുള്ള ആവശ്യം സാഹിത്യാചാര്യന്മാൎക്കു നേരിട്ടു. ആ ആവശ്യം ലീലാതിലകകാരൻ യഥാവിധി നിൎവഹിച്ചു. സാഹിത്യവിഷയത്തിൽ കാവ്യപ്രകാശം, സാഹിത്യദൎപ്പണം മുതലായ ഗ്രന്ഥങ്ങൾക്കുള്ള പരിപൂൎണ്ണത ലീലാതിലകത്തിനുണ്ടെന്നു് പറഞ്ഞുകൂടുന്നതല്ല; പല വിഷയങ്ങളേയും അദ്ദേഹം സ്പൃശിക്കുക മാത്രമേ ചെയ്തിട്ടുള്ളു. അനേകം അംശങ്ങൾ അപാങ്ഗാവലോകത്തിനുപോലും പാത്രീഭവിച്ചിട്ടില്ല. വ്യാകരണസംബന്ധമായി അദ്ദേഹം ചെയ്തിട്ടുള്ള ചൎച്ചകൾ അതിലും ഹ്രസ്വങ്ങളാണു്. എങ്കിലും പരിണതപ്രജ്ഞനും പാണ്ഡിത്യമൂൎദ്ധന്യനുമായ ആ മഹാത്മാവു കൈരളിയെ ഇത്തരത്തിൽ ഒരു ലക്ഷണഗ്രന്ഥനിൎമ്മിതിയാൽ അനുഗ്രഹിച്ചതു നമുക്കു് ഏററവും ചാരിതാൎത്ഥ്യജനകമാകുന്നു. “അനാദീനവവൎണ്ണാഢ്യം ചാരുശില്പസമുജ്ജ്വലം ലീലാതിലകമാഭാതി ഭാരത്യാഃ ഫാലഭൂഷണം” എന്നു് ഒടുവിൽ എഴുതിച്ചേൎത്തിട്ടുള്ള പ്രശസ്തി ഗ്രന്ഥകാരന്റേതുതന്നെയായിരിക്കണം; അതിൽ അത്യുക്തിയുടേയോ അളീകവചനത്തിന്റേയോ നിഴലാട്ടം അശേഷമില്ല. സൎവതന്ത്രസ്വതന്ത്രനായ ആ പരമോപകൎത്താവിനെ കേരളീയർ അവരുടെ നാട്ടും ഭാഷയും ഉള്ള കാലത്തോളം സഭക്തി ബഹുമാനം സ്മരിക്കുന്നതാണു്.

**അലങ്കാരസംക്ഷേപം—പേർ:**—നമുക്കു അസമഗ്രമായെങ്കിലും ഈയിടയ്ക്കു ലഭിച്ചിട്ടുള്ള മറെറാരു മണിപ്രവാളശാസ്ത്രഗ്രന്ഥമാകുന്നു അലങ്കാരസംക്ഷേപം. അപൂൎണ്ണമാകയാൽ ഗ്രന്ഥത്തിന്റെ സംജ്ഞയെന്തെന്നു സൂക്ഷ്മമായറിവാൻ നിവൃത്തിയില്ലെങ്കിലും “അൎത്ഥാലങ്കാരസംക്ഷേപഃ ക്രിയതേതഃ പരം മയാ” എന്നു ഒരു കാരികയിൽ കാണുന്ന സൂചനയെ ആസ്പദമാക്കി അതിനു് അലങ്കാരസംക്ഷേപമെന്നു പേർ കല്പിക്കാവുന്നതാണു്.

• പ്രതിപാദനരീതി:—സൂത്രം, ഉദാഹരണം, വൃത്തി എന്നിങ്ങനെയാണല്ലോ ലീലാതിലകത്തിലെ പ്രതിപാദനരീതി. സൂത്രത്തിനു പകരം കാരികയാണു് അലങ്കാരസംക്ഷേപകാരൻ പ്രയോഗിച്ചിരിക്കുന്നതു്. കാരികയും ഉദാഹരണവും മണിപ്രവാളത്തിലും വൃത്തി സംസ്കൃതത്തിലും രചിക്കണമെന്നാണു് അദ്ദേഹത്തിന്റെ അഭിസന്ധി എങ്കിലും പലപ്പോഴും കാരികയും ഉദാഹരണവുംകൂടി സംസ്കൃതനിബന്ധമായിപ്പോകുന്നു. ഉദാഹരണങ്ങളിൽ അനേകം നല്ല ശ്ലോകങ്ങളുണ്ടെങ്കിലും ഏതാനും ചില ശ്ലോകങ്ങൾ ഗുണഭൂയിഷ്ഠങ്ങളല്ലെന്നും പറയേണ്ടിയിരിക്കുന്നു. വൃത്തിയിലാണു് ആചാര്യൻ തന്റെ പാണ്ഡിത്യം മുഴുവൻ പ്രകടിപ്പിച്ചിരിക്കുന്നതു്. അദ്ദേഹം ഒരു വിശിഷ്ടനായ ആലങ്കാരികനായിരുന്നു എന്നുള്ളതിനു സന്ദേഹമില്ല. വ്യക്തിവിവേ

Digitized By Kerala Sahitya Akademi

കധാരനെ മൌനസരത്തിൽ നുടിക്കുന്നു: 'ആബദ്ധപൃഷ്ഠപാരശ്യ കിങ്കിണീകഃ' എന്ന ശ്ലോകം മാഘം അഷ്ടമസർഗ്ഗത്തിൽനിന്നും 'അഹോ കേനേദൃശീ ബുദ്ധിഃ' എന്നും 'വക്ത്രസ്യന്ദിസ്വേദബിന്ദുപ്രബന്ധൈഃ' എന്നും 'സങ്കേതകാലമനസം വിടം ജ്ഞാത്വാ വിദഗ്ദ്ധയാ' എന്നുമുള്ള ശ്ലോകങ്ങൾ കാവ്യപ്രകാശം നവമദശമോല്ലാസങ്ങളിൽനിന്നും ഉദ്ധരിക്കുന്നു. വേറേയും അദ്ദേഹത്തിൻെറ പരിനിഷ്ഠിതമായ അലങ്കാരനദീഷ്ണതയ്ക്കു പല ഉദാഹരണങ്ങൾ അഭിജ്ഞന്മാൎക്കു ദൃശ്യങ്ങളാണ്.

വിഷയം:—ശബ്ദാലങ്കാരങ്ങളേയും അൎത്ഥാലങ്കാരങ്ങളേയുംപററി മാത്രമേ ആചാൎയ്യൻ പ്രസ്തുതഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുള്ളൂ. ശബ്ദാലങ്കാരങ്ങളിൽ (1) ഛേകാനുപ്രാസം (2) വൃത്ത്യനുപ്രാസം (3) ലാടാനുപ്രാസം (4) യമകം (5) പുനരുക്തവദാഭാസം ഇവയെ അദ്ദേഹം സ്വീകരിക്കുന്നു. "ചിത്രാണാം നീരസത്വാംകൊണ്ടത്ര നൈവ നിരൂപണം" എന്നു പറഞ്ഞു ചിത്രത്തെ പരിത്യജിക്കുന്നു. അൎത്ഥാലങ്കാരങ്ങളിൽ അദ്ദേഹത്തിൻെറ ദൃഷ്ടി യഥാക്രമം (1) ഉപമ (2) അനന്വയം (3) ഉപമേയോപമ (4) സ്മരണം (5) രൂപകം (6) സന്ദേഹം (7) ഭ്രാന്തിമാൻ (8) അപഹ്നുതി (9) ഉൽപ്രേക്ഷ (10) അതിശയോക്തി (11) ദീപകം (12) ദൃഷ്ടാന്തം (13) നിദൎശന (14) വ്യതിരേകം (15) സഹോക്തി (16) സമാസോക്തി (17) അപ്രസ്തുതപ്രശംസ (18) അൎത്ഥാന്തരന്യാസം (19) വക്രോക്തി (20) വിരോധാഭാസം (21) അസങ്ഗതി (22) വിഭാവന (23) വിശേഷോക്തി (24) വ്യാജസ്തുതി (25) പരിസംഖ്യ (26) സൂക്ഷ്മം (27) വ്യാജോക്തി (28) ശ്ലേഷം (29) വക്രോക്തി എന്നിവയിൽ പതിഞ്ഞിരിക്കുന്നു. ഇതരാലങ്കാരങ്ങളെ ആചാൎയ്യൻ പരാമൎശിച്ചിട്ടുണ്ടോ എന്നു നിൎണ്ണയിക്കുവാൻ തരമില്ല. ലീലാതിലകത്തിൽ ഇരുപത്തേഴ് അൎത്ഥാലങ്കാരങ്ങളെ മാത്രമേ സ്പൎശിച്ചിട്ടുള്ളൂ എന്നു മുൻപു നിൎദ്ദേശിച്ചുവല്ലോ. രൂപകം, ഉൽപ്രേക്ഷ, അതിശയോക്തി മുതലായ ചില അലങ്കാരങ്ങളെ സപ്രഭേദമായാണ് പ്രതിപാദിക്കുന്നതു്.

കാലം:—ആചാൎയ്യൻ അജ്ഞാതനാമാവാണ്. കാലത്തെപ്പററി ഖണ്ഡിച്ച് ഒന്നും പറയുവാൻ നിവൃത്തിയില്ല. രവിവൎമ്മ മഹാരാജാവിനെപ്പററി ഇരുപതോളം ശ്ലോകങ്ങൾ അവിടവിടെയായി ഉദ്ധരിച്ചു ചേൎത്തിട്ടുണ്ട്. എല്ലാം സംസ്കൃതശ്ലോകങ്ങളാണ്. 'നൃപരാജ' എന്നു് അദ്ദേഹത്തെ ഒരു ഘട്ടത്തിൽ അഭിസംബോധനം ചെയ്തിരിക്കുന്നതു നോക്കുമ്പോൾ രാജരാജപരമായി ഒരു ശ്ലോകം കാണുന്നതും അദ്ദേഹത്തെപ്പററിയാണെന്നു് അനുമാനിക്കാം. ആ മഹാരാജാവിനെ പ്രശസ്തനായ ഒരു യോദ്ധാവായും വിദ്വൽപ്രിയനായും വിതരണശീലനായുമാണു് ആ ശ്ലോകങ്ങളിൽ പ്രകീൎത്തനം ചെയ്തിട്ടുള്ളതു്. മാതൃക കാണിക്കുവാൻ അവയിൽനിന്നു് അഞ്ചെണ്ണം ഉദ്ധരിക്കട്ടെ.

"രവിവൎമ്മനരേന്ദ്രപാലിതാനാ—
മനുകൂലാഃ പരിപന്ഥിനോ ജനാനാം;

Digitized By Kerala Sahitya Akademi

രവിവർമ്മസമാഖ്യനൈരന്തര്യാ—
മന്നവാനാം പരിപാലനേന ജനാനാം.'' (ലാടാനുപ്രാസം)

''ഗുണൈശ്ശ്ലോകോത്തമൈര്യൈസ്സ്തൈഃ കീർത്തിം വിതനുതേതരാം,
രവിവർമ്മമഹീപാല! ഭവാനിവ ഭവാൻ പ്രഭോ!'' (അനന്വയം)

കല്പദ്രുമഃ കിമയമാശ്രിതമർത്ത്യലോകഃ,
ക്രീഡാഗൃഹീതമധുരാകൃതിരംഗജന്മാ,
സാക്ഷാൽ പുരാരിരഥവേതി ഗുണൈഘശാലീ
ഡോലായതേ ഹൃദി നൃണാം രവിവർമ്മഭൂപഃ.'' (സന്ദേഹം)

''കഥയാപി വിലജ്ജതേ ഭവാൻ
നിജയേതി വ്യഥയേവ ഗാഹതേ
രവിവർമ്മമഹീപതേ! ഭവദ്—
ഗുണസാർത്ഥസ്സകലോ ദിഗന്തരം.'' (ഹേതൂൽപ്രേക്ഷ)

''ആശ്ചര്യം രിപുസുദൃശാം സ്തനതടപതിതാഭിരശ്രുധാരാഭിഃ
നിർവ്വാതി ജ്വലിതമിദം രവിവർമ്മനരേന്ദ്ര! തേ ഹൃദയം.'' (അസംഗതി)

ഈ ശ്ലോകങ്ങളെല്ലാം കൊല്ലത്തേ സംഗ്രാമധീരരവിവർമ്മചക്രവർത്തിയെപ്പററിയാണെങ്കിൽ ആചാര്യൻ കൊല്ലം ആറാം ശതകത്തിൽ ജീവിച്ചിരുന്നതായി സങ്കല്പിക്കാം. എന്നാൽ അതിനു തെളിവുപോരാതെയാണിരിക്കുന്നതു്. രവിവർമ്മാവിനെക്കൂടാതെ, രാമവർമ്മാവെന്നൊരു മഹാരാജാവിനേയും കോഴിക്കോട്ടേ മാനവിക്രമനാമധേയനായ ഒരു സാമൂതിരിപ്പാടിനേയുംപററി ഈരണ്ടു ശ്ലോകങ്ങൾ കാണുന്നു. രാമവർമ്മാവിനെപ്പററിയുള്ള ഒരു ശ്ലോകവും സാമൂതിരിയെപ്പററിയുള്ള രണ്ടു ശ്ലോകങ്ങളും അടിയിൽ പകർത്താം.

''ശ്രീരാമവർമ്മനൃപതൗ പരിപാതി മഹീതലം,
വിഷാദീ മദനാരാതിർഗ്ഗൃഹാസ്സൽപഥലംഘിനഃ.'' (പരിസംഖ്യ)

''സർവ്വേഷാമധിമസ്തകം ക്ഷിതിഭൃതാം വിന്യസ്തപാദസ്തമോ—
നിഘ്നന്നാശ്രിതകൈടഭാന്തകപദസ്സമ്യക്പ്രതാപോദയഃ
നാളീകസ്ഫുരണം തനോതി നിതരാം ജായാനപിതോ യോനപഹം;
സോയം സമ്പ്രതി മാനവിക്രമ! ഭവാൻ ഭാസ്വാനിവ ഭ്രാജതേ.''
(ശ്ലേഷം)

പാരാളും കല്പവൃക്ഷങ്ങളുമഹിതചകോരീദൃശാം കണ്ണുനീരും
മാരാഭാവേ രതിപ്പെൺകൊടി തടവിന താപത്തിനും ചാരുകീർത്തേ!
ആരായി വീര! വിശ്രാണനനിപുണതയും കെല്പുമക്കാന്തിവായ്പും
പോരാകാതേ പിറന്നോരളവു ഭുവി വിഭോ! വിക്രമക്ഷ്മാപതേ! നീ.''
(ശ്ലേഷം)

ഈ മാനവിക്രമൻ ഏതുകാലത്തു ജീവിച്ചിരുന്നു എന്നും രാമവർമ്മാവു് ആരെന്നുപോലും നിശ്ചയമില്ല. ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുള്ള

Digitized By Kerala Sahitya Akademi

"അതിശയരമണീയം രാമദേവീകണ്ഠാ, നിൻ
വദനശശികളങ്കം കാന്തിനദീതിൽക്കലങ്ങി"

എന്ന ശ്ലോകം അലങ്കാരസംക്ഷേപത്തിലും ഉദ്ധൃതമായിട്ടുണ്ട്.

"ഉചിതമറിക മുന്നം നല്ലതല്ലാഴ്കയിലെല്ലാ
മറിയുമവർകാം ചൊന്നാൽക്കേറക്കിലും നന്നു പിന്നെ"

എന്നും

"വല്ലോരിലും മതിയിലുള്ള മുഴുത്ത സങ്ഗം
നന്നല്ലപോൽ നളിനസുന്ദരി നമ്മളാക്കു"

എന്നുമുള്ള ശ്ലോകങ്ങൾ വൈശികതന്ത്രത്തിൽനിന്നു പകർത്തിയിരിക്കുന്നു. രാമതേവിക്കപുറമെ, ചിത്രനീവി, കലാമണി, കെങ്കയമ്മ, രത്നവേണി, ഉത്രാടമാതു്, നാരണീനന്ദന, മാരചിന്താമണി, ലാവണ്യകേളി, രാമാമണി, മാരലേഖ, കലാവല്ലരി, പൂങ്കേതകി, എന്നിങ്ങനെ വേറേയും പല നായികമാരെപ്പററിയുള്ള ചാടുശ്ലോകങ്ങളും കാണുമാനുണ്ടു്. 'നിർമ്മാതു ന്നിരവദ്യശില്പരചനാ' എന്ന ശ്ലോകം ഞാൻ അന്യത്ര ഉദ്ധരിച്ചിട്ടുണ്ടു്.

"നക്ഷത്രാണാം നികായം ഗഗനമരതക-
ത്തൂമലർപ്പാലികായാ-
മൊക്കക്കിഞ്ചിൽപ്പരത്തിപ്പരിചൊടിത സമാ-
യാതി സന്ധ്യാ ദിനാന്തേ
മൈക്കണ്ണാറംമൌലിമാലയ്ക്കിററ മരതകമാ-
ലയ്ക്കു മാലയ്ക്കു പൂവും
കൈക്കൊണ്ടെൻതൊഴ! ചന്തംതടവി വരുമിള-
ന്തോഴിതാനെന്നപോലെ" (ഉപമ)

എന്നും

"പ്രദ്യുമ്നാത്മാ കിഴക്കെ മലയരികിലിതു-
ന്നന്തിനേരം വരും പോ-
ന്നുച്ചൈരെങ്ങും നടക്കും നഭസി നിജകരാ-
ശ്രേണ ജാഗ്രന്നിശായാം
ഇച്ചന്ദ്രൻ ചന്ദ്രികേ! നിൻവദനരുചി തരം-
കിട്ടുകിൽക്കട്ടുകൊൾവാ-
നത്രേ തണ്ടുന്നതോർത്താൽ; കടിലത ചിലനാൾ
തത്ര കണ്ടീലയോ നീ?"

എന്നുമുള്ള ശ്ലോകങ്ങളും അശ്രുതപൂർവങ്ങളല്ല. തിരുവേക(ഗ)പ്പുറ'ത്തനാരാനെ' (ദേവനെ) സ്തുതിക്കുന്നുണ്ടു്. ആകെക്കൂടി സൂക്ഷ്മേക്ഷികയാ പരിശോധിക്കുമ്പോൾ ഗ്രന്ഥകാരന്റെ കാലം അവിജ്ഞേയമായിത്തന്നെ അവശേഷിക്കുന്നു എന്നു സമ്മതിക്കാതെ തരമില്ല. എന്നാൽ ഉദാഹരണങ്ങളായ മണിപ്രവാളശ്ലോകങ്ങളുടെ പഴക്കത്തിൽനിന്നു് അലങ്കാരസംക്ഷേപത്തിന്റെ നിർമ്മിതി ക്രി: പി: പതിനഞ്ചാം ശതകത്തിനു പിന്നീടല്ലെന്നു സ്ഥാപിക്കുവാൻ സാധിക്കുന്നതാണു്.

Digitized By Kerala Sahitya Akademi

രചനയുടെ മാതൃക:—അനുപ്രാസത്തെ പരാമർശിക്കുന്ന ഒരു ഭാഗമാണു് താഴെ ഉദ്ധരിക്കുന്നതു്.

"അനേകവ്യഞ്ജനങ്ങൾക്കു സകൃൽസാമ്യമേകധാ
ഛേകാനുപ്രാസമെന്നാഹുർവൃത്ത്യനുപ്രാസമന്യഥാ;
ഏകവ്യഞ്ജനസാദൃശ്യം നൈകസാദൃശ്യമേകധാ
അനേകത്ര്യാദിസാദൃശ്യമിത്തിനോ മൂന്നു ജാതി സഃ."

തത്ര ഛേകാനുപ്രാസോ യഥാ—

"ഏണാങ്കചൂഡരമണീം, രമണീയപീന-
ശ്രോണീനിരസ്തപുളിനാം, നളിനായതാക്ഷീം,
വീണാധരാ,മധികണന്നൂപുരബന്ധുജീവ-
ശോണാധരാ,മചലരാജസുതാമുപാസേ."

അത്ര രമണീരമണീയ ഇതി രേഫ മകാര ണകാരാത്മകസ്യ വ്യഞ്ജനസമുദായസ്യ സകൃൽസാദൃശ്യം; ഏവമേവാസ്യ പുളിനാം നളിനായതാക്ഷീമിത്യത്ര, വീണാധരാം ശോണാധരാമിത്യത്ര ച വിദ്യമാനതയാദനേകധാതം. വ്യഞ്ജനഗ്രഹണം സ്വരസാമ്യസ്യാനിയതത്വബോധനാർത്ഥം. യഥാ—

"ആലോലബാലമുകുളേ ബകുളേ വിഹാരം
കോലുന്ന കോലമുരികേ* വരികെന്നുപാന്തേ;
ലീലാവനത്തിലിവിടെക്കമനീയശീലാ
നീലാക്ഷിനീവിമലർമാതെഴുനള്ളിനാളോ?"

അത്ര പൂർവാർദ്ധേ ഛേകാനുപ്രാസഃ. 'കോലുന്ന കോലമുരികേ' ഇത്യത്ര ലകാരഗതസ്യ സ്വരസ്യ മാത്രാഭേദശ്ച. അനുപ്രാസപ്രസ്താവേ കേവലസ്വരസാമ്യമകിഞ്ചിൽകരമേവ. യഥാ—

"ഇത ദലയതി ചിത്തകാമ്പു യൂനാം
മദനനയം വിദയം വിയോഗഭാജാം,
മൃദുപവനവിധൂതചൂതവല്ലീ-
കിസലയകത്തികകൊണ്ടു ചിത്രനീവീ."

അത്ര പ്രഥമപാദേ തകാരാദൌ ദ്വിതീയപാദേ മകാരാദൌ ച വർണ്ണചതുഷ്ടയേ യദ്യപി കേവലമകാരാത്മകസ്യ സ്വരസ്യ സാമ്യം വിദ്യതേ, തഥാപി ന തദനുപ്രാസപ്രയോജകം. വിധൂതചൂതവല്ലീത്യത്ര വ്യഞ്ജനസ്യാപി സാമ്യേ സ്പഷ്ടോനുപ്രാസഃ. കത്തികകൊണ്ടു ചിത്രനീവീത്യത്ര സ്വരസാമ്യം വിനാപി സ്പഷ്ട ഏവ."

ഉദ്ധൃതമായ ഭാഗത്തിൽനിന്നു് ആചാര്യന്റെ വിവരണരീതി എത്ര വിശദവും വിശദതോമുഖവുമെന്നു മനസ്സിലാക്കാവുന്നതാണല്ലോ. നാലഞ്ചു നല്ല മണിപ്രവാളശ്ലോകങ്ങൾകൂടി എടുത്തു കാണിക്കാതെ മുന്നോട്ടു പോകുവാൻ മനസ്സു വരുന്നില്ല.

* മുരികു്=ദേവത.

Digitized By Kerala Sahitya Akademi

''[illegible] നില-
ച്ചുനിലച്ചമ്പക[illegible]
തവേൽ [illegible],പ്പൂമുലകൾ വിട-
ച്ചാമ്പൽതൻ പൂമ്പരാഗാൻ,
കണ്ട്രേ നാട്രേ നാനാട്രേ തടവി വടിവിനോ-
ടാഗതാനന്തിനേരം
മാമാ! രമ്യാങ്ഗി! സാമാനായ മലയസമീ-
രാങ്കുരാൻ കെങ്കയമ്മേ.'' (അനുപ്രാസം)

''കരകലിതകുരങ്ഗം, കണ്ണിലതൃന്തപിങ്ഗം,
ചികുരഭരിതഗങ്ഗം, ചീർത്തകാരുണ്യരങ്ഗം,
പരികലിതഭുജങ്ഗം, പർവ്വതാപത്യസങ്ഗം,
മരുവുക ഹൃദി തുങ്ഗം, മാമകേ ശൈവമങ്ഗം'' (അനുപ്രാസം)

''സിന്ദൂരം നീരസം; ചെന്തളിർ നിറമഴിയും;
കിംശുകം ഗന്ധഹീനം;
ബിംബം കയ്പ്പും; കഠോരം പവിഴമണി; ജപാ-
പുഷ്പമോ നാട്ടമല്ലോ;
സന്ധ്യാമേഘം പൊടിച്ചിട്ടമൃതിലതു കുഴ-
ച്ചിട്ടുരുട്ടി ക്രമത്താൽ
നീട്ടിക്കല്ലിച്ചിതെന്നേ കരുതുവിതധരം
നാരണീനന്ദനായാഃ.'' (സ[illegible]പോൽപ്രേക്ഷ)

''നിസ്തായപ്രണയം നിറഞ്ഞൂവഴിയുംപോലേ കപോലേ തെളി-
ഞ്ഞുമ്പീലൽപുളകാങ്കുരാണി, ചൊരിയും ധമ്മില്ലമാലാനി, തേ,
മമ്മാ! മന്ദ[illegible]ാനി മകളേ! ഞാൻ കണ്ടതാവൂ മന-
സ്സമ്മോഹന മയങ്ങിമാഷ്ഷവലോകാന്താനി, കാന്താമണീ!''
(ഇവിടെ ഗമ്യോൽപ്രേക്ഷയില്ല)

''എങ്ങും വിസ്മായചെമ്മേചിലപുളക,മയ-
ച്ചഞ്ചിതം പൂന്തുകിൽച്ചാ-
ത്തങ്ങൈരങ്ഗാനി മേളിച്ചയി! തവ ശിഥിലീ-
കൃത്യ നിവീനിബന്ധം,
പൊങ്ങും പോർകൊങ്കതന്മേലിഴുകിന കളഭ-
ച്ചാർത്തഴിക്കിന്ന തെക്കൻ-
ഗങ്ഗാപൂരം പിറന്നോരളവു ബത! പിറ-
ന്നീല പൂങ്കേതകീ ഞാൻ.'' (സമാസോക്തി)

ചെറുതാണെങ്കിലും അത്യന്തം ആകർഷകമായ ഒരു അലങ്കാരനിബന്ധമാണ് പ്രസ്തുത കൃതി എന്നു സമഷ്ടിയായി പറയാം. അതു ഭാഷയ്ക്കു സമ്മാനിച്ച പണ്ഡിതപ്രവരനേയും നാം ഹൃദയപൂർവ്വമായി അനുമോദിക്കേണ്ടതാകുന്നു.

Digitized By Kerala Sahitya Akademi

## പത്തൊൻപതാമധ്യായം

# ചില ആനുഷംഗികവിഷയങ്ങൾ

**കേരളത്തിലെ അക്ഷരമാലകൾ—ബ്രാഹ്മി:**—ഇപ്പോൾ മലയാളഭാഷ എഴുതുന്നതിനു മലയാളമക്ഷരങ്ങളെ ഉപയോഗിക്കുന്നുള്ളു. എങ്കിലും ഈ അക്ഷരമാലയല്ലായിരുന്നു ആദ്യകാലത്തു് ഇവിടെ പ്രചരിച്ചിരുന്നതു്. അന്നു കേരളത്തിൽ ഉപയോഗിച്ചിരുന്ന അക്ഷരമാലയ്ക്കു 'വട്ടെഴുത്തു്' എന്നു പേർ പറയുന്നു. വെട്ടെഴുത്തിന്റെ ഒരു ദുഷിച്ച രൂപമാണു് വട്ടെഴുത്തു് എന്ന സംജ്ഞ എന്നുള്ള മതം സ്വീകാര്യമല്ല. തിരുനെൽവേലിയിൽ കുററാലനാഥസ്വാമിക്ഷേത്രത്തിലെ ഒരു പഴയ ശിലാലിഖിതത്തിൽ 'വട്ടം' എന്നുതന്നെ ഈ ലിപിയെപ്പററി പ്രസ്താവിച്ചുകാണുന്നു. അതിപ്രാചീനവും ഉത്തരഭാരതത്തിൽ പ്രചുരപ്രചാരവുമായിരുന്ന ഒരക്ഷരമാലയാണു് ബ്രാഹ്മി. ഭാരതീയർ അതു ബ്രഹ്മാവുതന്നെ കണ്ടുപിടിച്ചതാണെന്നു വിശ്വസിക്കുന്നു. വളരെവളരെ പഴക്കമുള്ള ഒരു ലിപിയാണു് ബ്രാഹ്മിയെന്നേ ആ ഐതിഹ്യത്തിനു് അർത്ഥമുള്ളു. ക്രി: മു: 1000-ാമാണ്ടിടയ്ക്കു ഭാരതത്തിലെ വണിക്കുകൾ വ്യാപാരത്തിനുവേണ്ടി ബാബിലോണിയായിലേക്കു ധാരാളമായി പ്രയാണം ചെയ്തിരുന്നു എന്നും അവിടെ ഉപയോഗിച്ചിരുന്ന സെമിററിക്‌ലിപി അവർ സ്വദേശത്തേക്കു കൊണ്ടുവന്നു എന്നും അതു വിദ്യാസമ്പന്നന്മാരായ ബ്രാഹ്മണരുടെ കയ്യിൽ കിട്ടിയപ്പോൾ അവരിൽ ചില ശബ്ദശാസ്ത്രജ്ഞന്മാർ ലേഖനത്തിനു പ്രയോജകീഭവിക്കത്തക്കവിധത്തിൽ അതിനെ ചിട്ടപ്പെടുത്തി ബ്രാഹ്മിയാക്കി വികസിപ്പിച്ചു എന്നും ക്രി: മു: 500-ാമാണ്ടിനുമുമ്പുതന്നെ ആ വികാസം പരിപൂർണ്ണമായി എന്നും പ്രസ്തുതവിഷയത്തിൽ പ്രമാണപുരുഷനായ ഡോക്ടർ ബ്യൂളർ അഭിപ്രായപ്പെടുന്നു. സ്വദേശജമാണു് ബ്രാഹ്മി എന്നു വാദിക്കുന്ന ഭാരതീയപണ്ഡിതന്മാരുമുണ്ടു്. ബ്രാഹ്മിയിൽനിന്നു ജനിച്ചതാണു്, ദക്ഷിണഭാരതത്തിൽ അവാന്തരകാലങ്ങളിൽ പ്രചരിച്ചുവന്ന വട്ടെഴുത്തും, ഇന്നും പ്രചരിക്കുന്ന ആന്ധ്രകർണ്ണാടകലിപികളും, തമിഴ്‌ലിപിയും ഗ്രന്ഥാക്ഷരവും മലയാളലിപിയും.

**വട്ടെഴുത്തു്:**—വട്ടെഴുത്തിനു ചേരപാണ്ഡ്യലിപിയെന്നും നാനം മോനം എന്നുംകൂടി പേരുകൾ ഉണ്ടു്. ചേരപാണ്ഡ്യലിപി എന്നു പറയുന്നതു് അതിനു ചേരരാജ്യത്തിലും പാണ്ഡ്യരാജ്യത്തിലും പ്രചാരം സിദ്ധിച്ചിരുന്നതിനാലാണു്. മലയാളം അഭ്യസിക്കുവാൻ ആരംഭിക്കുമ്പോൾ എങ്ങനെ 'ഹരിഃശ്രീ ഗണപതയേ നമഃ' എന്നു പഠിക്കുന്നുവോ അതുപോലെ വട്ടെഴുത്തു് അഭ്യസിക്കുവാൻ തുടങ്ങുമ്പോൾ 'ഓം നമോ നാരായണായ' എന്നു പഠിച്ചുവന്നിരുന്നു. 'ന' എന്നും 'മോ' എന്നും ഉള്ള അക്ഷരങ്ങളെ തമിഴിൽ 'നാനാ'മെന്നും 'മോനാ'മെന്നും വ്യവഹരിക്കുന്നു. അങ്ങനെയാണു് നാനം മോനം എന്ന

Digitized By Kerala Sahitya Akademi

പര്യായത്തിന്റെ ഉദ്ഭവം. നാനോത്തു (നാനാസ്കു) എന്നും ഒരു പാഠിച്ചീക്കാരുണ്ട്. തമിഴിൽനിന്നു പ്രമാണങ്ങളും എഴുതാനും മറ്റും പ്രത്യേകമായി രൂപവൽക്കരിച്ച ലിപിയാണ് വട്ടെഴുത്ത് എന്നു ചിലർ പറയുന്നതു യുക്തിയുക്തമായി തോന്നുന്നില്ല. അശോക ചക്രവർത്തിയുടെ ദക്ഷിണഭാരതശാസനങ്ങളിൽ നാം കാണുന്ന ബ്രാഹ്മിയിൽനിന്നു പ്രത്യേകമായി ഉണ്ടായ ഒരു ലിപിയാണ് വട്ടെഴുത്ത് എന്നാകുന്നു സിദ്ധാന്തപക്ഷം. ഏതാവൽപര്യന്തം കണ്ടുകിട്ടീട്ടുള്ള വട്ടെഴുത്തുരേഖകളിൽ അത്യന്തം പുരാതനങ്ങളായിട്ടുള്ളതു ക്രി: പി: എട്ടാം ശതകത്തിന്റെ അന്തിമപാദത്തിൽ പാണ്ഡ്യരാജ്യം ഭരിച്ചിരുന്ന ജടിലവർമ്മപരാന്തകൻ ഒന്നാമന്റെ ശിലാശാസനങ്ങളാണ്. അന്നു തന്നെ പ്രസ്തുതലിപിക്കു സിദ്ധിച്ചിരുന്ന വികാസം പരിശോധിച്ചാൽ ക്രി: പി: 500-ാമാണ്ടിടയ്ക്കെങ്കിലും അതിന്റെ പ്രചാരം ആരംഭിച്ചിരുന്നിരിക്കണമെന്നു കാണുവാൻ കഴിയും. ആദ്യകാലത്തു ദ്രാവിഡഭാഷയ്ക്കു് ആവശ്യമുള്ള എല്ലാ അക്ഷരങ്ങളും വട്ടെഴുത്തിൽ വ്യക്തമായി എഴുതിവന്നിരുന്നു. പിന്നീടു ലേഖകന്മാർ അനവധാനത നിമിത്തം പ, വ, ഇവയും ക, ച, ഇവയും മറ്റും ഒന്നുപോലെ കുറിച്ചുതുടങ്ങി. ക്രി: പി: 17-ാംശതകമായപ്പോൾ പ, വ, യ, ന, ഴ, ള ഇവയെല്ലാം ഏകദേശം ഒരേ അക്ഷരംതന്നെ നടപ്പിലാകുകയും, തന്നിമിത്തം വട്ടെഴുത്തുരേഖകൾ വായിക്കുന്നതിനു സാമാന്യന്മാർക്കു വലിയ വൈഷമ്യം നേരിടുകയും ചെയ്തു. മുൻപു പറഞ്ഞതുപോലെ പാണ്ഡ്യരാജ്യത്തിലും കേരളമുൾപ്പെടെയുള്ള ചേരരാജ്യത്തിലും ആണു് വട്ടെഴുത്തിനു പ്രചാരമുണ്ടായിരുന്നതു്. വിജയാലയവംശത്തിലെ സുപ്രസിദ്ധചോളചക്രവർത്തികളായ പ്രഥമരാജരാജനും പ്രഥമരാജേന്ദ്രനും പാണ്ഡ്യരാജ്യം കീഴടക്കിയപ്പോൾ ചോളദേശത്തിലെ ലിപിയായ തമിഴ്തന്നെ അവിടെയും പരന്നുതുടങ്ങി. ക്രി: പി: 15-ാംശതകത്തോടുകൂടി വട്ടെഴുത്തു പാണ്ഡ്യരാജ്യത്തിൽനിന്നു് അന്തർദ്ധാനംചെയ്തു. എന്നാൽ കേരളത്തിൽ പതിനെട്ടാംശതകത്തിന്റെ അവസാനംവരെ അതിന്റെ ആധിപത്യത്തിനു യാതൊരു പ്രതിബന്ധവുമുണ്ടായില്ല. കോവിലകംവക എഴുത്തുകുത്തുകൾ, ഗ്രന്ഥവരികൾ, കുടിക്കുകുടി കൈമാറിവന്ന പ്രമാണങ്ങൾ ഇവയിലെ ലിപി അന്നും വട്ടെഴുത്തുതന്നെയായിരുന്നു. ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിന്റെ ആവിർഭാവത്തോടുകൂടിയാണ് അതു കേരളത്തിൽ നാമാവശേഷമായതു് എന്നു സമഷ്ടിയായി പറയാം. അതിനുമുമ്പു മലയാളവും തമിഴും പഠിച്ചുകഴിഞ്ഞാൽ കുടിപ്പള്ളിക്കൂടത്തിൽ വിദ്യാർത്ഥികളെ ആശാന്മാർ വട്ടെഴുത്തുകൂടി അഭ്യസിപ്പിച്ചുവന്നിരുന്നു.

**കോലെഴുത്തും മലയാഴ്മയും:**—വട്ടെഴുത്തിൽനിന്നു കാലാന്തരത്തിൽ കോലെഴുത്തു് എന്നു് ഒരു ലിപി ഉത്ഭവിച്ചു. സമീപകാലംവരെ അതിനു കേരളത്തിലെ മഹമ്മദീയരുടെ ഇടയിൽ വളരെ പ്രചാരമുണ്ടായിരുന്നു. കോൽകൊണ്ടു് എഴുതുന്ന എഴുത്തിനാണു് കോലെ

Digitized By Kerala Sahitya Akademi

ഴുത്തു് എന്നു പേർ പറയുന്നതു്. അതിൻെറ ആകൃതിക്കു വട്ടെഴുത്തിൽനിന്നു വളരെ വ്യത്യാസമില്ല. അതിൽ സംവൃതോകാരത്തിനും ഏകാരത്തിനും ഓകാരത്തിനും പ്രത്യേകചിഹ്നങ്ങളുണ്ടെന്നുള്ളതു പ്രത്യേകം സ്മത്തവ്യമാകുന്നു. 'മലയാഴ്മ'ലിപിക്കു തെക്കൻമലയാളമെന്നും പേരുണ്ടു്. അതിനു തിരുവനന്തപുരത്തും അതിനു തെക്കോട്ടുമേ പ്രചാരമുണ്ടായിരുന്നുള്ളു. അതും വട്ടെഴുത്തിൽനിന്നു ജനിച്ചതുതന്നെ. രണ്ടിനും തമ്മിൽ ഈഷദ്വ്യത്യാസമേ ഉള്ളു. ഈ മൂന്നുതരം ലിപികളിൽവച്ചു് ഏററവും സുശമമായതു വട്ടെഴുത്താണെന്നും കേരളം മുഴുവൻ അതിനു പ്രായേണ ഐകരൂപ്യമുണ്ടെന്നും രായസവടിവുകളോ പ്രാദേശികവ്യത്യാസങ്ങളോ അതിൻെറ പ്രയോഗത്തിൽ കാണ്മാനില്ലെന്നും, പക്ഷെ ഏ. ഓ. എന്നീ അക്ഷരങ്ങളുടെ അഭാവം, സംയുക്താക്ഷരങ്ങൾ ഇല്ലാതിരിക്കൽ ഈ, ഊ, എന്നീ അക്ഷരങ്ങളിൽ 'ദീർഘ'ചിഹ്നങ്ങളുടെ പരിത്യാഗം, ചിഹ്നവത്തിൻെറ വജ്ജനം എന്നീ ന്യൂനതകൾകൊണ്ടു വൈഷമ്യങ്ങളുണ്ടെന്നും കോലെഴുത്തിൽ പ്രാദേശികങ്ങളായ പല രൂപഭേദങ്ങളും കാണാവുന്നതാണെന്നും മലയാഴ്മയിൽ പല രായസവടിവുകളും തമിഴ്‌രൂപങ്ങളും പദങ്ങൾക്കു പകരം അവയുടെ സങ്കുചിതരൂപങ്ങളും ഉള്ളതുനിമിത്തം അതു വായിക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ടെന്നും പ്രസ്തുതവിഷയത്തിൽ പല ഗവേഷണങ്ങളും നടത്തിട്ടുള്ള അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

**മലയാളലിപി:**— ഇന്നത്തെ മലയാളലിപിയുടെ മാതൃക ഗ്രന്ഥാക്ഷരമാണു്. ഈ ഗ്രന്ഥലിപിയും ബ്രാഹ്മിയിൽനിന്നു ജനിച്ചതുതന്നെയാണു്. ഗ്രന്ഥാക്ഷരം നാം ആദ്യമായി കാണുന്നതു ക്രി: പി: നാലും അഞ്ചും ശതകങ്ങളിൽ ജീവിച്ചിരുന്ന പല്ലവരാജാക്കന്മാരുടെ ശാസനങ്ങളിലാകുന്നു. ക്രി: പി: 7-ാം ശതകത്തിൽ പല്ലവരാജ്യം പരിപാലിച്ചിരുന്ന പ്രഥമനരസിംഹവർമ്മൻെറ ശാസനങ്ങളിലും നാം ഈ ലിപി കാണുന്നുണ്ടു്. സംസ്കൃതനിബന്ധങ്ങളും സംസ്കൃതശാസനങ്ങളും മററും പ്രസ്തുതലിപിയിലാണു് എഴുതിവന്നതു്. ഗ്രന്ഥാക്ഷരം ക്രമേണ ദക്ഷിണഭാരതം മുഴുവൻ വ്യാപിച്ചു. മണിപ്രവാളസാഹിത്യത്തിൻെറ ആവിർഭാവത്തോടുകൂടി കേരളീയക്കു പ്രത്യേകം ഒരക്ഷരമാലയുടെ സാഹായ്യം ആവശ്യകമായിത്തീന്നു. ബ്രാഹ്മിയിൽ ആകെ 46 അക്ഷരങ്ങളാണുണ്ടായിരുന്നതു്. ബാക്കിയുള്ള അക്ഷരങ്ങൾ ഗ്രന്ഥാക്ഷരം സംവിധാനംചെയ്ത പണ്ഡിതന്മാർ തമിഴിൽനിന്നു സ്വീകരിച്ചു. കേരളീയർ ആര്യഎഴുത്തു എന്നുകൂടിപ്പേരുള്ള മലയാളലിപി ക്രി: പി: ഒൻപതാം ശതകത്തോടുകൂടിയെങ്കിലും ചിട്ടപ്പെടുത്തി പ്രചരിപ്പിച്ചിരുന്നിരിക്കണമെന്നു് അനുമാനിക്കുവാൻ ന്യായമുണ്ടു്. പ്രാക്തനതമങ്ങളായ പല മണിപ്രവാളഗ്രന്ഥങ്ങളും എനിക്കു കാണുവാനിടവന്നിട്ടുണ്ടു്. കൊല്ലം 426-ാമാണ്ടത്തെ ആററൂർ താമ്രശാസനമാണു് ഇതുവരെ നമുക്കു ലഭിച്ചിട്ടുള്ളതിൽ ആദ്യത്തെ മലയാളരേഖ എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ദൂതവാക്യം ഗദ്യം പകർത്തിയെഴുതിയതു കൊല്ലം 549-ാമാണ്ടാ

Digitized By Kerala Sahitya Akademi

ണെന്നും പ്രസ്താവിച്ചുകഴിഞ്ഞു. ഇതിൽനിന്നെല്ലാം ആര്യഎഴുത്തു കേരളത്തിൽ ഇദംപ്രഥമമായി നടപ്പിലാക്കിയതു തുഞ്ചത്തെഴുത്തച്ഛനാണെന്നു പറയുന്നതു പരമാബദ്ധമാണെന്നു വന്നുകൂടുന്നു.

**ആചാരഭാഷ:**—വലിയ നിലയിലും എളിയ നിലയിലും ഉള്ള ആളുകൾ തമ്മിൽ സംഭാഷണം ചെയ്യുമ്പോൾ അവസ്ഥാഭേദം പ്രദർശിപ്പിക്കുന്നതിനു പല പദങ്ങളും മലയാളഭാഷയിൽ പ്രയോഗിക്കേണ്ടതായുണ്ടു്. തമിഴ്ഭാഷ സംസാരിക്കുന്ന ശ്രീവൈഷ്ണവന്മാരുടെ ഇടയിലും അങ്ങനെ ചില പദങ്ങൾ ദേവന്മാരേയും അതിഥികളേയും മറ്റും ഉദ്ദേശിച്ചു ബഹുമാനസൂചകമായി പ്രയോഗിക്കാറുണ്ടെങ്കിലും ആ പരിപാടിക്കു് അവരുടെ ഇടയിൽ കേരളത്തിലെന്നതുപോലെയുള്ള വൈപുല്യമോ നിഷ്കർഷയോ ഇല്ല. കേരളത്തിൽ ഇത്തരത്തിൽ ഒരാചാരം രൂഢമൂലമായതു് ഇവിടത്തെ ജാതിവ്യവസ്ഥയുടെ കർക്കശതകൊണ്ടായിരിക്കാമെന്നു് ഊഹിക്കാവുന്നതാണു്. സ്വാമിഭൃത്യവ്യത്യാസത്തെ ആസ്പദമാക്കി ഒരേ പദത്തിനു യൗഗപദ്യേന രണ്ടു വിധത്തിലുള്ള പര്യായങ്ങൾ പ്രയോഗിക്കേണ്ട ആവശ്യം കേരളീയരുടെ ഇടയിലുണ്ടു്. ചില പദങ്ങൾകൊണ്ടു് ഈ ആചാരമര്യാദ ഉദാഹരിക്കാം. ഗൃഹത്തിനു കോവിലകമെന്നും കുപ്പമാടമെന്നും, പറയുന്നതിനു കല്പിക്കുക എന്നും വിടകൊള്ളുക എന്നും, ഭക്ഷണത്തിനു് അമറേത്തെന്നും കരിക്കാടി എന്നും, അരിക്കു വിത്തരിയെന്നും ചൊല്ലരി എന്നും, വസ്ത്രത്തിനു പരിവട്ടമെന്നും അടിതോലെന്നും, യാത്രയ്ക്കു് എഴുന്നള്ളത്തെന്നും വിടകൊള്ളലെന്നും, മരണത്തിനു നാടുനീങ്ങുക അഥവാ തീപ്പെടുക എന്നും ചാവുക പിഴയ്ക്കുക എന്നും, നിദ്രയ്ക്കു പള്ളിക്കുറുപ്പെന്നും നിലം പൊത്തലെന്നും, കുളിയ്ക്കു നീരാട്ടെന്നും നനയലെന്നും, ലേഖനത്തിനു തിരുവെഴുത്തെന്നും കൈക്കുറിപ്പാടെന്നും, ദേഹത്തിനു തിരുമേനിയെന്നും പഴംപുറമെന്നും, ഒപ്പിനു തുല്യംചാർത്തു് അഥവാ തൃക്കൈ വിളയാട്ടമെന്നും കൈപ്പതിവെന്നും, ക്ഷൗരത്തിനു് അങ്കംചാർത്തു് എന്നും മുടിയിറക്കലെന്നും, താംബൂലത്തിനു് ഇലയമൃതു് എന്നും പഴുത്തിലക്കാറെന്നും, പല്ലുതേപ്പിനു തിരുമുത്തു വിളക്കലെന്നും ഉമിക്കരിയുരപ്പെന്നും, വിദ്യാഭ്യാസത്തിനു പള്ളിവായനയെന്നും പൂഴിവരപ്പെന്നും, രോഗത്തിനു ശീലായ്മയെന്നും പട്ടകാലമെന്നും, തേച്ചുകുളിയ്ക്കു് എണ്ണക്കാപ്പെന്നും മെഴുക്കുപുരട്ടെന്നും മറ്റും അവസ്ഥാഭേദങ്ങൾ അനുസരിച്ചു പര്യായഭേദങ്ങൾ പ്രചരിക്കുന്നു. തൃന്നാലിച്ചാർത്തിനും പള്ളിക്കെട്ടിനും കല്യാണമെന്നും തിരുവാഴിക്കു മോതിരമെന്നും, ഉടച്ചാർത്തിനു കൗപീനമെന്നും, നീക്കാപ്പുപുരയ്ക്കു മറപ്പുരയെന്നും പള്ളിയറയ്ക്കു കിടക്കുമുറിയെന്നും, തിരുമാടമ്പിനു് ഉപനയനമെന്നുമാണു് അർത്ഥം. ഈ പദങ്ങളെല്ലാം സ്വാമിസംബന്ധികളാകുന്നു. ദേശീയമായുള്ള വ്യത്യാസവും ആചാരഭാഷയിൽ സംക്രമിച്ചിട്ടുണ്ടു്. തെക്കർ 'നാടുനീങ്ങ'ലും 'തുല്യം ചാർത്ത'ലും 'അടിയനു'മാണു് പ്രയോഗിക്കുന്നതെങ്കിൽ വടക്കർ ആ അർത്ഥങ്ങളിൽ യഥാക്രമം 'തീപ്പെട'ലും 'തൃക്കൈ

Digitized By Kerala Sahitya Akademi

വിളയാട്ട്’വും ‘എറാ’നമാണു് ഉപയോഗിക്കുന്നതു്. വലിയവരിൽ തന്നെ നാടുവാഴികളായ രാജാക്കന്മാരെ പരാമർശിക്കുന്ന ചില പദങ്ങൾ ഇടപ്രഭുക്കന്മാരുടെ വിഷയത്തിൽ പ്രയോഗിക്കുവാൻ പാടുള്ളതല്ല. ‘തിരു’ ‘പള്ളി’ ഇവ സ്വാമിസംബന്ധികളായ പദങ്ങളുടേയും ‘പഴ’ ‘അടി’ ഇവ ഭൃത്യസംബന്ധികളായ പദങ്ങളുടേയും മുന്നേ ചേർക്കുന്നതു നാട്ടുനടപ്പാകുന്നു. തിരുമനസ്സ്, തിരുവുള്ളം, പള്ളിയറ, പള്ളിക്കുറുപ്പുതുടങ്ങിയ പദങ്ങളും പഴമനസ്സ്, പഴന്തള്ള, അടിതോൽ, അടിക്കിടാവു്, (വീട്ടിലെ ഭൃത്യൻ) മുതലായപദങ്ങളും ഈ ഘട്ടത്തിൽ ഉദാഹരിക്കാവുന്നതാണു്. തന്തപ്പഴവൻ, കാരണവപ്പഴവൻ എന്നീ വാക്കുകളിൽ ‘പഴ’ എന്ന അനുബന്ധം ഒടുവിൽ ചേർത്തു കാണുന്നു. രാജമന്ദിരങ്ങളിലോ ആഢ്യബ്രാഹ്മണഗൃഹങ്ങളിലോ ഇടപഴകി അവയിൽ വസിക്കുന്ന ഉയർന്ന നിലയിലുള്ളവരുമായുള്ള നിത്യസഹവാസംവഴിക്കു നേടേണ്ടതാണു് ഈ ആചാരഭാഷാവ്യുൽപത്തി എന്നു ചുരുക്കത്തിൽ പറയാം. ഇതിന്റെ ശാഖോപശാഖകൾ സംഖ്യാതീതങ്ങളാണു്.

**മൂലഭദ്രീഭാഷ:**—കേരളത്തിൽ അക്ഷരങ്ങളെ മാറ്റിമറിച്ചു് ഉച്ചരിച്ചും എഴുതിയും വിവക്ഷിതാർത്ഥം പരസ്യമാക്കാതെ അന്യനെ ഗ്രഹിപ്പിക്കുന്നതിനു പല ഉപായങ്ങളും പൂർവന്മാർ സ്വീകരിച്ചിരുന്നു. അവയിൽ അതിപ്രധാനമാണു് മൂലഭദ്രീഭാഷ. അതിനു മൂലമന്ത്രികാഭാഷയെന്നും മൂലദേവീഭാഷയെന്നുംകൂടി പേരുണ്ടു്. പ്രസ്തുതഭാഷയുടെ രീതിയെന്തെന്നു താഴെക്കാണുന്ന സൂത്രങ്ങളിൽനിന്നു ഗ്രഹിക്കാം.

> ‘‘അകോ ഖഗോ ഘങശ്ചൈവ ചടോ ഞണ തപോ മനഃ
> ജഝോ ഡഢോ ദധശ്ചൈവ ബഭോ ഥഫ ഛഠേതി ച
> യശോ രഷോ ലസശ്ചൈവ വഹ ക്ഷള ഴറ ക്രമാൽ
> ങ്കഞ്ച ണ്ടന്ത മ്പന്ന ൻററ്റ ൻൽ ർൾ.’’

ഈ നിയമമനുസരിച്ചു് (1) അകാരത്തിനു പകരം കകാരവും കകാരത്തിനു പകരം ആകാരവും പ്രയോഗിക്കണം. ആ വ്യവസ്ഥ (1) ഖ, ഗ; (2) ഘ, ങ; (3) ച, ട; (4) ഞ, ണ; (5) ത, പ; (6) മ, ന; (7) ജ, ഝ; (8) ഡ, ഢ; (9) ദ, ധ; (10) ബ, ഭ; (11) ഥ, ഫ; (12) ഛ, ഠ; (13) യ, ശ; (14) ര, ഷ; (15) ല, സ; (16) വ, ഹ; (17) ക്ഷ, ള; (18) ഴ, റ; എന്നീ അക്ഷരദ്വന്ദ്വങ്ങളുടെ വിഷയത്തിലും സങ്ക്രമിപ്പിക്കേണ്ടതാണു്. അ അ എന്നു് ‘ക്ക’ക്കും അതുപോലെ മറിച്ചും ഉപയോഗിക്കണം. (1) ങ്ക, ഞ്ച; (2) ണ്ട, ന്ത; (3) മ്പ, ന്ന; (4) ൻറ, റ്റ; എന്നീ സംയുക്താക്ഷരയുഗ്മങ്ങളുടേയും (1) ൻ, ൽ; (2) ർ, ൾ; ഈ അർദ്ധാക്ഷര (ചില്ലുകൾ) ദ്വന്ദ്വങ്ങളുടേയും കാര്യത്തിലും പ്രസ്തുതവിധി വ്യാപിപ്പിക്കേണ്ടതാകുന്നു. (1) 1, 2; (2) 3, 4; (3) 5, 6; (4) 7, 8; (5) 9, 10; ഈ സംഖ്യാദ്വന്ദ്വങ്ങളും മേൽ പ്രകാരത്തിൽ മാറ്റിമറിക്കേണ്ടതാകുന്നു. ഒരു സംസ്കൃതശ്ലോകവും അതിന്റെ മൂലദേവീഭാഷയിലുള്ള പരാവർത്തനവും താഴെച്ചേർക്കുന്നു.

Digitized By Kerala Sahitya Akademi

"നമശ്ശിവായ ശാന്തായ ശുദ്ധായ പരമാത്മനേ
സച്ചിദാനന്ദരൂപായ ദക്ഷിണാമൂർത്തയേ നമഃ"
"മനുഷ്യാണാം [illegible] ഷൾപ്പുഴേ
[illegible] നമഃ"

ഊടറിഞ്ഞവനല്ലാതെ ഈ ഓല വായിക്കാൻ തരമില്ലെന്നു പറയേണ്ടതില്ലല്ലോ.

**പഴഞ്ചൊല്ലുകൾ:**—പഴഞ്ചൊല്ലുകൾക്കു കേൾവിപ്പെട്ടിട്ടുള്ള ഒരു ഭാഷയാകുന്നു മലയാളം. പഴഞ്ചൊല്ല് അഥവാ പഴമൊഴി എന്ന പദത്തിന്റെ അർത്ഥം ഒരു ജനസമുദായത്തിൽ പണ്ടേക്കു പണ്ടേ പലരും പറഞ്ഞു പറഞ്ഞു പരന്നു പഴക്കം വന്നിട്ടുള്ള ചൊല്ല് എന്നാണ്. ഏതു നിലയിൽ എത്ര നിരക്ഷരകുക്ഷിയായ മനുഷ്യനും കേട്ടാൽ ഉടനടി അർത്ഥാവബോധം ജനിക്കത്തക്ക വിധത്തിൽ, കഴിയുന്നതും പ്രഥമാക്ഷരത്തിനോ ദ്വിതീയാക്ഷരത്തിനോ സാജാത്യമുള്ള ലളിതപദങ്ങളെക്കൊണ്ട്, സാമാന്യങ്ങളോ തത്ത്വങ്ങളോ ആയ സാമാന്യതത്ത്വങ്ങളെ പ്രതിപാദിക്കുന്നതിനുവേണ്ടി രചിച്ചിട്ടുള്ള ചെറിയ വാക്യങ്ങളാകുന്നു പ്രായേണ ഈ ആഭാണകങ്ങൾ. ഇവയ്ക്കു പ്രായേണ യഥാശ്രുതമായ അർത്ഥത്തിനു പുറമേ വ്യംഗ്യമര്യാദയാ മറെറാരർത്ഥംകൂടി ധ്വനിപ്പിക്കുവാൻ ശക്തിയുണ്ടായിരിക്കും. 'ഒരു മരം കാവാകയില്ല' 'ഒരേററത്തിന് ഒരിറക്കം' മുതലായ പഴഞ്ചൊല്ലുകൾ ഇതിനുദാഹരണങ്ങളാണ്. അപൂർവ്വം ചില ആഭാണകങ്ങൾമാത്രമേ വസ്തുസ്ഥിതിപ്രതിപാദകങ്ങളായുള്ളു. 'പഴുത്ത മാവിലകൊണ്ടു പല്ലുതേച്ചാൽ പുഴുത്ത വായും നാറുകയില്ല' ഇത്യാദി വാക്യങ്ങൾ നോക്കുക. പദ്യസാഹിത്യത്തിന്റെ പ്രാദുർഭാവത്തിനു മുമ്പുതന്നെ പല പഴഞ്ചൊല്ലുകൾ ഭാഷയിൽ പ്രരൂഢങ്ങളായിരുന്നിരിക്കണം. ഓരോരോ സരസന്മാരുടെ രസനാകളിൽനിന്ന് അവ മുത്തുകൾപോലെ പൊഴിയുകയും അവയെ ശ്രോതാക്കൾ അത്യന്തം ആനന്ദത്തോടുകൂടി തങ്ങളുടെ കണ്ഠങ്ങൾക്ക് അലങ്കാരങ്ങളാക്കുകയും ചെയ്തു എന്നാണ് ഊഹിക്കേണ്ടതു്. ഏതു വിഷയത്തെപ്പററിയും മലയാളത്തിൽ ലോകോക്തികൾ ഉണ്ടെങ്കിലും ഗാർഹികങ്ങളാണ് അവയിൽ ഒരു വലിയ ശതമാനവുമെന്നു തോന്നുന്നുണ്ട്. (1) അച്ചിക്കു കൊഞ്ചു പക്ഷം; നായയ്ക്ക് ഇഞ്ചി പക്ഷം; (2) അനച്ച അടുപ്പേൽ ആനയും വേകും; (3) അപ്പം തിന്നണോ കുഴിയെണ്ണണോ; (4) അമ്മായി ഉടച്ചതു മൺചട്ടി; മരുമകളുടച്ചതു പൊൻചട്ടി (5) അമ്മായി ചത്തിട്ടു മരുമകളുടെ കരച്ചിൽ; (6) അരി നാഴിക്കും അടുപ്പു മൂന്നുവേണം: മുതലായവ അക്കൂട്ടത്തിൽ പെടുന്നു. പശു, പൂച്ച, പട്ടി, പന്നി, മീൻ, ആന, കുതിര മുതലായവയെപ്പററി അനേകം പഴഞ്ചൊല്ലുകൾ ഉണ്ട്. (1) ഏട്ടിൽ കണ്ട പശു പുല്ലുതിന്നുകയില്ല; (2) കറണിപ്പാൽ കറന്നാലും കൂരയെത്തിന്നുന്ന പശു ആകാ; (3) പൂച്ചയ്ക്കെന്തു പൊന്നുരുക്കുന്നേടത്തു കാര്യം; (4) എലി പിടിക്കും പൂച്ച കലവുമുടയ്ക്കും; (5) നായ്ക്കോലം കെട്ടിയാൽ കുരയ്ക്കണം; (6) ഉരിനെല്ലുരാൻ പോയിട്ടു പത്തുപറ നെല്ലു പന്നി തിന്നു. (7) ഇരയി

Digitized By Kerala Sahitya Akademi

ട്ടാലേ മീൻ പിടിക്കാവൂ: (8) ആനയില്ലാതെ ആറാട്ടോ; (9) ആന പോകുന്ന വഴിയേ വാലും; (10) കുതിരക്കു കൊമ്പുകൊടുത്താൽ ഒരുത്തനേയും വച്ചേക്കയില്ല; ഇത്യാദി വാക്യങ്ങൾ പരിശോധിക്കുക. ഇതുപോലെ കാക്ക മുതലായ പക്ഷികളെക്കുറിച്ചും ഉണ്ടു്. കാലിമേച്ചിൽ, കൃഷി, കച്ചവടം, വൈദ്യം, ജ്യോതിഷം, വാസ്തുവിദ്യ, നൃത്തവിദ്യ, പട, നായാട്ടു മുതലായ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ലോകോക്തികൾ പ്രത്യേകം ശ്രദ്ധേയങ്ങളാണു്. (1) അക്കരെനില്ക്കുമ്പോൾ ഇക്കരെപ്പച്ച: ഇക്കരെ നില്ക്കുമ്പോൾ അക്കരെപ്പച്ച; (2) മകരത്തിൽ മഴപെയ്താൽ മലയാളം മുടിയും: (3) കടയ്ക്കൽ നനച്ചേ തലയ്ക്കൽ പൊടിക്കൂ; (4) ചുണ്ടങ്ങ കൊടുത്തു വഴുതിനങ്ങ വാങ്ങരുതു്. (5) അതിവടയമുണ്ടെങ്കിൽ അതിസാരം പുറത്തു്; (6) അകപ്പെട്ടവനു് അഷ്ടമത്തിൽ ശനി; ഓടിപ്പോയവനു് ഒൻപതാമിടത്തു വ്യാഴൻ; (7) അടിസ്ഥാനമുറച്ചേ ആരൂഢമുറയ്ക്കൂ; (8) ആടാത്ത ചാക്കിയാക്കു് അണിയൽ; (9) അന്നന്നു വെട്ടുന്ന വാളിനേ നെയ്യിട്ടു; (10) അരചൻ ചത്താൽ പടയില്ല; (11) നായാട്ടുനായ്ക്കൾ തമ്മിൽ കടികൂടിയാൽ പന്നി കുന്നുകയറും; തുടങ്ങിയ ലൗകികോക്തികൾ ഈ വിഷയങ്ങളെ പരാമർശിക്കുന്നു. 'അകപ്പെട്ടവനു്' 'അടിസ്ഥാനം' മുതലായവപോലെ കാലാന്തരത്തിൽ സംസ്കൃതപദങ്ങൾ കൂടിച്ചേർന്ന ചില പഴഞ്ചൊല്ലുകളും ഉണ്ടായിട്ടുണ്ടെങ്കിലും ആ പദങ്ങൾ തത്സമങ്ങളെന്ന നിലയിൽ സർവ്വസാധാരണങ്ങളാണെന്നു നാം ഓർമ്മിക്കേണ്ടതാണു്. (1) അല്പനു് ഐശ്വര്യം വന്നാൽ അർദ്ധരാത്രി കുടപിടിക്കും; (2) അർത്ഥം താൻ അർത്ഥം ദൈവം; (3) ശീലിച്ചതേ പാലിക്കൂ. (4) ശുദ്ധൻ ദുഷ്ടന്റെ ഫലം ചെയ്യും; (5) ആവശ്യക്കാരനു് ഔചിത്യമില്ല; ഇത്യാദി വാക്യങ്ങളും ആക്കൂട്ടത്തിൽ പെടുന്നു. (1) നായകം പറിച്ച പതക്കംപോലെ; (2) പക്ഷിയെ പിടിക്കാൻ മരം മുറിക്കുംപോലെ; (3) പഴുക്കാനിലയിൽ കുറികോൽ കണ്ടപോലെ; (4) തീക്കൊള്ളിമേൽ മീറുകളിക്കുംപോലെ; ഇത്തരത്തിലുള്ള ഉപമകളും ഒട്ടുവളരെ കാണ്മാനുണ്ടു്. ചില പഴഞ്ചൊല്ലുകളിൽനിന്നു് അവയുടെ ഉത്ഭവത്തിന്റെ കാലം നിർണ്ണയിക്കുവാൻ കഴിയും. പറങ്കിക്കു റാനു ലന്തക്കു നഞ്ചു്; മുതലായ വാക്യങ്ങൾ അത്തരത്തിലുള്ളവയാണു്. (1) ഉർവ്വശീശാപം ഉപകാരം; (2) രാമായണം മുഴുവൻ വായിച്ചിട്ടും രാമനു സീത ആരെന്നു ചോദിക്കുന്നു; (3) കാർത്തിക ഒഴിഞ്ഞാൽ മഴയില്ല: കർണ്ണൻ പട്ടാൽ പടയില്ല; ഇങ്ങനെ ഇതിഹാസജന്യങ്ങളായും, (1) അവൻ ഒരു ആഷാഢഭൂതിയാണു്. (2) അങ്ങോരൊരു ഹരിശ്ചന്ദ്രനാണു്; (3) അവൾ ഒരു താടകയാണു്; ഇങ്ങനെ വിവിധസാഹിത്യസ്പർശികളായും പല വാക്യങ്ങൾ ഭാഷയിൽ കാണ്മാനുണ്ടു്. ഇന്നും അത്തരത്തിൽ (1) അവനൊരു ജംബുലിംഗമാണു്; അവനൊരു എംഡനാണു്; ഇങ്ങനെയുള്ള വാക്യങ്ങൾ ആവിർഭവിച്ചുകൊണ്ടിരിക്കുന്നു.

(1) പണ്ടേച്ചൊല്ലിനു പഴുതില്ല; എന്നും (2) പഴഞ്ചൊല്ലിൽ പതിരുണ്ടെങ്കിൽ പശുവിൻപാലും കൈക്കും, അഥവാ പഴഞ്ചോറിൽ കൈ

Digitized By Kerala Sahitya Akademi

വേകം; എന്നും രണ്ടു പഴഞ്ചൊല്ലുകൾ ഭാഷയിലുണ്ടു്. അവ പരമാൎത്ഥങ്ങളാകുന്നു. ഈ സാഹിത്യഗുളികകൾക്കുള്ള ധൎമ്മാധൎമ്മോപദേശപാടവവും പ്രകൃതിനിരീക്ഷണചാതുൎയ്യവും സാമാന്യമല്ല. ഇവയെ സകലഭാഷാകവികളും പ്രത്യേകിച്ചു ചമ്പൂകാരന്മാരും ഇടയ്ക്കിടയ്ക്കു കടാക്ഷിച്ചിട്ടുണ്ടെങ്കിലും ലുബ്ധുംകൂടാതെ അവസരംനോക്കി വാരിക്കോരി വിളമ്പി സഹൃദയന്മാൎക്കു സൗഹിത്യം നല്കിയതു മഹാകവി കുഞ്ചൻനമ്പ്യാരാകുന്നു. പശ്ചാൽകാലികന്മാരായ തുള്ളൽക്കഥയെഴുത്തുകാൎക്കു് ആ ഫലിതമൂൎത്തിയുടെ അടുത്തൊന്നും ചെന്നുപററിക്കൊള്ളുവാൻ സാധിക്കാതെപോയതു പ്രധാനമായി അവൎക്കു പ്രസ്തുതവിഷയത്തിലുള്ള പ്രാഗത്ഭ്യത്തിന്റെ അഭാവമാണെന്നു പറഞ്ഞാൽ അതു് ഏറെക്കുറെ ശരിയായിരിക്കും.

**കടംകഥകൾ:**— ബാലന്മാൎക്കു പലമാതിരിയുള്ള മാനസികവിനോദങ്ങളിൽ ഒന്നാണു് കടങ്കഥകളെക്കൊണ്ടുള്ള വ്യവഹാരം. ഇവയെ തോൽകഥകളെന്നും പറയും. ഹൃദയത്തിനു് ആനന്ദവും ബുദ്ധിക്കു തീക്ഷ്ണതയും സാഹിത്യവിഷയത്തിൽ അഭിരുചിയും നല്കുന്നതിനു് ഈ കഥകൾക്കു കെല്പുണ്ടു്. ഒരിക്കൽ കേട്ടാൽ ഉടൻ അൎത്ഥാവബോധം ഉണ്ടാകാത്തവയും എന്നാൽ സ്വല്പം ശ്രദ്ധിച്ചു് ആലോചിച്ചാൽ സൂക്ഷ്മതത്വം ഗ്രഹിക്കാവുന്നവയുമാണു് ഇവ. കടങ്കഥകൾ ചോദിച്ചു പ്രതിയോഗിയെ മൂകനാക്കി അയാളെക്കൊണ്ടു കടം മൂളിക്കുന്നതു് അക്ഷരശ്ലോകം ചൊല്ലി അച്ചുമൂളിക്കുന്നതുപോലെ രസകരമായ ഒരു വ്യാപാരമാകുന്നു. ഇതരഭാഷകളിലും ഇത്തരത്തിലുള്ള പ്രഹേളികകൾ ഉണ്ടെങ്കിലും മലയാളത്തിൽ അവ അസംഖ്യങ്ങളാണു്. പഴമ മൺമറയുന്നതോടുകൂടി അവയിൽ പലതും അസ്തപ്രായങ്ങളായിത്തീൎന്നിട്ടുണ്ടു്. നിപുണമായി ഉദ്യമിച്ചാൽ ഒട്ടു വളരെ കടങ്കഥകൾ ഏതൊരു ഭാഷാഭിമാനിക്കും ശേഖരിക്കാവുന്നതാണു്. ചില ഉദാഹരണങ്ങൾ അടിയിൽ ചേൎക്കാം.

(1) ഞെട്ടില്ലാവട്ടയില (പപ്പടം); (2) ഉണ്ണാത്ത അമ്മയ്ക്കു് ഒരു മുട്ടൻവയറു് (വയ്ക്കോൽത്തുറു); (3) കറുത്തിരുണ്ടവൻ, കണ്ണു രണ്ടുള്ളവൻ, കടിച്ചാൽ രണ്ടു മുറി (പാക്കുവെട്ടി); (4) മുററത്തെ ചെപ്പിനു് അടപ്പില്ല. (കിണറു്); (5) തോട്ടുവക്കത്തൊരമ്മൂമ്മ പട്ടിട്ടുമൂടി (കൈതച്ചക്ക); (6) കിറുകിറപ്പു കേട്ടു ചക്കിൻചോട്ടിൽ ചെന്നാൽ പിള്ളൎക്കു തിന്മാൻ പിണ്ണാക്കില്ല (ഇല്ലി); (7) ആന കേറാമല, ആടു കേറാമല, ആയിരം കാന്താരി പൂത്തിറങ്ങി (നക്ഷത്രങ്ങൾ); (8) അകത്തു തിരിതെറുത്തു പുറത്തു മൊട്ടയിട്ടു (കുരുമുളകു്); (9) ചത്ത കാള മടലെട്ടു കുന്നോളം ഓട്ടം (വള്ളം); (10) ആനയ്ക്കും പാപ്പാനും നിലയ്ക്കാത്ത വെള്ളത്തിൽ കാവശ്ശേരിക്കുട്ടികൾക്കു കഴുത്തററം വെള്ളം (ആമ്പൽപ്പൂവു്); (11) നാലു പേരുകൂടി ഒന്നായി (മുറുക്കുക); (12) ഒരമ്മ എന്നും വെന്തും നീറിയും (അടുപ്പു്); (13) രണ്ടു കിണററിനു് ഒരു പാലം (മൂക്കു്); (14) ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി (പേൻ); (15) അമ്മ കിടക്കും മകളോടും (അമ്മിയും കുഴവിയും); (16) ചുള്ളിക്ക

Digitized By Kerala Sahitya Akademi

നിൽ സഞ്ചരിക്കും (വാവൽ); (17) അമ്പലത്തിലുള്ള ചെമ്പകത്തിൽ ഒരു കൊമ്പും കാണാനില്ല (കൊടിമരം); (18) പലകക്കീഴെ പച്ചയിറച്ചി (നഖത്തിന്റെ അടിവശം); (19) കാട്ടിൽനില്ക്കും മരം വീട്ടിൽ വരുമ്പോൾ കണക്കപ്പിള്ള (ചങ്ങഴി); (20) ഒരെരുത്തിൽ നിറച്ചു വെള്ളക്കാള (പല്ലുകൾ); (21) അമ്മയ്ക്കു വയറിളക്കം, മകൾക്കു തലകറക്കം (തിരികല്ല്); (22) മുള്ളുണ്ടു മുരിക്കല്ല; കയ്പുണ്ടു കാഞ്ഞിരമല്ല (പാവയ്ക്കാ); (23) ഒരു കുന്തത്തിൽ ആയിരം കുന്തം (ഓലമടൽ); (24) ജീവനില്ല, കാവൽക്കാരൻ (സാക്ഷ); (25) ചുവന്നിരിക്കുന്നവൻ കറുത്തുവരുമ്പോൾ വെള്ളത്തിൽമുക്കിയൊരടി (സ്വർണ്ണം); (26) കൊച്ചുകൊച്ചുച്ചിങ്ങ, കുലനിറച്ചുച്ചിങ്ങ, വയ്യാൻ കൊള്ളാം തിന്മാൻ കൊള്ളുകയില്ല. (കഴുത്തില); (27) മുറ്റത്തുനില്ക്കും മണികണ്ഠനാനയ്ക്കു മുപ്പത്തിമൂന്നു മുറിത്തുടൽ (വാഴക്കുല); (28) അച്ഛൻ തന്ന കാളയ്ക്കു പള്ളയ്ക്കു കൊമ്പു (കിണ്ടി); (29) വാലില്ലാക്കോഴി നെല്ലിനുപോയി (വെള്ളിച്ചക്രം); (30) ആൾക്കും നിലയില്ല ആനയ്ക്കും നിലയില്ല. ആമ്പാടിക്കണ്ണന് അരയറ്റം വെള്ളം (തവള).

ഇത്തരത്തിലുള്ള ഗൂഢാർത്ഥവാക്യങ്ങൾ ഓരോ കാലത്ത് ഉണ്ടായിക്കൊണ്ടാണിരിക്കുന്നതെന്നുള്ളതിനും ധാരാളം ലക്ഷ്യമുണ്ട്. ചുവടേ ചേർക്കുന്ന ഉദാഹരണങ്ങൾ നോക്കുക. (1) ഒരമ്മപെറ്റതെല്ലാം തൊപ്പിയിട്ട മക്കൾ (പാക്ക്); (2) ചില്ലിക്കൊമ്പത്തെ മഞ്ഞപ്പക്ഷി (കപ്പൽമാങ്ങാ); (3) ഇട്ടാൽപൊട്ടാത്ത ഇംഗ്ലീഷ്മൊട്ട (കടുക്).

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# സൂചിക


അംബരീഷചരിതം 351
അകനാനൂറ് 48, 49, 72
അഗസ്ത്യൻ 19, 55, 65
അഗസ്ത്യസൂത്രങ്ങൾ (അഗസ്ത്യം) 46, 47, 406, 408
അച്യുതൻ (ജ്യോതിശ്ശാസ്ത്രോപജ്ഞാതാ) 164
അച്യുതൻ (വിജയദശികാകൃത്ത്) 116, 121
അച്യുതോത്തരം 88
അടിയാർക്കുനല്ലാർ 26, 52, 53, 54
അതിയാരുപിള്ള 187
അതിവീരരാമ പാണ്ഡ്യൻ 64
അതുലൻ (തോലൻ) 133
അതുലൻ (മൂഷികവംശകർത്താവ്) 150, 151
അഥർവ്വശിഖ 102
അഥർവ്വശിരസ്സ് 102
അദ്ധ്യാത്മരാമായണം (കിളിപ്പാട്ട്, എഴുത്തച്ഛൻ) 78, 260, 328
അദ്വൈതപ്രകാശം 157
അദ്വൈതസിദ്ധി 108
അദ്വൈതസമ്പ്രദായം 81
അനന്തനാരായണശാസ്ത്രി, വി. എസ്സ്. 146
അനന്തപുരവർണ്ണനം 375
അനുഭവാഷ്ടകം 159
അന്വയബോധിക 122
അപ്പയ്യദീക്ഷിതർ 108
അപ്പർ (തിരുനാവുക്കരശർ) 47, 54, 57, 254
അബ്ദുല്ല 149
അഭിജ്ഞാനശാകുന്തളം 95, 128, 133, 137, 301
അഭിനവകൗസ്തുഭമാല 159
അഭിനവഗുപ്തൻ 92, 131
അഭിനവഭാരതി 131
അഭിമന്യുവധം 71
അഭിഷേകനാടകം 113, 137
അമരടീക 132
അമരടീകാ സർവ്വസ്വം 132
അമരുകൻ 92
അമരുക ശതകം 92
അമലാനന്ദൻ 96, 108
അമൃതസാഗരൻ 63
അമോഘരാഘവം (സം. ചമ്പു) 161—163, 305, 381
അയ്യനപ്പിള്ള 249, 250, 252
അയ്യനാരിതനാർ 56
അയ്യിപ്പിള്ളആശാൻ 249, 250
അരിശിൽ കിഴാർ 49
അരുംപത ഉരയാചിരിയർ 53
അരുണഗിരിനാഥൻ—300, 301, 302 (അചലനാഥൻ, ശിവദാസൻ, അണ്ണാമല)
അർജ്ജുന രാവണീയവ്യാഖ്യ 120
അർത്ഥപ്രകാശിക 116, 122
അർപ്പുതത്തിരുവന്താതി 80
അലങ്കാരസർവ്വസ്വം 297, 298
അലങ്കാരസർവ്വസ്വവ്യാഖ്യ 297—299
അലങ്കാരസൂത്രം (രുയ്യകൻ) 297, 420
അലങ്കാരസംക്ഷേപം 421
അവതരണാദർശകം 396
അവന്തിസുന്ദരി 87—89
അവന്തിസുന്ദരീകഥാസാരം 88
അശോകവനികാങ്കം (ആട്ടപ്രകാരം) 274
അശ്വത്ഥനാരായണ ശാസ്ത്രികൾ 148
അഷ്ടപദി 157
അഷ്ടമൂർത്തി 171
അഷ്ടാംഗഹൃദയം 44
അഷ്ടാദ്ധ്യായി 19, 20 (F. N)
അഷ്ടാസാഹസ്രി 96
ആചാര്യൻ (അലങ്കാരസംക്ഷേപകാരൻ) 421, 422, 425
ആചാര്യൻ (ലീലാതിലകകാരൻ) 67, 68, 70, 72, 75, 261, 281, 399, 400, 404, 405, 407—421
ആട്ടപ്രകാരം 138, 182, 265, 270, 271
ആണ്ടാൾ 254
ആദിത്യദാസാത്മജൻ (തലക്കുളത്തു ഭട്ടതിരി) 168
ആദിത്യപ്രജ്ഞൻ 154
ആദിത്യവർമ്മാവ് 257, 361–369, 396 (സർവ്വാങ്ഗനാഥൻ, തൃപ്പാപ്പൂർ സ്വരൂപം ഇളയതമ്പുരാൻ)


Digitized By Kerala Sahitya Akademi

ആദിയുലാ (തിരുക്കൈലായജ്ഞാന വുലാ) 58, 65
ആനന്ദഗിരി (തോടകൻ) 91, 93, 100, 107
ആനന്ദവർദ്ധനൻ 92, 131
ആര്യഭടൻ 165
ആര്യഭടീയം 165, 169
ആലത്തൂർ മണിപ്രവാളം (വൈദ്യഗ്രന്ഥം) 71, 400, 401
ആശൗചാഷ്ടകം 78
ആശ്ചര്യചൂഡാമണി (ചൂഡാമണി) 110—113, 137
ആശ്ചര്യമഞ്ജരി 132
ആറ്റൂർ കൃഷ്ണപിഷാരടി 76, 403

ഇടനാടൻ പാട്ട് 188
ഇടക്കാട്ടുനമ്പൂരി 170
ഇന്ദ്രകാളീയം 47
ഇന്ദ്രൻ (ഇന്ദ്രദത്തൻ) 20, 268
ഇരട്ടൈ മണിമാലൈ 80
ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ 142
ഇശൈത്തമിഴ്ച്ചെയ്യുട്ടു ക്കോവൈ 47
ഇശൈനുണുക്കം 47
ഇഷ്ടിരങ്ഗപുലവർ 182
ഇളങ്കോവടികൾ 26, 27, 49–52, 135
ഇളമ്പൂരണർ 16, 47
ഇറൈയനാരകപ്പൊരുൾ 46
ഈശാന ഗുരുദേവപദ്ധതി 172
ഈശാന(—ശിവ,—ഗുരു)ദേവൻ 152, 154, 160, 171—173
ഈശ്വരദത്തൻ 313, 314

ഉംവേകൻ (ഭവഭൂതി, ഭട്ടൻ) 83, 85, 96, 130
ഉണ്ണിക്കണ്ടൻ (പണിയമ്പള്ളി) 373
ഉണ്ണിച്ചിരുതേവീചരിതം (ചമ്പു) 381, 384, 387, 394
ഉണ്ണിയച്ചീചരിതം 54, 170, 381, 384, 394, 395
ഉണ്ണിയാടീചരിതം 381, 384, 387, 394, 395
ഉണ്ണുനീലിസന്ദേശം 143, 161, 311, 356, 357, 359, 363, 394, 395
ഉത്തരമീമാംസ 84, 102, 108 (വേദാന്തസൂത്രങ്ങൾ, ശാരീരക മീമാംസാസൂത്രങ്ങൾ, ബ്രഹ്മസൂത്രങ്ങൾ, ബാദരായണസൂത്രങ്ങൾ)
ഉത്തരരാമചരിതം 112
ഉത്തരരാമായണസംഗ്രഹം 396, 397, 405
ഉദയകുമാരകാവ്യം 48
ഉദ്ദണ്ഡശാസ്ത്രികൾ 53, 86
ഉദ്ഭടൻ 420
ഉന്മാദവാസവദത്ത (വീണാവാസവദത്ത) 111, 113
ഉപദേശ സാഹസ്രി 95
ഉപനിഷദ് ഭാഷ്യങ്ങൾ 102 (ഈശാവാസ്യാദി ദശ)
ഉപവർഷൻ 84
ഉഭയാഭിസാരിക 78, 313
ഉഴുത്തിരവാരിയർ 147, 148, 170

ഋഗ്വേദം 11, 258
ഋജു വിമലാപഞ്ചിക 85, 86
ഋജു വിമർശിനി 104
ഋജു വിവരണം 108

ഏകാവലി 299
ഏ. എൻ. സിങ്ങ് 165

ഐങ്കുറുനൂറ് 48
ഐന്ദ്രവ്യാകരണം 46

ഔവയാർ 18, 80

കഞ്ചനൂർ ആഴ്വാർ 167
കടൽപിറക്കോട്ടിയ ചെങ്കുട്ടുവൻ 49
കണിയാകുളത്തു പോര് 259, 260
കണ്ണരാദിത്യൻ 59
കണ്ണശ്ശപ്പണിക്കർ (കണ്ണശ്ശൻ) 250, 320, 321, 348, 351
കണ്ണശ്ശരാമായണം 260, 336, 337
കണ്ണിങ്ഹാം 36
കനകധാരാസ്തോത്രം (ശ്രീസ്തുതി) 98
കനകസഭൈപ്പിള്ള 25
കന്ത(ന്ദ)ൻ കാരിവർമ്മൻ 150
കന്നടിയൻ പോര് 260
കപിലർ 49, 63, 80
കമ്പർ 19, 64, 182, 258, 320
കമ്പരാമായണം 29, 64, 182, 324
കരിങ്ങൻപള്ളി 144

Digitized By Kerala Sahitya Akademi

കരിമ്പാണ്ടി (വേലപ്പൻ) 186
കരുണേശൻ 317—321
കർപ്പൂരമഞ്ജരീനാടകം 299
കന്ദറീബന്ധം 165
കലിത്തൊകൈ 48
കല്പതരു 96, 108
കല്പസൂത്രം 88
കല്യാണസൗഗന്ധികവ്യായോഗം [125, 126, 137
കല്ലാടർ 48
കവികാമധേനു 155
കവിഭൂഷണൻ 299
കവിരാജമാർഗ്ഗം 15
കവിയൂർ രാമൻനമ്പ്യാർ 141
കവിഹൃദയദർപ്പണം 119, 120
കളവഴിനാൽപ്പതു് 60
കാകസന്ദേശം 397
കാക്കൈപ്പാടിനിയാർനച്ചെള്ളൈയാർ 49
കാത്യായനൻ 17 (F. N), 78
കാമന്ദകൻ 268
കാമസൂത്രം 406
കാരയ്ക്കലമ്മ 80
കാരികിഴാർ 16
കാർക്കോടകസ്തോത്രം 159
കാലവധകാവ്യം 159
കാലസങ്കലിതം 36
കാവ്യപ്രകാശം 131, 421, 422
കാവ്യപ്രകാശിക 121
കാവ്യാദർശം 87, 415, 417
കാവ്യാലങ്കാരം (ഭാമഹൻ) 415
കാവ്യാലങ്കാര(വാമനൻ) സൂത്രങ്ങൾ 92, 417
കാവ്യോല്ലാസം 131
കാശികാകാരൻ 162
കാശികാവൃത്തി 404
കാശിഖണ്ഡം 64
കാളിദാസൻ 95, 118, 127, 128, 130, 133, 142, 145, 162, 300—302, 314, 356, 370, 398, 407.
കിരാതാർജ്ജുനീയം 87, 156
കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ 124, 138, 271
കീചകവധം (മണിപ്രവാളം) 74
കീചകവധം (സംസ്കൃതയമകം) 123

കുഞ്ചൻനമ്പ്യാർ 30, 75, 134, 237, 434
കുഞ്ഞിക്കുട്ടൻതമ്പുരാൻ 82, 132
കുണ്ടൂർ നാരായണമേനോൻ 226
കുണ്ഡലകേശി 48
കുപ്പുസ്വാമിശാസ്ത്രി, എസ്സ്°. 96
കുമാരസംഭവം (ദീപിക) 300—302
കുമാരസംഭവ വിവരണം 302
കുമാരസ്വാമി (പ്രതാപരുദ്രീയവ്യാഖ്യാതാ) 418
കുമാരിലഭട്ടൻ 9, 10, 82, 83—86, 89, 92, (ഭട്ടാചാര്യൻ, വാർത്തികകാരൻ) 95, 96, 99, 130
കുലശേഖര(—രാമവർമ്മ,—വർമ്മാവു്,—ആഴ്‌വാർ)ൻ 60, 62, 90, 114—116, 121, 126—128, 130—133, 135—138, 163, 254, 257, 266, 302, 308
കുലിശൻ 168, 169
കുറിഞ്ചിപ്പാട്ടു് 48
കുറുംകോഴിയൂർ കിഴാർ 16
കുറുന്തൊകൈ 48, 49

കൂടലൂർ കിഴാർ 48
കൂട്ടായി കുഞ്ഞിക്കോയ 228
കൂത്തും കൂടിയാട്ടവും 136
കൂർമ്മപുരാണം 64
കൂലവാണികൻ ചാത്തനാർ 50, 51, 56

കൃഷ്ണദേവരായർ 133, 186
കൃഷ്ണനാട്ടം 155
കൃഷ്ണനിളയതു്(പുതികോടു്)392(F. N)
കൃഷ്ണവടി 302, 303, 304, 305, 306
കൃഷ്ണപ്പണിക്കർ (നീ: ക:) 336
കൃഷ്ണലീലാശുകൻ (ലീലാശുകൻ) 152, 154—157, 159, 160
കൃഷ്ണലീലാവിനോദം 159, 160
കൃഷ്ണാചാര്യർ 169, 170
കൃഷ്ണാനന്ദസരസ്വതി 304
കൃഷ്ണീയം 169, 170

കേതനൻ 10
കേദാരഭട്ടൻ 407
കേരളം 81
കേരളകൗമുദി 11
കേരളനിർണ്ണയം 165 (ജാതകരഹസ്യം, വരരുചികേരളം)
കേരളപാണിനീയം 25, 29

Digitized By Kerala Sahitya Akademi

കേരളവർമ്മ വലിയകോയിത്തമ്പുരാൻ— 76, 124, 150, 178
കേരളീയം (കേരളരാജ്യം) 164, 165
കേരളോത്പത്തി 38, 42, 77, 82, 85
കെല്ലൂർ ചോമാതിരി 174

കൊക്കോകം 64
കൊച്ചി അമ്മാമൻതമ്പുരാൻ 136
കൊച്ചി രാമവർമ്മ (അപ്പൻ തമ്പുരാൻ) 175
കൊച്ചുശങ്കരൻ മൂത്തത് 148

കോകസന്ദേശം 372
കോകിലസന്ദേശം 53, 86
കോടമണ്ണ രാമപിഷാരടി 157
കോട്ടയത്തു തമ്പുരാൻ 246
'കോമപ്പൻ'' 226
കോവുണ്ണിനെടുങ്ങാടി 11
കോവൂർ കിഴാർ 24

കൗടലീയം (ഭാഷാ—) 267, 268, 269, 270, 276
കൗടലീയാർത്ഥശാസ്ത്രം 267
കൗടല്യൻ (ചാണക്യൻ ദ്രാമിളൻ, വിഷ്ണുഗുപ്തൻ) 267, 268
കൗതുകചിന്താമണി 64

ക്രമദീപിക 138, 159, 160, 270
ക്രിയാസാരം 173, 174

ഖണ്ഡന ഖണ്ഡഖാദ്യം 108

ഗങ്ഗാദേവി 160
ഗജേന്ദ്രമോക്ഷം 117, 118
ഗണപതിശാസ്ത്രികൾ (ഡാക്ടർ) 113, 268
ഗണപതിസ്തോത്രം 159
ഗദ്യചിന്താമണി 73
ഗർഗ്ഗൻ 168

ഗുണനൂല് 48
ഗുണവീരൻ 63
ഗുണസാഗരൻ 63
ഗുണ്ടർട്ട് (ഡാക്ടർ) 32, 342, 344
ഗുരുഗീത 327, 335
ഗുരുദിഗ്വിജയം 91, 100

ഗൃഹ്യസൂത്രങ്ങൾ 88

ഗോദവർമ്മാവ് 150, 151
ഗോദവർമ്മപ്പെരുമാൾ 204
ഗോപാലൻ (കൃഷ്ണാമൃതവ്യാഖ്യാതാ)158
ഗോപിനാഥരായർ, ടി. എ. 27
ഗോപിനാഥരായർ 259
ഗോവിന്ദശങ്കരൻ 420
ഗോവിന്ദൻ 142, 168, 169
ഗോവിന്ദനാഥൻ 91, 93, 99, 108
ഗോവിന്ദപ്പിള്ള, പി. (സർവ്വാധികാര്യക്കാർ) 4, 75, 203, 204, 322, 327 ഗോവിന്ദ ഭഗവത്പാദർ (ഗോവിന്ദസ്വാമികൾ) 77, 98, 99, 103, 105, 107.
ഗോവിന്ദസ്വാമി (ആര്യഭടീയവ്യാഖ്യാതാ) 169
ഗോവിന്ദാഭിഷേകം (ശ്രീചിഹ്നം) 155
ഗോവിന്ദാശ്രമയതി 158
ഗൗഡപാദർ 91, 96, 98, 100, 102, 107
ഗൗതമബുദ്ധൻ 94
ഗൗരീകല്യാണം (യമകകാവ്യം) 92
ഗൗരീദാസൻ 149

ഘോഷയാത്ര 237

ചക്കി 132
ചതുരസുന്ദരി 170
ചന്ദ്രകലാമാല 299
ചാത്തനാർ (കൂലവാണികൻ) 51, 56
ചിദ്വിലാസയതി 91, 93
ചിന്താജ്ഞാനം (കൃഷ്ണീയം) 169
ചിന്താതിലകം 149
ചിന്താമണി 152, 153, 265
ചിന്താമണി, ടി. ആർ. 96
ചിലപ്പതികാരം 14, 16, 26, 48, 49, 50, 52, 54, 56, 135, 254
ചിറപാണാട്ടുപ്പടൈ 18, 48

ചൂഡാമണി (നിഘണ്ടു) 29, 63, 193 (F. N)
ചൂഡാമണി (ലഘുകാവ്യം) 48
ചൂഡാമണി (ആശ്ചര്യ—, നാടകം)137

ചെങ്കുട്ടവൻ 26 (F. N), 51, 52, 56, 135, 201, 265


Digitized By Kerala Sahitya Akademi

ചെന്നോലിൽ ഗോവിന്ദൻ 141, 142
ചെയിറ്റിയം 47
ചെറിയ ച്ചിവണ്ണനം 381
ചെറോട്ടമ്മ 133
ചേക്കിഴാർ 22, 53, 57
ചേന്തനാർ 23
ചേന്നാസ്സ്നമ്പൂതിരിപ്പാട് 174
ചേരമാൻപെരുമാൾ 58, 59, 62, 65
ചോവവായിപരീതുകുട്ടി 228
ചൊക്കനാഥൻ 121

ഛന്ദോംബുധി 14

ജങ്ഗമമഹർഷി 176
ജമദഗ്നി 161
ജയകുമാരൻ കഥൈ 73
ജയദേവൻ 157, 160
ജയന്തം 47
ജയമങ്ഗള 268, 269
ജയരാഗൻ 150, 151
ജാതകരഹസ്യം (കേരളനിർണ്ണയം) 165
ജാതകസ്കന്ധം 164
ജാനകീപരിണയം 304
ജാമദഗ്ന്യൻ 145
ജിനസേനൻ 96
ജീവകചിന്താമണി (ചിന്താമണി) 48
ജൈനഹരിവംശം 96
ജൈമിനി 84
ജൈമിനീയസൂത്രങ്ങൾ (പൂർവ്വമീമാംസാസൂത്രങ്ങൾ) 84

ടുപ്ടീക 84

ടോളമി 53

ഡെ 36
ഡാക്ടർ കാൾഡ്വെൽ 7, 9, 27
ഡാക്ടർ ബുക്കാനൻ 36
ഡാക്ടർ ബ്യൂലർ 426, 428

തത്വപ്രകാശിക 122
തത്വബിന്ദു 108
തത്വബോധിനി 148, 163
തന്ത്രവാർത്തികം 10, 83, 84
തന്ത്രസംഗ്രഹം 169, 174
തപതീസംവരണം 127, 128, 130, 131, 132, 137, 289, 352
തമിഴ്വരലാറ് 26 (F. N)
തമ്പുരാൻതോഴൻ (സുന്ദരമൂർത്തി) 59
തലക്കുളത്തു് ഗോവിന്ദഭട്ടതിരി 167, 169
താത്പര്യദീപിക 89, 302, 304, 305, 308
താമരനല്ലൂർ (ഭാഷ) 400
താളവർ കൈയ്യൂത്തു് 47
താളസമുദ്രം 47
തിഗന്തസാമ്രാജ്യം 159, 160
തിരുക്കണ്ണിയാലണ്ണൽസ്തുതി 339
തിരുക്കുറൾ 17, 48, 55, 80
തിരുകൈലാസജ്ഞാനവുലാ (ആദിയുലാ) 58
തിരുജ്ഞാനസംബന്ധർ 47, 54, 57
തിരുത്തക്കതേവർ 48, 265
തിരുനാവുക്കരശർ (അപ്പർ) 47, 54
തിരുമങ്കൈയാഴ്വാർ 60, 62
തിരുമന്തിരം 28
തിരുമുരുകാറ്റുപ്പടൈ 48
തിരുമൂലർ 29
തിരുമൊഴികൾ 254
തിരുവരങ്കത്തു പാണനാർ 81, 194, 195
തിരുവള്ളുവർ 55, 80
തിരുവാമൊഴി 31, 407
തിരുവമ്പാടി കൊച്ചുനമ്പൂരി 138
തിരുവായ്മൊഴിയുര 73
തിരുവാരങ്കാട്ടു മൂത്തതിരുപ്പതികം 80
തിരുവീശൈപ്പാവ് 59
തുഞ്ചത്തു് എഴുത്തച്ഛൻ 76, 275, 328, 348, 430
തുമ്പച്ചിനാസ്കൻ 186
തൃക്കപാലീശപരസ്തോത്രം 336
തെന്നാലി രാമകൃഷ്ണൻ 133
തേവാരങ്ങൾ 254
തൈത്തിരീയോപനിഷദ്ഭാഷ്യം 107
തൊല്കാപ്പിയം 16, 18, 19, 20, 23, 25, 28, 29, 46, 47
തൊല്കാപ്പിയർ 19, 20, 35, 46, 55, 56
തൊല്കാപ്പിയസൂത്രങ്ങൾ 406
തോടകാചാര്യൻ (ആനന്ദഗിരി), 91, 100, 101
തോലകാവ്യം 134

Digitized By Kerala Sahitya Akademi

തോലൻ (തോലൻ) 31, 132—134, 136—138, 270, 282, 289, 416
ത്രയ്യന്തഭാവദീപിക 108
ത്രികാണ്ഡശേഷം 102
ത്രിപുരദഹനം 115—117, 122, 135
ത്രിപുരാപൂജ 104
ത്രിപുരോപനിഷദ്ഭാഷ്യം 310
ത്രിവിക്രമൻ 155
ത്രിവിക്രമൻ നമ്പൂരി 172
ത്രിശതീഭാഷ്യം 102
ത്രൈവിക്രമം 126, 127

ദക്ഷിണാമൂർത്തിസ്തവം 107, 159
ദക്ഷിണാവർത്തനാഥൻ 300, 301
ദണ്ഡി (ആചാര്യൻ) 46, 87, 88, 89, 92, 123, 127, 130, 407, 415, 417, 418
ദശകുമാരചരിതം 87
ദശരൂപകം 131
ദശശ്ലോകി 98
ദശാദ്ധ്യായി 168, 169
ദശാവതാരചരിതം 396
ദശോപനിഷത്ത് 102
ദാമോദരൻ 152, 154, 169
ദാമോദരചാക്യാർ (—കവി) 310, 313, 387, 392
ദാരുകവധം 182
ദിങ്മാത്രദർശിനി 112
ദിനകരി 148
ദിവാകരം 23, 29, 63
ദിവാകരൻ 161, 162
ദിവാകരനിഘണ്ടു 406, 415, 416
ദിവാകരമുനി 63
ദിവാൻ വെറ്റി 231, 247, 260
ദീപപ്രഭ 78
ദീപവിശാഖ പഞ്ചിക 85
ദീപിക (കുമാരസംഭവ, രഘുവംശം) 300—302
ദുർഗ്ഗാപ്രസാദയതി (നാരായണപ്രിയൻ) 155—158
ദുർഗ്ഗാസ്തുതി 159
ദൂതഘടോൽകചം 137
ദൂതവാക്യം (നാരായണഭട്ടതിരി) 9, 348
ദൂതവാക്യം (ഗദ്യം) 429
ദൂതവാക്യം (വ്യായോഗം) 344, 347, 348

ദൃഗ്ഗണിതം 169
ദേവദാകാളം 164
ദേവൻ 155
ദേവപാലി 84
ദേവേശ്വരൻ 96, 97
ദേവ്യപരാധസ്തോത്രം 93
ദൈവം 155
ദൈവ ചിലൈയാർ 48
ദൈവജ്ഞവല്ലഭം 170
ദ്രോണർ 268
ദ്വാദശലക്ഷണി 84
ദ്വിതീയവളഭൻ 151
ദ്വിസന്ധാനകാവ്യം 87

ധനഞ്ജയൻ 131
ധർമ്മകീർത്തി (കീർത്തി) 95
ധർമ്മഗുപ്തൻ 144, 148
ധർമ്മരാജാധ്വരി 121
ധാതുകാവ്യം 117
ധാതുവൃത്തി 155
ധൂർത്തവിടസംവാദം 313
ധ്വന്യാലോകം 92

നക്കീരർ 24
നച്ചിനാർക്കിനിയാർ 23, 47, 48, 406
നടാങ്കുശം 111, 126, 131
നന്ദനൻ 150
നന്ദി 151
നന്നയ്യഭട്ടൻ 15
നന്നൂൽ 22, 28, 63
നന്നൂൽസൂത്രം 407, 408, 411, 412—414
നമ്മാഴ്വാർ (ശഠകോപമുനി) 31, 60, 62, 407
നയചന്ദ്രിക 268
നവകാളിദാസൻ (വിദ്യാരണ്യൻ) 92, 93, 95, 106, 108
നളചരിതം (പാട്ട്) 340
നളോദയം 118—120
നാററിണൈ 48, 49
നാഗകുമാരകാവ്യം 48
നാഗവർമ്മൻ 14
നാഗവാമൻ 30
നാഗാർജ്ജുനൻ 64
നാഗാനന്ദം 137, 138, 163, 287, 288
നാട്യശാസ്ത്രം 131
നാഥമുനി 60, 61


Digitized By Kerala Sahitya Akademi

നാടകപ്രകാശം 26
നാരദർ 168, 306
നാരായണൻനമ്പൂരി (ഭാഷാചമ്പുകർത്താ) 78
നാരായണൻ നമ്പൂരി (നാരായണൻ, സീതാഹരണകർത്താ) 124, 125
നാരായണപിള്ള, പി. കെ. 364
നാരായണപ്രിയൻ (ഭർഗ്ഗപ്രസാദയതി) 158
നാരായണഭട്ടതിരി(വെള്ളാങ്ങല്ലൂർ) 302
നാരായണാചാര്യൻ 160
നാരായണീയം 94
നാലടിയാർ 48
നാലായിരപ്രബന്ധം 26, 60, 61
നിത്യാമൃതയതി 122
നിബന്ധനം (ബൃഹതീ) 84—87
നിരുക്തം 20 (F. N.), 40, 46
നീതിവർമ്മൻ 123
നീതിസാരം 268
നീലകണ്ഠദീക്ഷിതർ 123
നീലകണ്ഠൻ (കല്യാണസൗഗന്ധികവ്യായോഗകർത്താ) 125
നീലകണ്ഠൻനമ്പൂരി (മുക്കോലക്കാരൻ, അർത്ഥപ്രകാശിക എന്ന വൃത്തിയുടെ കർത്താവു്) 116, 122
നീലകണ്ഠൻ മൂസ്സതു് 131
നീലകേശി (തമിഴ്കാവ്യം) 48, 73, 342
നീലി 152, 154
നൃപതുങ്ഗൻ 15
നൃസിംഹതാപന്യുപനിഷത്തു് 102
നെടുനല്വാടൈ 48
നേമിനാഥം 63
നൈഷധം 64
നൈഷ്കർമ്മ്യസിദ്ധി 107
ന്യായകണിക 85, 108
ന്യായനിർണ്ണയം 107
ന്യായസൂചീനിബന്ധനം 95
ന്യാസകാരൻ 162

പഞ്ചപാദിക 95, 97, 108
പഞ്ചഭാരതീയം 47
പഞ്ചമരപു 47
പഞ്ചേന്ദ്രോപാഖ്യാനം 75
പട്ടനാർ 323
പട്ടിനപ്പാലൈ 48
പതഞ്ജലി 18 (F. N), 162, 302
പതിനാറുപടലം 47
പതിറ്റുപ്പത്തു് 48, 49, 52, 256
പത്മപ്രാഭൃതകം 313
പദചന്ദ്രിക 117
പദാർത്ഥചിന്തനം 116, 118, 120
പദാർത്ഥദീപിക 121, 122
പദ്ധതി 171
പത്മപാദാചാര്യചരിതം 108
പത്മപാദമുനി (ആചാര്യൻ, സനന്ദനൻ)—19, 94, 95, 99, 100, 102, 107, 108, 109, 110, 156, 157
പത്മപുരാണം 327
പനമ്പാരനാർ 16, 20
പന്നിരുപടലം 56
പമ്പൻ 63
പയ്യന്നൂർ പാട്ടു് 342, 344
പരണർ 24, 25, 49, 63
പരമജ്ഞാനവിളക്കം 355
പരമാർത്ഥസാരം (ശേഷാര്യ) 302, 308
പരമേശ്വരൻ (നമ്പൂരി) 168, 169
പരല്ലേരു് 78
പരശുരാമചരിതം 342
പരാശരൻ 268
പരാശരമാധവീയം 104
പരിമളം 108
പരിപാടൽ 48
പരിമേലഴകർ 17
പള്ളിപ്പാറത്തു നമ്പൂരി 85
പാണിനി 1 (F. N), 19, 132, 162
പാണിനിസൂത്രങ്ങൾ 117, 415
പാണിനീയശിക്ഷ 20
പാണ്ഡവചരിതം 123
പാദതാഡിതകം 313
പാദുകാഭിഷേകം 137
പാപ്പൂരായല്ലയനമ്പൂരി 152, 158
പായിരം 16
പാരിഷേണകുമാരൻ കഥൈ 73
പാലൈക്കലി 49
പാലൈപാടിയപെരുങ്കടുങ്കോ 49
പാശുപതാസ്ത്രലാഭം 339, 340
പിങ്ഗളനിഘണ്ടു 8, 29
പിങ്ഗളന്തൈ 29, 63
പിങ്ഗളമുനി 63
പിങ്ഗളീസൂരപ്പാ 296 (F. N)
പുത്തരിയങ്കം (ഗാനം) 213, 214, 215
പുത്തൂരിൽ തിരുവാനന്തം 247
പുനം (നമ്പൂരി) 258, 259


Digitized By Kerala Sahitya Akademi

പുരാണസംഹിത 354
പുരുഷകാരം 155, 159
പുരുഷോത്തമദേവൻ (ബൗദ്ധാചാര്യൻ) 102
പുലിയന്നൂർ നാരായണൻനമ്പൂരി 174
പുലിയൂർ പുരുഷോത്തമൻനമ്പൂരി (ജ്യൗതിഷികൻ) 170
പുറനാനൂറ് 16, 48, 49, 52
പുറനാനൂററിൻ പഴമൈ 24
പുറപ്പൊരുൾവെൺപാമാലൈ 29, 56
പൂർവ്വഭാരതചമ്പു 302
പൂർവ്വമീമാംസ 83, 84, 85, 108, 169
പെരിയതിരുവാച്ചാൻപിള്ള 73
പെരിയ പുരാണം 22, 53, 57—59
പെരിയാഴ്‌വാർ 254
പെരുനാരാററപ്പടൈ 48
പെരുങ്കുൻറൂർ കിഴാർ 49
പെരുങ്കുരുക 47
പെരുനാരൈ 47
പെരുന്തേവനാർ 73
പെരുമ്പാണാററുപ്പടൈ 48
പെഴ്സിമാകപീൻ 211
പേരകത്തിയം 19
പേരാചാരിയർ 16
പേരാചിരിയർ 47
പേൽസാസ്സ് 32
പൊൻവണ്ണത്തന്താദി 58
പൊയ്കയാർ ആഴ്‌വാർ 60
പൊരുനരാററുപ്പടൈ 48
പൊറയത്തു വിശ്വനാഥമേനോൻ 204
പൗലിശം 169
പ്രകരണപഞ്ചിക 85
പ്രകാശാത്മയതി 96, 97, 108
പ്രകാശിക (രഘുവംശ-കുമാരസംഭവ) 301
പ്രജ്ഞേശാനൻ 154
പ്രതാപരുദ്രീയം 299, 418
പ്രതിജ്ഞായൗഗന്ധരായണം 137
പ്രതിപദപഞ്ചിക 268
പ്രതിമാനാടകം 113, 137, 353 (F. N)
പ്രഥമരാജേന്ദ്രചോളൻ 150
പ്രദീപം 300
പ്രദ്യുമ്നാഭ്യുദയം 295
പ്രദ്യോതം 171, 172
പ്രപഞ്ചസാരം 104, 172
പ്രഭ 104
പ്രഭാകരഗുരു (പ്രഭാകരമിശ്രൻ) 41, 81–83, 85, 86, 87, 92, 140, 169
പ്രഭാകരമീമാംസ 41, 42
പ്രഭാവതീപ്രദ്യുമ്നം 296 (F. N)
പ്രയോഗമഞ്ജരി (മഞ്ജരി) 171, 172
പ്രവരസേനൻ 299
പ്രശ്നമാർഗ്ഗം 169, 170
പ്രാകൃതപ്രകാശം 78
പ്രാകൃതപ്രകാശസൂത്രങ്ങൾ 155
പ്രാകൃതരൂപാവതാരം 299
പ്രാകൃതവ്യാകരണം 155
പ്രാചീനമലയാളമാതൃകകൾ (ഒന്നാം ഭാഗം) 250, 253
പ്ലിനി 18 (F. N)

ഫുത്തൂഹശ്ശാം 228

ബാദരായണൻ (വ്യാസൻ) 98, 102, 107
ബാദരായണസൂത്രങ്ങൾ 106
ബാലകൃഷ്ണസ്തോത്രം 159, 173
ബാലക്രീഡ 99, 104
ബാലഗോപാലസ്തുതി 159
ബാലചരിതം 137
ബാലപാഠ്യ 141
ബാലരാമായണനാടകം 328
ബാലവൃത്പത്തികാരിണി 121
ബുദ്ധദർശനം 106
ബുദ്ധമിത്രൻ 63
ബൃഹട്ടീക 84
ബൃഹജ്ജാതകം 168, 351
ബൃഹദാരണ്യകവാർത്തികം 96
ബൃഹദാരണ്യകോപനിഷദ്ഭാഷ്യം 107
ബൃഹസ്പതി 164, 268
ബെയ്‌ലി 132
ബോധായനൻ 112
ബോധായനസൂത്രം 37
ബോപ്പദേവൻ 155
ബ്രഹ്മതത്ത്വസമീക്ഷ 108
ബ്രഹ്മദത്തൻ 158
ബ്രഹ്മസിദ്ധാന്തം— (പിതാമഹസിദ്ധാന്തം) 169
ബ്രഹ്മസിദ്ധി 85, 96, 108
ബ്രഹ്മസൂത്രങ്ങൾ (ബാദരായണസൂത്രങ്ങൾ, വേദാന്തസൂത്രങ്ങൾ, ശാരീരകമീമാംസാസൂത്രങ്ങൾ) 102


Digitized By Kerala Sahitya Akademi

ബ്രഹ്മസൂത്രഭാഷ്യം (ശാരീരകമീമാംസാഭാഷ്യം) 94, 98, 102, 106, 107, 108, 110
ബ്രഹ്മാവ് 168, 169, 306
ബ്രഹ്മാണ്ഡപുരാണം (ഗദ്യം) 327, 348, 351
ബ്രഹ്മാണ്ഡപുരാണം (കിളിപ്പാട്ട്) 348
ബ്രഹ്മാണ്ഡപുരാണം (സംസ്കൃതം) 348
ബ്രഹ്മോത്തരഖണ്ഡം 64
ഭഗവദജ്ജുകപ്രഹസനം (ഭഗവദജ്ജുകീയം, ഭഗവദജ്ജുകം) 112, 137

ഭഗവദ്ഗീത (സംസ്കൃതം) 102, 323, 324
ഭഗവദ്ഗീത (നി: ക: മാധവപ്പണിക്കർ) 316, 323
ഭഗവദ്ഗീതാഭാഷ്യം 102
ഭഗവദ്ഭക്തിരസായനം 152
ഭട്ടബാണൻ 92, 132, 299
ഭട്ടഭാസ്കരൻ 96
ഭട്ടഭൗമൻ 120
ഭട്ടനാരായണൻ 111, 119
ഭട്ടസുകുമാരൻ 141
ഭട്ടസ്വാമി 268
ഭട്ടികാവ്യം 120
ഭദ്രകാളീസ്തോത്രം 384
ഭരതൻ (ഭരതമുനി, നാട്യാചാര്യൻ) 123, 128, 131, 415, 417
ഭർത്തൃഹരി 83, 136
ഭവണന്ദി 22, 63
ഭവണഴി 409, 411, 413
ഭവത്രാതൻ 160, 171
ഭവദാസൻ 83, 84
ഭവദാസഭാഷ്യം 84
ഭവൻ 151
ഭവഭൂതി (ഉംബേകൻ) 83, 96, 130
ഭവരാതൻ 87, 88
ഭാഗവതം (നി: ക: കൃതി, കണ്ണശ്ശ—) 318, 332—333, 334
ഭാട്ടമീമാംസ 41
ഭാമതി 108
ഭാമഹൻ 88, 89, 123, 407, 415
ഭാരതംപാട്ട് 249, 250
ഭാരതചമ്പു (ഭാഷ) 407
ഭാരതമാല (നി: ക: കൃതി) (ഭാഷ—കണ്ണശ്ശപ്പാട്ട്) 316, 317, 319, 321, 322, 325, 327, 332, 335
ഭാരതവെൺപാ 73
ഭാരതി 99
ഭാരതീതീർത്ഥൻ (രാമനാഥൻ) 108
ഭാരവി (ദാമോദരൻ) 87, 156
ഭാർഗ്ഗവൻ 105
ഭാർഗ്ഗവസ്മൃതി 104
ഭാവനാമുകുരം 159
ഭാവനാവിവേകം 85
ഭാവപ്രകാശം (വൈദ്യഗ്രന്ഥം) 368
ഭാവപ്രകാശനം (നാട്യഗ്രന്ഥം) 10, 163
ഭാവാർത്ഥദീപിക (ഭാഗവതവ്യാഖ്യ) 305, 306
ഭാഷാഭഗവദ്ഗീത 321, 323, 336
ഭാഷാഭാഗവതം 327
ഭാഷ്യം (വ്യാകരണം) 78
ഭാഷ്യപരിശിഷ്ടം 85
ഭാസൻ 113, 137
ഭാസ്കരദീക്ഷിതർ 304
ഭാസ്കരരവിവർമ്മാവ് 97, 124, 131, 132, 266, 290
ഭാസ്കരാചാര്യൻ (പ്രഥമൻ, & ദ്വിതീയൻ) 165
ഭിക്ഷുപ്രഭമതി 268, 269
ഭീഷ്ടർ 268
ഭൂപാലപിള്ള 26 (F. N)
ഭോജചമ്പു 127
ഭോജദേവൻ (ഭോജരാജാവ്) 81, 123, 155, 160, 172
ഭോജരാജേന്ദ്രപദ്ധതി 172
ഭ്രമരസന്ദേശം 53

മംഖകൻ 297, 298
മണക്കാലിൽ നമ്പി 61
മണിപ്രവാളചമ്പു 310
മണിമേഖല 47, 48, 50, 53, 54
മണ്ഡനമിശ്രൻ (വിശ്വരൂപൻ, സുരേശ്വരാചാര്യർ) 85, 92, 96, 99, 108
മണ്ഡലപുരുഷൻ 63
മതിചൂതകപഞ്ചകം 396
മത്തവിലാസം (ആട്ടപ്രകാരം) 272, 273, 275
മത്തവിലാസപ്രഹസനം 57, 112, 125, 137
മധുരാവിജയം 160
മധുരൈക്കാഞ്ചി 35, 44, 48
മധുസൂദനസരസ്വതി 96, 108
മധ്യമടീക 84


Digitized By Kerala Sahitya Akademi

മനീഷാപഞ്ചകം 98
മന്ത്രാങ്കം (ആട്ടപ്രകാരം) 31, 270, 271, 277, 282
മമ്മടഭട്ടൻ 407, 418—420
മയൻ 169
മയൂരൻ 92
മലയാളം ഇംഗ്ലീഷു നിഘണ്ടു 32
മലയാളനിഘണ്ടു 32
മലയാളഭാഷാഗ്രന്ഥചരിത്രം 203, 204
മലൈപടുകടാം 48
മല്ലിനാഥൻ 300, 301
മഹാകാളാഷ്ടകം 159
മഹാഭാരതം 43, 102, 128
മഹാഭാസ്കരീയം (കർമ്മനിബന്ധം) 165
മഹേന്ദ്രവിക്രമൻ (മത്തവിലാസൻ, പല്ലവൻ) 57, 112
മഹോദയപുരേശചരിതം 134
മാക്കോതൈ 49
മാഘൻ 156
മാങ്കുടിമരുതനാർ 35
മാണിക്കവാചകർ 57
മാണ്ഡൂക്യകാരിക 96, 102, 107
മാണ്ഡൂക്യോപനിഷത്തു് 107
മാതൃദത്തൻ 87, 88
മാത്തൻഗീവർഗ്ഗീസ്സ് (റവ:, നാട്ടുപാതിരി) 32
മാത്തൂറ്റെട്ടി വലിയപിള്ള 184, 186
മാധവൻ 117, 160, 169
മാധവപ്പണിക്കർ (നി: ക:) 316, 321—323
മാധവമന്ത്രി (മാധവാചാര്യർ) (സർവ്വദർശന സംഗ്രഹകർത്താ) 309, 405
മാധവയജ്വാവു് 268
മാധവവാരിയർ 141
മാധവസരസ്വതി 85
മാധവാചാര്യർ (വിദ്യാരണ്യർ) 91, 104
മാനവേദരാജൻ (കോഴിക്കോട്ടു്) 302
മാനവേദരാജാവു് 147, 148, 155
മാനസം 168, 169
മാന്ധാതാവു് 172
മാർക്കോപോളോ 44
മാളിയക്കലത്തു കുഞ്ഞഹമ്മതു് 228
മീമാംസാസൂത്രാനുക്രമണിക 85
മുകടൻ 132
മുകുന്ദമാല 89, 157, 302, 304, 308
മുഞ്ജാലകൻ 168, 169
മുന്നാമിട്കാവ്യം 50
മുമ്മണിക്കോവൈ 58
മുരാരി 92
മുല്ലൈപ്പാട്ടു് 48
മുഹൂർത്തരാജം 168, 169
മൂവൽ 47
മൂക്കോത്തു കുമാരൻ 191
മൂഷികവംശം 150, 151
മേഘസന്ദേശം 144—146, 301, 356, 362, 407
മേൽപ്പത്തൂർ നാരായണഭട്ടതിരി 4, 9, 64, 94, 106, 117
മേഴത്തോൾ അഗ്നിഹോത്രി 77, 78, 81, 82

യജുർവേദം 258, 302
യജ്ഞനാരായണദീക്ഷിതർ 64
യമകബോധിനി 118
യശോധരകാവ്യം 48
യാജ്ഞവല്ക്യൻ 37, 79
യാജ്ഞവല്ക്യസ്മൃതി 99
യാപ്പരുങ്കലം 63
യാസ്കൻ 20
യുധിഷ്ഠിരവിജയം 114, 116—118, 120, 123, 125
യോഗഭാഷ്യവിശാരദി 108

രഘുവംശം 118, 300, 301, 302
രഘുവീരചരിതം 141
രഘൂദയം 118
രങ്ഗലക്ഷ്മി 149
രണമാനി 150
രത്നമുലിക 304
രത്നപ്രദീപിക 121
രത്നാകരൻ 156
രവിദേവൻ (നളോദയകർത്താ) 119
രവിനമ്പൂരി 89, 171—173
രവിവർമ്മാവു് (കുലശേഖരൻ, ഗണിതഗ്രന്ഥകാരൻ) 166, 167
രവിവർമ്മകുലശേഖരൻ (രവിവർമ്മാവു്, സംഗ്രാമധീര—വീര—) 292—300, 364, 365
രഹസ്യഗോപാലതന്ത്രചിന്താമണി 160
രാഘവൻ 162
രാഘവയ്യങ്കാർ (എം. രാവുസാഹിബ്) 28

Digitized By Kerala Sahitya Akademi

രാഘവവാരിയർ (ശ്രീകണ്ഠദാസൻ) 116, 120
രാഘവാനന്ദൻ 89, 160, 162, 302, 304—310
രാഘവേശാനൻ 154
രാജചൂഡാമണിദീക്ഷിതർ 91—93
രാജശേഖരൻ (രാമൻ) 110, 115, 116, 130—132, 299, 328
രാജാനകരത്നാകരൻ 121
രാമകഥപ്പാട്ട് 249, 259
രാമഘടൻ 150
രാമചന്ദ്രബോധേന്ദ്രൻ 152, 158
രാമചന്ദ്രാഷ്ടകം 159
രാമചരിതം 253—256, 258—261, 265, 267, 321, 341, 384
രാമച്ചപ്പണിക്കർ 188
രാമതീർത്ഥൻ 158
രാമദേവൻ 166, 167
രാമാനന്ദൻ (ഭാരതീതീർത്ഥൻ) 108
രാമാനന്ദൻ(രാഘവാനന്ദശിഷ്യൻ) 310
രാമപാണിവാദൻ 140, 141
രാമപ്പണിക്കർ (നി: ക:) 188 (F. N) 316, 319, 320, 321, 327, 335
രാമഭദ്രദീക്ഷിതർ 304
രാമർഷി 118
രാമശർമ്മാ 87, 88
രാമസുബ്ബാശാസ്ത്രികൾ 148
രാമാനുജാചാര്യർ 60, 86, 90
രാമായണം (തമിഴ്) 352
രാമായണം (കണ്ണശ്ശ:, നി: ക: കൃതി), 317, 318, 320, 321, 327, 332, 333
രാമായണംപാട്ട് (നി: ക: കൃതി) 341, 342
രാമായണചമ്പു 258
രാമായണസംക്ഷേപം 338
രുദ്രടൻ 123
രുദ്രവാരിയർ 148
രുയ്യകൻ 297, 420

ലക്ഷ്മീദാസൻ 142—145, 147, 148, 150, 356
ലഘുഭട്ടാരകൻ 302, 307
ലഘുഭാസ്കരീയം 165
ലഘുസ്തുതി 302, 307
ലല്ലൻ 168, 169
ലളിതാത്രിശതി 102
ലിംഗപുരാണം 64
ലിംഗ്വിസ്റ്റിക്സ സർവ്വേ ഓഫ് ഇൻഡ്യാ — 5
ലീലാതിലകം 3, 11, 17(F. N), 23, 28, 29, 30, 64, 67, 72, 74, 148, 253, 277, 293, 352, 359, 375, 377, 397—400, 402—407, 409, 411, 419, 421—423.
ലീലാതിലകകാരൻ (ആചാര്യൻ) 67, 68, 70, 72, 75, 261, 281, 282
ലീലാവതി 165
ലോകവീരൻ 89
ലോചനകാരൻ 420
ലോമശൻ 168, 169
ലോമശസിദ്ധാന്തം (രോമകസിദ്ധാന്തം) 169

വജ്രനന്ദി 47
വജ്രനന്ദിമാലൈ (വെൺപാപ്പാട്ടിയൽ) 63
വടക്കുംകൂർ രാജരാജവർമ്മ 139
വരഗുണരാമപാണ്ഡ്യൻ 64
വരരുചി 77—79, 81, 155, 162, 165, 313, 314
വരരുചികേരളം 77, 164, 165
വരരുചിവാക്യം 78
വരലാറ് 26 (F. N)
വരവർണ്ണിനി 144, 148
വരാഹമിഹിരാചാര്യൻ 168, 351
വലിയ അഭിഷേകം 137
വലിയനസീഹത്തുമാല 228
വല്ലഭദേവൻ 112
വസിഷ്ഠൻ 168, 169
വള്ളൈയാപതി 48
വാക്യപദീയം 83
വാചസ്പതിമിശ്രൻ 85, 95, 96, 107
വാത്സ്യായനൻ 406
വാധൂലകസൂത്രം 37
വാമനൻ 92, 123, 417
വാരരുചദശകം 78
വാരരുചസംഗ്രഹം 78
വാർത്തികം (വ്യാകരണം) 416
വാല്മീകി (ആദികവി) 144, 162, 258, 261, 386
വാല്മീകിരാമായണം 43, 144, 161, 164, 258, 328
വാസുദേവൻ (ദേവദാരണ്യ—) 120
വാസുദേവൻനമ്പൂരി 160

Digitized By Kerala Sahitya Akademi

വാസുദേവഭട്ടതിരി (പട്ടത്ത്) 166
വാസുദേവഭട്ടതിരി (യമകകാവ്യകവി) 53, 113, 114, 115—119, 121—124, 169, 249
വാസുദേവവിജയം 117, 120, 122
വാൾട്ടർഹാമിൽട്ടൺ 36
വാറൻ 36
വികടകവിത 133
വിക്രമാദിത്യൻ 148
വിചാരതിലകം 163
വിച്ഛിന്നാഭിഷേകം 127
വിജയദർശിക (ദർശിക) 116, 121
വിജയരങ്ഗദേവൻ 151
വിജ്ഞാനദീപിക 141
വിടനിദ്രാഭാണം 313
വിദുരർ 268
വിദ്യാധരൻ 299
വിദ്യാനാഥൻ 299, '418'—420
വിദ്യാനന്ദൻ 96
വിദ്യാരണ്യൻ (മാധവാചാര്യർ, നവകാളിദാസൻ) 91—93, 108
വിദ്യാച്ഛന്നമഞ്ജരി 302
വിധിവിവേകം 85
വിനായകൻ 309
വിഭ്രമവിവേകം 85
വിമർശിനി 163
വിലാസിനി 140, 141, 147, 148
വില്വമങ്ഗലത്തുസ്വാമിയാർ 4, 122, 151—158, 160, 169, 171, 173.
വിവരണം (ലഘ്വി) 84—87, 163
വിവരണം (പരമാർത്ഥസാരം) 302, 304
വിവരണം (കർപ്പൂരമഞ്ജരീസട്ടകവ്യാഖ്യ) 299
വിവരണം (പഞ്ചപാദികാ) 108
വിവരണപ്രമേയസങ്ഗ്രഹം 108
വിവൃതി 113
വിശാഖംതിരുനാൾ 142, 149
വിശ്വനാഥകവി (കളയ്യൂർ) 74
വിശ്വനാഥകവിരാജൻ 90, 415, 418
വിശ്വരൂപൻ (മണ്ഡനമിശ്രൻ, സുരേശ്വരാചാര്യൻ) 96, 99, 104
വിശ്വേശ്വരൻ 161, 162
വിഷ്ണു 119, 161
വിഷ്ണുപാദാദികേശം 106
വിഷ്ണുഭട്ടൻ 108
വിഷ്ണുഭുജങ്ഗം (—പ്രയാതം) 100, 302
വിഷ്ണുഭുജങ്ഗപ്രയാതവ്യാഖ്യ 302, 309
വിഷ്ണുശർമ്മാവ് 108
വിഷ്ണുസഹസ്രനാമം 102
വിഷ്ണുസഹസ്രനാമഭാഷ്യം 103
വീണാവാസവദത്ത (ഉന്മാദവാസവദത്ത) 113
വീരകമ്പൻ 160
വീരചോഴിയം 28, 63, 72
വീരപ്പൻ അരയൻ 184—186
വീരമാർത്താണ്ഡൻ അരയൻ 185
വീരരവിവർമ്മാവ് 399, 405, 422
വൃത്തരത്നാകരം 118
വൃത്തി (ബ്രഹ്മസൂത്രഭാഷ്യ—) 107
വൃത്തി (ലഘുസ്തുതി) 302, 304, 307
വൃദ്ധവാഗ്ഭടൻ 10
വൃന്ദാവനദാസൻ 158
വൃന്ദാവനസ്തോത്രം (സ്തുതി) 159, 160
വെങ്കടേശ്വരൻ 164
വെള്ളാങ്ങല്ലൂർ നാരായണഭട്ടതിരി 112
വേണാട്ടടികൾ 59
വേണീസംഹാരം 111
വേദാന്തദേശികർ 90, 405
വേദാന്തസൂത്രങ്ങൾ 102
വേദാരണ്യവാസുദേവൻ 105
വേലാരോഹം 169
വൈരാഗ്യപഞ്ചകം 405
വൈശികതന്ത്രം 277, 278, 424
വ്യക്തിവിവേകകാരൻ 421
വ്യങ്ഗ്യവ്യാഖ്യ 128, 130, 131
വ്യാസൻ (വേദ—, ബാദരായണൻ, പാരാശര്യൻ) 98, 306, 316, 319, 324, 325, 348.
വ്യുത്പത്തിവാദടിപ്പണി 148

ശംകോപമുനി (നമ്മാഴ്വാർ) 407
ശംഭുരഹസ്യം 19
ശക്തിഭദ്രൻ (ശങ്കരൻ) 110, 111, 112, 137, 169
ശങ്കരപ്പണിക്കർ (നി. ക., വെള്ളാങ്ങല്ലൂർ) 316, 321, 322, 326
ശങ്കരകവി (ശ്രീകൃഷ്ണവിജയകർത്താ) 124
ശങ്കരൻ (കർണ്ണാമൃതവ്യാഖ്യാതാവ്) 158
ശങ്കരനാരായണൻ 165, 166
ശങ്കരനാരായണീയം 37, 165, 167
ശങ്കരൻനമ്പ്യാർ പി. 76
ശങ്കരഭഗവത്പാദർ (ശങ്കരൻ, ശങ്കരഗുരു, ശങ്കരാചാര്യർ) 4, 9, 37, 40,

Digitized By Kerala Sahitya Akademi

41, 77, 87, 91—99, 101, 102, 104—108, 110, 122, 130, 151, 169, 302, 304, 305, 308, 310, 323
ശങ്കരഭഗവത്പാദരുടെ
മൂലഗ്രന്ഥങ്ങൾ 103
സ്തോത്രങ്ങൾ 103, 104
മന്ത്രശാസ്ത്രം 104
ശങ്കരഭട്ടതിരി 105
ശങ്കരവാരിയർ (മുമ്മുനിയൂർ) 342
ശങ്കരവിജയം 83, 91, 92, 94, 106, 130
ശങ്കരവിജയവിലാസം 91
ശങ്കരഹൃദയങ്ഗമ 159
ശങ്കരാചാര്യചരിതം 91, 108
ശങ്കരാഭ്യുദയമഹാകാവ്യം 91, 92
ശതസോമൻ 150
ശബരസ്വാമി 84
ശബരഭാഷ്യം 84
ശാംഭവോദയം 104
ശാകടായനൻ 20 (F. N)
ശാങ്കരസ്മൃതി 104, 105
ശാരദാതനയൻ 10, 30, 163
ശാരീരകമീമാംസാഭാഷ്യം 102
ശാരീരകമീമാംസാസൂത്രങ്ങൾ (വേദാന്തസൂത്രങ്ങൾ, ഉത്തരമീമാംസാസൂത്രങ്ങൾ) 102
ശാലികാനാഥൻ 85, 86
ശിക്ഷ 40
ശിങ്കപുലവർ 182
ശിവദാസൻ 121
**ശിവഭുജങ്ഗം 100**
**ശിവരാജപിള്ള കെ. എൻ. 28**
ശിവരാത്രിമാഹാത്മ്യം (പാട്ട്) 319, 327, 333, 334
ശിവരാമൻ, (രാമൻ) 130, 131, 163, 164
ശിവവിലാസം 310, 311, 313, 387, 394
ശിവവിലാസവിവരണം 392 (F. N)
ശിവസ്തോത്രം 391
ശിവാനന്ദയോഗി 104
ശിവാനന്ദലഹരി 106
ശിവോദയം 105
ശിശുപാലവധം 156
ശിഷ്യധീവൃദ്ധിദം 168, 169
ശിഷ്യഹിത 121
ശുകബ്രഹ്മർഷി 107, 306
ശുകസന്ദേശം 53, 142—146, 356, 357, 362, 372
ശുകസന്ദേശവ്യാകൃതി 149
ശുക്രകോളം (ട്ടഗ്രകേരളം) 164, 165
ശുക്രൻ 268
ശൂദ്രകൻ 113, 127, 130, 313, 314
ശൂർപ്പണഖാങ്കം (ആട്ടപ്രകാരം) 273
ശൃങ്ഗാരപ്രകാശം 81, 82, 155
ശേഖരവാരിയർ 147, 148
ശേഷൻ 302
ശൗരികഥ (ശൗരികഥോദയം) 116, 117, 122
ശ്രീകണ്ഠൻ 150, 151
ശ്രീകണ്ഠവാരിയർ 118—121
ശ്രീകൃഷ്ണകർണ്ണാമൃതം (കർണ്ണാമൃതം) 152, 155, 157—159, 173
ശ്രീകൃഷ്ണവരദാഷ്ടകം 159, 160
ശ്രീകൃഷ്ണവിജയം 124
ശ്രീകൃഷ്ണവിലാസം 139—141
ശ്രീകൃഷ്ണസ്തവം (ശ്രീവാസുദേവസ്തവം) 395
ശ്രീചിഹ്നം (ഗോവിന്ദാഭിഷേകം) 155—157, 159
ശ്രീചിഹ്നവ്യാഖ്യ 157, 158
ശ്രീധരദാസൻ 90
ശ്രീധരസ്വാമി 305, 307
ശ്രീനാഥൻ 15
ശ്രീനീലകണ്ഠൻ 169
ശ്രീപതി 168, 169
ശ്രീപത്മനാഭസ്തോത്രമാല്യം 250
ശ്രീപരമേശ്വരൻ 164
ശ്രീപുരാണം 73
ശ്രീമദ്ഭാഗവതം 43, 302, 305, 308, 325
ശ്രീമൂലം 268
ശ്രീരങ്ഗനാഥൻ 147
ശ്രീരാമൻ (ചീരാമൻ, ശ്രീവീരരാമവർമ്മാവ്, മണികണ്ഠൻ) 257, 258
ശ്രീരാമസ്തോത്രം 339
ശ്രീരാമോദന്തം 124, 139
ശ്രീവല്ലഭകീർത്തനം 336
ശ്രീവിജയൻ 15 (F. N)
ശ്രീസ്തുതി (കനകധാരാസ്തോത്രം) 98
ശ്രീഹർഷൻ 108, 407
ശ്രൗതസൂത്രങ്ങൾ 88
ശ്ലോകവാർത്തികം 84, 95
ശ്യാമിളകൻ 313, 314

Digitized By Kerala Sahitya Akademi

സംക്ഷേപശാരീരകം 96, 97, 124
സംബന്ധർ 254
സത്യഘോഷൻകഥൈ 73
സദുക്തികർണ്ണാമൃതം 90, 157
സനത്സുജാതീയം 102
സനന്ദനൻ (പത്മപാദർ) 98, 99
സന്താനഗോപാലം (ശീതങ്കൻ തുള്ളൽ) 138
സന്താനഗോപാലഗാനം 182
സപര്യാഹൃദയം 104
സമയദിവാകരൻ 73
സമുദ്രബന്ധൻ (സമുദ്രബന്ധയജ്വാവ്) 298, 299
സരസ്വതീകണ്ഠാഭരണം 160
സർവ്വജ്ഞാത്മമുനി 124
സർവ്വദർശനകൗമുദി 84
സർവ്വാർത്ഥസാരം 164
സർവ്വാനന്ദൻ 132
സഹസ്രസ്വാമി 79
സാംഖ്യതത്വകൗമുദി 108
സായണാചാര്യർ 155
സാഹിത്യദർപ്പണം 90, 415, 421
സിദ്ധാന്തകൗമുദി 148
സിദ്ധാന്തപഞ്ജരം 309
സിദ്ധാന്തശേഖരം 169
സിദ്ധാന്തസിദ്ധാഞ്ജനം 304, 305
സിംഹരാജൻ 299
സീതാസ്വയംവരം (അമ്മാനപ്പാട്ട്) 335, 336
സീതാഹരണം 124, 125
സുകുമാര(-കവി)ൻ 83, 139—141
സുന്ദരമൂർത്തിനായനാർ (തമ്പിരാൻ, തോഴൻ) 53, 57, 59
സുബന്തസാമ്രാജ്യം 159, 160
സുബന്ധു 132
സുബ്രഹ്മണ്യൻനമ്പൂരി 146, 173
സുഭഗോദയം 104, 310
സുഭഗോദയപദ്ധതി 104
സുഭദ്രാധനഞ്ജയം 127, 128, 130, 131, 133, 137, 163, 270, 288
സുഭാഷിതഭണ്ഡാഗാരം 90
സുഭാഷിതാവലി 112
സുരേശ്വരാചാര്യർ (മണ്ഡനമിശ്രൻ, വിശ്വരൂപൻ) 91, 95, 97, 99, 100, 102
സുവർണ്ണചഷകം 153
സൂത്രഭാഷ്യവാർത്തികം 107
സൂര്യൻ 168, 169
സൂര്യസിദ്ധാന്തം 169
സേതുബന്ധം 299
സേനാവരൈയം 22
സേനാവരൈയർ 21, 22, 47
സോമഗിരി 152, 153, 154
സൗന്ദര്യലഹരി 106
സൗഭാഗ്യവിദ്യ 104
സ്വപ്നവാസവദത്തം 137, 287
സ്വാമിക്കണ്ണുപിള്ള 61
സ്വാമിനാഥയ്യർ വി. (മഹാമഹോപാദ്ധ്യായ) 27
സ്ഫുടനിർണ്ണയതന്ത്രവിവൃതി 168
സ്ഫോടസിദ്ധി 85

ഷട്പ്പുടവെൺപാ 47
ഷഡ്ദർശനങ്ങൾ 107

ഹരവിജയം 156
ഹരിവംശം 116
ഹരിശ്ചന്ദ്രമഹാരാജാവ് (ഭാട്ടമതപ്രചാരകൻ) 86
ഹർഷദേവൻ 127, 130
ഹസ്താമലകാചാര്യൻ 91, 100, 101, 102
ഹാരാവലീകോശം 102
ഹാരീണി 174
ഹിരണ്യകേശി 88
ഹിരിയണ്ണാ 97
ഹൈനെൻ 228
ഹേമചന്ദ്രൻ 155
ഹോരാഫലരത്നാവലി 350
ഹോരാവിവരണം 170
ഹോരാശാസ്ത്രം 170


Digitized By Kerala Sahitya Akademi

# ശുദ്ധിപത്രം

| അബദ്ധം | സുബദ്ധം | വരി | പുറം |
|---|---|---|---|
| ഉണ്ടു് | ഉടെ | 28 | 12 |
| Oxyroehynchus | Oxyrhynchus | 23 | 14 |
| ദൃഢീഭവിക്കുകയും | ദൃഢീഭവിക്കുകയും | 35 | 15 |
| പ്രാസ്താവിക്കുന്നു | പ്രസ്താവിക്കുന്നു | 3 | 36 |
| അത്യുൽക്കൃഷ്ടമായ | അത്യുൽകൃഷ്ടമായ | 36 | 37 |
| പ്രാദുഭാവ | പ്രാദുർഭാവ | 18 | 66 |
| ഞാലത്തിലാഴങ്കാൻ | ഞാലത്തിലാഴങ്കാൽ | 4 | 74 |
| 1030 | 1050 | 14 | 76 |
| മണ്ഡനസ്ഥ ഭയം | മണ്ഡനസ്ഥഭയം | 25 | 85 |
| സഭാസ്തര | സഭാസ്തരേ | 2 | 121 |
| ഭാവാദ്യലങ്കൃത | ഭാവാദ്യലങ്കൃതി | 36 | 121 |
| ലോകപാവിനീ | ലോകപാവനീ | 37 | 123 |
| തിരുമോഴിക്കളം | തിരുമൂഴിക്കളം | 27 | 124 |
| പ്രയോഗാമമൃതാന്തരാണി | പ്രയോഗാമൃതാന്തരാണി | 26 | 127 |
| സങ്കേതവചനം | സന്ദേശവചനം | 5 | 145 |
| സ്പഷ്ടമത്ഥാത്ര | സ്പഷ്ടമത്രാത്ഥ | 9 | 146 |
| മനം | വനം | 25 | 178 |
| മലയന്മാർ | മലയരയന്മാർ | 19 | 184 |
| ശൌ്യങ്ങൾ | ശൌര്യങ്ങൾ | 2 | 211 |
| മകരക്കേതനൻ | മകരകേതനൻ | 34 | 259 |
| ഒന്നുകൂട | ഒന്നുകൂടി | 39 | 259 |
| കണക്ക കട്ടുവീതും | കണക്ക കാട്ടുവീതും | 25 | 269 |
| ഇരുളം | ഇന്ദുളം | 3 | 272 |
| തവാപങ്ഗൈഃ | തവാപാങ്ഗൈഃ | 16 | 314 |
| വേലം | വെലം | 10 | 327 |
| മാതാപിതാക്കൾക്ക പുത്രവിയോഗംകൊണ്ടു് | മാതാപിതാക്കൾക്ക പുത്രവിയോഗം വൻറഹേതുവായി എന്നെയും പുത്രവിയോഗം കൊണ്ടു് | 36 | 352 |
| കരിനാട്ടുകാവു് | കരിയനാട്ടുകാവു് | 3 | 370 |
| ആത്മജന്മേന | ആത്മജതേന | 22 | 397 |
| ഏകാരവും | അകാരവും | 27 | 431 |

Digitized By Kerala Sahitya Akademi



റാവുസാഹിബ്, മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ, എം. ഏ., ബി. എൽ., എം. ആർ. ഏ. എസ്. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും അതിവിപുലവും, അമൂല്യവും, അപ്രതിമവും ആയ സേവനങ്ങൾ ചെയ്തിട്ടുള്ള ഒരു മഹാനാണ്. സ്ഥിരോത്സാഹവും സ്വഭാവ വൈശിഷ്ട്യവുംകൊണ്ട് ഉൽകൃഷ്ടമായ പല സർക്കാരുദ്യോഗങ്ങൾ വഹിക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു. ചുമതലയേറിയ ഈ ഉദ്യോഗകൎത്തവ്യങ്ങൾ പ്രശസ്തമാംവിധം നിൎവ്വഹിച്ചതോടൊപ്പം അദ്ദേഹം ആയുഷ്കാലം മുഴുവനും അനുസ്യൂതമായി സാഹിതീസേവയും നിൎവ്വഹിച്ചുപോന്നു. അദ്ദേഹത്തിന്റെ ഗൗരവമേറിയ ജോലിത്തിരക്കുകൾക്കിടയിൽ ഇത്രയേറെ അനൎഘങ്ങളായ ഗദ്യപദ്യകൃതികൾ അദ്ദേഹത്തിനു രചിക്കുവാൻ കഴിഞ്ഞതു് അത്ഭുതകരംതന്നെ. അസുലഭമായ ഈ സിദ്ധിയുടെ രഹസ്യം അദ്ദേഹം അതിനിഷ്കൃഷ്ടമായി പരിപാലിച്ചുപോന്ന സമയനിഷ്ഠ തന്നെയാണെന്നുള്ളതു് അദ്ദേഹത്തോടു് അടുത്തു പരിചയമുള്ളവൎക്കു് അറിയാം.

1052-ാമാണ്ടു് ഇടവമാസം 24-ാംനു- ഭൂജാതനായ ഉള്ളൂർ 72 വൎഷം ജീവിച്ചു് 1124 മിഥുനം 1-ാംനു- പരലോകപ്രാപ്തനായി. ഏകദേശം 60 കൊല്ലക്കാലം അദ്ദേഹം മുടങ്ങാതെ സാഹിതീപൂജ നിൎവ്വഹിച്ചു.

പണ്ഡിതാഗ്രേസരനും ഗവേഷണപടുവുമായിരുന്ന ഉള്ളൂർ, രാമചരിതം തുടങ്ങിയുള്ള പല പ്രാചീനമലയാള മാതൃകകളും പ്രസാധനം ചെയ്തിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഏതാണ്ടു് നാല്പതു കൊല്ലക്കാലത്തെ പഠനങ്ങളുടേയും ഗവേഷണങ്ങളുടേയും പരിണതഫലമാണ് കേരള സാഹിത്യചരിത്രം. ഇതു് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും പ്രമുഖമായ സാഹിത്യകൃതിയാണ്. മലയാളഭാഷയെ സംബന്ധിച്ചിടത്തോളം ഈ ബൃഹദ്ഗ്രന്ഥം ഏറ്റവും വിലയേറിയ ഒരു നേട്ടവുമാണ്.

---

# തിരുവിതാംകൂർ സർവ്വകലാശാലാ

# പ്രസിദ്ധീകരണം

Digitized By Kerala Sahitya Akademi